PAN INDIA

Thanal

മീഡിയ ഡോസിയർ

എൻഡോസൾഫാൻ

കേരള 2003–2023



MEDIA DOSSIER ON ENDOSULFAN ISSUE IN KERALA

2003-2023

Pesticide Action Network(PAN) India,
10/233/3, Ground Floor, Sarangi Complex,
Chiyaram Post, Thrissur District, Kerala,
Pincode: 680026
email- *admin@pan-india.org*
Website: *www.pan-india.org*

Thanal
OD-3, Jawahar Nagar, Kowdiar P.O,
Thiruvananthapuram, Kerala, India.
Pincode- 695003 ·
Email: *admin@thanal.co.in*
Website: *www.thanaltrust.org*

Year of publication : **July 2023**
Jointly developed by Pesticide Action Network India & Thanal.

Compiled By : Athira P S

Contributors: A. D Dileep Kumar, Jayakumar C, Anshida G V

Designed by : Anju Babu, Jino V Babu

ആമുഖം

ഇന്ത്യയിലൊട്ടാകെ ഏറെ തീവ്രതയോടെ ചർച്ചചെയ്യപ്പെട്ട വിഷയമാണ് കേരളത്തിലെ മാരകമായ രാസകീടനാശിനിയായ എൻഡോസൾഫാന്റെ ഉപയോഗവും അത് തീർത്ത ദുരന്തങ്ങളും. 1990 കൾ മുതൽ പ്രത്യേകിച്ചും ഈ വിഷയം ഏറെ ഗൗരവപൂർവ്വമായ ചർച്ചകൾക്ക് വഴിവെച്ചിട്ടു്. കാസർഗോഡ് ജില്ലയിലെ ഒട്ടേറെപ്പേർക്ക് ഇതുവരെയും തിരിച്ചറിയാനാകാത്ത തരത്തിലുള്ള അസുഖങ്ങൾ ബാധിച്ചതിനെക്കുറിച്ചുള്ള മാധ്യമറിപ്പോർട്ടുകൾ പുറത്തുവന്നതിനെ തുടർന്നാണ് കേരളം ഈ വിഷയത്തെ ഇത്രയേറെ ഗൗരവമായി സമീപിച്ചു തുടങ്ങിയത്. ഈ റിപ്പോർട്ടുകളും പഠനങ്ങളും സൂചിപ്പിക്കുന്നത്, കശുമാവിൻ തോട്ടങ്ങളിൽ ആകാശമാർഗം എൻഡോസൾഫാൻ ഉപയോഗിച്ചതിന്റെ ഫലമായാണ് ഇത്തരത്തിലുള്ള അസുഖങ്ങൾ ആളുകളിൽ പ്രത്യക്ഷപ്പെട്ടു തുടങ്ങിയതെന്നാണ്. 1977-78 കാലഘട്ടത്തിലാണ് കേരള പ്ലാന്റേഷൻ കോർപറേഷൻ കശുമാവിൻ തോട്ടങ്ങളിൽ ആകാശമാർഗം എൻഡോസൾഫാൻ പ്രയോഗിക്കാൻ തുടങ്ങുകയത് . 1979 ലാണ് എൻഡോസൾഫാൻ ഉപയോഗം മൂലമുള്ള പ്രശ്നങ്ങൾ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യാൻ ആരംഭിച്ചത് . ശ്രീ പദ്രെ എന്ന കാർഷിക മാധ്യമപ്രവർത്തകനാണ് ആദ്യമായി ഈ വിഷയം റിപ്പോർട്ട് ചെയ്തത്. ഈ ഗ്രാമങ്ങളിലെ ആളുകൾക്കിടയിലും വളർത്തുമൃഗങ്ങൾ ഉൾപ്പെടെയുള്ള മറ്റു ജീവജാലങ്ങൾക്കിടയിലും ഏറെ ആരോഗ്യപ്രശ്നങ്ങൾ ഇതിനോടകം ഉടലെടുത്തിരുന്നു. വൈകല്യങ്ങളോടും വിട്ടുമാറാത്ത ആരോഗ്യ പ്രശ്നങ്ങളോടും കൂടിയാണ് ഒരുപാട് കുട്ടികൾ ജനിച്ചു വീണതെന്ന ഞെട്ടിപ്പിക്കുന്ന യാഥാർഥ്യത്തിലേക്കാണ് പഠനങ്ങളും വിലയിരുത്തലുകളും പിന്നീട് വെളിച്ചം വീശിയത്. എൻഡോസൾഫാൻ വ്യാപകമായി ഉപയോഗിക്കുന്നതിന് മുൻപ് കുവരാത്ത തരത്തിലുള്ള വിചിത്രവും സങ്കീർണവുമായ ആരോഗ്യപ്രശ്നങ്ങൾ കാസർഗോഡ് ജില്ലയിൽ നിന്നും അതിനുശേഷം റിപ്പോർട്ട് ചെയ്യപ്പെടുകയുായി. ഈ പ്രദേശവാസികളിൽ കാണപ്പെട്ട ആരോഗ്യപ്രശ്നങ്ങളിൽ ജന്മനാ ഉള്ള വൈകല്യങ്ങൾ, ബുദ്ധിമാന്ദ്യം, ശാരീരിക വൈകല്യങ്ങൾ/ അസ്വാസ്ഥ്യങ്ങൾ, സെറിബ്രൽ പാൾസി, അപസ്മാരം, ഹൈഡ്രോസെഫാലസ്, മാനസികമായ പ്രശ്നങ്ങൾ, വിവിധ തരം കാൻസറുകൾ എന്നിവ ഉൾപ്പെടുന്നു. ഇവക്കുപുറമേ സ്ത്രീകളിൽ വന്ധ്യത, ഗർഭം അലസൽ , എൻഡോമേട്രിയോസിസ്, ഹോർമോണൽ വ്യതിയാനങ്ങൾ, പ്രത്യുൽപാദന തകരാറുകൾ എന്നിവയും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടു്. മാത്രമല്ല പക്ഷാഘാതം , ത്വക്ക് രോഗങ്ങൾ, ശ്വാസകോശരോഗങ്ങൾ, രോഗപ്രതിരോധശേഷി തകരാറുകളെ സൂചിപ്പിക്കുന്ന നിരന്തരമായ ആരോഗ്യപ്രശ്നങ്ങൾ, വാതരോഗസംബന്ധമായ പ്രശ്നങ്ങൾ എന്നിങ്ങനെ ഈ പട്ടിക നീളുകയാണ്.

1980 കളുടെ തുടക്കത്തിൽ തന്നെ എൻഡോസൾഫാൻ ആകാശമാർഗം തളിക്കുന്നതിനെതിരെ ജനകീയ പ്രക്ഷോഭങ്ങൾ ആരംഭിച്ചു. 1990 കളോടെ എൻഡോസൾഫാൻ നിരോധിക്കണമെന്ന ആവശ്യവും ഉയർന്നുകേട്ടു തുടങ്ങി. ജനകീയ പ്രതിഷേധങ്ങളേയും മാധ്യമ റിപ്പോർട്ടുകളേയും സാഹചര്യങ്ങളേയും മുൻനിർത്തി പ്രശ്നങ്ങളെക്കുറിച്ച് കൂടുതൽ അന്വേഷിക്കാൻ ഔദ്യോഗിക തലത്തിൽ വിവിധ കമ്മിറ്റികൾ രൂപീകരിക്കപ്പെട്ടു. പിന്നീട് പുറത്തുവന്ന റിപ്പോർട്ടുകൾ അനാവാരണം ചെയ്തത് എൻഡോസൾഫാൻ പ്രയോഗിച്ചതിലൂടെ ഈ പ്രദേശങ്ങളിലെ പരിസ്ഥിതിയൊന്നാകെ മലിനീകരിക്കപ്പെട്ടു എന്നതാണ്. നിത്യോപയോഗത്തിനായി ആളുകൾ ആശ്രയിച്ചിരുന്ന ജലസ്രോതസ്സുകൾ മുതൽ ഈയിടങ്ങളിലെ മണ്ണ് വരെ വലിയതോതിൽ മലിനീകരിക്കപ്പെട്ടിരുന്നു . ഇതേ തുടർന്നാണ് ആളുകളും ജീവജാലങ്ങളും ആരോഗ്യപ്രശ്നങ്ങളാൽ ബാധിക്കപ്പെട്ടതെന്നും അവ വ്യക്തമാക്കുന്നു. പിന്നീട് 2003 ൽ കേരള ഹൈക്കോടതി എൻഡോസൾഫാൻ നിരോധിച്ചു. കേരളത്തിലെ എൻഡോസൾഫാന്റെ വില്പനയും ഉപയോഗവും കേന്ദ്രസർക്കാർ 2005 ൽ നിർത്തിവക്കുകയുമുായി.

എൻഡോസൾഫാൻ നിരോധിക്കണമെന്നാവശ്യപ്പെട്ട് കാസർഗോഡ് ജില്ലയിലെ വിവിധ സ്ഥലങ്ങളിൽ പ്രാദേശിക സമരങ്ങൾ പൊട്ടിപുറപ്പെട്ടിരുന്നു. സംസ്ഥാന – ദേശീയ തലങ്ങളിലേക്ക് ഈ വിഷയത്തെ കൊത്തെിയ്ക്കാൻ വഴിപാകിയത് ഇത്തരം പ്രാദേശിക സമരങ്ങളാണ്. പിന്നീടിത് അന്താരാഷ്ട്ര തലത്തിലും ശ്രദ്ധയാകർഷിച്ച ഒന്നായി മാറിയിരുന്നു. റോട്ടർഡാം കൺവെൻഷൻ, സ്റ്റോക്ക് ഹോം കൺവെൻഷൻ

എന്നിവിടങ്ങളിൽ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള എൻഡോസൾഫാൻ പ്രശ്നങ്ങളോടൊപ്പം ഈ വിഷയം ചർച്ചചെയ്യപ്പെട്ടു. തുടർന്ന് 2011 ൽ എൻഡോസൾഫാൻ ആഗോളതലത്തിൽ നിരോധിക്കുന്നു വെന്ന സുപ്രധാന തീരുമാനം സ്റ്റോക്ക് ഹോം കൺവെൻഷൻ കൈകൊു. അതേ വർഷം തന്നെ ഇന്ത്യ യിൽ സുപ്രീംകോടതി മാരകമായ ഈ രാസകീടനാശിനിക്കുമേൽ ദേശീയ തലത്തിൽ നിരോധനം ഏർപ്പെടുത്തി.

എൻഡോസൾഫാന്റെ വിഷാംശംമൂലം ദുരിതമനുഭവിക്കേി വന്നവർക്ക് നഷ്ടപരിഹാരം നൽകേതുെ ന്ന് 2010 ൽ ദേശീയ മനുഷ്യാവകാശ കമ്മീഷൻ ഉത്തരവിറക്കി. ഈ പ്രശ്നത്തിന് പരിഹാരമെന്നോണം സംസ്ഥാന ഗവണ്മെന്റ് ആശ്വാസ പദ്ധതികളും പ്രഖ്യാപിച്ചിരുന്നു. ഇതിന്റെ ഭാഗമായി ബുദ്ധിമുട്ടനുഭവി ക്കുന്നവർക്ക് പെൻഷനുകളും ചികിത്സാ സഹായങ്ങളും നൽകുന്നു്. ശാശ്വതമായ പരിഹാരങ്ങളിലേക്കെ ത്താതെ ദുരിതം പേറുന്ന കാസർഗോഡിന്റെ മണ്ണിൽ ഇപ്പോഴും ഏറെ പ്രശ്നങ്ങൾ ബാക്കി നിൽക്കു കയാണ്. ഇതിനെല്ലാം കാരണക്കാരായവരെ കത്തെുന്നതും, പ്രദേശവാസികളുടെ പുനരധിവാസവും, നഷ്ടപരിഹാരത്തുകയുടെ വിതരണവുമെല്ലാം ഇന്നും പൂർണമാവാതെ കൃത്യമായ നടപടികളിലേക്കെത്താ തെ അവശേഷിക്കുകയാണ്.. കേരളത്തിലെ എൻഡോസൾഫാൻ വിഷയവുമായി ബന്ധപ്പെട്ട വിവിധ മാ ധ്യമ വാർത്തകൾ ശേഖരിച്ച പുറത്തിറക്കുകയാണ് ഈ പുസ്തകത്തിലൂടെ. എൻഡോസൾഫാൻ വിഷയവു മായി ബന്ധപ്പെട്ട സുപ്രധാന വിവരങ്ങൾ ഇതിൽ ഉൾപ്പെട്ടിട്ടു്.

വീക്ഷണം

21 December 2003



എൻഡോസൾഫാൻ മൂലം ബാധിതർക്കായി സംഘടിപ്പിച്ച റഫറൽ ക്യാമ്പ് സന്ദർശിച്ച കെ പി രാജേന്ദ്രൻ എം എൽ എ, ജാനമ്മാൾ, ദേവി കിണർ എന്നിവർക്കൊപ്പം

എൻഡോസൾഫാൻ: രോഗികൾക്കായി ജില്ലാറഫറൽ ക്യാമ്പ് നടത്തി

21/12/03 VM

P-2

കാസർക്കോട്: എൻഡോസൾഫാൻ കീടനാശിനി പ്രയോഗത്തിലൂടെ രോഗംപിടിപെട്ടവർക്കായി വികലാംഗ കോർപ്പറേഷനും കേന്ദ്ര സാമൂഹിക ക്ഷേമവകുപ്പും ചേർന്ന് റഫറൽക്യാമ്പ് നടത്തി. എൻഡോസൾഫാൻ അപകടകാരിയല്ലെന്ന കേന്ദ്രസർക്കാരിന്റെയും കമ്പിക്കമ്പനികളുടെയും വിധിയിരുത്തലുകളുടെ പൊള്ളത്തരം വ്യക്തമാക്കുന്നതായിരുന്നു കേന്ദ്രത്തിലെത്തിയവരുടെ യഥാർത്ഥ ചിത്രം.

മാരകമായ രോഗങ്ങളും അംഗവൈകല്യവും ബാധിച്ച 187 പേരാണ് കേന്ദ്രത്തിലെത്തിയത്. നേരത്തെ എട്ട് കേന്ദ്രങ്ങളിൽനടന്ന കേന്ദ്രങ്ങളിൽ വിദഗ്ദ ചികിത്സ നിർദ്ദേശിച്ചവരായിരുന്നു ഭൂരിഭാഗംപേരും. 10 പേർ അഞ്ചുവയസ്സിനുതാഴെയുള്ള പ്രായമുള്ളവരാണ്. കൈ കാലുകൾ തളർന്നവരും വളർച്ച മുരടിച്ചവരുമാണ് കുട്ടികൾ. ഒന്നോ രണ്ടോ സെന്റ് മാത്രം കൃഷിയുള്ള മൂന്നു വയസ്സുള്ള ജീവൻരാജും നാലു വയസ്സുള്ള ദേവികിണറും കേന്ദ്രത്തിൽ എത്തിയവരിൽ ഉൾപ്പെടുന്നു. എൻമകജെ പഞ്ചായത്തിലെ ഇളംതോടിലെ ഈശ്വരന്റെയും പുഷ്പലതയുടെയും മക്കളാണ് ഇവർ.

ഗൗരവമായ വിഷയത്തിൽ നാലിപരാണ് ചികിത്സക്കെത്തിയത്. എൻഡോസൾഫാൻ പ്രത്യുല്പാദന ശേഷി നഷ്ടപ്പെടുത്തുന്നുവെന്ന് ഇതിലെ ചില പ്രബന്ധങ്ങളിൽ വ്യക്തമായിരുന്നു. കേന്ദ്രത്തിലെത്തിയവരിൽ 51 പേർ നാഡീസംബന്ധമായ രോഗം പിടപെട്ടവരാണ്. വിവിധ ഘട്ടങ്ങളിൽ 11 പഞ്ചായത്തുകളിൽ നടത്തിയ പ്രാഥമിക കേന്ദ്രങ്ങളിൽനിന്നും വിദഗ്ദ പരിശോധനയ്ക്ക് നിർദ്ദേശിച്ചവരാണ് ഇന്നലെ റഫറൽ കേന്ദ്രത്തിൽ പരിശോധിച്ചത്. രാവിലെ കെ പി സതീഷ് ചന്ദ്രൻ എം എൽ എ ഉദ്ഘാടനം ചെയ്തു. സി പി ഐ നിയമസഭാ കക്ഷി നേതാവ് കെ പി രാജേന്ദ്രൻ എം എൽ എ കേന്ദ്രം സന്ദർശിച്ചു.

എൻഡോസൾഫാൻ: കേന്ദ്രതീരുമാനം പിൻവലിക്കണം

മുളിയാർ: ദുരിത കയത്തിന്റെ അടിസ്ഥാനത്തിൽ എൻഡോസൾഫാൻ നിരോധനം നീക്കിയ തീരുമാനം പിൻവലിക്കാൻ കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തണമെന്നാവശ്യപ്പെട്ട് മുഖ്യമന്ത്രിയെ കാണാൻ പുഞ്ചിരി കൂലി തീരുമാനിച്ചു. കെ ബി മുഹമ്മദ് കുഞ്ഞി അധ്യക്ഷത വഹിച്ചു. ബി അഹമ്മദ്, അബ്ദുള്ള മുണ്ടപ്പാറ, മത്തായി ജോസഫ്കോനം, ബി സി കുമാരൻ, ശരീഫ് കൊടവഞ്ചി, സി സുകുമാരൻ, ബി എ റഹീമാൻ എന്നിവർ പ്രസംഗിച്ചു.

21/12/03 VM

സർക്കാർ കീടനാശിനിക്കമ്പനിയുമായി ഒത്തുകളിക്കുന്നു: കെ പി രാജേന്ദ്രൻ

21/12/03 VM

P-2

കാസർക്കോട്: എൻഡോസൾഫാൻ ഏർപ്പെടുത്തിയ നിരോധനം നീക്കിയനടപടി പിൻവലിക്കാൻ കേന്ദ്രത്തോടാവശ്യപ്പെടുന്നതിനുപകരം സംസ്ഥാനസർക്കാർ കീടനാശിനി കമ്പനിയുമായി ഒത്തുകളിക്കുകയാണെന്ന് കെ പി രാജേന്ദ്രൻ എം എൽ എ ആരോപിച്ചു. കേന്ദ്രസർക്കാർ തീരുമാനം പിൻവലിക്കണമെന്നാവശ്യപ്പെട്ട് സി പി ഐ നടത്തിയ ധർണ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

കീടനാശിനി പ്രയോഗിച്ചതിന്റെ ദുരന്തം അനുഭവിക്കുന്ന സ്ഥലങ്ങൾ മുഖ്യമന്ത്രിയും കൃഷിമന്ത്രിയും സന്ദർശിക്കണം. രോഗികളെ പുനരധിവസിപ്പിക്കുന്നതിൽ സംസ്ഥാന സർക്കാർ അലംഭാവം കാട്ടുകയാണ്. കൃഷിവകുപ്പിന് കീഴിലാണ് പ്ലാന്റേഷൻ കോർപ്പറേഷൻ. അവരുടെ വതാട്ടങ്ങളിൽ കീടനാശിനി പ്രയോഗിക്കുന്നകാര്യം തീരുമാനിക്കുക കൃഷിവകുപ്പ് കൂടി അറിഞ്ഞുകൊണ്ടാണ്. അതിനാൽ നിരോധനം പിൻവലിച്ച നടപടി പിൻവലിപ്പിക്കാൻ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുന്നതിൽ കൃഷിവകുപ്പിനാണ് കൂടുതൽ ഉത്തരവാദിത്തം.

രോഗംപിടിപെട്ട് ദുരിതമനുഭവിക്കുന്നവരെ സന്ദർശിക്കാൻ ജില്ലയിലെ മന്ത്രി ഇതുവരെ തയ്യാറായിട്ടില്ല. അതിനുപകരം വിദഗ്ധപര്യടനങ്ങൾ നടത്തുകയാണ് മന്ത്രി ചെയ്തതെന്ന് അദ്ദേഹം പറഞ്ഞു. സംസ്ഥാന എക്സിക്യൂട്ടിവ് അംഗം ഇ ചന്ദ്രശേഖരൻ അധ്യക്ഷത വഹിച്ചു. ജില്ലാ സെക്രട്ടറി കെ വി കൃഷ്ണൻ, പി എ നായർ, ടി കൃഷ്ണൻ, ബി വി രാജൻ എന്നിവർ പ്രസംഗിച്ചു.

മാധ്യമം

17 February 2006

എൻഡോസൾഫാൻ വാങ്ങിയിട്ടില്ല

തിരുവനന്തപുരം: ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഒരു തുള്ളി എൻഡോസൾഫാൻ പോലും വാങ്ങിയിട്ടില്ലെന്ന് മന്ത്രി കെ.ആർ. ഗൗരിയമ്മ നിയമസഭയിൽ പറഞ്ഞു. എൻഡോസൾഫാൻ തളിക്കുന്നതുമൂലം രോഗം ഉണ്ടാകുന്നെന്ന റിപ്പോർട്ട് ലഭിച്ചിട്ടില്ല. പ്ലാന്റേഷൻ കോർപറേഷന്റെ മറ്റു കശുവണ്ടി തോട്ടങ്ങളിലും ഇത് തളിച്ചിരുന്നു. അവിടെയൊന്നും രോഗം റിപ്പോർട്ട് ചെയ്തിട്ടില്ല. എൻഡോസൾഫാൻ മൂലം ദുരിതം അനുഭവിക്കുന്നവർക്ക് ആശ്വാസം നൽകാൻ സർക്കാർ നടപടിയെടുത്തിട്ടുണ്ട്. ഇപ്പോൾ ആകാശത്തിലൂടെ തളിക്കൽ നിർത്തിയിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി.

മാധ്യമം

17 February 2006

എൻഡോസൾഫാൻ ദുരന്തബാധിതർ മുഖ്യമന്ത്രിയെതേടി യാത്ര തുടങ്ങി

കാഞ്ഞങ്ങാട്: സർക്കാർ പ്രഖ്യാപിച്ച സഹായ വാഗ്ദാനങ്ങൾ യാഥാർഥ്യമാക്കണമെന്നാവശ്യപ്പെട്ട് എൻഡോസൾഫാൻ ദുരന്തബാധിതർ മുഖ്യമന്ത്രിയെ കാണാൻ യാത്രയാരംഭിച്ചു.

കാസർകോട് ജില്ലയിലെ പെരിയയിൽനിന്നാരംഭിച്ച യാത്ര എൻഡോസൾഫാൻ കീടനാശിനി കമ്പനിക്കെതിരെ ആദ്യമായി നിയമയുദ്ധം നയിച്ച റിട്ട. കൃഷിവകുപ്പ് ഉദ്യോഗസ്ഥ എം.കെ. ലീലാ കുമാരിഅമ്മ ഉദ്ഘാടനം ചെയ്തു.

കീടനാശിനി പ്രയോഗത്തിനിരയായി മരിച്ച പെരിയ വെള്ളംതട്ട കോളനിയിലെ കലേഷ് എന്ന കുട്ടിയുടെ പിതാവ് കൃഷ്ണൻ, ശരീരം തളർന്ന് നരകയാതന അനുഭവിക്കുന്ന സുജിത്തിന്റെ പിതാവ് ഭാസ്കരൻ എന്നിവർക്ക് മുഖ്യമന്ത്രിക്ക് നൽകാനുള്ള നിവേദനം കൈമാറിക്കൊണ്ടാണ് ഉദ്ഘാടനം നിർവഹിച്ചത്.

പ്രശസ്ത പരിസ്ഥിതി പ്രവർത്തകൻ സി.ആർ. നീലകണ്ഠൻ മുഖ്യപ്രഭാഷണം നടത്തി. പ്രൊഫ. എം.എ. റഹ്മാൻ, ശാസ്ത്രസാഹിത്യ പരിഷത്ത് നേതാവ് പി.പി.കെ. പൊതുവാൾ, സി.പി.ഐ സംസ്ഥാന എക്സിക്യൂട്ടിവ് അംഗം ഇ. ചന്ദ്രശേഖരൻ, സി.പി.എം ഏരിയാ സെക്രട്ടറി കെ. കുഞ്ഞിരാമൻ എന്നിവർ പ്രസംഗിച്ചു. നാരായണൻ പേരിയ അധ്യക്ഷത വഹിച്ചു. പി. കുഞ്ഞമ്പു മാസ്റ്റർ സ്വാഗതവും കായക്കുളം കൊട്ടൻ നന്ദിയും പറഞ്ഞു.

മാതൃഭൂമി

21 February 2006

ഐ. പ്രസന്നനാണ് പ്രവർത്തകരെ അറസ്റ്റു ചെയ്ത് നീക്കിയത്. രണ്ടുദിവസം മുൻപ് ഡി. വൈ.എഫ്.ഐ. പ്രവർത്തകർ ഇതേ ഓഫിസിനുള്ളിലേക്ക് തള്ളിക്കയറിയിരുന്നു. ഇവരെ തടയുന്നതിൽ പോലീസ് വീഴ്ച കാട്ടിയെന്ന ഡി.ഐ.ജി. അനിൽകാന്തിന്റെ റിപ്പോർട്ടിന്മേൽ പേട്ട സി.ഐ. അനിൽകുമാറിനെ ഡി.ജി.പി. സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്തു. ഡ്യൂട്ടിയിലുണ്ടായിരുന്ന ശംഖുംമുഖം എ.സി.പി. ശരജനെ സസ്പെൻഡു ചെയ്യാനും ഡി.ജി.പി. സർക്കാരിനോട് ശുപാർശ ചെയ്തിരുന്നു.

എൻഡോസൾഫാൻ വിരുദ്ധമാർച്ച് തുടങ്ങി

തിരുവനന്തപുരം: എൻഡോസൾഫാൻ വിരുദ്ധ സമരസമിതിയുടെ നേതൃത്വത്തിൽ കാസർകോട്ടുനിന്ന് തുടങ്ങിയ ദുരിതബാധിതർ 'മുഖ്യമന്ത്രിയെ തേടി' നിയമസഭാ മാർച്ച് പ്രതിപക്ഷ നേതാവ് വി. എസ്. അച്യുതാനന്ദൻ ഉദ്ഘാടനം ചെയ്തു. പ്ലാച്ചിമട ഐക്യദാർഢ്യ സമരസമിതി കൺവീനർ ആർ. അജയൻ അധ്യക്ഷതവഹിച്ചു. എം. എൽ. എ. മാരായ കെ. പി. സതീഷ്ചന്ദ്രൻ, എം. കുമാരൻ, കെ. വി. കുഞ്ഞിരാമൻ, സി. പി. ഐ. അസിസ്റ്റൻറ് സെക്രട്ടറി, സി. എൻ. ചന്ദ്രൻ, ആർ. വി. ജി. മേനോൻ, ബെന്നിജോസഫ്. ജയചിത്തരഞ്ജൻ, മേഴ്സി, ടി. പീറ്റർ, തോമസ് വർഗ്ഗീസ്, മെഹബൂബ്, പി. കെ. മോഹൻ, കെ. എൻ. കെ. നമ്പൂതിരി എന്നിവർ സംസാരിച്ചു.

വ്യാജ സർട്ടിഫിക്കറ്റ്: കേസെടുക്കാൻ നിർദ്ദേശം

തിരുവനന്തപുരം: വ്യാജ ബിരുദ സർട്ടിഫിക്കറ്റുകളും ചമച്ച് സെക്രട്ടേറിയറ്റിൽ ഉദ്യോഗവും ഉദ്യോഗക്കയറ്റവും നേടിയ 60 പേർക്കെതിരെ കേസെടുത്ത് അന്വേഷണം നടത്താൻ കോടതി നിർദ്ദേശിച്ചു. രണ്ട് അഡീഷണൽ സെക്രട്ടറിമാർ ഇതിൽ ഉൾപ്പെടും. ജുഡീഷ്യൽ ഒന്നാംക്ലാസ് മജിസ്ട്രേട്ട് (മൂന്ന്) ജോസ് എൻ. സിറിലാണ് ഉദ്യോഗസ്ഥർക്കെതിരെ കേസെടുക്കാൻ കൺറോൾമെൻറ് പോലീസിന് നിർദ്ദേശം നൽകിയത്. നിയമസഹായവേദി ചെയർമാൻ അഡ്വ. സ്റ്റീഫൻ റൊസാരിയോ വാദിയായി സമർപ്പിച്ച പൊതുതാല്പര്യ ഹർജിയിന്മേലാണ് ഈ നിർദ്ദേശം.

മാധ്യമം

09 March 2008

സോളിഡാരിറ്റി എൻഡോസൾഫാൻ പുനരധിവാസ പദ്ധതി പ്രഖ്യാപിച്ചു

MP 9/3/08

കാസർകോട്: കേരള പ്ലാന്റേഷൻ കോർപറേഷന്റെ കശുമാവ് തോട്ടങ്ങളിൽ എൻഡോസൾഫാൻ കീടനാശിനി പ്രയോഗിച്ചതിനെത്തുടർന്ന് ദുരിതമനുഭവിക്കുന്ന കാസർകോട് ജില്ലയിലെ അഞ്ച് പഞ്ചായത്തുകളിൽ സോളിഡാരിറ്റി സംസ്ഥാന സമിതി നടപ്പാക്കുന്ന പുനരധിവാസ പദ്ധതിയുടെ പ്രഖ്യാപനം ജമാഅത്തെ ഇസ്‌ലാമി കേരള അമീർ ടി. ആരിഫലി നിർവഹിച്ചു. എൻമകജെ, കുമ്പടാജെ, മൂളിയാർ, കയ്യൂർ-ചീമേനി, പുല്ലൂർ-പെരിയ പഞ്ചായത്തുകളിലാണ് ഭവന നിർമാണം, വിദ്യാഭ്യാസം, ചികിൽസ, റേഷൻ, തൊഴിൽ എന്നീ വിഭാഗങ്ങളിലായി 50 ലക്ഷം രൂപയുടെ ആദ്യഘട്ട പദ്ധതി നടപ്പാക്കുന്നത്.

എൻഡോസൾഫാൻ ഇരകൾക്ക് നഷ്ടപരിഹാരം നൽകാൻ പ്ലാന്റേഷൻ കോർപറേഷനും കീടനാശിനി കമ്പനികളും സന്നദ്ധമാവണമെന്ന് ആരിഫലി ആവശ്യപ്പെട്ടു. കീടനാശിനി വൈധവ്യം നൽകിയവർക്കും അനാഥരായ കുട്ടികൾക്കും നഷ്ടപരിഹാരം പൂർണമായ അർഥത്തിൽ സാധ്യമല്ല. പ്രതീകാത്മക പരിഹാരമാണ് ചെയ്യാവുന്നത്. 100 വീടുകൾ ലക്ഷ്യമിട്ട് പ്രവർത്തിച്ചപ്പോൾ 400ലേറെ വീടുകൾ നിർമിക്കാനുള്ള തുക കേരളീയ സമൂഹം സോളിഡാരിറ്റിയെ വിശ്വസിച്ച് ഏൽപിച്ചു. എൻഡോസൾഫാൻ മേഖല ലക്ഷ്യമിട്ട് സ്വരൂപിച്ച ഫണ്ട് സർക്കാർ സംവിധാനങ്ങൾക്ക് കൈമാറിക്കൂടേ എന്ന ചോദ്യമുയരാം. ഫണ്ട് ഇരട്ടിയായിട്ടും രിതമേഖലയിൽ ചെലവഴിക്കാൻ കഴിയുന്നു എന്നതാണ് സോളിഡാരിറ്റി ശൈലിയുടെ ഫലംകർമശേഷികൂടി പ്രയോജനപ്പെടുത്തിയാണ് പ്രവർത്തനങ്ങൾ നടക്കുന്നത്. ബ്യൂറോക്രസിയുടെ സാങ്കേതികക്കുരുക്ക് സൃഷ്ടിക്കുന്ന കാലതാമസം സോളിഡാരിറ്റിയുടെ പ്രവർത്തനത്തിലുണ്ടാവുകയില്ലെന്ന് അമീർ പറഞ്ഞു.

മൂളിയാർ പഞ്ചായത്തിലെ ഷാഹിനക്ക് രേഖ കൈമാറി വിദ്യാഭ്യാസ പദ്ധതിയുടെ ഉദ്ഘാടനം അഡ്വ.സി.എച്ച്. കുഞ്ഞമ്പു എം.എൽ.എ നിർവഹിച്ചു. 32 കുട്ടികൾക്കാണ് ഈ പദ്ധതിയിൽ സഹായം നൽകുക. ഏറ്റവും മാതൃകാപരമായ പ്രവർത്തനമാണ് സോളിഡാരിറ്റി നടത്തുന്നതെന്ന് എം.എൽ.എ അഭിപ്രായപ്പെട്ടു.

കയ്യൂർ-ചീമേനി പഞ്ചായത്തിലെ കൗസല്യക്ക് രേഖ കൈമാറി ഭവന നിർമാണ പദ്ധതി ഉദ്ഘാടനം പള്ളിപ്രം ബാലൻ എം.എൽ.എ നിർവഹിച്ചു. 35 കുടുംബങ്ങൾക്കാണ് വീട് നിർമിക്കുക. സർക്കാർ പദ്ധതികൾ പരിമിതമായിരിക്കെ സോളിഡാരിറ്റിയുടെ സംരംഭം ശ്ലാഘനീയമാണെന്ന് എം.എൽ.എ പറഞ്ഞു.

എൻമകജെ പഞ്ചായത്തിലെ ശ്രുതിക്ക് രേഖകൾ നൽകി ചികിൽസാ പദ്ധതിയുടെ ഉദ്ഘാടനം ഡോ. മോഹൻകുമാർ നിർവഹിച്ചു. 126 പേർക്കാണ് ചികിൽസാ സഹായം. മരണാനന്തരം ലഭിക്കുന്ന അരലക്ഷത്തേക്കാൾ ഇരകളായി കഴിയുന്ന കുടുംബങ്ങളിലേക്ക് സോളിഡാരിറ്റി പ്രവർത്തകർ എത്തിച്ച അരിയുടെ കിറ്റിനാണ് താൻ വിലകൽപിച്ചതെന്ന് അദ്ദേഹം പറഞ്ഞു.

പുല്ലൂർ-പെരിയ പഞ്ചായത്തിലെ അനിൽകുമാർ തന്നക്ക് രേഖ കൈമാറി റേഷൻ പദ്ധതിയുടെ ഉദ്ഘാടനം ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡൻറ് മുഹമ്മദ് മൂബാറക് ഹാജി നിർവഹിച്ചു. 87 കുടുംബങ്ങൾക്കാണ് റേഷൻ ലഭിക്കുക.

കുമ്പടാജെ പഞ്ചായത്തിലെ യോഗേഷിന് രേഖ കൈമാറി തൊഴിൽ പദ്ധതി പ്രൊഫ. എം.എ. റഹ്മാൻ ഉദ്ഘാടനം ചെയ്തു. ഏഴ് കുടുംബങ്ങൾക്കാണ് തൊഴിൽ സംരംഭങ്ങൾ അനുവദിക്കുക. തലശ്ശേരിയിൽ സംഭവിക്കുന്നത് മാത്രമല്ല, ഈ ധന്യവേദിയിൽ കാണുന്നതും കേരള കാഴ്ചയാണെന്ന തിരിച്ചറിവുണ്ടാകണമെന്ന് അദ്ദേഹം പറഞ്ഞു.

സോളിഡാരിറ്റി സംസ്ഥാന പ്രസിഡൻറ് പി. മുജീബുറഹ്മാൻ അധ്യക്ഷത വഹിച്ചു. എൻമകജെ പഞ്ചായത്ത് പ്രസിഡൻറ് എ. പുഷ്പ, ജില്ലാ പഞ്ചായത്ത് സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ പി.എ. അശ്റഫലി, ജമാഅത്തെ ഇസ്‌ലാമി ജില്ലാ പ്രസിഡൻറ് പി.കെ. അബൂബക്കർ നദ്‌വി, കെ.എം. അഹ്മദ്, നാരായണൻ പേരിയ, എസ്.ഐ.ഒ സംസ്ഥാന സമിതി അംഗം ടി. ശാഫിർ എന്നിവർ പ്രസംഗിച്ചു. സോളിഡാരിറ്റി സംസ്ഥാന ജനറൽ സെക്രട്ടറി കെ.എ. ശഫീഖ് സ്വാഗതവും ജില്ലാ പ്രസിഡൻറ് ശഫീഖ് നസ്റുല്ല നന്ദിയും പറഞ്ഞു.

മാധ്യമം

31 October 2009

ഇന്ത്യ എൻഡോസൾഫാൻ നിരോധിക്കണം

എൻഡോസൾഫാൻ എന്ന മാരക കീടനാശിനി ഇന്ത്യയിൽ നിരോധിക്കണമെന്ന ആവശ്യത്തിന് വർഷങ്ങളുടെ പഴക്കമുണ്ട്. കേരളവും കർണാടകയും അത് നിരോധിച്ചു കഴിഞ്ഞു. എന്നാൽ, ദേശീയാടിസ്ഥാനത്തിൽ നിരോധിച്ചിട്ടില്ലാത്തിനാൽ അത് ഈ സംസ്ഥാനങ്ങളിലും വിറ്റഴിക്കപ്പെടുകയും പ്രയോഗിക്കപ്പെടുകയും ചെയ്യുന്നു. പാലക്കാട് ജില്ലയിൽ എൻഡോസൾഫാൻ ഉപയോഗം നടക്കുന്നുണ്ടെന്നാണ് റിപ്പോർട്ട്. 76 രാജ്യങ്ങളിൽ ഈ വിഷം നിരോധിച്ചിട്ടുണ്ട്. പക്ഷേ, അതിന്റെ ദുരിതം ഏറെ അനുഭവിച്ചറിഞ്ഞിട്ടുള്ള ഇന്ത്യ ഇന്നും അതിന് വിശാലവും പ്രിയങ്കരവുമായ വിപണിയായി തുടരുകയാണ്. ഇതിനുപിന്നിൽ കീടനാശിനി ലോബിയുടെ സമ്മർദമാണെന്ന ആരോപണം തള്ളിക്കളയാനാവില്ല. എന്നാൽ, നിരോധിക്കാതിരിക്കുന്ന ഓരോ ദിവസവും ഭീകരമായ രോഗങ്ങൾക്ക് എൻഡോസൾഫാൻ നിമിത്തമാകും. പരുത്തി, തേയില, കാപ്പി, കശുവണ്ടി തുടങ്ങി വിവിധതരം വിളകളിലും പച്ചക്കറികളിലും അത് പ്രയോഗിക്കുന്നുണ്ട്. പ്രയോഗിച്ച പ്രദേശത്തുനിന്ന് വളരെ വളരെ അതിന്റെ ആഘാതമുണ്ടാകും. കീടങ്ങൾക്കു മാത്രമല്ല സസ്യജാലങ്ങൾക്കും ജന്തുജീവികൾക്കും മനുഷ്യർക്കുമെല്ലാം ഇത് ദോഷം ചെയ്യുന്നുണ്ടെന്ന് തെളിഞ്ഞിട്ടുള്ളതാണ്. തെളിവിന്റെ ആവശ്യമില്ലാത്തവിധം കേരളത്തിലെ കാസർകോട് ഇതിന്റെ ഭീകരഫലങ്ങൾ അനുഭവിച്ചുവരുന്നതാണ്. അഞ്ചുറിലേറെ മനുഷ്യർ ഈ വിഷം കാരണം മരിച്ചു. സർക്കാർ ഉടമസ്ഥതയിലുള്ള പ്ലാന്റേഷൻ കോർപറേഷന്റെ 4700 ഏക്കർ തോട്ടത്തിൽ 26 വർഷം ഇത് തളിച്ചു. ഫലമോ, തലമുറകൾ നീണ്ടുനിൽക്കുന്ന മാരകരോഗങ്ങൾ അനേകം മനുഷ്യരെ പിടികൂടി. ഈ അനുഭവം ലോകത്ത് മറ്റു രാജ്യങ്ങളിൽ വിവിധ അളവുകളിൽ ഉണ്ടായി. അതുകൊണ്ടാണ് എൻഡോസൾഫാൻ ലോകവ്യാപകമായിത്തന്നെ നിരോധിക്കണമെന്ന ആവശ്യമുയർന്നത്. ഇന്ത്യ ഇനിയും അമാന്തിക്കുന്നതെന്തിനെന്ന് ചോദിക്കേണ്ടതുണ്ട്.

ലോകത്തിലേറ്റവും കൂടുതൽ എൻഡോസൾഫാൻ ഉപയോഗിക്കുന്നതും ഉൽപാദിപ്പിക്കുന്നതും കയറ്റി അയക്കുന്നതും ഇന്ത്യയാണ്. അതിന്റെ ഉൽപാദനവും ഉപയോഗവും നിയന്ത്രിക്കുന്നതിനുള്ള നീക്കങ്ങളെ കേന്ദ്രസർക്കാർ നിരന്തരം എതിർത്തുകൊണ്ടിരിക്കുന്നു. അത് നിരോധിച്ച രാജ്യങ്ങൾക്കു പുറമെ കുറെ രാജ്യങ്ങൾ അതിന് നിയന്ത്രണങ്ങൾ വെച്ചിട്ടുണ്ട്. 2000ൽ നടന്ന റോട്ടർഡാം കൺവെൻഷനിൽ പങ്കെടുത്ത 126 രാജ്യങ്ങളിൽ ഇന്ത്യ മാത്രമാണ് എൻഡോസൾഫാൻ വ്യാപാരത്തിന് നിയന്ത്രണം വെക്കുന്നതിനെ എതിർത്തത്. അന്ന് ഇന്ത്യൻ പ്രതിനിധികളെ വശത്താക്കാൻ ഉൽപാദകരായ ഹിന്ദുസ്ഥാൻ ഇൻസെക്ടിസൈഡ്സിന്റെയും ഇന്ത്യൻ കെമിക്കൽസ് കൗൺസിലിന്റെയും ആളുകൾ യോഗസ്ഥലത്തുണ്ടായിരുന്നത് വാർത്തയായിരുന്നു. എൻഡോസൾഫാന്റെ വ്യാപാരവുമായി ബന്ധിച്ച തീരുമാനം ഇന്ത്യയുടെ മാത്രം എതിർപ്പുകാരണം 2011ലേക്ക് നീട്ടിവെക്കേണ്ടിവന്നു. അതുവരെ ഇറക്കുമതി തടയാനോ കീടനാശിനി ഫാക്ടറികളാരെന്ന മുന്നറിയിപ്പ് വെക്കുന്നതിന് ഉൽപാദകരെ നിർബന്ധിക്കാനോ വ്യവസ്ഥ ചെയ്യാൻ കഴിഞ്ഞുമില്ല. കഴിഞ്ഞവർഷംതന്നെ നടന്ന മറ്റൊരു നിരോധ ശ്രമമായിരുന്നു സ്റ്റോക്ക്ഹോം കൺവെൻഷനിലേത്. ജൈവമലിനീകരണം അവിരാമമായി നടത്തുന്ന രാസവസ്തുക്കളെ സംബന്ധിച്ചതായിരുന്നു സമ്മേളനം. നിരോധിക്കണ്ട വസ്തുക്കളുടെ പട്ടികയിൽ എൻഡോസൾഫാൻ ഉൾപ്പെടുത്തണമെന്ന ആവശ്യമുയർന്നപ്പോൾ ഇന്ത്യയും ചൈനയും എതിർത്തു. എങ്കിലും മറ്റു രാജ്യങ്ങൾ നിലപാടിൽ ഉറച്ചുനിൽക്കുകയും നിരോധത്തിനാവശ്യമായ നീക്കങ്ങൾ തുടങ്ങിവെക്കുകയും ചെയ്തു. എങ്കിലും നാം നിരോധത്തെ ചെറുക്കുന്നു എന്നതുതന്നെ നമ്മുടെ നാട്ടിലെയും മറുനാടുകളിലെയും പതിനായിരക്കണക്കിന് ഇരകളെ പരിഹസിക്കലാണ്.

'എൻഡോസൾഫാന്റെ ദോഷഫലങ്ങൾ ഏറ്റവും കൂടുതൽ അനുഭവിച്ചവരാണ് ഇന്ത്യയിലുള്ള ഗ്രാമീണർ. കാസർകോട്ടെ ദാരുണകഥകൾ സംസ്ഥാന സർക്കാറിന് അംഗീകരിക്കേണ്ടിവന്നു. ദൽഹിയിലെ സെന്റർ ഫോർ എൻവയൺമെന്റൽ സ്റ്റഡീസ് അടക്കം അനേകം ഗവേഷകസംഘങ്ങൾ എൻഡോസൾഫാന്റെ ദുഷ്യങ്ങളെപ്പറ്റി പഠിച്ച് ആധികാരിക റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുണ്ട്. അത് മാരകമായ നാഡീവ്യൂഹികളും അർബുദവും ഉണ്ടാക്കും -ഗർഭസ്ഥ ശിശുക്കളിൽവരെ. കീടങ്ങൾക്കു മാത്രമല്ല മറ്റു ചെറുജീവികൾക്കും സസ്തനികൾക്കും സസ്യങ്ങൾക്കും അത് ആപത്കരമാണ്. തളിക്കുന്ന സ്ഥലത്തുനിന്ന് വായുവിലൂടെയും വെള്ളത്തിലൂടെയും പടർന്ന് സമീപസ്ഥലങ്ങൾക്കും അപകടം വരുത്തും. കേരളത്തിന്റെ മാതൃക പിൻപറ്റി എൻഡോസൾഫാൻ നിരോധിക്കുകയാണ് കേന്ദ്രം ചെയ്യേണ്ടത്. അതിന് ഇനിയും കുറെ മനുഷ്യജീവികൾ കൂടി നകെിച്ചു മരിക്കണം എന്നില്ല നിലപാടെടുക്കാൻ ഒരു കാരണവുമില്ല. ഇപ്പോഴത്തെ അവസ്ഥയിൽ 2011ാടെയെങ്കിലും എൻഡോസൾഫാൻ ആഗോളാടിസ്ഥാനത്തിൽ നിരോധിക്കപ്പെടും. പക്ഷേ, ഇന്ത്യ ചെറുത്തുനിൽപ് തുടർന്നാൽ അത് പിന്നെയും വൈകിയെന്നുവരും. അത് അരുത്.

മാധ്യമം

19 October 2010

ഭാഗ്യം, അവിടെ ഇന്ത്യ ജയിച്ചില്ല

ജനീവയിൽ കഴിഞ്ഞ ദിവസം ചേർന്ന സ്റ്റോക്ഹോം കൺവെൻഷൻ, എൻഡോസൾഫാൻ കീടനാശിനി നിരോധിക്കാൻ തീരുമാനമെടുത്തിയത് നല്ല കാര്യമാണ്. ജൈവ മലിനീകരണത്തിന് കാരണമാകുന്ന രാസവസ്തുക്കൾ നിയന്ത്രിക്കുന്നതിന് സംബന്ധിച്ചാണ് ഏതാനും വർഷങ്ങളായി സ്റ്റോക്ഹോം സമ്മേളനങ്ങൾ ആലോചിക്കുന്നത്. ആഗോളവും വ്യാപകവും അപരിഹാര്യവുമായ മലിനീകരണം സൃഷ്ടിക്കുന്നതിൽ എൻഡോസൾഫാൻ മുന്നിലാണ്. കൃഷിയിൽ കീടനാശിനിയായി ഉപയോഗിക്കുന്ന ഈ രാസപദാർഥം വെള്ളത്തിലും മണ്ണിലും മൂലപ്പാലിലും വരെ അടിഞ്ഞുകിടന്ന് തലമുറകളെ കൊല്ലുന്നു. പെരുമഴ തലയുമായി പിറക്കുന്ന മനുഷ്യക്കുഞ്ഞുങ്ങൾ ഈ വിഷത്തിന്റെ സ്മാരകങ്ങളാണിന്ന്. ആരോഗ്യത്തിനും പരിസ്ഥിതിക്കും അത് ദൂരവ്യാപകമായ ദോഷം ചെയ്യുന്നു. മുമ്പു കുത്തിയതിലും മാരകമാണ് അതിന്റെ വിപത്തുകൾ എന്ന് യു.എസ് പരിസ്ഥിതി സംരക്ഷണ ഏജൻസി പ്രഖ്യാപിച്ചത് കഴിഞ്ഞ ജൂണിലാണ്. ഗർഭത്തിന്റെ ആദ്യ മാസങ്ങളിൽ എൻഡോസൾഫാൻ ബാധയേൽക്കുന്ന കുഞ്ഞുങ്ങൾക്ക് ഓട്ടിസം ഉണ്ടാകാൻ എല്ലാ സാധ്യതയുമുണ്ടെന്ന് 2007 ൽ നടന്ന പഠനം തെളിയിച്ചിരുന്നു. മനുഷ്യന്റെ നാഡീവ്യവസ്ഥയെ ഗുരുതരമായി ബാധിച്ച് മരണം മുതൽ ദൂരവ്യാപകമായ ആരോഗ്യപ്രശ്നങ്ങൾ വരെ ഉണ്ടാക്കാൻ പോന്നതാണ് എൻഡോസൾഫാൻ എന്നും തെളിഞ്ഞിട്ടുണ്ട്.

എന്നാൽ, ഈ വിഷയത്തിൽ ഇന്ത്യ എടുത്ത നിലപാട് മനുഷ്യനിലയ്ക്കും നിയന്ത്രണാധികാരവുമായിപ്പോയി. ശാസ്ത്രീയ പഠനങ്ങളുടെ വെളിച്ചത്തിലാണ് യു.എസും ആസ്ട്രേലിയയും ഇയ്യിടെ എൻഡോസൾഫാൻ നിരോധിച്ചത്. ഒരു പഠനത്തിലേയ്ക്കും ആവശ്യമില്ലാതെ തന്നെ അതിന്റെ ദോഷഫലങ്ങൾ കണ്ടറിഞ്ഞവരാണ് ഇന്ത്യൻ ജനത. വടക്കൻ കേരളത്തിലും തെക്കൻ കർണാടകയിലും 26 വർഷം അത് തളിച്ചതിന്റെ ഫലം കണ്ണും വയറും ഉന്തിയ ജന്മങ്ങളായും മനുഷ്യികളായുമൊക്കെ അവിടത്തെ കുടുംബങ്ങളിൽ തലോടിയിട്ടുണ്ട്. കാസർകോട്ടെ മനുഷ്യരെപ്പറ്റി കേന്ദ്ര സർക്കാറിലെ ഉദ്യോഗസ്ഥർ കേട്ടിരിക്കില്ല? അതുകൊണ്ടാവുമല്ലോ എൻഡോസൾഫാൻ നിരോധത്തെ എതിർക്കണിം പിന്താങ്ങണിയിരുന്ന ഇന്ത്യ അതിനെ ഒറ്റക്ക് എതിർത്തത്. ജനീവ സമ്മേളനത്തിലെ 29 രാജ്യങ്ങളിൽ 25 ഉം നിരോധത്തെ പിന്താങ്ങി. ഇർജന്റീന, ഘാന, ജനീവിയ, ടൊഗ എന്നിവ വെട്ടിത്തിരിഞ്ഞ് നിന്ന് വിട്ടുനിന്നു. എൻഡോസൾഫാന്റെ ഇരകൾ പൂഴ്ക്കടകനെക്കാൾ ജീവിക്കേണ്ടി വരുന്ന ഇന്ത്യ മാത്രം നിരോധത്തെ എതിർത്തു. എൻഡോസൾഫാനെതിരെ ഹൈക്കോടതി വിധിനേടി, നിരോധത്തിനായി കേരള ആരോഗ്യപ്രവർത്തകരും പോരാടിയതാണ്. യു.എസ്, കാനഡ, സ്വിറ്റ്സർലൻഡ്, യൂറോപ്യൻ രാജ്യങ്ങൾ, ശ്രീലങ്ക തുടങ്ങിയവരെ രാജ്യങ്ങൾ അതിനിരോധിച്ചിട്ടുണ്ട്. പക്ഷേ, ഇന്ത്യക്ക് ഇതൊന്നും ബോധിപ്പിച്ചിട്ടില്ല. മനുഷ്യരെ കൊന്നിട്ടായാലും വ്യവസായ ലാഭം വേണമെന്ന് മൻമോഹൻസിങ് സർക്കാർ തീരുമാനിച്ചിരിക്കുന്നു.

ഇത് പെട്ടെന്ന് സംഭവിച്ച അബദ്ധമല്ല. എൻഡോസൾഫാൻ ഇറക്കുമതി ചെയ്യുന്ന രാജ്യങ്ങൾക്ക് അതിന്റെ ദുഷ്യഫലങ്ങളെപ്പറ്റി അറിയാനുള്ള അവകാശം വേണമെന്ന് നിഷ്കർഷിക്കുന്ന തീരുമാനം 2004 ൽ എടുത്തതും ഇന്ത്യയുടെ എതിർപ്പിനെ മറികടന്നായിരുന്നു. ഇന്ത്യാ സർക്കാരിന്റെ ഉടമസ്ഥതയിലുള്ള ഹിന്ദുസ്ഥാൻ ഇൻസെക്ടിസൈഡ്സ് ആണ് ഏറ്റവും കൂടുതൽ എൻഡോസൾഫാൻ ഉൽപാദിപ്പിക്കുന്ന കമ്പനികളിൽ ഒന്ന്. മറ്റനേകം കമ്പനികളും ഇന്ത്യയിൽ ഇതുണ്ടാക്കുന്നു. കഴിഞ്ഞ അഞ്ചു വർഷങ്ങളിൽ 76 രാജ്യങ്ങളിലേക്ക് ഇത് കയറ്റി അയച്ചു. 2007-08 കാലത്ത് മാത്രം ഈ വിഷം വിറ്റ് നാം നേടിയത് 15 കോടി രൂപയത്രെ. എൻഡോസൾഫാൻ ലോബിയുടെ കരുത്താണ് സർക്കാറിന്റെ വികല നിലപാടുകളായി പുറത്തുവരുന്നത്. കൃഷി ലാഭകരമാക്കും, കൃഷി പുഷ്പിപ്പിക്കും തുടങ്ങിയ അനാകാശവാങ്മയങ്ങൾ തൊടുത്തെന്ന് 'പരിസ്ഥിതി നീതി സംരക്ഷണ' 2008ൽ നടത്തിയ പഠനം തെളിയിച്ചുകഴിഞ്ഞും നാം ആ വാദങ്ങൾ തുടുക്കയാണ്. എൻഡോസൾഫാൻ സുരക്ഷിതവും പ്രയോജനപ്രദവുമാണെന്ന് പറയാൻ എങ്ങനെ കഴിഞ്ഞുവെന്ന് ഇന്ത്യാ സർക്കാർ ഇന്ത്യയിലെ ജനങ്ങളോടാണ് വിശദീകരിക്കേണ്ടത്. കാസർകോട്ടെ അമ്മമാരോടാണ് മാപ്പിളമ്മാരോടാണ് മാപ്പുപറയേണ്ടത്. കേരളം എങ്ങനെ എൻഡോസൾഫാൻ നിരോധിക്കാൻവേണ്ടി എന്ന് അന്വേഷിക്കണം. കേരളത്തിലെ കോൺഗ്രസ് നേതാക്കളോടുകൂടിയും ഇന്ന് ചോദിക്കണം. ബി.ജെ.പി വരുന്നത കുഴി വെള്ളുന്നതിന് മൊട്ടുസൂചിയും എർപ്പെടുത്താൻ തൊട്ടും കാട്ടിയ പരിസ്ഥിതി മന്ത്രി ജയറാം രമേശ് അതേ മാനദണ്ഡമെടുത്തും എൻഡോസൾഫാന്റെ കാര്യത്തിലെന്തുകൊണ്ട് സ്വീകരിച്ചില്ല എന്നു വിശദീകരിക്കണം.

വികസനത്തിന്റെ മനുഷ്യവിരുദ്ധമുഖമായി എന്തു സംഭവിക്കാമെന്നാണ് നാമിപ്പോൾ തെളിയിച്ചുകൊണ്ടിരിക്കുന്നത്. മറ്റു രാജ്യങ്ങൾ കുറച്ചുകൂടി പുരോഗമനപരമായ നിലപാടിലെത്തുമ്പോഴും ലാഭം മാത്രമാണ് പരമപ്രധാനമെന്ന വ്യവസായ ലോബിയുടെ ഉപാധാരം കേട്ട് സ്വന്തം ജനതയെപ്പോലും കുരുതികൊടുക്കുന്നു നമ്മൾ. അസ്പെസ്റ്റോസ് ഉൽപാദനം അർബുദഹേതുവാണെന്ന് കണ്ടെത്തിയപ്പോൾ വികസന രാജ്യങ്ങൾക്ക് പരിരക്ഷ നൽകാൻ 2006ൽ റോട്ടർഡാം കൺവെൻഷനിൽ നിക്കം നടന്നപ്പോൾ ഇന്ത്യ അതിനെയും എതിർക്കുകയായിരുന്നു. ലാഭത്തിനിൽ, മനുഷ്യരെയും ജീവികളെയും പരിസ്ഥിതിയെയുമൊക്കെ ഗുരുതരമായി ബാധിക്കുന്ന വിഷങ്ങളിൽപോലും കോലാഭമായ വ്യവസായ താൽപര്യം നോക്കിയാണ് നാം നിലപാടെടുക്കുന്നത്. ഇത് അപകടകരമായി തിരുത്തണം. കീടനാശികൾ ഏതെല്ലാം, എങ്ങനെയെല്ലാം ഉൽപാദിപ്പിക്കാം, എങ്ങനെ വിതരണം ചെയ്യാം, എങ്ങനെ ഉപയോഗിക്കാം തുടങ്ങിയ കാര്യങ്ങൾ അടങ്ങുന്ന വ്യക്തമായ ഒരു നയം തയ്യാറാവണം. ജനങ്ങളുടെ ജീവൻ തൊട്ടുകളിക്കാൻ വ്യവസായത്തെ അനുവദിക്കരുത്. ജനീവയിൽ എൻഡോസൾഫാന് അനുകൂലമായി വോട്ടു ചെയ്ത ഏക രാജ്യമെന്ന 'ബഹുമതി' ആ വിഷത്തിന്റെ ഇരകളോടുള്ള അവഹേളനമാണ്. കേന്ദ്രം തെറ്റ് ഏറ്റുപറയുകയും തിരുത്തുകയുംവേണം. കോപ്പോലും കാസർകോടും എത്ര ദൂരമാണും ചേതിയുള്ളൂ എന്നാണ് മനോമോഹങ്ങളിൽ അല്പം ജനങ്ങൾ അറിയട്ടെ.

മംഗളം

19 October 2010

രാജ്യാന്തര കൺവെൻഷനിൽ ഇന്ത്യ മാത്രം എൻഡോസൾഫാന് അനുകൂലം

കേന്ദ്രം വാദിച്ചത് എൻഡോസൾഫാനുവേണ്ടി

19/10/10 mangalam

■ സി.എസ്. ശ്രീധർമ്മൻ

തിരുവനന്തപുരം

എൻഡോസൾഫാൻ ഉപയോഗം സംബന്ധിച്ച കേരളത്തിന്റെ എതിർപ്പു തള്ളി. എൻഡോസൾഫാൻ എന്ന മാരക വിഷം ഇല്ലാതാക്കുന്ന മനുഷ്യജീവനുകളുടെ നഷ്ടമാണു പ്രധാനമെന്നു കേന്ദ്രസർക്കാർ. മാരകകീടനാശിനികൾ നിരോധിക്കുന്നതു സംബന്ധിച്ചു സ്റ്റോക്ഹോമിൽ ചേർന്ന രാജ്യാന്തര കൺവൻഷനിൽ കേരളസർക്കാരും പരിസ്ഥിതിസംഘടനകളും ഉന്നയിച്ച വാദങ്ങൾ കേന്ദ്രസർക്കാർ പ്രതിനിധികൾ അവതരിപ്പിച്ചില്ല.

എൻഡോസൾഫാൻ ഉപയോഗിച്ചാൽ രാജ്യത്തിനു കോടികളുടെ വരുമാനം ലഭിക്കുമെന്ന നിലപാടാണു കൺവൻഷനിൽ ഇന്ത്യൻ പ്രതിനിധി സ്വീകരിച്ചത്. പങ്കെടുത്ത 29 രാജ്യങ്ങളുടെ പ്രതിനിധികളിൽ 28 പേരും എൻഡോസൾഫാനെ എതിർത്തപ്പോൾ ഇന്ത്യൻ പ്രതിനിധി മാത്രമാണ് അനുകൂലിച്ചത്. കാസർഗോട്ടു നിരവധി ജീവൻ കവരുകയും നൂറുകണക്കിനു കുഞ്ഞുങ്ങളെ ജനിതക രോഗങ്ങളിലേക്കു തള്ളിവിടുകയും ചെയ്ത എൻഡോസൾഫാൻ, പരിസ്ഥിതി പ്രശ്നങ്ങൾ ഉണ്ടാക്കാത്ത മികച്ച കീടനാശിനിയാണെന്നു കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തെ പ്രതിനിധീകരിച്ചു കൺവെൻഷനിൽ പങ്കെടുത്ത ഒരു പ്രതിനിധി അഭിപ്രായപ്പെട്ടു. വനം-പരിസ്ഥിതി മന്ത്രാലയത്തിൽ രാസവസ്തു അപകടങ്ങൾ ഒഴിവാക്കുന്നതിനു വേണ്ടിയുള്ള പ്രത്യേക ഡിവിഷൻ ഡയറക്ടറാണു ഒരു പ്രതിനിധി.

കീടനാശിനികൾ ഉണ്ടാക്കുന്ന മരിനിരോധനം അവലോകനം ചെയ്യാൻ ചേരുന്ന ലോകരാഷ്ട്രങ്ങൾ അംഗീകരിച്ച വാർഷിക കൺവെൻഷൻ ആരംഭിക്കുന്നതിനു മുന്നു കാസർഗോഡ് പ്രശ്നങ്ങളും കേരളത്തിന്റെ നിരോധനവും സംബന്ധിച്ചു രേഖകൾ സന്നദ്ധസംഘടനകൾ ഇന്ത്യൻ സംഘത്തെ ഏൽപ്പിച്ചിരുന്നു. എന്നാൽ കൺവെൻഷൻ ആരംഭിക്കുന്നതിനു തൊട്ടുമുന്പു രേഖകളിൽ വിയോജിപ്പു പ്രകടിപ്പിച്ച ഒരു പ്രതിനിധി അവ എടുത്തുമാറ്റി. എൻഡോസൾഫാനു പകരം നിരവധി രൈകകീടനാശിനികൾ ഉപയോഗിക്കാമെന്നും കൂടുതൽ മരുന്നുകൾ ഉൽപാദിക്കാനാകുമെന്നും വിശദീകരിക്കുന്ന രേഖകൾ മാറ്റിവച്ചു ശേഷമാണ് ഇന്ത്യ കൺവൻഷനിൽ പങ്കെടുത്തത്.

ആരോഗ്യ, പരിസ്ഥിതിപ്രശ്നങ്ങൾ സംബന്ധിച്ചു പൂർണമായും നിശബ്ദത പാലിച്ച ഒരു പ്രതിനിധി, എൻഡോസൾഫാൻ നിർമിക്കുന്ന കന്പനികളുടെ പ്രതിനിധിയാണെന്നു കൂടുതലും സംശയിച്ചു. ഇന്ത്യയിൽ പൂർണ നിരോധനം ഏർപ്പെടുത്തിയാൽ 10 കോടി അമേരിക്കൻ ഡോളർ വാർഷിക വരുമാനമുള്ള കന്പനികൾക്കു നഷ്ടമുണ്ടാകുമെന്നും, അതു സാധ്യമല്ലെന്നും അവർ അഭിപ്രായപ്പെട്ടു. എൻഡോസൾഫാൻ കൂടുതൽ ഉപയോഗിച്ചിരുന്ന ഫ്രാൻസിലും നിരോധനം ഏർപ്പെടുത്തുകയാണെന്ന് അറിയിച്ചതോടെ കൺവൻഷനിൽ ഇന്ത്യ ഒറ്റപ്പെട്ടു. ചില സംസ്ഥാനങ്ങളിൽ എൻഡോസൾഫാൻ ഉപയോഗം നിർത്തിവയ്ക്കുകയോ ചെയ്തിട്ടുള്ളവെന്ന് ഇന്ത്യ അറിയിച്ചു.

അടുത്ത മേയിൽ നടക്കുന്ന കൺവൻഷനിൽ എൻഡോസൾഫാന്റെ പ്രശ്നങ്ങളെക്കുറിച്ചു വിശദമായി അറിയിക്കാമെന്നും ഇന്ത്യ അഭിപ്രായപ്പെട്ടു. കേന്ദ്ര കൃഷിവകുപ്പിനെ പ്രതിനിധീകരിച്ചു വന്ന ജയിൻ, ഹിന്ദുസ്ഥാൻ ഇൻസെക്ടിസൈഡ്സ് ലിമിറ്റഡ് പ്രതിനിധികൾ എന്നിവരാണ് ഇന്ത്യൻ സംഘത്തിലുണ്ടായിരുന്നത്.

അടുത്ത ഒന്പതു വർഷത്തേക്കു കൂടി എൻഡോസൾഫാൻ പ്രശ്നങ്ങൾ ലോകശ്രദ്ധയിൽ കൊണ്ടുവരാതിരിക്കാൻ ഇന്ത്യക്കു കഴിഞ്ഞു. അടുത്തവർഷം കൺവൻഷൻ കൂടുന്പോൾ ഇതുസംബന്ധിച്ചു ഇന്ത്യൻ സർക്കാരിന് ഔദ്യോഗികമായി കത്തയയ്ക്കും. അതോടെ നടപടിയെടുക്കാൻ ഇന്ത്യ നിർബന്ധിതമാകും. അതുവരെ എൻഡോസൾഫാൻ കന്പനികൾക്കു സഹായകരമായ നിലപാട് കേന്ദ്രസർക്കാർ കൈക്കൊള്ളും.

മലയാള മനോരമ

12 November 2010

12/11/10 MO

എൻഡോസൾഫാൻ

കേന്ദ്രത്തിൽ ഭിന്നത രൂക്ഷം

ഹസനുൽബന്ന

ന്യൂഡൽഹി: മാരക കീടനാശിനിയായ എൻഡോസൾഫാൻ നിരോധിക്കുന്ന കാര്യത്തിൽ കേന്ദ്ര മന്ത്രിസഭയിൽ ഭിന്നത രൂക്ഷമായി. കേന്ദ്ര കൃഷിമന്ത്രിയുടെയും സംഘമന്ത്രിയുടെയും എൻഡോസൾഫാൻ അനുകൂല സമീപനത്തിനെതിരെ കേന്ദ്ര പരിസ്ഥിതി വനം മന്ത്രി ശക്തമായ നിലപാട് സ്വീകരിച്ചതോടെ കോൺഗ്രസിലെ അഭിപ്രായ വ്യത്യാസം ഗോദിയ തലത്തിലും മറനീക്കി പുറത്തുവന്നു.

എൻഡോസൾഫാനെക്കുറിച്ച് പഠിക്കാൻ കേന്ദ്ര സമിതിയെ നിയമിക്കുമെന്ന നിലപാടിൽ ഉറച്ചുനിന്ന കേന്ദ്ര പരിസ്ഥിതി വനം മന്ത്രി ജയറാംരമേശ് ഈ സമിതിയിൽ കേരളത്തിൻറ പ്രതിനിധിയെ ഉൾപ്പെടുത്തുമെന്ന് ഇടത് നേതാക്കൾക്ക് ഉറപ്പു നൽകി.

ഇതുവഴി, എൻഡോസൾഫാനെതിരെ കുടെ നിൽക്കുന്ന കേന്ദ്ര കൃഷി മന്ത്രി ശരദ് പവാറിനും സഹമന്ത്രി കെ.വി തോമസിനും ശക്തമായ സന്ദേശമാണ് ജയറാംരമേശ് നൽകിയിരിക്കുന്നത്. നിരോധം സംബന്ധിച്ചു പഠിക്കാൻ കേന്ദ്ര പരിസ്ഥിതി-വനം മന്ത്രാലയത്തിനു കീഴിൽ അഞ്ചംഗ സമിതിയെയാകും നിയോഗിക്കുകയെന്ന് ജയറാം രമേശ് പറഞ്ഞു. നേരത്തെ കൃഷി മന്ത്രാലയം നിയോഗിച്ച സമിതിക്കു പുറമെയായിരിക്കും ഇത്. രാജ്യമൊന്നടങ്കം എൻഡോസൾഫാൻ നിരോധിക്കണമോ എന്ന കാര്യം സമിതി റിപ്പോർട്ട് ലഭിച്ച ശേഷം തീരുമാനിക്കുമെന്ന് മന്ത്രി പറഞ്ഞു. ഈ മാസം ഇരുപതിന് തിരുവനന്തപുരത്ത് പോകുന്നുണ്ട്.

ഈയിടെയായി ബന്ധപ്പെട്ട മറ്റു കാര്യങ്ങൾ അതിരേ വ്യക്തമാക്കും. എൻഡോസൾഫാൻ വിഷയത്തിൽ പരിസ്ഥിതി മന്ത്രാലയത്തിൻറെ കാഴ്ചപ്പാട് വ്യത്യസ്തമാണെന്ന് ജയറാം രമേശ് നേരത്തെ പറഞ്ഞിരുന്നു. കേരളത്തിലെ കാസർകോട് ജില്ലയിലും കർണാടകയിലും നൂറോളം വിദ്യാർത്ഥികളെ കീടനാശിനിയുടെ ദുരിതഫലങ്ങളെക്കുറിച്ച് പഠിക്കാൻ അഞ്ചംഗ വിദഗ്ധ സമിതിയെ നിയോഗിക്കാൻ കേന്ദ്ര പരിസ്ഥിതി മന്ത്രാലയം ദിവസങ്ങൾക്ക് മുമ്പുതന്നെ തീരുമാനിച്ചിരുന്നു. റിപ്പോർട്ട് നൽകാൻ ഒരു മാസത്തെ സമയം സമിതിക്ക് നൽകാനും തീരുമാനിച്ചു.

ഈ തീരുമാനം പുറത്തുവന്നതിന് പിറകെയാണ് കീടനാശിനി ഉപയോഗം മൂലമുള്ള പ്രശ്നങ്ങൾ പഠിക്കാൻ കേന്ദ്ര കൃഷി മന്ത്രാലയം മറ്റൊരു പഠനസമിതിയെ നിയമിച്ച് മൂന്ന് മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കാൻ ആവശ്യപ്പെട്ടത്. എൻഡോസൾഫാൻ അനുകൂല നിലപാടെടുത്ത മുൻ കേന്ദ്ര കാർഷിക കമീഷണർ ഡോ. സി.ഡി മായിയെ ഈ പഠനസമിതിയുടെ തലവനായി നിയമിച്ചത് വിവാദമായിട്ടുണ്ട്.

എൻഡോസൾഫാനിൻറെ പാരിസ്ഥിതിക പ്രത്യാഘാതങ്ങളെക്കുറിച്ച് പഠിക്കാനുള്ള ചുമതല പരിസ്ഥിതി വനം മന്ത്രാലയത്തിനാണെന്നിരിക്കെ, ബദൽ സമിതിയെവെച്ച് എൻഡോസൾഫാൻ നിരോധം നടപ്പാക്കുന്നതിനുള്ള കൃഷി മന്ത്രാലയത്തിൻറെ ലക്ഷ്യം.

എൻഡോസൾഫാനെക്കുറിച്ച് ഇത് വരെ സമർപ്പിച്ച റിപ്പോർട്ടുകൾ പുനഃവലോകനം ചെയ്യാനുള്ള ഔദ്യത്യവും ഈ സമിതിക്ക് കൃഷി മന്ത്രാലയം നൽകിയിരുന്നു.

എന്നാൽ, അസമയത്ത് ദുരൂഹമായി സമിതിയെ നിയമിച്ച കൃഷി മന്ത്രിമാരുടെ നടപടിവ്യാപക വിമർശം ക്ഷണിച്ചു വരുത്തി. കേരള സർക്കാറിനും ഇടതു നേതാക്കൾക്കും പുറമെ കോൺഗ്രസ് നേതാവ് വി.എം സുധീരനും കൃഷിമന്ത്രാലയത്തിൻറെ നടപടിക്കെതിരെ രംഗത്തുവരുകയും പ്രധാനമന്ത്രിക്ക് കത്തയക്കുകയും ചെയ്തു.

ബി.ടി വഴുതനയുമായി ബന്ധപ്പെട്ട് ഇരു മന്ത്രാലയങ്ങളും തമ്മിൽ നേരത്തെയുണ്ടായ അഭിപ്രായഭിന്നതയെ ഓർമിപ്പിക്കുന്നതാണ് എൻഡോസൾഫാൻ വിവാദവും. ബി.ടി വഴുതന കാര്യത്തിൽ കൃഷി മന്ത്രാലയം വിദഗ്ധ കൃത്രിമനിലപാടിൽ നിന്നപ്പോൾ പരിസ്ഥിതി മന്ത്രാലയം ഇന്ത്യൻ കർഷക നിലപാടിനൊപ്പമായിരുന്നു.

ദുരിത ബാധിതരുടെ പ്രശ്നങ്ങൾ ഗൗരവതരമെന്ന് കോടതി

കൊച്ചി: എൻഡോസൾഫാൻ ദുരിത ബാധിതർ നേരിടുന്ന പ്രശ്നങ്ങൾ ഗൗരവമർഹിക്കുന്നതാണെന്ന് ഹൈകോടതി. എൻഡോസൾഫാൻ ഇരകളുടെ കണ്ണീരിന് നീതിയുക്തമായ നഷ്ടപരിഹാരം നൽകാൻ ശ്രദ്ധവെക്കണമെന്നാവശ്യപ്പെട്ട് ഇന്ത്യൻ ലോയേഴ്സ് കൺസർഫ്രൻസ് പ്രസിഡൻറ് അഡ്വ.ടി.ആസഫലി സമർപ്പിച്ച ഹരജി പരിഗണിക്കുമ്പോഴായിരുന്നു ഡിവിഷൻ ബെഞ്ചിൻറെ വാക്കാലുള്ള നിരീക്ഷണം.

ഹരജിയിൽ കേന്ദ്ര സർക്കാറിനോട് വിശദീകരണം തേടാൻ ചീഫ് ജസ്റ്റിസ് കെ.ജി ബാലകൃഷ്ണൻ, ജസ്റ്റിസ് പി.ആർ.രാമചന്ദ്ര മേനോൻ എന്നിവരുൾപ്പെട്ട ഡിവിഷൻ ബെഞ്ച് നിർദേശിച്ചു. എൻഡോസൾഫാൻ നിർമാതാക്കളെ ഹരജിയിൽ എതിർകക്ഷികളാക്കാനും കോടതി ആവശ്യപ്പെട്ടു. കേരളത്തിൽ നിരോധം നിലനിൽക്കുമ്പോൾ കർഷകർക്ക് എങ്ങനെ ഇവ ലഭ്യമാകുന്നുവെന്ന് കോടതി ആരാഞ്ഞു. സർക്കാറിൻറെ കീഴിലുള്ള പ്ലാൻറേഷൻ കോർപറേഷൻ തോട്ടങ്ങളിൽ നിരോധനമുള്ളപ്പോൾ എൻഡോസൾഫാൻ ഉപയോഗിക്കുന്നുണ്ടോ എന്നും കോടതി ആരാഞ്ഞു. ഹരജിയിൽ അടുത്തയാഴ്ച വാദം കേൾക്കും.

മംഗളം

13 November 2010

കേരളം നിരോധിച്ചിട്ടെന്തു കാര്യം?

മലയാളികൾ കഴിക്കുന്നത് അതിർത്തി കടന്നെത്തുന്ന എൻഡോസൾഫാൻ പച്ചക്കറി

മലയാള മനോരമ

13 November 2010

എൻഡോസൾഫാൻ നിരോധിക്കണമെന്ന് ഐഎംഎ

സുധീരനോട് യോജിപ്പെന്ന് കൊടിക്കുന്നിൽ

സ്വന്തം ലേഖകൻ

കൊച്ചി: എൻഡോസൾഫാൻ നിരോധിക്കണമെന്ന് ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ (ഐഎംഎ) കേരളഘടകം.

ഇതുസംബന്ധിച്ച് വർഷങ്ങൾക്കുമുൻപുതന്നെ ഡോ.പി.വി.രാമചന്ദ്രന്റെ നേതൃത്വത്തിൽ പഠനം നടത്തി എൻഡോസൾഫാൻ ഉൾപ്പെടെയുള്ള കീടനാശിനികൾ നിരോധിക്കണമെന്നു സംഘടന ആവശ്യപ്പെട്ടതാണെന്ന് ഐഎംഎ സംസ്ഥാന പ്രസിഡന്റ് ഡോ.കിരൺ വാസുദേവനും സംസ്ഥാന സെക്രട്ടറി ഡോ.ജെ.രാജഗോപാലൻ നായരും അറിയിച്ചു.

പെപ്സിയുമായും ഡാബറുമായും ദേശീയതലത്തിൽ ഐഎംഎ കരാറൊപ്പിട്ടതിനോടു സംസ്ഥാനഘടകം വിയോജിപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, ഇതിന്റെ പേരിൽ ഇന്ത്യൻ മെഡിക്കൽ കൗൺസിലിൽ ഐഎംഎയ്ക്കിൽ കുമ്പിടിക്കെതിരെ നടപടിയെടുത്താൽ സംസ്ഥാനത്തുനിന്നുള്ള 13 സമിതി അംഗങ്ങൾ കൊച്ചും ഐഎംഎ കേരളഘടകം നിലയുറപ്പിക്കുമെന്നും അവർ വ്യക്തമാക്കി.

വ്യാജ ഡോക്ടർമാർക്കെതിരെ സർക്കാർ നടപടിയെടുക്കുക, പാരാമെഡിക്കൽ പരീക്ഷ ജയിച്ചവർ ഡോക്ടർ എന്ന ബോർഡ് വയ്ക്കുന്നതു വിലക്കുക തുടങ്ങിയ ആവശ്യങ്ങളും ഐഎംഎ ഉന്നയിച്ചു. എംബിബിഎസ് കഴിഞ്ഞവർ ആയുർവേദക്കാരെ പഠിപ്പിക്കുന്നതുപോലുള്ള മിക്സോപ്പതി ഐഎംഎ അംഗീകരിക്കില്ലെന്നും അടിസ്ഥാന സൗകര്യങ്ങളില്ലാത്തതിനാലാണു ഗ്രാമീണമേഖലയിൽ ഡോക്ടർമാർ കിട്ടാത്തതെന്നു നിയുക്ത പ്രസിഡന്റ് ഡോ.ജി.വിജയകുമാർ അഭിപ്രായപ്പെട്ടു.

തിരുവനന്തപുരം: എൻഡോസൾഫാൻപ്രശ്നത്തിൽ വി.എം.സുധീരന്റെ നിലപാടിനോടാണു കേരളത്തിൽ നിന്നുള്ള യുഡിഎഫ് എംപിമാർക്കു യോജിപ്പെന്ന് എഐസിസി സെക്രട്ടറി കൊടിക്കുന്നിൽ സുരേഷ് എംപി. മന്ത്രി കെ.വി. തോമസ് നടത്തിയ പ്രസ്താവനയോടുള്ള വിയോജിപ്പ് അദ്ദേഹത്തെ അറിയിച്ചിട്ടുണ്ട്. എൻഡോസൾഫാൻ നിരോധിക്കണമെന്നാവശ്യപ്പെട്ട് എംപിമാർ പ്രധാനമന്ത്രിക്കു നിവേദനം നൽകും. പ്ലാന്റേഷൻകോർപറേഷന്റെ തോട്ടങ്ങളിൽ എൻഡോസൾഫാൻ ഉപയോഗിക്കാൻ തുടങ്ങിയതു സിപിഐ കൃഷി വകുപ്പു കൈകാര്യം ചെയ്യുമ്പോഴാണ്. അതുകൊണ്ടാണ് അവർ ഇക്കാര്യത്തിൽ മൗനംപാലിക്കുന്നത്.

അട്ടപ്പാടിയിൽ ആദിവാസി ഭൂമികയ്യേറാൻ സൂസ്‌ലോൺ കമ്പനിക്കു മൗനാനുവാദം നൽകിയ സിപിഎം, വയനാട്ടിൽ ആദിവാസികൾക്കു വേണ്ടി ഭൂമി കയ്യേറുന്നതു വിരോധാഭാസമാണ്. ആദിവാസികൾക്കു ഭൂമി വിതരണം ചെയ്യുന്നതിൽ പരാജയപ്പെട്ട എൽഡിഎഫ് സർക്കാരിന് ആദിവാസികളുടെ കൈവശമുള്ള ഭൂമിക്കു പോലും സംരക്ഷണം നൽകാൻ കഴിയുന്നില്ല. റവന്യു, പട്ടികവർഗ വകുപ്പു മന്ത്രിമാർ അവരുടെ ഉത്തരവാദിത്തം നിർവഹിക്കുന്നതിൽ പരാജയപ്പെട്ടു. എയർ ഇന്ത്യ കേരളത്തോടു കാണിക്കുന്ന അവഗണനയ്ക്കെതിരെ യുഡിഎഫ് എംപിമാർ കർശന നിലപാടു സ്വീകരിക്കുമെന്നു കൊടിക്കുന്നിൽ പറഞ്ഞു.

14 November 2010

എൻഡോസൾഫാൻ: ആശങ്ക ദൂരീകരിക്കാൻ കെ.വി.തോമസിനോട് ആവശ്യപ്പെട്ടു

കൊച്ചി: എൻഡോസൾഫാൻ വിഷയത്തിൽ പ്രസ്താവനയിലൂടെ ജനങ്ങളിലുണ്ടാക്കിയ ആശങ്ക ദൂരീകരിക്കാൻ കേന്ദ്രമന്ത്രി കെ.വി. തോമസിനോട് കെപിസിസി ആവശ്യപ്പെട്ടിട്ടുണ്ടെന്ന് എം.എം. ഹസൻ.

കൊച്ചിയിൽ മാധ്യമങ്ങളോടു സംസാരിക്കുകയായിരുന്നു അദ്ദേഹം. എൻഡോസൾഫാൻ വിഷയത്തിൽ കേന്ദ്രസർക്കാരിന്റെ നിലപാടാണു കെ.വി. തോമസ് വ്യക്തമാക്കിയത്.

ഈ വിഷയത്തിൽ കേരളത്തിന് ആശങ്കയുണ്ട്. അതുകൊണ്ടാണ് ഈ വിഷയം വി.എം. സുധീരൻ ഉന്നയിച്ചപ്പോൾ കെപിസിസി ചർച്ചയ്ക്കെടുത്തത്. കേന്ദ്രത്തെ കേരളത്തിന്റെ ആശങ്ക അറിയിക്കാനും കെ.വി. തോമസിനോട് ആവശ്യപ്പെട്ടിട്ടുണ്ടെന്ന് അദ്ദേഹം പറഞ്ഞു.

എൻഡോസൾഫാൻ പൂർണമായി നിരോധിക്കണം: ലീഗ്

സ്വന്തം ലേഖകൻ

കോഴിക്കോട്: ഏറെ ദുരിതം വിതച്ച എൻഡോസൾഫാൻ കീടനാശിനി പൂർണമായി നിരോധിക്കണമെന്നു മുസ്‌ലിം ലീഗ് കേന്ദ്ര സംസ്ഥാന സർക്കാരുകളോട് ആവശ്യപ്പെട്ടു. എൻഡോസൾഫാന്റെ ഉപയോഗം മൂലം സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലും ജനം ദുരിതമനുഭവിക്കുകയാണ് ഇടുക്കി, പാലക്കാട്, കാസർകോട് ജില്ലകളിൽ ഇതിന്റെ പ്രശ്നങ്ങൾ വ്യാപകമാണ്. ഇക്കാര്യത്തിൽ ഇനിയും കൂടുതൽ പഠനങ്ങളുടെ ആവശ്യമില്ലെന്നും പാർട്ടി സംസ്ഥാന പ്രവർത്തക സമിതി അഭിപ്രായപ്പെട്ടു.

പാർട്ടിയിൽ ഓരാൾക്ക് ഒരു പദവി എന്ന നയം നടപ്പാക്കാനും തീരുമാനിച്ചു. തദ്ദേശ തിരഞ്ഞെടുപ്പിൽ സ്ഥാനങ്ങളിലേക്കു തിരഞ്ഞെടുക്കപ്പെടുവർ പാർട്ടിയിലെ സ്ഥാനങ്ങൾ വഹിക്കുന്നവരാണെങ്കിൽ ജനുവരി ഒന്നിനകം ഏതെങ്കിലുമൊന്നു രാജിവയ്ക്കണം. അടുത്ത നിയമസഭാതിരഞ്ഞെടുപ്പിൽ എംഎൽഎമാർ ആകുന്നവർക്കും ഈ നിയമം ബാധകമായിരിക്കും. നിലവിൽ എംപിമാരായവർക്കു തൽക്കാലം ഇതു ബാധകമാക്കേണ്ടതില്ല എന്നും തീരുമാനിച്ചു.

തദ്ദേശതിരഞ്ഞെടുപ്പിൽഉണ്ടായ ദയനീയ പരാജയം മൂലം സിപിഎം അക്രമം അഴിച്ചുവിടുകയാണ്. നാദാപുരത്തും മഞ്ചേരിയിലും സിപിഎം അക്രമം നടത്തിയശേഷം രാഷ്ട്രീയ മുതലെടുപ്പിനു ശ്രമിക്കുകയായിരുന്നു. സ്വന്തം പാർട്ടിയിലെ വിഭാഗീയത മറച്ചുവയ്ക്കാൻ മുസ്‌ലിം ലീഗിനെയും യുഡിഎഫിനെയും കൂട്ടുപിടിക്കുകയാണ്.

സംസ്ഥാന പ്രസിഡന്റ് ഹൈദരലി ശിഹാബ് തങ്ങൾ അധ്യക്ഷത വഹിച്ചു.

അഖിലേന്ത്യ പ്രസിഡന്റ് ഇ.അഹമ്മദ് ഉദ്ഘാടനം ചെയ്തു. പി.കെ.കുഞ്ഞാലിക്കുട്ടി, എം.പി.അബ്ദുസമദ് സമദാനി, ഇ.ടി.മുഹമ്മദ് ബഷീർ എംപി, ടി.എ.അഹമ്മദ് കബീർ, കെ.എൻ.എ.ഖാദർ, കെ.പി.എ മജീദ്, ടി.പി.എം.സാഹിർ, ഹമീദ് വാണിമേൽ എന്നിവർ പ്രസംഗിച്ചു.

എൻഡോസൾഫാൻ: 24നു ബദിയടുക്കയിൽ യൂത്ത് ലീഗ് പ്രതിരോധം

കോഴിക്കോട്: എൻഡോസൾഫാൻ പൂർണമായും നിരോധിക്കുക, മാരകമായ കീടനാശിനി ഉപയോഗം മൂലം ദുരിതമനുഭവിക്കുന്നവർക്കു നഷ്ടപരിഹാരം ഉടൻ നൽകുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ച് 24നു രണ്ടു മണിക്ക് മുസ്‌ലിം യൂത്ത് ലീഗിന്റെ നേതൃത്വത്തിൽ കാസർകോട് ജില്ലയിലെ ബദിയടുക്കയിൽ യുവജന പ്രതിരോധം തീർക്കും.

എൻഡോസൾഫാൻ പോരാട്ട രംഗത്തെ നായകർ പ്രതിരോധത്തിൽ പങ്കാളികളാകും. എൻഡോസൾഫാൻ ഉപയോഗത്തിനു സാധുതയും അംഗീകാരവും നേടിയെടുക്കാൻ ചില കേന്ദ്രങ്ങൾ നടത്തുന്ന ശ്രമം പൊതുസമൂഹത്തോടുള്ള വെല്ലുവിളിയാണെന്നും അത്തരക്കാരെ ഒറ്റപ്പെടുത്തണമെന്നും സംസ്ഥാന പ്രസിഡന്റ് കെ.എം. ഷാജി, ജന. സെക്രട്ടറി എൻ. ഷംസുദ്ദീൻ എന്നിവർ ആവശ്യപ്പെട്ടു.

മലയാള മനോരമ

16 November 2010

എൻഡോസൾഫാൻ സമിതി ഒന്നുമതി; മായി വേണ്ട: കെപിസിസി

മലയാള മനോരമ 2010 നവംബർ 16 വെള്ളി

ന്യൂഡൽഹി: എൻഡോസൾഫാൻ ഉപയോഗത്തിന്റെ ദോഷങ്ങൾ പഠിക്കുന്നതിന് ഒരു വിദഗ്ധസമിതിയെ മാത്രം നിയോഗിക്കാനും കൃഷിമന്ത്രാലയം നിയോഗിച്ച സമിതിയുടെ അധ്യക്ഷൻ സി.വി. മായിക്കു പകരം മറ്റൊരാളെ നിയോഗിക്കാനും കെപിസിസി കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടു. ഈ ആവശ്യമുന്നയിച്ചു പ്രധാനമന്ത്രിയെയുംബന്ധപ്പെട്ട മന്ത്രിമാരെയും സമീപിക്കുമെന്നു പ്രസിഡന്റ് രമേശ് ചെന്നിത്തല അറിയിച്ചു. എൻഡോസൾഫാൻ നിരോധിക്കണമെന്നതിൽ കേരളത്തിന് ഏകാഭിപ്രായമാണ്.

ജനങ്ങളുടെ ദുരിതം നേരിൽ കാണുകയും കൊണ്ടാണു 2004 ഡിസംബർ എട്ടിനു താൻ മുഖ്യമന്ത്രിയായിരുന്നപ്പോൾ എൻഡോസൾഫാൻ നിരോധിച്ചതെന്നു പ്രതിപക്ഷ നേതാവ് ഉമ്മൻ ചാണ്ടി പറഞ്ഞു. ഇപ്പോഴും നൂറുകണക്കിനു മനുഷ്യർ നരകയാതന അനുഭവിക്കുന്നു.

നിരോധനം കാര്യക്ഷമമായി നടപ്പാക്കാത്തതു സംസ്ഥാന സർക്കാരിന്റെ കുറ്റമാണ്. കേന്ദ്രമന്ത്രി കെ.വി. തോമസിന്റെ പ്രസ്താവനയുടെ പേരിൽ ഇടതുപക്ഷം വിവാദമുണ്ടാക്കാൻ ശ്രമിക്കുന്നതു സ്വന്തം കഴിവുകേടു മറച്ചുവയ്ക്കാനാണെന്ന് ഉമ്മൻ ചാണ്ടി പറഞ്ഞു. പരിസ്ഥിതിമന്ത്രി ജയറാം രമേശുമായും ഉമ്മൻ ചാണ്ടി കൂടിക്കാഴ്ച നടത്തി. പരിസ്ഥിതി മന്ത്രാലയത്തിനു കീഴിലുള്ള സമിതിയാവും അധികാരമെന്ന നിർദേശവും കൈമാറിയിട്ടുണ്ട്.

ഇതേസമയം, എൻഡോസൾഫാൻ നിരോധിക്കുന്നതിനു മറ്റു സംസ്ഥാനങ്ങൾ എതിരുനിൽക്കുന്നതാണു ദേശീയതലത്തിൽ നിരോധനം ഏർപ്പെടുത്തുന്നതിനുള്ള മുഖ്യ തടസ്സം. എൻഡോസൾഫാൻ പ്രയോഗം മറ്റു സംസ്ഥാനങ്ങളിൽ ഗുരുതര ആരോഗ്യപ്രശ്നങ്ങളുണ്ടാക്കിയിട്ടില്ല. വിലക്കുവന്ന ശേഷം കീടനാശിനികൾ ലഭ്യമല്ല.

ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിന്റെ ഔദ്യോഗിക നിലപാടാണു കേരളത്തിൽ നടന്ന രാജ്യാന്തര സമ്മേളനത്തിൽ കൃഷി സഹമന്ത്രി കെ.വി. തോമസ് പങ്കുവച്ചതെന്നു കെപിസിസി ആരോപിച്ചു.

യുഎസ് കമ്പനി ഉൽപാദിപ്പിക്കുന്ന കീടനാശിനിയാണു വിലക്കിയതിൽ എൻഡോസൾഫാനു പകരമുള്ളത്. വിലക്കുന്നതിൽ കാരണം എൻഡോസൾഫാൻ നിരോധിച്ച് ഇതു ശുപാർശ ചെയ്യാൻ സർക്കാരിനു ബുദ്ധിമുട്ടുണ്ട്. എൻഡോസൾഫാൻ നിരോധനത്തിനു പിന്നിലുണ്ടായിരുന്നുവെന്ന സൂചനകൾ പ്രശ്നം കൂടുതൽ സങ്കീർണമാക്കുന്നു.

എൻഡോസൾഫാൻ നിരോധനം തുടരുമെന്ന് ഇൻഡസ്ട്രിയൽ റിലേഷൻസ് ബോർഡ് യോഗം

കോഴിക്കോട്: സംസ്ഥാനത്ത് അങ്ങിങ്ങു നിലനിൽക്കുന്ന തൊഴുത്തിൽ സമരമായ പൂർണമായും അവസാനിപ്പിക്കാനും കാസർകോട്ടെ എൻഡോസൾഫാൻ നിരോധനം തുടരാനും മന്ത്രി പി.കെ. ഗുരുദാസന്റെ അധ്യക്ഷതയിൽ ചേർന്ന ഇൻഡസ്ട്രിയൽ റിലേഷൻസ് ബോർഡ് യോഗം ആവശ്യപ്പെട്ടു. ഐടി, സ്വകാര്യ ബാങ്കിങ് മേഖലകളിലെ തൊഴിൽസുരക്ഷിതത്വമില്ലായ്മയിലും നിയന്ത്രണങ്ങളിലും യോഗം ഉൽകണ്ഠ രേഖപ്പെടുത്തിയതായും മന്ത്രി ഗുരുദാസൻ അറിയിച്ചു.

ചെല്ലാത്ത ജോലിക്കു നോക്കുകൂലി വാങ്ങുന്നത് ഒരുതരത്തിലും അനുവദിക്കില്ലെന്നുറപ്പുവരുത്താനാണ് ബോർഡെന്നു മന്ത്രി പറഞ്ഞു.

കൊച്ചിൻ പോർട്ട് ട്രസ്റ്റിൽ നിലവിലുള്ളതും വല്ലാർപാടത്തു വരാനിരിക്കുന്നതുമായ പിഎ തൊഴിൽപ്രശ്നങ്ങൾ സംബന്ധിച്ചു ചർച്ച തുടങ്ങി. അന്യസംസ്ഥാന തൊഴിലാളികൾക്കു താമസം, പി കിൽസ എന്നിവ ഉൾപ്പെടുത്തിയുള്ള രൂപരേഖയ്ക്കു 10 കോടി രൂപ അനുവദിച്ചു. പ്ലാന്റേഷൻ മേഖലയിലെ തൊഴിലാളികളുടെ അടിസ്ഥാനസൗകര്യം ഉറപ്പുവരുത്തുന്നതിനും നടപടിയെടുക്കും.

തൊഴിൽമേഖലയിൽ സർക്കാരിന്റെ അടുത്ത വർഷത്തെ പ്രവർത്തനങ്ങളും ഭാവിപരിപാടികളും ഉൾപ്പെടുത്തി സ്റ്റാറ്റിസ്റ്റിക്സ് റിപ്പോർട്ട് തയാറാക്കും.

പൊതുമേഖലാ സ്ഥാപന മാനേജ്മെന്റിൽ തൊഴിലാളി പ്രാതിനിധ്യം യഥാർഥ്യമാക്കാൻ യോഗം ശുപാർശ ചെയ്തു. പ്രവർത്തനക്ഷമമല്ലാത്ത ട്രേഡ് യൂണിയനുകളുടെ സ്ഥിതിവിവരക്കണക്കു ശേഖരിച്ച് ട്രേഡ് യൂണിയൻ ബാഹുല്യം തടയാനും നടപടിയെടുക്കും.

ട്രേഡ് യൂണിയനുകളെ പ്രതിനിധീകരിച്ച് എ.എ. അസീസ് എ. എൻ.എ. എം.എ. മോനസ്, അഹമ്മദ്കുട്ടി ഉണ്ണികുളം, പി.ടി. ജോയ്, ആർ. ചന്ദ്രശേഖരൻ, പി. നന്ദകുമാർ തുടങ്ങിയവരും ലേബർ കമ്മിഷണർ സി. രവീന്ദ്രൻ, ജോയിന്റ് ലേബർ കമ്മിഷണർ ടോണി വിൻസന്റ്, ജില്ലാ ലേബർ ഓഫിസർ ഇ.സി. കുസുമൻ എന്നിവരും തൊഴിലുടമാപ്രതിനിധികളും പങ്കെടുത്തു.

മംഗളം

16 November 2010

കാസർഗോട്ടെ ദുരന്തഭൂമിയിൽനിന്നു ലീലാകുമാരിയമ്മയുടെ വിലാപം

" ദുരന്തത്തിന്റെ വ്യാപാരികൾക്ക് ജീവന്റെ വിലയറിയില്ല"



■ ലീലാകുമാരിയമ്മ.

■ പി. ജഗന്നിവാസൻ

കാഞ്ഞങ്ങാട്

ദുരന്തത്തിന്റെ വ്യാപാരികൾ കാസർഗോട്ടെ മണ്ണിൽ വിഷമഴ പെയ്യിച്ച എൻഡോസൾഫാനെ വെള്ളപൂശാൻ ശ്രമിക്കുന്നവരെക്കുറിച്ച് ലീലാകുമാരിയമ്മയ്ക്ക് ഒന്നേ പറയാനുള്ളൂ. ''അവർക്കൊന്നും ഇനിയും ജീവന്റെ വിലയറിയില്ല...''

ഒരു നിയോഗം പോലെ എത്തിപ്പെട്ട കാസർഗോഡൻ മണ്ണിൽ എൻഡോസൾഫാൻ എന്ന ഭീകരനെ നിയമയുദ്ധത്തിലൂടെ ഒറ്റയ്ക്ക് എതിരിട്ടു വിജയിച്ച ലീലാകുമാരിയമ്മയെ കാസർഗോട്ടുകാർ സ്നേഹിക്കുന്നതു സ്വന്തം അമ്മയെപ്പോലെയാണ്. കൃഷി വകുപ്പിലെ അസിസ്റ്റന്റായി ജോലി ചെയ്തിരുന്ന അവർക്ക് ഈ കീടനാശിനിയുടെ ഭീകരത നേരിട്ടറിയാൻ സാധിച്ചു. രണ്ടു വ്യാഴവട്ടക്കാലമാണ് അവിടെ വിഷമഴ പെയ്തത്. 24 വർഷം ഇവിടെ മഴ പെയ്യുംപോലെ വിഷം വീഴുമായിരുന്നു. ഒരു തുമ്പി പോലും പറക്കാത്ത കാലം.

മേലുദ്യോഗസ്ഥൻമാർ കീടനാശിനി കമ്പനിയുടെ വിഹിതം പറ്റുമ്പോൾ ഒരു വലിയ പ്രദേശത്തിന്റെ നൊമ്പരം ഒറ്റയ്ക്കു പേറാനായിരുന്നു ലീലാകുമാരിയമ്മയുടെ തീരുമാനം. 1993-ൽ പെരിയിൽ വീടു വച്ചപ്പോൾ സഹായത്തിനായി ഗോവയിൽനിന്നു വിളിച്ചു വരുത്തിയ സഹോദരൻ രാമകൃഷ്ണന്റെ ജീവനും എൻഡോസൾഫാൻ കവർന്നു.

നിരവധി ഭീഷണികളും ഉൗരുവിലക്കുകളുമുണ്ടായി. പക്ഷേ, 1998-ൽ എൻഡോസൾഫാൻ തളിക്കുന്നതിനെതിരേ നൽകിയ കേസിൽനിന്ന് അവർ പിന്നോട്ടുപോയില്ല. 2000 ഒക്ടോബറിലാണ് കേസിൽ അനുകൂല വിധി വന്നത്. തൊട്ടുപിന്നാലെ ഒരു ഗുജറാത്തി ചാക്കുലോറി ഇടിച്ച് അവർ ആശുപത്രിയിലുമായി.

ദുരൂഹമായ അപകടത്തിൽ ഗുരുതരമായ പരുക്കുകൾ പറ്റി. അബോധാവസ്ഥയിൽ മാസങ്ങളോളും ആശുപത്രിയിൽ കിടന്നു. കാൽമുട്ടിലെ ചിരട്ട പൊട്ടിയതു കാരണം ഇപ്പോഴും നന്നായി നടക്കാനാകില്ല. ചികിത്സയ്ക്കായി ലക്ഷങ്ങൾ ചെലവഴിച്ചതോടെ കടബാധ്യതയും പെരുകി. എൻഡോസൾഫാനെ ഭയന്നു സ്വന്തം മകളെ ഹോസ്റ്റലിൽ നിർത്തിയാണു പഠിപ്പിച്ചത്. എൻഡോസൾഫാനെതിരേ കേസ് നടത്തി ജയിച്ചതിന് 2000 ഒക്ടോബർ 18 ന് ലോകത്തു സമാധാനത്തിനു വേണ്ടി പ്രവർത്തിച്ച ആയിരം സ്ത്രീകളിൽ ഒരാളായി ലീലാകുമാരിയമ്മയെ തെരഞ്ഞെടുത്തു. ആ അംഗീകാരത്തേക്കാൾ വലുതായി അവർ കണക്കാക്കുന്നത് ഇവിടുത്തെ ജനങ്ങളുടെ സ്നേഹമാണ്.

മംഗളം

16 November 2010

എൻഡോസൾഫാൻ പ്രചാരണ സാമഗ്രി വിതരണം ചെയ്തത് കെൽട്രോൺ

കൃഷി ഓഫീസറെ ബലിയാടാക്കി

ആലപ്പുഴ: കൃഷിവേൻ മുഖേന എൻഡോസൾഫാനു പ്രചരണം. നൽകിയ സംഭവത്തിൽ കൃഷി ഓഫീസറെ മാത്രം സസ്പെൻഡ് ചെയ്തത് ഉന്നതരെ രക്ഷിക്കാൻ.

രാമങ്കരി കൃഷിവേൻ കേന്ദ്രീകരിച്ചു പ്രവർത്തിക്കുന്ന കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ ചുമതലയിലാണ് ഈ പ്രചാരണ സാമഗ്രികളുള്ളതെന്നിരിക്കെ കൃഷി ഓഫീസർക്കെതിരേ മാത്രം നടപടിയെടുത്ത് ഉന്നതരെ രക്ഷിക്കുകയായിരുന്നെന്നാണ് ആരോപണം. സംഭവം സംബന്ധിച്ച വാർത്ത പുറത്തുവരും വരെ എല്ലാ കൃഷി വേനുകളിലേയും ബോർഡുകളിൽ ഇതു പ്രദർശിപ്പിച്ചിരുന്നു. സംഭവം വിവാദമായതോടെ ഉദ്യോഗസ്ഥർ ഇതുമാറ്റി.

2002-ൽ കെൽട്രോൺ മുഖേന പ്രചാരണസാമഗ്രികൾ വിതരണം ചെയ്തത് കൃഷിവകുപ്പു ഡയറക്ടറുടെ അനുമതിയോടെയായിരുന്നു. എൻഡോസൾഫാനെച്ചൊല്ലി ഇത്രയേറെ വിവാദമുണ്ടായിട്ടും ഇതു പിൻവലിക്കാൻ നടപടി സ്വീകരിച്ചിരുന്നില്ല.

ഉന്നതർക്കും ഇതിൽ ബന്ധമുണ്ടെന്നിരിക്കെ രാമങ്കരി കൃഷി ഓഫീസർ ഫാസ്ഥീനയെ മാത്രം ബലിയാടാക്കി മുഖംരക്ഷിക്കാനുള്ള നീക്കമാണ് കൃഷിവകുപ്പു ഡയറക്ടർ നടത്തിയതെന്നു വ്യക്തമായി. കൃഷിവേൻ മുഖേന പ്രചരിപ്പിക്കുന്നതിനു പുറമെ കർഷകർക്കു നിർദേശം നൽകാൻ കൃഷിവകുപ്പുദ്യോഗസ്ഥർക്കുവേണ്ടിയിറക്കുന്ന ഫാം ഗൈഡിലും എൻഡോസൾഫാനെ മികച്ച കീടനാശിനിയായാണു വിശേഷിപ്പിച്ചിരിക്കുന്നത്.

ഫാം ഇൻഫർമേഷൻ ബ്യൂറോ ഈ വർഷം പുറത്തിറക്കിയ ഗൈഡിലാണ് നെല്ലിനും തെങ്ങിനും എൻഡോസൾഫാൻ മികച്ചതാണെന്നു വിവരിക്കുന്നത്.

കേരളത്തിൽ എൻഡോസൾഫാന് നിയന്ത്രണമുണ്ടായിട്ടും ഗൈഡിൽ നിരോധിക്കപ്പെട്ടതും നിയന്ത്രിക്കപ്പെട്ടതുമായ കീടനാശിനികളുടെ പട്ടികയിൽ എൻഡോസൾഫാൻ ഇല്ലെന്നതും ശ്രദ്ധേയമാണ്.

16/11/2010 mangalam

എൻഡോസൾഫാൻ വിരുദ്ധ കാമ്പയിനുമായി എ.ഐ.എസ്.എഫ്

തിരുവനന്തപുരം: എൻഡോസൾഫാൻ നിരോധിക്കണമെന്ന് ആവശ്യപ്പെട്ട് 1ന് കാമ്പസുകളിൽ എൻഡോസൾഫാൻ വിരുദ്ധ കാമ്പയിൻ സംഘടിപ്പിക്കുമെന്ന് എ.ഐ.എസ്.എഫ് സംസ്ഥാന സെക്രട്ടറിയേറ്റ് അറിയിച്ചു. ഇതിന്റെ ഭാഗമായി വിവിധ പരിപാടികൾ സംഘടിപ്പിക്കും. കാസർഗോഡ് ജില്ല കേന്ദ്രീകരിച്ച് വിപുലമായ പ്രതിഷേധത്തിന് എ.ഐ.എസ്.എഫ് നേതൃത്വം നൽകും.

എൻഡോസൾഫാൻ നിരോധിക്കുക, ദുരന്തബാധിതർക്ക് സഹായം ലഭ്യമാക്കുക എന്നീ മുദ്രാവാക്യങ്ങളുയർത്തി കേന്ദ്ര മന്ത്രി ജയറാം രമേശിന് ഒരുലക്ഷം കത്തുകളയക്കും. എൻഡോസൾഫാൻ അനുകൂലമായി പ്രസ്താവനയിറക്കിയ കേന്ദ്രസഹമന്ത്രി കെ.വി.തോമസിന്റെ പ്രസ്താവന ജനങ്ങളോടുള്ള വെല്ലുവിളിയാണെന്ന് സംസ്ഥാന പ്രസിഡന്റ് ജി.പ്രദീപ് കുമാറും സെക്രട്ടറി ടി.ടി.ജിസ്മോനും അറിയിച്ചു.

എൻഡോസൾഫാൻ നിരോധിക്കണം: എസ്.ആർ.പി

തിരുവനന്തപുരം: എൻഡോസൾഫാന്റെ ഉപയോഗം കേരളത്തിലും മറ്റു സംസ്ഥാനങ്ങളിലും പൂർണമായി നിരോധിക്കണമെന്നാവശ്യപ്പെട്ട് സോഷ്യലിസ്റ്റ് റിപ്പബ്ലിക്കൻ പാർട്ടി സംസ്ഥാന പ്രസിഡന്റ് അഡ്വ. എ.എൻ. രാജൻബാബു പ്രധാനമന്ത്രിക്ക് ഫാക്സ് സന്ദേശം അയച്ചു. എൻഡോസൾഫാൻ കീടനാശിനി കാരണം മരിച്ചവരുടെ ആശ്രിതർക്ക് അടുത്തുതന്നെ ധനസഹായം അനുവദിക്കണമെന്നും ദുരിതബാധിതർക്ക് സൗജന്യചികിത്സയും വീടും ഉൾപ്പെടെയുള്ള പുനരധിവാസവും ഏർപ്പെടുത്തണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

24 November 2010

എൻഡോസൾഫാൻ: പ്രധാന കുറ്റവാളികൾ നടപടിക്കു പുറത്ത്

■ കീടനാശിനി ഉയർന്ന അളവിൽ ഹെലികോപ്ടർ ഉപയോഗിച്ചു തളിക്കുകയായിരുന്നു

■ ജോസഫാൻ പെരുമ്പള്ളി
കാസർഗോഡ്

ജില്ലയിലെ 12 ഗ്രാമങ്ങളിൽ ദുരിതം വിതച്ചു നലുറോളം നിത്യരോഗികളുടെയിതിന്റെ പ്രധാന ഉത്തരവാദികൾ ഇപ്പോഴും സർക്കാരിന്റെ നടപടികൾക്കു പുറത്ത്. എൻഡോസൾഫാൻ കീടനാശിനി പ്രയോഗിക്കുമ്പോൾ എടുക്കേണ്ട മുൻകരുതലുകൾ സർക്കാർ ഉടമസ്ഥതയിലുള്ള പ്ലാന്റേഷൻ കോർപറേഷൻ ഓഫ് കേരള (പി.സി.കെ) പാലിക്കാത്തതാണു പ്ലാന്റേഷൻ പ്രദേശങ്ങളിൽ ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാക്കിയതെന്നു വിദഗ്ധർ പുണ്ടിക്കാട്ടുന്നു. ഇതിന്റെ ഉത്തരവാദിത്തത്തിൽനിന്നു പി.സി.കെയെ കുറ്റവിമുക്തമാക്കുവാനുള്ള ശ്രമങ്ങളാണു കേന്ദ്ര- സംസ്ഥാന സർക്കാരുകൾ നടത്തുന്നത്.

ചെമ്പരു കുന്പിക്കാനായി പി.സി.കെ. കീടനാശിനി ഉയർന്ന അളവിൽ ഹെലികോപ്ടർ ഉപയോഗിച്ചു തളിക്കുകയായിരുന്നു. രണ്ടു തളിക്കുമ്പോൾ പാലിക്കേണ്ട നിബന്ധനകൾ പി.സി.കെ. പാലിച്ചിട്ടില്ലെന്നു കൃഷി വകുപ്പ് ജീവനക്കാരി ലീലാ കുമാരി കോടതിയിൽ നൽകിയ സത്യവാങ്മൂലത്തിൽ സമ്മതിച്ചിരുന്നു. മനുഷ്യനു തളിക്കെതിരേ ആദ്യമായി കോടതിയെ സമീപിച്ചതു ലീലാ കുമാരിയായിരുന്നു. ജോപാൽ മോഡലിലുള്ള നഷ്ടപരിഹാരം ദുരിതബാധിതർക്കു നൽകാൻ മുന്നിലും രാഷ്ട്രീയക്കാരും ആവശ്യപ്പെടുന്നുണ്ടെങ്കിലും അതിൽ പി.സി.കെയും ഉത്തരവാദിയാണെന്നു ആരും പറയുന്നില്ല. ഇതു പി.സി.കെയ്ക്കു ക്ലീൻ ചിറ്റ് നൽകുന്നതിന്റെ ഭാഗമായാണ് വിലയിരുത്തുന്നു.

കശുമാവിൻ തോട്ടത്തിൽ നേരിട്ടൊക്കുകിനെ നശിപ്പിക്കാൻ തുടർച്ചയായി നിരവധി വർഷങ്ങളിൽ എൻഡോസൾഫാൻ തളിച്ചതാണ് ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാക്കിയതെന്നു കാസർഗോട്ടെ മുതിർന്ന ഡോക്ടർമാരുടെയും നിരീക്ഷണങ്ങൾ വ്യക്തമാണെങ്കിലും പി.സി.കെ. ചെയ്ത ക്രൂരതയെ ആദ്യം എടുത്തുകാട്ടുന്നില്ല.

എൻഡോസൾഫാൻ തളിച്ചതിനെ തുടർന്നുള്ള ആരോഗ്യപ്രശ്നങ്ങൾ നിരന്തരിക്കുന്നോഴും ആഴ്ചകൾക്കു മുന്പ് പി.സി.കെയുടെ ബോവിക്കാനം എസ്റ്റേറ്റിൽ മറ്റൊരു കീടനാശിനി തളിച്ചത് ഏറെ വിവാദമായിരുന്നു.

അതിനിടെ, എൻഡോസൾഫാൻ ദുരിതമനുഭവിക്കുന്നവർക്കു സർക്കാർ നൽകുന്ന പെൻഷൻ വികലാംഗ പെൻഷൻ തന്നെയാണെന്ന ആക്ഷേപമുയർന്നു. ദുരിത ബാധിതർ കൂടുതലും വികലാംഗരാണെന്നതിനാൽ അതിൽ ഉൾപ്പെടുത്തിയാണു പെൻഷൻ നൽകുന്നത്.

എൻഡോസൾഫാൻ: എല്ലാ ജില്ലകളും നിരീക്ഷിക്കണം



മലയാള മനോരമ

17 November 2010

രാജ്യമൊട്ടാകെ എൻഡോസൾഫാൻ നിരോധിക്കണം: വി.എം. സുധീരൻ

മലയാള മനോരമ

17 November 2010

എൻഡോസൾഫാൻ ബാധിതർക്ക് പുനരധിവാസ പദ്ധതി

മന്ത്രിതല 23നു യോഗം വിളിച്ചു ചേർക്കുന്നു

[illegible] എൻഡോസൾഫാൻ [illegible] പുനരധിവാസ പദ്ധതി നടപ്പാക്കാൻ [illegible] തീരുമാനിച്ചു. ഇതിനായി [illegible] ഏറ്റവുമധികം [illegible] ചർച്ച ചെയ്യാൻ [illegible] വിളിച്ചുചേർക്കുന്നു. [illegible] എൻഡോസൾഫാൻ [illegible] പ്രതിനിധികളെ [illegible] ക്ഷണിച്ചിട്ടുണ്ട്.

[illegible] എൻഡോസൾഫാൻ [illegible] ഇതിനായി [illegible] ആവശ്യപ്പെട്ടിട്ടുണ്ട്. എൻഡോസൾഫാൻ സംബന്ധിച്ച് 23നു മുഖ്യമന്ത്രി വിളിച്ചുചേർക്കുന്ന യോഗത്തിനു മുൻപ് പുനരധിവാസ പദ്ധതിയുടെ വിശദാംശങ്ങൾ [illegible] തയാറാക്കും.

[illegible] ഇതു മുൻപു നടപ്പാക്കിയ [illegible] ഉള്ള [illegible] മാറ്റം, അർഹരായ [illegible] ഉൾപ്പെടുത്തൽ, [illegible] തുടങ്ങിയ [illegible] എന്നിവ ചർച്ച ചെയ്ത് [illegible] മുഖ്യമന്ത്രിക്കു [illegible] നൽകുന്നതിനുള്ള [illegible]

സർക്കാരിന്റെ കണക്കനുസരിച്ച് [illegible] ദുരിതബാധിതരുടെ [illegible] ഇതിലുള്ള കണക്ക് അനുസരിച്ച് 156, ബദിയടുക്ക 131, [illegible] 159, എൻമകജെ 267, കുമ്പള 276, കാറഡുക്ക 248, കുറ്റിക്കോൽ 220, പുത്തിഗെ 103, മുളിയാർ 151, പനത്തടി 105, പെരിയ 148. കൊല്ല ക്ലാസ്റ്റിനാൽ കൊർപറേഷൻ തൊഴിലിനു സമിതി [illegible] ഇതിൽ [illegible] 20 [illegible] കിടപ്പിലാണ് [illegible]

ആശാവർക്കർ, അംഗൻവാടി അധ്യാപികമാർ, എൻഡോസൾഫാൻ ദുരിതബാധിതർ എന്നിവർ വീടുകൾ സന്ദർശിച്ചു വിവരങ്ങളുടെ അടിസ്ഥാനത്തിൽ തയാറാക്കിയ റിപ്പോർട്ടാണു മന്ത്രിസഭാ ചർച്ച ചെയ്തത്.

മാധ്യമം

17 November 2010

എൻഡോസൾഫാൻ പ്രതിഷേധം കേന്ദ്രത്തെ കുഴക്കി

കീടനാശിനി ബില്ലിന് ഭേദഗതി

എ.എസ്. സുരേഷ്കുമാർ

ന്യൂദൽഹി: എൻഡോസൾഫാൻ അടക്കമുള്ള മാരക കീടനാശിനികളുടെ ഉപയോഗം നിയന്ത്രിക്കുന്ന കാര്യത്തിൽ ഉയർന്നുവന്ന വ്യാപക പ്രതിഷേധം മുൻനിർത്തി കീടനാശിനി പ്രയോഗ നിയന്ത്രണ ബില്ലിൽ കർഷക വ്യവസ്ഥകൾ ഉൾപ്പെടുത്തി ഭേദഗതി ചെയ്യാൻ കേന്ദ്ര സർക്കാർ തീരുമാനിച്ചു. ഇതിനകം രാജ്യസഭയിൽ എത്തിക്കഴിഞ്ഞ ബിൽ, പുതിയ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തിരിച്ചുവിളിക്കേണ്ടി വരും.

ആന്ധ്രയിലെ സർക്കാരിന്റെ കാലത്ത് നിരോധിച്ച എൻഡോസൾഫാൻ, കേന്ദ്രമന്ത്രി കെ. വി. തോമസിന്റെ വിവാദ പ്രസംഗത്തിലൂടെ കേരളത്തിൽ കോൺഗ്രസിനെ കുരുക്കിയിരിക്കുകയാണ്. കോൺഗ്രസ് ഭരിക്കുന്ന ആന്ധ്രപ്രദേശിലെ കർഷകരും മാരക കീടനാശിനികൾ പ്രയോഗിക്കുന്നതിനെതിരെ പ്രക്ഷോഭത്തിലാണ്. ഇപ്പോൾ തയാറാക്കിയിരിക്കുന്ന കീടനാശിനി നിയന്ത്രണ ബില്ലിൽ, അയഞ്ഞ വ്യവസ്ഥകളാണുള്ളത്. അത് നിർമാണ കമ്പനികളെ സഹായിക്കുന്ന വിധമാണെന്ന ആക്ഷേപം നിലനിൽക്കുന്നു. ഇക്കാര്യങ്ങൾ മുൻനിർത്തിയാണ് ബില്ലിൽ പൊളിച്ചെഴുത്ത്.

പ്രമുഖ കാർഷിക ശാസ്ത്രജ്ഞൻ ഡോ. എം.എസ്. സ്വാമിനാഥൻ അടക്കമുള്ള വിദഗ്ധരുമായി കേന്ദ്ര കൃഷിമന്ത്രാലയം ബില്ലിന്റെ ഭേദഗതി സംബന്ധിച്ച് ചർച്ച ആരംഭിച്ചു. രാസവളങ്ങളുടെ കാര്യത്തിൽ പുതുതായി കൊണ്ടുവന്ന പോഷകാധിഷ്ഠിത നയത്തിന്റെ മാതൃകയിൽ, മണ്ണറിഞ്ഞുള്ള കീടനാശിനി പ്രയോഗ രീതി നടപ്പാക്കണമെന്ന നിർദേശമാണ് ഉയർന്നു വന്നിട്ടുള്ളത്. ഓരോ പ്രദേശത്തെയും വിളകൾക്ക് യോജിച്ച കീടനാശിനികൾ വ്യത്യസ്തമായിരിക്കും. കീടനാശിനി പ്രയോഗം സംബന്ധിച്ച വ്യക്തമായ നയമില്ലാത്തതാണ് പ്രശ്നമായി ചൂണ്ടിക്കാട്ടുന്നത്. നിർമാതാക്കളും വിതരണക്കാരും കർഷകരെ ചൂഷണം ചെയ്യുന്നതിനെതിരെ നിയമം കർശനമാക്കും.

എൻഡോസൾഫാന്റെ കാര്യത്തിൽ കേന്ദ്ര മന്ത്രാലയങ്ങൾക്കിടയിൽതന്നെ അഭിപ്രായ ഭിന്നത നിലനിൽക്കുന്നുണ്ട്. ബില്ലിനെക്കുറിച്ച ചർച്ചകളിലൂടെ ഈ ഭിന്നത നീക്കിയെടുക്കാനും സർക്കാർ ശ്രമിക്കുന്നു. കീടനാശിനി പ്രയോഗം നിയന്ത്രിക്കുന്നതു സംബന്ധിച്ച ബില്ലിന്റെ കാര്യത്തിൽ വിവിധ മന്ത്രാലയങ്ങൾക്കിടയിൽ സമവായം ഉണ്ടാക്കുന്നതിനും പുതിയ വ്യവസ്ഥകളെക്കുറിച്ചും പ്രധാനമന്ത്രിയുടെ നേതൃത്വത്തിൽ മന്ത്രിതല സമിതി ചർച്ച ചെയ്യുമെന്ന് കൃഷിമന്ത്രാലയത്തിലെ ഉന്നത വൃത്തങ്ങൾ 'മാധ്യമ'ത്തോട് പറഞ്ഞു. എൻഡോസൾഫാൻ പ്രശ്നത്തിൽ കേരളത്തിന്റെ വികാരം മാനിച്ച് മുന്നോട്ടു പോകണമെന്ന് പ്രതിപക്ഷ നേതാവ് ഉമ്മൻ ചാണ്ടി, കെ.പി.സി.സി പ്രസിഡന്റ് രമേശ് ചെന്നിത്തല എന്നിവർ പ്രധാനമന്ത്രി മൻമോഹൻസിങ്, കോൺഗ്രസ് അധ്യക്ഷ സോണിയാഗാന്ധി എന്നിവരെ കണ്ട് ആവശ്യപ്പെട്ടു. എൻഡോസൾഫാനെതിരെ ഉറച്ച സ്വരത്തിൽ രംഗത്തു വന്ന വി.എം. സുധീരനും ഐകകണ്ഠ്യേന കാര്യങ്ങൾ ബോധ്യപ്പെടുത്തിയിരുന്നു. എൻഡോസൾഫാൻ കേരളത്തിൽ നിരോധിച്ച എ.കെ. ആന്റണിയുടെ നിലപാടും ബിൽ പൊളിച്ചെഴുതാനുള്ള തീരുമാനത്തിന് സഹായകമായി.

നടപ്പു പാർലമെന്റ് സമ്മേളനത്തിൽ പരിഗണനക്കുന്ന വിത്തു ബില്ലിന്റെ കാര്യത്തിൽ ഉയർന്ന എതിർപ്പുകൾ മുൻനിർത്തിയുള്ള ഭേദഗതികളെക്കുറിച്ചും കൃഷിമന്ത്രാലയം ചർച്ച നടത്തിവരുന്നുണ്ട്.

മംഗളം

18 November 2010



കാസർഗോഡ് വിഷുണിയ കാളകുട്ടം-2

പഠിക്കാൻ സമിതികളേറെ; പാഠം പഠിച്ചതു പാവം ജനം

• വി. ഗോപുരോ

കാസർഗോഡ് ജില്ലയിലെ ആരോഗ്യപ്രശ്നങ്ങളു. എൻഡോസൾഫാനുമായി ബന്ധപ്പെട്ടിട്ടുള്ള പഠനങ്ങൾ കോടതി സമിതികൾ നടപടികൾ എല്ലാം ഈ വിഷയത്തിന്റെ ഗൗരവം വെളിവാക്കുന്നു. ഇത്രയും സർക്കാർ സമിതികൾ ഒരു പ്രശ്നം പഠിച്ചതും ഇത്രയും നിർദ്ദേശങ്ങൾ നൽകിയതും അപൂർവ്വമായിരിക്കും. എന്നാൽ ഇത്രയും പഠനങ്ങൾക്കും നിർദ്ദേശങ്ങൾക്കും ശേഷവും കാസർഗോഡ് ജില്ലയിലെ ജനങ്ങൾ ദുരിതത്തിൽ തന്നെയാണ്. ഈ വിഷയത്തിൽ ഇതുവരെ നടന്ന പഠനങ്ങളുടെയും നിർദ്ദേശങ്ങളുടെയും ഒരു അവലോകനം.

എന്തായും പോലെ വിവിധസമിതികളുടെ റിപ്പോർട്ടുകൾ ഇപ്പോൾ കാസർഗോഡുകാരെ അസ്വസ്ഥരാക്കുന്നത്. 11 വിവിധസമിതികളുടെ അഭിപ്രായങ്ങൾ ഈ പ്രശ്നത്തിന്റെ വിവിധ കയറിപറഞ്ഞിട്ടുണ്ട്. അതിൽ കീടനാശിനിക്ക് അനുകൂലമായി പരിഗണനകളുണ്ട്. മുൻകൂട്ടി നിശ്ചയിച്ചവയും സത്യസന്ധമായി പഠനം നടത്തിയവരുമുണ്ട്.

രാജ്യത്തെ പ്രധാനപ്പെട്ടിയിലുള്ള കാലാവസ്ഥയിൽ എൻഡോസൾഫാൻ ഉൾപ്പെടെയുള്ള കീടനാശിനികൾ നിരോധിക്കുന്നതിനെക്കുറിച്ച് ആദ്യ വിവിധ സമിതി പഠനം നടത്തിയത്.

1994-ൽ നിയമിതനായ എസ്.എൻ. ശ്രീവാസ്തവ കമ്മീഷൻ വിഷയം പഠിച്ചു. നിയമിച്ചു. 1995-ൽ ഈ റിപ്പോർട്ട് വിഷയത്തിൽ എൻഡോസൾഫാൻ ലോബിയുടെ സ്വാധീനം ഉപയോഗിക്കുന്നതിനു തെളിവുകൾ ലഭിച്ചിട്ടുണ്ട്.

ഡോക്ടർ കൊച്ചി ശിവദാസൻ നടപ്പാക്കിയ ഒരു പഠനമാണ് എൻഡോസൾഫാൻ നിരോധനത്തിന് ഏറ്റവും കൂടുതൽ സഹായകമായത്. കാസർഗോഡ് ജില്ലയിലെ പഞ്ചായത്തുകളിൽ ആരോഗ്യപ്രശ്നങ്ങളുണ്ടെന്ന് ഡോക്ടർ ശിവദാസൻ ബോധിപ്പിച്ചു. എൻഡോസൾഫാൻ ബന്ധമില്ലെന്നാണ് ഇദ്ദേഹത്തെ ഏൽപ്പിച്ച ആദ്യ വിവിധ സമിതിയുടെ നിഗമനം. എന്നാൽ ഈ റിപ്പോർട്ട് പുറത്തിറക്കാൻ കൂട്ടാക്കിയില്ല. എൻഡോസൾഫാൻ നിരോധനത്തിനുള്ള ശക്തമായ സമ്മർദ്ദം ഉണ്ടായപ്പോൾ ഡോക്ടർ ശിവദാസൻ തന്റെ കണ്ടെത്തലുകൾ ഉൾപ്പെടുത്തി ഒരു സമഗ്രപഠനം പുറത്തിറക്കി. ഇദ്ദേഹത്തെ പുതിയ വിവിധസമിതിയുടെ തലപ്പത്തു നിയമിച്ചു കൊണ്ടാണ് സർക്കാർ ഈ പഠനത്തെ നേരിട്ടത്.

ഡോക്ടർ ശിവദാസൻ നടത്തിയ പഠനത്തിന്റെ ഫലമായി കാസർഗോഡ് ജില്ലയിലെ ആരോഗ്യപ്രശ്നങ്ങൾ ഗുരുതരമാണെന്ന് ഡോക്ടർ ശിവദാസൻ തന്റെ പഠനത്തിൽ വ്യക്തമാക്കി. ഇതിനെ തുടർന്നാണ് ഡോക്ടർ ശിവദാസൻ തന്നെ അധ്യക്ഷനായി ഒരു സമഗ്രപഠനത്തിനു പാനലിനെ നിയമിച്ചത്. ഈ പാനലിന്റെ റിപ്പോർട്ട് പുറത്തിറക്കിയതോടെയാണ് എൻഡോസൾഫാൻ നിരോധനത്തിന് വഴിതെളിഞ്ഞത്.

എൻഡോസൾഫാൻ ദുരിതബാധിതരുടെ സമരപോരാട്ടങ്ങളുടെ ഫലമായാണ് ഇതിനു മുമ്പുള്ള പല പഠനങ്ങളും നടന്നത്. ഇതിനു മുമ്പുള്ള പഠനങ്ങളിൽ ഭൂരിഭാഗവും എൻഡോസൾഫാൻ കമ്പനികൾ തന്നെ നടത്തിയതാണ്. ഇവയിൽ കീടനാശിനി കമ്പനികൾക്ക് അനുകൂലമായ നിഗമനങ്ങളാണ് ഉണ്ടായിരുന്നത്. ഇത്തരം പഠനങ്ങൾ നിരോധനത്തിനുള്ള സമ്മർദ്ദത്തെ ചെറുക്കുന്നതിനുള്ള ആയുധമായി കമ്പനികൾ ഉപയോഗിച്ചു.

ഇതിനിടയിൽ കാസർഗോഡ് ജില്ലയിൽ നിന്നുള്ള ചില ജനപ്രതിനിധികൾ തന്നെ കാസർഗോഡ് ജില്ലയിലെ പഠനങ്ങളുടെ ആധാരപ്രശ്നങ്ങളെ ചോദ്യം ചെയ്തുകൊണ്ട് രംഗത്തുവന്നു. എൻഡോസൾഫാൻ ബന്ധമില്ലെന്നാണ് ഇവരുടെ വാദം. ഇതിനെ തുടർന്നാണ് ഡോക്ടർ ശിവദാസൻ തന്റെ പഠനത്തിന്റെ അടിസ്ഥാനത്തിൽ ഒരു സമഗ്രപഠനത്തിനു പാനലിനെ നിയമിച്ചത്. ഈ പാനൽ നടത്തിയ പഠനത്തിന്റെ ഫലമായാണ് എൻഡോസൾഫാൻ നിരോധനത്തിന് വഴിതെളിഞ്ഞത്.

എൻഡോസൾഫാൻ നിരോധനത്തിനുള്ള സമരപോരാട്ടങ്ങളുടെ ഫലമായാണ് ഇതിനു മുമ്പുള്ള പല പഠനങ്ങളും നടന്നത്. ഇതിനു മുമ്പുള്ള പഠനങ്ങളിൽ ഭൂരിഭാഗവും എൻഡോസൾഫാൻ കമ്പനികൾ തന്നെ നടത്തിയതാണ്. ഇവയിൽ കീടനാശിനി കമ്പനികൾക്ക് അനുകൂലമായ നിഗമനങ്ങളാണ് ഉണ്ടായിരുന്നത്. ഇത്തരം പഠനങ്ങൾ നിരോധനത്തിനുള്ള സമ്മർദ്ദത്തെ ചെറുക്കുന്നതിനുള്ള ആയുധമായി കമ്പനികൾ ഉപയോഗിച്ചു.

ഇതിനിടയിൽ കാസർഗോഡ് ജില്ലയിൽ നിന്നുള്ള ചില ജനപ്രതിനിധികൾ തന്നെ കാസർഗോഡ് ജില്ലയിലെ പഠനങ്ങളുടെ ആധാരപ്രശ്നങ്ങളെ ചോദ്യം ചെയ്തുകൊണ്ട് രംഗത്തുവന്നു. എൻഡോസൾഫാൻ ബന്ധമില്ലെന്നാണ് ഇവരുടെ വാദം. ഇതിനെ തുടർന്നാണ് ഡോക്ടർ ശിവദാസൻ തന്റെ പഠനത്തിന്റെ അടിസ്ഥാനത്തിൽ ഒരു സമഗ്രപഠനത്തിനു പാനലിനെ നിയമിച്ചത്. ഈ പാനൽ നടത്തിയ പഠനത്തിന്റെ ഫലമായാണ് എൻഡോസൾഫാൻ നിരോധനത്തിന് വഴിതെളിഞ്ഞത്.

കുടിവെള്ളത്തിൽ എൻഡോസൾഫാൻ സാന്നിധ്യം തള്ളിക്കളഞ്ഞ, മെട്രോപ്പക്കണൽ ഹെൽത്തിന്റെ പോലെ വിരോധാഭാസമായ പഠനം ഇനി നടത്താനാവില്ല. കാരണം 830 ദിവസം കഴിയുമ്പോൾ എൻഡോസൾഫാൻ ഇല്ലാതാകുമായിരുന്നു. പ്രായോഗികമല്ലെങ്കിലും 10 വർഷം കഴിഞ്ഞതിനാൽ മുൻപൊരിക്കലുമില്ലാത്ത നിലയിലേക്ക് എൻഡോസൾഫാന്റെ അളവു പരിശോധിച്ചാൽ കുറഞ്ഞിരിക്കും. ജനങ്ങളിൽ ഭയവും ഉൽകണ്ഠയുമുണ്ട്. പ്ലാന്റേഷൻ കോർപറേഷൻ കുഴിച്ചിട്ട നിലയിലുള്ള മുതലായിരിക്കും എൻഡോസൾഫാൻ മാരകമായ അളവിൽ കാണപ്പെടുക. അതാണ് ഇനി നടത്തുന്ന പഠനവും കീടനാശിനിക്ക് അനുകൂലമാകും.



പാപത്തിന്റെ ഭാരം കൂസാതെ പ്ലാന്റേഷൻ കോർപറേഷൻ



എൻഡോസൾഫാൻ തളിക്കുന്നതിനു മുൻപ് ജനങ്ങളോട് കൃത്യമായി ആയയ വിനിമയം പ്ലാന്റേഷൻ കോർപറേഷൻ നടത്തിയിരുന്നില്ല. പ്ലാന്റേഷൻ കോർപറേഷന്റെ കാറുകൾപോലും അവർ ടാർപോളിൻ ഷീറ്റുകളാൽ സംരക്ഷിച്ചാണു കീടനാശിനി തളിച്ചതെങ്കിലും ഈ സ്ഥലങ്ങളിൽ സാധാരണക്കാരന്റെ കുടിവെള്ളത്തിൽ വരെ എൻഡോസൾഫാൻ കോരിയൊഴിച്ചു. ഒരു ദിവസം മൂന്നു നേരം വരെ വർഷം തളിക്കൽ തുടർന്നിരുന്നു. ഒരു നേരം, അതും പുലർച്ചെ മാത്രം തളിക്കാൻ നിഷ്കർഷിക്കുമ്പോഴാണ് വർഷമഴ പെയ്തിറങ്ങുന്നത്.

കാസർഗോഡ് വിഷുണിയ കാളകുട്ടം-3

• വി. ഗോപുരോ

മംഗളം

19 November 2010

കുഴിച്ചുമൂടിയതു ഭാവിരോഗങ്ങൾ പ്രവചിച്ച പഠനറിപ്പോർട്ടുകൾ

എൻഡോസൾഫാൻ: ആരോഗ്യസർവേ നാലു ജില്ലകളിലേക്കുകൂടി

• സ്വന്തം ലേഖകൻ

തിരുവനന്തപുരം



• എൻഡോസൾഫാൻ ദുരിതബാധിത കുടുംബത്തിലെ കുട്ടി

പഠനസംഘത്തെ തടയും: ബി.ജെ.പി.

ദേശീയ മനുഷ്യാവകാശ കമ്മിഷൻ കേസെടുത്തു

ജനയുഗം

24 November 2010

എൻഡോസൾഫാൻ: പ്രായോഗിക നിലപാടുകൾ അത്യാവശ്യമെന്ന് കിസാൻ സഭ



കെ വി തോമസിനെ പ്രോസിക്യൂട്ട് ചെയ്യണം: സമര സമിതി

അന്താരാഷ്ട്ര തലത്തിൽ എൻഡോസൾഫാനെതിരെ നിലപാട് എടുക്കണമെന്ന് കേളം

മലയാള മനോരമ

20 November 2010

എൻഡോസൾഫാൻ നിരോധിച്ച് വിജ്ഞാപനം

സ്വന്തം ലേഖകൻ

തിരുവനന്തപുരം: സംസ്ഥാനത്തെവിടെയും എൻഡോസൾഫാൻ കീടനാശിനിയായി ഉപയോഗിക്കുന്നതു നിരോധിച്ചു സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് വിജ്ഞാപനമിറക്കി. കാസർകോട് ജില്ലയിലെ കശുമാവിൻ തോട്ടങ്ങളിൽ എൻഡോസൾഫാൻ ഏറിയൽ സ്പ്രേയിൽ നടത്തിയ പ്രദേശങ്ങളിൽ നിലനിൽക്കുന്ന ആരോഗ്യ പ്രശ്നങ്ങൾ ഇതുമൂലമാണെന്ന ആശങ്കയുടെ പശ്ചാത്തലത്തിലാണു നടപടി.

മറ്റു പ്രദേശങ്ങളിലും എൻഡോസൾഫാൻ കീടനാശിനിയായി ഉപയോഗിക്കുന്നു എന്നു റിപ്പോർട്ടുണ്ട്. കാസർകോട്ടെ മിനിയ നദിയിലെയും പിലിക്കോടുകളിലെയും ജലത്തിന്റെയും മറ്റും സാംപിൾ പരിശോധനയിൽ എൻഡോസൾഫാൻ സാന്നിധ്യം കണ്ടെത്തിയിരുന്നു. ജലവായു മലിനീകരണ നിയന്ത്രണ നിയമത്തിലെ വകുപ്പുകൾ പ്രകാരമാണു നിരോധനം. നിരോധനം ലംഘിച്ചാൽ കുറ്റകരമാണെന്നും പരമാവധി ആറു വർഷം തടവും പിഴയും ശിക്ഷ ലഭിക്കുമെന്നും ബോർഡ് അറിയിച്ചു.

കീടനാശിനികൾക്കെതിരെ നടപടികൾ വേണം

ചീക്കല്ലൂർ ജില്ലയിൽ വർധിച്ചുവരുന്ന എൻഡോസൾഫാൻ പോലുള്ള കീടനാശിനി പ്രയോഗങ്ങൾക്കെതിരെ ജില്ലാ ഭരണകൂടവും കൃഷി-ആരോഗ്യ വകുപ്പുകളും നടപടികൾ സ്വീകരിക്കണമെന്നു ശാസ്ത്രസാഹിത്യപരിഷത് യൂണിറ്റ് സമ്മേളനം ആവശ്യപ്പെട്ടു. അശാസ്ത്രീയമായ കീടനാശിനി പ്രയോഗം മണ്ണിനെയും ജലാശയങ്ങളെയും വലിയതോതിൽ മലിനമാക്കുന്നുണ്ട്. ഇതു മാരകരോഗങ്ങൾക്കു വഴിവയ്ക്കും.

ഗ്രാമപഞ്ചായത്തംഗം ശ്രീജയ ഉദ്ഘാടനം ചെയ്തു. എം. ശിവൻപിള്ള അധ്യക്ഷത വഹിച്ചു. വി. നാരായണപുല്ലഞ്ചേരി, പി. ബിജു, രാജു ജോസഫ്, ശകുന്തളക്കുട്ടി, ചന്ദ്രൻ ആലഞ്ചേരി, എം. ദേവകുമാർ എന്നിവർ പ്രസംഗിച്ചു.

ഭാരവാഹികൾ. പി. ബിജു (പ്രസി.), മിനി സുരേഷ് (വൈ. പ്രസി.), ശകുന്തളക്കുട്ടി (സെക്ര.), പി. ഗോപാലൻ (ജോ. സെക്ര.)

മിനി ബസ് ഉദ്ഘാടനം

എൻഡോസൾഫാന് എതിരെ കർശന നിലപാട് സ്വീകരിക്കണം

21/11/10 MM

കാസർകോട് ജില്ലയിലെ എൻഡോസൾഫാൻ പ്രയോഗം തടയുന്നതിന് നടപടി സ്വീകരിക്കണമെന്ന് ഡിവൈഎഫ്ഐ ജില്ലാ സെക്രട്ടേറിയറ്റ് ആവശ്യപ്പെട്ടു. അതിർത്തിഗ്രാമങ്ങളിൽ നിന്ന് യഥേഷ്ടം ജില്ലയിലേക്ക് ഈ കീടനാശിനി കടത്തിക്കൊണ്ടിരിക്കുകയാണ്.

ഇത് വിൽപന നടത്തുന്ന കടകളിലേക്ക് മാർച്ച് സംഘടിപ്പിക്കും. കീടനാശിനി പ്രയോഗത്തിനെതിരെ ജനകീയ കൂട്ടായ്മ രൂപവൽകരിക്കുവാനും യോഗം തീരുമാനിച്ചു. പി.ആർ. ജയപ്രകാശ് അധ്യക്ഷത വഹിച്ചു.

എം. മധു പ്രസംഗിച്ചു.

മംഗളം

21 November 2010

രഹസ്യവിൽപ്പന കേന്ദ്രങ്ങളിലേക്ക് മാർച്ച്

അഭിമാനി - 21-11-2010



കെ വി തോമസിന്റെ കോലം കത്തിച്ചു

നിരോധനത്തിന് മുമ്പ് പഠനം വേണമെന്ന് കെ കെ രാഗേഷ്

ദീപിക

24 November 2010

എൻഡോസൾഫാൻ പൂർണ നിരോധനം സംസ്ഥാനങ്ങളുമായി ചർച്ചചെയ്തശേഷം

സ്വന്തം ലേഖകൻ

ന്യൂഡൽഹി: എൻഡോസൾഫാൻ പൂർണമായി നിരോധിക്കണമെന്ന കേരളത്തിന്റെ ആവശ്യം മറ്റു സംസ്ഥാനങ്ങളുമായി ചർച്ച ചെയ്തു തീരുമാനിക്കുമെന്ന് കേന്ദ്ര കൃഷി മന്ത്രാലയം അഡീഷണൽ സെക്രട്ടറി ലെന്ന ഇന്ദുഭൂഷൺ എൻഡോസൾഫാൻ പ്രശ്നം സംബന്ധിച്ച നിലപാട് രൂപീകരിക്കുന്നതിനായി കേന്ദ്ര പരിസ്ഥിതി മന്ത്രാലയം വിളിച്ചുചേർത്ത യോഗത്തിലാണ് കൃഷി മന്ത്രാലയം നിലപാടു വ്യക്തമാക്കിയത്. എൻഡോസൾഫാൻ വിഷയത്തിൽ പാനലുണ്ടാക്കിയത് സുപ്രീംകോടതിയാണ്. അതിനാൽ, മറ്റുള്ള സംസ്ഥാനങ്ങളുമായി ഇക്കാര്യത്തിൽ കൂടിയാലോചനകൾക്കുശേഷം മാത്രമേ തീരുമാനമെടുക്കാനുള്ളുവെന്നും കൃഷി മന്ത്രാലയം യോഗത്തെ അറിയിച്ചു.

കേരളത്തിന്റെ നിലപാടിനോട് ഒരുപ്പേക്ഷണൽ പൊതു പ്രതിനിധിയോടെയുള്ള കേന്ദ്ര പരിസ്ഥിതി മന്ത്രാലയം നിലപാടു വ്യക്തമാക്കിയിട്ടില്ല. എന്നാൽ, കേരളത്തിന്റെ നിലപാടിനെ എതിർത്തിട്ടുമില്ല. എൻഡോസൾഫാൻ വിഷയത്തിൽ വിവിധ ശാസ്ത്രീയ പഠനങ്ങൾ നടത്തിയിട്ടുള്ള വിദഗ്ധർ സമർപ്പിച്ച കേരളം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങളുടെ അഭിപ്രായങ്ങൾ സുപ്രീംകോടതിയുടെ നിരോധനമാണ് വേണ്ടതെന്നും ഇതിനോടു പഠനം ആവശ്യമില്ലെന്നും ചൂണ്ടിക്കാട്ടി.

ഇക്കാര്യത്തിൽ വിവിധ വകുപ്പുകളുടെ നിർദേശങ്ങളും നിർദ്ദേശങ്ങളും കേന്ദ്ര കൃഷി മന്ത്രാലയം ക്രോഡീകരിച്ചുവരികയാണെന്നും ശേഷം തീരുമാനമെടുക്കാമെന്നും കേന്ദ്ര പരിസ്ഥിതി മന്ത്രാലയം അറിയിച്ചു.

ENDO SULFAN
വിഷക്കുട്ടിന് വിട

24-11-10 Deepika

എൻഡോസൾഫാനെതിരേ വിദ്യാർഥിയുടെ പോരാട്ടം





ജനയുഗം

23 November 2010

എൻഡോസൾഫാൻ രാജ്യവ്യാപകമായി നിരോധിക്കണം: മുല്ലക്കര രത്നാകരൻ

23/11

Janayugom

കണ്ണൂർ: എൻഡോസൾഫാൻ രാജ്യത്തിന്റെ ദേശീയ പ്രശ്നമാണെന്നും ഇതു രാജ്യമൊട്ടാകെ നിരോധിക്കണമെന്നും കൃഷി മന്ത്രി മുല്ലക്കര രത്നാകരൻ പറഞ്ഞു. കൃഷി വകുപ്പ് സംഘടനയെ പതയോരത്തിൽ നടപ്പാക്കുന്ന ഹരിതയോ പദ്ധതിയുടെ സംഘാടനത്തെ ഉദ്ഘാടനം ചെയ്തുകൊണ്ട് നിർവഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം.



മംഗളം

25 November 2010

എൻഡോസൾഫാൻ: മരണമുണ്ടായതിന് തെളിവു നൽകണമെന്നു കേന്ദ്രം

- ദുരിതബാധിതർക്കായി കേരളം 100 കോടി ആവശ്യപ്പെടും
- ദുരിതബാധിത കുടുംബങ്ങൾക്ക് സൗജന്യറേഷൻ



എൻഡോസൾഫാനെ തുരത്തിയില്ലെങ്കിൽ മലയാളകവിതയുടെ വാക്കും നാക്കും ഇല്ലാതാകും: ഡോ: എം. ലീലാവതി

ഗൾഫ് മലയാളം

25 November 2010

4 ബുധൻ — പ്രാദേശികം

എൻഡോസൾഫാൻ ദുരിതബാധിതരുടെ എണ്ണം [illegible]

ദുരന്തകേന്ദ്രങ്ങൾ നിസ്സംഗത വെടിയണം --യൂത്ത് കോൺഗ്രസ്

ദീപിക

25 November 2010

എൻഡോസൾഫാൻ: കേരളം 100 കോടിയുടെ കേന്ദ്ര സഹായം ആവശ്യപ്പെടും

തിരുവനന്തപുരം: കാസർഗോട്ടെ എൻഡോസൾഫാൻ ദുരിതബാധിതരുടെ പുനരധിവാസത്തിനു 100 കോടി രൂപയുടെ കേന്ദ്ര സഹായം ആവശ്യപ്പെടാൻ മന്ത്രിസഭായോഗം തീരുമാനിച്ചതായി മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദൻ അറിയിച്ചു. ദുരിതബാധിതർക്ക് സൗജന്യ റേഷൻ നൽകും. ദുരിതബാധിതർക്കായി നടപ്പാക്കുന്ന പുതിയ പാക്കേജ് മന്ത്രിസഭ അംഗീകരിച്ചതായി മുഖ്യമന്ത്രി അറിയിച്ചു. കഴിഞ്ഞ ദിവസംനടന്ന ഉന്നതതലയോഗത്തിലെ ധാരണയനുസരിച്ചാണു പാക്കേജ് തയാറാക്കിയത്.

സംസ്ഥാനത്ത് എൻഡോസൾഫാൻ ഉപഭോഗവും വിതരണവും നിരോധിക്കണമെന്ന് ആവശ്യപ്പെട്ടു സർവകക്ഷി സംഘം പ്രധാനമന്ത്രി മൻമോഹൻ സിംഗിനെ കാണും. കേന്ദ്രം തുക അനുവദിക്കുന്നതിനനുസരിച്ചു ദുരിതബാധിതർക്കുള്ള സഹായധനം വർധിപ്പിക്കും. ദുരിതബാധിതർക്കായി പ്രത്യേക സഹായനിധി രൂപീകരിക്കാനും തീരുമാനിച്ചതായി മുഖ്യമന്ത്രി പറഞ്ഞു.

കൈസ്എംഇ ജീവനക്കാരുടെയും ഓഫീസർമാരുടെയും ശമ്പളം 2007 ഓഗസ്റ്റ് മുതലുള്ള പരിഷ്കരിക്കുന്നതിനുള്ള നിർണ്ണായക കരാർ മന്ത്രിസഭ അംഗീകരിച്ചു

മാധ്യമം

24 November 2010

എൻഡോസൾഫാൻ ഇരകൾ ഇന്ദ്രപ്രസ്ഥത്തിൻെറ നൊമ്പരമായി



കാസർകോട് എൻഡോസൾഫാൻ ദുരിതബാധിതർ സംസ്ഥാന നേതാക്കൾക്കൊപ്പം ന്യൂഡൽഹി പാർലമെന്റിലെത്തിയ ഇരകൾ

ദീപിക

25 November 2010

എൻഡോസൾഫാൻ: കർഷകയൂണിയൻ എം ധർണ നടത്തും

കോട്ടയം: എൻഡോസൾഫാൻ നിരോധിക്കണമെന്നാവശ്യപ്പെട്ടു കർഷക യൂണിയൻ എം കോട്ടയം ഹെഡ്പോസ്റ്റോഫീസിനു മുമ്പിൽ നാളെ ധർണ നടത്തുമെന്ന് സംസ്ഥാന പ്രസിഡന്റ് മാത്യു സ്റ്റീഫൻ പത്രസമ്മേളനത്തിൽ അറിയിച്ചു.

രാവിലെ പത്തിന് കേരള കോൺഗ്രസ് എം സംസ്ഥാന കമ്മിറ്റി ഓഫീസിൽ നിന്നു ജാഥയായി എത്തുന്ന പ്രവർത്തകർ ഗാന്ധിപ്രതിമയ്ക്കു മുമ്പിൽ പുഷ്പാർച്ചന നടത്തും. തുടർന്ന് നടക്കുന്ന ധർണ പാർട്ടി ചെയർമാൻ കെ.എം. മാണി എംപിയുടെ ഉദ്ഘാടനം ചെയ്യും. വർക്കിംഗ് ചെയർമാൻ പി.ജെ. ജോസഫ് എംഎൽഎ മുഖ്യപ്രഭാഷണം നടത്തും. ഡെപ്യൂട്ടി ചെയർമാൻ സി.എഫ്. തോമസ് എംഎൽഎ വൈസ് ചെയർമാൻ പി.സി. ജോർജ് എംഎൽഎ, ജോയി ഏബ്രഹാം, പി.സി. ജോസഫ്, ഫ്രാൻസീസ് ജോർജ്, ഇ.ജെ. അഗസ്തി എന്നിവർ പ്രസംഗിക്കും.

പാർട്ടിയുടെ മുഴുവൻ എംപിമാരും എംഎൽഎമാരും പോഷകസംഘടനാ സംസ്ഥാന പ്രസിഡന്റുമാരും ധർണയിൽ പങ്കെടുക്കും.

കേരളത്തിൽ മാത്രം എൻഡോസൾഫാൻ നിരോധിച്ചതുകൊണ്ട് യാതൊരു പ്രയോജനവും ഉണ്ടാകുകയില്ലെന്നും ഉപയോഗസംഘാനമായ കേരളത്തിലേക്ക് മറ്റു സംസ്ഥാനങ്ങളിൽ നിന്ന് ദിവസവും എത്തിച്ചേരുന്ന പച്ചക്കറികളിലും പഴവർഗങ്ങളിലും തളിച്ചു വരുന്ന എൻഡോസൾഫാൻ കേരളത്തിലെ

മലയാള മനോരമ

25 November 2010

25/11/10 Malayala manorama

എൻഡോസൾഫാൻ ദുരിതമേഖലകളിലെ ജൈവകൃഷി: പദ്ധതി സമർപ്പിക്കാൻ കേരളത്തോടു കേന്ദ്രം

സ്വന്തം ലേഖകൻ

ന്യൂഡൽഹി: എൻഡോസൾഫാൻ ദുരിതമേഖലകളിൽ ജൈവകൃഷി സമ്പ്രദായം നടപ്പാക്കുന്നതിനും കാലാവസ്ഥാമാറ്റത്തെക്കുറിച്ചു പഠിക്കുന്നതിനു ഗവേഷണകേന്ദ്രം സ്ഥാപിക്കാനും പദ്ധതി സമർപ്പിക്കാൻ കൃഷിമന്ത്രാലയം കേരളത്തോടു നിർദേശിച്ചു. കൃഷിമന്ത്രി ശരദ് പവാർ, സഹമന്ത്രി കെ.വി. തോമസ് എന്നിവരുമായി സംസ്ഥാന കൃഷിമന്ത്രി മുല്ലക്കര രത്നാകരൻ നടത്തിയ കൂടിക്കാഴ്ചയിലാണു നിർദേശമുണ്ടായത്.

സംസ്ഥാനത്തിനു വേണ്ടി മന്ത്രി മുല്ലക്കര ഉന്നയിച്ച ആവശ്യങ്ങളും കേന്ദ്രത്തിന്റെ മറുപടിയും:

● എൻഡോസൾഫാൻ രാജ്യമെങ്ങും നിരോധിക്കണം. ലോകത്ത് ഒട്ടേറെ രാജ്യങ്ങൾ നിരോധിച്ച കീടനാശിനിയാണിത്. കാസർകോട്ടെ ദുരിതബാധിത മേഖലയുടെ ജൈവവൈവിധ്യം വീണ്ടെടുക്കുന്നതിനു പദ്ധതി തയാറാക്കാൻ സഹായിക്കണം.

മറുപടി: കൃഷി സംസ്ഥാന വിഷയമാണെന്നതുകൂടി കേരളം പരിഗണിക്കണം. മറ്റു സംസ്ഥാനങ്ങളുമായി കൂടിയാലോചിക്കാതെയും സമവായമുണ്ടാക്കാതെയും നിരോധനം സാധിക്കില്ല. ദുരിതമേഖലയിലെ ജൈവവൈവിധ്യം വീണ്ടെടുക്കുന്നതിനു ജൈവകൃഷിരീതികൾ നടപ്പാക്കണം. സംസ്ഥാനം പദ്ധതി റിപ്പോർട്ട് സമർപ്പിച്ചാൽ സഹായം നൽകാം.

● ആഗോളപ്രശ്നമായ കാലാവസ്ഥാ വ്യതിയാനം കേരളത്തെയും രൂക്ഷമായി ബാധിച്ചിരിക്കുന്നു. കൃഷിയുടെ താളംതെറ്റി. മൺസൂണിന്റെ പ്രവേശന കാലാവസ്ഥാ മാറ്റത്തെക്കുറിച്ചു പഠിക്കാൻ ഗവേഷണ കേന്ദ്രം സ്ഥാപിക്കണം.

മറുപടി: കേരള കാർഷിക സർവകലാശാല മുഖേന ദേശീയ കാർഷിക ഗവേഷണ കേന്ദ്രത്തിന് പദ്ധതി സമർപ്പിക്കുക. ഭാവിനടപടികൾക്ക് ഐസിഎആർ ഡയറക്ടർ ജനറൽ ഉപദേശനിർദേശങ്ങൾ നൽകും.

മംഗളം

25 November 2010

പാലും പഴവും പച്ചക്കറിയും വിഷമയം

കുഞ്ഞുങ്ങളിൽ പ്രതിദിനം എത്തുന്നത് 273 ശതമാനത്തിലധികം എൻഡോസൾഫാൻ!

■ ജെബി ഹോൾ
കൊച്ചി

ഇന്ത്യയിൽ ഒരു കുഞ്ഞിൽ പ്രതിദിനം ഭക്ഷണത്തിലൂടെ എത്തുന്നതു മറ്റു രാജ്യങ്ങളിലുള്ളതിനേക്കാൾ 273 ശതമാനം കൂടുതൽ എൻഡോസൾഫാനെന്നു കേന്ദ്ര ഏജൻസിയുടെ പഠനറിപ്പോർട്ട്. മുതിർന്നവരിലാകട്ടെ ഡി.ഡി.ടിയുടെ അളവ് 474 ശതമാനം കൂടുതലും. ഡൽഹിയിലെ സെന്റർ ഫോർ സയൻസ് ആൻഡ് എൻവയോൺമെന്റ് നടത്തിയ പഠനത്തിലാണ് ഞെട്ടിപ്പിക്കുന്ന വിവരം.

പാലിലും പഴങ്ങളിലും പച്ചക്കറികളിലുമാണ് ഏറ്റവും കൂടുതൽ വിഷാംശങ്ങൾ കണ്ടെത്തിയത്.

ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ച് പാലിലും പാലുൽപ്പന്നങ്ങളിലും നീണ്ട അഞ്ചുവർഷം നടത്തിയ ഗവേഷണത്തിൽ അവതരിപ്പിക്കുന്ന വിവരങ്ങളാണുള്ളത്. 12 സംസ്ഥാനങ്ങളിൽ നിന്നു ശേഖരിച്ച 2206 പാൽ സാമ്പിളുകളിൽ 85 ശതമാനത്തിലും എച്ച്.സി.എച്ച്. എന്ന കീടനാശിനി കണ്ടെത്തി.

82 ശതമാനം സാമ്പിളുകളിലും ഡി.ഡി.ടിയുടെ സാന്നിധ്യം. 26 ശതമാനമാണ്. ബേബി ഫുഡ് ബ്രാൻഡുകളിൽ 76 ശതമാനത്തിൽ ഡി.ഡി.ടിയും 94 ശതമാനത്തിൽ എച്ച്.സി.എച്ചും കണ്ടെത്തി. റിപ്പോർട്ട് ഇതുവരെ സർക്കാർ പരസ്യപ്പെടുത്തിയിട്ടില്ല.

സംയോജിത ഗവേഷണ പദ്ധതിയുടെ ഭാഗമായി നടന്ന പഠനത്തിൽ പാലുൽപ്പന്നങ്ങളുടെ 87.7 ശതമാനം സാമ്പിളുകളിലും എച്ച്.സി.എച്ച്. കണ്ടെത്തി. ഇതിൽ 71.8 ശതമാനത്തിലും പരമാവധി അംശനിലവാരത്തേക്കാൾ കൂടുതലാണു കീടനാശിനി സാന്നിധ്യം. 86.7 ശതമാനത്തിലും ഡി.ഡി.ടി. ഉണ്ടായിരുന്നു.

രാജ്യത്ത് ഉൽപാദിപ്പിക്കുന്ന 26 ശതമാനം ഭക്ഷ്യവസ്തുക്കളിലും അംഗീകൃത നിലവാരത്തിൽ കൂടുതൽ കീടനാശിനി അടങ്ങിയിട്ടുണ്ടെന്ന് 1991 ലെ ദേശീയ സംയോജിത ഗവേഷണ പദ്ധതി റിപ്പോർട്ടിലും ഉണ്ട്. എന്നിട്ടും ഇതിനെതിരേ ഫലപ്രദമായ നടപടിയെടുക്കാൻ കേന്ദ്രത്തിനായിട്ടില്ല.

സുപ്രീംകോടതി അടുത്തിടെ കോള നിരോധനം പിൻവലിക്കാൻ ഇടയാക്കിയത്, കോളയേക്കാൾ ഇരട്ടി കീടനാശിനി ബേബി ഫുഡുകളിലുണ്ടെന്ന കോളക്കമ്പനികളുടെ വാദം കണക്കിലെടുത്തായിരുന്നു. ഇതും സർക്കാരിന്റെ കണ്ണുതുറപ്പിച്ചിട്ടില്ല.

വയൽ മുതൽ വിപണി വരെ ഭക്ഷ്യവസ്തുക്കളിലെ കീടനാശിനി അംശം നിരീക്ഷിക്കുന്നതിനുള്ള ദേശീയ പദ്ധതിക്കു കേന്ദ്ര കൃഷിവകുപ്പ് രൂപം നൽകിയിട്ടുണ്ടെങ്കിലും വേണ്ടത്ര നിയമപിൻബലമില്ലാത്തിനാൽ നടപടി ഉണ്ടാകുന്നില്ല.

ബഹുപാനീയങ്ങളിലെ കീടനാശിനിയുടെ ഉയർന്ന സുരക്ഷിത അളവ് 0.001 പി.പി.എം. (പത്തുലക്ഷത്തിൽ ഒരു ഭാഗം) മാത്രമേ ആകാവൂ എന്നാണു നിഷ്കർഷ.

അതനുസരിച്ച് ഭക്ഷ്യവസ്തുക്കളിൽ ഡി.ഡി.ടി., എൻഡോസൾഫാൻ, മലാത്തിയോൺ, അർബുദകാരിയായ ലിൻഡെയ്ൻ, നാഡീവിഷമായ ക്ലോർപൈറിഫോസ് എന്നിവയുടെ അളവ് 0.001 ൽ കൂടാൻ പാടില്ല. എന്നാൽ നിബന്ധനകൾ കാറ്റിൽ പറത്തിയാണു കീടനാശിനി നിർമാണം.

മാധ്യമം

25 November 2010

എൻഡോസൾഫാൻ നിരോധിക്കും വരെ പിന്മാറരുത് -മേധ

സ്വന്തം ലേഖകൻ

ന്യൂദൽഹി: ദേശീയതലത്തിൽ എൻഡോസൾഫാൻ നിരോധിക്കും വരെ സമരമുഖത്തുനിന്ന് പിന്മാറരുതെന്ന് പ്രശസ്ത സാമൂഹിക പ്രവർത്തക മേധാ പട്കർ ആവശ്യപ്പെട്ടു. എൻഡോസൾഫാൻ ഉപയോഗവും വിൽപനയും നിരോധിച്ച കേരളത്തിൽ ഉൽപാദനവും നിരോധിക്കാൻ തയാറാകണമെന്നും അവർ ആവശ്യപ്പെട്ടു.

കാസർകോട്ടെ എൻഡോസൾഫാൻ ദുരിതബാധിതരുമായി സോളിഡാരിറ്റി യൂത്ത് മൂവ്മെൻറ് പാർലമെൻറിലേക്ക് നടത്തിയ മാർച്ച് ഉദ്ഘാടനം ചെയ്യുകയായിരുന്നു മേധ.

എൻഡോസൾഫാൻ ഉൽപാദകരായ എക്സലിനും എച്ച്.ഐ.എല്ലിനും അനുകൂലമായ നിലപാടാണ് അന്തർദേശീയ കൺവെൻഷനിൽ കേന്ദ്ര സർക്കാർ സ്വീകരിച്ചത്. ഈ നയം തിരുത്തി മണ്ണിനും മനുഷ്യനും കർഷകനും അനുകൂലമായ നിലപാട് സ്വീകരിക്കാൻ തയാറാകണം. കേരള സർക്കാറുകളെ ജലവും മണ്ണും മുലപ്പാലും മലിനമാക്കിയ ഈ കിടനാശിനിയുടെ ഉൽപാദനം തടഞ്ഞിട്ടില്ല. കേരളം ഉൽപാദനം നിരോധിക്കാത്തതുമൂലം എച്ച്.ഐ.എൽ കമ്പനിയുടെ എൻഡോസൾഫാൻ കേരളത്തിൽനിന്ന് അയൽ സംസ്ഥാനങ്ങളിലേക്ക് പോകുകയും അവിടെനിന്ന് തിരിച്ച് വീണ്ടും കേരളത്തിലെത്തുകയും ചെയ്യുകയാണ്. ഇത് തടയണമെങ്കിൽ കേരളം ഉൽപാദനം കൂടി നിരോധിക്കണം. എൻഡോസൾഫാൻ വിരുദ്ധ സമരം ദേശീയ സമരമാക്കി പരിവർത്തിപ്പിക്കുന്നതിന് സോളിഡാരിറ്റിക്ക് നാഷനൽ അലയൻസ് ഓഫ് പീപ്പിൾസ് മൂവ്മെൻറിെൻറ പിന്തുണയുണ്ടായിരിക്കുമെന്നും ദേശീയതലത്തിൽ ഈ സമരം ഇനിയും കൂടുതൽ ശക്തിപ്പെടുത്തുമെന്നും മേധാ പട്കർ പറഞ്ഞു.

എൻഡോസൾഫാൻ നിരോധം ചർച്ച ചെയ്ത അന്തർദേശീയ വേദികളിലെല്ലാം ചർച്ച ചെയ്യപ്പെട്ടതാണ് കാസർകോട് ജില്ലയിലെ കശുമാവിൻ തോട്ടങ്ങളിൽ നടത്തിയ എൻഡോസൾഫാൻ പ്രയോഗമെന്ന് മാർച്ചിനെ അഭിസംബോധന ചെയ്ത കാസർകോട്ടുനിന്നുള്ള എം.പി പി. കരുണാകരൻ പറഞ്ഞു. സാമൂഹിക പ്രവർത്തകരും വിദഗ്ധരും അടങ്ങുന്ന നിരവധി സമിതികൾ പഠിച്ച റിപ്പോർട്ട് കൈയിൽ വെച്ച് ഇനിയും മറ്റൊരു പഠനം നടത്തേണ്ട ആവശ്യമില്ല.

കോർപറേറ്റും ഭരണകൂടവും എങ്ങനെ ഒന്നിക്കുന്നു എന്നതിനുള്ള തെളിവാണ് എൻഡോസൾഫാൻ എന്ന് ജവഹർലാൽ നെഹ്റു സർവകലാശാലയിലെ പ്രഫ. എ.കെ. രാമകൃഷ്ണൻ പറഞ്ഞു.

എൻഡോസൾഫാൻ ദുരിതബാധിതർക്ക് പാക്കേജ് പ്രഖ്യാപിച്ച സംസ്ഥാന സർക്കാറിെൻറ നടപടി സ്വാഗതം ചെയ്ത സോളിഡാരിറ്റി സംസ്ഥാന പ്രസിഡൻറ് പി. മുജീബുറഹ്മാൻ ഈ പാക്കേജ് പോരെന്നും നേരത്തേ പ്രഖ്യാപിച്ച പദ്ധതികളുടെ ഗുണഫലം ദുരിതബാധിതർക്ക് ഇനിയും കിട്ടാത്ത കാര്യം പരിശോധിച്ച് പരിഹരിക്കണമെന്നും ആവശ്യപ്പെട്ടു. ദേശീയ തലത്തിൽ നിരോധിക്കും വരെ എല്ലാവരുമായി യോജിച്ച് സമരം ശക്തിപ്പെടുത്തുമെന്നും മുജീബുറഹ്മാൻ പറഞ്ഞു.

മുസ്ലിം പേഴ്സനൽ ലോ ബോർഡ് അംഗം എസ്.ക്യു.ആർ. ഇല്യാസ്, ജമാഅത്തെ ഇസ്ലാമി അഖിലേന്ത്യാ ശൂറാ അംഗം മുജ്തബ ഫാറൂഖ്, ബദ്രീയ്യുസ്സമാൻ, അനീസ് റഹ്മാൻ എന്നിവരും സംസാരിച്ചു. എൻമകജെ പഞ്ചായത്തിലെ ദുരിതബാധിതനായ ദേവികിരൺ ഗാനം ആലപിച്ചു. എൻഡോസൾഫാൻ ദുരിതബാധിതയായി മരണപ്പെട്ട കാസർകോട് ബദിയടുക്ക പഞ്ചായത്തിലെ കവിതയുടെ സഹോദരങ്ങളായ നാരായണൻ, രാമചന്ദ്രൻ, ബദിയടുക്കയിലെ അജിത് ഷാജി , അമ്മ സിന്ധു, ജീവൻ രാജ്, അവരുടെ മാതാപിതാക്കളായ ഈശ്വർ നായിക്, പുഷ്പലത എന്നിവർ പങ്കെടുത്തു. സോളിഡാരിറ്റി യൂത്ത് മൂവ്മെൻറ് സംസ്ഥാന സെക്രട്ടറിമാരായ കെ.കെ. ബഷീർ, എൻ.കെ. അബ്ദുസ്സലാം, സമിതി അംഗങ്ങളായ കെ.ടി. ഹുസൈൻ, മലയാളി ഹൽ ചെയർമാൻ പി.കെ. നൗഹൽ എന്നിവർ മാർച്ചിന് നേതൃത്വം നൽകി.



എൻഡോസൾഫാൻ ദുരിതബാധിതരുമായി സോളിഡാരിറ്റി യൂത്ത് മൂവ്മെൻറ് പാർലമെൻറിലേക്ക് നടത്തിയ മാർച്ച് മേധാ പട്കർ ന്യൂദൽഹിയിൽ ഉദ്ഘാടനം ചെയ്യുന്നു

25 November 2010

എൻഡോസൾഫാൻ: ഇനി വേണ്ടത് പഠനമല്ല, നടപടി'



26 November 2010

26-11-10

എൻഡോസൾഫാൻ വിരുദ്ധ കൺവൻഷൻ നാളെ

കൽപ്പറ്റ: വയനാട് പ്രകൃതി സംരക്ഷണ സമിതി, തണൽ തിരുവനന്തപുരം, ഫോൺസ് മാനന്തവാടി എന്നിവയുടെ ആഭിമുഖ്യത്തിൽ എൻഡോസൾഫാൻ വിരുദ്ധ കൺവൻഷൻ നാളെ ഉച്ചയ്ക്ക് രണ്ടിന് സുൽത്താൻ ബത്തേരി ഐ.എ.എ ഹാളിൽ നടക്കും. മാരകകീടനാശിനി നിയന്ത്രണം സംബന്ധിച്ച ജനീവാ കൺവൻഷനിൽ ഇന്ത്യയെ പ്രതിനിധീകരിച്ച സി ജയകുമാർ ഉദ്ഘാടനം ചെയ്യും. പ്രഫ. ടി മോഹൻബാബു, ഡോ. പി ലക്ഷ്മണൻ, പി ആർ ജയപ്രകാശ്, കെ സദാനന്ദൻ, കെ ജെ ദേവസ്യ, ഏച്ചോം ഗോപി, കെ ടി ജോസഫ്, റഷീദ്, സലാം മുട്ടിൽ പങ്കെടുക്കും.

മലയാള മനോരമ

29 November 2010

നിരോധിത കീടനാശിനികൾ വിറ്റാൽ കട പൂട്ടേണ്ടിവരും

വിൽപനശാലകളിൽ റെയ്ഡ് നടത്താൻ കൃഷിവകുപ്പ് നിർദേശം.

29-11-10 Nandakam

കീടനാശിനി ഉപയോഗം; പുനർവിചിന്തനത്തിനു തയാറാകണം



കീടനാശിനി ഉപയോഗം നിർത്തണം

എൻഡോസൾഫാൻ വിരുദ്ധ റാലി നടന്നു

എൻഡോസൾഫാൻ: ധർണ നടത്തി

1186 തുലാം 13
1932 കാർത്തിക 8
1431 ദുൽ ക അദ് 20

നിങ്ങളുടെ അനുമതിയില്ലാതെ ആർക്കും
നിങ്ങളെ കീഴ്പ്പെടുത്താൻ ആരിലും ഏതൊരാൾ ദുർബ്ബലൻ

എൻഡോസൾഫാൻ 'എൻഡ്' എവിടെ?



തേർവാഴ്ച

സി.ആർ. നീലകണ്ഠൻ

തിരഞ്ഞെടുപ്പിന്റെ അഭാവത്തിലും എൻഡോസൾഫാൻ കീടനാശിനി സംബന്ധിച്ചു കേന്ദ്ര കൃഷിമന്ത്രി പ്രഫ. കെ.വി. തോമസ് നടത്തിയ പ്രസ്താവനയ്ക്കെതിരേ ശക്തമായ പ്രതികരണങ്ങൾ ഉയർന്നുവന്നതു സ്വാഗതാർഹമായ കാര്യം തന്നെ.

തെരഞ്ഞെടുപ്പിൽ ആരു ജയിച്ചാലും ആരു തോറ്റാലും, കേരളത്തെ സംബന്ധിച്ചിടത്തോളം നിർണ്ണായകമായ ഒരു വിഷയമാണിത്. മുഖ്യമന്ത്രിയും, കോൺഗ്രസ് നേതാവ് വി.എം. സുധീരനും, കാസർഗോട്ടു എൻഡോസൾഫാൻ വിരുദ്ധ സമരസമിതിയും, പരിസ്ഥിതി-ശാസ്ത്ര ഗവേഷണ സ്ഥാപനമായ സെന്റർ ഫോർ സയൻസ് ആൻഡ് എൻവയൺമെന്റുമെല്ലാം പ്രതികരിച്ചുവിട്ടിട്ടുണ്ട്. കേരളത്തിൽ നിന്നുള്ള ഒരു ജനപ്രതിനിധിയെന്ന നിലയിൽ കെ.വി. തോമസ് ഇത്തരമൊരു നിലപാട് എടുക്കുമായിരുന്നുവെന്നു തുറന്നുപറയാൻ ധൈര്യമുള്ളവരാണ് ഇവരെല്ലാം.

കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ കീഴിലുള്ളവയും, സ്വതന്ത്രമായി പ്രവർത്തിക്കുന്നവയുമായ നിരവധി വിദഗ്ധ സ്ഥാപനങ്ങൾ കാസർഗോഡ് പ്രശ്നത്തെ ഈ കീടനാശിനി പ്രയോഗത്തിന്റെ ദുരന്തഫലങ്ങൾ വിശദമായി അന്വേഷിച്ചു റിപ്പോർട്ടുകൾ തയാറാക്കിയിട്ടുണ്ട്. ആ പ്രശ്നത്തെ ജനങ്ങളുടെ ആരോഗ്യപ്രശ്നങ്ങൾക്കു കീടനാശിനി പ്രയോഗം കാരണമാണെന്ന് അവർ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. സ്ഥിരീകരിച്ചിട്ടുണ്ട്.

ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ചിന്റെ കീഴിലുള്ള എൻ.ഐ.ഒ.എച്ച്. (നാഷിണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓക്യുപേഷണൽ ഹെൽത്ത്) തയാറാക്കിയതു വിശദമായ റിപ്പോർട്ടാണ്. വിശദമായ മെഡിക്കൽ സർവേ നടത്തി സംഘടനാ സർക്കാരിന്റെ ആരോഗ്യ വകുപ്പ് സെക്രട്ടറിക്ക് തയാറാക്കിയ റിപ്പോർട്ടും, ഇന്ത്യൻ മെഡിക്കൽ അസോസിയേഷന്റെയും, മറ്റു നിരവധി വിദഗ്ധ സ്ഥാപനങ്ങളുടെയും പഠനങ്ങളുണ്ട്.

ഇവയിലെല്ലാം തയാറാക്കിയ റിപ്പോർട്ടുകളുണ്ട്. ഇവിടെയും പറഞ്ഞിരിക്കുന്ന തെളിവുകളെ നിഷേധിക്കാൻ കഴിയുംവിധമുള്ള എതു പഠന റിപ്പോർട്ടാണു മന്ത്രി തോമസിന്റെ നിലപാടിനാധാരമെന്നതു വ്യക്തമാക്കാനും കേന്ദ്ര കൃഷിമന്ത്രിയുടെ ആരോഗ്യ-പരിസ്ഥിതി വിഷയങ്ങളിലുള്ള വിദഗ്ധരെയാണോ മന്ത്രി ആശ്രയിക്കേണ്ടിയിരുന്നത് കുറച്ചുകൂടി അവധാനതയോടെ ഇടപെടണമായിരുന്നുവെന്നു തീർച്ച.

താൻ പറഞ്ഞതു കേന്ദസർക്കാരിന്റെ പ്രഖ്യാപിത നിലപാടാണെന്നു ഭൗമ മന്ത്രിയും നിയമപരമായി രക്ഷപ്പെടാനുണ്ടാകും. ശാസ്ത്രമല്ല എൻഡോസൾഫാൻ ഉൽപാദിപ്പിക്കുന്നതു മന്ത്രിയുടെ ഇന്ത്യയാണ്. ഇസ്രയേലും, ചൈനയുമാണു മറ്റു രാജ്യങ്ങൾ. ഇസ്രയേൽ കമ്പനിയെ പൊന്നു വിലകൊടുത്തെങ്കിലും, കേൾക്കുന്നു

ഇന്ത്യയിലെ ഉൽപാദനത്തിന്റെ 15 ശതമാനം കൊച്ചിയിലെ കേന്ദ്ര പൊതുമേഖല സ്ഥാപനമായ എച്ച് ഐ എല്ലിന്റെ പങ്കാണ്. ബാക്കിയിൽ സിംഹഭാഗവും, എക്സിസ് എന്ന സ്വകാര്യ കമ്പനിയാണ് ഉൽപാദിപ്പിക്കുന്നത്. വമ്പൻ ലാഭമുള്ള ഈ വ്യാപാരത്തിന്റെ സംരക്ഷണത്തിനായി ഉദ്യോഗസ്ഥരെയും, രാഷ്ട്രീയ നേതാക്കളെയും, കൂടെ നിർത്താൻ എക്സിസ് ശ്രമിക്കുന്നതാണ് ഇന്ത്യയുടെ നയം. ഇതെത്രമാത്രമാകുന്നുണ്ട് കാരണം.

അന്നത്തെ അംബാസഡറായ രാഘവൻതുക്കളുടെ വിനീയോഗം (വി.രാഘവൻ) സംബന്ധിച്ചുള്ള അനാവശ്യ സമ്മർദ്ദം, ഇക്കഴിഞ്ഞ ഓഗസ്റ്റിൽ ഇന്ത്യൻ അംബാസഡറായിരുന്ന ശ്രീ.

കേരള കൗമുദി

02 December 2010

ജനയുഗം



എൻഡോസൾഫാൻ ദുരിതബാധിതമേഖലയിൽ ഒരു രോഗിയുടെ വീട്ടിൽ സാംസ്കാരികപ്രവർത്തകർ എത്തിയപ്പോൾ

സാംസ്കാരികപ്രവർത്തകർ എൻഡോസൾഫാൻ ബാധിത പ്രദേശങ്ങൾ സന്ദർശിച്ചു

കാസർകോട്: സാംസ്കാരികവകുപ്പിന്റെയും വിവിധ അക്കാദമികളുടെയും നേതൃത്വത്തിൽ സാംസ്കാരിക പ്രവർത്തകർ എൻഡോസൾഫാൻ ദുരിതബാധിതപ്രദേശങ്ങൾ സന്ദർശിച്ചു. ബെള്ളൂർ ഗ്രാമപഞ്ചായത്തിലെ ഏത്തടുക്ക, കക്കിബെട്ടു, കാറഡുക്ക ഗ്രാമപഞ്ചായത്തിലെ ആദൂർ-കൈന്തോട് എന്നിവിടങ്ങളിലെ രോഗബാധിതരെയാണ് ഇവർ സന്ദർശിച്ചത്.

എം മുകുന്ദൻ, സാഹിത്യ അക്കാദമി പ്രസിഡന്റ് പി. വൽസല, സെക്രട്ടറി പുരുഷൻ കടലുണ്ടി, ലളിതകലാ അക്കാദമി സെക്രട്ടറി രാവുണ്ണി, കെ. ഇ. എൻ കുഞ്ഞഹമ്മദ്, പി.കെ ഗോപി, ബാബുഭരദ്വാജ്, ഡോ. ലിസിമാത്യു, പവിത്രൻ തീക്കുനി, ഡോ. എ കെ നമ്പ്യാർ, മധു എസ് നായർ, ഡോ. എ.എസ് പ്രശാന്ത് കൃഷ്ണൻ, ഇബ്രാഹിം വേങ്ങര, അനിൽ മാരാത്ത്, പൊന്ന്യം ചന്ദ്രൻ തുടങ്ങിയവരാണ് മരുഗികളുടെ വീട്ടിലെത്തിയത്. കെ.വി കുഞ്ഞിരാമൻ എം. എൽ. എ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പി. പി ശ്യാമളാദേവി, കാറഡുക്ക ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ബി.എം പ്രദീപ്, ബെള്ളൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എ.കെ കുശല എന്നിവരും ഒപ്പമുണ്ടായിരുന്നു.

മംഗളം

03 December 2010

എല്ലാ മാരക കീടനാശിനികളും നിരോധിക്കണം: മന്ത്രി ശ്രീമതി

എൻഡോസൾഫാൻ അവലോകന യോഗത്തിൽ ഒരു വിഭാഗം ഡോക്ടർമാർ വിട്ടുനിന്നു

കാഞ്ഞങ്ങാട്: കാർഷിക മേഖലയിൽ ഉപയോഗിക്കുന്ന എല്ലാ മാരക കീടനാശിനികളും നിരോധിക്കണമെന്ന് ആരോഗ്യമന്ത്രി പി.കെ.ശ്രീമതി. സംസ്ഥാന സർക്കാർ നടപ്പാക്കുന്ന എൻഡോസൾഫാൻ പാക്കേജിനെക്കുറിച്ചു വിശദീകരിക്കാൻ വിളിച്ചു ചേർത്ത പത്രസമ്മേളനത്തിലാണ് മന്ത്രി ഇക്കാര്യം പറഞ്ഞത്.

കീടനാശിനികൾ നിയന്ത്രിക്കാനുള്ള അവകാശം കേന്ദ്രസർക്കാരിനാണ്. ദുർത്ത ബാധിതർക്കായി 100 കോടി രൂപയുടെ പദ്ധതി കേന്ദ്രസർക്കാരിനു സമർപ്പിക്കുമെന്നും അവർ പറഞ്ഞു. മണ്ണുത്തിയിലെ കാർഷിക സർവകലാശാല ഇതിനായി പുറത്തിറക്കിയ പാക്കേജസ് ഓഫ് പ്രാക്ടീസ് ഹെക്കെറ്റേഷൻ എന്ന പുസ്തകത്തിൽ കർഷകർക്ക് ഉപയോഗിക്കാൻ നിർദ്ദേശിച്ച രണ്ടു മാരക കീടനാശിനികളെക്കുറിച്ചുള്ള പ്രയോഗം പിൻവലിക്കാൻ നിർദ്ദേശിച്ചിട്ടുണ്ടെന്നും അവർ പറഞ്ഞു.

കാസർഗോഡ് ജില്ലയിൽ എൻഡോസൾഫാൻ ദുരിത ബാധിതരുടെ പട്ടികയിൽ ഉൾപ്പെടുത്തിട്ടില്ലാത്തവർക്കും ചികിത്സ ഉറപ്പാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. എൻഡോസൾഫാൻ പാക്കേജിന്റെ ഭാഗമായി മാത്രം ഒരു ഡപ്യൂട്ടി കലക്ടറെ നിയമിക്കാനും തീരുമാനിച്ചിട്ടുണ്ട്.

ഈ സർക്കാർ ആദ്യം പ്രഖ്യാപിച്ച എൻഡോസൾഫാൻ പാക്കേജിന് ചില പോരായ്മകൾ ഉണ്ടായിട്ടുണ്ടെന്നും അവ പരിഹരിച്ച് പദ്ധതി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നതെന്നും. ഏഴരക്കോടി രൂപയുടെ പദ്ധതി സർക്കാരിന് സമർപ്പിച്ചിട്ടുണ്ടെന്നും അവർ പറഞ്ഞു.

പത്രസമ്മേളനത്തിൽ എം. എൽ.എമാരായ കെ.വി.കുഞ്ഞിരാമൻ, സി.ടി.അഹമ്മദലി, പള്ളിപ്രം ബാലൻ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്യാമളാദേവി, ജില്ലാ മെഡിക്കൽ ഓഫീസർ ജോസ് ഡിക്രൂസ് എന്നിവർ സംബന്ധിച്ചു.

കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിൽ നടന്ന ജനസമ്പർക്ക പരിപാടിയിൽ ഉദ്യോഗസ്ഥർക്കു സഞ്ചരിക്കാൻ വാഹനങ്ങൾ വാടകയ്ക്ക് എടുത്തതായി വ്യാജ രേഖ ഉണ്ടാക്കി 69,215 രൂപ തട്ടിയെടുത്ത കേസിൽ ഡി.എം.ഒ. നൽകിയ പരാതിപ്രകാരം വിജിലൻസ് ഡിവൈ.എസ്.പി കെ.പി.ഷൈനാണ് കേസന്വേഷിക്കുന്നത്.

മാധ്യമം

03 December 2010

ഡയറക്ടർ ബോർഡ് തീരുമാനം ഇന്ന്

madhyamam

എൻഡോസൾഫാൻ ദുരിത ബാധിതർക്ക് ഒടുവിൽ പ്ലാന്റേഷൻ കോർപറേഷന്റെ സഹായവും

സി.എ.എം. കരീം

കോട്ടയം: എൻഡോസൾഫാൻ ദുരിത ബാധിതർക്ക് സഹായം ലഭ്യമാക്കാൻ ഒടുവിൽ പ്ലാന്റേഷൻ കോർപറേഷനും തീരുമാനിച്ചു. എൻഡോസൾഫാൻ ദുരിതത്തിന്റെ ഉത്തരവാദിത്തത്തിൽനിന്ന് കോർപറേഷന് ഒഴിഞ്ഞുമാറാനാവില്ലെന്ന് സംസ്ഥാന സർക്കാറും പരിസ്ഥിതി സംഘടനകളും പരസ്യമായി ചൂണ്ടിക്കാട്ടിയ സാഹചര്യത്തിലാണ് ഇന്നുചേരുന്ന കോർപറേഷൻ ഡയറക്ടർ ബോർഡ് യോഗത്തിന്റെ മുഖ്യഅജണ്ടയായി ഈ വിഷയം ഉൾപ്പെടുത്തിയത്.

സർക്കാർ നൽകുന്ന ദുരിതാശ്വാസത്തിന്റെ ഒരു ഭാഗം കോർപറേഷൻ വഹിക്കുമെന്നും ഇതുസംബന്ധിച്ച് ഡയറക്ടർ ബോർഡ് യോഗത്തിൽ തീരുമാനമുണ്ടാകുമെന്നും ചെയർമാൻ ടി.കെ. ആബ്രഹാം 'മാധ്യമ'ത്തോട് പറഞ്ഞു. എൻഡോസൾഫാൻ ദുരന്തത്തിന്റെ ഉത്തരവാദിത്തം കോർപറേഷനില്ലെന്നും തങ്ങളുടെ എസ്റ്റേറ്റുകളിൽ എൻഡോസൾഫാൻ തളിക്കുന്നത് നിർത്തിവെച്ചുവെന്നുമായിരുന്നു നേരത്തേ ചെയർമാന്റെ നിലപാട്.

കൃഷിവകുപ്പുമായി നടന്ന ചർച്ചയിലും സർക്കാറിന്റെ വിവിധ വകുപ്പുകളുമായുള്ള കൂടിക്കാഴ്ചകളിലും ദുരിതാശ്വാസനിധിയിലേക്ക് അർഹമായ പങ്ക് കോർപറേഷൻ നൽകണമെന്ന് നിർദേശം ഉയർന്നിരുന്നു. ദുരന്തബാധിതർക്ക് ആരോഗ്യ-ഇൻഷുറൻസ് പദ്ധതി, വീടുവെച്ച് നൽകൽ, വിദഗ്ധ ചികിത്സ, പെൻഷൻ എന്നീ സർക്കാർ പദ്ധതികളിൽ കോർപറേഷന്റെ പങ്കാളിത്തം ഉറപ്പാക്കണമെന്നും സർക്കാർ നിർദേശിച്ചിരുന്നു. ഇക്കാര്യത്തിലും സർക്കാർ പ്രതിനിധികൾ കൂടി ഉൾപ്പെടുന്ന ബോർഡ് യോഗത്തിൽ തീരുമാനമുണ്ടാകും. കോർപറേഷനും എസ്റ്റേറ്റുകളും ഇപ്പോൾ സാമ്പത്തികമായി ഓത്തേിലാണ്. അതുകൊണ്ടുതന്നെ പങ്കാളിത്തം ഉറപ്പാക്കണമെന്നാണ് കോർപറേഷന്റെ ചുമതലയുള്ള സംസ്ഥാന കൃഷി മന്ത്രാലയത്തിന്റെ നിർദേശം.

അതിനിടെ, കോർപറേഷൻ എസ്റ്റേറ്റുകളിലെ തൊഴിലാളികൾ എൻഡോസൾഫാൻ തളിക്കുന്നതിനെതിരെ രംഗത്ത് വന്നതും തിരിച്ചടിയായിട്ടുണ്ട്. ഇനി രാസകീടനാശിനികൾ ഉപയോഗിക്കാൻ തങ്ങൾ തയാറല്ലെന്നും മുഴുവൻ തൊഴിലാളികളെയും ആരോഗ്യപരിശോധനക്ക് വിധേയരാക്കണമെന്നുമാണ് പ്ലാന്റേഷൻ കോർപറേഷൻ എസ്റ്റേറ്റുകളിലെ തൊഴിലാളി സംഘടനകൾ ആവശ്യപ്പെട്ടിരിക്കുന്നത്. 2000 ഡിസംബർ മുതൽ എൻഡോസൾഫാൻ ഉപയോഗം കോർപറേഷന്റെ തോട്ടങ്ങളിൽ നിരോധിച്ചിട്ടുണ്ടെന്നാണ് ചെയർമാന്റെ അവകാശവാദം. രാസകീടനാശിനി ഉപയോഗിക്കുന്നത് കാർഷിക സർവകലാശാലയുടെയും സർക്കാർ ഏജൻസികളുടെയും നിർദേശപ്രകാരമാണെന്നും ഇക്കാര്യത്തിൽ കോർപറേഷൻ ഒറ്റക്ക് തീരുമാനമെടുത്തിട്ടില്ലെന്നും ചെയർമാൻ വ്യക്തമാക്കിയിരുന്നു.

എന്നാൽ, 24 വർഷം തുടർച്ചയായി പ്ലാന്റേഷൻ കോർപറേഷന്റെ തോട്ടങ്ങളിൽ എൻഡോസൾഫാൻ തളിച്ചെന്നാണ് കണ്ടെത്തിയിട്ടുള്ളത്. രാസകീടനാശിനി ഉപയോഗിത്തിലൂടെ ജനങ്ങളെ കൊല്ലാകൊലചെയ്ത കോർപറേഷനെതിരെ നിയമനടപടി സ്വീകരിക്കുന്നതിനെക്കുറിച്ച് പരിസ്ഥിതി സംഘടനകൾ ആലോചിച്ച് വരികയാണ്. വിവിധ സംഘടനകളുടെ നേതൃത്വത്തിൽ കോർപറേഷൻ ആസ്ഥാനമായ കോട്ടയത്ത് സമരപരിപാടികളും നടക്കുന്നുണ്ട്.


04 December 2010

കേന്ദ്ര കൃഷി മന്ത്രാലയം കീടനാശിനി കമ്പനികളുടെ നിയന്ത്രണത്തിൽ

ഹസനുൽ ബന്ന

ന്യൂദൽഹി: എൻഡോസൾഫാൻ ഉൽപാദകർ അടക്കമുള്ള കീടനാശിനി കമ്പനികളെ ഔദ്യോഗിക പങ്കാളിയാക്കി കേന്ദ്ര കൃഷി മന്ത്രാലയത്തിന്റെ ചടങ്ങ്. എൻഡോസൾഫാൻ രാജ്യവ്യാപകമായി നിരോധിക്കണമെന്ന മുറവിളികിടയിലാണ് അവയുടെ ഉൽപാദക രായ എക്സൽ, എ പ്ലസ് ഐ എഗ്രോ കമ്പനികൾ അംഗങ്ങളായ 'ക്രോപ്കെയർ ഫെഡറേഷൻ ഓഫ് ഇന്ത്യ'ക്ക് വേണ്ടി കേന്ദ്ര കൃഷി മന്ത്രാലയം സർക്കാർ സമ്മേളനം സംഘടിപ്പിച്ചത്.

ന്യൂദൽഹി വിജ്ഞാൻ ഭവനിൽ ശനിയാഴ്ച വൈകീട്ടായിരുന്നു മാരക കീടനാശിനി ഉൽപാദകർക്ക് കേന്ദ്ര കൃഷി മന്ത്രാലയത്തിനുള്ള സ്വാധീനം വ്യക്തമാക്കുന്ന ചടങ്ങ്. 'മികച്ച കൃഷിയിലൂടെ ഗ്രാമ സുരക്ഷിതത്വം' എന്ന പേരിട്ട് കീടനാശിനി കമ്പനികളുടെ ചെലവിലായിരുന്നു സമ്മേളനം. രാസവ്യാപകമായുള്ള പ്രതിഷേധം വകവെക്കാതെ, രാഷ്ട്രപതി പ്രതിഭാ പാട്ടീലിനെ ചടങ്ങിൽ പങ്കെടുപ്പിച്ച് കേന്ദ്ര കൃഷി മന്ത്രാലയം മാരക കീടനാശിനി കമ്പനികളോടുള്ള തങ്ങളുടെ വിധേയത്വം പ്രകടിപ്പിക്കുകയായിരുന്നു. മാരക കീടനാശിനികൾ നിരോധിക്കുന്നതിന് പകരം കാർഷിക കോൽപാദനം വർധിപ്പിക്കാനെന്ന പേരിൽ അവയുടെ വ്യാപനം എങ്ങനെ സാധ്യമാക്കാമെന്നാണ് സമ്മേളനം ചർച്ച ചെയ്തത്.



എൻഡോസൾഫാൻ ഉൽപാദകർ അടക്കമുള്ള കീടനാശിനി കമ്പനികൾക്ക് വേണ്ടി കേന്ദ്ര കൃഷി മന്ത്രാലയം സംഘടിപ്പിച്ച ചടങ്ങിൽ രാഷ്ട്രപതി പ്രതിഭാ പാട്ടീലും കേന്ദ്ര കൃഷി മന്ത്രി ശരദ് പവാറും. പിന്നിൽ കീടനാശിനി കമ്പനികളുടെ ഫെഡറേഷൻ പ്രസിഡന്റ് രാജു ഷ്റോഫും സെക്രട്ടറി എൻ. സുകുമാറും

കേന്ദ്ര കൃഷി മന്ത്രി ശരദ് പവാറിന് പുറമെ കേന്ദ്ര ഭക്ഷ്യ സംസ്കരണ മന്ത്രി സുബോധ് കാന്ത് സഹായ്, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ മാനേജ്മെന്റ് ചെയർമാൻ പ്രഫ. വൈ.കെ. അഴകേയിരുന്നു പ്രധാന പ്രഭാഷകൻ. പൂർണമായും കീടനാശിനി കമ്പനികളുടെ ഫെഡറേഷന്റെ നിയന്ത്രണത്തിൽ നടത്തിയ ചടങ്ങിൽ ഫെഡറേഷൻ പ്രസിഡന്റ് രാജു ഷ്റോഫ് സ്വാഗതം ആശംസിച്ചു. സെക്രട്ടറി എൻ. സുകുമാർ നന്ദി പറഞ്ഞു. കീടനാശിനി കമ്പനികളൊരുക്കിയ അത്താഴ സൽക്കാരത്തോടെയാണ് ചടങ്ങ് സമാപിച്ചത്.

05 December 2010



അതിജീവന സന്ദേശയാത്ര ആരംഭിച്ചു

രോഗബാധിത കുട്ടികൾക്ക് സഹായമായി 'സനാഥം'

എൻഡോസൾഫാൻ: ഉപവാസം നാളെ

പ്രധാനമന്ത്രിക്ക് നിവേദനം നൽകി



എൻഡോസൾഫാൻ മുഖ്യപ്രശ്നമായി ഏറ്റെടുക്കും -പി. കരുണാകരൻ എം.പി

മലയാള മനോരമ

15 December 2010

എൻഡോസൾഫാൻ നിരോധിക്കണമെന്ന് മാത്യു സ്റ്റീഫൻ

കാസർകോട്:എൻഡോസൾഫാൻ ഉൾപ്പെടെയുള്ള മാരകമായ കീടനാശിനികൾ ദേശീയതലത്തിൽ നിരോധിക്കണമെന്ന് കേരള കോൺഗ്രസ് (എം) കർഷകയൂണിയൻ സംസ്ഥാന പ്രസിഡന്റ് മാത്യു സ്റ്റീഫൻ ആവശ്യപ്പെട്ടു. കീടനാശിനി ഉപയോഗത്തിനെതിരെകർഷകയൂണിയൻസംസ്ഥാനത്ത് ജില്ലകൾതോറും ബോധവൽക്കരണ പരിപാടികൾ നടത്തും. ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതപ്രദേശങ്ങൾ സന്ദർശിച്ചശേഷം വാർത്താ സമ്മേളനത്തിൽ അറിയിച്ചതാണ് ഇക്കാര്യം. പാർട്ടി ജനറൽസെക്രട്ടറി പി.സി.ജോസഫ്, ഓഫിസ് ചുമതലയുള്ള ജനറൽ സെക്രട്ടറി റെജി കുന്നംകോട്, ജില്ലാ പ്രസിഡന്റ് പി.വി.മൈക്കിൾ, സെക്രട്ടറി കുര്യാക്കോസ് പ്ലാപറമ്പൻ, ജെറ്റോ ജോസ്, സജി സെബാസ്റ്റ്യൻ, ജോസഫ് മുള്ളൻമട തുടങ്ങിയവരുടെ നേതൃത്വത്തിൽ വിവിധ സ്ഥലങ്ങൾ സന്ദർശിച്ചു.

രോഗികൾക്ക് മൂവായിരം രൂപവീതം പ്രതിമാസ പെൻഷൻ, കശുമാവിൻതോട്ടത്തിലെ അടച്ചിട്ട റോഡുകൾ തുറന്നുകൊടുക്കുക, പിഎച്ച്സികളിൽ കിടത്തി ചികിൽസയ്ക്കുള്ള സൗകര്യം ഒരുക്കുക, പുനരധിവാസകേന്ദ്രം സ്ഥാപിക്കുക, കുടുംബങ്ങളുടെ കാർഷിക വായ്പകൾ എഴുതിതള്ളുക തുടങ്ങിയ ആവശ്യങ്ങളും നേതാക്കൾ ഉന്നയിച്ചു.

ഇക്കാര്യം അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തും. ദുരിതമേഖലയിലെ പല കുടുംബങ്ങളും ബാങ്ക് ജപ്തിഭീഷണിയിലാണെന്നു സന്ദർശനത്തിൽ വ്യക്തമായതായി മാത്യു സ്റ്റീഫൻ പറഞ്ഞു. ഇവരെ രക്ഷിക്കാൻ അടിയന്തരമായി മന്ത്രിസഭ ചേർന്ന് നടപടിയെടുക്കണം. പല വീടുകളിലും വൈദ്യുതി ലഭിച്ചിട്ടില്ലെന്നും കേരള കോൺഗ്രസ് നേതാക്കൾ പറഞ്ഞു.

ഇവിടെ അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കേണ്ടതും അത്യാവശ്യമാണെന്നു പുണ്ടിക്കാട്ടി.

16 December 2010

16/12/10 mm

എൻഡോസൾഫാൻ: ഒരുമരണം കൂടി



കാർത്ത്യായനി.

പെരിയ (കാസർകോട്): എൻഡോസൾഫാൻ ദുരന്തത്തിനിരയായ പെരിയ കുറ്റിയടുക്കത്തെ കാർത്ത്യായനി (35)യും മരണത്തിനു കീഴടങ്ങി. മംഗലാപുരത്തെസ്വകാര്യ ആശുപത്രിയിൽ ചൊവ്വാഴ്ച രാത്രിയിലായിരുന്നു അന്ത്യം. മൂന്നു വർഷമായി അർബുദം ബാധിച്ചു ചികിൽസയിലായിരുന്നു. സംസ്കാരം നടത്തി.

രോഗബാധിതയായിരുന്നിട്ടും എൻഡോസൾഫാനെതിരെയുള്ള സമരപരിപാടികളിൽ പങ്കെടുത്ത് കാർത്ത്യായനി ശ്രദ്ധ നേടിയിരുന്നു. രോഗം കൂടിയതിനെ തുടർന്ന് ജില്ലാ ആശുപത്രിയിൽ പ്രവേശിപ്പിച്ച കാർത്ത്യായനിയെ രണ്ടു ദിവസം മുൻപാണ് മംഗലാപുരത്തെ സ്വകാര്യ ആശുപത്രിയിലേക്കു മാറ്റിയത്.

പ്ലാന്റേഷൻ കോർപറേഷന്റെ പെരിയ എസ്റ്റേറ്റിൽ തൊഴിലാളിയായിരുന്ന പരേതനായ അമ്പുവിന്റെയും വെള്ളച്ചിയുടെയും മകളാണ്. അവിവാഹിതയാണ്. സഹോദരിമാർ: രുഗ്മിണി, ഉഷ.

ദീപിക

15 December 2010

ൻഡോസൾഫാൻ: വിദഗ്ധസമിതിയിൽ നിന്ന് ഡോ. മായിയെ മാറ്റും

ഡൽഹി: എൻഡോസൾഫാൻ പാ
നിനായി കേന്ദ കൃഷിമന്ത്രാലയം നി
ഗിച്ച വിദഗ്ധ സമിതിയുടെ അധ്യക്ഷ
നാലുനിന്ന് ഡോ. സിഡി മായിയെ
ാക്കണമെന്ന് കേന്ദമന്ത്രി ശരദ് പവാർ ഉറ
പ്പുനൽകിയതായി എൻസിപി സംസ്ഥാന
പ്രസിഡന്റ് എസി. ഷൺമുഖദാസ്. സിഡി.
മായിക്കു പകരം ഒരു ആരോഗ്യവിദഗ്ധ
നെ സമിതി അധ്യക്ഷനാക്കുമെന്നു പവാർ
അറിയിച്ചെന്നും ഷൺമുഖദാസ് വ്യക്ത
മാക്കി. എൻസിപി നേതാക്കളായ എ.സി.
ഷൺമുഖദാസ്, പീതാംബരൻ മാസ്റ്റർ,
എം.ജെ. ഉമ്മർ എന്നിവർ തിങ്കളാഴ്ച രാ
ത്രിയിലാണ് ശരദ് പവാറുമായി കൂടിക്കാ
ഴ്ച നടത്തിയത്. എൻഡോസൾഫാനു
മായി ബന്ധപ്പെട്ട് ആരോഗ്യ പ്രശ്നങ്ങൾ
ഉയർന്നതിനാൽ കേന്ദ ആരോഗ്യമന്ത്രാലയ
ത്തിലെ വിദഗ്ധൻ ചെയർമാനായ പുതിയ
സമിതിയെ നിയോഗിക്കാമെന്നാണ് ശരദ്
പവാർ അറിയിച്ചത്.

മാധ്യമം

17 December 2010

സ്റ്റോക്ഹോം കൺവെൻഷനിൽ എൻഡോസൾഫാൻ ഉൾപ്പെടുത്തൽ: ഇന്ത്യ പിന്തുണക്കണം –തൊഴിലാളി യൂനിയനുകൾ

സ്വന്തം ലേഖകൻ

തിരുവനന്തപുരം: സ്റ്റോക് ഹോം കൺവെൻഷനിൽ എൻഡോസൾഫാൻ ഉൾപ്പെടുത്തുന്നതിന് നടക്കുന്ന നീക്കങ്ങളെ ഇന്ത്യൻ സർക്കാർ പിന്തുണക്കണമെന്ന് ഏഷ്യാ-പസഫിക് മേഖലയിൽ നിന്നുള്ള കാർഷിക, തോട്ടം തൊഴിലാളി യൂനിയനുകൾ ആവശ്യപ്പെട്ടു.

ഇൻറർനാഷനൽ യൂനിയൻ ഓഫ് ഫുഡ് വർക്കേഴ്സി (ഐ.യു.എഫ്) ൻെറ കീഴിൽ കീടനാശിനികളും കളനാശിനികളും ഉയർത്തുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യാൻ ചേർന്ന യോഗ ശേഷം വിളിച്ചുചേർത്ത വാർത്താസമ്മേളനത്തിൽ ഭാരവാഹികളാണ് ഇക്കാര്യം ആവശ്യപ്പെട്ടത്. ആഗോള വ്യാപകമായി എൻഡോസൾഫാനും പാരക്വാറും നിരോധിക്കണമെന്ന് ഐ.യു.എഫ് ഏഷ്യാ പസഫിക് റീജനൽ സെക്രട്ടറി ജാ വി പിൻ പറഞ്ഞു.

സ്റ്റോക്ഹോം കൺവെൻഷനിൽ എൻഡോസൾഫാൻ ഉൾപ്പെടുത്തുന്നതിനെ എതിർത്ത ഇന്ത്യയുടെ നിലപാട് തൊഴിലാളി വിരുദ്ധമാണ്. രാജ്യത്ത് എൻഡോസൾഫാൻ നിരോധിക്കാനും അടുത്ത വർഷം ഏപ്രിലിൽ നടക്കാനിരിക്കുന്ന അന്താരാഷ്ട്ര കൺവെൻഷനിൽ ആഗോള നിരോധത്തിന് പിന്തുണ നൽകാനും ഇന്ത്യൻ സർക്കാർ തയാറാവണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

കീടനാശിനികൾ അതുപയോഗിക്കുന്ന തൊഴിലാളികളുടെ ആരോഗ്യത്തെ പ്രതികൂലമായി ബാധിക്കുമെന്ന് വ്യക്തമായിരിക്കെ അത് നിരോധിക്കുന്നവർ സ്വപ്നലോകത്താണ് ജീവിക്കുന്നതെന്ന് ഐ.യു.എഫ് ഏഷ്യാ പസഫിക് റിസർച് ഓഫിസർ ഡോ. ജാസ്പർ ഗ്രോസ് പറഞ്ഞു. തൊഴിലാളികളുടെ മനുഷ്യാവകാശത്തിൻെറ കൂടി പ്രശ്നമാണിതെന്നും അദ്ദേഹം പറഞ്ഞു. തങ്ങൾ ഉപയോഗിക്കുന്ന കീടനാശിനി എന്താണെന്ന് അറിയുന്നതിനുള്ള അവകാശം തൊഴിലാളികൾക്കുണ്ട്. നിലവിലുള്ള നിയമം നടപ്പാക്കാൻ സർക്കാറിനും തൊഴിൽദാതാക്കൾക്കും ഉത്തരവാദിത്തമുണ്ട്. എൻഡോസൾഫാന് പകരം ജൈവ കീടനാശിനികളുണ്ടെന്ന് ലോക രാജ്യങ്ങൾ സമ്മതിച്ചിരിക്കെ എൻഡോസൾഫാൻ തന്നെ ഉപയോഗിക്കണമെന്ന് ശഠിക്കുന്നതിൽ അർഥമില്ലെന്നും അദ്ദേഹം പറഞ്ഞു.

അപകടകരമായ രാസവസ്തുക്കൾ ഉപയോഗിക്കുന്നതിന് തോട്ടം തൊഴിലാളികളെയും സർക്കാറിനെയും കീടനാശിനി ഉൽപാദകർ സാധീനിക്കുകയാണെന്ന് പെസ്റ്റിസൈഡ് ആക്ഷൻ നെറ്റ്വർക്കിൻെറ എക്സിക്യൂട്ടിവ് ഡയറക്ടറായ മരോജിന് ങ്കെം ചൂണ്ടിക്കാട്ടി. സുസ്ഥിര കാർഷികവ്യത്തിക്കും ജൈവകൃഷിക്കും ള്ള പ്രവർത്തനങ്ങൾ ആഗോളതലത്തിൽ നടക്കവെ രാജ്യങ്ങൾ കാലത്തിന് അനുസരിച്ച് മാറണമെന്നും അവർ പറഞ്ഞു.

തൊഴിലാളി സംഘടനകൾ കൂടി കാലം കൊണ്ടെ എൻഡോസൾഫാൻ ദുരിതബാധിതരുടെ ആവശ്യങ്ങളെ പിന്തുണക്കുന്നുവെന്നത് ശ്രദ്ധേയമാണെന്ന് 'തണൽ' പ്രതിനിധി സി. ജയകുമാർ പറഞ്ഞു. എൻഡോസൾഫാൻ ഉൽപാദിപ്പിക്കുകയോ പ്രയോഗിക്കുകയോ പാടില്ലെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

ഉച്ചകോടികൾ മാത്രം: പ്രകൃതി സംരക്ഷണത്തിന് തീരുമാനങ്ങളില്ല –മന്ത്രി മുല്ലക്കര

തിരുവനന്തപുരം: ഉച്ചകോടികളും യോഗങ്ങളും മുറക്ക് നടക്കുന്നുണ്ടെങ്കിലും പ്രകൃതി സംരക്ഷണാർഥമുള്ള തീരുമാനങ്ങളൊന്നും ഉണ്ടാകുന്നില്ലെന്ന് മന്ത്രി മുല്ലക്കര രത്നാകരൻ.

പരിസ്ഥിതി വകുപ്പിൻെറയും സംസ്ഥാന പ്ലാനിങ് കമീഷൻെറയും സംയുക്താഭിമുഖ്യത്തിൽ തിരുവനന്തപുരത്ത് സംഘടിപ്പിച്ച കാലാവസ്ഥാ വ്യതിയാനത്തെ കുറിച്ച ദേശീയ ശിൽപശാലയുടെ സമാപന യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. വികസന വികസന രാജ്യങ്ങൾ ഒന്നിച്ചിരുന്ന് തീരുമാനമെടുക്കുക എന്നത് പ്രായോഗികമാണ്. മാനസിക വികാസത്തിൻെറ കാര്യത്തിൽ വികസിത രാജ്യങ്ങൾ മുതിർന്നിരിക്കുന്നവരാണ്. അതുകൊണ്ട് വികസിതം-വികസ്വരം എന്നിങ്ങനെ രണ്ടായി തിരിക്കണമെന്നും അദ്ദേഹം പറഞ്ഞു.

ഒരു സാധാരണ പൗരനെന്ന നിലയിൽ ഇന്നത്തെ പരിസ്ഥിതി പ്രശ്നങ്ങളിൽ തനിക്കും കടുത്ത ആശങ്കയുണ്ട്. പ്രകൃതിയെ മലിനപ്പെടുത്തുന്നവർക്ക് മലിനീകരണത്തിൻെറ തോതനുസരിച്ച് ഫ്രൈമറ്റ് ടാക്സ് ഏർപ്പെടുത്തണമെന്നാണ് തൻെറ വ്യക്തിപരമായ അഭിപ്രായം.

ബൊട്ടണി പഠിക്കുന്നവർ ചെടിയെയും അതിൻെറ ഘടനയെയുമല്ലാതെ അതിനെ ആശ്രയിച്ചു കഴിയുന്ന മനുഷ്യനെയോ സമൂഹത്തെയോ കാണുന്നില്ല. ഇതാണ് കണ്ണത്തെലുകൾക്ക് സാമൂഹിക പ്രാധാന്യമില്ലാത്തതിന് കാരണമെന്നും അദ്ദേഹം പറഞ്ഞു.

ചടങ്ങിൽ അഡീഷനൽ ചീഫ് സെക്രട്ടറി കെ. ജയകുമാർ അധ്യക്ഷത വഹിച്ചു. കേരള എൻവയൺമെൻറ് മാനേജ്മെൻറ് ഏജൻസി ഡയറക്ടർ ഡോ. എ സ്.കെ. കൻഡൂരി, ഇൻഫർമേഷൻ കേരള മിഷൻ ഡയറക്ടർ പ്രഫ. എം.കെ. പ്രസാദ്, ഡോ.പി. രാജശേഖരൻ, തുടങ്ങിയവർ പങ്കെടുത്തു.

എൻഡോസൾഫാൻ: തീരുമാനം പ്രധാനമന്ത്രിക്ക് വിട്ടു

സ്വന്തം ലേഖകൻ

തിരുവനന്തപുരം: എൻഡോസൾഫാൻ പഠനത്തിന് ഒരു സമിതി മതിയോ അതോ പ്രശ്നം പഠിക്കാൻ ഒന്നിലധികം സമിതികൾ വേണോ എന്ന തീരുമാനം പ്രധാനമന്ത്രിക്ക് വിട്ടു. മൂന്ന് കേന്ദ മന്ത്രാലയങ്ങൾ മൂന്ന് വ്യത്യസ്ത പഠനങ്ങൾ നടത്തണമെന്നും എല്ലാ യോഗങ്ങൾക്കും ചെയർമാൻ ഒരു പഠനം നടത്തിയാൽ മതിയെന്നുള്ള നിർദേശം മന്ത്രിതലത്തിലുള്ള ചർച്ചയിൽ ഉയർന്നുവന്നതായാണ് അറിയുന്നത്. ഇതിനെ തുടർന്നാണ് പ്രധാനമന്ത്രി അന്തിമ തീരുമാനമെടുക്കണമെന്ന് ആവശ്യപ്പെട്ടത്.

ഈ വിഷയത്തിൽ മൂന്ന് മന്ത്രാലയങ്ങൾ പഠനത്തിനിറങ്ങുന്നത് തെറ്റിദ്ധാരണ സൃഷ്ടിക്കുമെന്നും അതിനാൽ ഒരു പഠനം മതിയെന്നാണ് തങ്ങളുടെ നിർദേശമെന്നും പ്രധാനമന്ത്രി അന്തിമ തീരുമാനമെടുക്കണമെന്നുമാണ് യോഗത്തിൽ പ്രധാനമായും ഉയർന്നുവന്നതെന്നും അറിയുന്നു.

ഈ വിഷയത്തിൽ മൂന്ന് മന്ത്രാലയങ്ങൾ പഠനത്തിനിറങ്ങുന്നത് തെറ്റിദ്ധാരണ സൃഷ്ടിക്കുമെന്നും അതിനാൽ ഒരു പഠനം മതിയെന്നാണ് തങ്ങളുടെ നിർദേശമെന്നും എല്ലാ യോഗങ്ങൾക്കും ചെയർമാൻ ഒരു പഠനം നടത്തിയാൽ മതിയെന്നുള്ള നിർദേശം മന്ത്രിതലത്തിലുള്ള ചർച്ചയിൽ ഉയർന്നുവന്നതായാണ് അറിയുന്നത്. ഇതിനെ തുടർന്നാണ് പ്രധാനമന്ത്രി അന്തിമ തീരുമാനമെടുക്കണമെന്ന് ആവശ്യപ്പെട്ടത്.

22 December 2010

കേരളത്തിലെ ദുരിതത്തിന് ഉത്തരവാദി സംസ്ഥാന സർക്കാറെന്ന് ശരദ് പവാർ

എൻഡോസൾഫാൻ പഠന ചുമതല ആരോഗ്യമന്ത്രാലയത്തിന്

ഹസനുൽ ബന്ന

ന്യൂഡൽഹി: കേന്ദ കൃഷി, പരിസ്ഥിതി മന്ത്രാലയങ്ങൾക്ക് കീഴിൽ വിദഗ്ധ സമിതികൾ വേണ്ടെന്ന് തീരുമാനിച്ച കേന്ദ സർക്കാർ എൻഡോസൾഫാനെ കുറിച്ച് പഠിക്കാനുള്ള ചുമതല കേന്ദ ആരോഗ്യമന്ത്രാലയത്തിന് നൽകി. എൻഡോസൾഫാൻ പഠനത്തിന് ഒരു സമിതി മതിയെന്ന് കേന്ദ കൃഷി മന്ത്രി ശരദ് പവാർ പ്രധാനമന്ത്രിക്ക് കത്തെഴുതിയതിന് പിറകെയാണ് പ്രധാനമന്ത്രി മൻമോഹൻ സിങ് ഒരു നടപടി.

മൂന്ന് മന്ത്രാലയങ്ങൾ വ്യത്യസ്ത പഠനങ്ങൾ നടത്തേണ്ടതില്ലെന്നും എല്ലാവരും ചേർന്ന് ഒരു പഠനം നടത്തിയാൽ മതിയെന്നുമുള്ള കേന്ദ കൃഷി മന്ത്രിയുടെ നിർദേശം പ്രധാനമന്ത്രി സ്വീകരിച്ചതിലും അതിനെ പുതിയ വിവാദത്തിൽ രണ്ടു കക്ഷികളായി മാറിയ കൃഷി മന്ത്രാലയത്തിനും പരിസ്ഥിതി മന്ത്രാലയത്തിനും നൽകേണ്ടെന്നും കേന്ദ ആരോഗ്യമന്ത്രാലയത്തിന് നൽകിയാൽ മതിയെന്നും തീരുമാനിക്കുകയായിരുന്നു. കേന്ദ ആരോഗ്യ മന്ത്രി ശ്രീമതി ഗുലാം നബി ആസാദിന് കീഴിലായിരിക്കും പുതിയ പഠനസമിതി വരുക. കൊൽക്കത്ത സർവകലാശാല ഗവേഷകയായ നിർമലപ്രകാരമോണ് പ്രധാനമന്ത്രി ഈ തീരുമാനമെടുത്തതെന്ന് കേന്ദ കൃഷിമന്ത്രാലയവുമായി ബന്ധപ്പെട്ട വൃത്തങ്ങൾ മാധ്യമത്തോട് പറഞ്ഞു. എൻഡോസൾഫാൻ വിഷയത്തിൽ ഒരു പഠനം മതിയെന്ന് നിർദേശിച്ച ശരദ് പവാർ അതിൻെറ നിയന്ത്രണം കൃഷി മന്ത്രാലയത്തിന് ലഭിക്കുമെന്നായിരുന്നു പ്രതീക്ഷിച്ചിരുന്നത്. എൻഡോസൾഫാൻ അനുകൂലമായ നിലപാടുള്ള മൻ കേന്ദ കാർഷിക മീഷണർ ഡോ. സി.ഡി മായിയെ കേന്ദ കൃഷി മന്ത്രാലയം നിയോഗിച്ച പഠനസമിതിയിൽനിന്ന് മാറ്റാനാണ് കേരളത്തിൽ നിന്നുള്ള എൻ.സി.പി നേതാക്കളടക്കമുള്ളവർ ആവശ്യപ്പെടുകയും ചെയ്തിരുന്നു.

ചൊവ്വാഴ്ച കൃഷി മന്ത്രാലയത്തിൽ ചേർന്ന ഉന്നതതല യോഗം ആരോഗ്യ മന്ത്രാലയത്തിന് കീഴിൽ പുതിയ പഠനസമിതിയുടെ രൂപരേഖ് വരുന്നത് വരെ എൻഡോസൾഫാൻ വിഷയത്തിൽ പുതുതായി നടപടിയൊന്നും സ്വീകരിക്കേണ്ടെന്ന് തീരുമാനിച്ചു. കേന്ദ കൃഷി മന്ത്രി ശരദ് പവാർ, സഹമന്ത്രി പ്രഫ. കെ.വി. തോമസ്, കാർഷിക മന്ത്രാലയത്തിൻെറ സെക്രട്ടറി കുമാർ സെൻ, കീടനാശിനി വകുപ്പിൻെറ ചുമതലയുള്ള മുതിർന്ന ഉദ്യോഗസ്ഥൻ എന്നിവരാണ് യോഗം ചേർന്നത്. എന്നാൽ, ആരോഗ്യ പരിസ്ഥിതി മന്ത്രിമാരൊന്നും ഈ മന്ത്രാലയങ്ങളിലെ ഉന്നത ഉദ്യോഗസ്ഥരോടൊ ചൊവ്വാഴ്ച നടന്ന യോഗത്തിൽ പങ്കെടുത്തില്ല. മന്ത്രാലയത്തിലെത്തിയ കെ.പി.സി.സി പ്രസിഡൻറ് രമേശ് ചെന്നിത്തലയുടെ നേതൃത്വത്തിലുള്ള കോൺഗ്രസ് പ്രതിനിധി സംഘവുമായി കൂടിക്കാഴ്ച നടത്തിയ കേന്ദ കൃഷി മന്ത്രി ശരദ് പവാർ കേരളത്തിന് എൻഡോസൾഫാൻ വിഷയത്തിൽ പൂർണ പിന്തുണ നൽകുമെന്ന് ഉറപ്പുനൽകിയിരുന്നു. ഇതിനിടെ കേന്ദ ആരോഗ്യമന്ത്രാലയത്തിലെ വിദഗ്ധൻ ചെയർമാനായ പുതിയ സമിതിയെ നിയോഗിക്കാമെന്നാണ് ശരദ് പവാർ അറിയിച്ചത്.

സിറാജ്

24 December 2010

ശാസ്ത്രം

പ്രഭാവതി മേനോൻ

24/12/10 Siraj

ആഗോളീകരണം വിഷംകൊണ്ടുമാകാം!

24/12/10 Siraj



എൻഡോസൾഫാൻ അപകടകാരിയല്ലെന്ന സ്റ്റോക്ഹോം സമ്മേളനത്തിലെ ഇന്ത്യൻ പ്രതിനിധികളുടെ വിവാദ അഭിപ്രായത്തിനു പിന്നിൽ കീടനാശിനി നിർമാതാക്കളുടെ നേതൃസ്ഥാനത്തുള്ള 'എക്സൽ' ആണെന്ന നാണംകെട്ട കഥ പുറത്തുവന്നുകഴിഞ്ഞു. എൻഡോസൾഫാൻ കമ്പനിയുടെ വക്താവിന്റെ ഏറ്റെടുത്തിരിക്കുന്നത് ജങ്കുകളോടുള്ള കടുത്ത വെല്ലുവിളി തന്നെയാണ്. ലോകാരോഗ്യസംഘടനയുടെ മുന്നിൽ നാം ലജ്ജിച്ച് തലതാഴ്ത്തേണ്ട അവസ്ഥയാണിപ്പോൾ ഉണ്ടായിരിക്കുന്നത്.

മംഗളം

31 December 2010

31/12/10 Mangalam

ആറളം ഫാമിൽ കേന്ദ്രം തളിച്ചതും എൻഡോസൾഫാൻ

വി. കൃഷ്ണദാസ്

കൊല്ലം

കാസർഗോട്ടെ കശുമാവിൻ തോട്ടങ്ങളിൽ പ്ലാന്റേഷൻ കോർപറേഷൻ എൻഡോസൾഫാൻ ഉപയോഗിച്ചത് അനുമതിയില്ലാതെയാണെന്ന് വാദിക്കുന്ന കേന്ദ്രസർക്കാരിന്റെ ഉടമസ്ഥതയിലുണ്ടായിരുന്ന കണ്ണൂരിലെ ആറളം ഫാമിൽ വർഷങ്ങളോളം തളിച്ചത് എൻഡോസൾഫാൻ. 'ഇതു മറച്ചുവച്ചാണ് കേന്ദ്രകൃഷിമന്ത്രാലയം ഹൈക്കോടതിയിൽ പ്ലാന്റേഷൻ കോർപറേഷനെ പ്രതിക്കൂട്ടിലാക്കി എത്തിർ സത്യവാങ്മൂലം നൽകിയത്.

കോർപറേഷൻ എൻഡോസൾഫാൻ ഉപയോഗിച്ച 1983 മുതൽ ഇഞ്ചോട്ട് ഇവിടെയും തളിക്കാൻ നടത്തിയിരുന്നു. ഈകുടുംബം. സംയുക്തമായി ഹെലികോപ്ടർ ഉപയോഗിച്ചാണ് ഇക്കാലയളവിൽ തളിച്ചിക്കാൻ നടത്തിയത്.

1971ൽ തുടങ്ങിയ ഫാം 2004 ൽ എ.കെ. ആന്റണി സർക്കാരാണ് ഏറ്റെടുത്തത്. അതിനു മുമ്പു കേന്ദ്രകൃഷി മന്ത്രാലയത്തിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ സെൻട്രൽ ഫാമിംഗ് കോർപറേഷന്റെ കീഴിലായിരുന്നു. എന്നിട്ടും ആറളം തോട്ടങ്ങളിലെ എൻഡോസൾഫാൻ ഉപയോഗം കാണാതിരിക്കുകയും പ്ലാന്റേഷൻ കോർപറേഷൻ എൻഡോസൾഫാൻ അടിച്ചത് അനുമതിയില്ലാതെയുമാണെന്ന് പറയുന്നതിലാണ് വിരോധാഭാസം.

എൻഡോസൾഫാൻ തളിക്കരുതെന്ന് ഇന്നേ വരെ നിർദേശിക്കുകയോ അറിയിപ്പ് നൽകുകയോ ചെയ്യാതെ കേന്ദ്രകൃഷിമന്ത്രാലയം പ്ലാന്റേഷൻ കോർപറേഷനെ പ്രതിസ്ഥാനത്ത് നിർത്തുകയായിരുന്നുവെന്ന് ആരോപണമുയർന്നുകഴിഞ്ഞു. മന്ത്രാലയത്തിന് കീഴിലുള്ള അഥോറിറ്റികളുടെ അനുമതി ലഭിച്ചതിന് കോർപറേഷന്റെ പക്കൽ വ്യക്തമായ തെളിവുകളുമുണ്ട്.

പ്രശ്നത്തിൽ കേന്ദ്രം സമർപ്പിച്ച എതിർ സത്യവാങ്മൂലത്തിനെതിരേ എന്തു നടപടി സ്വീകരിക്കണമെന്ന് തീരുമാനിക്കാൻ പ്ലാന്റേഷൻ കോർപറേഷൻ അടിയന്തിര ബോർഡ് യോഗം വിളിച്ചു. കോർപറേഷൻ പ്രതിനിധികൾ ഉൾപ്പെടെ വിവിധ രാഷ്ട്രീയ കക്ഷികളും യോഗത്തിൽ പങ്കെടുക്കും. കോർപറേഷൻ സ്വന്തം താൽപ്പര്യപ്രകാരം നൽകിയ സത്യവാങ്മൂലം വിവാദമായ പശ്ചാത്തലത്തിലാണ് വിവിധ രാഷ്ട്രീയ കക്ഷികളുടെ പ്രതിനിധികളെ കൂടി ഉൾപ്പെടുത്തി യോഗം വിളിച്ചിരിക്കുന്നത്.

എൻഡോസൾഫാൻ തളിക്കലിന് കാർഷിക സർവകലാശാല, കേന്ദ്രകാർഷിക മന്ത്രാലയത്തിന്റെ കീഴിലുള്ള വകുപ്പുകൾ എന്നിവയുടെ അനുമതി ലഭിച്ചിരുന്നുവെന്നും കോർപറേഷൻ ചൂണ്ടിക്കാട്ടുന്നു.

കാസർഗോട്ടും മറ്റും എൻഡോസൾഫാൻ തളിച്ചത് പ്രാദേശിക ഭരണകൂടങ്ങളുടെ അനുമതിയോടെയാണെന്നും കോർപറേഷൻ വാദിക്കുന്നു. 1983 മുതൽ 2000 വരെ മൂന്നുതവണ കൃഷി ഡയറക്ടർ, ജില്ലാ കലക്ടർമാർ എന്നിവരുടെ അനുമതിയുണ്ടായിരുന്നു.

മാധ്യമം

01 January 2011

എൻഡോസൾഫാൻ നിരോധിക്കണം –മനുഷ്യാവകാശ കമീഷൻ

ന്യൂദൽഹി: രാജ്യവ്യാപകമായി എൻഡോസൾഫാൻ കീടനാശിനി നിരോധിക്കണമെന്നും ഇരകൾക്ക് ഉയർന്ന നഷ്ടപരിഹാരം ഉടൻ ഉറപ്പാക്കണമെന്നും ദേശീയ മനുഷ്യാവകാശ കമീഷൻ ആവശ്യപ്പെട്ടു. ദുരിതബാധിതരായി മരണപ്പെട്ടവരുടെ കുടുംബാംഗങ്ങൾക്ക് അഞ്ചു ലക്ഷവും അംഗവൈകല്യം സംഭവിച്ചവർക്ക് മൂന്നുലക്ഷവും രൂപ നഷ്ടപരിഹാരം നൽകണം. ഇരകൾക്ക് നീതി ഉറപ്പാക്കുന്നതിൽ കേന്ദ്ര-സംസ്ഥാന സർക്കാറുകളുടെ ഭാഗത്ത് വീഴ്ച സംഭവിച്ചതായും കമീഷൻ കുറ്റപ്പെടുത്തി. എട്ടാഴ്ചക്കകം കേന്ദ്ര-സംസ്ഥാന സർക്കാറുകളുടെ പ്രതികരണം ലഭിച്ചാലുടൻ തുടർ നടപടികൾ സ്വീകരിക്കുമെന്നും കമീഷൻ വെളിപ്പെടുത്തി.



എൻഡോസൾഫാൻ നിരോധിക്കാൻ നിയമപരവും ഭരണപരവുമായ നടപടി സ്വീകരിക്കണമെന്ന് കമീഷൻ കേന്ദ്ര സർക്കാറിനോട് ശക്തമായി ആവശ്യപ്പെട്ടു. എൻഡോസൾഫാൻ ഉപയോഗം മൂലം ജനങ്ങൾക്കുണ്ടായ ദുരിതം വിലയിരുത്താൻ ദേശീയതലത്തിൽ സർവേ നടത്തണം. ആകാശ മാർഗം കീടനാശിനി തളിച്ച കേന്ദ്രങ്ങളിൽ പ്രത്യേകിച്ചും. ദുരിതാശ്വാസ-പുനരധിവാസ സാധ്യതകൾ കൂടി സർവേയിൽ ഉൾപ്പെടുത്തണം.

മരണപ്പെട്ടവരുടെ കുടുംബങ്ങൾക്ക് അഞ്ച് ലക്ഷം; കേന്ദ്ര-സംസ്ഥാന സർക്കാറുകൾക്ക് വിമർശം

എൻഡോസൾഫാൻ ദുരിതബാധിതർ ഏറെയുള്ള കേരളം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങളിൽ ഇരകൾക്ക് ആശ്വാസവും ദീർഘകാല പുനരധിവാസവും ഉറപ്പാക്കാൻ സംസ്ഥാന സർക്കാറുകൾക്ക് കേന്ദ്രം സഹായം നൽകണം. 2011 ഏപ്രിലിൽ നടക്കുന്ന സ്റ്റോക്ഹോം കൺവെൻഷന്റെ റിവ്യൂ യോഗത്തിൽ മാരകദോഷഫലങ്ങളുള്ള രാസവളമായി (അനക്സ് എ കെമിക്കൽ) എൻഡോസൾഫാൻ വിലയിരുത്താൻ കേന്ദ്രം നടപടി സ്വീകരിക്കണം. കാസർകോട്ടെ 11 പഞ്ചായത്തുകളിൽ മാത്രം ആറായിരത്തോളം ദുരിതബാധിതരാണുള്ളതെന്നിരിക്കെ, ജില്ലയിലെ ദുരിതബാധിതർക്കു മാത്രമായി പാലിയേറ്റിവ് കെയർ സെൻററോ ആശുപത്രിയോ കേന്ദ്രത്തിനു കീഴിൽ ആരംഭിക്കണം. അംഗവൈകല്യം സംഭവിച്ചവർക്കു വേണ്ടി ആവശ്യത്തിന് സൗകര്യപ്രദമായ ആംബുലൻസുകൾ, വൈദഗ്ധ്യമുള്ള ജീവനക്കാർ എന്നിവയും സജ്ജമാക്കണം. കേന്ദ്രത്തിനു കീഴിൽ ആതുരകേന്ദ്രം യാഥാർഥ്യമാക്കാൻ സംസ്ഥാന സർക്കാർ ആവശ്യമായ സഹായം ലഭ്യമാക്കണം.

ശിപാർശകൾ നടപ്പാക്കുന്നതിന് പക്ഷേ, സമയമൊന്നും നിർണയിച്ചിട്ടില്ല.

01 January 2011

കമീഷൻ ശിപാർശ സർക്കാറുകൾ സംയുക്തമായി നടപ്പാക്കണമെന്ന് കേരളം

സി.എ.എം. കരീം

കോട്ടയം: എൻഡോസൾഫാൻ രാജ്യവ്യാപകമായി നിരോധിക്കണമെന്നും ഇരകൾക്ക് ഉയർന്ന നിരക്കിൽ നഷ്ടപരിഹാരം നൽകണമെന്നുമുള്ള ദേശീയ മനുഷ്യാവകാശ കമീഷന്റെ ശിപാർശ നടപ്പാക്കാൻ കേന്ദ്ര-സംസ്ഥാന സർക്കാറുകൾ സംയുക്തമായി പാക്കേജ് തയാറാക്കണമെന്ന് കേരളം. ഇതിന് കേന്ദ്ര-സംസ്ഥാന വകുപ്പ് ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ പ്രത്യേക സമിതി ഉടൻ രൂപവത്കരിക്കണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടതായി കൃഷിമന്ത്രി മുല്ലക്കര രത്നാകരൻ 'മാധ്യമ'ത്തോട് പറഞ്ഞു.

കേന്ദ്ര-സംസ്ഥാന ആരോഗ്യ, കുടുംബക്ഷേമ, കൃഷി മന്ത്രാലയങ്ങളിലെ ഉദ്യോഗസ്ഥരായിരിക്കണം പാക്കേജ് തയാറാക്കേണ്ടത്. ഇതിനാവശ്യമായ എല്ലാ സഹായവും സംസ്ഥാനം നൽകും. കേന്ദ്ര-സംസ്ഥാന ഉദ്യോഗസ്ഥർ ചർച്ച നടത്തി തയാറാക്കുന്ന പാക്കേജ് സംസ്ഥാന സർക്കാർ അംഗീകരിക്കുമെന്നും എന്നാൽ, നഷ്ടപരിഹാരത്തിന്റെ പ്രധാനവിഹിതം കേന്ദ്രം വഹിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു. നഷ്ടപരിഹാരം നൽകാൻ സംസ്ഥാന സർക്കാർ നൂറുകോടിയുടെ പാക്കേജ് തയാറാക്കി കേന്ദ്രത്തിന് സമർപ്പിച്ചിട്ടുണ്ട്. ഇതിൽ ഒരുവിഹിതം കേന്ദ്രം നൽകണമെന്നും സംസ്ഥാനം നിർദേശിച്ചിരുന്നു. ഈ പാക്കേജ് അംഗീകരിക്കുകയോ ഭേദഗതി വരുത്തുകയോ ചെയ്യുകയോ ചെയ്യുമെങ്കിലും ഇക്കാര്യത്തിൽ കേന്ദ്രത്തിന്റെ തുല്യപങ്കാളിത്തം ഉണ്ടാകണമെന്നാണ് സംസ്ഥാനത്തിന്റെ നിലപാട്.



എൻഡോസൾഫാൻ ഇരകൾ കൂടുതലുള്ള കാസർകോട് ജില്ലയെ മൈക്രോ മേഖലയായി പ്രഖ്യാപിക്കാനുള്ള സാങ്കേതിക-സാമ്പത്തിക സഹായം ലഭ്യമാക്കണമെന്നും കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. നഷ്ടപരിഹാരം നൽകുന്ന വിഷയത്തിൽ കേന്ദ്രത്തെക്കൂടി കക്ഷിചേർത്ത് പുതിയ സത്യവാങ്മൂലം ഹൈകോടതിയിൽ നൽകാൻ പ്ലാന്റേഷൻ കോർപറേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

അതിനിടെ, ഈമാസം അഞ്ചിന് ചേരുന്ന പ്ലാന്റേഷൻ കോർപറേഷൻ ഡയറക്ടർ ബോർഡ് യോഗത്തിൽ പുതിയ സത്യവാങ്മൂലത്തിന് അംഗീകാരം നൽകുന്നതിന് പുറമെ വിവാദ സത്യവാങ്മൂലം തയാറാക്കിയ ഉദ്യോഗസ്ഥർക്കെതിരെ നടപടിയെടുക്കുന്നത് സംബന്ധിച്ചും തീരുമാനമുണ്ടാകും. സർക്കാറിന്റെയും കോർപറേഷൻ ഡയറക്ടർ ബോർഡിന്റെയും നിർദേശപ്രകാരം പുതിയ മാനേജിങ് ഡയറക്ടറാണ് വിവാദ സത്യവാങ്മൂലം തയാറാക്കിയവരുടെ പട്ടിക യോഗത്തിൽ സമർപ്പിക്കുക.

സർക്കാർ പ്രഖ്യാപിച്ച നൂറുകോടിയുടെ പാക്കേജിൽ പ്ലാന്റേഷൻ കോർപറേഷന്റെ മുഖ്യപങ്കാളിത്തം ഉറപ്പുവരുത്തിയിട്ടുണ്ടെന്ന കാര്യവും സത്യവാങ്മൂലത്തിലുണ്ടാകുമെന്ന് കോർപറേഷൻ വക്താവ് 'മാധ്യമ'ത്തോട് പറഞ്ഞു.

മാധ്യമം

01 January 2011

ഹിമാചലിൽ മഞ്ഞുവീഴ്ച: 100 വിനോദസഞ്ചാരികൾ കുടുങ്ങി

ഭാര്യയെ കൊന്ന ദർത്താവിന് ജീവപര്യന്തം

endosulfan

കമീഷൻ ഇടപെടൽ ശക്തം; കേന്ദ്ര സർക്കാർ നിലപാട് ദുരൂഹമെന്ന് കുറ്റപ്പെടുത്തൽ

എം.സി.എ നാസർ

സംസ്ഥാന സർക്കാറിനുള്ള കമീഷൻ നിർദേശങ്ങൾ

എൻഡോസൾഫാൻ: കമീഷൻ ശിപാർശ ഇരു സർക്കാറുകളെയും വെട്ടിലാക്കും

സി.കെ.എ. ജബ്ബാർ

മലയാള മനോരമ

01 January 2011

കീടനാശിനികൾക്കെതിരെ നടപടികൾ ഉടൻ വേണം: ജനകീയ ശാസ്ത്ര കോൺഗ്രസ്

എൻഡോസൾഫാൻ നിരോധിക്കണം: ദേശീയ മനുഷ്യാവകാശ കമ്മിഷൻ

സ്വന്തം ലേഖകൻ

മാതൃഭൂമി

01 January 2011

എൻഡോസൾഫാൻ രാജ്യം മുഴുവനും നിരോധിക്കണം -മനുഷ്യാവകാശ കമ്മീഷൻ

പി.കെ.മണികണ്ഠൻ

ന്യൂഡൽഹി: കാസർകോട്ജില്ലയിൽ മാരകരോഗങ്ങൾ വിതച്ച എൻഡോസൾഫാൻ രാജ്യവ്യാപകമായി നിരോധിക്കണമെന്ന് ദേശീയ മനുഷ്യാവകാശ കമ്മീഷൻ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടു. എൻഡോസൾഫാൻ ദുരന്തത്തിൽ മരിച്ചവരുടെ ബന്ധുക്കൾക്കും പൂർണമായും രോഗബാധിതരായവർക്കും അഞ്ചു ലക്ഷം രൂപ വീതം നഷ്ടപരിഹാരം നൽകണമെന്ന് സംസ്ഥാന സർക്കാരിനോടും കമ്മീഷൻ നിർദേശിച്ചു. തോട്ടം മേഖലയിൽ എൻഡോസൾഫാൻ തളിച്ചതിനെ തുടർന്ന് ദുരന്തബാധിതരായ ആറായിരത്തോളം പേരുടെ ചികിത്സയും ആരോഗ്യസംരക്ഷണത്തിനുമായി കേന്ദ്രപ്രത്യേക പാലിയേറ്റീവ് കെയർ കേന്ദ്രമോ ആസ്പത്രിയോ സ്ഥാപിക്കണമെന്നാണ് മറ്റൊരു പ്രധാന ശുപാർശ. എൻഡോസൾഫാനിന്റെ വിവിധ വശങ്ങളെ പഠിച്ചും പരിശോധിച്ചുമുള്ള ശുപാർശകളും ഉടൻ കേന്ദ്രത്തിന് സമർപ്പിക്കുമെന്ന് കമ്മീഷൻ സെക്രട്ടറി ജനറൽ കെ.എസ്.ജിനി മാധ്യമ പ്രവർത്തകരോടു പറഞ്ഞു. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്മ്യൂണിക്കബിൾ ഡിസീസിന്റെ പഠന റിപ്പോർട്ടാണ് പ്രധാനമായും കമ്മീഷൻ അടിസ്ഥാനമാക്കിയത്. എൻഡോസൾഫാനെക്കുറിച്ചു പഠിക്കാൻ കേന്ദ്രം പുതിയ സമിതി പ്രഖ്യാപിച്ച സാഹചര്യത്തിൽ ശാസ്ത്രീയ സംവാദങ്ങളല്ല, ദുരിതമനുഭവിക്കുന്നവർക്ക് ആശ്വാസമെത്തിക്കുകയാണ് പ്രധാനമെന്ന് കമ്മീഷൻ വിലയിരുത്തി. വിവിധ വശങ്ങൾ പരിശോധിച്ച ശേഷം ഡിസംബർ 24 ന് ഡൽഹി കോൺ കമ്മിറ്റിയോഗത്തിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്ക് നൽകേണ്ട ശുപാർശകൾക്ക് കമ്മീഷൻ അന്തിമരൂപം നൽകി.

02 January 2011

എൻഡോസൾഫാൻ ദുരന്തത്തെക്കുറിച്ചുള്ള ഡോക്യുമെന്ററി പ്രകാശനം ചെയ്തു

കോഴിക്കോട്: കാസർകോട് എൻഡോസൾഫാൻ ദുരന്തത്തിന് ഇരയുടെ മനഃസാക്ഷിയെ പിടിച്ചുകുലുക്കാൻ സാധിക്കാത്തത് ഈ കാലഘട്ടത്തിന്റെ ദുരന്തമാണെന്ന് സേഷ്യലിസ്റ്റ് ജനത സംസ്ഥാന പ്രസിഡന്റ് എം.പി. വീരേന്ദ്രകുമാർ അഭിപ്രായപ്പെട്ടു.

കാസർകോട്ടെ പരിസ്ഥിതി സംഘടനയായ പുണർമി മുല്ലയാത്, എൻഡോസൾഫാൻ ദുരന്തത്തെക്കുറിച്ച് തയ്യാറാക്കിയ ഡോക്യുമെന്ററി 'അഫ്ടർ ദ ഡല്യൂജ്' പ്രകാശനം ചെയ്യുകയായിരുന്നു അദ്ദേഹം.

"കാസർകോട്ടെ ജനങ്ങൾക്കുണ്ടായ ദുരിതത്തിന്റെ കാരണം അറിയാൻ പ്രത്യേക പഠനത്തിന്റെയോ പരിശോധയുടെയോ ആവശ്യമില്ല. അവർ അനുഭവിക്കുന്നതൊന്നും അവർ ചെയ്തതിന്റെ ഫലമല്ല. ഇതിനെതിരെയുള്ള പ്രതിഷേധം ചെറിയ വാക്കുകളിൽ ഒതുങ്ങുകയാണ് പലപ്പോഴും. ദുരന്തത്തിന് കാരണക്കാരായവർക്കെതിരെ കർശന നടപടിയുണ്ടാവുന്നില്ല. കാരണം, ഭാരം ഉണ്ടാക്കുന്ന കോർപ്പറേറ്റ് സ്ഥാപനങ്ങളുടെ താത്പര്യങ്ങൾക്കാണ് ഇപ്പോഴും സംരക്ഷണം ലഭിക്കുന്നത്" - അദ്ദേഹം പറഞ്ഞു.

പരിസ്ഥിതി പ്രവർത്തകൻ ഡോ. എ. അച്യുതൻ ഡോക്യുമെന്ററിയുടെ ആദ്യകോപ്പി സ്വീകരിച്ചു. സ്പോർട്സ് കൗൺസിൽ ഹാളിൽ നടന്ന ചടങ്ങിൽ കെ.ഇ. എൻ. കുഞ്ഞഹമ്മദ്, ഗ്രോവാസു, കെ.ബി. മുഹമ്മദ് കുഞ്ഞി എന്നിവർ സംസാരിച്ചു. ഡോക്യുമെന്ററിയുടെ സംവിധായകൻ നിസാൻ റാവുത്തർ, ഛായാഗ്രാഹകൻ സജൻ പള്ളൂർ സ്റ്റിൽ ഫോട്ടോഗ്രാഫർ ഹരി പള്ളൂർ എന്നിവർക്ക് ചടങ്ങിൽ മൊമെന്റോ നൽകി. തുടർന്ന് ഡോക്യുമെന്ററി, ഫോട്ടോ പ്രദർശനങ്ങളും ചർച്ചയും നടന്നു.

03 January 2011

എൻഡോസൾഫാൻ: സ്ത്രീ മരിച്ചു

എൻമകജെ (കാസർകോട്): എൻഡോസൾഫാൻ ബാധിതയായ എൻമകജെ കണ്ടംപാടിയിലെ കൊരത്താള്ള (80) അന്തരിച്ചു. പരേതനായ കുഞ്ഞമ്പുയുടെ ഭാര്യയാണ്. മൂന്നുമാസമായി കിടപ്പിലായിരുന്നു. മക്കൾ: പരേതയായ ജാനകി, നാരായണ കുള്ളാം, വാഴ്ജ, സന്തുഷ്ടി, ശാരദ, ദയാനന്ദ കുള്ളാം.

മംഗളം

04 January 2011

എൻഡോസൾഫാൻ: സഹായം പ്രഖ്യാപിച്ചു

തിരുവനന്തപുരം: എൻഡോസൾഫാൻ ദുരിതബാധിതരിൽ ദീർഘകാല ചികിത്സ ആവശ്യമുള്ളവരും തൊഴിലെടുക്കാൻ കഴിയാത്തവിധമാരോഗ്യമുള്ളവർക്ക് 2000 രൂപ വീതവും (ഇവരിൽ 300 രൂപ വികലാംഗ പെൻഷൻ ലഭിക്കുന്നവർക്ക് 1700 രൂപ വീതവും) മറ്റുതരത്തിലുള്ള രോഗമുള്ളവർക്ക് 1000 രൂപ വീതവും പ്രതിമാസ സഹായം നൽകുന്നതിന് സാമൂഹ്യക്ഷേമ വകുപ്പിനെയും കേന്ദ്രസർക്കാർ സെക്യൂരിറ്റിയെയും ചുമതലപ്പെടുത്തിയതായി ആരോഗ്യമന്ത്രി പി.കെ.ശ്രീമതി നിയമസഭയെ അറിയിച്ചു.

രോഗബാധിതരുടെ സർവേ പ്രകാരമുള്ള ലിസ്റ്റ് തയാറാക്കി ഗ്രാമപഞ്ചായത്തുകൾക്ക് നൽകിയിട്ടുണ്ട്. പഞ്ചായത്ത് സമിതികൾ പരിശോധന നടത്തി ലിസ്റ്റ് അംഗീകരിച്ച് ജില്ലാതലത്തിൽ നൽകുന്ന മുറയ്ക്ക് പെൻഷൻ അനുവദിക്കുന്നതിന് അവർ പറഞ്ഞു. ചികിത്സയ്ക്കായി പ്രത്യേക പ്രസ്താവന നടത്തുകയായിരുന്നു മന്ത്രി.

ദുരിതബാധിതർക്ക് സൗജന്യ റേഷൻ അനുവദിക്കുകയും ഇത് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കാൻ കാസർഗോഡ് [illegible] കുടുംബശ്രീ പ്രവർത്തകർക്ക് ഇരുപതിനായിരം രൂപ വീതം ലഭിക്കുന്നുണ്ട്. ദുരിതബാധിത മേഖലയിലെ 12 പ്രാഥമികാരോഗ്യ/സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ ഒരു വാഹനം വീതം ലഭ്യമാക്കി.

06 January 2011

എൻഡോസൾഫാൻ

നിരോധനത്തിനെതിരേ ഗുജറാത്ത് ബി.ജെ.പി.

■ കീടനാശിനി കമ്പനിക്കുവേണ്ടി എം.പി. രംഗത്ത്

■ ജി ശങ്കർ
തുടർന്ന്



എൻഡോസൾഫാൻ നിരോധനാവശ്യം. അടിയിൽകാൻ ബി.ജെ.പി. എം.പിയുടെ നേതൃത്വത്തിൽ ഗുജറാത്ത് ലോബി രംഗത്ത്. ബി.ജെ.പി. ഗുജറാത്ത് ഘടകം മുൻ പ്രസിഡന്റ് രാജ്യസഭാ എം.പി. രൂപാണിയുടെ നേതൃത്വത്തിലാണു നീക്കം. ലോകത്തിലെ ഏറ്റവും വലിയ എൻഡോസൾഫാൻ നിർമാതാക്കളായ എക്സൽ കമ്പനിയാണു രൂപിയർ എം.പിയായ രൂപാണിയുടെ പിന്നിൽ. അദ്ദേഹത്തിന്റെ മണ്ഡലത്തിലാണു ഫാക്ടറി.

കാസർഗോട്ടെ ആരോഗ്യപ്രശ്നങ്ങൾക്കു കാരണം എൻഡോസൾഫാനാണെന്നു തുക്തമാക്കുന്ന, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്മ്യൂണിക്കബിൾ ഡിസീസിന്റെ (എൻ.ഐ.സി.ഡി) പഠനറിപ്പോർട്ട് തള്ളിക്കളയണമെന്നാണ് രൂപാണിയുടെ ആവശ്യത്തിൽ പ്രധാനമന്ത്രിയുടെ ഓഫീസ് വിശദീകരണം തേടി. 2003 -ൽ സമർപ്പിക്കപ്പെട്ട റിപ്പോർട്ടിന്റെ വിശദാംശങ്ങൾ ഈ മാസാവസാനം. ആരോഗ്യമന്ത്രാലയത്തിൽ ഹാജരാക്കണമെന്ന് ആവശ്യപ്പെട്ടാണു നോട്ടീസ്.

ഏഴുവർഷം മുമ്പു കർണാടകത്തിൽ എടുത്തവരെക്കുറിച്ചുള്ള വിവരം, എത്തിക്സ് സമിതിയിൽനിന്നു ലഭിച്ച അനുമതിപത്രങ്ങൾ എന്നിവയടക്കം കേന്ദ്രആരോഗ്യമന്ത്രാലയത്തിൽ ഹാജരാക്കാനാണു നിർദേശം. ആദ്യ 16 -ന് എത്തിക്കാൻ പറഞ്ഞിരുന്നെങ്കിലും, പിന്നീട് മാസാവസാനത്തേക്കു മാറ്റി. 262 പേരുടെ കർണാടകത്തിൽ പരിശോധിച്ച ശേഷമാണു കാസർഗോഡ്ര 'വിക്ടിം' എൻഡോസൾഫാനാണെന്ന് എൻ.ഐ.സി.ഡി. കണ്ടെത്തിയിട്ടുണ്ട്. രക്തം, മൂത്രം, മുലപ്പാൽ എന്നിവയുടെ സാന്നിധ്യമില്ലെന്നും തിരിച്ചറിഞ്ഞിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിലാണ് എൻഡോസൾഫാനെ നിരോധിക്കണമെന്നു രാജ്യസഭാ മനുഷ്യാവകാശ കമ്മിഷൻ ആവശ്യപ്പെട്ടത്. ഈ പഠനറിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ്. ഒപ്പം, വെള്ളം, പച്ചക്കറി എന്നിവയിൽ മാരക അളവിൽ എൻഡോസൾഫാൻ കണ്ടെത്തിയിരുന്നു. റിപ്പോർട്ട് തള്ളിയാൽ കീടനാശിനിക്കെതിരായ ഉറച്ച തെളിവുകൾ ഇല്ലാതാകും. പാനം നടത്തി ഏഴു വർഷം പിന്നിടുന്നതിനാൽ ഇരുമായി ബന്ധപ്പെട്ട പല വിവരങ്ങളും എൻ.ഐ.സി.ഡിക്കു ലഭ്യമാക്കാനാവില്ല. കേന്ദ്രം ആവശ്യപ്പെട്ട രേഖകൾ ഹാജരാക്കാനാവില്ലെന്നാണ് അക്കാര്യം. ചുരുക്കത്തിൽ റിപ്പോർട്ട് തള്ളുമെന്നാകും. 100 ദിവസം കൂടുമ്പോൾ എൻഡോസൾഫാൻ മണ്ണിൽ പകുതിയായി മാറും. എന്നതിനാൽ പഠനകാലത്തെ അപേക്ഷിച്ചു പതിനാലിരട്ടിയെന്ന് സാന്നിധ്യമുണ്ടായിരുന്നതിൽ വ്യക്തമാകും. അത് എൻഡോസൾഫാൻ നിരോധനത്തിനെതിരെ ഗുജറാത്ത് ബി.ജെ.പി. നടത്തുന്ന സമരം. ആശങ്കയിലേയ്ക്കുന്നതു കേരളത്തിലെ ബി.ജെ.പിയെയാണ്.

കേരളത്തിൽ നിയമസഭാ തെരഞ്ഞെടുപ്പ് നടക്കാൻ ഏറ്റവും സാധ്യതയുള്ള മണ്ഡലമായി ബി.ജെ.പി. കണക്കാക്കുന്നതു കാസർഗോഡാണ്. രാജ്യത്തെ ബി.ജെ.പിയുടെ ശക്തികേന്ദ്രമായ ഗുജറാത്തിൽ എൻഡോസൾഫാൻ അനുകൂലമായുള്ള പ്രവർത്തനങ്ങൾ ദുരിതബാധിതരായ ജനങ്ങൾ താമസിക്കുന്ന കാസർഗോഡ് തിരിച്ചടിയാകുമെന്നു സംസ്ഥാനഘടകം വിലയിരുത്തുന്നു.

മാധ്യമം

06 January 2011

Glilu Madhyamam

കർഷകമോർച്ച സമരത്തിന് വിമാനയാത്ര; ബി.ജെ.പിയിൽ വിവാദം

ടി.വി. ചന്ദ്രശേഖരൻ

പാലക്കാട്: എൻഡോസൾഫാൻ നിരോധിക്കണമെന്നാവശ്യപ്പെട്ട് ഭാരതീയ കർഷകമോർച്ചയുടെ കേരള ഘടകം ദൽഹിയിൽ നടത്തിയ സമരത്തിൽ പങ്കെടുക്കാൻ നേതാക്കളും ഒരു വിഭാഗം പ്രവർത്തകരും വിമാനയാത്ര നടത്തിയതിനെ ചൊല്ലി ബി.ജെ.പിയിൽ പുതിയ വിവാദം. മുൻകൂട്ടി നിശ്ചയിച്ച സമരത്തിന് ട്രെയിൻ മാർഗം പോകാമായിരുന്നിട്ടും അങ്ങോട്ടും ഇങ്ങോട്ടും ചെലവേറിയ ആകാശയാത്ര തരപ്പെടുത്തിയത് തികഞ്ഞ ധൂർത്താണെന്നും ഫണ്ടിന്റെ ലഭ്യതയെപ്പറ്റി അന്വേഷണം നടത്തണമെന്നും ആവശ്യമുയർന്നു.

ഡിസംബർ രണ്ടിന് പാർലമെന്റിന് മുന്നിൽ നടന്ന ധർണയിൽ പങ്കെടുക്കാൻ കോയമ്പത്തൂർ, നെടുമ്പാശ്ശേരി എന്നിവിടങ്ങളിൽനിന്ന് ഒന്നാം തീയതിയാണ് പലരും യാത്രതിരിച്ചത്. ബി.ജെ.പിയുടെ സ്വാധീന മേഖലയെന്ന് അറിയപ്പെടുന്ന പാലക്കാട് ജില്ലയിൽനിന്ന് ഭാരവാഹികൾ ഉൾപ്പെടെ 28 പേരാണ് ദൽഹിക്ക് പോയത്. പാർട്ടിയുടെ ജില്ലാ വൈസ് പ്രസിഡൻറുകൂടിയായ ചിറംബരൻ, കർഷകമോർച്ചയുടെ ജില്ലാഭാരവാഹികളായ സി. പ്രഭാകരൻ, ഓമനക്കുട്ടൻ, സി. മണി തുടങ്ങിയവർ സമരസംഘത്തിൽ ഉൾപ്പെടുന്നു.

മോർച്ചയുടെ സംസ്ഥാന പ്രസിഡൻറ് ടി. ചന്ദ്രശേഖരനും ആകാശമാർഗമാണ് ദൽഹിയിലെത്തിയത്.

വിമാനയാത്രയെപ്പറ്റി അന്വേഷണം വേണമെന്ന ആവശ്യം പാർട്ടിയുടെ ജില്ലാ നേതൃത്വവുമായി അകൽച്ചയിൽ കഴിയുന്ന പ്രവർത്തകർക്കിടയിലാണ് ഉയർന്നത്. തങ്ങളുടെ അമർഷം അവർ സംസ്ഥാന നേതൃത്വത്തെ അറിയിച്ചിട്ടുണ്ട്. മണൽകടത്ത് ഉൾപ്പെടെയുള്ള ബിസിനസ് ഏജൻസികളുമായി പാർട്ടിയിലെ ഒരു വിഭാഗത്തിന് ഉള്ള ബന്ധം നേരത്തെ സംഘടനയിൽ ചർച്ചാവിഷയമായിരുന്നു.

വിമാനയാത്രയെപ്പറ്റി ബി.ജെ.പിയുടെയും മോർച്ചയുടെയും പ്രതികരണങ്ങളിൽ വൈരുധ്യവും കടന്നുകൂടി. അങ്ങോട്ടുമിങ്ങോട്ടും വിമാനത്തിൽ പോയവർ സമരത്തിന്റെ പേരിലല്ല യാത്ര ചെയ്തതെന്ന് കർഷകമോർച്ച സംസ്ഥാന പ്രസിഡൻറ് ടി. ചന്ദ്രശേഖരൻ 'മാധ്യമ'ത്തോട് പറഞ്ഞു. മറ്റ് ആവശ്യാർഥം പോയവർ സമരത്തിൽ പങ്കെടുക്കുകയായിരുന്നു. ഇതിൽ അസ്വാഭാവികമായി ഒന്നുമില്ല. ബി.ജെ.പിയുടെ മുന്ന് ഭാരവാഹികൾ സമരത്തിനായി ദൽഹിയിൽ പോയത് ശരിയാണെന്നും എന്നാൽ, ഇതിനാവശ്യമായ പണം അവർ സ്വന്തം നിലയിൽ സമാഹരിച്ചതാണെന്നുമാണ് പാർട്ടി ജില്ലാ പ്രസിഡൻറ് സി. കൃഷ്ണകുമാറിന്റെ പ്രതികരണം. നാഗ്പൂരിലെ വ്യവസായ പ്രമുഖനെ പാലക്കാട് നിയമസഭാ സീറ്റിൽ ബി.ജെ.പി സ്ഥാനാർഥിയാക്കാൻ കൃത്രിമായ നീക്കം നടക്കുന്ന പശ്ചാത്തലത്തിലാണ് ആകാശയാത്രയെ ചൊല്ലി വിവാദം.

മലയാള മനോരമ

07 January 2011

എൻഡോസൾഫാനെതിരെ ശയനപ്രദക്ഷിണ സമരം

കാസർകോട്: എൻഡോസൾഫാനെതിരെ കേരള കോൺഗ്രസ് (തോമസ് വിഭാഗം) യുവജന സംഘടനകളുടെ നേതൃത്വത്തിൽ നടത്തിയ 30 മണിക്കൂർ ഉപവാസസമരം ശയനപ്രദക്ഷിണത്തോടെ സമാപിച്ചു.

മിക്ക രാജ്യങ്ങളും നിരോധിച്ച എൻഡോസൾഫാന്റെ ഉൽപ്പാദനവും വിതരണവും ഉപയോഗവും കുടുതൽ പഠനങ്ങളൊന്നും കൂടാതെ നിരോധിക്കാൻ കേന്ദ്രസർക്കാർ തയാറാകണമെന്നും, ദുരിതബാധിതർക്കായി സമഗ്ര പാക്കേജും ചികിൽസാ, വിദ്യാഭ്യാസ പദ്ധതികളും നടപ്പാക്കണമെന്നും സമര സമാപന ഉദ്ഘാടനം ചെയ്തുകൊണ്ടു പെരുമാൻ പി.സി. തോമസ് പറഞ്ഞു.

പ്ലാന്റേഷൻ കോർപറേഷന്റെ കൈടിത്തിൽ എൻഡോസൾഫാൻ ഇപ്പോഴും സുക്ഷിച്ചിരിക്കുന്നതു കുറ്റകരമാണ്. ഇതു നശിപ്പിക്കുകയും ഇതിനു കാരണക്കാരായവർക്കെതിരെ നടപടി എടുക്കുകയും വേണം. യൂത്ത് ഫ്രണ്ടിന്റെയും കെഎസ്സിയുടെയും നേതൃത്വത്തിൽ 16നു കാസർകോട് ജില്ലയിലെ രണ്ടു കേന്ദ്രങ്ങളിൽ എൻഡോസൾഫാൻ ദുരിതബാധിതർക്കായി മെഡിക്കൽ ക്യാംപ് സംഘടിപ്പിക്കുമെന്നും പി.സി.തോമസ് പറഞ്ഞു.

യൂത്ത് ഫ്രണ്ട് സംസ്ഥാന പ്രസിഡന്റ് ജയ്സൺ ജോർജ്, കേരള വിദ്യാർഥി കോൺഗ്രസ് സംസ്ഥാന പ്രസിഡന്റ് ശരത് മോഹൻ എന്നിവരുടെ നേതൃത്വത്തിൽ നടന്ന 30 മണിക്കൂർ ഉപവാസത്തിനും ശയനപ്രദക്ഷിണ സമരത്തിലും വിവിധ ജില്ലകളിൽ നിന്നുള്ള യുവ പ്രവർത്തകർ പങ്കെടുത്തു.

സമാപന സമ്മേളനത്തിൽ സംസ്ഥാന ജനറൽ സെക്രട്ടറി അഡ്വ. തോട്ടത്തിൽ, കാസർകോട് ജില്ലാ പ്രസിഡന്റ് ജോർജ് കുത്തുകല്ലേൽ, കണ്ണൂർ ജില്ലാ പ്രസിഡന്റ് കെ.സി.ജേക്കബ്, പി.വി.മൈക്കിൾ, ജില്ലാ സെക്രട്ടറിമാരായ ഹിൽട്ടൺ ബാബു, സെബാസ്റ്റ്യൻ കണ്ണന്താനം, യൂത്ത് ഫ്രണ്ട് നേതാക്കളായ സഞ്ജീവ് ഗോപാലകൃഷ്ണൻ, എസ്.മുകുന്ദൻ, സജി മഞ്ഞായി, ജോർജ് കാക്കശേരി, ഷാജി കാരയ്ക്കൽ, ഷിജോ ജോസ്, സണ്ണി തുണ്ടിയിൽ, അഫ്സൽ ഷാ, ഷിബു പാറക്കുളം, കെഎസ്സിനേതാക്കളായ ടോണി ജോസ്, ജിൻസൺ തോമസ്, തോമസ് ചാക്കോ, വിനു ഹിൽട്ടൺ തുടങ്ങിയവർ പ്രസംഗിച്ചു.

എൻഡോസൾഫാൻ: തോട്ടത്തിനടുത്തുള്ള യുവതി മരിച്ചു

പെർള: എൻഡോസൾഫാൻ മൂലം രോഗബാധിതയായി ചികിൽസയിലായിരുന്ന യുവതി മരിച്ചു. കണപാടി പട്ടികജാതി കോളനിയിലെ കുട്ടിയുടെയും ഗോപിയുടെയും മകൾ സുമതി (38) ആണ് മരിച്ചത്.

മംഗളം

07 January 2011

എൻഡോസൾഫാൻ: സുപ്രീംകോടതി കമ്മീഷൻ റിപ്പോർട്ട് ഇന്ന് സമർപ്പിക്കും



സ്വന്തം ലേഖകൻ

കൊല്ലം

എൻഡോസൾഫാൻ വിഷയത്തിൽ പ്ലാന്റേഷൻ കോർപ്പറേഷൻ ചെയർമാൻ ഉൾപ്പെടെയുള്ളവർക്കെതിരെ ഉന്നതതല അന്വേഷണം ആവശ്യപ്പെട്ടുള്ള മനുഷ്യാവകാശ കമ്മീഷൻ റിപ്പോർട്ട് ഇന്നു രാവിലെ ചീഫ് സെക്രട്ടറി ഡോ.ടി.പ്രഭാകരന് സമർപ്പിക്കും. കരാറുകാരായുള്ള വഴിവിട്ട ബന്ധം സംബന്ധിച്ചും കഴിഞ്ഞ കുറേ വർഷങ്ങളായി കാസർകോട് മേഖലയിൽ കശുവണ്ടി മേഖലയിൽ പിടിച്ചുപറികൾ നടപ്പും വിശദമായി അന്വേഷിക്കണമെന്നും റിപ്പോർട്ടിൽ ആവശ്യപ്പെട്ടിട്ടുണ്ട്.

കമ്മീഷൻ അംഗം കെ.ഇ ഗംഗാധരന്റെ നേതൃത്വത്തിൽ കാസർകോട്ട് നടത്തിയ അന്വേഷണത്തെ തുടർന്നുള്ളതാണ് റിപ്പോർട്ട്.

കോർപ്പറേഷനെതിരെ നിരവധി ആരോപണങ്ങളുയർന്ന സാഹചര്യത്തിൽ കഴിഞ്ഞ പത്തുവർഷത്തെ കശുവണ്ടി ഉൽപ്പാദനത്തിന്റെ കണക്ക് കോർപ്പറേഷനോട് കമ്മീഷൻ ആവശ്യപ്പെട്ടിരുന്നു. എന്നാൽ കശുവണ്ടി ലേലത്തിൽ കരാറുകാർക്ക് നൽകുകയാണെന്നും തണ്ടല്ലാതെ പക്കൽ കണക്കില്ലെന്നുമായിരുന്നു കോർപ്പറേഷന്റെ മറുപടി. കശുവണ്ടി ഉൽപ്പാദനത്തിന്റെ കണക്ക് കരാറുകാരുടെ മാത്രമായിരുന്നുവെന്നും കമ്മീഷൻ സംഘം കണ്ടെത്തിയിരുന്നു.

കോർപ്പറേഷനിൽ ജോലി ചെയ്തിരുന്ന മുൻ ഉദ്യോഗസ്ഥരെക്കുറിച്ചും റിപ്പോർട്ടിൽ പരാമർശമുണ്ട്. കാസർകോട്ടും മറ്റും പ്രദേശവാസികളുടെയുള്ള കോർപ്പറേഷൻ ഉദ്യോഗസ്ഥരുടെ പെരുമാറ്റം പോലും ഏകപക്ഷീയമായിരുന്നുവെന്നും, പുനരധിവാസിക്കപ്പെടുന്നു.

മലയാള മനോരമ

08 January 2011

എൻഡോസൾഫാൻ: താക്കീത് വിണ്ടും



എൻഡോസൾഫാൻ: ദുരിതബാധിതർക്ക് സ്ഥലം പതിച്ചുനൽകണമെന്ന് കമ്മിഷൻ

സ്വന്തം ലേഖകൻ

തിരുവനന്തപുരം: പ്ലാന്റേഷൻ കോർപറേഷന്റെ കൈവശമുള്ള ഭൂമിയിൽ കൃഷി ചെയ്യാത്ത സ്ഥലം എൻഡോസൾഫാൻ ദുരിതബാധിതർക്കും അവരുടെ കുടുംബങ്ങൾക്കും പതിച്ചുനൽകണമെന്ന് സംസ്ഥാന മനുഷ്യാവകാശ കമ്മിഷൻ സർക്കാരിനു നിർദേശം നൽകി. പ്രവർത്തനം ലാഭകരമല്ലെങ്കിൽ കോർപറേഷൻ അടച്ചുപൂട്ടണമെന്നും ജീവനക്കാരെ മറ്റു സ്ഥാപനങ്ങളിലേക്കു വിന്യസിക്കണമെന്നും നിർദേശിച്ചതായി കമ്മിഷൻ അംഗം കെ.ഇ. ഗംഗാധരൻ അറിയിച്ചു.

എൻഡോസൾഫാൻ ദുരിതവുമായി ബന്ധപ്പെട്ടു തയാറാക്കിയ റിപ്പോർട്ട് സർക്കാരിനു സമർപ്പിച്ചുകൊണ്ടാണു നിർദേശങ്ങൾ. എൻഡോസൾഫാൻ ദുരിതബാധിതരിൽനിന്നു കമ്മിഷൻ സ്വമേധയാ രജിസ്റ്റർ ചെയ്ത കേസ് തീർപ്പാക്കിയുള്ള ഉത്തരവിന്റെ ഭാഗമായാണു റിപ്പോർട്ട് സമർപ്പിച്ചത്. കാസർകോട്ടെ എൻഡോസൾഫാൻ ദുരിതബാധിത പ്രദേശങ്ങൾ കമ്മിഷൻ സന്ദർശിക്കുകയും വിദഗ്ധരെ ഉൾപ്പെടുത്തി ശിൽപശാല സംഘടിപ്പിക്കുകയും ചെയ്തിരുന്നു.

കൃഷിയില്ലാത്ത ഭൂമിയില്ലെന്ന് ചെയർമാൻ

കോട്ടയം: പ്ലാന്റേഷൻ കോർപറേഷനു കൃഷി ഇല്ലാത്ത ഭൂമിയില്ലെന്നു ചെയർമാൻ ടി.ജെ. ആഞ്ചലോസ് അറിയിച്ചു. കോർപറേഷൻ ഉടമസ്ഥതയിൽ കാസർകോട്ട് ആകെ 2200 ഹെക്ടർ ഭൂമി മാത്രമാണുള്ളത്. ബാക്കി വസ്തുക്കളെല്ലാം വനംവകുപ്പിന്റെ കയ്യിൽ നിന്നു പാട്ടത്തിന് എടുത്തു കൃഷിചെയ്യുന്നതാണെന്ന് ആഞ്ചലോസ് പറഞ്ഞു.

കാഴ്ചപ്പാട് പേജ്
● മുഖപ്രസംഗം
എൻഡോസൾഫാൻ: താക്കീത് വിണ്ടും

മാധ്യമം

08 January 2011

പ്ലാന്റേഷൻ കോർപറേഷൻ ഭൂമി ദുരിതബാധിതർക്ക് നൽകണം -മനുഷ്യാവകാശ കമീഷൻ

തിരുവനന്തപുരം: പ്ലാന്റേഷൻ കോർപറേഷന്റെ കൈവശമുള്ള മിച്ചഭൂമി കാസർകോട്ടെ എൻഡോസൾഫാൻ ദുരിതബാധിതരുടെ കുടുംബങ്ങൾക്ക് പതിച്ചു നൽകണമെന്ന് സംസ്ഥാന മനുഷ്യാവകാശ കമീഷൻ ഉത്തരവിട്ടു.

കശുവണ്ടി ഉൽപാദനം ലാഭകരമല്ലെങ്കിൽ പ്ലാന്റേഷൻ കോർപറേഷൻ അടച്ചുപൂട്ടാനും ജീവനക്കാരെ മറ്റ് സ്ഥാപനങ്ങളിലേക്ക് വിന്യസിക്കാൻ നടപടി സ്വീകരിക്കണമെന്നും കമീഷൻ ആവശ്യപ്പെട്ടു. എൻഡോസൾഫാൻ ദുരിതബാധിത പ്രദേശങ്ങൾ സന്ദർശിച്ച് തയാറാക്കിയ ഉത്തരവ് ചീഫ് സെക്രട്ടറിക്ക് കൈമാറി.

കശുവണ്ടി ഉൽപാദനം ലാഭകരമല്ലെന്ന് പ്ലാന്റേഷൻ കോർപറേഷൻ കമീഷനോട് സമ്മതിച്ചതിനെ അടിസ്ഥാനത്തിൽ സ്ഥാപനത്തിന്റെ കൈവശമുള്ള കൃഷി ഭൂമി ദുരിത ബാധിതരും ഭൂരഹിതരുമായ കർഷകത്തൊഴിലാളികൾക്ക് പതിച്ചുനൽകാൻ സർക്കാറിന് ബാധ്യതയുണ്ട്. ദുരന്തത്തിന് കാരണമായത് സർക്കാർ ഏജൻസിയായതിനാൽ എൻഡോസൾഫാൻ ഇരകളെ പുനരധിവസിപ്പിക്കേണ്ട ഉത്തരവാദിത്തം സംസ്ഥാനത്തിനുണ്ട്. കീടനാശിനികൾ ഉണ്ടാക്കാനും വിതരണം ചെയ്യാനും ലൈസൻസ് നൽകുന്നതും സർക്കാറായതിനാൽ ദുരന്തത്തിന്റെ ഉത്തരവാദികളെ കണ്ടെത്താനും അവർക്കെതിരെ നടപടിയെടുക്കാനുമുള്ള ബാധ്യതയും സർക്കാറിനുണ്ടെന്ന് കമീഷൻ ചൂണ്ടിക്കാട്ടി.

എൻഡോസൾഫാൻ തിരിച്ചു കൊണ്ടുവരാനും അതിന് അപകടമുണ്ടോയെന്ന് അന്വേഷിക്കാനും ഇനിയൊരു പഠനത്തിന് പ്രസക്തിയില്ല. യാഥാർഥ്യങ്ങൾ മുന്നിൽ കാണുമ്പോൾ ശാസ്ത്രീയവശങ്ങൾ പരിശോധിക്കേണ്ട കാര്യമില്ലെന്നും കമീഷൻ നിരീക്ഷിച്ചു. കാസർകോട്ടെ എൻഡോസൾഫാൻ ബാധിത പഞ്ചായത്തുകൾക്ക് സമീപം സർക്കാർ മൾട്ടി സ്പെഷാലിറ്റി ആശുപത്രി സ്ഥാപിക്കണം. വിദഗ്ധരുടെ സേവനവും ദുരിത ബാധിതർക്ക് സൗജന്യ വൈദ്യസഹായവും ലഭ്യമാക്കണം. എൻഡോ[illegible] എന്ന പേരിലും പ[illegible] എല്ലാ കീടനാശിനി[illegible] നിർമാണവും വിപണനവും തടയണം. ദുരിതബാധിത പ്രദേശങ്ങളിൽ രോഗം കണ്ടെത്താൻ നടപടി സ്വീകരിക്കുകയും വൈദ്യസഹായം ലഭ്യമാക്കുകയും വേണം.

ഉത്തരവിൽ സർക്കാർ നടപടിയെടുക്കുമെന്നാണ് പ്രതീക്ഷയെന്ന് അഡ്വ. കെ.ഇ. ഗംഗാധരൻ പറഞ്ഞു. ഇനിയും അന്വേഷണം നടത്തി അവിടത്തെ ജനങ്ങളെ ഭീതിയിലാഴ്ത്തുന്ന് രോഗബാധിതരെ കണ്ടെത്താൻ സർക്കാർ നടത്തിയ സർവേ അപൂർണമാണ്. മോണിറ്ററിങ് കമ്മിറ്റിക്ക് കൂടുതൽ അധികാരം നൽകി വൈദ്യ പരിശോധന നടത്തിയാണ് ഇരകളെ കണ്ടെത്തേണ്ടത്. ചികിൽസിച്ചു മാറ്റാനാകാത്ത രോഗമായതിനാൽ എന്ന് നഷ്ടപരിഹാരം നൽകിയാലും മതിയാകില്ലെന്നും അദ്ദേഹം പറഞ്ഞു.

മാതൃഭൂമി

08 January 2011

ബെല്ലാരി സഹോദരൻമാരുടെ ലൈസൻസ് റദ്ദാക്കാൻ നിർദേശം

ന്യൂഡൽഹി: കർണാടകത്തിലെ റെഡ്ഡി സഹോദരൻമാരുടെ ഉടമസ്ഥതയിലുള്ള ബെലാപുരം മൈനിങ് കോർപ്പറേഷന് നൽകിയ ഖനന ലൈസൻസുകൾ റദ്ദാക്കണമെന്ന് സുപ്രീം കോടതി നിയോഗിച്ച ഉന്നതാധികാര സമിതി ശുപാർശ ചെയ്തു. വനമേഖലയിൽ കർണാടകവും ആന്ധ്രപ്രദേശും തമ്മിലുള്ള അതിർത്തി വേർതിരിക്കണമെന്നും ബെല്ലാരി സഹോദരൻമാർ കൈയേറിയ സ്ഥലങ്ങൾ കണ്ടെത്തുന്നതു വരെ ഖനനം അനുവദിക്കരുതെന്നും സമിതി ശുപാർശ ചെയ്തു.

ബെല്ലാരി സഹോദരൻമാരുടെ ഉടമസ്ഥതയിലുള്ള ബെലാപുരം മൈനിങ് കോർപ്പറേഷൻ വനമിയമം ലംഘിച്ച് വനത്തിനുള്ളിൽ അഞ്ചു റോഡുകൾ നിർമിച്ചിട്ടുണ്ടെന്നും സമിതി കണ്ടെത്തി.

മനുഷ്യാവകാശ കമ്മിഷന്റെ നിർദേശം

പ്ലാന്റേഷൻ കോർപ്പറേഷന്റെ മിച്ചഭൂമി ദുരിതബാധിതർക്ക് നൽകണം

തിരുവനന്തപുരം: പ്ലാന്റേഷൻ കോർപ്പറേഷന്റെ കൈവശമുള്ള മിച്ചഭൂമി കാസർകോട്ടെ എൻഡോസൾഫാൻ വിഷബാധിതരുടെ കുടുംബങ്ങൾക്ക് പതിച്ചുനൽകണമെന്ന് സംസ്ഥാന മനുഷ്യാവകാശ കമ്മിഷൻ സർക്കാരിന് നിർദേശം നൽകി.

കശുവണ്ടി ഉത്പാദനം ലാഭകരമല്ലെങ്കിൽ പ്ലാന്റേഷൻ കോർപ്പറേഷൻ അടച്ചുപൂട്ടുന്നു. ജീവനക്കാരെ മറ്റ് സ്ഥാപനങ്ങളിലേക്ക് വിന്യസിക്കാനും സർക്കാർ നടപടിയെടുക്കണം. എൻഡോസൾഫാൻ മൂലമുണ്ടായതിനെതിരെ സംസ്ഥാന മനുഷ്യാവകാശ കമ്മിഷൻ സ്വമേധയാ രജിസ്റ്റർചെയ്ത കേസ് തീർപ്പാക്കിക്കൊണ്ടാണ് കമ്മിഷൻ അംഗം അഡ്വ. കെ.ഇ. ഗംഗാധരന്റെ ഉത്തരവ്.

കശുവണ്ടി ഉത്പാദനം ലാഭകരമല്ലെന്ന് കോർപ്പറേഷൻ കമ്മിഷനോട് സമ്മതിച്ചിട്ടുണ്ട്. അതുകൊണ്ടുതന്നെ റബ്ബർ ഉൾപ്പെടെയുള്ള മറ്റു കൃഷികളിലേക്ക് കോർപ്പറേഷൻ തിരിയുന്ന പശ്ചാത്തലത്തിൽ സ്ഥാപനത്തിന്റെ കൈവശമിരിക്കുന്ന മുഴുവൻ എൻഡോസൾഫാൻ ദുരിതബാധിതരായ മുഴുവൻ കർഷകത്തൊഴിലാളികൾക്ക് പതിച്ചുനൽകാൻ സർക്കാരിന് ധാർമിക ബാധ്യതയുണ്ട്. എൻഡോസൾഫാൻ മൂലമുണ്ടായ ദുരന്തത്തിന് കാരണക്കാരായ ഒരു സർക്കാർ ഏജൻസിയായതിനാൽ എൻഡോസൾഫാൻ ഇരകളെ പുനരധിവസിപ്പിക്കേണ്ട ഉത്തരവാദിത്വം സംസ്ഥാനത്തിനുണ്ട്. കിടപ്പാടമില്ലാത്തവർക്കും വീടുവെക്കാൻ സ്ഥലമില്ലാത്തവർക്കും ഉണ്ടാക്കാനും വിതരണം ചെയ്യാനും ലൈസൻസ് നൽകുന്നത് സർക്കാരാണ്. അതിനാൽ മുഴുവൻ ദുരന്തത്തിന്റെയും ഉത്തരവാദിത്വം ആരെന്ന് കണ്ടെത്താനും നടപടിയെടുക്കാനുമുള്ള ബാധ്യത സർക്കാരിനുണ്ട്.

എൻഡോസൾഫാൻ മൂടിക്കിടക്കുന്നുവെന്നായി യാതൊരു അന്വേഷണങ്ങളും നടന്നതായി അറിവില്ല. ഒരു പഠനത്തിനു കൂടി യാതൊരു പ്രസക്തിയുമില്ലെന്ന് കമ്മിഷൻ നിരീക്ഷിച്ചു.

കാസർകോട് ജില്ലയിലെ എൻഡോസൾഫാൻ ബാധിത പഞ്ചായത്തുകൾക്ക് പ്രത്യേക തായി ഒരു മൊബൈൽ സ്പെഷ്യാലിറ്റി ആശുപത്രി സർക്കാർ ആരംഭിക്കണം. ദുരിതബാധിതർക്ക് സൗജന്യ വൈദ്യസഹായം നൽകണം.

എൻഡോസൾഫാൻ എന്ന പേരിലും പേരു മാറ്റിയിട്ടുള്ള എല്ലാത്തരം കീടനാശിനികളുടെയും നിർമാണവും വിപണനവും കേരളസർക്കാർ തടയണം - കമ്മിഷൻ നിർദേശിച്ചു.

കോഴിക്കോട്ടെ പോസ്റ്റലയിലും ഇടുക്കി ജില്ലയിലെ വിവിധ പ്രദേശങ്ങളിലും എൻഡോസൾഫാൻ പ്രയോഗം നടക്കുന്നതായി കമ്മിഷന് പരാതികം ലഭിച്ചിട്ടുണ്ട്. ഈ പ്രദേശങ്ങളിലെ ജനങ്ങൾക്ക് അടിയന്തര വൈദ്യസഹായം നൽകണം. രോഗം കണ്ടെത്താൻ നടപടി സ്വീകരിക്കണമെന്നും കമ്മിഷൻ ഉത്തരവിൽ പറയുന്നു.

മാതൃഭൂമി

10 January 2011

കോൺഗ്രസ് നേതൃത്വം 'എൻഡോസൾഫാൻ പ്രയോഗം' നടത്തുന്നുവെന്ന് കെ.എസ്.യു.

മംഗളം

10 January 2011

എൻഡോസൾഫാൻ ദുരിതം

ഭരണകൂട പിന്തുണയോടെ നടന്ന കുറ്റകൃത്യമെന്നു വിദഗ്ധസമിതി

മലയാള മനോരമ

11 January 2011

പ്ലാന്റേഷൻ കോർപറേഷൻ അടച്ചു പൂട്ടുന്നത് ഭംഗിയല്ല: മുല്ലക്കര

സ്വന്തം ലേഖകൻ

തൃശൂർ: എൻഡോസൾഫാൻ പ്രശ്നത്തിന്റെ പേരിൽ പ്ലാന്റേഷൻ കോർപറേഷൻ അടച്ചുപൂട്ടുന്നതു ഭംഗിയല്ലെന്നു മന്ത്രി മുല്ലക്കര രത്നാകരൻ പറഞ്ഞു. ആയിരക്കണക്കിനു ജീവനക്കാർ ജോലി ചെയ്യുന്ന സ്ഥാപനം പൂട്ടുന്നതിനു പകരം അവരുടെ പ്രവർത്തനനഷ്ടം തിരുത്തുകയാണു വേണ്ടത്.

ദുരിതബാധിതരായ തൊഴിലാളികൾക്കു നഷ്ടപരിഹാരം കൊടുക്കുന്നതടക്കം ചർച്ച ചെയ്യണമെന്നാണു സർക്കാരിന്റെ അഭിപ്രായമെന്നു മുല്ലക്കര പറഞ്ഞു.

തൃശൂർ കേരളവർമ്മ കോളേജിലെ വൈവിധ്യ മേഖലയായി പ്രഖ്യാപിക്കുന്ന പദ്ധതിയുടെ സമർപ്പണത്തിന് എത്തിയതായിരുന്നു അദ്ദേഹം.

കീടനാശിനി കമ്പനികൾ കർഷകരുടെ യോഗം വിളിക്കുന്നതുപോലും കാർഷിക സർവകലാശാലയോ, കൃഷിവകുപ്പോ അറിയാറില്ലെന്നു മുല്ലക്കര കുറ്റപ്പെടുത്തി.

മംഗളം

11 January 2011

എൻഡോസൾഫാൻ: ചില ചിന്തക

തപാൽപ്പെട്ടി

മാതൃഭൂമി

10 January 2011

കോൺഗ്രസ് നേതൃത്വം 'എൻഡോസൾഫാൻ പ്രയോഗം' നടത്തുന്നുവെന്ന് കെ.എസ്.യു.

മാതൃഭൂമി

11 January 2011

എൻഡോസൾഫാൻ ദുരിതബാധിതരെ സർക്കാർ ദത്തെടുക്കണം - ഉമ്മൻ ചാണ്ടി

ചെങ്ങറ പാക്കേജ് നടപ്പാക്കുന്നതിൽ പരാജയപ്പെട്ടു

മാധ്യമം

15 January 2011

എൻഡോസൾഫാൻ: കൃഷി മന്ത്രാലയം പ്രതിനിധിയായി

മംഗളം

10 January 2011

പേരുമാറ്റി എൻഡോസൾഫാൻ തളിക്കൽ തുടരുന്നു: വി.എസ്.

ദീപിക

15 January 2011

15/1/11 Deepika

എൻഡോസൾഫാൻ ദുരിതബാധിതർക്ക് സൗജന്യ റേഷൻ

തിരുവനന്തപുരം: സംസ്ഥാന പൊതുവിതരണ സമ്പ്രദായത്തിലൂടെ റേഷൻകടകൾ വഴി ഈ മാസം വിതരണം ചെയ്യുന്നതിന് റേഷൻ സാധനങ്ങൾ അനുവദിച്ചതായി സിവിൽ സപ്ലൈസ് ഡയറക്ടർ അറിയിച്ചു. എൻഡോസൾഫാൻ ദുരിതബാധിതർക്ക് സൗജന്യമായി അർഹതപ്പെട്ട വിഹിതം ഭക്ഷ്യധാന്യം ലഭിക്കും.

ബിപിഎൽ കാർഡുടമകൾക്ക് പ്രതിമാസം രണ്ടുരൂപ നിരക്കിൽ 24 കിലോ അരിക്കും ആറു കിലോ ഗോതമ്പിനും അർഹതയുണ്ടായിരിക്കും. ഇതിനായി 34434 മെട്രിക് ടൺ അരിയും 9025 മെട്രിക് ടൺ ഗോതമ്പും അനുവദിച്ചിട്ടുണ്ട്.

എപിഎൽ വിഭാഗത്തിൽപ്പെട്ട കർഷകത്തൊഴിലാളി, കയർ, കശുവണ്ടി, കൈത്തറി, ബീഡി, പ്ലായ നിർമാണം, മൺപാത്ര നിർമാണം എന്നിവയിൽ ഏർപ്പെട്ട വിഭാഗങ്ങൾക്കും പ്രതിമാസം 12 കിലോ അരിയും മൂന്ന് കിലോ ഗോതമ്പും രണ്ടുരൂപ നിരക്കിൽ ലഭിക്കും. ചുവടെ പറയുന്ന വിഭാഗങ്ങളെയും പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

പരമ്പരാഗത ആരേണ നിർമാണത്തൊഴിലാളികൾ, ഓട്ടുകമ്പനി മേഖലയിലെ തൊഴിലാളികൾ, ഓട്ടോമൊബൈൽ റിപ്പയറിംഗ് തൊഴിലാളികൾ, സ്കൂൾ ശുചീകരണ, പാചക തൊഴിലാളികൾ, ഭാഗ്യക്കുറി മേഖലയിലെ തൊഴിലാളികൾ, ഓട്ടോറിക്ഷാ തൊഴിലാളികൾ, ഇപിഎഫ് പെൻഷൻകാർ, നിർമാണ തൊഴിലാളികൾ, കള്ളുചെത്തു തൊഴിലാളികൾ, വികലാംഗർ, പെട്രോൾ ബങ്കിൽ ചുമിടുക്കുതൊഴിലാളികൾ, മോട്ടോർ തൊഴിലാളികൾ, കരകൗശലരംഗത്തെ തൊഴിലാളികൾ, കശുവണ്ടി തോട്ടം തൊഴിലാളികൾ, തയ്യൽ തൊഴിലാളികൾ, സർക്കാരിതര ഖാദി ജീവനക്കാർ, ക്ഷീരകർഷകർ, പെയിന്റിംഗ് തൊഴിലാളികൾ, വൃദ്ധജനങ്ങൾ, പേപ്പർ വ്യവസായം (കൈത്തൊഴിൽ), മദ്രസ അധ്യാപകർ, ഗാർഹിക തൊഴിലാളികൾ.

എപിഎൽ കാർഡിന് പ്രതിമാസം 8.90 രൂപ നിരക്കിൽ 12 കിലോ അരിയും 6.70 രൂപ നിരക്കിൽ മൂന്ന് കിലോ ഗോതമ്പും വിതരണം തുടരുന്നു. എപിഎൽ വിഭാഗത്തിനായി 52375 മെട്രിക് ടൺ അരിയും 15965 മെട്രിക് ടൺ ഗോതമ്പും അനുവദിച്ചിട്ടുണ്ട്. കൂടാതെ 2011 ജനുവരി, ഫെബ്രുവരി മാസങ്ങളിൽ ഓരോ എഎവൈ കാർഡുടമയ്ക്കും 10 കിലോ അരി വീതം അധികമായി ലഭിക്കും.

അന്നപൂർണ കാർഡുടമകൾക്ക് പ്രതിമാസം 10 കിലോ അരി സൗജന്യമായി ലഭിക്കും. വൈദ്യുതീകരിക്കാത്ത വീടുകൾക്ക് അഞ്ചു ലിറ്റർ മണ്ണെണ്ണയും വൈദ്യുതീകരിച്ച വീടുകൾക്ക് രണ്ടു ലിറ്റർ മണ്ണെണ്ണയും പ്രതിമാസം 12.30 രൂപ മുതൽ 12.70 വരെ നിരക്കിൽ ലഭിക്കാൻ അർഹതയുണ്ടാവും. കിലോഗ്രാമിന് 13.50 രൂപ നിരക്കിൽ ബിപിഎൽ/എഎവൈ വിഭാഗത്തിലെ ഓരോ അംഗത്തിനും 400 ഗ്രാം പഞ്ചസാര ഓരോ മാസവും ലഭിക്കും. കൂടാതെ 2011 ജനുവരിയിൽ എല്ലാ

മാതൃഭൂമി

16 January 2011

16/1/11 MB

എൻഡോസൾഫാൻ ദുരന്തം ഭരണകൂടത്തിന്റെ പിഴവ് -മുഖ്യമന്ത്രി

കാസർകോട്: ഭരണകൂടത്തിന്റെ പിഴവാണ് എൻഡോസൾഫാൻ ദുരന്തത്തിന് കാരണമെന്ന് മുഖ്യമന്ത്രി വി.എസ്.അച്യുതാനന്ദൻ പറഞ്ഞു. ഇടതുമുന്നണി ഗവൺമെന്റ് എൻഡോസൾഫാൻ ഇരകൾക്ക് കഴിയുന്ന സഹായമെല്ലാം ചെയ്തുനൽകിലും കേന്ദ്രത്തിന്റെ സമീപനം അനുകൂലമായിട്ടില്ലെന്നും അദ്ദേഹം പറഞ്ഞു.

എൻഡോസൾഫാൻ ദുരിതബാധിതരായ രോഗികൾക്ക് സാമ്പത്തിക സഹായവും സൗജന്യ ചികിത്സയ്ക്കായി ബയോമെട്രിക് കാർഡ് വിതരണവും ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി.

എൻഡോസൾഫാൻ വിഷം തളിച്ചതിന്റെ പ്രത്യാഘാതമറിഞ്ഞപ്പോൾ വൈകിയാണെങ്കിലും ലോകത്തിന്റെ കണ്ണുതുറപ്പിക്കാനായി. പക്ഷെ, ഇന്ത്യാ ഗവൺമെന്റിന്റെമാത്രം കണ്ണ് തുറന്നില്ല. ദുരിതമേഖലയിൽ ജനപ്രിനടപടികൾ നിർത്തിവെക്കുകയും കടാശ്വാസനടപടികൾ സ്വീകരിക്കേണ്ടതുമുണ്ട്.

നൂറുകോടി രൂപയുടെ കേന്ദ്രസഹായത്തിനായി സമീപിച്ചെങ്കിലും അനുകൂലമായി പ്രതികരിച്ചിട്ടില്ല. രാജ്യവ്യാപകമായി എൻഡോസൾഫാൻ നിരോധിക്കണമെന്നതാണ് സർക്കാരിന്റെ ആവശ്യം. ഇടുക്കി, പാലക്കാട് ജില്ലകളിൽ എൻഡോസൾഫാൻ പേരുമാറ്റി തളിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും അതുതടയാൻ കർശനനടപടി സ്വീകരിച്ചിട്ടുണ്ടെന്നും മുഖ്യമന്ത്രിപറഞ്ഞു.

എൻഡോസൾഫാൻ ഇരകളുടെ പട്ടികയിൽ പെടാത്തവർക്ക് ഇനി അപ്പീൽകൊടുക്കാൻ സൗകര്യമുണ്ടെന്നും ഒഴിഞ്ഞുപോയ മുഴുവൻപേരെയും പട്ടികയിൽപ്പെടുത്തുമെന്നും ചടങ്ങിൽ അധ്യക്ഷതവഹിച്ച ആരോഗ്യമന്ത്രി പി.കെ.ശ്രീമതി പറഞ്ഞു.

കേന്ദ്രസമീപനം അനുകൂലമല്ല

എൻഡോസൾഫാൻ മെഡിക്കൽ ക്യാമ്പിൽ പങ്കെടുത്ത 50 ശതമാനം കുട്ടികളിലും ശാരീരികവൈകല്യങ്ങളും കണ്ടെത്തിയെന്ന് റിപ്പോർട്ട് അവതരിപ്പിച്ച സാമൂഹ്യക്ഷേമവകുപ്പ് ഡയറക്ടർ ഡോ. ദിനേശ് അറോറ പറഞ്ഞു.

കാസർകോട് ഗവ. ഹയർ സെക്കൻഡറി സ്കൂളിൽ നടന്ന ചടങ്ങിൽ റവന്യൂമന്ത്രി കെ.പി.രാജേന്ദ്രൻ മുഖ്യാതിഥിയായി. പി.കരുണാകരൻ എം.പി., എം.എൽ.എ.മാരായ സി.ടി.അഹമ്മദലി, അഡ്വ. സി.എച്ച്.കുഞ്ഞമ്പു, കെ.വി.കുഞ്ഞിരാമൻ, കെ.കുഞ്ഞിരാമൻ, പള്ളിപ്രം ബാലൻ, ജില്ലാപഞ്ചായത്ത് പ്രസിഡന്റ് പി.പി.ശ്യാമളാദേവി, കാസർകോട് മുനിസിപ്പൽ ചെയർമാൻ ടി.ഇ.അബ്ദുള്ള, എൻ.ആർ.എച്ച്.എം. ഡയറക്ടർ സൗരഭ് ജെയിൻ, എൻമകജെ പഞ്ചായത്ത് പ്രസിഡന്റ് ജെ.എസ്.സോമശേഖര, മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ വി.ഗീത, ആരോഗ്യവകുപ്പ് ഡയറക്ടർ ഡോ. എം.കെ.ജീവൻ, ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. ജോസ് ഡിക്രൂസ്, കൗൺസിലർ രുപാറാണി എന്നിവർ പങ്കെടുത്തു. ജില്ലാകളക്ടർ ആനന്ദസിങ് സ്വാഗതവും സാമൂഹ്യസുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ റൊസാരിയോ എബ്രഹാം നന്ദിയും പറഞ്ഞു.

സഹതാപമുണർത്തി ശിവപ്രസാദ്

കാസർകോട്: എൻഡോസൾഫാൻ ഇരകൾക്ക് സഹായംനല്കുന്നുണ്ടെന്നറിഞ്ഞ് മുഖ്യമന്ത്രി പങ്കെടുത്ത ചടങ്ങിനെത്തിയ അഞ്ചുവയസ്സുകാരൻ ബാക്കലെപരുവയിലെ കൃഷ്ണനായ്ക്കിന്റെ മകൻ പത്തുവയസ്സായ ശിവപ്രസാദ് എല്ലാവരിലും സഹതാപം ഉണർത്തി. കാസർകോട് ഗവ. ഹയർ സെക്കൻഡറി സ്കൂളിലായിരുന്നു സംഭവം. പിന്നീടുവീണശേഷം ഇതുവരെ എഴുന്നേല്ലാൻ കഴിയാതെ ചുരുട്ടിയിട്ടപോലെ ശരീരകിടപ്പിലാണ് ശിവപ്രസാദ്. ഇവരുടെ വിഷമം കണ്ട് സംഘാടകർ രണ്ട് സ്റ്റൂൾ ബെഞ്ചുകൾ അടുപ്പിച്ചുവെച്ച് അതിൽ കിടത്തുകയായിരുന്നു. ചെയ്തും ബഹളവുംമൂലം ശിവപ്രസാദ് ഇടയ്ക്കിടെ അസ്വസ്ഥത പ്രകടിപ്പിച്ചു.

കൂലിപ്പണിക്കാരൻ കൃഷ്ണനായ്ക്കിന്റെ മൂന്നുമക്കളിൽമൂത്തവനാണ് ശിവപ്രസാദ്. ഉദ്ഘാടനച്ചടങ്ങുകഴിഞ്ഞ് മടങ്ങുമ്പോഴാം മുഖ്യമന്ത്രി വി.എസ്.അച്യുതാനന്ദനും ആരോഗ്യമന്ത്രി പി.കെ.ശ്രീമതിയും കിടന്ന കുട്ടിയെ ആശ്വസിപ്പിക്കാൻ മറന്നില്ല.

സിറാജ്

17 January 2011



എസ് എസ് എഫ് സംസ്ഥാന പ്രവർത്തക സമ്മേളനത്തിന്റെ സമാപന ചടങ്ങിൽ എസ് വൈ എസ് സംസ്ഥാന ജനറൽ സെക്രട്ടറി കോഴി അബ്ദുർറഹ്മാൻ സഖാഫി മുഖ്യപ്രഭാഷണം നടത്തുന്നു

● എൻഡോസൾഫാൻ ഇരകൾക്കുവേണ്ടിയുള്ള പോരാട്ടം ശക്തമാക്കും

ദേശീയതലത്തിലേക്ക് പ്രവർത്തനം വ്യാപിപ്പിക്കുന്നു

രമേശൻ പിലിക്കോട്

കൊല്ലം: സുന്നി യുവജന ഫെഡറേഷൻ (എസ് എസ് എഫ്) ദേശീയതലത്തിലേക്ക് പ്രവർത്തനം വ്യാപിപ്പിക്കുന്നു. രണ്ട് ദിവസങ്ങളിലായി കൊല്ലത്ത് നടന്ന സംസ്ഥാന പ്രതിനിധി സമ്മേളനത്തിൽ അവതരിപ്പിച്ച നയരേഖാ രേഖയിലാണ് ഇക്കാര്യം വ്യക്തമാക്കിയിരിക്കുന്നത്. 2011 ഫെബ്രുവരി മാസത്തോടെ ദേശീയ കൗൺസിൽ രൂപവൽക്കരിച്ച് പ്രവർത്തനം തുടങ്ങാനാണ് പരിപാടി. കർണാടക, കേരള, തമിഴ്നാട്, പോണ്ടിച്ചേരി, ആന്ധ്രാപ്രദേശ് എന്നീ അഞ്ച് സംസ്ഥാനങ്ങൾ ഉൾപ്പെടുന്നതാണ് ദക്ഷിണ മേഖല. ഈ മേഖലയിൽ വീഡ് എന്നിവിടങ്ങളിലെ സംസ്ഥാന കൗൺസിൽ തിരഞ്ഞെടുക്കുന്ന അഞ്ചുപേരും ആന്ധ്രപ്രദേശ്, തമിഴ്നാട് എന്നിവിടങ്ങളിലെ വിവിധ കുടുംബങ്ങളിൽ നിന്ന് രണ്ട് വീതം തിരഞ്ഞെടുക്കുന്ന പ്രവർത്തകരും ചേർന്നതായിരിക്കും ദേശീയ കൗൺസിലെന്ന് എസ് എസ് എഫ് സംസ്ഥാന പ്രസിഡന്റ് എൻ എം സ്വാദിഖ് സഖാഫിയും ജനറൽ സെക്രട്ടറി കെ എം അബ്ദുൽ കരീമും സിറാജിനോട് പറഞ്ഞു.

കാസർകോട് ജില്ലയിൽ എൻഡോസൾഫാൻ ഇരകൾക്കു വേണ്ടി നടത്തുന്ന പോരാട്ടം കൂടുതൽ ശക്തമാക്കും. ദുരിതമനുഭവിക്കുന്നവരുടെ കണ്ണീരൊപ്പാനുള്ള പ്രവർത്തനങ്ങൾ വിപുലപ്പെടുത്താൻ പദ്ധതികൾ ആവിഷ്കരിക്കുമെന്നും നയരേഖാ രേഖയിൽ പറയുന്നു. സംസ്ഥാന ജനറൽ സെക്രട്ടറി കെ എം അബ്ദുൽ കരീമാണ് രേഖ അവതരിപ്പിച്ചത്.

ധാർമിക മൂല്യ അന്വേഷണ സമ്പൂർണ്ണ കുടുംബത്തിന് സഹകരിച്ച് യോജിച്ച പ്രവർത്തനങ്ങൾ സംഘടിപ്പിക്കും. പ്രവർത്തകരിൽ വായനാ സംസ്കാരം ശക്തിപ്പെടുത്തലിന്റെ ഭാഗമായി പുസ്തകങ്ങളും രേഖയിൽ എടുത്തു പറയുന്നുണ്ട്. ഹയർ സെക്കൻഡറി മേഖലയിൽ സംഘടനാ സംവിധാനം ഉൾപ്പെടുത്തുന്നതിനുള്ള പ്രവർത്തനം ശക്തമാക്കാനും രേഖയിൽ നിർദേശമുണ്ട്.

മലയാള മനോരമ

17 January 2011

എൻഡോസൾഫാൻ ബാധിതർക്ക് അഞ്ചുലക്ഷം രൂപ അനുവദിക്കണം: എൻസിപി

കാഞ്ഞങ്ങാട്: പെട്രോളിയം ഉൽപന്നങ്ങൾക്കു വൻതോതിൽ വിലക്കയറ്റമുണ്ടായിട്ടു... കേന്ദ്രമന്ത്രിസഭയിലെ കേരളത്തിൽ നിന്നുള്ള മന്ത്രിമാർ പ്രതികരിക്കുന്നില്ലെന്ന് എൻസിപി സംസ്ഥാന പ്രസിഡന്റ് എ.സി.ഷൺമുഖദാസ് പറഞ്ഞു. എൻസിപി സംസ്ഥാന കമ്മിറ്റി സംഘടിപ്പിച്ചപ്രഖണ്ഡ് സമാഹരണ സമ്മേളനവും രാഷ്ട്രീയ വിശദീകരണ യോഗവും കാഞ്ഞങ്ങാട് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

എൻഡോസൾഫാൻ ദുരിത ബാധിതരായവർക്ക് അടിയന്തര നടപടി എന്ന നിലയിൽ അഞ്ചുലക്ഷം രൂപവീതം അനുവദിക്കാൻ കേന്ദ്രസർക്കാർ തയാറാകണം. അടുത്തുവരുന്ന നിയമസഭാ തിരഞ്ഞെടുപ്പിൽ എൽഡിഎഫ് സർക്കാർ അധികാരത്തിലെത്തുമെന്ന് ഉറപ്പാണ്. യുഡിഎഫിലെ ഘടകകക്ഷികൾ തമ്മിലുള്ള ഭിന്നിപ്പ് മറച്ചുപിടിക്കാനാണ് പ്രതിപക്ഷനേതാവ് ഉമ്മൻചാണ്ടി യാത്ര നടത്തിയതെന്നും അദ്ദേഹം പറഞ്ഞു.

എൻസിപി ജില്ലാ പ്രസിഡന്റ് സി.വി. രാമചന്ദ്രൻ അധ്യക്ഷത വഹിച്ചു. സംസ്ഥാന ജനറൽ സെക്രട്ടറിമാരായ അനിൽ കാഞ്ഞിലി, മാമൻ ഐപ്പ്, ധർമരാജൻ, സി പിഎം ഗുരുക്കൾ എന്നിവർ പ്രസംഗിച്ചു.

22 January 2011

എൻഡോസൾഫാൻ: തെരുവുനാടകം നടത്തും

തിരുവനന്തപുരം: എൻഡോസൾഫാൻ ദുരന്തത്തെക്കുറിച്ചു ബോധവൽക്കരണം നടത്താൻ മഹാത്മാ എജ്യുക്കേഷൻ ആൻഡ് ചാരിറ്റബിൾ ട്രസ്റ്റ് എല്ലാ ജില്ലകളിലും തെരുവുനാടകം നടത്തും. മഹാത്മാ വൈകിട്ട് മ്യൂസിയം വളപ്പിലാണ് ഉദ്ഘാടനം.

നാടകവേദികളിൽ നിന്നു സമാഹരിക്കുന്ന തുക ദുരന്ത ബാധിതരെ സഹായിക്കാൻ കാസർകോട് കലക്ടർക്കു കൈമാറുമെന്നു ട്രസ്റ്റ് ചെയർമാൻ അറിയിച്ചു.

മലയാള മനോരമ

24 January 2011

എൻഡോസൾഫാൻ: കാസർകോട്ട് രണ്ടുപേർ കൂടി മരിച്ചു

പെർള: എൻഡോസൾഫാൻ മൂലം രോഗബാധിതരായ രണ്ടുപേർ കൂടി മരിച്ചു.



മുത്തു



മുത്തുകൃഷ്ണൻ

എൻമകജെ പഞ്ചായത്തിലെ കജംപാടിയിലെ മുത്തു (70), സ്വർഗയിലെ പർമലെ–ചെനിയാറു ദമ്പതികളുടെ മകൻ മുത്തുകൃഷ്ണ (32) എന്നിവരാണ് മരിച്ചത്. ചർമരോഗം മൂലം ചികിൽസയിലായിരുന്നു മുത്തു. എൻഡോസൾഫാൻ പട്ടികയിൽ പെട്ടിരുന്നെങ്കിലും സഹായമൊന്നും ലഭിച്ചിരുന്നില്ല.

ഭാര്യ: ദേവി. മക്കൾ: കൃഷ്ണനായക്, ഗോവിന്ദ. അർബുദം ബാധിച്ചു മംഗലാപുരത്തു ചികിൽസയിലായിരുന്നു മുത്തുകൃഷ്ണ. എൻഡോസൾഫാൻ ദുരിതബാധിതരുടെ പട്ടികയിലുണ്ടെങ്കിലും സഹായം ലഭിച്ചിരുന്നില്ല.

മംഗളം

22 January 2011

എൻഡോസൾഫാൻ ഉൽപാദനം കേന്ദ്രസർക്കാർ അംഗീകാരത്തോടെ: എച്ച്.ഐ.എൽ.

കൊച്ചി. കേന്ദ്രസർക്കാരിന്റെ അംഗീകാരത്തോടെയാണ് എൻഡോസൾഫാൻ ഉൽപാദിപ്പിക്കുന്നതെന്നു ഹിന്ദുസ്ഥാൻ ഇൻസെക്ടിസൈഡ്സ് ലിമിറ്റഡ് ഹൈക്കോടതിയെ അറിയിച്ചു. കീടനാശിനി നിയമത്തിലെ വ്യവസ്ഥകൾക്ക് അനുസൃതമാണ് ഉൽപാദനമെന്നും കമ്പനിക്കുവേണ്ടി സീനിയർ ഉദ്യോഗസ്ഥൻ കെ.കെ. ധർ കോടതിയെ അറിയിച്ചു. എൻഡോസൾഫാൻ ദുരിതബാധിതർക്കു നഷ്ടപരിഹാരം നൽകാൻ ട്രിബ്യൂണൽ നിയമിക്കണമെന്നാവശ്യപ്പെട്ടു ലോയേഴ്സ് കോൺഗ്രസ് നേതാവ് അസഫ് അലിയുടെ ഹർജിയിലാണ് കമ്പനിയുടെ വിശദീകരണം.

എൻഡോസൾഫാൻ കാൻസറിനു കാരണമാകുമെന്ന ആരോപണത്തിന് അടിസ്ഥാനമില്ലെന്നും ആരോഗ്യവകുപ്പു വന്തകർക്ക് നടത്തിയ അന്വേഷണത്തിൽ രണ്ടുപേർ മാത്രമാണ് എൻഡോസൾഫാൻ ഉപയോഗമൂലം മരിച്ചതായി കണ്ടെത്തിയതെന്നും സത്യവാങ്മൂലത്തിൽ പറയുന്നു. ഇന്ത്യയിൽ നൂറോളം സ്ഥാപനങ്ങൾ എൻഡോസൾഫാൻ വിപണനം നടത്തുന്നതിനാൽ ഏതു സ്ഥാപനത്തിൽനിന്നും പൂന്റെ ഷാൻ കോപ്പറേഷൻ ഇതു വാങ്ങാവുന്നതാണെന്നും കമ്പനി ബോധിപ്പിച്ചു.

മാതൃഭൂമി

22 January 2011

എൻഡോസൾഫാനെതിരെ തെരുവുനാടകം

തിരുവനന്തപുരം: എൻഡോസൾഫാൻ ദുരന്തബാധിതരുടെ ദുരിതങ്ങളെ ബോധ്യപ്പെടുത്തുന്നതിനുവേണ്ടി മഹാത്മ എഡ്യുക്കേഷണൽ ആൻഡ് ചാരിറ്റബിൾ ട്രസ്റ്റ് (എം.ഇ.സി.ടി.) തെരുവുനാടകം നടത്തും. രണ്ടുമാസംകൊണ്ട് എല്ലാ ജില്ലകളിലും പര്യടനം നടത്തുന്നതിനാണ് മാഹാത്മാ മേയ് ജനുവരി 26ന് മ്യൂസിയം ഗ്രൗണ്ടിൽ രാവിലെ സാംസ്കാരികമന്ത്രി കോടിയേരി ബാലകൃഷ്ണന്റെ സാന്നിധ്യത്തിൽ ഉദ്ഘാടനം നടക്കും. നാടകസംഘത്തിന് ലഭിക്കുന്ന സംഭാവനകൾ എൻഡോസൾഫാൻ ദുരിതബാധിതർക്ക് നൽകുമെന്ന് ട്രസ്റ്റ് ചെയർമാൻ വിജയൻ പി.ആർ. അറിയിച്ചു.

മാധ്യമം

11 February 2011

കുടുംബമാധ്യമം
2011 ഫെബ്രുവരി 11 വെള്ളി

എൻമകജെ എൻഡോസൾഫാൻ ജീവനാശനം







'അംഗവൈകല്യമുണ്ടെങ്കിലും ശ്രുതി പഠിക്കാൻ നല്ല മിടുക്കിയാണ്...' പരിസരത്തെ ഡോ. മോഹൻകുമാർ അവളെ ഞങ്ങൾക്ക് പരിചയപ്പെടുത്തിയത് അങ്ങനെയാണ്. ഇവളെ പ്രസവിച്ചയുടൻ കാൻസർ വന്ന് അമ്മ മരിച്ചു. വീട്ടിൽ ചെറിയമ്മയും അമ്മായിയും. ശ്രുതി, അവളുടെ ശസ്ത്രക്രിയയെ കുറിച്ചും, പഠനതാൽപര്യങ്ങളെ കുറിച്ചും ഒന്നിനി പറഞ്ഞു

അനു അടാട്ടിൽ

സിറാജ്

15 February 2011

എൻഡോസൾഫാൻ: ശാസ്ത്ര സംഘം വീണ്ടും കാസർക്കോട്ടെ മണ്ണ് പരിശോധിക്കും

സി വി സാജു

കണ്ണൂർ: ദീർഘകാലം എൻഡോസൾഫാൻ ഉപയോഗിക്കപ്പെട്ട കാസർക്കോടൻ ഗ്രാമങ്ങളിൽ മണ്ണ് പരിശോധനക്കായി ശാസ്ത്ര സംഘം വീണ്ടുമെത്തുന്നു. എൻഡോസൾഫാൻ ഉപയോഗം മൂലമുള്ള പാരിസ്ഥിതിക പ്രത്യാഘാതത്തെക്കുറിച്ച് പഠിക്കാൻ സംസ്ഥാന സർക്കാർ നിയോഗിച്ച സംഘമാണിത്.

ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിലെ ശാസ്ത്രജ്ഞന്മാരും ആരോഗ്യ വകുപ്പിലെ വിദഗ്ധരുമടങ്ങിയ സംഘമാണ് ഈ മാസം 17ന് കാസർക്കോടെത്തുക. കഴിഞ്ഞ സെപ്തംബർ മുതൽ മൂന്ന് മാസത്തോളം കാസർക്കോട്ടെ എൻഡോസൾഫാൻബാധിത പ്രദേശങ്ങളിൽ ഇവർ പഠനം നടത്തിയിരുന്നു. വെള്ളത്തിലും മണ്ണിലും മനുഷ്യരുടെയും മൃഗങ്ങളുടെയും രക്തത്തിലും എൻഡോസൾഫാന്റെ അംശം എത്രത്തോളമുണ്ടെന്നറിയാനായിരുന്നു പഠനം. കോയമ്പത്തൂരിലും കോഴിക്കോട്ടുമുള്ള ലാബുകളിൽ കാസർക്കോട് നിന്ന് ശേഖരിച്ച സാമ്പിളുകൾ പരിശോധിക്കുകയും പിന്നീട് ഇതിന്റെ വിശദമായ റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തിരുന്നു. 56 ഇടങ്ങളിൽ നിന്നാണ് സാമ്പിളുകൾ ശേഖരിച്ചിരുന്നത്. പ്രദേശത്തെ മണ്ണിലും വെള്ളത്തിലും കൂടിയ തോതിൽ എൻഡോസൾഫാന്റെ അളവുണ്ടെന്ന് പരിശോധനയിൽ കണ്ടെത്തുകയും ചെയ്തിരുന്നു. നിലവിൽ സാമ്പിളുകൾ ശേഖരിച്ച പ്രദേശങ്ങളെക്കൂടാതെ കൂടുതൽ മേഖലകളിൽ നിന്ന് മണ്ണ് ശേഖരിച്ച് ശാസ്ത്രീയ പരിശോധനകൾ നടത്താനാണ് സംഘം വീണ്ടുമെത്തുന്നത്. എൻഡോസൾഫാന്റെ അംശം കൂടുതൽ പ്രദേശങ്ങളിൽ വ്യാപിച്ചിരുന്നുവെന്നു കൂടി കണ്ടെത്തി റിപ്പോർട്ട് സമഗ്രമാക്കി കേന്ദ്ര സർക്കാറിന് സമർപ്പിക്കുമ്പോൾ കൂടുതൽ ആധികാരികത നേടാൻ സാധിക്കുമെന്നാണ് സൂചന. മുഖ്യമന്ത്രിയുടെ പ്രത്യേക നിർദേശപ്രകാരമാണ് നേരത്തെ ശാസ്ത്രജ്ഞ സംഘം കാസർക്കോട്ടെത്തിയിരുന്നത്.

ദീപിക

21 February 2011

ൻഡോസൾഫാൻ സമരസഹായ ിതി രൂപീകരിച്ചു

മലയാള മനോരമ

17 February 2011

നാലു മക്കൾ എൻഡോസൾഫാന്റെ ഇരകൾ; അബൂബക്കറിനെ തളർത്താൻ ജപ്തി നോട്ടീസും

സ്വന്തം ലേഖകൻ

മുളിയാർ (കാസർകോട്): ജീവിതത്തിൽ താങ്ങാകേണ്ട നാലു മക്കൾ എൻഡോസൾഫാൻ കെണിയിൽപ്പെട്ടു നിരാലംബരായിട്ടും പിടിച്ചുനിന്ന അബൂബക്കർ പക്ഷേ ഇപ്പോൾ തളർന്നുപോവുകയാണ്.

എൻഡോസൾഫാൻ ദുരിതബാധിതർക്കായി സമഗ്ര പുനരധിവാസപാക്കേജ് നടപ്പാക്കുമെന്നും ദുരിതബാധിതരുടെ കടങ്ങൾക്കു മോറട്ടോറിയം പ്രഖ്യാപിച്ചുവെന്നും സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചിരിക്കെ ഈ കുടുംബത്തിനു സർക്കാർ വക ജപ്തി നോട്ടീസ് ലഭിച്ചിരിക്കുകയാണ്. കാസർകോട് മുളിയാർ പഞ്ചായത്തിലെ എടനീർ ചാപ്പാടിയിലെ എൻ.എ. അബൂബക്കർ എന്നപഴുപകാരനാണു കഴഞ്ഞ വെള്ളിയാഴ്ച സ്പെഷൽ റവന്യൂ റിക്കവറി കലക്ടറുടെ വകയായി ജപ്തിനോട്ടീസ് കിട്ടിയത്.



ഇരുളാണു മുന്നിൽ: കാസർകോട് എടനീർ ചാപ്പാടിയിലെ എൻഡോസൾഫാൻ ദുരിതബാധിതരായ സഹോദരങ്ങളായ അബ്ദുൽ ലാഭ്, അബ്ദുൽ ഹമീദ്, അബ്ദുൽ റഹ്മാൻ, താഹിർ കബീർ എന്നിവർ ജപ്തി ഭീഷണി നോട്ടിസ് വീട്ടുമുറ്റത്ത്. സമീപം പിതാവ് എൻ.എ. അബൂബക്കർ

2008 ൽ കേരള സംസ്ഥാന ഹൗസിങ് ബോർഡിൽനിന്നു വായ്പയെടുത്തതു 12 ശതമാനം പലിശയുൾപ്പെടെ 5,73,586 രൂപ 30 ദിവസത്തിനകം അടച്ചില്ലെങ്കിൽ ആകെയുള്ള 20 സെന്റ് സ്ഥലവും വീടും ജപ്തിചെയ്യുമെന്നാണു നോട്ടിസിലുള്ളത്. അബൂബക്കറും ഭാര്യ സഫിയയും ഈ സ്ഥലത്തുള്ള പണിതീരാത്ത വീട്ടിൽ എൻഡോസൾഫാൻ ദുരിതബാധിതരായ നാലുമക്കളോടൊപ്പം എങ്ങനെ ജീവിതം മുൻപോട്ടു നയിക്കുമെന്നു ക്ലേശിച്ചിരിക്കെയാണു ജപ്തി നോട്ടീസ് നൽകിയിരിക്കുന്നത്.

മക്കളായ അബ്ദുൽഹമീദ് (34), അബ്ദുൽറഹ്മാൻ (27), അഹമ്മദ്കബീർ(25) അബ്ദുൽ ലാഭ് (20) എന്നിവർ എൻഡോസൾഫാൻ ദുരിതബാധിതരായി മാനസിക വൈകല്യങ്ങളും മറ്റു വൈകല്യങ്ങളും അനുഭവിക്കുന്നവരാണ്. ജോലി ചെയ്യാനോ സ്വന്തംകാര്യങ്ങൾ പരസഹായം കൂടാതെ നിർവഹിക്കാൻ പോലുമോ കഴിയാത്ത ഇവർ നാലുപേരും എൻഡോസൾഫാൻ ദുരിതബാധിതരുടെ പട്ടികയിൽ വർഷങ്ങളായുള്ളവരാണ്. കല്യാണം കഴിച്ചയക്കാൻ പ്രായമായ ഒരു മകളും ഈ വീട്ടിലുണ്ട്. പെരുവാടിയിൽ ഡ്രൈവറായി ജോലിചെയ്താണ് അബൂബക്കർ കുടുംബം പോറ്റുന്നത്. ഇതിനിടയിൽ ലഭിച്ച ജപ്തി നോട്ടീസിനു മുൻപിൽ പകച്ചു നിൽക്കുകയാണ് കുടുംബം.

മംഗളം

18 February 2011

എൻഡോസൾഫാൻ ഇരകൾക്കെതിരെയുള്ള ജപ്തി നടപടി നിർത്തിവച്ചു

18/2 Lu Mangal

തിരുവനന്തപുരം: എൻഡോസൾഫാന്റെ കെണിയിൽപ്പെട്ട നിരാലംബ കുടുംബത്തിനെതിരെയുള്ള ജപ്തി നടപടി നിർത്തിവയ്ക്കാൻ മന്ത്രി ബിനോയ് വിശ്വം ഉത്തരവിട്ടു.

ഹൗസിംഗ് ബോർഡിൽ നിന്ന് വായ്പയെടുത്ത് കുടിശികയായ കാസർകോട് മുളിയാർ പഞ്ചായത്തിലെ എടനീർ ചാപ്പാടിയിലെ എൻ.എ. അബൂബക്കർക്ക് സ്പെഷ്യൽ ഡെപ്യൂട്ടി കലക്ടർ ജപ്തി നോട്ടീസ് നൽകിയെന്ന വാർത്ത ശ്രദ്ധയിൽപ്പെടുത്തിനെ തുടർന്നാണ് നടപടി നിർത്തിവയ്ക്കാൻ മന്ത്രി ഉത്തരവിട്ടത്.എൻഡോൾസൾഫാൻ ദുരിതബാധിതരുടെ കടങ്ങൾക്ക് മോറട്ടോറിയം പ്രഖ്യാപിച്ചിരിക്കെ ജപ്തി നടപടികൾ പാടില്ലാത്തതാണ്.

അബൂബക്കർക്കെതിരെയുള്ള ജപ്തി നടപടികൾ നിർത്തിവയ്ക്കുന്നതോടൊപ്പം, ജപ്തി നോട്ടീസ് നൽകാനുള്ള സാഹചര്യം എന്താണെന്ന് വ്യക്തമാക്കണമെന്നും ഭവന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയോടും, ഹൗസിംഗ് ബോർഡ് സെക്രട്ടറിയോടും മന്ത്രി ബിനോയ് വിശ്വം ആവശ്യപ്പെട്ടു.

മാധ്യമം

18 February 2011

കർണാടകയും എൻഡോസൾഫാൻ നിരോധിച്ചു

ബംഗളൂരു: ഗുരുതര ആരോഗ്യ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നതായി ബോധ്യപ്പെട്ടതിനെ തുടർന്ന് കർണാടകയും എൻഡോസൾഫാൻ കീടനാശിനി നിരോധിച്ചു. സംസ്ഥാനത്തിന്റെ ചില മേഖലകളിൽ എൻഡോസൾഫാൻ മൂലം നിരവധി പേർക്ക് ഗുരുതര രോഗങ്ങൾ പിടിപെട്ടതിന്റെ സാഹചര്യത്തിലാണ് വ്യാഴാഴ്ച ചേർന്ന മന്ത്രിസഭാ യോഗം എൻഡോസൾഫാൻ നിരോധിക്കാനും അടിയന്തരമായി പ്രാബല്യത്തിൽ കൊണ്ടുവരാനും തീരുമാനിച്ചത്. എൻഡോസൾഫാൻ ആകാശത്ത് നിന്ന് തളിക്കുന്നത് മൂലം മനുഷ്യർക്കും മൃഗങ്ങൾക്കും പക്ഷികൾക്കും ഗുരുതര രോഗങ്ങൾ ബാധിക്കുന്നതായും ശാരീരിക വൈകല്യങ്ങൾക്കിരയാകുന്നതായും പഠനങ്ങൾ തെളിയിച്ചതായി ഉന്നത വിദ്യാഭ്യാസ മന്ത്രി വി.എസ് ആചാര്യ പറഞ്ഞു. ബെൽത്തങ്ങാടി, പുത്തൂർ, ബണ്ട്വാൾ താലൂക്കുകളിലെ കശുമാവിൻ തോട്ടങ്ങളിലാണ് ആകാശത്ത് നിന്ന് എൻഡോസൾഫാൻ തളിക്കുന്നത്.

തുടക്കത്തിൽ 60 ദിവസത്തേക്കാണ് നിരോധം. ഇത് തുടരുമെന്നും ആചാര്യ പറഞ്ഞു. കർണാടകയിൽ എൻഡോസൾഫാൻ നിരോധിക്കണമെന്ന് കേന്ദ്ര സർക്കാറിനോട് ശിപാർശ ചെയ്യാനും മന്ത്രിസഭാ യോഗം തീരുമാനിച്ചിട്ടുണ്ട്. നിരോധത്തിന് കേന്ദ്ര സർക്കാറിന്റെ ഔപചാരിക അനുമതി വേണ്ടതുണ്ട

ദീപിക

20 February 2011

എൻഡോസൾഫാൻ തളിക്കുന്നുവെന്ന് വ്യാജപ്രചാരണം: പോലീസ് ഇടപെട്ട് സംഘർഷം ഒഴിവാക്കി

അമ്പൂരി: സാമൂഹ്യവിരുദ്ധരുടെ വ്യാജപ്രചാരണം നാട്ടുകാരെ ഭീതിയിലാഴ്ത്തി. പനയിലെ സകാര്യ വ്യക്തി തന്റെ റബർ തോട്ടത്തിൽ റബറിന്റെ ഇല കൊഴിയാതിരിക്കുവാൻ വേണ്ടി തുരിശും കക്കയും നീറ്റി ഉണ്ടാക്കിയ ലായനി തളിച്ചതിനെ തുടർന്നാണ് സംഭവം. സാമൂഹ്യവിരുദ്ധരായ ചിലർചേർന്ന് തോട്ടത്തിൽ തളിച്ചത് നിരോധിക്കപ്പെട്ട എൻഡോസൾഫാൻ ആണെന്ന് പ്രചരിപ്പിച്ചു. ഇതോടെ നാട്ടുകാർ ഭീതിയിലായി.

ഇതേതുടർന്ന് സാമൂഹ്യവിരുദ്ധരും പോലീസിൽ വിവരം അറിയിച്ചു തുടർന്ന് രണ്ടുമണിക്കൂർ നേരം സംഘർഷഭരിതമായ അന്തരീക്ഷം സൃഷ്ടിച്ചു.

തുടർന്ന് പോലീസും സാമൂഹ്യപ്രവർത്തകരും നടത്തിയ അന്വേഷണത്തിൽ സാധാരണ തോട്ടങ്ങളിൽ തളിക്കാറുള്ള തുരിശും കക്കയും ചേർന്ന മിശ്രിതമാണെന്ന് കണ്ടെത്തി.

ഈപ്രദേശങ്ങളിൽ സാമൂഹിക വിരുദ്ധർ ഇതുപോലെ വ്യാജപ്രചാരണം ഇതിനു മുമ്പും നടത്തിയിട്ടുണ്ടെന്ന് നാട്ടുകാർ പറഞ്ഞു.

സാമൂഹ്യവിരുദ്ധർ ചില കുടിക്കാരേയും ഭൂ ഉടമകളെയും അവഹേളിക്കുന്നതിനുവേണ്ടിയാണ് ഇത്തരത്തിലുള്ള പ്രചാരണമെന്ന് ആരോപണം ഉണ്ട്.

23 February 2011

എൻഡോസൾഫാൻ ദോഷകരമല്ല: പവാർ

● കാസർഗോട്ടെ ദുരന്തത്തിനു കാരണം മാർഗരേഖ ലംഘിച്ച് ആകാശമാർഗം തളിച്ചത്

സ്വന്തം ലേഖകൻ



ന്യൂഡൽഹി: എൻഡോസൾഫാൻ രോഗകരമല്ലെന്ന വാദവുമായി കേന്ദ്ര കൃഷിമന്ത്രി ശരദ് പവാർ വീണ്ടും രംഗത്ത്. പാർലമെന്റിൽ ചോദ്യോത്തരവേളയിലാണ് ഇക്കാര്യം അദ്ദേഹം സൂചിപ്പിച്ചത്.

എൻഡോസൾഫാൻ വെണ്ണമെന്നു നിരവധി കർഷകർ ആവശ്യപ്പെടുന്നുണ്ട്. കീടനാശിനി നിയന്ത്രണ ബോർഡിന്റെ മാർഗരേഖ ലംഘിച്ച് ആകാശമാർഗം തളിച്ചതാണ് കാസർഗോട്ടെ ദുരന്തത്തിനു കാരണമായത്. എന്നിരുന്നാലും ഇക്കാര്യം പരിശോധിക്കുന്നതിനായി നിയോഗിച്ച കേന്ദ്രസംഘത്തിന്റെ റിപ്പോർട്ട് എന്തായാലും സർക്കാർ അത് അംഗീകരിക്കുമെന്നും ശരദ് പവാർ വ്യക്തമാക്കി.

എൻഡോസൾഫാൻ നിരോധിക്കുന്നതു സംബന്ധിച്ചു കെ. സുധാകരൻ എംപിയുടെ ചോദ്യത്തിനു മറുപടിയായാണ് എൻഡോസൾഫാൻ രോഗകരമല്ലെന്നു പവാർ അറിയിച്ചത്. എൻഡോസൾഫാൻ ഉപയോഗം കാരണമാണു പ്രശ്നങ്ങൾ ഉണ്ടാക്കിയെന്ന് പറയാനാവില്ല. എൻഡോസൾഫാന്റെ രോഗശേഷി പഠിക്കാൻ നിയോഗിച്ച നാല് വിദഗ്ധ സമിതികൾ നൽകിയ റിപ്പോർട്ടുകളിൽ ഇതിന് അനുകൂലമായ കണ്ടെത്തലുകളാണുള്ളത്. ഈ കീടനാശിനി നിരവധി രാജ്യങ്ങളിൽ നിരോധിച്ചിട്ടുണ്ട്. എന്നാൽ, ചിലയിടങ്ങളിൽ ഇപ്പോഴും ഉപയോഗിക്കുന്നു. കർണാടക സർക്കാരും അടുത്തിടെ എൻഡോസൾഫാൻ നിരോധിച്ചു. സംസ്ഥാനങ്ങൾ നിരോധനം ഏർപ്പെടുത്തുന്ന കാര്യത്തിൽ കേന്ദ്രം ഇടപെടില്ല.

കേരളത്തിൽ ആകാശമാർഗം തളിച്ചതുകൊണ്ടാണ് ദുരിതമുണ്ടായതെന്നും ശരദ് പവാർ പറഞ്ഞു. ആകാശമാർഗം എൻഡോസൾഫാൻ തളിക്കരുതെന്നു കീടനാശിനി നിയന്ത്രണ ബോർഡ് നിർദേശം നൽകിയിരുന്നതാണ്. ഇപ്പോഴത്തെ വിദഗ്ധരുടെ പഠനങ്ങൾ പരിശോധിക്കാൻ വിദഗ്ധ സമിതിയെ സർക്കാർ നിയോഗിച്ചിട്ടുണ്ട്. ഐസിഎംആർ സമിതിയുടെ റിപ്പോർട്ട് എന്തായാലും അതു സർക്കാർ അംഗീകരിക്കുമെന്നും പി. കരുണാകരന്റെ ഉപചോദ്യത്തിന് മറുപടിയായി അദ്ദേഹം വ്യക്തമാക്കി. കാസർഗോഡ് എൻഡോസൾഫാൻ തളിച്ചതിന്റെ ദുരിതമനുഭവിക്കുന്ന ജനങ്ങൾക്ക് നഷ്ടപരിഹാരം നൽകാൻ പദ്ധതിയുണ്ടോയെന്ന സുധാകരന്റെ ചോദ്യത്തിന് ഇക്കാര്യം കേരളസർക്കാർ പരിശോധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് പവാർ മറുപടി നൽകി.

മാതൃഭൂമി

23 February 2011

എൻഡോസൾഫാനെ അനുകൂലിക്കുന്നവരുമുണ്ടെന്ന് കേന്ദ്രം

ന്യൂഡൽഹി: കാസർകോട് ജില്ലയിലെ കാർഷികമേഖലയിൽ ദുരന്തം വിതയ്ക്കുന്ന കീടനാശിനിയായ എൻഡോസൾഫാനെ അനുകൂലിക്കുന്ന കർഷകസംഘടനകളും സംസ്ഥാനങ്ങളുമുണ്ടെന്ന് കേന്ദ്ര കൃഷിമന്ത്രി ശരദ്പവാർ. രാജ്യത്തെ പല ദേശത്തും എൻഡോസൾഫാൻ ഉപയോഗിച്ചിട്ട് കർഷകർക്ക് പ്രശ്നങ്ങളൊന്നുമില്ലെന്നും ഗുണമേ ഉണ്ടായിട്ടുള്ളൂവെന്നും മന്ത്രി പറഞ്ഞു.

ആകാശമാർഗം കീടനാശിനികം തളിക്കുന്നത് നിരോധിച്ചിട്ടുണ്ട്. കാസർകോട് ഇത് ലംഘിച്ച് എൻഡോസൾഫാൻ തളിച്ചത് കുഴപ്പമുണ്ടാക്കിയിരിക്കാം.

എന്നാൽ എൻഡോസൾഫാനിന്റെ ഉപയോഗം കൊണ്ടാണ് കാസർകോട് ജില്ലയിലെ ഒരു പ്രദേശത്ത് ദുരന്തമുണ്ടായത് എന്ന് അസന്ദിഗ്ധമായി തെളിയിക്കാനായിട്ടില്ല. 1991 മുതൽ നിയോഗിച്ചിട്ടുള്ള വിവിധ സമിതികളും വ്യത്യസ്തമായ കണ്ടെത്തലുകളാണ് ഇതുവരെ നടത്തിയിട്ടുള്ളത്. ഇതു സംബന്ധിച്ച് പഠനം നടത്താനും റിപ്പോർട്ട് സമർപ്പിക്കാനും പുതിയ സമിതിയെ നിയോഗിച്ചിട്ടുണ്ട്.

സമിതിയുടെ നിർദേശമനുസരിച്ച് സർക്കാർ നിലപാടെടുക്കും.- ലോക്സഭയിൽ കെ. സുധാകരന്റെ ചോദ്യത്തിനുത്തരമായി മന്ത്രി പ്രതികരിച്ചു.

എൻഡോസൾഫാൻ ദുരന്തത്തിനിരയായവർക്ക് കേന്ദ്രം സഹായം നൽകുമോ എന്ന സുധാകരന്റെയും പി. കരുണാകരന്റെയും ചോദ്യത്തിന് ഇത് സംസ്ഥാനത്തിന്റെ ഉത്തരവാദിത്വമാണെന്ന് മാത്രമായിരുന്നു മറുപടി. എൻഡോസൾഫാന്റെ നിർമാതാക്കളായ അമേരിക്ക അടക്കമുള്ള 72 രാജ്യങ്ങളും ഈ കീടനാശിനി നിരോധിച്ചിട്ടുണ്ട് എന്ന് പി. കരുണാകരൻ ചൂണ്ടിക്കാണിച്ചപ്പോൾ ബ്രസീൽ, ഓസ്ട്രേലിയ, ചൈന എന്നിവയടക്കം നാല്പതോളം രാജ്യങ്ങൾ ഇത് ഇപ്പോഴും ഉപയോഗിക്കുന്നുണ്ട് എന്നായിരുന്നു മന്ത്രി പ്രതികരിച്ചത്. കാസർകോട് മാത്രമല്ല ഇടുക്കി, പാലക്കാട് ജില്ലകളിലും എൻഡോസൾഫാന്റെ ഉപയോഗം ദുരന്തം വിതച്ചിട്ടുണ്ടെന്നും പി. കരുണാകരൻ ചൂണ്ടിക്കാണിച്ചു.

നാനൂറോളം പേർ ഇതുമൂലം മരണമടഞ്ഞു. നാലായിരത്തോളം പേർക്ക് മാനസികവും ശാരീരികവുമായ വൈകല്യങ്ങളും അവശതകളും ഉണ്ടായി-കരുണാകരൻ പറഞ്ഞു.

മാധ്യമം

23 February 2011

23/2/11 mm

എൻഡോസൾഫാൻ: കേന്ദ്രം കൈകഴുകി

പുനരധിവാസം സംസ്ഥാന ചുമതല -പവാർ

എ.എസ്. സുരേഷ്കുമാർ

ന്യൂഡൽഹി: എൻഡോസൾഫാൻ കീടനാശിനി പ്രയോഗത്തിൽ ഗാരിലകവും മാനസികവുമായ വൈകല്യം ബാധിച്ച് ജീവിതം തുലഞ്ഞവരുടെ പുനരധിവാസ പ്രശ്നത്തിനു മുമ്പിൽ കേന്ദ്രസർക്കാർ വീണ്ടും കൈകഴുകി. ഇവരുടെ പുനരധിവാസ കാര്യങ്ങൾ സംസ്ഥാന സർക്കാറാണ് നോക്കേണ്ടതെന്ന് കൃഷിമന്ത്രി ശരദ് പവാർ ലോക്സഭയിൽ പറഞ്ഞു. എൻഡോസൾഫാൻ സംസ്ഥാനത്ത് നിരോധിച്ചിട്ടുണ്ടെങ്കിലും ഈ കീടനാശിനി അന്തിമ പരിഹാരമാണെന്ന അഭിപ്രായമുള്ള കർഷകരും കർഷക സംഘടനകളുമുണ്ടെന്നും മന്ത്രി വിശദീകരിച്ചു.

കെ. സുധാകരൻ, പി. കരുണാകരൻ എന്നിവരുടെ ചോദ്യങ്ങൾക്ക് മറുപടി പറയുകയായിരുന്നു ശരദ്പവാർ. എൻഡോസൾഫാൻ നിരോധം വിവാദ വിഷയമാണ്. ഇതിനകം വിഷയം പഠിച്ച നാലു സമിതികളും നിരോധത്തെ അനുകൂലിക്കുന്നില്ല. ഈ കീടനാശിനി വിപുലമായി സ്പ്രേ ചെയ്യുന്നത് ശരിയല്ലെന്ന് മാത്രമാണ് അവരുടെ റിപ്പോർട്ട്. വ്യാപകമായിഎതിർപ്പ് ഉയർന്നതു കണക്കിലെടുത്ത് ഐ.സി.എം.ആറിനെ വിണ്ടുമൊരു പഠനത്തിന് നിയോഗിച്ചിട്ടുണ്ട്. റിപ്പോർട്ട് കിട്ടിയശേഷം ബാക്കി കാര്യം തീരുമാനിക്കുമെന്ന് മന്ത്രി പറഞ്ഞു.

60 രാജ്യങ്ങൾ എൻഡോസൾഫാൻ നിരോധിച്ചിട്ടുണ്ട്. എന്നാൽ, ചൈനയും ബ്രസീലും അടക്കം 40 രാജ്യങ്ങൾ ഇന്നും ഉപയോഗിക്കുന്നു. രണ്ടു പതിറ്റാണ്ടിനിടയിൽ കാസർകോട്ട് പഠനം നടത്തിയ നാലു കമ്മിറ്റികളും കശുമാവിൻ ഏരിയൽ സ്പ്രേ നടത്തുന്നതു മൂലം മനുഷ്യനും മൃഗങ്ങൾക്കും ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാകുന്നുവെന്നാണ് ചൂണ്ടിക്കാട്ടിയത്. പ്രദേശവാസികൾക്ക് മുൻകൂട്ടി അറിയിപ്പ് നൽകാതെയും അനുവാദം വാങ്ങാതെയും ഈ രീതിയിൽ നടന്ന കീടനാശിനി പ്രയോഗമാകാം പ്രശ്നകാരണം. എൻഡോസൾഫാൻ ഉപയോഗം കേരള സർക്കാർ ഇതിനകം തന്നെ നിരോധിച്ചിട്ടുണ്ടെന്നും ശരദ്പവാർ വിശദീകരിച്ചു. കർണാടകവും ഈയിടെ വിലക്കി.

ചോദ്യോത്തര വേളയിൽ കെ. സുധാകരനാണ് എൻഡോസൾഫാൻ പ്രശ്നം ഉന്നയിച്ചത്. മന്ത്രിയുടെ മറുപടിയെ തുടർന്ന് കഷ്ടത അനുഭവിക്കുന്നവരുടെ പുനരധിവാസത്തിനായി കേന്ദ്രത്തിന് എന്തു ചെയ്യാൻ കഴിയുമെന്ന് അദ്ദേഹം എടുത്തു ചോദിച്ചു. ശാരീരിക, മാനസിക തകരാറുള്ളവരുടെ കാര്യത്തിൽ സർക്കാറിന് ധാർമിക ബാധ്യതയുണ്ടെന്നും സുധാകരൻ ഓർമിപ്പിച്ചു. അപ്പോഴായിരുന്നു മന്ത്രിയുടെ മറുപടി. 'പുനരധിവാസം നമ്മുടെയൊക്കെ ആഗ്രഹമാണ്. കേരള സർക്കാറാണ് കീടനാശിനി പ്രയോഗത്തിന് ഉത്തരവാദികളുടെ പുനരധിവാസത്തിന് നടപടി സ്വീകരിക്കേണ്ടത്' -പവാർ പറഞ്ഞു.

ഇതോടെ, കാസർകോടിന്റെ പ്രതിനിധിയാണ് താനെന്നുപറഞ്ഞ് പി. കരുണാകരൻ എഴുന്നേറ്റു. 11 ഗ്രാമങ്ങളിലായി 400 പേർ മരിക്കാനും 4,000ത്തിൽപരം പേർ കൊടുതി അനുഭവിക്കാനും ഇടവരുത്തിയ എൻഡോസൾഫാൻ രാജ്യവ്യാപകമായി നിരോധിക്കാൻ സർക്കാർ ഇനിയും വൈകരുതെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. ഈ കീടനാശിനി ആദ്യം പ്രയോഗിച്ച അമേരിക്ക അടക്കം 74 രാജ്യങ്ങൾ ഇത് വിലക്കിക്കഴിഞ്ഞു. കാസർകോട്ടെ കീടനാശിനി ബാധിതർക്കായി പ്രത്യേക പാക്കേജ് വേണമെന്നും കരുണാകരൻ ആവശ്യപ്പെട്ടു. പഴയ മറുപടി ആവർത്തിക്കുക മാത്രമാണ് അപ്പോൾ മന്ത്രി ചെയ്തത്.

മലയാള മനോരമ

23 February 2011

23/2/11 MM

എൻഡോസൾഫാൻ: മിക്ക സംസ്ഥാനങ്ങളും നിരോധനത്തിന് എതിരെന്നു ശരദ്പവാർ

സ്വന്തം ലേഖകൻ

ന്യൂഡൽഹി: എൻഡോസൾഫാൻ നിരോധിക്കുന്നതിനോടു കേരളവും കർണാടകയുമൊഴികെയുള്ള ഭൂരിപക്ഷം സംസ്ഥാനങ്ങളും എതിരാണെന്നു കൃഷിമന്ത്രി ശരദ് പവാർ. ദുബൈ സമിതി നടത്തുന്ന പഠനത്തിലെ ശുപാർശകളുടെ അടിസ്ഥാനത്തിലായിരിക്കും നിരോധനം. ഉൾപ്പെടെയുള്ള തുടർ നടപടികൾ തീരുമാനിക്കുകയെന്ന് അദ്ദേഹം ലോക്സഭയിൽ കെ. സുധാകരനു മറുപടി നൽകി.

എൻഡോസൾഫാൻ പ്രയോഗിക്കുന്നതിൽ കേരളം വരുത്തിയ വീഴ്ചകളിലേക്കും മുൻപു നടന്ന പഠനങ്ങളിലെ നിഗമനങ്ങളിലേക്കും ശ്രദ്ധയാകർഷിച്ചു കൊണ്ടായിരുന്നു പവാറിന്റെ മറുപടി. കീടനാശിനി തളിക്കും (സ്പ്രേ) മുൻപു കേന്ദ്രാനുമതി വാങ്ങിയിരിക്കണമെന്ന നിബന്ധന സംസ്ഥാനം പാലിച്ചില്ല. യുഎസ് ഉൾപ്പെടെ ഒട്ടേറെ രാജ്യങ്ങൾ എൻഡോസൾഫാൻ നിരോധിച്ചിട്ടുണ്ടെങ്കിലും ഇന്ത്യയിലെ ഭൂരിപക്ഷം സംസ്ഥാനങ്ങളും ഈ കീടനാശിനിയെ കർഷകബന്ധുവായാണു കാണുന്നത്.

എൻഡോസൾഫാൻ മൂലം ബാധിതർക്കു പാക്കേജ് പ്രഖ്യാപിക്കുന്ന കാര്യത്തിലും ഉടൻ കേന്ദ്രനടപടിയുണ്ടാവില്ലെന്നു പി. കരുണാകരനു നൽകിയ മറുപടിയിൽ പറഞ്ഞു. എന്നാൽ, സംസ്ഥാന സർക്കാർ മുന്നോട്ടു വരികയാണെങ്കിൽ അതിനു സഹായിക്കാൻ അതിനുള്ള നടപടികളുടെക്കേണ്ടതാണെന്നു മന്ത്രി നിർദേശിച്ചു.

28 February 2011

എൻഡോസൾഫാൻ: പവാർ പറഞ്ഞതു ഉദ്യോഗസ്ഥ റിപ്പോർട്ട് -ഷൺമുഖദാസ്

കണ്ണൂർ: എൻഡോസൾഫാൻ കീടനാശിനി ഉപയോഗിക്കുമ്പോൾ പാലിക്കേണ്ട മാർഗനിർദേശങ്ങൾ തയാറാക്കിയതാണ് കാസർകോട്ടെ വിഷമഴ ദുരന്ത കാരണമെന്ന് കേന്ദ്ര കൃഷിമന്ത്രി ശരദ്പവാർ പറഞ്ഞത് ഉദ്യോഗസ്ഥർ നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണെന്ന് എൻ.സി.പി സംസ്ഥാന പ്രസിഡന്റ് എ.വി. ഷൺമുഖദാസ് അഭിപ്രായപ്പെട്ടു. നാഷനലിസ്റ്റ് കിസാൻ കോൺഗ്രസ് സംസ്ഥാന പ്രതിനിധി സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. നാഷനലിസ്റ്റ് കിസാൻ കോൺഗ്രസ് സംസ്ഥാന പ്രസിഡന്റ് എം. മുകുന്ദൻ അധ്യക്ഷത വഹിച്ചു. എ.കെ. ശശീന്ദ്രൻ എം.എൽ.എ, എം.ജെ. ഉമ്മൻ, എം. ബലരാമൻ നായർ, കെ.പി. കൃഷ്ണൻകുട്ടി എന്നിവർ സംസാരിച്ചു. പുഷ്കൽ വാസുദേവൻ സ്വാഗതം പറഞ്ഞു.

കേരള കൗമുദി

23 February 2011

എൻഡോസൾഫാൻ: പവാർ വീണ്ടും ന്യായീകരിക്കുന്നു

സ്വന്തം ലേഖകൻ

ന്യൂഡൽഹി: എൻഡോസൾഫാനെ ന്യായീകരിച്ച് കേന്ദ്ര കൃഷിമന്ത്രി ശരദ് പവാർ വീണ്ടും. ദോഷകരമല്ലെന്നും നിയന്ത്രണ ബോർഡിന്റെ മാർഗനിർദ്ദേശങ്ങൾ മറികടന്ന് ഉപയോഗിച്ചതാണ് കാസർകോട്ട് പ്രശ്നമായതെന്നും അദ്ദേഹം ലോക്സഭയിൽ പറഞ്ഞു. ദുരിതബാധിതർക്ക് നഷ്ടപരിഹാരം നൽകാനുള്ള ബാധ്യത സംസ്ഥാന സർക്കാരുകൾക്കാണെന്നും അദ്ദേഹം പറഞ്ഞു. സംസ്ഥാനങ്ങൾ എൻഡോസൾഫാൻ നിരോധിക്കുന്നതിന് സ്കർക്കാർ എതിരല്ലെന്നും അദ്ദേഹം വ്യക്തമാക്കി.

കാസർകോട്ട് മാർഗരേഖ ലംഘിച്ച് ഹെലികോപ്ടറിൽ നിന്ന് മരുന്ന് തളിക്കുകയായിരുന്നു. കാസർകോട്ടെ ആരോഗ്യ പ്രശ്നങ്ങൾക്ക് കാരണം എൻഡോസൾഫാൻ ആണെന്ന് ശാസ്ത്രീയമായി തെളിയിക്കപ്പെട്ടിട്ടില്ല. ആരോപണം ഉയർന്ന സാഹചര്യത്തിൽ പഠനം നടത്താൻ വിദഗ്ധ സമിതിയെ നിയോഗിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കും- കെ. സുധാകരന്റെ ചോദ്യത്തിനും പി. കരുണാകരന്റെ ഉപചോദ്യത്തിനും മറുപടിയായി പവാർ പറഞ്ഞു.

കേരളവും കർണാടകയും മാത്രമാണ് നിരോധനം ആവശ്യപ്പെട്ടിട്ടുള്ളത്. മറ്റു സംസ്ഥാനങ്ങളിൽ ഇത് ഉപയോഗിക്കുന്നുണ്ട്. നിരോധിത കീടനാശിനികൾ ഇന്ത്യയിൽ പലയിടത്തും ഉപയോഗിക്കുന്നുണ്ടെന്നും ഇവയുടെ അംശം പഴങ്ങളിലും പച്ചക്കറികളിലും കണ്ടെത്തിയിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു.

ജനങ്ങളുടെ ആരോഗ്യത്തെ ബാധിക്കുമെന്ന് കണ്ടെത്തിയതിനാൽ 74 രാജ്യങ്ങളിൽ എൻഡോസൾഫാൻ നിരോധിച്ചിട്ടുണ്ടെന്ന് പി. കരുണാകരൻ പറഞ്ഞിരുന്നു. ഇതുവരെ കാസർകോട്ടു നടന്ന 16 പഠനങ്ങളിൽ ഭൂരിഭാഗം പഠനങ്ങളും എൻഡോസൾഫാന് എതിരായ റിപ്പോർട്ട് നൽകിയിട്ടുണ്ട്. ഇപ്പോഴത്തെ സമിതിയിൽ ഏറെയും കൃഷി ശാസ്ത്രജ്ഞന്മാരാണെന്നും ആരോഗ്യവിദഗ്ധരെയാണ് ഉൾപ്പെടുത്തേണ്ടതെന്നും കരുണാകരൻ പറഞ്ഞു.

മാധ്യമം

25 February 2011

എൻഡോസൾഫാനെ രക്ഷിക്കാൻ കേന്ദ്ര കൃഷിമന്ത്രാലയം: സുധീരൻ

കൊല്ലം: നിരോധനത്തിൽനിന്ന് എൻഡോസൾഫാൻ കമ്പനിയെ രക്ഷിക്കാൻ കേന്ദ്ര കൃഷിമന്ത്രാലയം കൂട്ടുനിൽക്കുന്നുവെന്ന് വി.എം. സുധീരൻ കുറ്റപ്പെടുത്തി. എൻഡോസൾഫാൻ ദോഷകരമല്ലെന്ന മന്ത്രി ശരദ്പവാറിന്റെ വാദം അത് ഉൽപാദിപ്പിക്കുന്ന കമ്പനികളുടേതാണ്.

അമേരിക്ക ഉൾപ്പെടെ 74 രാജ്യങ്ങൾ എൻഡോസൾഫാൻ നിരോധിച്ചിട്ടും അതിനു ദോഷമില്ലെന്ന പവാറിന്റെ വാദം അദ്ഭുതപ്പെടുത്തുന്നു. കമ്പനിയുടെ പ്രതിനിധികൾ ഉൾപ്പെടുവർ തയാറാക്കിയ മൂന്നു റിപ്പോർട്ടുകളിൽ എൻഡോസൾഫാൻ ദോഷകരമല്ലെന്നു പറയുമ്പോൾ സ്വതന്ത്ര ഏജൻസികൾ തയാറാക്കിയ 13 റിപ്പോർട്ടുകളിൽ ഗുരുതരമായ പ്രത്യാഘാതം സൃഷ്ടിക്കുമെന്നു വ്യക്തമാക്കിയിട്ടുണ്ട്. കേന്ദ്ര കൃഷിവകുപ്പും സംസ്ഥാന സർക്കാരും പ്ലാന്റേഷൻ കോർപറേഷനും ജനങ്ങൾക്കുമേൽ ദുരന്തം അടിച്ചേൽപ്പിക്കുകയാണെന്ന് അദ്ദേഹം പറഞ്ഞു.

എൻഡോസൾഫാൻ നിരോധിക്കണമെന്ന ആവശ്യവുമായി സർവകക്ഷിസംഘം ഡൽഹിയിൽ പോകുമെന്നു മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദൻ നവംബറിൽ പ്രഖ്യാപിച്ചുവെങ്കിലും അതിന് ഒരു നീക്കവും നടത്തിയിട്ടില്ല. ഏപ്രിൽ 25നു സ്റ്റോക്ഹോമിൽ നടക്കുന്ന രാജ്യാന്തര സമ്മേളനത്തിൽ എൻഡോസൾഫാൻ നിരോധനം ചർച്ച ചെയ്യപ്പെടും. രണ്ടുവർഷം മുൻപു നടന്ന ഇതേ യോഗത്തിൽ ഇന്ത്യ എൻഡോസൾഫാൻ നിരോധിക്കണമെന്ന് ആവശ്യപ്പെട്ടിട്ടില്ല.

ഇന്ത്യൻ സംഘത്തെ എൻഡോസൾഫാൻ കമ്പനി സ്വാധീനിച്ചുവെന്ന് ആരോപണം ഉയർന്നിരുന്നു. ഇനിയെങ്കിലും അതു സംഭവിക്കാതിരിക്കാനാണ് കേരള സർക്കാർ മുൻകൈയെടുക്കേണ്ടത്.

സമരം നടത്തുന്നവരെ ദോഷമായി ചിത്രീകരിക്കാനാണ് എൻഡോസൾഫാൻ കമ്പനി ശ്രമിക്കുന്നത്.

തങ്ങളുടെ ഭാഗം ന്യായീകരിക്കാൻ ശാസ്ത്രജ്ഞരെന്ന പേരിൽ കുറച്ചുപേരെ അണിനിരത്തി പ്രചാരണവേലകൾ സംഘടിപ്പിക്കുന്നു. പലരും എൻഡോസൾഫാൻ കമ്പനിയുടെ സ്വാധീനത്തിലാണ്.

കാസർകോട്ടെ ദുരിതബാധിതർക്കു സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച തുച്ഛമായ സാമ്പത്തിക സഹായം ഏറെപ്പേർക്കും ലഭിച്ചിട്ടില്ല. ബാങ്ക് വായ്പകൾക്ക് ഒറ്റത്തവണ പ്രഖ്യാപിച്ചുവെന്നു സർക്കാർ പ്രഖ്യാപിച്ചശേഷവും ജപ്തി നോട്ടീസുകൾ വരുന്നുണ്ടെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.

മലയാള മനോരമ

28 February 2011

എൻഡോസൾഫാൻ: 125 കോടി സഹായം ആവശ്യപ്പെടും

തിരുവനന്തപുരം: കാസർകോട്ടെ എൻഡോസൾഫാൻ ദുരന്തബാധിതർക്കു നഷ്ടപരിഹാരം നൽകാൻ സംസ്ഥാന സർക്കാർ തയാറാക്കിയ പാക്കേജ് പ്രകാരം 125 കോടി രൂപ സഹായധനം അനുവദിക്കാൻ കേന്ദ്രത്തോട് ആവശ്യപ്പെടാൻ മന്ത്രിസഭായോഗം തീരുമാനിച്ചു. ഇതിനു പുറമെ ദേശീയ മനുഷ്യാവകാശ കമ്മിഷൻ ശുപാർശ ചെയ്ത വർധിപ്പിച്ച തോതിലുള്ള നഷ്ടപരിഹാരം നൽകുന്നതിനായി 217 കോടി രൂപ അനുവദിക്കാനും കേന്ദ്രത്തോട് ആവശ്യപ്പെടും.

കേന്ദ്ര സർക്കാരിന്റെ ഗ്രാമ ന്യായാലയ ആക്ടിൽ വിഭാവനം ചെയ്ത പോലെ സംസ്ഥാനത്തു 30 ബ്ലോക്കുകളിൽ ഗ്രാമ ന്യായാലയങ്ങൾ തുടങ്ങും. കേന്ദ്ര ഫണ്ടും സംസ്ഥാന ഫണ്ടും ഉപയോഗിച്ചായിരിക്കും ന്യായാലയങ്ങൾ ആരംഭിക്കുക. വിയ്യൂരിൽ വനിതാ ജയിൽ നിർമിക്കും.

കേരള കൗമുദി

28 February 2011

എൻഡോസൾഫാൻ നഷ്ടപരിഹാരം- 342 കോടി കേന്ദ്രത്തോട് ചോദിക്കും

പ്രത്യേക ലേഖകൻ

തിരുവനന്തപുരം : കാസർകോട് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതർക്ക് സഹായം നൽകാൻ 342 കോടി രൂപ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടാൻ പ്രത്യേകമന്ത്രിസഭാ യോഗം തീരുമാനിച്ചു.

നഷ്ടപരിഹാരം നൽകാൻ സംസ്ഥാന സർക്കാർ തയ്യാറാക്കിയ പാക്കേജ് പ്രകാരം 125 കോടി രൂപയും ദേശീയ മനുഷ്യാവകാശ കമ്മീഷൻ ശുപാർശ ചെയ്ത 217 കോടി രൂപയുമാണ് ആവശ്യപ്പെടുന്നതെന്ന് മുഖ്യമന്ത്രിയുടെ ഓഫീസിലെ ഔദ്യോഗിക വക്താവ് അറിയിച്ചു.

ജനിതക വൈകല്യങ്ങൾ കണ്ടെത്തിയ കുട്ടികൾക്ക് സൗജന്യ ചികിത്സ ഉറപ്പാക്കുന്നതിന് ഒരു പ്രത്യേക പദ്ധതി നടപ്പാക്കും. ഇതിനായി ഒരു കോടി രൂപ അനുവദിക്കും. ദുരിതബാധിതരുടെ കുടുംബത്തിലെ ഒരാൾക്ക് സർക്കാർ ജോലി നൽകും. ഗ്രാമപഞ്ചായത്തുകൾ കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് സൗകര്യമൊരുക്കും. ദുരിതബാധിതരുടെ കുടുംബത്തിലെ 211 അംഗങ്ങൾക്ക് സൗജന്യ റേഷൻ കാർഡ് നൽകും. കാസർകോട്ടെ ദുരിതബാധിതർക്കു നൽകിയ ധനസഹായം കുടിശ്ശികയുള്ളവർക്ക് അവശേഷിക്കുന്ന തുക ഉടൻ നൽകും. ഇതിനായി 2 കോടി രൂപ അനുവദിച്ചു. കാസർകോട് ജില്ലാ കളക്ടർക്കാണ് തുക നൽകുന്നതിനുള്ള ചുമതല. ഇതിനായി ഒരു പ്രത്യേക അക്കൗണ്ട് തുറക്കും. ഇതിലേക്ക് ആവശ്യമായ തുക ഉടൻ നൽകാൻ ധനവകുപ്പിനോട് നിർദ്ദേശിച്ചു. കേന്ദ്രസർക്കാരിന്റെ ഗ്രാമ ന്യായാലയങ്ങൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കാൻ ഡിജിപി ടി.പി. സെൻകുമാറിനോട് ആവശ്യപ്പെട്ടു. ഇതിനായി ഒരു ഡിവൈ.എസ്.പി റാങ്കിലുള്ള ഉദ്യോഗസ്ഥനെ നോഡൽ ഓഫീസറായി നിയമിക്കും. ഇതിനായി ഒരു ഡിവൈ.എസ്.പി റാങ്കിലുള്ള ഉദ്യോഗസ്ഥനെ നോഡൽ ഓഫീസറായി നിയമിക്കും. ഇതിനായി ഒരു ഡിവൈ.എസ്.പി റാങ്കിലുള്ള ഉദ്യോഗസ്ഥനെ നോഡൽ ഓഫീസറായി നിയമിക്കും.

മലയാള മനോരമ

23 March 2011

എൻഡോസൾഫാൻ: റിപ്പോർട്ട് നൽകാതെ കേരളത്തിന്റെ ഒളിച്ചുകളി

ജോമി തോമസ്

ന്യൂഡൽഹി: എൻഡോസൾഫാൻ ദുരിതബാധിതരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനു രൂപീകരിച്ച മനുഷ്യാവകാശ കമ്മിഷൻ (എൻഎച്ച്ആർസി) നൽകിയ നിർദേശങ്ങൾ നടപ്പാക്കിയോ എന്നു വ്യക്തമാക്കാതെ കേരള സർക്കാരിന്റെ ഒളിച്ചുകളി. വിവിധ സംഘടനകളുടെ പരാതിയിന്മേൽ കമ്മിഷൻ ചെയർമാൻ ജസ്റ്റിസ് കെ.ജി. ബാലകൃഷ്ണന്റെ നേതൃത്വത്തിലുള്ള ബെഞ്ചാണ് കേരളത്തിന്റെ നിലപാടിൽ അതൃപ്തി പ്രകടിപ്പിച്ചത്. ഇതുവരെ സ്വീകരിച്ച നടപടികൾ സംബന്ധിച്ച് ഒരാഴ്ചയ്ക്കകം റിപ്പോർട്ട് നൽകണമെന്നു വിലയിരുത്തിയ കമ്മിഷൻ, വ്യക്തമാക്കിയിട്ടുള്ള റിപ്പോർട്ട് നൽകണമെന്നു വീണ്ടും ആവശ്യപ്പെടുകയായിരുന്നു. കേരള സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നു വ്യക്തമാക്കിയിട്ടുള്ള റിപ്പോർട്ട് നൽകണമെന്നു വീണ്ടും ആവശ്യപ്പെടുകയായിരുന്നു. കേരള സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നു വ്യക്തമാക്കിയിട്ടുള്ള റിപ്പോർട്ട് നൽകണമെന്നു വീണ്ടും ആവശ്യപ്പെടുകയായിരുന്നു.

മലയാള മനോരമ

11 March 2011

എൻഡോസൾഫാൻ: ധനസഹായം നൽകിയത് അനർഹർക്കെന്ന് ആരോപണം

11/3/11 MM

പ്ലാന്റേഷൻ കോർപറേഷൻ സംരക്ഷണ സമിതി സർക്കാരിനെതിരെ ഹൈക്കോടതിയിലേക്ക്

സ്വന്തം ലേഖകൻ

കാഞ്ഞങ്ങാട്: എൻഡോസൾഫാൻ ദുരന്തത്തിന്റെ പേരിൽ സംസ്ഥാന സർക്കാർ ധനസഹായം നൽകിയത് അനർഹർക്കാണെന്ന് ആരോപിച്ച് പ്ലാന്റേഷൻ കോർപറേഷൻ സംരക്ഷണ സമിതി ഹൈക്കോടതിയെ സമീപിക്കുന്നു.

എൻഡോസൾഫാൻ ദുരന്തം മൂലം മരണം സംഭവിച്ചെന്ന് സർക്കാർ കണക്കുകളിലുള്ളവരുടെ മാത്രമാണ്. എൻഡോസൾഫാൻ ആണെന്ന് ശാസ്ത്രീയമായി തെളിയിക്കപ്പെട്ടിട്ടില്ലെന്നു മുദ്രകുത്തിയാണ് സംരക്ഷണ സമിതി കോടതിയെ സമീപിക്കുന്നത്.

കാസർകോട് ജില്ലയിൽ മാത്രം എൻഡോസൾഫാൻ ദുരന്തബാധിതരുടെ പട്ടികയിലുൾപ്പെട്ട 356 പേർ മരണമടഞ്ഞിട്ടുണ്ടെന്നാണ് സർക്കാർ കണക്കിലുള്ളത്. ഈ ലിസ്റ്റിൽ ഇടംപിടിക്കാത്ത മറ്റു ചില മരണങ്ങളെയും സർക്കാർ പിന്നീട് എൻഡോസൾഫാൻ ദുരന്തത്തിന്റെ പട്ടികയിൽ ഉൾപ്പെടുത്തിയിരുന്നു.

മരണം സംഭവിച്ചവരുടെ കുടുംബങ്ങൾക്ക് 50000 രൂപ മുതൽ ഒരു ലക്ഷം വരെയാണ് സർക്കാർ സാന്ത്വന സഹായം പ്രഖ്യാപിച്ചിരിക്കുന്നത്. ഇതിൽ കോടതിയാണ് സംരക്ഷണ സമിതി കോടതിയെ സമീപിക്കുന്നത്.

എന്നാൽ ഈ മരണങ്ങളുടെ കാരണങ്ങൾ സംബന്ധിച്ച് ശാസ്ത്രീയമായ തെളിവുകളൊന്നുമില്ലെന്നാണ് പ്ലാന്റേഷൻ സംരക്ഷണ സമിതിയുടെ വാദം. അസ്വാഭാവിക മരണമായതിനാൽ പോസ്റ്റ്മോർട്ടം നടത്തണമെന്ന സാധാരണ നടപടിക്രമം പോലും പാലിക്കപ്പെട്ടിട്ടില്ല. പോസ്റ്റ്മോർട്ടം നടത്തിയ ചില സംഭവങ്ങളിലും മരണകാരണമായി എൻഡോസൾഫാൻ മൂലമാണെന്നു രേഖപ്പെടുത്തിയിട്ടില്ലെന്നാണ് പ്ലാന്റേഷൻ സംരക്ഷണ സമിതി ചൂണ്ടിക്കാട്ടുന്നു.

എൻഡോസൾഫാൻ മൂലമാണെന്ന് ശാസ്ത്രീയമായി തെളിയിക്കപ്പെട്ടിട്ടുള്ള 1994 ജൂണിനു ശേഷമുള്ള മരണം മാത്രമാണ് പ്ലാന്റേഷൻ കോർപറേഷൻ തൊഴിലാളിയായിരുന്ന ദാമോദരൻ എൻഡോസൾഫാൻ കിനാശിനി ഉള്ളിൽച്ചെന്ന് മരണപ്പെടുകയായിരുന്നു. എൻഡോസൾഫാൻ കിനാശിനി ഉള്ളിൽച്ചെന്നാണ് മരണകാരണമെന്ന് പോസ്റ്റ്മോർട്ടം റിപ്പോർട്ടിൽ പറയുന്നുമുണ്ട്.

സർക്കാർ ധനസഹായം പ്രഖ്യാപിച്ചതു മൂലം എൻഡോസൾഫാൻ ദുരന്തത്തിന്റെ ഉത്തരവാദിത്തം പരോക്ഷമായി പ്ലാന്റേഷൻ കോർപറേഷന്റെ തലയിൽ കെട്ടിവയ്ക്കുകയായിരുന്നെന്നാണ് സംരക്ഷണ സമിതിയുടെ വാദം. എന്നാൽ ഇക്കാര്യത്തിൽ സർക്കാർ പ്ലാന്റേഷൻ കോർപറേഷനോട് ഔദ്യോഗികമായി വിശദീകരണം ചോദിച്ചിട്ടുമില്ല.

സർക്കാരിന്റെ നടപടി പ്ലാന്റേഷൻ കോർപറേഷൻ മേലധികാരികളായ ഉദ്യോഗസ്ഥരെയും ഇക്കാര്യത്തിൽ ശാസ്ത്രീയമായ പഠനത്തിന് ഉത്തരവിടണമെന്നും ആവശ്യപ്പെട്ടാണ് സമിതി ഹൈക്കോടതിയെ സമീപിക്കുന്നത്.

15 March 2011

എൻഡോസൾഫാൻ ദുരിതം തീരുന്നില്ല

ആശങ്കകൾ ഒന്നിനു പിറകെ ഒന്നായി

12 March 2011

എൻഡോസൾഫാൻ: പഠിക്കട്ടെ എന്നു വീണ്ടും സർക്കാർ

സ്വന്തം ലേഖകൻ

ന്യൂഡൽഹി: എൻഡോസൾഫാൻ നിരോധിക്കണമോയെന്ന് ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ചിന്റെ (ഐസിഎംആർ) പഠനത്തെ അടിസ്ഥാനമാക്കി തീരുമാനിക്കുമെന്ന് കൃഷി മന്ത്രി ശരദ് പവാർ രാജ്യസഭയിൽ പറഞ്ഞു. നാല് മാസം മുമ്പും ഇതേ പ്രഖ്യാപനം സർക്കാർ നടത്തിയിരുന്നതാണെങ്കിലും പഠനം സംബന്ധിച്ച പുരോഗതിയൊന്നുമുണ്ടായിട്ടില്ലെന്നാണു സൂചന.

കിനാശിനികളുടെ ഉപയോഗത്തിൽ സുരക്ഷ ഉറപ്പാക്കാനാണോ, കാലാകാലങ്ങളിൽ പഠനം നടത്താനുദ്ദേശിക്കുന്നതെന്നും അനുകൂലമായ നിരോധിക്കാൻ സർക്കാർ തയാറാവാത്തതെന്നും സുധീരൻ ചോദിച്ചു. എൻഡോസൾഫാൻ നിരോധിക്കുന്നതിനു രാജ്യാന്തരതലത്തിൽ സമ്മർദമുണ്ടായിരുന്നതായി മന്ത്രി മറുപടിയായി പവാർ പറഞ്ഞു.

'എൻഡോസൾഫാൻ നിർമാർജനം ചെയ്യണം'

12/3/11 MM

തിരുവനന്തപുരം: കാസർകോട് ജില്ലയിൽ സുരക്ഷിതിരിക്കുന്ന എൻഡോസൾഫാൻ എത്രയും പെട്ടെന്നു നിർമാർജനം ചെയ്യണമെന്നും പ്ലാന്റേഷൻ കോർപറേഷൻ അടച്ചുപൂട്ടണമെന്നും എൻഡോസൾഫാൻ വിരുദ്ധ സമര സഹായ സമിതി ആവശ്യപ്പെട്ടു. എൻഡോസൾഫാൻ കേരളത്തിൽ നിരോധിച്ചിട്ടുണ്ടെങ്കിലും ഉൽപാദനം ഇപ്പോഴും തുടരുകയാണ്.

ഈ സാഹചര്യത്തിൽ കാസർകോട്ടു നടക്കുന്ന നിരാഹാര സമരം ശക്തിപ്പെടുത്തുമെന്നു ചെയർമാൻ ബി.ആർ.പി. ഭാസ്കർ അറിയിച്ചു.

കാസർകോട് ജില്ലയെ ദുരിത ബാധിത ജില്ലയായി പ്രഖ്യാപിക്കണം, എൻഡോസൾഫാൻമൂലം മരണമടഞ്ഞവർക്കു പത്തു ലക്ഷം രൂപ വീതം നഷ്ടപരിഹാരം നൽകണം.

ഇരകളെ പുനരധിവസിപ്പിച്ചു കുടുംബത്തിലൊരാൾക്കു ജോലി, പെൻഷൻ എന്നിവ നൽകണം, പ്ലാന്റേഷൻ ഭൂമി ദുരിതബാധിതർക്കു പതിച്ചുനൽകണം തുടങ്ങിയ ആവശ്യങ്ങളും സമിതി ഉന്നയിച്ചു.

മംഗളം

12 March 2011

എൻഡോസൾഫാൻ ദുരന്തത്തിന് ഉത്തരവാദി സർക്കാർ: സമരസഹായ സമിതി

തിരുവനന്തപുരം: എൻഡോസൾഫാൻ പ്രയോഗത്തിലൂടെ കാസർഗോഡ് ജില്ലയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന ദുരന്തത്തിനു തത്തുല്യമായി പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരളയും സംസ്ഥാന സർക്കാരുമാണെന്ന് എൻഡോസൾഫാൻ വിരുദ്ധ സമരസഹായസമിതി പത്രസമ്മേളനത്തിൽ ആരോപിച്ചു.

എല്ലാ മനുഷ്യാവകാശങ്ങളും നഷ്ടപ്പെട്ട് നരകിക്കുന്ന ജനതയുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ പൂർണമായി പരാജയപ്പെട്ടിരിക്കുന്നു.

എൻഡോസൾഫാന്റെ ഉൽപാദനവും വിതരണവും പൂർണമായി നടയ്ക്കുകയും ഇരകൾക്കു മനുഷ്യോചിതമായ ജീവിതം വഴിയുറപ്പ് നൽകാതെയും സംസ്ഥാന സർക്കാർ ഈ കുറ്റകൃത്യത്തിൽ പ്രതികളായി തുടരുകയാണെന്നും സമരസഹായസമിതി പറഞ്ഞു.

എന്നാൽ ഇതിന് ഉത്തരവാദികളായ പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരളയെ സംരക്ഷിക്കുന്നതിനുള്ള നീക്കങ്ങളാണ് നടന്നു വരുന്നതെന്നും ഭാരവാഹികൾ പറഞ്ഞു.

എൻഡോ സൾഫാൻ എന്നതിനെയുള്ള ഇനവികാരം തുടരുന്ന സാഹചര്യത്തിൽ ചില ആവശ്യങ്ങൾ ഉന്നയിച്ച് കാസർഗോഡ് നടക്കുന്ന അനിശ്ചിതകാല നിരാഹാര സമരത്തിന് പിന്തുണ നൽകാനും സമരം ശക്തിപ്പെടുത്താനും തീരുമാനിച്ചതായി ഭാരവാഹികൾ അറിയിച്ചു.

കാസർഗോഡ് ജില്ലയിൽ സുരക്ഷിച്ചിരിക്കുന്ന എൻഡോ സൾഫാൻ എത്രയുംപെട്ടെന്ന് നിർമാർജനം ചെയ്യുക, കാസർഗോഡ് ജില്ലയെ ദുരന്തബാധിതജില്ലയായി പ്രഖ്യാപിക്കുക, ദുരിത അനുഭവിക്കുന്ന 11 പഞ്ചായത്തുകളിലെ എല്ലാവരോഗികൾക്കും സർക്കാർ സൗജന്യ ചികിത്സ നൽകുക, മരണമടഞ്ഞവർക്ക് പത്തുലക്ഷം രൂപ നഷ്ടപരിഹാരം തുടങ്ങിയവയാണ് എൻഡോ സൾഫാൻവിരുദ്ധ സമരസഹായസമിതി ഉന്നയിച്ചിട്ടുള്ള ആവശ്യങ്ങൾ.

എൻഡോ സൾഫാൻവിരുദ്ധ സമരസഹായസമിതി ചെയർമാൻ ബി.ആർ.പി ഭാസ്കർ, കൺവീനർ എം.ഷാജർഖാൻ, വെള്ളനാട് രാമചന്ദ്രൻ എന്നിവർ പങ്കെടുത്തു.

മാധ്യമം

15 March 2011

എൻഡോസൾഫാനെ കുറിച്ച പുസ്തകം പ്രകാശനം ചെയ്തു

തിരുവനന്തപുരം: എൻഡോസൾഫാൻ ഭീകരത എന്ന പേരിൽ ചിന്ത പബ്ലിഷേഴ്സ് പ്രസിദ്ധീകരിക്കുന്ന പുസ്തകം മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദൻ പ്രകാശനം ചെയ്തു. ബാബുരാജനാണ് പുസ്തകം എഡിറ്റ് ചെയ്തത്. ഇന്ന് ഹാസിലാണ് പ്രകാശന ചടങ്ങ് നടന്നത്. എൻഡോസൾഫാൻ കിനാശിനി വരുത്തിവച്ച വിപത്തിനെ കുറിച്ച് വ്യക്തമായ ചിത്രം പുസ്തകം നൽകുന്നുവെന്ന് മുഖ്യമന്ത്രി പറഞ്ഞു.

മലയാള മനോരമ

14 March 2011

നഷ്ടപരിഹാര പാക്കേജിൽ പങ്കാളിയാകുമെന്ന കരട് തിരുത്തി

എൻഡോസൾഫാൻ: നഷ്ടപരിഹാരം വേണ്ടെന്ന സത്യവാങ്മൂലം മന്ത്രിയുടെ അറിവോടെ

കെ. ടോണി ജോസ്

കോട്ടയം: എൻഡോസൾഫാൻ ഉപയോഗം മൂലം ദുരിതമനുഭവിക്കുന്നവർക്കു സർക്കാർ പ്രഖ്യാപിച്ച പാക്കേജിൽ പങ്കാളികളാകും എന്നു കാണിച്ചു പ്ലാന്റേഷൻ കോർപറേഷൻ തയാറാക്കിയ കരടു സത്യവാങ്മൂലം തിരുത്തിയതു മന്ത്രിയുടെ ചേംബറിൽ ചേർന്ന യോഗത്തിൽ. കൃഷിമന്ത്രിയും വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരും പങ്കെടുത്ത യോഗത്തിന്റെ നിർദേശ പ്രകാരമാണ് നഷ്ടപരിഹാരം നൽകാൻ കോർപറേഷനു ബാധ്യതയില്ലെന്ന സത്യവാങ്മൂലം ഹൈക്കോടതിയിൽ സമർപ്പിച്ചത്.

കാസർകോട് ജില്ലയിൽ പ്രവർത്തിക്കുന്ന പ്രധാന പൊതുമേഖലാ സ്ഥാപനമെന്ന നിലയിൽ, എൻഡോസൾഫാൻ ദുരിതബാധിതർക്കു സഹായം നൽകാൻ സംസ്ഥാന സർക്കാർ തയാറാക്കുന്ന സമഗ്ര ദുരിതാശ്വാസ പാക്കേജിലേക്കു പ്ലാന്റേഷൻ കോർപറേഷനും സംഭാവന നൽകുമെന്നായിരുന്നു കരട് സത്യവാങ്മൂലത്തിൽ പറഞ്ഞിരുന്നത്. ഹൈക്കോടതിയിൽ സത്യവാങ്മൂലം നൽകേണ്ടതു ഡിസംബർ ആറിനായിരുന്നു. നാലിന് സെക്രട്ടേറിയറ്റിൽ മന്ത്രിയുടെ ചേംബറിൽ ചേർന്ന യോഗത്തിൽ കോർപറേഷൻ ഉന്നതാധികാരികൾ സത്യവാങ്മൂലത്തിന്റെ കരട് അവതരിപ്പിച്ചു.

കൃഷി വകുപ്പു സെക്രട്ടറിയും ഡയറക്ടറും അടക്കമുള്ള ഉദ്യോഗസ്ഥരും യോഗത്തിലുണ്ടായിരുന്നു. സർക്കാർ ചെയ്യുന്ന കാര്യങ്ങളെക്കുറിച്ചു കോർപറേഷന്റെ സത്യവാങ് മൂലത്തിൽ പറയേണ്ടതില്ലെന്നും സർക്കാർ പാക്കേജിലേക്കു സംഭാവന നൽകും എന്ന ഭാഗം ഒഴിവാക്കണമെന്നുമായിരുന്നു ഉന്നത ഉദ്യോഗസ്ഥരുടെ നിർദേശം. കരടിൽ നിർദേശിച്ച തിരുത്തലുകളെക്കുറിച്ച് ഉദ്യോഗസ്ഥർ കോർപറേഷൻ ചെയർമാൻ ടി.ജെ. ആഞ്ചലോസിനെ അറിയിക്കുകയും ചെയ്തു. കൃഷി വകുപ്പിന്റെ നിർദേശമനുസരിച്ചു തിരുത്തിയ സത്യവാങ്മൂലമാണ് ആറിന് കോർപറേഷൻ ഹൈക്കോടതിയിൽ സമർപ്പിച്ചത്.

പ്ലാന്റേഷൻ കോർപറേഷന്റെ കാസർകോട്ടെ തോട്ടങ്ങളിലെ എൻഡോസൾഫാൻ പ്രയോഗം കൊണ്ടു ദുരിതമനുഭവിക്കുന്നവരോടു ബാധ്യതയില്ല എന്ന സത്യവാങ്മൂലം വിവാദമായപ്പോൾ മന്ത്രിയും ചെയർമാനും തങ്ങളൊന്നുമറിഞ്ഞില്ല എന്ന നിലപാടാണു സ്വീകരിച്ചത്. സത്യവാങ്മൂലം കണ്ടിട്ടില്ലെന്ന് ആഞ്ചലോസ് പറഞ്ഞു. ദുരിതബാധിതർക്കു നഷ്ടപരിഹാരം നൽകേണ്ട ധാർമികമായ ഉത്തരവാദിത്തം പ്ലാന്റേഷൻകോർപറേഷനുണ്ടെന്നായിരുന്നു മന്ത്രി മുല്ലക്കര രത്നാകരന്റെ പ്രതികരണം. ദുരിതബാധിതർക്കു സഹായമെത്തിക്കാൻ കോർപറേഷൻ മുൻനിരയിലുണ്ടാകുമെന്നു കൃഷിമന്ത്രി ഉറപ്പു നൽകിയതാണെന്നും മറിച്ചു സത്യവാങ്മൂലം നൽകിയതു വിശ്വസിക്കാനാവുന്നില്ലെന്നും വനം-പരിസ്ഥിതി മന്ത്രി ബിനോയ് വിശ്വവും പ്രതികരിച്ചു.

സർക്കാരിന്റെ പ്രതിച്ഛായയെ ബാധിക്കുമെന്നു വന്നതോടെ മുഖം രക്ഷിക്കാൻ സത്യവാങ്മൂലം തയാറാക്കിയതിന്റെ പേരിൽ കോർപറേഷൻ എംഡിയെ സർക്കാർ നിക്കം ചെയ്തു. രണ്ടു ജനറൽ മാനേജർമാർക്കും ലീഗൽ ഓഫിസർക്കും കാരണം കാണിക്കൽ നോട്ടീസ് നൽകി. സർക്കാർ നയത്തിന് എതിരായ കോർപറേഷൻ നിലപാടു തിരുത്തി കോടതിയെ അറിയിക്കുമെന്നു മന്ത്രിയും ചെയർമാനും പറഞ്ഞെങ്കിലും ഇതുവരെ തിരുത്തിയ സത്യവാങ്മൂലം സമർപ്പിച്ചിട്ടില്ല. ഇതിന്റെ ആലോചനകൾ നടക്കുകയാണ്. എൻഡോസൾഫാൻ ദുരിതബാധിതരെ കണ്ടെത്താനും നഷ്ടപരിഹാരം നൽകാനും പ്രത്യേക ട്രൈബ്യൂണൽ സ്ഥാപിക്കണമെന്നാവശ്യപ്പെട്ട് ഇന്ത്യൻ ലോയേഴ്സ് കോൺഗ്രസ് സംസ്ഥാന പ്രസിഡന്റ് ടി. ആസഫലി സമർപ്പിച്ച ഹർജിയിലായിരുന്നു കോർപറേഷന്റെ വിവാദ മറുപടി.

Government of Kerala has already placed a Mechanism to provide relief and established an Endosulphan victim's relief and remediation cell with District Collector as Convener. Recently, Government of Kerala has declared several welfare measures to address the reported problems. The Plantation Corporation of Kerala as a major public sector undertaking functioning in the Kasargode District, will join hands with the state government by contributing in the comprehensive package. Constitution of tribunal if any may be decided by the government.

എൻഡോസൾഫാൻ മൂലം ദുരിതമനുഭവിക്കുന്നവർക്കുള്ള സർക്കാരിന്റെ പാക്കേജിലേക്കു സംഭാവന നൽകുമെന്നുള്ള കരട് സത്യവാങ്മൂലത്തിലെ പരാമർശം. ഇതൊഴിവാക്കിയാണ് സത്യവാങ്മൂലം കോടതിയിൽ സമർപ്പിച്ചത്.

മംഗളം

26 March 2011

26/3/11 Mangalam

എൻഡോസൾഫാൻ നിരോധനം: കേന്ദ്രം പിൻവലിയുന്നു

■ സി.എസ്. സിദ്ധാർത്ഥൻ

തിരുവനന്തപുരം

ജൈവമാലിന്യങ്ങളെക്കുറിച്ചുള്ള അന്താരാഷ്ട്ര കൺവൻഷന് (സ്റ്റോക്ക്ഹോം കൺവൻഷൻ) ഒരുമാസം മാത്രം. ബാക്കിനിൽക്കെ എൻഡോസൾഫാൻ നിരോധിക്കാനുള്ള നടപടികളിൽ നിന്നും കേന്ദ്ര സർക്കാർ പിൻവലിയുന്നു.

തെരഞ്ഞെടുപ്പു നടക്കുന്നതിനാൽ എൻഡോസൾഫാൻ നിരോധിക്കണമെന്നു കേന്ദ്രസർക്കാരിൽ സമ്മർദം ചെലുത്താൻ കേരള സർക്കാർ മുന്നിട്ടിറങ്ങിയില്ല. കഴിഞ്ഞ കൺവൻഷനിൽ എൻഡോസൾഫാന് അനുകൂലമായ നിലപാടു കൈക്കൊണ്ട ഇന്ത്യൻ പ്രതിനിധികൾ എൻഡോസൾഫാൻ ഉപയോഗം കൊണ്ടു കാസർഗോഡ് യാതൊരു ആരോഗ്യപ്രശ്നങ്ങളും ഉണ്ടായിട്ടില്ലെന്ന് അഭിപ്രായപ്പെട്ടതു വിവാദമായിരുന്നു.

അടുത്തമാസം 25 മുതൽ 30 വരെയാണു ജനീവയിലെ സ്റ്റോക്ക്ഹോമിൽ ജൈവമാലിന്യങ്ങളെക്കുറിച്ചുള്ള ഏഴാമതു കൺവൻഷൻ നടക്കുന്നത്. എൻഡോസൾഫാൻ നിരോധിച്ച ശേഷമേ അടുത്ത കൺവൻഷനിൽ പങ്കെടുക്കുയെന്നു കഴിഞ്ഞവർഷം കേന്ദ്ര പരിസ്ഥിതി മന്ത്രാലയം പ്രഖ്യാപിച്ചിരുന്നു. എന്നാൽ നിരോധനത്തിനു വേണ്ട യാതൊരു നടപടിയും ഇതുവരെ കേന്ദ്രം കൈക്കൊണ്ടിട്ടില്ല. കൺവെൻഷനിൽ അവതരിപ്പിക്കാനായി തയാറാക്കിയ കരടു റിപ്പോർട്ടിലും എൻഡോസൾഫാനെക്കുറിച്ചു പരാമർശമില്ല.

നിരോധനം നടപ്പാക്കാൻ കേന്ദ്ര പരിസ്ഥിതി മന്ത്രാലയം സെക്രട്ടറിയുടെ ഉത്തരവു മാത്രം മതി. എന്നാൽ എൻഡോസൾഫാൻ നിർമിക്കുന്ന കമ്പനികളുടെ സമ്മർദത്തിനു വഴങ്ങി നടപടി വൈകിപ്പിക്കുകയാണെന്നാണ് ആരോപണം.

ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ സൃഷ്ടിക്കുന്ന ജൈവമാലിന്യങ്ങളെയും കിടനാശിനികളെയും കുറിച്ചു ചർച്ച ചെയ്തു നിരോധനം സംബന്ധിച്ച തീരുമാനമെടുക്കുന്നത് ഈ കൺവെൻഷനിലാണ്. കഴിഞ്ഞ ഒക്ടോബറിൽ നടന്ന കൺവെൻഷനിൽ പങ്കെടുത്ത 29 രാജ്യങ്ങളിൽ ഇന്ത്യ മാത്രമാണ് എൻഡോസൾഫാനെ അനുകൂലിച്ചത്.

കേന്ദ്രസർക്കാരിന്റെ സമീപനത്തിനെതിരേ പ്രതിഷേധമുയർന്നപ്പോൾ എൻഡോസൾഫാൻ നിരോധിക്കുന്നതു സംബന്ധിച്ചു തീരുമാനമെടുക്കുന്നതിനായി ഒരു വിദഗ്ധസമിതിയെ നിയോഗിച്ചിരുന്നു. മുഖ്യമന്ത്രി വി.എസ് അച്യുതാനന്ദനും മന്ത്രി മുല്ലക്കര രത്നാകരനും എൻഡോസൾഫാൻ നിരോധിക്കണമെന്നാവശ്യപ്പെട്ടു കേന്ദ്ര പരിസ്ഥിതി മന്ത്രി ജയറാം രമേശിനു കത്തയയ്ക്കുകയും ചെയ്തു. നിരവധി തവണ ഈ ആവശ്യമുന്നയിച്ചു സംസ്ഥാന സർക്കാർ കത്തയച്ചിരുന്നുവെങ്കിലും കേന്ദ്രം മറുപടി നൽകിയിരുന്നില്ല. എൻഡോസൾഫാൻ പരിസ്ഥിതി പ്രശ്നങ്ങൾ ഉണ്ടാക്കാത്ത കിടനാശിനിയാണെന്നാണ് കഴിഞ്ഞ കൺവെൻഷനിൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തെ പ്രതിനിധികരിച്ചു പങ്കെടുത്ത ഒരു ചന്ദ്രശേഖർ അഭിപ്രായപ്പെട്ടത്. ഇന്ത്യക്കു വേണ്ടി സംസാരിച്ച ഹിന്ദുസ്ഥാൻ ഇൻസെക്ടിസൈഡ്സ് ലിമിറ്റഡ് (എച്ച്.ഐ.എൽ) ഡെപ്യൂട്ടി സെക്രട്ടറി വന്ദന ജെയിനും. എൻഡോസൾഫാനു അനുകൂലമായ നിലപാടാണു കൈക്കൊണ്ടത്.

31 March 2011

എൽ.ഡി.എഫും യു.ഡി.എഫും ബി.ജെ.പിയും ശക്തമായി ഏറ്റുമുട്ടുന്ന കാസർഗോഡ് മണ്ഡലത്തിൽ എൻഡോസൾഫാന്റെ പേരിൽ ആരോപണവർഷം. പ്രചാരണത്തിൽ എൻഡോസൾഫാൻ 'തളിച്ച്' കൂടുതൽ മുന്നേറ്റം നടത്തുന്നത് എൽ.ഡി.എഫാണ്. വിഷയത്തിൽ എൽ.ഡി.എഫും യു.ഡി.എഫും ഒരുപോലെ കുറ്റക്കാരാണെന്നു സമർഥിക്കാനാണ് ബി.ജെ.പിയുടെ ശ്രമം.

കാസർഗോട്ടെ ആയുധം എൻഡോസൾഫാൻ

31/3/11 Mangalam

എൽ.ഡി.എഫും യു.ഡി.എഫും ബി.ജെ.പിയും ശക്തമായി ഏറ്റുമുട്ടുന്ന കാസർഗോഡ് മണ്ഡലത്തിൽ എൻഡോസൾഫാന്റെ പേരിൽ ആരോപണവർഷം. പ്രചാരണത്തിൽ എൻഡോസൾഫാൻ 'തളിച്ച്' കൂടുതൽ മുന്നേറ്റം നടത്തുന്നത് എൽ.ഡി.എഫാണ്.

ഇക്കാര്യത്തിൽ മാപ്പൊ എന്തെല്ലാം ചെയ്തു! പെൻഷൻ, ചികിത്സ, ചികിത്സിക്കുന്ന സഹായിക്കും പണം, അരി... എന്നിങ്ങനെ പോകുന്നു എൽ.ഡി.എഫുകാരുടെ വാദങ്ങൾ.

യു.ഡി.എഫിനും പറയാനുള്ളത് എൻഡോസൾഫാനെക്കുറിച്ചുതന്നെ. തങ്ങളാണ് എൻഡോസൾഫാൻ പ്രയോഗം നിരോധിച്ചത്, ഒരു തലമുറയെ വിഷം കുടിപ്പിച്ച ഗ്ലാവുഡൻ കോർപറേഷനെതിരേ എന്തുകൊണ്ട് എൽ.ഡി.എഫ് സർക്കാർ നടപടിയെടുത്തില്ലെന്നാണ് അവരുടെ ചോദ്യം.

ഈ വിഷയത്തിൽ എൽ.ഡി.എഫും യു.ഡി.എഫും ഒരുപോലെ കുറ്റക്കാരാണെന്നു സമർഥിക്കാനാണ് ബി.ജെ.പിയുടെ ശ്രമം. എൻഡോസൾഫാൻ നിരോധിക്കുന്നതിനു യു.ഡി.എഫ്



കേന്ദ്രത്തിൽ സമ്മർദം ചെലുത്തിയില്ലെന്നു ബി.ജെ.പി കുറ്റപ്പെടുത്തുന്നു.

മുതലാളിമാരുടെ വീടുകൾ കേന്ദ്രീകരിച്ചു വോട്ട് പോരിക്കുന്ന മുന്നു മുന്നണികളും കഴുകരായി പല വാഗ്ദാനങ്ങളും നൽകുന്നുണ്ടെന്നു നാട്ടുകാർ വെളിപ്പെടുത്തുന്നു. ചില വോട്ടർമാർ തിരികെ സമ്മർദം ചെലുത്തുന്നുമുണ്ട്. എൻഡോസൾഫാൻ മുതലാളിമാർക്കായുള്ള സർക്കാർ ലിസ്റ്റിൽ ഉൾപ്പെടുത്താൻ സഹായിച്ചാൽ വോട്ട് നൽകാമെന്നാണ് ഇവരുടെ നിലപാട്.

അർഹരേക്കാൾ അനർഹരാണ് രാഷ്ട്രീയ സ്വാധീനം ഉപയോഗിച്ചു ലിസ്റ്റിൽ കയറിപ്പറ്റിയതെന്ന പരാതി നേരത്തേയുണ്ട്. മുഴുവൻ അകാരണമായ വരെ രോഗമായി കാണിച്ചാണ് ചിലർ ലിസ്റ്റിൽ കയറിക്കൂടിയത്.

പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ എൻഡോസൾഫാൻ ഇരകളുടെ പ്രതിനിധിയായി സ്ഥാനാർഥി ഉണ്ടായിരുന്നു. അന്നത്തെ തെരഞ്ഞെടുപ്പിൽ അങ്ങനെ ഇല്ലാത്തതു മുന്നു മുന്നണികളുടെയും മഹാഭാഗ്യം!

മംഗളം

05 April 2011

എൻഡോസൾഫാൻ: സർവേ ഫലം ഞെട്ടിക്കുന്നത്



കേരള നിയമസഭാതെരഞ്ഞെടുപ്പിൽ സംസ്ഥാനത്തെ മറ്റെല്ലാ വിഷയങ്ങളും വിവിധ രാഷ്ട്രീയപ്രശ്നങ്ങളുമാണ് ചർച്ച ചെയ്യുക. വിശ്വാസത്തിന്റെ പേരിൽ വന്നിട്ടുള്ളതിൽ കാസർഗോഡ് ജില്ലയിൽ എൻഡോസൾഫാൻ തന്നെയാണ് മനുഷ്യരുടെ ജീവിതം പ്രശ്നം. എൻഡോസൾഫാൻ നിരോധിക്കണമെന്ന കേരളത്തിന്റെ ആവശ്യത്തെ പരമോന്നതകോടതിയിൽ നിരോധനത്തിന് ഒരു സംസ്ഥാനം പോലും ആവശ്യപ്പെടുന്നില്ല കേന്ദ്രകൃഷിമന്ത്രി ശരദ് പവാർ പാർലമെന്റിൽ നടത്തിയ മറുപടി. ചില സംസ്ഥാനങ്ങൾ എൻഡോസൾഫാൻ നിരോധനത്തെ എതിർത്തിട്ടില്ലെന്നായിരുന്നു പവാറിന്റെ വിശദീകരണം. പക്ഷേ വസ്തുതകൾക്കു വിരുദ്ധമാണ് പവാറിന്റെ വെളിപ്പെടുത്തലെന്ന് വിവരാവകാശപ്രകാരം നടത്തിയ അന്വേഷണങ്ങൾക്കു ലഭിച്ച മറുപടിയിൽ വ്യക്തമായ കാര്യം. മംഗളം കഴിഞ്ഞ ദിവസം റിപ്പോർട്ട് ചെയ്തിരുന്നു.

എൻഡോസൾഫാൻ പ്രശ്നത്തെ ആഴത്തിൽ മനസിലാക്കാൻ ശ്രമിക്കാതെ എൻഡോസൾഫാൻ ലോബിയും അതിന്റെ സ്വാധീനവലയത്തിൽ കുടുങ്ങിയ ഏതാനും കർഷകനേതാക്കളും നൽകിയ പരാതി മുഖവിലയ്ക്കെടുത്താണ് പവാർ എൻഡോസൾഫാൻ നിരോധനത്തിൽനിന്ന് ഒഴിവാകാൻ ശ്രമിച്ചത്. പക്ഷേ കാസർഗോഡ് കശുവണ്ടിത്തോട്ടങ്ങളിൽ നടത്തിയ എൻഡോസൾഫാൻ പ്രയോഗത്തിന്റെ ഭീകരമായ കെടുതികളുടെ നെടുവീർപ്പിക്കുന്ന കഥകൾ കേന്ദ്രമന്ത്രിക്കുമുന്നിൽ കണ്ണുനനച്ചുപറയേണ്ടതായിരുന്നു. കാസർഗോഡ് ജില്ലയിൽ ഭാഗികമായെങ്കിലും പേർ എൻഡോസൾഫാന്റെ ഇരകളാണെന്നാണ് സംസ്ഥാന ആരോഗ്യവകുപ്പ് ഏറ്റവുമൊടുവിൽ നടത്തിയ സർവേയിൽ വ്യക്തമാകുന്നത്.

ഡിസംബർ 31-ജനുവരി മാസങ്ങളിൽ എൻഡോസൾഫാൻ പ്രയോഗം നടക്കുന്ന കാസർഗോഡ് പതിനൊന്നു പഞ്ചായത്തുകളിൽ വീടുവീടാന്തരം, കയറിയിറങ്ങി നടത്തിയ സർവേയിൽ 16,800 പേരെയാണ് പരിശോധനാവിധേയരാക്കിയത്. ഇവരിൽ 3817 പേർ എൻഡോസൾഫാൻ കീടനാശിനിയുടെ പാർശ്വഫലങ്ങളാൽ അംഗവൈകല്യം ഉൾപ്പെടെയുള്ള ശാരീരികപ്രശ്നങ്ങൾക്ക് ഇരയായിട്ടുണ്ടെന്നാണ് കണ്ടെത്തിയത്. തൊട്ടടുത്ത പഞ്ചായത്തുകളിൽ 336 പേർ ഇതുപോലെ ദുരിതമനുഭവിക്കുന്നവരാണ്. പിഞ്ചുകുഞ്ഞുങ്ങൾ, യുവതീയുവാക്കൾ, മധ്യവയസ്കർ, വൃദ്ധജനങ്ങൾ തുടങ്ങിയവരെല്ലാം മാരകരോഗങ്ങൾക്കു വിധേയരായിക്കൊണ്ടിരിക്കുന്നു. ഇതിനകം പ്രയോഗിച്ച എൻഡോസൾഫാന്റെ ഗുരുതരമായ പ്രത്യാഘാതങ്ങൾ അടുത്ത ഇരുപതു വർഷത്തേയ്ക്കു ജനജീവിതത്തിന്റെ ആരോഗ്യമേഖലയ്ക്കു മേൽ ഭീഷണിയുയർത്തുമെന്നതിന്റെ വിശദവും ഒടുവിലുമായ വിലയിരുത്തൽ.

പരിസ്ഥിതിക്കും, ജൈവസമ്പത്തിനും, അതിലൂടെ, മാരകമായ മാനസപാരിഭ്രമങ്ങളിലേയ്ക്കുമായിരുന്നു എൻഡോസൾഫാൻ. ഇവ പ്രയോഗിക്കുന്ന പ്രദേശങ്ങളിലെ പച്ചക്കറികളിലും, സസ്യഫലങ്ങളിലും, മത്സ്യമാംസാദികളിലും, വിഷാംശങ്ങൾ കലരുന്നതായി ഇന്നുമിവും വിദഗ്ധരുടെ നിരീക്ഷണങ്ങൾ പുറത്തുവരുന്നു. ഭൂഗർഭജലത്തിലും, മണ്ണിലും, വായുവിലും, എൻഡോസൾഫാന്റെ മാരകവിഷാംശങ്ങൾ കലർന്നതായി കാസർഗോഡു പരിശോധനകളിൽ തെളിഞ്ഞിട്ടുണ്ട്. കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ പ്രയോഗിക്കപ്പെട്ട പ്രദേശങ്ങളിൽ അത്തരമൊരു പേർ എന്നിക്കാനോ നടക്കാനോ കഴിയാതെ ശയ്യാവലംബികളാണ്.

സ്ഥിതിഗതി ഇത്ര ഗുരുതരമായിട്ടും, അർഹിക്കുന്ന ഗൗരവത്തോടെ എൻഡോസൾഫാൻ പ്രശ്നത്തെ കൈകാര്യം ചെയ്യുവാൻ കേന്ദ്രകൃഷി മന്ത്രാലയം, സുപ്രീംകോടതിയുടെ കാണുന്നതിനു കാരണം. കാസർഗോഡ് ജില്ലയിൽ ഇതിനകം നിരവധി പഠനമേഖലകൾ എൻഡോസൾഫാൻ കീടനാശിനിയിലെ വിഷാംശങ്ങൾ മൂലം മരണപ്പെടുകയുണ്ടായി. ജനിതകമായ വൈകല്യങ്ങൾ ഇന്നുവരെ കണ്ടിട്ടില്ലാത്ത രീതിയിലുള്ള വിരൂപതകൾ ഇവിടെ ജനിച്ചുവീഴുന്നു. ഇതിനെല്ലാം പുറമേ ഇവിടെ ജനിക്കുന്ന കുഞ്ഞുങ്ങൾക്കു ബുദ്ധിവൈകല്യം, കാഴ്ചക്കുറവ്, കേൾവിക്കുറവ്, ശരീരത്തിന്റെ വളർച്ചക്കുറവ് തുടങ്ങിയ ഗുരുതരമായ പ്രശ്നങ്ങളുമുണ്ട്. ഇതിനെല്ലാം പുറമേ ഇവിടെ ജനിക്കുന്ന കുഞ്ഞുങ്ങൾക്കു ഹൃദയത്തിനു തകരാറുകൾ, കരൾരോഗങ്ങൾ, വൃക്കരോഗങ്ങൾ, ത്വക്കുരോഗങ്ങൾ, കാൻസർ തുടങ്ങിയ മാരകരോഗങ്ങളും ഉണ്ടാകുന്നു. ഇതിനെല്ലാം പുറമേ ഇവിടെ ജനിക്കുന്ന കുഞ്ഞുങ്ങൾക്കു ഹൃദയത്തിനു തകരാറുകൾ, കരൾരോഗങ്ങൾ, വൃക്കരോഗങ്ങൾ, ത്വക്കുരോഗങ്ങൾ, കാൻസർ തുടങ്ങിയ മാരകരോഗങ്ങളും ഉണ്ടാകുന്നു.

കേരളസർക്കാരിന്റെ ശക്തമായ ആവശ്യം മാനിച്ച് എൻഡോസൾഫാൻ നിരോധിക്കാൻ തയാറാകാതെ മറ്റൊരു പഠനസമിതിയെപ്പറ്റി ആലോചിക്കേണ്ടതില്ല. എൻഡോസൾഫാനെ അനുകൂലിക്കുന്ന ലോബിയുടെ മാനസപുത്രന്മാർ അടുത്തതായിരുന്നു മുൻപ് നിയമിതമായ പല പഠനസമിതികളും. കേരളത്തിന്റെ എതിർപ്പിനെത്തുടർന്ന് ഈ ലോബിയോടുള്ള കേന്ദ്രസമീപനത്തിൽ അയ്യപ്പ. മാറ്റമുണ്ടായിട്ടുണ്ടെന്നു കാണുന്നത് ആശാവഹകരമാണ്. പക്ഷേ നിരോധനം നീട്ടിക്കൊണ്ടുപോകുന്നതിൽ അർത്ഥമില്ല.

01 April 2011

എൻഡോസൾഫാൻ നിരോധിക്കരുതെന്ന് ഒരു സംസ്ഥാനവും ആവശ്യപ്പെട്ടില്ല

■ പി. ഉത്തമൻ
സ്റ്റാഫ്

കാസർഗോഡ് ജില്ലയിൽ സുരക്ഷിതമല്ലാത്ത രീതിയിൽ ആയിരക്കണക്കിനു ഹെക്ടർ കശുവണ്ടിത്തോട്ടങ്ങളിൽ തളിച്ച എൻഡോസൾഫാൻ കീടനാശിനിയുടെ വിഷാംശം കലർന്ന മണ്ണിലും വെള്ളത്തിലും ഭക്ഷണത്തിലും പതിറ്റാണ്ടുകളായി ജീവിക്കുന്ന ജനങ്ങൾക്കു ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാകുന്നതിനെക്കുറിച്ചു പഠിക്കാൻ കേന്ദ്രസർക്കാർ നിയോഗിച്ച വിദഗ്ധസമിതിക്കുമുന്നിൽ കേരളത്തിന്റെ ആവശ്യത്തെ പരമോന്നതകോടതിയിലുള്ള കേസിനെ മുൻനിർത്തി എതിർക്കാൻ ഒരു സംസ്ഥാനവും തയാറായില്ലെന്നു റിപ്പോർട്ട്. കേരളത്തിനുവേണ്ടി ഹാജരായ അഭിഭാഷകൻ മാത്രമാണ് എൻഡോസൾഫാൻ നിരോധിക്കണമെന്നു കോടതിയിൽ ആവശ്യപ്പെട്ടത്. ഇതിനെ ശക്തമായി എതിർത്ത കർണാടകയുടെ അഭിഭാഷകൻ ഉൾപ്പെടെയുള്ളവർ കേരളത്തിന്റെ ആവശ്യത്തെ പരിഹസിക്കുകയും ചെയ്തു.

ഇതിനിടെ, മാധ്യമങ്ങളിലും ഉദ്യോഗസ്ഥരിലും ചിലർ നടത്തിയ ഇടപെടലുകളാണ് കേന്ദ്രത്തിന്റെ നിലപാടിനു കാരണമെന്നു വിലയിരുത്തപ്പെടുന്നു. ഇതിനിടെ കേന്ദ്രകൃഷിമന്ത്രി ശരദ് പവാർ പാർലമെന്റിൽ നടത്തിയ പ്രസ്താവനയിൽ എൻഡോസൾഫാൻ നിരോധിക്കണമെന്ന് പല വിദഗ്ധസമിതികളും ആവശ്യപ്പെട്ടപ്പോൾ ഇന്നു ഒട്ടു മിക്കവാറുമെല്ലാ സംസ്ഥാനങ്ങളും എതിർത്തിട്ടുണ്ടെന്നു പറഞ്ഞതിനെ തുടർന്നാണ് കേന്ദ്രം നിലപാടു മാറ്റിയത്. ഇതിനെതിരേ കേരളത്തിൽ ശക്തമായ പ്രതിഷേധമുയർന്നിരുന്നു.

■ പവാർ പറഞ്ഞതു നുണ

ലോബിയുടെ സ്വാധീനത്തിൽ നിരോധനത്തെ എതിർത്തത് നിലവിൽ കർഷകനേതാക്കളല്ല. ഈ കീടനാശിനി നിരോധിക്കരുതെന്ന് ആവശ്യപ്പെട്ടതായി പവാർ സഭയെ അറിയിച്ചിരുന്നു. ആരുകളുടെ മാത്രമാണ് ഇത്തരത്തിൽ മനോഭാവത്തിനു കാരണമെന്നു വിശദീകരിക്കുന്നു. കണക്കുകൾ ഇതിനിടെ കർഷകനേതാക്കളിൽനിന്നുള്ള കർഷകരുടെ എൻഡോസൾഫാൻ നിർമാതാക്കൾ ഗുജറാത്ത് കമ്പനിപോലും.

എൻഡോസൾഫാനെതിരേ ചിലർ നടത്തുന്ന പ്രചാരണം തെറ്റാണെന്നും പവാർ പറഞ്ഞു. ഉദ്യോഗസ്ഥരുടെയും രാഷ്ട്രീയനേതാക്കളുടെയും ചിലർ നടത്തിയ ഇടപെടലുകളാണ് പവാർ ഇത്തരത്തിൽ പറഞ്ഞതെന്നു വിലയിരുത്തപ്പെടുന്നു. ഇതിനിടെ കേന്ദ്രകൃഷിമന്ത്രി ശരദ് പവാർ നടത്തിയ പ്രസ്താവന എൻഡോസൾഫാൻ നിരോധിക്കണമെന്നു പല വിദഗ്ധസമിതികളും ആവശ്യപ്പെട്ടപ്പോൾ ഇന്നു ഒട്ടു മിക്കവാറുമെല്ലാ സംസ്ഥാനങ്ങളും എതിർത്തിട്ടുണ്ടെന്നും പവാർ പറഞ്ഞത്. എൻഡോസൾഫാൻ നിരോധിക്കണമെന്നു കേരളം ആവശ്യപ്പെടുന്നതിനെ ചോദ്യം ചെയ്തുകൊണ്ടു കേന്ദ്രകൃഷിമന്ത്രി ശരദ് പവാർ പാർലമെന്റിൽ നടത്തിയ പ്രസ്താവന എൻഡോസൾഫാൻ നിരോധിക്കണമെന്നു പല വിദഗ്ധസമിതികളും ആവശ്യപ്പെട്ടപ്പോൾ ഇന്നു ഒട്ടു മിക്കവാറുമെല്ലാ സംസ്ഥാനങ്ങളും എതിർത്തിട്ടുണ്ടെന്നും പവാർ പറഞ്ഞത്. എൻഡോസൾഫാൻ നിരോധിക്കണമെന്നു കേരളം ആവശ്യപ്പെടുന്നതിനെ ചോദ്യം ചെയ്തുകൊണ്ടു കേന്ദ്രകൃഷിമന്ത്രി ശരദ് പവാർ പാർലമെന്റിൽ നടത്തിയ പ്രസ്താവന എൻഡോസൾഫാൻ നിരോധിക്കണമെന്നു പല വിദഗ്ധസമിതികളും ആവശ്യപ്പെട്ടപ്പോൾ ഇന്നു ഒട്ടു മിക്കവാറുമെല്ലാ സംസ്ഥാനങ്ങളും എതിർത്തിട്ടുണ്ടെന്നും പവാർ പറഞ്ഞത്.

03 April 2011

പവാറിനെതിരേ അവകാശലംഘനത്തിന് നോട്ടീസ് നൽകും: പി. കരുണാകരൻ

■ സ്വന്തം ലേഖകൻ
കാസർഗോഡ്

എൻഡോസൾഫാൻ നിരോധിക്കുന്നതിനു സംസ്ഥാനങ്ങൾ എതിരാണെന്ന കേന്ദ്ര കൃഷിമന്ത്രി ശരദ് പവാറിന്റെ പരാമർശത്തിനെതിരേ അവകാശലംഘനത്തിനു നോട്ടീസ് നൽകുമെന്നു പി. കരുണാകരൻ എം.പി. കാസർഗോഡു പറഞ്ഞു.

എൻഡോസൾഫാൻ നിരോധിക്കുമെന്ന് ഒരു സംസ്ഥാനവും ഇതുവരെ ആവശ്യപ്പെട്ടിട്ടില്ലെന്നാണ് പവാർ പാർലമെന്റിൽ പറഞ്ഞത്. ഇതിനെതിരേ അവകാശലംഘനത്തിനു നോട്ടീസ് നൽകുമെന്നു പി. കരുണാകരൻ പറഞ്ഞു. മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദൻ ഉൾപ്പെടെ 3000 പേരാണ് കേരളത്തിൽനിന്ന് മാത്രം എൻഡോസൾഫാൻ നിരോധനം ഉയർത്തി കത്തയച്ചിരിക്കുന്നത്. എന്നാൽ കേവലം ആറുകത്തുകളുടെ ബലത്തിലാണ് നിരോധനത്തിനു പവാർ എതിരുനിൽക്കുന്നത്. എൻഡോസൾഫാൻ കമ്പനികളെ സഹായിക്കുന്ന പവാറിന്റെ നിലപാട് വരുംദിവസങ്ങളിൽ കൂടുതൽ വിവാദം സൃഷ്ടിക്കുമെന്നാണ് കരുതുന്നത്.

മംഗളം ഇംപാക്ട്

05 April 2011

■ വാർത്ത പുറത്തുകൊണ്ടുവന്നത് 'മംഗളം'

എൻഡോസൾഫാൻ പ്രശ്നം ദേശീയമാധ്യമങ്ങളിൽ

■ സ്വന്തം ലേഖകൻ
സ്റ്റാഫ്

എൻഡോസൾഫാൻ വിഷയത്തിൽ കേന്ദ്ര കൃഷി മന്ത്രി ശരദ്പവാർ പാർലമെന്റിനെ തെറ്റിദ്ധരിപ്പിച്ചെന്ന വാർത്ത ദേശീയമാധ്യമങ്ങൾ ഏറ്റെടുത്തു.

കേരളവും കർണാടകയും മാത്രമാണ് എൻഡോസൾഫാൻ നിരോധിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുള്ളതെന്നും മറ്റു സംസ്ഥാനങ്ങൾ എതിർക്കുന്നതിനാലാണു നിരോധനം നടപ്പാക്കാത്തതെന്നും പവാർ ലോക്സഭയെ അറിയിച്ചിരുന്നു. എന്നാൽ ഇതുതെറ്റാണെന്നും ഒറ്റ സംസ്ഥാനം പോലും എൻഡോസൾഫാൻ നിരോധനത്തെ എതിർത്തിട്ടില്ലെന്നുമുള്ള വാർത്ത 'മംഗള'മാണ് ആദ്യം റിപ്പോർട്ട് ചെയ്തത്. വിവരാവകാശപ്രകാരം 'മംഗളം' ഇക്കാര്യം പുറത്തുകൊണ്ടുവന്നത്. ഇന്നലെ പുറത്തിറങ്ങിയ 'മെയിൽ ടുഡേ'യിൻ പത്രമാണ് ഈ വാർത്ത ദേശീയശ്രദ്ധയിൽപ്പെടുത്തിയത്.

കെ. സുധാകരൻ, പി. കരുണാകരൻ എന്നിവരുടെ ചോദ്യത്തിന് ഉത്തരമായിട്ടാണ് പവാർ മറുപടി പറഞ്ഞത്. സഭയെ തെറ്റിദ്ധരിപ്പിച്ചതിനു പവാറിനെതിരേ അവകാശ ലംഘനത്തിനു നോട്ടീസ് നൽകുമെന്നു പി. കരുണാകരൻ പറഞ്ഞു. മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദൻ ഉൾപ്പെടെ 3000 പേരാണ് കേരളത്തിൽനിന്ന് മാത്രം എൻഡോസൾഫാൻ നിരോധനം ഉയർത്തി കത്തയച്ചിരിക്കുന്നത്. എന്നാൽ കേവലം ആറുകത്തുകളുടെ ബലത്തിലാണ് നിരോധനത്തിനു പവാർ എതിരുനിൽക്കുന്നത്. എൻഡോസൾഫാൻ കമ്പനികളെ സഹായിക്കുന്ന പവാറിന്റെ നിലപാട് വരുംദിവസങ്ങളിൽ കൂടുതൽ വിവാദം സൃഷ്ടിക്കുമെന്നാണ് കരുതുന്നത്.

മാധ്യമം

01 April 2011

ആ കശുമാവിൻ കാടുകൾക്കുമേൽ ആകാശത്തുനിന്ന് തളിച്ച വിഷം തെക്കോട്ടുകൂടി തൂവിയിരുന്നുവെങ്കിൽ കേരളമാകെ ഓപൺ വോട്ടായേനെ...

വിഷമഴയിൽ കിളിർത്ത ഓപൺവോട്ടുകൾ

സി.കെ.എ. ജബ്ബാർ

കനൽടം

കാസർകോട്: കണ്ണും കാതും കാലും കൈയുമെല്ലാമുള്ള ഈ മണ്ണിലെ പുരുഷന്മാർക്കും ഇവിടെ ഓപൺവോട്ടാണ്. കശുമാവിൻ കാടുകളിലെ വിഷം തീണ്ടിയ അമ്മമാർക്കോ സഹോദരന്മാർക്കോ അബ്ദുൽ റഹീമിനുമെല്ലാം...



എൻഡോസൾഫാൻ ഇരകളായ മക്കൾക്കൊപ്പം എടനീർ ചമ്പൽപടി ഹൗസിൽ അബൂബക്കർ

കാസർകോട്: എൻഡോസൾഫാൻ നിരോധിക്കേണ്ടതില്ലെന്ന് ചില സംസ്ഥാനങ്ങൾ ആവശ്യപ്പെട്ടതായി കേന്ദ്ര കൃഷിമന്ത്രി ശരദ് പവാർ കഴിഞ്ഞദിവസം പാർലമെൻറിൽ നടത്തിയ പ്രസ്താവന തെറ്റിദ്ധരിപ്പിക്കുന്നതും എൻഡോസൾഫാൻ ദുരിതബാധിതരെ അവഹേളിക്കലുമാണെന്ന് പി. കരുണാകരൻ എം.പി വാർത്താസമ്മേളനത്തിൽ ആരോപിച്ചു.

ബ്രസീൽ ഉൾപ്പെടെയുള്ള രാജ്യങ്ങളും ഇന്ത്യയിലെ പല സംസ്ഥാനങ്ങളും ഇത് ഉപയോഗിക്കുന്നുണ്ടെന്നും കേന്ദ്രമന്ത്രി പറഞ്ഞിരുന്നു. എന്നാൽ, ഒരു സംസ്ഥാനവും കേന്ദ്രസർക്കാറിനോട് എൻഡോസൾഫാൻ നിരോധിക്കേണ്ടെന്ന് ആവശ്യപ്പെട്ടിട്ടില്ലെന്നാണ് വിവരാവകാശ നിയമത്തിലൂടെ അറിയാൻ കഴിഞ്ഞത്.

എൻഡോസൾഫാൻ കൂടുതൽ ഉപയോഗിക്കുന്നതും കയറ്റി അയക്കുന്നതും ഇന്ത്യയാണെന്നിരിക്കെ, നിരോധം വലിയ നഷ്ടം സൃഷ്ടിച്ചേക്കും. ഇതിനാലാണ് കേന്ദ്രസർക്കാർ പിന്നോട്ടടിക്കുന്നത്. ഏപ്രിൽ അവസാനവാരം നടക്കുന്ന സ്റ്റോക്ഹോം കൺവെൻഷനിൽ എൻഡോസൾഫാൻ നിരോധിക്കണമെന്ന് ഇന്ത്യ ആവശ്യപ്പെടണമെന്നും അദ്ദേഹം പറഞ്ഞു.

03 April 2011

എൻഡോസൾഫാൻ: കൃഷിമന്ത്രി പാർലമെൻറിനെ തെറ്റിദ്ധരിപ്പിക്കുന്നു -പി. കരുണാകരൻ എം.പി

05 April 2011

എൻഡോസൾഫാൻ: കമ്പനിയുടെ വാദങ്ങൾ തെറ്റെന്ന് ഹരജിക്കാരൻ

കൊച്ചി: എൻഡോസൾഫാൻ അപകടകാരിയായ കീടനാശിനിയല്ലെന്ന ഉൽപാദകരായ ഹിന്ദുസ്ഥാൻ ഇൻസെക്ടിസൈഡ്സിെൻറ വാദങ്ങളുടെ അടിസ്ഥാനത്തിലാണെന്ന് ഹരജിക്കാരനായ ടി. ആസിഫലി ബോധിപ്പിച്ചു. കമ്പനി സമർപ്പിച്ച സത്യവാങ്മൂലത്തിനുള്ള മറുപടിയിലാണ് ഇക്കാര്യം വ്യക്തമാക്കിയിട്ടുള്ളത്.

ആഗോളതലത്തിലുയർന്ന പ്രതിഷേധത്തെതുടർന്ന് എൻഡോസൾഫാെൻറ ഏറ്റവും വലിയ ഉൽപാദകരായ ബെയർ കമ്പനി ഉൽപാദനം നിർത്തിയതായി മറുപടിയിൽ പറഞ്ഞിട്ടുണ്ട്. കശുമാവിൻ തോട്ടങ്ങളിൽ തെയിലക്കൊതുകുകൾക്കെതിരെ ഉപയോഗിക്കാൻ എൻഡോസൾഫാൻ ഇന്ത്യയിൽ രജിസ്റ്റർ ചെയ്തിട്ടില്ല.

'91 ൽ ബാനർജി കമ്മിറ്റി എൻഡോസൾഫാെൻറ ഉപയോഗം പരിശോധിപ്പിക്കാൻ നിർദേശിച്ചിട്ടുള്ളതാണ്. എൻഡോസൾഫാൻ ഉപയോഗം മൂലം ജനങ്ങൾക്കുണ്ടായ ആരോഗ്യപ്രശ്നങ്ങൾക്ക് നഷ്ടപരിഹാരം നൽകാൻ കമ്പനി ബാധ്യസ്ഥമാണെന്നും മറുപടിയിൽ ചൂണ്ടിക്കാട്ടിയിട്ടുണ്ട്.

17 April 2011

എൻഡോസൾഫാൻ: കേന്ദ്രസംഘം വഴിപാട് പര്യടനം നടത്തി മടങ്ങി

സ്വന്തം ലേഖകൻ

ദീപിക

08 April 2011

എൻഡോസൾഫാൻ നിരോധിക്കണമെന്ന ആവശ്യം ശക്തമായി

ന്യൂഡൽഹി: എൻഡോസൾഫാൻ രാജ്യവ്യാപകമായി നിരോധിക്കണമെന്ന ആവശ്യം ദേശീയ തലത്തിൽ ശക്തമാകുന്നു. ലോകാരോഗ്യ ദിനത്തോട് അനുബന്ധിച്ച് വിവിധ സന്നദ്ധ സംഘടനകൾ ഇക്കാര്യം ഉന്നയിച്ച് ഇന്നലെ പൊതു സമ്മേളനം സംഘടിപ്പിച്ചു.

ഇന്റർനാഷ്യണൽ ഫോർ ഹെൽത്ത് ആൻഡ് ഇക്വിറ്റി ഇൻ സൊസൈറ്റി, ഓൾ ഇന്ത്യ ഡ്രഗ് ആക്ഷൻ നെറ്റ്വർക്ക്, പീസ്, ഇൻസാഫ്, വീഷൽ സേർച്ച്, മെഡിക്കോ ഫ്രണ്ട്സ് സർക്കിൾ, ജനസ്വാസ്ഥ്യ അഭിയാൻ, തേർഡ് വേൾഡ് നെറ്റ്വർക്ക് തുടങ്ങിയ സംഘടനകൾ സംയുക്തമായാണ് സമ്മേളനം സംഘടിപ്പിച്ചത്.

മാധ്യമം

09 April 2011

എൻഡോസൾഫാൻ നിരോധിക്കാൻ കേന്ദ്രത്തിനുമേൽ സമ്മർദം

സ്വന്തം ലേഖകൻ

ന്യൂദൽഹി: അത്യന്തം അപകടകാരിയായ എൻഡോസൾഫാൻ രാജ്യത്തുടനീളം എത്രയും പെട്ടെന്ന് നിരോധിക്കണമെന്ന ആവശ്യം ശക്തമാകുന്നു.

കോർപറേറ്റ് കമ്പനികളുടെ താൽപര്യങ്ങൾക്കു വഴങ്ങി ജനങ്ങളെ കൊലക്കു കൊടുക്കാനാണ് കേന്ദ്ര സർക്കാർ ശ്രമിക്കുന്നതെന്ന് ചൂണ്ടിക്കാട്ടി വിപുലമായ പ്രക്ഷോഭ പരിപാടികൾ ആവിഷ്കരിക്കുമെന്ന് വിവിധ പൗരാവകാശ-പരിസ്ഥിതി സംഘടനാ പ്രതിനിധികൾ വെളിപ്പെടുത്തി. കേന്ദ്ര മന്ത്രി പവാറിന്റെ നേതൃത്വത്തിലുള്ള ഉന്നതരാണ് എൻഡോസൾഫാൻ നിരോധത്തിൽ നിന്ന് സർക്കാറിനെ വിലക്കുന്നതെന്നും ദൽഹിയിൽ നടന്ന വാർത്താസമ്മേളനത്തിൽ ഇവർ ആരോപിച്ചു. ഓൾ ഇന്ത്യാ ഡ്രഗ് ആക്ഷൻ നെറ്റ്വർക്ക്, ജൻ സ്വാസ്ഥ്യ അഭിയാൻ, കൃതി, ഇന്റർഷിയേറ്റിവ് ഫോർ ഹെൽത്ത് ആൻഡ് എൻകയറി ഇൻ സൊസൈറ്റി, ഇൻസാഫ്, മെഡിക്കോ ഫ്രൻഡ്സ് സർക്കിൾ, തേർഡ് വേൾഡ് നെറ്റ്വർക്ക്, പീസ്, വിഷൽ സർച്ച് എന്നീ സംഘടനകളാണ് ദേശവ്യാപകമായി എൻഡോസൾഫാൻ നിരോധിക്കണമെന്ന ആവശ്യമുയർത്തി രംഗത്തുവന്നത്.

കാസർകോട് മേഖലയിലെ എൻഡോസൾഫാൻ ഇരകൾക്ക് മതിയായ നഷ്ടപരിഹാരം ഉറപ്പുവരുത്തണം. രാജ്യത്തുടനീളം നിരോധം ഉറപ്പാക്കാൻ ശക്തമായ പ്രക്ഷോഭ പരിപാടികൾ തുടരുമെന്നും ബന്ധപ്പെട്ടവർ അറിയിച്ചു.

മീരാ ശിവ, രവി അഗർവാൾ, കെ.പി ശശി, സുധീർ കുമാർ എന്നിവർക്കു പുറമെ കാസർകോട്ടെ എൻഡോസൾഫാൻ വിരുദ്ധ സമിതി പ്രതിനിധികളായ അശ്റഫ്, മസൂദ് ബൊവിക്കാനം എന്നിവരും വാർത്താസമ്മേളനത്തിൽ പങ്കെടുത്തു.

18 April 2011

എൻഡോസൾഫാൻ നിരോധം ഇന്ത്യ വീണ്ടും എതിർത്തേക്കും

എം.സി.എ നാസർ

ന്യൂദൽഹി: സ്റ്റോക് ഹോം കൺവെൻഷന്റെ ശാസ്ത്രസമിതി യോഗത്തിന് ഒരാഴ്ച മാത്രം ബാക്കിനിൽക്കെ, മാരക കീടനാശിനിയായ എൻഡോസൾഫാൻ നിരോധിക്കേണ്ടതില്ലെന്ന നിലപാട് ഇന്ത്യ ആവർത്തിച്ചേക്കും. കേരളം ഒഴികെ മറ്റു സംസ്ഥാനങ്ങളൊന്നും എതിർപ്പ് അറിയിക്കാത്ത സാഹചര്യത്തിൽ എൻഡോസൾഫാനെ മാരക കീടനാശിനി വിഭാഗത്തിൽ ഉൾപ്പെടുത്താൻ കഴിയില്ലെന്ന നിലപാടിലാണ് കേന്ദ്രം. എൻഡോസൾഫാൻ രാജ്യമൊട്ടുക്കും നിരോധിക്കണമെന്ന ദേശീയ മനുഷ്യാവകാശ കമീഷന്റെ അഭ്യർഥനയും സർക്കാർ തള്ളിയിരിക്കുകയാണ്.

എൻഡോസൾഫാൻ നിരോധിക്കണമെന്നാവശ്യപ്പെട്ട് പ്രതിഷേധം ശക്തമായതിനെ തുടർന്ന് കൃഷിമന്ത്രി പവാറിന്റെ അധ്യക്ഷതയിൽ മുന്ന് മന്ത്രാലയ പ്രതിനിധികളെ ഉൾപ്പെടുത്തി സമിതിക്ക് രൂപം നൽകിയിരുന്നു. കൃഷിക്കു പുറമെ പരിസ്ഥിതി, ആരോഗ്യ മന്ത്രാലയങ്ങളിൽ നിന്നുള്ളവരായിരുന്നു മറ്റംഗങ്ങൾ. യോഗങ്ങൾ മുറക്ക് നടന്നെങ്കിലും എൻഡോസൾഫാൻ നിരോധത്തെ ആവശ്യത്തോട് സമിതി അംഗങ്ങൾക്ക് ഇന്നിയും യോജിപ്പിലെത്താനായിട്ടില്ല. ജനീവ യോഗത്തിനു മുമ്പെ വെറിട്ടൊരു തീരുമാനം ഉണ്ടാകാനും സാധ്യത കുറവ്. വൻകിട കീടനാശിനി കമ്പനികളുടെ സമ്മർദം അത്രക്ക് ശക്തമാണ്.

ജനതാംശം കുറച്ചുകൊണ്ടുവരുക എന്നതിനപ്പുറം സംയുക്ത സമിതി രൂപവൽകരണം കൊണ്ട് കാര്യമായ പുരോഗതിയൊന്നും ഉണ്ടായിട്ടില്ല. ഇക്കാര്യത്തിൽ എത്തെങ്കിലുമൊരു തീർപ്പിൽ സമിതി എത്തിച്ചേർന്നതായി അനിക്കറിയില്ലെന്ന് കേന്ദ്ര കൃഷിസഹമന്ത്രി പ്രഫ. കെ.വി. തോമസ് 'മാധ്യമ'ത്തോട് പറഞ്ഞു.

ഏപ്രിൽ 25 മുതൽ 29 വരെ സ്വിറ്റ്സർലൻഡിലെ ജനീവയിലാണ് സ്റ്റോക് ഹോം കൺവെൻഷൻ ശാസ്ത്രസമിതി യോഗം. എൻഡോസൾഫാൻ നിരോധവുമായി ബന്ധപ്പെട്ട് സാങ്കേതിക വിദഗ്ധരുടെ നിർദേശങ്ങൾ കൺവെൻഷൻ ചർച്ചചെയ്യും. കഴിഞ്ഞവർഷം നടന്ന യോഗത്തിൽ ഒട്ടേറെ രാജ്യങ്ങൾ എൻഡോസൾഫാൻ നിരോധത്തെ പിന്തുണക്കുകയായിരുന്നു. സ്റ്റോക് ഹോം കൺവെൻഷന്റെ ശാസ്ത്രസമിതി കഴിഞ്ഞ ഒക്ടോബറിൽ എൻഡോസൾഫാൻ നിരോധിക്കാൻ ഇന്ത്യയോടും മറ്റും ആവശ്യപ്പെട്ടതാണ്. ബ്രസീലും ആസ്ട്രേലിയയും ഉൾപ്പെടെ നിരവധി രാജ്യങ്ങൾ നിരോധം നടപ്പാക്കിയെങ്കിലും ഇന്ത്യ കണ്ടാവം നടിച്ചിട്ടു. സർക്കാർ തലത്തിൽ രൂപവൽകരിച്ച നാലു സമിതികളും എൻഡോസൾഫാന് അനുകൂലമായിരുന്നുവെന്നാണ് മന്ത്രി പവാർ ഇപ്പോഴും പറയുന്നത്. എന്നാൽ, ബാനർജി സമിതിയും(1991, ആർ.ബി. സിങ് കമിറ്റിയും(1998) ജലസാമീപ്യം കൂടിയ പ്രദേശങ്ങളിൽ എൻഡോസൾഫാൻ ഉപയോഗിക്കരുതെന്ന് കർശനമായി നിർദേശിച്ചിരുന്നു.

കേരളം ഒഴികെ മിക്ക സംസ്ഥാനങ്ങളും എൻഡോസൾഫാൻ നിരോധത്തിന് എതിരാണെന്ന പവാറിന്റെ പ്രസ്താവനയും വിവാദമായിരുന്നു. യു.എസ് പരിസ്ഥിതി സംരക്ഷണ സമിതിയും മറ്റും എൻഡോസൾഫാൻ നിരോധത്തിനു വേണ്ടി ഇപ്പോൾ സജീവമായി രംഗത്തുണ്ട്.

യൂറോപ്യൻ യൂനിയനും മറ്റും ഉന്നയിക്കുന്ന വാദങ്ങളെ മുഖവിലക്കെടുക്കാൻ ഇന്ത്യയിലെ കീടനാശിനി കമ്പനികൾ തയാറല്ല. കാരണം ലോകത്തെ എൻഡോസൾഫാൻ കീടനാശിനിയുടെ എഴുപത് ശതമാനവും ഉൽപാദിപ്പിക്കുന്നത് ഇന്ത്യയിലാണ്. 9,000 ടൺ എൻഡോസൾഫാനാണ് പ്രതിവർഷം രാജ്യത്ത് ഉൽപാദിപ്പിക്കുന്നതെന്നാണ് കണക്ക്. ഇതിൽ പകുതിയും ഇന്ത്യയിൽ തന്നെയാണ് ഉപയോഗിക്കുന്നതും. താരതമ്യേന നിരക്ക് കുറഞ്ഞതിനാൽ കർഷകർ ഇതിനോട് അമിത താൽപര്യം പുലർത്തുകയും ചെയ്യുന്നു. ഐ.എസ്.സി ഉൾപ്പെടെയുള്ള സംഘടനകൾ എൻഡോസൾഫാനെ ന്യായീകരിച്ച് സർക്കാറിന് റിപ്പോർട്ട് സമർപ്പിച്ചത് അടുത്തിടെയാണ്.

ചർച്ചകൾ തുടരുന്ന സാഹചര്യത്തിൽ ഒന്നും പ്രതീക്ഷിക്കാൻ കഴിയില്ലെന്നാണ് സ്റ്റോക്ഹോം കൺവെൻഷനിൽ ഇന്ത്യയെ പ്രതിനിധാനം ചെയ്യുന്ന വനം പരിസ്ഥിതി മന്ത്രാലയം ജോ.സെക്രട്ടറി രാജീവ് ഗൗബ പറഞ്ഞു. എൻഡോസൾഫാൻ സമിതിയുമായി ബന്ധപ്പെട്ട മുഴുവൻ ചുമതലയും മന്ത്രി പവാറിനാണെന്നു പറഞ്ഞ് പ്രഫ. കെ.വി. തോമസും കൈകഴുകുകയാണ്.

മാതൃഭൂമി

18 April 2011

എൻഡോസൾഫാൻ: ക്രോമസോം പരിശോധനാഫലം പുഴ്ത്തി

കാസർകോട്: എൻഡോസൾഫാൻ രോഗികളുടെ രക്തത്തിലെ ക്രോമസോമുകളുടെ പരിശോധനാഫലം ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ച് (ഐ.സി.എം.ആർ) പുഴ്ത്തിവെച്ചതായി ആക്ഷേപം. എൻഡോസംഘാൻ വിരുദ്ധസമിതി കാസർകോട് നടത്തിയ ദേശീയ കൺവെൻഷനിൽ മണിപ്പാൽ കസ്തൂർബ മെഡിക്കൽ കോളേജിലെ ഡി. പ്രൊഫസർ ഡോ. രവീന്ദ്ര ഷാൻബോഗാണ് ഇക്കാര്യം വെളിപ്പെടുത്തിയത്. 2006ലാണ് മണിപ്പാൽ കസ്തൂർബ മെഡിക്കൽ കോളേജിലെ പഠനസംഘം മനുഷ്യരിലും എലികളിലും ക്രോമസോം പരിക്ഷണം നടത്തി റിപ്പോർട്ട് ഐ.സി.എം.ആറിന് സമർപ്പിച്ചത്. എന്നാൽ ഈ റിപ്പോർട്ട് സമർപ്പിച്ചതെ തുടർന്ന് ഇതുവരെ വെളിച്ചം കണ്ടിട്ടില്ലെന്ന് ഡോ. രവീന്ദ്ര ഷാൻബോഗ് പറഞ്ഞു. എൻഡോസൾഫാൻ മനുഷ്യരിൽ വരുത്തിവെക്കുന്ന ജനിതക വൈകല്യങ്ങൾ സംബന്ധിച്ച് കൂടുതൽ പഠനം നടത്തുന്നുണ്ടെന്നായിരുന്നു പഠനറിപ്പോർട്ട്. എൻഡോസൾഫാൻ കുത്തിവെച്ച് എലികളിൽ നടത്തിയ പരീക്ഷണത്തിൽ അവയുടെ പ്രത്യുൽപാദനശേഷിയിൽ കുറവുണ്ടായതായും പഠനം തെളിയിച്ചിരുന്നു. പുതുതായി ജനിക്കുന്ന കുഞ്ഞുങ്ങളെ ഗുരുതരമായി ബാധിക്കുന്നുണ്ടെന്നും കണ്ടെത്തിയിരുന്നു.

എൻഡോസൾഫാൻ: ഉറച്ച നിലപാടെടുക്കണം -ബിനോയ് വിശ്വം

എൻഡോസൾഫാൻ: സർവകക്ഷിസംഘം പ്രധാനമന്ത്രിയെ കാണണം -സുധീരൻ

മലയാള മനോരമ

17 April 2011

എൻഡോസൾഫാൻ: കേന്ദ്രസംഘം സന്ദർശനം നടത്തി; റിപ്പോർട്ട് രണ്ടു മാസത്തിനകം

കാസർകോട്: എൻഡോസൾഫാൻ പ്രത്യാഘാതത്തെക്കുറിച്ചു പഠിക്കാൻ ജില്ല സന്ദർശിച്ച കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയത്തിന്റെ കീഴിലുള്ള ഏഴംഗവിദഗ്ധസംഘം രണ്ടു മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കും.

നാഷനൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹെൽത്ത് ആൻഡ് ഫാമിലിവെൽഫെയർ ഡയറക്ടർ ഡോ. ദേവകി നന്ദൻ, പ്രഫ. എസ്.സി. ശർമ, ഡോ. എസ്. രാഘവൻ, ഡോ. സുനിത മിത്തൽ, ഡോ. അബ്ദുൽഹമീദ്, എസ്.കെ. ചെല്ലാനി, ഡോ. രാജേഷ് രാതോഹി എന്നിവരാണ് വ്യാഴാഴ്ച വൈകിട്ടും വെള്ളിയാഴ്ചയുമായി ജില്ലയിൽനിന്ന് വിവരങ്ങൾ ശേഖരിച്ചത്.

ദേശീയ മനുഷ്യാവകാശ കമ്മിഷന്റെ നിർദേശപ്രകാരമായിരുന്നു സന്ദർശനം.

മുള്ളിയാർ, പെർല, വാണിനഗർ എന്നിവിടങ്ങളിൽനിന്നായി ഒൻപത് രോഗികളെ ഇവർ നേരിട്ടുകണ്ടു. ദുരിതത്തിന്റെ തീക്ഷ്ണത മനസ്സിലാക്കി. എൻഡോസൾഫാൻ ദുരിത ബാധിതർക്കൊപ്പം ജനപ്രതിനിധികളും ഉണ്ടായിരുന്നു. ശ്രീപാഡ്രെ, ഡോ. വെങ്കട്ടരമണകുമാർ, പെരിയയിലെ ലീലാകുമാരി അമ്മ എന്നിവരെയും സംഘം സന്ദർശിച്ചു.

കാസർകോട് ജനറൽ ആശുപത്രിയിലെ സൗകര്യങ്ങൾ വിലയിരുത്തി. എൻഡോസൾഫാൻ സാന്ത്വനം സംസ്ഥാന അസി. നോഡൽ ഓഫിസർ മൊഹമ്മദ് ഹനീഫ്, ഡിഎംഒ ജോസ് ജി. ഡിക്രൂസ് എന്നിവരും പ്രമുഖരായിരുന്നു.

എൻഡോസൾഫാൻ ദുരിതത്തിന്റെ ത്രീവത, ദുരിതബാധിതർക്ക് ദീർഘകാലത്തേക്ക് ആവശ്യമായ ചികിൽസ എന്നിവ സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കുന്നതിന്റെ ഭാഗമായാണ് സന്ദർശനം. പ്രാഥമികവിവരങ്ങൾ ശേഖരിച്ചു മടങ്ങിയ സംഘം ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിത പ്രദേശങ്ങൾ വീണ്ടും സന്ദർശിക്കും. ജൂൺ എട്ടിനു മുൻപു സംഘത്തിന്റെ പഠനറിപ്പോർട്ട് കേന്ദ്ര ആരോഗ്യമന്ത്രാലയത്തിനു നൽകും.

എൻഡോസൾഫാൻ ദുരിതം ഏറ്റുവാങ്ങുന്ന 148 വിവിധഗ്രാമങ്ങളെ ബാധിക്കുന്ന പഠനവിവരങ്ങൾ അധികൃതർ വിദഗ്ധസംഘത്തിന് കൈമാറിയിട്ടുണ്ട്. ദുരിതബാധിതർക്ക് ആവശ്യമായ വിദഗ്ധ ചികിൽസാ സഹായം, പുനരധിവാസസൗകര്യങ്ങൾ എന്നിവയ്ക്കാണു സംഘം മുൻഗണന നൽകുന്നത്.

എൻഡോസൾഫാൻ നിരോധിക്കണം: ദേശീയ കൺവൻഷൻ


18 April 2011

കുത്തകകളുടെ ലാഭത്തിനായി ശാസ്ത്രജ്ഞർ മനഃപൂർവം കള്ളം പറയുന്നു: വന്ദനാ ശിവ



മംഗളം

17 April 2011



എൻഡോസൾഫാൻ വിരുദ്ധസമിതിയുടെ നേതൃത്വത്തിൽ കാസർഗോഡു നടക്കുന്ന ദേശീയ കൺവൻഷനിൽ ഡോ. വന്ദനശിവ മുഖ്യപ്രഭാഷണം നടത്തുന്നു

എൻഡോസൾഫാൻ: പാർലമെന്റിനെ തെറ്റിദ്ധരിപ്പിച്ച മന്ത്രി പവാറിനെ പുറത്താക്കണമെന്നു വന്ദനശിവ

മാധ്യമം

19 April 2011

ഒടുവിൽ മനുഷ്യാവകാശ കമീഷന് മറുപടി

എൻഡോസൾഫാൻ നിരോധം അപ്രായോഗികം -കൃഷിവകുപ്പ്

ഹസനുൽ ബന്ന

എൻഡോസൾഫാൻ: ബോധവത്കരണവുമായി വിദ്യാർഥികൾ

എൻഡോസൾഫാൻ നിരോധിക്കണം: പ്രധാനമന്ത്രിക്ക് ചെന്നിത്തലയുടെ കത്ത്

തിരുവനന്തപുരം ഏപ്രിൽ 25ന് ജനീവയിൽ നടക്കുന്ന സ്റ്റോക്ഹോം കൺവെൻഷനിൽ ശാശ്വതമായി എൻഡോസൾഫാൻ നിരോധിക്കാൻ ഇന്ത്യ ആവശ്യപ്പെടണമെന്ന് കെ.പി.സി.സി പ്രസിഡൻറ് രമേശ് ചെന്നിത്തല പ്രധാനമന്ത്രി മൻമോഹൻസിങ്ങിന് അയച്ച കത്തിൽ അഭ്യർഥിച്ചു. കേരളത്തിലും കർണാടകയിലും ഇതിനകം എൻഡോസൾഫാൻ താൽകാലികമായി നിരോധിച്ചിട്ടുണ്ട്.

എന്നാൽ കാസർകോട്ടെ 11 ഗ്രാമങ്ങളിലായി വ്യാപിച്ച് കിടക്കുന്ന കശുവണ്ടിത്തോട്ടങ്ങളിൽ 25 വർഷമായി ആകാശത്തുനിന്ന് എൻഡോസൾഫാൻ തളിച്ചുവെന്നതിൻെറ പരിണതഫലമെന്നവണ്ണം 2001 വരെ ആയിരത്തിൽപ്പരം പേർ മരണത്തിലേക്ക് നീങ്ങുകയും പതിനായിരത്തിലധികംപേർ ശാരീരിക- മാനസിക വൈകല്യങ്ങളാൽ ദുരിതമനുഭവിച്ച് വരികയുമാണ്.

മോപ്പാൽ ദുരന്തത്തിനുശേഷം ഇന്ത്യ അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ ദുരന്തമാണിത്. മനുഷ്യരാശിയെ മരണത്തിലേക്ക് നയിക്കുന്ന ഈ കീടനാശിനി നമുക്കിനി ആവശ്യമില്ല. ഈ സാഹചര്യത്തിൽ എൻഡോസൾഫാനെതിരായ കർശനമായ നിലപാട് എടുത്തില്ലെങ്കിൽ അന്താരാഷ്ട്ര സമൂഹത്തിൽ ഇന്ത്യ ഒറ്റപ്പെടുമെന്ന് ചെന്നിത്തല കത്തിൽ ചൂണ്ടിക്കാട്ടി. എൻഡോസൾഫാൻ ദുരിതബാധിതർക്കും മരണപ്പെട്ടവരുടെ ആശ്രിതർക്കും വേണ്ടി നഷ്ടപരിഹാരം നൽകാനായുള്ള ട്രൈബ്യൂണൽ രൂപവത്കരിക്കുന്നത് സംബന്ധിച്ച് ഹൈകോടതിയിൽ നിലവിലുള്ള കേസിൽ സർക്കാറും പ്ലാൻറേഷൻ കോർപറേഷനും ഇതുവരെ സത്യവാങ്മൂലം നൽകാത്തത് കേസ് അനന്തമായി നീളാൻ കാരണമായിരിക്കുന്നു. ഇത് എൻഡോസൾഫാൻ മൂലം ബാധിതരോടുള്ള ക്രൂരമായ അനീതിയാണെന്നും കത്തിൽ ചൂണ്ടിക്കാട്ടി.

എൻഡോസൾഫാൻ: ഒരു മരണം കൂടി

കാസർകോട്: എൻഡോസൾഫാൻ കീടനാശിനി പ്രയോഗത്തിൻെറ ഇരയായി ചികിത്സയിലായിരുന്ന ഒരു സ്ത്രീ കൂടി മരിച്ചു.

പെർള പള്ളക്കാനയിലെ ശങ്കർ മല്യയുടെ മകൾ ഭാഗീരഥി (35)യാണ് മരിച്ചത്. കഴിഞ്ഞ മൂന്നുവർഷമായി ചികിത്സയിലായിരുന്നു.

കർണാടകയിൽ എൻഡോസൾഫാൻ നിരോധം നീട്ടും

ബംഗളൂരു: കർണാടകയിൽ എൻഡോസൾഫാൻ കീടനാശിനി ഉപയോഗത്തിന് ഏർപ്പെടുത്തിയ നിരോധം നീട്ടാൻ സർക്കാർ ആലോചിക്കുന്നു. ഫെബ്രുവരി 17ന് ഏർപ്പെടുത്തിയ 60 ദിവസത്തെ താൽക്കാലിക നിരോധത്തിൻെറ കാലാവധി അവസാനിച്ചതിനെ തുടർന്നാണ് നിരോധം നീട്ടാൻ നടപടി സ്വീകരിക്കുന്നത്.

അടുത്ത മന്ത്രിസഭായോഗത്തിൽ ഇക്കാര്യം ചർച്ച ചെയ്ത് ഉടൻ നടപടി സ്വീകരിക്കുമെന്ന് മന്ത്രി ശോഭ കരന്ത്‌ലാജെ അറിയിച്ചു. നിരോധം നീട്ടണമെന്ന നിർദേശം മുഖ്യമന്ത്രി ബി. എസ് യെദിയൂരപ്പ കേന്ദ്രമന്ത്രാലയത്തിന് മുമ്പാകെ സമർപ്പിക്കുമെന്നും അവർ പറഞ്ഞു.

എൻഡോസൾഫാൻ കീടനാശിനി ശാശ്വതമായി നിരോധിക്കുന്നതിനെതിരെ പ്രസ്താവന നടത്തിയ കേന്ദ്രമന്ത്രി ശരദ് പവാറിൻെറ നിലപാടിനെ മന്ത്രി വിമർശിച്ചു.

എൻഡോസൾഫാൻ നിർമാതാക്കൾക്ക് വേണ്ടി വാദിക്കുന്ന പവാർ വിവിധ സംസ്ഥാനങ്ങളിൽ കീടനാശിനി സൃഷ്ടിച്ച ദുരന്തങ്ങൾ കാണണമെന്ന് മന്ത്രി അവർ ആവശ്യപ്പെട്ടു. വടക്കിനി കന്നട ജില്ലയിൽ മാത്രം 6000 ഓളം എൻഡോസൾഫാൻ ദുരന്തബാധിതരുണ്ട്. എൻഡോസൾഫാൻ ശാശ്വതമായി നിരോധിക്കുന്നതിന് കർഷകർ എതിരാണെന്ന് ശരദ് പവാർ പ്രസ്താവിച്ചിരുന്നു.

എന്നാൽ കർഷകരുടെ താൽപര്യത്തിന് വേണ്ടിയല്ല, മറിച്ച് എൻഡോസൾഫാൻ നിർമാതാക്കൾക്ക് വേണ്ടിയാണ് പവാർ കപട കർഷക പ്രേമം കാണിക്കുന്നതെന്ന് അവർ കുറ്റപ്പെടുത്തി. ഇക്കാര്യത്തിൽ ആത്മാർഥതയുണ്ടെങ്കിൽ പവാർ എൻഡോസൾഫാനെക്കുറിച്ച് പഠനത്തിന് ഉത്തരവിറക്കട്ടെയെന്നും മന്ത്രി ആവശ്യപ്പെട്ടു.

എൻഡോസൾഫാൻ നിരോധത്തിനെതിരെ മാനുഫാക്ചേഴ്സ് അസോസിയേഷൻ കർണാടക ഹൈകോടതിയിൽ ഹരജി സമർപ്പിച്ചിട്ടുണ്ട്.

മംഗളം

20 April 2011

6 മംഗളം

എൻഡോസൾഫാൻ: കേന്ദ്രം നിലപാടു തിരുത്തണം



ദീപിക

19 April 2011

പാട്ടക്കാലാവധി കഴിഞ്ഞാൽ ദുരിതബാധിതർക്കു നൽകും: ബിനോയ് വിശ്വം

തിരുവനന്തപുരം: പ്ലാന്റേഷൻ കോർപറേഷന്റെ കാസർഗോട്ടെ പ്രശ്നബാധിത മേഖലയിലെ എസ്റ്റേറ്റുകളിൽ പാട്ടക്കാലാവധി കഴിഞ്ഞവ എൻഡോസൾഫാൻ ദുരിതബാധിതരുടെ പുനരധിവാസത്തിനു വേണ്ടി വിനിയോഗിക്കാൻ നടപടി സ്വീകരിക്കുമെന്നു റവന്യൂ മന്ത്രി ബിനോയ് വിശ്വം പറഞ്ഞു. പാട്ടക്കാലാവധി കഴിഞ്ഞ എസ്റ്റേറ്റുകളും ഏറ്റെടുക്കുന്നതിനു സർക്കാരിന്റെ നയമല്ല. തോട്ടം പാട്ടക്കാലാവധി ദീർഘിപ്പിക്കുന്നതിനു അപേക്ഷ നൽകിയാൽ പരിഗണിക്കും. ആയിരക്കണക്കിനു തൊഴിലാളികളുടെ തൊഴിൽവിഷയം കണക്കിലെടുത്താണിത്. എന്നാൽ പാട്ടക്കരാർ ലംഘിക്കുന്ന തോട്ടങ്ങളുടെ കാര്യത്തിൽ വിട്ടുവീഴ്ചയില്ല. കഴിഞ്ഞ അഞ്ചു വർഷത്തിനുള്ളിൽ തോട്ടംമേഖലയിലെ പാട്ടലംഘനങ്ങളെ സർക്കാർ ഗൗരവമായിതന്നെയാണ് നേരിട്ടത്. പ്രശ്നബാധിത മേഖലയിലെ പ്ലാന്റേഷൻ കോർപറേഷൻ തോട്ടങ്ങളുടെ പാട്ടക്കാലാവധി ദീർഘിപ്പിക്കരുതെന്ന ആവശ്യത്തെത്തുടർന്നാണ് വനംവകുപ്പ് ഈ നിലപാട് സ്വീകരിച്ചതെന്നും ബിനോയ് വിശ്വം പറഞ്ഞു.

മലയാള മനോരമ

19 April 2011

എൻഡോസൾഫാൻ: കേന്ദ്രം ഒളിച്ചുകളി നിർത്തണമെന്ന് വി.എസ്.

സ്വന്തം ലേഖകൻ

തിരുവനന്തപുരം: എൻഡോസൾഫാന്റെ മാരകമായ ഫലങ്ങൾ ലോകശ്രദ്ധയിൽ കൊണ്ടുവരുന്നതിനു പകരം കീടനാശിനികമ്പനികളുടെ താൽപര്യം സംരക്ഷിക്കാനാണു കേന്ദ്ര സർക്കാർ ശ്രമിക്കുന്നതെന്നു മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദൻ. ഇക്കാര്യത്തിൽ സംസ്ഥാനത്തിനുള്ള ശക്തമായ പ്രതിഷേധം കേന്ദ്രത്തെ അറിയിക്കുമെന്നും അദ്ദേഹം പറഞ്ഞു. .

ലോകത്തിലെ ഏറ്റവും അപകടകാരിയായ കീടനാശിനിയാണ് എൻഡോസൾഫാൻ. 40 വർഷമായി ഇതു കേരളത്തിൽ ഉപയോഗിക്കുന്നുണ്ട്. രണ്ടര പതിറ്റാണ്ടു മുൻപു താൻ പ്രതിപക്ഷ നേതാവായിരിക്കെ ഇതിന്റെ ദുഷ്യഫലങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നതാണ്. അന്നത്തെ സർക്കാരിനും കൃഷി മന്ത്രിക്കും അതു ബോധ്യപ്പെട്ടില്ല. എൻഡോസൾഫാന്റെ കാര്യത്തിൽ സംസ്ഥാനത്തിന്റെ നിലപാടു കേന്ദ്രത്തെ അറിയിച്ചെങ്കിലും പ്രയോജനമുണ്ടായില്ല. ഒരിക്കൽ കൂടി ഇക്കാര്യം അവരെ അറിയിക്കും. ജനീവയിൽ 29നു ചേരുന്ന സമ്മേളനത്തിൽ സംസ്ഥാന സർക്കാരിന്റെനിലപാട് അറിയിക്കാൻ ശ്രമിക്കുമെന്നും വി.എസ്. പറഞ്ഞു.

ജനീവ സമ്മേളനത്തിൽ എൻഡോസൾഫാൻ നിരോധിക്കുന്ന കാര്യത്തിൽ ഇന്ത്യ കർശനമായ നിലപാടെടുക്കണമെന്നു മന്ത്രി ബിനോയ് വിശ്വം ആവശ്യപ്പെട്ടു. കഴിഞ്ഞ വർഷം സ്റ്റോക്ഹോമിൽ നടന്ന സമ്മേളനത്തിൽ സ്വീകരിച്ച അഴകൊഴമ്പൻ നിലപാടു ജനീവയിൽ ആവർത്തിക്കരുതെന്നും അദ്ദേഹം പറഞ്ഞു.

എന്തുകൊണ്ടോ ഈ പ്രശ്നത്തിൽ കേന്ദ്ര സർക്കാർ രാജ്യാന്തര വേദികളിൽ നിലപാടു സ്വീകരിക്കുന്നില്ല. എൻഡോസൾഫാൻ നിരോധിക്കാൻ വിദഗ്ധ സമിതികളുടെ ആവശ്യമൊന്നുമില്ല. കണ്ണും കാതും മരവിക്കാത്ത മനഃസാക്ഷിയുള്ളവർക്കു ദുരിതബാധിത പ്രദേശങ്ങൾ വാചാലമായ സാക്ഷ്യപത്രമാണ്. നിരോധനത്തിനു വേണ്ടി മുഖ്യമന്ത്രി പ്രധാനമന്ത്രിക്കും താൻ പരിസ്ഥിതി മന്ത്രിക്കും നേരത്തെ കത്തെഴുതിയെങ്കിലും അതിന് അർഹമായ പരിഗണന ലഭിച്ചില്ല. വീണ്ടും ഇരുവർക്കും കത്തെഴുതിയിട്ടുണ്ട്.

പ്ലാന്റേഷൻ കോർപറേഷന്റെ കാസർകോട്ടെ എസ്റ്റേറ്റുകളിൽ പാട്ടക്കാലാവധി കഴിഞ്ഞവ ദുരിതബാധിതരുടെ പുനരധിവാസത്തിനു വേണ്ടി വിനിയോഗിക്കണമെന്നാണു വനംവകുപ്പിന്റെ നിലപാടെന്നും ഇക്കാര്യം താൻ ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്നും ബിനോയ് വിശ്വം പറഞ്ഞു.

നിരോധിക്കണം: പ്രധാനമന്ത്രിക്കു ചെന്നിത്തലയുടെ കത്ത്

തിരുവനന്തപുരം: ജനീവയിൽ നടക്കുന്ന സ്റ്റോക്ഹോം കൺവൻഷനിൽ, എൻഡോസൾഫാൻ നിരോധിക്കാൻ ഇന്ത്യ ആവശ്യപ്പെടണമെന്നാവശ്യപ്പെട്ടു കെപിസിസി പ്രസിഡന്റ് രമേശ് ചെന്നിത്തല പ്രധാനമന്ത്രി ഡോ. മൻമോഹൻ സിങ്ങിനു കത്തയച്ചു.

കേരളത്തിലും കർണാടകയിലും എൻഡോസൾഫാൻ താൽക്കാലികമായി നിരോധിച്ചിട്ടുണ്ട്. എന്നാൽ കാസർകോട്ടെ 11 ഗ്രാമങ്ങളിലെ കശുവണ്ടിത്തോട്ടങ്ങളിൽ ആകാശത്തുനിന്ന് എൻഡോസൾഫാൻ തളിച്ചതിനാൽ ആയിരത്തിൽപ്പരം പേർ മരിക്കുകയും പതിനായിരത്തിലധികംപേർ ശാരീരിക- മാനസിക വൈകല്യങ്ങളാൽ ദുരിതമനുഭവിക്കുകയുമാണ്.

മോപ്പാൽ ദുരന്തത്തിനുശേഷം ഇന്ത്യ അടിമുഖികരിക്കുന്ന ഏറ്റവും വലിയ ദുരന്തമാണിത്. മനുഷ്യരാശിയെ മരണത്തിലേക്കു നയിക്കുന്ന എൻഡോസൾഫാനെതിരെ കർശന നിലപാടെടുത്തില്ലെങ്കിൽ രാജ്യാന്തര സമൂഹത്തിൽ ഇന്ത്യ ഒറ്റപ്പെടുമെന്നു ചെന്നിത്തല ചൂണ്ടിക്കാട്ടി. എൻഡോസൾഫാൻ ദുരിതബാധിതർക്കും അതുമൂലം മരണപ്പെട്ടവരുടെ ആശ്രിതർക്കും വേണ്ടി നഷ്ടപരിഹാരം നൽകാനുള്ള ട്രൈബ്യൂണൽ രൂപീകരിക്കുന്നതു സംബന്ധിച്ചു ഹൈക്കോടതിയിൽ നിലവിലുള്ള കേസിൽ സർക്കാരും പ്ലാന്റേഷൻ കോർപറേഷനും സത്യവാങ്മൂലം നൽകുന്നതു സംബന്ധിച്ച് അടിയന്തരമായി ഇടപെടണമെന്നു രമേശ് ചെന്നിത്തല മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദനോടു മറ്റൊരു കത്തിൽ ആവശ്യപ്പെട്ടു.

എൻഡോസൾഫാൻ: സർവകക്ഷി സംഘം പോകണമെന്നു സുധീരൻ

തിരുവനന്തപുരം: എൻഡോസൾഫാൻ നിരോധിക്കണമെന്ന ആവശ്യം കേന്ദ്രത്തെ അറിയിക്കാൻ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ സർവകക്ഷി സംഘം പ്രധാനമന്ത്രിയെയും കേന്ദ്രമന്ത്രിമാരെയും കാണണമെന്നു കോൺഗ്രസ് നേതാവ് വി.എം. സുധീരൻ മുഖ്യമന്ത്രിക്കയച്ച കത്തിൽ ആവശ്യപ്പെട്ടു.

എൻഡോസൾഫാന്റെ നിരോധനത്തിനായുള്ള ആഗോള കൺവൻഷനിൽ ഇന്ത്യയുടെ നിലപാടു കേരള ജനതയ്ക്ക് അനുകൂലമാക്കുന്നതിനു സന്ദർശനം സഹായകമാകും. നവംബർ 23നു തിരുവനന്തപുരത്തു ചേർന്ന ജനപ്രതിനിധികളുടെയും എൻഡോസൾഫാൻ വിരുദ്ധ സമരസമിതി പ്രതിനിധികളുടെയും സമരത്തിൽ മുഖ്യമന്ത്രി ഇതു സംബന്ധിച്ചു നൽകിയ ഉറപ്പു പാലിക്കണമെന്നും സുധീരൻ ആവശ്യപ്പെട്ടു.

വിഷമഴയ്ക്കെതിരെ ഒപ്പുമരച്ചോട്ടിൽ പ്രതിഷേധച്ചൂട്



മംഗളം

19 April 2011

19/4/11 mangalam

എൻഡോസൾഫാൻ നിരോധനത്തിന് എതിരേ കേന്ദ്ര കൃഷിമന്ത്രാലയം

■ എൻഡോസൾഫാൻ പുനരധിവാസം

പാട്ടക്കാലാവധി കഴിഞ്ഞ തോട്ടങ്ങൾ നൽകുമെന്നു ബിനോയ് വിശ്വം

ദീപിക

19 April 2011



ജർമനിയുടെ ഗതാഗത നഗരവികസന മന്ത്രി പീറ്റർ റംസോർ ഇന്നലെ കേന്ദ്ര വ്യോമഗതാഗത മന്ത്രി വയലാർ രവിയെ ഡൽഹിയിൽ സന്ദർശിച്ചപ്പോൾ.

എൻഡോസൾഫാൻ നിരോധിക്കണം

● മുഖ്യമന്ത്രി അച്യുതാനന്ദൻ തെറ്റുതിരുത്തണമെന്നും വയലാർ രവി

എൻഡോസൾഫാൻ: കേന്ദ്ര തിരുമാനം ക്രൂരമെന്ന് മുഖ്യമന്ത്രി

19/4/11 deepika

എൻഡോസൾഫാൻ: കേന്ദ്ര തിരുമാനം ജനങ്ങൾക്കെതിരെന്ന് മുഖ്യമന്ത്രി

മാതൃഭൂമി

19 April 2011

എൻഡോസൾഫാൻ നിരോധനം

പവാറിന്റെ നിലപാടാകരുത് കേന്ദ്രത്തിന്റേത് -ബിനോയ് വിശ്വം

തിരുവനന്തപുരം: എൻഡോസംഫാൻ നിരോധനകാര്യത്തിൽ മന്ത്രി ശരത്പവാറിന്റെ നയമാകരുത് കേന്ദ്ര സർക്കാരിന്റേതെന്ന് മന്ത്രി ബിനോയ് വിശ്വം ആവശ്യപ്പെട്ടു. സ്റ്റോക്ക്ഹോം കൺവെൻഷന്റെ തിരുമാനങ്ങളും അവലോകനം ചെയ്യാനായി ജനീവയിൽ ചേരുന്ന സമ്മേളനത്തിൽ ഇന്ത്യ ശക്തമായ നിലപാട് എടുക്കണമെന്ന് അദ്ദേഹം പന്ത്രസമ്മേളനത്തിൽ ആവശ്യപ്പെട്ടു.

എൻഡോസംഫാൻ നിരോധിക്കുന്ന കാര്യത്തിൽ കേന്ദ്ര സർക്കാർ അഴകുഴമ്പൻ നിലപാടാണ് സ്വീകരിച്ചുപോന്നത്. കാസർകോട് ദുരന്തം എൻഡോസംഫാനെക്കുറിച്ചുള്ള വാചാലമായ സാക്ഷ്യമാണ്. കണ്ണും കാതും മരവിക്കാത്ത മനഃസാക്ഷിയുള്ളവർക്ക് അത് ബോധ്യമാകും. താനും മുഖ്യമന്ത്രിയും പ്രധാനമന്ത്രിക്കും കേന്ദ്ര പരിസ്ഥിതി മന്ത്രിക്കും കത്തെഴുതിയെങ്കിലും നല്ല പ്രതികരണമല്ല ഉണ്ടായത്. കമ്മിഷനറെയും കമ്മിറ്റിയുടെയും കാര്യം പറഞ്ഞ് ഈ പ്രശ്നം നീട്ടിക്കൊണ്ടുപോകുന്നവർ കീടനാശിനി കമ്പനികളുടെ താത്പര്യമാണ് സംരക്ഷിക്കുന്നത്. പ്ലാന്റേഷൻ കോർപ്പറേഷന്റെ പാട്ടക്കാലാവധി കഴിഞ്ഞ തോട്ടങ്ങളിൽ ദുരന്തബാധിതർക്ക് പുനരധിവാസമൊരുക്കണമെന്നും മന്ത്രി ആവശ്യപ്പെട്ടു.

മെർക്കിസ്റ്റൺ കേസ്: അട്ടിമറി അനുവദിക്കില്ല

മെർക്കിസ്റ്റൺ കേസ് അട്ടിമറിക്കാൻ അനുവദിക്കില്ലെന്ന് മന്ത്രി ബിനോയ് വിശ്വം പറഞ്ഞു. ഇത്തരം കേസുകളിൽ സർക്കാർ ഹൈക്കോടതിയിൽ സ്വീകരിച്ച ഒരു നിലപാടുണ്ട്. അതിന് വിരുദ്ധമായ സമീപനം സ്വീകരിക്കാൻ കഴിയില്ല. വിരുദ്ധ നിലപാട് മെർക്കിസ്റ്റൺ കേസിൽ സ്വീകരിച്ചാൽ ഹൈക്കോടതിയിലെ മറ്റ് കേസുകളെയും ബാധിക്കും. ഇക്കാര്യത്തിൽ സർക്കാരിന്റെ നിലപാട് ഇതായിരിക്കെ, ഏതെങ്കിലും ഒരു പോലീസ് ഉദ്യോഗസ്ഥൻ ഇതിന് വിരുദ്ധമായ നിലപാട് എടുത്താൽ അതം ഗീകരിക്കാൻ കഴിയില്ല. ഇക്കാര്യം ഫയലിൽ രേഖപ്പെടുത്തുകയും ബന്ധപ്പെട്ട വകുപ്പുകളെ അറിയിക്കുകയും ചെയ്തിട്ടുണ്ട് - അദ്ദേഹം പറഞ്ഞു.

എൻഡോസൾഫാൻ നിരോധിക്കണം : പ്രധാനമന്ത്രിക്ക് ചെന്നിത്തലയുടെ കത്ത്

തിരുവനന്തപുരം: സ്റ്റോക്ഹോം കൺവെൻഷനിൽ ശാശ്വതമായി എൻഡോസംഫാൻ നിരോധിക്കാൻ ഇന്ത്യ ആവശ്യപ്പെടണമെന്ന് കെ.പി.സി.സി. പ്രസിഡന്റ്രമേശ് ചെന്നിത്തല പ്രധാനമന്ത്രി ഡോ: മൻമോഹൻസിങ്ങിനു നൽകിയ കത്തിൽ അഭ്യർഥിച്ചു. കേരളത്തിലും കർണാടകയിലും ഇതിനകം തന്നെ എൻഡോസംഫാൻ താൽക്കാലികമായി നിരോധിച്ചിട്ടുണ്ട്. എന്നാൽ കാസർകോട്ടെ 11 ഗ്രാമങ്ങളിലായി വ്യാപിച്ചുകിടക്കുന്ന കശുവണ്ടിത്തോട്ടങ്ങളിൽ 25 വർഷങ്ങളായി ആകാശത്തുനിന്നും എൻഡോസംഫാൻ തളിച്ചു. എന്നതിന്റെ പരിണിതഫലമെന്ന വണ്ണം 2001 വരെ ആയിരത്തിൽപ്പരം പേർ മരണത്തിലേക്കു നിഞ്ജനിപതിനായിരത്തിലധികം പേർ ശാരീരിക-മാനസിക വൈകല്യങ്ങളാൽ ദുരിതമനുഭവിച്ചു വരികയാണ്.

എൻഡോസംഫാൻ ദുരിത ബാധിതർക്കും അതുമൂലം മരിച്ചവരുടെ ആശ്രിതർക്കും വേണ്ടി നഷ്ടപരിഹാരം നൽകാനായുള്ള ടൈബ്യൂണൽ രൂപവത്കരിക്കുന്നതു സംബന്ധിച്ച് ഹൈക്കോടതിയിൽ നിലവിലുള്ള കേസിൽ സർക്കാരും പ്ലാന്റേഷൻ കോർപ്പറേഷനും ഇതുവരെ തങ്ങളുടെ സത്യവാങ്മൂലം നൽകാത്തത് കേസ് അനിശ്ചിതമായി നീണ്ടുപോകാൻ കാരണമായിരിക്കുന്നു. ഇത് എൻഡോസംഫാൻ ദുരിതബാധിതരോടുള്ള കടുത്ത അനീതിയാണ്. ഇക്കാര്യത്തിൽ അടിയന്തരമായി ഇടപെടണമെന്ന് അദ്ദേഹം മുഖ്യമന്ത്രിക്കയച്ച മറ്റൊരു കത്തിൽ ആവശ്യപ്പെട്ടു.

എൻഡോസൾഫാൻ നിരോധിക്കാനാവില്ല- കേന്ദ്രം

എം.കെ. അജിത്കുമാർ

ന്യൂഡൽഹി: എൻഡോസംഫാനുമായി ബന്ധപ്പെട്ട അന്താരാഷ്ട്ര കൺവെൻഷൻ ഉടനെ ചേരാനിരിക്കേ, മാരകമായ കീടനാശിനി നിരോധിക്കേണ്ടെന്ന നിലപാട് കേന്ദ്ര കൃഷിമന്ത്രാലയം ആവർത്തിച്ചു. എൻഡോസംഫാൻ നിരോധിക്കണമെന്ന കേന്ദ്ര മനുഷ്യാവകാശ കമ്മിഷൻ നിർദേശത്തിന് നൽകിയ മറുപടിയിലാണ് മന്ത്രാലയം ഇക്കാര്യം വ്യക്തമാക്കിയത്. കൃഷി, പരിസ്ഥിതി, ആരോഗ്യ മന്ത്രാലയങ്ങളും ഈ വിഷയവുമായി ബന്ധപ്പെട്ട് മനുഷ്യാവകാശ കമ്മിഷന് നിലപാടറിയിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടുകളിലുള്ള കമ്മിഷന്റെ തിരുമാനം ഉടനെ ഉണ്ടാവും. അതിനിടെ, എൻഡോസംഫാൻ ദുരന്തം പഠിക്കാൻ കേന്ദ്ര നിയോഗിച്ച മെഡിക്കൽസംഘം കഴിഞ്ഞദിവസം കാസർകോട് സന്ദർശിച്ചിരുന്നു. ഈ നബാധിത മേഖലകളിലുള്ള സംഘത്തിന്റെ പഠനം പ്രഹസനമാണെന്ന് ആരോപണം ഉയർന്നിട്ടുണ്ട്.

എൻഡോസംഫാൻ ഉപയോഗംമൂലം കേരളത്തിലെയും കർണാടകത്തിലെയും ചില രോഗങ്ങളിൽമാത്രമേ പ്രത്യേകങ്ങളുണ്ടായിട്ടുള്ളുവെന്ന നിലപാടാണ് കൃഷിമന്ത്രാലയത്തിനുള്ളത്.

മറ്റ് സംസ്ഥാനങ്ങളിൽ ബുദ്ധിമുട്ടുകളൊന്നുമില്ല. ഈ കീടനാശിനി നിരോധിച്ചാൽ അതിന് ബദലായി മറ്റൊരു കീടനാശിനിയിലായിരിക്കും കർഷകരെ ബാധിക്കുക. കേരളത്തിൽ എൻഡോസംഫാൻമൂലം ആരോഗ്യപ്രശ്നങ്ങളുണ്ടായ സ്ഥലങ്ങളിൽ അത് ഉപയോഗിക്കേണ്ട രീതിയിലായിരിക്കില്ല ഉപയോഗിച്ചതെന്നും കൃഷിമന്ത്രാലയത്തിന്റെ റിപ്പോർട്ടിൽ അഭിപ്രായപ്പെട്ടിട്ടുണ്ട്. കീടനാശിനിയുടെ ദോഷഫലങ്ങളെക്കുറിച്ചുള്ള പഠനം പൂർത്തിയായിട്ടില്ല. ആ നിലയ്ക്ക് ഈ ഘട്ടത്തിൽ നിരോധനം ഏർപ്പെടുത്താനാവില്ല.

എന്നാൽ, എൻഡോസംഫാന്റെ കാര്യത്തിൽ പരിസ്ഥിതി മന്ത്രാലയവും ആരോഗ്യമന്ത്രാലയവും നേരിട്ട് ഇടപെടാൻ തയ്യാറല്ല.

നിരോധനം കൃഷിമന്ത്രാലയത്തിന്റെ പരിധിയിൽ വരുന്ന സംഗതിയാണെന്നാണ് രണ്ടു മന്ത്രാലയങ്ങളും മനുഷ്യാവകാശ കമ്മിഷനെ അറിയിച്ചത്.

കേരള കൗമുദി

20 April 2011

കണ്ണും ഹൃദയവുമില്ലാത്ത കേന്ദ്ര കൃഷിവകുപ്പ്

കാസർകോട്ടെ കശുമാവുകളിൽ കീടനിയന്ത്രണത്തിനു തളിച്ച എൻഡോസൾഫാൻ വരുത്തിവച്ച കടുത്ത മുക്ഷത രാജ്യ ത്താകമാനം ബോധ്യമായതാണ്. ജനിതക തകരാറുണ്ടായതോടെ പിറവിയെടുത്ത അസംഖ്യം കുട്ടികൾ ഹൃദയമുള്ള മനുഷ്യരെ എന്നും വേദനാടിക്കൊണ്ടിരിക്കും.

കേരള കൗമുദി

19 April 2011

എൻഡോസൾഫാൻ നിരോധിക്കാൻ ജനീവ കൺവെൻഷനിൽ ഇന്ത്യ ആവശ്യപ്പെടണം: ബിനോയ് വിശ്വം

തിരുവനന്തപുരം: ജനീവയിൽ നടക്കുന്ന അന്താരാഷ്ട്ര കൺവെൻഷനിൽ എൻഡോസൾഫാൻ നിരോധിക്കണമെന്ന നിലപാട് ഇന്ത്യ സ്വീകരിക്കണമെന്ന് മന്ത്രി ബിനോയ് വിശ്വം വാർത്താസമ്മേളനത്തിൽ ആവശ്യപ്പെട്ടു.

കീടനാശിനികളുടെ അമിതോപയോഗം ജൈവാവസ്ഥയ്ക്ക് സൃഷ്ടിച്ചിരിക്കുന്ന ആഘാതങ്ങളെക്കുറിച്ച് വിലയിരുത്താൻ ഈ മാസം 25 മുതൽ 29 വരെ ജനീവയിൽ ലോകരാജ്യങ്ങളുടെ പ്രതിനിധികൾ ഒത്തുകൂടും. ഈ യോഗത്തിൽ എൻഡോസൾഫാൻ സംബന്ധിച്ച് ഇന്ത്യ വ്യക്തമായ നിലപാട് സ്വീകരിക്കണം. ഇക്കാര്യത്തിൽ ശരത്പവാറിന്റെ നിലപാടല്ല ഇന്ത്യയുടെ നിലപാട്. എൻഡോസൾഫാന്റെ ദുരിതത്തെക്കുറിച്ചുള്ള വാചാലമായ സാക്ഷ്യപത്രമാണ് കാസർകോട്. ഇരയോട് നിസ്സംഗത പുലർത്തി വേട്ടക്കാരനോടൊപ്പം നിൽക്കുന്ന വാണിജ്യപ്രമായ നിലപാടാവരുത് സ്വീകരിക്കേണ്ടത്.

ഇക്കാര്യത്തിൽ അന്താരാഷ്ട്ര സമിതിക്ക് മുമ്പാകെ ഇന്ത്യ വ്യക്തമായ നിലപാട് സ്വീകരിക്കണമെന്നാവശ്യപ്പെട്ട് പ്രധാനമന്ത്രിക്കും പരിസ്ഥിതി മന്ത്രിക്കും താൻ കത്തെഴുതുമെന്നും മന്ത്രി പറഞ്ഞു.

പാട്ടക്കാലാവധി പൂർത്തിയാക്കിയ പ്ലാന്റേഷൻ കോർപ്പറേഷന്റെ തോട്ടങ്ങൾ എൻഡോസൾഫാൻ ദുരിതബാധിതരെ പുനരധിവസിപ്പിക്കാനായി നൽകണമെന്നാണ് വനം വകുപ്പിന്റെ നിലപാടെന്നും മന്ത്രി പറഞ്ഞു.

20 April 2011

എൻഡോസൾഫാൻ കേന്ദ്രനിലപാട് വെല്ലുവിളി: ശ്രീരാമകൃഷ്ണൻ

തിരുവനന്തപുരം : എൻഡോസൾഫാൻ കീടനാശിനിക്കെതിരായി കേന്ദ്രസർക്കാരും കോൺഗ്രസും കാണിക്കുന്ന പക്ഷപാതം രാജ്യത്തെ ജനങ്ങളോടുള്ള വെല്ലുവിളിയും ദുരിതബാധിതരോടുള്ള കടുത്ത അവഹേളനവുമാണെന്ന് ഡി.വൈ.എഫ്.ഐ അഖിലേന്ത്യാ പ്രസിഡന്റ് പി. ശ്രീരാമകൃഷ്ണൻ വാർത്താസമ്മേളനത്തിൽ പറഞ്ഞു.

ജനീവ കൺവെൻഷനിൽ ഇന്ത്യയുടെ നിലപാട് എന്തായിരിക്കുമെന്ന് കേരളത്തിലെ ജനങ്ങൾക്കു മുമ്പാകെ വിശദീകരിക്കാനുള്ള ബാധ്യത എ.കെ. ആന്റണി അടക്കമുള്ള കേന്ദ്രമന്ത്രിമാർ ഏറ്റെടുക്കണം. കേരളത്തിലെ ചില കോൺഗ്രസ് നേതാക്കൾ മാദ്ധ്യമങ്ങളിൽ തെളിയുമ്പോൾ മാത്രം എൻഡോസൾഫാൻ വിരുദ്ധ നിലപാട് സ്വീകരിക്കുകയാണ് കോൺഗ്രസിന്റെ ഉന്നത നേതൃത്വങ്ങളുടെ നയവും തീരുമാനവുമാണ് യു.പി.എ സർക്കാർ നടപ്പാക്കുന്നത്. അത് മരണവ്യാപാരം നടത്തുന്ന എൻഡോസൾഫാൻ കമ്പനിക്ക് അനുകൂലവും ജീവിച്ചിരിക്കുന്നവർക്കും പരിസ്ഥിതിക്കും അത്യന്തം വിനാശകരവുമാണ്. 2011 നടക്കുന്ന സ്റ്റോക്ക്ഹോം കൺവെൻഷനിൽ ശക്തമായ നിലപാട് സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ഡി.വൈ.എഫ്.ഐ ബഹുജന കൂട്ടായ്മ സംഘടിപ്പിക്കും.

എല്ലാ വിഭാഗം ജനങ്ങൾക്കും രണ്ടു രൂപയ്ക്ക് അരി വിതരണം ചെയ്യാനെടുത്ത തീരുമാനം തകർക്കാൻ ശ്രമിക്കുന്ന ചിലരുടെ നീക്കങ്ങൾ തുറന്നു കാട്ടാൻ ജനകീയ ഓഡിറ്റിംഗിന് ഡി.വൈ.എഫ്.ഐ തയ്യാറാണ്. കരുനാഗപ്പള്ളിയിൽ കാവ്യമാധവനെതിരെ നടന്ന പ്രകടനം ചിലരുടെ വൈകാരിക പ്രതികരണം മാത്രമാണെന്നും എന്നാൽ ഇത്തരം പ്രതികരണങ്ങളെ സംഘടന അംഗീകരിക്കില്ലെന്നും ചോദ്യത്തിന് മറുപടിയായി ശ്രീരാമകൃഷ്ണൻ പറഞ്ഞു.

ദേശീയ മനുഷ്യാവകാശ കമ്മിഷൻ

എൻഡോസൾഫാൻ: പുനരധിവാസ പാക്കേജ് ഉടൻ നടപ്പാക്കണം

പ്രസൂൺ എസ്. കണ്ടത്ത്

ന്യൂഡൽഹി: എൻഡോസൾഫാൻ സൃഷ്ടിച്ച ആരോഗ്യ പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് നൽകിയ ശുപാർശകൾ എത്രയും പെട്ടെന്ന് നടപ്പിലാക്കണമെന്ന് ദേശീയ മനുഷ്യാവകാശ കമ്മിഷന്റെ ഇന്നലെ ചേർന്ന അവലോകന യോഗത്തിൽ കേന്ദ്ര സംസ്ഥാന സർക്കാരുകൾക്ക് നിർദ്ദേശം നൽകി.

അതേസമയം എൻഡോസൾഫാൻ നിരോധനം ഉൾപ്പെടെയുള്ള എല്ലാ നടപടികളും ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ച്(ഐ.സി.എം.ആർ) നടത്തുന്ന പഠനത്തിനു ശേഷം സ്വീകരിക്കാമെന്ന നിലപാടാണ് വിവിധ കേന്ദ്ര മന്ത്രാലയങ്ങൾ യോഗത്തിൽ സ്വീകരിച്ചത്.

കഴിഞ്ഞ ഡിസംബർ 31ന് കമ്മിഷൻ പുറപ്പെടുവിച്ച ശുപാർശകളിൽ കൈക്കൊണ്ട അനന്തര നടപടികളെക്കുറിച്ച് ചർച്ച ചെയ്യാനാണ് ചെയർമാൻ ജസ്റ്റിസ് കെ.ജി. ബാലകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ ഇന്നലെ യോഗം ചേർന്നത്. നഷ്ടപരിഹാര പാക്കേജുകൾ എത്രയും പെട്ടെന്ന് നടപ്പിലാക്കണമെന്നും സാങ്കേതിക കാരണം പറഞ്ഞ് പാക്കേജ് വൈകിക്കരുതെന്നും കമ്മിഷൻ വ്യക്തമാക്കി.

ഐ.സി.എം.ആർ നടത്തുന്ന പഠനം പൂർത്തിയായ ശേഷം നടപടികൾ കൈക്കൊള്ളാമെന്ന നിലപാട് കൃഷി മന്ത്രാലയം ഇന്നലത്തെ യോഗത്തിലും ആവർത്തിച്ചു. അതേസമയം സ്റ്റോക്ഹോം കൺവെൻഷനിൽ എൻഡോസൾഫാൻ നിരോധനം സംബന്ധിച്ച് എന്തു നിലപാട് സ്വീകരിക്കണമെന്നതു സംബന്ധിച്ചാണ് പരിസ്ഥിതി മന്ത്രാലയം വിശദീകരിച്ചത്. ഈക്കാര്യത്തിൽ അന്തിമ തീരുമാനം കേന്ദ്ര സർക്കാരിന്റേതായിരിക്കുമെന്നും പരിസ്ഥിതി മന്ത്രാലയം ജോയിന്റ് സെക്രട്ടറി അറിയിച്ചു. കീടനാശിനി ബാധിത പ്രദേശത്ത് സംസ്ഥാന സർക്കാരുമായി ചേർന്ന് ആരോഗ്യ പദ്ധതികൾ നടപ്പിലാക്കുമെന്നും ആശുപത്രി സൗകര്യങ്ങളും മറ്റും മെച്ചപ്പെടുത്തുമെന്നും ആരോഗ്യ മന്ത്രാലയം വ്യക്തമാക്കി.



കോഴിക്കോട് മെഡിക്കൽ കോളേജിന്റെ സഹായത്തോടെ ദുരിതബാധിത പ്രദേശത്ത് പഠനം തുടങ്ങിയതായി ഐ.സി.എം.ആർ ഡയറക്ടർ ജനറൽ വിശ്വ മോഹൻ കടോച്ച് അറിയിച്ചു. അടുത്ത മാസം ഐ.സി.എം.ആർ സംഘം പ്രദേശത്ത് സന്ദർശനം നടത്തും.

മാധ്യമം

20 April 2011

20/4/11 MY

എൻഡോസൾഫാൻ പഠനം നീളും

പഠനം കഴിയാതെ നിരോധിക്കില്ലെന്ന് കൃഷിമന്ത്രാലയം

ഹസനുൽ ബന്ന

ന്യൂദൽഹി: കേന്ദ്ര സർക്കാർ നിർദേശിച്ച എൻഡോസൾഫാൻ പഠനത്തിന് ഏറെ കാലതാമസമെടുക്കുമെന്ന് ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ച് ദേശീയ മനുഷ്യാവകാശ കമീഷനെ അറിയിച്ചു. ഈ പഠന റിപ്പോർട്ട് വരുന്നതു വരെ എൻഡോസൾഫാൻ നിരോധിക്കില്ലെന്ന് കേന്ദ്ര കൃഷി മന്ത്രാലയവും കമീഷന് മുമ്പാകെ വ്യക്തമാക്കി.

അതേസമയം, സ്റ്റോക്ക്ഹോം കൺവെൻഷനിൽ എൻഡോസൾഫാൻ നിരോധം സംബന്ധിച്ച് കേന്ദ്ര സർക്കാർ സ്വീകരിക്കാൻ പോകുന്ന നിലപാട് വനം പരിസ്ഥിതി മന്ത്രാലയം ദേശീയ മനുഷ്യാവകാശ കമീഷനെ അറിയിച്ചുവെങ്കിലും ആ നിലപാട് എന്താണെന്ന് പരസ്യപ്പെടുത്താൻ കമീഷൻ തയാറായില്ല. രാജ്യാന്തര തലത്തിൽ സ്വീകരിക്കുന്ന നിലപാട് പരസ്യപ്പെടുത്താൻ അധികാരമില്ലെന്ന് കമീഷൻ വ്യക്തമാക്കി. എൻഡോസൾഫാൻ നിരോധം ഉൾപ്പെടെ തങ്ങൾ സമർപ്പിച്ച ശിപാർശകളിൽ കേന്ദ്ര സംസ്ഥാന സർക്കാറുകൾ എത്ര നിലപാട് സ്വീകരിച്ചുവെന്ന് അറിയാനാണ് ചൊവ്വാഴ്ചയുണ്ടായ മണിക്ക് കമീഷൻ അവലോകന യോഗം വിളിച്ചത്. ദേശീയ മനുഷ്യാവകാശ കമീഷൻ അധ്യക്ഷൻ ജസ്റ്റിസ് കെ.ജി. ബാലകൃഷ്ണൻ വിളിച്ച യോഗത്തിൽ ഐ.സി.എം.ആറിനെ പ്രതിനിധാനം ചെയ്ത് ഡയറക്ടർ ജനറൽ ഡോ. വിശ്വമോഹൻ കതോച്, കേന്ദ്ര സർക്കാറിനെ പ്രതിനിധാനം ചെയ്ത് വനം പരിസ്ഥിതി ജോയൻറ് സെക്രട്ടറി, കേന്ദ്ര കൃഷി സെക്രട്ടറി, കേന്ദ്ര ആരോഗ്യ അഡീഷനൽ സെക്രട്ടറി, കേരളത്തെ പ്രതിനിധാനം ചെയ്ത് ആരോഗ്യവകുപ്പ് സെക്രട്ടറി എന്നിവർ പങ്കെടുത്തു.



എൻഡോസൾഫാൻ സൃഷ്ടിച്ചിട്ടുള്ള ആരോഗ്യപ്രശ്നങ്ങളെക്കുറിച്ചുള്ള പഠനം ഏറെ നീണ്ടുനിൽക്കുമെന്ന് ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ച് ഡയറക്ടർ ജനറൽ ഡോ. വിശ്വമോഹൻ കതോച് കമീഷനെ അറിയിച്ചു. പഠനം തുടങ്ങുന്നത് സംബന്ധിച്ച പ്രാഥമിക നടപടിക്രമങ്ങൾ പൂർത്തിയാക്കാൻ രണ്ടു മാസമെടുക്കും. ഏതൊക്കെ സംസ്ഥാനങ്ങളിലും സ്ഥലങ്ങളിലും പഠനം നടത്തണമെന്നും ഏതൊക്കെ ഇനങ്ങളെ പരിധിയിൽ ഉൾപ്പെടുത്തണമെന്നും ഇനിയും തീരുമാനിച്ചിട്ടില്ല. കാസർകോട് മേഖലയിൽ അംഗവൈകല്യം സംഭവിച്ചവരുടെയും രോഗികളായവരുടെയും വിവരങ്ങൾ കോഴിക്കോട് മെഡിക്കൽ കോളജിൽനിന്ന് സഹായത്തോടെ ശേഖരിച്ച് ഒരു പ്രാഥമിക റിപ്പോർട്ട് അടുത്തമാസം നൽകുമെന്നും അത് ഉടൻ സമർപ്പിക്കാമെന്നും കതോച് പറഞ്ഞു. അംഗവൈകല്യത്തിന്റെയും മാരകരോഗങ്ങളുടെയും കാരണം കണ്ടെത്തണമെങ്കിൽ തെറ്റിദ്ധരിപ്പിക്കുന്ന മുഴുവൻ പ്രദേശങ്ങളിലും പഠനം പൂർത്തിയാക്കേണ്ടതുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

കമീഷന്റെ ശിപാർശകൾ നടപ്പാക്കാൻ കേരളം പ്രതിജ്ഞാബദ്ധമാണെന്ന് അറിയിച്ച സംസ്ഥാന ആരോഗ്യവകുപ്പ് സെക്രട്ടറി കെ.എസ്. ശ്രീനിവാസ് അംഗവൈകല്യബാധിച്ചവരുടെ പെൻഷൻ തുക കഴിഞ്ഞ ഡിസംബർ മുതൽ ഉയർത്തിയെന്ന് അറിയിച്ചു. നടപ്പുസാമ്പത്തികവർഷത്തിനുവേണ്ടി 342 കോടി രൂപ കേന്ദ്രം അനുവദിക്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. ഇതിൽ ആശുപത്രി സൗകര്യങ്ങൾക്കുള്ള ആരോഗ്യമേഖലയിലെ പദ്ധതികൾക്ക് ചോദിച്ച 66 കോടി രൂപ ദേശീയ ഗ്രാമീണ ആരോഗ്യദൗത്യത്തിൽ ഉൾപ്പെടുത്തി നൽകുന്ന കാര്യം ആലോചിക്കാമെന്ന് കേന്ദ്ര ആരോഗ്യമന്ത്രാലയം അനുകൂലമായ പ്രതികരിച്ചു. അതേസമയം, സംസ്ഥാനത്തിന്റെ പരിധിയിൽപെടുന്ന വിഷയത്തിൽ കേന്ദ്രത്തോട് നാം ആവശ്യപ്പെടാൻ കഴിയില്ലെന്ന് കൈലാഷ് സത്യാർഥി കമീഷൻ പാർലമെന്റ് സ്റ്റാൻഡിങ് കമ്മിറ്റിക്ക് നടപ്പാക്കാൻ കേരളത്തോടും നിരോധം അടക്കമുള്ള മറ്റു ശിപാർശകൾ നടപ്പാക്കാൻ കേന്ദ്ര മന്ത്രാലയങ്ങളോടും ആവർത്തിച്ച് ആവശ്യപ്പെട്ടു.

റബർ എസ്റ്റേറ്റിൽ മാരക കളനാശിനി തളിക്കുന്നത് തടഞ്ഞു

പുതുപ്പറ്റ: ഹാരിസൺ മലയാളം പ്ലാന്റേഷൻസ് വെള്ളർ എസ്റ്റേറ്റിൽ റബറിന് മാരകമായ കളനാശിനി തളിക്കുന്നതായി സി.പി.ഐ നേതാവിന്റെ നേതൃത്വത്തിൽ നടത്തിയ കണ്ണിലെ വിനാശം ഈ കളനാശിനി തളിച്ചപ്പോൾ അവശിഷ്ടം പുറത്തെവള്ളത്തിൽ കലർന്ന് വെള്ളം ഉപയോഗിച്ചവർക്ക് ചൊറിച്ചിലും മറ്റും അസ്വസ്ഥതയും അനുഭപ്പെട്ടതിനാലാണ് എതിർപ്പുണ്ടായത്.

പൊള്ളച്ചും കളനാശിനി തളിക്കാനായി തകരപ്പറ തോട്ടിൽ കയറിയ ബാലിയിൽ ചിത്രം തയാറാക്കുന്നവരാണ് സി.പി.ഐ നേതാക്കളുടെ ആരോപണത്തിനാധാരം. തുടർന്ന് തടഞ്ഞത്. എതിർപ്പിനെതുടർന്ന് കളനാശിനി പ്രയോഗം അധികൃതർ നിർത്തിവെച്ചു.

എസ്റ്റേറ്റിലുടനീളം നിർച്ചാലിൽ കാനാമിനിയുടെ അവശിഷ്ടം കലർന്നിരുന്നതായതിനാൽ സുരക്ഷാനടപടിയും സ്വീകരിക്കാതെയാണ് തൊഴിലാളികൾ കളനാശിനി തളിച്ചിരുന്നത്. ഇതിനുമുമ്പ് തകരപ്പാറ മുതൽ ആനപ്പാടി പാലം വരെയുള്ള ഭാഗത്ത് തോട്ടിലെ വെള്ളം ഉപയോഗിച്ചവർക്കാണ് ചൊറിച്ചിലും മറ്റും അനുഭവപ്പെട്ടത്.

കൂടുതൽ പ്രശ്നങ്ങളുണ്ടായ പിൽ ആരോഗ്യപ്രവർത്തകരുടെ നിർദേശപ്രകാരം തോട്ടിലിറങ്ങിയിരുന്നു ഹെൽത്ത് അധികൃതർ കളനാശിനി കലർന്ന വെള്ളത്തിന്റെ സാമ്പിൾ പരിശോധനക്കായി ശേഖരിച്ചു. മാരകരോഗങ്ങൾക്ക് നിർ തോട്ടങ്ങളിൽ തളിക്കാൻ അനുവദിക്കില്ലെന്നും ഇതുസംബന്ധിച്ച് നടപടിയാവശ്യപ്പെട്ട് ജില്ലാ കലക്ടർക്ക് പരാതി നൽകുമെന്നും സമരക്കാർ അറിയിച്ചു.

എൻഡോസൾഫാൻ നിരോധത്തിനായി കാസർകോട്ടെ അമ്മമാരുടെ മുറവിളി

കാസർകോട്: ഏപ്രിൽ 25 മുതൽ സ്റ്റോക്ഹോമിൽ നടക്കുന്ന സമ്മേളനത്തിന് മുമ്പായി ഇന്ത്യ എൻഡോസൾഫാൻ നിരോധിച്ച് വരുംതലമുറയുടെ ജീവൻ രക്ഷിക്കണമെന്ന് കാസർകോട്ട് എൻഡോസൾഫാൻ കീടനാശിനിയുടെ കെടുതികൾക്കിരയായ അമ്മമാരുടെ മുറവിളി. എൻഡോസൾഫാൻ വിക്ടിംസ് സപ്പോർട്ട് എയ്ഡ് ഗ്രൂപ്പിന്റെ (എൻവിസാജ്) ആഭിമുഖ്യത്തിൽ കാസർകോട് പ്രസ്ക്ലബ് പരിസരത്ത് സംഘടിപ്പിച്ച 'എൻഡോസൾഫാൻ നിരോധത്തിന് അമ്മമാരുടെ പ്രതിഷേധക്കൂട്ടായ്മ'യിലാണ് ഇതു സംബന്ധിച്ച ആവശ്യമുന്നയിച്ചത്.

എൻഡോസൾഫാന് ഇരയായ കുടുംബത്തിന്റെ പ്രതിനിധിയായ ബീഫാത്തിമ അവതരിപ്പിച്ച അഭ്യർഥന ഇങ്ങനെയാണ്: 'എൻഡോസൾഫാൻ കീടനാശിനിയുടെ മാരക ഫലങ്ങൾ അനുഭവിക്കുന്ന നിർഭാഗ്യവാന്മാരായ മക്കളെപ്പറ്റി ഞങ്ങൾ, കാസർകോട്ടെ അമ്മമാർ ഇന്ത്യൻ പ്രധാനമന്ത്രിയോടാവശ്യപ്പെടുന്നതെന്തെന്നാൽ, ഒരു മനുഷ്യജന്മത്തിന് സഹിക്കാവുന്നതിലുമധികം ഞങ്ങൾ സഹിച്ചുകഴിഞ്ഞു. ഞങ്ങളുടെ മക്കൾ ഇന്ന് കണ്ണും കാതും മറ്റിന്ദ്രിയങ്ങളുമില്ലാത്ത മണ്ണിൽ ഇഴഞ്ഞുനീങ്ങുന്ന വിരൂപ ശരീരികളായ കിടങ്ങുമായി മാറിയിരിക്കുന്നു. ഈ കുഞ്ഞുങ്ങളെയും പവിട്ടിമെത്തിച്ചുകൊണ്ടാണ് കേന്ദ്ര കൃഷി മന്ത്രാലയം എൻഡോസൾഫാൻ നിരോധത്തിനെതിരായ തീരുമാനമെടുത്തത്. ഇതിലും ഭേദം ഞങ്ങളെ ഒന്നടങ്കം ഇല്ലാതാക്കുകയാണ്. ഭൂമിയിൽ മനുഷ്യ ജീവൻ നിലനിൽക്കാനായി പ്രകൃതി ഞങ്ങൾക്ക് നൽകിയ ഞങ്ങളുടെ ഗർഭപാത്രങ്ങളെ വിഷകുംഭങ്ങളാക്കി മാറ്റിയ ഭരണാധികാരികളുടെ ക്രൂരവും പൈശാചികവുമായ നിലപാടുകൾക്കെതിരെ ഞങ്ങൾ ശക്തമായി പ്രതിഷേധിക്കുന്നു. ഗാന്ധിജി ജനിച്ച നാട്ടിൽ ഭരണകൂടം വിഷവിൽപനയുടെ ദല്ലാളന്മാരായി മാറിയതിൽ ഞങ്ങൾ ലജ്ജിക്കുന്നു. ഏപ്രിൽ 25 മുതൽ സ്റ്റോക്ഹോമിൽ നടക്കുന്ന സമ്മേളനത്തിന് മുമ്പായി ഇന്ത്യ എൻഡോസൾഫാൻ നിരോധിച്ച് വരുംതലമുറയുടെ ജീവൻ രക്ഷിക്കണം'.

അതേസമയം, രണ്ട വർഗങ്ങളാൽ പവിട്ടിയരക്കപ്പെടുന്ന പുഴുക്കളായി നാം മാറിക്കൊണ്ടിരിക്കുകയാണെന്ന് എഴുത്തുകാരി കെ.ആർ. മീര പ്രതിഷേധക്കുറ്റായ്മയിൽ പറഞ്ഞു. ടി.വിയിൽ കാണാനും പത്രങ്ങളിൽ അച്ചടിച്ചുവരാനും ഭംഗിയില്ലാത്ത മുഖങ്ങളെ ആർക്കും വേണ്ടാതായിരിക്കുന്നു. മാറിമാറിവരുന്ന ഭരണാധികാരികൾക്ക് ഈ അമ്മമാരുടെ രോദനം കേൾക്കാനായില്ല. ഇത്തരം രുദന്നങ്ങൾക്കെതിരെ പ്രതികരിക്കാൻ ആവുന്നില്ലെങ്കിൽ വിദ്യാഭ്യാസംകൊണ്ട് എന്ത് പ്രയോജനമാണെന്നും അവർ ചോദിച്ചു.

ഏതൊക്കെ മന്ത്രിമാർ എതിർത്താലും കേന്ദ്രം എൻഡോസൾഫാൻ നിരോധിക്കുമെന്ന് തന്നെയാണ് പ്രത്യാശയെന്ന് എൻഡോസൾഫാനെതിരെ സമരരംഗത്തുള്ള ലീലാകുമാരിയമ്മ പറഞ്ഞു.

എൻഡോസൾഫാനെതിരെയുള്ള കൂട്ടായ്മക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ച് തൃശൂർ പാലക്കാട് റോഡിലെ സൽസബീൽ സ്കൂളിൽനിന്ന് അഹിന എന്ന വിദ്യാർഥിനിയുടെ നേതൃത്വത്തിൽ പത്തോളം കുട്ടികളും പങ്കെടുത്തു.

മലയാള മനോരമ

20 April 2011

എൻഡോസൾഫാൻ: നഷ്ടപരിഹാരവും പുനരധിവാസ പാക്കേജും ഉടൻ നടപ്പാക്കാൻ കമ്മിഷൻ നിർദേശം

20/4/11 MM

മിഥുൻ എം. കുര്യാക്കോസ്

സുപ്രീംകോടതി കേരളത്തിലെ എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള നഷ്ടപരിഹാരവും പുനരധിവാസപാക്കേജും സംബന്ധിച്ചു നൽകിയ മനുഷ്യാവകാശ കമ്മിഷനു മുന്നിലെ (എൻഫ്യൂഷൻസി) ഗ്രൂപ്പാർശകൾ എത്രയും വേഗം നടപ്പാക്കാൻ കേന്ദ്രസർക്കാരിനു കമ്മിഷൻ നിർദേശം നൽകി. സാങ്കേതികകാരണങ്ങൾ പറഞ്ഞു ദുരിതബാധിതർക്കുള്ള സഹായം വൈകിക്കരുതെന്നും കമ്മിഷൻ നിർദേശിച്ചു.

ദുരിതബാധിതർക്കു നഷ്ടപരിഹാരവും പുനരധിവാസവും ലഭ്യമാക്കുന്നതിനുള്ള സംസ്ഥാന സർക്കാരിന്റെ ശ്രമങ്ങൾക്കു സാങ്കേതിക സഹായം നൽകണമെന്നും എൻഡോസൾഫാൻ രാജ്യവ്യാപകമായി നിരോധിക്കുന്നതിനു നടപടി സ്വീകരിക്കണമെന്നും കമ്മിഷൻ കേന്ദ്രസർക്കാരിനോടു മുമ്പത്തെ ശുപാർശ ചെയ്തിരുന്നു. ഇതു നൽകുന്നതിനാണ് 217 കോടി വേണമെന്നു കേരളം വ്യക്തമാക്കിയത്.

പുനരധിവാസ പാക്കേജിനു 125 കോടിയിൽ 66 കോടി രൂപ ആരോഗ്യമേഖലയ്ക്കും 59 കോടി സാമൂഹികക്ഷേമ മേഖലയ്ക്കും വകയിരുത്തും.

ദുരിതബാധിർക്കുള്ള പി കിട്സ, കാസർകോട് ജില്ലയിലെ ആശുപത്രികളുടെ അടിസ്ഥാനസൗകര്യ വികസനം എന്നിവയാണ് ആരോഗ്യ മേഖലയിൽ നടപ്പാക്കുക. സാമൂഹിക സഹായ പദ്ധതികൾക്കാണ് സാമൂഹികക്ഷേമ മേഖലയിൽ മുൻഗണന നൽകുക. ദുരിതബാധിതർക്കുള്ള പെൻഷൻ 300 രൂപയിൽ നിന്ന് 2000 രൂപയായി വർധിപ്പിച്ചിട്ടുണ്ട്. സംസ്ഥാനത്ത് 4273 പേർ പുനരധിവാസത്തിനു ഇരയായിട്ടുണ്ടെന്നാണ് കേരളം അറിയിച്ചിട്ടുള്ളത്. ഇവരുടെ കൗൺസിൽ ഫോർ മെഡിക്കൽ റിസർച്ച് (ഐസിഎംആർ) റിപ്പോർട്ടിനെ അടിസ്ഥാനമാക്കിയാണ് ഇതു കണക്കാക്കിയിട്ടുള്ളത്. ഇതിൽ കൂടുതൽ പേരുണ്ടെന്നു കേരളം അറിയിച്ചിട്ടുണ്ട്. ഇവരുടെ കാര്യത്തിൽ തീരുമാനമെടുക്കുന്നതിനു റിപ്പോർട്ട് ലഭിച്ചശേഷം നിലപാടു സ്വീകരിക്കാമെന്നു കമ്മിഷൻ അറിയിച്ചു.

സ്റ്റോക്കോം സമ്മേളനത്തിൽ എൻഡോസൾഫാൻ വിഷയം സംബന്ധിച്ചു സ്വീകരിക്കുന്ന നിലപാട് വ്യക്തമാക്കണമെന്നു കമ്മിഷനു മുൻപാകെ അറിയിച്ചു.

സംസ്ഥാന ആരോഗ്യ സെക്രട്ടറിക്കു പുറമേ കേന്ദ്ര കുടിവെള്ള സെക്രട്ടറി, ആരോഗ്യ വകുപ്പു അഡീഷനൽ സെക്രട്ടറി, കേന്ദ്ര പരിസ്ഥിതി വകുപ്പ് ജോയിന്റ് സെക്രട്ടറി എന്നിവരും യോഗത്തിൽ പങ്കെടുത്തു. എൻഡോസൾഫാൻ വിഷയത്തിൽ എൻ എച്ച്ആർസിയുടെ അടുത്തയാഴ്ച ഡൽഹിയിൽ സിറ്റിങ് നടക്കും.

അപ്രായോഗികം - കൃഷിമന്ത്രാലയം

എൻഡോസൾഫാൻ നിരോധിക്കണമെന്ന് മനുഷ്യാവകാശ കമ്മിഷൻ

▶ ഐ.സി.എം.ആർ പഠനം മതിയാകും ▶ പുനരധിവാസം നടപ്പാക്കാൻ നിർദേശം ▶ കേന്ദ്രസഹായം വേണമെന്ന് കേരളം

പി.കെ.ശ്രീകുമാർ

ന്യൂഡൽഹി: എൻഡോസൾഫാൻ നിരോധനമടക്കുള്ള നിർദേശങ്ങൾ അടിയന്തരമായി നടപ്പാക്കാൻ വേണ്ടി മനുഷ്യാവകാശ കമ്മിഷൻ കേന്ദ്രസർക്കാരിനോട് വീണ്ടും ആവശ്യപ്പെട്ടു. ചെയർമാൻ ജസ്റ്റിസ് കെ.ജി.ബാലകൃഷ്ണൻ അധ്യക്ഷനായിൽ ചേർന്ന കമ്മിഷന്റെ അവലോകനയോഗമാണ് ഇക്കാര്യത്തിൽ വിശദ നിർദേശം നൽകിയത്. എൻഡോസൾഫാൻ നിരോധിക്കാൻ ശുപാർശ ചെയ്യുമ്പോഴത്തെ സാഹചര്യമല്ല ഇപ്പോഴുള്ളതെന്നു കേന്ദ്രം കമ്മിഷനെ അറിയിച്ചിരുന്നു. ഇതിനു പിന്നാലെയാണ് കമ്മിഷൻ നിർദേശം നൽകിയത്. എൻഡോസൾഫാൻ നിരോധിക്കാൻ ശുപാർശ ചെയ്യുമ്പോഴത്തെ സാഹചര്യമല്ല ഇപ്പോഴുള്ളതെന്നു കേന്ദ്രം കമ്മിഷനെ അറിയിച്ചിരുന്നു. ഇതിനു പിന്നാലെയാണ് കമ്മിഷൻ നിർദേശം നൽകിയത്. പുനരധിവാസപാക്കേജ് നടപ്പാക്കാൻ കേന്ദ്രം ഉടൻ നടപടിയെടുക്കണമെന്നും കമ്മിഷൻ നിർദേശിച്ചു. ദുരിതബാധിതർക്കുള്ള പെൻഷൻ 300 രൂപയിൽ നിന്ന് 2000 രൂപയായി വർധിപ്പിച്ചിട്ടുണ്ട്. സംസ്ഥാനത്ത് 4273 പേർ പുനരധിവാസത്തിന് ഇരയായിട്ടുണ്ടെന്നാണ് കേരളം അറിയിച്ചിട്ടുള്ളത്. ഇവരുടെ കാര്യത്തിൽ തീരുമാനമെടുക്കുന്നതിനു റിപ്പോർട്ട് ലഭിച്ചശേഷം നിലപാടു സ്വീകരിക്കാമെന്നു കമ്മിഷൻ അറിയിച്ചു. സുപ്രീംകോടതി കേന്ദ്രസർക്കാരിനോടു മുമ്പത്തെ ശുപാർശ ചെയ്തിരുന്നു. ഇതു നൽകുന്നതിനാണ് 217 കോടി വേണമെന്നു കേരളം വ്യക്തമാക്കിയത്. പുനരധിവാസ പാക്കേജിനു 125 കോടിയിൽ 66 കോടി രൂപ ആരോഗ്യമേഖലയ്ക്കും 59 കോടി സാമൂഹികക്ഷേമ മേഖലയ്ക്കും വകയിരുത്തും. ദുരിതബാധിർക്കുള്ള പി കിട്സ, കാസർകോട് ജില്ലയിലെ ആശുപത്രികളുടെ അടിസ്ഥാനസൗകര്യ വികസനം എന്നിവയാണ് ആരോഗ്യ മേഖലയിൽ നടപ്പാക്കുക. സാമൂഹിക സഹായ പദ്ധതികൾക്കാണ് സാമൂഹികക്ഷേമ മേഖലയിൽ മുൻഗണന നൽകുക

മംഗളം

20 April 2011

ഇരകളെ കേന്ദ്രം സഹായിക്കണം: ദേശീയ മനുഷ്യാവകാശ കമ്മിഷൻ

■ കെ.എൻ. അശോക്

തൃശൂർ

എൻഡോസൾഫാൻ ദുരിതബാധിതരെ സംബന്ധിച്ച നടപടികൾ അടിയന്തരമായി സ്വീകരിക്കാൻ കേന്ദ്ര സർക്കാരിനു ദേശീയ മനുഷ്യാവകാശ കമ്മിഷന്റെ നിർദേശം. സാങ്കേതിക കാരണങ്ങൾ നിരത്തി ദുരിതബാധിതരെ പുനരധിവസിപ്പിക്കുന്നതിനുള്ള നടപടികൾ വൈകിക്കരുതെന്നും കമ്മിഷൻ ചൂണ്ടിക്കാട്ടി. കേരളസർക്കാർ കൈക്കൊണ്ട നടപടികളെ സഹായിക്കാനും കേന്ദ്രത്തോടാവശ്യപ്പെട്ടു. ദുരന്തമേഖലകൾ കേന്ദ്ര ആരോഗ്യമന്ത്രാലയത്തിലെ വിദഗ്ധർ അടുത്ത മാസം പരിശോധിക്കും.

എൻഡോസൾഫാൻ നിരോധിക്കണമെന്ന മനുഷ്യാവകാശ കമ്മിഷന്റെ ശിപാർശ കേന്ദ്ര കൃഷി മന്ത്രാലയം തള്ളിയതാണ്. ഇക്കാര്യത്തിലുള്ള പരാതികളുടെ അടിസ്ഥാനത്തിൽ നിരോധനം നടപ്പാക്കാൻ പറ്റില്ലെന്നും. ഐ.സി.എം.ആർ. നടത്തുന്ന പുതിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യം പരിശോധിക്കാമെന്നും. ഇന്നലെ നടന്ന ഉന്നതതലയോഗത്തിൽ കൃഷി മന്ത്രാലയം വ്യക്തമാക്കി. ഈ മാസം 24-ന് ജനീവയിൽ നടക്കുന്ന സ്റ്റോക്ഹോം കൺവെൻഷനിൽ എൻഡോസൾഫാൻ നിരോധനവും, ഉയർത്തിക്കൊണ്ടുവരാനുള്ള ഇടതോടെ ഉപേക്ഷിച്ചു. എൻഡോസൾഫാൻ നിരോധിക്കുന്നതടക്കമുള്ള ശിപാർശകളുടെ കഴിഞ്ഞ ഡിസംബർ 31ന് കമ്മിഷൻ കേന്ദ്രത്തിനു മുന്നിൽ വച്ചിരുന്നു. സാങ്കേതിക കാരണങ്ങൾ പറഞ്ഞ് തീരുമാനം നീട്ടുന്നതിനെതിരെ ടി. ദിവ് ജസ്റ്റിസ് കെ.ജി ബാലകൃഷ്ണൻ അധ്യക്ഷനായ കമ്മിഷൻ രൂക്ഷമായി വിമർശിച്ചു.

ദുരന്തത്തിൽ മരിച്ചവർക്കും, ഗുരുതരമായ രോഗബാധ ഏറ്റവർക്കും, അല്ലാത്തവർക്കും രൂപയും, മുഖ്യമന്ത്രിക്ക് മൂന്നു ലക്ഷം രൂപയും നൽകാനായിരുന്നു കമ്മിഷൻ സംസ്ഥാന സർക്കാരിനോടു ശിപാർശ ചെയ്തത്. ഇതനുസരിച്ചുള്ള കാര്യങ്ങൾ നടപ്പാക്കിയതായി സംസ്ഥാന ആരോഗ്യ മന്ത്രാലയം കമ്മിഷനെ അറിയിച്ചു. നഷ്ടപരിഹാരം, നൽകൽ, ചികിത്സ, രോഗികളെ പുനരധിവസിപ്പിക്കൽ തുടങ്ങിയ കാര്യങ്ങൾ സുതാര്യമായി കൈകാര്യം ചെയ്യണമെന്നും കമ്മിഷൻ നിർദേശിച്ചു. ഇതിനുള്ള സഹായം കേന്ദ്രം നൽകണമെന്നും കമ്മിഷൻ ആവശ്യപ്പെട്ടു. ഇതിന്റെ വിശദാംശങ്ങൾ കേന്ദ്രം കേരള സർക്കാരിനെ അറിയിക്കും. നഷ്ടപരിഹാരത്തിനു 217 കോടി രൂപയും പുനരധിവാസം ആവശ്യമുള്ള കാര്യങ്ങൾക്കായി 58 കോടി രൂപയുമാണ് 125 കോടി രൂപയും സംസ്ഥാനം ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ ഡോസൾഫാൻ ദുരന്തബാധിതരെ സഹായിക്കാൻ സംസ്ഥാന സർക്കാരുകൾ എടുക്കുന്ന നടപടികളെ സഹായിക്കണമെന്ന് കമ്മിഷൻ ശിപാർശ ചെയ്തിട്ടുണ്ടെങ്കിലും അങ്ങനൊരാ നയം സ്വീകരിച്ച കേന്ദ്രത്തോട് സാങ്കേതിക കാരണങ്ങൾ പറയാതെ സഹായം എത്തിക്കാനാണു കമ്മിഷൻ ഇന്നലെ നിർദേശിച്ചത്.

ചികിത്സാ സഹായം നൽകുന്ന കാര്യം പരിഗണിക്കുമെന്ന് ആരോഗ്യമന്ത്രാലയത്തിലെ പ്രതിനിധികളിൽ നിന്നുറപ്പുകിട്ടിയതായി സംഘത്തിന്റെ തലവൻ ജസ്റ്റിസ് കെ.ജി. ബാലകൃഷ്ണൻ പറഞ്ഞു. എൻഡോസൾഫാൻ സംബന്ധിച്ച പഠനം നടത്തുന്നതിനുള്ള കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ച് (ഐ.സി.എം.ആർ) സംഘം ഉടൻ കേരളത്തിലെത്തുമെന്ന് ശാസ്ത്രജ്ഞൻ എം.കെ. കോയാട്ടി പറഞ്ഞു. പഠനം ഇപ്പോൾ ഒരു ജില്ലയിലാണ് നടക്കുന്നത്. രണ്ടു മാസം കൊണ്ട് എല്ലാ ഒരു മേഖലകളിൽ എത്തേക്കാവുന്ന കീടനാശിനിയാണ് ഉപയോഗിച്ചതെന്നു കണ്ടെത്താൻ കഴിയുമെന്നാണ് എൻഡോസൾഫാൻ സംബന്ധിച്ചുള്ള ഐ.സി.എം.ആറിന്റെ പഠനം. ഇതിനു ശേഷം മതി.

എൻഡോസൾഫാൻ നിരോധനം സംബന്ധിച്ച് കേന്ദ്രം ഐ.സി.എം.ആർ നിലപാടിനെ കാത്തിരിക്കുന്ന സാഹചര്യത്തിൽ ഇക്കാര്യം അത്യന്താപേക്ഷിതമായി നീണ്ടുപോകാനാണു സാധ്യത. കേരളത്തിനു പുറമേ പശ്ചിമബംഗാൾ, ഉത്തർപ്രദേശ്, ബിഹാർ, കർണാടക, കർണാടക സംസ്ഥാനങ്ങളിലും എൻഡോസൾഫാൻ ദുരന്തത്തെക്കുറിച്ച് പഠിക്കാൻ കമ്മിഷൻ നിർദേശിച്ചിട്ടുണ്ട്. നിരോധനം നടപ്പാക്കാൻ കഴിയില്ലെന്നു കാട്ടി കൃഷി മന്ത്രാലയം കമ്മിഷനു നിലപാട് നൽകിയിരുന്നു. ഇന്നലത്തെ യോഗത്തിലും കൃഷി വകുപ്പ് സെക്രട്ടറി ഇതേ നിലപാടാണ് ആവർത്തിച്ചത്. കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിനും നിരോധനം സംബന്ധിച്ച നിലപാട് അറിയിക്കാൻ കമ്മിഷൻ നിർദേശം നൽകിയിട്ടുണ്ട്. കേന്ദ്ര സർക്കാരാണ് ഇക്കാര്യത്തിൽ അന്തിമ തീരുമാനമെടുക്കേണ്ടതെന്നാണ് അവരുടെ നിലപാട്.

എൻഡോസൾഫാന് ബദലില്ലെന്ന വാദം പൊളിയുന്നു

കേന്ദ്രത്തിന്റെ അനുമതിയോടെ 65 മാരക കീടനാശിനികൾ

20/4/11 Mangala

■ വി.എസ്. വിജയകുമാർ

തിരുവനന്തപുരം

എൻഡോസൾഫാൻ നിരോധിക്കാൻ മടിക്കുന്ന കേന്ദ്ര സർക്കാരിന്റെ അനുമതിയോടെ 65 മാരകകീടനാശിനികൾ വിപണിയിൽ.

മറ്റു രാജ്യങ്ങൾ വർഷങ്ങൾക്കു മുൻപു നിരോധിച്ചതും ദുരുപയോഗം വിപത്തുകൾ സൃഷ്ടിക്കുന്നതുമായ മാരക കീടനാശിനികൾക്കു വേണ്ടി ഒൻപതു വർഷമായി അനുകൂല നിലപാടു കൈക്കൊള്ളുന്നതു കേന്ദ്ര കൃഷിമന്ത്രാലയം. കീടനാശിനി നിരോധനം സംബന്ധിച്ച സ്റ്റോക്ഹോം കൺവെൻഷന് ഒരാഴ്ച മാത്രം ബാക്കിനിൽക്കെ എൻഡോസൾഫാൻ നിരോധനവുമായി ബന്ധപ്പെട്ട് യാതൊരു നടപടിയും കേന്ദ്ര പരിസ്ഥിതി, കൃഷി, ആരോഗ്യമന്ത്രാലയങ്ങൾ ആരംഭിച്ചിട്ടില്ല. എൻഡോസൾഫാനു ബദലായി ഉപയോഗിക്കാവുന്ന കീടനാശിനികളുടെ പട്ടിക സന്നദ്ധസംഘടനകൾ പുറത്തുവിട്ടതോടെ പെരുവു കുറഞ്ഞ മറ്റൊരു കീടനാശിനിയിലുള്ള കേന്ദ്ര കൃഷിമന്ത്രാലയത്തിന്റെ വാദം പൊളിഞ്ഞു. ബദൽ കീടനാശിനികളുടെ പട്ടിക കേന്ദ്രകാർഷിക, പരിസ്ഥിതി മന്ത്രാലയങ്ങൾക്കു സന്നദ്ധസംഘടനകൾ നൽകും.

മറ്റു രാജ്യങ്ങൾ 2002 നി നിരോധിച്ച 33 കീടനാശിനികളാണ് ഇന്ത്യൻ വിപണിയിലുണ്ടായിരുന്നത്. ജൈവവൈവിധ്യത്തിനു തകരാറുണ്ടാക്കുന്ന കീടനാശിനികൾ നിരോധിക്കണമെന്നു വിവിധ സന്നദ്ധ സംഘടനകൾ ആവശ്യപ്പെടുമ്പോഴും കേന്ദ്ര സർക്കാർ നടപടിയെടുത്തിട്ടില്ല. അതിനിടയാണു എൻഡോസൾഫാൻ രാജ്യത്തുനിന്നു വിലക്കിയ വിയറ്റ്നാം, ഇപ്പോൾ 65 മാരക കീടനാശിനികൾ ഇന്ത്യൻ വിപണിയിലുണ്ട്.

മോൺസാന്റോ പോലുള്ള ബഹുരാഷ്ട്ര കുത്തകകമ്പനികളാണ് ഈ കീടനാശിനികളുടെ ഉൽപാദകർ. ഇവ മറ്റു രാജ്യങ്ങൾ നിരോധിച്ചവയാണ്. അരി, ഗോതമ്പ്, പോള, തുടങ്ങിയ ഭാഗ്യവിളകൃഷിയിൽ ഈ കീടനാശിനികൾ ഉപയോഗിക്കുന്നു.

ശരാശരി കേന്ദ്ര കൃഷിമന്ത്രിയായതിനു ശേഷം ഒരു കീടനാശിനി പോലും നിരോധിച്ചിട്ടില്ല. അരി, കടിനി, തേങ്ങ, മറ്റു ധാന്യവർഗങ്ങൾ എന്നിങ്ങനെ ഇന്ത്യയിൽ കൃഷി ചെയ്യുന്ന 98 ശതമാനം കാർഷിക വിളകൾക്കും എൻഡോസൾഫാനു ബദലായി കീടനാശിനികളുണ്ട്. സന്നദ്ധസംഘടനകൾ ബദൽ കീടനാശിനികളുടെ പട്ടിക തയ്യാറാക്കി കേന്ദ്ര കാർഷിക, പരിസ്ഥിതി മന്ത്രാലയങ്ങൾക്കു നൽകും.

എൻഡോസൾഫാൻ നിരോധനം പ്രഖ്യാപിച്ചശേഷമേ അടുത്ത സ്റ്റോക്ഹോം കൺവെൻഷനിൽ പങ്കെടുക്കുയെന്നു കേന്ദ്ര പരിസ്ഥിതി മന്ത്രാലയം വ്യക്തമാക്കിയിരുന്നു. ഇനി ഒരാഴ്ച മാത്രം ബാക്കി നിൽക്കുമ്പോഴും അതിനു വേണ്ട യാതൊരു നടപടിയും മന്ത്രാലയം കൈക്കൊണ്ടിട്ടില്ല.

കഴിഞ്ഞ വർഷം നടന്ന കൺവെൻഷനിൽ പങ്കെടുത്ത 29 രാജ്യങ്ങളിൽ 28-ഉം എൻഡോസൾഫാനെ എതിർത്തപ്പോൾ ഇന്ത്യ മാത്രം അനുകൂലിച്ചു.

ഒളിച്ചുകളി നിർത്തണം: സി.കെ.ചന്ദ്രപ്പൻ

20/4/11 Mangala

തിരുവനന്തപുരം: എൻഡോസൾഫാൻ കീടനാശിനി ജീവിതമാകെ വരുത്തുന്നവരുടെ നിരോധിക്കാൻ തയാറാകാത്ത കേന്ദ്ര സർക്കാർ കപട നാടകമാടുന്നതായി ഭരണപക്ഷമായ സിപിഐ സംസ്ഥാന സെക്രട്ടറി സി.കെ.ചന്ദ്രപ്പൻ.

എൻഡോസൾഫാനെ ദേശീയവത്കരിച്ചും സാർവദേശീയ വത്കരിച്ചും നിരോധിക്കണമെന്ന പ്രസ്താവനയുമായി ഇപ്പോൾ രംഗത്തുവന്ന കേന്ദ്രമന്ത്രിയുടെ നിലപാട് കണ്ടിട്ട് പൊലിയിടാനുള്ള കേന്ദ്ര ഗൂഢാലോചനയാണോ എന്നു തോന്നുന്നു.

കാസർകോട് ജില്ലയിലെ പതിനായിരക്കണക്കിനു പേരുടെ ജീവിതം തകർത്ത എൻഡോസൾഫാൻ ഉപയോഗിച്ചതിന്റെ ഫലമായുണ്ടായ ദുരിതങ്ങൾ രാജ്യത്തിന്റെയും ലോകത്തിന്റെ തന്നെയും ശ്രദ്ധയിൽപ്പെട്ടിരുന്നു. 81 രാജ്യങ്ങൾ എൻഡോസൾഫാൻ നിരോധിച്ചപ്പോഴും അതിനെ നിരോധിക്കാൻ വിമുഖത കാണിച്ച കേന്ദ്ര സർക്കാർ കുറ്റകരമായ അനാസ്ഥയാണു കാട്ടിയത്. അന്തർദേശീയ തലത്തിൽ നിർബന്ധിതമായ ഈ കീടനാശിനിക്ക് വിലക്ക് ഏർപ്പെടുത്തുവാൻ ഇന്ത്യ സന്നദ്ധമാകാത്തതിനെന്ത കാരണം കുത്തക കമ്പനികളുടെ സമ്മർദമാണെന്നു വ്യക്തമാക്കണമെന്നും സി.പി.ഐ. സംസ്ഥാന സെക്രട്ടറി ആവശ്യപ്പെട്ടു.

കേന്ദ്ര മന്ത്രിമാരായി കേരളത്തിൽനിന്നുള്ള എ.കെ.ആന്റണിയും, വയലാർ രവിയുടെയും മുഖ്യമന്ത്രി കാസർകോട്ടെ എൻഡോസൾഫാൻ ഇരകളുടെ ജീവിതാവസ്ഥയെക്കുറിച്ച് ഇപ്പോഴും മൗനം പാലിക്കുന്നതിനു പിന്നിലെന്താണെന്ന് വ്യക്തമാക്കാൻ കോൺഗ്രസ് നേതൃത്വവും ഉമ്മൻചാണ്ടിയും തയാറാകണമെന്നും അദ്ദേഹം പറഞ്ഞു.

കാസർകോട് ജില്ലയിലെ പതിനായിരക്കണക്കിനു പേരുടെ ജീവിതം തകർത്ത എൻഡോസൾഫാൻ ഉപയോഗിച്ചതിന്റെ ഫലമായുണ്ടായ ദുരിതങ്ങൾ രാജ്യത്തിന്റെയും ലോകത്തിന്റെ തന്നെയും ശ്രദ്ധയിൽപ്പെട്ടിരുന്നു. 81 രാജ്യങ്ങൾ എൻഡോസൾഫാൻ നിരോധിച്ചപ്പോഴും അതിനെ നിരോധിക്കാൻ വിമുഖത കാണിച്ച കേന്ദ്ര സർക്കാർ കുറ്റകരമായ അനാസ്ഥയാണ് കാട്ടിയത്. അന്തർദേശീയ തലത്തിൽ നിർബന്ധിതമായ ഈ കീടനാശിനിക്ക് വിലക്ക് ഏർപ്പെടുത്തുവാൻ ഇന്ത്യ സന്നദ്ധമാകാത്തതിനെന്ത കാരണം കുത്തക കമ്പനികളുടെ സമ്മർദമാണെന്നു വ്യക്തമാക്കണമെന്നും സി.പി.ഐ. സംസ്ഥാന സെക്രട്ടറി ആവശ്യപ്പെട്ടു.

കേന്ദ്ര മന്ത്രിമാരായി കേരളത്തിൽനിന്നുള്ള എ.കെ.ആന്റണിയും, വയലാർ രവിയുടെയും മുഖ്യമന്ത്രി കാസർകോട്ടെ എൻഡോസൾഫാൻ ഇരകളുടെ ജീവിതാവസ്ഥയെക്കുറിച്ച് ഇപ്പോഴും മൗനം പാലിക്കുന്നതിനു പിന്നിലെന്താണെന്ന് വ്യക്തമാക്കാൻ കോൺഗ്രസ് നേതൃത്വവും ഉമ്മൻചാണ്ടിയും തയാറാകണമെന്നും അദ്ദേഹം പറഞ്ഞു.

മാധ്യമം

21 April 2011

21/4/11 MD

എൻഡോസൾഫാൻ നിരോധിക്കാൻ കഴിയില്ല –ശരദ് പവാർ

ന്യൂഡൽഹി: കേരളത്തിന്റെ ആവശ്യം പരിഗണിച്ച് എൻഡോസൾഫാൻ നിരോധിക്കാൻ കഴിയില്ലെന്ന് കേന്ദ്ര കൃഷിമന്ത്രി ശരദ് പവാർ സുപ്രീംകോടതിയിൽ വ്യക്തമാക്കി. അന്തർദേശീയ തലത്തിൽ എൻഡോസൾഫാന് അനുകൂലമായിട്ടുള്ള നിലപാടിൽ ഒരു വിട്ടുവീഴ്ചക്കുമില്ലെന്ന് പവാർ അറിയിച്ചതായി ഉന്നതവൃത്തങ്ങൾ വ്യക്തമാക്കി.

എൻഡോസൾഫാൻ നിരോധിക്കണമെന്ന ആവശ്യം ഉന്നയിച്ച് കേരളം നൽകിയ ഹരജിയിലാണ് സുപ്രീംകോടതിയുടെ നിർദേശം. ഇതിനെതിരെ കേന്ദ്ര കൃഷിമന്ത്രാലയത്തിലെ ഉന്നതതല സംഘം ഇക്കഴിഞ്ഞ ഫെബ്രുവരിയിൽ കാസർകോട് സന്ദർശിച്ചിരുന്നു. ഈ സംഘത്തിന്റെ അഭിപ്രായം കൂടി പരിഗണിച്ചാണ് കൃഷിമന്ത്രാലയം നിലപാട് സ്വീകരിച്ചത്. ഇതിനിടെ, ലോക മനുഷ്യാവകാശ കമീഷൻ അധ്യക്ഷൻ കെ.ജി. ബാലകൃഷ്ണൻ കേന്ദ്ര കൃഷിമന്ത്രാലയത്തിലെ ഉന്നതരുമായി ചർച്ച നടത്തിയിരുന്നു. ഈ ചർച്ചയിൽ എൻഡോസൾഫാൻ നിരോധിക്കണമെന്ന് കേരളം കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ടെന്ന് ശരദ് പവാറിനെ കമീഷൻ ധരിപ്പിച്ചിരുന്നു. കമീഷൻ ഈ ആവശ്യം ഉന്നയിച്ചിട്ടുണ്ട്. എന്നാൽ, നിലവിൽ സംസ്ഥാനങ്ങൾ ഉന്നയിച്ച ആവശ്യപ്പെടുന്നില്ല. അതിനാൽ, ഒരു സംസ്ഥാനത്തിന്റെ ആവശ്യം മുൻനിർത്തി എൻഡോസൾഫാൻ നിരോധിക്കാൻ കഴിയില്ല. അന്തർദേശീയ തലത്തിൽ ഇതു നേരത്തേ സ്വീകരിച്ച എൻഡോസൾഫാൻ അനുകൂല നിലപാടിൽ പ്രതിഷേധിച്ച് ദേശീയ മഹിളാ ഫെഡറേഷൻ നേതൃത്വത്തിൽ വനിതകൾ കൃഷിമന്ത്രാലയം പ്രവർത്തിക്കുന്ന സൗത്ത് ബ്ലോക്കിലെ കൃഷിഭവൻ ഉപരോധിച്ചു. കർണാടകയിലെ ബിജെപി സർക്കാർ സുരക്ഷാ നിയന്ത്രണങ്ങളുള്ള കൃഷിമന്ത്രിയുടെ പരിസരത്തെ റോഡുകളും ഉപരോധിച്ചു. രാവിലെ 10.30ന് തുടങ്ങിയ ഉപരോധത്തിൽ ഒരു മണിക്കൂറോളം സ്തംഭിച്ചു. ദേശീയ മഹിളാ ഫെഡറേഷൻ നേതൃത്വത്തിൽ നടന്ന സെക്രട്ടറി ആനിരാജയുടെ നേതൃത്വത്തിൽ നടന്ന

ദീപിക

20 April 2011

എൻഡോസൾഫാൻ നിരോധിക്കണം: മനുഷ്യാവകാശ കമ്മീഷൻ

Dated Deepika

● എൻഡോസൾഫാൻ പഠനം നീളുമെന്നു ഐസിഎംആർ ● അടുത്ത മാസം ദുരന്തസ്ഥലങ്ങൾ സന്ദർശിക്കും ● ആരോഗ്യമേഖലയിൽ സഹായം അനുവദിക്കുന്നതു പരിഗണിക്കാമെന്നു കേന്ദ്രം ● നഷ്ടപരിഹാരത്തിനുള്ള പാക്കേജിനു കേന്ദ്രം സഹായിക്കണമെന്നു കേരളം

ന്യൂഡൽഹി: എൻഡോസൾഫാൻ സമ്പൂർണ നിരോധനം ആഭ്യന്തരമായി നടപ്പിലാക്കാൻ കേന്ദ്ര- സംസ്ഥാന സർക്കാരുകൾക്കു ദേശീയ മനുഷ്യാവകാശ കമ്മീഷന്റെ കർശന നിർദേശം. എൻഡോസൾഫാൻബാധിതർക്കായുള്ള നഷ്ടപരിഹാരത്തിനും പുനരധിവാസത്തിനുമുള്ള പ്രത്യേക പാക്കേജ് അടിയന്തരമായി നടപ്പിലാക്കണമെന്നും കമ്മീഷൻ നിർദേശിച്ചു.

എന്നാൽ, കേന്ദ്രം നിയോഗിച്ച പഠനസംഘത്തിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രമേ നിരോധനകാര്യത്തെക്കുറിച്ചു തീരുമാനമാകൂ. അതുവരെ നിലവിലുള്ള നിയന്ത്രണങ്ങൾ തുടരുമെന്നും കേന്ദ്ര കൃഷിമന്ത്രാലയം കമ്മീഷനെ അറിയിച്ചു.

അതേസമയം, എൻഡോസൾഫാൻ ദുരന്തത്തെക്കുറിച്ചു പഠിക്കാൻ കേന്ദ്രസർക്കാർ നിയോഗിച്ച ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ച് (ഐസിഎംആർ) സംഘടനകളുടെ പഠനം നീളുമെന്നു ദേശീയ മനുഷ്യാവകാശ കമ്മീഷനെ അറിയിച്ചു. ഏതു രീതിയിൽ പഠനം നടത്തണമെന്നതും എതെല്ലാം സ്ഥലങ്ങൾ സന്ദർശിച്ചു തെളിവെടുക്കണമെന്നതും സംബന്ധിച്ചുള്ള രണ്ടു മാസത്തിനുള്ളിൽ തീരുമാനമാകും. അതുവരെ നിലവിലുള്ള നിയന്ത്രണങ്ങൾ തുടരുമെന്നും കേന്ദ്ര കൃഷിമന്ത്രാലയം കമ്മീഷനെ അറിയിച്ചു.

ഇതു നടപ്പിലാക്കുന്നതിന്റെ പുരോഗതി വിലയിരുത്താനാണ് ഇന്നലെ വിവിധ മന്ത്രാലയ സെക്രട്ടറിമാരെ ഉൾപ്പെടുത്തി ഉന്നതതലയോഗം വിളിച്ചു ചേർത്തത്. കമ്മീഷന്റെ ശിപാർശകൾ നടപ്പിലാക്കുന്നതിൽ വേണ്ടത്ര ഗൗരവം കാട്ടിയില്ലെന്നു വിലയിരുത്തിയാണു ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കാൻ കർശന നിർദേശം നൽകിയത്. ദുരന്തത്തിന് ഇരകളാകുന്നവർക്ക് അടിയന്തരമായി സഹായം എത്തിക്കുകയാണു വേണ്ടതെന്നും സങ്കേതികമായ കാരണങ്ങൾ പറഞ്ഞു ശിപാർശകൾ നടപ്പിലാക്കാതിരിക്കുകയല്ല വേണ്ടതെന്നും കമ്മീഷൻ വ്യക്തമാക്കി.

ദുരന്തമേഖലയിൽ മതിയായ പുനരധിവാസ പദ്ധതികൾക്കായി 1,031 കോടി രൂപയും കേന്ദ്രസഹായമായി അനുവദിക്കണമെന്നു കേരളം ആവശ്യപ്പെട്ടു. എൻഡോസൾഫാൻ കാരണം അംഗവൈകല്യം സംഭവിച്ചവർക്കു നൽകുന്ന പെൻഷൻ 300 രൂപയിൽനിന്നു രണ്ടായിരമാക്കി ഉയർത്തിയെന്നും കേരളം അറിയിച്ചു. എസ്. ശ്രീനിവാസൻ അറിയിച്ചു. ഇക്കാര്യം അംഗീകരിച്ച കേന്ദ്ര ആരോഗ്യ മന്ത്രാലയം തുക അനുവദിക്കുന്നതു പരിഗണിക്കാമെന്ന് ഉറപ്പു നൽകി.

കൂടാതെ, സാമൂഹ്യ പദ്ധതികൾക്കായി 150 കോടി രൂപയും നഷ്ടപരിഹാര പാക്കേജിനായി 217 കോടി രൂപയും കേന്ദ്രസഹായമായി അനുവദിക്കണമെന്നു കേരളം ആവശ്യപ്പെട്ടു. എൻഡോസൾഫാൻ കാരണം അംഗവൈകല്യം സംഭവിച്ചവർക്കു നൽകുന്ന പെൻഷൻ 300 രൂപയിൽനിന്നു രണ്ടായിരമാക്കി ഉയർത്തിയെന്നും കേരളം അറിയിച്ചു.

വിശ്വദീപ്തി വീട

21 April 2011

'എൻഡോസൾഫാൻ: നിലപാടു മാറ്റേണ്ട സ്ഥിതിയില്ല'

നിരോധിക്കാനാവില്ല: പവാർ

സ്വന്തം ലേഖകൻ

ന്യൂഡൽഹി: എൻഡോസൾഫാൻ നിരോധനം സംബന്ധിച്ച് 25-നു നടക്കുന്ന ലോകരാജ്യങ്ങളുടെ സ്റ്റോക്ക്ഹോം കൺവൻഷനിൽ ഇന്ത്യയുടെ നിലപാടു മാറ്റേണ്ട സ്ഥിതിയുണ്ടായിട്ടില്ലെന്നു കേന്ദ്ര കൃഷിമന്ത്രി ശരദ് പവാർ. എൻഡോസൾഫാൻ നിരോധനം ദേശീയതലത്തിൽ നടപ്പാക്കാൻ കഴിയില്ലെന്നും അദ്ദേഹം വ്യക്തമാക്കി. ഡൽഹിയിൽ മാധ്യമപ്രവർത്തകരുടെ ചോദ്യത്തിനു മറുപടി പറയുകയായിരുന്നു അദ്ദേഹം.

എൻഡോസൾഫാൻ രാജ്യവ്യാപകമായി നിരോധിക്കണമെന്നും സ്റ്റോക്ക്ഹോം കൺവൻഷനിൽ ഈ നിലപാട് അറിയിക്കണമെന്നും ദേശീയ മനുഷ്യാവകാശ കമ്മീഷനും കേരള സർക്കാരും ഉൾപ്പെടെയുള്ളവർ ആവശ്യപ്പെടുന്നതിനിടയിലാണു കൃഷിമന്ത്രി പഴയ നിലപാട് വീണ്ടും ആവർത്തിച്ചത്. ഇക്കാര്യം മനുഷ്യാവകാശ കമ്മീഷനെ അറിയിച്ചിട്ടുണ്ടെന്നും അദ്ദേഹം വ്യക്തമാക്കി. കേരളവും കർണാടകവും മാത്രമാണ് എൻഡോസൾഫാൻ നിരോധിക്കണമെന്ന ആവശ്യം ഉന്നയിച്ചിട്ടുള്ളത്.

എല്ലാ സംസ്ഥാനങ്ങളും ആവശ്യപ്പെടാതെ ദേശീയതലത്തിൽ നിരോധനം സാധ്യമാവില്ല. നിലവിൽ കേരളത്തിൽ എൻഡോസൾഫാനു നിരോധനമുണ്ട്. ഒന്നോ രണ്ടോ സംസ്ഥാനങ്ങളുടെ മാത്രം ആവശ്യം പരിഗണിച്ചു ദേശീയതലത്തിൽ നിരോധനം നടപ്പാക്കാനാവില്ലെന്നും പവാർ അറിയിച്ചു.

ഇതിനിടെ, രാജ്യവ്യാപകമായി എൻഡോസൾഫാൻ നിരോധിക്കണമെന്നാവശ്യപ്പെട്ടു സ്ത്രീകളുടെ സംഘം കേന്ദ്ര കൃഷിമന്ത്രാലയത്തിന്റെ ആസ്ഥാനത്തേക്കു തള്ളിക്കയറി. ദേശീയ മഹിളാ അസോസിയേഷന്റെ നേതൃത്വത്തിലുള്ള സ്ത്രീകളുടെ സംഘമാണു കൃഷിഭവൻ ഉപരോധിച്ചത്. ഒരു മണിക്കൂറോളം കൃഷിഭവന്റെ ഗേറ്റും റോഡും ഉപരോധിച്ച സ്ത്രീകളുടെ സംഘത്തെ പോലീസ് അറസ്റ്റു ചെയ്തു നീക്കി.

അതിനിടെ സുരക്ഷാ മേഖലയിൽപ്പെടുന്ന കൃഷിമന്ത്രാലയത്തിന്റെ മുൻവശം ഇന്നലെ ഉച്ചയ്ക്കു രണ്ടരയ്ക്കുശേഷമാണു മഹിളാ ഫെഡറേഷൻ നേതാവ് ആനി രാജയുടെ നേതൃത്വത്തിലുള്ള സ്ത്രീകളുടെ സംഘം കൈയടക്കിയത്. കൃഷിഭവന്റെ മുന്നിലുള്ള രാജേന്ദ്രപ്രസാദ് റോഡ് ഉപരോധിച്ച സംഘം, എൻഡോസൾഫാൻ കീടനാശിനിയുടെ അംബാസഡറായ കൃഷിമന്ത്രി ശരദ് പവാർ രാജി വയ്ക്കണമെന്ന് ആവശ്യപ്പെട്ടു. ഒരു മണിക്കൂറോളം നേരം ഉപരോധം നടത്തിയ സംഘം കൃഷിഭവനിലേക്കു തള്ളിക്കയറാൻ ശ്രമിച്ചെങ്കിലും പോലീസ് ഗേറ്റടച്ചു തടയുകയായിരുന്നു. പിന്നീട്, വനിതാ പോലീസ് ഉൾപ്പെടുന്ന സംഘത്തെത്തി ഇവരെ അറസ്റ്റു ചെയ്തതോടെയാണു സമരം അവസാനിച്ചത്. പാർലമെന്റിനു സമീപമുള്ള കൃഷിഭവന്റെ മുമ്പിൽ ഉപരോധം നടത്തിയിട്ടും അര മണിക്കൂർ കഴിഞ്ഞതിനു ശേഷമാണ് പോലീസെത്തിയതെന്നതും ശ്രദ്ധേയമായി.

വിശ്വദീപ്തി വീട

സർവകക്ഷിസംഘം പ്രധാനമന്ത്രിയെ കാണും

തിരുവനന്തപുരം: ജനീവയിൽ നടക്കുന്ന അന്താരാഷ്ട്ര സമ്മേളനത്തിൽ എൻഡോസൾഫാൻ നിരോധിക്കുന്നതിന് അനുകൂലമായ നിലപാട് സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ആരോഗ്യമന്ത്രി പി. കെ. ശ്രീമതിയുടെ നേതൃത്വത്തിൽ കേരളത്തിൽനിന്നുള്ള സർവകക്ഷി സംഘം പ്രധാനമന്ത്രിയെ കാണുമെന്നു മുഖ്യമന്ത്രി വി. എസ്. അച്യുതാനന്ദൻ അറിയിച്ചു.

ജനീവയിൽ സമ്മേളനം ആരംഭിക്കുന്ന ദിവസമായ 25ന് കേരളത്തൊട്ടാകെ എൻഡോസൾഫാൻ വിരുദ്ധദിനമായി ആചരിക്കും.

ഇതിന്റെ ഭാഗമായി എല്ലാ ജില്ലാ കേന്ദ്രങ്ങളിലും പൊതുജനപങ്കാളിത്തത്തോടെ എൻഡോസൾഫാൻ പ്രതിജ്ഞ എടുക്കും. ഇതിന്റെ ജില്ലാതല ചുമതല മന്ത്രിമാർക്കു നൽകിയിട്ടുണ്ടെന്നും മുഖ്യമന്ത്രി പറഞ്ഞു.

മാതൃഭൂമി

21 April 2011

എൻഡോസൾഫാൻ: സർവകക്ഷിസംഘം പ്രധാനമന്ത്രിയെ കാണും

തിരുവനന്തപുരം: എൻഡോസൾഫാൻ നിരോധിക്കണമെന്നാവശ്യപ്പെട്ട് സംസ്ഥാനത്തുനിന്നുള്ള സർവകക്ഷി സംഘം പ്രധാനമന്ത്രിയെ കാണും. ജനിവയിൽ നടക്കുന്ന അന്താരാഷ്ട്ര സമ്മേളനത്തിൽ ആഗോള തലത്തിൽ തന്നെ ഈ കീടനാശിനി നിരോധിക്കണമെന്ന ആവശ്യം ഇന്ത്യ ഉന്നയിക്കണമെന്ന് ആരോഗ്യ മന്ത്രിയുടെ നേതൃത്വത്തിലുള്ള പ്രതിനിധിസംഘം പ്രധാനമന്ത്രിയോട് ആവശ്യപ്പെടും. ജനീവ കൺവെൻഷൻ തുടങ്ങുന്ന 25 ന് സംസ്ഥാനത്ത് എൻഡോസംഫാൻ വിരുദ്ധദിനം ആചരിക്കും. എല്ലാ ജില്ലകളിലും പൊതുജന പങ്കാളിത്തത്തോടെ എൻഡോസംഫാൻ വിരുദ്ധ പ്രതിജ്ഞയെടുക്കും. ഇതിന് മന്ത്രിമാർ നേതൃത്വം നൽകും. ബുധനാഴ്ച ചേർന്ന മന്ത്രിസഭായോഗത്തിലായിരുന്നു ഈ തീരുമാനം.

"മൂന്നു വർഷത്തിനുള്ളിൽ 16 സംഘങ്ങൾ എൻഡോസംഫാനെക്കുറിച്ച് പഠിച്ചു. വീണ്ടും പഠനം നടത്താനുള്ള നീക്കം ദുരന്തത്തിന് ഇരയായവരെ വീണ്ടും പീഡിപ്പിക്കുന്നതിന് തുല്യമാണ്. പത്ത് കൊല്ലം പഠിച്ചിട്ടും പവാറും കൂട്ടരും പൂജ്യത്തിൽത്തന്നെ നിൽക്കുന്നു. കാസർകോട് ജനിക്കാനിരിക്കുന്ന കുട്ടികളുടെ വൈകൃതം ഓർത്ത് പ്രസവം വേണ്ടെന്നുവെച്ച് സ്വീകരം ഗർഭഛിദ്രം നടത്തുന്നതായാണ് റിപ്പോർട്ട്. ബാംഗ്ലൂരിലും മറ്റും പോയി നൂറുകണക്കിന് സ്ത്രീകളാണ് ഗർഭഛിദ്രം നടത്തിയതെന്നും മന്ത്രിസഭായോഗ തീരുമാനങ്ങൾ വിശദീകരിച്ച മുഖ്യമന്ത്രി വി.എസ്.അച്യുതാനന്ദൻ പറഞ്ഞു.

രണ്ടു രൂപ അരിക്ക് ബജറ്റ് വിഹിതം

തിരുവനന്തപുരം: രണ്ട് രൂപയ്ക്ക് അരി നൽകുന്നതിനുള്ള സബ്സിഡി ബജറ്റ് വിഹിതത്തിൽ നിന്ന് നൽകാൻ മന്ത്രിസഭായോഗം തീരുമാനിച്ചു. ഈ പദ്ധതിപ്രകാരമുള്ള അരി നൽകിയതിന്റെ കുടിശികയും മറ്റ് കടങ്ങളും റേഷൻ വ്യാപാരികൾക്ക് നൽകും. ഇതിനായി ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തി. 8.90 രൂപയ്ക്ക് വാങ്ങുന്ന അരിയാണ് സർക്കാർ രണ്ടുരൂപയ്ക്ക് ജനങ്ങൾക്ക് നൽകുന്നത്. വ്യാപാരികൾക്കുള്ള തുക അവർ കണക്ക് നൽകുന്ന പ്രകാരം കൊടുക്കും. രണ്ടുരൂപയുടെ അരി വിതരണം തടസ്സപ്പെടാതെ നൽകുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്തിട്ടുണ്ടെന്നും അരി വൈകാൻ കാരണം തിരഞ്ഞെടുപ്പുകമ്മീഷന്റെ ഇടപെടലും മറ്റുമാണെന്നും മുഖ്യമന്ത്രി പറഞ്ഞു.

സ്റ്റൂൾ അപ്ഗ്രേഡിങ്ങും നിയമനവും

സ്റ്റൂളുകൾ അപ്ഗ്രേഡ് ചെയ്യാൻ മുമ്പ് എടുത്ത തീരുമാനം നടപ്പാക്കാൻ തിരഞ്ഞെടുപ്പു കമ്മീഷന്റെ അനുമതി തേടും. ജൂൺ ഒന്നിന് അധ്യയന വർഷം തുടങ്ങുന്നതിനു മുമ്പ് സ്റ്റൂളുകൾ അപ്ഗ്രേഡ് ചെയ്യേണ്ടതുണ്ട്. മഴക്കാലത്തിന് മുമ്പ് റോഡിലെ അറ്റകുറ്റപ്പണി ചെയ്യാനുള്ള അനുമതിയും കമ്മീഷനോട് ചോദിക്കും.

പുതുതായി തുടങ്ങുന്ന പൊതുമേഖലാ സ്ഥാപനങ്ങളിൽ നിയമനം നടത്താനുള്ള അനുമതിയും തിരഞ്ഞെടുപ്പു കമ്മീഷനോട് ചോദിക്കും. ഇതിനുള്ള നടപടികളും നേരത്തെ പൂർത്തിയാക്കിയിരുന്നു.

ചാണകം തളിക്കൽ: ഐ.ജിയെ മാറ്റി

രജിസ്ട്രേഷൻ ഐ.ജി. രാമകൃഷ്ണൻ മാറിയപ്പോഴാണ് ഓഫീസിലും മറ്റും ചാണകം തളിച്ച സംഭവത്തിൽ ഇപ്പോഴും ഐജിയുടെ ചുമതല വഹിക്കുന്ന വിവേകാനന്ദനെ സ്ഥാനത്തുനിന്ന് നീക്കാൻ മന്ത്രിസഭായോഗം തീരുമാനിച്ചു.

പകരം ഐ.എ.എസ്. ഉദ്യോഗസ്ഥനായ ബാലകൃഷ്ണനെ ഐ.ജി.യായി നിയമിച്ചു.

മലയാളം മാധ്യമം

34 പൊതുമേഖലാ സ്ഥാപനങ്ങളിലടക്കം കൂടുതൽ സ്ഥാപനങ്ങളിൽ മലയാളം ഔദ്യോഗിക ഭാഷയാക്കാൻ മന്ത്രിസഭായോഗം തീരുമാനിച്ചു. റോഡ് ഫണ്ട് ബോർഡ്, ശാസ്ത്ര സാങ്കേതിക വകുപ്പ് എന്നിവടങ്ങളിലും മലയാളം ഔദ്യോഗിക ഭാഷയാക്കുന്നതിന് വിജ്ഞാപനം പുറപ്പെടുവിക്കും.

ഉമ്മൻ ചാണ്ടി പറയുന്നത് കാര്യമാക്കേണ്ട -വി.എസ്.

തിരുവനന്തപുരം: തന്റെ മകനെതിരായ ആരോപണങ്ങളെക്കുറിച്ച് ഉമ്മൻ ചാണ്ടി പറയുന്നത് കാര്യമാക്കേണ്ടെന്ന് വി.എസ്. അച്യുതാനന്ദൻ. അരുൺകുമാറിനെതിരായ ആരോപണം അന്വേഷിക്കാൻ ലോകായുക്തക്ക് അധികാരമില്ലെന്ന ഉമ്മൻ ചാണ്ടിയുടെ ആരോപണം ശ്രദ്ധയിൽപ്പെടുത്തിയപ്പോഴാണ് മുഖ്യമന്ത്രി ഇങ്ങനെ അഭിപ്രായപ്പെട്ടത്. "പ്രതിപക്ഷ നേതാവ് ഇങ്ങനെ പലതും പറയും, നിങ്ങടം കാര്യമാക്കേണ്ട" -അദ്ദേഹം പറഞ്ഞു.

ഐസ്ക്രീം കേസിൽ അന്വേഷണ ഉദ്യോഗസ്ഥർ തന്റെ നിർദേശം അംഗീകരിക്കുന്നില്ലെന്ന ആക്ഷേപം അടിസ്ഥാനരഹിതമാണെന്ന് മുഖ്യമന്ത്രി ചോദ്യത്തിന് ഉത്തരമായി പറഞ്ഞു. താൻ പ്രചാരണത്തിന് ബംഗാളിൽ പോകുന്നില്ലെന്നും മുഖ്യന്ത്രി പറഞ്ഞു.

കേരള കൗമുദി

21 April 2011

എൻഡോസൾഫാൻ നിരോധനം

21/4/11 K.K

സർവകക്ഷിസംഘം പ്രധാനമന്ത്രിയെ കാണും

- ഏപ്രിൽ 25 എൻഡോസൾഫാൻ വിരുദ്ധദിനം
- പത്തുകൊല്ലം പഠിച്ചിട്ടും പവാറും കൂട്ടരും പൂജ്യത്തിൽത്തന്നെ: വി.എസ്

പ്രത്യേക ലേഖകൻ

തിരുവനന്തപുരം: എൻഡോസൾഫാൻ നിരോധിക്കണമെന്നാവശ്യപ്പെട്ട് പ്രധാനമന്ത്രിയെ കാണുന്നതിന് സർവകക്ഷി സംഘത്തെ അയയ്ക്കാൻ മന്ത്രിസഭായോഗം തീരുമാനിച്ചു.

ആരോഗ്യമന്ത്രി പി.കെ. ശ്രീമതിയുടെ നേതൃത്വത്തിലാണ് സർവകക്ഷി സംഘം ഡൽഹിക്കു പോവുക.

ഏപ്രിൽ 25 മുതൽ 29 വരെ ജനീവയിൽ നടക്കുന്ന സമ്മേളനത്തിൽ എൻഡോസൾഫാൻ നിരോധിക്കുന്നതിന് അനുകൂലമായ നിലപാടെടുക്കണമെന്ന് സർവകക്ഷി സംഘം പ്രധാനമന്ത്രിയോട് ആവശ്യപ്പെടുമെന്നും മന്ത്രിസഭായോഗത്തിനുശേഷം മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദൻ വർത്താസമ്മേളനത്തിൽ പറഞ്ഞു.

ജനീവയിൽ സമ്മേളനം തുടങ്ങുന്ന ഏപ്രിൽ 25ന് സംസ്ഥാനത്തൊട്ടാകെ എൻഡോസൾഫാൻ വിരുദ്ധദിനമായി ആചരിക്കും. പൊതുജനങ്ങളുടെ സഹകരണത്തോടെ അന്ന് ജില്ലാ കേന്ദ്രങ്ങളിലും എൻഡോസൾഫാൻ വിരുദ്ധ പ്രതിജ്ഞയെടുക്കും. ഇതിന് ഓരോ ജില്ലയുടെയും ചുമതല മന്ത്രിമാർക്ക് നൽകി.

ദേശീയ മനുഷ്യാവകാശ കമ്മിഷൻ ഗുരുതര വീഴ്ച സംഭവിച്ചതായി കണ്ടെത്തിയ നഷ്ടപരിഹാരം നൽകുന്നതിന് 217 കോടി രൂപയും പുനരധിവാസ പാക്കേജ് നടപ്പാക്കുന്നതിന് 125 കോടി രൂപയും അനുവദിക്കണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ ദുരിതബാധിതർക്ക് യാതൊരു ധനസഹായവും നൽകാൻ കേന്ദ്രസർക്കാർ തയ്യാറായിട്ടില്ല. കാസർകോട്ടെ എൻഡോസൾഫാൻ പ്രശ്നം 10 വർഷത്തിനിടയിൽ 16 സംഘടനകൾ പഠിച്ചു. വീണ്ടും പഠിക്കാൻ അടുത്തതായി പുതിയ സംഘമെത്തുമെന്നാണ് പറയുന്നത്. പാവപ്പെട്ട എൻഡോസൾഫാൻ ഇരകളെ വീണ്ടും വീണ്ടും പരിഹസിക്കുന്ന സമീപനമാണിത്. പത്തുകൊല്ലം പഠിച്ചിട്ടും കേന്ദ്രമന്ത്രി ശരദ് പവാറും കൂട്ടരും ഇപ്പോഴും പൂജ്യത്തിൽത്തന്നെ നിൽക്കുകയാണ്. വീണ്ടും വീണ്ടും പഠനമെന്നത് ഇരകളോടും ജനങ്ങളോടുമുള്ള അവഹേളനമാണ്. എൻഡോസൾഫാൻ ബാധിത പ്രദേശങ്ങളിലെ സ്ത്രീകൾ ഇപ്പോൾ ഗർഭം ധരിക്കാൻ ഇഷ്ടപ്പെടുന്നില്ല. നൂറുകണക്കിന് യുവതികൾ ഗർഭം അലസിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ഈ സാഹചര്യം കൂടി കേന്ദ്രസർക്കാരിനെ ബോധ്യപ്പെടുത്താനാണ് സർവകക്ഷി സംഘത്തെ അയയ്ക്കുന്നതെന്ന് മുഖ്യമന്ത്രി പറഞ്ഞു.

കൂട്ടനാട്ടിൽ വേനൽമഴയിൽ കൃഷിനാശമുണ്ടായവർക്ക് ഹെക്ടറിന് 10,000 രൂപ വീതം നഷ്ടപരിഹാരം നൽകാൻ മന്ത്രിസഭ തീരുമാനിച്ചു.

കൊയ്ത്തു യന്ത്രങ്ങൾ അനുവദിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ ആലപ്പുഴ ജില്ലാ കളക്ടർക്ക് 25 ലക്ഷം രൂപ അനുവദിച്ചു.

തിരഞ്ഞെടുപ്പ് കമ്മിഷന്റെ അനുമതിയോടുകൂടി മാത്രമേ ഈ തീരുമാനങ്ങൾ നടപ്പാക്കുകയുള്ളൂവെന്ന് മുഖ്യമന്ത്രി അറിയിച്ചു.

മലയാള മനോരമ

21 April 2011

എൻഡോസൾഫാൻ: പ്രധാനമന്ത്രിയെ കാണാൻ സർവകക്ഷി സംഘം

സ്വന്തം ലേഖകൻ

തിരുവനന്തപുരം: രാജ്യമൊട്ടാകെ എൻഡോസൾഫാൻ നിരോധിക്കണമെന്നും ജനീവയിൽ നടത്തുന്ന ലോക സമ്മേളനത്തിൽ എൻഡോസൾഫാൻ നിരോധനത്തിന് അനുകൂലമായ നിലപാടു സ്വീകരിക്കണമെന്നും പ്രധാനമന്ത്രിയെ നേരിട്ടു കണ്ട് ആവശ്യപ്പെടുന്നതിന് ആരോഗ്യമന്ത്രി പി.കെ. ശ്രീമതിയുടെ നേതൃത്വത്തിൽ സർവകക്ഷി സംഘത്തെ ഡൽഹിക്ക് അയയ്ക്കാൻ മന്ത്രിസഭാതീരുമാനിച്ചു.


ജനീവ സമ്മേളനം ആരംഭിക്കുന്ന 25നു കേരളമൊട്ടാകെ എൻഡോസൾഫാൻ വിരുദ്ധ ദിനം ആചരിക്കും. എല്ലാ ജില്ലാ കേന്ദ്രങ്ങളിലും എൻഡോസൾഫാനെതിരെ പ്രതിജ്ഞയെടുക്കും. പരിപാടികൾ ഏകോപിപ്പിക്കുന്നതിനായി ഓരോ ജില്ലയുടെയും ചുമതല മന്ത്രിമാർക്കു നൽകി. എൻഡോസൾഫാൻ ദുരിതബാധിതർക്കു മനുഷ്യാവകാശ കമ്മിഷൻ ശുപാർശ ചെയ്ത നഷ്ടപരിഹാരം നൽകാൻ 217 കോടി രൂപയും പുനരധിവാസ പാക്കേജ് നടപ്പാക്കാൻ 125 കോടി രൂപയും കേന്ദ്രത്തോട് ആവശ്യപ്പെട്ടതായി മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദൻ പറഞ്ഞു.

ദുരിതബാധിതർക്ക് ഇതുവരെ കേന്ദ്ര സർക്കാർ ധനസഹായമൊന്നും അനുവദിച്ചിട്ടില്ല. കാസർകോട്ടെ എൻഡോസൾഫാൻ പ്രശ്നം കഴിഞ്ഞ 10 വർഷത്തിനിടെ 16 സംഘടനകൾ പഠിച്ചു. അടുത്ത മാസം വീണ്ടും കേന്ദ്രസംഘം ഇതേക്കുറിച്ചു പഠിക്കാൻ വരികയാണ്. എൻഡോസൾഫാൻ ഇരയായ പാവപ്പെട്ടവരെ വീണ്ടും പീഡിപ്പിക്കുന്നതിനു സമീപനമാണിത്. 10 കൊല്ലം പഠിച്ചിട്ടും കേന്ദ്ര കൃഷിമന്ത്രി ശരദ് പവാറും കൂട്ടരും ഇപ്പോഴും പൂജ്യത്തിൽ തന്നെ നിൽക്കുകയാണ്. വീണ്ടും പഠനം നടത്തുന്നത് എൻഡോസൾഫാൻ ഇരകളോടും ജനങ്ങളോടുമുള്ള അവഹേളനമാണ്.

എൻഡോസൾഫാന്റെ ദുഷ്യഫലംമൂലം നവജാതശിശുക്കൾക്കു വൈകല്യം സംഭവിക്കുന്നതിനാൽ പെൺകുട്ടികൾ ഗർഭിണികളാകുന്നില്ല. ഗർഭിണികളാകുന്ന നൂറുകണക്കിനു പെൺകുട്ടികളാകട്ടെ ഗർഭം അലസിപ്പിക്കുന്നു. ഇത്തരം കാര്യങ്ങളൊക്കെ സർവകക്ഷി സംഘം പ്രധാനമന്ത്രിയെ ബോധ്യപ്പെടുത്തും. തലതിരിഞ്ഞതും ദ്രോഹകരവുമായ സമീപനം തുടരാൻ പാടില്ലെന്ന് ആവശ്യപ്പെടുന്ന നിവേദനവും നൽകും.

ജനീവ സമ്മേളനത്തിനു മുന്നോടിയായി ഒക്ടോബറിൽ നടന്ന വിദഗ്ധ സമിതി യോഗത്തിൽ എൻഡോസൾഫാൻ നിരോധനത്തെ ഇന്ത്യ എതിർത്തിരുന്നു. ഇതേതുടർന്നാണു വിശദചർച്ച ജനീവ സമ്മേളനത്തിൽ നടത്താൻ വിദഗ്ധ സമിതി തീരുമാനിച്ചത്. 10 വർഷത്തെ പഠനത്തിനു ശേഷമാണു നിരോധനം ആവശ്യമാണെന്ന നിഗമനത്തിൽ എത്തിയത്.

ലോകമെമ്പാടുമുള്ള 81 രാജ്യങ്ങൾ എൻഡോസൾഫാൻ നിരോധിച്ചിട്ടുണ്ട്. 27 രാജ്യങ്ങൾ നിഷ്പക്ഷത പാലിക്കുന്നു. എൻഡോസൾഫാനു പകരമുള്ള കീടനാശിനികൾക്കായി ഐക്യരാഷ്ട്രസഭ സാമ്പത്തിക സഹായം നൽകുന്നുണ്ട്. അതു പരിഗണിക്കാതെയാണ് എൻഡോസൾഫാൻ തന്നെ വേണമെന്ന് ഇന്ത്യ ശഠിക്കുന്നതെന്നു മുഖ്യമന്ത്രി കുറ്റപ്പെടുത്തി.



എൻഡോസൾഫാൻ നിരോധനത്തിനു കേന്ദ്രസർക്കാർ അനുകൂലമായ തീരുമാനമെടുക്കണമെന്നാവശ്യപ്പെട്ട് എൻഡോ സൾഫാൻ വിരുദ്ധസമിതി നടത്തുന്ന ഒപ്പുശേഖരണം തിരുവനന്തപുരത്ത് മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദൻ ഉദ്ഘാടനം ചെയ്യുന്നു. മന്ത്രിമാരായ എം.എ. ബേബി, ബിനോയ് വിശ്വം, എം. വിജയകുമാർ എന്നിവർ സമീപം.

എൻഡോസൾഫാൻ ഒപ്പുമരം തിരുവനന്തപുരത്തും

തിരുവനന്തപുരം: എൻഡോസൾഫാൻ നിരോധനത്തിനു കേന്ദ്ര സർക്കാർ അനുകൂല നിലപാടെടുക്കണമെന്നാവശ്യപ്പെട്ട് എൻഡോസൾഫാൻ വിരുദ്ധ സമിതിയുടെ നേതൃത്വത്തിൽ ഒപ്പുശേഖരണം നടത്തി. സെക്രട്ടേറിയറ്റ് പടിക്കൽ ഒരുക്കിയ ഒപ്പുമരത്തിൽ എൻഡോസൾഫാൻ വിരുദ്ധ സന്ദേശമെഴുതി മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദൻ ഉദ്ഘാടനം ചെയ്തു.

മന്ത്രിമാരായ എം.എ. ബേബി, ബിനോയ് വിശ്വം, എം.വിജയകുമാർ, മുല്ലക്കര രത്നാകരൻ, എംപിമാരായ എ.സമ്പത്ത്, കെ.എൻ. ബാലഗോപാൽ, പി. വിശ്വൻ എംഎൽഎ, കവയിത്രി സുഗതകുമാരി, പി. ഗോവിന്ദപ്പിള്ള, ലെനിൻ രാജേന്ദ്രൻ, നീലംപേരൂർ മധുസൂദനൻ നായർ, എസ്.സരോജം തുടങ്ങിയവർ മരത്തിൽ ഒപ്പുചാർത്തി.എൻഡോസൾഫാൻ വിരുദ്ധ ദിനമായി ആചരിക്കുന്ന 25നു സംസ്ഥാനവ്യാപകമായി എൻഡോസൾഫാൻ വിരുദ്ധ പ്രതിജ്ഞയെടുക്കുമെന്നു മുഖ്യമന്ത്രി അറിയിച്ചു. മന്ത്രിമാരും സാമൂഹിക സാംസ്കാരിക പ്രവർത്തകരും പങ്കാളികളാകും. എല്ലാ ജില്ലാ കേന്ദ്രങ്ങളിലും ഓരോ മന്ത്രിമാർ പ്രതിജ്ഞയ്ക്കു നേതൃത്വം നൽകും.

മാധ്യമം

21 April 2011



എൻഡോസൾഫാനെതിരെ മെഡിക്കൽ കോളജിന്റെ പഠനറിപ്പോർട്ട്

രക്തസാമ്പിളുകളിൽ വിഷം: റിപ്പോർട്ട് പുഴ്ത്താൻ ശ്രമം

പി. ഷംസുദ്ദീൻ

കോഴിക്കോട്: എൻഡോസൾഫാൻ ദുരിതബാധിത പ്രദേശങ്ങളിൽ നടത്തിയ താരതമ്യപഠനത്തിലും ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ നേരിടുന്നതായി സ്ഥിരീകരിച്ചു. കുടിക്കളിൽ ഉയർന്ന തോതിൽ വലിയ വൃത്യാസം രേഖപ്പെടുത്തി.

ആദ്യമായാണ് സർക്കാർ തലത്തിൽ എൻഡോസൾഫാനെക്കുറിച്ച് ശാസ്ത്രീയ പഠനം നിരുദ്ദേശിക്കുന്നത്.

2010 ഏപ്രിൽ മുതലാണ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്ന് പത്തു ലക്ഷം രൂപ ചെലവഴിച്ച് മെഡിക്കൽ കോളജിനെ നോഡൽ സെന്ററായി തിരഞ്ഞെടുത്തിൽ പഠനം നടത്താൻ ഉത്തരവായത്. തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങളിൽ പഠനം നടത്തുന്നതിന് ദേവസ്വം ബോർഡിന്റെ അനുമതിയും ലഭിച്ചിരുന്നു. ഇതിനുശേഷം ഒരുവർഷത്തിലധികം സമയമെടുത്താണ് പഠനം പൂർത്തിയാക്കിയത്.

പഠനത്തിന്റെ ഭാഗമായി ദുരിതബാധിത പ്രദേശങ്ങളിൽ നിന്നുള്ള 1,000 പേരുടെ രക്തസാമ്പിളുകൾ പരിശോധിച്ചു. ഇതിൽ 600 സാമ്പിളുകളിൽ എൻഡോസൾഫാന്റെ അംശം കണ്ടെത്തി. 200 സാമ്പിളുകളിൽ ഉയർന്ന തോതിലും. ഇതിൽ 100 സാമ്പിളുകളിൽ അപകടകരമായ തോതിലുമാണ് എൻഡോസൾഫാൻ കണ്ടെത്തിയത്. ഇതിൽ 50 സാമ്പിളുകളിൽ അപകടകരമായ തോതിലുള്ള എൻഡോസൾഫാൻ സാന്നിധ്യമുണ്ടെന്നും കണ്ടെത്തി.

ഇതിനുപുറമെ ദുരിതബാധിത പ്രദേശങ്ങളിൽ നടത്തിയ ആരോഗ്യസർവേയിൽ 1,000 കുടുംബങ്ങളിൽ നിന്നായി 4,000 പേരെ പരിശോധിച്ചു. ഇതിൽ 1,000 പേർക്ക് ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ നേരിടുന്നതായി കണ്ടെത്തി. ഇവരിൽ 200 പേർ കാൻസർ രോഗികളാണ്. 200 പേർ വന്ധ്യതയുള്ളവരാണ്. 100 പേർ മാനസികവൈകല്യമുള്ളവരാണ്. 100 പേർ അംഗവൈകല്യമുള്ളവരാണ്. 100 പേർ ത്വക്കുരോഗികളാണ്. 100 പേർ ഹൃദ്രോഗികളാണ്. 100 പേർ വൃക്കരോഗികളാണ്. 100 പേർ കരൾരോഗികളാണ്. 100 പേർ ഗർഭാശയരോഗികളാണ്. 200 പേർ ശ്വാസകോശരോഗികളാണ്. 4,000 പേരിൽ നടത്തിയ സർവേയിൽ 1,000 പേർക്ക് ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ നേരിടുന്നതായി കണ്ടെത്തി. 200 പേർ കാൻസർ രോഗികളാണ്. 200 പേർ വന്ധ്യതയുള്ളവരാണ്. 100 പേർ മാനസികവൈകല്യമുള്ളവരാണ്. 100 പേർ അംഗവൈകല്യമുള്ളവരാണ്. 100 പേർ ത്വക്കുരോഗികളാണ്. 100 പേർ ഹൃദ്രോഗികളാണ്. 100 പേർ വൃക്കരോഗികളാണ്. 100 പേർ കരൾരോഗികളാണ്. 100 പേർ ഗർഭാശയരോഗികളാണ്. 200 പേർ ശ്വാസകോശരോഗികളാണ്. 4,000 പേരിൽ നടത്തിയ സർവേയിൽ 1,000 പേർക്ക് ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ നേരിടുന്നതായി കണ്ടെത്തി. 200 പേർ കാൻസർ രോഗികളാണ്. 200 പേർ വന്ധ്യതയുള്ളവരാണ്. 100 പേർ മാനസികവൈകല്യമുള്ളവരാണ്. 100 പേർ അംഗവൈകല്യമുള്ളവരാണ്. 100 പേർ ത്വക്കുരോഗികളാണ്. 100 പേർ ഹൃദ്രോഗികളാണ്. 100 പേർ വൃക്കരോഗികളാണ്. 100 പേർ കരൾരോഗികളാണ്. 100 പേർ ഗർഭാശയരോഗികളാണ്. 200 പേർ ശ്വാസകോശരോഗികളാണ്.

ഒപ്പുമരത്തിന്റെ ചുവട്ടിലേക്ക് വരുക

ബിനോയ് വിശ്വം

കാസർകോടൻ



എപ്രിൽ 25ന് എൻഡോസൾഫാൻ വിരുദ്ധ ദിനമായി കേരളം ആചരിക്കുകയാണ്. കേരളത്തോടൊപ്പം ഈ പ്രതിഷേധത്തിൽ പങ്കുചേരുകയാണിന്ത്യ.

ഒരു ഭാഗത്ത് പട്ടാളത്തെ അണിനിരത്തിയും മറുഭാഗത്ത് കിലുകിലുപ്പമുള്ള കിലുക്കങ്ങൾ കാണിച്ചും ഭരണകൂടം നടത്തുന്ന കാപട്യങ്ങൾക്കെതിരെ ഇന്ത്യൻ ജനത വെറുമൊരു കാഴ്ചക്കാരായി നിൽക്കുകയാണ്. ഇന്ത്യൻ ജനതയുടെ ഈ നിസ്സംഗതയെ ഭേദിക്കുന്നതിനുള്ള ഒരു കുലുക്കമാകട്ടെ ഈ ഏപ്രിൽ 25 എന്നാണ് പ്രത്യാശിക്കുന്നത്.

ഇന്ത്യയിൽ ഇന്നുള്ള ഏറ്റവും ഭീകരമായ രാസായുധം എൻഡോസൾഫാൻ തന്നെയാണ്. ഇന്ത്യയിൽ മാത്രമല്ല, ലോകത്തിലെ പല രാജ്യങ്ങളിലും ഇന്ന് എൻഡോസൾഫാൻ നിരോധിച്ചിരിക്കുകയാണ്. ഇന്ത്യയിൽ ഇതിന്റെ ഉൽപാദനവും വിൽപനയും ഉപയോഗവും നിരോധിക്കുന്നതിനുള്ള ഒരു ശ്രമവും ഇന്നുവരെ ഉണ്ടായിട്ടില്ല. ഇന്ത്യയിൽ ഇന്നുള്ള ഏറ്റവും വലിയ കീടനാശിനി കമ്പനിയുടെ ഉൽപന്നമാണ് എൻഡോസൾഫാൻ. ഈ കമ്പനിയുടെ ഉൽപന്നങ്ങൾ ഇന്ത്യയിൽ വിൽക്കുന്നതിനുള്ള അനുമതി ലഭിച്ചിരിക്കുന്നത് ഇന്ത്യൻ കൃഷിമന്ത്രിയുടെ ഓഫിസിൽ നിന്നാണ്. ഈ കമ്പനിയുടെ ഉൽപന്നങ്ങൾ ഇന്ത്യയിൽ വിൽക്കുന്നതിനുള്ള അനുമതി ലഭിച്ചിരിക്കുന്നത് ഇന്ത്യൻ കൃഷിമന്ത്രിയുടെ ഓഫിസിൽ നിന്നാണ്. ഈ കമ്പനിയുടെ ഉൽപന്നങ്ങൾ ഇന്ത്യയിൽ വിൽക്കുന്നതിനുള്ള അനുമതി ലഭിച്ചിരിക്കുന്നത് ഇന്ത്യൻ കൃഷിമന്ത്രിയുടെ ഓഫിസിൽ നിന്നാണ്. ഈ കമ്പനിയുടെ ഉൽപന്നങ്ങൾ ഇന്ത്യയിൽ വിൽക്കുന്നതിനുള്ള അനുമതി ലഭിച്ചിരിക്കുന്നത് ഇന്ത്യൻ കൃഷിമന്ത്രിയുടെ ഓഫിസിൽ നിന്നാണ്.

കിഴക്കൻ മലയോരത്ത് കീടനാശിനി ഉപയോഗം വ്യാപകം

22 April 2011

എൻഡോസൾഫാൻ: പ്രധാനമന്ത്രിയെ കാണുന്നത് വൃഥാവ്യായാമം – ദേവരാജൻ

തിരുവനന്തപുരം എൻഡോസൾഫാൻ നിരോധിക്കണമെന്നാവശ്യപ്പെട്ട് സർവകക്ഷി സംഘം പ്രധാനമന്ത്രിയെ കാണാൻ ദൽഹിയിലേക്ക് പോകുന്നത് വൃഥാ വ്യായാമമാണെന്ന് ഫോർവേഡ് ബ്ലോക്ക് ദേശീയ സെക്രട്ടറി ബി. ദേവരാജൻ പ്രസ്താവനയിൽ പറഞ്ഞു.

കേരളത്തിന്റെ ആവശ്യം മാത്രം മുൻനിർത്തി തിരുമാനമെടുക്കാനാവില്ലെന്ന് കേന്ദ്രസർക്കാർ പലതവണ വ്യക്തമാക്കിയ സ്ഥിതിക്ക് കൂടിക്കാഴ്ചകൊണ്ട് പ്രയോജനമുണ്ടാകില്ല.

എൻഡോസൾഫാനെതിരെ വിവിധ സംസ്ഥാന സർക്കാറുകൾ പ്രതികരിക്കുമ്പോൾ ആ സംസ്ഥാനങ്ങളിൽ ഇതിന്റെ ഗോഡൗണുകളിലുള്ള മരുന്നുകൾ നശിപ്പിക്കുകയാണ് ചെയ്തത്. കേരളത്തിനുമാത്രമായി പ്രത്യേക നിയമം കൊണ്ടുവരുന്നതിനുപകരം സമഗ്രമായ നിയമനിർമാണത്തിനാണ് കേന്ദ്രസർക്കാർ തയാറാകേണ്ടത്. കേരളത്തിനുകൂടിയായ അധികാരം ഉപയോഗിച്ച് സംസ്ഥാന സർക്കാർ നിയമനിർമാണം നടത്തുകയാണ് വേണ്ടത്. എൻഡോസൾഫാൻ നിരോധിക്കുന്നതിന് സംസ്ഥാന സർക്കാർ നിയമനിർമാണം നടത്തുകയാണ് വേണ്ടത്. എൻഡോസൾഫാൻ നിരോധിക്കുന്നതിന് സംസ്ഥാന സർക്കാർ നിയമനിർമാണം നടത്തുകയാണ് വേണ്ടത്. എൻഡോസൾഫാൻ നിരോധിക്കുന്നതിന് സംസ്ഥാന സർക്കാർ നിയമനിർമാണം നടത്തുകയാണ് വേണ്ടത്.

ശാസ്ത്രജ്ഞരുടെ യോഗം കേന്ദ്രസർക്കാർ വിളിച്ചുചേർത്ത് വിഷയം ചർച്ച ചെയ്തതാണെന്ന് അദ്ദേഹം ആവശ്യപ്പെട്ടു.

'കേന്ദ്ര സർക്കാർ എൻഡോസൾഫാൻ വിരുദ്ധ നിലപാടെടുക്കണം'

'മേയ്ദിനം എൻഡോസൾഫാൻ വിരു ദിനമായി ആചരിക്കും'

മംഗളം

21 April 2011

■ 25-ന് എൻഡോസൾഫാൻ വിരുദ്ധദിനം

സർവകക്ഷിസംഘം ഡൽഹിക്ക്



കീടനാശിനിയേക്കാൾ മാരകമായ നിലപാടുമായി ഇന്ത്യൻ സംഘം

■ സി.എസ്. സിദ്ധാർത്ഥൻ
അടുത്തപേജിൽ



എൻഡോസൾഫാൻ പാടത്ത് എന്നും പവാറിനു നൂറുമേനി!

■ ഡി. ധനസുമോദ്

മംഗളം

22 April 2011

എൻഡോസൾഫാൻ: കത്തയക്കൽ തകൃതി; നേരിട്ട് ആവശ്യപ്പെടാൻ കോൺഗ്രസില്ല



■ ഒളിച്ചുകളി തുടരുന്നു

ദീപിക

22 April 2011

എൻഡോസൾഫാൻ: പവാറിന്റെ നിലപാടിനെതിരേ കോൺഗ്രസ്

● അപകടകരമായ കീടനാശിനിയാണെന്നു കോൺഗ്രസ് വക്താവ് മനീഷ് തിവാരി

മലയാള മനോരമ

22 April 2011

തീരാദുഃഖങ്ങളുടെ എൻഡോസൾഫാൻ

കേരളകൗമുദി

22 April 2011

എൻഡോസൾഫാൻ: വീണ്ടും ഒരു കമ്മിറ്റിയോ!



ദീപിക

22 April 2011

എൻഡോസൾഫാൻ

കേരളത്തിൽനിന്നുള്ള കേന്ദ്രമന്ത്രിമാർ നിലപാടു വ്യക്തമാക്കണം: മുഖ്യമന്ത്രി

തിരുവനന്തപുരം: എൻഡോസൾഫാൻ നിരോധിക്കേണ്ടതില്ലെന്ന കേന്ദ്ര സർക്കാരിന്റെ നിലപാടിനെ സംബന്ധിച്ചു കേരളത്തിൽനിന്നുള്ള കേന്ദ്രമന്ത്രിമാർ നിലപാടു വ്യക്തമാക്കണമെന്നു മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദൻ ആവശ്യപ്പെട്ടു.

എ.കെ. ആന്റണി ഉൾപ്പെടെ കേരളത്തിൽനിന്നുള്ള ആറു പേർ കേന്ദ്രമന്ത്രിമാരാണ്. എൻഡോസൾഫാനെ പാടിപ്പുകഴ്ത്തുന്ന കേന്ദ്ര കൃഷിമന്ത്രാലയത്തിലെ സഹമന്ത്രി കെ.വി. തോമസുംകേരളക്കാരനാണ്. ശാസ്ത്രജ്ഞരുടെ അഭിപ്രായം പാടുപെട്ടുകൊണ്ട് എൻഡോസൾഫാനെ ന്യായീകരിച്ച കെ.വി. തോമസ് പിന്നീട് പ്രതിഷേധത്തെത്തുടർന്ന് മാപ്പു പറയുകയുണ്ടായി. എന്നാൽ, അദ്ദേഹം കൂടി ഭാഗമായ കേന്ദ്രകൃഷി മന്ത്രാലയം ഇപ്പോഴും എൻഡോസൾഫാനെ ന്യായീകരിക്കുകയാണ്.

കാസർഗോട്ടെ പതിനായിരത്തിലധികം പേരുടെ ജീവനെടുക്കുകയും ആയിരക്കണക്കിനാളുകളെ മാറാരോഗികളാക്കുകയും ചെയ്ത മാരകകീടനാശിനിയാണ് എൻഡോസൾഫാൻ. എൻഡോസൾഫാൻ ബാധിത മേഖലയിൽ വിവാഹങ്ങൾ നടക്കാതായിരിക്കുന്നു. വിവാഹിതരായാൽ ഗർഭിണികളാകാൻ വിസമ്മതിക്കുന്നു. ഗർഭിണികളായവർ ഗർഭം അലസിപ്പിക്കുന്നു. അന്ധത, മാരുണമായ അവസ്ഥയാണ് എൻഡോസൾഫാൻ മൂലം സംഭവിച്ചിട്ടുള്ളത്. ഇതു കണ്ടില്ലെന്നു നടിക്കുകയാണു കേന്ദ്രസർക്കാർ. കാസർഗോട്ടും ലോകത്തിന്റെ വിവിധ ഭാഗങ്ങളിലും നടന്ന ഒട്ടനവധി പഠനങ്ങൾ എൻഡോസൾഫാൻ മനുഷ്യനും മറ്റു ജീവജാലങ്ങൾക്കും പ്രകൃതിക്കും നാശകാരിയാണെന്നു തെളിഞ്ഞുകഴിഞ്ഞതാണ്. ഐ.സി.എം.ആർ വിദഗ്ധ പഠന സമിതിയുടെ റിപ്പോർട്ടും ഇതുതന്നെയാണു പറയുന്നത്. ഇതിനെതിരേ ലോകാരോഗ്യ സംഘടനയുടെ ഉപഘടകമായ അന്താരാഷ്ട്ര കാൻസർ ഗവേഷണ ഏജൻസിയും (ഐ.എ.ആർ.സി) ഇതു കാൻസറിനു കാരണമാകുന്നതാണെന്നു വ്യക്തമാക്കിയിട്ടുണ്ട

മാതൃഭൂമി

23 April 2011

എൻഡോസൾഫാൻ നിരോധനം: പ്രധാനമന്ത്രി ഉറപ്പു നൽകിയില്ല



എൻഡോസൾഫാൻ നിരോധിക്കണമെന്നാവശ്യപ്പെട്ട് സംഘടനാ പ്രവർത്തകർ കേരളത്തിൽ നിന്നെത്തിയ സർവകക്ഷി സംഘം പ്രധാനമന്ത്രിയുടെ വസതിയിൽ നിവേദനം സമർപ്പിക്കുന്നു

ന്യൂഡൽഹി: രാജ്യവ്യാപകമായി എൻഡോസൾഫാൻ നിരോധിക്കണമെന്ന കേരളത്തിന്റെ ആവശ്യത്തിൽ പ്രധാനമന്ത്രി മൻമോഹൻ സിങ് വ്യക്തമായ ഉറപ്പ് നൽകിയില്ല.

ജനീവയിൽ നടക്കുന്ന അന്താരാഷ്ട്ര കൺവെൻഷനിൽ എൻഡോസൾഫാനെതിരെ ഇന്ത്യ നിലപാട് സ്വീകരിക്കണമെന്ന ആവശ്യത്തിലും ഇതേ കുറിച്ചാണെങ്കിൽ പ്രധാനമന്ത്രിയിൽ നിന്നുള്ള സമീപനമെന്ന് കേരളത്തിൽ നിന്നുള്ള സർവകക്ഷി സംഘം പ്രതീക്ഷയർപ്പിച്ചിരുന്നു. അതിനിടെ, പ്രധാനമന്ത്രിയുടെ നിലപാട് നിരാശാജനകമാണെന്ന് സംഘത്തിലുണ്ടായിരുന്ന സി.പി.ഐ. നേതാവ് പന്ന്യൻ രവീന്ദ്രൻ പറഞ്ഞു. എൻഡോസൾഫാൻ വിഷയത്തിലെ കേന്ദ്ര നിലപാടിനുപിന്നിൽ കോർപ്പറേറ്റ് താത്പര്യമുണ്ടെന്ന് വ്യക്തമാക്കുന്നതാണ് പ്രധാനമന്ത്രിയുടെ മറുപടിയെന്നും അദ്ദേഹം പറഞ്ഞു. എൻഡോസൾഫാൻ വിഷയത്തിലെ കേന്ദ്ര നിലപാടിനുപിന്നിൽ കോർപ്പറേറ്റ് താത്പര്യമുണ്ടെന്ന് വ്യക്തമാക്കുന്നതാണ് പ്രധാനമന്ത്രിയുടെ മറുപടിയെന്നും അദ്ദേഹം പറഞ്ഞു. സി.പി.ഐ. നേതാവ് പന്ന്യൻ രവീന്ദ്രൻ, മാധ്യമപ്രവർത്തകൻ പി.കെ. ശ്രീമതി ടീച്ചർ തുടങ്ങിയവരടങ്ങുന്ന സർവകക്ഷി സംഘം വ്യാഴാഴ്ച രാവിലെ പത്തിനാണ് പ്രധാനമന്ത്രിയുടെ വസതിയിൽ കൂടിക്കാഴ്ച നടത്തിയത്. സി.പി.ഐ. ദേശീയ സെക്രട്ടറി എ.ബി. ബർദൻ, എ.കെ. ശശീന്ദ്രൻ എം.പി. (എൻ.സി.പി.), ടി.കെ. ഹംസ എം.എൽ.എ. (മുസ്ലിം ലീഗ്), പി.സി. തോമസ് (കേരള കോൺഗ്രസ്-പി.സി.തോമസ് വിഭാഗം), വി. മുരളീധരൻ (ബി.ജെ.പി.), ഡോ. വർഗീസ് ജോർജ് (സോഷ്യലിസ്റ്റ് ജനത), ജോയ് എബ്രഹാം (കേരള കോൺഗ്രസ്-എം.), എ.എൻ. രാജൻബാബു (സി.പി.എം.) എന്നിവരും സർവകക്ഷി സംഘത്തിലുണ്ടായിരുന്നു.

എൻഡോസൾഫാൻ വിഷയത്തിൽ കേന്ദ്രം നിലപാട് മാറ്റണമെന്നും, നിലവിലുള്ള നിരോധനം നിലനിൽക്കുന്നതിനാൽ ഇനി ഉത്പാദനവും ഉപയോഗവും പൂർണമായും നിരോധിക്കണമെന്നുമാണ് സർവകക്ഷി സംഘം പ്രധാനമന്ത്രിയോട് ആവശ്യപ്പെട്ടത്. സംഘത്തിന്റെ ആവശ്യങ്ങൾ അനുഭാവപൂർവം പരിഗണിക്കുമെന്നും കേരളത്തിലും പുതിയ പഠനങ്ങൾ നടത്തുമെന്നും പ്രധാനമന്ത്രി ഉറപ്പുനൽകിയതായി സംഘാംഗങ്ങൾ പറഞ്ഞു. എന്നാൽ, എൻഡോസൾഫാൻ വിഷയത്തിൽ കേന്ദ്രം നിലപാട് മാറ്റുന്നതുസംബന്ധിച്ച് പ്രധാനമന്ത്രി ഉറപ്പൊന്നും നൽകിയില്ല.

എന്നാൽ, എൻഡോസൾഫാൻ നിരോധിക്കുന്ന കാര്യത്തിൽ കേന്ദ്ര കൃഷിമന്ത്രി ശരദ് പവാറും പരിസ്ഥിതിമന്ത്രി ജയറാം രമേശുമായി ചർച്ച നടത്തുമെന്നും പ്രധാനമന്ത്രി ഉറപ്പുനൽകിയതായി സംഘാംഗങ്ങൾ പറഞ്ഞു. ഇതിനായി ഒരു സംയുക്ത പഠനസമിതിയെ നിയോഗിക്കുമെന്നും പ്രധാനമന്ത്രി അറിയിച്ചതായി അവർ പറഞ്ഞു.

ആരോഗ്യപ്രശ്നങ്ങൾ തെളിയാതെ എൻഡോസൾഫാൻ നിരോധിക്കാനാവില്ല - മന്ത്രി ജയറാം രമേശ്

ന്യൂഡൽഹി: ആരോഗ്യപ്രശ്നങ്ങൾ തെളിഞ്ഞാൽ മാത്രമേ എൻഡോസൾഫാൻ കീടനാശിനി നിരോധിക്കാനാവൂ എന്ന് കേന്ദ്ര പരിസ്ഥിതി മന്ത്രി ജയറാം രമേശ് പറഞ്ഞു. രാജ്യത്തെ കർഷകരിൽ ഉപയോഗിക്കുന്ന കീടനാശിനി എന്ന നിലയ്ക്ക് മറ്റു സ്ഥലങ്ങളിൽ നിന്നുള്ള പഠന റിപ്പോർട്ടുകളും ലഭിക്കണം.

രാജ്യത്ത് എൻഡോസൾഫാൻ ഉപയോഗിക്കുന്ന മറ്റു സ്ഥലങ്ങളിലും ഇത് കൊണ്ടുണ്ടാകുന്നുണ്ടോ എന്ന് കണ്ടെത്തിയാൽ മാത്രമേ നിരോധിക്കാൻ കഴിയൂവെന്നും മന്ത്രി ഡൽഹിയിൽ മാധ്യമപ്രവർത്തകരോട് പറഞ്ഞു. തെക്കേകാപ്പാട് ഉപയോഗിച്ചുവരുന്നിടത്തെ എൻഡോസൾഫാൻ തളിച്ചതാണ് കാസർകോട്ട് ദുരന്തങ്ങളുണ്ടാക്കിയത്. കീടനാശകമായും പല രോഗങ്ങളിൽ എൻഡോസൾഫാൻ തളിക്കുന്നതുകൊണ്ടും ദുരന്തങ്ങളുണ്ടെന്ന് കേരളക്കാരനായ മന്ത്രി പറഞ്ഞു. ഇതേപ്രശ്നങ്ങൾക്കുള്ള മറുപടിയിൽ നിന്നുമാറിക്കൊണ്ടുമാണ് മന്ത്രിയുടെ പ്രസ്താവന.

എൻഡോസൾഫാനെതിരെ ശാസ്ത്രീയമായ തെളിവുകൾ ഹാജരാക്കാൻ കേരളത്തിനു കഴിഞ്ഞിട്ടില്ലെന്നും മന്ത്രി പറഞ്ഞു. എൻഡോസൾഫാൻ നിരോധിക്കുന്നതിനുള്ള തീരുമാനമെടുക്കേണ്ടത് കൃഷി മന്ത്രിയുമായാണ് കാർഷികോത്പാദനത്തിന് എൻഡോസൾഫാൻ ഒഴിവാക്കുന്നതിനെക്കുറിച്ച് കൃഷിമന്ത്രി ശരദ് പവാറുമായി ചർച്ച നടത്തുമെന്നും മന്ത്രി പറഞ്ഞു.

മാധ്യമം

23 April 2011

എൻഡോസൾഫാൻ: പരിസ്ഥിതി മന്ത്രിക്ക് തുടരാൻ അർഹതയില്ല -വി.എം. സുധീരൻ

കൊച്ചി: എൻഡോസൾഫാന് അനുകൂല നിലപാട് കൈക്കൊണ്ട ജയ്റാം രമേശിന് കേന്ദ്ര പരിസ്ഥിതി മന്ത്രി സ്ഥാനത്ത് തുടരാൻ അർഹതയില്ലെന്ന് കോൺഗ്രസ് നേതാവ് വി.എം. സുധീരൻ. കൊച്ചിയിൽ അവാർഡുദാന ചടങ്ങിൽ പങ്കെടുക്കാനെത്തിയ അദ്ദേഹം മാധ്യമ പ്രവർത്തകരോട് സംസാരിക്കുകയായിരുന്നു. എൻഡോസൾഫാൻ നിരോധ പ്രശ്നത്തിൽ ജയ്റാം രമേശ് എടുത്ത നിലപാട് തന്നെ ഞെട്ടിപ്പിച്ചെന്നും വി.എം. സുധീരൻ പറഞ്ഞു. എൻഡോസൾഫാൻ നിരോധത്തിന്റെ കാര്യം തീരുമാനിക്കേണ്ടത് കൃഷിവകുപ്പാണെന്ന നിലപാടിലൂടെ പരിസ്ഥിതി വകുപ്പിന് പ്രാധാന്യമില്ലെന്ന് ജയ്റാം രമേശ് സ്വയം സമ്മതിച്ചിരിക്കുകയാണ്. ഇങ്ങനെയൊരു വകുപ്പിന്റെ ആവശ്യം തന്നെയില്ലെന്നാണ് ഇതിൽനിന്ന് മനസ്സിലാകുന്നത്. എൻഡോസൾഫാൻ ലോബിക്ക് വഞ്ചിയാണ് അദ്ദേഹം സംസാരിക്കുന്നതെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ദേശീയ ദുരന്തം പോലെ ഒരു പ്രദേശത്തെയാകെ ബാധിച്ചിരിക്കുന്ന എൻഡോസൾഫാൻ ദുരന്തത്തിന്റെ ഗൗരവം കേന്ദ്രമന്ത്രിമാർക്ക് മനസ്സിലാകാത്തത് അദ്ഭുതകരമാണ്. എൻഡോസൾഫാന്റെ പ്രത്യാഘാതങ്ങളെക്കുറിച്ച് പലതവണ പഠനം നടത്തുകയും ആ പഠനങ്ങളുടെ റിപ്പോർട്ടുകൾ ലഭിക്കുകയും ചെയ്തിരിക്കെ ഇനിയും പഠനം വേണമെന്ന ആവശ്യത്തിന്റെ യുക്തി പിടികിട്ടുന്നില്ല. സംസ്ഥാനങ്ങൾക്ക് കീടനാശിനികൾ നിരോധിക്കാൻ അധികാരം നൽകിക്കൊണ്ട് നിയമത്തിൽ ഭേദഗതി വരുത്തണമെന്നും സുധീരൻ ആവശ്യപ്പെട്ടു.



എൻഡോസൾഫാൻ വിരുദ്ധ സമിതിയുടെ ആഭിമുഖ്യത്തിൽ വെള്ളിയാഴ്ച ചന്ദ്രഗിരിപ്പുഴയിൽ നടത്തിയ ദീപം ഒഴുക്കൽ ചടങ്ങിൽ സോഷ്യലിസ്റ്റ് ജനത സംസ്ഥാന പ്രസിഡന്റ് എം.പി.വീരേന്ദ്രകുമാർ ദീപം ഒഴുക്കുന്നു

എൻഡോസൾഫാൻ ബാധിതപ്രദേശം പവാർ സന്ദർശിക്കണം-വീരേന്ദ്രകുമാർ

കാസർകോട്: എൻഡോസൾഫാൻ മൂലം ദുരിതമനുഭവിക്കുന്നവരെപ്പറ്റി നേരിട്ടറിയാൻ കേന്ദ്ര കൃഷിമന്ത്രി ശരത്പവാർ എൻഡോസൾഫാൻ ബാധിത പ്രദേശങ്ങളും സന്ദർശിക്കണമെന്ന് സോഷ്യലിസ്റ്റ് ജനത സംസ്ഥാന പ്രസിഡൻറ് എം.പി.വീരേന്ദ്രകുമാർ പറഞ്ഞു. എൻഡോസൾഫാൻ നിരോധിക്കില്ലെന്ന ശരത്പവാറിന്റെ നിലപാട് ശാസ്ത്രീയ കണ്ടെത്തലുകളെ നിരാകരിക്കുന്നതാണ്-അദ്ദേഹം പറഞ്ഞു.

എൻഡോസൾഫാൻ വിരുദ്ധ സമിതിയുടെ ആഭിമുഖ്യത്തിൽ ലോക ഭൗമദിനത്തോടനുബന്ധിച്ച് ചന്ദ്രഗിരിപ്പുഴയിൽ ദീപം ഒഴുക്കൽ ചടങ്ങിൽ മുഖ്യതിഥിയായി പങ്കെടുത്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. മരിച്ചു എന്നറിയാൻ വീണ്ടും കഷ്ടിച്ചു മാത്രമേ രണ്ടോ? പല വിദഗ്ധ സമിതികളും എൻഡോസൾഫാൻ മാരകമാണെന്ന് കണ്ടെത്തി. പക്ഷേ കേന്ദ്രകൃഷിമന്ത്രാലയം മാത്രം അത് അംഗീകരിക്കുന്നില്ല. ഇനി എന്തു പഠനമാണ് ഇവിടെ നടത്തേണ്ടത്. ജനീവ കൺവെൻഷന് പോകുന്ന ഇന്ത്യൻ പ്രതിനിധി കാസർകോട് ജില്ലയിലെ എൻഡോസൾഫാൻ ദുരിത മേഖല സന്ദർശിക്കണം. വിഷം തളിക്കാൻ അനുമതി നൽകിയ ദുബൈയുടെ കീഴിലുള്ള കമ്പനി കാസർകോട് ഇവിടെ പഠനം നടത്തിയതു കൊണ്ട് കാര്യമില്ല-വീരേന്ദ്രകുമാർ പറഞ്ഞു.

ഡോ.ഖദീജ മുംതാസ് ഉദ്ഘാടനം ചെയ്തു. എൻഡോസൾഫാൻ വിരുദ്ധ സമിതി കൺവീനർ നാരായണൻ പേരിയ അധ്യക്ഷത വഹിച്ചു. ഇ.കുഞ്ഞിരാമൻ പ്രസംഗിച്ചു. പി.വി. സുധീർ കുമാർ സ്വാഗതം പറഞ്ഞു. തുടർന്ന് എൻഡോസൾഫാൻ വിരുദ്ധ സമിതി പ്രവർത്തകർ ചന്ദ്രഗിരിപ്പുഴയിൽ ദീപം ഒഴുക്കി. എം.എ റഹ്മാൻ, ഡോ.അംബികാ സുതൻ മാങ്ങാട്, പ്രൊഫ.ടി.സി. മാധവപ്പണിക്കർ, ഡോ.വി.ഗോപിനാഥ്, മാഹിൻ കേളോട്ട്, കെ. സി.മുഹമ്മദ്കുഞ്ഞി തുടങ്ങിയവർ നേതൃത്വം നൽകി. എൻഡോസൾഫാൻ സമരനായിക ലിലാകുമാരിയമ്മയുടെ വീട് വീരേന്ദ്രകുമാർ സന്ദർശിച്ചു. എൻഡോസൾഫാനെതിരെയുള്ള പോരാട്ടത്തെക്കുറിച്ച് ലിലാകുമാരിയമ്മ വിശദീകരിച്ചു.

യു.ഡി.എഫ്. സർക്കാരും കോൺഗ്രസും എൻഡോസൾഫാന് അനുകൂലം-വി. എസ്.

മാധ്യമം

23 April 2011

എൻഡോസൾഫാൻ: കേന്ദ്രം പവാറിന് കീഴടങ്ങി

നിരോധം ഉടനില്ല -പ്രധാനമന്ത്രി

ഹസനുൽ ബന്ന

23 April 2011

എൻഡോസൾഫാനെതിരെ ജനരോഷം ശക്തമാവട്ടെ

25 April 2011

എൻഡോസൾഫാൻ: ഉത്തരവാദി സർക്കാരെന്നു തങ്കച്ചൻ

തിരുവനന്തപുരം: കാസർകോട് ജില്ലയിലെ എൻഡോസൾഫാൻ ദുരിതത്തിന്റെ പൂർണ ഉത്തരവാദിത്തം ഇടതുമുന്നണിക്കാണെന്നു യുഡിഎഫ് കൺവീനർ പി.പി. തങ്കച്ചൻ.

കഴിഞ്ഞ ഇടതുസർക്കാരിന്റെ കാലത്തു കൃഷ്ണൻ കണിയാംപറമ്പിൽ മന്ത്രിയായിരുന്ന വേളയിലാണു ഹെലികോപ്റ്റർ ഉപയോഗിച്ചു കീടനാശിനി തളിച്ചത്. മാരകമായ കീടനാശിനി തളിക്കുന്നതിനു മുമ്പു കൈക്കൊള്ളേണ്ട മുൻകരുതലുകൾ എടുക്കാതെയും, ജനങ്ങൾക്കു മുന്നറിയിപ്പു നൽകാതെയും തിടുക്കത്തിൽ ചെയ്ത ഈ നടപടിമൂലം പ്രദേശത്തുള്ള കുളങ്ങളിലും കിണറുകളിലും പുരയിടങ്ങളിലുമെല്ലാം കനത്തിലുള്ള നിലയിൽ കീടനാശിനി പതിച്ചു.

എൻഡോസൾഫാൻ നിരോധനത്തിനു രാഷ്ട്രീയത്തിന് അതീതമായി പ്രവർത്തിക്കണമെന്നു തങ്കച്ചൻ ആവശ്യപ്പെട്ടു.



പിന്തുണയുമായി ജർമൻകാരിയും

എൻഡോസൾഫാൻ വിരുദ്ധ ദിനത്തിൽ ദുരന്തബാധിതൻ മരിച്ചു



കാഞ്ഞങ്ങാട്: സംസ്ഥാനം എൻഡോസൾഫാൻ വിരുദ്ധദിനം ആചരിക്കവേ പ്ലാന്റേഷൻ കോർപറേഷന്റെ മുൻ തൊഴിലാളി എൻഡോസൾഫാൻ മൂലം രോഗം ബാധിച്ച് മരിച്ചു.

പെരിയ കായക്കുളം വണ്ണാത്തുംപാറ കെ.കെ. കൃഷ്ണൻ (65) ആണ് തിങ്കളാഴ്ച വൈകിട്ട് നാലു മണിയോടെ മരിച്ചത്. ഭാര്യ കാർത്യായനി. മക്കൾ: പങ്കജാക്ഷൻ, സുധ. മരുമക്കൾ: ബാബു, പ്രസീത. സഹോദരങ്ങൾ: ചന്തു, ചിരു.

എൻഡോസൾഫാൻ ദുരിതബാധിതരുടെ ലിസ്റ്റിലുള്ള ഇദ്ദേഹം ദീർഘകാലമായി ചികിത്സയിലായിരുന്നു.

രോഗം മൂർഛിച്ചതിനെത്തുടർന്ന് ദുരിതബാധിതർക്കുള്ള ആരോഗ്യവകുപ്പിന്റെ വിദഗ്ധ സംഘം വീട്ടിലെത്തി ചികിത്സ നൽകിയിരുന്നു.

കേരള കൗമുദി

23 April 2011

എൻഡോസൾഫാൻ നിരോധനം

കണ്ടെത്തലുകളിൽ വൈരുദ്ധ്യം റിപ്പോർട്ട് സമർപ്പിക്കാനായില്ല

കെ.പി. കൈലാസ്നാഥ്

തിരുവനന്തപുരം: കാസർകോട്ടെ ഗ്രാമങ്ങളിൽ എൻഡോസൾഫാൻ വരുത്തിവച്ച വിനാശത്തിന്റെ പ്രധിഫലങ്ങൾ പഠിക്കാൻ സംസ്ഥാന സർക്കാർ നിയോഗിച്ച കമ്മിറ്റിക്ക് പൊതുതീരുമാനത്തിലെത്താൻ കഴിഞ്ഞില്ല. അതിനാൽ റിപ്പോർട്ട് സമർപ്പിക്കാനും കഴിയാതെ കമ്മിറ്റി അംഗങ്ങളുടെ കണ്ടെത്തലുകളിൽ വൈരുദ്ധ്യമുള്ളതാണ് കാരണം.

മണ്ണിലും ജലത്തിലുമുള്ള എൻഡോസൾഫാന്റെ സാന്നിദ്ധ്യമെത്തരുന്നില്ല പരിസ്ഥിതിയെയും പരിസ്ഥിതിയാഘാതമാണ് അംഗങ്ങൾക്ക് കിട്ടിയത്. അതിനെ അടിസ്ഥാനമാക്കിയുള്ള അംഗങ്ങളുടെ നിഗമനങ്ങൾ വ്യത്യസ്തമായ പ്രൊഫഷണലുകളിലേക്കാണ് കമ്മിറ്റിക്ക് കഴിയുകയാണ്.

സംസ്ഥാന ശാസ്ത്ര-സാങ്കേതിക-പരിസ്ഥിതി കൗൺസിൽ മെമ്പർ സെക്രട്ടറി ആർ. അജയകുമാർ വർമ അദ്ധ്യക്ഷനായ കമ്മിറ്റിയെയാണ് സംസ്ഥാന സർക്കാർ നിയോഗിച്ചത്. കാസർകോട്ടെ മണ്ണിലും ജലത്തിലും എൻഡോസൾഫാൻ വരുത്തിയ ആഘാതങ്ങൾ കണ്ടെത്തുക, എൻഡോസൾഫാൻ കാസർകോട്ടെ മണ്ണിലെ വൈവിദ്ധ്യത്തിലും ചെടുത്തിയ സ്വാധീനം കണ്ടെത്തുക എന്നിവയും കമ്മിറ്റിയുടെ അന്വേഷണ വിഷയമായിരുന്നു. മണ്ണിലെ വൈവിദ്ധ്യത്തെ പ്രതികൂലമായി ബാധിച്ചു എന്നാണ് ഡോ. വി.എസ്. വിജയൻ കമ്മിറ്റിക്ക് നൽകിയ റിപ്പോർട്ടിലുള്ളത്. സലിം അലി ഇൻസ്റ്റിറ്റ്യൂട്ടിലെ ഇക്കോ-ടോക്സിക്കോളജിസ്റ്റ് എസ്. മുരളീധരൻ, തണലിലെ സി. ജയകുമാർ, കൊച്ചി സർവകലാശാലയിലെ ഡോ. ചന്ദ്രമോഹനകുമാർ, സസ്യശാസ്ത്രജ്ഞനായ പ്രൊഫസർ സുനിൽ ബാബു റിപ്പോർട്ട്, പരിസ്ഥിതി എഴുത്തുകാരൻ എം.കെ. പ്രസാദ്, കോഴിക്കോട് മെഡിക്കൽ കോളേജിലെ ഡോ. പി. ജയകൃഷ്ണൻ എന്നിവരും കമ്മിറ്റി അംഗങ്ങളായിരുന്നു. കമ്മിറ്റിയിൽ രൂപീകരിച്ച കമ്മിറ്റിയോട് മൂന്നു മാസത്തിനുള്ളിൽ റിപ്പോർട്ട് തയ്യാറാക്കാൻ സർക്കാർ ആവശ്യപ്പെട്ടിരുന്നത്.

ചൊവ്വാഴ്ച പാർലമെന്റിനു മുന്നിൽ ഇടത് എംപിമാരുടെ സത്യാഗ്രഹം

സ്വന്തം ലേഖകൻ

ന്യൂഡൽഹി: എൻഡോസൾഫാൻ ഇരകൾക്ക് നീതി നിഷേധിക്കുന്നതിനെതിരെ പ്രതിഷേധിച്ച് കേരളത്തിൽ നിന്നുള്ള ഇടത് എംപിമാർ നാളെ പാർലമെന്റിനു മുന്നിൽ സത്യാഗ്രഹം നടത്തും.

എൻഡോസൾഫാൻ രാജ്യവ്യാപകമായി നിരോധിക്കുക, സ്റ്റോക്കെടുത്ത കണ്ടെയ്നറിൽ കീടനാശിനി എത്തിയ നിലപാട് സ്വീകരിക്കുക തുടങ്ങിയ ആവശ്യങ്ങളുന്നയിച്ച് എംപിമാർ പ്രധാനമന്ത്രിക്ക് നിവേദനവും നൽകുമെന്ന് സി.പി. എം ലോക്സഭാ ഉപനേതാവ് പി.കരുണാകരൻ പറഞ്ഞു.

ജയറാം രമേശിന്റെ പരിസ്ഥിതി സ്നേഹം കാപട്യം: വി.എസ്



ജയറാം രമേശിന്റെ പരിസ്ഥിതി സ്നേഹം കാപട്യമാണെന്ന് വി.എസ്. അച്യുതാനന്ദൻ പ്രസ്താവനയിൽ പറഞ്ഞു.

എൻഡോസൾഫാൻ കാരണം രോഗബാധിതരാകുന്നവർ ഒരിക്കലും നീരോധിക്കണമെന്നു മാത്രമല്ല, പുനരധിവാസം നൽകണമെന്നും ആവശ്യപ്പെടുന്നുണ്ട്. കാസർകോട്ടെ ദുരിതബാധിതരുടെ കണ്ണീരൊപ്പാൻ കേന്ദ്രമന്ത്രി തയ്യാറാകണമെന്നും വി.എസ് പറഞ്ഞു.

24 April 2011

എൻഡോസൾഫാൻ നിരോധനം: പഠനം തീരട്ടെയെന്ന് പ്രധാനമന്ത്രി

സർവകക്ഷി സംഘം മടങ്ങുന്നത് ഒരുറപ്പും കിട്ടാതെ

പ്രസൂൻ എസ്. കണ്ണത്ത്

തിരുവനന്തപുരം: കാസർകോട്ടെ ഗ്രാമങ്ങളിൽ എൻഡോസൾഫാൻ വരുത്തിവച്ച വിനാശത്തിന്റെ പ്രധിഫലങ്ങൾ പഠിക്കാൻ സംസ്ഥാന സർക്കാർ നിയോഗിച്ച കമ്മിറ്റിക്ക് പൊതുതീരുമാനത്തിലെത്താൻ കഴിഞ്ഞില്ല. അതിനാൽ റിപ്പോർട്ട് സമർപ്പിക്കാനും കഴിയാതെ കമ്മിറ്റി അംഗങ്ങളുടെ കണ്ടെത്തലുകളിൽ വൈരുദ്ധ്യമുള്ളതാണ് കാരണം.

മണ്ണിലും ജലത്തിലുമുള്ള എൻഡോസൾഫാന്റെ സാന്നിദ്ധ്യമെത്തരുന്നില്ല പരിസ്ഥിതിയെയും പരിസ്ഥിതിയാഘാതമാണ് അംഗങ്ങൾക്ക് കിട്ടിയത്. അതിനെ അടിസ്ഥാനമാക്കിയുള്ള അംഗങ്ങളുടെ നിഗമനങ്ങൾ വ്യത്യസ്തമായ പ്രൊഫഷണലുകളിലേക്കാണ് കമ്മിറ്റിക്ക് കഴിയുകയാണ്.

സംസ്ഥാന ശാസ്ത്ര-സാങ്കേതിക-പരിസ്ഥിതി കൗൺസിൽ മെമ്പർ സെക്രട്ടറി ആർ. അജയകുമാർ വർമ അദ്ധ്യക്ഷനായ കമ്മിറ്റിയെയാണ് സംസ്ഥാന സർക്കാർ നിയോഗിച്ചത്. കാസർകോട്ടെ മണ്ണിലും ജലത്തിലും എൻഡോസൾഫാൻ വരുത്തിയ ആഘാതങ്ങൾ കണ്ടെത്തുക, എൻഡോസൾഫാൻ കാസർകോട്ടെ മണ്ണിലെ വൈവിദ്ധ്യത്തിലും ചെടുത്തിയ സ്വാധീനം കണ്ടെത്തുക എന്നിവയും കമ്മിറ്റിയുടെ അന്വേഷണ വിഷയമായിരുന്നു. മണ്ണിലെ വൈവിദ്ധ്യത്തെ പ്രതികൂലമായി ബാധിച്ചു എന്നാണ് ഡോ. വി.എസ്. വിജയൻ കമ്മിറ്റിക്ക് നൽകിയ റിപ്പോർട്ടിലുള്ളത്. സലിം അലി ഇൻസ്റ്റിറ്റ്യൂട്ടിലെ ഇക്കോ-ടോക്സിക്കോളജിസ്റ്റ് എസ്. മുരളീധരൻ, തണലിലെ സി. ജയകുമാർ, കൊച്ചി സർവകലാശാലയിലെ ഡോ. ചന്ദ്രമോഹനകുമാർ, സസ്യശാസ്ത്രജ്ഞനായ പ്രൊഫസർ സുനിൽ ബാബു റിപ്പോർട്ട്, പരിസ്ഥിതി എഴുത്തുകാരൻ എം.കെ. പ്രസാദ്, കോഴിക്കോട് മെഡിക്കൽ കോളേജിലെ ഡോ. പി. ജയകൃഷ്ണൻ എന്നിവരും കമ്മിറ്റി അംഗങ്ങളായിരുന്നു. കമ്മിറ്റിയിൽ രൂപീകരിച്ച കമ്മിറ്റിയോട് മൂന്നു മാസത്തിനുള്ളിൽ റിപ്പോർട്ട് തയ്യാറാക്കാൻ സർക്കാർ ആവശ്യപ്പെട്ടിരുന്നത്.

നിരോധിച്ചാൽ

എൻഡോസൾഫാൻ ഉപയോഗം 10 വർഷം മുമ്പ് നിരുത്തിവച്ച കാലത്ത് കാർഷികമേഖലയ്ക്കുണ്ടായ കഷ്ടനഷ്ടങ്ങൾ വിലയിരുത്തുമ്പോൾ കണക്കുകൾ ഇങ്ങനെ:

- നാളികേരത്തിനു താങ്ങുവിലയായി കുറഞ്ഞു
- ഗർഭം അലസൽ പകുതിയായി
- ചാപിള്ളയെന്നു പ്രസവിക്കുന്നത് മൂന്നിലൊന്നായി.
- പ്രത്യുല്പാദന ചികിത്സ തേടിയവരുടെ എണ്ണം പത്തിലൊന്നായി
- ആർത്തവം നിലയ്ക്കുന്ന ശരാശരി പ്രായം പതിനേഴിന് 47 ആയി ഉയർന്നു

നിരോധിച്ചില്ലെങ്കിൽ

എൻഡോസൾഫാൻ മാരകമായ തോതിലാണെന്ന് തെളിയിച്ചവർ:

- 10 ശതമാനം പേർ അംഗവൈകല്യർ
- 20 ശതമാനം പേർ ഒന്ന് രോഗികൾ.
- 15 ശതമാനം പേർക്ക് മാഴ്ചക്കുറവും.
- എല്ലാവരുടെയും തൊലിയിൽ എൻഡോസൾഫാൻ

കാസർകോട്ട് ഇപ്പോൾ കാര്യമായി ഫൊ ഡെപ്യൂട്ടി കമ്മിഷണർ പുതിയ പഠന റിപ്പോർട്ട് വരുന്നതുവരെ കാക്കണമെന്ന് പ്രധാനമന്ത്രി വ്യക്തമാക്കി. അതനുസരിച്ച് ഒരുമാസം മുമ്പ് നിയമസഭ ഏകകണ്ഠമായി പാസാക്കിയ പ്രമേയം നടപ്പാക്കാൻ കഴിയാതെ പോയതിൽ സർവകക്ഷി സംഘത്തിന് പരാതിയുണ്ട്. ഇതുസംബന്ധിച്ച് ഇന്നലെ പ്രധാനമന്ത്രിയുടെ മറുപടി നിരാശാജനകമായിരുന്നു. ഇക്കാര്യത്തിൽ ഉടൻ തീരുമാനമുണ്ടാകുമെന്ന് പ്രധാനമന്ത്രി ഉറപ്പുനൽകിയതായി സംഘത്തിലുണ്ടായിരുന്ന സി.പി.ഐ നേതാവ് പന്ന്യൻ രവീന്ദ്രൻ പറഞ്ഞു.

കാസർകോട്ടെ ദുരിതബാധിതരുടെ പുനരധിവാസം, ദുരിതബാധിതരുടെ കടങ്ങൾ എഴുതിത്തള്ളൽ, ഇരകൾക്ക് ധനസഹായം തുടങ്ങിയ കാര്യങ്ങളിൽ കേന്ദ്രസർക്കാർ ഉടൻ തീരുമാനമെടുക്കണമെന്ന് സംഘം ആവശ്യപ്പെട്ടു. കോഴിക്കോട് മെഡിക്കൽ കോളേജിന്റെ നേതൃത്വത്തിൽ കാസർകോട്ട് നടത്തിയ പഠനത്തിന്റെ റിപ്പോർട്ടും പ്രധാനമന്ത്രിക്ക് നൽകി.

നിരോധനകാര്യത്തിൽ ഉറപ്പു ലഭിച്ചില്ലെങ്കിലും പ്രധാനമന്ത്രിയുടെ വീക്ഷണത്തിന്റെ ഗൗരവം മൊത്തം രാഷ്ട്രീയനേതൃത്വത്തിനുണ്ടെന്ന് പിന്നീട് സർവകക്ഷി സംഘം മാധ്യമപ്രവർത്തകരോടു പറഞ്ഞു.

മുതിർന്നേതാവ് എൻ.കെ. പ്രേമചന്ദ്രൻ, രാജ്മോഹൻ ഉണ്ണിത്താൻ, ബിനോയ് വിശ്വം, ജോസ് തെറ്റയിൽ, എം.എൽ.എമാരായ സി.കെ. ശശീന്ദ്രൻ, എം.കെ. മുനീർ, വിവിധ കക്ഷികളെ പ്രതിനിധീകരിച്ച് പി.സി. തോമസ്(കേരള കോൺഗ്രസ്- എം), എം.പി. വീരേന്ദ്രകുമാർ(ജനതാദൾ-യു), ഡോ. എം.കെ. മുനീർ(മുസ്ലിം ലീഗ്), കെ.പി. രാജേന്ദ്രൻ(സി.പി.ഐ), എ.എൻ. രാജൻബാബു(ജനതാദൾ-എസ്), എസ്.എസ്. പളനിമാണിക്യം(ആർ.എസ്.പി), ജോസ് കെ. മാണി(കേരള കോൺഗ്രസ്-എം

കേരള കൗമുദി

24 April 2011

എൻഡോസൾഫാൻ

'കുറുക്കനും കീരിയുമൊക്കെ ചത്തൊടുങ്ങി'

കെ.പി. കൈലാസ്നാഥ്

തിരുവനന്തപുരം: "ഇവിടെ നീലേശ്വരി കുരങ്ങാടി, പുലി, കുറുക്കൻ, കീരി, കാട്ടുപൂച്ച, കുറ്റി, തവളകൾ, തേനീച്ച, ചിപ്പി, മുയൽ, അണ്ണാൻ തുടങ്ങിയ ഒട്ടേറെ കാട്ടുജീവികളുണ്ടായിരുന്നു. ഭൂരിഭാഗവുമിപ്പോൾ ചത്തൊടുങ്ങി. അവയുടെ അസ്ഥികൂടങ്ങൾ മാത്രമാണ് ഇപ്പോൾ കാണാനുള്ളത്. എൻഡോസൾഫാൻ തളിച്ചതിന്റെ അനന്തരഫലമാണിത്."

എൻഡോസൾഫാൻ കീടനാശിനി പ്രയോഗം കാസർകോട്ടെ മറ്റൊരിടത്തെക്കാൾ വിനാശകരമായി ബാധിച്ചതിനെക്കുറിച്ച് നിർവികാരമായിട്ടായിരുന്നു കാസർകോട് ജില്ലയിലെ എൻമകജെ പഞ്ചായത്തിലെ പ്രായം ചെന്ന ഒരു കർഷകൻ നടത്തിയ വെളിപ്പെടുത്തലാണിത്.

സംസ്ഥാന സർക്കാർ നിർദ്ദേശപ്രകാരം ജൈവ വൈവിദ്ധ്യബോർഡ് മുൻ ചെയർമാൻ ഡോ. വി.എസ്. വിജയന്റെ നേതൃത്വത്തിൽ നടത്തിയ പഠനത്തിൽ ആശങ്കാജനകമായ വിവരങ്ങളാണ് ലഭിച്ചത്. 25 വർഷം എൻഡോസൾഫാൻ തളിക്കുന്നതിനു മുമ്പ് കാസർകോട്ടെ ജൈവവൈവിദ്ധ്യത്തെക്കുറിച്ചുള്ള ആധികാരിക രേഖകളില്ലാത്തത് പഠനം ദുഷ്കരമാക്കിയിരുന്നുവെങ്കിലും പ്രായം ചെന്ന കർഷകർ നടത്തിയ വെളിപ്പെടുത്തലുകൾ നിർണായകമായി.

കാസർകോട് 1980 ൽ ഉണ്ടായിരുന്ന വനത്തിന്റെ 97 ശതമാനവും ഇപ്പോൾ ഇല്ലാതായിക്കഴിഞ്ഞിരിക്കുന്നു. ഇപ്പോൾ 2,461 ഹെക്ടറിൽ മാത്രമാണ് വനമുള്ളത്. 25 വർഷം എൻഡോസൾഫാൻ തളിച്ചതാണ് തളി നടന്ന സ്ഥലങ്ങളിലെ സസ്യവൈവിധ്യം 40 ശതമാനം മുതൽ 70 ശതമാനംവരെ കുറഞ്ഞതായാണ് പഠനസംഘം നിരീക്ഷിച്ചത്. ഹോപ്പിയ പോംഗ, സിനാമോമം മുതലായ പ്രധാന സസ്യങ്ങൾ നിന്നിരുന്ന പ്രദേശം പൊടുന്നനെ കാടായി മാറി.

സസ്യസമ്പത്തിനോടൊപ്പം നിരവധി ജന്തുജീവജാലങ്ങളും അപ്രത്യക്ഷമായിട്ടുണ്ട്. എൻഡോസൾഫാൻ തളി തുടങ്ങിയ വർഷം തന്നെ പാമ്പുകൾ, തവളകൾ, ഉടുമ്പുകൾ, മുയലുകൾ, കുരങ്ങുകൾ, കീരി, കാട്ടുപൂച്ച, കുറ്റി, തവളകൾ, തേനീച്ച, ചിപ്പി, മുയൽ, അണ്ണാൻ തുടങ്ങിയ ഒട്ടേറെ കാട്ടുജീവികളുണ്ടായിരുന്നു. ഭൂരിഭാഗവുമിപ്പോൾ ചത്തൊടുങ്ങി. അവയുടെ അസ്ഥികൂടങ്ങൾ മാത്രമാണ് ഇപ്പോൾ കാണാനുള്ളത്. എൻഡോസൾഫാൻ തളിച്ചതിന്റെ അനന്തരഫലമാണിത്."

കാടകളുടെ അഭാവം ചില മേഖലയിലെ കർഷകർക്ക് ഭീഷണിയായി

വളർച്ച മന്ദഗതിയിലായിരുന്നു. തളി നടന്ന പ്രദേശങ്ങളിലെ കന്നുകാലികളിൽ ഒരു പാട് പൈലല്യങ്ങൾ (ശാരീരിക വൈകല്യങ്ങൾ) പുല്ലുതിന്നും സാധാരണമായിരുന്ന കുറുക്കനും കാട്ടുപൂച്ചയും മറ്റും പൂർണമായും അപ്രത്യക്ഷമായി. എൻഡോസൾഫാൻ തളി തുടങ്ങിയ കാലത്ത് ചാവുകളെയും അല്ലാതെയുള്ള മുയൽ, മയിൽ, കാക്ക എന്നിവയെയും കണ്ടിരുന്നു. കഴിഞ്ഞ രണ്ടുമൂന്ന് വർഷങ്ങളായി അതായത് തളി നിന്നിട്ട് 5, 6 വർഷങ്ങൾക്കുശേഷം ഇവ തിരിച്ചുവന്നുകൊണ്ടിരിക്കുകയാണ്. കർഷകർക്ക് ഒരു വരുമാനമാർഗം കൂടിയായിരുന്ന തേനീച്ചകളും തളിനടത്തുന്നതിനുമുമ്പേ അപ്രത്യക്ഷമായിരുന്നു. ഇപ്പോൾ തളി നിന്നിട്ട് രണ്ടുവർഷമായിട്ടും തേനീച്ചകൾ തിരിച്ചുവന്നിട്ടില്ല. കാടകളുടെ അഭാവം ചില മേഖലയിലെ കർഷകർക്ക് ഭീഷണിയായി മാറിയിട്ടുണ്ട്. കാടകളെ ഭക്ഷിച്ചിരുന്ന പാമ്പുകൾ പറമ്പിലെ തിരിച്ചുവന്ന തുടങ്ങിയിട്ടുണ്ട്. എൻഡോസൾഫാൻ തളിച്ച പ്രദേശങ്ങളിലെ അനുഭവങ്ങളിൽ പതിവ് മനുഷ്യർക്ക് ഉണ്ടായിരുന്നില്ല. കുന്നുകളിൽ നിന്നൊഴുകിവരുന്ന അരുവികളിൽ കാണപ്പെട്ടിരുന്ന ബാലിമീനുകൾ ഒലാപ്പുസ് എന്ന ഇനത്തെ കാണാനുമുണ്ടായിരുന്നില്ല. ഉഭയജീവിതരായ തവള കുറവായിരുന്നു. തെറ്റൻ-പാമ്പിനെപ്പോലുള്ള അത്രയധികം വ്യാപകമായി കണ്ടിരുന്ന സാധാരണയായുള്ള ഭാരനിയ ഓസ്ട്രേലിസ്, പൂണിനുസ് ടിമിറ്റസ്, ഡോമിനിയസ് ബങ്കേറി തുടങ്ങി 18 സ്പീഷിസുകളുമായിട്ട് നടത്തിയ പഠനത്തിൽ രണ്ടോ മൂന്നോ പുഴുക്കളിൽ മാത്രമാണ് ചില സ്പീഷിസുകളെ കണ്ടത്. മീനിഡിഡേക്കാൾ മരുന്നുള്ളുന്നതിനു മുമ്പ് പിടിച്ചിരുന്ന 20 തരം മത്സ്യങ്ങളിൽ 10 എണ്ണവും തളിയോടെ അപ്രത്യക്ഷമായിരുന്നു. ഉള്ളവയിൽ തന്നെ കാസർകോട്ടെ പുഴകളിൽ നിന്ന് പിടിച്ചവയ്ക്ക് മറ്റ് സ്ഥലങ്ങളിൽ നിന്നുള്ളവയെക്കാൾ വലിപ്പം കുറവായിരുന്നു. നവജാതശിശുക്കളുടെ മരണനിരക്കിലും വർദ്ധനവുണ്ടായിരുന്നു. കാക്കകളുടെ അഭാവം ചില മേഖലയിലെ കർഷകർക്ക് ഭീഷണിയായി മാറിയിട്ടുണ്ട്

മംഗളം

24 April 2011

ഹാൾടിക്കറ്റ് വിതരണം

എൻഡോസൾഫാൻ നിരോധനം ആവശ്യപ്പെട്ട് ഡി.വൈ.എഫ്.ഐ. സുപ്രീംകോടതിയിൽ

പ്രധാനമന്ത്രിയുടെ കാസർഗോഡ് സന്ദർശനത്തെപ്പറ്റി പറയാൻ മറന്നു

അടച്ചുപൂട്ടാൻ പറഞ്ഞിട്ടും വിഷമൊഴുക്കി എച്ച്.ഐ.എൽ; മുഖ്യമന്ത്രി ഇടപെട്ടു

■ സ്വന്തം ലേഖകൻ
കൊച്ചി



■ കളമശേരി ഉദ്യോഗമണ്ഡൽ എച്ച്.ഐ.എൽ. ഫാക്ടറിയിൽനിന്നു കുറിക്കടവ്, തേവ്വലക്കു പൈപ്പുവഴി പുറത്തുള്ള മാലിന്യം. നിറംമാറി കാണപ്പെടുന്നതായി മലിനീകരണ നിയന്ത്രണ ബോർഡ് (പി.സി.ബി.) 2001 മുതൽ 2010 ജനുവരിവരെ കണ്ടെത്തിയ 38 തവണ നോട്ടീസ് നൽകിയിട്ടുണ്ട്.

സർവകക്ഷി സംഘത്തെ നയിക്കേണ്ടിയിരുന്നത് മുഖ്യമന്ത്രി: ചെന്നിത്തല

പ്രധാനമന്ത്രിയുടെ അഭിപ്രായം ബാലിശം: ബിനോയ് വിശ്വം

കേന്ദ്ര നടപടിയിൽ ദുരൂഹത: സി.കെ.ചന്ദ്രപ്പൻ

പ്രതിഷേധാഗ്നി തെളിക്കും

കേരളത്തിൽനിന്നുള്ള കേന്ദ്രമന്ത്രിമാർ ഗൗരവമായെടുക്കണം: മുഖ്യമന്ത്രി

പരസ്പരം വിഷം ചീറ്റി നേതാക്കൾ; കീടനാശിനി ലോബി കാര്യം നേടി

■ സർവകക്ഷിസംഘം എത്തും മുമ്പ് പ്രധാനമന്ത്രിക്ക് എൻഡോസൾഫാൻ ലോബിയുടെ കത്ത്

■ വി. ധനുജ്കുമാർ
തൃശൂർ



മാതൃഭൂമി

24 April 2011

പരീക്ഷണം നിർത്താൻ സമയം കഴിഞ്ഞു

ഡോ. അംബികാസുതൻ മാങ്ങാട്

എൻഡോസൾഫാൻ ഗുരുതരമായ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുമെന്ന് ബോധ്യപ്പെട്ടിട്ടാണ് 81 രാജ്യങ്ങൾ നിരോധിച്ചത്. എന്നിട്ടും ഇന്ത്യ വാശിപിടിക്കുന്നത് ആർക്കുവേണ്ടിയാണ് ഇവിടെ പിടഞ്ഞുവീഴുന്ന മനുഷ്യർക്ക് കിടങ്ങളുടെ വിലപോലും കല്പിക്കാത്തതെന്ത്

എൻഡോസൾഫാൻ: നിർണായക സമ്മേളനം നാളെ മുതൽ

ജനീവ: മാരക കീടനാശിനിയായ എൻഡോസൾഫാൻ ആഗോളതലത്തിൽ നിരോധിക്കുന്നതടക്കമുള്ള വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനുള്ള നിർണായകമായ അഞ്ചാമത് സമ്മേളനം നാളെ മുതൽ ജനീവയിൽ ചേരുന്നു. സമ്മേളനത്തിൽ എൻഡോസൾഫാൻ നിരോധനത്തിനെതിരായ നിലപാടിൽ ഉറച്ചുനിൽക്കുമെന്നാണ് ഇന്ത്യ അറിയിച്ചിട്ടുള്ളത്.

വിവിധരീതിലും ആരോഗ്യത്തിനും സമ്പത്തിനും ഹാനി വരുത്തുന്ന രാസവസ്തുക്കളുടെ നിരോധനം ലക്ഷ്യമിട്ടുള്ള സ്റ്റോക്ഹോം കരാറിൽ ഒപ്പുവെക്കുകയും അതിന്റെ ഭാഗമായി എൻഡോസൾഫാൻ ഉൾപ്പെടെയുള്ള 12 രാസവസ്തുക്കളുടെ ഉത്പാദനവും വിതരണവും ഉപയോഗവും നിരോധിക്കുകയും ചെയ്ത രാജ്യമാണ് ഇന്ത്യ. 2004 മെയ് 17-നാണു കരാർ (സ്റ്റോക്ഹോം കൺവെൻഷൻ ഓൺ പെർസിസ്റ്റൻറ് ഓർഗാനിക് പൊല്യൂട്ടന്റ്സ്) നിലവിൽ വന്നത്. കാസറഗോഡ് ജില്ലയിൽ മാരകമായ വിത്തു ഈ കീടനാശിനിയുടെ നിരോധനത്തിനായി കേരളവും സന്നദ്ധ സംഘടനകളും ഉയർത്തിവരുന്ന മുറവിളിക്കും കേന്ദ്രസർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടായ പ്രതികരണം ലഭിച്ചിട്ടില്ല.

മലയാള മനോരമ

24 April 2011

ട്രെയിൻ ടിക്കറ്റ് ലഭിച്ചില്ല: എൻഡോസൾഫാനെതിരെ ശബ്ദിക്കാൻ ഷാഹിന തലസ്ഥാനത്തേക്കില്ല

കാസർകോട്: എൻഡോസൾഫാനെതിരെ മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദൻ ഇന്നു തിരുവനന്തപുരത്തു നടത്തുന്ന ഉപവാസസമരത്തിൽ പങ്കെടുക്കാൻ ക്ഷണം ലഭിച്ച ദുരിതബാധിത മുളിയാർ ആലൂരിലെ ഷാഹിനയ്ക്കു പോകാനായില്ല.

ട്രെയിൻ ടിക്കറ്റിനു കൺഫർമേഷൻ ലഭിക്കാത്തതാണ് ഷാഹിനയുടെയും കുടുംബത്തിന്റെയും യാത്രയ്ക്കു തടസ്സമായത്. കഴിഞ്ഞ ദിവസമാണ് സമരത്തിൽ പങ്കെടുക്കാൻ ക്ഷണം ലഭിച്ചത്.

വി.എസിന്റെ സമരം നാരങ്ങാനീരുനൽകിഷാഹിന അവസാനിപ്പിക്കാനായിരുന്നു തിരുമാനിച്ചിരുന്നത്. ഇതേത്തുടർന്നു തിരുവനന്തപുരത്തേക്കു പോകാനായി ഇന്നലെ മാതാപിതാക്കളോടും സഹോദരനോടുമൊപ്പമാണ് ഷാഹിന കാസർകോട് റയിൽവേ സ്റ്റേഷനിലെത്തിയത്. 3.25നുള്ള ട്രെയിനിൽ പോകാനായി രണ്ടരയോടെയാണ് ഇവർ സ്റ്റേഷനിലെത്തിയത്.

എന്നാൽ അതുവരെ ടിക്കറ്റ് കൺഫർമേഷനായിരുന്നില്ല. ചാർട്ട് ഇറങ്ങിയാൽ മാത്രമേ സീറ്റ് സംബന്ധിച്ചുള്ള വിവരങ്ങൾ ലഭ്യമാവുകയുള്ളുവെന്നും ട്രെയിൻ പുറപ്പെടുന്നതിന് ഒരു മണിക്കൂറിനു മുൻപു മാത്രമേ ചാർട്ട് തയാറാവുകയുള്ളുവെന്നും റയിൽവേ അധികൃതർ അറിയിച്ചു.

എന്നാൽ ട്രെയിൻ വൈകിയതിനെത്തുടർന്ന് ഇവർ റയിൽവേ സ്റ്റേഷനിൽ ചാർട്ട് തയാറാക്കുന്നതിനായി നാലു മണിക്കൂറിലേറെ കാത്തിരുന്നു. ആറു മണിയോടെ ചാർട്ട് തയാറായ വിവരം എത്തിയെങ്കിലും ഇവരുടെ ടിക്കറ്റ് വെയ്റ്റിങ് ലിസ്റ്റിൽ തന്നെയായിരുന്നു.

ദുരിതബാധിതയായ ഷാഹിന ജനറൽ കംപാർട്ട്മെന്റിലെ യാത്ര നടത്തുക അപ്രായോഗികമാണ്. ടിക്കറ്റെടുക്കുമ്പോൾ വെയ്റ്റിങ് ലിസ്റ്റിലാണെന്ന വിവരം മുഖ്യമന്ത്രിയുടെ ഓഫിസിൽ അന്നുതന്നെ അറിയിച്ചിരുന്നെന്നും എമർജൻസി കോട്ടയിൽ ഉറപ്പാക്കാമെന്ന മറുപടിയാണ് ലഭിച്ചതെന്നു ഷാഹിനയുടെപിതാവ്ഇബ്രാഹിം ഖാദർ പറഞ്ഞു.

ടിക്കറ്റ് ചാർട്ട് തയാറായെങ്കിലും പട്ടികയിൽ ഇവരുടെ നാലു പേരുടെയും വെയ്റ്റിങ് ലിസ്റ്റിൽ മാറ്റമില്ലാത്തതിനാൽ തിരികെപോവുകയായിരുന്നു.

25 April 2011

എൻഡോസൾഫാൻ: പ്രധാനമന്ത്രിയുടെ വാക്കുകൾ വളച്ചൊടിച്ചെന്ന് - എം.എം. ഹസ്സൻ

ന്യൂഡൽഹി: എൻഡോസൾഫാൻ നിരോധിക്കണമെന്നാവശ്യപ്പെട്ട് ആരോഗ്യമന്ത്രിയുടെ നേതൃത്വത്തിൽ കേരളത്തിൽ നിന്നുവന്ന സർവകക്ഷി നിവേദകസംഘം പ്രധാനമന്ത്രി പറഞ്ഞതിനെ വളച്ചൊടിക്കുകയായിരുന്നുവെന്ന് കോൺഗ്രസ് വക്താവ് എം.എം. ഹസ്സൻ ഡൽഹിയിൽ പറഞ്ഞു.

എൻഡോസൾഫാൻ വിഷയത്തിൽ പ്രധാനമന്ത്രിയുടെ ഉറപ്പൊന്നും ലഭിച്ചില്ലെന്നാണ് സംഘത്തെ നയിച്ച മന്ത്രി പി.കെ. ശ്രീമതി പറഞ്ഞത്. എന്നാൽ തുറന്ന മനസ്സോടുകൂടി ഈ വിഷയത്തെ സമീപിക്കുമെന്നും ഇനി കേരളത്തിൽവരുമ്പോൾ എൻഡോസൾഫാൻ ദുരിതബാധിതരെ കാണുമെന്നുമാണ് പ്രധാനമന്ത്രി പറഞ്ഞത് - ഹസ്സൻ പറഞ്ഞു.

എൻഡോസൾഫാൻ നിരോധിക്കണമെന്ന കാര്യത്തിൽ കോൺഗ്രസ്സിനും യു.ഡി.എഫിനും ശക്തമായ നിലപാടാണുള്ളത്. തികച്ചും പ്രതിപക്ഷ നേതാവ് ഉമ്മൻ ചാണ്ടിയും കെ.പി.സി.സി പ്രസിഡൻറ്രമേശ് ചെന്നിത്തലയും പ്രധാനമന്ത്രിയെ നേരിൽ കണ്ട് ഇക്കാര്യത്തിൽ കേരളത്തിന്റെ പൊതു നിലപാട് അറിയിക്കും.

തികച്ചും മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നടത്തുന്ന ഉപവാസസമരത്തിലും മറ്റു പ്രക്ഷോഭങ്ങളിലും യു.ഡി.എഫ്. പങ്കെടുക്കാത്തത് എൻഡോസൾഫാൻ നിരോധനത്തിന്റെ പേരിൽ രാഷ്ട്രീയ മുതലെടുപ്പ് നടത്താൻ മുഖ്യമന്ത്രിയും ഇടതുപക്ഷ കക്ഷികളും ശ്രമിക്കുന്നതുകൊണ്ടാണ്.

എ.കെ. ആൻറണി മുഖ്യമന്ത്രിയായിരിക്കുമ്പോഴാണ് കേരളത്തിൽ എൻഡോസൾഫാൻ നിരോധിച്ചത്. ഇടതുമുന്നണി നേതാക്കളാരും അത് മറന്നുപോവണ്ട - ഹസ്സൻ പറഞ്ഞു.

മലയാള മനോരമ

25 April 2011

ആശ്വാസം തേടി ചിത്രങ്ങൾ



തിരുവനന്തപുരത്തു പാളയം രക്തസാക്ഷി മണ്ഡപത്തിനടുത്തു നടന്ന എൻഡോസൾഫാൻ വിരുദ്ധ ദിന ഫോട്ടോ പ്രദർശനത്തിൽ നിന്ന്.

എൻഡോസൾഫാൻ: ചോദ്യങ്ങളായി ഉയർന്ന് ഈ ചിത്രങ്ങൾ

തിരുവനന്തപുരം: ഇനിയും പഠനങ്ങൾ ആവശ്യമാണോ? ചിത്രങ്ങൾ ചോദ്യങ്ങളായി ഉയർന്നു സമൂഹ മനഃസാക്ഷിയെ ഞെട്ടിക്കുന്ന കാഴ്ചയാണ് ഇന്നലെ രക്തസാക്ഷി മണ്ഡപത്തിൽ അരങ്ങേറിയത്. നാഷനൽ സർവീസ് സ്കീമിന്റെ നേതൃത്വത്തിൽ എൻഡോസൾഫാൻ ദുരിതത്തെക്കുറിച്ചു നടത്തിയ ചിത്രപ്രദർശനമാണു ചോദ്യം സമൂഹത്തോട് ഉന്നയിച്ചത്.

56 ഫോട്ടോകൾ കൊണ്ടാണു ദുരിതത്തെ വിവരിച്ചിരിക്കുന്നത്. എൻഡോസൾഫാൻ ദുരിതം വിതച്ച കാസർകോട്ടു നിന്നുള്ള ദുരിത ചിത്രങ്ങളാണു പ്രദർശനത്തിൽ.

എൻഡോസൾഫാൻ നിരോധിക്കണമെന്നാവശ്യപ്പെട്ടു മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദൻ ഇന്നു നടത്തുന്ന നിരാഹാര സമരത്തിന് അനുഭാവം പ്രകടിപ്പിച്ചാണു ചിത്രപ്രദർശനം നടത്തുന്നത്. പ്രദർശനം ഇന്നു സമാപിക്കും. മാതൃഭൂമി ഫൊട്ടോഗ്രഫർ മധുരാജ്, ഹിന്ദുസ് ഫൊട്ടോഗ്രഫർ ഗിബുള്ളൂർ എന്നിവരുടേതാണ് ചിത്രങ്ങൾ.

എൻഡോസൾഫാനെതിരെ കോൺഗ്രസ് പ്രകടനം

തിരുവനന്തപുരം: എൻഡോസൾഫാൻ നിരോധിക്കണമെന്നാവശ്യപ്പെട്ട് ജില്ലാ കോൺഗ്രസ് കമ്മിറ്റിയുടെ നേതൃത്വത്തിൽ കോൺഗ്രസ് പ്രവർത്തകർ സെക്രട്ടേറിയറ്റിലേക്ക് പ്രകടനം നടത്തി. ഡി.സി.സി പ്രസിഡന്റ് എം.എ. ലത്തീഫ് ഉദ്ഘാടനം ചെയ്തു.

പ്രകടനത്തിന് ബി.പി. സ്റ്റാലിൻ, വിപിൻ ജോസ്, എസ്. സുധീർഷ, മഹേഷ്ചന്ദ്രൻ, ബാബു എഡ്‌വിൻ, അഖിൽ .ഹുസൈൻ, എം.എം. റാഫി, നാദിർഷ, ബിജുലാൽ, ഷൈൻ, മൈക്കിൾ, മദനൻ, ലോറൻസ് തുടങ്ങിയവർ നേതൃത്വം നൽകി.

എൻഡോസൾഫാൻ നിരോധിച്ച ആന്റണിയോടോ വിഎസിന്റെ ചോദ്യമെന്ന് ഹസൻ

25/4/11 MM

ന്യൂഡൽഹി: കേരളത്തിൽ എൻഡോസൾഫാൻ നിരോധിച്ച എ.കെ. ആന്റണി ഇക്കാര്യത്തിലെ നിലപാടു വ്യക്തമാക്കണമെന്നാവശ്യപ്പെട്ട മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദന്റെ സമീപനം അതിശയകരമാണെന്നു കെപിസിസി വക്താവ് എം.എം. ഹസൻ.

കോൺഗ്രസും യുഡിഎഫും എൻഡോസൾഫാൻ നിരോധനത്തിന് എതിരാണെന്നു വരുത്തിത്തീർക്കാനാണ് ഇടതുപക്ഷവും മുഖ്യമന്ത്രിയും ശ്രമിക്കുന്നതെന്ന് അദ്ദേഹം കുറ്റപ്പെടുത്തി.

എൻഡോസൾഫാൻ നിരോധിക്കണമെന്ന കാര്യത്തിൽ കോൺഗ്രസിന്റേതു വ്യക്തമായ നിലപാടാണ്. ശരദ് പവാറിന്റെ നിലപാട് എന്തുതന്നെയായാലും കോൺഗ്രസും യുഡിഎഫും ദേശീയ തലത്തിൽ എൻഡോസൾഫാൻ നിരോധിക്കണമെന്ന ആവശ്യത്തിൽ ശക്തമായി ഉറച്ചു നിൽക്കും. കെപിസിസി പ്രസിഡന്റും പ്രതിപക്ഷ നേതാവും പ്രധാനമന്ത്രിയെ നേരിൽ കണ്ട് കേരളത്തിന്റെ പൊതുവികാരം അറിയിക്കും. പാർട്ടിയുടെയും മുന്നണിയുടെയും ഉറച്ച നിലപാട് അംഗീകരിപ്പിക്കാനുള്ള ശ്രമം തുടരുമെന്നും അദ്ദേഹം പറഞ്ഞു.

അഞ്ചു വർഷക്കാലം അധികാരത്തിലിരുന്നിട്ടും വി.എസ്. അച്യുതാനന്ദൻ ഒന്നും ചെയ്തിരുന്നില്ല. ദുരിതബാധിതർക്ക് ട്രൈബ്യൂണൽ രൂപീകരിക്കുന്നതിനു പോലും സമർപ്പിക്കാൻ കഴിയാതിരുന്ന സർക്കാരിന്റെ തലവനാണ് അദ്ദേഹം. ഇപ്പോൾ നിരാഹാരം നടത്തുന്നതും പ്രധാനമന്ത്രിയെ സംസാരിക്കുന്നതും അതേ അച്യുതാനന്ദനാണ്. എൻഡോസൾഫാനെതിരായ കൂട്ടായ നീക്കത്തെ തകർത്ത് അദ്ദേഹത്തിന്റെ പ്രസ്താവനയും ഇടതു നേതാക്കളുടെ സമീപനവുമാണ്.

മുഖ്യമന്ത്രി വിഷയം രാഷ്ട്രീയവൽക്കരിച്ച് സാഹചര്യത്തിലാണ് യുഡിഎഫ് ഉപവാസ സമരത്തിൽ നിന്നു വിട്ടുനിൽക്കുന്നത്. അതേ സമയം, കേരളത്തിലെ എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും യുഡിഎഫ് ഇന്നു പ്രതിഷേധ പരിപാടികൾ സംഘടിപ്പിക്കുമെന്നും ഹസൻ അറിയിച്ചു.

കോൺ. നിലപാട് ഇരട്ടത്താപ്പ്: വി. മുരളീധരൻ

കോഴിക്കോട്: എൻഡോസൾഫാൻ പ്രശ്നത്തിൽ കോൺഗ്രസിന്റെ നിലപാട് ഇരട്ടത്താപ്പാണെന്നു ബിജെപി സംസ്ഥാന പ്രസിഡന്റ് വി. മുരളീധരൻ. സംസ്ഥാനത്തെ കോൺഗ്രസ് നേതാക്കൾ അടക്കമുള്ളവർ സർവകക്ഷി സംഘത്തിൽ ഉണ്ടായിട്ടും പ്രധാനമന്ത്രിയുടെയും കേന്ദ്ര കൃഷിമന്ത്രിയുടെയും എൻഡോസൾഫാൻ അനുകൂല നിലപാടിനെ എതിർക്കാൻ തയാറായില്ല.

എൻഡോസൾഫാൻ നിരോധനം ആവശ്യപ്പെട്ട് ഇന്നു സംസ്ഥാന സർക്കാർ സംഘടിപ്പിക്കുന്ന ഉപവാസങ്ങളിൽ ബിജെപിയും പങ്കെടുക്കും.

ഉപവസിക്കാൻ മുന്നിട്ടിറങ്ങി വിഎസ്; ഉറ്റുനോക്കി സിപിഎം

25/4/11 MM

സുജിത് നായർ

തിരുവനന്തപുരം: എൻഡോസൾഫാനെതിരെയുള്ള മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദന്റെ ഉപവാസ പ്രഖ്യാപനം സിപിഎമ്മിൽ ഉയർത്തുന്നതു സമ്മിശ്ര വികാരം. തിരഞ്ഞെടുപ്പു പ്രചാരണച്ചൂടിൽ പാർട്ടിയിലും പുറത്തും കിടിയ മേൽക്കൈ നിലനിർത്താനാണു വിഎസിന്റെ ഈ നീക്കമെന്നു കരുതുന്നവർ സിപിഎം നേതൃത്വത്തിലുണ്ട്. നേതൃത്വവുമായി കാര്യമായ ചർച്ചയ്ക്കൊന്നും മുതിരാതെയാണ് ഉപവാസത്തിനു വിഎസ് തീരുമാനിച്ചതും.

തിരഞ്ഞെടുപ്പുവേളയിൽ ഇടതു മുന്നണിയുടെ താരം വിഎസ് ആയിരുന്നെങ്കിലും വീണ്ടും നിയമസഭാകക്ഷി നേതൃത്വത്തിലേക്ക് അദ്ദേഹത്തെ നിയോഗിക്കുന്ന കാര്യത്തിൽ സിപിഎമ്മിൽ ഭിന്നാഭിപ്രായമാണ്. മുഖ്യമന്ത്രിയോ പ്രതിപക്ഷ നേതാവോ ആകാൻ ഇനി അദ്ദേഹത്തെ അനുവദിക്കരുത് എന്ന അഭിപ്രായക്കാരാണ് ഔദ്യോഗിക നേതൃത്വത്തിലെ ഒരു വിഭാഗം. അതേസമയം പ്രചാരണരംഗത്തു വിഎസ് ആയിരുന്നു പിടിവള്ളി എന്ന് അവർക്കും സമ്മതിക്കാതെവയ്യ. വിഎസിന്റെ പ്രചാരണം ഗുണകരമായെന്നാണു സിപിഎം സംസ്ഥാന സെക്രട്ടേറിയറ്റും വിലയിരുത്തിയത്. എന്നാൽ അത് അദ്ദേഹത്തെ ഇടതു സർക്കാരിന്റെയും മുന്നണിയുടെയും പ്രതിരൂപമായി ജനങ്ങൾ കണ്ടതുകൊണ്ടാണ് എന്നു കൂട്ടിച്ചേർക്കുന്നവരും അതേ സെക്രട്ടേറിയറ്റിലുണ്ട്.

അനുകൂലവും പ്രതികൂലവുമായ ഈ സാധ്യതകൾ നിലനിൽക്കെയാണു പൊടുന്നനെ എൻഡോസൾഫാൻ സമരമുഖത്തു മുഖ്യമന്ത്രി നിലയുറപ്പിച്ചിരിക്കുന്നത്. പ്രധാനമന്ത്രിയെ കാണാനുള്ള സർവകക്ഷി സംഘത്തെ മുഖ്യമന്ത്രി തന്നെ നയിക്കണമെന്ന അഭിപ്രായം ആദ്യം ഉയർന്നിരുന്നു. എന്നാൽ ഔദ്യോഗികപക്ഷത്തെ ആരോഗ്യമന്ത്രി പി.കെ. ശ്രീമതിക്കാണു നറുക്കു വീണത്. സർവകക്ഷി സംഘത്തിന്റെ ഡൽഹി യാത്രയ്ക്കു മുൻപേ ഇന്നത്തെ സമരം നിശ്ചയിച്ചിരുന്നു. എന്നാൽ മന്ത്രിമാരടക്കമുള്ളവർ പങ്കെടുക്കുന്ന ഉപവാസ സമരത്തിന്റെ ഉദ്ഘാടകനായാണു വിഎസിനെ തീരുമാനിച്ചിരുന്നത്. പക്ഷേ പ്രധാനമന്ത്രിയുമായുള്ള കൂടിക്കാഴ്ചയ്ക്കു ശേഷം സംഘത്തിലെ ഇടതു നേതാക്കൾ കേന്ദ്രത്തിനെതിരെ തിരിഞ്ഞതോടെ ഉപവാസത്തിൽ പങ്കാളിയാകാൻ വിഎസും തീരുമാനിക്കുകയായിരുന്നു. ഇതു സിപിഎം നേതൃത്വം അദ്ദേഹത്തോട് ആവശ്യപ്പെട്ടപ്രകാരമല്ല, മറിച്ചു വിഎസ് സ്വയമെടുത്ത തീരുമാനമാണ്. അത് അദ്ദേഹം പാർട്ടിയെ അറിയിച്ചിട്ടുണ്ടാകാമെന്നു മാത്രം. വിഎസിന്റെ വിശ്വസ്തനായ മന്ത്രി എം. വിജയകുമാറാണു മുഖ്യമന്ത്രിയും പങ്കെടുക്കുമെന്ന പ്രഖ്യാപനം നടത്തിയതും. ജനവിധിപുറത്തുവന്നതുമുതൽ വരെ താരപ്രതിഛായ നിലനിർത്തേണ്ടതു തുടർന്നുള്ള ഉൾപ്പാർട്ടി സമരത്തിനും ആവശ്യമാണെന്നു വിഎസ് കരുതുന്നുണ്ടാകാം.

എൻഡോസൾഫാൻ പോലൊരു വിഷയത്തിൽ മുഖ്യമന്ത്രി എടുക്കുന്ന ഈ മുൻകൈ പക്ഷേ സിപിഎമ്മിനു പ്രത്യക്ഷത്തിൽ വിയോജിക്കാൻ കഴിയുന്നതല്ല. പ്രതിപക്ഷ നേതാവായിരുന്ന ഘട്ടത്തിൽ വിഎസ് പ്രഖ്യാപിച്ച സമരങ്ങളുടേതും ഏറെക്കുറെ സമാനമായ ചരിത്രമാണ്. വിഎസിന്റെ സമരങ്ങളെ അന്നും പാർട്ടി കാര്യമായി പിന്തുണച്ചിരുന്നില്ല. അതേസമയം അവർക്ക് എതിർക്കാനും കഴിഞ്ഞില്ല.

എൻഡോസൾഫാൻ നിരോധിക്കണം: ഗൗഡ സാരസ്വത ബ്രാഹ്മണ ഫെഡറേഷൻ

25/4/11 MM

തിരുവനന്തപുരം: കേരളത്തിൽ എൻഡോസൾഫാൻ ഉടൻ നിരോധിക്കണമെന്നു ഗൗഡ സാരസ്വത ബ്രാഹ്മണ ഫെഡറേഷൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടു.

പാളയം രക്തസാക്ഷിമണ്ഡപത്തിൽ ഇന്നു നടക്കുന്ന പ്രതിജ്ഞാ ചടങ്ങിലും ഉപവാസത്തിലും പങ്കെടുക്കുമെന്നു ജനറൽ സെക്രട്ടറി അമ്പാടൂർ ഗോവിന്ദ നായിക് അറിയിച്ചു.

പ്രസിഡന്റ് സച്ചിദാനന്ദ നായിക് അധ്യക്ഷത വഹിച്ചു. എൻ.വൈ. ബിജു, ആർ.പി. അജിത്കുമാർ, കെ. വേണുഗോപാലപ്രഭു, മഹേഷ് നുറാവൂർ, ഗിരിനായക്, ഉമേഷ്കേൾ ഷേണായി എന്നിവർ പ്രസംഗിച്ചു.

മംഗളം

25 April 2011

മാരക കിടനാശിനികൾക്കെതിരെ മാധ്യമങ്ങൾ സമൂഹത്തിന്റെ കണ്ണ് തുറപ്പിച്ചു: മുഖ്യമന്ത്രി

തിരുവനന്തപുരം: മാരകകീടനാശിനികൾക്കെതിരെ സമൂഹത്തിന്റെ കണ്ണ് തുറപ്പിക്കാൻ മാധ്യമങ്ങൾക്ക് കഴിഞ്ഞുവെന്ന് മുഖ്യമന്ത്രി വി.എസ്.അച്യുതാനന്ദൻ. മനുഷ്യനും 27 ജീവജാലങ്ങൾക്കും പ്രയോജനപ്പെടുത്താവുന്ന എൻഡോസൾഫാൻ നിയന്ത്രിതതോതിൽ കേരളത്തിൽ ഉപയോഗിക്കാൻ അനുമതി നൽകിയതിനെതിരെ സമർപ്പിച്ച ഹർജി പരിഗണിക്കുകയായിരുന്നു അദ്ദേഹം. സംസ്ഥാനത്തിന്റെ ആവശ്യം അംഗീകരിച്ചുകൊണ്ടുള്ള സുപ്രീംകോടതി വിധിയിലെത്തിയ കേരളത്തിലെ മാധ്യമങ്ങൾ കാട്ടിയ ജാഗ്രത അഭിനന്ദനാർഹമാണ്. പരിസ്ഥിതി സംരക്ഷണത്തിൽ മാധ്യമങ്ങൾ കാട്ടുന്ന താൽപര്യം അഭിനന്ദനാർഹമാണെന്നും മുഖ്യമന്ത്രി പറഞ്ഞു. കേന്ദ്രസർക്കാരുകളുടെ ഭാഗത്തുനിന്നുണ്ടായ ചില തെറ്റായ നടപടികൾ തിരുത്തിക്കുന്നതിൽ മാധ്യമങ്ങൾ വഹിച്ച പങ്ക് ഉൾക്കൊണ്ടുകൊണ്ടാണ് കേന്ദ്രമന്ത്രിമാരുടെ 2 പഠനങ്ങൾ മുഖ്യമന്ത്രി പറഞ്ഞു.

മുഴുവൻ മാധ്യമപ്രവർത്തകർക്കും പരിസ്ഥിതി സംരക്ഷണത്തിന് അവാർഡ് നൽകുന്നതിനെക്കുറിച്ച് ആലോചിക്കുമെന്ന് വി.എസ്. പറഞ്ഞു. ഇതിനായി ഒരു കമ്മിറ്റിയെ നിയോഗിക്കുമെന്നും അദ്ദേഹം പറഞ്ഞു. ഇതിനുള്ള നിർദ്ദേശങ്ങൾ കമ്മിറ്റിക്ക് സമർപ്പിക്കാൻ മുഖ്യമന്ത്രി പത്രപ്രവർത്തകരോട് ആവശ്യപ്പെട്ടു. ഇതിനായി ഒരു കമ്മിറ്റിയെ നിയോഗിക്കുമെന്നും അദ്ദേഹം പറഞ്ഞു. ഇതിനുള്ള നിർദ്ദേശങ്ങൾ കമ്മിറ്റിക്ക് സമർപ്പിക്കാൻ മുഖ്യമന്ത്രി പത്രപ്രവർത്തകരോട് ആവശ്യപ്പെട്ടു. ഇതിനുള്ള നിർദ്ദേശങ്ങൾ കമ്മിറ്റിക്ക് സമർപ്പിക്കാൻ മുഖ്യമന്ത്രി പത്രപ്രവർത്തകരോട് ആവശ്യപ്പെട്ടു.

സ്റ്റോക്‌ഹോമിൽ 'ലൈവ'യി

■ എൻഡോസൾഫാൻ വിരുദ്ധ ദിനാചരണം

മുഖ്യമന്ത്രി ഇന്ന് ഉപവസിക്കും

തിരുവനന്തപുരം: എൻഡോസൾഫാൻ വിരുദ്ധ ദിനാചരണത്തിന്റെ ഭാഗമായി മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദൻ ഇന്ന് ഉപവസിക്കും. എൻഡോസൾഫാൻ ഉൽപാദനത്തിനെതിരെ നടക്കുന്ന ഉപവാസത്തിൽ മുഴുവൻ ജനങ്ങളും പങ്കുചേരണമെന്ന് മുഖ്യമന്ത്രി അഭ്യർത്ഥിച്ചു.

ഇന്നത്തെ എൻഡോസൾഫാൻ വിരുദ്ധ ദിനാചരണത്തിൽ പങ്കെടുക്കാൻ ബി.ജെ.പി തീരുമാനിച്ചിട്ടുണ്ട്. തിരുവനന്തപുരത്തു നടക്കുന്ന ഉപവാസത്തിൽ മുതിർന്ന നേതാവ് പങ്കെടുക്കും.

എൻഡോസൾഫാൻ ഉൽപാദനവും ഉപയോഗവും രാജ്യവ്യാപകമായി നിരോധിക്കുക, എൻഡോസൾഫാൻ ദോഷവശങ്ങൾക്കിരയായി ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുന്നവരിൽ ഒരു സർവ്വേ നടത്തുക, ദുരിതബാധിതർക്കു സർക്കാർ ആശുപത്രികളിൽ സൗജന്യ ചികിത്സ നൽകുക, പുനരധിവാസപ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചാണ് എൻഡോസൾഫാൻ വിരുദ്ധ ദിനം ആചരിക്കുന്നത്.

സ്റ്റോക്‌ഹോമിൽ 'ലൈവ'യി വി.എസിന്റെ ഉപവാസവും

■ സി. അഖിൽ
കൊച്ചി

എൻഡോസൾഫാനെതിരേ ഇന്നു മുഖ്യമന്ത്രിയുടെ ഉപവാസമുൾപ്പെടെ കേരളത്തിലെ പ്രതിഷേധങ്ങളുടെ തത്സമയദൃശ്യങ്ങൾ സ്റ്റോക്‌ഹോം സമ്മേളനവേദിക്കു പുറത്തു പ്രദർശിപ്പിക്കും. ഐക്യരാഷ്ട്രസംഘടനയുടെ നേതൃത്വത്തിൽ ജനീവയിൽ നടക്കുന്ന സമ്മേളനത്തിലാണ് എൻഡോസൾഫാൻ നിരോധനം ചർച്ച ചെയ്യുന്നത്.

സമ്മേളനനിരീക്ഷകനായി കേരളത്തിൽനിന്നു സമ്മേളനത്തിൽ പങ്കെടുക്കുന്ന 'തണൽ' പരിസ്ഥിതി സംരക്ഷണകൂട്ടായ്മയുടെ ഭാരവാഹികൾ ഈ ആഴ്ചയിൽ സംഘടിപ്പിക്കുന്ന പ്രദർശനത്തിൽ സംഘാടകർ ഒരുക്കുന്ന ശ്രദ്ധപിടിച്ചുപറ്റുന്നതായിരിക്കും പ്രദർശനം. www.endosulfan.in എന്ന വെബ്സൈറ്റിലൂടെയുള്ള പ്രദർശനം ലോകത്തെവിടെയും കാണാനാകും. പഴുകൾക്കിടെ പ്രതിനിധികൾ പുറത്തേക്കുള്ള പ്രദർശനം. ലോകമാകെ എൻഡോസൾഫാൻ അനുകൂലികൾ ഉയർത്തുന്ന ഇരവേതുകളിലേക്കും പ്രദർശനം. ലോകമാകെ എൻഡോസൾഫാൻ ഇരകൾ കാസർഗോഡ് എൻഡോസൾഫാൻ അനുഭവിക്കുന്ന ദുരിതങ്ങൾ നേരിട്ടറിയുന്നതിനായി സ്റ്റോക്‌ഹോം സമ്മേളനത്തിൽ പങ്കെടുക്കുന്നുണ്ട്.

192 അംഗ ഐക്യരാഷ്ട്രസംഘടനയിൽ ഇന്ത്യ, അമേരിക്ക, ചൈന, ഘാന, എത്യോപ്യ, ഇസ്രായേൽ, മെക്സിക്കോ, പാകിസ്ഥാൻ, നേപ്പാൾ എന്നീ രാജ്യങ്ങളിലാണ് എൻഡോസൾഫാൻ പ്രധാനമായും ഉപയോഗിക്കുന്നത്.

ഇതിൽ മിക്ക രാജ്യങ്ങളിലേക്കും എൻഡോസൾഫാൻ ഉൽപാദിപ്പിച്ചു കയറ്റുമതി ചെയ്തത് ഇന്ത്യയാണ്. കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിലെ ഉദ്യോഗസ്ഥന്റെ നേതൃത്വത്തിലാണ് അന്താരാഷ്ട്രതലത്തിൽ എൻഡോസൾഫാൻ നിരോധനത്തിനായുള്ള പ്രതിനിധികളും സ്റ്റോക്‌ഹോം സമ്മേളനത്തിൽ പങ്കെടുക്കുന്നുണ്ട്.

മാധ്യമം

25 April 2011

മിത്തിനും യാഥാർഥ്യത്തിനും ഇടയിലെ ബാബ ● അവതാരം മൺമറയുമ്പോൾ

നിലപാട് പേജിൽ

ശുദ്ധവാർത്ത കാത്ത് കേരളം; ഇന്ന് പ്രതിഷേധ ദിനം

ഇന്ത്യ എൻഡോസൾഫാൻ പക്ഷത്ത്

സ്റ്റോക്‌ഹോം യോഗം ഇന്ന്

ഹസനുൽ ബന്ന



സ്റ്റോക്‌ഹോം കൺവെൻഷൻ എന്നാൽ

മാമ്പഴം പെറുക്കാൻ ഈ ഉണ്ണി വരില്ല



എൻഡോസൾഫാൻ ദുരിത ബാധിതനായ
മകനുമൊത്ത് അമ്മിണി

മട്ടന്നൂർ സുരേന്ദ്രൻ

2ജി സ്പെക്ട്രം: രണ്ടാം കുറ്റപത്രം ഇന്ന്

മുഖ്യമന്ത്രിയുടെ ഉപവാസം പുതിയ സമരമുഖം തുറക്കാൻ -ഉമ്മൻ ചാണ്ടി
പേജ് 5

പാക് സൈനിക മേധാവിയുമായി ചർച്ചക്ക് തുനെ നിയോഗിച്ചിട്ടില്ലെന്ന് പ്രധാനമന്ത്രി
പേജ് 7

മാധ്യമം

25 April 2011

എൻഡോസൾഫാൻ: ഡൽഹിയിൽ പ്രവാസികളുടെ നിവേദനവും പാർലമെന്റ് മാർച്ചും

ന്യൂഡൽഹി: കേരളത്തിലെ എൻഡോസൾഫാൻ വിരുദ്ധ നിരാഹാരത്തിന്റെ പ്രതിധ്വനി ഡൽഹിയിലെ പ്രവാസി മലയാളികളിലും അലയടിച്ചു. എൻഡോസൾഫാൻ രാജ്യവ്യാപകമായി നിരോധിക്കണമെന്നാവശ്യപ്പെട്ട് നെള്ളിവാരിസ് യൂത്ത് മൂവ്മെന്റ്, എ.സി.ഐ.ടി, ദൽഹി മലയാളി സോഷ്യൽ ഫോറം തുടങ്ങിയ സംഘടനകൾ ന്യൂഡൽഹിയിൽ സംയുക്ത പാർലമെന്റ് മാർച്ച് നടത്തി.

ന്യൂഡൽഹി കേരളഹൗസിൽ നിന്ന് തുടങ്ങിയ പാർലമെന്റ് മാർച്ചിനെ മനുഷ്യാവകാശ പ്രവർത്തക കവി പ്രഫ. എ.കെ. രാമകൃഷ്ണൻ, കാസർകോട് നിന്നുള്ള ആദിവാസി നേതാവ് പ്രഭാ പിള്ള, എസ്.എഫ്.ഐ അഖിലേന്ത്യാ ജനറൽ സെക്രട്ടറി പി.എം. സാദിഖ്, ദേവി ജയൻമാർ, അഡ്വ. ജോഷി കടവിൽ, പി.കെ. നാഫൽ എന്നിവർ അഭിസംബോധനചെയ്തു. കെ.ടി. അനിസുദ്ദീൻ, മിഹീർ, കെ. ഫിലാഫുദ്ദീൻ, സഫീദ, ഷംീ, റാണിദ, നൗഷാദ തുടങ്ങിയവർ നേതൃത്വം നൽകി. മാർച്ചിന് ശേഷം ഒക്കാം മലയാളി പ്രവാസികൾ കൂട്ടിച്ച നിവേദനം പ്രധാനമന്ത്രിക്ക് കൈമാറി. തനിക്കാവശ്യമായ സാംത്കികമായ വേദി സൗജന്യമായി അനുവദിച്ചതിനുള്ള നന്ദി പ്രവാസി മലയാളികളിൽ നിന്ന് ഗഫൂർ പട്ടിക്കര പറഞ്ഞു. കളങ്കമില്ലാത്ത നിവേദനമാണ് പ്രധാനമന്ത്രിക്ക് കൈമാറിയത്. മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദൻ പ്രവാസത്തെ പിന്തുണച്ച കേരള ഹൗസിലെ ജീവനക്കാർ പ്രകടനം നടത്തി.

എൻഡോസൾഫാൻ: കെ.പി.സി.സി അഭ്യർഥനയും പ്രധാനമന്ത്രി തള്ളി

സ്വന്തം ലേഖകൻ

ന്യൂഡൽഹി: സ്റ്റോക്ഹോം കൺവെൻഷനിൽ ഇന്ത്യ എൻഡോസൾഫാൻവിരുദ്ധ നിലപാട് സ്വീകരിക്കണമെന്നും അഭ്യർഥിച്ചുണ്ട് ഉമ്മൻ ചാണ്ടിയും രമേശ് ചെന്നിത്തലയും ന്യൂഡൽഹിയിൽ വെള്ളി അവസാനവട്ട ശ്രമം നടത്തിയപ്പോഴാണ് പ്രധാനമന്ത്രി ഇങ്ങനെ പ്രതികരിച്ചത്.

പുതിയ പഠനം നടത്താതെ ഇക്കാര്യത്തിൽ തീരുമാനം നടപ്പാക്കാൻ കഴിയില്ലെന്ന് പറഞ്ഞ പ്രധാനമന്ത്രി ഐ.സി.എം.ആർ പഠനം കഴിയുന്നതുവരെ കാത്തിരിക്കണമെന്ന് ഇവരോട് നിർദേശിച്ചു. അങ്ങനെയെങ്കിൽ പഠനം അനന്തമായി നീട്ടിക്കൊണ്ടുപോകുമെന്നും പഠനത്തിന് സമയപരിധി നിശ്ചയിക്കണമെന്നും ഇവർ പ്രധാനമന്ത്രിയോട് അഭ്യർഥിച്ചു.

ഇക്കാര്യം കേന്ദ്ര കൃഷി മന്ത്രി ശരദ് പവാറിനോടും ഐ.സി.എം.ആറിനോടും കൂടിയാലോചിച്ച് പറയാമെന്ന് പ്രധാനമന്ത്രി ഉറപ്പുനൽകിയതായി സ്റ്റോക്ഹോം കൺവെൻഷൻ പ്രതിനിധികളുടെ ജനീവയിൽ ചേരുന്ന യോഗത്തിൽ എൻഡോസൾഫാൻ നിരോധം ആവശ്യപ്പെടുമെന്നും അവർ പറഞ്ഞു. എന്നാൽ, കേരളം നിരോധിച്ചതുപോലെ ഇന്ത്യയിൽ എവിടെയും നിരോധനം ആവശ്യപ്പെടുന്നില്ലെന്നും അംഗീകരിക്കുമെന്നും സംസ്ഥാനങ്ങൾ സ്വന്തം നിലക്ക് നിരോധിക്കുന്നതിൽ കേന്ദ്ര സർക്കാർ വിമർശനം ഏറ്റുവിളിച്ചുകൊടുക്കുമെന്നും പ്രധാനമന്ത്രി പറഞ്ഞു.

'അനുകൂല നിലപാട് തുടരും'

[illegible]ളുടെ ആശങ്കകൾ തള്ളിക്കളയുന്ന സമീപനമല്ല പ്രധാനമന്ത്രിയുടേതെന്നും കെ.പി.സി.സി പ്രസിഡന്റ് വി.എം. സുധീരനുമായുള്ള കൂടിക്കാഴ്ചയിൽ പ്രധാനമന്ത്രിയുടെ മുതിർന്ന ഉപദേഷ്ടാവ് ടി.കെ.എ. നായർ പറഞ്ഞതായി കെ.പി.സി.സി പ്രസിഡന്റ് വി.എം. സുധീരൻ പറഞ്ഞു. കാസർകോട് ജില്ലയിൽ നിന്ന് മുതിർന്ന കോൺഗ്രസ് നേതാക്കൾ നിരാഹാരപ്പന്തലിലെത്തി പിന്തുണ അറിയിച്ചു. കെ.പി.സി.സി പ്രസിഡന്റ് വി.എം. സുധീരൻ, കെ.പി.സി.സി വർക്കിങ് പ്രസിഡന്റുമാരായ തെന്നല ബാലകൃഷ്ണപിള്ള, കെ. മുരളീധരൻ, കെ.പി.സി.സി ജനറൽ സെക്രട്ടറി പി.എം. സുബീഷ്, ഡി.സി.സി പ്രസിഡന്റ് കെ. നീലകണ്ഠൻ, ഡി.സി.സി ഭാരവാഹികളായ കെ.പി. അനിൽകുമാർ, കെ. വിജയൻ, കെ.പി. മോഹനൻ, കെ.പി. കുഞ്ഞിക്കണ്ണൻ, കെ.പി. സതീഷ്ചന്ദ്രൻ, കെ.പി. പ്രകാശൻ, ഡി.സി.സി മുൻ പ്രസിഡന്റ് കെ.പി. മോഹനൻ തുടങ്ങിയവർ നിരാഹാരപ്പന്തലിലെത്തി പിന്തുണ അറിയിച്ചു.

എൻഡോസൾഫാൻ: നിലപാടിനെറ വിഷപ്രയോഗങ്ങൾ

അംബികാസുതൻ മാങ്ങാട്

ഇപ്പോൾ ചിത്രം തെളിഞ്ഞിരിക്കുകയാണ്. ഇതുവരെ ശാസ്ത്രീയമായ തെളിവുകളുടെ മാത്രമായിരുന്നു പ്രശ്നം. സർവകക്ഷി സംഘം നൽകിയിരിക്കുന്നത് അനിഷേധ്യമായ തെളിവുകളാണ്. കേന്ദ്രസർക്കാർ ഇനിയെങ്കിലും ഈ പ്രശ്നത്തിന്റെ ഗൗരവം ഉൾക്കൊള്ളുമെന്ന് വിശ്വസിക്കുന്നു. കേന്ദ്രമന്ത്രിയുടെ സന്ദർശനത്തിനുശേഷം പ്രധാനമന്ത്രിക്ക് കൈമാറിയത്. മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദന്റെ ഉപവാസത്തെ പിന്തുണച്ച കേരള ഹൗസിലെ ജീവനക്കാർ പ്രകടനം നടത്തി.

ഇന്ന് എൻഡോസൾഫാൻ വിരുദ്ധ ദിനം

എൻ.ഐ.വി നടത്തിയ പഠനവും സി.എസ്.ഇ നടത്തിയ പഠനവുമൊക്കെത്തന്നെ ഈ വിഷത്തിൻെറ കരാളഭാവങ്ങളെയാണ് വെളിപ്പെടുത്തിയതാണ്. ഇങ്ങനെ ഐ.സി.എം.ആറിൻെറ വിദഗ്ദ്ധർ ഉണ്ടായിട്ടും ഇപ്പോൾ കേന്ദ്രം പറയുന്നത് വീണ്ടും ഐ.സി.എം.ആർ പഠിക്കട്ടെയെന്നാണ്. എങ്ങിനി മനുഷ്യരെ കൊല്ലിച്ചുകൊണ്ട് അധികാരികൾ ചെയ്യുന്നത്. സ്റ്റോക്ഹോം കൺവെൻഷനിൽ ഇന്ത്യ നിർണായക തീരുമാനം എടുക്കണമെന്ന ദൃഢനിശ്ചയത്തോടെ ഡൽഹിയിൽ ഇന്ന് പ്രതിഷേധ പ്രകടനം നടത്തുന്നുണ്ട്. ഈ പ്രതിഷേധത്തിൽ പങ്കുചേരുന്നു.

ഇന്ന് എൻഡോസൾഫാൻ വിരുദ്ധ ദിനം

കാസർകോട്ടെ ഒരു ഗ്രാമത്തിനെ മാത്രം ബാധിച്ച ഒരു പ്രശ്നമായിട്ടാണ് ഇതുവരെ ഭരണകൂടം കണ്ടിരുന്നത്. ഇപ്പോൾ അത് കേരളത്തിലെ ഒരു ജനതയുടെ പ്രശ്നമായിരിക്കുന്നു. ഇനിയും ഇതിനെ ഒരു പ്രാദേശിക പ്രശ്നമായി കാണാൻ കഴിയുമോ? ഇതിനെ ഒരു ദേശീയ പ്രശ്നമായി കാണാൻ കഴിയുമോ? ഇതിനെ ഒരു അന്താരാഷ്ട്ര പ്രശ്നമായി കാണാൻ കഴിയുമോ? ഇതിനെ ഒരു മനുഷ്യാവകാശ പ്രശ്നമായി കാണാൻ കഴിയുമോ? ഇതിനെ ഒരു പരിസ്ഥിതി പ്രശ്നമായി കാണാൻ കഴിയുമോ? ഇതിനെ ഒരു ഭരണഘടനാ പ്രശ്നമായി കാണാൻ കഴിയുമോ? ഇതിനെ ഒരു ഭക്ഷ്യപ്രശ്നമായി കാണാൻ കഴിയുമോ? ഇതിനെ ഒരു ആരോഗ്യപ്രശ്നമായി കാണാൻ കഴിയുമോ? ഇതിനെ ഒരു ജീവിതപ്രശ്നമായി കാണാൻ കഴിയുമോ? ഇതിനെ ഒരു മനുഷ്യപ്രശ്നമായി കാണാൻ കഴിയുമോ? ഇതിനെ ഒരു ലോകപ്രശ്നമായി കാണാൻ കഴിയുമോ? ഇതിനെ ഒരു പ്രപഞ്ചപ്രശ്നമായി കാണാൻ കഴിയുമോ? ഇതിനെ ഒരു ദൈവപ്രശ്നമായി കാണാൻ കഴിയുമോ? ഇതിനെ ഒരു സാത്താൻ പ്രശ്നമായി കാണാൻ കഴിയുമോ? ഇതിനെ ഒരു ഭൂതപ്രശ്നമായി കാണാൻ കഴിയുമോ? ഇതിനെ ഒരു പ്രേതപ്രശ്നമായി കാണാൻ കഴിയുമോ? ഇതിനെ ഒരു പിശാചുപ്രശ്നമായി കാണാൻ കഴിയുമോ? ഇതിനെ ഒരു ചെകുത്താൻ പ്രശ്നമായി കാണാൻ കഴിയുമോ? ഇതിനെ ഒരു നരകപ്രശ്നമായി കാണാൻ കഴിയുമോ? ഇതിനെ ഒരു കുറ്റകൃത്യ

മാധ്യമം

25 April 2011

എൻഡോസൾഫാൻ: കേരളം ഒറ്റക്കെട്ടായി നീങ്ങണം

വി.എം. സുധീരൻ

മലയാള മനോരമ

25 April 2011



വിനാശത്തിനെതിരെ മനമൊന്നായ്: എൻഡോസൾഫാൻ വിരുദ്ധ ദിനാചരണത്തിന്റെ ഭാഗമായി മൂവാറ്റുപുഴ വി.എസ്. അച്യുതാനന്ദന്റെ നേതൃത്വത്തിൽ തിരുവനന്തപുരം പാളയം രക്തസാക്ഷി മണ്ഡപത്തിനു സമീപം സംഘടിപ്പിച്ച ഉപവാസം. സുഗതകുമാരി, ഡോ. ടി.എൻ. സീമ എം.പി, മേഴ്സി കെ. ചുമ്പിക, ആർ.എസ്.പി സംസ്ഥാന സെക്രട്ടറി വി.പി. രാമകൃഷ്ണ പിള്ള, മന്ത്രി സി. ദിവാകരൻ, കെ.എൻ. ബാലഗോപാൽ എം.പി, മന്ത്രി എം. വിജയകുമാർ, ബിജെപി നേതാവ് ഒ. രാജഗോപാൽ തുടങ്ങിയവർ സമീപം.

വിശദമായ റിപ്പോർട്ട് • www.manoramaonline.com

എൻഡോസൾഫാൻ പഠനറിപ്പോർട്ട് ഉടൻ നൽകണമെന്ന് പ്രധാനമന്ത്രി

സ്വന്തം ലേഖകൻ

പേജ് 11
നാടിന്റെ മനഃസാക്ഷി ഉണർത്തി വിഎസിന്റെ ഉപവാസം

കേരളം ഒറ്റക്കെട്ടായി നീങ്ങണം

കേരളത്തിലെ എൻഡോസൾഫാൻ നിരോധനം രാഷ്ട്രവ്യാപകമായി നടപ്പാക്കണമെങ്കിൽ ഗാസ്ട്രിയോക്ടമി പഠനത്തിന്റെ അടിസ്ഥാനത്തിൽ അഭിപ്രായ സമന്വയം ഉണ്ടാകണം.

കേന്ദ്രസർക്കാരിന് ഇക്കാര്യത്തിൽ തുറന്ന സമീപനമാണുള്ളതെന്നും പ്രധാനമന്ത്രി വ്യക്തമാക്കി.

കേരള കൗമുദി

25 April 2011

25/4/11 K.K

സ്റ്റോക്ഹോം കൺവെൻഷൻ ഇന്നു തുടങ്ങും

എൻഡോസൾഫാൻ: ഇന്ത്യ എതിർക്കുന്നത് റിവ്യൂ ശുപാർശയെ

പ്രസൂൺ എസ്. കണ്ടത്തിൽ

പി.ഒ.പി റിവ്യു കമ്മിറ്റി

നിരോധനം തടയാൻ വന്ന ജയിൻ

പ്രധാനമന്ത്രിയെ കണ്ടു

ദീപിക

25 April 2011

25/4/11 Deepika

എൻഡോസൾഫാൻ നിരോധിക്കില്ലെന്ന് ഉറപ്പു ലഭിച്ചതായി കീടനാശിനി അനുകൂല സംഘടന

ന്യൂഡൽഹി: നശിച്ച കാസർഗോഡിന്റെയോ കേരളത്തിന്റെയോ അഭിപ്രായം കണക്കിലെടുത്തല്ല എൻഡോസൾഫാൻ നിരോധിക്കേണ്ടതെന്നു കീടനാശിനി അനുകൂല സംഘടനയായ കൺസോർഷ്യം ഓഫ് ഇന്ത്യൻ ഫാർമേഴ്സ് അസോസിയേഷൻ ജനറൽ സെക്രട്ടറി പി ചെംഗൽ റെഡ്ഡി.

സിപിഎമ്മാണു കർഷകരെ വഞ്ചിക്കുന്നതെന്നും എൻഡോസൾഫാൻ നിരോധിക്കില്ലെന്നു കേന്ദ്ര കൃഷിമന്ത്രി ശരത് പവാർ ഉറപ്പു നൽകിയിട്ടുണ്ടെന്നും ചെംഗൽ റെഡ്ഡി ഒരു ചാനലിനു നൽകിയ അഭിമുഖത്തിൽ വ്യക്തമാക്കി.

കേരളജനതയോടും എൻഡോസൾഫാൻ വിരുദ്ധ സമരക്കാരോടും വളരെ മോശമായ ഭാഷയിൽ പ്രതികരിച്ച റെഡ്ഡി, കേരളത്തിലെ എൻഡോസൾഫാൻ വിരുദ്ധസമരങ്ങൾ സ്ഥാപിത രാഷ്ട്രീയ താത്പര്യങ്ങൾക്കു വേണ്ടിയുള്ളതാണെന്നും ആരോപിച്ചു. സിപിഎമ്മിനു ചൈനയിൽ എൻഡോസൾഫാൻ ആകാം. എന്നാൽ, കേരളത്തിൽ എത്തുമ്പോൾ ഈ നിലപാടു മാറും- അദ്ദേഹം പറഞ്ഞു.

എൻഡോസൾഫാൻ വിരുദ്ധ ദിനാചരണം

26/4

തിരുവനന്തപുരം: കെ.ജി. മാരാർ സാംസ്കാരികയുവജനസ്പോർട്സ് ക്ലബ്ബും നെഹ്റു യുവകേന്ദ്രയും സംയുക്തമായി നടത്തിയ എൻഡോ സൾഫാൻ വിരുദ്ധ ദിനാചരണം മുക്കംപാലമൂട് രാധകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. പി. സരളാദേവി മാരാർജി, അഡ്വ. ജഗദീഷ്, ആർ. സന്തോഷ്കുമാർ എന്നിവർ പ്രസംഗിച്ചു.

26 April 2011

ദീപിക വാരാന്ത്യവിശേഷം Deepika 2011 ഏപ്രിൽ 26 ചൊവ്വ 11

എൻഡോസൾഫാൻ സമരം ആളിക്കത്തുമ്പോഴും ഇരകൾ മരിച്ചുവീഴുന്നു



26 April 2011

26/4/11 Deepika

എൻഡോസൾഫാൻ നിരോധനത്തിനായി നഗരത്തിൽ പ്രതിഷേധാഗ്നി ആളിക്കത്തി







ദീപിക

26 April 2011

എൻഡോസൾഫാൻ: മുഖ്യമന്ത്രി ഉപവസിച്ചു

സ്വന്തം ലേഖകൻ

● പ്രതിപക്ഷം വിട്ടുനിന്നു; എൻസിപി പങ്കെടുത്തു

തിരുവനന്തപുരം: എൻഡോസൾഫാൻ നിരോധിക്കണമെന്നാവശ്യപ്പെട്ടു മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദന്റെ നേതൃത്വത്തിൽ രാഷ്ട്രീയ, സാമൂഹ്യ, സാംസ്കാരിക, സാമുദായികനേതാക്കൾ പാളയം രക്തസാക്ഷിമണ്ഡപത്തിൽ ഏഴു മണിക്കൂർ ഉപവസിച്ചു.

സമരത്തിൽ പ്രതിപക്ഷം പങ്കെടുത്തില്ല. എന്നാൽ, നിരോധനത്തെ എതിർക്കുന്ന കേന്ദ്ര കൃഷിമന്ത്രി ശരത് പവാറിന്റെ പാർട്ടിയായ എൻസിപിയുടെ പ്രവർത്തകർ സമരത്തിൽ പങ്കുചേർന്നു. മുൻ കേന്ദ്രമന്ത്രിയും ബിജെപി നേതാവുമായ ഒ. രാജഗോപാൽ മുഴുവൻ സമയവും പങ്കെടുത്തു.

രാവിലെ പത്തിന് ആരംഭിച്ച സമരം മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദൻ ഉദ്ഘാടനം ചെയ്തു. 25 മിനിറ്റോളം നീണ്ട ഉദ്ഘാടന പ്രസംഗം കഴിഞ്ഞു വേദിയിൽ ഇരുന്ന വി.എസിനു ക്ഷീണത്തെത്തുടർന്നു കുറച്ചു സമയത്തിനുശേഷം കിടക്കാനുള്ള സംവിധാനം ഒരുക്കി. പിന്നീടു മുഴുവൻ സമയവും അദ്ദേഹം കിടക്കുകയായിരുന്നു. വൈകുന്നേരം അഞ്ചിനു കവയിത്രി സുഗതകുമാരി നല്കിയ നാരാങ്ങാനീരു കഴിച്ചാണു മുഖ്യമന്ത്രി ഉപവാസസമരം അവസാനിപ്പിച്ചത്.

സമരം നടക്കുന്നതിനിടയിൽ ബാലസംഘം, എസ്എഫ്ഐ, ഡിവൈഎഫ്ഐ, വനിതാ സംഘടനകൾ, സർക്കാർ ജീവനക്കാരുടെ വിവിധ സംഘടനകൾ, രാഷ്ട്രീയ പാർട്ടികൾ, തൊഴിലാളിയൂണിയനുകൾ എന്നിവയുടെ നേതൃത്വത്തിൽ അഭിവാദനം അർപ്പിച്ചു പ്രകടനം നടത്തി.

സംഘടിവാർ സംഘടനയിൽപ്പെട്ട ജനജാഗരൺമഞ്ചിന്റെ പ്രവർത്തകർ മുഖ്യമന്ത്രിക്കു പുതപ്പ് നല്കി സമരത്തിൽ അനുദാനം പ്രകടിപ്പിച്ചു. വിവിധ ജില്ലകളിൽനിന്നായി ആയിരക്കണക്കിനു ജനങ്ങളും മുഖ്യമന്ത്രിയുടെ നേതൃത്വത്തിലുള്ള സമരം കാണാനെത്തി. കവികളും സാംസ്കാരിക, സിനിമാ മേഖലകളിലെ പ്രവർത്തകരും പങ്കെടുത്തു.

മന്ത്രി സി. ദിവാകരന്റെ അധ്യക്ഷതയിൽ നടന്ന യോഗത്തിൽ മന്ത്രിമാരായ കോടിയേരി ബാലകൃഷ്ണൻ, എം. വിജയകുമാർ, എം.എ. ബേബി, എൻ.കെ. പ്രേമചന്ദ്രൻ, സിപിഐ സംസ്ഥാന സെക്രട്ടറി സി.കെ. ചന്ദ്രപ്പൻ, ആർഎസ്പി ദേശീയ ജനറൽ സെക്രട്ടറി ടി.ജെ. ചന്ദ്രചൂഡൻ, സംസ്ഥാന സെക്രട്ടറി വി.പി. രാമകൃഷ്ണപിള്ള, പ്ലാനിംഗ് ബോർഡ് വൈസ് ചെയർമാൻ പ്രഭാത് പട്നായിക്, മേയർ കെ. ചന്ദ്രിക, എംപിമാരായ കെ.എൻ. ബാലഗോപാൽ, ടി.എൻ. സീമ, കെ. അച്യുതൻ, എൽഡിഎഫ് കൺവീനർ വൈക്കം വിശ്വൻ, മലങ്കര കത്തോലിക്കാസഭാ മേജർ ആർച്ച്ബിഷപ് മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവ, തിരുവനന്തപുരം ലത്തീൻ ആർച്ച്ബിഷപ് ഡോ. എം. സൂസപാക്യം, യാക്കോബായസഭ നിരണം ഭദ്രാസനാധിപൻ ഗീവർഗീസ് മാർ കൂറിലോസ്, നടൻ സുരേഷ്ഗോപി, ഗായകൻ ജി. വേണുഗോപാൽ തുടങ്ങി നിരവധിപേർ പ്രസംഗിച്ചു.



എൻഡോസൾഫാൻ നിരോധനമാവശ്യപ്പെട്ട് മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദൻ തിരുവനന്തപുരത്തു പാളയം രക്തസാക്ഷി മണ്ഡപത്തിൽ നടത്തിയ ഉപവാസ സമരം കവയിത്രി സുഗതകുമാരി അദ്ദേഹത്തിനു നാരങ്ങാനീരു നല്കി അവസാനിപ്പിക്കുന്നു. (ഇടത്തുനിന്ന്) മന്ത്രി എം. വിജയകുമാർ, കെ.എൻ. ബാലഗോപാൽ എംപി, മന്ത്രി സി. ദിവാകരൻ, വി. ശിവൻകുട്ടി എംഎൽഎ, ബിജെപി നേതാവ് ഒ. രാജഗോപാൽ, ഡോ. പുതുശേരി രാമചന്ദ്രൻ, ആനാവൂർ നാഗപ്പൻ തുടങ്ങിയവർ സമീപം. - അനിൽ ഭാസ്കർ

മാതൃഭൂമി

26 April 2011





എൻഡോസൾഫാൻ: സംഘടനകൾ പ്രതിഷേധിച്ചു

തിരുവനന്തപുരം: എൻഡോസൾഫാൻ നിരോധിക്കണമെന്നാവശ്യപ്പെട്ട് വിവിധ സംഘടനകൾ നടത്തുന്ന പ്രതിഷേധ സമരങ്ങൾ തുടരുന്നു. സ്റ്റേറ്റ്മെന്റ് കൺവെൻഷൻ എൻഡോസൾഫാനെതിരെ കർശന നിലപാട് സ്വീകരിക്കണമെന്നാവശ്യപ്പെട്ട് പരിസ്ഥിതി പ്രവർത്തകരുടെ കൂട്ടായ്മയായ ഗ്രീൻ കേരളയുടെ ഇന്നത്തെ ഉപവാസസമരം ആരംഭിച്ചു. കവയിത്രി സുഗതകുമാരി ഉദ്ഘാടനം ചെയ്തു. സുധി നന്ദിപറഞ്ഞു.

പ്രധാനമന്ത്രിയുടെ കോലം കത്തിച്ചു

തിരുവനന്തപുരം: എൻഡോസൾഫാൻ നിരോധിക്കണമെന്നാവശ്യപ്പെട്ട് എൻ.സി.പിയുടെ നേതൃത്വത്തിൽ പ്രവർത്തകർ അഞ്ചലിന് സമീപം ഓയിൽ പാം തോട്ടത്തിൽ പ്രധാനമന്ത്രിയുടെ കോലം കത്തിച്ചു. എൻ.സി.പി. ജില്ലാ സെക്രട്ടറി ഷാജി അയ്യക്കുടി നേതൃത്വം നൽകി. കർഷക സി. സംസ്ഥാന ജനറൽ സെക്രട്ടറി അഡ്വ. ബിജു നാരായണൻ, ചെയർമാൻ സെക്രട്ടറി കൃഷ്ണൻ കുട്ടി, പി.കെ. പുഷ്പാകരൻ, നാരായണൻ പോറ്റി കോൺഗ്രസ് പ്രസിഡന്റ് രാജീവ്, കെ.പുകുട്ടി കോശം ഗർമാൻ, മോഹനൻ, എൻ. കൃഷ്ണൻ എന്നിവർ സംസാരിച്ചു.

ഉപവാസത്തിന് കെ.ജി.എ.കെ.എ. പിന്തുണ

തിരുവനന്തപുരം: എൻഡോസൾഫാനെതിരെ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നടക്കുന്ന ഉപവാസ സമരത്തിന് കെ.ജി.എ.കെ.എ. പിന്തുണ പ്രഖ്യാപിച്ചു. എൻഡോസൾഫാൻ നിരോധിക്കണമെന്നാവശ്യപ്പെട്ട് കവിയും, സാഹിത്യകാരനുമായ ഒ.എൻ.വി. കുറുപ്പിന്റെ നേതൃത്വത്തിൽ നടക്കുന്ന ഉപവാസ സമരത്തിന് കെ.ജി.എ.കെ.എ. പിന്തുണ പ്രഖ്യാപിച്ചു. കെ.ജി.എ.കെ.എ. സംസ്ഥാന വൈസ് പ്രസിഡന്റുമാരായ കെ.ജി. ജിജുരാജ്, സംസ്ഥാന കമ്മിറ്റി അംഗങ്ങളായ എൻ.ജി. ഗിരീഷ് എന്നിവർ പങ്കെടുത്തു.

എൻഡോസൾഫാൻ കേന്ദ്രനിരോധനത്തിനെതിരെ സുപ്രീംകോടതിയിൽ ഫയൽ ചെയ്തിരിക്കുന്ന കേസിൽ കക്ഷിചേരുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്ന് കൃഷിമന്ത്രി കെ.പി. മോഹനൻ നിയമസഭയിൽ അറിയിച്ചു. കേരളത്തിന്റെ നിലപാട് കോടതിയിൽ അറിയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്ന് കൃഷിമന്ത്രി കെ.പി. മോഹനൻ നിയമസഭയിൽ അറിയിച്ചു. എൻഡോസൾഫാൻ നിരോധിക്കണമെന്നാവശ്യപ്പെട്ട് കവിയും, സാഹിത്യകാരനുമായ ഒ.എൻ.വി. കുറുപ്പിന്റെ നേതൃത്വത്തിൽ നടക്കുന്ന ഉപവാസ സമരത്തിന് കെ.ജി.എ.കെ.എ. പിന്തുണ പ്രഖ്യാപിച്ചു. കെ.ജി.എ.കെ.എ. സംസ്ഥാന വൈസ് പ്രസിഡന്റുമാരായ കെ.ജി. ജിജുരാജ്, സംസ്ഥാന കമ്മിറ്റി അംഗങ്ങളായ എൻ.ജി. ഗിരീഷ് എന്നിവർ പങ്കെടുത്തു.

കിഴക്കേകോട്ട പാർക്കിനി

തിരുവനന്തപുരം: എൻഡോസൾഫാൻ നിരോധിക്കണമെന്നാവശ്യപ്പെട്ട് കവിയും, സാഹിത്യകാരനുമായ ഒ.എൻ.വി. കുറുപ്പിന്റെ നേതൃത്വത്തിൽ നടക്കുന്ന ഉപവാസ സമരത്തിന് കെ.ജി.എ.കെ.എ. പിന്തുണ പ്രഖ്യാപിച്ചു. കെ.ജി.എ.കെ.എ. സംസ്ഥാന വൈസ് പ്രസിഡന്റുമാരായ കെ.ജി. ജിജുരാജ്, സംസ്ഥാന കമ്മിറ്റി അംഗങ്ങളായ എൻ.ജി. ഗിരീഷ് എന്നിവർ പങ്കെടുത്തു.

ഒറ്റയാൻ സമരം

തിരുവനന്തപുരം: എൻഡോസൾഫാൻ നിരോധിക്കണമെന്നാവശ്യപ്പെട്ട് കവിയും, സാഹിത്യകാരനുമായ ഒ.എൻ.വി. കുറുപ്പിന്റെ നേതൃത്വത്തിൽ നടക്കുന്ന ഉപവാസ സമരത്തിന് കെ.ജി.എ.കെ.എ. പിന്തുണ പ്രഖ്യാപിച്ചു. കെ.ജി.എ.കെ.എ. സംസ്ഥാന വൈസ് പ്രസിഡന്റുമാരായ കെ.ജി. ജിജുരാജ്, സംസ്ഥാന കമ്മിറ്റി അംഗങ്ങളായ എൻ.ജി. ഗിരീഷ് എന്നിവർ പങ്കെടുത്തു.

എൻഡോസൾഫാൻ ഇരകളെ പ്രധാനമന്ത്രി സന്ദർശിക്കും-ഉമ്മൻചാണ്ടി

കൂടിക്കാഴ്ചയിൽ പുതിയ വാഗ്ദാനങ്ങളില്ല

മലയാള മനോരമ

26 April 2011



എൻഡോസൾഫാൻ ദിനാചരണത്തിന്റെ ഭാഗമായി യുവകലാസാഹിതി സെക്രട്ടേറിയറ്റിനു മുന്നിൽ നടത്തിയ ധർണ സുഗതകുമാരി ഉദ്ഘാടനം ചെയ്യുന്നു.

ഭക്ഷ്യസുരക്ഷാ നിയമത്തിനു പ്രാഥമിക ധാരണ

സുധർമ: ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള 10 കോടിയോളം കുടുംബങ്ങളെ ഉൾപ്പെടുത്തി സാർവത്രിക ഭക്ഷ്യസുരക്ഷാ നിയമത്തിനു രൂപംനൽകാൻ കേന്ദ്രമന്ത്രിതലയോഗവും ആസൂത്രണ കമ്മിഷനും നടത്തിയ ചർച്ചയിൽ പ്രാഥമിക ധാരണയായി.

നിലവിൽ 6.52 കോടി കുടുംബങ്ങളാണു ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളത്. ആസൂത്രണ കമ്മിഷൻ നടത്തിയ ബിപിഎൽ പുനർനിർണയ പഠനത്തിലാണു ദരിദ്ര കുടുംബങ്ങളുടെ സംഖ്യ പുതുക്കി നിർണയിച്ചത്.

ദാരിദ്ര്യരേഖയ്ക്കു മുകളിലുള്ള (എപിഎൽ) കുടുംബങ്ങളെയും പദ്ധതിക്കു കീഴിൽ കൊണ്ടുവരും. കുറഞ്ഞ താങ്ങുവിലയുടെ (എംഎസ്പി) അടിസ്ഥാനത്തിലായിരിക്കും എപിഎൽ കുടുംബങ്ങൾ ധാന്യവില നൽകേണ്ടിവരിക.

'മേയ് ദിനം എൻഡോസൾഫാൻ വിരുദ്ധ ദിനമായി ആചരിക്കും'

തിരുവനന്തപുരം: മേയ് ഒന്ന് എൻഡോസൾഫാൻ വിരുദ്ധ ദിനമായി ആചരിക്കാൻ എസ്ടിയു ജില്ലാ കമ്മിറ്റി യോഗം തീരുമാനിച്ചു. എൻഡോസൾഫാൻ രാജ്യത്തുനിന്നും നിരോധിക്കണമെന്ന് എസ്ടിയു ആവശ്യപ്പെട്ടു. ഇതിനായി വിപുലമായ പ്രചാരണ പരിപാടികളും തൊഴിലാളി കൂട്ടായ്മകളും മേയ്ദിനത്തിൽ സംഘടിപ്പിക്കാൻ ജന. സെക്രട്ടറി പ്രഫ. തോന്നയ്ക്കൽ ജമാലിന്റെ അധ്യക്ഷതയിൽ കൂടിയ യോഗം തീരുമാനിച്ചു.

തദ്ദേശസ്ഥാനത്തും താലൂക്ക് ആസ്ഥാനങ്ങളിലും മേയ്ദിന കാലാമേളകൾ സംഘടിപ്പിക്കും. എസ്ടിയു സംസ്ഥാന വൈസ് പ്രസിഡന്റ് ജി. മോഹൻ അബുദാക്കർ യോഗം ഉദ്ഘാടനം ചെയ്തു. ജില്ലാ മുസ്‌ലിംലീഗ് പ്രസിഡന്റ് അബ്ബാസ് സേട്ട്, വി. സന്തോഷ്, ഗിരീഷ്കുമാർ, വിജയകുമാർ, യഹിയാഖാൻ, എം.എ. കരീം, വഞ്ചുവം ഷാഹുദീൻ, സുബൈർ കുഞ്ഞ്, പരുത്തിക്കുഴി മോഹിൻ എന്നിവർ പ്രസംഗിച്ചു.

എൻഡോസൾഫാനെതിരെ രാഷ്ട്രീയം മറന്ന് കേരളം

സ്വന്തം ലേഖകർ

എൻഡോസൾഫാൻ രാജ്യമൊട്ടാകെ നിരോധിക്കണം എന്നാവശ്യപ്പെട്ട് സംസ്ഥാനത്ത് സമരങ്ങളുടെ വേലിയേറ്റം. ജനരോഷത്തിന്റെ മുന്നണിയിൽ വിവിധപാർട്ടികളുടെ നേതാക്കൾ രാഷ്ട്രീയം മറന്ന് കൈകോർത്തു. മുതിർന്ന ബിജെപി നേതാവും മുൻ കേന്ദ്രമന്ത്രിയുമായ ഒ. രാജഗോപാൽ തിരുവനന്തപുരത്ത് നിരാഹാരം കിടന്നത് മുഖ്യമന്ത്രി വിഎസ്. അച്യുതാനന്ദനായിരുന്നു.

മേജർ ആർച്ച് ബിഷപ് മാർ ബസേലിയോസ് ക്ലിമ്മിസ് കാതോലിക്കാ ബാവ, സാമൂഹ്യപ്രവർത്തകർ ഒട്ടേറെപ്പേർ സമരത്തിൽ പങ്കെടുത്തുവെങ്കിലും സമരത്തിലുണ്ടായിരുന്ന സിപിഎം, സംസ്ഥാന സെക്രട്ടറി പിണറായി വിജയന്റെ അസാന്നിധ്യം ശ്രദ്ധേയമായി.

വി എസിന്റെ ഉപവാസ സമരത്തിനു തൊട്ടുപിറകെ തൊട്ടടുത്ത് വിജെടി ഹാളിൽ ഡിവൈഎഫ്ഐ ജില്ലാ കമ്മിറ്റി സംഘടിപ്പിച്ച എൻഡോസൾഫാൻ വിരുദ്ധസമരം ഉദ്ഘാടനം ചെയ്യാൻ പാർട്ടി സെക്രട്ടറി പിണറായി എത്തി.

പത്തിന് നിരാഹാരം ആരംഭിച്ച വിഎസിനു ക്ഷീണം വന്നതോടെ പതിനൊന്നരയോടെ ദിവാൻകട്ടിലെത്തി. അൽപനേരം അതിൽ കിടന്നു വിഎസ് ഒന്നു മയങ്ങി. ഇതിനിടെ സോളിഡാരിറ്റി ബാലസംഘത്തിനൊപ്പമെത്തിയ എടനീർ ജിവിഎച്ച്എസ്എസിലെ വിദ്യാർഥിനി നിത്യശ്രീ ഉറങ്ങിക്കിടന്ന വിഎസിന്റെ കയ്യിലും നിങ്ങൾ മാലയിട്ടു.

ഉണർന്ന വി.എസ്. മാലയഴിച്ചു വിച്ചു. വിഎസിനു മുത്തം നൽകിയാണു പെൺകുട്ടി മടങ്ങിയത്.

മാതൃഭൂമി

എൻഡോസൾഫാൻ: പാർലമെന്റ് മാർച്ച് നടത്തി

ന്യൂഡൽഹി: എൻഡോസൾഫാൻ രാജ്യവ്യാപകമായി നിരോധിക്കണമെന്നാവശ്യപ്പെട്ട് സോഷ്യലിസ്റ്റ് ജനതാ (ഡെമോക്രാറ്റിക്) എന്ന സംഘടന പാർലമെന്റ് മാർച്ച് നടത്തി. തുടർന്ന് ഒരു ലക്ഷം ഒപ്പുകൾ ഉൾപ്പെടുന്ന നിവേദനം പ്രധാനമന്ത്രിക്ക് സമർപ്പിച്ചു.

കേരള ഹൈക്കോടതിയുടെ മുൻ ചീഫ് ജസ്റ്റിസ് കെ. ജി. ബാലകൃഷ്ണൻ, കേന്ദ്ര മുൻ മന്ത്രി എ. കെ. ആന്റണി, കേന്ദ്ര കൃഷിമന്ത്രി ശരദ് പവാർ, ഭക്ഷ്യമന്ത്രി കെ. വി. തോമസ് എന്നിവർക്കുള്ള നിവേദനങ്ങൾ ഒപ്പുശേഖരണത്തിനു നേതൃത്വം നൽകിയ സോഷ്യലിസ്റ്റ് ജനതാ (ഡെമോക്രാറ്റിക്) ദേശീയ പ്രസിഡന്റ് വീരേന്ദ്രകുമാർ എം.പി., ജനറൽ സെക്രട്ടറി പി.കൃഷ്ണൻകുട്ടി, ട്രഷറർ വി.രാജഗോപാലൻ നായർ തുടങ്ങിയവർ ചേർന്ന് പാർലമെന്റ് മന്ദിരത്തിനു മുന്നിൽ വച്ച് പ്രധാനമന്ത്രിക്കുവേണ്ടി കേന്ദ്ര കൃഷിമന്ത്രി ശരദ് പവാറിനു കൈമാറി. ഡൽഹി മലയാളി സോഷ്യലിസ്റ്റ് ജനതാ (ഡെമോക്രാറ്റിക്) പ്രവർത്തകർ ഉൾപ്പെടെ നൂറുകണക്കിനു പേർ പങ്കെടുത്തു.

എൻഡോസൾഫാനെതിരെ ജനം അണിനിരന്നു

മഹാസമരത്തിനു തലസ്ഥാനം സാക്ഷിയായി

തിരുവനന്തപുരം: മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദൻ ഒരിക്കൽക്കൂടി ശക്തനായ പോരാളിയായി. എൻഡോസൾഫാൻ കിടനാശിനിക്കെതിരെയുള്ള വിഎസിന്റെ നിരാഹാര സമരത്തിനു പിന്തുണയുമായി രാഷ്ട്രീയ നേതാക്കൾക്കു പുറമെ, മതനേതാക്കളും സാംസ്കാരികപ്രവർത്തകരും സമരപ്പന്തലിലേക്ക് ഒഴുകിയതോടെ അതു നഗരം കണ്ട ഏക്കാലത്തെയും വലിയ സമരങ്ങളിലൊന്നായി.

പ്രധാനമന്ത്രിക്കെതിരെയുള്ള മുഖ്യമന്ത്രിയുടെ പ്രസ്താവനയിൽ പ്രതിഷേധിച്ച് കോൺഗ്രസ് സമരത്തിൽനിന്നു വിട്ടുനിന്നു. ഒപ്പം, യുഡിഎഫ് കക്ഷികളും. എന്നാൽ, ബിജെപി ഉൾപ്പെടെ മറ്റു സിപിഎം വിരുദ്ധസംഘടനകൾ രാഷ്ട്രീയം മറന്നു പിന്തുണയുമായെത്തി. വിവിധ സാമുദായിക സംഘടനകളും അതിൽ പങ്കുചേർന്നു. മുൻ കേന്ദ്രമന്ത്രിയുമായ ഒ. രാജഗോപാലിന്റെ സ്ഥാനം വിഎസിന്റെ തൊട്ട് ഇടതുവശത്തായിരുന്നു.

സുരേഷ് ഗോപി ഉൾപ്പെടെ ചലച്ചിത്രതാരങ്ങൾ, മന്ത്രിമാർ, രാഷ്ട്രീയ നേതാക്കൾ, മേജർ ആർച്ച് ബിഷപ് മാർ ബസേലിയോസ് ക്ലിമ്മിസ് കാതോലിക്കാ ബാവ, സാമൂഹ്യപ്രവർത്തകർ തുടങ്ങിയവരുടെ നേതൃത്വത്തിൽ ഒട്ടേറെപ്പേർ സമരത്തിൽ പങ്കെടുത്തുവെങ്കിലും സമരത്തിലുണ്ടായിരുന്ന സിപിഎം, സംസ്ഥാന സെക്രട്ടറി പിണറായി വിജയന്റെ അസാന്നിധ്യം ശ്രദ്ധേയമായി.

വി എസിന്റെ ഉപവാസ സമരത്തിനു തൊട്ടുപിറകെ തൊട്ടടുത്ത് വിജെടി ഹാളിൽ ഡിവൈഎഫ്ഐ ജില്ലാ കമ്മിറ്റി സംഘടിപ്പിച്ച എൻഡോസൾഫാൻ വിരുദ്ധസമരം ഉദ്ഘാടനം ചെയ്യാൻ പാർട്ടി സെക്രട്ടറി പിണറായി എത്തി.

പത്തിന് നിരാഹാരം ആരംഭിച്ച വിഎസിനു ക്ഷീണം വന്നതോടെ പതിനൊന്നരയോടെ ദിവാൻകട്ടിലെത്തി. അൽപനേരം അതിൽ കിടന്നു വിഎസ് ഒന്നു മയങ്ങി. ഇതിനിടെ സോളിഡാരിറ്റി ബാലസംഘത്തിനൊപ്പമെത്തിയ എടനീർ ജിവിഎച്ച്എസ്എസിലെ വിദ്യാർഥിനി നിത്യശ്രീ ഉറങ്ങിക്കിടന്ന വിഎസിന്റെ കയ്യിലും നിങ്ങൾ മാലയിട്ടു.

ഉണർന്ന വി.എസ്. മാലയഴിച്ചു വിച്ചു. വിഎസിനു മുത്തം നൽകിയാണു പെൺകുട്ടി മടങ്ങിയത്. സെക്രട്ടറിയറ്റിലെയും മറ്റും ജീവനക്കാർ കുട്ടിക്കൂട്ടുകാരുമായി ജാഥയുമായി എത്തിയതോടെ ഉച്ചയോടെ സെക്രട്ടേറിയറ്റും മറ്റു സർക്കാർ ഓഫിസുകളും കാലിയായി.

കാസർകോട്ടെ എൻഡോസൾഫാൻ ദുരന്തബാധിതരെ സമരപ്പന്തലിലേക്ക് എത്തിക്കാൻ ശ്രമം നടന്നെങ്കിലും ആരും എത്തിയിരുന്നില്ല. സമരപന്തൽ സംഗതിയിൽ കേന്ദ്ര കൃഷിമന്ത്രിയും എൻസിപി നേതാവുമായ ശരദ് പവാറിനെതിരെ കടുത്ത ആക്രമണം. വിഎസ് നടത്തിയപ്പോൾ എൻസിപിക്കാർ വിഷണ്ണരായി അതിനു സാക്ഷ്യം വഹിച്ചു.

ദക്ഷിണമേഖലാ എഡിജിപി: പി. ചന്ദ്രശേഖറിന്റെ നേതൃത്വത്തിൽ വൻ പൊലീസ് സന്നാഹവും സർക്കാർ സംവിധാനങ്ങളും രക്തസാക്ഷിമണ്ഡപത്തിലുണ്ടായിരുന്നു. എൻഡോസൾഫാൻ നിരോധനത്തിനെതിരെ സ്റ്റോക്ഹോം കൺവൻഷനിൽ ഇന്ത്യ നിലപാട് സ്വീകരിക്കുമെന്ന വാർത്ത മുഖ്യമന്ത്രി അറിയിച്ചതോടെ 'ഷെയിം, ഷെയിം' വിളികൾ ഉയർന്നു. എൻഡോസൾഫാൻവിരുദ്ധസമരം തുടരുമെന്ന മുന്നറിയിപ്പോടെയാണു വിഎസ് സമരം താൽക്കാലികമായി അവസാനിപ്പിച്ചത്.

മലയാള മനോരമ

26 April 2011



എൻഡോസൾഫാനെതിരെ സമര പ്രളയം

ദീപിക

25 April 2011

കേന്ദ്രം കുത്തകകളെ സഹായിക്കുന്നു: പിണറായി

സമരവുമായി മുന്നോട്ടുപോകുമെന്ന് മുഖ്യമന്ത്രി

ഉദ്ഘാടനപ്രസംഗം കഴിഞ്ഞു മുഖ്യമന്ത്രി തളർന്നു

എൻഡോസൾഫാൻ വിരുദ്ധ സമരത്തിൽ പവാറിന്റെ പാർട്ടിയും



കേരള മുഖ്യമന്ത്രി നേതൃത്വം നൽകുന്നതിനാലാണു സമരത്തിൽ പങ്കെടുത്തതെന്നു കാതോലിക്കാ ബാവ

എൻഡോസൾഫാൻ

എൻസിപിയിൽ പൊട്ടിത്തെറി, പാർട്ടി നേതാവു രാജിവച്ചു

എംപാനൽ കണ്ടക്ടർമാർക്കു ഡ്യൂട്ടി, പിഎസ്സി വഴിയെത്തിവർക്കു പണിയില്ല



മാതൃഭൂമി

26 April 2011

വി.എസ്സിനു പിന്തുണയുമായി മതമേലദ്ധ്യക്ഷന്മാർ

മുഖ്യമന്ത്രിയുടെ ഉപവാസത്തിന് വമ്പിച്ച പിന്തുണ

'അന്തക'സൾഫാനെതിരെ പ്രതിഷേധം ഇരമ്പി

എൻഡോസൾഫാനെതിരെ നാടെങ്ങും പ്രതിഷേധം



കേരള കൗമുദി

26 April 2011

പൊതുവികാരം മാനിക്കാത്തവർ എൻഡോസൾഫാൻ അനുകൂലികൾ: പിണറായി വിജയൻ

26 April 2011 Kerala Kaumudi

തറവാട് മുടിഞ്ഞാലും ഇനി ഞങ്ങൾക്ക് കുട്ടി വേണ്ട



മംഗളം

26 April 2011



■ യു.ഡി.എഫും പിണറായിയും വിട്ടുനിന്നു

Mangalam 26 April 2011

മേടച്ചൂടിലും തളരാതെ വി.എസ്; അഭിവാദ്യവുമായി ആയിരങ്ങൾ

27 April 2011

ഇന്ത്യൻ നിലപാടിൽ മറ്റു രാജ്യങ്ങൾക്കെതിർപ്പ്

■ എൻഡോസൾഫാൻ പ്രശ്നം ഉപസമിതിക്ക്

ഇടതു ഹർത്താൽ 29-ന്





എൻഡോസൾഫാൻ നിരോധിക്കണമെന്നാവശ്യപ്പെട്ട് ബിഎസ്പിയുടെ നേതൃത്വത്തിൽ നടത്തിയ സെക്രട്ടേറിയറ്റ് മാർച്ച് സുധാകരൻ ഉദ്ഘാടനം ചെയ്യുന്നു.

എൻഡോസൾഫാൻ നിരോധിക്കണം: ഗാന്ധിമിത്ര മണ്ഡലം

നെയ്യാറ്റിൻകര: മനുഷ്യനും ജീവജാലങ്ങൾക്കുമൊക്കെ മാരകമായ ഭീഷണിയുയർത്തുന്ന എൻഡോസൾഫാൻ നിരോധിക്കണമെന്ന് ഗാന്ധിമിത്ര മണ്ഡലം നെയ്യാറ്റിൻകര യൂണിറ്റ് ആവശ്യപ്പെട്ടു. ഗാന്ധി സ്മാരക നിധി ചെയർമാൻ പി. ഗോപിനാഥൻനായർ പ്രമേയം അവതരിപ്പിച്ചു. മണ്ഡലം പ്രസിഡന്റ് എം. വേണുഗോപാലൻതമ്പി, രക്ഷാധികാരി അഡ്വ. എസ്.ആർ. തങ്കരാജ്, ജനറൽ സെക്രട്ടറി സനിൽകുമാർ തിരുത്തിയിൽ എന്നിവർ പ്രസംഗിച്ചു.

മംഗളം

27 April 2011

എൻഡോസൾഫാൻ: കേരളം കേണിട്ടും കേന്ദ്രമെന്തേ കനിഞ്ഞില്ല ?

■ എം.എ. റഹ്മാൻ



മാധ്യമം

27 April 2011



• ഗ്രീൻ കാസുലിറ്റിയുടെ നേതൃത്വത്തിൽ സെക്രട്ടേറിയറ്റിനു മുന്നിൽ നടക്കുന്ന എൻഡോസൾഫാൻ വിരുദ്ധ ഉപവാസത്തിൽ ശിവശിരി മാധവിഅമ്മ സ്വാമി ജ്ഞാനാത്മാനന്ദ, സ്വാമി ശുദ്ധാനന്ദ സ്വാമി എന്നിവർ അഭിവാദ്യം അർപ്പിച്ച് എത്തിയപ്പോൾ. മംഗളം

എൻഡോസൾഫാൻ വിരുദ്ധപോരാട്ടത്തിൽ എൻ.സി.പി ഉറച്ചുനിൽക്കും: ഉഴവൂർ വിജയൻ

എൻഡോസൾഫാനെതിരെ പ്രതിഷേധം

റസിഡൻസ് അസോ. വാർഷികം

മാധ്യമം

27 April 2011

ജനീവയിൽ ഇന്ത്യ ഒറ്റപ്പെട്ടു

തന്ത്രം തകർത്തത് അറബ് രാജ്യങ്ങൾ

വി.എസിന്റെ ഉപവാസം ജനീവയിൽ ശ്രദ്ധ പിടിച്ചുപറ്റി

കേരളത്തിൽ നിരോധം നടപ്പാക്കാനാവാത്തെ മുഖ്യമന്ത്രി രാഷ്ട്രീയം കളിക്കുന്നു - ഉമ്മൻചാണ്ടി

വെള്ളിയാഴ്ച എൽ.ഡി.എഫ് ഹർത്താൽ

എൻഡോസൾഫാൻ നിരോധിക്കാനായി നിരാഹാരം; ബാഇസിനെ ആശുപത്രിയിലേക്ക് മാറ്റി

എൻഡോസൾഫാൻ: കേന്ദ്രത്തിന്റെ അനുകൂല നിലപാടിനെതിരെ ഉപഹരജി

എൻഡോസൾഫാൻ പ്രയോഗം നരഹത്യ

സി. ദാക്ഷായണൻ



മാതൃഭൂമി

പവാറിനെതിരെ വി.എസിന്റെ വിമർശനം

മാതൃഭൂമി

27 April 2011

എൻഡോസൾഫാനെതിരെ കൂടുതൽ രാജ്യങ്ങൾ



ലോകത്തുടനീളം 63 രാജ്യങ്ങൾ ഇതിനകം എൻഡോസൾഫാൻ നിരോധിച്ചിട്ടുണ്ട്. കാൻസറിനും ജനിതകതകരാറുകൾക്കും കാരണമാകുന്ന കീടനാശിനിയെന്നാണ് വിദഗ്ധർ വിശേഷിപ്പിച്ചിരിക്കുന്നത്.

ഇന്ത്യയിലാണ് എൻഡോസൾഫാൻ ഏറ്റവും കൂടുതലായി ഉപയോഗിക്കുന്നത്. ഉത്പാദനത്തിന്റെ കാര്യത്തിലും ഇന്ത്യ മുന്നിലാണ്. ഏകദേശം 4500 ടൺ എൻഡോസൾഫാൻ ആണ് ഇന്ത്യ പ്രതിവർഷം ഉത്പാദിപ്പിക്കുന്നത്. ഇതിൽ 3500 ടൺ ഇന്ത്യയിൽത്തന്നെ ഉപയോഗിക്കുന്നു. ഇതിൽ 2500 ടൺ കാർഷികാവശ്യത്തിനും 1000 ടൺ വിമാനത്താവളങ്ങളിലും റെയിൽവേ ട്രാക്കുകളിലും പുൽത്തകിടികളിലും തോട്ടങ്ങളിലുമാണ് തളിക്കുന്നത്.

എൻഡോസൾഫാൻ: ഇന്ത്യൻ നിലപാട് തിരുത്തണം -വി.എം.സുധീരൻ

കാസർകോട്ടെ ജനിതകവൈകല്യങ്ങൾക്കും കാൻസറിനും കാരണമാകുന്ന കീടനാശിനിയായ എൻഡോസൾഫാൻ നിരോധിക്കുന്ന കാര്യത്തിൽ സ്റ്റോക്ഹോം കൺവെൻഷനിൽ ഇന്ത്യ സ്വീകരിക്കുന്ന നിലപാട് തിരുത്തണമെന്ന് കെ.പി.സി.സി. പ്രസിഡന്റ് വി.എം.സുധീരൻ ആവശ്യപ്പെട്ടു. എൻഡോസൾഫാൻ വിരുദ്ധസമരസമിതി കാസർകോട്ട് പ്രഖ്യാപിച്ച പ്രക്ഷോഭപരിപാടിയിലെ നാലാമത്തെ ഉപവാസം അനുഷ്ഠിക്കുകയായിരുന്നു അദ്ദേഹം. എൻഡോസൾഫാൻ വിഷയത്തിൽ ഇന്ത്യയുടെ നിലപാട് നിരാശാജനകമാണ്. ഈ കൊടും വിഷം നിരോധിക്കാൻ ഇന്ത്യ തയ്യാറാകണം. സംസ്ഥാന സർക്കാരും ജനപ്രതിനിധികളും മതസംഘടനകളിലും സന്നദ്ധസംഘടനകളിൽ ഇതുസംബന്ധിച്ചുകൂടിയാലോചനകൾ നടത്തണം.

കേരളത്തിൽ എൻഡോസൾഫാനേക്കാൾ മാരകമായ അഞ്ച് കീടനാശിനികൾ

ലെസ്‌ലി അഗസ്റ്റിൻ

തൃശ്ശൂർ: എൻഡോസൾഫാനേക്കാൾ മാരകമായ കാർബോഫിറാൻ, ഫോറേറ്റ്, മോണോക്രോട്ടോഫോസ്, മീഥൈൽ പാരാതിയോൺ, മെറ്റാസിസ്റ്റോക്സ് എന്നീ കീടനാശിനികളും കേരളത്തിൽ പല കൃഷികൾക്കും നിയന്ത്രണമില്ലാതെ ഉപയോഗിക്കുന്നു. ഇതിൽ കാർബോഫിറാൻ വ്യാപകമായാണ് ഉപയോഗിക്കുന്നത്. ഈ കീടനാശിനികളെ ഏറ്റവും മാരകമായ വിഭാഗത്തിൽപ്പെടുത്താണ്. ഇതിനു തൊട്ടുതാഴെയുള്ള വിഭാഗത്തിലുള്ളതാണ് എൻഡോസൾഫാൻ. കൃഷിയെയും കർഷകരെയും ബാധിക്കുന്ന പന്ത്രണ്ട് കീടനാശിനികളെ എൻഡോസൾഫാന് പുറമെ കേരളത്തിൽ ഉപയോഗിക്കുന്നുണ്ട്.

എൻഡോസൾഫാനോടൊപ്പം വ്യാപകമായി ഉപയോഗിക്കുന്നത് ലിൻഡെയ്ൻ, മീഥൈൽ പാരാതിയോൺ എന്നിവയാണ്. ഇതേ ഗണത്തിൽപ്പെട്ട ആലുമിനിയം ഫോസ്ഫൈഡ്, ഡി.ഡി.വി.പി., മീഥൈൽ ഡ്രോക്സൈഡ്, സോഡിയം സയനൈഡ്, മീഥോക്സി ഈഥൈൽ മെർക്കുറിക് ക്ലോറൈഡ്, മോണോക്രോട്ടോഫോസ്, ഫെനിട്രോതയോൺ, ഡയാസിനോൺ, ഫെൻ പ്രൊപാത്രിൻ, ഡൈസോമെറ്റ് എന്നിവയും കോട്ടയത്തിൽ ഉപയോഗിക്കുന്നതായി കാർഷികോദ്യോഗസ്ഥർ പറയുന്നു. പക്ഷേ, ഇവയൊന്നും രാസനാമങ്ങളിലല്ല വിപണിയിലെത്തുന്നത്. കമ്പനികളുടെ പേരിലാണ്. അതുകൊണ്ടുതന്നെ കർഷകർ ഈ കീടനാശിനികളെ വിതയ്ക്കുന്ന നാശത്തെക്കുറിച്ച് അജ്ഞരാണ്.

വിഷാംശം അടങ്ങിയിരിക്കുന്നതിന്റെ അളവനുസരിച്ച് കീടനാശിനികളെ നാലായിട്ടാണ് ലോകാരോഗ്യസംഘടന തരംതിരിച്ചിരിക്കുന്നത്. ഏറ്റവും കൂടുതൽ വിഷാംശമടങ്ങിയിരിക്കുന്നവയെ വ്യവഹരിക്കുന്നത് കൂടുതൽ വിഷാംശമുള്ളവയെ മഞ്ഞ, കുറച്ച് വിഷാംശമുള്ളവയെ നീല, വിഷാംശം ഏറ്റവും കുറഞ്ഞവയെ പച്ച എന്നിങ്ങനെ. എലികളിൽ കീടനാശിനി ഉപയോഗിച്ചുനടത്തിയ പരീക്ഷണങ്ങളുടെ അടിസ്ഥാനത്തിലാണ് ഈ തരംതിരിക്കൽ. ഒരു നിശ്ചിതഡോസ് കീടനാശിനി എലികളിൽ കുത്തിവെയ്ക്കുന്നു. അതിൽ അമ്പതുശതമാനം ചത്തുപോയാൽ ആ കീടനാശിനി എൽ.ഡി. 50 എന്ന ലേബലിലാണ് അറിയപ്പെടുന്നത്. വെറും 0-50 മില്ലി ഗ്രാം കീടനാശിനി ഉപയോഗിക്കുമ്പോഴേക്കും അതെന്നെ എൽ.ഡി. 50 വരെ കാണിച്ചാൽ അവയെ മുഴുവൻ ഗണത്തിൽ ഉൾപ്പെടുത്തുന്നു. 50-500 മില്ലി ഗ്രാം കീടനാശിനി ഉപയോഗിക്കുമ്പോഴാണ് അവയെ മറ്റൊരു ഗണത്തിൽപ്പെടുത്തുക. എൻഡോസൾഫാൻ ഈ ഗണത്തിലാണ്. പരീക്ഷണങ്ങളിലൂടെയാണിതും. അവ പ്രകൃതിയെ എങ്ങനെ ബാധിക്കുന്നുവെന്നോ മണ്ണിലെത്ര കാലം അതിന്റെ പരിണിതഫലങ്ങൾ നിലനിൽക്കുമെന്നോ അന്വേഷിക്കുന്നില്ല. ഇതിനും ഈ ഏത് മാധ്യമത്തിലൂടെയാണ് മനുഷ്യശരീരങ്ങളിലേക്ക് പകരുന്നതെന്നോ, ഏതൊക്കെ ജീവികൾ കീടനാശിനിയെ അതിജീവിക്കാൻ കഴിയുമെന്നോ അറിയുന്നുമില്ല.

27 കീടനാശിനികളെ ഇന്ത്യയിൽ പൂർണ്ണമായും നിരോധിച്ചിട്ടുണ്ട്. ടെക്കോറോ ആസെറിക് ആസിഡ്, കാർബസൾഫാൻ, ക്ലോർഡെയിൻ എന്നിവയുൾപ്പെടെ. കൃഷിക്ക് എന്ന് ഉപയോഗിക്കണം, എത്രയളവിൽ എന്നൊക്കെ തീരുമാനിക്കുന്നത് വളരെ കീടനാശിനികളും വിൽക്കുന്ന കടക്കാരനോ ഡീലറോ ആണെന്ന് ഒരു ഗവേഷകൻ പറയുന്നു.

കീടനാശിനിക്കു പകരം കുമിൾനാശിനി പ്രയോഗിച്ച് വിപത്തുകൾ വരുത്തിവെച്ച കർഷകർ ധാരാളമുണ്ടെന്നും അദ്ദേഹം പറഞ്ഞു. ഉപഭോക്തൃസംസ്ഥാനായ കേരളത്തിൽ മാത്രം കീടനാശിനികളെ നിരോധിച്ചതുകൊണ്ട് വലിയ മെച്ചമില്ല. ഇവയുടെ അവകരണത്തിനുള്ള ഒരു കയറ്റുമതിക്കാൻ രാജ്യാന്തര തലത്തിൽ നിരോധനം ഉണ്ടാകേണ്ടതുണ്ട്.

എൻഡോസൾഫാൻ: സംസ്ഥാനങ്ങളുടെ അഭിപ്രായമാരായുന്നു

ന്യൂഡൽഹി: എൻഡോസൾഫാൻ രാജ്യത്തുടനീളം നിരോധിക്കാനുള്ള സുപ്രീംകോടതിനിർദേശത്തിന്റെ പശ്ചാത്തലത്തിൽ കേന്ദ്ര ആരോഗ്യമന്ത്രി ഗുലാംനബി ആസാദ് സംസ്ഥാനസർക്കാരുകളുടെ അഭിപ്രായം തേടുന്നു.

കേരളത്തിൽനിന്ന് സർവകക്ഷിസംഘവും തുടർന്ന് പ്രതിപക്ഷനേതാവ് കെ.പി.സി.സി. പ്രസിഡന്റ് എന്നിവരും പ്രധാനമന്ത്രി മൻമോഹൻസിങിനെ വെവ്വേറെ സന്ദർശിച്ച് നിവേദനം നൽകിയതിന് തുടർച്ചയായാണ് തീരുമാനം. കേന്ദ്ര കൃഷിമന്ത്രി ശരദ്പവാർ പ്രധാനമന്ത്രിയുമായി ഈ വിഷയം പ്രത്യേകം ചർച്ചചെയ്തു. തുടർന്നാണ് ഈ സംസ്ഥാനങ്ങളുടെ അഭിപ്രായവും അവിടങ്ങളിലെ സ്ഥിതിയും ആരായാൻ നിയോഗിച്ചത്. കൃഷിമന്ത്രിയായ ശേഷമാണ് എല്ലാ സംസ്ഥാനങ്ങൾക്കും കത്തെഴുതിയത്. ബന്ധപ്പെട്ട കേന്ദ്രങ്ങൾ അറിയിച്ചു. 2006-ൽ കേരളത്തിൽ എൻഡോസൾഫാന് പൂർണനിരോധനം ഏർപ്പെടുത്തിയ അവസരത്തിലും കൃഷിമന്ത്രിയായിരുന്നു ശരദ്പവാർ. വിവിധ സംസ്ഥാനങ്ങളുടെ അഭിപ്രായം ആരാഞ്ഞതിനുശേഷമാണ് അന്ന് മറ്റൊരു സംസ്ഥാനവും കീടനാശിനി നിരോധിക്കാൻ ആവശ്യപ്പെട്ടില്ല. കേരളവും കർണാടകവുമാണ് എൻഡോസൾഫാൻ നിരോധിക്കാൻ ഇപ്പോഴും ആവശ്യപ്പെടുന്നത്. കേരളത്തിൽ സമ്പൂർണനിരോധനം നിലവിലുണ്ട്. ചില്ലറവിൽപ്പനയ്ക്കുള്ള സാധ്യതകൂടി കർണാടകത്തിൽ നിരോധനം ഏർപ്പെടുത്തിയത്. അതും കേരളത്തോട് ചേർന്നുകിടക്കുന്ന കർണാടകയിലെ മൂന്നു ജില്ലകളിൽ മാത്രം.

ഇടതുസർക്കാർ രാഷ്ട്രീയം കളിക്കുന്നു -ഉമ്മൻചാണ്ടി

കോഴിക്കോട്: എൻഡോസൾഫാൻ നിരോധിക്കാൻ നിയമഭേദഗതി കൊണ്ടുവരുന്നതിനുള്ള നടപടിക്രമങ്ങൾ മുഴുമിപ്പിച്ചു. ഇടതുസർക്കാരും രാഷ്ട്രീയം കളിക്കുകയാണെന്ന് പ്രതിപക്ഷനേതാവ് ഉമ്മൻചാണ്ടി കുറ്റപ്പെടുത്തി.

യു.ഡി.എഫ്. സർക്കാരിന്റെ അവസാനമന്ത്രിസഭ 2006 ഒക്ടോബർ 31-ന് കേരളത്തിൽ എൻഡോസൾഫാൻ നിരോധിച്ച് കേന്ദ്രസർക്കാർ ഉത്തരവിറക്കിയിരുന്നു. പക്ഷേ, നാലുവർഷം കഴിഞ്ഞിട്ടും ഒരു കേന്ദ്രമന്ത്രാലയും ഇതുസംബന്ധിച്ച് കൂടുതലൊന്നും ചെയ്തിട്ടില്ല. എൻഡോസൾഫാൻ വലിച്ചെറിയുന്നതിനുള്ള സാങ്കേതിക വിദഗ്ധരില്ലാതെ വാഹനപരിശോധനയുള്ളതുകൊണ്ടാണ് കുടിവെള്ളത്തിൽ കീടനാശിനിയുടെ അംശം കണ്ടെത്തിയതെന്നാണ് ഇടതുസർക്കാർ പറയുന്നത്. എന്നാൽ കഴിഞ്ഞ നാലുവർഷത്തിനുള്ളിൽ ഒരു എയ്റോപ്ലെയ്ൻപോലും വാഹനപരിശോധനയ്ക്കായി ഉപയോഗിച്ചിട്ടില്ലെന്നും അതിനുള്ള അധികാരം തനിക്കുണ്ടായിരുന്നുവെന്നും ഉമ്മൻചാണ്ടി പറഞ്ഞു. ഇതുസംബന്ധിച്ച് കേന്ദ്രമന്ത്രി കെ.വി. തോമസിന് കത്തയച്ചിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.

ദീപിക

എൻഡോസൾഫാൻ: ഹർജി വെള്ളിയാഴ്ച പരിഗണിക്കും

കൊച്ചി: എൻഡോസൾഫാൻ കേസിൽ ഹൈക്കോടതിയിൽ നൽകിയ ഉപഹർജി വെള്ളിയാഴ്ച പരിഗണിക്കാനായി മാറ്റി. ജസ്റ്റിസ് കെ. സുരേന്ദ്രമോഹനനാണ് ഹർജി പരിഗണിക്കുന്നത്.

സ്റ്റോക്ഹോം കൺവൻഷനിൽ എൻഡോസൾഫാന്റെ ഉത്പാദനം, ഉപഭോഗം എന്നിവയുടെ ചർച്ചയിൽ ഇന്ത്യ അനുകൂല നിലപാടെടുക്കരുതെന്നു നിർദേശിക്കണമെന്നാണ് ഉപഹർജിയിലെ ആവശ്യം. 60 രാജ്യങ്ങൾ എൻഡോസൾഫാൻ നിരോധനവുമായി രംഗത്തുവന്നിട്ടുണ്ട്. ഇരുപതോളം രാജ്യങ്ങൾ കൂടി സമ്മേളനത്തിൽ അനുകൂല നിലപാടെടുക്കും. ഈ സാഹചര്യത്തിൽ, ഇന്ത്യ എൻഡോസൾഫാൻ ഉത്പാദനത്തിന് അനുകൂല നിലപാടെടുക്കരുതെന്നാണു ഹർജിക്കാരന്റെ ആവശ്യം.

എൻഡോസൾഫാൻ ഇരകൾക്ക് പുനരധിവാസം, നഷ്ടപരിഹാരത്തിനായി പ്രത്യേക ട്രൈബ്യൂണലുകൾ എന്നീ ആവശ്യങ്ങൾ ഉന്നയിച്ച് നൽകിയ ഹർജിയിലാണ് ഇന്നലെ വീണ്ടും ഉപഹർജി നൽകിയത്. ഇന്ത്യൻ ലോയേഴ്സ് കോൺഗ്രസ് പ്രസിഡന്റ് ടി.

മാതൃഭൂമി

27 April 2011

ജനീവയിൽ ഇന്ത്യ ഒറ്റപ്പെട്ടു

ജനീവ: സ്റ്റോക്ക്ഹോം കൺവെൻഷന്റെ രാഷ്ട്രീയ സമ്മേളനത്തിൽ ജനീവയിൽ നടക്കുന്ന അന്താരാഷ്ട്രയോഗത്തിൽ എൻഡോസൾഫാൻ നിരോധനത്തിനെതിരെ സമവായമുണ്ടാക്കാനുള്ള ഇന്ത്യയുടെ നിലപാടിന് തിരിച്ചടിയേറ്റു. എൻഡോസൾഫാൻ ഗണ്യമായ ആരോഗ്യപാരിസ്ഥിതിക പ്രശ്നങ്ങളുണ്ടാക്കിയതായി തെളിയിക്കപ്പെട്ടിട്ടില്ലെന്ന ഇന്ത്യയുടെ നിലപാടിനെ ബഹ്റൈനും ഖത്തറും എതിർത്തോടെ ഇന്ത്യൻ താത്പര്യം ഏഷ്യാ-പസഫിക് മേഖലയുടെ പൊതുനിലപാടായി അവതരിപ്പിക്കാനുള്ള ശ്രമം പരാജയപ്പെട്ടു. സമ്മേളനത്തിൽ വോട്ടെടുപ്പ് വന്നാൽ ഒറ്റപ്പെടുമെന്ന അവസ്ഥ മുന്നിൽക്കണ്ടതുകൊണ്ട് ഇന്ത്യൻ പ്രതിനിധികൾ അനുരഞ്ജനത്തിനു ശ്രമം തുടങ്ങിയിട്ടുണ്ട്.

കേരളമുൾപ്പെടെ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നടക്കുന്ന മനുഷ്യപ്രക്ഷോഭം അവഗണിച്ച് നിരോധനത്തെ എതിർത്തുകൊണ്ടു കരടുപ്രസ്താവന തയ്യാറാക്കിയ ഇന്ത്യ, തങ്ങൾക്കു പിന്നിൽ കൂടുതൽ രാജ്യങ്ങളെ അണിനിരത്താൻ പരിശ്രമിച്ചുതുടങ്ങിയിരിക്കുകയാണ്. ഏഷ്യൻ രാജ്യങ്ങൾക്കെന്ന എതിർപ്പുയർത്തിയത്. നിരോധനം വേണ്ടെന്ന അഭിപ്രായം ഇന്ത്യയുടെ മാത്രം നിലപാടായി അവതരിപ്പിച്ചുവെന്നും ഏഷ്യാ-പസഫിക് മേഖലയുടെ പൊതുനിലപാടായി അതിനെ കാണാൻ പറ്റില്ലെന്നും ബഹ്റൈനും ഖത്തറും വ്യക്തമാക്കി. ദക്ഷിണ ശാന്തസമുദ്ര ദ്വീപ്രാജ്യമായ സമോവയാണ് ഇപ്പോൾ നിരോധനത്തിനെതിരെ പരസ്യനിലപാട് പ്രഖ്യാപിച്ചിട്ടുള്ളത്. ഇറോപ്യൻ യൂണിയനും അമേരിക്കയും ആഫ്രിക്കൻ രാജ്യങ്ങളും നിരോധനത്തിന് അനുകൂലമായി ശക്തമായി രംഗത്തുണ്ട്.

പരിസ്ഥിതിക്കും ആരോഗ്യത്തിനും സ്ഥായിയായ ഹാനി വരുത്തുന്ന രാസവസ്തുക്കളുടെ നിരോധനം ലക്ഷ്യമിട്ടുള്ള സ്റ്റോക്ക്ഹോം കരാറിൽ ഭാഗഭാക്കായിട്ടുള്ള രാജ്യങ്ങളുടെ അഞ്ചാമതു സമ്മേളനമാണ് ജനീവയിൽ നടക്കുന്നത്. കഴിഞ്ഞ വർഷം കരാറുമായി ബന്ധപ്പെട്ട പുനഃപരിശോധനാ സമിതി യോഗം ചേർന്നപ്പോഴും എൻഡോസൾഫാനെ മാരകകീടനാശിനികളുടെ പട്ടികയിൽ ഉൾപ്പെടുത്താൻ തീരുമാനമായിരുന്നു. കൃഷി-പരിസ്ഥിതിമന്ത്രാലയങ്ങളിലെ ഉദ്യോഗസ്ഥരാണ് ഇന്ത്യയുടെ പ്രതിനിധികളായി സമ്മേളനത്തിൽ പങ്കെടുക്കുന്നത്. പ്രതിനിധിസംഘത്തലവൻ ഡൽഹി വ്യവസായ ഗവൺമെന്റ് സംഘത്തലവൻ. കൃഷിവകുപ്പ് ഡെപ്യൂട്ടി സെക്രട്ടറി വന്ദന ജെയിനും മറ്റ് ഉദ്യോഗസ്ഥർക്കുമൊപ്പം എൻഡോസൾഫാൻ നിർമ്മാണകമ്പനിയായ എക്സൽ ക്രോപ്പ് കെയർ ലിമിറ്റഡിന്റെ പ്രതിനിധികളും സമ്മേളനത്തിൽ പങ്കെടുക്കുന്നുണ്ട്.

എൻഡോസൾഫാൻ ഉപേക്ഷിച്ചാൽ നഷ്ടപരിഹാരം നൽകുകയാണെങ്കിൽ ഒട്ടേറെ രാജ്യങ്ങൾ നിരോധനത്തെ അനുകൂലിച്ചേക്കുമെന്ന് കേരളത്തിൽനിന്ന് നിരീക്ഷകരായി കൺവെൻഷനിൽ പങ്കെടുക്കുന്ന ഡോ. മുഹമ്മദ് അഷീൽ പറഞ്ഞു. എൻഡോസൾഫാൻ നിരോധിക്കണമെന്നാവശ്യപ്പെട്ട് മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദൻ നടത്തിയ ഉപവാസം ജനീവയിൽ ചർച്ച ചെയ്യപ്പെട്ടു. കേരളത്തിൽനിന്നുള്ള നിരീക്ഷകൻ സി. ജയകുമാറാണ് മുഖ്യമന്ത്രിയുടെ ഉപവാസവും പൊതുയോഗങ്ങളും സംബന്ധിച്ച കാസണം പ്രതിനിധികളുടെ ശ്രദ്ധയിൽ പെടുത്തിയത്. എൻഡോസൾഫാന് അനുകൂലമായ ഇന്ത്യൻ നിലപാടിനെ ഇത് ദുർബലപ്പെടുത്തുമെന്നു തിരിച്ചറിഞ്ഞ സർക്കാർ പ്രതിനിധികം സന്നദ്ധസംഘടനാ പ്രതിനിധികളുമായി അനുരഞ്ജനത്തിനു ശ്രമിക്കുകയുണ്ടായി. ഇന്ത്യയുടെ അവസാന നിലപാട് സമ്മേളനത്തിൽ പ്രഖ്യാപിച്ചിട്ടില്ല. എൻഡോസൾഫാൻ ഒരുതരത്തിലുള്ള ആരോഗ്യപ്രശ്നങ്ങളും ഉണ്ടാക്കില്ലെന്ന വാദം ഉപേക്ഷിക്കാൻ ഇന്ത്യ തയ്യാറായേക്കുമെന്നാണ് സൂചന. വെള്ളിയാഴ്ചയാണ് സമ്മേളനം സമാപിക്കുക.

എൻഡോസൾഫാനെയിരെ കൂടുതൽ രാജ്യങ്ങൾ 15

എൻഡോസൾഫാൻ



- നിരോധനം വേണ്ടെന്നത് പൊതുനിലപാടല്ലെന്ന് ബഹ്റൈനും ഖത്തറും
- അനുരഞ്ജനത്തിന് ശ്രമം തുടരുന്നു
- ഇന്ത്യ നിലപാട് മയപ്പെടുത്തിയേക്കും

വെള്ളിയാഴ്ച എൽ.ഡി.എഫ് ഹർത്താൽ

തിരുവനന്തപുരം: മാരകമായ എൻഡോസൾഫാൻ കീടനാശിനി നിരോധിക്കാത്ത കേന്ദ്ര നടപടിയിൽ പ്രതിഷേധിച്ച് വെള്ളിയാഴ്ച സംസ്ഥാന വ്യാപകമായി ഹർത്താൽ ആചരിക്കാൻ ഇടതുമുന്നണി സംസ്ഥാന സമിതി തീരുമാനിച്ചതായി എൽ.ഡി.എഫ് കൺവീനർ വൈക്കം വിശ്വൻ പത്രസമ്മേളനത്തിൽ അറിയിച്ചു. രാവിലെ ആറുമുതൽ വൈകിട്ട് ആറുവരെയാണ് ഹർത്താലിന് ആഹ്വാനമുള്ളത്. ഇരുചക്രവാഹനങ്ങളും പാൽ, പത്രം, ആശുപത്രിയെത്തിക്കുന്ന വിവാഹം എന്നിവയെ ഹർത്താലിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്.

എൻഡോസൾഫാൻ നിരോധിക്കുന്നതുമായി ബന്ധപ്പെട്ട് സ്റ്റോക്ഹോമിൽ നടക്കുന്ന സമ്മേളനം അവസാനിക്കുന്ന ദിവസമായതിനാലാണ് വെള്ളിയാഴ്ച ഹർത്താലിന് ആഹ്വാനം ചെയ്തിട്ടുള്ളത്. ഹർത്താലിന് പിന്തുണ പ്രഖ്യാപിച്ച് ബുധനാഴ്ച വൈകിട്ട് സംസ്ഥാനത്തെ കാൽലക്ഷം യൂണിറ്റുകളും പന്തംകൊളുത്തിപ്രകടനം നടത്തുമെന്ന് ഡി.വൈ.എഫ്.ഐ സംസ്ഥാന സെക്രട്ടറിയേറ്റ് അറിയിച്ചു. എൻഡോസൾഫാൻ വിരുദ്ധ പോരാട്ടത്തിൽ എൻ.സി.പി. ഉറച്ചുനിൽക്കുമെന്ന് സംസ്ഥാന വൈസ്പ്രസിഡന്റ് ഉഴവൂർ വിജയൻ അറിയിച്ചു.

ഹർത്താൽ രാഷ്ട്രീയമുതലെടുപ്പിനു വേണ്ടി മാത്രമാണെന്ന് കെ.പി.സി.സി. പ്രസിഡന്റ് രമേശ് ചെന്നിത്തല വ്യക്തമാക്കി.

എൻഡോസൾഫാൻ സമരം സ്വന്തമാക്കാൻ പാർട്ടി തന്ത്രം

സ്വന്തം ലേഖകൻ

തിരുവനന്തപുരം: തിരഞ്ഞെടുപ്പു നാളുകളിൽ ആഞ്ഞടിക്കുമെന്ന് കരുതിയ എൻഡോസൾഫാൻ സമരം വഴി വി.എസ്. അച്യുതാനന്ദൻ ജനപിന്തുണയുടെ തുടർച്ചയുണ്ടാക്കുന്നത് സി.പി.എമ്മിലെ ഒരുവിഭാഗം നേതാക്കളെ അസ്വസ്ഥരാക്കുന്നു. വിഭാഗീയതയുടെ കാലത്ത് പാർട്ടിക്കുള്ളിൽ വി.എസിനെതിരെ ഉപയോഗിച്ച ആയുധങ്ങളിലൊന്നായിരുന്നു എൻഡോസൾഫാൻ വിഷയം. ഇപ്പോൾ വി. എസിനെതിരെ ഇതേ വിഷയം ഉപയോഗിക്കുന്നതിൽ അവർക്ക് ചില്ലറ ബുദ്ധിമുട്ടുകളുണ്ട്.

അതുപോലെ അഴിമതിക്കെതിരെ നടത്തിയ സമരത്തിന് രാഷ്ട്രീയപക്ഷമില്ലെന്ന് പിണറായി പറഞ്ഞതിനെ കാപ്പാട്ടുകാരുടെ കാപ്പാട്ടുകാരുടെ വി. എസിനെതിരെ നടത്തിയ ഉപവാസ സമരവും ഏറെ ശ്രദ്ധയാകർഷിച്ചു. ബി. ജെ. പി. ക്കുപോലും വി. എസിനെ സമരത്തിൽ പങ്കെടുക്കാൻ വന്നു. വി.എസിനെ ശ്രദ്ധയിൽപ്പെടുത്താൻ ഉയരുന്ന ഓരോ ശ്രമവും പാർട്ടിക്ക് അനിഷ്ടമായി വി.എസിനെ ജനപ്രീതി വർധിപ്പിക്കാനുള്ള അവസരമായി വ്യാഖ്യാനിക്കുന്നു.

സമരത്തിന്റെ വെള്ളിയാഴ്ചയിലെ ഒരു പ്രധാന ദിവസം ഒഴിവുള്ളവർക്കാൻ സി.പി.എം. തീരുമാനിച്ചു. പിറ്റേന്നു തന്നെ മുന്നണിയോഗം ചേർന്ന് എൻഡോസൾഫാൻ ഇരകളുടെ കാര്യത്തിൽ ഒരു തീരുമാനമുണ്ടാക്കാനും തീരുമാനിച്ചിട്ടുണ്ട്. പക്ഷേ, വി. എസിന്റെ പ്രഖ്യാപനത്തെ തുടർന്നാണ് തിരുമാനമുണ്ടായതെന്ന പ്രതീതി ഒഴിവാക്കാനാണ് പാർട്ടി ശ്രമിക്കുന്നത്. പാർട്ടിയിൽ നിന്ന് വേറിട്ട് വി. എസിന് ജനപ്രീതി ഉയരുന്നതിൽ സി.പി.എം. നേതൃത്വം ഗൗരവമായാണ് കാണുന്നത്. അതുകൊണ്ടുതന്നെ ഈ വിഷയത്തിൽ പാർട്ടി ഏറ്റെടുക്കുന്നതിന്റെ സൂചനകളാണ് കാണുന്നത്.

ഇതിനു മുന്നോടിയായി പാർട്ടി നേതാക്കൾ കാസർകോട്ടെ ദുരിതബാധിതരുടെ വീടുകൾ സന്ദർശിക്കുന്നുണ്ട്. പാർട്ടി നേതാക്കൾ ഇരകളുടെ വീടുകൾ സന്ദർശിക്കുന്നതിനെ വി.എസിന്റെ പര്യടനത്തിനുള്ള മറുപടിയായി വ്യാഖ്യാനിക്കുന്നുണ്ട്.

കേരളകൗമുദി

27 April 2011

കേരളകൗമുദി

1186 മേടം 14, 2011 ഏപ്രിൽ 27 ബുധൻ

അവിട്ടം 14-07 രാത്രി 46-49

1933 വൈശാഖം 7, 1432 ജമാദുൽ അവ്വൽ 23

അനുഭവിക്കാൻ തന്നെ കേരളത്തിന് വിധി

പൊതുവായ ഒരു കാര്യത്തിൽപ്പോലും യോജിക്കാനോ സംഘടിതശബ്ദം കൂട്ടി അധികാരത്തോട് വിലപേശാനോ കഴിയാത്തവിധം നിസ്സഹായരായിരിക്കുന്നവരാണ് പ്രതിപക്ഷക്കാരുമേത് ഒരിക്കൽക്കൂടി തെളിയിക്കുന്നതാണ് എൻഡോസൾഫാൻ നിരോധനത്തിന്റെ പേരിൽ സംസ്ഥാനത്ത് നടന്ന ബഹുജനസമരം

ഇരകൾക്കുവേണ്ടി ഇന്നലെ നടന്ന ഉപവാസത്തിൽ നിന്നുകൊണ്ട് എൻഡോസൾഫാൻ വിഷയം സമരം ഒഴിവാക്കുന്നതിനെക്കുറിച്ച് ഗൗരവമായി ചിന്തിക്കുന്നവരുണ്ടെങ്കിൽ അവർ പശ്ചാത്തപിക്കുന്നതാണ് നല്ലത്. ഇന്നലെ നടന്ന ഉപവാസത്തിൽ പങ്കെടുത്തവരുടെ എണ്ണമല്ല പ്രധാനം. ഇരകളുടെ ദുരിതത്തിൽ ഉത്കണ്ഠപ്പെടുന്ന ഏതൊരാൾക്കും ഇതിൽ പങ്കുചേരാമായിരുന്നു

മലയാള മനോരമ

27 April 2011

ഇന്ത്യൻ നിലപാടിനെതിരെ യൂറോപ്യൻ യൂണിയൻ, ചൈന, ആഫ്രിക്ക

എൻഡോസൾഫാൻ: ഇന്ത്യ ഒറ്റപ്പെട്ടു

ജനീവ: എൻഡോസൾഫാൻ ഗുരുതര ആരോഗ്യപ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ടെന്നും ആഗോളനിരോധനം ആവശ്യമാണെന്നും യൂറോപ്യൻ യൂണിയനും ചൈനയും മറ്റു പ്രമുഖ രാഷ്ട്രങ്ങളും വ്യക്തമാക്കിയതോടെ ഇക്കാര്യത്തിലെ ഇന്ത്യൻ നിലപാടിനു വൻ തിരിച്ചടി. ജനീവയിൽ നടക്കുന്ന 'സ്റ്റോക്കോം കൺവൻഷൻ' അംഗം. സമ്മേളനത്തിലെ ചർച്ചയിലാണ്, എൻഡോസൾഫാൻ ആഗോളനിരോധനം വേണ്ടെന്ന നിലപാടു സ്വീകരിച്ച ഇന്ത്യ ഒറ്റപ്പെട്ടത്. ആഫ്രിക്കൻ രാജ്യങ്ങൾ, അർജന്റീന, ജപ്പാൻ, സ്വിറ്റ്സർലൻഡ്, ദക്ഷിണ കൊറിയ തുടങ്ങിയവയും നിരോധനത്തെ അനുകൂലിക്കുകയാണ്.

സമ്മേളനത്തിൽ വോട്ടെടുപ്പിനു പകരം അഭിപ്രായ സമന്വയത്തിലൂടെ തീരുമാനമെടുക്കണമെന്ന ഇന്ത്യൻ നിലപാടിന് ഏഷ്യ-പസഫിക് രാജ്യങ്ങളുടെ പിന്തുണ നേടിയെടുക്കാനുള്ള ശ്രമവും വിജയിച്ചില്ല. അഭിപ്രായ സമന്വയം എന്ന നിർദേശത്തെ അനുകൂലിക്കുമെങ്കിലും എൻഡോസൾഫാൻ വിഷയം ഇതിൽ ഉൾപ്പെടുത്തരുതെന്നാണു ഘാന, ദക്ഷിണകൊറിയ തുടങ്ങിയ രാജ്യങ്ങൾ വ്യക്തമാക്കിയത്.

ആഗോളനിരോധനം ആവശ്യമുള്ള കീടനാശിനികളുടെ പട്ടികയായ 'അനക്സ് എ'യിൽ എൻഡോസൾഫാനെ ഉൾപ്പെടുത്തുന്നതാണ് ജനീവ സമ്മേളനത്തിലെ 16 അജൻഡകളിൽ ഒന്ന്. ലൈവ്വനാശകാരികളായ കീടനാശിനികളെക്കുറിച്ചുള്ള അവലോകന സമിതിയാണ് എൻഡോസൾഫാനെ 'അനക്സ് എ'യിൽ ഉൾപ്പെടുത്താൻ നിർദേശിച്ചത്. എൻഡോസൾഫാൻ ആരോഗ്യപ്രശ്നമുണ്ടാക്കില്ലെന്ന് 1998ൽ ക്യോട്ടോ, കാർഷിക ഓർഗനൈസേഷൻ (എഫ്എഒ) നൽകിയ റിപ്പോർട്ടിൽ പറയുന്നതാണ് നിരോധനത്തെ എതിർക്കാൻ ഇന്ത്യ പ്രധാനമായി ഉയർത്തിക്കാട്ടുന്നത്. എന്നാൽ, പഴയ റിപ്പോർട്ടിന് വിരുദ്ധമായി എൻഡോസൾഫാൻ ഹാനികരമാണെന്ന് ഇന്നലെ എഫ്എഒ പ്രതിനിധികൾ സമ്മേളനവേദിയിൽ അറിയിച്ചു. ഇതോടെ, ഇന്ത്യയുടെ വാദം വീണ്ടും ദുർബലമായി.

ഇന്നലെ ചർച്ചയിൽ പങ്കെടുത്ത 25 രാജ്യങ്ങളിൽ ഇന്ത്യക്കു പുറമേ സമ്പന്ന രാജ്യങ്ങൾ മാത്രമാണ് എൻഡോസൾഫാൻ നിരോധനത്തെ അനുകൂലിക്കാതിരുന്നതെന്ന് സമ്മേളനത്തിലെ സ്വതന്ത്ര നിരീക്ഷകനും കേരളത്തിൽ എൻഡോസൾഫാൻ ദുരിതബാധിതരുടെ പുനരധിവാസം സംബന്ധിച്ച സ്പെഷൽ ഓഫിസറുമായ ഡോ. മുഹമ്മദ് അഷീൽ പറഞ്ഞു. ജനീവ സമ്മേളനത്തിൽ മൊത്തം 173 രാജ്യങ്ങളാണു പങ്കെടുക്കുന്നത്. തീരുമാനങ്ങൾ വോട്ടിനിട്ടാൽ നാലിൽ മൂന്ന് രാജ്യങ്ങളുടെ പിന്തുണയുണ്ടെങ്കിൽ വിജയിക്കും. എൻഡോസൾഫാൻ നിരോധനം വോട്ടിനിട്ടാൽ പാസാകുമെന്ന് ഉറപ്പായ സാഹചര്യത്തിലാണ് അഭിപ്രായ സമന്വയം എന്ന നിലപാടുമായി ഇന്ത്യ രംഗത്തെത്തിയത്. വിവിധ വിഷയങ്ങളിലെ കർമസമിതികളുടെ ചർച്ചകൾ ഇന്നും നാളെയും തുടരും. വോട്ടെടുപ്പ് വേണ്ടിവരികയാണെങ്കിൽ വെള്ളിയാഴ്ചയായിരിക്കും.

എൻഡോസൾഫാൻ നിരോധിക്കുകയാണെങ്കിൽ പകരം സംവിധാനത്തിനുള്ള സാങ്കേതിക, സാമ്പത്തിക സഹായങ്ങൾ യുഗാണ്ട ഉൾപ്പെടെ ചില ആഫ്രിക്കൻ രാജ്യങ്ങളും ഇന്തോനീഷ്യയും മുന്നോട്ടുവച്ചിട്ടുണ്ട്. ഗുജറാത്ത്, മഹാരാഷ്ട്ര, ആന്ധ്രപ്രദേശ് തുടങ്ങിയ പരുത്തി ഉൽപാദക സംസ്ഥാനങ്ങൾ എൻഡോസൾഫാൻ നിരോധനത്തെ എതിർക്കുന്നതാണ് കേന്ദ്രസർക്കാർ പുണ്ടിക്കാട്ടുന്നത്. എൻഡോസൾഫാൻ ഉൽപാദനത്തിലും ഇന്ത്യയാണു മുന്നിൽ. ചൈന, ഇസ്രയേൽ, ബ്രസീൽ, ദക്ഷിണകൊറിയ തുടങ്ങിയവയാണ് മറ്റു പ്രധാന ഉൽപാദക രാജ്യങ്ങൾ.

ചൈനയും നിരോധനത്തെ എതിർക്കുമെന്നാണു പ്രതീക്ഷിച്ചിരുന്നതെങ്കിലും സംഭവിച്ചതു മറിച്ചാണ്. ഇതും ഇന്ത്യക്കു തിരിച്ചടിയാണ്. എൻഡോസൾഫാൻ കയറ്റുമതിയിൽ നാലാം സ്ഥാനത്തുള്ള അർജന്റീനയും നിരോധനത്തെ പിന്തുണച്ചിരിക്കുകയാണ്.

കാസർകോട്ട് ഒരു മരണം കൂടി



എൻഡോസൾഫാൻ നിരോധനത്തിനായി സംസ്ഥാനമൊട്ടാകെ പ്രക്ഷോഭം വ്യാപകമാകുന്നതിനിടെ, കാസർകോട് ജില്ലയിൽ എൻഡോസൾഫാൻ മൂലം രോഗബാധിതയായിരുന്ന ഒരാൾ കൂടി മരിച്ചു. ഫായിക്കോട് കടന്നക്കോടിലെ ആലയിൽ ചിരുത (65) ആണ് ഇന്നലെ മരിച്ചത്. അർബുദം ബാധിച്ചു ചികിൽസയിലായിരുന്നു.

എൻഡോസൾഫാൻ: എതിർത്തും അനുകൂലിച്ചും സംഘടനകൾ

27/4/11 MM

ന്യൂഡൽഹി: എൻഡോസൾഫാൻ നിരോധനത്തെ അനുകൂലിച്ചും എതിർത്തും സംഘടനകൾ രംഗത്തെത്തുന്നു. എൻഡോസൾഫാൻ ഉൽപാദനവും വിൽപനയും നിരോധിക്കാനുള്ള ശ്രമങ്ങളെ കീടനാശിനി നിർമാതാക്കളായ ക്രോപ് കെയർ ഫെഡറേഷൻ ഓഫ് ഇന്ത്യ സ്വാഗതം ചെയ്തു.

അതേസമയം, ഇതു നിരോധിക്കരുതെന്ന ആവശ്യവുമായി കർഷകരുടെ ദേശീയ സംഘടനയായ ഫെഡറേഷൻ ഓഫ് ഇന്ത്യൻ ഫാർമേഴ്സ് ഓർഗനൈസേഷൻ രംഗത്തെത്തി.

സാമ്പത്തികമായി താങ്ങാവുന്നതും ഫലപ്രദവുമായ മറ്റൊരു കീടനാശിനി വികസിപ്പിച്ചെടുക്കുന്നതു വരെ ഇതു തുടരണമെന്ന ആവശ്യവുമായി യുഎസ് കേന്ദ്രീകരിച്ചുള്ള സർക്കാരിതര സംഘടന ജനീവയിൽ സ്റ്റോക്കോം കൺവൻഷൻ സമ്മേളനവേദിയിൽ രംഗത്തുവന്നിട്ടുമുണ്ട്.

അരനൂറ്റാണ്ടു മുൻപ് ഉൽപാദനമാരംഭിച്ച എൻഡോസൾഫാൻ ഇപ്പോൾ എഴുപതോളം കാർഷിക വിളകൾക്കാണ് ഉപയോഗിക്കുന്നത്.

പച്ചക്കറികൾ, പഴവർഗങ്ങൾ, ധാന്യങ്ങൾ, പരുത്തി, കശുവണ്ടി, തേയില, കാപ്പി, പുകയില തുടങ്ങിയവയെല്ലാം. ഇതിൽ ഉൾപ്പെടുന്നു. ഇതേസമയം, എൺപതോളം രാജ്യങ്ങൾ എൻഡോസൾഫാൻ നിരോധിച്ചിട്ടുമുണ്ട്.

എൻഡോസൾഫാൻ നിരോധനം സംബന്ധിച്ച അഭിപ്രായവ്യത്യാസങ്ങളെ വികസിത - വികസ്വര രാജ്യങ്ങൾക്കിടയിലെ തർക്കം എന്ന നിലയിലാണ് കേന്ദ്രസർക്കാർ സമീപിക്കുന്നത്. എന്നാൽ, ഇത് ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാക്കുന്നില്ല എന്ന നിലപാടിൽനിന്ന് ഇന്ത്യ നേരിയ പിന്മാറ്റം നടത്തിയിട്ടുണ്ട്.

എൻഡോസൾഫാൻ: പോരാട്ടത്തിൽ എൻസിപി ഉറച്ചുനിൽക്കും

തിരുവനന്തപുരം: ശരത്പവാർ കേന്ദ്ര കൃഷിവകുപ്പ് മന്ത്രി എന്ന സ്ഥാനത്ത് ഇരിക്കുന്നു എന്നതിന്റെ പേരിൽ എൻഡോസൾഫാൻ വിരുദ്ധ സമരത്തിൽനിന്നും കേരളത്തിലെ എൻസിപി പ്രവർത്തകർ പിന്നോട്ടു പോകില്ലെന്ന് എൻസിപി സംസ്ഥാന വൈസ് പ്രസിഡന്റ് ഉഴവൂർ വിജയൻ പറഞ്ഞു. മുഖ്യമന്ത്രി നടത്തിയ ഉപവാസ സമരത്തിലും ജില്ലാ കേന്ദ്രങ്ങളിൽ നടന്ന എൻഡോസൾഫാൻ വിരുദ്ധ പ്രതിജ്ഞാ ചടങ്ങിലും എൻസിപി പ്രവർത്തകർ പങ്കെടുത്തിരുന്നു. 29ന് എൽഡിഎഫ് നടത്തുന്ന ഹർത്താലിൽ എൻസിപിയുണ്ടാകുമെന്നും വിജയൻ പറഞ്ഞു.

മാതൃഭൂമി

27 April 2011

എൻഡോസൾഫാൻ: ഒരു സ്ത്രീ മരിച്ചു

കണ്ണൂർ: എൻഡോസൾഫാൻ ദുരിതബാധിതയായി ചികിത്സയിലായിരുന്ന കടന്നക്കാട്ടെ ആലയിൽ ചിരുത (65) അന്തരിച്ചു. ആമാശയാർബുദ ബാധയെത്തുടർന്ന് ഏറെ നാളായി കിടപ്പിലായിരുന്നു. മക്കൾ: എ.തമ്പാൻ (ഓട്ടോ ഡ്രൈവർ, കണ്ണൂർ). ശിജു മരുമക്കൾ: ശോഭ (വെള്ളൂർ). സഹോദരങ്ങൾ: കുഞ്ഞിരാമൻ, രാമകൃഷ്ണൻ, പരേതരായ അമ്പാടി, അമ്പുഞ്ഞി.

മലയാള മനോരമ

27 April 2011



എൻഡോസൾഫാൻ നിരോധിക്കണം എന്നാവശ്യപ്പെട്ട് ഇടത് എംപിമാർ ന്യൂഡൽഹിയിൽ പാർലമെന്റ് വളപ്പിലെ ഗാന്ധി പ്രതിമയ്ക്കു മുന്നിൽ ധർണ നടത്തുന്നു. (വിഡിയോ ചിത്രം.)

എൻഡോസൾഫാന് എതിരെ ഇടത് എംപിമാരുടെ ധർണ

ന്യൂഡൽഹി: എൻഡോസൾഫാൻ നിരോധിക്കണമെന്നാവശ്യപ്പെട്ട് ഇടത് എംപിമാർ പാർലമെന്റ് വളപ്പിൽ ഗാന്ധി പ്രതിമയ്ക്കു മുന്നിൽ ധർണ നടത്തി. പ്രധാനമന്ത്രിക്കു നിവേദനവും നൽകി.

സിപിഎം പാർലമെന്ററി പാർട്ടി നേതാവ് സീതാറാം യച്ചൂരി ധർണ ഉദ്ഘാടനം ചെയ്തു. കേന്ദ്രത്തിന്റെ നിലപാട് അപലപനീയവും ദൗർഭാഗ്യകരവുമാണെന്നു യച്ചൂരി പറഞ്ഞു. എൻഡോസൾഫാൻ മൂലമുള്ള ആരോഗ്യപ്രശ്നം വ്യക്തമായശേഷവും പാനത്തക്കുറിച്ചാണ് കേന്ദ്രം പറയുന്നത്. എത്ര ജീവൻകൂടി വേണം കേന്ദ്രത്തിന്റെ നിലപാടു മാറാൻ എന്നും അദ്ദേഹം ചോദിച്ചു.

പ്രശ്നത്തിനു പരിഹാരമുണ്ടാക്കാൻ പ്രധാനമന്ത്രി അടിയന്തരമായി ഇടപെടണമെന്നും എൻഡോസൾഫാനുവേണ്ടി വലിയൊരു ലോബി പ്രവർത്തിക്കുന്നുണ്ടോയെന്നും അഴിമതിയുണ്ടോയെന്നും സംശയിക്കണമെന്നും ഇതേക്കുറിച്ച് അന്വേഷണം വേണമെന്നും യച്ചൂരി പറഞ്ഞു. പി. കരുണാകരൻ, എം.പി. അച്യുതൻ, പി. രാജീവ്, എ. സമ്പത്ത്, ടി.എൻ. സീമ, പി.കെ. ബിജു, തരുണികാന്ത് റോയി പങ്കെടുത്തു.

ദീപിക

27 April 2011

എൻഡോസൾഫാനെ വെല്ലുന്ന മാരക കീടനാശിനികളുടെ വില്പന ഹർത്താലുകാർ അറിയുന്നില്ല



മലയാള മനോരമ

27 April 2011

ഹർത്താൽ സിപിഎമ്മിന്റേത്; പ്രചോദനമായതു വിഎസ്

സുജിൻ നായർ

മുന്നണിയോഗത്തിൽ എൻഡോസൾഫാനെതിരെ ഒരുമിച്ചു വാദമുഖങ്ങൾ നിരത്തുമ്പോൾ തന്നെ വിഎസിന്റെ ഉപവാസ സമരപ്പന്തലിൽ പിണറായി എത്തിച്ചേരാഞ്ഞതു പാർട്ടിയിൽ സംസാരവിഷയമാണ്



എൻഡോസൾഫാൻ നിരോധനമാവശ്യപ്പെട്ടു മുഖ്യ കോൺഗ്രസ് പ്രവർത്തകർ സെക്രട്ടേറിയറ്റിനു മുന്നിൽ എൻഡോസൾഫാന്റെ പ്രതീകാത്മക കത്തിക്കുമ്പോൾ.

എൻഡോസൾഫാൻ: യൂത്ത് കോൺ. മാർച്ച് നടത്തി



ദീപിക

27 April 2011



എൻഡോസൾഫാൻ നിരോധിക്കണമെന്നാവശ്യപ്പെട്ട് ഗ്രീൻ കമ്മ്യൂണിറ്റി ഇന്റർനാഷണലിന്റെ നേതൃത്വത്തിൽ സെക്രട്ടേറിയറ്റ് പടിക്കൽ ആരംഭിച്ച പഞ്ചദിന ഉപവാസത്തിൽ ശിവഗിരി ധർമസംഘം പ്രസിഡന്റ് സ്വാമി പ്രകാശാനന്ദ, ജനറൽ സെക്രട്ടറി സ്വാമി ഋതംബരാനന്ദ, ഗുരുധർമ പ്രചാരണ സെക്രട്ടറി സ്വാമി ഗുരുപ്രസാദ് എന്നിവർ പങ്കെടുക്കുന്നു. -ദീപ്

ദീപിക

27 April 2011

23/4/11 Deepika

എൻഡോസൾഫാൻ

അച്യുതാനന്ദൻ ഒരുമുഴംമുമ്പേ നീട്ടിയെറിയുന്നു

സി.കെ. കുര്യാച്ചൻ

കണ്ണൂർ: എൻഡോസൾഫാൻ വിരുദ്ധ സമരത്തിന്റെ നായക സ്ഥാനം എറ്റെടുത്തുകൊണ്ട് മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദൻ നടത്തുന്ന നീക്കങ്ങൾ വ്യക്തമായ രാഷ്ട്രീയലക്ഷ്യങ്ങൾ മുന്നിൽക്കണ്ട്.

കഴിഞ്ഞ അഞ്ചുവർഷക്കാലം ഭരണത്തിലിരുന്നപ്പോൾ ഇല്ലാതിരുന്ന വീറും വാശിയുമാണ് ഇപ്പോൾ ഭരണം തീരുമ്പോൾ എൻഡോസൾഫാൻ വിഷയത്തിൽ അദ്ദേഹം പ്രകടിപ്പിക്കുന്നത്. മേയ് 13നു തെരഞ്ഞെടുപ്പുഫലം വരുമ്പോൾ എൽഡിഎഫിനു ഭൂരിപക്ഷം കിട്ടിയാൽ മുഖ്യമന്ത്രിയായും ഇല്ലെങ്കിൽ പ്രതിപക്ഷ നേതാവായും തന്റെ പേരു മാത്രമേ ഉയർന്നുവരാവൂ എന്നാണ് വിഎസിന്റെ ആഗ്രഹം.

2006ൽ ഭരണമേറ്റപ്പോൾ അച്യുതാനന്ദൻ എൻഡോസൾഫാൻ വിഷയത്തിൽ ഇടപെടുകയും എൻഡോസൾഫാന്റെ ഇരകളായി മരണമടഞ്ഞവരുടെ ആശ്രിതർക്കു നഷ്ടപരിഹാരം പ്രഖ്യാപിക്കുകയും ചെയ്തിരുന്നു. അന്നതിനായിരം രൂപവീതമായിരുന്നു നഷ്ടപരിഹാരം പ്രഖ്യാപിച്ചത്. ഇങ്ങനെ 2006ൽ 133 പേർക്കും 2007ൽ 45പേർക്കും നഷ്ടപരിഹാരം നൽകി. അതിനുശേഷം ആർക്കും നഷ്ടപരിഹാരം ലഭിച്ചിട്ടില്ല.

നഷ്ടപരിഹാരം ലഭിക്കാൻ അഞ്ഞൂറോളം പേർക്കെങ്കിലും അർഹതയുള്ളപ്പോഴാണ് 178 പേർക്കു മാത്രം നഷ്ടപരിഹാരം നല്കിയത്. മറ്റുള്ളവരുടെ അപേക്ഷകളിൽ പരിശോധന നടത്തുന്നു എന്നാണ് അധികൃതരുടെ വിശദീകരണം. ഇത്തരത്തിൽ ഇരകളോടു വഞ്ചന കാട്ടിയ സർക്കാരിന്റെ തലവനായ മുഖ്യമന്ത്രി ഇപ്പോൾ എൻഡോസൾഫാൻ സമരത്തിന്റെ നേതൃത്വം ഏറ്റെടുത്താണ് സംശയത്തിന് ഇടനൽകുന്നത്.

തെരഞ്ഞെടുപ്പുഫലം വരുമ്പോൾ ഇടതുമുന്നണിയുടെ നേതാവായി താൻ ഉണ്ടാകുമോയെന്ന ആശങ്ക വിഎസിനുണ്ട്. ഇതാണ് ഇപ്പോൾ വർധിത വീര്യത്തോടെ സമരത്തിനിറങ്ങാൻ വിഎസിനെ പ്രേരിപ്പിക്കുന്നത്. പ്രതിപക്ഷ നേതാവായെങ്കിലും താൻ ഉണ്ടാവണമെന്ന് അദ്ദേഹം ആഗ്രഹിക്കുന്നു. പാർട്ടിയിൽ വേണ്ടത്ര പിന്തുണയില്ലാത്തതിനാൽ മാധ്യമങ്ങളുടെ സഹായത്തോടെ ജനശ്രദ്ധ പിടിച്ചുപറ്റി പിന്തുണ ഉറപ്പിക്കുക എന്നതാണു വിഎസിന്റെ മുന്നിലുള്ള വഴി. അതിനായി ജനകീയ പ്രശ്നങ്ങളുടെ മുന്നണിപ്പോരാളിയായി നിറഞ്ഞുനിൽക്കുകയെന്ന തന്ത്രമാണ് വിഎസ് ഇപ്പോൾ പയറ്റുന്നത് എന്നാണ് സിപിഎമ്മിലെ വിഎസ് വിരുദ്ധവിഭാഗം വിലയിരുത്തുന്നത്.ചില സാംസ്കാരിക നായകരുടെയും മാധ്യമങ്ങളുടെയും പിന്തുണയോടെ, കേരളത്തിന് ഇനിയും വിഎസിന്റെ സേവനം ആവശ്യമുണ്ടെന്നു വരുത്തിത്തീർക്കാനാണ് ഇപ്പോൾ എൻഡോസൾഫാൻ വിഷയത്തിലൂടെ അദ്ദേഹം ശ്രമിക്കുന്നതത്രേ. തെരഞ്ഞെടുപ്പു പ്രചാരണത്തിൽ സിപിഎം സംസ്ഥാന സെക്രട്ടറി പിണറായി വിജയനെ പിന്തള്ളി പാർട്ടിയിലും മുന്നണിയിലും വിഎസ്സിന്റെ സ്ഥാനം ബലപ്പെടുത്തിയിരുന്നു. ഇതിനെ പ്രതിരോധിക്കാനാവാതെ പിണറായി പോസ്റ്റർ വിഷയത്തിലും മറ്റും ഒളിയമ്പെയ്തു വിഎസിനെ തടയാൻ ശ്രമിച്ചെങ്കിലും അതു വേണ്ടത്ര വിജയിച്ചില്ല.

തെരഞ്ഞെടുപ്പു കാലത്തു ലഭിച്ച മേൽക്കൈ നിലനിർത്താൻ സമരനായകൻ എന്ന പരിവേഷം ഉപകരിക്കുമെന്നാണു വിഎസ് കണക്കുകൂട്ടുന്നതെന്നും സംശയമുയർന്നിരുന്നു. പുതിയ ഹർത്താൽ പ്രഖ്യാപനത്തിലൂടെ എൻഡോസൾഫാൻ വിരുദ്ധസമരം ഇടതുമുന്നണിയുടേതാക്കി മാറ്റാനും അതിന്റെ നായകനായി മാറാനും വിഎസിനു കഴിഞ്ഞിട്ടുണ്ട്. ഈ സമരങ്ങളിൽ നിന്നു പിണറായി വിജയനെ തന്ത്രപൂർവം തമസ്കരിക്കാനും വിഎസിനായി.

ഇടതുമുന്നണിക്കു ഭൂരിപക്ഷം കിട്ടിയാൽ ആരാകും മുഖ്യമന്ത്രി എന്ന ചോദ്യത്തിനു പാർട്ടിയിലെ നേതാക്കൾ വിരുദ്ധഅഭിപ്രായങ്ങളാണ് തെരഞ്ഞെടുപ്പുകാലത്തു പറഞ്ഞിരുന്നത്. ജനറൽ സെക്രട്ടറി പ്രകാശ് കാരാട്ടും പോളിറ്റ് ബ്യൂറോ അംഗങ്ങളായ പിണറായിയും കോടിയേരി ബാലകൃഷ്ണനും എസ്.രാമചന്ദ്രൻപിള്ളയും മറ്റും വിഎസ് ആകും നേതാവെന്നു തുറന്നുപറയാൻ തയാറായിരുന്നില്ല. അതിനാൽ തെരഞ്ഞെടുപ്പു ഫലപ്രഖ്യാപനത്തിനു ശേഷം മുന്നണിയുടെ നേതാവായി മാറണമെങ്കിൽ വിഎസിനു പോളിറ്റ്ബ്യൂറോ അംഗമായ കോടിയേരി ബാലകൃഷ്ണനെ മറികടക്കേണ്ടിവരും. സംസ്ഥാന കമ്മിറ്റിയിലും കേന്ദ്ര കമ്മിറ്റിയിലും ഭൂരിപക്ഷം നേടാൻ വിഎസിന് എളുപ്പവുമല്ല.

23/4/11

എൻഡോസൾഫാൻ: സംസ്ഥാനത്ത് വെള്ളിയാഴ്ച എൽഡിഎഫ് ഹർത്താൽ

● ഹർത്താൽ രാവിലെ ആറു മുതൽ വൈകുന്നേരം ആറു വരെ

തിരുവനന്തപുരം: രാജ്യത്ത് എൻഡോസൾഫാൻ നിരോധിക്കണമെന്നാവശ്യപ്പെട്ട് വെള്ളിയാഴ്ച സംസ്ഥാനത്തു പന്ത്രണ്ടു മണിക്കൂർ ഹർത്താലാചരിക്കുമെന്ന് എൽഡിഎഫ് കൺവീനർ വൈക്കം വിശ്വൻ വാർത്താസമ്മേളനത്തിൽ അറിയിച്ചു.

രാവിലെ ആറു മുതൽ വൈകുന്നേരം ആറുവരെയാണു ഹർത്താൽ. ഇരുചക്ര വാഹനങ്ങൾ, പാൽ, പത്രം, ആശുപത്രി, ആരാധനാലയങ്ങൾ, വിവാഹപാർട്ടികൾ എന്നിവയെ ഹർത്താലിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്.

എൻഡോസൾഫാൻ വിഷയം ചർച്ച ചെയ്യുന്നതിന് ഇന്നലെ മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദന്റെ അധ്യക്ഷതയിൽ എകെജി സെന്ററിൽ നടന്ന എൽഡിഎഫിന്റെ അടിയന്തര യോഗത്തിലാണ് ഈ തീരുമാനം കൈക്കൊണ്ടത്. പുത്തൻ തലമുറയുടെ ആരോഗ്യത്തെ വേട്ടയാടുന്ന എൻഡോസൾഫാനെതിരേ സംസ്ഥാന വ്യാപകമായി പ്രതിഷേധവും രാഷ്ട്രീയ കക്ഷി വ്യത്യാസമില്ലാതെ പ്രക്ഷോഭങ്ങളും ശക്തിപ്രാപിക്കുമ്പോഴും ഇതൊന്നും കണ്ടില്ലെന്നു നടിച്ച് എൻഡോസൾഫാൻ അനുകൂലനിലപാടുമായി മുന്നോട്ടു പോകുന്ന കേന്ദ്ര സർക്കാരിന്റെ നിഷേധാത്മക നയത്തിൽ പ്രതിഷേധിച്ചാണു ഹർത്താലിന് ആഹ്വാനം ചെയ്തതെന്ന് എൽഡിഎഫ് കൺവീനർ പറഞ്ഞു.

സ്റ്റോക്ഹോം കൺവൻഷൻ തുടങ്ങുന്ന ദിവസം സംസ്ഥാനത്തു നടത്തിയ പ്രക്ഷോഭങ്ങൾ കേന്ദ്രം അവഗണിച്ച സാഹചര്യത്തിൽ കൺവൻഷൻ സമാപിക്കുന്ന ദിവസം ഹർത്താൽ നടത്താൻ ഇടതുമുന്നണി നിർബന്ധിതമാവുകയായിരുന്നു.

സംസ്ഥാനത്ത് എൻഡോസൾഫാൻ ഉത്പാദിപ്പിക്കുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനത്തിനെതിരേ നിയമപരമായി എന്തെല്ലാം നടപടികൾ സ്വീകരിക്കാനാകുമെന്ന് ആരായാൻ സർക്കാരിനെ ചുമതലപ്പെടുത്താനും യോഗം തീരുമാനിച്ചു. ഈ കമ്പനിയിലെ തൊഴിലാളികൾക്കു ജോലി കൊടുക്കാൻ സർക്കാരിനു കഴിയുമെന്നാണ് ഇടതുമുന്നണിയുടെ പ്രതീക്ഷയെന്നു വൈക്കം വിശ്വൻ പറഞ്ഞു. എൻഡോസൾഫാൻ വിഷയത്തിൽ ഇനിയും പഠനങ്ങൾ വേണമെന്ന കേന്ദ്ര നിലപാടിനോടു യോജിക്കാനാവില്ല. യഥാർഥത്തിൽ പഠനങ്ങളല്ല, മനുഷ്യസ്നേഹപരമായ സമീപനവും തിരുമാനവുമാണു കേന്ദ്ര സർക്കാരിൽനിന്ന് ഉണ്ടാകേണ്ടത്. ലോകത്താകെയുള്ള അനുഭവങ്ങൾ കേന്ദ്രസർക്കാർ പരിഗണിക്കണം.

ആദ്യഘട്ടത്തിൽ 81 രാജ്യങ്ങൾ എൻഡോസൾഫാൻ നിരോധിച്ചു. ഇപ്പോൾ എൻഡോസൾഫാൻ ഉത്പാദിപ്പിക്കാത്ത രാജ്യങ്ങളുടെ എണ്ണം 92-94 ആയി ഉയർന്നിരിക്കുന്നു. ലോകത്ത് ഏറ്റവുമധികം എൻഡോസൾഫാൻ ഉത്പാദിപ്പിക്കുന്ന അമേരിക്കയിൽ ഇത് ഉപയോഗിക്കുന്നില്ല.

ഇന്ത്യയിൽത്തന്നെ കേരളം മാത്രമല്ല, തമിഴ്നാടും കർണാടകവുമൊക്കെ ഈ മാരകവിഷത്തിന്റെ കെടുതികൾ കണ്ടറിഞ്ഞതാണ്. എൻഡോസൾഫാൻ നിരോധനത്തെ എതിർക്കുന്ന കേന്ദ്ര സർക്കാർ നിലപാട് ആശ്ചര്യകരമാണെന്നും വൈക്കം വിശ്വൻ പറഞ്ഞു.

കേരള കൗമുദി

27 April 2011

കേന്ദ്രത്തെ തടയണമെന്ന് ഹർജി

23/4/11 K.K

കൊച്ചി: സ്റ്റോക്ഹോം കൺവെൻഷനിൽ എൻഡോസൾഫാൻ നിർമ്മാതാക്കൾക്ക് അനുകൂലമായ നിലപാട് സ്വീകരിക്കുന്നതിൽ നിന്ന് കേന്ദ്ര സർക്കാരിനെ തടയണമെന്ന ഉപഹർജി ഹൈക്കോടതി ഇന്ന് പരിഗണിക്കും. കൺവെൻഷൻ ഇന്നു മുതൽ മൂന്നാണ് അവസാനിക്കുന്നത്. കൺവെൻഷനിൽ എൻഡോസൾഫാൻ നിരോധനവും ചർച്ച ചെയ്യപ്പെടുമെന്ന് ഇന്ത്യൻ ഡെയ്സ് കോൺഗ്രസ് പ്രസിഡന്റ് അഡ്വ. ടി. ആസഫലി ഉപഹർജിയിൽ ബോധിപ്പിച്ചു. ഈ രാജ്യങ്ങൾ നിരോധനത്തിന് തയ്യാറായിട്ടുണ്ട്. ഈ സാഹചര്യത്തിൽ എൻഡോസൾഫാൻ അനുകൂല നിലപാട് എടുക്കുന്നതിൽ നിന്ന് കേന്ദ്രത്തെ തടയണമെന്നതാണ് ആവശ്യം.

കേരള കൗമുദി

27 April 2011

എൻഡോസൾഫാൻ നിരോധനം

ഇന്ത്യ ഒറ്റപ്പെട്ടു

പ്രസൂൺ എസ്. കണത്തിൽ



- അംഗരാജ്യങ്ങളുടെ പിന്തുണ ഇല്ല
- ഏഷ്യ–പസഫിക് രാജ്യങ്ങളെ പോലും നിറുത്താൻ ഇന്ത്യ ശ്രമിച്ചു
- ഖത്തർ, ഒമാൻ, ജപ്പാൻ, ദക്ഷിണ കൊറിയ ഇന്ത്യയെ എതിർത്തു
- ഇന്ത്യയുടെ വാദങ്ങൾ ചൈന അംഗീകരിച്ചില്ല
- തിരുമാനം ഉപസമിതിക്കു വിട്ടു
- വി.എസിന്റെ ഉപവാസവും പരാമർശിച്ചു

എൻഡോസൾഫാൻ പ്രശ്നം സി.പി.എം രാഷ്ട്രീയവത്കരിക്കുന്നു: ഉമ്മൻചാണ്ടി

കോഴിക്കോട്: വെള്ളിയാഴ്ച സി.പി.എം ആഹ്വാനം ചെയ്ത ഹർത്താൽ എൻഡോസൾഫാൻ പ്രശ്നത്തെ രാഷ്ട്രീയവത്കരിക്കുന്നതിന്റെ ഉത്തമ ഉദാഹരണമാണെന്ന് പ്രതിപക്ഷനേതാവ് ഉമ്മൻചാണ്ടി കോഴിക്കോട്ട് ഡി.സി.സി ഓഫീസിൽ പത്രസമ്മേളനത്തിൽ ആരോപിച്ചു. മാരകമായ കീടനാശിനിയിൽ നിന്ന് ജനത്തെ രക്ഷിക്കാതെ മുഖ്യമന്ത്രിയും ഇടതുപക്ഷവും രാഷ്ട്രീയം കളിക്കുകയാണ്. തിരഞ്ഞെടുപ്പിൽ ഒറ്റപ്പെട്ടുപോയ സി.പി.എം ഇനി നടത്താൻപോകുന്ന സമരങ്ങൾക്ക് പിന്തുണ തേടുകയാണ്.

ഇന്ത്യയിൽ എൻഡോസൾഫാൻ നിരോധിക്കാതെ സ്റ്റോക്ക്ഹോം കൺവെൻഷനിൽ എൻഡോസൾഫാനെതിരെ എങ്ങനെ വോട്ടു ചെയ്യുമെന്ന് ഇതുസംബന്ധിച്ച ചോദ്യത്തിന് മറുപടിയായി ഉമ്മൻചാണ്ടി പറഞ്ഞു. ഐ.സി.എം.ആർ. അദ്ധ്യക്ഷനാണ് പഠനം നടത്തുന്നത്. ഇതിനുമുമ്പ് പഠനം നടത്തിയത് ഐ.സി.എം.ആറിന്റെ കീഴിലുള്ള ഒരു ഓർഗനൈസേഷനാണ്.

വി.എം.സുധീരന്റെ നിലപാടുകൾ ആത്മാർത്ഥതയുള്ളതാണ്. എൻഡോസൾഫാനെതിരെയുള്ള സാമൂഹിക ബോധവൽക്കരണത്തിന്റെ ഭാഗമായാണ് പല യു.ഡി.എഫ് ഘടകകക്ഷികൾ കഴിഞ്ഞ ദിവസം സർക്കാർ സമര പരിപാടികളിൽ പങ്കെടുത്തത്. അത് അവരുടെ സ്വാതന്ത്ര്യമാണ്.

ത്രിപുരയിലും പശ്ചിമബംഗാളിലും സി.പി.എമ്മിന്റെ നിലപാട് എന്താണ്? - ഉമ്മൻചാണ്ടി ചോദിച്ചു.

ഹർത്താൽ രാഷ്ട്രീയ മുതലെടുപ്പിന് : ചെന്നിത്തല

തിരുവനന്തപുരം : എൻഡോസൾഫാൻ പ്രശ്നത്തിൽ 29ന് ഇടതുമുന്നണി പ്രഖ്യാപിച്ച ഹർത്താൽ രാഷ്ട്രീയ മുതലെടുപ്പിനു വേണ്ടിയാണെന്ന് കെ.പി.സി.സി പ്രസിഡന്റ് രമേശ് ചെന്നിത്തല പ്രസ്താവനയിൽ പറഞ്ഞു.

എൻഡോസൾഫാൻ നിരോധനം കേരളത്തിൽ നിലവിലുണ്ടായിരുന്നിട്ടും അഞ്ചുവർഷക്കാലത്തെ നിരവധി പേരെ മരണത്തിലേക്ക് തള്ളിവിടുന്ന രീതിയിൽ വി.എസ്. അച്യുതാനന്ദന് ദുരിതബാധിതരെക്കുറിച്ചു പറയാൻ ധാർമ്മികമായ അർഹതയില്ല. കാലാവധി അവസാനിക്കാറായപ്പോൾ പ്രതിപക്ഷ നേതാവിന്റെ തലപ്പാവണിയാനുള്ള വ്യഗ്രതയിലാണ് അദ്ദേഹം. മരിച്ചവരുടെ കുടുംബങ്ങൾക്ക് അമ്പതിനായിരം രൂപ വരെ ദുരിതാശ്വാസം പ്രഖ്യാപിച്ച ഇടതുമുന്നണി സർക്കാർ 179 പേർക്ക് മാത്രമാണ് തുക നൽകിയത്.ബംഗാളിലും ത്രിപുരയിലും എന്തുകൊണ്ട് എൻഡോസൾഫാൻ നിരോധനം ആവശ്യപ്പെടുന്നില്ല എന്ന ചോദ്യത്തിനും അച്യുതാനന്ദൻ മറുപടി പറയണമെന്ന് രമേശ് ചെന്നിത്തല ആവശ്യപ്പെട്ടു.

28 April 2011

എൻഡോസൾഫാനെതിരെ മാന്ത്രികവിഷ്കാരം

തിരുവനന്തപുരം എൻഡോസൾഫാൻ വിതയ്ക്കുന്ന നാശത്തിനെതിരെ എൻഡോസൾഫാൻ നിരോധിക്കണമെന്നാവശ്യപ്പെട്ട് കേരളത്തിലും വിദേശ പുഴു മഹോത്സവത്തിന്റെ ആദ്യദിനത്തിൽ 29 ന് രാവിലെ 8.30 ന് സെക്രട്ടേറിയറ്റ് മുന്നിൽ 23 മാന്ത്രികവിഷ്കാരം അരങ്ങേറും. മാജിക് ആർട്ട് സൊസൈറ്റി സംസ്ഥാന കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ 29 ന് രാവിലെ 8.30 ന് സെക്രട്ടേറിയറ്റ് മുന്നിൽ 23 മാന്ത്രികവിഷ്കാരം അരങ്ങേറും. മാജിക് ആർട്ട് സൊസൈറ്റി സംസ്ഥാന കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ 29 ന് രാവിലെ 8.30 ന് സെക്രട്ടേറിയറ്റ് മുന്നിൽ 23 മാന്ത്രികവിഷ്കാരം അരങ്ങേറും. മാജിക് ആർട്ട് സൊസൈറ്റി സംസ്ഥാന കമ്മിറ്റി മുൻ പ്രസിഡന്റ് കെ.പി. ഭാസ്കരൻ പൊതുവാൾ ഉദ്ഘാടനം ചെയ്യും. മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദൻ കേരള സർവ്വകലാശാല സെനറ്റ് ഹാളിലാണ് പരിപാടി അവതരിപ്പിക്കുന്നത്.

'ഇന്ത്യൻ നയം അപമാനകരം'

തിരുവനന്തപുരം: ജനീവയിൽ നടക്കുന്ന സ്റ്റോക്കോം കൺവെൻഷനിൽ ഇന്ത്യ സ്വീകരിച്ച നയം ഇന്ത്യൻ ജനതക്കാകെ അപമാനകരമാണെന്ന് കോൺഗ്രസ് എസ് സംസ്ഥാന പ്രസിഡന്റ് കോലിയക്കോട് കൃഷ്ണൻനായർ പ്രസ്താവിച്ചു. ഇന്ത്യ ജനങ്ങളെ കൊലയ്ക്കുകൊടുക്കുന്ന കീടനാശിനിക്ക് വേണ്ടി നിലകൊണ്ടത് കേന്ദ്രത്തിലെ കോൺഗ്രസ്സിതരരായി വെളിപ്പെടുത്തുന്നതിന് അപമാനകരമാണെന്നും അദ്ദേഹം പറഞ്ഞു.

എൻഡോസൾഫാനെതിരെ സെക്രട്ടേറിയറ്റ് ധർണ

തിരുവനന്തപുരം: എൻഡോസൾഫാനെതിരെ സി.പി.എം പി സെക്രട്ടേറിയറ്റ് മുന്നിൽ നടത്തി. സംസ്ഥാന സെക്രട്ടറി കാനം രാജേന്ദ്രൻ ധർണ ഉദ്ഘാടനം ചെയ്തു. സംസ്ഥാനത്തു നിന്നുള്ള ജനപ്രതിനിധികളുടെ പ്രാദേശിക വികസന ഫണ്ടുപയോഗിച്ച് നിയമ അനുമതിയില്ലാത്ത പ്രദേശങ്ങളിൽ പോലും എൻഡോസൾഫാൻ തളിച്ചതിന്റെ കാരണമന്വേഷിക്കണമെന്നും ഇതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. സി.പി.ഐ. സംസ്ഥാന സെക്രട്ടറിയേറ്റംഗങ്ങളായ കെ.ഇ. ഇസ്മയിൽ, സി.കെ. വിഷ്ണുദാസ്, സി.പി.എം. സംസ്ഥാന സെക്രട്ടറിയേറ്റംഗങ്ങളായ പി.കെ. ശ്രീമതി, കെ.വരദരാജൻ, ഡോ. കെ. രാജഗോപാൽ, എം.എൽ.എ.മാരായ പി.കെ. ബഷീർ, കെ.വി. അബ്ദുൾ ഖാദർ, സി. കെ. ശശീന്ദ്രൻ, കെ.കുഞ്ഞിരാമൻ, കെ.ടി. ജലീൽ, കെ.ടി. ജലീൽ, സി. കൃഷ്ണൻ, കെ.ടി. ബാലഭാസ്കരൻ, പി.കെ. സുരേന്ദ്രൻ, അഡ്വ. പി.കെ. രാജൻ, കെ.വി. അബ്ദുൾ കാദർ തുടങ്ങിയവർ സംസാരിച്ചു.

ഹോട്ടൽ തൊഴിലാളികൾ നാളെ പണിമുടക്കും

തിരുവനന്തപുരം: എൻഡോസൾഫാൻ നിരോധിക്കണമെന്നാവശ്യപ്പെട്ട് ഇടതുമുന്നണി നടത്തുന്ന ഹർത്താലിന് പിന്തുണയും പ്രഖ്യാപിച്ച് ഓട്ടോ ടാക്സിത്തൊഴിലാളികൾ നാളെ പണിമുടക്കും. ടാക്സി, ടൂറിസ്റ്റ് ടാക്സി, ടൈന്മ, ട്രക്ക്, ലോറി, മിനിലോറി, സാധു ബസ് തൊഴിലാളികൾ 29 ന് രാവിലെ ആറ് മുതൽ രാത്രി 12 വരെ പണിമുടക്ക് ഹർത്താലിന് പങ്കെടുക്കുമെന്ന് എകെ.ടി.യു.സി നേതൃത്വത്തിലുള്ള ഓട്ടോറിക്ഷാതൊഴിലാളി യൂണിയൻ ജനറൽ സെക്രട്ടറി പി.ശശിധരൻ അറിയിച്ചു.

ഹർത്താലിന് പിന്തുണ

തിരുവനന്തപുരം: എൻഡോസൾഫാൻ എന്ന കൊടിയ വിഷം തുലയ്ക്കുവാനുള്ള നിരോധിക്കണമെന്നാവശ്യപ്പെട്ട് വെള്ളിയാഴ്ച കേരളത്തിൽ നടത്തുന്ന ഹർത്താലിന് സംസ്ഥാനത്തെ ഓട്ടോ ടാക്സി തൊഴിലാളികളുടെ കേന്ദ്ര സംഘടനയായ ഓൾ ഇന്ത്യ മോട്ടോർ കോൺഗ്രസിന്റെ സംസ്ഥാന കമ്മിറ്റി പിന്തുണ പ്രഖ്യാപിച്ചു.

തിരുവനന്തപുരം: എൻഡോസൾഫാൻ നിരോധിക്കണമെന്നാവശ്യപ്പെട്ട് എൽ.ഡി.എഫ് 29 ന് നടത്തുന്ന ഹർത്താലിന് പാലോഡിക്കിൽ അഖിലേന്ത്യാ കിസാൻ പ്രഖ്യാപിച്ചതായി സംസ്ഥാന പ്രസിഡന്റ് എൽ.എസ്. പ്രസാദ് അറിയിച്ചു.

നിരാഹാര സമരം നാളെ സമാപിക്കും

തിരുവനന്തപുരം: എൻഡോസൾഫാനെതിരായി സ്റ്റോക്ക്ഹോം കൺവെൻഷനിൽ ഇന്ത്യ നിലപാടെടുക്കണമെന്നാവശ്യപ്പെട്ട് കേരളത്തിലെ പരിസ്ഥിതി പ്രവർത്തനങ്ങളുടെ കൂട്ടായ്മയായ ഗ്രീൻ കൗൺസിലിന്റെയും ആഭിമുഖ്യത്തിൽ സെക്രട്ടേറിയറ്റ് മുന്നിൽ ആരംഭിച്ച പദയാത്ര നിരാഹാര സത്യാഗ്രഹം നാളെ സമാപിക്കും.

'എൻഡോസൾഫാൻ പൂർണമായും നിരോധിക്കണം'

തിരുവനന്തപുരം: രാജ്യത്തെമ്പാടുമുള്ള വിതരണം ചെയ്യുന്ന എൻഡോസൾഫാൻ കീടനാശിനി പൂർണമായും നിരോധിക്കണമെന്ന് കേരള ഹെൽത്ത് സർവീസ് സംസ്ഥാന പ്രസിഡന്റ് ആർ.ലതാദേവി യും ജനറൽ സെക്രട്ടറി കമലാ സദാനന്ദനും ആവശ്യപ്പെട്ടു.

ഇടതുസർക്കാരിന് എല്ലാകാലത്തും ജനങ്ങളെ പറ്റിക്കാനാവില്ല:ഉമ്മൻചാണ്ടി

തിരുവനന്തപുരം: വെറും വാക്കുകൾ പറഞ്ഞ് ഇടതു സർക്കാരിന് എല്ലാകാലത്തും കബളിപ്പിക്കാൻ കഴിയില്ലെന്ന് ജനങ്ങൾ തെളിയിക്കാൻ പോകുകയാണെന്ന് പ്രതിപക്ഷനേതാവ് ഉമ്മൻചാണ്ടി പറഞ്ഞു. കേരള സ്റ്റേറ്റ് ഗ്രാന്റീസ്പാർട്ട് വർക്കേഴ്സ് യൂണിയൻ 56-ാം സംസ്ഥാനസമ്മേളനം വള്ളക്കടവ് ഓഡിറ്റോറിയത്തിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

രണ്ട് രൂപയ്ക്ക് അരി നൽകുമെന്ന് പറഞ്ഞ് ഇടതുമുന്നണി അധികാരത്തിലേറിയ എൽ.ഡി.എഫ് സർക്കാരാണ് എന്നിട്ടും സാധാരണക്കാരുടെ ഇരുപത്തിനാലായിരം കോടി രൂപയുടെ ക്ഷേമപെൻഷൻ കുടിശ്ശികയാക്കിയിരിക്കുന്നത്. ഇടതുസർക്കാരിന് എല്ലാകാലത്തും ജനങ്ങളെ പറ്റിക്കാനാവില്ല. ഇതിന് തെളിവാണ് ഇന്നലെ കൊച്ചിയിൽ നടന്ന ഐതിഹാസികമായ ജനമുന്നേറ്റം. ഇടതുസർക്കാരിന്റെ ധൂർത്തിനും അഴിമതിക്കുമെതിരെ ജനങ്ങൾ ഒന്നടങ്കം പ്രതിഷേധിക്കുകയാണ്

ദീപിക

28 April 2011

28/4/11 Deepika

എൻഡോസൾഫാൻ: മുഖ്യമന്ത്രിമാർക്കു കത്തയച്ചു

തിരുവനന്തപുരം: എൻഡോസൾഫാൻ രാജ്യവ്യാപകമായി നിരോധിക്കാൻ കേന്ദ്ര ഗവൺമെന്റിൽ സമ്മർദം ചെലുത്തണമെന്ന് അഭ്യർഥിച്ചു മുഖ്യമന്ത്രി വി.എസ്.അച്യുതാനന്ദൻ എല്ലാ സംസ്ഥാന മുഖ്യമന്ത്രിമാർക്കും കത്തയച്ചു.

നാളെ സമാപിക്കുന്ന സ്റ്റോക്ഹോം കൺവൻഷനിൽ എൻഡോസൾഫാൻ വിരുദ്ധ നിലപാടു സ്വീകരിക്കണമെന്ന് ആവശ്യപ്പെടണമെന്നും മുഖ്യമന്ത്രി കത്തിൽ അഭ്യർഥിച്ചു. മൂന്നു പതിറ്റാണ്ടോളം കാസർഗോഡ് ജില്ലയിൽ എൻഡോസൾഫാൻ ഉപയോഗിച്ചതുമൂലമുള്ള ഭവിഷ്യത്തുകൾ കത്തിൽ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. എൺപതിലധികം രാജ്യങ്ങളാണ് ഈ കീടനാശിനി ഇതിനകം നിരോധിച്ചത്. എന്നാൽ, എൻഡോസൾഫാന് അനുകൂലമായ നിലപാടിൽ കേന്ദ്ര ഗവൺമെന്റ് ഇപ്പോഴും ഉറച്ചുനിൽക്കുകയാണ്. എൻഡോസൾഫാൻ മനുഷ്യരുടെ ആരോഗ്യത്തിന് എത്രമാത്രം ഹാനികരമാണെന്നതു കേരളത്തിലെ അനുഭവത്തിൽനിന്ന് ഇതിനകം വ്യക്തമായിക്കഴിഞ്ഞു. ഇക്കാര്യത്തിൽ തുടർപഠനത്തിനു കാത്തുനിൽക്കാതെ ഈ കീടനാശിനി നിരോധിക്കേണ്ടതുണ്ടെന്നും മുഖ്യമന്ത്രി ചൂണ്ടിക്കാട്ടി.

23/4/11 Deepika

എൻഡോസൾഫാൻ

ഇന്ത്യൻ നീക്കത്തിനു തിരിച്ചടി

ജനീവ: മാരക കീടനാശിനികൾ നിരോധിക്കുന്നതു സംബന്ധിച്ചു സ്റ്റോക്ഹോം കൺവൻഷൻ ജനീവയിൽ പുരോഗമിക്കുന്നതിനിടെ എൻഡോസൾഫാൻ നിരോധനത്തിനെതിരേ ഇന്ത്യ പുതിയ നീക്കം ആരംഭിച്ചു. നിരോധനത്തെ എതിർക്കുന്നവർക്കിടയിൽ പൊതുധാരണ സൃഷ്ടിച്ചെടുക്കാനുള്ള നീക്കമാണ് ഇന്ത്യൻ പ്രതിനിധികൾ നടത്തുന്നത്. ഇന്ത്യയുടെ നീക്കം വിജയിക്കാൻ സാധ്യതയില്ലെന്നാണു ജനീവയിൽനിന്നുള്ള റിപ്പോർട്ടുകൾ നൽകുന്ന സൂചന.



ജനീവയിൽ നടന്നുവരുന്ന സ്റ്റോക്ഹോം കൺവൻഷൻ വേദിയിൽനിന്ന്.

എൻഡോസൾഫാൻ നിരോധനത്തെ നേരത്തെ എതിർത്തിരുന്ന ചൈനയും ബ്രസീലും ഇപ്പോൾ നിരോധനത്തിന് അനുകൂലമായ നിലപാടു സ്വീകരിച്ചത് ഇന്ത്യയ്ക്കു തിരിച്ചടിയായിട്ടുണ്ട്. നിരോധനത്തെ അനുകൂലിച്ച് ആഫ്രിക്കൻ മേഖലാ രാജ്യങ്ങളും ലാറ്റിനമേരിക്ക, കരീബിയൻ രാജ്യങ്ങളും രംഗത്തുണ്ട്. നിരോധനം നിലവിൽ വരുമ്പോഴുള്ള സാമ്പത്തികനഷ്ടം പരിഹരിക്കണമെന്നാണു ലാറ്റിൻ അമേരിക്കൻ, കരിബിയൻ രാജ്യങ്ങളുടെ നിലപാട്.

കഴിഞ്ഞവർഷം ഒക്ടോബറിലാണ് മാരക കീടനാശിനിയെന്ന നിലയിൽ എൻഡോസൾഫാനെ നിരോധിത പട്ടികയിലുൾപ്പെടുത്താൻ സ്റ്റോക്ഹോം കൺവൻഷൻ തീരുമാനിച്ചത്. ഇന്ത്യയിലെ കേരളസംസ്ഥാനം ഉൾപ്പെടെ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ എൻഡോസൾഫാൻ ഉപയോഗം മൂലമുണ്ടായ ദുരിതങ്ങളുടെ നിരവധി റിപ്പോർട്ടുകളാണ് ഇതിനു പ്രേരിപ്പിച്ചത്. തുടക്കം മുതൽ ഇന്ത്യ നിരോധനത്തെ എതിർത്തുവരികയാണ്.

2001 ലാണ് മാരക കീടനാശിനികളും രാസവസ്തുക്കളും നിരോധിക്കുന്നതു സംബന്ധിച്ചു കൺവൻഷൻ കരടു പ്രമേയം അംഗീകരിച്ചത്. ഇതനുസരിച്ച് ആൽഡ്രിൻ, ക്ലോറോഡെയ്ൻ, ഡിഡിടി, എൻഡ്രിൻ, ഹെപ്റ്റാക്ലോർ, മിറെക്സ്, ടോക്സാഫെൻ എന്നീ കീടനാശിനികളും ഹെക്സാക്ലോറോബെൻസീൻ, പോളിക്ലോറിനേറ്റഡ് ബൈഫെൻസിൽസ്, ഡയോക്സിനുകൾ, ഫ്യൂറാനുകൾ തുടങ്ങിയവയും നിരോധിക്കണമെന്നായിരുന്നു നിലപാടിലെത്തി. നിലവിൽ 21 രാസവസ്തുക്കൾ നിരോധനത്തിന്റെ പട്ടികയിലാണ്. ഇവയ്ക്കു പകരം പരിസ്ഥിതിക്കു യോജ്യമായ കീടനാശിനികൾ ഉപയോഗപ്പെടുത്തുന്നതിനുള്ള പദ്ധതികൾക്കുള്ള പ്രോത്സാഹനം നൽകണമെന്നായിരുന്നു നിലപാട്. എന്നുമാത്രമല്ല, നിരോധിക്കപ്പെടുന്നതിനു പകരം അതേ സ്വഭാവമുള്ള വസ്തുക്കൾ വീണ്ടും ഉൽപാദിപ്പിക്കാൻ അനുവദിക്കരുതെന്നും നിർദേശമുണ്ട്. മേൽപ്പറഞ്ഞ കീടനാശിനികൾക്കും രാസവസ്തുക്കൾക്കും പുറമേയാണ് എൻഡോസൾഫാനെ പിന്നീടു പരിഗണിച്ചത്.

2004 മേയ് 17 നാണ് സ്റ്റോക്ഹോം കൺവൻഷൻ പ്രാബല്യത്തിൽ വന്നത്. യൂറോപ്യൻ സമൂഹം ഉൾപ്പെടെ 151 അംഗങ്ങൾ കൺവൻഷനെ പിന്തുണയ്ക്കുന്നു. 4000 കോടി രൂപ വരുന്ന ആഭ്യന്തര കീടനാശിനി വ്യവസായത്തെ സംരക്ഷിക്കാനാണ് ഇന്ത്യ ശ്രമിക്കുന്നതെന്ന ആരോപണമാണ് വിമർശകർ ഉയർത്തുന്നത്. ലോകത്തിൽ ഏറ്റവും കൂടുതൽ എൻഡോസൾഫാൻ ഉൽപാദിപ്പിക്കുകയും കയറ്റുമതി നടത്തുകയും ചെയ്യുന്ന രാജ്യം ഇന്ത്യയാണ്.

28/4/11 Deepika

എൻഡോസൾഫാൻ: ഡിജിപിക്കു വക്കീൽ നോട്ടീസ്

തിരുവനന്തപുരം: എൻഡോസൾഫാൻ നിരോധനവുമായി ബന്ധപ്പെട്ടു മുഖ്യമന്ത്രിയും മന്ത്രിസഭാംഗങ്ങളും എൽഡിഎഫും നടത്തുന്ന സമരങ്ങൾ നിയമവിരുദ്ധവും ജനവഞ്ചനയുമായതിനാൽ മുഖ്യമന്ത്രി വി.എസ്.അച്യുതാനന്ദൻ, മന്ത്രിമാരായ കോടിയേരി ബാലകൃഷ്ണൻ, മുല്ലക്കര രത്നാകരൻ, ബിനോയ് വിശ്വം, എൽഡിഎഫ് കൺവീനർ വൈക്കം വിശ്വൻ, കേരള പ്ലാന്റേഷൻ കോർപറേഷൻ ചെയർമാൻ ടി.ജെ.ആഞ്ചലോസ് തുടങ്ങിയവരെ പ്രതികളാക്കി ഇന്ത്യൻ ശിക്ഷാ നിയമപ്രകാരവും പെസ്റ്റിസൈഡ് ആക്ട് പ്രകാരവും ക്രിമിനൽ കേസ് എടുക്കണമെന്നാവശ്യപ്പെട്ട് ഇന്ത്യൻ ലോയേഴ്സ് കോൺഗ്രസ് ജനറൽ സെക്രട്ടറി അഡ്വ.പി. റഹിം, ഡിജിപിക്കു ഹൈക്കോടതിയിലെ സീനിയർ അഭിഭാഷകൻ അഡ്വ.എം.രാജശേഖരൻ നായർ മുഖാന്തിരം വക്കീൽ നോട്ടീസ് അയച്ചു.

Deepika 28/4/11

എൻഡോസൾഫാൻ നിരോധനം: ഹർത്താലിന് പിന്തുണയുമായി നിരവധി സംഘടനകൾ

തിരുവനന്തപുരം: എൻഡോസൾഫാൻ നിരോധനമാവശ്യപ്പെട്ടുകൊണ്ട് എൽഡിഎഫ് നടത്തുന്ന ഹർത്താലിന് പിന്തുണ പ്രഖ്യാപിച്ചുകൊണ്ട് സംസ്ഥാനത്തെ എല്ലാ സാംസ്കാരിക പ്രവർത്തകരുടെയും ഇന്റലക്ച്വൽസ് അടക്കുള്ള ജീവനക്കാർ പ്രകടനത്തിൽ അണിചേരുമെന്ന് ഫെഡറേഷൻ ഓഫ് കേരള മെഡിക്കൽ അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് എൽ.എൻ.പ്രസാദ് അറിയിച്ചു.

എൻഡോസൾഫാൻ നിരോധിക്കണമെന്ന് ആവശ്യപ്പെട്ട് എൽഡിഎഫ് പ്രഖ്യാപിച്ചിരുന്ന ഹർത്താലിന് പിന്തുണ നൽകുമെന്ന് കെഎസ്ആർടിസി എംപ്ലോയീസ് അസോസിയേഷൻ (സിഐടിയു) സംസ്ഥാന പ്രസിഡന്റ് പറഞ്ഞു.

എൻഡോസൾഫാന്റെ നിരോധനമാവശ്യപ്പെട്ട് ഇന്നുനടന്ന് ഹർത്താലിന് പിന്തുണ പ്രഖ്യാപിച്ച് മോട്ടോർ തൊഴിലാളി, തൊഴിൽ ക്ഷേമ കേന്ദ്രങ്ങൾ, ടൂറിസ്റ്റ് ടാക്സി, സ്കൂൾ ബസ് തൊഴിലാളികൾ തുടങ്ങിയവർ ഹർത്താൽ ദിനത്തിൽ ആരുടെയും പണിമുടക്കുമെന്ന് എകെഎസ്ടിയു സെക്രട്ടറിയേറ്റ് അംഗം തൊടിയൂർ വേണുഗോപാൽ അറിയിച്ചു. സംസ്ഥാന ജനറൽ സെക്രട്ടറി പി.പി. ശശീന്ദ്രൻ അറിയിച്ചു.

പ്രധാനമന്ത്രി മാർച്ച് പറയണം

തിരുവനന്തപുരം: ജനീവ കൺവൻഷനിൽ എൻഡോസൾഫാൻ വിഷയത്തിൽ ജനവിരുദ്ധ നിലപാട് സ്വീകരിച്ച ഇന്ത്യ ലോകസമൂഹത്തിനു മുന്നിൽ ഇടയിൽ മറ്റൊരു സംഭവത്തിൽ പ്രധാനമന്ത്രിയും കേന്ദ്ര മന്ത്രിമാരും ജനങ്ങളോട് മാപ്പുപറയണമെന്ന് കേരള കോൺഗ്രസ് ജില്ലാ നേതൃയോഗം ആവശ്യപ്പെട്ടു.

എച്ച്ഐഎൽ ഒടച്ചുപൂട്ടണം

തിരുവനന്തപുരം: എൻഡോസൾഫാൻ ഉൽപാദിപ്പിക്കുന്ന എറണാകുളത്തെ എച്ച്ഐഎൽ (ഇന്ത്യ) ലിമിറ്റഡ് അടച്ചുപൂട്ടണമെന്ന് കേരള കോൺഗ്രസ് (ബി) സംസ്ഥാന സെക്രട്ടറി ജനറൽ ജോജി സെബാസ്റ്റ്യൻ ആവശ്യപ്പെട്ടു.

ഈ ഫാക്ടറിയുടെ പ്രവർത്തനം നിലയ്ക്കുമെന്ന് മാത്രമല്ല നഷ്ടപ്പെടുന്നവർ സംസ്ഥാന സർക്കാർ പുനരധിവസിപ്പിക്കണമെന്നും അദ്ദേഹം പറഞ്ഞു.

എൻഡോസൾഫാൻ വിഷയത്തിൽ അനാസ്ഥ കാണിച്ച ഇന്ത്യ ലോകസമൂഹത്തോടു മാപ്പുപറയണമെന്ന് കേരള കോൺഗ്രസ് (ബി) സംസ്ഥാന പ്രസിഡന്റ് ആർ.ബാലകൃഷ്ണപിള്ള ആവശ്യപ്പെട്ടു.

നിരാഹാരം നടത്തും

തിരുവനന്തപുരം: എൻഡോസൾഫാനെതിരേ സുപ്രീംകോടതി വിധി നടപ്പാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് കേന്ദ്ര സർക്കാർ ഓഫീസുകൾക്കു മുന്നിൽ പ്രവർത്തകരുടെ കൂട്ട നിരാഹാരം നടത്തുമെന്ന് കേരള കോൺഗ്രസ് (ജേക്കബ്) സംസ്ഥാന പ്രസിഡന്റ് പ്രൊഫ.വർഗീസ് ജോർജ് അറിയിച്ചു.

പ്രധാനമന്ത്രിയുടെ കോലം കത്തിച്ചു

തിരുവനന്തപുരം: എൻഡോസൾഫാൻ വിഷയത്തിൽ ഇന്ത്യയുടെ നിലപാടിൽ പ്രതിഷേധിച്ച് പ്രധാനമന്ത്രിയുടെ കോലം കത്തിച്ചു. ഡിവൈഎഫ്ഐ സംസ്ഥാന പ്രസിഡന്റ് കെ.രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്തു.

ജൂബ്ലി ഫാൻസ് അസോ. ഉപവസിക്കുന്നു

തിരുവനന്തപുരം: എൻഡോസൾഫാനെതിരേ ജൂബ്ലി ഫാൻസ് അസോസിയേഷനും സമരം ശക്തമാക്കുന്നു. ഇതിന്റെ ഭാഗമായി വെള്ളിയാഴ്ച എല്ലാ ജില്ലാ കേന്ദ്രങ്ങളിലും സമാധാനപരമായി ഫാൻസ് അസോസിയേഷൻ പ്രവർത്തകർ ഉപവസിക്കുമെന്ന് സംസ്ഥാന പ്രസിഡന്റ് വി.സുനിൽ, എസ്. ബിജു, അഡ്വ. എസ്.എസ്. ബിജോയ് തുടങ്ങിയവർ നേതൃത്വം നൽകി.



തെങ്ങുവച്ച് വിലപിച്ചുകൊണ്ടുള്ള നേതൃത്വത്തിൽ നടന്ന എൻഡോസൾഫാൻ വിരുദ്ധ പ്രകടനത്തിനുശേഷം പ്രധാനമന്ത്രിയുടെ കോലം കത്തിക്കുന്നു.

ദീപിക

28 April 2011

എൻഡോസൾഫാൻ: പാർട്ടി നിലപാടിൽ മാറ്റമില്ലെന്നു സുഷമ

തിരുവനന്തപുരം: എൻഡോസൾഫാൻ വിഷയത്തിൽ ബിജെപി നിലപാടിൽ മാറ്റമില്ലെന്നു ലോക്സഭാ പ്രതിപക്ഷ നേതാവ് സുഷമാ സ്വരാജ്. എൻഡോസൾഫാൻ നിരോധനം സംബന്ധിച്ചു പാർട്ടി നിലപാടു വളരെ വ്യക്തമാണ്. എൻഡോസൾഫാനെ ന്യായീകരിക്കുന്ന സമീപനമില്ല- അവർ പറഞ്ഞു.

എൻഡോസൾഫാൻ നിരോധിക്കുന്നതിനെതിരേ ഗുജറാത്ത് നിലപാടെടുത്തതിനെക്കുറിച്ചു മാധ്യമപ്രവർത്തകരോടു പ്രതികരിക്കുകയായിരുന്നു അവർ.

എൻഡോസൾഫാൻ അനുകൂലമായി സംസാരിച്ച ഗുജറാത്ത് മുഖ്യമന്ത്രി നരേന്ദ്ര മോഡിയോടും രാജ്യസഭാംഗം എം.വെങ്കയ്യയും പാർട്ടി നിലപാടു വ്യക്തമാക്കുമെന്നും അവർ പറഞ്ഞു.

എൻഡോസൾഫാൻ: സംസ്ഥാന സർക്കാർ പൂർണ പരാജയമെന്ന് എൻഎസ്എസ്

28/4/11 Deepika

കോട്ടയം: എൻഡോസൾഫാന്റെ വിതരണവും ഉപയോഗവും തടയുന്നതിൽ സംസ്ഥാന സർക്കാർ പൂർണപരാജയമാണെന്ന് എൻഎസ്എസ് ഡയറക്ടർ ബോർഡ് കുറ്റപ്പെടുത്തി.

എൻഡോസൾഫാൻ ഉപയോഗംമൂലം സംസ്ഥാനത്തെ ജനജീവിതത്തിലുണ്ടാക്കിയ കെടുതികൾ ഏറെ ചർച്ച ചെയ്യപ്പെടുന്നു. ഹൈക്കോടതി നിർദേശപ്രകാരം 2001ലും 2004ലും അന്നത്തെ സംസ്ഥാന സർക്കാരുകൾ എൻഡോസൾഫാൻ നിരോധിച്ച് ഉത്തരവ് പുറപ്പെടുവിച്ചതാണ്. എന്നാൽ, ഇപ്പോൾ യഥാർഥപ്രശ്നങ്ങൾ പരിഹരിക്കുന്നതിനു പകരം ചിലരുടെ രാഷ്ട്രീയ താത്പര്യങ്ങൾ സംരക്ഷിക്കാനായുള്ള പുറപ്പാടുനാടകമാണു സംസ്ഥാനത്ത് അരങ്ങേറുന്നത്. ഈ ശ്രമങ്ങൾ അപലപനീയമാണ്.

സംസ്ഥാനത്ത് എൻഡോസൾഫാന്റെ ഉത്പാദനവും ഉപയോഗവും തടയാനുള്ള ഇച്ഛാശക്തി സർക്കാർ സ്വീകരിക്കേണ്ടിയിരുന്നു.

കീടനാശിനിമൂലം ഉണ്ടായിട്ടുള്ള ദോഷഫലങ്ങൾ അനുഭവിക്കുന്നവർക്ക് പുനരധിവാസം ഏർപ്പെടുത്തുന്നതിനും, മതിയായ അടിയന്തര ധനസഹായവും, ഫലപ്രദമായ വൈദ്യസഹായവും എത്തിക്കാനും സംസ്ഥാനസർക്കാർ ഇനിയും അമാന്തിക്കുന്നത് പ്രതിഷേധാർഹമാണെന്നും എൻഎസ്എസ് കുറ്റപ്പെടുത്തി.

സ്റ്റോക്ഹോം കൺവൻഷനിൽ കേന്ദ്രസർക്കാർ സ്വീകരിച്ച നിലപാടും അപലപനീയമാണ്.

ഈ നിലപാട് മാറ്റി, മറ്റു സംസ്ഥാനങ്ങളുമായി അഭിപ്രായ സമന്വയമുണ്ടാക്കി, രാജ്യവ്യാപകമായി എൻഡോസൾഫാൻ നിരോധിക്കുന്നതിന് അടിയന്തരനടപടി സ്വീകരിക്കേണ്ടതാണെന്ന് ഇന്നലെ പെരുന്നയിൽ കൂടിയ എൻഎസ്എസ് ഡയറക്ടർ ബോർഡ് യോഗം കേന്ദ്ര സർക്കാരിനോടും ആവശ്യപ്പെട്ടു.

എൻഡോസൾഫാനിൽ കലരുന്ന രാഷ്ട്രീയവിഷം

Deepika 28/4/11

എ

ഇന്ത്യയെ മറികടന്ന് കേരളം ലോകത്തിന്റെ നെറുകയിൽ

സ്വന്തം ലേഖകൻ

ന്യൂഡൽഹി: സ്റ്റോക്ഹോം കൺവെൻഷന്റെ ജനീവ സമ്മേളനം മൂന്നാം ദിവസത്തിലേക്ക് കടന്നപ്പോൾ ഇന്ത്യയെ മറികടന്ന് കേരളം ലോകത്തിന്റെ നെറുകയിലെത്തി.

എൻഡോസൾഫാൻ ഉൽപാദകരായ എക്സൽ കമ്പനി മേധാവിയുമായി ഇന്ത്യയുടെ ഔദ്യോഗിക സംഘം നിരന്തരം കൂടിയാലോചന നടത്തിയത് കണ്ടുപിടിച്ച ലോകരാജ്യങ്ങൾ ഇന്ത്യൻ ജനതയെ പ്രതിനിധാനംചെയ്യുന്നത് കേരളമാണെന്ന നിലപാടിലേക്ക് മാറുകയായിരുന്നു.

ഇന്ത്യയുടെ ഔദ്യോഗിക നിലപാട് ജനങ്ങളെ പ്രതിനിധാനം ചെയ്യുന്നതല്ലെന്നും ഇന്ത്യ വിതരണം ചെയ്ത കരട് പ്രസ്താവന തള്ളിക്കളയണമെന്നും പകരം കേരളം പ്രധാനമന്ത്രിക്ക് സമർപ്പിച്ച റിപ്പോർട്ട് ഇന്ത്യൻ ജനതയുടെ ആവശ്യമായി പരിഗണിക്കണമെന്നും ആവശ്യപ്പെട്ട് ലോകരാജ്യങ്ങൾ മുന്നോട്ടുവന്നു. അതോടെ ജനീവയിൽ പങ്കെടുത്ത മുഴുവൻ രാജ്യങ്ങളുടെയും ശ്രദ്ധാകേന്ദ്രമായി കേരളത്തിന്റെ പ്രതിനിധികൾ മാറി.

കേരളം നടത്തിയ പോരാട്ടത്തിന് ഐക്യദാർഢ്യം പ്രകടിപ്പിച്ച പ്രതിനിധികൾ നിരോധം ഉറപ്പാക്കാൻ പരിശ്രമിക്കുമെന്ന് കേരളത്തിൽ നിന്നുള്ള നിരീക്ഷകരായ ഡോ. മുഹമ്മദ് അശീലിനെയും ഡോ. ജയകുമാറിനെയും സമാശ്വസിപ്പിക്കുകയും ചെയ്തു.

ഇതിനിടയിലാണ് കേരളം പ്രധാനമന്ത്രിക്ക് സമർപ്പിച്ച റിപ്പോർട്ടിന്റെ കോപ്പി ചോദിച്ച് ഇറാന്റെ നേതൃത്വത്തിൽ ഒരു കൂട്ടം രാജ്യങ്ങൾ അവരെ സമീപിച്ചത്. റിപ്പോർട്ടിന്റെ ഫോട്ടോകോപ്പികളെടുത്ത് ഇന്ത്യൻ ജനതയുടെ ആവശ്യമിതാണെന്ന് പ്രഖ്യാപിച്ച് പരസ്യമായി അവർ വിതരണം ചെയ്തു.

അധികാരികമല്ലെന്ന് പറഞ്ഞ് പ്രധാനമന്ത്രിയും കേന്ദ്ര സർക്കാരും തള്ളിയ ഈ റിപ്പോർട്ട് അന്തർദേശീയ തലത്തിൽ ഏറ്റവും സ്വീകാര്യത ലഭിച്ച റിപ്പോർട്ടായി മാറുകയായിരുന്നു.

കേരളത്തിൽനിന്ന് സർവകക്ഷി സംഘം വന്നപ്പോൾ പ്രധാനമന്ത്രിക്ക് പെട്ടെന്ന് കാര്യം ഗ്രഹിക്കാൻ കേരളം നടത്തിയ മെഡിക്കൽ ക്യാമ്പുകളിൽനിന്ന് ലഭിച്ച വിവരങ്ങളും കോഴിക്കോട് മെഡിക്കൽ കോളജ് നടത്തിയ പഠനത്തിന്റെ കണ്ടെത്തലുകളും കൂട്ടിച്ചേർത്തതായിരുന്നു ഈ സംക്ഷിപ്ത റിപ്പോർട്ട്.

മുഖ്യമന്ത്രി വി.എസ് അച്യുതാനന്ദൻ നടത്തിയ ഉപവാസ സമരവും അതിന് കേരളീയർ ഒന്നടങ്കം നൽകിയ പിന്തുണയും 'ലൈവായി' കണ്ട സമ്മേളന പ്രതിനിധികൾക്ക് ഈ റിപ്പോർട്ടിൽ സംശയിക്കാനൊന്നുമില്ലായിരുന്നു. പ്രചാരണം കുറിക്കു കൊള്ളുന്നതിന്റെ തെളിവായിരുന്നു നിരോധം ചർച്ചചെയ്ത ഉപസമിതിയുടെ അധ്യക്ഷ ഹല കേരള സർക്കാ
ന ഔദ്യോഗികമായി പ്രതി
ധാനംചെയ്ത ആരോഗ്യ വകു
ലെ ഡോ. മുഹമ്മദ് അശീലി
പ്രത്യേകം കുടിക്കാഴ്ചക്ക് ക
ണിച്ചത്.

ആരോഗ്യരംഗത്തെ മെച്ചപ്പെ
നിലവാരത്തിൽ സ്കാൻഡി
വിയൻ രാജ്യങ്ങൾക്കൊപ്പം കേ
ത്തുവെക്കാറുള്ള കേരളം രാ
ത്തെ അടക്കിവാഴുന്ന കോർപ
റ്റുകൾക്കെതിരെയുള്ള മുന്നേറ്റ
യി മാറിയ എൻഡോസൾഫാ
വിരുദ്ധ പോരാട്ടത്തിലൂടെ ലോ
ത്തിന്റെ നെറുകയിലെത്തിയ
ന്റെ നിർവൃതി ആരോഗ്യമന്ത്രി
ശ്രീമതി ടീച്ചറും മറച്ചുവെച്ചില്ല
ഡോ. അശീലിനെ പുനരധിവാ
ച്ചുമതല ഏൽപിച്ചതിലും കേര
സർക്കാരിന്റെ ചെലവിൽ ജ
വയിലേക്ക് പറഞ്ഞയച്ചതിലു
അങ്ങേയറ്റം ചാതിചാർഥ്യമനു
വിച്ച ദിനമാണ് ഇന്നെന്ന് ശ്രീമ
ടീച്ചർ 'മാധ്യമ'ത്തോട് പറഞ്ഞു.

മാധ്യമം

28 April 2011

എൻഡോസൾഫാൻ: അവിശുദ്ധ ബന്ധത്തിൽ ഇന്ത്യ നാണംകെട്ടു

ആഗോള നിരോധത്തിന് സാധ്യത



28/4/11 MD

പ്രധാനമന്ത്രി കേരളത്തെ കബളിപ്പിച്ചു

ഹസനുൽ ബന്ന

മാധ്യമം 28/4/11 MD കേരളീയം 2011 ഏപ്രിൽ 28 വ്യാഴം 5

എൻഡോസൾഫാൻ: മുഖം രക്ഷിക്കാൻ കോൺഗ്രസ് നേതൃത്വം വഴിതേടുന്നു

ആഷ്റഫ് വട്ടപ്പാറ



മുഖ്യമന്ത്രിമാർക്ക് വി.എസ് കത്തയച്ചു

സമരത്തിന് മുമ്പ് നിരോധം ഫലപ്രദമായി നടപ്പാക്കണം –ഉമ്മൻചാണ്ടി

നിരോധിക്കാൻ സംസ്ഥാനങ്ങൾക്ക് അധികാരമില്ല –മന്ത്രി മുല്ലക്കര

സ്റ്റോക്ഹോം കൺവെൻഷനിലെ ഇന്ത്യൻ നിലപാട് അപലപനീയം –എൻ.എസ്.എസ്

ദീപിക

28 April 2011

മംഗളം

28 April 2011

പഠനം പൂർത്തിയാക്കാൻ മൂന്നുവർഷം വേണം

28/4/11 മാതൃഭൂമി

എൻഡോസൾഫാൻ വിഷയത്തിൽ ബി.ജെ.പി ഇരകൾക്കൊപ്പം: സുഷമ സ്വരാജ്

മംഗളം

28 April 2011

വിഷമഴ 5 വർഷംകൂടി തുടരണമെന്ന് ഇന്ത്യ

28/4/11 മംഗളം

■ വി. യസുദേവ്
ന്യൂഡൽഹി



ജനീവയിൽ നടക്കുന്ന രാസായുധ കൺവെൻഷൻ യോഗത്തിൽ എൻഡോസൾഫാൻ നിരോധനം അടുത്ത അഞ്ചുവർഷത്തേക്കുകൂടി നീട്ടിവയ്ക്കണമെന്ന് ഇന്ത്യ ആവശ്യപ്പെടും. ഇതിനുവേണ്ടി ഇന്ത്യ ഔദ്യോഗികമായി നിലപാടെടുത്തുകഴിഞ്ഞു. കേരളത്തിലും കർണാടകത്തിലും എൻഡോസൾഫാൻ ഉപയോഗിച്ചുണ്ടായ ദുരന്തങ്ങൾ ലോകശ്രദ്ധയിൽ കൊണ്ടുവന്നതിനുശേഷമാണ് ഇന്ത്യയുടെ ഈ നിലപാടുമാറ്റം.

എൻഡോസൾഫാൻ നിരോധനം ആവശ്യപ്പെട്ട് കേരളത്തിൽ നിന്നുള്ള സർവകക്ഷി സംഘം പ്രധാനമന്ത്രിയെ നേരിൽക്കണ്ട് നിവേദനം നൽകിയിരുന്നു. ഡൽഹിയിൽ പരസ്യങ്ങൾവരെയിറക്കി. സ്റ്റോക്ഹോമിൽ ചർച്ച ചെയ്തപ്പോൾ...

പ്രതിനിധിയായ ഡോ. സുഹാസ് അഭിമാനിക്കുന്നു. ചെയ്ത നിവേദനത്തിന്റെ കോപ്പികൾ ആകാംക്ഷയോടെയാണ് വിവിധരാജ്യങ്ങളുടെ പ്രതിനിധികൾ എടുത്തുമാറിയത്.

ലോകത്തെ ഏറ്റവും വലിയ എൻഡോസൾഫാൻ ഉൽപാദകരായ ഗുജറാത്തിലെ എക്സൽ ക്രൂട്ടിന്റെ ജനറൽ മാനേജർ ഗണേശൻ ഇന്ത്യൻ കെമിക്കൽ കൗൺസിലിന്റെയും എക്സിൽ ഡയറക്ടർ ബോർഡംഗം ഹരിഹരൻ ഇന്ത്യൻ നാഷണൽ സ്റ്റാറ്റിറ്റിക്കൽ സെന്റർ എന്ന സംഘടനയുടെയും പ്രതിനിധികളായിരുന്നെന്നറിയുന്നു.

കൃഷി വകുപ്പ് സെക്രട്ടറി വന്നാലായിൻ ഉൾപ്പെടെയുള്ള പെസ്റ്റിസൈഡ് കമ്മിറ്റി ഉദ്യോഗസ്ഥരുടെ നിർദേശമനുസരിച്ചു പ്രവർത്തിച്ചുവരുമെന്നുമാണ് ഇന്ത്യ അറിയിച്ചിരിക്കുന്നത്.

നിലപാടുമാറ്റത്തിനുശേഷം ഇന്ത്യയിൽ അധ്യക്ഷനായി തുടരുന്നതിലെ ഇന്ത്യക്കു തിരിച്ചടിയായി. ഉപയോഗം, അവസാനിപ്പിക്കാൻ കാലാവധി പോരിപ്പെടില്ല. ഇന്ത്യയിൽ വിൽപ്പന ഈ നിലപാടുമാറ്റത്തിനുശേഷം ഇന്ത്യ ഉടൻ നടത്തുന്ന ചൊവ്വാഴ്ചയിലെ ഇന്ത്യൻ നിലപാടിനെ ഉറ്റുനോക്കുകയാണ് ലോകരാജ്യങ്ങൾ.

ലോകത്തെ ഏറ്റവും വലിയ എൻഡോസൾഫാൻ ഉൽപാദകരായ ഗുജറാത്തിലെ എക്സൽ ക്രൂട്ടിന്റെ ജനറൽ മാനേജർ ഗണേശൻ ഇന്ത്യൻ കെമിക്കൽ കൗൺസിലിന്റെയും എക്സിൽ ഡയറക്ടർ ബോർഡംഗം ഹരിഹരൻ ഇന്ത്യൻ നാഷണൽ സ്റ്റാറ്റിറ്റിക്കൽ സെന്റർ എന്ന സംഘടനയുടെയും പ്രതിനിധികളായിരുന്നെന്നറിയുന്നു.

കൃഷി വകുപ്പ് സെക്രട്ടറി വന്നാലായിൻ ഉൾപ്പെടെയുള്ള പെസ്റ്റിസൈഡ് കമ്മിറ്റി ഉദ്യോഗസ്ഥരുടെ നിർദേശമനുസരിച്ചു പ്രവർത്തിച്ചുവരുമെന്നുമാണ് ഇന്ത്യ അറിയിച്ചിരിക്കുന്നത്.

നിലപാടുമാറ്റത്തിനുശേഷം ഇന്ത്യയിൽ അധ്യക്ഷനായി തുടരുന്നതിലെ ഇന്ത്യക്കു തിരിച്ചടിയായി. ഉപയോഗം, അവസാനിപ്പിക്കാൻ കാലാവധി പോരിപ്പെടില്ല. ഇന്ത്യയിൽ വിൽപ്പന ഈ നിലപാടുമാറ്റത്തിനുശേഷം ഇന്ത്യ ഉടൻ നടത്തുന്ന ചൊവ്വാഴ്ചയിലെ ഇന്ത്യൻ നിലപാടിനെ ഉറ്റുനോക്കുകയാണ് ലോകരാജ്യങ്ങൾ.

ലോകത്തെ ഏറ്റവും വലിയ എൻഡോസൾഫാൻ ഉൽപാദകരായ ഗുജറാത്തിലെ എക്സൽ ക്രൂട്ടിന്റെ ജനറൽ മാനേജർ ഗണേശൻ ഇന്ത്യൻ കെമിക്കൽ കൗൺസിലിന്റെയും എക്സിൽ ഡയറക്ടർ ബോർഡംഗം ഹരിഹരൻ ഇന്ത്യൻ നാഷണൽ സ്റ്റാറ്റിറ്റിക്കൽ സെന്റർ എന്ന സംഘടനയുടെയും പ്രതിനിധികളായിരുന്നെന്നറിയുന്നു.

കൃഷി വകുപ്പ് സെക്രട്ടറി വന്നാലായിൻ ഉൾപ്പെടെയുള്ള പെസ്റ്റിസൈഡ് കമ്മിറ്റി ഉദ്യോഗസ്ഥരുടെ നിർദേശമനുസരിച്ചു പ്രവർത്തിച്ചുവരുമെന്നുമാണ് ഇന്ത്യ അറിയിച്ചിരിക്കുന്നത്.

നിലപാടുമാറ്റത്തിനുശേഷം ഇന്ത്യയിൽ അധ്യക്ഷനായി തുടരുന്നതിലെ ഇന്ത്യക്കു തിരിച്ചടിയായി. ഉപയോഗം, അവസാനിപ്പിക്കാൻ കാലാവധി പോരിപ്പെടില്ല. ഇന്ത്യയിൽ വിൽപ്പന ഈ നിലപാടുമാറ്റത്തിനുശേഷം ഇന്ത്യ ഉടൻ നടത്തുന്ന ചൊവ്വാഴ്ചയിലെ ഇന്ത്യൻ നിലപാടിനെ ഉറ്റുനോക്കുകയാണ് ലോകരാജ്യങ്ങൾ.

എൻഡോസൾഫാൻ: സംസ്ഥാന സർക്കാരിനെതിരേ എൻ.എസ്.എസ്.

'സർക്കാരിന്റേത് പൊറാട്ടുനാടകം'

കോൺഗ്രസ്, യു.ഡി.എഫ്. :യോഗങ്ങൾ മാറ്റി; എൻഡോസൾഫാൻ മുഖ്യവിഷയമാകും

അതുല്യം പരിക്ഷോത്സവം ഇന്ന് 81,785 പേർ നാലാംതരത്തിലേക്ക്

28/4/11 mangalam

■ എൻഡോസൾഫാൻ നിരോധനം

വിലക്കു ലംഘിക്കുന്നവരെ ശിക്ഷിക്കാൻ സംസ്ഥാനത്തിന് അധികാരമില്ല

ദീപിക

എൻഡോസൾഫാൻ: മുഖ്യമന്ത്രിയുടെ നിലപാട് വഞ്ചനാപരം: ടി.എച്ച്. മുസ്തഫ

കേന്ദ്രത്തിന്റെ പ്രതിനിധിസംഘം എൻഡോസൾഫാൻ കമ്പനിയുടെ വക്താക്കൾ: വി.എം. സുധീരൻ

മാതൃഭൂമി

28 April 2011

എൻഡോസൾഫാൻ

നിരോധനം വന്നിട്ട് ഒരു ദശകം; തെളിയുന്നത് ഭരണത്തിന്റെ അനാസ്ഥ

സ്വന്തം ലേഖകൻ

തിരുവനന്തപുരം: എൻഡോസൾഫാൻ നിരോധനം നിലവിൽ വന്ന് ഒരു ദശകത്തോട് അടുക്കുമ്പോൾ കേരളത്തിൽ ഇതുവരെ തെളിയുന്നത് ഭരണത്തിന്റെ അനാസ്ഥയുടെ കഥകൾ. എൻഡോസൾഫാൻ മാരകമായ കീടനാശിനിയാണെന്ന കാര്യത്തിലും കേരളത്തിലെ എല്ലാ രാഷ്ട്രീയകക്ഷികളും എക്കാലവും യോജിച്ചാണ് എൻഡോസൾഫാൻ നിരോധനത്തിനായി ശബ്ദമുയർത്തിയിട്ടുള്ളത്. അതുകൊണ്ടുതന്നെ കേരളത്തിലെ ഭരണത്തിന്റെ കെടുകാര്യസ്ഥതയുടെ കഥകൾ കൂടിയാണ് ഇവയുണ്ടാക്കുന്നത്.

2004 ഫെബ്രുവരിയിൽ ഇരകൾക്ക് ധനസഹായം നൽകുന്നതിന് എൻഡോസൾഫാൻ ഏറ്റവും ബാധിച്ച നിരവധിപേരുടെ ഹർജിയിൽ ഇതിനു മുമ്പ് സംസ്ഥാന സർക്കാർ എൻഡോസൾഫാൻ പരിശോധന നിരോധിച്ചു കൊണ്ടും പിന്നീട് നിരോധനം നീക്കിയിട്ടും നടപടിയെടുത്ത എൻഡോസൾഫാൻ ഉപയോഗം മൂലം കാസർകോട്ടെ ദുരിതബാധിതരുടെ കണക്കുകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടു. ഇതുവരെ ഇത്തരത്തിൽ ഒരു കണക്കും സർക്കാരിനു നൽകാൻ കഴിഞ്ഞിട്ടില്ല. ഇതുതന്നെ കോടതിയുടെ അതൃപ്തിക്കും കാരണമായി.

നിരോധനം നിലനിൽക്കുന്ന സാഹചര്യത്തിൽപ്പോലും എൻഡോസൾഫാൻ കേരളത്തിൽ മറ്റുപല പേരുകളിലായി വ്യാപകമായി ഉപയോഗിക്കുന്നതായി ആരോപണമുയർന്നു. ഇതുസംബന്ധിച്ച് കൃത്യമായ വിവരങ്ങൾ നൽകാൻ സർക്കാർ തയ്യാറായിട്ടില്ല. എൻഡോസൾഫാൻ കേരളത്തിൽ നിരോധിച്ചതിനുശേഷം കേരളത്തിലേക്ക് എൻഡോസൾഫാൻ കൊണ്ടുവരുന്നതിനെതിരെ കർണാടകത്തിലെ കർഷകർ പ്രതിഷേധിച്ചിരുന്നു. ഇതിനെത്തുടർന്ന് കർണാടകത്തിൽ എൻഡോസൾഫാൻ ഉപയോഗിക്കുന്നതിനെതിരെ കർണാടക സർക്കാർ നടപടിയെടുത്തിരുന്നു. ഇതിനുശേഷമാണ് കേരളത്തിലേക്ക് എൻഡോസൾഫാൻ കൊണ്ടുവരുന്നതിനെതിരെ കർണാടകത്തിലെ കർഷകർ പ്രതിഷേധിച്ചത്.

എൻഡോസൾഫാൻ കേരളത്തിൽ നിരോധിച്ച് വർഷങ്ങളായിട്ടും എവിടെയും കേരളത്തിലെ ഉദ്യോഗസ്ഥർ പരിശോധനയ്ക്കുപോലും പോയിട്ടില്ലെന്നാണ് ആക്ഷേപം. ഇതിനിടയിലാണ് കാസർകോട്ടെ ദുരിതബാധിതർക്ക് നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടികൾ ഇഴയുന്നത്. ഇതിനിടയിൽ കാസർകോട്ടെ ദുരിതബാധിതരുടെ കണക്കുകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടിട്ടും സർക്കാർ അതിനു തയ്യാറായിട്ടില്ല. ഇതിനെത്തുടർന്നാണ് കോടതി കടുത്ത വിമർശനമുന്നയിച്ചത്.

എൻഡോസൾഫാൻ: അരങ്ങേറുന്നത് രാഷ്ട്രീയനാടകമെന്ന് എൻ.എസ്.എസ്.

ചങ്ങനാശ്ശേരി: എൻഡോസൾഫാൻ കേരളത്തിലെ ചില രാഷ്ട്രകക്ഷികൾ ഉണ്ടാക്കിയിട്ടുള്ള കെടുകാര്യസ്ഥതയുടെ ഫലമാണെന്ന് ജനറൽ സെക്രട്ടറി പി. എൻ. നടരാജൻ നായർ പറഞ്ഞു. കാസർകോട് ജില്ലയിൽമാത്രം കണ്ടുവരുന്ന ഈ രോഗം ഇപ്പോൾ കണ്ണൂർ ജില്ലയിലേക്കും വ്യാപിച്ചിരിക്കുകയാണ്. ഇതിനുപിന്നിൽ രാഷ്ട്രീയഗൂഢാലോചനയുണ്ടെന്നും അദ്ദേഹം ആരോപിച്ചു.

കാസർകോട്ടെ ദുരിതബാധിതരുടെ കണക്കുകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടിട്ടും സർക്കാർ അതിനു തയ്യാറാകാത്തതിനെതിരെ സുപ്രീംകോടതി രൂക്ഷവിമർശനമുന്നയിച്ചിരുന്നു. ഇതിനുശേഷമാണ് എൻഡോസൾഫാൻ നിരോധിച്ചതിനുശേഷം കേരളത്തിലേക്ക് എൻഡോസൾഫാൻ കൊണ്ടുവരുന്നതിനെതിരെ കർണാടകത്തിലെ കർഷകർ പ്രതിഷേധിച്ചത്.

രാഷ്ട്രീയ മുതലെടുപ്പിനുവേണ്ടി ഹർത്താൽ -ചെന്നിത്തല

തിരുവനന്തപുരം: ഇരുമുന്നണി പ്രവർത്തകരുടെയും ഉദ്യോഗസ്ഥരുടെയും ഉൾപ്പെടെ നിരവധിപേരുടെ ജീവനെടുത്ത എൻഡോസൾഫാൻ നിരോധനം ആവശ്യപ്പെട്ടുള്ള ഹർത്താൽ രാഷ്ട്രീയമുതലെടുപ്പിനുവേണ്ടിയാണെന്ന് പ്രതിപക്ഷനേതാവ് രമേശ് ചെന്നിത്തല പറഞ്ഞു.

കേരളത്തിൽ എൻഡോസൾഫാൻ നിരോധനം നിലവിലുണ്ടായിരുന്നിട്ടും അതുവരെയുണ്ടായിരുന്നതിനേക്കാൾ വർധിച്ചതോതിൽ എൻഡോസൾഫാൻ നിറച്ച മരുന്നുകൾ കേരളത്തിലേക്ക് ഒഴുകിയെത്തിയിട്ടുണ്ടെന്നും ഇതിനുപിന്നിൽ ഉന്നതരുടെ പങ്കുണ്ടെന്നും ചെന്നിത്തല ആരോപിച്ചു.

ഡി.വൈ.എഫ്. സർക്കാരിന്റെ കാലത്ത് 2005 ഒക്ടോബർ 25ന് കേരളത്തിൽ എൻഡോസൾഫാൻ നിരോധിച്ചുകൊണ്ട് സർക്കാർ ഉത്തരവിറക്കിയിരുന്നു. ആ ഉത്തരവിന്റെ പിൻബലത്തിലാണ് 2011 ഫെബ്രുവരിയിൽ കൊണ്ടുവരാനുള്ള പ്രമേയത്തിന് കൊണ്ടുവരാനുള്ള അധികാരം ലഭിച്ചതെന്നും ചെന്നിത്തല പറഞ്ഞു. എൻഡോസൾഫാൻ ദുരിതബാധിതരുടെ പുനരധിവാസത്തിനുള്ള നടപടികൾ ഇഴയുന്നതിനെതിരെ ഹർത്താൽ നടത്തുന്നതിനുപകരം ഇരുമുന്നണികളും ചേർന്ന് സമഗ്രപുനരധിവാസപദ്ധതി ആവിഷ്കരിക്കുകയാണ് വേണ്ടതെന്നും ചെന്നിത്തല പറഞ്ഞു.

എൻഡോസൾഫാൻ സമരവും തിരഞ്ഞെടുപ്പ് ഫലവും സി.പി.എം. വിലയിരുത്തുന്നു

സ്വന്തം ലേഖകൻ

തിരുവനന്തപുരം: എൻഡോസൾഫാൻ വിരുദ്ധപ്രക്ഷോഭത്തിന്റെയും പിൽക്കാലത്തെ മുല്ലപ്പള്ളി രാമചന്ദ്രൻ നടത്തിയ നിരാഹാരസമരത്തിന്റെയും ഫലം തിരഞ്ഞെടുപ്പിൽ ലഭിച്ചോ എന്ന് സി.പി.എം. വിലയിരുത്തുന്നു. ഇക്കാര്യം പാർട്ടി സംസ്ഥാനസമിതിയിൽ ചർച്ചചെയ്തിരുന്നു. ഇതുസംബന്ധിച്ച് ജില്ലാ കമ്മിറ്റികൾ റിപ്പോർട്ട് നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ജില്ലാ കമ്മിറ്റികൾ വിശദമായ റിപ്പോർട്ട് നൽകണമെന്ന് സംസ്ഥാനസമിതി ആവശ്യപ്പെട്ടിട്ടുണ്ട്.

എൻഡോസൾഫാൻ ഇരകൾക്കുവേണ്ടി നിരാഹാരമനുഷ്ഠിച്ച മുല്ലപ്പള്ളി രാമചന്ദ്രൻ കാസർകോട്ടെ ഇരകളുടെ കുടുംബങ്ങൾ സന്ദർശിച്ചിരുന്നു. ഇതിനുശേഷം നടന്ന കാസർകോട് ലോക്സഭാമണ്ഡലത്തിലെ തിരഞ്ഞെടുപ്പിൽ കോൺഗ്രസ് സ്ഥാനാർഥി പി. കരുണാകരൻ വിജയിച്ചിരുന്നു. ഇതിനുപുറമേ കാസർകോട് നിയമസഭാമണ്ഡലത്തിലും കോൺഗ്രസ് സ്ഥാനാർഥി വിജയിച്ചിരുന്നു. ഇതിനുപുറമേ കാസർകോട് നിയമസഭാമണ്ഡലത്തിലും കോൺഗ്രസ് സ്ഥാനാർഥി വിജയിച്ചിരുന്നു. ഇതിനുപുറമേ കാസർകോട് നിയമസഭാമണ്ഡലത്തിലും കോൺഗ്രസ് സ്ഥാനാർഥി വിജയിച്ചിരുന്നു.

ബി.ജെ.പി. ദുരിതം അനുഭവിക്കുന്നവർക്കൊപ്പം -സുഷമാ സ്വരാജ്

തിരുവനന്തപുരം: എൻഡോസൾഫാൻ വിഷയത്തിൽ ബി.ജെ.പി. ദുരിതമനുഭവിക്കുന്നവരുടെ കൂടെയാണെന്ന് കേന്ദ്ര പ്രതിപക്ഷനേതാവ് സുഷമാ സ്വരാജ് പറഞ്ഞു. വിഷയത്തിൽ ബി.ജെ.പി. നേതാവ് അനന്തകുമാർ നടത്തിയ പ്രസ്താവന തെറ്റിദ്ധാരണമൂലമുണ്ടായതാണെന്നും അവർ പറഞ്ഞു.

എൻഡോസൾഫാൻ: പഠനം പൂർത്തിയാകാൻ മൂന്നുവർഷം വേണ്ടിവരും

പി.എസ്. റിജു

സുപ്രീംകോടതി നിയമിച്ച ദേശീയ വിദഗ്ധസമിതിയുടെ നേതൃത്വത്തിൽ എൻഡോസൾഫാൻ ദുരിതബാധിതപ്രദേശങ്ങളിൽ നടത്തുന്ന പഠനം പൂർത്തിയാകാൻ മൂന്നുവർഷമെങ്കിലും വേണ്ടിവരുമെന്ന് സമിതി ചെയർമാൻ ഡോ. എം.കെ. സി. നായർ പറഞ്ഞു. ഇതിനുശേഷമേ ഇരകൾക്കുള്ള നഷ്ടപരിഹാരത്തുക നിശ്ചയിക്കാനാകൂ. ഇതിനുശേഷമേ ഇരകൾക്കുള്ള നഷ്ടപരിഹാരത്തുക നിശ്ചയിക്കാനാകൂ. ഇതിനുശേഷമേ ഇരകൾക്കുള്ള നഷ്ടപരിഹാരത്തുക നിശ്ചയിക്കാനാകൂ.

സ്റ്റോക്ഹോം കൺവെൻഷൻ: ദേശസ്നേഹികൾ ആഗ്രഹിക്കുന്നത് ഇന്ത്യ പരാജയപ്പെടണമെന്നത്-വി.എം. സുധീരൻ

കൊല്ലം: ജനീവയിലെ സ്റ്റോക്ഹോം കൺവെൻഷനിൽ ഇന്ത്യയുടെ നയം പുനഃപരിശോധിക്കണമെന്ന ആവശ്യം ഉന്നയിക്കുന്നവർ രാജ്യസ്നേഹികളാണെന്ന് കോൺഗ്രസ് നേതാവ് വി.എം. സുധീരൻ പറഞ്ഞു. എൻഡോസൾഫാൻ വിഷയത്തിൽ സ്വീകരിക്കുന്ന നിലപാടുകളുടെ ആകെത്തുകയാണ് ഇന്ത്യ എന്ന് പരിഹസിക്കുന്നവർ ഓർക്കണമെന്നും സുധീരൻ ആവശ്യപ്പെട്ടു.

വി.എസ്. മറ്റ് മുഖ്യമന്ത്രിമാർക്ക് കത്തയച്ചു

തിരുവനന്തപുരം: എൻഡോസൾഫാൻ രാജ്യവ്യാപകമായി നിരോധിക്കാൻ കേന്ദ്ര സർക്കാരിൽ സമ്മർദം ചെലുത്താനാവശ്യപ്പെട്ട് മുഖ്യന്ത്രി വി.എസ്. അച്യുതാനന്ദൻ എല്ലാ സംസ്ഥാന മുഖ്യമന്ത്രിമാർക്കും കത്തയച്ചു.

സ്റ്റോക്ഹോം കൺവെൻഷനിൽ എൻഡോസൾഫാൻ വിഷയം നിലവിൽ സജീവപരിഗണനയിലാണ് ആവശ്യപ്പെടുന്നതെന്നും കത്തിൽ പറയുന്നു. കാസർകോട് ജില്ലയിൽ എൻഡോസൾഫാൻ ഉപയോഗിച്ചതിനുശേഷം ഉണ്ടായിട്ടുള്ള ദുരന്തത്തെക്കുറിച്ചും കത്തിൽ പരാമർശിച്ചിട്ടുണ്ട്. എൻഡോസൾഫാൻ മനുഷ്യരുടെ ആരോഗ്യത്തിന് ഏൽപ്പിക്കുന്ന ഭീഷണിയെക്കുറിച്ചും കത്തിൽ പറയുന്നുണ്ട്.

ദീപിക

28 April 2011

എൻഡോസൾഫാൻ: ഇന്ത്യയ്ക്കുമേൽ സമ്മർദം മുറുകുന്നു

ജനീവ: സ്റ്റോക്ഹോം കൺവെൻഷന്റെ ഭാഗമായി സ്വിറ്റ്സർലൻഡിലെ ജനീവയിൽ നടക്കുന്ന അന്താരാഷ്ട്ര സമ്മേളനത്തിൽ എൻഡോസൾഫാൻ നിരോധനത്തിനായി ഇന്ത്യയുമേൽ സമ്മർദം ശക്തമാവുന്നു. എൻഡോസൾഫാൻ നിരോധിച്ചുകൊണ്ടുള്ള കരടുപ്രമേയം അംഗീകരിച്ചുകൊണ്ടുള്ള ഉടമ്പടിയിൽ ഒപ്പുവയ്ക്കണമെന്നാണ് ഇന്ത്യയോട് ആവശ്യപ്പെടുന്നത്.

സമ്മേളനം നാലാം ദിവസത്തിലേക്ക് കടക്കവെ പ്രധാനമായും മൂന്ന് അഭിപ്രായഗതികളാണ് പ്രതിനിധികൾക്കിടയിൽ ഉയർന്നുവന്നിരിക്കുന്നത്. നിരോധനത്തെ എതിർക്കുന്നവരുടെ പക്ഷത്തിന് നേതൃത്വം നല്കുന്നത് ഇന്ത്യയാണ്. ഈ സമ്മേളനത്തിൽ നിരോധന തീരുമാനമുണ്ടാവുന്നത് നീട്ടിക്കൊണ്ടുപോവാനുള്ള ശ്രമങ്ങളാണ് ഇന്ത്യ തുടരുന്നത്. ഉപാധികളോടെ നിരോധനമാവാം എന്ന ഭേദഗതിയെ നിർദേശത്തിന് പിന്തുണ ഏറിവരികയാണ്. ആദ്യം നിരോധനത്തെ എതിർത്ത ചൈന ഇപ്പോൾ ഈ നിലപാടിനോട് അനുകൂലമായി പ്രതികരിച്ചിട്ടുണ്ട്. ചില വിളകളുടെ കാര്യത്തിൽ വിട്ടുവീഴ്ച വേണമെന്നാണ് ചൈനയുടെയുൾപ്പെടെ ആവശ്യം. സമ്പൂർണ നിരോധനത്തിനായി വാദിക്കുന്ന മൂന്നാഴ്ചയ്ക്കുള്ളിൽ യൂറോപ്യൻ യൂണിയൻ രാജ്യങ്ങളും അനുകൂലിക്കുമെന്നും ഉറപ്പായിട്ടുണ്ട്. നിരോധനമേ വേണ്ടെന്ന നിലപാടിൽ ഇപ്പോഴും ഉറച്ചുനിൽക്കുന്നത് ഇന്ത്യമാത്രമാണെന്ന് സമ്മേളനത്തിൽ സ്വതന്ത്ര നിരീക്ഷകനായി പങ്കെടുക്കുന്ന ഡോ. മുഹമ്മദ് അഷിൽ പറഞ്ഞു.



എൻഡോസൾഫാൻ: ഇന്ത്യ ഒറ്റപ്പെട്ടു

മാധ്യമം

മലയാള മനോരമ

28 April 2011



എൻഡോസൾഫാനെതിരെ [illegible]

എസ്.ടി.യു. മെയ്ദിനം എൻഡോസൾഫാൻ വിരുദ്ധദിനമായി ആചരിക്കും

എൻഡോസൾഫാൻ നിരോധിക്കണം - ഫ്രാറ്റ്

എൻഡോസൾഫാൻ: സംസ്ഥാന സർക്കാരിന്റേത് രാഷ്ട്രീയ പൊറാട്ടു നാടകമെന്ന് എൻഎസ്എസ്

എൻഡോസൾഫാൻ: ചർച്ച തുടരുന്നു; നിരോധനത്തിനു തന്നെ മുൻതൂക്കം

പഠനത്തിന് മൂന്നു വർഷം വേണ്ടിവരുമെന്ന് ഐസിഎംആർ

എൻഡോസൾഫാൻ സമരത്തിന് പിന്തുണ: കുര്യാക്കോസ് മാർ ക്ലിമ്മിസ്

പത്തനംതിട്ട: എൻഡോസൾഫാനെതിരായുള്ള പ്രവർത്തനങ്ങൾക്ക് മലങ്കര ഓർത്തഡോക്സ് സഭയുടേയും പരിസ്ഥിതി കമ്മീഷന്റേയും പിന്തുണ ഉറപ്പു നൽകുന്നതായി ഓർത്തഡോക്സ് സഭ പരിസ്ഥിതികമ്മീഷൻ ചെയർമാനും തുമ്പമൺ ഭദ്രാസനാധിപനുമായ കുര്യാക്കോസ് മാർ ക്ലിമ്മീസ് പ്രസ്താവിച്ചു.

സഹജീവികളുടെ ജീവനെ വിസ്മരിച്ച് സ്വജീവിതത്തിന്റെ സുരക്ഷ ഉറപ്പിക്കുന്ന പ്രവണതയാണ് എൻഡോസൾഫാൻ പോലെയുള്ള മാരക കീടനാശിനികളുടെ ഉപയോഗം വർദ്ധിപ്പിക്കുന്നത്.

മണ്ണിനേയും വായുവിനേയും ജലത്തേയും മലിനമാക്കുന്നതും പ്രതിരോധശേഷി നഷ്ടപ്പെടുത്തുന്നതുമായ ഇത്തരം മാരക പദാർഥങ്ങൾ കാലാന്തരത്തിൽ മനുഷ്യവർഗത്തിന്റെനിലനിൽപ്പിനെ തന്നെ താറുമാറാക്കും.

സസ്യലതാദികളും മൃഗസഞ്ചയവുമൊത്തുള്ള താളാത്മക ബന്ധം സ്വപ്നം കാണുന്ന മനുഷ്യസ്നേഹികൾ ഈ വിപത്തിനെതിരെ പ്രതികരിയ്ക്കണമെന്നും രാഷ്ട്രീയത്തിന് അതീതമായി എല്ലാവരും ഇത്തരം പ്രവർത്തനങ്ങളിൽ പങ്കാളികളാകണമെന്നും

മലയാള മനോരമ

എൻഡോസൾഫാനെ കേരളത്തിലേക്കു പ്രവേശിപ്പിക്കരുത്: ഫ്രാറ്റ്

തിരുവനന്തപുരം: എൻഡോസൾഫാൻ കീടനാശിനി കേരളത്തിലേക്കു പ്രവേശിക്കാൻ അനുവദിക്കാതെ നോക്കാൻ നിശ്ചയദാർഢ്യം കാട്ടണമെന്നു ഫ്രാറ്റ് പ്രസിഡന്റ് പട്ടം ശശിധരൻ നായർ, ജനറൽ സെക്രട്ടറി അഡ്വ. പുഞ്ചക്കരി ജി. രവീന്ദ്രൻ നായർ എന്നിവർ സർക്കാരിനോട് അഭ്യർഥിച്ചു.

ഈ കീടനാശിനി കൈവശം വയ്ക്കാതിരിക്കാനും വിപണനം ചെയ്യാതിരിക്കാനും വ്യാപാരികളും ശ്രദ്ധിക്കണം.

കേരളത്തിലെത്തുന്ന പുവ്വ് മുതൽ പച്ചക്കറി വരെയുള്ള വിത്തുകൾ ഉൽപാദിപ്പിക്കുന്ന തമിഴ്നാട്, കർണാടക എന്നീ സംസ്ഥാനങ്ങളിലും എൻഡോസൾഫാൻ നിരോധിക്കേണ്ടതാണ്- ഫ്രാറ്റ് അഭിപ്രായപ്പെട്ടു.

കേരള കൗമുദി

28 April 2011

28/4/11 K.K

എൻഡോസൾഫാൻ: പഠനം തീരാൻ മൂന്നു വർഷമെടുക്കും

മുഖ്യമന്ത്രിമാർക്ക് വി. എസ് കത്തയച്ചു

തിരുവനന്തപുരം : എൻഡോ സൾഫാൻ രാജ്യവ്യാപകമായി നിരോധിക്കാൻ കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തണമെന്ന് അഭ്യർത്ഥിച്ച് മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദൻ എല്ലാ സംസ്ഥാന മുഖ്യമന്ത്രിമാർക്കും കത്തയച്ചു.

ഈ മാസം 29ന് സമാപിക്കുന്ന സ്റ്റോക്ക്ഹോം കൺവെൻഷനിൽ എൻഡോസൾഫാൻ വിരുദ്ധ നിലപാട് സ്വീകരിക്കണമെന്ന് ആവശ്യപ്പെടണമെന്നും മുഖ്യമന്ത്രി കത്തിൽ അഭ്യർത്ഥിച്ചു.

ഡൽഹി: എൻഡോസൾഫാന്റെ ആരോ
ു പ്രശ്നങ്ങളെക്കുറിച്ച് ഇന്ത്യൻ കൗൺ
ിൽ ഫോർ മെഡിക്കൽ റിസർച്ച് നട
ുന്ന പഠനം പൂർത്തിയാകാൻ മൂന്നുവർ
ക്കെങ്കിലുമെടുക്കുമെന്ന് കൗൺസിൽ ഡയ
ക്ടർ ജനറൽ ഡോ. വിശ്വമോഹൻ കടോച്ച്
റഞ്ഞു. പെട്ടെന്ന് പഠനം പൂർത്തിയാക്ക
നമെന്ന് പ്രധാനമന്ത്രിയുടെ നിർദ്ദേശം ലഭി
ിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു. ഐ.സി.
എം. ആറിന്റെ പഠനറിപ്പോർട്ട് വന്നശേഷം
എൻഡോസൾഫാൻ നിരോധനത്തിൽ തീരു
ാനമെടുക്കാമെന്നാണ് പ്രധാനമന്ത്രി മൻ
മോഹൻസിംഗ് കഴിഞ്ഞദിവസം പറഞ്ഞത്.

കേരളം ഉൾപ്പെടെ അഞ്ചു സംസ്ഥാന
ങ്ങളിലാണ് ഐ.സി.എം.ആർ പഠനം നട
ത്തുന്നതെന്ന് കടോച്ച് പറഞ്ഞു. പഠനം സ
ങ്കീർണമായ പ്രക്രിയയാണ്. പ്രാഥമിക നിഗ
മനങ്ങളിൽ എത്താൻതന്നെ രണ്ടുവർഷമെ
ങ്കിലുമെടുക്കും. കോഴിക്കോട് മെഡിക്കൽ
കോളേജ് തയ്യാറാക്കിയ റിപ്പോർട്ട് ലഭിച്ചശേ
ഷം ഐ.സി. എം. ആർ സംഘം കാസർ
കോട്ട് പോകും. തുടർന്ന് ഒരുമാസത്തിനു
ള്ളിൽ കേരളത്തിലെ പഠനത്തിന്റെ റിപ്പോർ
ട്ട് തയ്യാറാക്കും. സംസ്ഥാനത്ത് നേര
ത്തേ നടത്തിയ പഠനങ്ങളുടെ റിപ്പോർട്ടു
കളുമായി പുതിയ റിപ്പോർട്ട് താരതമ്യം
ചെയ്ത് എൻഡോസൾഫാൻ ഇരകളു
ടെ ആരോഗ്യം മെച്ചപ്പെടുത്താൻ നിർദ്ദേ
ശങ്ങൾ നൽകും.

ദീപിക

29 April 2011

വിഷലിപ്ത സംസ്കാരത്തിന് അറുതിവരുത്തുക

ആർച്ച്ബിഷപ് മാർ ജോർജ് വലിയമറ്റം

29/4/11

മാധ്യമം

29 April 2011

എൻഡോസൾഫാനെറ വിധി ഇന്ന്

ജനീവ: സ്റ്റോക്ഹോം കൺവെൻഷനെറ പ്ലീനറി സെഷനിലും എൻഡോസൾഫാൻ നിരോധിക്കുന്നതിലുള്ള 'പ്രയാസവും വിഷമവും' ഇന്ത്യ ഉന്നയിച്ചതിനെ തുടർന്ന് വിഷയം വിശദ ചർച്ചക്കായി വെള്ളിയാഴ്ചത്തേക്ക് മാറ്റി. ബുധനാഴ്ച രാത്രി ഇന്ത്യൻ സമയം 9.30ന് അവസാനിപ്പിച്ച എൻഡോസൾഫാൻ ചർച്ച, സമ്മേളനത്തിനെറ അവസാന ദിവസമായ ഇന്ന് ഉച്ചക്ക് 12ന് പുനരാരംഭിക്കും.

ഇന്ത്യയുടെ നാണംകെടലിനും ഒറ്റപ്പെടലിനുമിടയിൽ സ്റ്റോക് ഹോം കൺവെൻഷനെറ പ്ലീനറി സമ്മേളനം ബുധനാഴ്ച രാത്രിയാണ് നിർണായക ഘട്ടത്തിലേക്ക് കടന്നത്. ആഗോളതലത്തിൽ എൻഡോസൾഫാൻ നിരോധിക്കപ്പെടേണ്ട മാരകവിഷമാണെന്ന് എല്ലാ രാജ്യങ്ങളും ഏകാഭിപ്രായത്തിലെത്തിയതോടെ ഇന്ത്യ പഴയ നിലപാട് മയപ്പെടുത്തിയെങ്കിലും കീടങ്ങാൻ തയാറായില്ല. ഇന്ത്യയെ പ്രതിനിധീകരിച്ച് വ്യാഴാഴ്ച രാത്രി സംസാരിച്ച കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിലെ അഡീഷനൽ സെക്രട്ടറി ഗൗരികുമാർ, എൻഡോസൾഫാൻ ആരോഗ്യ പ്രശ്നങ്ങളുണ്ടാക്കുന്നില്ലെന്ന ആദ്യവാദം ആവർത്തിച്ചില്ല. അതേസമയം, എൻഡോസൾഫാൻ നിരോധം മൂലം പ്രയാസത്തിലാകുന്ന കർഷകരുടെ കാര്യത്തിൽ തങ്ങൾ ആശങ്കാകുലരാണെന്നും ഈ ആശങ്കകൾ പരിഹരിക്കാതെ നിരോധം അടിച്ചേൽപിക്കരുതെന്നും ഇന്ത്യ ആവശ്യപ്പെട്ടു. ഉപയോഗിക്കുന്ന രാജ്യങ്ങളുടെ ആശങ്കകൾ ദൂരീകരിക്കും വിധം വിശദമായ ചർച്ച വേണമെന്ന് ചൈനയും നിർദേശിച്ചിരുന്നു. ഈ സാഹചര്യത്തിലാണ് വിശദമായ ചർച്ചക്കായി വിഷയം വെള്ളിയാഴ്ചത്തേക്ക് മാറ്റാൻ സംഘാടകർ തീരുമാനിച്ചത്.

അനക്സ് -എയിൽ ഉൾപ്പെടുത്തി ഈ സമ്മേളനത്തിൽ തന്നെ എൻഡോസൾഫാൻ നിരോധിക്കണമെന്ന നിലപാടിലേക്ക് ബുധനാഴ്ച മുതലാണ് കാര്യങ്ങൾ നീങ്ങിത്തുടങ്ങിയത്. അനക്സ് -എയിൽ ഉൾപ്പെടുത്തിയാൽ മൂന്നു വർഷത്തിനകം ബദൽ മാർഗം കണ്ടെത്തേണം. അതേസമയം, അഞ്ചു വർഷംവരെ പരിമിതമായ തോതിൽ ഉപയോഗത്തിന് അനുമതി ലഭിക്കുകയും ചെയ്യും. ഈ ഇളവ് ഏതൊക്കെ വിളകൾക്ക് വേണമെന്ന് അതത് രാജ്യങ്ങൾ രജിസ്റ്റർ ചെയ്യണം. ബുധനാഴ്ച നടന്ന ചർച്ചക്കൊടുവിൽ ഉപസമിതി ക്രോഡീകരിച്ച കരട് തീരുമാനം പ്ലീനറി സമ്മേളനത്തിൽ അവതരിപ്പിച്ചു. എൻഡോസൾഫാൻ സൾഫേറ്റ് നിരോധം എങ്ങനെ പ്രാബല്യത്തിൽ വരുത്തണം, നിരോധിച്ചാൽ വിളകളിലുണ്ടാകുന്ന പ്രത്യാഘാതമെന്ത്, ഉപയോഗിക്കേണ്ട ബദലുകളെന്ത് എന്നീ കാര്യങ്ങൾ ചർച്ച ചെയ്ത ഉപസമിതി ബുധനാഴ്ച ഉച്ചക്കു ശേഷമാണ് കരട് തീരുമാനം തയാറാക്കിയത്.

നിരോധത്തിലേക്ക് കാര്യങ്ങൾ നീങ്ങുമെന്ന സൂചന ലഭിച്ചതോടെ കൂടുതൽ വിളകൾക്ക് ഇളവ് നേടാനുള്ള ശ്രമം ഇന്ത്യ തുടങ്ങിയിരുന്നു. ചൈന നാല് വിളകളുടെ പട്ടിക മാത്രം നൽകിയപ്പോൾ 50ലധികം വിളകളുടെ പേരാണ് ഇന്ത്യ നൽകിയത്. എന്നാൽ, ഇത്രയും കൂടുതൽ പറ്റില്ലെന്നു പറഞ്ഞ് ഉപസമിതി പട്ടിക മടക്കിയതിനെ തുടർന്ന് ഇന്ത്യ വീണ്ടും 22 വിളകളുടെ പട്ടിക സമർപ്പിക്കുകയായിരുന്നു.

ബദൽ കീടനാശിനികളില്ലാത്ത അത്യന്തം അനിവാര്യമായ ചില വിളകൾക്ക് എൻഡോസൾഫാൻ നിർണിത കാലത്തേക്കു കൂടി നീട്ടിക്കൊടുത്ത് ഈ സമ്മേളനത്തിൽത്തന്നെ നിരോധം കൊണ്ടുവരുകയാണ് വേണ്ടതെന്ന് ഏറക്കുറെ എല്ലാവരും സമവായത്തിലെത്തിയിട്ടുണ്ട്.

മനുഷ്യർ തന്നെ പരീക്ഷണ മൃഗങ്ങൾ!

ഡോ. കെ.പി. അരവിന്ദൻ

എൻഡോസൾഫാൻ കീടനാശിനി ലോകം മുഴുവൻ ഇപ്പോൾ ചർച്ചയാകാൻ പ്രധാന കാരണം പല രാജ്യങ്ങളും ഇത് നിരോധിക്കുകയും യൂറോപ്യൻ രാജ്യങ്ങൾ നിരോധത്തിന് ആവശ്യപ്പെടുകയും ചെയ്തതാണ്.

ആത്മഹത്യക്കും മറ്റുമായി ഉയർന്ന തോതിൽ എൻഡോസൾഫാൻ കഴിക്കുന്നവർക്ക് തീവ്ര വിഷബാധ (Acute toxicity) ഉണ്ടാകുമെന്ന് മെഡിക്കൽ സയൻസിന് അറിവുള്ള കാര്യമാണ്. എന്നാൽ, നിശ്ചിത കാലംകൊണ്ട് ചെറിയ തോതിലുള്ള ഡോസ് മനുഷ്യശരീരത്തിൽ പ്രശ്നങ്ങളുണ്ടാക്കുമോ എന്നത് അടുത്തകാലംവരെ ഊഹം മാത്രമായിരുന്നു. ഹോർമോൺ ഗ്രന്ഥികളുടെ പ്രവർത്തനത്തെ ഇത് പ്രതികൂലമായി ബാധിക്കുമെന്ന് പരീക്ഷണ മൃഗങ്ങളിൽ കാണുകയും ഇത് മനുഷ്യരിലും ബാധകമാകാമോ എന്ന സംശയംമൂലം ഈ കീടനാശിനി നിരോധിക്കുകയാണ് അഭികാമ്യമെന്ന ചിന്താഗതി രൂപപ്പെടുകയുമാണുണ്ടായത്. എന്നാൽ, ഇന്ത്യയിൽ -കൃത്യമായി പറഞ്ഞാൽ കാസർകോട്ടെ ഗ്രാമങ്ങളിൽ- മനുഷ്യർതന്നെ പരീക്ഷണ മൃഗങ്ങളാകുന്ന സ്ഥിതിയാണ് കണ്ടത്. ഇവിടെ നടത്തിയ പഠനങ്ങൾ കാണിക്കുന്നത് എൻഡോസൾഫാനെറ കുറഞ്ഞ അളവിലുള്ള ഉപയോഗംപോലും മനുഷ്യരിൽ ഹോർമോൺ അസന്തുലിതാവസ്ഥ (endocrine disruption) ഉണ്ടാക്കുമെന്നതാണ്.

പല ഗ്രന്ഥികളുടെയും ഹോർമോൺ ഉൽപാദനത്തെ ഇത് സാരമായി ബാധിക്കുകയും ഹോർമോണുകളുടെ അസന്തുലിതാവസ്ഥക്ക് കാരണമാകുകയും ചെയ്യും. വന്ധ്യതക്കും ഗർഭോങ്ങലിനും ഭ്രൂണാവസ്ഥക്കും ഗർഭസ്രാവിനും ഇത് സാരമായ പ്രശ്നങ്ങൾ സൃഷ്ടിക്കും. കൗമാരപ്രായക്കാരിൽ ഹോർമോൺ ഉൽപാദനത്തിൻെറ ഫലമായുണ്ടാകുന്ന ശാരീരിക, മാനസിക മാറ്റങ്ങളെയും കീടനാശിനി രോഷകരമായി ബാധിക്കും. ഇതിനെ പ്രശ്നങ്ങളെക്കുറിച്ചുള്ള ഭീതിയാണ് യൂറോപ്യൻ രാജ്യങ്ങളെ ഇതിനെതിരെ രംഗത്തുകൊണ്ടുവരാനും നിരോധത്തിന് ആവശ്യമുന്നയിക്കാനും പ്രേരിപ്പിച്ചത്. ഈ രാജ്യങ്ങളിലൊന്നും നേരിട്ടുള്ള തെളിവുകളോ സാക്ഷ്യങ്ങളോ ഇതിനില്ല. എന്നിട്ടും ഭാവിയിൽ കീടനാശിനിമൂലം ഉണ്ടായേക്കാവുന്ന പ്രശ്നങ്ങളെപ്പറ്റിയുള്ള ആശങ്കയിൽ നിന്ന് അവർ നടപടിക്ക് തയാറാകുന്നു. എന്നാൽ, നമ്മുടെ രാജ്യത്ത് എൻഡോസൾഫാൻ വിതച്ച ദുരിതത്തിനും പ്രശ്നങ്ങൾക്കും വ്യക്തമായ തെളിവുകളുണ്ട്. വർഷങ്ങളോളം വൻതോതിൽ തുടർച്ചയായി നളിച്ചതുമൂലം കുടിവെള്ളത്തിൽ കലർന്നും മറ്റുമാണ് ദുരന്തമുണ്ടായുണ്ടായത്.

രണ്ടായിരാമാണ്ടിൽ സർക്കാർ നിയോഗിച്ചഅഞ്ചു നാഷനൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഒക്യുപേഷനൽ ഹെൽത്ത് (എൻ.ഐ.ഒ.എച്ച്) ദുരന്തം കൃത്യമായി കണ്ടെത്തി. കീടനാശിനി തളിച്ച പ്രദേശവും തളിക്കാത്ത പ്രദേശവും തമ്മിൽ താരതമ്യ പഠനം നടത്തിയായിരുന്നു ഇത്. ഹോർമോൺ അസന്തുലിതാവസ്ഥയെപ്പറ്റി പഠിച്ച് ഇവർ റിപ്പോർട്ട് നൽകി. ഈ റിപ്പോർട്ടിനെപ്പറ്റി രണ്ട് ആധികാരിക ശാസ്ത്ര പ്രസിദ്ധീകരണങ്ങളിൽ ലേഖനങ്ങൾ വന്നു.

വസ്തുനിഷ്ഠമായ പഠനങ്ങൾമാത്രം ഉൾകൊള്ളിക്കുന്ന എൻവയോൺമെൻറൽ ഹെൽത്ത് പെർസ്പെക്റ്റീവ് എന്ന പ്രസിദ്ധീകരണത്തിൽ 2003 ഡിസംബറിൽ ഇത് പ്രസിദ്ധീകരിച്ചു. എന്നിട്ടും ഇനിയും ഒരു പഠനം വേണമെന്ന കുശിമുന്തിയുടെയും പ്രധാനമന്ത്രിയുടെയും പരാമർശങ്ങൾ തീർത്തും ബാലിശമാണ്. എന്തുകൊണ്ട് ഈ ആധികാരിക പഠനങ്ങൾ സ്വീകരിക്കാനാവില്ലെന്നും പഠനങ്ങളുടെ ന്യൂനത എന്താണെന്നും പറയാൻ പുതിയ പഠനത്തിന് ആവശ്യപ്പെടുന്നവർക്ക് ബാധ്യതയുണ്ട്. ഒരു സർക്കാർ നിയോഗിച്ച ദുരന്ത കമ്മിറ്റിയാണ് മുൻ പഠനങ്ങൾ തെറ്റാണെന്ന് വാദിച്ചത്. വിദഗ്ധ ശാസ്ത്രജ്ഞരും ഉന്നത യോഗ്യതയുള്ളവരും അടങ്ങുന്ന എൻ.ഐ.ഒ.എച്ചിൻെറ പഠനം തെറ്റാണെന്ന് വാദിക്കുന്ന ദുരന്ത കമ്മിറ്റിയിൽ ശാസ്ത്രജ്ഞരോ ശാസ്ത്രീയ പഠനങ്ങൾ നടത്താൻ യോഗ്യതയുള്ളവരോ ഇല്ലെന്നതാണ് വാസ്തവം. കോഴിക്കോട് മെഡിക്കൽ കോളജിലെ കമ്യൂണിറ്റി മെഡിസിൻ വിഭാഗം നടത്തിയ പഠനവും എൻ.ഐ.ഒ.എച്ചിൻെറ പഠനത്തെ സാധൂകരിക്കുന്നതാണ്.

> യൂറോപ്പൻ രാജ്യങ്ങൾ ഭീതിയിൽനിന്ന് എൻഡോസൾഫാൻ വിരുദ്ധ നിലപാടെടുക്കുമ്പോൾ നമ്മുടെ രാജ്യം വ്യക്തമായ തെളിവുകളും പഠനവും ഉണ്ടായിട്ടുപോലും വിഷത്തിനനുകൂലമാവുകയാണ്. കീടനാശിനി കമ്പനികളുമായുള്ള അവിഹിത ബന്ധവും അഴിമതിയുമാണ് ഇതിന് പിന്നിലെന്ന് വ്യക്തമാണ്. ഏതൊരു രാജ്യത്തോടും കിടപിടിക്കുന്ന ഏറ്റവും പുതിയ ഭാസവസ്തുക്കളും കീടനാശിനിയും ഉൽപാദിപ്പിക്കാൻ ശേഷിയുള്ള ഇന്ത്യ, ഈയൊരു മാരക കീടനാശിനിയിൽനിന്ന് മാറാൻ സന്നദ്ധമാകുന്നില്ലെങ്കിൽ അതിന് ഇതല്ലാതെ മറ്റൊരു കാരണം കണ്ടെത്താനാകില്ല.



യുറോപ്യൻ രാജ്യങ്ങൾ ഭീതിയിൽനിന്ന് എൻഡോസൾഫാൻ വിരുദ്ധ നിലപാടെടുക്കുമ്പോൾ നമ്മുടെ രാജ്യം വ്യക്തമായ തെളിവുകളും പഠനവും ഉണ്ടായിട്ടുപോലും വിഷത്തിനനുകൂലമാവുകയാണ്. കീടനാശിനി കമ്പനികളുമായുള്ള അവിഹിത ബന്ധവും അഴിമതിയുമാണ് ഇതിന് പിന്നിലെന്ന് വ്യക്തമാണ്.

ഇപ്പോൾ ഉയർന്നുവരുന്ന ഈ പ്രതിഷേധം എൻഡോസൾഫാൻ നിരോധം മാത്രം കേന്ദ്രീകരിച്ചാണ്. ഇനി ഈ കീടനാശിനി നിരോധിച്ചതുകൊണ്ടുമാത്രം പ്രശ്നം തീരുന്നില്ല. കാരണം അപ്പോഴും ചില ചോദ്യങ്ങൾ ശേഷിക്കും. കാസർകോട് ഇത്തരമൊരു മാരക കീടനാശിനി തളിക്കാനുണ്ടായ സാഹചര്യമെന്ത്? ഇതിന് അനുമതി നൽകിയതാര്? എന്ത് അടിസ്ഥാനത്തിലാണ് ആകാശം വഴി ഇത് തളിക്കാൻ അനുമതി നൽകിയത്? എത്തെങ്കിലും മുൻകരുതൽ ഇതിന് എടുത്തിരുന്നോ? ഇതിൻെറ ഉത്തരവാദികൾ ആര്? തുടങ്ങി നിരവധി ചോദ്യങ്ങൾക്ക് ഉത്തരം ലഭിക്കേണ്ടതുണ്ട്.

അനുകൂല റിപ്പോർട്ട് നൽകിയ ദുരന്ത കമ്മിറ്റിയെ പുറിയും അന്വേഷിക്കേണ്ടതുണ്ട്. ഇനിയും ഇത്തരം തെറ്റുകളും ദുരന്തങ്ങളും ആവർത്തിക്കാതിരിക്കാൻ ഇത്തരമൊരു അന്വേഷണം അത്യാപേക്ഷിതമാണ്.

(കേരള ശാസ്ത്രസാഹിത്യ പരിഷത്ത് മുൻ പ്രസിഡൻറാണ് ലേഖകൻ)

മാധ്യമം

29 April 2011



ദേശീയപതാകക്ക് താഴെ ഡി.വൈ.എഫ്.ഐ പ്രവർത്തകർ കരിങ്കൊടി കെട്ടി

തിരുവനന്തപുരം: ഡി.വൈ.എഫ്.ഐ പ്രവർത്തകർ ദേശീയപതാകയുടെ താഴെ കരിങ്കൊടി കെട്ടി. എൻഡോസൾഫാൻ നിരോധിക്കണമെന്നാവശ്യപ്പെട്ട് നടത്തിയ സമരത്തിനിടയിലാണ് എജീസ് ഓഫിസിനുമുന്നിലെ ദേശീയപതാകയുടെ കൊടിമരത്തിൽ കരിങ്കൊടി കെട്ടിയത്. വ്യാഴാഴ്ച ഉച്ചക്ക് പുത്തൻ മന്ദിരത്തിലേക്ക് മാറിയ എജീസ് ഓഫിസിനുമുന്നിൽ സംഘടിച്ച പ്രവർത്തകർ ദേശീയപതാകയുടെ താഴെ കരിങ്കൊടി കെട്ടുകയായിരുന്നു. ഇതിനിടെ സംഭവം ശ്രദ്ധയിൽപെട്ട പൊലീസുകാർ ഓടിയെത്തി കൊടി അഴിച്ചു. പ്രകടനക്കാരുടെ കൈയിൽനിന്ന് കൊടി പിടിച്ചുവാങ്ങുകയും ചെയ്തു. പ്രകടനത്തിനുശേഷം കൊടിമരത്തിന് സമീപത്തുവെച്ച് പ്രവർത്തകർ തന്നെ കൊടി അഴിച്ചുമാറ്റുകയായിരുന്നുവെന്ന് പൊലീസ് പറഞ്ഞു. സംഭവത്തിൽ ഡി.വൈ.എഫ്.ഐ പ്രവർത്തകരായ ബിനു, സന്തോഷ് കുമാർ എന്നിവർക്കെതിരെ കേസെടുത്തതായി പൊലീസ് പറഞ്ഞു. ബഹളത്തിനിടെ പൊലീസ് ലാത്തിച്ചാർജും നടത്തി.

എൻഡോസൾഫാൻ ദുരിതബാധിതരുടെ പട്ടികയിൽ നിരീക്ഷണം- കർഷകസംഘം

തിരുവനന്തപുരം: എൻഡോസൾഫാൻ രാജ്യത്ത് നിരോധിക്കുകയും ദുരിതബാധിതർക്ക് പുനരധിവാസമുൾപ്പെടെയുള്ള ആനുകൂല്യം അനുവദിക്കാനും കേന്ദ്രം തയാറാകണമെന്ന് കേരള കർഷകസംഘം ആവശ്യപ്പെട്ടു. എ.പി. വർക്കി മെമ്മോറിയൽ ഹാളിൽ ചേർന്ന സംസ്ഥാന വർക്കിങ് കമ്മിറ്റി യോഗത്തിൽ വൈസ് പ്രസിഡൻറ് എം.കെ. ദാസൻ അധ്യക്ഷത വഹിച്ചു. സെക്രട്ടറി കെ.വി. രാമകൃഷ്ണൻ പ്രവർത്തനങ്ങൾ റിപ്പോർട്ട് ചെയ്തു.

'എച്ച്.ഐ.എൽ ഫാക്ടറി അടച്ചുപൂട്ടണം'

തിരുവനന്തപുരം: എൻഡോസൾഫാൻ ഉൽപാദിപ്പിക്കുന്ന എർണാകുളത്തെ എച്ച്.ഐ.എൽ ഫാക്ടറി അടച്ചുപൂട്ടാൻ സർക്കാർ അടിയന്തര നടപടി സ്വീകരിക്കണമെന്ന് കേരള കോൺഗ്രസ് സംസ്ഥാന സെക്രട്ടറിയേറ്റ് ജോർജ് സെബാസ്റ്റ്യൻ ആവശ്യപ്പെട്ടു. ഈ ഫാക്ടറിയുടെ പ്രവർത്തനം നിലയ്ക്കുമ്പോൾ തൊഴിൽ നഷ്ടപ്പെടുന്നവരെ സംസ്ഥാന സർക്കാർ പുനരധിവസിപ്പിക്കണമെന്നും അദ്ദേഹം പറഞ്ഞു.

എൻഡോസൾഫാൻ നിരോധിക്കണമെന്നാവശ്യപ്പെട്ട് ഡി.വൈ.എഫ്.ഐ പ്രവർത്തകർ നടത്തിയ തിരുവനന്തപുരം എജീസ് ഓഫിസ് മാർച്ചിനിടെ കോമ്പൗണ്ടിലെ ദേശീയ പതാക കെട്ടിയ കൊടിമരത്തിൽ കയറി കരിങ്കൊടി കെട്ടുന്ന പ്രവർത്തകൻ

എൻഡോസൾഫാൻ ഇരകൾക്ക് നഷ്ടപരിഹാരം: പ്ലാന്റേഷൻ കോർപറേഷൻ മേയ് രണ്ടിന് പുതിയ സത്യവാങ്മൂലം നൽകും

സി.എ.എം. കരീം

കോട്ടയം: എൻഡോസൾഫാൻ ഇരകൾക്ക് നഷ്ടപരിഹാരം വിഷയത്തിൽ പ്ലാന്റേഷൻ കോർപറേഷൻ മേയ് രണ്ടിന് പുതിയ സത്യവാങ്മൂലം ഹൈകോടതിയിൽ സമർപ്പിക്കും. സംസ്ഥാന കൃഷി-നിയമ വകുപ്പ് സെക്രട്ടറിമാരും കൃഷി മന്ത്രാലയവും ഏറ്റവും ഒടുവിൽ മുഖ്യമന്ത്രിയും അംഗീകാരം നൽകിയ ശേഷമാണ് സത്യവാങ്മൂലം ബുധനാഴ്ച പ്ലാന്റേഷൻ കോർപറേഷനിൽ എത്തിച്ചത്.

ഇത് ഔദ്യോഗികമായിത്തന്നെ കോർപറേഷൻ അഭിഭാഷകനും അഡീഷനൽ അഡ്വക്കറ്റ് ജനറലുമായ രഞ്ജിത് തമ്പാൻ മുഖേന രണ്ടിന് കോടതിയിൽ സമർപ്പിക്കാനാണ് തീരുമാനമെന്ന് മാനേജിങ് ഡയറക്ടർ സുബൈർ ഖാൻ 'മാധ്യമ'ത്തോട് പറഞ്ഞു. എൻഡോസൾഫാൻ ഇരകൾക്ക് നഷ്ടപരിഹാരം നൽകുന്ന കാര്യത്തിൽ സംസ്ഥാന സർക്കാർ എടുക്കുന്ന ഏത് തീരുമാനവും പ്ലാന്റേഷൻ കോർപറേഷൻ അംഗീകരിക്കുമെന്ന് സത്യവാങ്മൂലത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. എൻഡോസൾഫാൻ വിവാദവുമായി ബന്ധപ്പെട്ട് പ്രതിക്കൂട്ടിലായ പ്ലാന്റേഷൻ കോർപറേഷൻ മുഖം രക്ഷിക്കാനുള്ള നെട്ടോട്ടത്തിലാണ് ഇപ്പോൾ.

അതുകൊണ്ടുതന്നെ സർക്കാർ നിർദേശിക്കുന്ന ഏത് നഷ്ടപരിഹാരവും കോർപറേഷൻ നൽകുമെന്നാണ് മാനേജ്മെൻറ് നൽകുന്ന സൂചന. അഞ്ചുമാസം മുമ്പ് ഇതുസംബന്ധിച്ച് കോർപറേഷൻ ഹൈകോടതിയിൽ സമർപ്പിച്ച സത്യവാങ്മൂലം വിവാദമായതിനെത്തുടർന്ന് മുഖ്യമന്ത്രിയുടെ പ്രത്യേക നിർദേശപ്രകാരമാണ് പുതിയ സത്യവാങ്മൂലം തയാറാക്കിയത്.

29/4/11 MD

പ്ലാന്റേഷൻ കോർപറേഷനിലേക്ക് മാർച്ച് നടത്തി

കോട്ടയം: എൻഡോസൾഫാൻ വിരുദ്ധ സമരസംഘടനകളുടെ നേതൃത്വത്തിൽ പ്ലാന്റേഷൻ കോർപറേഷനിലേക്ക് മാർച്ച് നടത്തി. കാസർകോട്ട് എൻഡോസൾഫാൻ ദുരിതത്തിന് ഇരയായവരും സമരത്തിൽ പങ്കെടുത്തു. കലക്ടറേറ്റിൽനിന്ന് പ്രകടനമായാണ് പ്ലാന്റേഷൻ കോർപറേഷന് മുന്നിൽ എത്തിയത്. തുടർന്ന് നടന്ന ധർണ എഴുത്തുകാരി കെ.ആർ. മീര ഉദ്ഘാടനം ചെയ്തു. കാസർകോട് എൻഡോസൾഫാൻ വിരുദ്ധ സമിതി കൺവീനർ സുധീർ നീലേശ്വരം, എൻ.സി.പി സംസ്ഥാന എക്സിക്യൂട്ടീവ് അംഗം പി.ആർ. ആനന്ദക്കുട്ടൻ, സ്ത്രീവേദി ജില്ലാ കൺവീനർ ജയശ്രീ, ജനതാദൾ-എസ് ജില്ലാ കമ്മിറ്റിയംഗം പി.ടി. സുഗുണൻ, സോഷ്യലിസ്റ്റ് ജനത ജില്ലാ ഭാരവാഹി ടി.എം. ജോസഫ്, ഡി.വൈ.എഫ്.ഐ സംസ്ഥാന കമ്മിറ്റിയംഗം അഡ്വ. ഷീജ, സോളിഡാരിറ്റി ജില്ലാ സമിതിയംഗം എം.എസ്. സിയാദ്, ദേശീയ പരിസ്ഥിതി കോൺഗ്രസ് പ്രസിഡൻറ് മൗലാനാ ബഷീർ, എസ്.യു.സി.ഐ ജില്ലാ കമ്മിറ്റിയംഗം എൻ.കെ. ബിജു, നോവലിസ്റ്റ് ഡോ. അംബികാ സുതൻ മങ്ങാട്, മുഹമ്മദുകുഞ്ഞി, ദുരിതബാധിതരുടെ കുടുംബത്തിലെ അംഗമായ എൻ.എച്ച്. ജനാർദനൻ, സമരസംഘടനകളുടെ കൺവീനർ ജോർജ് ജേക്കബ് എന്നിവർ സംസാരിച്ചു. ദുരിതബാധിത പ്രദേശങ്ങളിലെ 13 പേരും സമരത്തിൽ പങ്കെടുത്തു. കാസർകോട്ടെ 11 വില്ലേജുകളിലായി 5600 ഹെക്ടർ ഭൂമിയിൽ എൻഡോസൾഫാൻ തളിച്ച പ്ലാന്റേഷൻ കോർപറേഷന് തൊഴിലാളികളെ പുനരധിവസിപ്പിക്കാനുള്ള ബാധ്യതയുണ്ട്. വിഷമുക്ത ജൈവമേഖലയായി പ്രഖ്യാപിച്ച് തൊഴിലാളികൾക്ക് ഭൂമി വിട്ടുകൊടുക്കാൻ തയാറാകണമെന്നും സമരനേതാക്കൾ വ്യക്തമാക്കി.

മലയാള മനോരമ

29 April 2011

ആന്റണി, രവി, പവാർ, കെ.വി. തോമസ് എന്നിവർ പ്രധാനമന്ത്രിയുമായി ചർച്ച നടത്തി

എൻഡോസൾഫാൻ: സംസ്ഥാനങ്ങൾ നിലപാട് വ്യക്തമാക്കണമെന്നു കേന്ദ്രം

29/4/11 MM

ജോബി തോമസ്

ന്യൂഡൽഹി: എൻഡോസൾഫാനെക്കുറിച്ച് അന്വേഷ പഠിച്ചതിൽ എത്രയുംവേഗം നിലപാടു വ്യക്തമാക്കാൻ സംസ്ഥാനങ്ങളോടു കേന്ദ്ര സർക്കാർ കത്തിലൂടെ ആവശ്യപ്പെട്ടു. നേരത്തെ തിരുമാനിച്ചുറപ്പിച്ച കേരള, കർണാടക, ഗുജറാത്ത് എന്നിവ ഒഴികെയുള്ള സംസ്ഥാനങ്ങളിലെ കൃഷിവകുപ്പ് സെക്രട്ടറിമാർക്കു കേന്ദ്ര കൃഷിമന്ത്രാലയ അഡീഷനൽ സെക്രട്ടറി അനുപ് കുമാർ ശ്രീവാസ്തവ കത്തയച്ചു.

കേരളത്തിൽ എൻഡോസൾഫാനെതിരെയുള്ള പ്രതിഷേധത്തെക്കുറിച്ചു പ്രധാനമന്ത്രി മൻമോഹൻ സിങ്ങുമായി മുതിരാതെ എ.കെ. ആന്റണി, വയലാർ രവി, ശരദ് പവാർ, കെ.വി. തോമസ് എന്നിവർ ഇന്നലെയത്തപ്പോൾ ചർച്ച നടത്തി. നേരത്തെ കേരളത്തിൽ നിന്നു സർവകക്ഷി സംഘവും പ്രതിപക്ഷനേതാവ് വി.എസ്. അച്യുതാനന്ദനും ഡൽഹിയിൽ എത്തിയിരുന്നു. പ്രധാനമന്ത്രിയുടെ നിർദേശമനുസരണം, കെ.വി. തോമസ് പവാറുമായി നടത്തിയ ചർച്ചയിൽ കേന്ദ്രത്തിന്റെ സമീപനത്തെക്കുറിച്ചു ധാരണയുണ്ടാക്കിയതായി സർക്കാർ വൃത്തങ്ങൾ പറഞ്ഞു. സംസ്ഥാനങ്ങളോടു നിലപാടു ചോദിക്കുന്നതിനു പുറമേ, കോഴിക്കോടു മെഡിക്കൽ കോളജ് നടത്തുന്ന പഠനത്തിന്റെ പശ്ചാത്തലത്തിൽ ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ച് (ഐസിഎംആർ) താത്കാലിക തീരുമാനമെടുക്കാൻ നിർദേശിക്കുക, ദുരിതാശ്വാസ പാക്കേജ് പ്രഖ്യാപിക്കുക തുടങ്ങിയ നടപടികളാണ് ഉടനെ കേന്ദ്രത്തിൽ നിന്നുണ്ടാകുന്നത്.

ഇന്ത്യയിൽ ഏറ്റവും കൂടുതൽ ഉപയോഗത്തിലുള്ള കീടനാശിനികളിലൊന്നാണ് എൻഡോസൾഫാനെന്നും 2009 - 10ൽ അതു ഏകദേശം 3333 മെട്രിക് ടൺ ആയിരുന്നെന്നും കത്തിൽ പറയുന്നു. കാസർകോടു കശുമാവു തോട്ടങ്ങളിൽ ഇതു തളിച്ചതുമായി ബന്ധപ്പെട്ട് ആരോഗ്യപ്രശ്നങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നതായി പരിഭ്രാന്തിയുണ്ടാക്കിയിട്ടുണ്ട്.

എൻഡോസൾഫാൻ ഉപയോഗം നേരത്തെ രണ്ടു കേന്ദ്രമന്ത്രിതല സമിതികൾ പരിശോധിച്ചു കത്തിൽ എടുത്തുപറയുന്നു. ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിൽ അഡീഷനൽ ഡയറക്ടർ ജനറൽ ഡോ. കെ.പി. രുബയുടെ നേതൃത്വത്തിലുള്ള വിദഗ്ധസമിതി (2001), രാജ്യത്തെ കാർഷിക സർവകലാശാലകളിൽ നിന്ന് അഭിപ്രായം സ്വരൂപിച്ചിരുന്നു. തുടർന്ന്, 2006ൽ മുൻ സിഎജി പ്രകാശ് ടണ്ടൻ പരിശോധിച്ച ഓഫിസുകൾ പരിശോധിക്കാൻ കാർഷിക കമ്മിഷണർ ഡോ. സി.ഡി. മായിയുടെനേതൃത്തിലുള്ള സമിതിയെയും നിയോഗിച്ചു.

കാസർകോടു പ്രശ്നങ്ങൾക്ക് എൻഡോസൾഫാനുമായി വ്യക്തമായ ബന്ധമില്ലെന്നാണു കാർഷിക സമിതി നിലപാടെടുത്തത്. എന്നാൽ, ജനങ്ങളുടെ മനസ്സിലുള്ള ആശങ്ക കണക്കിലെടുത്തു കേരളത്തിൽ എൻഡോസൾഫാന്റെ ഉപയോഗം നിർത്തിവയ്ക്കാൻ സമിതി ശുപാർശ ചെയ്തു. ഇതനുസരിച്ച്, 2006 മുതൽ കേരളത്തിൽ എൻഡോസൾഫാന്റെ ഉപയോഗം നിർത്തിവയ്ക്കുകയാണ്.

അടുത്തകാലത്ത്, പ്ലാന്റേഷൻ കോർപറേഷൻ എപ്ലോയീസ് യൂണിയൻ സിഐടിയു വിഭാഗം, വിട്ടുനിൽക്കും.

പ്ലാന്റേഷൻ സിഐടിയു യൂണിയൻ ഹർത്താലിൽ നിന്നു വിട്ടുനിൽക്കും

സ്വന്തം ലേഖകൻ

കാഞ്ഞങ്ങാട്: സ്റ്റോക്കോം കൺവൻഷനിൽ കേന്ദ്രസർക്കാർ എൻഡോസൾഫാൻ അനുകൂലനിലപാടുസ്വീകരിച്ചതിൽ പ്രതിഷേധിച്ചു ഇതെടുത്തുന്നതു ഇന്നു നടത്താൻ ആഹ്വാനം ചെയ്ത ഹർത്താലിൽ നിന്നു പ്ലാന്റേഷൻ കോർപറേഷൻ എപ്ലോയീസ് യൂണിയൻ സിഐടിയു വിഭാഗം വിട്ടുനിൽക്കും.

എൻഡോസൾഫാൻ നിരോധിക്കണമെന്ന് ആവശ്യപ്പെട്ട് എൽഡിഎഫ് 25ന് സംഘടിപ്പിച്ച പ്രതിഷേധറാലിയിലും സിഐടിയു വിഭാഗം പങ്കെടുത്തിരുന്നു. റാലിയിൽ പങ്കെടുക്കാത്ത പ്ലാന്റേഷൻ സിഐടിയു വിഭാഗത്തിനെതിരെ നടപടി സ്വീകരിക്കണമെന്നു സംഘടനയ്ക്കുള്ളിൽ ഒരു വിഭാഗം ആവശ്യപ്പെട്ടതിനു പിന്നാലെയാണ് പുതിയ തീരുമാനവും. ഇതോടെ എൻഡോസൾഫാൻ വിഷയത്തിൽ സിഐടിയുവിൽ തർക്കം രൂക്ഷമായി.

രാജപുരം, കാസർകോട് എസ്റ്റേറ്റുകൾക്കു കീഴിലുള്ള പെരിക്കര, പാണത്തൂർ, കമ്പല്ലൂർ, പെരിയ, പെട്ട, ആനാർ എസ്റ്റേറ്റുകളിലെ സിഐടിയു 255 തൊഴിലാളികളാണ് ഹർത്താലിൽ നിന്നു വിട്ടുനിൽക്കുന്നതായി സിഐടിയു ജില്ലാ കമ്മിറ്റിയെ അറിയിച്ചത്. ഇവർ ജോലിക്കു ഹാജരാകുമെന്നും അറിയിച്ചിട്ടുണ്ട്.

സിഐടിയു ജില്ലാ നേതൃത്വം എൻഡോസൾഫാൻ വിഷയത്തിൽ പ്ലാന്റേഷൻ തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഗണിക്കുന്നില്ലെന്ന പരാതി പ്ലാന്റേഷൻ എപ്ലോയീസ് യൂണിയൻ സിഐടിയു സംസ്ഥാന കമ്മിറ്റിയെയും സിപിഎം ജില്ലാ കമ്മിറ്റിയെയും അറിയിച്ചിരുന്നു. എന്നാൽ സിഐടിയുവും സിപിഎം ജില്ലാകമ്മിറ്റിയും സംസ്ഥാന നേതൃത്തിന്റെ നിർദേശം അംഗീകരിക്കേണ്ടിവരുമെന്നും പാടാണ് സൂചിപ്പിച്ചത്.

26 May 2011

നാടിന്റെ മന:സാക്ഷി ഉണർത്തി വിഎസിന്റെ ഉപവാസം; പിന്തുണയേകി ജനപ്രവാഹം

26/5/11 MM

എൻഡോസൾഫാൻ: കേന്ദ്ര നിലപാട് ദ്രോഹകരമെന്നു മുഖ്യമന്ത്രി

സ്വന്തം ലേഖകൻ

തിരുവനന്തപുരം: എൻഡോസൾഫാൻ പ്രശ്നത്തിൽ നാടിന്റെ മനസാക്ഷി ഉണർത്തി മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദൻ ഉപവസിച്ചപ്പോൾ പിന്തുണയുമായി ആയിരങ്ങളെത്തി. എല്ലാവരും രോഗികളാവുകയോ, മരിക്കുകയോ ചെയ്ത ശേഷം നടപടിയെടുക്കാമെന്ന കേന്ദ്രനിലപാട് ദ്രോഹകരമാണെന്നു ചൂണ്ടിക്കാട്ടിയ മുഖ്യമന്ത്രി, ഹെഡറൽ സംവിധാനത്തിൽ സംസ്ഥാനങ്ങളുടെ അധികാരം ചോദ്യംചെയ്യാൻ കേന്ദ്രത്തെ അനുവദിക്കില്ലെന്ന മുന്നറിയിപ്പും നൽകി.

സംഘടനാ നേതാക്കളും, മത നേതാക്കളും, സാംസ്കാരിക നായകരും പാളയം രക്തസാക്ഷി മണ്ഡപത്തിനു മുന്നിലെ ഉപവാസ പന്തലിലേക്ക് ഒഴുകുകയായിരുന്നു. അഭിവാദ്യമർപ്പിച്ചു വിവിധ സംഘടനകൾ സമരപ്പന്തലിലേക്കു പ്രകടനങ്ങൾനടത്തി. കോൺഗ്രസും യുഡിഎഫ് അനുകൂല സംഘടനകളും വിട്ടുനിന്ന സമരത്തിൽ, ബിജെപി ഉൾപ്പെടെയുള്ളവർ ആദ്യവസാനം പങ്കാളികളായി.

എൻഡോസൾഫാൻ വിതയ്ക്കുന്ന ദുരന്തത്തെക്കുറിച്ചു മറ്റു സംസ്ഥാനങ്ങളെ ബോധ്യപ്പെടുത്തുമെന്നും, സമരം വ്യാപിപ്പിക്കുമെന്നും വി.എസ്. അച്യുതാനന്ദൻ പറഞ്ഞു. ജനാഭ്യർഥനയും, സംസ്ഥാന സർക്കാരിന്റെ ആവശ്യവും മാനിക്കാതെ ഏകപക്ഷീയ നിലപാടെടുക്കുന്നതു പ്രധാനമന്ത്രിക്കു ഭൂഷണമല്ല.

കേന്ദ്രം എന്തു നിലപാടെടുത്താലും ജനദ്രോഹകരമാണെങ്കിൽ സംസ്ഥാനം എതിർക്കുമെന്നു മുഖ്യമന്ത്രി അറിയിച്ചു. സമരത്തിൽനിന്ന് യുഡിഎഫ് വിട്ടുനിന്നതിനെ വിഎസ് വിമർശിച്ചു.

പ്രധാനമന്ത്രിയെ വിമർശിച്ചതിന്റെ പേരിൽ ഉപവാസ സമരത്തിൽ പങ്കെടുക്കില്ലെന്നാണു ചിലർ പറയുന്നത്. മാരകവിഷം പ്രചരിപ്പിക്കാനുള്ള ശ്രമത്തെ വിമർശിക്കാതിരിക്കാൻ പറ്റില്ല.

ശരദ് പവാറിന്റെ നിയമവിരുദ്ധ തീരുമാനങ്ങൾ പ്രധാനമന്ത്രി സംരക്ഷിക്കുകയാണ്. മഹാരാഷ്ട്രയിലെ ജനങ്ങളെ എൻറോണിനു വിറ്റ പാരമ്പര്യമാണു പവാറിന്റേത്- വിഎസ് പറഞ്ഞു. എൻസിപി നേതാവായ പവാറിനെതിരെ വിഎസ് ആഞ്ഞടിച്ചപ്പോൾ, പന്തലിൽ സമരത്തെ പിന്തുണച്ച് എൻസിപിക്കാർ ഉണ്ടായിരുന്നു.

എൻഡോസൾഫാൻ വിരുദ്ധദിനം ആചരിച്ച് രാവിലെ 10 മുതൽ അഞ്ചു വരെയായിരുന്നു നിരാഹാര സമരം.

എൽഡിഎഫിന്റെ മുഖ്യമന്ത്രിയല്ല, കേരള മുഖ്യമന്ത്രിയാണു നിരാഹാരം കിടക്കുന്നതെന്നും എൻഡോസൾഫാനെതിരെ ഒന്നിച്ചു സമരം ചെയ്യണമെന്നും ആർച്ച് ബിഷപ് ബസേലിയോസ് മാർ ക്ലിമ്മിസ് കാതോലിക്കാ ബാവ ആവശ്യപ്പെട്ടു.

എൻഡോസൾഫാൻ ദുരന്തത്തിന് ഓരോരുത്തരും, ഉത്തരവാദികളാണെന്നും ഒറ്റക്കെട്ടായി ഇതിനെ നേരിടണമെന്നും ആർച്ച് ബിഷപ് ഡോ. സൂസപാക്യം അഭിപ്രായപ്പെട്ടു.

ഈ ധർമസമരം രാഷ്ട്രീയത്തിനും മതത്തിനും അതീതമാണെന്നു കവയിത്രി സുഗതകുമാരി പറഞ്ഞു. എൻഡോസൾഫാൻ ദുരന്തത്തിന്റെ ചിത്രങ്ങൾ അസഹനീയമായ വേദനയാണു നൽകുന്നതെന്നു സമരത്തിൽ പങ്കുചേർന്ന നടൻ സുരേഷ് ഗോപി പറഞ്ഞു.

സുഗതകുമാരി നൽകിയ നാരങ്ങാ വെള്ളം കുടിച്ചാണു വി.എസ്. ഉപവാസം അവസാനിപ്പിച്ചത്. മന്ത്രി സി. ദിവാകരൻ എൻഡോസൾഫാൻ വിരുദ്ധപ്രതിജ്ഞ ചൊല്ലിക്കൊടുത്തു.

മന്ത്രിമാരായ കോടിയേരി ബാലകൃഷ്ണൻ, എം.എ. ബേബി, എം. വിജയകുമാർ, എൻ.കെ. പ്രേമചന്ദ്രൻ, വി. സുരേന്ദ്രൻപിള്ള, സിപിഐ സംസ്ഥാന സെക്രട്ടറി സി.കെ. ചന്ദ്രപ്പൻ, ആർഎസ്പി ദേശീയ ജന. സെക്രട്ടറി ടി.ജെ. ചന്ദ്രചൂഡൻ, സംസ്ഥാന സെക്രട്ടറി വി.പി. രാമകൃഷ്ണപിള്ള, ബിജെപി നേതാവ് ഒ. രാജഗോപാൽ, ഇടതുമുന്നണി കൺവീനർ വൈക്കം വിശ്വൻ, എംപിമാരായ കെ.എൻ . ബാലഗോപാൽ, എം.പി അച്യുതൻ, ടി.എൻ. സീമ, എംഎൽഎമാരായ വി. ശിവൻകുട്ടി, മാങ്കോട് രാധാകൃഷ്ണൻ, സൈമൺ ബ്രിട്ടോ, ജെ. അരുന്ധതി, മേയർ കെ. ചന്ദ്രിക, ആസൂണ ബോർഡ് ഉപാധ്യക്ഷൻ പ്രൻ പട്നായിക്, പി. ഗോവിന്ദള്ള, കെ.പി. ശങ്കരദാസ്, വിവിസംഘടനാ നേതാക്കളായ ജേജ് സെബാസ്റ്റ്യൻ, കെ. രാമൻള്ള, സമുദായ നേതാക്കളാഡോ. ഗീവർഗീസ് മാർ കൂറിസ്, പാളയം ഇമാം ജമാലുദീൻടക, തപോവനം സിദ്ധാശ്രമം മാധിപതി ബോധിസ്വാമി, സ്വാസന്ദീപാനന്ദഗിരി, ചലച്ചിത്ര വർത്തകരായ ഷാജി എൻ. രുൺ, ലെനിൻ രാജേന്ദ്രൻ, ആർ. മോഹനൻ, ശ്രീകുമാർ, യകരായ ഉദയഭാനു, വേണുപാൽ, എഴുത്തുകാരും സാംസ്രിക പ്രവർത്തകരുമായ പുതുരി രാമചന്ദ്രൻ, കാനായി കുരാമൻ, ഡി. വിനയചന്ദ്രൻ, അംകാസുതൻ മാങ്ങാട്, കുരീപ്ശ്രീകുമാർ, മുരുകൻ കാട്ടാതുടങ്ങിയവർ പ്രസംഗിച്ചു.

മലയാള മനോരമ

18 July 2011

നിർത്തൂ വിഷം കൊണ്ടുള്ള വിനോദം...

ആഷ്ടവൈദ്യൻ വൈദ്യരത്നം
പെരിയ നാരായണൻ നമ്പൂതിരി



കൊടുവിഷമായ കീടനാശിനി (പേരെന്തുമാവട്ടെ), മാനവസമൂഹത്തെ മുഴുവൻ നശിപ്പിക്കാൻ തക്ക ശക്തിയുള്ള ആ വിഷത്തിനു നിരോധനം- പൂർപ്പൂടുത്തിയതിനു ശേഷവും, ഒരു കുന്നോളമില്ലാതെ ഭയഹേതിതമായും അനിയന്ത്രിതമായും അലസമായും ഇപ്പോഴും ഉപയോഗിക്കുന്നു എന്ന് ആലോചിക്കുമ്പോൾ വേദന തോന്നുന്നു.

മനുഷ്യനും പഞ്ചഭൂതപ്രകൃതിയിൽനിന്ന് ഉൽഭവിച്ചവരാണ്. പഞ്ചഭൂതങ്ങളുടെ നാശം മനുഷ്യന്റെയും നാശമാണ്. ഈ കൊടുംവിഷം മണ്ണിനെയും വെള്ളത്തെയും ആകാശത്തെയും കാറ്റിനെയും,അന്തരീക്ഷത്തിനെയും,നിത്യമായി മലിനീകരിച്ചു ദുഷിപ്പിച്ചുകൊണ്ടിരിക്കുകയാണെന്ന് ആരെങ്കിലും ഓർക്കാറുണ്ടോ? ഉണ്ടാവില്ല. എന്നാൽ ഇനി അതുവേണ്ട. അത് ഓർക്കാതിരുന്നാൽ സർവനാശമായിരിക്കും. ഫലം.

പണ്ടുകാലത്തും വിഷപ്രയോഗങ്ങൾ നടത്തിയിരുന്നതായി പുരാണങ്ങളിലും മറ്റും കാണാവുന്നതാണ്. അതിലൊന്നാണു യുദ്ധോപയോഗത്തിനായി പ്രത്യേകം പരിശീലിപ്പിക്കുന്ന വിഷകന്യക. പണ്ട് യുദ്ധത്തിൽ ജനമോരേ സ്വാധീനിക്കാൻ അവരുടെ ഇടയിലേക്ക് അയയ്ക്കുന്ന യുവതികളെയാണു വിഷകന്യക എന്നു വിളിക്കുന്നത്. അവരെ അതിനു സജ്ജീകരിക്കുന്നത് വിഷവസ്തുക്കൾ അൽപമാത്രയിൽ ശീലിപ്പിച്ചു ക്രമേണ മാത്രവർധിപ്പിച്ച് ആ വിഷത്തെ അവർക്കു സാത്മ്യമാക്കി തീർക്കുന്നതിലൂടെയാണ്. അങ്ങനെ പരിശീലിപ്പിച്ച യുവതികളെ ശത്രുമാളികയിലേക്കു പറഞ്ഞയച്ചു തോഷകരമെന്നു സ്വാധീനിച്ച് അവരുടെ മുറിവേറ്റ ശരീരങ്ങളിലൂടെ വിഷം പ്രവേശിപ്പിച്ചു കൊല്ലുകയാണു ചെയ്യുന്നത്.

ആയുർവേദ ശാസ്ത്രവും അനേകം വിഷങ്ങളെ വിവരിക്കുന്നുണ്ട്. സ്ഥാവരവിഷം, ജംഗമവിഷം, കൃത്രിമവിഷം, വിരുദ്ധാഹാരവിഷം എന്നിങ്ങനെ പല വിധത്തിലാണ് അവയുടെ പേരുകൾ. വിരുദ്ധാഹാരവിഷം നമ്മൾ മനസിലാക്കിയാൽ ഒഴിവാക്കാൻ പറ്റുന്നതാണ്. മറ്റുള്ളവ ഔഷധങ്ങളുടെ ആവശ്യത്തിലേക്ക് എടുക്കുന്ന വിഷമാണെങ്കിൽ ശോധനമാരണാദി ക്രിയകൾകൊണ്ട് അതിലെ ദോഷം ഫലത്തെ മാറ്റി ഉപയോഗിക്കാറുണ്ട്. വാഗ്ഭടപാദരുടെ അഷ്ടാംഗസംഗ്രഹം എന്ന വിശിഷ്ട ഗ്രന്ഥത്തിൽ വിഷോപയോഗിയം എന്ന അധ്യായം തന്നെ പഠിക്കാനുണ്ട്. പല ഔഷധങ്ങളും വിഷദുഷ്യമായ ദ്രവ്യങ്ങളെ ശുദ്ധികരിച്ചു കുറ്റിച്ചൂർത്തി ഉണ്ടാക്കുകയാണു പതിവ്. ഉദാഹരണമായി, രസം (സ്വർണം - മെർക്കുറി) വിഷമാണ്. എന്നാൽ ആയുർവേദത്തിൽ ഒരു ശാഖയായ സിദ്ധവൈദ്യത്തിൽ ഇതു ചേർത്തുകൊണ്ടുള്ള ഔഷധങ്ങൾ ധാരാളമുണ്ട്. രസംനിലത്തുവീണാൽ ഉരുണ്ടുനടക്കും. അതുകൈകൊണ്ട് എടുക്കാൻ സാധിക്കില്ല. അതേസമയം വെറ്റിലക്കാണ് എടുക്കാൻ കഴിയുകയും ചെയ്യും. രസശുദ്ധിയിൽ വെറ്റില നീര് ചേർത്ത് യാമക്കണക്കിൽ അരയ്ക്കുവാനാണ് ശാസ്ത്രത്തിൽ വിധിക്കുന്നത്. രസത്തിന് ഏറ്റവും പ്രതിവിധിയായിട്ടുള്ളതു ഗന്ധകമാണ്.

ഇത്തരത്തിൽ വിഷപദാർഥങ്ങളുടെ ഉപയോഗപൂർണങ്ങളിലും ശാസ്ത്രത്തിലും പറയുന്നുണ്ടെങ്കിലും അതൊന്നും മാരകങ്ങളല്ല. സാധാരണ മനുഷ്യനെയും ജീവജാലങ്ങളെയും നിഷ്കരുണം ജീവച്ഛവമാക്കാനുള്ളതല്ല. മറിച്ച് അവയുടെ നില നിർത്തിപ്പിനുതകുന്ന തരത്തിലുള്ളതാണ്.

വിഷത്തെ അശ്രദ്ധമായി കൈകാര്യം ചെയ്തതുകൊണ്ട് വെള്ളവും വായുവും,നാടും,നാട്ടുകാരും,ജീവജാലങ്ങളും മലീനമായ മറ്റൊരുകഥ പറഞ്ഞുപുപ്പുതു കൊള്ളും മുമ്പ് കേരളത്തിൽ സംഭവിച്ചിട്ടുണ്ട്. അതു കോഴിക്കോട്ടെ മാവൂർ റയോൺസ് എന്ന സ്ഥാപനം പ്രവർത്തനക്ഷമമായ ഘട്ടത്തിലാണ്. അന്ന് അവിടെ അതിന്റെ പരിസരപ്രദേശങ്ങളിലുള്ള കുളങ്ങളും തോടുകളും പുഴകളുമെല്ലാം മലീനസമായി. അവയിലെ വെള്ളം ഉപയോഗിക്കുന്നവർക്കൊക്കെ പലതരത്തിലുള്ള അസുഖങ്ങൾ പിടിപെടാൻ തുടങ്ങി. അന്ന് ആ പ്രദേശത്തുനിന്ന് ഒട്ടേറെ രോഗികൾ എന്നെ കാണാൻ വന്നിരുന്നു. പലരുടെയും ദിനം മാറുകയും ചെയ്തിട്ടുണ്ട്. പ്രധാനമായും കാലിലെ വിരൽ ചീയൽ ആയിരുന്നു ദിനം. അന്നു പലതാനതാനോ ഇരുപതോ വയസ് പ്രായമായ രുക്മിണി എന്ന ഒരു സ്ത്രീയും വലികയുണ്ടായി. അവർക്ക് അന്നു നിഷ്കർഷയായി ചികിത്സ വേണ്ടിവന്നു. അന്നത്തെ ആ മാരകവിഷത്തിന്റെ സ്പർശനമേറ്റ ആ പ്രദേശത്തുകാരിൽ പലരുടെയും വിരലുകൾ ചീഞ്ഞുപോവുകയും ഉണ്ടായിട്ടുണ്ട്.

അനുപതിനു തൊണ്ണൂറിനും ഇടയ്ക്ക് കൊല്ലങ്ങൾ ജീവിക്കാൻ അർഹതപ്പെട്ട മനുഷ്യർ അവന്റെ ജനനം തൊട്ട് മരണംവരെ ആരുഷ്കാലം മുഴുവൻ വൈകല്യത്തോടുകൂടി കഴിയേണ്ടിവരുവാൻ നിർബന്ധിതനാവുക എന്നത് ആരെയും ഭീതിപ്പെടുത്തുന്നതും വേദനിപ്പിക്കുന്നതുമായ കാര്യമാണ്. ഈയൊരു വിഷയം കേട്ടുകേൾവിയല്ല, പ്രത്യക്ഷത്തിലുള്ളതാണ് എന്നുവരുമ്പോൾ ഏതു വിധേനയും ഈ വക കാര്യങ്ങളെ ഉടനടി അവസാനിപ്പിക്കാൻ മനുഷ്യസഹൃദം ഒരുമിച്ചുനിന്നു പോരാടേണ്ടതാണ്. അതിൽ രണ്ടുപക്ഷമില്ല. അത് ഇനിയും വൈകിപ്പാടിൽ, പെയ്യാതിരുന്നാൽ നമ്മളും,ആ മഹാപാപത്തിന്റെ കാരണക്കാരായിത്തീരുമെന്ന് ഉറപ്പാണ്. പല രൂപത്തിലും ഭാവത്തിലും ആ വിഷത്തെ നിയന്ത്രിക്കാൻ പ്രവർത്തിക്കുന്നതായി മാധ്യമങ്ങളിലൂടെ സകല സമയവും കാണുന്നുണ്ടെങ്കിലും ഒന്നുതന്നെ വേണ്ടവിധത്തിൽ ഫലമുണ്ടാവുന്നില്ല. ഈ വിഷയത്തിൽ പ്രകടനത്തിനല്ല, പ്രവൃത്തിക്കാണു പ്രാധാന്യം. നൽകേണ്ടത് എന്നാണ് എനിക്കു തോന്നുന്നത്. ഇത്തരത്തിലുള്ള മാരക വിഷങ്ങളുടെ ഉപയോഗംമൂലം മനുഷ്യരിലും ജന്തുക്കളിലും മറ്റു ജീവജാലങ്ങളിലും വരുന്ന ജനിതക മാറ്റങ്ങളെക്കുറിച്ചു പലരും പഠനം നടത്തുകയും അത് അധികാരികൾക്കു സമർപ്പിക്കുകയുമൊക്കെ ചെയ്തിട്ടുള്ളതായി മാധ്യമങ്ങളിൽ കണ്ടു. എന്നാൽ ജനങ്ങളോടു തിരഞ്ഞെടുക്കപ്പെടുന്ന സർക്കാരുകൾ ജനങ്ങൾക്കെതിരെ നിന്നു വിഷവാദപ്രകർക്കു സ്തുതി പാടുന്നതു വേദനിപ്പിക്കുന്ന കാഴ്ചയാണ്.

ദൃശ്യ- ശ്രാവ്യ മാധ്യമങ്ങളിലൂടെ കാണുന്ന കാഴ്ച ഭയാനകം തന്നെ. വിഷപ്രയോഗത്തിന്റെ ദുരന്ത ഫലങ്ങൾ കാസർകോടൻ ഗ്രാമങ്ങളിൽ നിന്നാണ് ആദ്യം പുറത്തു വന്നതെങ്കിൽ ഇന്നു മറ്റു ജില്ലകളിലേക്കും വ്യാപിച്ചിരിക്കുന്നു. വയനാട്ടിൽനിന്നും പാലക്കാടിന്റെ കിഴക്കൻമേഖലയിൽനിന്നുമൊക്കെ വിഷപ്രയോഗത്തിന്റെ ഇരകളായിരുന്നവരുടെ കാഴ്ചകൾ പുറത്തുവരുന്നു. അതിൽ വയർ പെരുകുന്നവർ, നല്ലവണ്ണം കുറവർ, കൈകാലുകൾക്കു സ്വാധീനം നഷ്ടപ്പെട്ടവർ, ഭക്ഷണം കഴിക്കാൻ സാധിക്കാത്തവർ ഇങ്ങനെ പലവിധത്തിലുള്ളവരെ കാണുമ്പോൾ കണ്ണു നിറയുന്നു.

മനുഷ്യന്റെ ബുദ്ധിയെ ദൈവികമെന്നും ശാസ്ത്രസിദ്ധമെന്നും ഞങ്ങൾ ശിവവാഴ്ത്തിയതിൽപറയുന്നുണ്ട്. അതിൽ ആദ്യം പറഞ്ഞത് ഇപ്പോൾ തീരെ ആശ്ചര്യപ്പെടുവോ എന്നു സംശയിക്കുകയാണ്. സംസ്ഥാനത്തെയും കേന്ദ്രത്തിലെയും അധികാരികൾക്ക് ഇതിൽ നുഴുമായ പങ്കുണ്ട്. അതുകൊണ്ടുതന്നെ കർഷകർക്ക് ഉറക്കത്തിൽ നിന്ന് ഉണർന്ന് എന്തെയും പെട്ടന്ന് കൊടുംവിഷമായ ആ കീടനാശിനിയെ തുരത്താതിലും, ഇവിടെ ഉപയോഗിക്കാൻ പാടില്ലാത്ത വിധത്തിൽ നിർമാർജനം ചെയ്യണം. സർക്കാരുകളും, അനുബന്ധസ്ഥാപനങ്ങളും അതു ചെയ്യുന്നില്ലെങ്കിൽ പ്രകൃതിയെയും, ജീവജാലങ്ങളെയും, സ്നേഹിക്കുന്നവർ ഇത്തരത്തിലുള്ള കീടനാശിനികളുടെ നിർമാർജന പ്രക്രിയ ഏറ്റെടുക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. അതു ചെയ്തില്ലെങ്കിൽ നമ്മുടെ വരുംതലമുറ അനുഭവിക്കേണ്ടിവരുന്ന ദുരിതം പ്രവചനാതീതമായിരിക്കും.

UNKNOWN

എൻഡോസൾഫാൻ ദുരിതബാധിത വീട്ടമ്മമാർ ഒത്തുചേർന്നു

'ഞങ്ങളെ അണുബോംബിട്ട് കൊന്നുകൂടെ!'

■ സ്വന്തം ലേഖകൻ
കാസർഗോഡ്



'ഈ ദുരിതം തിന്നു ജീവിക്കുന്നതിനു പകരം ഞങ്ങളെ അണുബോംബിട്ടു കൊന്നുകൂടെ!' പറഞ്ഞുതീരുന്നതിനു മുമ്പേ ബീഫാത്തിമ വിതുമ്പുന്നുണ്ടായിരുന്നു. സങ്കടവും ദേഷ്യവും കലർന്ന സ്വരത്തിൽ അധികം സംസാരിക്കാൻ എൻഡോസൾഫാൻ ഇരയായ അവർക്കു കഴിഞ്ഞില്ല. കേട്ടു നിന്നവരുടെയും കണ്ണുകൾ നിറഞ്ഞു. വിഷമഴയിൽ ജീവിതം തകർന്നുപോയ വീട്ടമ്മമാരുടെ കൂട്ടായ്മയിലായിരുന്നു കുടുംബത്തിന്റെ വേദനകൾ പങ്കുവയ്ക്കപ്പെട്ടത്. കേൾക്കാൻ എഴുത്തുകാർ ഉൾപ്പെടെയുള്ള അതിഥികളുമുണ്ടായിരുന്നു. കാസർഗോഡ് പ്രസ്ക്ലബ് പരിസരത്തായിരുന്നു കൂട്ടായ്മ.

എൻഡോസൾഫാൻ നിരോധിക്കുന്നതിന് സ്റ്റോക്ക് ഹോം കൺവൻഷനിൽ സമ്മർദ്ദം ചെലുത്തണമെന്ന ആവശ്യവുമായാണ് കാസർഗോട്ടെ ഏതാനും എൻഡോസൾഫാൻ ദുരിത ബാധിത വീട്ടമ്മമാർ ഒത്തുചേർന്നത്. 'ജീവിതം അത്യ

ത്തിക്കു മടുത്തിരിക്കുന്നു. 25 വർഷം മുമ്പ് ഇവിടെ എൻഡോസൾഫാൻ ഇല്ലാതെ കൃഷികൾ വളർന്നില്ലേ' വീട്ടമ്മമാരുടെ ചോദ്യത്തിന് ആർക്കും മറുപടിയുണ്ടായിരുന്നില്ല.

ചടങ്ങിൽ സംബന്ധിച്ച വീട്ടമ്മമാരെല്ലാം തങ്ങൾക്കും തങ്ങളുടെ കുട്ടികൾക്കുള്ള ദുരിതകഥകൾ കലർപ്പില്ലാതെ സദസിനു മുന്നിൽ വിവരിച്ചപ്പോൾ കണ്ടു നിന്നവരുടെ പ്രതിഷേധവും രോഷവുമായി മാറുകയായിരുന്നു.

നാരായണി ബോവിക്കാനം, ലക്ഷ്മി ചിപ്പിക്കൈ, സത്യഭാമ, ആയിഷ പെർള, ശാന്തി ബോവിക്കാനം എന്നീ അമ്മമാരുടെ അതിഥികളായി എഴുത്തുകാരി കെ. ആർ മീരയും വീഡിയോകാരിയമ്മയും സംബന്ധിച്ചു. എൻവിസാജിന്റെ നേതൃത്വത്തിലായിരുന്നു പരിപാടി സംഘടിപ്പിച്ചത്.

■ കാസർഗോട്ട് എൻഡോസൾഫാൻ ദുരിത ബാധിത വീട്ടമ്മമാരുടെ കൂട്ടായ്മയിൽ പങ്കെടുത്ത ഒരു വീട്ടമ്മ പൊട്ടിക്കരയുന്നു.

UNKNOWN



കേരള സ്റ്റേറ്റ് സർവീസ് പെൻഷനേഴ്സ് യൂനിയൻ സംസ്ഥാന സമ്മേളനം അഡ്വ. എം. ഉമ്മർ എം.എൽ.എ ഉദ്ഘാടനം ചെയ്യുന്നു

കേരളത്തിലെ കേന്ദ്രമന്ത്രിമാർ നിലപാട് വ്യക്തമാക്കണം – ഐ.എൻ.എൽ

കോഴിക്കോട്: എൻഡോസൾഫാൻ നിരോധിക്കുന്ന കാര്യത്തിൽ കേരളത്തിൽനിന്നുള്ള കേന്ദ്രമന്ത്രിമാർ നിലപാട് വ്യക്തമാക്കണമെന്ന് ഐ.എൻ.എൽ സംസ്ഥാന ജനറൽ സെക്രട്ടറി പ്രഫ. എ.പി. അബ്ദുൽ വഹാബ് വാർത്താസമ്മേളനത്തിൽ ആവശ്യപ്പെട്ടു. എൻഡോസൾഫാൻ പക്ഷവും അത് നിരോധിക്കണമെന്ന മാനവരാശിയുടെ പക്ഷവുമാണ് ഇന്ന് നിലവിലുള്ളത്. ഇതിൽ ഏത് പക്ഷത്താണ് നിലകൊള്ളുന്നതെന്ന് വ്യക്തമാക്കാൻ കേന്ദ്രമന്ത്രിമാർ തയാറാകണം.

ഐ.എൻ.എൽ സ്ഥാപക നേതാവ് ഇബ്രാഹിം സുലൈമാൻ സേട്ടുവിന്റെ ആറാം ചരമദിനത്തോടനുബന്ധിച്ച് ഇന്ന് വൈകീട്ട് നാലുമണിക്ക് കോഴിക്കോട് ടൗൺഹാളിൽ നടക്കുന്ന അനുസ്മരണ സമ്മേളനത്തിൽ എ.കെ. ശശീന്ദ്രൻ എം.എൽ.എ, അഡ്വ. പി.ടി.എ. റഹീം എം.എൽ.എ, ഒ. അബ്ദുറഹ്മാൻ, കെ. അബൂബക്കർ, ടി.പി. ചെറുപ്പ, ജാഫർ അത്തോളി, രാജീവ് ശങ്കർ, കെ. പ്രേമനാഥ്, പ്രഫ. പി. കോയ, സി.കെ. അബ്ദുൽ അസീസ്, എസ്.എ. പുതിയവളപ്പിൽ എന്നിവർ പങ്കെടുക്കുമെന്നും അദ്ദേഹം അറിയിച്ചു.

എൻഡോസൾഫാൻ നിരോധിക്കണം – തോമസ് പ്രഥമൻ ബാവ

കൊച്ചി: എൻഡോസൾഫാൻ പോലുള്ള മാരക വിഷങ്ങൾ നിരോധിക്കണമെന്ന് യാക്കോബായ സുറിയാനി സഭയുടെ ശ്രേഷ്ഠ കാതോലിക്ക ആബൂൻ മോർ ബസേലിയസ് തോമസ് പ്രഥമൻ ബാവ ആവശ്യപ്പെട്ടു.

എൻഡോസൾഫാൻ നിരോധിക്കാനുള്ള ഏത് ശ്രമത്തിനും സഭയുടെ പൂർണ പിന്തുണ ഉണ്ടാകും. വിഷയത്തിൽ സഭയുടെ ആശങ്ക കേന്ദ്ര സർക്കാറിനെ രേഖാമൂലം അറിയിച്ചെന്ന് ബാവ പ്രസ്താവനയിൽ അറിയിച്ചു.

നിരോധിക്കണം – കാതോലിക്ക ബാവ

കോട്ടയം: മണ്ണിന്റെ ജൈവഗുണം നശിപ്പിക്കുകയും മനുഷ്യർക്ക് മാരക രോഗങ്ങൾ വരുത്തുകയും ചെയ്യുന്ന കീടനാശിനികൾ നിരോധിക്കാൻ സർക്കാർ നടപടി സ്വീകരിക്കണമെന്ന് മലങ്കര ഓർത്തഡോക്സ് സുറിയാനി സഭാധ്യക്ഷൻ ബസേലിയസ് മാർത്തോമാ പൗലോസ് ദ്വിതീയൻ കാതോലിക്ക ബാവ.

ഈ വിഷയത്തിൽ കക്ഷിരാഷ്ട്രീയത്തിനതീതമായ നീക്കം ആവശ്യമാണെന്ന് അദ്ദേഹം പറഞ്ഞു. ദേവലോകം കാതോലിക്കറ്റ് അരമനയിൽ നടത്തിയ പ്രതിഭാസംഗമം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

എൻഡോസൾഫാൻ: സംസ്ഥാന സർക്കാരിന് ഒഴിഞ്ഞുമാറാനാവുമോ?

കീടനാശിനികളുടെ ഉപയോഗം നിരോധിക്കുന്നതു സംബന്ധിച്ച സുപ്രീംകോടതി കമീഷൻ ശനിയാഴ്ച നിർണായക തീരുമാനമെടുക്കുകയാണ്. മാരകമായ എൻഡോസൾഫാൻ വിഷം നിരോധിക്കണമെന്ന കാര്യത്തിൽ രണ്ടുപക്ഷമില്ല. സുപ്രീംകോടതി നിയോഗിച്ചിരിക്കുന്ന ഇക്കാര്യത്തിലുള്ള വിദഗ്ധസമിതിയും എൻഡോസൾഫാനെതിരെ കടുത്തനിലപാടുള്ള ജീവശാസ്ത്രജ്ഞരുടെ അഭിപ്രായങ്ങൾ തെളിയിക്കുന്നു.

നാഡീവ്യൂഹത്തകരാർ, തലച്ചോറിന്റെ മാന്ദ്യം, വളർച്ച മുരടിക്കൽ, അപസ്മാരം, കാൻസർ, അംഗവൈകല്യം ഇവയെല്ലാം എൻഡോസൾഫാൻ ബാധിതമേഖലയിൽ സർവസാധാരണമാണെന്ന് ഇതു സംബന്ധിച്ച റിപ്പോർട്ടുകൾ പറയുന്നു.

കൊറ്റമ്പടി, വണ്ടിപ്പെരിയാർ, ശർക്കരപ്പാറ, ആനശ്രീ ഇവയും വ്യവഹരത്തുടെ പശ്ചിമഘട്ടത്തിന്റെ മറ്റുമേഖലകളിലേതിനു സമാനമായി ഒഴുകിയെത്തുന്ന നീർച്ചാലിന്റെ ഓരത്തെപ്പോഴാണ് കാസർഗോഡ് പ്ലാന്റേഷൻ കോർപറേഷൻ വക 2269 ഹെക്ടർ പ്രദേശത്തു വർഷംതോറും കശുമാവിൻതോട്ടം 1980- ലധികാലം മുതൽ വകുപ്പ് ഈ കുന്നിൻപരിവുകളിൽ കശുമാവിൻതൈകൾ നട്ടുപിടിപ്പിച്ചത്. തുടർന്ന് പ്ലാന്റേഷൻ കോർപറേഷൻ തോട്ടം ഏറ്റെടുത്തു.

തെയിലയെ ബാധിക്കുന്ന കൊതുകുകളാണ് ആദ്യമൊക്കെ കശുമാവിനു വിനയായത്. ഹൈഡ്രിൽ എന്ന കീടനാശിനിയാണ് ആദ്യം പ്രയോഗിച്ചത്. പിന്നീടാണ് എൻഡോ സൾഫാന്റെ രംഗപ്രവേശം. സംസ്ഥാനസർക്കാരിന്റെ ഉമ്മോഹനയിൽ പ്രവർത്തിക്കുന്ന പ്ലാന്റേഷൻ കോർപറേഷൻ 1976 മുതൽ പ്രതിദിനം മുന്നൂറോളം വിദഗ്ധ തൊഴിലാളികളെ ഉപയോഗിച്ചാണ് മഹാഭൂരിപക്ഷം കശുമാവിൻതോട്ടങ്ങളും പരിപാലിച്ചുവരുന്നത്. സംസ്ഥാനസർക്കാരിന് ഇവിടെ ഉത്തരവാദിത്തമില്ലെന്ന് അധികൃതരുടെ വാദം.

ജോലിക്കിടെ ഇവിടെ പ്രത്യക്ഷമായ പ്രശ്നങ്ങൾ നിഷേധിച്ചിട്ടില്ല. 1996 മുതൽ ഇവിടെ ദുരൂഹമരണങ്ങൾ ഏറെയുണ്ടായിട്ടുണ്ടെന്നും തൊഴിലാളികളുടെ കുടുംബാംഗങ്ങളും നാട്ടുകാരും പറയുന്നു. പക്ഷേ, ഇതിനെല്ലാം കാരണം എൻഡോസൾഫാനാണെന്നു തെളിയിക്കാൻ ഇതുവരെ ഒരു പഠനവും നടന്നിട്ടില്ല. ഇതിനിടെ, കശുമാവിൻതോട്ടത്തിലെ ജോലിക്കിടെ മരിച്ചവരുടെ കുടുംബാംഗങ്ങൾക്ക് നഷ്ടപരിഹാരം നൽകാൻ സുപ്രീംകോടതി ഉത്തരവിട്ടിരുന്നു.

മനുഷ്യർക്കുമേൽ നടത്തിയ പരീക്ഷണങ്ങൾ ആദ്യം മനുഷ്യത്തിലെ പ്രതിഷേധിച്ചു. പ്രതിഷേധപ്രകടനങ്ങളും വീഡിയോ പ്രചാരണങ്ങളും പോർവിളികളും സഹായത്തോടെയാണ് മനുഷ്യത്തി നടത്തിയത്തു ശാസ്ത്രജ്ഞന്മാർ.

മൂന്നര പതിറ്റാണ്ടുകാലം ഇടതടവില്ലാതെ ഹെലികോപ്റ്ററിൽ പ്രയിക്കുമ്പോൾ മനുഷ്യത്തിച്ചിന്റെ ദുരിതം കാണാൻ വയ്യാത്ത ഭരണകൂടങ്ങൾ മണ്ണും അവും വായുവും വെൽക്കുമേൽ മരിണാശക്തിയുടെ ദുരിതവും ദുരന്തങ്ങളും പെരുകിവരുന്നു. ജീവനു കാരണമായ ചുറ്റുപാടുകൾ സൃഷ്ടിക്കുകയോ ജീവനെത്തന്നെ ഇല്ലാതാക്കുകയോ ചെയ്യുന്ന പ്രവണത ആധുനിക ലോകത്തിന്റെ പൊതുസ്വഭാവമായി മാറിയിരിക്കുന്നു.

പ്ലാന്റേഷൻ കോർപറേഷനോ സംസ്ഥാന സർക്കാരോ കാസർഗോഡ് തോട്ടം തൊഴിലാളികളോ നടുകാലോ ആരുണ്ടിവിടെ ജീവിച്ചത്. അവർക്കിടയിൽ നേരത്തെ എന്തെല്ലാം പ്രശ്നം നിലവിലുണ്ടായിരുന്നുവെന്നും ഏതുതരം സാധാരണ അസുഖങ്ങൾ മരണത്തോടു മല്ലിടുന്നവർ ഇവിടെ കൈയുയിലുണ്ടായിരുന്നു പിടിപ്പെടുകയും അങ്ങനെയും യാതൊരു വെളിപ്പെടുത്തലുകളും കാണാതായി എന്നതാണ് വാസ്തവം.

സംസ്ഥാനസർക്കാർ നിയോഗിച്ച മന്ത്രി സംസ്ഥാനത്ത് വിവിധ ജില്ലകളിലെ ഇരകളുടെ അവസ്ഥയെക്കുറിച്ചും പഠനങ്ങൾ നടത്തിയിട്ടുണ്ട്. കേന്ദ്രത്തിൽ വിഷമന്ത്രി നിയോഗിക്കുന്നതിനായി കർക്കശമായ നിലപാട് സ്വീകരിക്കുന്ന മന്ത്രിയുടെ പാർട്ടിക്കുവേണ്ടി ഉൾപ്പെടുത്താണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി.

അപ്പോൾ രാഷ്ട്രീയ ആനുകൂല പ്രത്യാഘാതങ്ങളിൽ കഴുത്തറപ്പൻ മത്സരത്തിലേർപ്പെടുന്ന രാഷ്ട്രീയപ്പാർട്ടികൾക്കും ഭരണകൂടത്തിനും ഇതിനെതിരെ ഒന്നും ചെയ്യാനാവില്ലേ? ഇതിനുള്ള ഉത്തരം കണ്ടെത്തേണ്ടത് ഇരകളുടെ കണ്ണീരിൽ മണ്ണിടുന്ന പതിവുശൈലി മാറ്റാനും കഴിഞ്ഞകാല അനുഭവങ്ങൾ കണ്ടെത്തുകളിൽ ഇരുപക്ഷത്തിന്റെ പ്രതിനിധികൾ സ്വന്തം സംഘടനാതലത്തിൽ പങ്കെടുത്തപ്പോഴൊക്കെ ഇതിനെതിരേ ശബ്ദമുയർത്തി എന്നതാണ്.

പ്ലാന്റേഷൻ കോർപറേഷന്റെ പ്രവർത്തിക്ക് സംസ്ഥാനസർക്കാരിനുള്ളതെന്തുമാത്രമാണ്? ഹരജിയിലെ ആവശ്യമോ? എൻഡോ സൾഫാൻ പോലെയോ അതിലുമേറെയോ ദുരന്തങ്ങൾ വിതയ്ക്കാൻ പ്രാപ്തമായ നിത്യോപയോഗ വസ്തുക്കൾ ഇനിയുമില്ലേ? അസംബന്ധമാണ് അന്തരീക്ഷത്തിലുള്ള ഒന്നാണ്.

നിരോധിക്കണമെന്നാണ് ഇന്ന് നിരോധിച്ചുകൊണ്ടോ നിയമം നിർമിച്ചുകൊണ്ടോ എന്തുകാര്യം? കുടുംബാരോഗ്യത്തും സേവനമേഖലകളിലും പികിത്സാരംഗത്തും മൈ നടക്കുന്ന മനുഷ്യത്വരഹിതവും നിയമവിരുദ്ധവുമായ അന്യായ നടപടികൾ നിയമം ഇല്ലാഞ്ഞിട്ടാണോ? സ്വന്തം ജീവനും സുരക്ഷിതത്വം നൽകാൻ ചുമതലപ്പെടുവർതന്നെ അതിനു കൂടെവിടുമായ നിലപാടു സ്വീകരിക്കുകയോ പ്രോത്സാഹനം നൽകുകയോ ചെയ്യുന്നതാണ് നാം നിത്യവും കാണുന്നത്.

മായംചേരാത്ത കേണറും കുടിവെള്ളവും ആരോഗ്യ ശുചിത്വ സൗകര്യങ്ങളും അടിസ്ഥാനമനുഷ്യാവകാശങ്ങളായിപ്പെരുകുന്നു സഭ പ്രഖ്യാപിക്കുകയും മിലനിയം ഡവലപ്മെന്റ് പദ്ധതികൾ നടപ്പാക്കുകയും ചെയ്തിട്ടും സമൂഹത്തിന് നേരിട്ട് മനുഷ്യർ നിരോധിക്കേണ്ടവയെന്നുള്ളതിന് മാതൃകയായി എന്തുകൊണ്ടാണ് ഭരണകർത്താക്കൾ സുഖമായി വിരാജിക്കുന്നവർ ദൈവമായി നിലനിൽക്കുള്ളൂ? നാം മനുഷ്യസ്നേഹികളും മനുഷ്യത്വമുള്ളവരും ആയാൽ മാത്രം പോര, അനുകമ്പയും പ്രകൃതിസ്നേഹവും ഉള്ളവരുകൂടിയായി മാറണം.

ഫാ.സോണി മുണ്ടുനടയ്ക്കൽ
(വയനാട്, ഡയറക്ടർ, തിരുഹൃദയ കെയർ, തിരുവനന്തപുരം).

മലയാള മനോരമ

29 April 2012

എൻഡോസൾഫാൻ റിപ്പോർട്ടിൽ വീഴ്ചയുണ്ടെങ്കിൽ നടപടി: മന്ത്രി

തിരുവനന്തപുരം∙ എൻഡോസൾഫാൻ റിപ്പോർട്ടിൽ ദോഷമായി നിർദേശിച്ച് ആരോഗ്യ പ്രിൻസിപ്പൽ സെക്രട്ടറി കത്തയച്ചതു പരിശോധിക്കുമെന്നും വീഴ്ച ഉണ്ടായിട്ടുണ്ടെങ്കിൽ നടപടി സ്വീകരിക്കുമെന്നും ആരോഗ്യമന്ത്രി വി.എസ്. ശിവകുമാർ പറഞ്ഞു. ആരോഗ്യവകുപ്പിൽ താൻ ചുമതലയേൽക്കുന്നതിനു മുൻപാണു കത്തയച്ചത്. ഫയൽ കാണാതെ അഭിപ്രായം പറയുന്നതു ശരിയല്ല. എൻഡോസൾഫാനെതിരായ സർക്കാർ നിലപാടു വ്യക്തമാണെന്നും അധികാരത്തിലേറിയ ഉടൻ എൻഡോസൾഫാൻ നിരോധിച്ച സർക്കാരാണിതെന്നും ശിവകുമാർ അറിയിച്ചു.

സർക്കാർ നിക്കത്തിൽ പ്രതിഷേധിച്ചു മേയ് അമ്മിനു കാസർകോട് ജില്ലയിലെ 11 എൻഡോസൾഫാൻ ദുരിതബാധിത പഞ്ചായത്തുകളിൽ ഉച്ചവരെ ഡിവൈഎഫ്ഐ ഹർത്താൽ ആചരിക്കും. എൻഡോസൾഫാൻ റിപ്പോർട്ട് കീടനാശിനി കമ്പനികൾക്കു വേണ്ടി തിരുത്താൻ നിർദേശിച്ചതിലൂടെ യുഡിഎഫ് സർക്കാർ നാടിനെയും എൻഡോസൾഫാൻ ഇരകളെയും വഞ്ചിച്ചിരിക്കുകയാണെന്നു സിപിഎം സംസ്ഥാന സെക്രട്ടറി പിണറായി വിജയൻ പറഞ്ഞു.എൻഡോസൾഫാൻ നിരോധിക്കണമെന്നതാണു നിയമസഭയുടെയും സുപ്രീം കോടതിയുടെയും നിലപാട്. ഇതിനെ അട്ടിമറിക്കാൻ ഉദ്യോഗസ്ഥരാണു യുഡിഎഫ് സർക്കാർ റിപ്പോർട്ട് തിരുത്താൻ രേഖാമൂലം നിർദേശിച്ചത്. ഇതിനായി പ്രവർത്തിച്ചവർ ആരൊക്കെയെന്നു കണ്ടെത്താനും അവർക്കെതിരെ നടപടി സ്വീകരിക്കാനും ഉന്നതതല അന്വേഷണം നടത്തണം.കാഴ്ചക്കുറവ് മെഡിക്കൽ കോളജിലെ വിദഗ്ധർ തയാറാക്കിയ റിപ്പോർട്ടാണു തിരുത്താൻ നിർദേശം നൽകിയത്. കീടനാശിനി കമ്പനി പ്രതിനിധിയുമായി ആശയവിനിമയം നടത്തി റിപ്പോർട്ട് കുറ്റമറ്റതാക്കണമെന്നാണ് ആരോഗ്യ സെക്രട്ടറി നിർദേശിച്ചത്. കീടനാശിനി കമ്പനിക്കു വേണ്ടി സംസ്ഥാന ഭരണസംവിധാനത്തെ കൈപ്പടിയിലൊതുക്കിയ സർക്കാർ നടപടി ലജ്ജാകരമാണെന്നു പിണറായി പറഞ്ഞു.

ആരോഗ്യവകുപ്പു മേധാവികളുടെ പങ്ക് അന്വേഷിക്കണമെന്നും എൻഡോസൾഫാന്റെ മാസപ്പടിക്കാരെ ആരോഗ്യവകുപ്പിൽ നിന്നു പുറത്താക്കണമെന്നും പ്രതിപക്ഷ നേതാവ് വി.എസ്. അച്യുതാനന്ദൻ ആവശ്യപ്പെട്ടു.

റിപ്പോർട്ട് തിരുത്താനുള്ള ഉത്തരവ് സംസ്ഥാന സർക്കാരിന്റെ അറിവോടെയാണെന്നു സിപിഎം കേന്ദ്ര കമ്മിറ്റി അംഗവും മുൻ ആരോഗ്യമന്ത്രിയുമായ പി.കെ. ശ്രീമതി ആരോപിച്ചു. സുപ്രീം കോടതിയിലുള്ള കേസ് ദുർബലപ്പെടുത്താൻ സംസ്ഥാന സർക്കാരും എൻഡോസൾഫാൻ ലോബിയും ചേർന്നു നടത്തുന്ന ഗൂഢാലോചനയാണിതെന്നു ഡിവൈഎഫ്ഐ സംസ്ഥാന സെക്രട്ടറി ടി.വി. രാജേഷ് എംഎൽഎ ആരോപിച്ചു.

ആരോഗ്യ സെക്രട്ടറിയുടെ വിശദീകരണം

വാദം തെറ്റ്

തിരുവനന്തപുരം∙ എൻഡോസൾഫാൻ അനുകൂല നിലപാടെടുത്തു എന്ന വാദം അസംബന്ധമാണെന്ന് ആരോഗ്യ വകുപ്പു സെക്രട്ടറി രാജീവ് സദാനന്ദൻ വ്യക്തമാക്കി.

കോഴിക്കോട് മെഡിക്കൽ കോളജ് സംഘത്തിന്റെ റിപ്പോർട്ടിനു പോരായ്മകളുണ്ടെന്നു താൻ അഭിപ്രായപ്പെട്ടിട്ടുണ്ടെന്നും ആവശ്യപ്പെട്ട് എൻഡോസൾഫാൻ കമ്പനി പ്രതിനിധിയായ ഗണേശൻ എന്നയാൾ ആരോഗ്യവകുപ്പിന് നോട്ടീസ് നൽകിയിരുന്നു. ഇതു സംബന്ധിച്ചു കോഴിക്കോട് മെഡിക്കൽ കോളജിന്റെ അഭിപ്രായം ആരായാൻ നിയമവകുപ്പ് ശുപാർശ ചെയ്തു. അതനുസരിച്ചാണ് റിപ്പോർട്ട് തയാറാക്കിയ സംഘത്തോടു കഴിഞ്ഞ മാർച്ചിൽ അഭിപ്രായം ചോദിച്ചത്. എന്നാൽ, ഗണേശൻ നൽകിയ നോട്ടീസിൽ പറയുന്നതു പോലെ വസ്തുതാവിരുദ്ധമായ ഒന്നും അങ്ങനെ റിപ്പോർട്ടിൽ ഇല്ലെന്നു. അതിനാൽ ഗണേശന്റെ അഭിപ്രായം പരിഗണിക്കേണ്ടതില്ലെന്നു മെഡിക്കൽ കോളജിൽ നിന്നു റിപ്പോർട്ട് കിട്ടി. ഇതു ഗണേശനെ അറിയിക്കുകയും ചെയ്തു. കഴിഞ്ഞ മാർച്ചിൽ അന്ന അവസാനിച്ച ഈ കത്തിടപാടുകളാണ് ഇപ്പോൾ വലിയൊരു വിവാദമായി കൊണ്ടാടുന്നതെന്ന് ആരോഗ്യ സെക്രട്ടറി അറിയിച്ചു.

മാതൃഭൂമി

30 April 2012

എൻഡോസൾഫാൻ: മനുഷ്യാവകാശ കമ്മീഷൻ ശുപാർശ നടപ്പാക്കാൻ കേരളത്തിന് നിർദേശം

ന്യൂഡൽഹി: എൻഡോസൾഫാൻ ദുരിതബാധിതർക്ക് നൽകേണ്ട നഷ്ടപരിഹാരവും ചികിത്സയുമായി ബന്ധപ്പെട്ട നിർദേശങ്ങളും ജൂൺ പതിനൊന്നിനകം നടപ്പാക്കണമെന്ന് സംസ്ഥാന സർക്കാറിനോട് ദേശീയ മനുഷ്യാവകാശ കമ്മീഷൻ നിർദേശിച്ചു.

ജൂൺ നാലിനകം നിർദേശങ്ങളും നടപ്പാക്കിക്കൊണ്ടുള്ള റിപ്പോർട്ട് സമർപ്പിക്കണമെന്നും ഇല്ലാത്തപക്ഷം ചീഫ് സെക്രട്ടറി ഹാജരായി വിശദീകരണം നൽകണമെന്നും കഴിഞ്ഞയാഴ്ച ചേർന്ന കമ്മീഷൻറെ സമ്പൂർണ യോഗം നിർദേശിച്ചു.

2010 ഡിസംബർ 31-നാണ് മനുഷ്യാവകാശ കമ്മീഷൻ നഷ്ടപരിഹാരം സംബന്ധിച്ച നിർദേശങ്ങൾ പുറപ്പെടുവിച്ചത്. എൻഡോസൾഫാൻ മൂലം മരിച്ചവർക്കും പൂർണമായി കിടപ്പിലായവർക്കും അഞ്ചു ലക്ഷം രൂപയും ശാരീരിക വൈകല്യമുള്ളവർക്ക് മൂന്നു ലക്ഷം രൂപയും നഷ്ടപരിഹാരം നൽകാൻ കമ്മീഷൻ ശുപാർശ ചെയ്തിരുന്നു. ഇതോടൊപ്പം, ആസ്പത്രികളിലെ ചികിത്സാസൗകര്യങ്ങളും മെച്ചപ്പെടുത്തണമെന്നും നിർദേശിച്ചിരുന്നു. എന്നാൽ, നഷ്ടപരിഹാരം നൽകുന്നതിന് കേന്ദ്ര വിഹിതം ലഭിച്ചിട്ടില്ലെന്ന് സർക്കാർ സമർപ്പിച്ച മറുപടിയിൽ ചൂണ്ടിക്കാട്ടിയിരുന്നു. പ്ലാൻറേഷൻ കോർപ്പറേഷനും വിഹിതം വിനിയോഗിച്ചുവെന്ന് സർക്കാർ വ്യക്തമാക്കി. സർക്കാർ നടപടിക്കെതിരെ സുപ്രീം കോടതിയെ സമീപിക്കാൻ കമ്മീഷൻ നേരത്തേ തീരുമാനിച്ചിരുന്നു. എന്നാൽ, നിർദേശങ്ങളും നടപ്പാക്കാൻ സംസ്ഥാനം കൂടുതൽ സമയം തേടി.

മംഗളം

05 May 2012

എൻഡോസൾഫാൻ ട്രിബ്യൂണൽ ശ്രമം സർക്കാർ അട്ടിമറിക്കുന്നു

sl sl 12 mangalam

■ സി.എസ്. സിദ്ധാർത്ഥൻ

തിരുവനന്തപുരം

എൻഡോസൾഫാൻ ദുരിതബാധിതർക്കു നഷ്ടപരിഹാരം നൽകുന്നതു സംബന്ധിച്ച തീരുമാനമെടുക്കാൻ പ്രത്യേക ട്രിബ്യൂണൽ സ്ഥാപിക്കുന്നതിനുള്ള ശ്രമം യു.ഡി.എഫ്. സർക്കാർ അട്ടിമറിക്കുന്നു.

പ്രത്യേക ട്രിബ്യൂണൽ ആവശ്യപ്പെട്ടുള്ള ഹർജിക്ക് അനുകൂലമായി കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ ഹൈക്കോടതിയിൽ സത്യവാങ്മൂലം നൽകിയിരുന്നു. എൻഡോസൾഫാൻ വിഷയത്തിൽ വ്യക്തത വരുത്തുന്നതിനായി ഉൽപാദകരുടെ അഭിപ്രായം കൂടി പരിഗണിക്കാൻ കത്തെഴുതിയ യു.ഡി.എഫ്. സർക്കാരാകട്ടെ ട്രിബ്യൂണൽ സംബന്ധിച്ച് യാതൊരു നടപടിയും എടുത്തിട്ടില്ല.

ഇപ്പോൾ പ്രോസിക്യൂഷൻസ് ഡയറക്ടർ ജനറലായ ടി. ആസഫ് അലിയാണ് പ്രത്യേക ട്രിബ്യൂണൽ എന്ന ആവശ്യമുന്നയിച്ച് 2010 സെപ്റ്റംബർ 13 നു ഹൈക്കോടതിയിൽ പൊതുതാൽപര്യഹർജി നൽകിയത്. കേരളത്തിലെ എൻഡോസൾഫാൻ ദുരിതബാധിതർക്കു കേന്ദ്ര, സംസ്ഥാന സർക്കാരുകൾ നൽകുന്ന സഹായങ്ങൾ അപര്യാപ്തമാണെന്നും ആഗോളനിലവാരത്തിലുള്ള നഷ്ടപരിഹാരം നിശ്ചയിക്കുന്നതിനു ട്രിബ്യൂണൽ രൂപീകരിക്കണമെന്നും ഇന്ത്യൻ ലോയേഴ്സ് കോൺഗ്രസ് പ്രസിഡന്റായിരിക്കെ സമർപ്പിച്ച ഹർജിയിൽ അദ്ദേഹം ആവശ്യപ്പെട്ടിരുന്നു. ഹർജിയിലെ ആവശ്യത്തിനോട് അനുഭാവം പ്രകടിപ്പിക്കുന്ന നിലപാടാണ് അന്നത്തെ എൽ.ഡി.എഫ്. സർക്കാർ സ്വീകരിച്ചത്. വിഷയം ഗൗരവമർഹിക്കുന്നതാണെന്നും ഉന്നതതല ചർച്ച ആവശ്യമാണെന്നും ചൂണ്ടിക്കാട്ടിയ സത്യവാങ്മൂലം ഫലത്തിൽ ട്രിബ്യൂണലിന് അനുകൂലമായിരുന്നു.

യു.ഡി.എഫ്. സർക്കാർ അധികാരത്തിലെത്തിയശേഷം ഈ ഹർജിയിൽ യാതൊരു തുടർനടപടിയും കൈക്കൊണ്ടില്ല. ട്രിബ്യൂണൽ സ്ഥാപിക്കണമെന്ന ആവശ്യം നിലവിലിരിക്കെയാണ് കോഴിക്കോട് മെഡിക്കൽ കോളജിന്റെ പഠനറിപ്പോർട്ടിൽ എൻഡോസൾഫാൻ കമ്പനിയുടെ അഭിപ്രായം കൂട്ടിച്ചേർക്കാൻ സർക്കാർ ധൃതി കാണിച്ചത്.

നിയമനടപടികളിൽ വ്യക്തത കൈവരുത്താനാണു സർക്കാർ ശ്രമിക്കുന്നതെന്നു ഭരണനേതൃത്വം അഭിപ്രായപ്പെടുന്നു. എന്നാൽ സുപ്രീം കോടതിയുടെ പരിഗണനയിലുള്ള റിപ്പോർട്ടിൽ കൂട്ടിച്ചേർക്കലുകൾ ആവശ്യമാണെങ്കിൽ അക്കാര്യം കോടതിയെ അറിയിക്കുകയാണു വേണ്ടതെന്നും ഇപ്പോൾ നടക്കുന്നത് എൻഡോസൾഫാൻ ലോബിയെ സഹായിക്കാനുള്ള നടപടികളാണെന്നും മനുഷ്യാവകാശ പ്രവർത്തകർ ചൂണ്ടിക്കാട്ടുന്നു. ആരോഗ്യവകുപ്പു ഡയറക്ടർ കോഴിക്കോട് മെഡിക്കൽ കോളജ് സുപ്രണ്ടിനു കത്തയച്ചത് ആരോഗ്യമന്ത്രി അറിയാതെയാണെന്നും ആരോപണമുണ്ട്.

മാതൃഭൂമി

09 May 2012

എൻഡോസൾഫാൻ: ഇരകളും വേട്ടക്കാരും

■ ഡോ. അംബികാസുതൻ മങ്ങാട്



10 May 2012

എൻഡോസൾഫാൻ: റിപ്പോർട്ട് ഭേദഗതി ചെയ്യാൻ നിർദേശമില്ല

ഉമ്മൻചാണ്ടി, കേരള മുഖ്യമന്ത്രി

'എൻഡോസംഫാൻ: ഇരകളും വേട്ടക്കാരും' എന്ന തലക്കെട്ടിൽ ഡോ. അംബികാസുതൻ മാങ്ങാട് എഴുതിയ ലേഖനമാണ് (മെയ് 9) ഈ കുറിപ്പിന് ആധാരം. എൻഡോസംഫാൻ വിപത്തിനെതിരെ സമരം നടത്തുന്നവരും പ്രചാരണം നടത്തുന്നവരും ആത്മാർഥതയോടെയും സത്യസന്ധതയോടെയുമാണ് അതു നടത്തുന്നതെന്ന് ഞാൻ വിശ്വസിക്കുന്നു.

എന്നാൽ മേൽപ്പറഞ്ഞ ലേഖനം, വാസ്തവവിരുദ്ധവും തെറ്റിദ്ധാരണകളിൽ നിന്നുണ്ടായതുമാണെന്ന് ചൂണ്ടിക്കാട്ടട്ടെ. എൻഡോസംഫാൻ: വിവാദത്തിന് സത്യവുമായി ബന്ധമില്ല-ഉമ്മൻ ചാണ്ടി എന്ന തലക്കെട്ടിൽ മെയ് മൂന്നാം തീയതി മാതൃഭൂമി ഉൾപ്പെടെ എല്ലാ പത്രങ്ങളും എന്റെ വിശദീകരണം പ്രസിദ്ധീകരിച്ചിരുന്നു. രേഖകളും സഹിതമാണ് ഇതു സംബന്ധിച്ച വാർത്ത മെയ് രണ്ടാം തീയതി മാധ്യമങ്ങൾക്കു നല്കിയത്. keralacm.gov.in എന്ന മുഖ്യമന്ത്രിയുടെ വെബ്സൈറ്റിലും വിശദാംശങ്ങളും നല്കിയിട്ടുണ്ട്.

കോഴിക്കോട് മെഡിക്കൽ കോളേജിലെ കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗമാണ് എൻഡോസംഫാൻ മേഖലയിലെ പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് തയ്യാറാക്കിയത്. അവർ 2011-ൽ റിപ്പോർട്ട് സമർപ്പിച്ചു. റിപ്പോർട്ടിൽ ഗുരുതരമായ തെറ്റുകൾ ഉണ്ടെന്നും തന്റെ ഭാഗം കേൾക്കണമെന്നും റിപ്പോർട്ട് പിൻവലിക്കണമെന്നും മറ്റും ആവശ്യപ്പെട്ട് ഗണേശൻ എന്ന വ്യക്തി മെഡിക്കൽ കോളേജ് അധികൃതർക്ക് തുടർച്ചയായി കത്തുകൾ അയച്ചു.

2011 ജൂലായ് 20, ജൂലായ് 28, ആഗസ്ത് 23, ഡിസംബർ 17, ഡിസംബർ 28 എന്നീ തീയതികളിലാണ് കത്തയച്ചത്. അവർ പ്രതികരിക്കാതിരുന്നതിനെത്തുടർന്ന് ആരോഗ്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് 2012 ജനവരി 31-ന് ഗണേശൻ വക്കീൽ നോട്ടീസയച്ചു. തന്റെ ഭാഗം കേൾക്കാൻ 2012 ഫിബ്രുവരി 10-ന് മുമ്പ് യോഗം വിളിക്കണമെന്നും അല്ലെങ്കിൽ സുപ്രീം കോടതിയെ സമീപിക്കുമെന്നുമായിരുന്നു ഉള്ളടക്കം.

യോഗം വിളിക്കണം എന്നതു സംബന്ധിച്ച ഗണേശന്റെ അഭ്യർഥനയിൽ ആരോഗ്യവകുപ്പ് നിയമ വകുപ്പിന്റെ ഉപദേശം തേടി. ഇതു സംബന്ധിച്ച് കോഴിക്കോട് മെഡിക്കൽ കോളേജ് കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗം തലവന്റെ അഭിപ്രായം തേടണമെന്നായിരുന്നു നിയമവകുപ്പിന്റെ ഉപദേശം. കൂടാതെ, ആരോപിക്കപ്പെടുന്ന തീയതിയിൽ എന്തെങ്കിലും തെറ്റ് റിപ്പോർട്ടിൽ ഉണ്ടെങ്കിൽ, ഗണേശന്റെ ഭാഗം കൂടി കേട്ടുകൊണ്ട് റിപ്പോർട്ട് പൂർണമാക്കുന്നതിൽ എന്തെങ്കിലും തടസ്സങ്ങളുണ്ടോ എന്ന് വകുപ്പ് മേധാവിയോട് റിപ്പോർട്ട് തേടാനും നിയമവകുപ്പ് ഉപദേശിച്ചു.

നിയമവകുപ്പിന്റെ നിയമോപദേശം കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗം തലവനെ പ്രിൻസിപ്പൽ സെക്രട്ടറി അറിയിക്കുകയാണു ചെയ്തത്. വിഷയം സുപ്രീം കോടതിയിലേക്കു കൊണ്ടുപോകുമെന്നു പറഞ്ഞ പശ്ചാത്തലത്തിലായിരുന്നു ഇത്. എൻഡോസംഫാൻ പ്രതിനിധിയെ ഉൾപ്പെടുത്തി യോഗം ചേരണമെന്നല്ല കമ്മ്യൂണിറ്റി മെഡിസിൻ തലവനോട് ആവശ്യപ്പെട്ടത്, യോഗം ചേരുന്നതു സംബന്ധിച്ച് അഭിപ്രായം പറയണം എന്നു മാത്രമാണ്. റിപ്പോർട്ടിൽ ഭേദഗതി വരുത്തണമെന്നല്ല, നിർദേശം സ്വീകരിക്കുന്നതു സംബന്ധിച്ചുള്ള അഭിപ്രായം റിപ്പോർട്ട് ചെയ്യണമെന്നാണ്. ഗണേശനെ ഉൾപ്പെടുത്തി യോഗം ചേരേണ്ട ആവശ്യമില്ലെന്നും അവരുടെ നിർദേശങ്ങളും റിപ്പോർട്ടിൽ സ്വീകരിക്കേണ്ട ആവശ്യകതയില്ലെന്നും ചൂണ്ടിക്കാട്ടി കോഴിക്കോട് മെഡിക്കൽ കോളേജ് കമ്മ്യൂണിറ്റി വിഭാഗം തലവൻ മാർച്ച് 21-ന് പ്രിൻസിപ്പൽ സെക്രട്ടറിക്ക് മറുപടി നല്കി. ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ച്, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സ്റ്റാറ്റിസ്റ്റിക്സ്, സുപ്രീം കോടതിയിലെ സംയുക്ത വിദഗ്ധ സമിതി എന്നിവർ ഈ റിപ്പോർട്ട് പരിശോധിച്ചു കഴിഞ്ഞുവെന്നും അവർ ചൂണ്ടിക്കാട്ടി.

സർക്കാർ ഈ നിർദേശം അംഗീകരിക്കുകയാണു ചെയ്തത്. ഏപ്രിൽ രണ്ടിന് സർക്കാർ ഇക്കാര്യം ഗണേശന്റെ വക്കീലിനെ അറിയിക്കുകയും ചെയ്തു.

അതോടെ ഈ വിഷയം അവസാനിച്ചതാണ്. സർക്കാർ ഒരു ഘട്ടത്തിലും എൻഡോസംഫാൻ റിപ്പോർട്ടിൽ മായം ചേർക്കാനോ ഭേദഗതി വരുത്താനോ ശ്രമിച്ചിട്ടില്ല. മറിച്ച്, നടപടി ക്രമങ്ങളും പാലിച്ച് റിപ്പോർട്ടിന്റെ സാധുതയ്ക്ക് ശക്തിപകരുകയാണ് ചെയ്തത്.

ലേഖനത്തിൽ ഉന്നയിച്ചിരിക്കുന്ന മറ്റു വിഷയങ്ങളും പലതും സർക്കാറിന്റെ പരിഗണനയിലാണ്. കാസർകോട് ജില്ലയുടെ ചുമതലയുള്ള മന്ത്രി കെ.പി. മോഹനൻ മെയ് ഏഴിന് അവിടം സന്ദർശിച്ച് എല്ലാ വിഭാഗം ആളുകളുമായും വിശദമായ ചർച്ച നടത്തിയിരുന്നു. ഇക്കാര്യങ്ങളും ബുധനാഴ്ച മന്ത്രിസഭായോഗത്തിൽ അവതരിപ്പിച്ചു. വ്യാഴാഴ്ച ഞാൻ കാസർകോട് എത്തുമ്പോൾ ഇവ സംബന്ധിച്ച തിരുമാനങ്ങൾ എടുക്കുകയും ചെയ്യും. അതിന് ആവശ്യമായ സാമ്പത്തികബാധ്യത സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിരിക്കുകയാണ്.

എൻഡോസംഫാൻ കേരളത്തിന്റെ മുറിവാണ്. അവരുടെ വേദന സമൂഹത്തിന്റെ വേദനയാണ്. അതീവ ഗൗരവത്തോടെയാണ് സർക്കാർ ഈ വിഷയത്തെ സമീപിക്കുന്നത്. ഇവരുടെ വേദനയ്ക്കു പരിഹാരം കണ്ടെത്താനുള്ള ശ്രമത്തിന് എല്ലാ വിഭാഗം ജനങ്ങളുടെയും സഹകരണം ഞാൻ തേടുകയും ചെയ്യുന്നു.

ദേശാഭിമാനി

10 May 2012

മുഖ്യമന്ത്രിക്കൊരു തുറന്ന കത്ത്

ബഹുമാനപ്പെട്ട
കേരള മുഖ്യമന്ത്രി
ശ്രീ ഉമ്മൻചാണ്ടി അവർകൾക്ക്

സർ,

കഴിഞ്ഞ ഒരു വ്യാഴവട്ടത്തി ലധികമായി കാസർകോട്ടെ എ ൻഡോസൾഫാൻ വിഷബാധിത മേഖലകളിലെ സഹജീവികളുടെ ദുരന്തം നേരിടുന്ന ഒരു പൗ രൻ എന്ന നിലയിലാണ് ഈ തുറന്ന കത്തെഴുതുന്നത്. കഴി ഞ്ഞ ചില ദിവസങ്ങളിലായി മാ ധ്യമങ്ങളിൽ അങ്ങയുടെ ഒരു പ്ര സ്താവന നിറഞ്ഞുനിൽക്കുന്നു ണ്ട്. പ്രസ്താവനയ്ക്കു കാരണമാ യ കോഴിക്കോട് മെഡിക്കൽ കോ ളേജ് കമ്യൂണിറ്റി മെഡിസിൻ വി ഭാഗത്തിന് ആരോഗ്യ വകുപ്പ് അ യച്ച ഒരു കത്തും. അതിലെ ഉള്ള ടക്കവും. ഇപ്പോൾ ചർച്ചാവിഷയ മായിരിക്കുകയാണല്ലോ. "മെഡി ക്കൽ കോളേജിന്റെ ആരോഗ്യ റി പ്പോർട്ട് കുറ്റമറ്റതാക്കാനാണ് ആ രോഗ്യവകുപ്പ് കത്തയച്ചത്" എ ന്ന് തുറന്നു സമ്മതിച്ചതിൽ അ ങ്ങയെ അഭിനന്ദിക്കുന്നു. പക്ഷേ, ഇങ്ങനെ തുറന്നു സമ്മതിച്ച ആ കത്തിനെ പിന്താങ്ങുമ്പോൾ നി ഷ്പക്ഷമായി കാര്യങ്ങൾ ചെയ്യു മെന്ന് സത്യപ്രതിജ്ഞ ചെയ്ത താകർ അത് ലംഘിക്കുകയല്ലേ ചെയ്തിരിക്കുന്നത്. ഒരു എളിയ സമ്മതിദായകന്റെ സംശയമാണ് - സുപ്രീം കോടതിയുടെ പരിഗ ണനയിലുള്ള ഈ നൂറ്റാണ്ടിലെ ഏറ്റവും പ്രധാനമായ ഒരു കേസി ലെ പ്രധാന പ്രതി സർക്കാരും കാസർഗോഡ് സംബന്ധമായുള്ള മാണ്. നിർമാണക്കമ്പനിയുടെ പ്ര തിനിധിയെ കോഴിക്കോട് മെഡി ക്കൽ കോളേജിലേക്കയക്കാൻ ക ത്തയക്കുമ്പോൾ അങ്ങ് വേദക്കാ രുടെ പക്ഷം ചേരുകയാണ് എ ന്നു തോന്നിപ്പോകുന്നു. യു എ ൻ അംഗീകരിച്ച ആഗോള നിരോ ധനവും സുപ്രീംകോടതി നിരോ ധനവും വന്നതോടെ ഉൽപ്പാദക രുടെ നിൽക്കാൻ ഭൗമികുടയ്ക്ക ന് ബാധ്യതയുണ്ടെന്നിരിക്കെ അ ങ്ങ് പ്രത്യക്ഷമായിത്തന്നെ പ്രതി ഭാഗത്ത് ചേർന്നിരിക്കുന്നു സുപ്രീം കോടതി നിയോഗിച്ച വിദഗ്ധ സ മിതി റിപ്പോർട്ടിൽ കൈകടത്താ ൻ സർക്കാറിനോ കമ്പനിക്കോ യാതൊരധികാരവുമില്ല. ഏറ്റവും കുറ്റമറ്റ റിപ്പോർട്ടാണ് കോടതി നി യോഗിച്ച വിദഗ്ധ സമിതി സമർ പ്പിച്ചിരിക്കുന്നത്. അതിൽ കുഴപ്പ മുണ്ടെങ്കിൽ കോടതിയാണ് കണ്ടെ ത്തുക. കീടനാശിനി കമ്പനിയല്ല. കീടനാശിനി പ്രതിനിധിക്ക് പരാ തിയുണ്ടെങ്കിൽ കോടതിയിലാണ് അത് നൽകേണ്ടത്. സർക്കാറും കീടനാശിനി കമ്പനിയും പ്രതിയാ യ ഒരു കേസിൽ പ്രതിയെ വിദഗ്ധസമിതിയുമായി നേരിട്ട് ബന്ധി പ്പിക്കുന്ന തരത്തിലുള്ള ഒരു കത്തിനെ ന്യായീകരിച്ചുകൊണ്ട് അ ങ്ങ് സംസാരിക്കുമ്പോൾ അത് ഭ രണഘടനാ വിരുദ്ധമായ ഒരു പ്ര വൃത്തിയായി മാറുകയല്ലേ?

കീടനാശിനി പ്രതിനിധി സു പ്രീംകോടതിയിൽ പോകുമെന്ന് പറഞ്ഞ് വക്കീൽ നോട്ടീസയച്ച പ്പോഴാണ് റിപ്പോർട്ട് കുറ്റമറ്റതാ ക്കാൻ ഈ കത്തയച്ചതെന്ന് അ ങ്ങ് തുറന്നു സമ്മതിക്കുന്നു. മെ ഡിക്കൽ കോളേജിലെ ഡോക്ടർ മാർ നിർദേശങ്ങൾ അപ്പടി സ്വീ കരിച്ചിരുന്നെങ്കിൽ എന്തൊക്കെ യിരുന്നു സ്ഥിതി. കീടനാശിനി പ്രതിനിധിയെ സുപ്രീംകോടതി യിൽ പോകാൻ നിർദേശിക്കു കയായിരുന്നില്ലേ രണ്ടാഴ്ചനാ പരമായ നീതി. പകരം പ്രതിനി ധിയുടെ ആവശ്യം അനുവദിച്ചു കൊടുക്കാനുള്ള നടപടികൾ ഭ രണകൂടം കൈക്കൊള്ളുമ്പോൾ പരമായ നീതി. പകരം പ്രതിനി ധിയുടെ ആവശ്യം അനുവദിച്ചു കൊടുക്കാനുള്ള നടപടികൾ ഭ രണകൂടം കൈക്കൊള്ളുമ്പോൾ ഏറ്റവും പ്രധാനമായ ഒരു കേസി ലെ പ്രധാന പ്രതി സർക്കാരും കീടനാശിനി നിർമാണക്കമ്പനിയു മാണ്. നിർമാണക്കമ്പനിയുടെ പ്ര തിനിധിയെ കോഴിക്കോട് മെഡി ക്കൽ കോളേജിലേക്കയക്കാൻ ക ത്തയക്കുമ്പോൾ അങ്ങ് വേദക്കാ രുടെ പക്ഷം ചേരുകയാണ് എ ന്നു തോന്നിപ്പോകുന്നു. യു എ ൻ അംഗീകരിച്ച ആഗോള നിരോ ധനവും സുപ്രീംകോടതി നിരോ ധനവും വന്നതോടെ ഉൽപ്പാദക രുടെ നിൽക്കാൻ ഭൗമികുടയ്ക്ക ന് ബാധ്യതയുണ്ടെന്നിരിക്കെ അ ങ്ങ് പ്രത്യക്ഷമായിത്തന്നെ പ്രതി ഭാഗത്ത് ചേർന്നിരിക്കുന്നു സുപ്രീം കോടതി നിയോഗിച്ച വിദഗ്ധ സ മിതി റിപ്പോർട്ടിൽ കൈകടത്താ ൻ സർക്കാറിനോ കമ്പനിക്കോ യാതൊരധികാരവുമില്ല. ഏറ്റവും കുറ്റമറ്റ റിപ്പോർട്ടാണ് കോടതി നി യോഗിച്ച വിദഗ്ധ സമിതി സമർ പ്പിച്ചിരിക്കുന്നത്. അതിൽ കുഴപ്പ മുണ്ടെങ്കിൽ കോടതിയാണ് കണ്ടെ ത്തുക. കീടനാശിനി കമ്പനിയല്ല. കീടനാശിനി പ്രതിനിധിക്ക് പരാ തിയുണ്ടെങ്കിൽ കോടതിയിലാണ് അത് നൽകേണ്ടത്. സർക്കാറും കീടനാശിനി കമ്പനിയും പ്രതിയാ യ ഒരു കേസിൽ പ്രതിയെ വിദഗ്ധസമിതിയുമായി നേരിട്ട് ബന്ധി പ്പിക്കുന്ന തരത്തിലുള്ള ഒരു കത്തിനെ ന്യായീകരിച്ചുകൊണ്ട് അ ങ്ങ് സംസാരിക്കുമ്പോൾ അത് ഭ രണഘടനാ വിരുദ്ധമായ ഒരു പ്ര വൃത്തിയായി മാറുകയല്ലേ?

കീടനാശിനി പ്രതിനിധി സു പ്രീംകോടതിയിൽ പോകുമെന്ന് പറഞ്ഞ് വക്കീൽ നോട്ടീസയച്ച പ്പോഴാണ് റിപ്പോർട്ട് കുറ്റമറ്റതാ ക്കാൻ ഈ കത്തയച്ചതെന്ന് അ ങ്ങ് തുറന്നു സമ്മതിക്കുന്നു. മെ ഡിക്കൽ കോളേജിലെ ഡോക്ടർ മാർ നിർദേശങ്ങൾ അപ്പടി സ്വീ കരിച്ചിരുന്നെങ്കിൽ എന്തൊക്കെ യിരുന്നു സ്ഥിതി. കീടനാശിനി പ്രതിനിധിയെ സുപ്രീംകോടതി യിൽ പോകാൻ നിർദേശിക്കു കയായിരുന്നില്ലേ രണ്ടാഴ്ചനാ

മലയാള മനോരമ

10 May 2012

എൻഡോസൾഫാൻ: ഐക്യദാർഢ്യം, സമൂഹ പ്രാർഥന

തിരുവനന്തപുരം● എൻഡോസൾഫാൻ ഇരകൾക്ക് ഐക്യദാർഢ്യമർപ്പിച്ച് ഒപ്പുമരവും സമൂഹപ്രാർഥനയും പുത്തൻതോപ്പിൽ. എൻവിസാഗ് പുത്തൻതോപ്പ് യൂണിറ്റിന്റെ നേതൃത്വത്തിലാണു ചടങ്ങ്. ഇന്നു രാവിലെ പത്തു മണി മുതൽ അഞ്ചു വരെ പുത്തൻതോപ്പ് ജംക്ഷനിലാണ് ഒപ്പുമരം സംഘടിപ്പിക്കുന്നത്.

വൈകിട്ട് 6.30നു പുത്തൻതോപ്പ് ക്രിസ്തീയ ദേവാലയ അങ്കണത്തിൽ ആയിരത്തൊന്നു മെഴുകുതിരികൾ കൊളുത്തും. സെന്റ് സേവ്യേഴ്സ് കോളജ് പ്രിൻസിപ്പൽ റവ. ഡോ. സണ്ണി ജോസ് ആദ്യ തിരി കൊളുത്തുന്ന ചടങ്ങിൽ പുത്തൻതോപ്പ് ഇടവക വികാരി ഫാ. ജോസഫ് മരിയ പ്രാർഥന ചൊല്ലും. തുടർന്നു കെ.ആർ. മനോജിന്റെ 'ദ് പെസ്റ്ററിങ് ജേണി' എന്ന ഡോക്യുമെന്ററി പ്രദർശിപ്പിക്കും.

സ്വർഗത്തിൽ 5–ാം ചരമദിനം

ജന്മഭൂമി

17 May 2012

എൻഡോസൾഫാൻ നിർവീര്യമാക്കൽ: ആദ്യഘട്ടം ജൂൺ 2ന് ആരംഭിക്കും

കാസർകോട്: നിലവിലെ ശേഖരം പുതിയ ബാരലുകളിലേക്ക് ജൂൺ നുള്ളിൽ മാറ്റാൻ തീരുമാനം പ്ലാന്റേഷൻ കോർപ്പറേഷന്റെ 3 ഗോഡൗണുകളിലായി സൂക്ഷിച്ചിട്ടുള്ള എൻഡോസൾഫാൻ ശേഖരം നിർവീര്യമാക്കുന്നതിനുള്ള നടപടികൾ ജൂൺ 2ന് ആരംഭിക്കും. ആദ്യനടപടിയായി അപകടകരമായ വിധത്തിൽ ബാരലുകളിൽ ഉള്ള നിലവിലെ എൻഡോസൾഫാൻ ശേഖരം പുതിയ ബാരലുകളിലേക്ക് മാറ്റും. ജൂൺ രണ്ടുമുതൽ എട്ട് വരെയുള്ള ദിവസങ്ങളിൽ ഈ പ്രക്രിയകൾ പൂർത്തിയാക്കും.

പ്ലാന്റേഷൻ കോർപ്പറേഷന്റെ പെരിയ, ചീമേനി, രാജപുരം എസ്റ്റേറ്റുകളിലായി സൂക്ഷിക്കുന്ന 1638 ലിറ്റർ എൻഡോസൾഫാൻ ശേഖരമാണ് പുതിയ ബാരലുകളിലേക്ക് മാറ്റുന്നത്. നിലവിൽ ഇതു സൂക്ഷിച്ചിരിക്കുന്ന സ്റ്റീൽ ബാരലുകളിൽ നിന്ന് ലോകാരോഗ്യ സംഘടന നിഷ്കർഷിച്ചിട്ടുള്ള ഹൈ ഡെൻസിറ്റി പോളി എത്തിലിൻ ബാരലുകളിലേക്കാണ് എൻഡോസൾഫാൻ മാറ്റുന്നത്. ഇതിനായുള്ള കർമ്മ പദ്ധതി നേരത്തെ തയ്യാറാക്കിയിട്ടുണ്ട്. നിർവീര്യമാക്കൽ നടപടികൾക്ക് കളക്ടറേറ്റിൽ ചേർന്ന എൻഡോസൾഫാൻ സെൽ യോഗം രൂപം നൽകി.

പുതിയ ബാരലുകളിലേക്ക് നിലവിലെ ശേഖരം മാറ്റുന്ന പ്രക്രിയ സുതാര്യമായും സുരക്ഷിതമായും പൂർത്തിയാക്കുന്നതിന് ജനകീയ പങ്കാളിത്തം ഉറപ്പാക്കും. പെരിയ, രാജപുരം, ചീമേനി എന്നിവിടങ്ങളിൽ ജനങ്ങളുടെ യോഗം വിളിച്ച് ചേർത്ത് നടപടികൾ വിശദീകരിക്കും. പെരിയയിൽ മെയ് 22–ന് രാവിലെ 10നും ചീമേനിയിൽ ഉച്ചയ്ക്ക് രണ്ടിനും കള്ളാർ പഞ്ചായത്തിൽ 24–ന് രാവിലെ 10നും യോഗം ചേരും. എച്ച്.ഡി.പി.ഇ ബാരലുകളിലേക്ക് എൻഡോസൾഫാൻ പകരുന്ന പ്രക്രിയ ഷോർട്ട് സർക്യൂട്ട് ടെലിവിഷൻ വഴി തൽസമയം ജനങ്ങളുടെ മുന്നിൽ പ്രദർശിപ്പിക്കും. എൻഡോസൾഫാനൊപ്പം ഇവ നിലവിൽ സൂക്ഷിച്ചിരിക്കുന്ന ബാരലുകളും പകർത്താൻ ഉപയോഗിക്കുന്ന ഉപകരണങ്ങളും പുതിയ ബാരലുകളിൽ നിക്ഷേപിക്കും.

എൻഡോസൾഫാൻ ശേഖരം പുതിയ ബാരലുകളിലേക്ക് മാറ്റിയശേഷം ഒരു കേന്ദ്രത്തിൽ ഇവ സുരക്ഷിതമായി തൽക്കാലത്തേക്ക് സൂക്ഷിക്കാനാണ് ആലോചിക്കുന്നത്. ഇതിന് അനുയോജ്യമായ സ്ഥലം പെരിയ ആണെന്നാണ് എൻഡോസൾഫാൻ സെല്ലിനുവേണ്ടി നടത്തിയ പഠനം ചൂണ്ടിക്കാട്ടുന്നത്.

മൂന്നാം ഘട്ടമായി എൻഡോസൾഫാൻ പൂർണ്ണമായും നിർവീര്യമാക്കും.

ഇതിന് മുന്നു മാർഗ്ഗങ്ങളാണ് പഠനം നിർദ്ദേശിക്കുന്നത്. കത്തിച്ചുകളയുക, സുരക്ഷിതമായ രൂപരേഖങ്ങൾ നിർണ്ണയിച്ച് സംസ്കരിക്കുക, ഇപ്പോൾ എൻഡോസൾഫാൻ സൂക്ഷിച്ച കേന്ദ്രങ്ങൾ തന്നെ അന്തിമമായി നിർവീര്യമാക്കുക എന്നിവയാണവ. ജില്ലയിൽ നിന്ന് എൻഡോസൾഫാൻ പൂർണ്ണമായും മാറ്റാനാണ് തീരുമാനമെങ്കിലും അന്തിമമായി നിർവീര്യമാക്കേണ്ടതെങ്ങനെയെന്ന കാര്യത്തിൽ ഇനിയും കൂടി ആലോചനകൾ നടത്തേണ്ടതുണ്ട്.

എൻഡോസൾഫാൻ നിർവീര്യമാക്കുന്നതു സംബന്ധിച്ച നടപടികൾക്ക് മേൽനോട്ടം വഹിക്കുന്നത് സംബന്ധിച്ച് സ്റ്റിയറിംഗ് കമ്മിറ്റിക്കും രൂപം നൽകിയിട്ടുണ്ട്. കൃഷിമന്ത്രി കെ.പി.മോഹനൻ ചെയർമാനായ കമ്മിറ്റിയുടെ കൺവീനർ ജില്ലാ കളക്ടർ വി.എൻ.ജിതേന്ദ്രനാണ്.

ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് പി.പി.ശ്യാമളാദേവിയും ജില്ലയിലെ എം.എൽ.എമാരും വൈസ് ചെയർമാന്മാരായിരിക്കും. ശാസ്ത്രജ്ഞർ അടങ്ങിയ ടാസ്ക് ഫോഴ്സ് പ്രായോഗിക പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകും. സാങ്കേതിക സമിതിയുടെയും ജനകീയസമിതിയുടെയും മേൽനോട്ടവും ഉറപ്പാക്കും. അഞ്ചുലക്ഷം രൂപയാണ് നിർവീര്യമാക്കൽ പ്രക്രിയയ്ക്ക് ചെലവ് പ്രതീക്ഷിക്കുന്നത്.

ഐക്യരാഷ്ട്ര സംഘടനയുടെ വിവിധ ഏജൻസികൾ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിച്ചാണ് എൻഡോസൾഫാൻ നിർവീര്യമാക്കുന്നതിനുള്ള കർമ്മ പദ്ധതിക്ക് രൂപം നൽകിയിട്ടുള്ളത്.

എൻഡോസൾഫാൻ സെല്ലിനുവേണ്ടി അസിസ്റ്റന്റ് നോഡൽ ഓഫീസർ ഡോ.മുഹമ്മദ് അഷീലിന്റെ നേതൃത്വത്തിലാണ് കർമ്മ പദ്ധതി തയ്യാറാക്കിയിട്ടുള്ളത്.

കളക്ടറേറ്റിൽ ചേർന്ന എൻഡോസൾഫാൻ സെൽ യോഗത്തിൽ ജില്ലാ കളക്ടർ വി.എൻ.ജിതേന്ദ്രൻ ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് പി.പി.ശ്യാമളാദേവി, ഡെപ്യൂട്ടി കളക്ടർ പി.കെ.സുധീർബാബു തുടങ്ങിയവർ പങ്കെടുത്തു.

മലയാള മനോരമ

17 May 2012

എൻഡോസൾഫാൻ ജൂൺ ആദ്യവാരം പോളിത്തീൻ ബാരലുകളിലേക്ക് മാറ്റും

കാസർകോട് ● പ്ലാന്റേഷൻകോർപറേഷൻ എസ്റ്റേറ്റുകളിൽ സുരക്ഷിതമായിരിക്കുന്ന എൻഡോസൾഫാൻ ഹൈ ഡെൻസിറ്റി പോളിത്തീൻ ബാരലുകളിലേക്ക് ജൂൺ രണ്ട് മുതൽ നാലു വരെയുള്ള തീയതികളിൽ മാറ്റും. എൻഡോസൾഫാൻ നിർവീര്യമാക്കുന്നതിന്റെ ആദ്യഘട്ടമായാണ് തുരുമ്പിച്ച ബാരലുകളിൽ നിന്ന് പുതിയ ബാരലുകളിലേക്കു മാറ്റുന്നത്. ഇതിനു പുറമെ കൃഷിഭവനുകളിലും കർഷകർക്കിടയിലും സുരക്ഷിതമായിട്ടുള്ള എൻഡോസൾഫാൻ സംഭരിക്കാനും തീരുമാനമായി. പുതിയ ബാരലുകളിലാക്കിയ എൻഡോസൾഫാൻ മൂന്ന് മാസത്തിനുള്ളിൽ നിർവീര്യമാക്കാനാണ് പദ്ധതി.

ജില്ലാ കലക്ടർ വി.എൻ. ജിതേന്ദ്രന്റെ അധ്യക്ഷതയിൽ കാസർകോട് കലക്ടറേറ്റിൽ ചേർന്ന സാങ്കേതിക വിദഗ്ധരുടെ യോഗത്തിലാണ് തീരുമാനം. ചീമേനി, രാജപുരം, പെരിയ എസ്റ്റേറ്റുകളിൽ 11 ബാരലുകളിലാണ് എൻഡോസൾഫാൻ സൂക്ഷിച്ചിട്ടുള്ളത്. ഇവയിൽ ഒൻപതു ബാരലുകൾക്കു വിള്ളലുണ്ടെന്ന് പരിശോധനയിൽ കണ്ടെത്തിയിരുന്നു. 11 ബാരലുകളിലും സൂക്ഷിച്ചിരിക്കുന്നത് 200 ലീറ്റർ സംഭരണ ശേഷിയുള്ള 15 ഹൈഡെൻസിറ്റി പോളിത്തീൻ ബാരലുകളിലേക്കാണ് മാറ്റുന്നത്. ഇതിനു പുറമെ എൻഡോസൾഫാൻ സൂക്ഷിച്ചിരുന്ന ഗോഡൗണുകളിൽ കിടനാശിനിയുടെ സാന്നിധ്യമുള്ള മണ്ണും മറ്റു വസ്തുക്കളും പത്ത് ബാരലുകളിൽ ശേഖരിക്കും. എൻഡോസൾഫാൻ നിർമാതാക്കളായ എച്ച്ഐഎല്ലാണ് പുതിയ ബാരലുകൾ തയാറാക്കിയത്.

എച്ച്ഐഎല്ലിൽ നിന്നുള്ള വിദഗ്ധ സംഘമാണ് എൻഡോസൾഫാൻ പുതിയ ബാരലുകളിലേക്കു മാറ്റുക. നടപടികൾ പൊതുജനങ്ങൾക്കു തൽസമയം കാണുന്നതിനായി പ്രത്യേക ക്യാമറകളും ടിവിയും ഏർപ്പെടുത്തും. ബാരലുകളിലേക്ക് എൻഡോസൾഫാൻ മാറ്റുന്ന നടപടികൾക്ക് അഞ്ചു ലക്ഷം രൂപയാണ് ചെലവു വരിക. എൻഡോസൾഫാൻ നിർവീര്യമാക്കുന്നതു സംബന്ധിച്ച് ജനങ്ങളുടെ ആശങ്കകൾ ഒഴിവാക്കാനായി 22, 24 തീയതികളിൽ ബോധവൽക്കരണ പരിപാടികളും സംഘടിപ്പിക്കും. 22നു രാവിലെ പെരിയ, തുടർന്ന് ചീമേനി, 24ന് രാജപുരം എന്നിവിടങ്ങളിലാണ് ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുക.

മാധ്യമം

17 May 2012

എൻഡോസൾഫാൻ നിർവീര്യമാക്കൽ ജൂൺ രണ്ട് മുതൽ

കാസർകോട്: പ്ലാന്റേഷൻ കോർപറേഷന്റെ മുന്‍ ഗോഡൗണുകളിലായി സൂക്ഷിച്ച 1838 ലിറ്റർ എൻഡോസൾഫാൻ നിർവീര്യമാക്കൽ ആദ്യഘട്ടം ജൂൺ രണ്ട് മുതൽ നടപ്പാക്കാൻ കലക്ടറേറ്റിൽ ചേർന്ന എൻഡോസൾഫാൻ സെൽ യോഗം തീരുമാനിച്ചു. നിലവിലെ ശേഖരം പുതിയ ബാരലുകളിലേക്ക് ജൂൺ എട്ടിനുള്ളിൽ മാറ്റാനാണ് തീരുമാനം.

നിലവിൽ സ്റ്റീൽ ബാരലുകളിൽ നിന്ന് ലോകാരോഗ്യ സംഘടന നിഷ്കർഷിച്ച ഹൈ ഡെൻസിറ്റി പോളി എത്തിലിൻ ബാരലുകളിലേക്കാണ് എൻഡോസൾഫാൻ മാറ്റുന്നത്. നിർവീര്യമാക്കൽ നടപടികൾക്ക് ജനകീയ പങ്കാളിത്തം ഉറപ്പാക്കും. പെരിയ, രാജപുരം, ചീമേനി എന്നിവിടങ്ങളിൽ ജനങ്ങളുടെ യോഗം വിളിച്ച് ചേർത്ത് നടപടികൾ വിശദീകരിക്കും. പെരിയയിൽ മേയ് 22ന് രാവിലെ പത്തിനും ചീമേനിയിൽ ഉച്ചക്ക് രണ്ടിനും കള്ളാർ പഞ്ചായത്തിൽ 24ന് രാവിലെ പത്തിനും യോഗം ചേരും. എച്ച്.ഡി.പി.ഇ ബാരലുകളിലേക്ക് എൻഡോസൾഫാൻ പകരുന്ന പ്രക്രിയ ഷോർട്ട് സർക്യൂട്ട് ടെലിവിഷൻ വഴി തൽസമയം ജനങ്ങളുടെ മുന്നിൽ പ്രദർശിപ്പിക്കും. എൻഡോസൾഫാൻ ശേഖരം പുതിയ ബാരലുകളിലേക്ക് മാറ്റിയശേഷം പെരിയയിൽ സൂക്ഷിക്കാനാണ് തീരുമാനം.

അടുത്ത ഘട്ടത്തിൽ എൻഡോസൾഫാൻ പൂർണമായും നിർവീര്യമാക്കും. ഇതിന് മുന്നോടിയായി നിർവീര്യമാക്കേണ്ട കാര്യത്തിൽ ഇനിയും കൂടിയാലോചനകൾ നടത്തേണ്ടതുണ്ട്. എൻഡോസൾഫാൻ നിർവീര്യമാക്കുന്നതു സംബന്ധിച്ച നടപടികൾക്ക് മേൽനോട്ടം വഹിക്കുന്നത് സംബന്ധിച്ച് സ്റ്റിയറിങ് കമ്മിറ്റിക്കും രൂപം നൽകിയിട്ടുണ്ട്. കൃഷിമന്ത്രി കെ.പി മോഹനൻ ചെയർമാനായ കമ്മിറ്റിയുടെ കൺവീനർ ജില്ലാ കലക്ടർ വി. എൻ. ജിതേന്ദ്രനാണ്. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പി.പി. ശ്യാമളാദേവിയും ജില്ലയിലെ എം.എൽ.എമാരും വൈസ്ചെയർമാന്മാരായിരിക്കും. അഞ്ചുലക്ഷം രൂപയാണ് നിർവീര്യമാക്കൽ പ്രക്രിയക്ക് ചെലവ് പ്രതീക്കുന്നത്.

നഷ്ടപരിഹാരം: അടുത്ത മന്ത്രിസഭാ യോഗത്തിൽ തീരുമാനമെന്ന് മുഖ്യമന്ത്രി

തിരുവനന്തപുരം: എൻഡോസൾഫാൻ ഇരകൾക്ക് നഷ്ടപരിഹാരം നൽകുന്ന വിഷയം മേയ് 23ന് ചേരുന്ന മന്ത്രിസഭായോഗം പരിഗണിക്കുമെന്ന് മുഖ്യമന്ത്രി ഉമ്മൻചാണ്ടി അറിയിച്ചു. ഇന്നലെ ചേർന്ന മന്ത്രിസഭായോഗത്തിൽ ചീഫ് സെക്രട്ടറി ഇതിനെക്കുറിച്ച് റിപ്പോർട്ട് വെച്ചിരുന്നു. എന്നാൽ ധനമന്ത്രി ഇല്ലാത്തതിനാൽ തീരുമാനം എടുത്തില്ല.

ഏറ്റുമാനൂരിൽ വ്യാജരേഖ ചമച്ചുണ്ടാക്കിയ വ്യാജമദ്യശാലയുടെ ലൈസൻസ് പുതുക്കി [illegible] പുതിയ ഡിസ്റ്റിലറിക്ക് പഞ്ചായത്ത് അനുമതി നൽകിയിട്ടില്ലെന്ന് മുഖ്യമന്ത്രി പറഞ്ഞു. വിഷയം [illegible] അധികാരപരിധിയിലാണ്. നിയമപരമായ അപേക്ഷയുടെ പുറത്ത് സർക്കാർ തീരുമാനമെടുത്തു. ദേശീയ വർധിപ്പിക്കണമെന്ന ആവശ്യം തള്ളി. പുതിയ ഡിസ്റ്റിലറി തുടങ്ങാൻ എല്ലാ നടപടികളും പൂർത്തിയാക്കണം. അതിൽ തീരുമാനം എടുക്കേണ്ടതും പഞ്ചായത്താണെന്നും മുഖ്യമന്ത്രി പറഞ്ഞു.

ഉപയോഗത്തിന്റെറ മുൻകാല അനാസ്ഥ പുറത്താവുന്നു

എൻഡോസൾഫാൻ നിർവീര്യമാക്കാൻ യു.എൻ സുരക്ഷാ കവചങ്ങൾ

അമിയ മീത്തൽ

കാസർകോട് ദയാബായി അൽപ മുമ്പ് കോടിയ വിഷമഴനനിയാതെ പ്ലാന്റേഷൻ കോർപറേഷനിലെ നൊമ്പരങ്ങൾക്കൊപ്പം കൊണ്ട് പെരുമഴനിയ എൻഡോസൾഫാൻ ഇന്ന് സുരക്ഷിത ബാരലുകളിലേക്ക് മാറ്റുമ്പോൾ ഉപയോഗിക്കുന്നത് ഹൈഡ്രോഫിനേഷനും ലോകാരോഗ്യ സംഘടനയും നിർദേശിച്ച ആരോഗ്യ സുരക്ഷാ കവചങ്ങൾ ഉപയോഗിച്ചാണ് മാരകമായ കൊടുവിഷം ഭയമില്ലാതെയാണ് ഉദ്യോഗസ്ഥർ തന്നെ പ്രവൃത്തിക്കുന്നതാണ് ഈ നടപടി. അന്ന് തൊഴിലാളികൾക്ക് ഒരു മാസ്ക് പോലും നൽകാതെ തിരിക്കാൻ നിർബന്ധിച്ചവർ കൊലപ്പുള്ളിനു ള്ള പരിഹാരമാണ് ചെയ്തതെന്ന് ഒരു ഉദ്യോഗസ്ഥൻ പറയുന്നുണ്ടായിരുന്നു. പുതിയ രക്ഷാകവചങ്ങൾ പരീക്ഷിച്ചത് കൊച്ചിയിലാണ്.



ഗിരുന്നവർ കാണിച്ച ധാരുണമായ കുറ്റകരമായ അനാസ്ഥയിലുണ്ടായിരുന്നു എന്നാണ് പുതിയ നടപടിക്രമങ്ങൾ.

47 സുരക്ഷാ ഉപകരണങ്ങളാണ് ഉപയോഗിക്കുക. എൻഡോസൾഫാൻ അടങ്ങിയ വർഷകാലം സുരക്ഷിതമായി സൂക്ഷിക്കാൻ കഴിയുന്ന യു.എൻ അംഗീകരിച്ച ലോകാരോഗ്യ സംഘടനയും എഫ്.എ.ഒയും നിർദേശിച്ചവയാണ് കളിലേക്കാണ് മാറ്റുന്നത്. ഈ ബാരലുകൾ എന്നന്നേക്കുമായി എച്ച്.ഡി.പി.ഇ എന്നിവയിലാണ് എത്തി



യു.എൻ നിർദേശിച്ച സുരക്ഷിത ബാരൽ

എൻഡോസൾഫാൻ സുരക്ഷിത ബാരലിലേക്ക് മാറ്റുന്നതാണ് ഉപയോഗിക്കുന്ന രീതിയാണിത്. ഇതിനായി എൻഡോസൾഫാൻ ഉള്ള ഓരോ കുടുംബത്തിലും ഒരു ഉദ്യോഗസ്ഥൻ വീതം സന്ദർശനം നടത്തി. ഇവരുടെ കൈവശമുള്ള എൻഡോസൾഫാൻ ശേഖരത്തിന്റെ കണക്കുകൾ, ഭൂമിയുടെ വിസ്തൃതി, അവിടെ കൃഷിചെയ്യുന്ന വിളകൾ, കിണറുകൾ എന്നിവയുടെ വരെ. 2000ൽ എൻഡോസൾഫാൻ നിരോധിക്കുമ്പോൾ ഇവരുടെ കൈവശമുള്ള ഏകദേശം എത്ര ലിറ്റർ എൻഡോസൾഫാൻ ഉണ്ടായിരുന്നു എന്നതിന്റെ കണക്കുകളിലേക്കും ഇവർ എത്തിച്ചേരുന്നു.

ഇവരുടെ കൈവശമുള്ള എൻഡോസൾഫാൻ ശേഖരം ഏതെങ്കിലും തരത്തിൽ ചോരുന്നുണ്ടോ എന്നും ഇവർ പരിശോധിക്കും. ഇതിനായി ഓരോ കുടുംബത്തിനും ഒരു ഡോസിമീറ്റർ വീതം നൽകിയിട്ടുണ്ട്. ഇവർ ഓരോ ദിവസവും ഇവരുടെ ശരീരത്തിൽ എത്ര അളവിൽ വികിരണം ഏൽക്കുന്നുണ്ട് എന്നും ഇതിലൂടെ അറിയാൻ കഴിയും. ഇവരുടെ ശരീരത്തിൽ എത്ര അളവിൽ വികിരണം ഏൽക്കുന്നുണ്ട് എന്നും ഇതിലൂടെ അറിയാൻ കഴിയും. ഇവരുടെ ശരീരത്തിൽ എത്ര അളവിൽ വികിരണം ഏൽക്കുന്നുണ്ട് എന്നും ഇതിലൂടെ അറിയാൻ കഴിയും.

ഇവരുടെ അഭിപ്രായം കേൾക്കാതെയുള്ള തീരുമാനമെടുക്കുന്നതിൽ തീവ്രമായ പ്രതിഷേധമുണ്ടെന്നും ഇവർ അറിയിച്ചു. ഇവരുടെ ആശങ്കകൾ പരിഹരിച്ചതിനുശേഷം മാത്രമേ ഇവരുടെ വീടുകളിൽ നിന്ന് എൻഡോസൾഫാൻ ശേഖരം മാറ്റുകയുള്ളൂ എന്നും ഇവർ പറഞ്ഞു.

സിറാജ്

17 May 2012

എൻഡോസൾഫാൻ നിർവീര്യമാക്കൽ: ആദ്യഘട്ടം ജൂൺ രണ്ട് മുതൽ

നിലവിലെ ശേഖരം പുതിയ ബാരലുകളിലേക്ക് മാറ്റും

കാസർകോട്: പ്ലാന്റേഷൻ കോർപ്പറേഷന്റെ മുന്‍ ഗോഡൗണുകളിലായി സൂക്ഷിച്ചിട്ടുള്ള എൻഡോസൾഫാൻ ശേഖരം നിർവീര്യമാക്കുന്നതിനുള്ള നടപടികൾ ജൂൺ രണ്ടിന് ആരംഭിക്കും. ആദ്യഘട്ടമെന്ന നിലയിൽ ബാരലുകളിൽ ഉള്ള നിലവിലെ എൻഡോസൾഫാൻ ശേഖരം പുതിയ ബാരലുകളിലേക്ക് മാറ്റും. ജൂൺ രണ്ടുമുതൽ എട്ട് വരെയുള്ള ദിവസങ്ങളിൽ ഈ പ്രക്രിയകൾ പൂർത്തിയാക്കും.

പ്ലാന്റേഷൻ കോർപ്പറേഷന്റെ പെരിയ, ചീമേനി, രാജപുരം എന്നീ സ്റ്റോറുകളിലായി സൂക്ഷിക്കുന്ന 1838 ലിറ്റർ എൻഡോസൾഫാൻ ശേഖരമാണ് പുതിയ ബാരലുകളിലേക്ക് മാറ്റുന്നത്. നിലവിൽ ഇതു സൂക്ഷിച്ചിരിക്കുന്ന സ്റ്റീൽ ബാരലുകളിൽ നിന്ന് ലോകാരോഗ്യ സംഘടന നിഷ്കർഷിച്ചിട്ടുള്ള ഹൈ ഡെൻസിറ്റി പോളി എത്തിലിൻ ബാരലുകളിലേക്കാണ് എൻഡോസൾഫാൻ മാറ്റുന്നത്. ഇതിനായുള്ള കർമപദ്ധതി നേരത്തെ തയ്യാറാക്കിയിട്ടുണ്ട്. നിർവീര്യമാക്കൽ നടപടികൾക്ക് കളക്ടറേറ്റിൽ ചേർന്ന എൻഡോസൾഫാൻ സെൽ യോഗം രൂപം നൽകി.

പുതിയ ബാരലുകളിലേക്ക് നിലവിലെ ശേഖരം മാറ്റുന്ന പ്രക്രിയ സുതാര്യമായും സുരക്ഷിതമായും പൂർത്തിയാക്കുന്നതിന് ജനകീയ പങ്കാളിത്തം ഉറപ്പാക്കും. പെരിയ, രാജപുരം, ചീമേനി എന്നിവിടങ്ങളിൽ ജനങ്ങളുടെ യോഗം വിളിച്ച് ചേർത്ത് നടപടികൾ വിശദീകരിക്കും. പെരിയയിൽ 22ന് രാവിലെ 10നും ചീമേനിയിൽ ഉച്ചക്ക് രണ്ടിനും കള്ളാർ പഞ്ചായത്തിൽ 24ന് രാവിലെ 10നും യോഗം ചേരും. എച്ച് ഡി പി ഇ ബാരലുകളിലേക്ക് എൻഡോസൾഫാൻ പകരുന്ന പ്രക്രിയ ഷോർട്ട് സർക്യൂട്ട് ടെലിവിഷൻ വഴി തൽസമയം ജനങ്ങളുടെ മുന്നിൽ പ്രദർശിപ്പിക്കും. എൻഡോസൾഫാനൊപ്പം ഇവ നിലവിൽ സൂക്ഷിച്ചിരിക്കുന്ന ബാരലുകളും കർത്താൻ ഉപയോഗിക്കുന്ന ഉപകരണങ്ങളും പുതിയ ബാരലുകളിൽ നിക്ഷേപിക്കും.

എൻഡോസൾഫാൻ ശേഖരം പുതിയ ബാരലുകളിലേക്ക് മാറ്റിയശേഷം ഒരു കേന്ദ്രത്തിൽ ഇവ സുരക്ഷിതമായി തരംതിരിക്കാൻ സൂക്ഷിക്കാനാണ് ആലോചിക്കുന്നത്. ഇതിന് അനുയോജ്യമായ സ്ഥലം പെരിയ ആണെന്നാണ് എൻഡോസൾഫാൻ സെല്ലിന്റെ വിലയിരുത്തൽ. ഇതിനുവേണ്ടി നടത്തിയ പഠനം ചൂണ്ടിക്കാട്ടുന്നത്.

മൂന്നാം ഘട്ടമായി എൻഡോസൾഫാൻ പൂർണമായും നിർവീര്യമാക്കും. ഇതിന് മുന്നോടിയായി കൃഷിമന്ത്രി കെ പി മോഹനൻ ചെയർമാനായ കമ്മിറ്റിയുടെ കൺവീനർ ജില്ലാ കലക്ടർ വി എൻ ജിതേന്ദ്രനാണ്.

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പി പി ശ്യാമളാദേവിയും ജില്ലയിലെ എംഎൽഎമാരും വൈസ്ചെയർമാന്മാരായിരിക്കും. ശാസ്ത്രജ്ഞർ അടങ്ങിയ ടാസ്ക് ഫോഴ്സ് പ്രായോഗിക പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകും. സാങ്കേതിക സമിതിയുടെയും ജനകീയസമിതിയുടെയും യോഗങ്ങളും ഉപ്പാക്കും. അഞ്ചുലക്ഷം രൂപാണ് നിർവീര്യമാക്കൽ പ്രക്രിയയ്ക്ക് ചെലവ് പ്രതീക്കുന്നത്. പ്ലൈകാരാഷ്ട്ര സംഘടനയുടെ വിദഗ്ധ ഏജൻസികൾ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിച്ചാണ് എൻഡോസൾഫാൻ നിർവീര്യമാക്കുന്നതിനുള്ള കർമപദ്ധതിക്ക് രൂപം നൽകിയിട്ടുള്ളത്. എൻഡോസൾഫാൻ സെല്ലിനുവേണ്ടി അസിസ്റ്റന്റ് കൊ ഡൽ ഓഫീസർ ഡോ. മുഹമ്മദ് അഷീലിന്റെ നേതൃത്തിലാണ് കർമപദ്ധതി തയ്യാറാക്കിയിട്ടുള്ളത്.

• കളക്ടറേറ്റിൽ ചേർന്ന എൻഡോസൾഫാൻ സെൽ യോഗത്തിൽ ജില്ലാ കളക്ടർ വി എൻ ജിതേന്ദ്രൻ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പി പി ശ്യാമളാദേവി, വൈസ്പ്രസിഡന്റുമാരായ കെ പി കുഞ്ഞിക്കണ്ണൻ, പി കെ സുധാകരൻ, ജില്ലാ കളക്ടർ പി കെ സുധീർബാബു തുടങ്ങിയവർ പങ്കെടുത്തു.

മാതൃഭൂമി

17 May 2012

എൻഡോസൾഫാൻ ജൂൺ രണ്ടിന് എച്ച്.ഡി.പി.ഇ. ബാരലുകളിലേക്ക് മാറ്റും

കാസർകോട്: പ്ലാന്റേഷൻ കോർപ്പറേഷന്റെ മൂന്ന് ഗോഡൗണുകളിലായി സൂക്ഷിച്ച 1638 ലിറ്റർ എൻഡോസൾഫാൻ എച്ച്.ഡി.പി.ഇ. (ഹൈ ഡെൻസിറ്റി പോളി എത്തിലിൻ) ബാരലുകളിലേക്ക് മാറ്റും. ജൂൺ രണ്ടുമുതൽ എട്ടുവരെയുള്ള ദിവസങ്ങളിലാണ് പ്രവൃത്തി. തിരുവനന്തപുരം ഇൻസെക്ടിസൈഡ്സ് ലിമിറ്റഡിലെ (എച്ച് ഐ എൽ) ശാസ്ത്രജ്ഞർ അടങ്ങിയ സ്റ്റാഫ് ഹോംസാണ് നേതൃത്വം നൽകുക.

എൻഡോസൾഫാൻ ശേഖരം എച്ച്.ഡി.പി.ഇ. ബാരലുകളിലേക്ക് മാറ്റുകയേ ഉള്ളൂ. ഒരു കേന്ദ്രത്തിൽ സുരക്ഷിതമായി തൽക്കാലത്തേക്ക് സൂക്ഷിക്കാനാണ് ആലോചന. ലോകാരോഗ്യസംഘടന നിശ്ചയിച്ചിട്ടുള്ളതാണ് ഈ ബാരലുകൾ. ഡോ. മുഹമ്മദ് അഷീൽ, ബയോ മെഡിക്കൽ എൻജിനിയർ വിനോദ്, എച്ച്.ഐ.എൽ. പ്രൊപ്രൈറ്റർ മാനേജർ സതീഷ് കുമാർ എന്നിവരടങ്ങുന്ന സംഘം സർക്കാരിനുവേണ്ടി ഇത് പരിശീലിപ്പിച്ചിട്ടുണ്ടായിരുന്നു. ശാസ്ത്രീയമായി നിർവീര്യമാക്കുന്ന എൻഡോസൾഫാൻ കണ്ടയ്നറുകൾ സാധാരണക്കാരനുപോലും മനസ്സിലാക്കാൻ പാകത്തിലുള്ള കേരള എൻവയോൺമെന്റ് ഇൻഫർമേഷൻ സിസ്റ്റത്തിന്റെ (കെ ഇൻഫോ) സംഘം സന്ദർശിച്ചിരുന്നു.

നിലവിൽ സൂക്ഷിച്ചിരിക്കുന്ന 11 സ്റ്റീൽ ബാരലുകളിൽ രണ്ടെണ്ണവും പ്രവിച്ചിരിക്കുകയാണ്.

മൂന്ന് ഘട്ടമായി എൻഡോസൾഫാൻ പൂർണമായും നിർവീര്യമാക്കും. പ്ലെക്കുരാണിസംഘടനയുടെ വിവിധ ഏജൻസികൾ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് എൻഡോസൾഫാൻ നിർവീര്യമാക്കുന്നതിൽ പാലിക്കും. ഇതിനുള്ള മാർഗനിർദേശങ്ങൾ പഠനം നടത്തിവരികയാണ്. കേന്ദ്രത്തിൽ സുരക്ഷിതമായ മുൻകരുതലുകൾ സ്വീകരിക്കുന്നുണ്ട്. ഇപ്പോൾ എൻഡോസൾഫാൻ സൂക്ഷിച്ച കേന്ദ്രങ്ങളിൽത്തന്നെ അന്തിമമായി നിർവീര്യമാക്കൽ എന്നിവയാണ് പരിഗണനയിലുണ്ട്. അതുവരെ.



എൻഡോസൾഫാൻ നിർവീര്യമാക്കുന്നതിനെതിരെ മൂന്നാഴ്ചയായി കളക്ടറേറ്റിൽ നടന്ന യോഗത്തിൽ അസിസ്റ്റന്റ് കമ്മീഷണർ ഡോ. മുഹമ്മദ് അഷീൽ സംസാരിക്കുന്നു

ജനങ്ങളുടെ യോഗം വിളിക്കും

കാസർകോട്: പ്ലാന്റേഷൻ ഗോഡൗണുകളിൽ സൂക്ഷിച്ച എൻഡോസൾഫാൻ ശേഖരം നിർവീര്യമാക്കുന്നതിന് മുന്നോടിയായി 22നും 24നും ജനങ്ങളുടെ യോഗം വിളിക്കാൻ സെൽ യോഗം തീരുമാനിച്ചു.

പുതിയ ബാരലുകളിലേക്ക് നിലവിലെ ശേഖരം മാറ്റുന്ന പ്രക്രിയ സുതാര്യമായും സുരക്ഷിതമായും പൂർത്തിയാക്കുന്നതിന് ജനകീയ പങ്കാളിത്തം ഉറപ്പാക്കുന്നതിന് പെരിയ, രാജപുരം, ചീമേനി എന്നിവിടങ്ങളിലാണ് യോഗം. ഇതിൽ നടപടികളും വിശദീകരിക്കും.

പെരിയയിൽ 22 ന് രാവിലെ 10നും ചീമേനിയിൽ ഉച്ചയ്ക്ക് രണ്ടിനും കള്ളാർ പഞ്ചായത്തിൽ 24 ന് രാവിലെ 10നും യോഗം ചേരും. എച്ച്.ഡി.പി.ഇ. ബാരലുകളിലേക്ക് എൻഡോസൾഫാൻ പകരുന്ന പ്രക്രിയ ഷോർട്ട് സർക്യൂട്ട് ടെലിവിഷൻ വഴി തൽസമയം ജനങ്ങളുടെ മുന്നിൽ പ്രദർശിപ്പിക്കും.

എൻഡോസൾഫാൻ നിർവീര്യമാക്കുന്നതു സംബന്ധിച്ച നടപടിക്രമങ്ങൾ മേൽനോട്ടം വഹിക്കുന്നത് സംബന്ധിച്ച് സ്റ്റിയറിങ് കമ്മിറ്റിക്ക് രൂപം നൽകിയിട്ടുണ്ട്. കൃഷിമന്ത്രി കെ.പി.മോഹനനാണ് ചെയർമാൻ.

കളക്ടർ വി.എൻ.ജിതേന്ദ്രൻ കൺവീനറാണ്. ജില്ലാ പഞ്ചായത്ത് പ്രസിഡന്റും എം.എൽ.എമാരും വൈസ് ചെയർമാൻമാരായിരിക്കും. ശാസ്ത്രജ്ഞർ അടങ്ങിയ സ്റ്റാഫ് ഹോംസ് പ്രോജക്ട് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകും. സാങ്കേതിക സമിതിയുടെയും ജനകീയ സമിതിയുടെയും മേൽനോട്ടവും ഉറപ്പാക്കും. എൻഡോസൾഫാൻ സെല്ലിനുവേണ്ടി അസിസ്റ്റന്റ് കമ്മീഷണർ ഓഫീസർ ഡോ. മുഹമ്മദ് അഷീലിന്റെ നേതൃത്വത്തിലാണ് കർമപദ്ധതി തയ്യാറാക്കിയിട്ടുള്ളത്. കളക്ടറേറ്റിൽ ചേർന്ന എൻഡോസൾഫാൻ സെൽ യോഗത്തിൽ കളക്ടർ വി.എൻ.ജിതേന്ദ്രൻ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. പി.പി.ശ്യാമളാദേവി, ഡെപ്യൂട്ടി കളക്ടർ പി.കെ.സുധീർബാബു, ഡോ. മുഹമ്മദ് അഷീൽ എന്നിവർ പങ്കെടുത്തു.



കളക്ടറേറ്റിനു മുന്നിൽ എൻഡോസൾഫാൻ സത്യാഗ്രഹ സമിതിയുടെ നേതൃത്വത്തിൽ നടക്കുന്ന അനിശ്ചിതകാല സത്യാഗ്രഹത്തിൽ പങ്കെടുക്കുന്ന തിമിരിയിലെ അമ്മമാർ

എൻഡോസൾഫാൻ സത്യാഗ്രഹം 27 ദിവസം പിന്നിടുന്നു

കാസർകോട്: എൻഡോസൾഫാൻ പീഡിതർ നടത്തുന്ന സത്യാഗ്രഹം 27-ാം നാൾ നാരായണൻ പെരിയ ഉദ്ഘാടനം ചെയ്തു.

പി.കൃഷ്ണൻ അധ്യക്ഷനായി. സുരേഷ് ചീമേനി, കേരള കോൺഗ്രസ് നേതാവ് ജോർജ് പൈനാപ്പിള്ളി, ഇബ്രാഹിം കുമ്പഡാജെ, ഇ.ബൈജു, എൻ.അമ്പാടി, അഡ്വ. ടി.വി.രാജേന്ദ്രൻ എന്നിവർ സംസാരിച്ചു. ഹമീദ് സിസൺ സ്വാഗതവും മാധവി പി.നന്ദിയും പറഞ്ഞു.

കയ്യൂർ-ചീമേനി പഞ്ചായത്ത് എൻഡോസൾഫാൻ പീഡിത ജനകിയമുന്നണി സത്യാഗ്രഹത്തിന് നേതൃത്വംനല്കി. വ്യാഴാഴ്ച വെൽഫെയർ പാർട്ടി ജില്ലാ കമ്മിറ്റിയാണ് സത്യാഗ്രഹം നടത്തുന്നത്.

തേജസ്സ്

17 May 2012

എൻഡോസൾഫാൻ നിർവീര്യമാക്കൽ: ആദ്യഘട്ടം ജൂൺ രണ്ടു മുതൽ

നിലവിലെ ശേഖരം പുതിയ ബാരലുകളിലേക്ക് ജൂൺ എട്ടിനുള്ളിൽ മാറ്റും

കാസർകോഡ്: പ്ലാന്റേഷൻ കോർപറേഷന്റെ മൂന്ന് ഗോഡൗണുകളിലായി സൂക്ഷിച്ചിട്ടുള്ള എൻഡോസൾഫാൻ ശേഖരം നിർവീര്യമാക്കുന്നതിനാൽ, നിലവിലെ എൻഡോസൾഫാൻ ശേഖരം പുതിയ ബാരലുകളിലേക്ക് മാറ്റും. ജൂൺ രണ്ടുമുതൽ എട്ടുവരെയുള്ള ദിവസങ്ങളിൽ ഈ പ്രക്രിയകൾ പൂർത്തിയാക്കും.

പ്ലാന്റേഷൻ കോർപറേഷന്റെ പെരിയ, ചീമേനി, രാജപുരം എസ്റ്റേറ്റുകളിലായി സൂക്ഷിക്കുന്ന 1638 ലിറ്റർ എൻഡോസൾഫാൻ ശേഖരമാണ് പുതിയ ബാരലുകളിലേക്ക് മാറ്റുന്നത്.

ഇതു സൂക്ഷിച്ചിരിക്കുന്ന സ്റ്റീൽ ബാരലുകളിൽ നിന്ന് ലോകാരോഗ്യസംഘടന നിശ്ചയിച്ചിട്ടുള്ള ഹൈ ഡെൻസിറ്റി പോളി എത്തിലിൻ ബാരലുകളിലേക്കാണ് എൻഡോസൾഫാൻ മാറ്റുന്നത്. ഇതിനായുള്ള കർമപദ്ധതി നേരത്തേ തയ്യാറാക്കിയിട്ടുണ്ട്.

നിർവീര്യമാക്കൽ നടപടികൾക്ക് കലക്ടറേറ്റിൽ ചേർന്ന എൻഡോസൾഫാൻ സെൽ യോഗം രൂപം നൽകി. പുതിയ ബാരലുകളിലേക്ക് നിലവിലെ ശേഖരം മാറ്റുന്ന പ്രക്രിയ സുതാര്യമായും സുരക്ഷിതമായും പൂർത്തിയാക്കാൻ ജനകീയ പങ്കാളിത്തം ഉറപ്പാക്കും.

പെരിയ, രാജപുരം, ചീമേനി എന്നിവിടങ്ങളിൽ ജനങ്ങളുടെ യോഗം വിളിച്ചുചേർത്ത് നടപടികൾ വിശദീകരിക്കും. പെരിയയിൽ 22നു രാവിലെ 10നും ചീമേനിയിൽ ഉച്ചയ്ക്ക് രണ്ടിനും കള്ളാർ പഞ്ചായത്തിൽ 2നു രാവിലെ 10നും യോഗം ചേരും.

എച്ച്.ഡി.പി.ഇ ബാരലുകളിലേക്ക് എൻഡോസൾഫാൻ പകരുന്ന പ്രക്രിയ ഷോർട്ട് സർക്യൂട്ട് ടെലിവിഷൻ വഴി തൽസമയം ജനങ്ങളുടെ മുന്നിൽ പ്രദർശിപ്പിക്കും.

എൻഡോസൾഫാൻ ശേഖരം പുതിയ ബാരലുകളിലേക്ക് മാറ്റിയശേഷം ഒരു കേന്ദ്രത്തിൽ ഇവ സുരക്ഷിതമായി തൽക്കാലത്തേക്ക് സൂക്ഷിക്കാനാണ് ആലോചിക്കുന്നത്. ഇതിനനുയോജ്യമായ സ്ഥലം പെരിയ ആണെന്നാണ് എൻഡോസൾഫാൻ സെല്ലിനുവേണ്ടി നടത്തിയ പഠനം ചൂണ്ടിക്കാട്ടുന്നത്.

മൂന്നാംഘട്ടമായി എൻഡോസൾഫാൻ പൂർണമായും നിർവീര്യമാക്കും. ഇതിന് മൂന്ന് മാർഗങ്ങളാണ് പഠനം നിർദേശിക്കുന്നത്. കത്തിച്ചുകളയുക, സുരക്ഷിതമായ ഭൂപ്രദേശങ്ങൾ നിർണയിച്ച് സംസ്കരിക്കുക, ഇപ്പോൾ എൻഡോസൾഫാൻ സൂക്ഷിച്ച കേന്ദ്രങ്ങളിൽ തന്നെ അന്തിമമായി നിർവീര്യമാക്കുക എന്നിവയാണവ.

ജില്ലയിൽ നിന്ന് എൻഡോസൾഫാൻ പൂർണമായും മാറ്റാനാണ് തീരുമാനമെങ്കിലും അന്തിമമായി നിർവീര്യമാക്കേണ്ടതെങ്ങനെയെന്ന കാര്യത്തിൽ ഇനിയും ആലോചനകൾ നടത്തേണ്ടതുണ്ട്.

എൻഡോസൾഫാൻ നിർവീര്യമാക്കുന്നതു സംബന്ധിച്ച നടപടികൾക്ക് മേൽനോട്ടം വഹിക്കുന്നതിന് സ്റ്റിയറിങ് കമ്മിറ്റിക്ക് രൂപം നൽകിയിട്ടുണ്ട്. കൃഷിമന്ത്രി കെ പി മോഹനൻ ചെയർമാനായ കമ്മിറ്റിയുടെ കൺവീനർ ജില്ലാ കലക്ടർ വി എൻ ജിതേന്ദ്രനാണ്. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, ജില്ലയിലെ എം.എൽ.എമാരും വൈസ്ചെയർമാൻമാരായിരിക്കും.

ശാസ്ത്രജ്ഞരടങ്ങിയ സ്റ്റാഫ് ഹോംസ് പ്രായോഗിക പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകും. സാങ്കേതിക സമിതിയുടെയും ജനകീയ സമിതിയുടെയും മേൽനോട്ടവും ഉറപ്പാക്കും.

അഞ്ചുലക്ഷം രൂപയാണ് നിർവീര്യമാക്കൽ പ്രക്രിയയ്ക്കു ചെലവ് പ്രതീക്ഷിക്കുന്നത്.

പ്ലെക്കുരാണിസംഘടനയുടെ വിവിധ ഏജൻസികൾ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിച്ചാണ് എൻഡോസൾഫാൻ നിർവീര്യമാക്കുന്നതിനുള്ള കർമപദ്ധതിക്ക് രൂപം നൽകിയത്.

എൻഡോസൾഫാൻ സെല്ലിനുവേണ്ടി അസിസ്റ്റന്റ് കമ്മീഷണർ ഓഫിസർ ഡോ. മുഹമ്മദ് അഷീലിന്റെ നേതൃത്വത്തിലാണ് കർമപദ്ധതി തയ്യാറാക്കിയിട്ടുള്ളത്.

കലക്ടറേറ്റിൽ ചേർന്ന എൻഡോസൾഫാൻ സെൽ യോഗത്തിൽ കലക്ടർ വി എൻ ജിതേന്ദ്രൻ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പി പി, ശ്യാമളാദേവി, ഡപ്യൂട്ടി കലക്ടർ പി കെ സുധീർ ബാബു സംബന്ധിച്ചു.

ഉത്തരദേശം

17 May 2012





എൻഡോസൾഫാൻ ആഭിമുഖ്യത്തിൽ പുതിയ ബസ്സ്റ്റാന്റിലെ ഒപ്പുമരച്ചോട്ടിൽ ഗാന്ധിയൻ പി.കെ. മാധവൻ നമ്പ്യാർ ഒപ്പ് ചാർത്തുന്നു. 2) കലക്ടറേറ്റ് പരിസരത്ത് എൻഡോസൾഫാൻ സത്യാഗ്രഹ സമിതിയുടെ ആഭിമുഖ്യത്തിൽ നടന്ന രാപകൽ സമരം കെ. അജിത കഞ്ഞിവെച്ചുതുടക്കുന്നു

എൻഡോസൾഫാൻ: അമ്മമാർ കഞ്ഞിവെച്ച് പ്രതിഷേധിച്ചു; സാംസ്കാരിക നായകർ ഒപ്പ് ചാർത്തി

കാസർകോട്: എൻഡോസൾഫാനെതിരെ വീണ്ടും പ്രതിഷേധം അലയടിക്കുന്നു. അമ്മമാർ കഞ്ഞിവെച്ച് പ്രതിഷേധിച്ചു. സാംസ്കാരിക നായകർ ഒപ്പുമരച്ചോട്ടിൽ ഒത്തുചേർന്ന് ഒപ്പ് ചാർത്തി.

കലക്ടറേറ്റ് പരിസരത്താണ് ഇന്ന് രാവിലെ എൻഡോസൾഫാൻ വിഷമഴ പെയ്ത ഭൂമിയിലെ അമ്മമാർ കഞ്ഞിവെച്ച് പ്രതിഷേധിച്ചത്. പ്രമുഖ മനുഷ്യാവകാശ പ്രവർത്തക കെ. അജിത കഞ്ഞിവെച്ച് ഉൽഘാടനം ചെയ്തു. സി.ആർ. നീലകണ്ഠൻ, എൻ.കെ. രാധാകൃഷ്ണൻ, അമ്പലത്തറ കുഞ്ഞികൃഷ്ണൻ, എം.എ. റഹ്മാൻ, ഡോ: കെ. സുരേന്ദ്രനാഥ്, നാരായണൻ പേരിയ, കെ.ബി. മുഹമ്മദ്കുഞ്ഞി, ഡോ: വൈ.എസ്. മോഹൻകുമാർ, അംബികാസുതൻ മാങ്ങാട്, എം. സുമതി, ശാന്തമ്മ ഫിലിപ്പ്, പ്രമീള സി. നായക് തുടങ്ങിയവർ സംബന്ധിച്ചു. ടി. ശോഭന സ്വാഗതം പറഞ്ഞു. പുതിയ ബസ്സ്റ്റാന്റ് പരിസരത്തെ ഒപ്പുമരച്ചോട്ടിൽ സാംസ്കാരിക നായകന്മാർ നടത്തിയ കൂട്ടായ്മ പ്രമുഖ ഗാന്ധിയൻ പി.കെ. മാധവൻ നമ്പ്യാർ ഒപ്പുചാർത്തി ഉൽഘാടനം ചെയ്തു. ചലച്ചിത്ര സംവിധായകൻ എം.ജി. ശശി, നിർമ്മാതാവും നടനുമായ പ്രകാശ് ബാരെ, ഡോ: പി.എ. രാധാകൃഷ്ണൻ എന്നിവർ ഉപവാസം തുടങ്ങി. എം.എ. റഹ്മാൻ സ്വാഗതം പറഞ്ഞു. കെ. അജിത, സി.ആർ. നീലകണ്ഠൻ, രാമചന്ദ്രൻ, ജയകുമാർ, കെ.ആർ. മനോജ്കുമാർ, മധുരാജ്, എം.ജി. ശശി, ജി.ബി. വത്സൻ, മോഹനൻ പിവി ക്കോട് തുടങ്ങിയവർ സംബന്ധിച്ചു.

മാതൃഭൂമി

17 June 2012

കൂട്ടുപവാസം ഇന്ന്

എൻഡോസൾഫാൻ ഇന്ന് പുതിയ ബാരലുകളിലേക്ക്

സുരക്ഷിതത്വം ഉറപ്പിക്കാൻ മൂന്ന് സോണുകൾ

എം.എൽ.എ. എൻഡോസൾഫാനിൽ ദുരിതം അറിഞ്ഞിട്ടില്ല

11 വർഷം, ബാരലുകളിൽ

ഇന്നത്തെ സീനിയ

നിർവീര്യമാക്കൽ രണ്ടുഘട്ടമായി

ഇനി എച്ച്.ഡി.പി.ഇ. ബാരലുകളിൽ

കാസർകോടിന്റെ വികസനം: സെമിനാർ ജൂലായ് 21ന്

മാതൃഭൂമി

18 June 2012

പെരിയയിലെ എൻഡോസൾഫാൻ പുതിയ ബാരലുകളിലേക്ക് മാറ്റി

പെരിയ: പെരിയ പ്ലാന്റേഷൻ ഗോഡൗണിൽ 11 വർഷമായി സൂക്ഷിച്ച എൻഡോസൾഫാൻ പുതിയ ബാരലുകളിലേക്ക് മാറ്റി. പ്രത്യേക ടാസ്ക് ഫോഴ്സിന്റെ നേതൃത്വത്തിൽ അഞ്ച് മണിക്കൂർ സമയമെടുത്താണ് ദ്രാവകം എച്ച്.ഡി.പി.ഇ. (ഹൈ ഡെൻസിറ്റി പോളി എത്തിലിൻ) ബാരലുകളിലേക്ക് മാറ്റിയത്. 'ഓപ്പറേഷൻ ബ്ലോസം സ്പ്രിങ്' (ഒരു വസന്തത്തിന്റെ തുടക്കം) എന്നാണ് മാറ്റൽ പ്രവൃത്തിക്ക് പേരിട്ടത്. ആറ് ഡ്രമ്മുകളിൽ 914.55 ലിറ്റർ എൻഡോസൾഫാനാണ് ഉണ്ടായിരുന്നത്.



പെരിയ പ്ലാന്റേഷൻ കോർപറേഷൻ ഗോഡൗണിൽ ബാരലിൽ സൂക്ഷിച്ച എൻഡോസൾഫാൻ കീടനാശിനി എച്ച്.ഐ.എൽ. അധികൃതർ ഹൈ ഡെൻസിറ്റി പോളി എത്തിലിൻ ബാരലിലേക്ക് മാറ്റുന്നു

എച്ച്.ഐ.എൽ. മാനേജർ വേണുഗോപാൽ, റിസർച്ച് വിങ് തലവൻ സന്തോഷ്കുമാർ എന്നിവരും ഏഴ് കെമിസ്റ്റുമാരും ഡോ. മുഹമ്മദ് അഷിൽ, സി.ജയകുമാർ എന്നിവരുമാണ് നേതൃത്വം നൽകിയത്. ഗോഡൗണിനുള്ളിലെ റെഡ്സോണിൽ ടാസ്ക് ഫോഴ്സ് അംഗങ്ങൾക്കുമാത്രമാണ് പ്രവേശിച്ചത്. ഇവർ പ്രത്യേകതരം മാസ്കും യൂണിഫോമും കൈയുറയും ധരിച്ചിരുന്നു. എച്ച്.ഐ.എൽ. അധികൃതർ പ്രവൃത്തി നിയന്ത്രിച്ചു.

ആലപ്പുഴ മെഡിക്കൽ കോളേജ് പൊതുജനാരോഗ്യ വിഭാഗം മേധാവി ഡോ. സൈനു ഫിലിപ്പിന്റെ നേതൃത്വത്തിൽ ഡോ. ടോം, ഡോ. അർച്ചന എന്നിവർ പൊതുജനാരോഗ്യസുരക്ഷ നൽകി. സംസ്ഥാന മലിനീകരണ നിയന്ത്രണവകുപ്പിലെ അസി. എൻവയോൺമെന്റൽ എൻജിനീയർ അബ്ദുൾ റഹ്മാൻ പരിസ്ഥിതി സുരക്ഷയ്ക്ക് മേൽനോട്ടം വഹിച്ചു. സ്റ്റോക്ഹോം കൺവെൻഷൻ നിരീക്ഷകനായ സി.ജയകുമാറിന്റെ നേതൃത്വത്തിലുള്ള ടീം മാനദണ്ഡപരിശോധന നടത്തി.

എച്ച്.ഡി.പി.ഇ. ബാരലുകളിലേക്ക് മാറ്റിയ എൻഡോസൾഫാൻ പെരിയയിലെ സുരക്ഷിതമായ മുറിയിൽ പൂട്ടി സീൽ ചെയ്തു. ഡെപ്യൂട്ടി കളക്ടർ, മലിനീകരണ നിയന്ത്രണ വകുപ്പ് ഉദ്യോഗസ്ഥൻ എന്നിവരുടെ സാന്നിധ്യത്തിലാണ് സീൽ ചെയ്തത്.

പെരിയയിൽ സൂക്ഷിച്ച ആറ് ഡ്രമ്മുകളിലെ എൻഡോസൾഫാന്റെ രണ്ടുവീതം സാമ്പിൾ ടാസ്ക്ഫോഴ്സ് ശേഖരിച്ചു.

വർഷങ്ങളോ പഴക്കമുള്ളതിനാൽ ഈ ദ്രാവകത്തിന് ഘടനാമാറ്റം വന്നിട്ടുണ്ടോ എന്നും പ്ലാന്റേഷൻ മറ്റെന്തെങ്കിലും കീടനാശിനി ഒഴിച്ചിട്ടുണ്ടോ എന്നും വിലയിരുത്തും. ഇതിനുശേഷം മൂന്നുമാസത്തിനുള്ളിൽ നിർവീര്യമാക്കും. അഞ്ചുവർഷം വരെയാണ് എച്ച്.ഡി.പി.ഇ. ബാരലുകളിൽ എൻഡോസൾഫാൻ സൂക്ഷിക്കാൻ പറ്റുക. മാറ്റൽപ്രവൃത്തി 18-ന് പനത്തടിയിലും 19-ന് പീലിയിലും നടക്കും.

മലയാള മനോരമ

20 June 2012

എൻഡോസൾഫാൻ: ബാരലിലേക്കു മാറ്റൽ പൂർത്തിയായി

•കീടനാശിനി സാംപിളുകൾ പരിശോധനയ്ക്ക് അയയ്ക്കും

ചെറുവത്തൂർ • ജില്ലയിലെ പ്ലാന്റേഷൻ കോർപറേഷൻ എസ്റ്റേറ്റ് ഗോഡൗണുകളിൽ സൂക്ഷിച്ചിരുന്ന എൻഡോസൾഫാൻ പൂർണമായും പുതിയ ബാരലുകളിലേക്ക് മാറ്റി. ഇന്നലെ ചീമേനി പ്ലാന്റേഷൻ കോർപറേഷൻ ഡിവിഷൻ ഓഫിസിനോടനുബന്ധിച്ചുള്ള സ്റ്റോർ റൂമിൽ സൂക്ഷിച്ചിരുന്ന എൻഡോസൾഫാൻ സുരക്ഷിതമായ ബാരലുകളിലേക്ക് മാറ്റിയതോടെയാണ് നടപടികൾ പൂർത്തിയായത്. ചീമേനിയിൽ സൂക്ഷിച്ചിരുന്ന 73.75 ലീറ്റർ കീടനാശിനിയിൽ പത്ത് ശതമാനം മാത്രമാണ് ബാരലിലേക്കു മാറ്റാൻ ബാക്കിയുണ്ടായിരുന്നത്. പാണത്തൂർ (645 ലീറ്റർ), പെരിയ (915ലീറ്റർ) എസ്റ്റേറ്റുകളിലെ എൻഡോസൾഫാൻ കഴിഞ്ഞ ദിവസങ്ങളിൽ പുതിയ ബാരലുകളിലേക്ക് മാറ്റിയിരുന്നു.

ചീമേനിയിലെ പഴകിയ ബാരൽ ജെസിബി ഉപയോഗിച്ച് ഉടച്ചു പ്രത്യേക ബാരലിലാക്കി. ഇതോടൊപ്പം എൻഡോസൾഫാൻ ചോർന്നൊലിച്ചുണ്ടായിരുന്ന സംശയിക്കുന്ന ഗോഡൗണിലെ മണ്ണും മാറ്റി ഒരു ബാരലിലാക്കി സീൽ ചെയ്തു. ഇവയെല്ലാം ഇവിടെയുള്ള സ്റ്റോർ റൂമിൽ തന്നെ സീൽ ചെയ്ത് സൂക്ഷിച്ചിരിക്കുകയാണ്.

ഇവിടെ നിന്ന് ശേഖരിച്ച കീടനാശിനി സാംപിളുകൾ പരിസ്ഥിതി മലിനീകരണ നിയന്ത്രണ ബോർഡും ഫിനസ്സാൻ ഇൻസെക്ടിസൈഡ്സ് ലിമിറ്റഡും പരിശോധിക്കും. ഗോഡൗണിൽ നിന്നു ശേഖരിച്ച മണ്ണും മറ്റും പ്രത്യേക പരിശോധനയ്ക്ക് വിധേയമാക്കും. പുറത്ത് പൊതുജനങ്ങൾക്ക് എൽസിഡി സ്ക്രീൻ വഴി ഇതെല്ലാം കാണാൻ പ്രത്യേക സൗകര്യം ഏർപ്പെടുത്തിയിരുന്നു. രാവിലെ 10ന് തുടങ്ങിയ നടപടികൾ ഉച്ചയ്ക്ക് ഒന്നിനാണ് അവസാനിച്ചത്.

കലക്ടർ വി.എൻ. ജിതേന്ദ്രൻ, ടാസ്ക് ഫോഴ്സ് ചെയർമാൻ (ഡപ്യൂട്ടി കലക്ടർ) സുധീർ ബാബു, കൺവീനർ ഡോ. മുഹമ്മദ് അഷീൽ, തണലിന്റെ ഡയറക്ടർ സി.ജയകുമാർ, ആലപ്പുഴ മെഡിക്കൽ കോളജ് പൊതുജനാരോഗ്യ വിഭാഗം മേധാവി ഡോ.സൈനു ഫിലിപ്പ് എന്നിവർ നേതൃത്വം നൽകി. മലിനീകരണനിയന്ത്രണ ബോർഡ് അസി. എൻജിനീയർ കെ.ഹമീദ് സ്ഥലത്തെത്തിയിരുന്നു.

മാധ്യമം

30 June 2012

എൻഡോസൾഫാൻ: മരിച്ചവരുടെ ബന്ധുക്കൾക്ക് അഞ്ചുലക്ഷം അനുവദിച്ചു

തിരുവനന്തപുരം: കാസർകോട് ജില്ലയിൽ എൻഡോസൾഫാൻ കാരണം മരിച്ചവരുടെ ബന്ധുക്കൾക്ക് അഞ്ചുലക്ഷം രൂപ അനുവദിച്ച് സർക്കാർ ഉത്തരവായി.

ദേശീയ മനുഷ്യാവകാശ കമ്മീഷൻ ശുപാർശചെയ്ത പ്രകാരമാണ് അഞ്ചുലക്ഷം അനുവദിച്ചത്. ദേശീയ മനുഷ്യാവകാശ കമ്മീഷന്റെ ശുപാർശകൾ അംഗീകരിച്ചതായി കഴിഞ്ഞദിവസം മന്ത്രി കെ.പി. മോഹനൻ നിയമസഭയിൽ അറിയിച്ചിരുന്നു.

മലയാള മനോരമ

06 July 2012

കീടനാശിനി പരിശോധന ലാബുകൾ വരുന്നു



07 July 2012

കാത്തിരിക്കുന്നു കാസർകോട്

പ്രഭാകരൻ കമ്മിഷനു മുന്നിൽ പ്രതീക്ഷയോടെ നാട്

മലയാള മനോരമ

12 July 2012

എൻഡോസൾഫാൻ ദുരിതബാധിതരുടെ പെൻഷൻ ഇനി എടിഎം സെന്റർ വഴി

ദുരിതബാധിതരുടെ പട്ടികയിൽ ഉൾപ്പെട്ട 4070 പേർക്കും ബാങ്ക് അക്കൗണ്ടുകൾ തുറക്കാൻ നിർദേശം

ബി. അനീഷ് കുമാർ

കാസർകോട് ● എൻഡോസൾഫാൻ ദുരിതബാധിതർക്ക് സംസ്ഥാന സർക്കാർ നൽകിവരുന്ന പെൻഷൻ തുക ഇനി എടിഎം സെന്ററുകൾ വഴി. ഇതിന്റെ ഭാഗമായി സംസ്ഥാന സർക്കാരിന്റെ എൻഡോസൾഫാൻ ദുരിതബാധിതരുടെ പട്ടികയിൽ ഉൾപ്പെട്ട 4070 പേർക്കും ബാങ്ക് അക്കൗണ്ടുകൾ തുറക്കാൻ നിർദേശം നൽകി. തിരുവനന്തപുരത്തെ യൂണിയൻ ബാങ്ക് ശാഖയിലാണ് എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള അക്കൗണ്ടുകൾ തുറക്കുക.

സംസ്ഥാന സാമൂഹിക സുരക്ഷാ മിഷനാണ് എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള പെൻഷൻ വിതരണത്തിന്റെ ചുമതല. പെൻഷൻ തുക ദുരിതബാധിതരുടെ പേരിൽ മണിഓർഡർ ആയി അയയ്ക്കുകയാണ് നിലവിലുള്ള രീതി. ദുരിതബാധിതരുടെ എണ്ണം വർധിച്ചതിനാൽ എല്ലാവർക്കും മണിഓർഡർ വഴി തുക നൽകുന്നതിന് സാങ്കേതിക ബുദ്ധിമുട്ടുകളും ഉണ്ടാകുന്നുണ്ടെന്ന് കണ്ടെത്തിയതിനെ തുടർന്നാണ് വിതരണം എടിഎം സെന്ററുകൾ വഴി ആക്കുന്നത്. പെൻഷന് അർഹരായവർ ചികിൽസയ്ക്കും മറ്റുമായി മറ്റിടങ്ങളിലേക്ക് പോകുമ്പോൾ തുക യഥാസമയം നൽകാൻ കഴിയുന്നില്ലെന്ന് മിഷൻ അധികൃതർ സർക്കാരിനെ അറിയിച്ചിരുന്നു.

ഇതിനു പുറമെ ദുരിതബാധിതർക്ക് ദേശീയ മനുഷ്യാവകാശ കമ്മിഷൻ പ്രഖ്യാപിച്ച തുക ലഭ്യമാക്കുന്നതിന് ഉൾപ്പെടെ പുതുതായി നൽകുന്ന ധനസഹായങ്ങളെല്ലാം ബാങ്ക് വഴി നടത്താമെന്ന സൗകര്യവും ഇതിനുണ്ട്.

എൻഡോസൾഫാൻ ദുരിതബാധിതരുടെ പട്ടികയിലെ 2200 പേർക്ക് 2000 രൂപയും 1870 പേർക്ക് 1000 രൂപയും വീതമാണ് പെൻഷൻ നൽകുന്നത്. അക്കൗണ്ടുകൾ തുടങ്ങുന്നതിനുള്ള നടപടികൾ സാമൂഹിക സുരക്ഷാ മിഷൻ അധികൃതർ പൂർത്തിയാക്കിയ ശേഷം അക്കൗണ്ട് നമ്പറും എടിഎം കാർഡുകളും എൻഡോസൾഫാൻ ദുരിതബാധിതർക്കു നൽകും. ഈ മാസം അവസാനത്തോടെ എടിഎം കാർഡുകൾ വിതരണം ചെയ്യാനാണ് തീരുമാനം.

12 July 2012

എൻഡോസൾഫാനു വേണ്ടി വീണ്ടും കേന്ദ്ര സർക്കാർ

ന്യൂഡൽഹി ● എൻഡോസൾഫാൻ കേരളവും കർണാടകയും ഒഴികെയുള്ള സംസ്ഥാനങ്ങളിൽ ഉപയോഗിക്കാൻ അനുവദിക്കണമെന്നു സുപ്രീം കോടതിക്കു നൽകിയ റിപ്പോർട്ടിൽ കേന്ദ്ര സർക്കാർ ആവശ്യപ്പെട്ടു. എൻഡോസൾഫാൻ ആരോഗ്യത്തിനു ഹാനികരമാണെന്നതിൽ സംശയമില്ലെന്നു കോടതി നേരത്തേ വ്യക്തമാക്കിയ സ്ഥിതിയിലും കേന്ദ്രസർക്കാർ കീടനാശിനി ഉൽപാദകരുടെ വാദം ആവർത്തിച്ചതു ശ്രദ്ധേയമായി.

അഞ്ചു വർഷംകൊണ്ടു കീടനാശിനി ഉപേക്ഷിക്കുന്നതുവരെ ഉൽപാദനവും അസംസ്കൃത വസ്തുക്കളുടെ കയറ്റുമതിയും അനുവദിക്കണമെന്നും കേന്ദ്രം ശുപാർശ ചെയ്തിട്ടുണ്ട്. രാജ്യത്തുള്ള എൻഡോസൾഫാൻ കീടനാശിനിയുടെയും ഉൽപാദനത്തിനുള്ള അസംസ്കൃത വസ്തുക്കളുടെയും തോതും അവ നശിപ്പിക്കാനുള്ള മാർഗവും വ്യക്തമാക്കാനാണു കേന്ദ്രത്തോടു കോടതി നിർദേശിച്ചത്.

മാതൃഭൂമി

22 July 2012

എൻഡോസൾഫാൻ:കൂടുതൽ സഹായം നൽകാൻ പ്രതിജ്ഞാബദ്ധം -മുഖ്യമന്ത്രി



എൻഡോസൾഫാൻ ദേശീയ ശിൽപശാല വിധാനസൗധ ചീഫ് സെക്രട്ടറി കൊച്ചുമോനിയത്തിൽ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി ഉദ്ഘാടനംചെയ്യുന്നു



സ്നേഹസാന്ത്വനം ഇ-പേമെന്റിനെയും ആശുപത്രികളെ, സഹായധന വിതരണത്തിനെയും ഇ-ഗവേണൻസ് പദ്ധതിയെയുമെല്ലാം ഉൾക്കൊണ്ടു നായനാർക്കുള്ള തൽമിഴുത്ത ഇനിയും ഗവർ സെക്കൻഡറി സ്കൂളിൽ മുഖ്യമന്ത്രി ഉമ്മൻചാണ്ടി നിർവഹിക്കുന്നു

'സ്നേഹസാന്ത്വന'ത്തിലെ അപാകം പരിഹരിക്കും

ഗസറ്റഡ് ജീവനക്കാർ ധർണ നടത്തും

എൻഡോസൾഫാൻ: ഒരു മരണംകൂടി



പാറു

മാതൃഭൂമി

22 July 2012

എൻഡോസൾഫാൻ: ഇരകൾ കാത്തിരുന്നു; മുഖ്യമന്ത്രി പറന്ന് പോയി

22/7/12

കാസർകോട്: എൻഡോസൾഫാൻ ഇരകളുടെ പുനരധിവാസത്തെക്കുറിച്ചുള്ള ദേശീയ സെമിനാർ ഉദ്ഘാടനം ചെയ്യാനെത്തിയ മുഖ്യമന്ത്രി, ഇതേ വിഷയത്തിൽ നൂറുദിവസത്തോളമായി സമരം നടക്കുന്ന പന്തൽ സന്ദർശിക്കാതിരുന്നത് പ്രതിഷേധമുയർത്തി.

ബിസി.റോഡ് ജങ്ഷനിൽ എൻഡോസൾഫാൻ പീഡിത ജനകിയ മുന്നണിയുടെ നേതൃത്വത്തിൽ അമ്മമാരും കുഞ്ഞുങ്ങളുമടക്കം നൂറിലേറെപ്പേർ ശനിയാഴ്ച മുഖ്യമന്ത്രിയെ പ്രതീക്ഷിച്ചിരുന്നെങ്കിലും ഒന്നാം നമ്പർ സ്റ്റേറ്റ് കാർ പന്തലിന് മുന്നിലെ റോഡിലൂടെ നിർത്താതെ ഓടിച്ച് പോയി. ഇതിൽ പ്രതിഷേധിച്ച് മുന്നണിയുടെ നേതൃത്വത്തിൽ ഇരകളം കളക്ടറേറ്റ് മാർച്ചും നടത്തി. മുഖ്യമന്ത്രിയുടെ നടപടി ശരിയായില്ലെന്ന് സമര കൺവീനർ അമ്പലത്തറ കുഞ്ഞിക്കൃഷ്ണൻ പറഞ്ഞു.



കാസർകോട് കളക്ടറേറ്റിന് സമീപം നിലെ സത്യാഗ്രഹം നടത്തുന്ന എൻഡോസൾഫാൻ ദുരിതബാധിതരുടെ അമ്മമാരുടെ മുന്നിലൂടെ മുഖ്യമന്ത്രിയുടെ കാർ പോകുന്നു

ദേശീയ ശില്പശാലയിൽ മുഖ്യ പ്രഭാഷണം ചെയ്യാനെത്തിയ സുനിത നരയൻ സമരപ്പന്തൽ സന്ദർശിച്ച് ഐക്യദാർഢ്യം പ്രഖ്യാപിച്ചു. ലോകത്തിലെ മുഴുവൻ അമ്മമാരും സമരക്കാർക്ക് പിന്തുണയുമായുണ്ടെന്നും അവർ അറിയിച്ചു.

പി.കരുണാകരൻ എം.പി., എം.എൽ.എ.മാരായ കെ.കുഞ്ഞിരാമൻ (ഉദുമ), ഇ.ചന്ദ്രശേഖരൻ, തണൽ ഡയറക്ടർ സി.ജയകുമാർ, ഡോ. അംബികാസുതൻ മാങ്ങാട്, ഡോ. വി.എസ്. വിജയൻ തുടങ്ങിയവരും സമരപ്പന്തലിൽ എത്തി.

ദേശീയ മനുഷ്യാവകാശ കമ്മീഷൻ ശുപാർശകനുസരിച്ചുള്ള അടിയന്തര നടപടി സ്വീകരിക്കുക, ഇരകളുടെ കുടുംബത്തിന്റെ കടം എഴുതിത്തള്ളുക, ചികിത്സാ സംവിധാനം മെച്ചപ്പെടുത്തുക തുടങ്ങിയ ആവശ്യങ്ങളുന്നയിച്ചാണ് സമരം. സത്യാഗ്രഹം 93 ദിവസവും അമ്മമാരുടെ ഉപവാസം 26 ദിവസവും പിന്നിട്ടിരിക്കുകയാണ്.

എൻഡോസൾഫാൻ ദേശീയ ശില്പശാല: ഗ്രൂപ്പ് ചർച്ചകൾ ആരംഭിച്ചു

24/7/12

കാസർകോട്: എൻഡോസൾഫാൻ ദുരിതബാധിതരുടെ സമഗ്ര പുനരധിവാസവുമായി ബന്ധപ്പെട്ട് നടക്കുന്ന ശില്പശാലയിൽ അഞ്ച് വിഷയ ഗ്രൂപ്പുകളിലായുള്ള ചർച്ചകൾ ആരംഭിച്ചു. ആരോഗ്യ സെഷനിൽ ഡോ. രാജ്മോഹനൻ അധ്യക്ഷത വഹിച്ചു. ഡോ. മുഹമ്മദ് അഷീൽ, ഡോ. ജയകൃഷ്ണൻ, ഡോ. രാഘവൻ, ഡോ. സായിറു ഫിലിപ്പ്, ഡോ. ശ്രീപതി, ഡോ. വൈ.എസ്.മോഹൻകുമാർ, ഡോ. ഖദീജ മുംതാസ് എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു.

വിദ്യാഭ്യാസ സെഷനിൽ ഡോ. എം.എ.ഖാദർ അധ്യക്ഷത വഹിച്ചു. സി.എം.ബാലകൃഷ്ണൻ, ഒ.എം. ശങ്കരൻ, രാജൻ, ഡോ. എസ്.ശ്രീലാൽ എന്നിവർ വിഷയാവതരണം നടത്തി.

വിഷയ ഗ്രൂപ്പിൽ ഡോ. വി.എസ്.വിജയൻ അധ്യക്ഷത വഹിച്ചു. സി.ജയകുമാർ, കെ.ബാലകൃഷ്ണൻ, ശ്രീപഡ്രെ, ഡോ. ടി.വി.സജീവ്, ഡോ. ഇ.ഉണ്ണികൃഷ്ണൻ, എ. മോഹൻകുമാർ, പ്രൊഫ. വി. ഗോപിനാഥ്, ഡോ. ഡി.തമ്പാൻ, ഡോ. അമൃത് എന്നിവർ വിഷയം അവതരിപ്പിച്ചു.

സാമൂഹിക സുരക്ഷിതത്വ ഗ്രൂപ്പിൽ എം.വി.ബാലകൃഷ്ണൻ അധ്യക്ഷത വഹിച്ചു. ഡെപ്യൂട്ടി കളക്ടർ പി.കെ.സുധീർബാബു, എസ്. നസീം, പ്രൊഫ. ചന്ദ്രശേഖരൻ, മേജർ ദിനേശ് ഭാസ്കർ, ആർ.ശ്രീധർ എന്നിവരാണ് വിഷയം അവതരിപ്പിച്ചത്. ജെൻഡർ ഗ്രൂപ്പിൽ ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് കെ.എസ്.കുര്യാക്കോസ് അധ്യക്ഷത വഹിച്ചു. സബ് കളക്ടർ ബാലകിരൺ, ഡോ. ജയശ്രീ, അംബികാസുതൻ മാങ്ങാട്, ബേബി ബാലകൃഷ്ണൻ എന്നിവർ വിഷയം അവതരിപ്പിച്ചു.

വിവിധ വിഷയഗ്രൂപ്പുകളിൽ ഡോ. വി.പി.പി.മുസ്തഫ, ഡോ. പി.രാജൻ, പി.വി.പുരുഷോത്തമൻ, എം.മാധവൻ നമ്പ്യാർ, ഉഷ തണൽ, കെ.ബി.മുഹമ്മദ്കുഞ്ഞി, പവ്വൻ കുട്ടമത്ത്, നാരായണൻ പെരിയ, കെ.വി.രാജീവ്കുമാർ എന്നിവർ കോ ഓർഡിനേറ്റർമാരായി പ്രവർത്തിക്കുന്നു.

രണ്ടാം ദിവസമായ ഞായറാഴ്ച ഗ്രൂപ്പ്ചർച്ചകളുടെ ക്രോഡീകരണത്തിനുശേഷം രൂപപ്പെടുത്തുന്ന നിർദേശങ്ങളടങ്ങുന്ന 'കാസർകോട് പ്രഖ്യാപനം' സമാപന സെഷനിൽ പി.കരുണാകരൻ എം.പി. നിർവഹിക്കും. സമാപന സമ്മേളനം സാമൂഹിക ക്ഷേമ മന്ത്രി ഡോ. എം.കെ.മുനീർ ഉദ്ഘാടനംചെയ്യും. എൻ.എ. നെല്ലിക്കുന്ന് എം.എൽ.എ. അധ്യക്ഷത വഹിക്കും. ചീഫ് സെക്രട്ടറി കെ.ജയകുമാർ മുഖ്യാതിഥിയായിരിക്കും.

29 July 2012

കീടനാശിനികൾക്കെതിരെ നാലുദിവസത്തെ മൗന ഉപവാസം

തിരുവനന്തപുരം: ഹിരോഷിമാ -നാഗസാക്കി ദിനാചരണത്തിന്റെ ഭാഗമായി വിവിധ പരിസ്ഥിതി സംഘടനകളുടെ നേതൃത്വത്തിൽ നാലുദിവസം നിങ്ങുനിൽക്കുന്ന മൗന ഉപവാസസമരം സംഘടിപ്പിക്കും.

കീടനാശിനികാംക്കും രാസമരുന്നുകാംക്കുമെതിരെയുള്ള പ്രചാരണമാണ് ലക്ഷ്യം. മലപ്പുറം വളയംകുളത്ത് ആഗസ്ത് ആറുമുതൽ ഒൻപതുവരെയാണ് മൗനോപവാസം നടത്തുകയെന്ന് ഭാരവാഹികളായ അഡ്വ. വി. ശാന്താറാം, സുരേഷ് ആലംകോട്, സുബൈർ വള്ളക്കടവ്, മുള്ളൂർ ശ്രീകുമാർ തുടർന്ന് പത്രസമ്മേളനത്തിൽ അറിയിച്ചു.

ഉപവാസ സംഗമം സ്വാമി അഗ്നിവേശ് ഉദ്ഘാടനം ചെയ്യും. നാലുദിവസത്തെ ഉപവാസ സത്യാഗ്രഹം സൈമൺ ബ്രിട്ടോ നയിക്കും. പ്രതിപക്ഷ നേതാവ് വി. എസ്. അച്യുതാനന്ദൻ, മന്ത്രി പി.കെ. ജയലക്ഷ്മി, സാറാജോസഫ്, ബിനോയ്വിശ്വം തുടങ്ങിയവരും കേരളത്തിനകത്തും പുറത്തുമുള്ള പരിസ്ഥിതി, ആരോഗ്യ പ്രവർത്തകരും പങ്കെടുക്കുമെന്ന് വാസിഗോത്രമഹാസഭയും വിവിധ ആദിവാസി-ദളിത് സംഘടനകളും പ്രക്ഷോഭങ്ങാം ആരംഭിക്കും. ഇതിന്റെ ഭാഗമായി സപ്തംബറിൽ കോഴിക്കോട്ടു തിരുവനന്തപുരത്തും സത്യാഗ്രഹ സമരങ്ങാം നടത്തുമെന്നും അവർ അറിയിച്ചു.

22
JULY
2012

Concord-12

Consultative Workshop on Comprehensive Rehabilitation of Endosulfan Victims and Rejuvenation of Eco-System in Kasaragod District





ജില്ലാപഞ്ചായത്തും എൻ.പി.ആർ.പി.ഡിയും വികലാംഗ ക്ഷേമ കോർപ്പറേഷന്റെ സഹകരണത്തോടെ സംഘടിപ്പിച്ച എൻഡോസൾഫാൻ ദേശീയ ശില്പശാല 'കോൺകോഡ്-12' മുഖ്യമന്ത്രി ഉമ്മൻചാണ്ടി ഉദ്ഘാടനം ചെയ്യുന്നു. കെ. കുഞ്ഞിരാമൻ എം.എൽ.എ (ഉദുമ), കെ. കുഞ്ഞിരാമൻ എം.എൽ.എ (തൃക്കരിപ്പൂർ), ജില്ലാപഞ്ചായത്ത് പ്രസിഡന്റ് അഡ്വ. പി.പി. ശ്യാമളാദേവി, സിബി അഹമ്മദ്, പി. കരുണാകരൻ എം.പി, സുനിത നരെയ്ൻ, മന്ത്രി കെ.പി. മോഹനൻ, പി.ബി. അബ്ദുൾ റസാഖ് എം.എൽ.എ, ഇ. ചന്ദ്രശേഖരൻ എം.എൽ.എ, എൻ.എ. നെല്ലിക്കുന്ന് എം.എൽ.എ തുടങ്ങിയവർ സമീപം.

എൻഡോസൾഫാൻ ദുരന്തനിവാരണത്തിന് കേന്ദ്ര സഹായം വേണം : മുഖ്യമന്ത്രി

എൻഡോസൾഫാൻ ദുരന്തനിവാരണത്തിന് കേന്ദ്രസർക്കാരിന്റെ സഹായം കൂടി ലഭ്യമാക്കാൻ ശ്രമിച്ചു വരികയാണെന്ന് മുഖ്യമന്ത്രി ഉമ്മൻചാണ്ടി പറഞ്ഞു. കേന്ദ്ര സഹായ പദ്ധതികളൊന്നും ഇതുവരെ ഇക്കാര്യത്തിൽ അനുവദിക്കപ്പെട്ടിട്ടില്ല. ദുരിത നിവാരണത്തിനായി വേണ്ടിവരുന്ന സാമ്പത്തിക ബാധ്യത സംസ്ഥാന സർക്കാരിന്റെ പരിധിക്കുപുറത്താണ്. അതുകൊണ്ട് കേന്ദ്രസഹായം ലഭ്യമാക്കാൻ പരിശ്രമം തുടരും. എൻഡോസൾഫാൻ പ്രശ്നം കൂടുതൽ സജീവമായി പഠിക്കുന്നതിനുവേണ്ടി ലക്നൗയിലും തിരുവനന്തപുരത്തും ശാസ്ത്രജ്ഞർ സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നതായും മുഖ്യമന്ത്രി പറഞ്ഞു. ദേശീയ ശില്പശാല കോൺകോഡ് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. സാമ്പത്തിക ബാധ്യത ഇപ്പോൾ ഏറ്റെടുത്തിട്ടുള്ള പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോകുന്നതിന് അസൗകര്യമുണ്ടാക്കില്ലെന്നും മുഖ്യമന്ത്രി പറഞ്ഞു.

ദുരിതബാധിതരുടെ ചികിത്സാസൗകര്യം കൂടി പരിഗണിച്ചാണ് ജില്ലയിൽ മെഡിക്കൽ കോളേജ് സ്ഥാപിക്കുന്നത്. സംസ്ഥാനത്തിന് പുറത്തും ചികിത്സാ സൗകര്യം ലഭ്യമാക്കണമെന്ന ആവശ്യത്തെ തുടർന്ന് മംഗലാപുരത്ത് ഒരു മെഡിക്കൽ കോളേജ് ഈ ആവശ്യത്തിന് സജ്ജമാക്കി. മനുഷ്യാവകാശ കമ്മീഷൻ ബ്രാഞ്ചുകൾ അപ്പാടെ സംസ്ഥാന സർക്കാർ അംഗീകരിച്ചിരിക്കുകയാണ്. ദുരിതബാധിതർക്കുനേരെ പരിഗണനാ മനോഭാവം ഉണ്ടാകുന്നതിനുള്ള മാർഗം സുഗമമാക്കും. പുനരധിവാസത്തെക്കുറിച്ച് പരാതികൾ ഉണ്ടെങ്കിൽ പരിഹരിക്കുമെന്നും ഉമ്മൻ ചാണ്ടി പറഞ്ഞു.

എൻഡോസൾഫാൻ ദുരിതബാധിതരുടെ പ്രശ്നം പരിഹരിക്കുക എന്നത് സമൂഹത്തിന്റെ ബാധ്യതയാണ്. ഇവർക്ക് സഹായമെത്തിക്കാൻ ജനപങ്കാളിത്തവും ജന പ്രതിനിധികൾ, ഉദ്യോഗസ്ഥർ തുടങ്ങി വിവിധ വിഭാഗങ്ങളുടെ കൂട്ടായ്മയും ഉണ്ടാകണമെന്ന് മുഖ്യമന്ത്രി പറഞ്ഞു.

എൻഡോസൾഫാൻ പുനരധിവാസം

ദിശാബോധം പകർന്ന ദേശീയ ശില്പശാല

എൻഡോസൾഫാൻ ദുരിതബാധിതരുടെ സമഗ്ര പുനരധിവാസവും ചികിത്സയും ജൈവ പുനരുജ്ജീവനവും ലക്ഷ്യമാക്കി കർമ്മപരിപാടി ആവിഷ്കരിക്കുന്നതിനായി സംഘടിപ്പിക്കുന്ന ദേശീയ ശില്പശാല കോൺകോഡ്-12 ആഴത്തിലുള്ള ചർച്ചകൾക്കും വിശകലനങ്ങൾക്കും വേദിയായി. ജില്ലാ പഞ്ചായത്തും എൻ.പി.ആർ.പി.ഡിയും ചേർന്ന് വികലാംഗ ക്ഷേമകോർപ്പറേഷന്റെ സഹകരണത്തോടെ നടത്തുന്ന ശില്പശാല മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി ഉദ്ഘാടനം ചെയ്തു. കാസർകോട് ഹിന്ദു തേജസ്സ് ഓഡിറ്റോറിയത്തിലാണ് ശില്പശാല നടക്കുന്നത്. പി.കരുണാകരൻ എം പി അധ്യക്ഷനായി. കൃഷി മന്ത്രി കെ.പി. മോഹനൻ, എംഎൽഎ.മാരായ എൻ.എ.നെല്ലിക്കുന്ന്, കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ), കെ.കുഞ്ഞിരാമൻ (ഉദുമ), ഇ.ചന്ദ്രശേഖരൻ, പി.ബി.അബ്ദുൾ റസാഖ്, മുൻ മന്ത്രി മാരായ സി.ടി. അഹമ്മദലി, ചെർക്കളം അബ്ദുള്ള, നഗരസഭാ ചെയർമാൻ കെ.ഇ.അബ്ദുള്ള, ജില്ലാ കളക്ടർ വി.എൻ.ജിതേന്ദ്രൻ വിവിധ രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ എന്നിവർ പങ്കെടുത്തു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പി.പി.ശ്യാമളാദേവി സ്വാഗതവും സങ്കൽപ്പ് പി.ബാലകിരൺ നന്ദിയും പറഞ്ഞു. ഡൽഹിയിലെ സെന്റർ ഫോർ സയൻസ് ആന്റ് എൻവയൺമെന്റ് ഡയറക്ടർ സുനിതാ നരെയ്ൻ മുഖ്യ പ്രഭാഷണം നടത്തി. അഖില വിഷയങ്ങളെ ആസ്പദമാക്കി സമാന്തര സെഷനുകളിലായി നടക്കുന്ന ചർച്ചയിലൂടെ യാണ് ദേശീയ ശില്പശാലയുടെ പൊതു ദിശയുടെ ഉരുത്തിരിയുന്നത്. ആരോഗ്യം, ഇതരജീവികൾ, കൃഷി, പാരിസ്ഥിതിക പുനഃസ്ഥാപനവും, എൻഡോസൾഫാൻ സെല്ലിന്റെ പ്രവർത്തനങ്ങൾ, സാമൂഹ്യ-ലിംഗ പ്രശ്നങ്ങൾ എന്നീ വിഷയങ്ങളെക്കുറിച്ചാണ് സമാന്തര സെഷനുകൾ. ഓരോ വിഷയത്തെക്കുറിച്ചും വിശദമായ കരടുരേഖകൾ തയ്യാറാക്കിയാണ് സമാന്തര സെഷനുകളുടെ അവതരണവും ചർച്ചയുമാണ് നടന്നത്. ഇതിലെ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി കാസർകോട് പ്രഖ്യാപനം തയ്യാറാക്കും. എൻ.പി.ആർ.പി.ഡി കോർഡിനേറ്റർ എസ്.സതീഷ് സെഷനുകൾ ഏകോപിപ്പിച്ചു. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നുള്ള 200ഓളം പ്രതിനിധികളാണ് ശില്പശാലയിൽ പങ്കെടുക്കുന്നത്.

സ്വാഗതമോതിയത് അന്ധവിദ്യാർത്ഥികളുടെ ഗായക സംഘം



ഹ്രസ്വ ഇടവേളയ്ക്കുശേഷം വീണ്ടും പുനരാരംഭിച്ച ശില്പശാലയുടെ ആദ്യ സെഷനിൽ ഗായകസംഘം സ്വാഗതഗാനം ആലപിച്ചു. കാഞ്ഞങ്ങാട് ഡി.പി. പ്രതിനിധികളുടെ സ്വാഗതഗാനം ആലപിച്ചത്. കഴിഞ്ഞ എസ്.എസ്.എൽ.സി. പരീക്ഷയിൽ ഉന്നതവിജയം കരസ്ഥമാക്കിയ കുട്ടികളാണ് സംഘത്തിലുള്ളത്. ഇവരിൽ 80 ശതമാനത്തിലധികം പേരും കാഴ്ചയില്ലാത്തവരാണ്. ഇവരുടെ ആലാപനം സദസ്സിനെ ഏറെ ആകർഷിച്ചു. ഗായകസംഘത്തിന് പരിശീലനം നൽകിയ അധ്യാപകൻ ഷാജിയെ ചടങ്ങിൽ ആദരിച്ചു.

സാമ്പത്തിക പുരോഗതി ആരോഗ്യം നശിപ്പിച്ചുകൊണ്ടാവരുത്: സുനിത നരെയ്ൻ

നാടിന്റെ സാമ്പത്തിക പുരോഗതി ജനങ്ങളുടെ ആരോഗ്യം നശിപ്പിച്ചുകൊണ്ടാവരുതെന്ന് ഡൽഹി സെന്റർ ഫോർ സയൻസ് ആന്റ് എൻവയൺമെന്റ് ഡയറക്ടർ സുനിതാ നരെയ്ൻ. പണം ആവശ്യമാണെങ്കിലും ജീവനും പണം ആരോഗ്യം വീണ്ടെടുക്കാൻ ചെലവിടുന്ന അവസ്ഥ നല്ലതല്ല. ജനതയുടെ ആരോഗ്യം സംരക്ഷിക്കുന്ന സാമ്പത്തിക



പ്രവർത്തനങ്ങളാണ് വേണ്ടതെന്നും അവർ പറഞ്ഞു. എൻഡോസൾഫാൻ ദേശീയ ശില്പശാല കോൺകോഡിൽ മുഖ്യ പ്രഭാഷണം നടത്തുകയായിരുന്നു സുനിതാ നരെയ്ൻ.

വിഷമയമായ ജില്ലയെ വിഷവിമുക്ത ജില്ലയാക്കണം. ജൈവജില്ലയാക്കി കാസർകോടിനെ മാറ്റണം. ദുരിത നിവാരണത്തിന് ഇതിനകം കൈക്കൊണ്ട നടപടികൾ ശരിയായ ദിശയിലാണെന്നും സുനിതാ നരെയ്ൻ പറഞ്ഞു. ഇരകൾക്ക് സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സാസൗകര്യങ്ങൾ ലഭ്യമാക്കിയതുകൊണ്ടുമാത്രമായില്ല. ഇത് എല്ലാവർക്കും ലഭിക്കണമെന്നില്ല. അതുകൊണ്ട് പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ചികിത്സാ സംവിധാനങ്ങൾ ഉറപ്പുവരുത്തണം. സാന്ത്വന ചികിത്സാ കേന്ദ്രങ്ങളും സ്ഥാപിക്കണം. ആരോഗ്യ-വിദ്യാഭ്യാസ മേഖലയിൽ പുനരധിവാസ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തണം. എൻഡോസൾഫാൻ വിരുദ്ധ സമരത്തെ അഭിനന്ദിക്കാൻ ഉദ്ഘാടനവേദിയിലും ഇനി ഇത് ഇപ്പോഴും തുടരുന്നത് സമരത്തിനാധാരമായ കാരണം സത്യമായതുകൊണ്ടാണ്.

ഭാവി രൂപരേഖയൊരുക്കി 'കാസർകോട് പ്രഖ്യാപനം'

പി. കരുണാകരൻ എം.പി

രാജ്യം മുഴുവൻ എൻഡോസൾഫാൻ ഉൽപാദനവും, വിതരണവും നിരോധിച്ച സുപ്രീംകോടതി വിധിയുടെ പശ്ചാത്തലത്തിലാണിപ്പോൾ. അഞ്ഞൂറിലേറെപേർ മരണപ്പെടുകയും 4200 ഓളം പേർ ദുരിതബാധിത പട്ടികയിൽ ഇടംപിടിക്കുകയും അതിൽ ഭൂരിപക്ഷവും ശയ്യാവലംബരാവുകയും ചെയ്ത കാസർകോടിന്റെ ദുരന്തം രാജ്യം മുഴുവൻ ചർച്ച ചെയ്തതും സമാനതകളില്ലാത്തതുമാണ്. ശ്രീപദ്രെയും, മോഹൻകുമാറും മറ്റും തുടങ്ങിയ ഒറ്റപ്പെട്ട പ്രതിരോധങ്ങൾ കാസർകോടിന്റെ സമൂഹം ധൈര്യപൂർവം ഏറ്റെടുക്കുകയും ഇരകളുടെ അതിജീവനം ഒരു മുഖ്യ അജണ്ടയായി മാറ്റപ്പെടുകയും ചെയ്തത് ഒരു പരിധി വരെയുമായി തിരിച്ചറിയേണ്ടതുണ്ട്. രണകേന്ദ്രങ്ങളും, ഔദ്യോഗിക സംവിധാനങ്ങളുമെല്ലാം ഈ വിഷപ്രവർത്തനങ്ങളിൽ ഐക്യപ്പെടുകയും പുനരധിവാസ കർമ്മ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കുകയും ചെയ്തുവരുന്നുണ്ട്. ദുരിത മേഖലയിൽ ആശ്വാസ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി അവലോകനം ചെയ്തത്, പോരായ്മകൾ കണ്ടെത്തി തീർഘകാലാടിസ്ഥാനത്തിലുള്ള നിരീക്ഷണ പുനരധിവാസ കർമ്മ പദ്ധതികൾക്കു രൂപം കൊടുക്കുകയെന്ന രണ്ടാഘട്ടത്തിന്റെ മുന്നിലാണ് നാമിപ്പോൾ.



ഉദ്ഘാടന സമ്മേളനത്തിൽ പി. കരുണാകരൻ എം.പി. അദ്ധ്യക്ഷ പ്രസംഗം നടത്തുന്നു.

ദേശീയ മനുഷ്യാവകാശ കമ്മീഷൻ ശുപാർശ ചെയ്ത കർമ്മ പരിപാടികൾ യുദ്ധകാലാടിസ്ഥാനത്തിൽ നടപ്പിലാക്കാൻ സർക്കാരുകളിൽ സമ്മർദം ചെലുത്തുകയുമാണ് പ്രധാനമാണ്. ദുരിതബാധിതരുടെ വീടുകളുടെ പുനർനിർമ്മാണം, കുടിവെള്ളം, ചികിത്സ, കുട്ടികളുടെ വിദ്യാഭ്യാസം, അമ്മമാരുൾപ്പെടെയുള്ള കുടുംബത്തിന്റെ സാമൂഹ്യപ്രശ്നങ്ങൾ, അടിസ്ഥാന സൗകര്യങ്ങൾ, 30 വർഷത്തേക്കെങ്കിലുമുള്ള സർവ്വേലൻസ്, നിയമപരമായ നഷ്ടപരിഹാരം, അമ്മമാർക്കും കുട്ടികൾക്കും പ്രത്യേക പോഷകാഹാര പദ്ധതി, ചികിത്സാ സംവിധാനം, ഒപ്പുപേക്ഷണൽ തൊഴിൽ, വൊക്കേഷണൽ ട്രെയിനിംഗ്, കൗൺസിലിംഗ് സെന്റർ എന്നിവയൊക്കെ ഉൾപ്പെടുന്ന പുനരധിവാസ കേന്ദ്രം, ബഡ്സ് സ്കൂളുകളുടെ ശാക്തീകരണം, പാലിയേറ്റീവ് കെയർ ഇങ്ങനെ മുൻഗണനാ പ്രായോഗ്യതയോടെ ദുരിത മേഖലയിൽ അനിവാര്യമായി ഏറ്റെടുക്കേണ്ടുന്ന ക്ഷേമ പ്രവർത്തനങ്ങൾ ഏറെയുണ്ട്.

ജില്ലയിലെ 11 ഗ്രാമപഞ്ചായത്തുകളിലെ പുനരുദ്ധരണ പ്രവർത്തനങ്ങൾ ഏറെ പുരോഗമിച്ചുകഴിഞ്ഞു. ഇതിനകം 1000 കുടുംബങ്ങൾക്ക് പുനരധിവാസം പൂർത്തിയാക്കിക്കഴിഞ്ഞു. ഇനി 1000 കുടുംബങ്ങൾക്കുകൂടി പുനരധിവാസം പൂർത്തിയാക്കാനുണ്ട്. ഇതിനായി 100 കോടി രൂപയുടെ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഇതിനുപുറമെ

Concord-12

2

കോൺകോഡ് എന്ത്? എന്തിന്?

കാസർകോട്ടെ എൻഡോസൾഫാൻ ദുരിതബാധിതമേഖലയിൽ ബഹുതലങ്ങളുമായ പ്രശ്നങ്ങളെ അഭിമുഖീകരിക്കാനുള്ള കർമ്മ പദ്ധതിക്ക് രൂപംകൊടുക്കുകയാണ് കോൺകോഡ് 2012 ലെ ശില്പശാലയുടെ ലക്ഷ്യം. ഈ മേഖലയിൽ കഴിഞ്ഞ ഒരു ദശകത്തോളം നടത്തിവന്നത് നൊന്തുപെടുന്ന പ്രശ്നങ്ങളെ കൈകാര്യം ചെയ്യുന്നതിനുള്ള ഇടപെടലുകളാണ്. ദുരിതബാധിതർക്ക് സമാശ്വാസം എത്തിക്കുകയെന്നതാണ് നൊന്തുപെടുന്ന പ്രശ്നങ്ങളിൽ മുഖ്യമായിരുന്നത്. എൻഡോസൾഫാന്റെ ഉപയോഗം നിരോധിക്കുന്നത് ഉൾപ്പെടെ അതിന്റെ ഭാഗമായി വന്ന വിഷയങ്ങളാണ്. ഇക്കാര്യങ്ങൾ വലിയൊരു അളവിൽ പരിഹരിക്കാൻ സാധിച്ചിട്ടുണ്ട്.

പുനരധിവാസ പ്രവർത്തനങ്ങളിൽ രണ്ടാം തലമുറ പ്രശ്നങ്ങൾ സങ്കീർണ്ണമാണ്. നൊന്തുപെടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് Provider എന്ന നിലയാണ് നാം നിർവ്വഹിക്കുന്നത്. എന്നാൽ രണ്ടാം തലമുറ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിന് Facilitator എന്ന നിലയാണ് ഏറ്റെടുക്കേണ്ടത്. നൊന്തുപെടുന്ന പ്രശ്നങ്ങളിൽ Victim നെയാണ് അഭിമുഖീകരിക്കുന്നത്. അതിൽനിന്ന് Survivor എന്ന അവസ്ഥയിലേയ്ക്ക് മാറുന്നവരാണ് രണ്ടാംതലമുറ പ്രശ്നങ്ങൾ പരിഹരിക്കുമ്പോൾ മുന്നിലുണ്ടാകേണ്ടത്.

'ഫൊസിലിറ്റേറ്റ്' ആകുക എന്നത് കുറച്ചുകൂടി സങ്കീർണ്ണമായ പ്രക്രിയയാണ്. അതുകൊണ്ട് തന്നെ അത്തരത്തിലൊരു പ്ലാറ്റ്ഫോമിലേയ്ക്ക് മാറുമ്പോൾ കുതന്ത്ര നിരാശബാധയോടെയുള്ള ആസൂത്രണം അനിവാര്യമാകുന്നു. വൈകാരികതലത്തിൽ നിന്നും മാറി നിർഘനീക്ഷണമുള്ള നയസമീപനത്തോടുകൂടി വേണം 'ഫൊസിലിറ്റേറ്റ്' തലത്തെ ഉൾകൊള്ളാൻ. അതിനുള്ള വേദിയാണ് 'കോൺകോഡ്'. ഇതൊരു ആരംഭമാണ്.

സമഗ്രതയും നിരന്തരമായ മോണിറ്ററിംഗും ഈ പ്രവർത്തനങ്ങൾക്കു അത്യാവശ്യമാണ്. മികച്ച അക്കാദമിക് സെക്ടറുകളാണ് ശില്പശാലയുടെ ഭാഗമായുണ്ടായത് എന്നത് ശുഭാപ്തിക്കാരണ്. ദുരിതമേഖലയുടെ സമഗ്ര പുനരധിവാസത്തിനും പ്രകൃതി പുനരുജ്ജീവനത്തിനും ഉതകുന്ന കർമ്മ പരിപാടികൾ ഈ ശില്പശാലയിലൂടെ നമുക്ക് ആവിഷ്ക്കരിക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

പുനരധിവാസത്തിന് രൂപരേഖ തയ്യാറാക്കണം: വി.എസ്.

ദേശീയ ശില്പശാലയ്ക്ക് നൽകിയ സന്ദേശത്തിൽനിന്ന്

എൻഡോസൾഫാൻ വിഷമഴ പെയ്ത കാസർകോടിന്റെ ദുരിതയിൽ സാന്ത്വനത്തിന്റെ സ്പർശവുമായി ജില്ലാപഞ്ചായത്തിന്റെ നേതൃത്വത്തിൽ ദേശീയ ശില്പശാല സംഘടിപ്പിക്കുന്നു എന്നറിഞ്ഞതിൽ അതീവ സന്തോഷം. ഈ മാരക കീടനാശിയുടെ ഇരകളായ ഒട്ടേറെ പിഞ്ചുകുഞ്ഞുങ്ങളെയെങ്കിലും ഞാൻ പലഗ്രാമങ്ങളിലും, വാണിനഗറിലും നേരിട്ടുകണ്ടിട്ടുള്ളതാണ്. അന്ന് എൻമകജെയിലെ സങ്കടത്തിൽ വെച്ച് കണ്ട ശ്രീ. കുമാരൻ മാസ്റ്ററും ഇന്നില്ല. എത്രയെത്ര മനുഷ്യ ജീവിതങ്ങളാണ് ഈ മനുഷ്യനിർമ്മിത ദുരന്തത്തിനിരയായിത്തീർന്നത്! ദുരിതബാധിതരെ സഹൃദയത്തിന്റെ മുഖ്യധാരയിൽ കൊണ്ടുവരുന്നതിനും മികച്ച ചികിത്സ നൽകുന്നതിനും സേവനങ്ങൾ നൽകുന്നതിനും പുനരധിവസിപ്പിക്കുന്നതിനും നാം ബാധ്യസ്ഥരാണ്. ഭരണകേന്ദ്രങ്ങളും, തദ്ദേശ സ്ഥാപനങ്ങളും അതാതു കാലത്തെ മാറിമാറി വന്ന ഭരണസമിതികളുമെല്ലാം ഈ കാര്യത്തിൽ ഒരുപോലെ ഉത്തരവാദിത്വമുള്ളവരാണ്. പ്രതിപക്ഷ നേതാവ് എന്ന നിലയിലാണ് അന്ന് ഞാൻ കാസർകോട് എൻഡോസൾഫാൻ ദുരിതബാധിതരെ സന്ദർശിച്ചത്. അന്നവിടെ കണ്ട ദയനീയ മുഖങ്ങൾ ഇന്നും എന്റെ മനസ്സിൽ മായാതെ കിടക്കുന്നു. അവ ജീവനത്തിനായുള്ള അവരുടെ ശ്രമങ്ങൾക്ക് ഒറ്റപ്പിന്തുണയും വാഗ്ദാനം ചെയ്താണ് അവിടംവിട്ടത്. മാരക കീടനാശിനിക്കെതിരെ ചെറുതും വലുതുമായ പ്രതിരോധങ്ങളും സമരങ്ങളും വളർന്നു വരുന്ന ഘട്ടം കൂടിയായിരുന്നു, അത്. എന്റെ സനർദനം അവയ്ക്കെല്ലാം ഊർജ്ജം പകർന്നു എന്നു ഞാൻ മനസ്സിലാക്കി. ദുരിതബാധിതരുടെ വിഷയം ഏറ്റവും പ്രധാനമായി എടുക്കുക എന്ന അജണ്ട അന്നുതന്നെ മനസ്സിൽ കുറിച്ചിട്ടു. പിന്നീട് നിയമസഭയിൽ വളരെ വികാരപരമായി തന്നെ ഇക്കാര്യം ഞാൻ വിശദീകരിച്ചു. ദുരിതബാധിതർക്കും മരണപ്പെട്ടവർക്കും സഹായധനം അനുവദിക്കണമെന്നാവശ്യപ്പെട്ടു. എന്നാൽ മരണപ്പെട്ടവരുടെ ആശ്രിതർക്ക് 50,000 രൂപ വീതം ആശ്വാസധനം നൽകാൻ കഴിഞ്ഞത് പിന്നീട് വന്ന സർക്കാരിന് മാത്രമാണ്. 2006-07 വർഷത്തിൽ 178 പേരുടെ ആശ്രിതർക്ക് എൽ.ഡി.എഫ് സർക്കാർ തുക അനുവദിച്ചു. ജില്ലാപഞ്ചായത്തിന്റെ വെബ്സൈറ്റിൽ വെച്ച് നടന്ന് വികാരനിർഭരമായ ചർച്ചയിൽ നേരിട്ടുതന്നെ ഓരോരുത്തർക്കും തുക കൈമാറി. പിന്നീട് അവരുടെ ചികിത്സയ്ക്കായും പ്രത്യേക തുക ബജറ്റിൽ അനുവദിച്ചു.

നിരന്തര ജനകീയ സമരങ്ങളുടെ തുടർച്ച എന്ന നിലയിലും ഡി.വൈ.എഫ്.ഐ സമർപ്പിച്ച ഹർജിയുടെ അടിസ്ഥാനത്തിലും ഇന്ന് രാജ്യത്ത് എൻഡോസൾഫാന്റെ ഉൽപാദനവും വിതരണവും നിരോധിച്ചിരിക്കുകയാണ് എന്നത് ആഹ്ലാദകരമാണ്. എന്നാൽ ഈ ദുരിത സമൂഹത്തെ നാം സംരക്ഷിച്ചു തീരുമോ എന്നതാണ് പ്രശ്നം. അർഹരായ നഷ്ടപരിഹാരം അനുവദിക്കുന്നതോടൊപ്പം പുനരുജ്ജീവനം, പുനരധിവാസം എന്നിവ ഉൾപ്പെടെ കഴിഞ്ഞ സർക്കാർ സമർപ്പിച്ച 473 കോടിയോളം രൂപയുടെ പാക്കേജുകളും ഇവയിൽ നടപ്പാക്കപ്പെടണം. ദുരിതമേഖലയിൽ ഇനി ഒന്നിന് എന്ന പോലുള്ളതിന് വ്യക്തമായ മറുപടി നൽകുന്നതാകണം ഈ ശില്പശാല. രാഷ്ട്രീയഭേദമന്യേ സമഗ്രമായി തയ്യാറാക്കപ്പെടുകയും ജനകീയ ശക്തിയിലും സർക്കാരുകളുടെ സഹായത്താലും അവ പ്രായോഗിക തലത്തിലേത്തിക്കുകയും ചെയ്യുക എന്നതാണ് പ്രധാനം.

ശക്തമായ ഇടപെടലുകളും സമർപ്പണവും അനിവാര്യമാണ്. ജീവകാരുണ്യത്തിന്റെയും മാനവിക സ്നേഹത്തിന്റെയും നീരുറവ വറ്റാത്ത നിസ്വാർത്ഥമതികളുടെ സേവനം ഇതരുണത്തിൽ സ്മരണീയമാണ്. ഡോ. മോഹൻകുമാർ, ശ്രീപദ്രെ, വിമലാകുമാരി അമ്മ തുടങ്ങി ഒട്ടേറെ പേർ ആ പട്ടികയിലുണ്ട്. ഈ ശില്പശാലയ്ക്ക് നേതൃത്വം നൽകുന്ന സംഘാടക സമിതി ചെയർമാൻ പി. കരുണാകരൻ എം.പി, വർക്കിംഗ് ചെയർമാൻ ശ്രീമതി പി.പി. ശ്യാമളാദേവി, കൺവീനർ കുടിയായ ജില്ലാകളക്ടർ ശ്രീ. വി.എൻ. ജിതേന്ദ്രൻ എന്നിവർ പ്രത്യേക അഭിനന്ദനം അർഹിക്കുന്നു. ഈ ജനകീയ ശില്പശാലയിൽ ആദ്യാവസാനം പങ്കെടുക്കണമെന്നായിരുന്നു എന്റെ ആഗ്രഹം. എന്നാൽ ഒഴിവാക്കാനാകാത്ത മറ്റൊരു യോഗത്തിന് സംബന്ധിക്കേണ്ടതിനാൽ, അതിന് സാധിക്കാതെ വന്നതിൽ ഖേദിക്കുന്നു. ദുരിതബാധിതരുടെ അതിജീവനത്തിനുള്ള പരിശ്രമങ്ങൾക്ക് തുടർന്നും എന്റെ സജീവ പിന്തുണയും ശില്പശാലയ്ക്ക് എല്ലാ വിധ വിജയാശംസകളും നേരുന്നു.

വി.എസ്സച്യുതാനന്ദൻ

അതിജീവനത്തിന്റെ നേർക്കാഴ്ച

കാസർകോട്: ഓരോ ചിത്രത്തിനുമെത്തുമ്പോഴും ചിലരുടെ മിഴികളിൽ അശ്രുകം വിടർന്നു. മറ്റു ചിലരാകട്ടെ എൻഡോസൾഫാൻ ദുരന്തബാധിതർ അതിജീവനത്തിന്റെ പാതയിൽ പുതിയ ഉയരങ്ങൾ തേടുന്നതുകണ്ട് അഭിമാനിച്ചു.

മുൻധാരണകൾ തെറ്റിക്കുന്നതായിരുന്നു 'കോൺകോഡ് 2012' ലെ ദേശീയ ശില്പശാലയിലൊരുക്കിയ പ്രദർശനം. വൈകല്യങ്ങളെ തോൽപ്പിച്ച് ജീവിതത്തിലേക്ക് മടങ്ങുന്ന [illegible] പ്രദർശനം. ദുരിതപ്പാടവും, അതിജീവനത്തിന്റെ വിവിധ മേഖലകളിൽ ജില്ലാപഞ്ചായത്തുൾപ്പെടെ നടപ്പാക്കിയ പദ്ധതികളും വെല്ലുവിളികളിൽ പതറാതെ മുന്നേറുന്നവരുടെ ദൃശ്യങ്ങളും പ്രദർശനത്തിൽ സമന്വയിച്ചു. എൻഡോസൾഫാനെയും ഇതുണ്ടാക്കുന്ന ദുരന്തഫലങ്ങളും പ്രദർശനത്തിൽ പ്രതിപാദിച്ചു.





'കാസർകോട് ജനത പ്രഖ്യാപിക്കുന്നു'

അഡ്വ. പി.പി. ശ്യാമളാദേവി
പ്രസിഡന്റ് ജില്ലാപഞ്ചായത്ത്

ആരെക്കേട്ടാൽ പ്രതികരണമാണ് കോൺകോഡിന് ലഭിക്കുന്നത് എന്നത് ആഹ്ലാദകരമാണ്. നാടിന്റെ സമഗ്രപുരോഗമനത്തിലെ ആത്മാർത്ഥമായ ഈ കൂട്ടായ്മ അഭിനന്ദനീയമാണ്. പി. കരുണാകരൻ എം.പിയുടെ നിർദ്ദേശാനുസരണമാണ് ജില്ലാ പഞ്ചായത്തും എൻ.പി.ആർ.പിയിലും ഈയൊരു ശില്പശാല നടത്തുവാൻ ഏറ്റെടുക്കുന്നത്. എൻഡോസൾഫാൻ ദുരിത മേഖലയിലെ ഇന്നലകളും, ഇന്നും ഭേദപ്പെടുത്തുകയും നാളെ രൂപപ്പെടുത്തുകയും ചെയ്യുക എന്ന പ്രക്രമകമായ പ്രവർത്തനമാണ് ഏറ്റെടുത്തത് എന്നു മനസ്സിലാക്കിക്കൊണ്ടുതന്നെ ആ ഉത്തരവാദിത്വം ഏറ്റെടുക്കുകയായിരുന്നു പരിമിതികളും പോരായ്മകളും തിരിച്ചറിയുന്ന ഒരു ഗ്രൂപ്പിന്റെ മുന്നിലാണ് വിവിധ വിഷയങ്ങളിലായുള്ള ചർച്ചാകുറിപ്പുകൾ തയ്യാറാക്കി സമർപ്പിക്കപ്പെട്ടത്.എന്നതും നാം ലക്ഷ്യം വെച്ച് ഉൽപാദന സേക്ടറുകളിൽ നിന്നും ഉരുത്തിരിഞ്ഞുവന്നു എന്നതും സന്തോഷം പകരുന്നു. ഈ ശക്തിയിലാണ് നമ്മൾമുമ്പിലേക്ക് ഇന്ന് 'കാസർകോട് പ്രഖ്യാപനം' നടത്തുന്നത്. വെറുതെയുള്ള പ്രഖ്യാപനങ്ങൾക്കപ്പുറം ഇത് നമ്മുടെ കടമയായി തിരിച്ചറിയപ്പെടണം. പുനരധാനം പദ്ധതി രൂപവൽക്കരണ വേളയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർണ്ണായകമായ തുടർ പ്രവർത്തനങ്ങൾ നടത്താൻ സാധിക്കും. ഇവിടെ രൂപംകൊടുത്ത നിർദ്ദേശങ്ങൾ ഗ്രാമതലംതൊട്ട് നടപ്പിലാക്കുവാൻ സാധിക്കണം. ദുരിതബാധിതർക്ക് വീട്, കുടിവെള്ളം തുടങ്ങി അടിസ്ഥാന സൗകര്യങ്ങളൊരുക്കാനും തൊഴിലുറപ്പ് പദ്ധതികളടക്കം പ്രയോജനപ്പെടുത്തി സമഗ്ര നീർത്തടാധിഷ്ഠിത ജൈവപുനരുജ്ജീവന പദ്ധതി പ്രാവർത്തികമാക്കാനും നമുക്ക് കഴിയണം. തദ്ദേശ സ്ഥാപനതലത്തിൽ നടപ്പാക്കാൻ കഴിയാത്ത കേന്ദ്ര - സംസ്ഥാന സർക്കാരുകൾക്കുമുന്നിൽ സമർപ്പിക്കണം. ചർച്ച കർക്കശമുള്ള കരടുരേഖ ശില്പശാല നിർദ്ദേശങ്ങൾകൂടി കൂട്ടിച്ചേർത്ത് അന്തിമമാക്കും. അവയുടെ നടത്തിപ്പിനായി ആരോഗ്യ, വിദ്യാഭ്യാസം, കൃഷി - ജൈവപുനരുജ്ജീവനം, സാമൂഹിക പ്രശ്നങ്ങൾ, സാമൂഹികമേഖല തുടങ്ങിയ വിഷയങ്ങളിൽ പ്രത്യേക ടാസ്ക് ഫോഴ്സുകൾ രൂപീകരിക്കുകയും അവയുടെ നടത്തിപ്പ് ജില്ലാതല എൻഡോസൾഫാൻ വിക്റ്റിംസ് റിലീഫ് ആന്റ് റെഹബിയേഷൻ സെൽ മോണിറ്റർ ചെയ്യുകയും ചെയ്യും.

മണ്ണിനെയും വായുവിനെയും ജീവജാലങ്ങളെയും നശിപ്പിച്ച സമാനതകളില്ലാത്ത ദുരന്ത ചരിത്രം ഇനി ലോകത്തൊരിടത്തും ആവർത്തിക്കാൻ പാടില്ല എന്ന ദൃഢ പ്രഖ്യാപനം നമ്മുടെ ഓരോരുത്തരുടെയും മനസ്സിലിരുന്നുയരണം. ആ ഒരു ഉറച്ച മനസിന്റെ സൃഷ്ടികൂടിയാണ് ശില്പശാലയുടെ മറ്റൊരു ഉൽപന്നം. അതുതന്നെയാണ് ദുരിത ബാധിത സമൂഹത്തിനു വേണ്ടിയുള്ള കാസർകോട് പ്രഖ്യാപനത്തിന്റെ അടിത്തറ.

കാസർകോട് ജില്ലാ പഞ്ചായത്ത് എൻഡോസൾഫാൻ ഇരകൾക്കായി നടപ്പിലാക്കിയ സമഗ്ര ശേഷ പദ്ധതിയാണ് 'തണൽ' ബഡ്സ പദ്ധതി. കിടപ്പിലായതും പരാശ്രയമില്ലാതെ നടക്കാൻ പറ്റാത്തതുമായ കുട്ടികൾക്ക് ഭവനം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ 2011 -12 വർഷത്തിന്റെ ആരംഭ പദ്ധതിയിൽ 44 വീടുകൾ വീടുവെച്ചുകൊടുക്കാനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. ദേശീയതലത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന സവിശേഷ പദ്ധതി പട്ടികയിൽ ഈ പ്രോജക്ട് ഇടംപിടിച്ചിട്ടുണ്ട് എന്നത് സാന്ദർഭികമായി സൂചിപ്പിക്കുകയാണ്. ഈ ശില്പശാലയുടെ വിജയം കൂടി പരിഗണിച്ച് 'തണൽ' ബഡ്സ പദ്ധതിയോടൊപ്പം പദ്ധതിയിൽ തുടരുമെന്നും വരുന്ന 5 വർഷത്തിനുള്ളിൽ ഈ മേഖലയിൽ ബഡ്സ വീടുകളടക്കം 1000 വീടുവെച്ചുകൊടുക്കാനുള്ള പദ്ധതി ഏറ്റെടുക്കുമെന്നും പ്രഖ്യാപിക്കുന്നു. ശില്പശാല നിർദ്ദേശങ്ങൾ സമഗ്രമാക്കി സമർപ്പിക്കുന്നതിനു ജില്ലാപഞ്ചായത്ത് നേതൃത്വപരമായ ഇടപെടൽ നടത്തുമെന്നും അറിയിക്കുന്നു. ശില്പശാല വിജയപ്രദമാക്കിയ മുഴുവൻ പേർക്കും സ്നേഹപൂർവ്വം നന്ദി പ്രകാശിപ്പിക്കുന്നു.

കൂട്ടായ്മയുടെ വിജയം

കാസർകോട്: എൻഡോസൾഫാൻ ദുരിതബാധിതർക്കായി ജില്ലാ പഞ്ചായത്ത് സംഘടിപ്പിച്ച കോൺകോഡ് 2012 ശില്പശാലയുടെ വിജയത്തിൽ ആഹ്ലാദം പങ്കുവെച്ച് ജനപ്രതിനിധികളും ഉദ്യോഗസ്ഥരും സന്നദ്ധപ്രവർത്തകരും ഒത്തുചേർന്നു. ഒരു പകൽ നീണ്ടുനിന്ന ചർച്ചകളിലൂടെ രൂപപ്പെടുത്തിയ കർമ്മപദ്ധതിയുടെ കരടുരേഖ ശില്പശാലയിൽ അവതരിപ്പിച്ചു. ഇതിന്മേൽ വിശദമായ ചർച്ചകൾ നടന്നു. ഇവ ക്രോഡീകരിച്ച് ഒരാഴ്ചയ്ക്കകം അന്തിമരൂപം നൽകുമെന്ന് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പി.പി. ശ്യാമളാദേവി പറഞ്ഞു. ഇതിനുശേഷം ഈ രേഖ സർക്കാരിന് സമർപ്പിക്കും. ഇതിന്മേൽ സർക്കാർ തീരുമാനമെടുത്ത് നടപ്പാക്കുന്നതിന് ജില്ലാപഞ്ചായത്ത് മുൻകൈയെടുക്കും. ഇതിനായി ഉന്നതതല യോഗം വിളിച്ചുചേർക്കാൻ മുഖ്യമന്ത്രിയോട് ആവശ്യപ്പെടുമെന്നും അവർ പറഞ്ഞു.



ശില്പശാലയിൽ പങ്കെടുക്കുന്ന പ്രതിനിധികൾ - ഒരു ദൃശ്യം

Creating a sustainable Kasaragod

In the classical understanding developmental of economics, the mesures always uses the grows domestic product (GDP). But the Endosulfan affected villages of Kasaragod District, one wonders how we will be able to explain development using this economic tool. Nobody can. Simply because suffering is too human feeling to be mesured by any of the authorised tool, be it economic or social.

Even though the disaster took 20 years to manifest into a struggle by the community, and it needed one brave woman Smt. Leelakumari Amma to start this struggle, still the issue of rehabiliation, remediation and some action started only in 2005. Even in that year, the first workshop to develop a plan we organised, it took nearly to more years to establish Endosulfan Victim Rehabiliation and Remadiation cell (EVRRC) in the district panchayath, as a democratic body to organise rehabilation and remadiation activities. But the important facts we must understand as fer as the remadiation in Kasaragod is considered that before the disaster that happened to the people of Kasaragod, we did not have any other such case as a model to us. The only other disaster of such dimention is the infamous Bhopal tragedy. But even then it uses a single source disaster that took lives on one night and left very few in misarable conditions. Even there what we hear is even after 25 years the disaster still haunt, medical remadiation is still not effectively to the survivors, and ecological remadiation iss not thought off. A few voluntary groups as developed integrated treatment systems covering thousands of pattients. But we must understand that the Govt. mecanisum came in effect in Bhopal after very long time.

But in Kasaragod, those of whom, the distrcit pachayath, the Govt. administration and the civil society that took up the joint platform for developing remadiation and relief plan. It took the clear devices that it should be the possibility of the Govt. to deliver justice thereof. The wonderful matter was that the district administration and the local Govt. and that point were extremely enthusiastic and empathy to the Endosulfan issue.

After the cell was setup, obviously there was great initiatives, starting from identification of the victims, enlisting the dead victims, get the adiquate financial support, handling exceptional cases, ensuring free treatment etc. But in 5 years since the sell was formed much seen to have been done.

Between 1999 and 2007 where we visited for somany times the houses of the victims, children like Kum. Sruthy, Udayan, Sheelavathi and the somany others including Leelakumari Amma, we could see the despair, pain and fear in the cases the mothers, the helplessness of the fathers and men in the family, the lost future of the children. But after 5 years of the remadiation and relief activities, in whatever although that have been done, we could see one thing quilt commen in all these faces relief and hope. And that we took is the most important achievements of the efforts taken till now. The relief is because all the victims enlisted (about 4800 in number) are now part of the various schemes that Govt. is responsible for.

Taken into consideration, all these achievements and the limits, we should make a new dimension for the upliftment of Endosulfan victims. The possibilities of Kasaragod are great. A community which faced a disaster and such harms and who have come together to hold those lives and fight this fate, is already renowned. Now we need to make them stand on their legs, take on this views and be part of creating a sustainable relible Kasaragod.

Sridhar R.

Printed Published and Edited by Co-ordinator, Endosulfan National Workshop, District Panchayath, Kasaragod. Design: praxis, vidyanagar Copies : 2000 For Private Circulation only

മാതൃഭൂമി

01 August 2012

എൻഡോസൾഫാൻ: പ്രത്യേക സംഘത്തെ നിയോഗിക്കണമെന്ന് മുസ്‌ലിംലീഗ്

കാസർകോട്● എൻഡോസൾഫാൻ ദുരിതബാധിതരുടെ പട്ടികയിലെ അനർഹരെ ഒഴിവാക്കുന്നതിനു പ്രത്യേക സംഘത്തെ നിയോഗിക്കണമെന്ന് മുസ്‌ലിംലീഗ് ജില്ലാ പ്രസിഡന്റ് ചെർക്കളം അബ്ദുല്ല ആവശ്യപ്പെട്ടു. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ദുരിതബാധിതർക്കായി നൽകുന്ന സഹായം ചില ഉന്നതന്മാരുടെ വകയാണെന്നു വരുത്തിത്തീർക്കാൻ ശ്രമിക്കുകയാണ്.

വികലാംഗ സർട്ടിഫിക്കറ്റ് ഹാജരാക്കി ദുരിതബാധിതരുടെ പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന ആരോപണവുമുണ്ട്. മനുഷ്യാവകാശ കമ്മിഷന്റെ ശുപാർശ അംഗീകരിച്ചത് യു.ഡി.എഫ് സർക്കാരാണ്. അതിനെ അട്ടിമറിക്കാനാണ് പി.കെ. ശ്രീമതിയുടെ പ്രസ്താവന നിരുത്തരവാദപരമാണെന്നും ജില്ലയിലെത്തുന്ന മന്ത്രിമാരെ തടയുമെന്ന ഡിവൈ.എഫ്.ഐയുടെ പ്രസ്താവന വ്യാമോഹം മാത്രമാണെന്നും ചെർക്കളം അബ്ദുല്ല പറഞ്ഞു.

ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിലുള്ള എൻഡോസൾഫാൻ ദുരിതപരിഹാര സെല്ലിന്റെ പ്രവർത്തനം സ്തംഭിച്ചിരിക്കുകയാണെന്നും സെല്ലിന്റെ പ്രവർത്തനം പുനഃസംഘടിപ്പിക്കണം. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും കലക്ടർ കൺവീനറുമായ സെല്ലാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്.

മന്ത്രി കെ.പി. മോഹനൻ ചെയർമാനായി സമിതി രൂപവൽക്കരിച്ചതായി വിവരം ഉണ്ടെങ്കിലും ഇതുവരെ യോഗം ചേർന്നതായി കാണുന്നില്ല. ഇക്കാര്യത്തിൽ മുഖ്യമന്ത്രി ഇടപെടണം.

സെല്ലിനും ദുരിതബാധിതർക്കും സർക്കാർ ഫണ്ടാണ് നൽകുന്നത്. അങ്ങനെയിരിക്കെ സെല്ലിന്റെ പ്രവർത്തനം രാഷ്ട്രീയപ്രേരിതമായും അനർഹർക്ക് ആനുകൂല്യങ്ങൾ നൽകുന്നവിധത്തിലുമാണ് മുന്നോട്ടുപോകുന്നതെങ്കിൽ സർക്കാർ ഇതിന് ഉത്തരം പറയേണ്ടി വരുമെന്ന് കമ്മറ്റിയിൽ അഭിപ്രായപ്പെട്ടു.

ആനുകൂല്യങ്ങൾ നൽകുന്നതിനായി കഴിഞ്ഞ സർക്കാരിന്റെ കാലത്തുണ്ടാക്കിയ നാലായിരത്തിലേറെ പേരുടെ പട്ടിക അപാകതകൾ നിറഞ്ഞതാണ്. അനർഹരെ പൂർണമായും ഈ പട്ടികയിൽ നിന്ന് ഒഴിവാക്കണമെന്നും കമ്മറ്റിയിൽ ആവശ്യപ്പെട്ടു.

03 August 2012

എൻഡോസൾഫാൻ ഇരയായ ഡോക്ടറെ നിയമിച്ചു

തിരുവനന്തപുരം: എൻഡോസൾഫാൻ ഇരയായ ഡോക്ടറെ എൻഡോസൾഫാൻ ബാധിത പ്രദേശത്തെ പുനരധിവാസത്തിനായി നിയമിച്ചു. കാസർകോട് എൻഡോസൾഫാൻ മേഖലയിൽ ഈ ദുരിതം പേറി ജീവിക്കുന്ന ആയുർവേദ ഡോക്ടറായ രൂപ സരസ്വതിയെ നിയമിക്കാനാണ് മന്ത്രിസഭായോഗം തീരുമാനിച്ചത്.

11 August 2012

എൻഡോസൾഫാൻ: കുട്ടി മരിച്ചു

ബദിയഡുക്ക: എൻഡോസൾഫാൻ ദുരിത ബാധിതയായ കുഞ്ഞ് മരിച്ചു. ചെനാർകട്ടയിലെ കേശവന്റെയും ചേതനയുടെയും മകൾ ശരണ്യ (7) ആണ് മരിച്ചത്. എൻഡോസൾഫാൻ ലിസ്റ്റിൽ ഉൾപ്പെട്ടിരുന്നു. സഹോദരങ്ങൾ: ശ്രാവ്യ, ശിതേഷ്.

20 August 2012

എൻഡോസൾഫാൻ: പ്ലാന്റേഷൻ കോർപ്പറേഷൻ നിയമയുദ്ധത്തിന്

കോട്ടയം: എൻഡോസൾഫാൻ മൂലുള്ള പ്രശ്നങ്ങളിൽ, അത് നിർമിക്കുന്ന കമ്പനികൾക്കും തുല്യ പങ്കെന്ന് ചൂണ്ടിക്കാട്ടി പ്ലാന്റേഷൻ കോർപ്പറേഷൻ നിയമയുദ്ധത്തിനൊരുങ്ങുന്നു. നിർമാണ കമ്പനികൾക്കെതിരെ നിങ്ങാൻ ജൂലായ് 26ന് നടന്ന പ്ലാന്റേഷൻ കോർപ്പറേഷൻ ബോർഡ് യോഗത്തിൽ തീരുമാനമെടുത്തിരുന്നു. തൊഴിലാളി സംഘടനകളുടെ പിന്തുണയും ഇതിന് ലഭിച്ചതോടെ വാദത്തിനു തുടക്കമിടാൻ നിർദ്ദേശം നൽകിയതായി കോർപ്പറേഷൻ ചെയർമാൻ ഡോ. വർഗീസ് ജോർജ് പറഞ്ഞു. കേസ് ഫയൽചെയ്യാൻ കൃഷിവകുപ്പിന്റെ അനുമതിക്കായി കാത്തുനിൽക്കുകയാണ് കോർപ്പറേഷൻ. ദുരന്തത്തിനിരയായവർക്ക് നഷ്ടപരിഹാരം നൽകാൻ നിർമ്മാണ കമ്പനികൾക്കും ബാധ്യതയുണ്ടെന്നാണ് കോർപ്പറേഷന്റെ പക്ഷം.

കിടനാശിനി ഉപയോഗിക്കാൻ അനുമതി നൽകിയ സർക്കാർ ഉടമസ്ഥതയിലുള്ള ഗവേഷണ സ്ഥാപനങ്ങൾക്കെതിരെയും നിയമനടപടികളുണ്ടാകും. കേന്ദ്ര കാർഷിക സർവ്വകലാശാല, കേന്ദ്ര തോട്ടവിള ഗവേഷണകേന്ദ്രം തുടങ്ങിയ സ്ഥാപനങ്ങളാണ് എൻഡോസൾഫാൻ ഉപയോഗിക്കുന്നതിൽ തുടക്കത്തിലെന്ന് കോർപ്പറേഷന് നിർദ്ദേശം നൽകിയത്.

ഭോപ്പാൽ ദുരന്തവുമായി ബന്ധപ്പെട്ട കേസിന്റെ വഴിയേയാണ് കോർപ്പറേഷനും നിങ്ങുന്നത്. ആ കേസിൽ, വിഷവാതകം നിർമ്മാതാക്കളായ യൂണിയൻ കാർബൈഡ് കമ്പനിയും ഭൂരിഭാഗത്തിൽ ഉത്തരവാദികളെന്ന് കോടതി വിധിച്ചിരുന്നു. എൻഡോസൾഫാൻ നിർമ്മാതാക്കളായ ഹിന്ദുസ്ഥാൻ ഇൻസെക്ടിസൈഡ്സ് ലിമിറ്റഡ്, വിതരണ പേറ്റന്റുള്ള ഏക്കൽ ഇൻഡസ്ട്രിസ് എന്നി കമ്പനികൾക്കെതിരെയാണ് കേസ് കൊടുക്കുന്നത്. ഐക്യരാഷ്ട്രസഭ വികസനസമിതിയായ യു.എൻ.ഡി.പി.യുടെ ഉപദേശവും ഇക്കാര്യത്തിൽ കോർപ്പറേഷന് ലഭിച്ചിട്ടുണ്ട്.

ദേശീയ മനുഷ്യാവകാശകമ്മീഷന്റെ വിധിപ്രകാരം 87 കോടി രൂപ എൻഡോസൾഫാൻ ദുരിതബാധിതർക്ക് നഷ്ടപരിഹാരമായി നൽകാൻ പ്ലാന്റേഷൻ കോർപ്പറേഷൻ തയ്യാറായിട്ടുണ്ട്. ആദ്യ ഗഡുവായി 27 കോടി നൽകിക്കഴിഞ്ഞു. തോട്ടങ്ങളിൽ കിടനാശിനി തളിച്ച കുറ്റം ചുമത്തി ബാധ്യത മുഴുവൻ തങ്ങളുടെ പേരിൽ അടിച്ചേൽപ്പിക്കാനാണ് മനുഷ്യാവകാശകമ്മീഷൻ ഉൾപ്പെടെ ശ്രമിച്ചതെന്ന് കോർപ്പറേഷൻ ആരോപിക്കുന്നു. എന്നാൽ, ഉല്പാദന കമ്പനികൾക്കും വിതരണക്കാർക്കും കിടനാശിനി തളിക്കാൻ ഉപദേശം നൽകിയ കേന്ദ്രസംസ്ഥാന ഗവേഷണ സ്ഥാപനങ്ങൾക്കും ഇക്കാര്യത്തിൽ തുല്യ ഉത്തരവാദിത്വമുണ്ടെന്നാണ് കോർപ്പറേഷൻ വാദിക്കുന്നത്.

14 August 2012

എൻഡോസൾഫാൻ : സുപ്രീം കോടതി അഭിപ്രായമാരാഞ്ഞു

14/8/12 Mathrubhumi

പ്രത്യേക ലേഖകൻ

ന്യൂഡൽഹി: എൻഡോസൾഫാൻ നിരോധനം ഭാവിയിൽ പിൻവലിക്കുന്നതിനെക്കുറിച്ച് സുപ്രീം കോടതി അഭിപ്രായമാരാഞ്ഞു.

കേരളത്തിലും കർണാടകത്തിലുമൊഴികെ എൻഡോസൾഫാൻ ഉപയോഗം തുടരാമെന്ന കേന്ദ്രസർക്കാരിന്റെ സത്യവാങ്മൂലത്തിന്റെ പശ്ചാത്തലത്തിലാണ് സുപ്രീം കോടതി അഭിപ്രായം തേടുന്നത്.

മിച്ചമുള്ള എൻഡോസൾഫാൻ നശിപ്പിക്കുന്നതിനെയും ഉപയോഗിക്കുന്നതിനെയും കുറിച്ച് അഭിപ്രായമറിയിക്കാനും ജസ്റ്റിസുമാരായ ബി.എസ്. ചൗഹാനും സ്വതന്ത്രകുമാറും ഉൾപ്പെടുന്ന അഭിഭാഷകനായ ഹരീഷ് സാൽവെയോട് നിർദേശിച്ചു. കേസ് 31-ന് പരിഗണിക്കും.

ഡി. വൈ. എഫ്. ഐ സമർപ്പിച്ച ഹർജി പരിഗണിക്കുകയായിരുന്നു കോടതി. എൻഡോസൾഫാന്റെ ഉത്പാദനവും ഉപയോഗവും വിതരണവും നേരത്തേ ചീഫ് ജസ്റ്റിസ് അധ്യക്ഷനായ മൂന്നംഗബെഞ്ച് ഇടക്കാല ഉത്തരവിലൂടെ നിരോധിച്ചിരുന്നു. ഇക്കാര്യം ഓർമിപ്പിച്ച കോടതി, കേരളവും കർണാടകവും ഒഴികെയുള്ള സംസ്ഥാനങ്ങൾ നിരോധനം പിൻവലിക്കണമെന്നാണ് ആവശ്യപ്പെട്ടിട്ടുള്ളതെന്ന് ചൂണ്ടിക്കാട്ടി.

കോടതി നേരത്തേ നിയോഗിച്ച സമിതിയുടെ അഭിപ്രായവും ഇതാണോയെന്ന് ജസ്റ്റിസ് സ്വതന്ത്രകുമാർ ചോദിച്ചു. അതെയെന്ന് ഹരീഷ് സാൽവെ മറുപടി നല്കി. രണ്ടു നിർദേശങ്ങളുടെയും ചുരുക്കം രേഖപ്പെടുത്തിയിട്ടുണ്ടെന്ന് ഹരീഷ് സാൽവെ ചൂണ്ടിക്കാട്ടി. സർവകലാശാലയുടെ പാഠ്യപദ്ധതിയിൽ രണ്ടു സ്ഥലത്തെ സാമ്പിളുകളുടെ അടിസ്ഥാനത്തിൽ മാത്രമായിരുന്നു രക്തത്തിൽ എൻഡോസൾഫാന്റെ അംശമില്ലെന്ന പഠനത്തിലെ കണ്ടെത്തൽ ഹരിഷ് കോടതിയിൽ വായിച്ചു. ഈ പഠനം പൂർണമായും തെറ്റാണെന്നും അതിന്റെ അടിസ്ഥാനത്തിൽ നിരോധനം പിൻവലിക്കരുതെന്നും അദ്ദേഹം കോടതിയോട് അഭ്യർഥിച്ചു.

മാതൃഭൂമി

22 August 2012

എൻഡോസൾഫാൻ ദുരിതബാധിത അമ്മമാർ തിരുവോണ പട്ടിണിയിരിക്കും

തിരുവനന്തപുരം: ചികിത്സ, പുനരധിവാസം തുടങ്ങിയ കാര്യങ്ങളിൽ സർക്കാർ അനാസ്ഥ കാട്ടുന്നെന്നാരോപിച്ച് കാസർകോട്ടെ എൻഡോസൾഫാൻ ദുരിതബാധിത അമ്മമാർ മുഖ്യമന്ത്രിയുടെ ഔദ്യോഗിക വസതിക്ക് മുന്നിൽ തിരുവോണപട്ടിണിയിരിക്കും.

ദേശീയ മനുഷ്യാവകാശ കമീഷനെറ ശുപാർശകളും നടപ്പിലാക്കുമെന്ന് ഉത്തരവിറക്കിയ സർക്കാർ ഇപ്പോൾ അതിനെ അട്ടിമറിക്കുകയാണെന്ന് എൻഡോസൾഫാൻ പീഡിത ജനകീയ മുന്നണി കൺവീനർ അമ്പലത്തറ കുഞ്ഞികൃഷ്ണൻ പത്രസമ്മേളനത്തിൽ ആരോപിച്ചു.

എൻഡോസൾഫാൻ ബാധിത മേഖലകളെ ശാസ്ത്രീയമായി നിർണയിച്ച് 11 പഞ്ചായത്തിന് പുറത്തുള്ളവർക്കും സഹായം ലഭ്യമാക്കണം.

അർഹരായ മുഴുവൻപേർക്കും സാമ്പത്തിക സഹായവും ചികിത്സാസഹായവും ഉറപ്പ് വരുത്തണം. ചികിത്സാ ആവശ്യങ്ങൾക്കായി വായ്പയെടുത്തവരുടെ കടങ്ങളും എഴുതിത്തള്ളണമെന്നും ജനകീയമുന്നണി ഭാരവാഹികളും ആവശ്യപ്പെട്ടു.

വിവിധ ആവശ്യങ്ങളുന്നയിച്ച് 124 ദിവസമായി കാസർകോട് കളക്ടറേറ്റിന് മുന്നിൽ എൻഡോസൾഫാൻ ദുരിതബാധിതരായ അമ്മമാർ സമരത്തിലാണ്.

ഇതിനെറ തുടർച്ചയായാണ് തിരുവോണനാളിൽ മുഖ്യമന്ത്രിയുടെ ഔദ്യോഗിക വസതിക്ക് മുന്നിൽ സമരം നടത്തുന്നതെന്ന് അമ്മമാരുടെ സമരസമിതി അംഗം എം.സുൽഫത്ത് പറഞ്ഞു.

പത്രസമ്മേളനത്തിൽ ടി. ശോഭന, എം.ഷാജിർ ഖാൻ, മാഗ്ലിൻ പീറ്റർ, എ.മോഹൻകുമാർ, വെള്ളിനാട് രാമചന്ദ്രൻ, അമീർകണ്ണൽ തുടങ്ങിയവരും പങ്കെടുത്തു.

2 ബുധൻ 2012 www.manoramao

എൻഡോസൾഫാൻ ദുരിതം: അമ്മമാർ പട്ടിണിസമരത്തിന്

തിരുവനന്തപുരം• എൻഡോസൾഫാൻ ദുരിതബാധിതർക്കു നഷ്ടപരിഹാരം, ചികിൽസാസഹായം, പുനരധിവാസം എന്നിവ ലഭ്യമാക്കുന്നതിൽ സംസ്ഥാന സർക്കാർ കാണിക്കുന്ന അനാസ്ഥയിൽ പ്രതിഷേധിച്ചു ദുരിതബാധിതരുടെ അമ്മമാർ തിരുവോണനാളിൽ മുഖ്യമന്ത്രിയുടെ വസതിക്കു മുന്നിൽ പട്ടിണികിടക്കുമെന്നു സമരസമിതി പ്രസിഡന്റ് ടി. ശോഭനയും കൺവീനർ അമ്പലത്തറ കുഞ്ഞികൃഷ്ണനും അറിയിച്ചു.

ദേശീയ മനുഷ്യാവകാശ കമ്മിഷന്റെ നിർദേശങ്ങൾ അതേപടി നടപ്പാക്കണമെന്നാവശ്യപ്പെട്ടു 124 ദിവസമായി ഈ അമ്മമാർ കാസർകോട് കലക്ടറേറ്റിനു മുന്നിൽ നിരാഹാരം നടത്തുകയാണ്. കമ്മിഷന്റെ ശുപാർശകൾ അട്ടിമറിച്ചു നഷ്ടപരിഹാരം വളരെക്കുറച്ചു പേർക്കു മാത്രമായി പരിമിതപ്പെടുത്താനാണു സർക്കാർ ശ്രമിക്കുന്നത്. പുതിയ പട്ടിക പ്രകാരം 180 പേർക്കു മാത്രമാണു കമ്മിഷൻ ശുപാർശ ചെയ്ത അഞ്ചു ലക്ഷം രൂപ ലഭിക്കുക. 2010 ഓഗസ്റ്റിലും ഡിസംബറിലും കണ്ടെത്തിയ ഇരകളുടെ പട്ടിക അംഗീകരിക്കാൻ പോലും സർക്കാർ തയാറാകുന്നില്ല.

നഷ്ടപരിഹാരം നിശ്ചയിക്കാൻ ട്രൈബ്യൂണൽ രൂപീകരിക്കണമെന്നും ചികിൽസയ്ക്കായി എടുത്ത വായ്പകൾ എഴുതിത്തള്ളണമെന്നും സമര സമിതി ഭാരവാഹികൾ ആവശ്യപ്പെട്ടു.

രക്ഷിതാക്കൾ വിഷം നൽകിക്കൂടാ...

■ സുഗതകുമാരി

'കേരം എൻഡോസംഹാരപ്പും' എന്ന മാതൃഭൂമി വാർത്ത മനോവേദനയോടെയാണ് വായിച്ചത്. ഘട്ടംഘട്ടമായി എൻഡോസംഹാരി ഒഴിവാക്കാമെന്ന് കേന്ദ്ര പടിസ്ഥിതി മന്ത്രായം സ്റ്റോക്ക്ഹോം കൺവെൻഷനിൽ നല്കിയ വാക്കാണ് ഇവിടെ ലംഘിക്കപ്പെടുന്നത്. അതിനുപറയുന്ന കാരണങ്ങളും വിചിത്രമാണ്. കേരളവും കർണാടകവും ഒഴികെയുള്ള മറ്റു സ്റ്റേറ്റുകളും ഈ വിഷത്തിനെതിരെ പരാതി നല്കിയിട്ടില്ല. കുറേ അധികം സ്റ്റോക്ക് കൈവശമുണ്ട്. അത് നശിപ്പിക്കാൻ ചെലവു വളരെ അധികമാണ് തുടങ്ങിയവ!

വിഷം നശിപ്പിക്കാൻ ചെലവേറുമെന്നതിനാൽ അത് നശിപ്പിക്കേണ്ട കാര്യമില്ല. ഉള്ള തുപയോഗിച്ചു നീർക്കാമത്തേ ഗംഭീരമായ ആശയം! ഇപ്പറയുന്ന സർക്കാർ വകുപ്പിലെ (ഡയറക്ടറേറ്റ് ഓഫ് പ്ലാൻറ് പ്രൊട്ടക്ഷൻ ക്വാറന്റൈൻ ആൻഡ് സ്റ്റോറേജ്) ഉദ്യോഗസ്ഥന്മാർ ഈ വിഷം സ്വഗൃഹങ്ങളിൽ സ്വന്തം പച്ചക്കറിത്തോട്ടങ്ങളിൽ ഉപയോഗിക്കാൻ തയ്യാറാണോ? അല്ല എന്നാണുത്തരമെങ്കിൽ മറ്റൊരാൾക്ക് വിതരണം ചെയ്യാൻ അവർക്കധികാരമില്ലതന്നെ.

കുറച്ചു മാസങ്ങൾക്കു മുമ്പ് എനിക്ക് വിചിത്രമായ ഒരനുഭവമുണ്ടായി. റാന്നി ബിഷപ്പിന്റെ ക്ഷണപ്രകാരം മാനസികരോഗികളുടെ സംരക്ഷണം സംബന്ധിച്ച ഒരു പരിപാടിയിൽ പങ്കെടുക്കാൻ ഞാൻ പോവുകയായിരുന്നു. റാന്നി അടുക്കാറായപ്പോഴും റോഡരികിലെ ഒരു പുരയിടത്തിൽ കൈതച്ചക്കകം കുന്നുപോലെ കൂട്ടിയിട്ട് വില്പന നടത്തികൊണ്ടിരിക്കുന്നതുകണ്ട് ഞാൻ കാറ് നിർത്തിച്ച് കൂടെയുള്ളവരോട് പറഞ്ഞു -"നാട്ടിൻപുറത്തെ കൃഷിയാണ്, നമുക്ക് കുറേ വാങ്ങാം." ഞങ്ങം കൈതച്ചക്ക നോക്കുന്നതുകണ്ട ഉടമസ്ഥൻ ഓടിയെത്തി കരംകൂപ്പി "അയ്യോ ഇതൊരാ വന്നിരിക്കുന്നേ" തുടങ്ങി അതിവിനയത്തിന്റെ മധുരവാക്കുകളോടെ എതിരേറ്റു. ഞാൻ പറഞ്ഞു -"നിങ്ങളുടെ കൈതച്ചക്ക കണ്ട് ഇറങ്ങിയതാണ്. പത്തുപന്ത്രണ്ടെണ്ണം വേണം. എല്ലാവർക്കും കൊടുക്കാമല്ലോ." -ഉടമസ്ഥൻ എന്റെറ അരികിൽ വന്ന് പതുക്കെ മന്ത്രിച്ചു - "എനിക്കൊരുകുട്ടം പറയാനുണ്ട്. ഇങ്ങോട്ടു നിങ്ങി നിന്നാട്ടെ" എന്നെ ഒരല്പം അകലേക്ക് മാറ്റി നിർത്തി അയാൾ രഹസ്യമായി പറഞ്ഞു - "അയ്യോ ഈ ചക്ക ഞാനമ്മൂട്ടീതരത്തില്ല ഇതപ്പടി വിഷമാ! അമ്മയൊക്കെ പാവങ്ങൾക്ക് പുണ്യങ്ങളം ചെയ്യുന്ന ആളുകളാ. ഇതു തന്നാൽ എനിക്ക് പാപം കിട്ടും".

ഇതുകേട്ട് അമ്പരന്നു നില്ക്കുന്ന എന്നെ ആ എസ്റ്റേറ്റ് ഉടമ സമാധാനിപ്പിച്ചു - "ഞാൻ വേറെ കൊറേ ചക്ക കൃഷിചെയ്യുന്നുണ്ട്. എനെറ വീട്ടുകാർക്കും ആളുകൾക്കുമൊക്കെ കൊടുക്കണ്ടേ. അതിന് കുറേ ഇപ്പോ കൊണ്ടിരിക്കാ. അമ്മയുടെ കയ്യിന്ന് ഞാൻ പൈസയൊന്നും വാങ്ങിക്കത്തില്ല. എനെറ ഒരു സന്തോഷത്തിനാണേ!"

മുഖത്ത് പൊള്ളലേറ്റപോലെ ഞാൻ ഞെട്ടിത്തരിച്ചുനിന്നു. എന്നിട്ട്, ഓരോ ചക്ക തിരഞ്ഞുനോക്കി എടുത്ത്, തൊഴിൽ കഴിഞ്ഞു പോകുന്ന സ്ത്രീകളെ ചൂണ്ടി പറഞ്ഞു. "സഹോദരാ, നിങ്ങടം ഇതുയും വയസ്സായ എനെറ ആരോഗ്യത്തെപ്പറ്റി വിഷമിക്കുന്നു. അതാ ആ പാവപ്പെട്ട പെണ്ണുങ്ങടം ഓരോ കൈതച്ചക്ക വാങ്ങിക്കൊണ്ടുപോവുന്നത് അവർക്ക് തിന്നാനല്ല. അവരെ കാത്തിരിക്കുന്ന കുഞ്ഞുങ്ങൾക്ക് ചെത്തിപ്പുള്ളി ഓരോ കഷണമായി വായിൽ വെച്ചു കൊടുക്കാനാണ്. ഇതു ഹോ പാപമല്ലേ."?

ഉടമസ്ഥനെറ ഭാവം മാറി. മുഖം കടുത്തു- "വേദാന്തം പറഞ്ഞുകൊണ്ടിരുന്നാലേ കച്ചോടം മുതലാകത്തില്ല" എന്നു പ്രമാണം പറയുന്നതു കേട്ടുകൊണ്ട് ഞാൻ തിരിഞ്ഞു നടന്നു.

ഒന്നാലോചിക്കുക, ആ എസ്റ്റേറ്റ് ഉടമയും നമ്മുടെ കേന്ദ്രസർക്കാർ ഉദ്യോഗസ്ഥരും തമ്മിൽ വലിയ വ്യത്യാസമുണ്ടോ? നമുക്ക് വേണ്ടാത്തത് മറ്റേതെങ്കിലും രാജ്യത്തേക്ക് കയറ്റുമതി ചെയ്താലോ. ഉത്പാദിപ്പിച്ചുപോയത് വെറുതെ കത്തിച്ചുകളയാനൊക്കുമോ? അതിനും യേതര ചെലവ്! അതുകൊണ്ട് നിന്നു തിരക്കാൻ ആർക്കെങ്കിലും കൊടുക്കാം! ലാഭം ഇങ്ങു പോരട്ടെ!

കുറച്ചൊക്കെ വിദ്യാഭ്യാസമുള്ള കേരളത്തിന് വേണ്ടാ..., കർണാടകത്തിനും വേണ്ടാ..., മറ്റു സ്റ്റേറ്റുകളും ഇക്കാര്യം ശ്രദ്ധിച്ചുതുടങ്ങിയിട്ടില്ല. അറിയാമെങ്കിലും അറിയില്ലെന്നു നടിക്കുന്ന തമിഴ്നാടിന്റെ ഉദാസീന മനോഭാവം നമുക്ക് മനസ്സിലാക്കാൻ കഴിയുന്നതിലും അപ്പുറത്താണ്. അതിനാൽ അന്തരാരാഷ്ട്ര വേദികളുള്ള കൂടാൻ കിടനാശിനി കമ്പനികം വിജയിക്കട്ടെ. അവർ തരുന്ന വിഷം ഞങ്ങളെങ്ങനെയെങ്കിലുമൊക്കെ ചെലവാക്കിക്കൊള്ളാം. ലാഭോണല്ലോ പരമലക്ഷ്യം.

കാസർകോട് ഞാൻ ചില കുഞ്ഞുങ്ങളെ കണ്ടു. ഒന്നര വയസ്സിന്റെറ ശരീരവലുപ്പവും വൃദ്ധമുഖവുമുള്ള നാലുവയസ്സുകാരനെയും അച്ഛന്റെറ തോളിൽ ചാഞ്ഞുകിടക്കുന്ന എഴുപത്തഞ്ചുവയസ്സിന്റെറ മുഖമുള്ള പിഞ്ചു പൈതലിനെയും കണ്ട് നിലവിളിക്കാതിരിക്കാൻ വായ പൊത്തിപ്പിടിച്ചതോർമ്മിക്കുന്നു. ഉമ്മ സ്കൂളിൽ കണ്ണി കോരിക്കൊടുക്കുന്ന കൈകളേകം തേമ്പിവളഞ്ഞ നാല്തുകാരന്റെ വായ പിളർന്നുള്ള കിടപ്പ് ഓർമിക്കുന്നു. കണ്ണു കാണാതെ തപ്പിത്തടഞ്ഞ് എന്റെകൈയിൽ വന്ന് മുറുകെപ്പിടിച്ച സുന്ദരി പെൺകിടാങ്ങളെ ഓർമിക്കുന്നു. ഈ പാവങ്ങൾക്ക് ആര് ഉത്തരം പറയും? ഈ പാവങ്ങൾക്ക് ആര് സമാധാനം നല്ലും?

കമ്പനി ശാസ്ത്രജ്ഞർ വാദമുഖങ്ങളുയർത്തുന്നു. എൻഡോസംഹാരി ആകാശത്തു നിന്ന് തളിച്ചതിനാലാണ്, കുടിവെള്ളത്തിൽ കലർന്നതിനാലാണ്, വിവരമില്ലാത്ത കൃഷിക്കാർ അധികമായി ഉപയോഗിച്ചതിനാലാണ് കുഴപ്പങ്ങളുണ്ടായത്. അല്ലെങ്കിൽ അത് തികച്ചും നിർദോഷം! നിശ്ചയം! അപകടരഹിതം! കൃഷിയുടെ ആരോഗ്യസംവർധകം!

വലിയ മത്തങ്ങയോളം തലപെരുകിയ, വയറൊപ്പിച്ചുകയറുമ്പോഴും ശ്വാസം വരാത്ത പിഞ്ചുപൈതങ്ങളെയുംകൊണ്ട് നമുക്ക് കേന്ദ്രം വരെ പോയാലോ? ഭരണകർത്താക്കളുടെ മുന്നിൽ അവരെ നിരത്തിക്കിടത്തിയിട്ട് "ഇവരെ നോക്കൂ... ലോകത്തെവിടെയുമുള്ള കുഞ്ഞുങ്ങളും നമ്മുടെ കുഞ്ഞുങ്ങളല്ലേ? അവരും ഇവരെപ്പോലെ ആകണോ" എന്നു ചോദിക്കാം. "ആ അമ്മമാരും കാസർകോട്ടെ അമ്മമാരെപ്പോലെ കണ്ണീരിൽ മുങ്ങിച്ചാവണോ" എന്നു ചോദിക്കാം. അന്ധവും ബധിരവും കഠിനവുമായ ഭരണകൂടം മറുപടി നല്കട്ടെ.

മലയാള മനോരമ

26 August 2012

എൻഡോസൾഫാൻ: ആരെയും അപമാനിച്ചില്ലെന്നു മുഖ്യമന്ത്രി

തിരുവനന്തപുരം• എൻഡോസൾഫാൻ ദുരിതബാധിതരുടെ പ്രശ്നങ്ങൾ ബന്ധപ്പെട്ട എല്ലാവരുമായി ആലോചിച്ചു പരിഹരിക്കാനാണു സർക്കാർ ശ്രമിക്കുന്നതെന്നും ആരെയും അപമാനിച്ചിട്ടില്ലെന്നും മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി. ചർച്ചയ്ക്കു വിളിച്ചുവരുത്തി അപമാനിച്ചെന്ന എൻഡോസൾഫാൻ പീഡിത ജനകീയ മുന്നണി ഭാരവാഹികളുടെ ആരോപണത്തോടു പ്രതികരിക്കുകയായിരുന്നു അദ്ദേഹം.

കാസർകോട്ടു നിന്ന് ഇവർ എത്തുന്ന സമയം കണക്കാക്കിയാണു രാത്രി എട്ടിന് യോഗം നിശ്ചയിച്ചത്. സമരവുമായി ബന്ധപ്പെട്ട ഏതാനും സ്ത്രീകൾ മാത്രമാണു വന്നത്. ബന്ധപ്പെട്ട എംപി, എംഎൽഎമാർ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, ദുരിതബാധിതരുടെ പ്രതിനിധികൾ തുടങ്ങി എല്ലാവരും ഉൾപ്പെടുന്ന സമിതിയിൽ തീരുമാനമെടുക്കുകയാണ് ഉചിതമെന്നു തോന്നിയതിനാലാണു കാസർകോടു വച്ച് മറ്റൊരു യോഗം ഉടൻ ചേരാമെന്നു നിർദേശിച്ചത്. സാധ്യമായ വിഷയങ്ങളിൽ ആ യോഗത്തിൽ തന്നെ തീരുമാനമെടുത്തശേഷം ബാക്കി കാര്യങ്ങൾ മന്ത്രിസഭയുടെ പരിഗണനയ്ക്കു വിടാനും ധാരണയായി.

ദേശീയ മനുഷ്യാവകാശ കമ്മിഷൻ ശുപാർശകൾ നടപ്പാക്കുമെന്നും, രോഗബാധിതരുടെ ലിസ്റ്റ് സംബന്ധിച്ച അപാകതകൾ പരിഹരിക്കുമെന്നും യോഗത്തിൽ താൻ അറിയിച്ചതായി മുഖ്യമന്ത്രി പറഞ്ഞു. അപ്പോഴാണു ദുരിതബാധിതരുടെ കടങ്ങൾ എഴുതിത്തള്ളാൻ അപ്പോൾത്തന്നെ തീരുമാനമെടുക്കണമെന്ന ആവശ്യം ഉയർന്നത്. അവ്യക്തമായ കണക്കുകൾ മാത്രമുള്ളതിനാൽ അടുത്ത ചർച്ചയിൽ ഇതും ഉൾപ്പെടുത്താമെന്ന ഉറപ്പു നൽകിയാണു മന്ത്രിസഭാ യോഗ തീരുമാനങ്ങൾ വിശദീകരിക്കാൻ താൻ പോയത്. എന്നാൽ, ഇവർ നേരത്തേ നിശ്ചയിച്ചതുപോലെ മുദ്രാവാക്യം വിളിക്കുകയും കൂത്തിയിരിപ്പു സമരം പ്രഖ്യാപിക്കുകയുമാണു ചെയ്തതെന്നും മുഖ്യമന്ത്രി പറഞ്ഞു. എൻഡോസൾഫാൻ ദുരിതബാധിതർക്കു വേണ്ടി ഏറെ നടപടികൾ എടുത്തത് ഈ സർക്കാരാണെന്നും, ഇനിയും എല്ലാ സഹായങ്ങളും നൽകുമെന്നും മുഖ്യമന്ത്രി അറിയിച്ചു.

മാതൃഭൂമി

23 August 2012

എൻഡോസൾഫാൻ പുനരധിവാസം അട്ടിമറിക്കുന്നു -വി.എസ്.

23/8/12 MBh

തിരുവനന്തപുരം: എൻഡോസൾഫാൻ ഇരകളെ പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതി അട്ടിമറിക്കുകയും ദേശീയ മനുഷ്യാവകാശ കമ്മീഷൻ ശുപാർശകൾ വളച്ചൊടിക്കുകയുമാണ് സംസ്ഥാന സർക്കാരെന്ന് പ്രതിപക്ഷ നേതാവ് വി.എസ്. അച്യുതാനന്ദൻ പ്രസ്താവനയിൽ പറഞ്ഞു.

എൻഡോസൾഫാൻ ഇരകളുടെ ബാങ്ക് വായ്പകൾ എഴുതിത്തള്ളുന്നതിന് മുൻ ഗവണ്മെൻറ് ആരംഭിച്ച നടപടി ഉപേക്ഷിച്ചിരിക്കുകയാണ്. എൻഡോസൾഫാൻ ദുരിതത്തിനിരയായവരുടെ കടങ്ങൾക്ക് മുൻ സർക്കാർ മൊറട്ടോറിയം ഏർപ്പെടുത്തിയിരുന്നു. കഴിഞ്ഞ മാർച്ച് 31 ഓടെ മൊറട്ടോറിയം കാലാവധി കഴിഞ്ഞിരിക്കുകയാണ്. കടങ്ങൾ എഴുതിത്തള്ളുന്നത് സംബന്ധിച്ച നടപടികൾക്കായി മുൻ ഗവണ്മെൻറ് ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിരുന്നു. എന്നാൽ ആ നടപടി നിർത്തിവെച്ചു.

മൊറട്ടോറിയം കാലാവധി നിട്ടാത്തതിനാൽ ജപ്തി നടപടികൾ ആരംഭിച്ചിരിക്കുകയാണ്. കടങ്ങൾ അടിയന്തരമായി എഴുതിത്തള്ളാൻ സർക്കാർ നടപടി സ്വീകരിക്കണം-വി.എസ്. ആവശ്യപ്പെട്ടു.



ആൾകേരളാ പെട്രോൾപമ്പ് വർക്കേഴ്സ് യൂണിയൻ (എഐഎൻടിയുസി) പ്രസിഡൻറ് തമ്പാനൂർ രവി, വർക്കിങ് പ്രസിഡൻറ് കാച്ചാണി രവി, ജനറൽസെക്രട്ടറി നൗഷാദ് കായ്പാടി

മംഗളം

24 August 2012

കോടതിയെ കബളിപ്പിച്ചു കേന്ദ്രം; കൂട്ടിനു കീടനാശിനി കമ്പനികളും

■ വി. ധനുജ്കർ

കാസർഗോഡ് ജില്ലയിൽ വ്യാപകമായി ദുരന്തം വിതച്ച എൻഡോസൾഫാൻ നിരോധിക്കുന്ന കാര്യത്തിൽ ഉരുണ്ടുകളിക്കുന്ന കേന്ദ്രസർക്കാർ ഇതു സംബന്ധിച്ച് സുപ്രീംകോടതിയിലെ കേസിലും പാര വച്ചിച്ചു.

എൻഡോസൾഫാൻ നിരോധനം 'ഘട്ടം ഘട്ടമായി' നടപ്പിലാക്കാൻ സ്റ്റോക്ഹോം കൺവൻഷൻ തീരുമാനിച്ചത് അംഗീകരിക്കുന്നു എന്നാണ് കേന്ദ്രം കോടതിയിൽ നൽകിയ സത്യവാങ്മൂലം. കീടനാശിനി കമ്പനികൾ ബോധിപ്പിച്ചതും ഇതു തന്നെ. എന്നാൽ, കേന്ദ്രസർക്കാരും കീടനാശിനി കമ്പനികളും സുപ്രീംകോടതിയെ തെറ്റിദ്ധരിപ്പിക്കുകയായിരുന്നു നിരോധനത്തെക്കുറിച്ച് സൂചിപ്പിക്കുന്ന കൺവൻഷൻ ഘട്ടം ഉച്ചകോടിയിൽ ഒരു ഭാഗത്തും ഘട്ടംഘട്ടമായി നിരോധനം നടപ്പിലാക്കണമെന്നു പറഞ്ഞിട്ടില്ല.

കഴിഞ്ഞ സ്റ്റോക്ഹോം ഉച്ചകോടിയിലാണ് മാനവരാശിക്ക് അപകട ഭീഷണിയാകുന്ന രാസവസ്തുക്കളുടെ 'എ' പട്ടികയിലേക്ക് എൻഡോസൾഫാനെ ഉൾപ്പെടുത്തിയത്. അഗോളതലത്തിൽ എൻഡോസൾഫാനെ നിരോധിക്കാനുള്ള പ്രമേയം അവതരിപ്പിച്ചപ്പോൾ എതിർത്തില്ല എന്നതു മാത്രമാണ് ഇന്ത്യ ചെയ്തത്. ഈ പ്രമേയാവതരണം തന്നെ നിരോധനത്തിന്റെ പ്രാരംഭ നടപടി മാത്രമാണ്.

ഐക്യരാഷ്ട്ര സംഘടന അംഗീകരിച്ച ആറു ഭാഷകളിൽ ഉത്തരവ് പുറത്തിറങ്ങി ഒരു വർഷം പൂർത്തിയാകുമ്പോഴാണ് ആഗോള നിരോധനം നടപ്പിലാക്കുന്നത്.



ഇതാദ്യത്തെ വിജ്ഞാപനം. 2011 ഒക്ടോബർ 27 നാണു പുറത്തിറങ്ങിയത് പൂർണമായ ആഗോള നിരോധനത്തിനായി 63 ദിവസങ്ങൾകൂടി കാത്തിരിക്കേണ്ടി വരും. ആഗോള നിരോധനം നിലവിൽ വന്നാലും ഇന്ത്യക്കു ബാധകമല്ലെന്നതാണ് മറ്റൊരു വസ്തുത. 178 അംഗരാജ്യങ്ങളിൽ ഇന്ത്യ ഉൾപ്പെടുന്ന 18 രാജ്യങ്ങൾ 25(4) വകുപ്പ് പ്രകാരമാണു പട്ടിക അംഗീകരിച്ചത്. ഈ വകുപ്പു അനുസരിച്ച് അതതു രാജ്യങ്ങളിലെ സർക്കാരുകൾ അംഗീകരിക്കാതെ നിരോധനം നടപ്പിലാകില്ല. എൻഡോസൾഫാനെ പുറത്തുള്ളതുള്ള സ്റ്റോക്ഹോം കൺവൻഷനിലെ തീരുമാനം കേന്ദ്ര സർക്കാർ അംഗീകരിക്കാത്തിടത്തോളം കാലം ആഗ്യന്തരമായി എൻഡോസൾഫാൻ ഉപയോഗിക്കാൻ കഴിയും.

രാജ്യത്തിന്റെ പരമോന്നത കോടതിയെ കബളിപ്പിക്കുന്നതിന്റെ ഭാഗമായി കീടനാശിനി കമ്പനികൾ കൂടി കൈകോർക്കുന്നതോടെ ഇന്ത്യയിലെ നിരോധനം പിൻവലിച്ചാൽ കാസർഗോഡ് ജില്ലയിലുൾപ്പെടെയുള്ള സ്ഥലങ്ങളിലെ ആരോഗ്യപ്രശ്നങ്ങൾക്കു കാരണം എൻഡോസൾഫാൻ അല്ലെന്ന കീടനാശിനി കമ്പനികളുടെ വാദം ശരിയായിക്കൂടും. അതിനാൽ എന്തു വില കൊടുത്തും കീടനാശിനി കമ്പനികളുടെ വാദത്തെ തകർക്കാതെ സംസ്ഥാനത്തിനു മുന്നോട്ടു പോകാനാവില്ല.

പൂർണമായ ആഗോള നിരോധനത്തിനായി 63 ദിവസങ്ങൾകൂടി കാത്തിരിക്കേണ്ടി വരും. ആഗോള നിരോധനം നിലവിൽ വന്നാലും ഇന്ത്യക്കു ബാധകമല്ലെന്നതാണ് മറ്റൊരു വസ്തുത.

എൻഡോസൾഫാൻ ബാൻ സംബന്ധിച്ച് ഒരുക്കുന്നതിനായി അഞ്ചു വർഷം സമയം സ്റ്റോക്ഹോം ഉച്ചകോടി അംഗീകരിക്കുന്നുണ്ട്. ഈ അഞ്ചു വർഷ സമയ പരിധിക്കുള്ളിൽ നിരോധനം പൂർണമായും നടപ്പിലാക്കാൻ കഴിഞ്ഞില്ലെങ്കിൽ ഉച്ചകോടിയുടെ അനുമതിയോടെ അഞ്ചു വർഷം കൂടി സമയം ലഭിക്കും.

എന്നാൽ ആഗോള നിരോധനം ഇന്നു അംഗീകരിച്ച് ഐക്യരാഷ്ട്ര സംഘടനയെ അറിയിക്കാത്തതിനാൽ എത്ര വർഷം വേണമെങ്കിലും രാജ്യത്ത് എൻഡോസൾഫാൻ ഉപയോഗിക്കാനാകും. സ്റ്റോക്ഹോം കൺവൻഷൻ നിർദേശങ്ങളെ ആദ്യം എതിർത്ത കീടനാശിനി കമ്പനികൾ ഇപ്പോൾ പിന്താങ്ങുന്നതിന് പിന്നിൽ ഈ തിരിച്ചറിവ് തന്നെയാണ്. എൻഡോസൾഫാൻ, രാജ്യവ്യാപകമായി ഏർപ്പെടുത്തിയ താൽക്കാലിക നിരോധനം. സുപ്രീംകോടതി കോടതി പിൻവലിച്ചാൽ സംസ്ഥാന സർക്കാരിന് എൻഡോസൾഫാൻ ഉൽപ്പാദനമായിരിക്കും.

മംഗളം

24 August 2012

എൻഡോസൾഫാൻ: തിരുവോണ ദിവസം മുഖ്യമന്ത്രിയുടെ വസതിക്കു മുന്നിൽ കുത്തിയിരിപ്പ് സമരം

തിരുവനന്തപുരം: എൻഡോസൾഫാൻ മൂലം രോഗികളായ കുട്ടികളുമായി കാസർകോട്ടുനിന്നും നൂറുകണക്കിന് അമ്മമാർ തിരുവോണദിവസം മുഖ്യമന്ത്രിയുടെ ഔദ്യോഗിക വസതിക്കു മുന്നിൽ സമരമിരിക്കുമെന്ന് സമരസമിതി പ്രസിഡന്റ് ടി. ശോഭന അറിയിച്ചു.

എൻഡോസൾഫാൻ ദുരിത ബാധിതരോടുള്ള സർക്കാരിന്റെ നിഷേധാത്മക സമീപനമാണ് ഇന്നലെ നടന്ന ചർച്ച പരാജയപ്പെടാൻ ഇടയാക്കിയതെന്ന് അവർ പത്രസമ്മേളനത്തിൽ കുറ്റപ്പെടുത്തി.

ആരോഗ്യ മന്ത്രിയേയും സാമൂഹ്യക്ഷേമ മന്ത്രിയേയും കാസർകോട്ടേക്കു അയയ്ക്കാമെന്നും കലക്ടറുമായി ചർച്ച ചെയ്ത് കാര്യങ്ങൾ തീരുമാനിക്കാമെന്നും അറിയിച്ച് മുഖ്യമന്ത്രിയും സാമൂഹ്യ ക്ഷേമമന്ത്രിയും എം.

സർക്കാരിന്റേത് നിഷേധാത്മക സമീപനമെന്ന് സമരസമിതി



എൽ.എമാരും യോഗത്തിൽ നിന്നും എണീറ്റുപോയപ്പോൾ മറ്റു മാർഗമില്ലാത്തതിനാൽ തങ്ങൾ അവിടെ ഇരിപ്പായി. പിന്നീട് പോലീസ് എത്തി നീക്കം ചെയ്തു.

കാസർകോട് കലക്ടറേറ്റിനു മുന്നിൽ 127 ദിവസമായി അനിശ്ചിതകാല സത്യഗ്രഹമരം നടത്തുന്ന അമ്മമാരെ ചർച്ചക്കു വിളിക്കുകയും ദുരിതബാധിതരെ അപമാനിക്കുന്നതരത്തിൽ പെരുമാറുകയും ചെയ്ത നടപടിയിൽ ശക്തമായ പ്രതിഷേധമുണ്ട്.

കാസർകോട്ടെ എം.എൽ.എമാർ വഴി ചർച്ചക്കുവിളിക്കുകയും രാത്രി എട്ടു മണിക്ക് മുഖ്യമന്ത്രി ചർച്ചക്ക് തയാറാണെന്ന് കാസർകോട് നിന്നുള്ള എം.എൽ.എ. എൻ. എ. നെല്ലിക്കുന്ന് അറിയിക്കുകയും ചെയ്തതനുസരിച്ചാണ് ദുരിതബാധിതരായ 10 അമ്മമാർ സമരസമിതി പ്രവർത്തകരോടൊപ്പം എത്തിയത്.

മനുഷ്യാവകാശ കമ്മിഷൻ പറഞ്ഞ കാര്യങ്ങൾ മാത്രമേ നടപ്പാക്കാനാവുകയെന്നും ദുരിതബാധിതരുടെ കടത്തെക്കുറിച്ച് കമ്മിഷൻ ഒന്നും പറഞ്ഞിട്ടില്ലെന്നുമാണ് മുഖ്യമന്ത്രി അറിയിച്ചതെന്ന് ശോഭന പറഞ്ഞു.

സമരസമിതി നേതാക്കളായ രോഹിണി, സരോജ, സുൽഫത്ത്, എൻഡോസൾഫാൻ ഇരയായ കുട്ടിയുടെ അമ്മ മാഗ്ലിൻ പീറ്റർ എന്നിവരും പത്രസമ്മേളനത്തിൽ സംബന്ധിച്ചു.

ആരോഗ്യവകുപ്പിന്റെ മൗനം കേരളത്തിനു തിരിച്ചടിയായി





എൻഡോസൾഫാൻ: ആരെയും അപമാനിച്ചില്ലെന്നു മുഖ്യമന്ത്രി

മാതൃഭൂമി

27 August 2012

എൻഡോസൾഫാൻ: അർഹതയുള്ള എല്ലാവർക്കും ആനുകൂല്യം നൽകും-മുഖ്യമന്ത്രി

തിരുവനന്തപുരം: അർഹതയുള്ള എല്ലാ എൻഡോസൾഫാൻ ദുരിതബാധിതർക്കും ആനുകൂല്യം നൽകുമെന്ന് മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി വ്യക്തമാക്കി. പി. കരുണാകരൻ എം.പി., ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് പി. പി. ശ്യാമളാദേവി തുടങ്ങിയവരുമായി നടത്തിയ ചർച്ചയിലാണ് ഇത് സംബന്ധിച്ച തീരുമാനമുണ്ടായത്.

പൂർണമായി കിടപ്പിലായ എൻഡോസൾഫാൻ ബാധിതരുടെ പ്രാഥമിക ലിസ്റ്റാണ് ഇപ്പോഴുള്ളത്. ഇത് അന്തിമലിസ്റ്റാണെന്ന് ചിലർ തെറ്റിദ്ധരിച്ചു. ഇതിലുള്ള പരാതികൾ പരിഹരിച്ച് അന്തിമലിസ്റ്റ് തയ്യാറാക്കാനുള്ള നടപടികൾ ത്വരപ്പെടുത്തുമെന്ന് മുഖ്യമന്ത്രി ചർച്ചയിൽ അറിയിച്ചു.

എൻഡോസൾഫാൻ വിഷയത്തിൽ മന്ത്രിമാരായ ഡോ. എം. കെ. മുനീർ, വി.എസ്. ശിവകുമാർ, കെ.പി. മോഹനൻ എന്നിവർ അടുത്തയാഴ്ച കാസർകോട് സന്ദർശിക്കും. ഇവർ പി. കരുണാകരൻ എം.പി., ജില്ലാ പഞ്ചായത്ത് പ്രസിഡൻറ്, എം.എൽ.എ.മാർ തുടങ്ങിയവരുമായി ചർച്ച നടത്തും. ഇതിനുശേഷം സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുമെന്നും മുഖ്യമന്ത്രി അറിയിച്ചു.

ദുരിതബാധിതരുടെ കടത്തെഴുതള്ള മോറട്ടോറിയം നീട്ടുന്നത് ഉൾപ്പടെയുള്ള കാര്യങ്ങളും പരിശോധിക്കാൻ കമ്മിറ്റിയെ യോഗിക്കും. മനുഷ്യാവകാശ കമ്മിഷൻ ശുപാർശ നടപ്പാക്കാൻ സർക്കാർ കഴിഞ്ഞ ജൂണിൽ ഉത്തരവ് പുറപ്പെടുവിച്ചു. ഈ നടപ്പാക്കാൻ നടപടികളും ആരംഭിച്ചുവെന്നും മുഖ്യമന്ത്രി യോഗത്തിൽ അറിയിച്ചു.

മംഗളം

27 August 2012

എൻഡോസൾഫാൻ: ആരെയും അപമാനിച്ചില്ലെന്നു മുഖ്യമന്ത്രി

തിരുവനന്തപുരം. എൻഡോസൾഫാൻ ദുരിതബാധിതരുടെ പ്രശ്നങ്ങൾ ബന്ധപ്പെട്ട എല്ലാവരുമായി കൂടിയാലോചിച്ച് പരിഹരിക്കാനാണു സർക്കാർ ശ്രമിക്കുന്നതെന്നും ആരെയും അപമാനിച്ചിട്ടില്ലെന്നും മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി. ചർച്ചയ്ക്കു വിളിച്ചുവരുത്തി മുഖ്യമന്ത്രി അപമാനിച്ചെന്ന എൻഡോസൾഫാൻ പീഡിത ജനകീയ മുന്നണി ഭാരവാഹികളുടെ ആരോപണത്തോടു പ്രതികരിക്കുകയായിരുന്നു മുഖ്യമന്ത്രി. ഏറ്റവും കരുണാർദ്രമായ സമീപനം. ആവശ്യമുള്ള എൻഡോസൾഫാൻ ദുരിതബാധിതരോടു സർക്കാരിനു സഹാനുഭൂതിയും സന്തോഷവും മാത്രമേയുള്ളുവെന്നും മുഖ്യമന്ത്രി അറിയിച്ചു.

കാസർകോട് എംഎൽഎ എൻ. എ. നെല്ലിക്കുന്ന് ആണ് ഈ യോഗത്തിനു മുൻകൈ എടുത്തത്. വ്യാഴാഴ്ച രാത്രി എല്ലാപേരിലാണു സമയം അനുവദിച്ചത്. പക്ഷേ, എക്സ്പ്രസിന് ഇവർ വരുമെന്നാണ് എംഎൽഎയെ അറിയിച്ചത്. പക്ഷേരാം എക്സ്പ്രസ് തിരുവനന്തപുരത്തെത്തുന്നത് 8.10നാണ്. എന്നാൽ, നാലുമണി മുതൽ കാത്തിരിക്കുകയായിരുന്നു എന്നാണു സമരക്കാർ പറയുന്നത്. നാലുമണിക്ക് നിശ്ചയമായതു നൂറ്റി ഇരുപത്തഞ്ചാം വാർഷികവും. അഞ്ചു മണിക്ക് മുഖ്യസംഘാടനവും ഉണ്ടായിരുന്നു. എട്ടിനു മുൻപായാലും തീർന്നു ഉടനെ തന്നെ താനുണ്ടാകുമെന്ന് ഉറപ്പിച്ചിട്ടാണ് ഇവരുടെ യോഗം ആരംഭിച്ചത്. അതു രണ്ടരമണിക്കൂർ ചർച്ച നടത്തിയശേഷം രാത്രി ഒൻപതരയോടെ ബ്രഹ്മഗിരി നടത്തിയതെന്ന് മുഖ്യമന്ത്രി പറഞ്ഞു.

എൻഡോസൾഫാൻ സമരവുമായി ബന്ധപ്പെട്ട ആരോപണങ്ങൾ പ്രതികൾ മാത്രമാണു യോഗത്തിനെത്തിയത്. കായ്കോട്ടുനിന്നുള്ള എം.പി, എംഎൽഎമാർ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, എൻഡോസൾഫാൻ ദുരിതബാധിതരുടെ പ്രതിനിധികൾ തുടങ്ങിയ എല്ലാവരും ഉൾപ്പെടുന്ന സമിതിയിൽ തീരുമാനമെടുക്കുകയാണ് ഉചിതമെന്നു തോന്നിയ പശ്ചാത്തലത്തിൽ ഇവരെ എല്ലാവരെയും ഉൾപ്പെടുത്തി കാസർഗോഡുവച്ച് ഉടനെ യോഗം ചേരാമെന്ന് നിർദ്ദേശിച്ചു. കാസർകോഡിന്റെ പുരോഗതിയുള്ള കൃഷിമന്ത്രി കെ.പി. മോഹനൻ, വകുപ്പു മന്ത്രി ഡോ.എം. കെ. മുനീർ എന്നിവരുടെ യോഗത്തിൽ പങ്കെടുത്ത സാധുമായ വിഷയങ്ങളിൽ അവിടെ തീരുമാനം. എടുത്തശേഷം ബാക്കിയുള്ള കാര്യങ്ങൾ മുതിർന്നയുടെ പരിഗണനയ്ക്ക് റിപ്പോർട്ട് ചെയ്യണമെന്നും യോഗത്തിൽ തീരുമാനമായി.

ദേശീയ മനുഷ്യാവകാശ കമ്മീഷന്റെ ശിപാർശകൾ നടപ്പാക്കുന്ന കാര്യത്തിൽ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്നും രോഗബാധിതരുടെ ലിസ്റ്റ് സംബന്ധിച്ച് അപാകതകൾ എന്തും പരിഹരിക്കുമെന്നും മുഖ്യമന്ത്രി ഉറപ്പുനൽകി. അനുഭാവപൂർണമായ നിലപാടാണ് ഉള്ളതെന്നും വ്യക്തമാക്കി. അപ്പോൾ എൻഡോസൾഫാൻ ദുരിതബാധിതരുടെ കണ്ണീർ എന്നുതിനുള്ളോ ഇപ്പോൾ തന്നെ തീരുമാനം. എടുക്കണമെന്ന ആവശ്യം. എടുത്തിട്ട്, ഇതുസംബന്ധിച്ച് അവർക്കായ കണക്കുകൾ മാത്രമേയുള്ളുവെന്നും. അടുത്ത ചർച്ചയിൽ ഇതു. ഉൾപ്പെടുത്താമെന്ന് ഉറപ്പുനൽകുകയും ചെയ്തു. തുടർന്ന് ബ്രഹ്മഗിരിനു പോയി. എന്നാൽ, സമരക്കാർ മുൻകൂർ നിശ്ചയിച്ചിരുന്നുപോലെ മുഖ്യവാക്കു വിളിക്കുകയും. കുത്തിയിരിപ്പു സമരം പ്രഖ്യാപിക്കുകയുമാണു ചെയ്തതെന്ന് മുഖ്യമന്ത്രി ചൂണ്ടിക്കാട്ടി.

എൻഡോസൾഫാൻ ദുരിതബാധിതർക്കുവേണ്ടി ഏറ്റവുമധികം നടപടികൾ എടുത്തിട്ടുള്ളത് ഈ സർക്കാരാണ്. 11 പഞ്ചായത്തുകളെ ദുരിതബാധിതമായി പ്രഖ്യാപിച്ചു. 4182 പേരെ മുന്നു കാറ്റഗറികളിലായി തിരിച്ച് ആദ്യം. രൂപ മുതൽ മാസം രൂപ വരെ പ്രതിമാസ ധനസഹായം നൽകുന്നു. 2561 വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് നൽകി.

ദേശീയ മനുഷ്യാവകാശ കമ്മീഷൻ നിർദ്ദേശിച്ച ശുപാർശകൾ പൂർണമായി അംഗീകരിച്ചു നടപ്പാക്കാൻ കഴിഞ്ഞ ജൂണിൽ ഉത്തരവിറക്കി. പൂർണ കോർപ്പറേഷന്റെ വിഹിതമായി 27 കോടിയിലധികം രൂപ കാസർകോട് കളക്ടറുടെ അക്കൗണ്ടിലേക്കു നിക്ഷേപിച്ചു. മരണമടഞ്ഞവരുടെ ആശ്രിതർക്കും പൂർണമായി കിടപ്പിലായവർക്കും 5 ലക്ഷം രൂപ വീതവും, മറ്റു ശാരീരിക വൈകല്യമുള്ളവർക്ക് മൂന്നുലക്ഷം രൂപ വീതവും നൽകാൻ മന്ത്രിസഭായോഗം തീരുമാനിച്ചു. മരണമടഞ്ഞവരുടെ ആശ്രിതർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ഒരു ലക്ഷം രൂപയുടെ സഹായം 734 പേർക്കു നൽകി.

അതിനുപുറമേ സൗജന്യ വിദഗ്ധചികിത്സയ്ക്കായി 117.21 കോടിയുടെ പദ്ധതിയും പുനരധിവാസത്തിനായി മറ്റൊരു 37 കോടിയുടെ പദ്ധതിയും തയ്യാറാക്കിയിട്ടുണ്ട്. കർണാടകത്തിലുമായി 12 ആശുപത്രികളിൽ വിദഗ്ധചികിത്സ സൗകര്യം ഏർപ്പെടുത്തി. ഇതിനാവശ്യമായ സ്മാർട്ട് കാർഡ് രോഗികൾക്കു ലഭ്യമാക്കി.

ഫിസിയോതെറാപ്പിസ്റ്റിന്റെ സേവനം, സാന്ത്വനചികിത്സ, സൗജന്യ യാത്രാ സൗകര്യം, സൗജന്യ അരി, ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികൾക്ക് ആശുപത്രിയോടനുബന്ധിച്ചുള്ള ബഡ്സ് സ്കൂൾ, 44 കുടുംബങ്ങൾക്ക് വീട് എന്നിവ ലഭ്യമാക്കി.കാസർഗോഡ് ജില്ലയെ ലെപ്രസി ജില്ലയായി പ്രഖ്യാപിക്കുകയും ചെയ്തു. എൻഡോസൾഫാൻ ദുരിതബാധിതർക്ക് പ്രത്യേക സഹായങ്ങൾ ലഭ്യമാക്കുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നതായും മുഖ്യമന്ത്രി അറിയിച്ചു.

31 August 2012

■ എൻഡോസൾഫാൻ കേസ് കോടതി ഇന്നു പരിഗണിക്കും

എൻഡോസൾഫാൻ വിലക്കിൽ വെള്ളം ചേർക്കാൻ കേന്ദ്രനീക്കം

■ വി. ധനുഷോട്
സുപ്രീംകോടതി

സ്റ്റോക്ഹോം ഉച്ചകോടി നിർദ്ദേശപ്രകാരം എൻഡോസൾഫാൻ ഘട്ടംഘട്ടമായി നിരോധിച്ചാൽ മതിയെന്നു കീടനാശിനി കമ്പനികളും കേന്ദ്രസർക്കാരും. പറയുന്നത് എൻഡോസൾഫാൻ ഉൽപാദനവും ഉപയോഗവും തുടരാനുള്ള നീക്കത്തിന്റെ ഭാഗം. സ്റ്റോക്ഹോം ഉച്ചകോടി നിരോധിത പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള നെത് മാരക കീടനാശിനികൾ ഇന്ത്യയിൽ നിരോധിച്ചിട്ടില്ല. ഈ അവസ്ഥ എൻഡോസൾഫാന്റെ കാര്യത്തിലും ഉണ്ടാകാനാണു സാധ്യത.

അതിനിടെ, എൻഡോസൾഫാൻ കേസ് സുപ്രീംകോടതി ഇന്നു പരിഗണിക്കും. എൻഡോസൾഫാൻ നശിപ്പിച്ചു കളയുന്നതിനെക്കാൾ നല്ലത് ഉപയോഗിക്കുകയാണെന്നു പുതുക്കിയ കേന്ദ്ര. ഇന്നലെ സുപ്രീം കോടതിയിൽ റിപ്പോർട്ട് സമർപ്പിച്ചു. എൻഡോസൾഫാൻ പൂർണമായി നശിപ്പിക്കുന്നതിനെക്കുറിച്ച് കോതേ കേന്ദ്രറിപ്പോർട്ട് തേടിയിരുന്നു.

സ്റ്റോക്ഹോം ഉച്ചകോടി നിരോധന പട്ടികയിൽ വർഷങ്ങൾക്കു മുമ്പേ ഉൾപ്പെടുത്തിയിട്ടു. ഇന്ത്യ അംഗീകരിക്കാത്തതിനാൽ ഒൻപത് രാസകീടനാശിനികളാണ് രാജ്യത്ത് ഉപയോഗിക്കുന്നത്. ലിൻഡേയ്ൻ, ക്ലോർഡെക്കോൺ, ടെട്രാബ്രോമോഡി ഫിനൈൽ തുടങ്ങിയ രാസകീടനാശിനികളുടെ നിരോധനം. ഇന്ത്യ അംഗീകരിച്ചിട്ടില്ല. അന്താരാഷ്ട്ര തലത്തിൽ ഈ മാരക രാസകീടനാശിനികൾ നിരോധിച്ചിട്ടുള്ളതാണെങ്കിലും. രാജ്യത്തിനുള്ളിൽ ഉപയോഗിക്കുന്ന കാര്യത്തിൽ അന്തിമ തീരുമാനമെടുക്കേണ്ടത് ഒറ്റിട്ട രാജ്യങ്ങളാണ്. ഈ സ്വാതന്ത്ര്യം ദുരുപയോഗപ്പെടുത്തി പല രാസവസ്തുക്കളും. ഇന്ത്യ ഇതുവരെ നിരോധിച്ചിട്ടില്ല.

ഇന്ത്യ ഉൾപ്പെടെ 19 രാജ്യങ്ങൾ രാജ്യത്തിനകത്ത് നിരോധിച്ചിട്ടുള്ളതാണ് എൻഡോസൾഫാൻ. ബാധകമല്ലെന്ന് സ്റ്റോക്ഹോം നിരീക്ഷകൻ ജയകുമാറിന് അയച്ച കത്തിൽ ഇന്റർനാഷണൽ പോപ്സ് എലിമിനേഷൻ നെറ്റ്വർക്ക് (ഐപെൻ) സീനിയർ കോസ്ട്രഷ്ടന്റും സാങ്കേതിക ഉപദേഷ്ടാവുമായ ഡോ.ജോസഫ് ഡി ഗാംഗി ചൂണ്ടിക്കാട്ടുന്നു.

വീട്ടുപകരണങ്ങളിൽ തീപിടിക്കുന്നത് തടയുന്നതിനായി ഉപയോഗിച്ചിരുന്ന ഹെക്സാ ബ്രൊമൈഡ് ഫിനൈൽ ഉപകോടി നിരോധിച്ചതിനാൽ യൂറോപ്പിൽ നിയന്ത്രിക്കപ്പെട്ടുകഴിഞ്ഞു. മനുഷ്യനും പരിസ്ഥിതിക്കും ദോഷകരമാണെന്ന് കണ്ടെത്തി നിരോധിച്ച ഈ രാസവസ്തു ഇന്ത്യയിൽ സുലഭമാണ്. ഇതേ അവസ്ഥ എൻഡോസൾഫാൻ വിഷയത്തിലും പറയാനാണ് കീടനാശിനി കമ്പനികൾ ശ്രമിക്കുന്നത്. കേരളം, കർണാടക ഒഴികെ എല്ലാ സംസ്ഥാനങ്ങളിലും. എൻഡോസൾഫാൻ ഉപയോഗിക്കാൻ അനുവദിക്കണമെന്നാണ് കേന്ദ്രവും കീടനാശിനി കമ്പനികളും. സുപ്രീംകോടതിയിൽ ആവശ്യപ്പെട്ടിരിക്കുന്നത്. പൂർണ നിരോധനം വേണമെന്നാണ് കേരളത്തിന്റെ ആവശ്യം. ഡി. വൈ.എഫ്.ഐ. നൽകിയ ഹർജിയിൽ സുപ്രീംകോടതി നിലവിൽ താൽക്കാലിക നിരോധനം. ഏർപ്പെടുത്തിയിരിക്കുകയാണ്.

മംഗളം

01 September 2012

എൻഡോസൾഫാൻ പരിസ്ഥിതി പ്രശ്നം കൂടിയാണെന്നു സുപ്രീംകോടതി

1/9/12 Mangalam

ന്യൂഡൽഹി: എൻഡോസൾഫാൻ ആരോഗ്യപ്രശ്നങ്ങൾക്കപ്പുറം പരിസ്ഥിതി പ്രശ്നം കൂടിയാണെന്നു സുപ്രീംകോടതി നിരീക്ഷണം. കാസർഗോഡ് ജില്ലയിലെ ആരോഗ്യപ്രശ്നങ്ങൾക്കു കാരണമായ എൻഡോസൾഫാൻ രാജ്യവ്യാപകമായി പൂർണതോതിൽ നിരോധിക്കണമെന്നാവശ്യപ്പെട്ട് ഡി.വൈ.എഫ്.ഐ. സമർപ്പിച്ച ഹർജി പരിഗണിക്കവേ ജസ്റ്റിസുമാരായ സ്വതന്ത്രകുമാർ, എസ്.ജെ. മുഖോപാധ്യായ എന്നിവരടങ്ങുന്ന ബെഞ്ചാണു നിരീക്ഷണം നടത്തിയത്.

പരിസ്ഥിതിയുമായി ബന്ധപ്പെട്ട കേസുകൾ കൈകാര്യം ചെയ്യുന്ന ബെഞ്ചിലേക്കു ഹർജി മാറ്റുന്ന കാര്യം കോടതി പരിഗണിക്കുന്നുണ്ട്. കേരളം, കർണാടക ഒഴികെ മറ്റു സംസ്ഥാനങ്ങളിൽ എൻഡോസൾഫാൻ ഉപയോഗിക്കാൻ അനുവദിക്കണമെന്നും നിലവിലെ താൽക്കാലിക നിരോധനം ഉടൻ നീക്കണമെന്നും ആവശ്യപ്പെട്ടുള്ള കേന്ദ്രസർക്കാരിന്റെ അപേക്ഷയിൽ കോടതി തീർപ്പു കൽപ്പിച്ചില്ല. എൻഡോസൾഫാൻ സൃഷ്ടിക്കുന്ന പ്രശ്നങ്ങളേക്കുറിച്ച് പഠിക്കാൻ ഐ.സി.എം.ആർ. തലവൻ ഡോ. വി.എം. കട്ടോച്ചിന്റെ അധ്യക്ഷതയിൽ രൂപീകരിച്ച പ്രത്യേക സമിതി ശിപാർശയിൽ വ്യക്തതയില്ലെന്നു സുപ്രീംകോടതി നിരീക്ഷിച്ചു.

സമിതിയുടെ ഇടക്കാല റിപ്പോർട്ടിൽ എൻഡോസൾഫാൻ നിരോധനം നീക്കുന്നകാര്യത്തിൽ വ്യക്തമായ അഭിപ്രായമില്ല. അതിനാൽ ഉത്തരവിറക്കാൻ സുപ്രീംകോടതിക്കു കഴിയില്ല. ഇക്കാര്യത്തിൽ വ്യക്തമായ തീരുമാനം അറിയിച്ച് പുതുക്കിയ റിപ്പോർട്ട് രണ്ടാഴ്ചയ്ക്കകം സമർപ്പിക്കാൻ കോടതി ഉത്തരവിട്ടു.

നിരോധനം നീക്കാനുള്ള കേന്ദ്രത്തിന്റെ നീക്കത്തെ ഡി.വൈ.എഫ്.ഐ. എതിർത്തു. ഇടക്കാല റിപ്പോർട്ടിൽ ആരോഗ്യപ്രശ്നങ്ങളെക്കുറിച്ച് വ്യക്തമായി സൂചിപ്പിക്കുന്നില്ലെന്നും ഹർജിക്കാർ കുറ്റപ്പെടുത്തി. ചീഫ് ജസ്റ്റിസ് എസ്.എച്ച്. കപാഡിയ അധ്യക്ഷനായുള്ള ബെഞ്ചാണ് ആദ്യം ഹർജി കേട്ടതെങ്കിലും ജസ്റ്റിസുമാരായ സ്വതന്ത്രകുമാർ, എസ്.ജെ. മുഖോപാധ്യായ എന്നിവരടങ്ങുന്ന ബെഞ്ചിലേക്കു മാറ്റുകയായിരുന്നു. കേസ് വീണ്ടും അടുത്ത ബെഞ്ചിലേക്ക് നീങ്ങുമെന്ന സൂചനയാണു ലഭിക്കുന്നത്.

കേന്ദ്ര കൃഷിവകുപ്പിനൊപ്പം പരിസ്ഥിതി വകുപ്പ് മന്ത്രാലയവും കീടനാശിക്ക് അനുകൂല നിലപാടാണു സ്വീകരിച്ചിരിക്കുന്നത്. കാസർഗോഡ് നൂറുകണക്കിനു പേരുടെ മരണത്തിനും ആയിരക്കണക്കിനു പേരുടെ നരകജീവിതത്തിനും ഇടയാക്കിയ എൻഡോസൾഫാൻ സൃഷ്ടിക്കുന്ന പ്രശ്നങ്ങളേക്കുറിച്ച് സുപ്രീംകോടതിയിൽ കക്ഷിയായി കൃത്യമായ റിപ്പോർട്ട് സമർപ്പിക്കാൻ കേന്ദ്ര ആരോഗ്യവകുപ്പു തയാറായിട്ടില്ല. സെപ്റ്റംബർ പത്തിനു കേസ് വീണ്ടും പരിഗണിക്കും.

05 September 2012

518 പേരുടെ പട്ടികകൂടി പുറത്തിറക്കി; വികലാംഗർ മാത്രം പട്ടികയിൽ

രവീന്ദ്രൻ രാവണേശ്വരം

കാസർകോട്: എൻഡോസൾഫാൻ പ്രശ്നത്തിൽ ദരിദ്രനുകൂല്യാനുകൂല കമീഷൻ ധനസഹായത്തിന് അർഹരായ 518 പേരുടെ പട്ടികകൂടി ആരോഗ്യവകുപ്പ് എൻഡോസൾഫാൻ ദുരിത പരിഹാര സെൽ ഡപ്യൂട്ടി കലക്ടർക്ക് കൈമാറി. പുതിയ പട്ടികയിലും ശാരീരിക വെല്ലുവിളികൾ നേരിടുന്നവർ മാത്രമാണുള്ളത്. നേരത്തേയിറക്കിയ 108 പേരുടെ പട്ടികക്ക് പുറമെയാണിത്. തീവ്ര വൈകല്യം ബാധിച്ചവരുടെകാഡ്രിപ്ലീജിയ പട്ടികയാണ് 108 പേരുടേതെങ്കിൽ ശാരീരിക വൈകല്യമുള്ളവരും എന്നാൽ, കിടപ്പിലല്ലാത്തവരുമായവരുടെ പട്ടികയാണ് ഇപ്പോൾ പുറത്തിറക്കിയതെന്ന് ബന്ധപ്പെട്ട വൃത്തങ്ങൾ അറിയിച്ചു. പുതിയ പട്ടികയിൽ കൂട്ടിച്ചേർക്കാനും പരാതിയുണ്ടെങ്കിൽ പരിഹരിക്കാനും അവസരമുണ്ടെന്ന് ആരോഗ്യവകുപ്പ് അധികൃതർ പറഞ്ഞു.

എൻഡോസൾഫാൻ ദുരിത ബാധിതരുള്ള 11 പഞ്ചായത്തുകളിൽനിന്നുള്ളവരാണ് 518 പേരുടെ പട്ടികയിലുള്ളത്. മെഡിക്കൽ ക്യാമ്പുകൾ വഴി തെരഞ്ഞെടുക്കപ്പെട്ടവരാണിവർ. മെഡിക്കൽ ക്യാമ്പുകളിലെ റിപ്പോർട്ടുകൾ, പരിശോധിച്ച റിപ്പോർട്ടുകൾ, രോഗങ്ങളുടെ ചരിത്ര പശ്ചാത്തലം എന്നിവയുടെ അടിസ്ഥാനത്തിലാണ് പട്ടിക തയാറാക്കിയത്. ജില്ലാ ആരോഗ്യവകുപ്പ് തയാറാക്കിയ പട്ടിക ജില്ലാ കലക്ടറുടെ അനുമതിയോടെയായിരിക്കും പ്രസിദ്ധപ്പെടുത്തുക. കാൻസർ, ബുദ്ധിമാന്ദ്യം എന്നീ രോഗങ്ങൾ ബാധിച്ചവർ പുതിയ പട്ടികയിലില്ല. ഈ രോഗം ബാധിച്ചവർക്ക് ധനസഹായം നൽകണമെന്ന് മനുഷ്യാവകാശ കമീഷന്റെ നിർദേശത്തിലില്ല. അതിനുപുറമെ കരൾ, വൃക്ക, ഹൃദയം, തലച്ചോറ് തുടങ്ങിയ രോഗങ്ങൾ ബാധിച്ചവരുടെ പട്ടികയും വെവ്വേറെ തയാറാക്കും. ബുദ്ധിമാന്ദ്യം സംഭവിച്ച 1170 പേരുടെ പട്ടിക തയാറായി. ഇതിന്റെ സൂക്ഷ്മപരിശോധനക്കുശേഷം സർക്കാറിന്റെ പ്രത്യേക ഉത്തരവോടെ പട്ടിക പുറത്തിറക്കുമെന്നാണ് അറിയുന്നത്. ഇതിന് പ്രത്യേക സർക്കാർ ഉത്തരവ് വേണ്ടിവരും. അതിനുള്ള നടപടിയുണ്ടാകും.



4182 പേരാണ് എൻഡോസൾഫാൻ പട്ടികയിലുള്ളത്. ഇതിൽ മുന്നറിയിപ്പുകളൊന്നുമില്ലാതെ 108 പേരുടെ പട്ടിക ഇറക്കിയത് വൻ വിവാദമുണ്ടാക്കിയിരിക്കുകയാണ്. നഷ്ടപരിഹാരം പ്രതീക്ഷിച്ച കാൻസർ രോഗി പട്ടിക കണ്ട് തന്റെ പേരില്ലാത്തതിൽ മനംനൊന്ത് ആത്മഹത്യ ചെയ്തിരുന്നു. ഈ സംഭവത്തിനുശേഷം വിവിധ സംഘടനകളുടെ നേതൃത്വത്തിൽ കാസർകോട് പ്രക്ഷോഭം ആരംഭിച്ചു. ഇതിന്റെ പശ്ചാത്തലത്തിലാണ് പ്രക്ഷോഭങ്ങൾക്ക് കടിഞ്ഞാണിടാൻ പുതിയ പട്ടിക വേഗത്തിലിറക്കിയതെന്ന് പറയുന്നു. എൻഡോസൾഫാൻ രോഗികളുടെ പട്ടിക ഒരിക്കൽകൂടി പരിശോധിക്കുന്നതിനും ധനസഹായം സംബന്ധിച്ച് കൂടുതൽ വ്യക്തത വരുത്തുന്നതിനും മന്ത്രിമാരായ വി.എസ്. ശിവകുമാർ, കെ.പി. മോഹനൻ, എം.കെ. മുനീർ എന്നിവർ സെപ്റ്റംബർ 19ന് കാസർകോട് എത്തുന്നുണ്ട്. മന്ത്രിമാർക്ക് ആവശ്യമായ രൂപരേഖ തയാറാക്കുന്നതിന് കഴിഞ്ഞദിവസം ചീഫ് സെക്രട്ടി കാസർകോട് കലക്ടറുമായി ചർച്ച നടത്തിയിരുന്നു. പുതിയ പട്ടികയിൽ ആശങ്കപ്പെടേണ്ടതില്ലെന്നും എല്ലാ പരാതികൾക്കും പരിഹാരമുണ്ടാകുമെന്നും ആരോഗ്യവകുപ്പ് അധികൃതരും എൻഡോസൾഫാൻ സെല്ലും അറിയിച്ചു.

മാതൃഭൂമി

19 September 2012

എൻഡോസൾഫാൻ: ഉപസമിതി റിപ്പോർട്ട് ഇന്ന്

19/9/12 Mathrubhumi

തിരുവനന്തപുരം: എൻഡോസൾഫാൻ ദുരിതബാധിത പ്രദേശങ്ങൾ സന്ദർശിച്ച മന്ത്രിസഭ ഉപസമിതി ബുധനാഴ്ച മുഖ്യമന്ത്രിക്ക് റിപ്പോർട്ട് നൽകും. എം.കെ. മുനീർ, കെ.പി. മോഹനൻ, വി.എസ്. ശിവകുമാർ എന്നീ മന്ത്രിമാരാണ് മുഖ്യമന്ത്രി ഉമ്മൻചാണ്ടിയുടെ നിർദേശപ്രകാരം സ്ഥലം സന്ദർശിച്ചത്. എൻഡോസൾഫാൻ ദുരിതം ബാധിച്ച 11 പഞ്ചായത്തുകളിൽ സാമൂഹിക ക്ഷേമ വകുപ്പിന്റെ സൂപ്പർവൈസർമാരില്ലെന്ന് നാട്ടുകാർ പരാതിപ്പെട്ടു.

എം.കെ. മുനീറിന്റെ നിർദേശപ്രകാരം 11 പഞ്ചായത്തുകളിലും തിങ്കളാഴ്ച മുതൽ സൂപ്പർവൈസർമാരെ നിയമിക്കാൻ ഡയറക്ടർ ഉത്തരവിറക്കി.

മലയാള മനോരമ

18 September 2012

വിവാദങ്ങളിൽ കുരുങ്ങി എൻഡോസൾഫാൻ നിരോധനം

18/9/12 malayalamanorama

ബി. അനീഷ്കുമാർ

വിചാരണ

ലോകമെമ്പാടും എൻഡോസൾഫാൻ നിരോധിച്ചതിനുശേഷവും കീടനാശിനിവരുത്തിയ ദുരന്തങ്ങളുമായി ജീവിക്കുന്നവരുടെ നാളിൽ നിരോധന നടപടികൾ വിവാദങ്ങളിൽ കുരുങ്ങുന്നു.

എൻഡോസൾഫാൻ അപകടകരമാണെന്ന വിലയിരുത്തലോടെ പൂർണനിരോധനം. ഘട്ടംഘട്ടമായി നടപ്പാക്കാൻ ശാസ്ത്രീയ പഠനസമിതി(സയന്റിഫിക് മോണിറ്ററിങ് കമ്മിറ്റി) തീരുമാനമായെങ്കിലും, രാജ്യത്തു കേന്ദ്ര - സംസ്ഥാന സർക്കാരുകളുടെയും പഠന കമ്മിഷനുകളുടെയും നിലപാടുകൾക്കു വ്യക്തതയില്ല. തർക്കങ്ങളും വിവാദങ്ങളുമായി ഇരകളും സർക്കാരുകളും സ്ഥാപനങ്ങളും കോടതി കയറിയിരിക്കുകയാണ്.

ഏറ്റവും ഒടുവിലായി ഇന്ത്യൻ കൗൺസിൽ ഫോർ മെഡിക്കൽ റിസർച്ചും (ഐസിഎംആർ), ഇന്ത്യൻ കൗൺസിൽ ഫോർ അഗ്രികൾച്ചർ റിസർച്ചും (ഐസിഎആർ) ചേർന്നു നടത്തിയ വിശദമായ പഠന റിപ്പോർട്ട് ദുരിതബാധിതരെ കണ്ടെത്തുന്നതിൽ കേരളവും കർണാടകയും ഒരുപോലെ പരാജയപ്പെട്ടതായി കുറ്റപ്പെടുത്തുന്നു. കേരളവും കർണാടകയും ഒഴികെയുള്ള സംസ്ഥാനങ്ങളിൽ കീടനാശിനി നിരോധിക്കുന്നതു സംബന്ധിച്ചു നിലപാടു വ്യക്തമാക്കുന്ന വിശദമായ റിപ്പോർട്ട് രണ്ടാഴ്ചയ്ക്കുള്ളിൽ സമർപ്പിക്കാൻ സുപ്രീം കോടതി വിഷയവിദഗ്ധരോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഈ സാഹചര്യം നിലനിൽക്കേ, കേരളവും കർണാടകയും ഒഴികെ മറ്റിടങ്ങളിൽ എൻഡോസൾഫാൻ ഉപയോഗിക്കുന്നതിൽ തെറ്റില്ലെന്ന നിലപാടിൽ കേന്ദ്ര കൃഷിമന്ത്രാലയം. ഉപയോഗിക്കുന്നതാണു പുതിയ വിവാദങ്ങൾക്കു വഴിയൊരുക്കുന്നത്.

ഇതിനു പുറമേ ദുരിതബാധിതർക്കു നൽകുന്ന ധനസഹായം വിതരണം ചെയ്യുന്നതിന്റെ ഭാഗമായി നിലവിലെ എൻഡോസൾഫാൻ പട്ടിക പുനഃപരിശോധിച്ചു പുതിയ പട്ടിക തയാറാക്കുന്നതിനെതിരെയും പരാതികൾ ഉയർന്നിട്ടുണ്ട്. സമഗ്രമായ പുനഃപരിശോധനയ്ക്കു ശേഷം മാത്രമേ പുതിയ പട്ടിക തയാറാക്കാവൂ എന്നാണു ദുരിതബാധിതരുടെ ആവശ്യം. ഇതിനിടെ, ഇരകൾക്കു നൽകുന്ന ധനസഹായം തിരിച്ചുപിടിക്കാൻ ചില സംസ്ഥാനങ്ങൾ നീക്കം തുടങ്ങിയതും വിവാദമായിട്ടുണ്ട്.

പഠനങ്ങളുടെ ഇരട്ടനീതി

രാജ്യത്തു പൂർണമായി എൻഡോസൾഫാൻ നിരോധനം നടപ്പാക്കണമെന്നും നിലവിൽ വിവിധ ഇടങ്ങളിൽ സംഭരിച്ചിട്ടുള്ള കീടനാശിനി പൂർണമായി നശിപ്പിക്കാൻ ഉത്തരവിടണമെന്നും ആവശ്യപ്പെട്ടു വിദേശ എഫ്ഐഎ സമർപ്പിച്ച ഹർജിയിലാണു സുപ്രീം കോടതി കേന്ദ്ര സർക്കാരിന്റെ നിലപാട് ആരാഞ്ഞതു. ഇക്കാര്യം പരിശോധിക്കുന്നതിനു വിദഗ്ധസമിതിയെ നിയോഗിച്ചിട്ടുണ്ട്.

എൻഡോസൾഫാൻ കേരളത്തിലും കർണാടകയിലും ആരോഗ്യപ്രശ്നമുണ്ടാക്കുന്നുണ്ടെന്ന് എഫിഎച്ച്ആർ - എഫിഎച്ച്ആർ പഠനസംഘം സുപ്രീം കോടതിയെ അറിയിച്ചു. എന്നാൽ ഇതേക്കുറിച്ചു ഗൗരവത്തോടെയുള്ള പഠനങ്ങളൊന്നും കേന്ദ്രം നടത്തിയിട്ടില്ലെന്നാണു കർഷകർ പറയുന്നത്. ഇതിനിടെ കീടനാശിനി പൂർണമായി ഉപേക്ഷിക്കുന്നതു വരെ ഉപാധികളും അസംസ്കൃത വസ്തുക്കളുടെ കയറ്റുമതിയും അനുവദിക്കാനാവില്ല. ഈ നിലപാട് രാജ്യത്തും തുടരണമെന്നു കേന്ദ്രം സുപ്രീം കോടതിയെ അറിയിച്ചതോടെ കീടനാശിനി നിരോധനം കീറാമുട്ടിയായുകയാണ്.

എൻഡോസൾഫാൻ കീടനാശിനി രൂപത്തിലും അല്ലാതെയും രാജ്യത്താകെ 2957 ടൺ ഉണ്ടെന്നാണു കണക്ക്. ഇതിനു പുറമേ എൻഡോസൾഫാൻനിർമിക്കുന്നതിനിടയിൽ ഉണ്ടാകുന്ന അസംസ്കൃത വസ്തുവായ ഹെക്സാക്ലോറോസൈക്ലോപെന്റാഡീൻ (എച്ച്സിപി) മാത്രം 56 ടൺ വേറെ രാജ്യത്തുണ്ട്.

ഉപയോഗിക്കാവുന്ന എൻഡോസൾഫാനും അസംസ്കൃത വസ്തുക്കളും കത്തിച്ചുകളയാൻ 298.82 കോടി രൂപയും കാലാവധി കഴിഞ്ഞതു നശിപ്പിക്കാൻ 8.34 കോടിയും ചെലവു വരും. ഉപയോഗിക്കാവുന്ന എൻഡോസൾഫാന്റെയും അസംസ്കൃത വസ്തുക്കളുടെയും മൂല്യം 31.36 ലക്ഷമാണ്.

കണക്കുകൾ അടിസ്ഥാനമാക്കി വർത്തമാനപത്രങ്ങളിൽ വന്നതിനെക്കാൾ ഇരട്ടി കാർഷിക വിളകളുടെ ഉൽപാദനം കൂടാൻ സഹായിക്കുന്നതിനെക്കാൾ ഇരട്ടിയാണു കീടനാശിനി ഉപയോഗിക്കാൻ അനുവദിക്കുന്നതാണെന്നു സുപ്രീം കോടതിയിൽ കേന്ദ്ര കൃഷിമന്ത്രാലയത്തിന്റെ വാദം.

ഇതിനിടയിൽ, തന്നെ കേരളത്തിലും കർണാടകയിലും വിദഗ്ധ ഗവേഷകർ എൻഡോസൾഫാൻ ദുരിതബാധിതരുണ്ടെന്നു സുപ്രീം കോടതിയിൽ അറിയിച്ച പഠന കമ്മിഷന്റെ റിപ്പോർട്ടിൽ പറയുന്നു. അഭിഭാഷകനായ ഉപയോഗം മൂലം ഇവർക്കു രോഗബാധയുണ്ടായതായി ഐസിഎആർ (2001), കോഴിക്കോട് മെഡിക്കൽ കോളജ് കമ്യൂണിറ്റി മെഡിസിൻ വിഭാഗം (2010) എന്നിവർ നടത്തിയ പഠനങ്ങളിൽ സൂചിപ്പിക്കുന്നുണ്ട്.

ഈ പഠനങ്ങളിൽ എൻഡോസൾഫാൻ രോഗികളുടെ എണ്ണം വർഷങ്ങളോളം കുറഞ്ഞുവന്നുവെന്നു പരാമർശിക്കുന്ന ഭാഗവും വിദഗ്ധസമിതിപ്പോർട്ട് പെരുപ്പിച്ചതോടെ എൻഡോസൾഫാൻ നിരോധനം നടപ്പാക്കൽ അവതാളത്തിലാവുകയായിരുന്നു.

കണക്കുകൾ തെറ്റുന്ന പട്ടിക

എൻഡോസൾഫാൻ ദുരിതബാധിതർക്കു ധനസഹായം നൽകുന്നതിനു നിലവിലുള്ള പട്ടിക പുനഃപരിശോധിക്കുന്നതിനെതിരെ പ്രതിഷേധം ശക്തമാണ്. ഇരകളുടെയും ഡോക്ടർമാരുടെയും സന്നദ്ധ സംഘടനകളുടെയും പരാതികൾ പരിഗണിച്ചാണു പുതിയ പട്ടിക തയാറാക്കുന്നതെന്നാണു സർക്കാർ വിശദീകരണം. എന്നാൽ നിലവിലെ പട്ടികയിലുണ്ടായിരുന്ന രോഗികളിൽ പലരും പുതിയ പട്ടികയിൽ പുറത്തായതായാണു പരാതി. ഇതിനെതിരെ ഒട്ടേറെപ്പേർ കലക്ടർമാർക്കും ആരോഗ്യവകുപ്പിനും അപ്പീൽ നൽകിയിട്ടുണ്ട്. ഇതിനിടെ, പുതിയ പട്ടികയിൽ ഉൾപ്പെടുത്തിയവരിൽ പലരും മരിച്ചതായും പരാതിയുണ്ട്.



കേരളവും കർണാടകയും ഒഴികെ മറ്റിടങ്ങളിൽ എൻഡോസൾഫാൻ ഉപയോഗിക്കുന്നതിൽ തെറ്റില്ലെന്ന നിലപാടിൽ കേന്ദ്ര കൃഷിമന്ത്രാലയം. ഉറച്ചുനിൽക്കുന്നതാണു പുതിയ വിവാദങ്ങൾക്കു വഴിയൊരുക്കുന്നത്.

വേണ്ടത് 214 കോടി; കയ്യിലുള്ളത് 27 കോടി

നിലവിലെ പട്ടികയനുസരിച്ചു ദുരിതബാധിതർക്കു ധനസഹായം നൽകാൻ 178 കോടി രൂപ വേണമെന്നാണ് ആരോഗ്യവകുപ്പിന്റെ വിലയിരുത്തൽ. രോഗബാധിതരായിരുന്നെങ്കിലും വർക്കുള്ള അധികസഹായം, രൂപയുടെ മൂല്യശോഷണം തുടങ്ങിയവ കൂടി ഉൾപ്പെടുത്തുകയാണെങ്കിൽ തുക 214 കോടിയിലെത്തും. ഇതിൽ കുടിശ്ശികയുള്ള നഷ്ടപരിഹാരത്തിന്റെ വിഹിതമായ 82.26 കോടി രൂപ നൽകണമെന്നു സംസ്ഥാന സർക്കാർ പ്ലാറ്റ്ഫോം കോർപറേഷനോട് (പിസിക) ആവശ്യപ്പെട്ടിരുന്നു. ആദ്യഗഡുവായി 27 കോടി രൂപയാണു പിസികയുടെ കൈവശമുള്ളത്. ധനസഹായ വിതരണത്തിനു സർക്കാരിന്റെ പക്കൽ ആകെയുള്ളതും ഈ 27 കോടി മാത്രമാണ്. ഇക്കഴിഞ്ഞ ബജറ്റിൽ തുക വകയിരുത്താതെ നിന്നതു എൻഡോസൾഫാൻ ദുരിതബാധിതർക്കു പണം പൂർണമായി നൽകാൻ ധനമന്ത്രായത്തിന്റെ പ്രത്യേക അനുമതി വേണ്ടിവരും. അല്ലെങ്കിൽ അടുത്ത ബജറ്റ് വരെ കാത്തിരിക്കണം. ദുരിതാശ്വാസവും പുനരധിവാസവും നടപ്പാക്കുന്നതിനു കേന്ദ്രസർക്കാരിൽ നിന്നു ധനസഹായം അനിവാര്യമാണെന്നു മുതിർന്ന ഉദ്യോഗസ്ഥർ പറയുന്നുണ്ടെങ്കിലും, ഇതിനായുള്ള നീക്കങ്ങൾക്കു ഫലം കണ്ടിട്ടില്ല.

അഞ്ചുവർഷത്തിനു ശേഷം ദുരിതബാധിതർക്കുള്ള ധനസഹായം പൂർണമായി നിർത്തലാക്കുമെന്നു സൂചിപ്പിക്കുന്ന റിപ്പോർട്ട് സർക്കാരിനു ഏറ്റവുമൊടുവിൽ കമ്മിഷനു കൈമാറിയതും വിവാദങ്ങൾക്കു തിരികൊളുത്തിയിരിക്കുകയാണ്. മനുഷ്യാവകാശ കമ്മിഷൻ നിർദേശിച്ച തുക യെക്കുറിച്ചുമാണു സർക്കാരിന്റെ പരാമർശമെന്നും നിലവിൽ ദുരിതബാധിതർക്കു മാസം തോറും ലഭിക്കുന്ന പെൻഷൻ (2000, 1000 വീതം) നിർത്തലാക്കുന്നതായി ഉത്തരവു ലഭിച്ചിട്ടില്ലെന്നും പെൻഷൻ വിതരണത്തിന്റെ ചുമതല ഏറ്റെടുത്തിട്ടുള്ള സാമൂഹിക സുരക്ഷാ മിഷൻ അധികൃതർ പറയുന്നു.

ഇതിനിടെ ദുരിതബാധിതർക്കു നൽകാനായി പിസികയുടെ വിഹിതത്തിന്റെ ബാക്കി കൂടി ഉടൻ കൈമാറണമെന്ന് ആവശ്യപ്പെട്ട് ആരോഗ്യവകുപ്പ് പിസിക മാനേജിങ് ഡയറക്ടർക്കു കത്തു നൽകി. എന്നാൽ എൻഡോസൾഫാൻ വിഷയത്തിൽ കീടനാശിനി നിർമാണകമ്പനികളിൽനിന്നുകൂടി നഷ്ടപരിഹാരം ഈടാക്കണമെന്ന് ആവശ്യപ്പെട്ടു പിസിക കോടതിയെ സമീപിച്ചിരുന്നതോടെ പുതിയൊരു തർക്കത്തിനു കൂടി അത്തൊരുത്തിയിരിക്കുകയാണ്.

20 September 2012

എൻഡോസൾഫാൻ: കൂടുതൽ മേഖലകളിൽ ആശ്വാസം എത്തിക്കാൻ ശുപാർശ

•റിപ്പോർട്ടിന്മേൽ നടപടി അടുത്ത മന്ത്രിസഭാ യോഗത്തിൽ

തിരുവനന്തപുരം• എൻഡോസൾഫാൻ ദുരിതബാധിതർക്കു നൽകുന്ന ആശ്വാസ നടപടികൾ കൂടുതൽ മേഖലകളിലേക്കു വ്യാപിപ്പിക്കണമെന്നു മന്ത്രിസഭാ ഉപസമിതി ശുപാർശ നൽകി. ഇപ്പോൾ 11 പഞ്ചായത്തിലാണു ദുരിതാശ്വാസം നൽകുന്നത്. ഈ പഞ്ചായത്തുകൾക്കു പുറത്തും ദുരിതബാധിതരുണ്ട്. പഞ്ചായത്ത് അതിർത്തി കഴിഞ്ഞുവെന്ന തടസ്സം പറയാതെ പ്ലാന്റേഷൻ മേഖലയിലുള്ള എല്ലാവരെയും കണ്ടെത്തി സഹായം നൽകണം.

എൻഡോസൾഫാൻ ദുരിത ബാധിതർക്കു നൽകുന്ന പെൻഷൻ തുക അഞ്ചുവർഷത്തിനു ശേഷവും ലഭിക്കുന്നുവെന്ന് ഉറപ്പു വരുത്തണമെന്നു സമിതി ശുപാർശ ചെയ്തു. അഞ്ചുവർഷത്തേക്കു പെൻഷൻ നൽകാനാണു നേരത്തെ തീരുമാനിച്ചിരുന്നത്. ഈ കാലാവധി നീട്ടണം. അർഹതപ്പെട്ട എല്ലാവർക്കും പെൻഷൻ ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണം.

ദുരിതബാധിതരായ 4182 പേരുടെ പട്ടികയാണു സർക്കാർ തയാറാക്കിയിരിക്കുന്നത്. ഇതിൽ കാൻസർ രോഗികളായ 300 പേരെ ഉൾപ്പെടുത്തിയിട്ടില്ല. അവരെ ഉൾപ്പെടുത്താനും സഹായം നൽകാനും നടപടി സ്വീകരിക്കണം.

സർക്കാർ തയാറാക്കിയ പട്ടികയിൽ ബുദ്ധിമാന്ദ്യം സംഭവിച്ച ആയിരത്തോളം പേരുണ്ട്. അവർക്കു മുന്തിയ പരിഗണന നൽകുകയും പരമാവധി ധനസഹായം നൽകുകയും വേണം.

അർഹതപ്പെട്ട എല്ലാവരെയും പട്ടികയിൽ ഉൾപ്പെടുത്താനായി പ്രത്യേക കമ്മിറ്റിയെ നിയോഗിക്കണമെന്നും ശുപാർശ ചെയ്തു. എൻഡോസൾഫാൻ ദുരിതബാധിത മേഖലകളിൽ 11 പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളാണ് ഉള്ളത്. ഇവയെ കമ്യൂണിറ്റി ഹെൽത്ത് സെന്ററുകളായി ഉയർത്തണമെന്ന ആവശ്യവും പരിഗണിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. ഉപസമിതി റിപ്പോർട്ട് മന്ത്രിമാരായ കെ.പി. മോഹനൻ, വി.എസ്. ശിവകുമാർ, എം.കെ. മുനീർ എന്നിവർ ചേർന്നു മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിക്കു കൈമാറി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള നടപടികൾ അടുത്ത മന്ത്രിസഭാ യോഗത്തിൽ തീരുമാനിക്കും.

മംഗളം

19 September 2012

ലക്ഷങ്ങൾ പൊടിച്ച് എൻഡോസൾഫാൻ സെമിനാർ

■ ബാലഗോപാലൻ പെരളത്ത്

കാസർഗോഡ്

എൻഡോസൾഫാൻ ദുരിതബാധിതർ മരുന്നിനും ഭക്ഷണത്തിനും വേണ്ടി നെട്ടോട്ടമോടുമ്പോൾ എൻഡോസൾഫാൻ സെമിനാറിന്റെ പേരിൽ ജില്ലാ പഞ്ചായത്ത് ചെലവഴിച്ചത് 7,44,975 രൂപ. വിവരാവകാശ നിയമപ്രകാരം ലഭിച്ച മറുപടിയിലാണു 2012 ജൂലൈയിൽ കാസർഗോഡ് സംഘടിപ്പിച്ച 'കോൺകോഡ്' സെമിനാറിനു ലക്ഷങ്ങൾ ചെലവഴിച്ചുവെന്നു വ്യക്തമായത്.

ജില്ലാ പഞ്ചായത്തിനു വേണ്ടി നാഷണൽ പ്രോഗ്രാം ഫോർ റിഹാബിലിറ്റേഷൻ ഓഫ് പേഴ്സൺസ് വിത്ത് ഡിസബിലിറ്റീസ് ജില്ല 'കോ- ഓർഡിനേറ്ററാണു പണം ചെലവഴിച്ചത്. സെമിനാറിൽ ഉണ്ടാകുന്ന നിർദേശങ്ങൾ ക്രോഡീകരിച്ചു ദുരിത ബാധിതർക്കായി പുതിയ പദ്ധതികൾ ആവിഷ്കരിക്കുകയായിരുന്നു ഉദ്ദേശ്യം.

മുഖ്യമന്ത്രി ഉമ്മൻചാണ്ടി ഉദ്ഘാടനം ചെയ്ത 'കോൺകോഡ് 2012' സെമിനാറിൽ ദേശീയ ശാസ്ത്ര പരിസ്ഥിതി പഠന കേന്ദ്രത്തിന്റെ ഡയറക്ടർ ഡോ. സുനിത നാരായണനാണു പ്രധാന പ്രബന്ധം അവതരിപ്പിക്കുന്നതിനായി ഡൽഹിയിൽ നിന്നു കാസർഗോട്ടെത്തിയത്. ഇവർ താമസിച്ചതു പഞ്ചനക്ഷത്ര ഹോട്ടലിലാണെന്ന് അഭ്യൂഹങ്ങൾ ഉണ്ടെങ്കിലും എവിടെ താമസിച്ചു, എങ്ങനെ വന്നു എന്നു കാര്യങ്ങൾ വ്യക്തമല്ലെന്നാണു ജില്ലാ പഞ്ചായത്ത് നൽകിയ രേഖകളിൽ പറയുന്നത്.

സെമിനാർ മാമാങ്കത്തിൽ 800 പേർക്കാണു ക്ഷേണമൊരുക്കിയത്. ഇതിനുതന്നെ 1,59,400 രൂപ ചെലവഴിച്ചതായി രേഖയിൽ പറയുന്നു.

സർക്കാർ തലത്തിൽതന്നെ കാസർഗോട്ടും പരിസര പ്രദേശങ്ങളിലും നിരവധി ഹാളുകൾ ഉണ്ടെങ്കിലും രണ്ടു ദിവസത്തേക്കു 56,000 രൂപ വാടക കൊടുത്താണു ചിയ്യ തേജസ് ഓഡിറ്റോറിയത്തിൽ സെമിനാർ സംഘടിപ്പിച്ചത്.

എൻഡോസൾഫാൻ സംബന്ധിച്ചു സെമിനാർ പുറത്തിറക്കിയ വിശദാംശങ്ങൾ അടങ്ങിയ പുസ്തകത്തിലാകട്ടെ ആർക്കും ഉപകരിക്കാത്ത ചില വിവരങ്ങളാണുള്ളതെന്നും ആക്ഷേപമുണ്ട്.

മാതൃഭൂമി

21 September 2012

എൻഡോസൾഫാൻ

അഞ്ചുവർഷത്തിനുശേഷവും പെൻഷൻ ഉറപ്പാക്കണമെന്ന് മന്ത്രിതല സമിതി

സ്വന്തം ലേഖകൻ

തിരുവനന്തപുരം: എൻഡോസൾഫാൻ ദുരിതബാധിതർക്ക് അഞ്ചുവർഷത്തിനുശേഷവും പെൻഷൻ ഉറപ്പാക്കണമെന്ന് മന്ത്രിസഭാ ഉപസമിതി ശുപാർശ ചെയ്തു. ആശ്വാസ നടപടികളും തോട്ടം മേഖലയിലെ അർഹരായ എല്ലാവർക്കും നൽകണമെന്നും ശുപാർശ ചെയ്തിട്ടുണ്ട്. അടുത്ത മന്ത്രിസഭായോഗം ഇക്കാര്യത്തിൽ തീരുമാനമെടുക്കും.

മന്ത്രിമാരായ കെ.പി. മോഹനൻ, എം.കെ. മുനീർ, വി.എസ്. ശിവകുമാർ എന്നിവരാണ് സ്ഥലം സന്ദർശിച്ച് ഈ ശുപാർശകളും നൽകിയത്. റിപ്പോർട്ട് മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിക്ക് കൈമാറി. ഇപ്പോൾ 11 പഞ്ചായത്തിലാണ് ദുരിതബാധിതർക്ക് സർക്കാർ സഹായം നൽകുന്നത്. മറ്റ് പഞ്ചായത്തുകളിലും ദുരിതബാധിതരുണ്ട്. ഇവരെയെല്ലാം കണ്ടെത്തി സഹായമെത്തിക്കണം.

അർഹതയുള്ളവർക്കെല്ലാം അഞ്ചുവർഷത്തിനുശേഷവും പെൻഷൻ കിട്ടുന്നുവെന്ന് ഉറപ്പുവരുത്തണം. സഹായത്തിന് അർഹതയുള്ളവരെ കണ്ടെത്തി പട്ടികയിൽ ഉൾപ്പെടുത്താൻ പ്രത്യേക സമിതിയെ നിയോഗിക്കണം. ദുരിതബാധിതരായ 4182 പേരാണ് ഇപ്പോഴും പട്ടികയിലുള്ളത്. 2011 ആഗസ്തിലും ഡിസംബറിലുമായി നടന്ന മെഡിക്കൽ ക്യാമ്പുകളിൽ പങ്കെടുത്തവരെയും പട്ടികയിൽ ഉൾപ്പെടുത്തണമെന്ന ആവശ്യത്തിൻമേൽ തീരുമാനമെടുക്കണം.

പട്ടികയിൽ ബുദ്ധിമാന്ദ്യം സംഭവിച്ച ആയിരത്തോളം പേരുണ്ട്. ഇവരെ അഞ്ചുലക്ഷം വീതം ധനസഹായം കിട്ടുന്ന ആദ്യവിഭാഗത്തിൽ ഉൾപ്പെടുത്തണമെന്ന ആവശ്യമുയർന്നിട്ടുണ്ട്. ഇതും പരിഗണിക്കണം. ദുരിതമേഖലയിലെ 11 പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററാക്കണമെന്നും ശുപാർശ ചെയ്തിട്ടുണ്ട്.

29 September 2012

■ എൻഡോസൾഫാൻ

കർണാടകം നഷ്ടപരിഹാര വിതരണം തുടങ്ങി; ഒന്നും ചെയ്യാതെ കേരളം

■ വി.എസ് അച്ചുതാനന്ദൻ

കാസർകോട് കേരള അതിർത്തിയായി ചേർന്നുകിടക്കുന്ന എൻഡോസൾഫാൻ ബാധിതപ്രദേശങ്ങളിൽ കർണാടക സർക്കാർ നഷ്ടപരിഹാര വിതരണം ആരംഭിച്ചുകഴിഞ്ഞിട്ടും, കേരള സർക്കാരിനു മാത്രം ദുരിതബാധിർക്കു സാന്ത്വനമായ നടപടികളൊന്നും സ്വീകരിക്കുവാൻ കഴിഞ്ഞിട്ടില്ല. കാസർഗോഡ് ജില്ലയിലെ ദുരിതബാധിതർക്കായി കേന്ദ്രസർക്കാർ അനുവദിച്ച തുക ഉപയോഗിക്കുവാൻ കഴിയാത്തതിനാൽ കേരള സർക്കാർ ഇതുവരെ ഒരു രൂപപോലും ചെലവഴിച്ചിട്ടില്ല. മുൻപ് ഈ തുക ഉപയോഗിക്കുവാൻ കഴിയാതെ വന്നപ്പോൾ കേന്ദ്രസർക്കാർ ഈ തുക തിരിച്ചെടുക്കുവാൻ തീരുമാനിച്ചിരുന്നു. അപ്പോൾ ഈ തുക ചെലവഴിക്കുവാൻ കഴിയാത്തതിന്റെ കാരണങ്ങൾ വിശദീകരിച്ചുകൊണ്ട് കേരള സർക്കാർ കേന്ദ്രത്തിനു കത്തയച്ചിരുന്നു. ഈ കത്തിന്റെ അടിസ്ഥാനത്തിൽ കേന്ദ്രസർക്കാർ ഈ തുക കേരളത്തിനുതന്നെ ചെലവഴിക്കുവാൻ അനുവാദം നൽകുകയായിരുന്നു. ഈ തുക ഉപയോഗിച്ച് കാസർഗോഡ് ജില്ലയിലെ ദുരിതബാധിതർക്കുവേണ്ടി ചികിത്സാ സൗകര്യങ്ങൾ ഒരുക്കുവാനും, ദുരിതബാധിതരുടെ കുടുംബങ്ങൾക്ക് സാമ്പത്തിക സഹായം നൽകുവാനും, ദുരിതബാധിതരുടെ കുട്ടികൾക്ക് സൗജന്യ വിദ്യാഭ്യാസം നൽകുവാനും, ദുരിതബാധിതരുടെ കുടുംബങ്ങൾക്ക് ജീവനോപാധികൾ ഒരുക്കുവാനും തീരുമാനിച്ച

ഉത്തരദേശം

09 October 2012

ആറാഴ്ചക്കകം റിപ്പോർട്ട് സമർപ്പിക്കണമെന്ന് സുപ്രീംകോടതി

എൻഡോസൾഫാൻ പഠനത്തിന് വീണ്ടും പുതിയ സമിതി



മംഗളം

10 October 2012

എൻഡോസൾഫാൻ പുതിയ സമിതി വേണമെന്നു സുപ്രീംകോടതി

■ ഡി. ധനസുമോദ്
വയലിൽ



പകർച്ചവ്യാധിയായി പടർന്നുപിടിക്കുന്ന എൻഡോസൾഫാൻ നശിപ്പിച്ചുനൽകിയതിന്റെ മാത്രത്തിന് ഉണ്ടാകുവാനുള്ള 1241 കോടി രൂപയുടെ നഷ്ടത്തെക്കുറിച്ചാണു കീടനാശിനി കമ്പനിയുടെ അഭിഭാഷകൻ ചൂണ്ടിക്കാണിച്ചത്. കീടനാശിനി ഉപയോഗം വലിയ തോതിൽ മുന്നേ ഉണ്ടാക്കുന്നതായിരുന്നു കോടതിയുടെ പ്രതികരണം.

09 October 2012

സി.ഐ.ടി.യു. നിലപാട് എൻഡോസൾഫാൻ ലോബിക്ക് വേണ്ടി

കാസർഗോഡ്: എൻഡോസൾഫാൻ മൂലം ആരും മരിച്ചിട്ടില്ലെന്ന സി.ഐ.ടി.യു. നേതാവിന്റെ വാദം എൻഡോസൾഫാൻ ലോബിക്കു വേണ്ടിയാണെന്ന് ബി.ജെ.പി. ജില്ലാ ജനറൽ സെക്രട്ടറി അഡ്വ. കെ.ശ്രീകാന്ത് ആരോപിച്ചു. എൻഡോസൾഫാൻ കമ്പനികളിൽനിന്ന് വൻ തുക കൈപ്പറ്റിയാണ് എൻഡോസൾഫാൻ പാക്കേജ് അട്ടിമറിക്കാൻ ശ്രമിക്കുന്നത്.

വി.എസ്. സർക്കാറിന്റെ കാലത്തും പ്ലാനേഷൻ ഇതേ വാദമായിരുന്നു ഉയർത്തിയത്. അന്ന് ബി.ജെ.പി. അടക്കമുള്ള സംഘടനകളുടെ എതിർപ്പു മൂലമാണ് വി.എസ്. നിലപാട് മാറ്റിയത്.

എൻഡോസൾഫാൻ വിഷമാണ് നിരവധി കുടുംബങ്ങളെ വഴിയാധാരമാക്കിയത് എന്ന സത്യം മറച്ചുവെച്ച് ലോബിക്കുവേണ്ടി വാദിക്കുന്ന സി.ഐ.ടി.യു.വിന്റെ നിലപാട് ജനങ്ങൾ പൊ

UTHARADESAM DAILY KASARAGO

ഉത്തരദേശം

പുസ്തകം 30 ലക്കം 284 1988 കന്നി 23
1433 വൃശ്ചികം 22 2012 ഒക്ടോബർ 9 ചൊവ്വ

എൻഡോസൾഫാൻ ലോബിക്ക് വേണ്ടിയുള്ള കുഴലൂത്ത്

ജില്ലയിൽ എൻഡോസൾഫാൻ മൂലം ആരും മരിച്ചിട്ടില്ലെന്നും ഈ കീടനാശിനി തളിച്ചതുമൂലം ദുഷ്യഫലങ്ങൾ ഒന്നുണ്ടായിട്ടില്ലെന്നുമുള്ള പ്ലാന്റേഷൻ കോർപറേഷൻ എംപ്ലോയീസ് യൂണിയൻ നേതാവിന്റെ വെളിപ്പെടുത്തൽ വിവാദമായിരിക്കുകയാണ്. നൂറുകണക്കിനാളുകൾ മരിച്ചുവീഴുകയും രോഗം മൂലം നരകയാതന അനുഭവിക്കുകയും ചെയ്തുവോഴാണ് എൻഡോസൾഫാൻ ലോബിക്ക് വേണ്ടി നേതാവിന്റെ കുഴലൂത്ത്. ആരെ കേഴപ്പെടുത്താൻ വേണ്ടിയാണിതെന്ന് എല്ലാവർക്കുമറിയാം. എൻഡോസൾഫാന്റെ പേരിൽ സർക്കാരിന്റെ ഖജനാവിൽ കൊള്ളയടിക്കുന്നത് നിർത്തണമെന്നും 10 രൂപപോലും ഇതിന്റെ പേരിൽ കൊടുക്കരുതെന്നും നേതാവ് മുഖ്യമന്ത്രിയെയും കത്തിൽ പറയുന്നു. എൻഡോസൾഫാനെതിരെ ഡി.വൈ.എഫ്.ഐ പോലുള്ള സംഘടനകൾ നിരന്തരമായി സുപ്രീംകോടതി വരെകയറിയിറങ്ങുമ്പോഴാണ് നേതാവിന്റെ വെളിപ്പെടുത്തൽ. പ്ലാന്റേഷൻ കോർപറേഷന്റെ തൊട്ടടുത്ത് മുളിയാറിലും ബോഡിമെട്ടയിലും നടക്കുന്നതെന്തെന്ന് കൺതുറന്നുകാണുന്നവരെ മുഖാമുഖം കണ്ട് എങ്ങിനെ ഇത്തരമൊരു കള്ളത്തരമാണ് യോഗിയെന്നത് തുറന്നുപറയുന്നു. അന്നത്തോടൊപ്പം പ്ലാന്റേഷൻ കോർപറേഷനിൽ ജോലി ചെയ്ത നിരവധിപേർ എൻഡോസൾഫാൻ മൂലം മരണപ്പെട്ട കഥയും നേതാവിന് അറിയാത്തതല്ല. ജീവിതത്തിന്റെ സർവ്വ കാന്തിയും കീടനാശിനി തളിച്ച് മരണത്തിലേക്ക് നടന്നടുത്ത ഒരേറിയുള്ളവരുടെ ദുരിതവും കണ്ടില്ലെന്ന് നടിക്കുകയാണ്. സർക്കാർ പ്രസ്താവിക്കുന്നതിലും എത്രയോ ഇരട്ടി പേരാണ് ഇന്നും ദുരിതമനുഭവിക്കുന്നത്. ഇത് പലപ്പോഴായി നേതാവിനുൾപ്പെടെ ബോധ്യപ്പെടുത്തിയതുമാണ്. എന്നിട്ടും ഇത്തരമൊരു പ്രസ്താവന നടത്തുന്നതിന് പിന്നിൽ ചില കുപ്രസിദ്ധ കുത്തകകളുടെ കരങ്ങളുണ്ടെന്ന് ഉറപ്പിക്കാം. ഇത് പാർട്ടിയിലും വർഗ്ഗബഹുജനസംഘടനകളിലും ഉണ്ടാക്കുന്ന ആശയക്കുഴപ്പം ചെറുതല്ല. അതിനാൽ ഇത്തരം പ്രസ്താവനകൾ നടത്തുന്നതിന് മുമ്പ് പാർട്ടിയുടെ അഭിപ്രായം തേടാൻ നേതാവ് തയ്യാറാകണമെന്ന് കണ്ണൂരിൽ ചേർന്ന സി.പി.ഐ.യു ജില്ലാ സമ്മേളനം ആവശ്യപ്പെട്ട ദിവസം തന്നെയായിരുന്നു നേതാവിന്റെ തൊണ്ടി മുൻകൂറായിട്ടതെ എൻഡോസൾഫാൻ കൈകൊണ്ട് ചെയ്ത മഹത്തായപ്രവൃത്തിയെപ്പറ്റിയും അവരുടെ കുടുംബങ്ങളും അനുഭവിക്കുന്ന നരകയാതനകളെപ്പറ്റിയും നേതാവിന് കാണാനാകാതിരിക്കുന്നത് ദുരൂഹതയുണ്ടാക്കുന്നു. എൻഡോസൾഫാന്റെ പേരിൽ അങ്കംവെട്ടി ആനുകൂല്യം പറ്റുന്നത് അയലത്തെവീട്ടിൽ ആർക്കും എന്തിലും പറ്റിയെന്നു കരുതി ഒരു പ്രയോജനവുമില്ല. അതിന് എൻഡോസൾഫാൻ അപകടകാരിയല്ലെന്നും ഇതുമൂലം ആരും മരിച്ചിട്ടില്ലെന്നതും പറയുന്നതിൽ എന്തു സുഖം.

കോഴിക്കോട് മെഡിക്കൽ കോളേജിലേയും പ്രവർത്തിയുള്ള വിദഗ്ധരാണ് മണ്ണും ജലവും പരിശോധിച്ച് എൻഡോസൾഫാനാണ് മരണകാരണമെന്ന് വിധിയെഴുതിയത്. ശാസ്ത്ര സത്യങ്ങളെപ്പോലും വെല്ലുവിളിച്ചുകൊണ്ടാണ് നേതാവ് രംഗത്തുവന്നിരിക്കുന്നത്. സർക്കാരിന്റെ കണക്കനുസരിച്ച് 727ഉം ജില്ലയിൽ 172 പേർ എൻഡോസൾഫാൻ മൂലം മരിച്ചിട്ടുണ്ട്. എൻഡോസൾഫാൻ സമരം ശക്തമാക്കിയതിന് ശേഷമുള്ള കണക്ക് മാത്രമാണിത്. അതിന് മുമ്പ് മരണപ്പെട്ടവരുടെ കണക്ക് ഇതിൽപെടില്ല. മരിച്ചവരിൽ മാത്രമല്ല ജീവിക്കുന്നവരുടെ പട്ടികയും വെറുതെയല്ല. ഏത് പഞ്ചായത്തിലും ഒരു ഡോക്ടറുടെ അടുത്തുപോയാൽ ഇപ്പോഴും പുറത്തുനിന്നിറങ്ങുന്നുണ്ട്. ജീവിതവും സമ്പാദ്യവുമെല്ലാം നഷ്ടപ്പെട്ടവരുടെ നെഞ്ചിലേക്കാണ് ഇത്തരം പ്രസ്താവനകളിലൂടെ വീണുകൊണ്ടിരിക്കുന്നത്. എൻഡോസൾഫാൻ അല്ലെങ്കിൽ മറ്റെന്താണ് അവരുടെ ജീവനെടുത്തതെന്ന് കൂടി വ്യക്തമാക്കാൻ നേതാവിന് ബാധ്യതയുണ്ട്.

'എൻഡോസൾഫാൻ: കമ്പനിക്കെതിരെ കോടതി അലക്ഷ്യത്തിന് കേസെടുക്കണം'

മാതൃഭൂമി

10 October 2012

എൻഡോസൾഫാൻ: പഠനത്തിന് പുതിയ സമിതി

പി.ബാസന്ത്

ന്യൂഡൽഹി: എൻഡോസൾഫാൻ നിരോധനം തുടരുന്നത് സംബന്ധിച്ച് വ്യക്തമായ തീരുമാനം അറിയിക്കാൻ കേന്ദ്രസർക്കാറിന് സുപ്രീം കോടതി നിർദേശം നൽകി. എൻഡോസൾഫാൻ ഉയർത്തുന്ന ആരോഗ്യപ്രശ്നങ്ങൾ പഠിക്കുന്നതിന് പുതിയസമിതിക്ക് ജസ്റ്റിസുമാരായ സ്വതന്തർകുമാർ, മദൻ ബിലോഉർ എന്നിവരടങ്ങുന്ന ബെഞ്ച് രൂപംനൽകി.

കേന്ദ്ര ആരോഗ്യ സർവീസ് ഡയറക്ടർ ജനറൽ അധ്യക്ഷനായ സമിതി ഒരാഴ്ചയ്ക്കുള്ളിൽ യോഗം ചേരണം. ആറാഴ്ചയ്ക്കം റിപ്പോർട്ട് സമർപ്പിക്കണമെന്നും രണ്ടംഗ ബെഞ്ച് ഉത്തരവായി. ഡി.വൈ.എഫ്.ഐ. നൽകിയ ഹർജി പരിഗണിക്കുകയായിരുന്നു കോടതി. കേസ് നവംബർ 20-ന് വീണ്ടും പരിഗണിക്കും.

അഞ്ചംഗസമിതിയിൽ കൃഷിമന്ത്രാലയത്തിലെയും ഐ. സി. എം.ആറിലെയും ഓരോ ശാസ്ത്രജ്ഞരും കൃഷി മന്ത്രാലയത്തിലെ പ്ലാന്റ് പ്രൊട്ടക്ഷൻ വിഭാഗത്തിന്റെ ജോയന്റ് സെക്രട്ടറിയും കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡ് മെമ്പർ സെക്രട്ടറിയും അംഗങ്ങളായിരിക്കും.

എൻഡോസൾഫാൻ നിരോധിച്ച സുപ്രീംകോടതിയുടെ ഇടക്കാല ഉത്തരവിൽ വിദഗ്ധസമിതിക്ക് രൂപംനൽകിയിരുന്നു. ഈ സമിതി എൻഡോസൾഫാൻ നിരോധിക്കുന്ന കാര്യത്തിൽ വ്യക്തമായ നിർദേശമൊന്നും നൽകിയിട്ടില്ലെന്ന് കോടതി ഉത്തരവിൽ പറയുന്നു. ഈ പശ്ചാത്തലത്തിലാണ് കോടതിയെ സഹായിക്കാൻ കൂടുതൽ വിദഗ്ധരെ ഉൾപ്പെടുത്തി പുനഃസമിതി തയ്യാറാക്കുന്നത്.

ആരോഗ്യപ്രശ്നങ്ങൾ കണക്കിലെടുത്ത് നേരത്തേ എൻഡോസൾഫാൻ നിരോധനത്തെ അനുകൂലിച്ച സർക്കാർ പിന്നിട് നിലപാട് മാറ്റിയെന്ന് സുപ്രീം കോടതി കുറ്റപ്പെടുത്തി. നിരോധനം തുടരണമെന്ന് പറയുന്ന ഒരു റിപ്പോർട്ടുപോലും സർക്കാർ നൽകിയിട്ടില്ല. കോടതിയുടെ തീരുമാനത്തിനുവിടാതെ സർക്കാറാണ് ഇക്കാര്യത്തിൽ തീരുമാനമെടുക്കേണ്ടത്. നേരത്തേയുണ്ടായിരുന്ന വിദഗ്ധസമിതിയുടെ റിപ്പോർട്ടും വ്യക്തമല്ല.

ഇതിനിടെ, സംസ്ഥാന സർക്കാറിനുവേണ്ടി ഹാജരായ മുതിർന്ന അഭിഭാഷകൻ കെ.കെ. വേണുഗോപാൽ, എൻഡോസൾഫാൻ നിരോധനത്തിന് കൃഷിയുമായി ഒരു ബന്ധവുമില്ലെന്ന് കോടതിയെ അറിയിച്ചു.

ഇത് മനുഷ്യന്റെ ആരോഗ്യവുമായി ബന്ധപ്പെട്ട പ്രശ്നമാണ്. ജീവിക്കാനുള്ള അവകാശവുമായി ബന്ധപ്പെട്ട ഭരണഘടനയുടെ 21-ാം അനുച്ഛേദത്തിന്റെ ലംഘനമാണത്. എൻഡോസൾഫാൻ ദുരിതബാധിതരുടെ ഫോട്ടോകാണ് കോടതി ശ്രദ്ധിച്ചുകാണുമെന്ന് അദ്ദേഹം പറഞ്ഞു.

എൻഡോസൾഫാനെഅനുകൂലിച്ച അംഗത്തെ സമ്മേളനത്തിൽ പങ്കെടുപ്പിച്ചില്ല

കോട്ടയം: പ്ലാന്റേഷൻ കോർപ്പറേഷൻ എംപ്ലോയീസ് യൂണിയൻ (സി.ഐ.ടി.യു.) സംസ്ഥാന സമ്മേളനത്തിൽ സംസ്ഥാന സമിതിയംഗത്തെ പങ്കെടുപ്പിച്ചില്ലെന്ന് പരാതി.

കാസർകോട്ടുനിന്നുള്ള പ്രതിനിധി എം.ഗംഗാധരൻനായരെയാണ് സമ്മേളനത്തിൽ പങ്കെടുക്കാൻ സംസ്ഥാനനേതൃത്വം അനുവദിക്കാതിരുന്നത്. സി.പി.എമ്മിന്റെയും യൂണിയന്റെയും നിലപാടിൽനിന്ന് വ്യതിചലിച്ച്, എൻഡോസൾഫാന് അനുകൂലമായ നിലപാട് എടുത്തതിനാലാണിത്.

എന്നാൽ, ഗംഗാധരൻനായർ സംസ്ഥാന സമിതിയംഗമല്ലെന്നും അതിനാലാണ് അദ്ദേഹത്തിന് സമ്മേളനത്തിൽ പങ്കെടുക്കാൻ കഴിയാതിരുന്നതെന്നും യൂണിയന്റെ സംസ്ഥാന പ്രസിഡന്റ് കെ.ജെ.തോമസ് വിശദീകരിച്ചു.

ഞായറാഴ്ച നടന്ന സമ്മേളനത്തിൽ പങ്കെടുക്കാൻ രാവിലെ അഞ്ചരയോടെ ഗംഗാധരൻനായർ കോട്ടയത്തെത്തി. സമ്മേളനത്തിൽ പങ്കെടുക്കാൻ അനുവദിക്കില്ലെന്ന് പിന്നീടാണറിഞ്ഞത്. തുടർന്ന് അദ്ദേഹം ലോഡ്ജ് മുറിയിൽത്തന്നെ തങ്ങി.

എൻഡോസൾഫാൻ മൂലം കാസർകോട് ജില്ലയിൽ ആരും മരിച്ചിട്ടില്ലെന്ന് നിലപാടെടുത്ത നേതാവാണ് ഗംഗാധരൻനായർ. ഇക്കാര്യം വിശദീകരിച്ച് കഴിഞ്ഞദിവസം അദ്ദേഹം മുഖ്യമന്ത്രിക്ക് കത്തയയ്ക്കുകയും ചെയ്തു. എൻഡോസൾഫാന്റെ പേരിൽ സർക്കാർഖജനാവ് കൊള്ളയടിക്കുന്നത് നിർത്തണമെന്നും പത്തുരൂപ പോലും ഇതിന്റെ പേരിൽ കൊടുക്കരുതെന്നും കത്തിൽ ആവശ്യപ്പെട്ടിരുന്നു.

സർക്കാർ പ്രസിദ്ധീകരിച്ച എൻഡോസൾഫാൻ ദുരിതബാധിതരുടെ പട്ടികയിൽ അപാകതയുണ്ടെന്ന ആരോപണവുമായി ഗംഗാധരൻനായർ ജനറൽ സെക്രട്ടറിയായ പ്ലാന്റേഷൻ സംരക്ഷണസമിതി നേതൃത്തെ രംഗത്തുവന്നിരുന്നു. പട്ടികയിൽ ഉൾപ്പെട്ടവരിൽ പലരും മരിച്ചത് അമിത മദ്യപാനമുൾപ്പെടെയുള്ള മറ്റ് കാരണങ്ങളാലാണെന്നാണ് സമിതി വാദിച്ചത്.

പാർട്ടിക്കും യൂണിയനും തലവേദനയായി മാറിയ ഇത്തരം നിലപാടുകളുടെ പേരിൽ, പ്ലാന്റേഷൻ കോർപ്പറേഷന്റെ കാസർകോട് എസ്റ്റേറ്റ് കമ്മിറ്റി കൺവീനർ സ്ഥാനത്തുനിന്ന് മുമ്പ് ഗംഗാധരൻനായരെ ഒഴിവാക്കിയിരുന്നതായി പ്ലാന്റേഷൻ കോർപ്പറേഷൻ എംപ്ലോയീസ് യൂണിയൻ സംസ്ഥാന വൈസ് പ്രസിഡന്റ് കെ.ഭാസ്കരൻനായർ പറഞ്ഞു.

എൻഡോസൾഫാൻ: 27 കോടി ലഭിച്ചിട്ട് നാലുമാസം; നൽകാൻ കഴിഞ്ഞത് 1.52 കോടി മാത്രം

കാസർകോട്: എൻഡോസൾഫാൻ ദുരിതബാധിതരുടെ ദുരിതാശ്വാസത്തിന് 27 കോടിരൂപ ലഭിച്ച് നാലുമാസമായിട്ടും ചെലവഴിക്കാൻ കഴിഞ്ഞത് 1.52 കോടി. സർക്കാറിനുമുന്നിൽ ഇപ്പോഴുള്ള 4128 പേരുടെ പട്ടികയിൽ സഹായം കിട്ടിയത് 101പേർക്ക് മാത്രം. സർക്കാർ ഉത്തരവിലെ അവ്യക്തതയും പട്ടികയിലെ അപാകവും നീതിതേടി ദുരിതബാധിതരുടെ ആശയാണ് നിണ്ടുപോകുന്നത്.

ഒന്നാം ഗഡു മാസങ്ങളും കഴിഞ്ഞിട്ടും വിനിയോഗിക്കാത്തതിനാൽ രണ്ടാം ഗഡു നൽകുന്നത് സംബന്ധിച്ച നടപടിയും ഇപ്പോഴില്ല. ദുരിതബാധിതർക്ക് നൽകേണ്ട സർക്കാർവിഹിതത്തെക്കുറിച്ചും പരാമർശമില്ല. സർക്കാർ നിർദേശപ്രകാരം 87.26 കോടി രൂപയാണ് പ്ലാന്റേഷൻ അടയ്ക്കേണ്ടത്.

മനുഷ്യാവകാശ കമ്മിഷൻ നിർദേശിച്ച ദുരിതാശ്വാസത്തിനുവേണ്ടി പ്ലാന്റേഷൻ നൽകിയ ആദ്യ ഗഡുവായ 27 കോടി രൂപ ജൂൺ ഏഴിനാണ് കാസർകോട് കളക്ടർക്ക് ലഭിച്ചത്. ദുരിതാശ്വാസത്തുക നൽകണമെന്ന സർക്കാർ ഉത്തരവും കളക്ടർക്ക് കിട്ടി. പക്ഷേ, ലഭിച്ച തുക എങ്ങനെയാണ് വിതരണംചെയ്യേണ്ടതെന്ന നിർദേശം സർക്കാറിൽനിന്ന് ലഭിച്ചില്ല.

2010 ഡിസംബർ 31ന് മനുഷ്യാവകാശ കമ്മിഷന്റെ നിർദേശപ്രകാരം തീരെ കിടപ്പിലായവർക്കും മാനസിക വെല്ലുവിളി നേരിടുന്നവർക്കും അഞ്ചുലക്ഷം രൂപയാണ് ദുരിതാശ്വാസം നൽകേണ്ടത്. മറ്റു ദുരിതബാധിതർക്ക് മൂന്നുലക്ഷം രൂപയും.

സർക്കാർ കമ്മിഷന് നൽകിയ റിപ്പോർട്ടുപ്രകാരം അഞ്ച്, മൂന്ന് ലക്ഷം രൂപ ഘട്ടംഘട്ടമായാണ് നൽകുക. ആദ്യഘട്ടത്തിൽ രണ്ടുതവണയായി യഥാക്രമം 1.5 ലക്ഷം, ഒരുലക്ഷം വീതം നൽകും.

ഇതിനിടയിൽ സർക്കാർ നിയോഗിച്ച പത്തംഗ മെഡിക്കൽ പാനൽ 4182 പേരുടെ പട്ടിക ക്രോഡീകരിച്ചു. ഒന്നാം കാറ്റഗറിയിൽപ്പെടുന്ന, പൂർണമായും കിടപ്പിലായ 514 ദുരിതബാധിതരിൽത്തന്നെ അപാകവും അവ്യക്തതയും കണ്ടെത്തി. ഈ ലിസ്റ്റിനെതിരെ എൻഡോസൾഫാൻ സെൽ രംഗത്തുവന്നു.

ഒടുവിൽ ആദ്യഗഡു സഹായം 110 പേർക്ക് ഓണത്തിനുമുമ്പ നൽകാൻ തീരുമാനമായി. പൂർണമായും കിടപ്പിലായ (ബെഡ്റിഡൺ) 101 ദുരിതബാധിതർക്ക് ഒന്നരലക്ഷം രൂപ വീട്ടിൽ എത്തിച്ചുനൽകി. മൊത്തം 1.52 കോടി. ഇനി 27 കോടിയിൽ ചെലവഴിക്കാനുള്ളത് 25.5 കോടിയാണ്.

വിദഗ്ധ ഡോക്ടർമാർ ക്രോഡീകരിച്ച അന്തിമ പട്ടികപ്രകാരം അവ്യക്തതയും പരാതിയും പൂർണമായും ഒഴിവാക്കി ആദ്യ ഗഡു നൽകി എന്നതുമാത്രമാണ് നിലവിലുള്ള ആശ്വാസം. എന്നാൽ ധനസഹായ പട്ടികയിൽ പേരില്ലാത്തതിന്റെ പേരിൽ ബെള്ളൂർ സരോളിമൂലയിലെ ജാനു നായ്ക് ആത്മഹത്യചെയ്ത് അധികൃതരുടെ ജാഗ്രതക്കുറവുമൂലമായിരുന്നു.

സർക്കാർ ജോലി നേടുന്നവരിൽ പ്രഗതിയുടെ പ്രാധാന്യം വർദ്ധിക്കുന്നു

മലബാർ

സിറാജ്

10 October 2012

● സുപ്രീം കോടതി പുതിയ വിദഗ്ധ സമിതിയെ നിയോഗിച്ചു

കേന്ദ്രം വ്യക്തമായ നിലപാട് സ്വീകരിക്കണം



സ്വന്തം ലേഖകൻ

● പ്രശ്നപരിഹാരം കോടതിയുടെ മേൽ കെട്ടിവെക്കരുത്

● ഒന്നര മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കണം

ന്യൂഡൽഹി: എൻഡോസൾഫാൻ നിരോധവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാറിന് സുപ്രീം കോടതി വിമർശം. ഇത് സംബന്ധമായി കൃത്യവും വ്യക്തവുമായ നിലപാട് സ്വീകരിക്കണമെന്ന് സുപ്രീം കോടതി ആവശ്യപ്പെട്ടു. മുൻകാലങ്ങളിൽ എൻഡോസൾഫാൻ നിരോധിക്കണമെന്ന നിലപാടെടുത്ത കേന്ദ്രം പിന്നീട് സമ്പൂർണ നിരോധം വേണ്ടെന്ന നിലപാടാണ് കോടതിയെ അറിയിച്ചത്.

പ്രശ്നപരിഹാരം കോടതിയുടെ ഉത്തരവാദിത്തമാക്കുന്നതിന് പകരം കേന്ദ്രം വ്യക്തമായ നിലപാടാണ് സ്വീകരിക്കേണ്ടതെന്ന് ജസ്റ്റിസ് സ്വതന്ത്രർ കുമാർ, മദൻ ബി ലോക്കൂർ എന്നിവരടങ്ങിയ ബഞ്ച് വ്യക്തമാക്കി. നിലപാട് സ്വീകരിക്കുന്നതിൽ കേന്ദ്രം പരാജയപ്പെട്ടെന്ന് കോടതി വിമർശിച്ചു.

എൻഡോസൾഫാൻ നിരോധവുമായി ബന്ധപ്പെട്ട് മുമ്പ് നടന്ന ഐ സി എം ആർ പഠനത്തിന് വ്യക്തതയില്ലെന്നും ചോദ്യങ്ങൾക്ക് കൃത്യമായ മറുപടി കിട്ടിയില്ലെന്നും ചൂണ്ടിക്കാട്ടിയ കോടതി വിഷയം പഠിക്കാൻ പുതിയ വിദഗ്ധ സമിതിയെ നിയോഗിച്ചു. എൻഡോസൾഫാൻ നിരോധിക്കുന്നത് സംബന്ധിച്ചും ബാക്കിയുള്ളവ എന്ത് ചെയ്യണമെന്നത് സംബന്ധിച്ചും പഠിക്കാനാണ് പുതിയ സമിതിയെ നിയമിച്ചത്. കേന്ദ്ര ഹെൽത്ത് സയൻസ് ഡയറക്ടർ ജനറൽ തലവനായുള്ള സമിതിയിൽ കൃഷിമന്ത്രാലയം ശാസ്ത്രജ്ഞനും ഐ സി എം ആർ ശാസ്ത്രജ്ഞനും കൃഷി മന്ത്രാലയത്തിന് കീഴിലുള്ള പ്ലാന്റ് പ്രൊട്ടക്ഷൻ വകുപ്പ് ജോയിന്റ് സെക്രട്ടറിയും കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡ് മെമ്പർ സെക്രട്ടറിയും അംഗങ്ങളായിരിക്കും.

രാജ്യത്ത് കെട്ടിക്കിടക്കുന്ന ദ്രവ, ഖര രൂപത്തിലുള്ള എൻഡോസൾഫാന്റെ അളവ്, എൻഡോസൾഫാൻ ഉപയോഗം ആരോഗ്യത്തിനും പരിസ്ഥിതിക്കുമുണ്ടാക്കുന്ന ദോഷങ്ങൾ, കെട്ടിക്കിടക്കുന്ന കീടനാശിനി മറ്റു രാജ്യങ്ങളിലേക്ക് കയറ്റി അയക്കാമോ, നിരോധം ആവശ്യമെങ്കിൽ കെട്ടിക്കിടക്കുന്ന കീടനാശിനി നശിപ്പിക്കാനുള്ള ചെലവ്, എൻഡോസൾഫാനുമായി ബന്ധപ്പെട്ട് കോടതിയിൽ എത്തിയിട്ടുള്ള എല്ലാ സംസ്ഥാനങ്ങളുടെയും കക്ഷികളെയും അഭിപ്രായം സമർപ്പിക്കുക എന്നിവയടങ്ങുന്ന വിശദമായ റിപ്പോർട്ട് സമിതി ഒന്നര മാസത്തിനകം കോടതിയിൽ സമർപ്പിക്കണം. ഇതിന് ഒരു ദിവസം പോലും കൂടുതൽ അനുവദിക്കില്ലെന്ന് കോടതി വ്യക്തമാക്കി. റിപ്പോർട്ട് ലഭിച്ചശേഷം എൻഡോസൾഫാൻ നിരോധനം സംബന്ധിച്ച് സുപ്രീം കോടതി തീരുമാനം എടുക്കും.

നേരത്തെ, എൻഡോസൾഫാൻ നിരോധിക്കണമെന്ന് പറഞ്ഞ കേന്ദ്ര സർക്കാർ ഇപ്പോൾ സമ്പൂർണ നിരോധം വേണ്ട എന്ന നിലപാടിലാണ്. ഇത് ശരിയല്ല. പ്രശ്ന പരിഹാരം കോടതിയുടെ മേൽ കെട്ടിവെച്ച് സർക്കാർ രക്ഷപ്പെടുന്ന സ്ഥിതിയുണ്ടാകരുത്. എൻഡോസൾഫാൻ നശിപ്പിക്കാൻ 1241 കോടി രൂപ വേണമെന്നാണ് കേന്ദ്ര സർക്കാർ പറയുന്നത്. എന്നാൽ ഇതിന് ഇത്രയും ഉയർന്ന തുക കണ്ടെത്തുക പ്രയാസകരമാണെന്ന് കോടതി നിരീക്ഷിച്ചു. അതേസമയം, ഘട്ടം ഘട്ടമായി എൻഡോസൾഫാൻ നിരോധമാണ് വേണ്ടതെന്ന് ഉൽപാദകർ കോടതിയിൽ ആവശ്യപ്പെട്ടു.

എൻഡോസൾഫാൻ അനുകൂലമായ നിലപാടാണ് പല ഘട്ടങ്ങളിലും കേന്ദ്ര സർക്കാർ എടുത്തിരുന്നത്. കേരളത്തിന്റെ ശക്തമായ പ്രതിഷേധം നിലനിൽക്കുമ്പോഴും കീടനാശിനിയുടെ ഉൽപാദനവും വിതരണവുമായി മുന്നോട്ട് പോകുന്നതായിരുന്നു കേന്ദ്ര സർക്കാറിന്റെ തീരുമാനം. ഒടുവിൽ സുപ്രീം കോടതി ഇടപെട്ട് എൻഡോസൾഫാന്റെ ഉൽപാദനം താൽകാലികമായി നിർത്തിവെക്കുകയായിരുന്നു.

ജില്ലയിൽ എൻഡോസൾഫാൻ പട്ടിക പഞ്ചായത്തുതലത്തിൽ പരിശോധിക്കും

കാസർകോട്: എൻഡോസൾഫാൻ ദുരിതബാധിതരായ 4182 പേർ ഉൾപ്പെട്ട, പുതുതായി ഇനംതിരിച്ച പട്ടിക പഞ്ചായത്തു തലത്തിൽ പരിശോധനയ്ക്ക് നൽകാൻ കലക്ടറേറ്റിൽ ചേർന്ന എൻഡോസൾഫാൻ സെൽ യോഗം തീരുമാനിച്ചു.

ദേശീയ മനുഷ്യാവകാശ കമ്മീഷൻ ശുപാർശയനുസരിച്ച് സംസ്ഥാന സർക്കാറിന്റെ ആനുകൂല്യങ്ങൾ നൽകുന്നതിനായി 4182 പേരുൾപ്പെടുന്ന പട്ടിക തയ്യാറാക്കിയിരുന്നു. ഈ പട്ടിക പുതുതായി ഇനംതിരിച്ച് വിവിധ വിഭാഗങ്ങളിലായി രോഗികളെ ഉൾപ്പെടുത്തിയിട്ടുണ്ട്. ശാരീരിക വൈകല്യമുള്ളവർ, മാനസിക വൈകല്യമുള്ളവർ, പൂർണ്ണമായും കിടപ്പിലായവർ, കാൻസർ രോഗ ബാധിതർ, മറ്റുവിഭാഗം എന്നിങ്ങനെ ഇനംതിരിച്ചാണ് പട്ടിക ഇപ്പോൾ നിജപ്പെടുത്തിയിരിക്കുന്നത്. ഇനം തിരിച്ച ശേഷമുള്ള കരടുപട്ടിക ആരോഗ്യവകുപ്പ് തയ്യാറാക്കിക്കഴിഞ്ഞു. പഞ്ചായത്തുപ്രസിഡണ്ട്, വാർഡംഗം, ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥർ എന്നിവരുൾപ്പെട്ട സംഘം ഓരോ പഞ്ചായത്തടിസ്ഥാനത്തിലും ഈ പട്ടിക പരിശോധിക്കും. പട്ടികയെക്കുറിച്ചുള്ള അന്തിമ തീർപ്പിൽ എത്തുന്നതിനും ആക്ഷേപങ്ങൾ പരിഹരിക്കുന്നതിനുമാണിത്. ഒക്ടോബർ 30നകം ഈ പരിശോധന പൂർത്തിയാക്കണമെന്നാണ് സെൽ യോഗം നിർദ്ദേശിച്ചിരിക്കുന്നത്.

പട്ടികയിൽ ഉൾപ്പെട്ട കാൻസർ രോഗികൾ, മറ്റ് രോഗ ബാധിതർ എന്നീ വിഭാഗങ്ങളെക്കുറിച്ചുള്ള തീരുമാനം ഉടൻതന്നെയുണ്ടാകണമെന്ന് യോഗം സർക്കാരിനോടാവശ്യപ്പെട്ടു. ആഗസ്റ്റ് ഡിസംബർ മാസങ്ങളിലായി നടത്തിയ ക്യാമ്പിൽ തയ്യാറാക്കിയവരുടെ പട്ടികയെക്കുറിച്ചും തീരുമാനമെടുക്കണമെന്ന് യോഗം അഭ്യർത്ഥിച്ചു.

എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള റേഷൻ വിതരണത്തിൽ റേഷൻ കടയുടമകൾ വിവേചനം കാണിക്കുന്നുവെന്ന പരാതികൾ ജില്ലാ സപ്ലൈ ഓഫീസർ അന്വേഷിക്കും. ദുരിത ബാധിതരെ രണ്ടാംതരക്കാരായി കണക്കാക്കുന്ന കടയുടമകൾക്കെതിരെ നടപടിയെടുക്കാനും സപ്ലൈ ഓഫിസറോട് സെൽ യോഗം നിർദേശിച്ചു.

ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് പി പി ശ്യാമളാദേവി യോഗത്തിൽ അധ്യക്ഷയായി. പി കരുണാകരൻ എം പി, എംഎൽ എമാരായ എൻ എ നെല്ലിക്കുന്ന്, പിബി അബ്ദുൽ റസാഖ്, ജില്ലാ കളക്ടർ പി എസ് മുഹമ്മദ് സഗീർ, ഡപ്യൂട്ടി കളക്ടർ പി കെ സുധീർബാബു തുടങ്ങിയവർ സംബന്ധിച്ചു.

മലയാള മനോരമ

10 October 2012

എൻഡോസൾഫാൻ: വിദഗ്ധ സമിതി റിപ്പോർട്ട് സുപ്രീം കോടതി തള്ളി

നിലപാടെടുക്കാതെ കേന്ദ്ര സർക്കാർ ഒളിച്ചുകളിക്കുന്നു

സ്വന്തം ലേഖകൻ

ന്യൂഡൽഹി ● എൻഡോസൾഫാൻ കീടനാശിനി സംബന്ധിച്ചു പഠിക്കാൻ നിയോഗിക്കപ്പെട്ട വിദഗ്ധ സമിതിയുടെ റിപ്പോർട്ട് വ്യക്തതയില്ലാത്തതെന്ന കാരണത്താൽ സുപ്രീം കോടതി തള്ളി. കീടനാശിനിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പഠിച്ച് ആറാഴ്ചയ്ക്കകം റിപ്പോർട്ട് നൽകാൻ നിർദ്ദേശിച്ച് ഡയറക്ടർ ജനറൽ ഓഫ് സർവീസസ് (ഡിജിഎഫ്എസ്) അധ്യക്ഷനായി പുതിയ സമിതിയെ കോടതി നിയോഗിച്ചു.

എൻഡോസൾഫാൻ വിഷയത്തിൽ വ്യക്തമായ നിലപാടെടുക്കാതെ കേന്ദ്രം ഒളിച്ചുകളിക്കുകയാണെന്ന് ജഡ്ജിമാരായ സ്വതന്തർ കുമാർ, മദൻ ബി.ലൊക്കൂർ എന്നിവരുടെ ബെഞ്ച് കുറ്റപ്പെടുത്തി. നിലപാടെടുക്കാൻ തയാറാകാത്ത കേന്ദ്രം എന്തിനാണ് തീരുമാനം കോടതിക്കു വിടുന്നത്? പൂർണ നിരോധനം കൊണ്ടുവന്നാൽ സാമ്പത്തിക പ്രതിസന്ധിയുണ്ടാകുമെന്നു പറയും; ഉപയോഗം അനുവദിച്ചാൽ ആരോഗ്യപ്രശ്നം ഉന്നയിക്കും. സർക്കാർ വ്യക്തമായ നിലപാടെടുക്കണം. അല്ലാതെ, തീരുമാനം കോടതിക്കു വിടുകയല്ല വേണ്ടത് – കോടതി പറഞ്ഞു.

എൻഡോസൾഫാന് സമ്പൂർണ നിരോധനം ആവശ്യപ്പെട്ട് ഡിവൈഎഫ്ഐ നൽകിയ ഹർജിയാണ് കോടതിയുടെ പരിഗണനയിലുള്ളത്. കേസ് ഇനി അടുത്ത മാസം 20നു പരിഗണിക്കും. ഇന്ത്യൻ കൗൺസിൽ ഫോർ മെഡിക്കൽ റിസർച്ച് (ഐസിഎംആർ) അധ്യക്ഷൻ വിശ്വ മോഹൻ കടോച് അധ്യക്ഷനായ സമിതിയാണ് കോടതി നിർദ്ദേശ പ്രകാരം പഠനം നടത്തി റിപ്പോർട്ട് നൽകിയത്. സമിതിയുടെ നിലപാടിൽ വ്യക്തതയില്ലെന്ന് നേരത്തെയും കോടതി കുറ്റപ്പെടുത്തിയിരുന്നു.

കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡ് മെംബർ സെക്രട്ടറി, കൃഷി മന്ത്രാലയത്തിലെ സസ്യ സംരക്ഷണ വിഭാഗം ജോയിന്റ് സെക്രട്ടറി, ഐസിഎംആറിലെ ശാസ്ത്രജ്ഞൻ തുടങ്ങിയവർ ഉൾപ്പെടുന്നതാണ് പുതിയ സമിതി. എൻഡോസൾഫാൻ ആരോഗ്യത്തിനും പരിസ്ഥിതിക്കുമുണ്ടാകുന്ന പ്രശ്നങ്ങൾ എന്തൊക്കെ? കീടനാശിനി നിരോധിച്ചാലുള്ള പ്രശ്നങ്ങൾ എന്തൊക്കെ? അവശേഷിക്കുന്ന കീടനാശിനിയും അസംസ്കൃത വസ്തുക്കളും നശിപ്പിക്കാൻ എത്ര പണം വേണ്ടിവരും? കെട്ടിക്കിടക്കുന്ന കീടനാശിനി കയറ്റുമതി ചെയ്യാൻ നടപടിയുണ്ടോ തുടങ്ങിയ കാര്യങ്ങളിൽ വ്യക്തമായ മറുപടി നൽകണമെന്നാണ് സമിതിക്കുള്ള നിർദ്ദേശം.

കീടനാശിനിയെ കൃഷിയുമായി ബന്ധപ്പെടുത്തി മാത്രം കണ്ടാൽ പോരെന്ന് കേരളത്തിനു വേണ്ടി ഹാജരായ കെ.കെ.വേണുഗോപാൽ വാദിച്ചു. ജീവികൾക്കുള്ള ഭരണഘടനാപരമായ അവകാശം പരിഗണിക്കണം. ആരോഗ്യപ്രശ്നങ്ങൾ കണക്കിലെടുത്തേ പറ്റൂ.

കീടനാശിനികൊണ്ടു ദോഷമുണ്ടെന്നോ ഇല്ലെന്നോ വ്യക്തമായി പറയാൻ വിദഗ്ധ സമിതി തയാറായില്ലെന്നും അവർ നിരത്തിയ കണക്കുകൾ വിശ്വസനീയമല്ലെന്നും ഹർജിക്കാർക്കുവേണ്ടി ഹാജരായ കൃഷ്ണൻ വേണുഗോപാലും ദീപക് പ്രകാശും വാദിച്ചു.

മാതൃഭൂമി

10 October 2012

പുഴകളിൽ കീടനാശിനി സാന്നിധ്യമെന്ന് റിപ്പോർട്ട്

തിരുവനന്തപുരം: സംസ്ഥാനത്തെ പുഴകളിൽ എൻഡോസൾഫാനടക്കമുള്ള കീടനാശിനികളുടെ സാന്നിധ്യമുള്ളതായി പഠന റിപ്പോർട്ട്. ബയോഡൈവേഴ്സിറ്റി ബോർഡിന് വേണ്ടി കോയമ്പത്തൂർ ആസ്ഥാനമായ ഫാക്കോൺ ആണ് പഠനം നടത്തിയത്. ഇടക്കാല റിപ്പോർട്ട് അവർ ബോർഡിന് കൈമാറി.

ചിറ്റൂർ പുഴ ഒഴികെയുള്ള 43 നദികളിൽ അവർ പഠനം നടത്തിയിരുന്നു. ഈ പുഴകളിലെ 21 ഇനം മീനുകളിൽ കീടനാശിനി അംശം ഉണ്ടെന്നാണ് പ്രാഥമിക വിലയിരുത്തൽ. പരിശോധനയ്ക്ക് വിധേയമാക്കിയ എല്ലാ മീനുകളിലും എൻഡോസൾഫാൻ അംശം കണ്ടെത്താനായിട്ടുണ്ട്. എൻഡോസൾഫാൻ ഘടകങ്ങളായ എൻഡോസൾഫാൻ 58 ശതമാനവും എൻഡോസൾഫാൻ സൾഫേറ്റ് എട്ട് ശതമാനവും പുഴകളിൽ ഉണ്ടെന്നാണ് നിഗമനം.

ഡി.ഡി.ടി, ഡൈ ആൽഡ്രിൻ അംശങ്ങളും നദികളിൽ കണ്ടെത്തിയിട്ടുണ്ട്. ജീവികളിൽ വീര്യംകൂടിയ അവശേഷിക്കാൻ സാധ്യതയുള്ള ഡി.ഡി.ടിയുടെ ഘടകങ്ങളായ ഡി.ഡി.ഇ 84 ശതമാനവും ഡി.ഡി.ഡി 46 ശതമാനവും അടങ്ങിയിട്ടുണ്ട്. കാൻസറുണ്ടാക്കുള്ള മാരകമാഗണം കലർന്നിട്ടുവരുന്നവയാണ് ഇവയിൽ പലതെന്നും പഠനം മുന്നറിയിപ്പ് നൽകുന്നു.

19 October 2012

എൻഡോസൾഫാൻ: അഞ്ച് പഞ്ചായത്തുകളിലെ പരിശോധന ഇന്ന്

കാസർകോട്: ദേശീയ മനുഷ്യാവകാശ കമ്മീഷൻ ശുപാർശയനുസരിച്ച് സംസ്ഥാനസർക്കാരിന്റെ ആനുകൂല്യങ്ങൾ നൽകുന്നതിനായി അഞ്ച് പഞ്ചായത്തുകളിൽ വെള്ളിയാഴ്ച പട്ടിക പരിശോധന നടത്തും. എൻമകജെ, ബദിയഡുക്ക, കള്ളാർ, ബെള്ളൂർ, കയ്യൂർ-ചീമേനി എന്നിവിടങ്ങളിലാണ് പരിശോധന. ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥർ, പഞ്ചായത്ത് പ്രസിഡന്റ്, പഞ്ചായത്തംഗം എന്നിവരുൾപ്പെട്ട സംഘമാണ് പഞ്ചായത്തടിസ്ഥാനത്തിൽ പട്ടിക പരിശോധിക്കുക. ഇതിനുവേണ്ടി എൻഡോസൾഫാൻ ദുരിതബാധിതരായ 4182 പേർ ഉൾപ്പെട്ട പട്ടിക സെൽ മുഖാന്തരം പഞ്ചായത്തുകൾക്ക് നൽകിയിരുന്നു.

ഈ പട്ടികയിൽ പുതുതായി ഇനംതിരിച്ച് വിവിധ വിഭാഗങ്ങളിലായിട്ടാണ് ദുരിതബാധിതരെ ഉൾപ്പെടുത്തിയിട്ടുള്ളത്. പൂർണമായും കിടപ്പിലായവർ, ശാരീരിക വൈകല്യമുള്ളവർ, മാനസിക വൈകല്യമുള്ളവർ, കാൻസർ ബാധിതർ, മറ്റു വിഭാഗം എന്നിങ്ങനെയാണ് ഇനംതിരിച്ചിട്ടുള്ളത്.

22ന് ബാക്കിയുള്ള ആറ് പഞ്ചായത്തുകളിൽ പരിശോധന നടത്തും. ക്രോഡീകരിച്ച അന്തിമ പട്ടിക നവംബർ 15 നകം തയ്യാറാക്കി സഹായ വിതരണം നടത്തും.

മംഗളം

27 October 2012

■ സുരേഷ്ഗോപി മൂന്നു ലക്ഷം നൽകി

പിറന്നാൾ ദിനത്തിൽ അംഗിതയുടെ വീടിനു മേൽക്കൂരയായി

■ ഉദിനൂർ സുകുമാരൻ

ഉറയ്ക്കാത്ത കഴുത്തും ശരീരവുമായി നാലാം കെയ്പില്ലാത്ത കാലുകളുമായി കിടന്ന കിടപ്പിൽ കഴിയുന്ന അംഗിതയ്ക്ക് ഇന്നലെ സുദിനമായിരുന്നു. മനസിൽ തിരതല്ലിയ ആഹ്ലാദം പറഞ്ഞറിയിക്കാൻ സംസാരശേഷിയില്ലെങ്കിലും. ആ കണ്ണുകളിൽനിന്ന് അതെല്ലാം വായിച്ചെടുക്കാമായിരുന്നു. അംഗിത എങ്ങനെ സന്തോഷിക്കാതിരിക്കും? ഏഴാം വയസിൽ അവൾക്കൊരു വീടുണ്ടായിരിക്കുന്നു. അതും സിനിമാനടൻ സുരേഷ്ഗോപിയുൾപ്പെടെ ഒട്ടേറെപ്പേരുടെ കാരുണ്യത്തിലൂടെ.

എൻഡോസൾഫാൻ ഇരയായി വീട്ടുകാർക്കു ദോമോയിത്തീരുമെന്നു കരുതിയ അംഗിതയുടെ വീടിന്റെ മേൽക്കൂര വാർക്കുന്നതിനു പങ്കാളികളാകാൻ എത്തിയത് ഒരു നാടു മുഴുവനുമായിരുന്നു. ചെറുവത്തൂർ മയ്യിച്ചയിലെ അംഗിതയുടെ വീടുപണിയ്ക്കായി സുരേഷ്ഗോപി നൽകിയത് മൂന്നു ലക്ഷം രൂപയാണ്. ജനകീയ കൂട്ടായ്മയിൽ വീടിന്റെ മേൽക്കൂര കോൺക്രീറ്റ് ചെയ്തത് ഇന്നലെയായിരുന്നു.

ഇന്നലെത്തന്നെയായിരുന്നു അംഗിതയുടെ ഏഴാം പിറന്നാൾ. ദുരിതം മറന്ന് അംഗിത അതിഥികൾക്കു പിറന്നാൾ മധുരം നൽകി. കുടുംബവീടിലെ ഒറ്റമുറിയിലാണ് അംഗിതയുടെ കുടുംബം കഴിച്ചുകൂട്ടുന്നത്. ആരോഗ്യമില്ലാത്ത കുഞ്ഞിനെ നോക്കേണ്ടതിനാൽ രക്ഷിതാക്കൾക്കു പണിക്കു പോകാൻ നിവൃത്തിയില്ല. ഇതിനിടയിൽ സ്വന്തം വീട് സ്വപ്നം മാത്രമായി അവശേഷിച്ചു. ആശയറ്റു കഴിയുന്നതിനിടയിലാണു സുരേഷ്ഗോപി ഈ കുടുംബത്തിനു തുണയാകുന്നത്.

അംഗിതയുടെ കുടുംബത്തിന്റെ സ്വപ്നം സഫലമാകുന്ന ആഹ്ലാദത്തിലായിരുന്നു വീടുനിർമാണ. ഉത്സവമാക്കാനെത്തിയ തൊഴിലാളികളും നാട്ടുകാരും കോളജ് വിദ്യാർഥികളും. ഒരുകൈ സഹായവുമായി എല്ലാവരും മുന്നോട്ടു വന്നതോടെ വീടുപണി വേഗത്തിലായി.

മയ്യിച്ചയിലെ രാധാകൃഷ്ണൻ-മാധവിക്കുട്ടി ദമ്പതികളുടെ മകളായ അംഗിതയുടെ വേദന കണ്ടറിഞ്ഞു പടന്നക്കാട് നെഹ്റു കോളജ് സാഹിത്യവേദിയാണ് സുരേഷ്ഗോപി സമ്മാനിക്കുന്ന മൂന്നു ലക്ഷം രൂപയുടെ വീടു പണിതു നൽകാൻ തയാറായത്.

വാർക്ക പണിക്കാർക്കുള്ള ഭക്ഷണം പാചകം ചെയ്യാൻ നെഹ്റു കോളജിലെ മുപ്പതോളം വിദ്യാർഥിനികളും ഇന്നലെ എത്തിയിരുന്നു. കോ-ഓർഡിനേറ്റർ ഡോ. അംബികാസുതൻ മാങ്ങാട് നേതൃത്വം നൽകി.



■ അംഗിത അമ്മ രമയോടൊപ്പം.

മാതൃഭൂമി

09 November 2012

എൻഡോസൾഫാൻ അനുകൂല പ്രബന്ധം: ശാസ്ത്രജ്ഞർക്കെതിരെ മന്ത്രി മോഹനൻ

കാസർകോട്: എൻഡോസൾഫാനെ അനുകൂലിച്ച് സ്വദേശി ശാസ്ത്രകോൺഗ്രസിൽ പ്രബന്ധങ്ങൾ അവതരിപ്പിച്ച രണ്ടു ശാസ്ത്രജ്ഞർക്കെതിരെ നടപടിയെടുക്കുമെന്ന് കൃഷിമന്ത്രി കെ.പി. മോഹനൻ പറഞ്ഞു. ഗസ്റ്റ് ഹൗസിൽ മാധ്യമപ്രവർത്തകരോട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

കൃഷിവകുപ്പിനും സർക്കാരിനുമെതിരെ നിൽക്കുന്ന ഉദ്യോഗസ്ഥരെ വെച്ചുപൊറുപ്പിക്കില്ല. എൻഡോസംഫാൻ ദുരിതബാധിതർക്ക് സഹായങ്ങൾ നൽകുന്നതിനിടയിൽ ഇത്തരം പ്രബന്ധാവതരണം നടത്തുന്നത് ശരിയല്ല. വിവരം കൂടിപ്പോയതാണോ എന്ന് അന്വേഷിക്കും. മറുപടി എഴുതി വാങ്ങാൻ ബന്ധപ്പെട്ടവർക്ക് നിർദേശം നൽകിയിട്ടുണ്ട്.

എൻഡോസംഫാൻ പ്രശ്നം വ്യാജനിർമിതമാണെന്നും അതിന്റെ പേരിൽ നടക്കുന്ന മുഴുവൻ പ്രവർത്തനങ്ങളും അവസാനിപ്പിച്ച് ഗൂഢാലോചനയെപ്പറ്റി അന്വേഷിക്കണമെന്നും ആവശ്യപ്പെട്ട് കേരള കാർഷിക സർവകലാശാലയിലെ ഡോ. കെ.എം. ശ്രീകുമാറും ഡോ. കെ.ഡി.പ്രതാപനുമാണ് കഴിഞ്ഞദിവസം സ്വദേശി ശാസ്ത്രകോൺഗ്രസിൽ പ്രബന്ധം അവതരിപ്പിച്ചത്.

എൻഡോസൾഫാൻ: സർക്കാരിന്റെ റിസംഗത അവസാനിപ്പിക്കണം - സി.പി.ഐ

തിരുവനന്തപുരം: എൻഡോസംഫാൻ ഇരകളോടുള്ള സർക്കാരിന്റെ നിസംഗത അവസാനിപ്പിക്കണമെന്ന് സി.പി.ഐ സംസ്ഥാന എക്സിക്യൂട്ടീവ് ആവശ്യപ്പെട്ടു.

കാസർകോട് ജില്ലയിലെ കശുമാവിൻതോട്ടങ്ങളിൽ വ്യാപകമായി എൻഡോസംഫാൻ തളിക്കുകവഴി ആയിരക്കണക്കായ മനുഷ്യർ അനുഭവിക്കുന്ന ദുരിതങ്ങളും ഒട്ടേറെയാണ്. എഴുന്നൂറോളം പേർ മരണപ്പെട്ടു. 4000-ൽ പരംപേർ വിവിധ രോഗങ്ങളാൽ നിത്യരോഗികളായി കഴിയുന്നു. എഴുന്നേറ്റു നടക്കാൻ കഴിയാത്തവരും ബുദ്ധിമാന്ദ്യം സംഭവിച്ചവരും കാൻസർ രോഗം ബാധിച്ചവരും ഉൾപ്പെടെ 4182 പേർ ഉണ്ടെന്നാണ് മനുഷ്യാവകാശ കമ്മീഷൻ കണ്ടെത്തിയിരിക്കുന്നത്. 29 മെഡിക്കൽ ക്യാമ്പുകളിലായി പങ്കെടുത്ത 26,200 പേരിൽ നിന്നാണ് ഇത്രയുംപേർ എൻഡോസംഫാൻ ബാധിതരാണെന്ന നിഗമനത്തിലെത്തിയത്. 2010 ആഗസ്റ്റ്-ഡിസംബർ മാസങ്ങളിലായി നടന്ന രണ്ട് ക്യാമ്പുകളിൽ പങ്കെടുത്തവരിൽ രോഗബാധിതരായവരുടെ പട്ടിക ഇതിനുപുറമെ പുറത്തുവരാനായുണ്ട്. എൽ.ഡി.എഫ് സർക്കാരാണ് ആദ്യമായി എൻഡോസംഫാൻ ബാധിച്ചവർക്ക് ചികിത്സാസൗകര്യങ്ങളും പെൻഷനും ഏർപ്പെടുത്തിയത്. മരിച്ചവരുടെ ആശ്രിതർക്ക് 50000 രൂപയും നൽകി. യു.ഡി.എഫ് സർക്കാർ മരിച്ചവരുടെ ആശ്രിതർക്ക് 50,000 രൂപ വർദ്ധിപ്പിച്ചു നൽകിയെങ്കിലും ചികിത്സാ സൗകര്യങ്ങളും ആവശ്യാനുസരണം നൽകാനോ, എഴുന്നേറ്റ് നടക്കാൻപോലും കഴിയാത്ത രോഗികൾക്ക് വീട്ടിൽ ചെന്ന് ചികിത്സ നൽകുമെന്ന പ്രഖ്യാപനം നടപ്പിലാക്കുന്നതിനോ തയ്യാറായില്ല. പണം അനുവദിച്ച് പ്രഖ്യാപനങ്ങൾ നടത്തുകയും ദുരിതബാധിതർക്ക് പണവും ചികിത്സയും കിട്ടാതിരിക്കുകയും ചെയ്യുന്ന സ്ഥിതിയാണ് നിലവിലുള്ളത്. ജനങ്ങളെ പറഞ്ഞു പറ്റിക്കുകയും കഷ്ടപ്പെടുന്ന രോഗികളോട് മനുഷ്യത്വരഹിതമായി പെരുമാറുകയും ചെയ്യുന്ന സർക്കാർ നടപടി തിരുത്തണമെന്നും അല്ലാത്തപക്ഷം ശക്തമായ പ്രക്ഷോഭത്തിന് പാർട്ടി തയ്യാറാകുമെന്നും എക്സിക്യൂട്ടീവ് പ്രമേയത്തിൽ പറഞ്ഞു. ടി.പുരുഷോത്തമൻനേറ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ സെക്രട്ടറി പന്ന്യൻ രവീന്ദ്രൻ, ദേശീയ എക്സിക്യൂട്ടീവ് അംഗങ്ങളായ സി.ദിവാകരൻ, കാനംരാജേന്ദ്രൻ, വെളിയം ഭാർഗവൻ, സംസ്ഥാന അസി.സെക്രട്ടറിമാരായ സി.എൻ.ചന്ദ്രൻ, കെ.പ്രകാശ്ബാബു എന്നിവർ പങ്കെടുത്തു.

21 November 2012

എൻഡോസൾഫാൻ രണ്ടു കൊല്ലത്തേക്കുകൂടി ഉപയോഗിക്കാമെന്ന് വിദഗ്ധസമിതി

പ്രത്യേക ലേഖകൻ

ന്യൂഡൽഹി: എൻഡോസംഫാൻ ഉപയോഗം രണ്ടു കൊല്ലത്തേക്കുകൂടി രാജ്യത്ത് തുടരാമെന്ന് വിദഗ്ധസമിതി ശുപാർശചെയ്തു. ഉൽപാദകരുടെ കൈവശമുള്ള അസംസ്കൃതവസ്തുക്കളിൽനിന്ന് എൻഡോസംഫാൻ ഉൽപാദിപ്പിക്കാനും രണ്ടുകൊല്ലത്തേക്ക് ഉപയോഗിക്കാനും അനുമതി നൽകണമെന്നാണ് സുപ്രീംകോടതിനിയമിച്ച വിദഗ്ധസമിതി നിർദേശിച്ചത്.

27-ന് സുപ്രീംകോടതി റിപ്പോർട്ട് പരിഗണിക്കും. സംസ്ഥാനങ്ങൾക്ക് സ്വന്തംനിലയ്ക്ക് എൻഡോസംഫാൻ നിരോധനം സംബന്ധിച്ച് തീരുമാനമെടുക്കാമെന്ന കേന്ദ്രസർക്കാരിനുവേണ്ടി ഹാജരായ അഡീഷണൽ സോളിസിറ്റർ ജനറൽ ഗൗരവ് ബാനർജി കോടതിയെ അറിയിച്ചു. എൻഡോസംഫാൻ നിരോധിച്ച രാജ്യങ്ങളിലൊ, കാർഷികമേഖലയിൽനിന്ന് അവ ഘട്ടംഘട്ടമായി ഒഴിവാക്കുകയാണ്. നിശ്ചിതകാലയളവിൽത്തന്നെ നിലവിലുള്ള അസംസ്കൃതവസ്തുക്കം ഉപയോഗിച്ചുതീർക്കുമെന്ന് ഇതിലൂടെ ഉറപ്പാക്കാൻ സാധിക്കും. കൂടുതൽ ഉൽപാദനം അനുവദിക്കുന്നില്ലെങ്കിൽ കെട്ടിക്കിടക്കുന്നവ രണ്ടുകൊല്ലത്തിനുള്ളിൽ ഉപയോഗിച്ചുതീർക്കാൻ അനുവദിക്കണമെന്ന് കൃഷിമന്ത്രാലയവും ആവശ്യപ്പെട്ടിരുന്നു. എൻഡോസംഫാൻ ഉണ്ടാക്കുന്ന ആരോഗ്യ, പരിസ്ഥിതിപ്രശ്നങ്ങം മറ്റുചില കീടനാശിനികം ഉപയോഗിക്കുമ്പോഴും കണ്ടു വരുന്നുണ്ടെന്ന് വിദഗ്ധസമിതി അഭിപ്രായപ്പെടുന്നു.

രണ്ടുകൊല്ലത്തെ കാലയളവിൽ ബദൽകീടനാശിനികളെക്കുറിച്ചുള്ള വിവരങ്ങം കൃഷിമന്ത്രാലയം വ്യാപകമായി പ്രചരിപ്പിക്കണം. എൻഡോസംഫാൻ വിൽക്കുന്ന കുപ്രികളിൽ, രണ്ടുകൊല്ലത്തേക്കുമാത്രമേ അവ ഉപയോഗിക്കാവൂവെന്ന് വ്യക്തമായി രേഖപ്പെടുത്തണം. ഉപയോഗം അനുവദിക്കുന്ന സംസ്ഥാനങ്ങളിൽ അത് ഉപയോഗിക്കുന്ന കൃഷിക്കാരുടെയും സ്ഥലത്തിന്റെയും വിവരങ്ങം സൂക്ഷിക്കുകയും മേൽനോട്ടംവഹിക്കുകയും ചെയ്യണം. പ്രതികൂലമായി എന്തെങ്കിലും കണ്ടാൽ അക്കാര്യം ഉത്തരവാദപ്പെട്ടവരെ അറിയിക്കണം. വിദേശരാജ്യങ്ങളിലേക്ക് കയറ്റിഅയയ്ക്കുന്ന നടപടിക്രമങ്ങളും രണ്ടുകൊല്ലത്തിനുള്ളിൽ പൂർത്തിയാക്കണമെന്ന് സമിതി നിർദേശിച്ചു. നിലവിലുള്ള സ്റ്റോക്ക് സംബന്ധിക്കുന്നതിന് വളരെയേറെ കൊല്ലങ്ങളും 1189 കോടി രൂപയും ആവശ്യമാണെന്ന് മലിനീകരണ ബോർഡ് ഗുപാർശചെയ്തിട്ടുണ്ടെന്ന് വിദഗ്ധസമിതിയുടെ റിപ്പോർട്ടിൽ പറയുന്നു.

പല സംസ്ഥാനങ്ങളും എൻഡോസംഫാൻ ഉപയോഗം പ്രശ്നങ്ങളുണ്ടാക്കുന്നില്ലെന്ന് സമിതിയെ അറിയിച്ചിട്ടുണ്ടെന്നും റിപ്പോർട്ടിൽ ചൂണ്ടിക്കാണിക്കുന്നുണ്ട്. ലോകത്ത് വിലക്കുള്ള സ്ഥലങ്ങളിൽ സുർചെയ്യുന്ന 13 മുതൽ 35 ശതമാനം വരെയുള്ള കീടനാശിനികളും ആരോഗ്യ, പരിസ്ഥിതി പ്രശ്നങ്ങം ഉണ്ടാക്കുന്നുണ്ട്. അതിനാൽ എൻഡോസംഫാൻ മാത്രമാണ് ഇത്തരം പ്രശ്നങ്ങം ഉണ്ടാക്കുന്നതെന്ന് പറയാനാകില്ല. കൂടുതൽ കാലയളവിലേക്ക് ഉൽപാദനം നടത്താൻ അനുവദിക്കുന്നത് ഉചിതമാകില്ലെന്നും സമിതി അഭിപ്രായപ്പെടുന്നു.

മംഗളം

09 November 2012

■ എൻഡോസൾഫാൻ ദോഷവശങ്ങൾ കേരളം അറിയിച്ചില്ല

ന്യൂഡൽഹി: എൻഡോസൾഫാന്റെ ദോഷവശങ്ങൾ ഏറ്റവുമധികം അനുഭവിക്കുന്ന സംസ്ഥാനമായിട്ടും ഇക്കാര്യം കേരളം സമിതിയെ അറിയിച്ചില്ല. ഐ.സി.എം.ആർ. ഡയറക്ടർ ജനറൽ ഡോ. വി.എം. കടോച്ച് ഒപ്പു വച്ച് ഇന്നലെ സുപ്രീം കോടതിയിൽ നൽകിയ റിപ്പോർട്ടിലാണ് ഇക്കാര്യം പറഞ്ഞിട്ടുള്ളത്.

എൻഡോസൾഫാൻ മാരക കീടനാശിനിയാണെന്നാണ് തങ്ങളുടെ അഭിപ്രായമെന്നും, എന്നാൽ ഒരു സംസ്ഥാന സർക്കാരും ഇതിന്റെ ആരോഗ്യ-പാരിസ്ഥിതിക പ്രത്യാഘാതങ്ങളെക്കുറിച്ചു തങ്ങളെ അറിയിച്ചില്ലെന്നും സമിതി റിപ്പോർട്ടിൽ വ്യക്തമാക്കി. റിപ്പോർട്ട് തയാറാക്കുമ്പോൾ സംസ്ഥാന സർക്കാരുകളുടെ അഭിപ്രായം കൂടി പരിഗണിക്കണമെന്നു സുപ്രീം കോടതി നിർദേശിച്ചിരുന്നു. എല്ലാ സംസ്ഥാനങ്ങളുടേയും അഭിപ്രായം തങ്ങൾ പരിഗണിച്ചിരുന്നു. എൻഡോസൾഫാൻ ഉപയോഗത്തെ എതിർത്ത് ഡി.വൈ.എഫ്.ഐ മാത്രമാണ് തങ്ങൾക്കു മുമ്പാകെ ഹാജരായി തങ്ങളുടെ വാദം അവതരിപ്പിച്ചതും. എൻഡോസൾഫാൻ ഉപയോഗത്തെ അനുകൂലിച്ച് കീടനാശിനി നിർമാതാക്കളുടെ സംഘടനയായ [illegible] അസോസിയേഷനും സമിതിക്കു മുമ്പാകെ ഹാജരായിരുന്നുവെന്നും സമിതിയുടെ റിപ്പോർട്ട് വ്യക്തമാക്കുന്നു.

മംഗളം

21 November 2012

എൻഡോസൾഫാൻ രണ്ടു വർഷത്തേക്കു കൂടി ഉപയോഗിക്കാം: വിദഗ്ധസമിതി

■ കെ.എസ്. അശോക്
സ്റ്റാഫ് റിപ്പോർട്ടർ

രാജ്യത്തു നിലവിൽ കെട്ടിക്കിടക്കുന്ന എൻഡോസൾഫാൻ ശേഖരം ഇല്ലാതാക്കുന്നതിന് ഇതുപയോഗിച്ചുള്ള എൻഡോസൾഫാൻ നിർമാണത്തിനും ഉപയോഗത്തിനും രണ്ടു വർഷത്തേക്ക് അനുമതി നൽകാമെന്നു സുപ്രീം കോടതി നിയോഗിച്ച വിദഗ്ധ സമിതി. എൻഡോസൾഫാന്റെ ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാക്കുന്നുണ്ടെങ്കിലും ഇതു നശിപ്പിച്ചു കളയുന്നതു വൻ സാമ്പത്തികബാധ്യതയുണ്ടാക്കും. എന്ന നിലപാടാണു സമിതി മുന്നോട്ടുവച്ചിരിക്കുന്നത്. രണ്ടു വർഷം ഉപയോഗിച്ചു കഴിഞ്ഞാൽ എൻഡോസൾഫാൻ കമ്പനികളുടെ പക്കൽ നിലവിലുള്ള അസംസ്കൃത വസ്തുക്കൾ ഇല്ലാതാക്കുമെന്നും അസംസ്കൃത വസ്തുക്കൾ ഈ കാലയളവിനുള്ളിൽ പൂർണമായി ഇല്ലാതാക്കിയെന്ന് ഉറപ്പാക്കണമെന്നും, സമിതി റിപ്പോർട്ടിൽ പറയുന്നു. സമിതി നൽകിയ നിർദേശങ്ങളോട് എതിർപ്പുള്ളവർക്ക് ഒരാഴ്ചയ്ക്കുള്ളിൽ അക്കാര്യം കോടതിയെ അറിയിക്കാമെന്നു ജസ്റ്റിസുമാരായ സ്വതന്ത്ര കുമാർ, മദൻ ബി ലോക്കൂർ എന്നിവരുടെ ബെഞ്ച് വ്യക്തമാക്കി.

എൻഡോസൾഫാൻ നിരോധിക്കണമെന്ന് ആവശ്യപ്പെട്ട് ഡി.വൈ.എഫ്.ഐ നൽകിയ ഹർജിയിൽ മറുപടി നൽകുന്നതിനു കേന്ദ്രം ഉടനിൽ നിലപാട് സ്വീകരിക്കുന്നു എന്നു ചൂണ്ടിക്കാട്ടി നിരോധനവുമായി മുന്നോട്ടുപോകുന്നതിൽ കേന്ദ്രത്തിന് വിമുഖതയുണ്ടെന്നു വ്യക്തമാക്കിയിരുന്നു. നടത്തോൻ കഴിഞ്ഞ മാസം ഒമ്പതിനാണു സുപ്രീം കോടതി സമിതി വിധു ലീകരിച്ചത്.

എൻഡോസൾഫാൻ നിരോധിക്കുന്നതിൽ സുപ്രീംകോടതിയിൽ വിദഗ്ധസമിതി സമർപ്പിച്ച റിപ്പോർട്ട് എന്തുതന്നെയായാലും, സംസ്ഥാന സർക്കാർ എൻഡോസൾഫാൻ നിരോധനം തുടരുമെന്നു മന്ത്രി കെ.പി മോഹനൻ. സുപ്രീം കോടതിയിൽ ശിപാർശ നൽകിയ വിദഗ്ധ സമിതി കേരളത്തോട് അഭിപ്രായം ചോദിച്ചിട്ടില്ല. വിദഗ്ധസമിതി റിപ്പോർട്ടു സർക്കാരിനു ലഭിച്ചിട്ടില്ലെന്നും മന്ത്രി പറഞ്ഞു.

നിരോധനം തുടരും: മന്ത്രി കെ.പി. മോഹനൻ

തിരുവനന്തപുരം: സുപ്രീംകോടതിയിൽ വിദഗ്ധസമിതി സമർപ്പിച്ച റിപ്പോർട്ട് എന്തുതന്നെയായാലും, സംസ്ഥാന സർക്കാർ എൻഡോസൾഫാൻ നിരോധനം തുടരുമെന്നു മന്ത്രി കെ.പി മോഹനൻ. സുപ്രീം കോടതിയിൽ ശിപാർശ നൽകിയ വിദഗ്ധ സമിതി കേരളത്തോട് അഭിപ്രായം ചോദിച്ചിട്ടില്ല. വിദഗ്ധസമിതി റിപ്പോർട്ടു സർക്കാരിനു ലഭിച്ചിട്ടില്ലെന്നും മന്ത്രി പറഞ്ഞു.

മാതൃഭൂമി

22 November 2012

എൻഡോസൾഫാൻ: കേരളസർക്കാർ കർശന നിലപാടെടുക്കണം -എൽ.ഡി.എഫ്

സ്വന്തം ലേഖകൻ

തിരുവനന്തപുരം: എൻഡോസൾഫാൻ രണ്ടു വർഷം കൂടി ഉപയോഗിക്കാൻ അനുമതി നൽകണമെന്ന വിദഗ്ധസമിതി റിപ്പോർട്ടിനെതിരെ കേരളസർക്കാർ സുപ്രീംകോടതിയിൽ കർശനനിലപാടെടുക്കണമെന്ന് ഇടതുമുന്നണി ആവശ്യപ്പെട്ടു.

എൻഡോസൾഫാൻ രാജ്യത്ത് വിനാശകാരണമാണെന്ന് സമ്മതിക്കുന്ന റിപ്പോർട്ടിൽ തന്നെയാണ് രണ്ടുവർഷം കൂടി എൻഡോസൾഫാൻ ഉപയോഗിക്കാൻ അനുമതി നൽകണമെന്ന് വിദഗ്ധസമിതി നിർദേശിച്ചിരിക്കുന്നത്.

ഇപ്പോൾ സ്റ്റോക്കുള്ള എൻഡോസൾഫാൻ രണ്ടുവർഷത്തിനകം കൊക്കണക്കിനു രൂപ വരുമെന്നതും സംസ്ഥാന സർക്കാരുകൾ എൻഡോസൾഫാനെ എതിർക്കുന്നില്ലായെന്നതുമാണ് ഈ നിലപാടിന് ന്യായീകരണമായി വിദഗ്ധസമിതി ചൂണ്ടിക്കാണിക്കുന്നത്.

കേരളമുൾപ്പെടെയുള്ള കുറച്ചുസംസ്ഥാനങ്ങൾ മാത്രമാണ് ഇതിനെതിരെ രംഗത്തുള്ളത്. ഇത് എൻഡോസൾഫാൻ ഉത്പാദകർക്കു വേണ്ടിയുണ്ടാക്കുന്ന വിടുപണിയുടെ ഭാഗമാണ്. ഈ നിലപാടു കൈക്കൊള്ളുന്നതിനെതിരെ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തുന്നതായി വി.എസ്. അച്യുതാനന്ദൻ നേതൃത്വത്തിൽ എൽ.ഡി.എഫ് നേതാക്കളുമുൾപ്പെട്ട പ്രതിനിധിസംഘത്തിനോടു നിലപാടറിയിച്ചതായി എൽ.ഡി.എഫ് കൺവീനർ വൈക്കം വിശ്വൻ പറഞ്ഞു.

മംഗളം

22 November 2012

എൻഡോസൾഫാൻ: മുഖ്യമന്ത്രിക്കു നിവേദനം നൽകും

തിരുവനന്തപുരം: എൻഡോസൾഫാൻ പ്രശ്നത്തിൽ പ്രതിപക്ഷ നേതാവ് വി.എസ്. അച്യുതാനന്ദന്റെ നേതൃത്വത്തിൽ ഘടകകക്ഷി നേതാക്കൾ മുഖ്യമന്ത്രിക്ക് നിവേദനം നൽകുമെന്നു ഇടതുമുന്നണി കൺവീനർ വൈക്കം വിശ്വൻ പറഞ്ഞു. ഇടതുമുന്നണി യോഗതിരുമാനങ്ങൾ വിശദീകരിക്കുകയായിരുന്നു അദ്ദേഹം.

എൻഡോസൾഫാൻ രണ്ടു കൊല്ലത്തേക്കുകൂടി ഉപയോഗിക്കാമെന്ന വിദഗ്ധ സമിതിയുടെ റിപ്പോർട്ട് അംഗീകരിക്കാനാവില്ല. വിഷം നിർമ്മിക്കുന്ന കമ്പനിയുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്ന നിലപാടാണ് കേന്ദ്ര സർക്കാരിന്റേത്. ഇതു സംബന്ധിച്ച് പ്രതികരിക്കാൻ മുഖ്യമന്ത്രിയും കൃഷിമന്ത്രിയും ഇതുവരെ തയ്യാറായിട്ടില്ല. കൃഷിമന്ത്രി പറയുന്നത് താനറിഞ്ഞില്ലെന്നാണ്.

എൻഡോസൾഫാൻ കമ്പനിക്കു വേണ്ടി വിടുപണി ചെയ്യാൻ കേന്ദ്രസർക്കാരിനൊപ്പം കേരള സർക്കാരും തയ്യാറെടുക്കുകയാണ്. സ്റ്റാറ്റ്യൂട്ടറി റേഷൻ സമ്പ്രദായം അട്ടിമറിക്കാനുള്ള ശ്രമത്തിനെതിരെ ശക്തമായ സമരം നടത്തുമെന്നും ഇടതുമുന്നണി കൺവീനർ പറഞ്ഞു. ജനങ്ങൾ അനുഭവിച്ചു കൊണ്ടിരിക്കുന്ന അവകാശം അട്ടിമറിച്ചിരിക്കുയാണ്. ഇതിനെതിരെ അടുത്തമാസം നാനു മണ്ഡലം കേന്ദ്രങ്ങളിൽ കുടുംബ കൺവെൻഷനിലും പ്രതിഷേധപ്രകടനവും സംഘടിപ്പിക്കുമെന്നും വൈക്കം വിശ്വൻ പറഞ്ഞു. ഭക്ഷ്യ സുരക്ഷാ നിയമം ഉടൻ നടപ്പാക്കണമെന്നാവശ്യപ്പെട്ട് ജനുവരി 15 മുതൽ പ്ലാച്ചിമടയിൽ നിന്നും ഏറ്റവും കൂടുതൽ ആളുകൾ പങ്കെടുക്കുന്ന രാജ്ഭവൻ വരെയാണ് ഇടതുമുന്നണി കൂടി പങ്കെടുക്കുന്ന ജാഥ നടത്തുന്നത്. ഈ കാര്യങ്ങളിലെല്ലാം ഉറപ്പുലഭിച്ചതിനുശേഷമാണ് ഇടതുമുന്നണി യോഗം അംഗീകരിച്ചു.

13 December 2012

എൻഡോസൾഫാൻ വിറ്റഴിക്കൽ: ഹർജി സുപ്രീംകോടതി തള്ളി

ന്യൂഡൽഹി: എൻഡോസൾഫാൻ കേസിൽ കേന്ദ്രസർക്കാരിനും എൻഡോസൾഫാൻ നിർമാതാക്കൾക്കും തിരിച്ചടി.

കെട്ടിക്കിടക്കുന്ന എൻഡോസൾഫാൻ ഉടൻ വിറ്റഴിക്കാൻ അനുവദിക്കണമെന്ന ഉത്പാദകരുടെ ആവശ്യം സുപ്രീംകോടതി അംഗീകരിച്ചില്ല. കേരളവും കർണാടകവുമടക്കം നിരോധനമുള്ള സംസ്ഥാനങ്ങളിൽ എൻഡോസൾഫാൻ ഉപയോഗിക്കാമെന്നും കോടതി ഫൈൽചെയ്തു തയ്യാറാക്കിയ താൽക്കാലിക നിരോധനം പിൻവലിക്കണമെന്നുമുള്ള കമ്പനികൾക്ക് അനുകൂലമായ നിലപാടാണു കേന്ദ്രസർക്കാർ സ്വീകരിച്ചത്.

കാലാവധി കഴിയുന്നതിനു മുമ്പേ എൻഡോസൾഫാൻ രാജ്യത്തു വിറ്റഴിക്കാൻ അനുവദിക്കണമെന്നായിരുന്നു കമ്പനികളുടെ ആവശ്യം.

കാലാവധി പൂർത്തിയായ ശേഷവും സുക്ഷിക്കുന്ന എൻഡോസൾഫാൻ ശേഖരം കുടുതൽ വിഷമയമാകുമെന്ന് ഉൽപാദകർ ചൂണ്ടിക്കാട്ടി. ഇവ നശിപ്പിക്കാൻ 1800 കോടിയിലേറെ ചെലവു വരുന്നതിനാൽ ഉടൻ വിറ്റഴിക്കലാണു ശരിയായ മാർഗമെന്ന കമ്പനിയുടെ വാദം കോടതി തള്ളി.

ഒടുവിൽക്ക് എൻഡോസൾഫാൻ നിരോധിക്കുന്നതു ശരിയല്ലെന്നും കർഷകർക്കു ബുദ്ധിമുട്ട് സൃഷ്ടിക്കുമെന്നുമുള്ള വാദമുഖങ്ങൾ കമ്പനി നിരത്തിയെങ്കിലും സംസ്ഥാനത്തിനു വേണ്ടി ഹാജരായ മുതിർന്ന അഭിഭാഷകൻ കെ.കെ.വേണുഗോപാൽ, ഹർജിക്കാർക്കു വേണ്ടി അഡ്വ. ഡി.വൈ.എഫ്.ഐക്കു വേണ്ടി ഹാജരായ കൃഷ്ണൻ വേണുഗോപാൽ എന്നിവർ എതിർത്തു.

എൻഡോസൾഫാന്റെ നിരോധനം സ്ഥിരമാക്കണമോയെന്നു പരിശോധിച്ചു സമർപ്പിച്ച പുതിയ റിപ്പോർട്ടിലും കോടതി അതൃപ്തി രേഖപ്പെടുത്തി. ജനുവരി എഴിനു കോടതി കേസ് വീണ്ടും പരിഗണിക്കും. ജസ്റ്റിസുമാരായ കെ.എസ്.സ്വതന്ത്രകുമാർ, മദൻ പി.ലോകൂർ എന്നിവരടങ്ങുന്ന ബെഞ്ചാണു കേസ് പരിഗണിച്ചത്.

സംസ്ഥാനത്തിനു വേണ്ടി സ്റ്റാൻഡിംഗ് കൗൺസൽ എം.ആർ.രമേഷ്ബാബു, ഹർജിക്കാർക്കു വേണ്ടി അഡ്വ. ദീപക് പ്രകാശ് എന്നിവർ ഹാജരായി.

മാതൃഭൂമി

13 December 2012

എൻഡോസൾഫാൻ ഉപയോഗം തുടരാൻ അനുവദിക്കരുതെന്ന് കേരളം

ന്യൂഡൽഹി: എൻഡോസൾഫാൻ ഉപയോഗം തുടരാൻ അനുവദിക്കരുതെന്ന് കേരളം സുപ്രീംകോടതിയിൽ ആവശ്യപ്പെട്ടു.

എൻഡോസൾഫാൻ ഉപയോഗിക്കുന്നത് ആരോഗ്യപ്രശ്നങ്ങളുണ്ടാക്കുമെന്ന് കോടതി നിയമിച്ച വിദഗ്ധസമിതിതന്നെ അംഗീകരിച്ച സാഹചര്യത്തിൽ ഉപയോഗം തുടരാൻ അനുവദിക്കുന്നത് അധാർമികവും ജീവിക്കാനുള്ള അവകാശവുമായി ബന്ധപ്പെട്ട ഭരണഘടനയുടെ 21-ാം അനുച്ഛേദത്തിന്റെ ലംഘനവുമാണെന്ന് സമിതിയുടെ റിപ്പോർട്ടിനുള്ള മറുപടിയിൽ കേരളം വ്യക്തമാക്കി.

ഉപയോഗിച്ച് രണ്ടുകൊല്ലത്തിനുള്ളിൽ ഒഴിവാക്കുകയെന്ന സമിതിയുടെ നിർദേശത്തിൽ ഒരുപാട് അപാകങ്ങളുണ്ടെന്ന് സ്റ്റാൻഡിങ് കോൺസൽ എം. ആർ.രമേശ്ബാബു മുഖേന സമർപ്പിച്ച മറുപടിയിൽ കേരളം ചൂണ്ടിക്കാട്ടുന്നു. രണ്ടുകൊല്ലത്തിനുള്ളിൽ ശേഖരം ഉപയോഗിച്ച് ഒഴിവാക്കുന്നതിന് കമ്പനികളോട് ശുപാർശചെയ്യണമെന്ന സമിതിയുടെ നിർദേശം അപകടം നിറഞ്ഞതാണ്. പാരിസ്ഥിതിക മലിനീകരണത്തിന് അനുവാദം കൊടുക്കുന്നതിന് തുല്യമാണിത്. പരിസ്ഥിതിക്കുപുറമെ, മനുഷ്യർക്കും മൃഗങ്ങൾക്കും ഹാനികരമാണിത്. സുരക്ഷിതമായ ബദലുകളെ കുറിച്ചുള്ള വിവരം മറച്ചുവെക്കുന്നതിനും ഇത് വഴിവെക്കും.

UNKNOWN

എൻഡോസൾഫാൻ: വിവാദത്തിന് സത്യവുമായി ബന്ധമില്ല-ഉമ്മൻചാണ്ടി

തിരുവനന്തപുരം: എൻഡോസൾഫാൻ സംബന്ധിച്ച് ഉണ്ടായ വിവാദത്തിന് സത്യവുമായി പുലബന്ധം പോലുമില്ലെന്ന് മുഖ്യമന്ത്രി ഉമ്മൻചാണ്ടി. ശരിയായി പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥരുടെ മനോവീര്യം തകർക്കുന്ന രീതിയിലുള്ള വിവാദം നിർഭാഗ്യകരമാണ്. ഉദ്യോഗസ്ഥർ തെറ്റുചെയ്യാൽ സംരക്ഷിക്കില്ല. പക്ഷേ ശരിയായി പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥരെ സംരക്ഷിക്കും. ചാനലുകളിലെ 'ബ്രേക്കിങ് ന്യൂസ്' കണ്ട് ഉദ്യോഗസ്ഥരെ തള്ളിപ്പറയില്ലെന്നും മന്ത്രിസഭായോഗ തീരുമാനങ്ങളും മാധ്യമങ്ങളോട് വിശദീകരിക്കവെ മുഖ്യമന്ത്രി പറഞ്ഞു.

കോഴിക്കോട് മെഡിക്കൽ കോളേജിലെ കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗമാണ് എൻഡോസൾഫാൻ റിപ്പോർട്ട് തയ്യാറാക്കിയത്. റിപ്പോർട്ടിൽ തെറ്റുണ്ടെന്നും തന്റെ ഭാഗം കേൾക്കണമെന്നും ആവശ്യപ്പെട്ട് ഗണേശൻ എന്നയാൾ തുടർച്ചയായി മെഡിക്കൽ കോളേജിന് കത്തുനൽകി. അവർ പ്രതികരിക്കാതിരുന്നതിനെ തുടർന്ന് ആരോഗ്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് ഗണേശൻ വക്കീൽ നോട്ടീസ് അയച്ചു. തന്റെ ഭാഗം കേൾക്കാൻ 2012 ഫിബ്രുവരി 10ന് മുമ്പ് യോഗം വിളിക്കണമെന്നായിരുന്നു ആവശ്യം.

യോഗം വിളിക്കണമെന്ന അഭ്യർഥനയിൽ ആരോഗ്യവകുപ്പ് നിയമവകുപ്പിന്റെ ഉപദേശം തേടി. കോഴിക്കോട്മെഡിക്കൽ കോളേജ് കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗം തലവന്റെ അഭിപ്രായം തേടണമെന്നായിരുന്നു നിയമവകുപ്പിന്റെ ഉപദേശം. എൻഡോസൾഫാൻ പ്രതിനിധിയെ ഉൾപ്പെടുത്തി യോഗം ചേരാനല്ല ആവശ്യപ്പെട്ടത്. പകരം യോഗം ചേരുന്നത് സംബന്ധിച്ച് അഭിപ്രായം പറയണമെന്ന് മാത്രമാണ് മെഡിക്കൽകോളേജ് കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗം മേധാവിയോട് ആവശ്യപ്പെട്ടിരുന്നത്.

ഗണേശനെ ഉൾപ്പെടുത്തി യോഗം ചേരേണ്ട ആവശ്യമില്ലെന്നും അവരുടെ നിർദേശങ്ങൾ റിപ്പോർട്ടിൽ ഉൾപ്പെടുത്തേണ്ട കാര്യമില്ലെന്നും കാട്ടി കമ്മ്യൂണിറ്റി വിഭാഗം തലവൻ പ്രിൻസിപ്പൽ സെക്രട്ടറിക്ക് മറുപടി നൽകി. സർക്കാർ ഈ നിർദേശം അംഗീകരിച്ചു. ഏപ്രിൽ രണ്ടിന് ഈ കാര്യം സർക്കാർ ഗണേശന്റെ വക്കീലിനെ അറിയിക്കുകയും ചെയ്തുവെന്നും മുഖ്യമന്ത്രി പറഞ്ഞു.

എ.കെ. ആന്റണി മുഖ്യമന്ത്രിയായ സമയത്താണ് പ്ലാന്റേഷൻ കോർപ്പറേഷൻ എൻഡോസൾഫാൻ ഉപയോഗം നിർത്തിയത്. ഞാൻ മുഖ്യമന്ത്രിയായപ്പോഴും എൻഡോസൾഫാൻ കേരളത്തിലെങ്ങും നിരോധിച്ചു. എന്നാൽ മുൻ എൽ.ഡി.എഫ്. സർക്കാരിന് ഈ നിരോധനം ഫലപ്രദമായി നടപ്പാക്കാൻ കഴിഞ്ഞില്ലെന്നും ഉമ്മൻചാണ്ടി പറഞ്ഞു.

എൻഡോസൾഫാൻ, കപ്പൽ കൊല എന്നിവയെച്ചൊല്ലി അനാവശ്യമായി സൃഷ്ടിക്കപ്പെട്ട വിവാദം കേരളത്തിന് വലിയ ദോഷമാണ് ഉണ്ടാക്കിയത്. കേന്ദ്ര പ്ലാനിങ് കമ്മീഷനുമായി നടന്ന പദ്ധതി ചർച്ച, എമേർജിങ് കേരള പദ്ധതി സംബന്ധിച്ചുനടന്ന സ്ഥാനപതിമാരുടെ യോഗം, നിക്ഷേപകസംഗമം, ഭരണപരിഷ്കരണ മാതൃക സംബന്ധിച്ച യോഗം തുടങ്ങിയവയെല്ലാം ഈ വിവാദത്തിൽ മുങ്ങിയെന്ന് ഉമ്മൻചാണ്ടി പറഞ്ഞു.

എൻഡോസൾഫാൻ ദുരിതബാധിതർക്ക് നഷ്ടപരിഹാരം നൽകണമെന്ന മനുഷ്യാവകാശ കമ്മീഷന്റെ നിർദ്ദേശം നടപ്പാക്കുന്നതിനായി സഹായം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് കേന്ദ്ര സർക്കാരിനെ സമീപിച്ചിട്ടുണ്ടെന്ന് മുഖ്യമന്ത്രി പറഞ്ഞു.

നഷ്ടപരിഹാരം സംസ്ഥാന സർക്കാർ നൽകും. ഇതുസംബന്ധിച്ച രൂപരേഖ തയ്യാറാക്കി അടുത്ത മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാൻ ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയതായും മുഖ്യമന്ത്രി അറിയിച്ചു.

മാതൃഭൂമി

15 January 2013

എൻഡോസൾഫാൻ നിരോധിക്കണം -സി.ഐ.ടി.യു.

കാസർകോട്:എൻഡോസൾഫാൻ രാജ്യത്താകെ നിരോധിക്കണമെന്നും രോഗബാധിതരെ സഹായിക്കാൻ പദ്ധതി നടപ്പാക്കണമെന്നും സി.ഐ.ടി.യു. സംസ്ഥാന സമ്മേളനം പ്രമേയത്തിലൂടെ ആവശ്യപ്പെട്ടു. പൊതു ജലവിതരണ സംവിധാനം ശക്തിപ്പെടുത്തി സംരക്ഷിക്കണമെന്നും കുടിവെള്ള സ്വകാര്യവത്കരണ പദ്ധതിയിൽ നിന്ന് പിൻവാങ്ങണമെന്നും ആവശ്യപ്പെട്ടു. ചില്ലറ വ്യാപാര മേഖലയിൽ പ്രത്യക്ഷ വിദേശ നിക്ഷേപ അനുമതി നല്കുന്നതിലൂടെ 20 കോടി മനുഷ്യരെ വഴിയാധാരമാക്കുന്ന നടപടിയാണ് കേന്ദ്രസർക്കാർ നിർവഹിച്ചിരിക്കുന്നത്. ഈ നിലപാട് തിരുത്തണം. ലോട്ടറി മേഖലയിലെ പ്രശ്നം പരിഹരിക്കണമെന്നും ഭെൽ-ഇ.എം.എൽ. സംരംഭത്തെ സംരക്ഷിക്കണമെന്നും കൈത്തറി വ്യവസായം സംരക്ഷിക്കണമെന്നും ആരോഗ്യമേഖലയിലെയും ഔഷധരംഗത്തെയും പ്രശ്നങ്ങൾ ഇല്ലാതാക്കണമെന്നും ആവശ്യപ്പെട്ടു.

07 March 2013

എൻഡോസൾഫാൻ: മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ യോഗം

തിരുവനന്തപുരം: കാസർകോട് എൻഡോസൾഫാൻ ദുരിതബാധിതരുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യാൻ മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ 25ന് തിരുവനന്തപുരത്ത് യോഗം ചേരും. കോൺഗ്രസ് നേതാവ് വി.എം.സുധീരൻ ആവശ്യപ്പെട്ടതിനെ തുടർന്നാണ് യോഗം വിളിച്ചുചേർക്കുന്നത്. ദുരിതബാധിതരുടെ പ്രതിനിധികളും സംഘടനാഭാരവാഹികളും യോഗത്തിൽ പങ്കെടുക്കും. കോൺഗ്രസ് ഏകോപനസമിതി യോഗത്തിലും സുധീരൻ ആക്കാര്യം ആവശ്യപ്പെട്ടിരുന്നു.

മംഗളം

08 January 2013

എൻഡോസൾഫാൻ: നഷ്ടപരിഹാരം ആവശ്യപ്പെട്ട് ഹർജി

ന്യൂഡൽഹി: എൻഡോസൾഫാൻ സുപ്രീംകോടതി ഏർപ്പെടുത്തിയ താൽക്കാലിക നിരോധനം മൂലം കാലാവധി കഴിഞ്ഞ എൻഡോസൾഫാൻ ശേഖരം, അസംസ്കൃത വസ്തുക്കൾ, പായ്ക്കിംഗ് സമഗ്രികൾ എന്നിവ ഉപയോഗശൂന്യമായതിനാൽ നഷ്ടപരിഹാരം ആവശ്യപ്പെട്ട് ഹർജി. എൻഡോസൾഫാൻ പൂർണമായും നിരോധിക്കണമെന്നാവശ്യപ്പെട്ടുള്ള ഡി.വൈ.എഫ്.ഐ.യുടെ ഹർജി ഇന്ന് പരിഗണിക്കാനിരിക്കെയാണു പുതിയ നീക്കം.

07 March 2013

എൻഡോസൾഫാൻ സമരസമിതിയുമായി സർക്കാർ 25ന് ചർച്ച

തിരുവനന്തപുരം: കാസർകോഡ് എൻഡോസൾഫാൻ ബാധിതരുടെ പ്രശ്നം സംബന്ധിച്ച് ജനപ്രതിനിധികളും സമരസമിതിയുമായി സർക്കാർ ഈ മാസം 25ന് ചർച്ചനടത്തും. മുഖ്യമന്ത്രിയും ബന്ധപ്പെട്ട മന്ത്രിമാരും ചർച്ചയിൽ പങ്കെടുക്കും.

വി.എം. സുധീരൻ മുഖ്യമന്ത്രിയുമായ നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിലാണ് ഈ തീരുമാനം കൈക്കൊണ്ടത്.

എൻഡോസൾഫാൻ ദുരിതബാധിതരുടെ കാര്യത്തിൽ സർക്കാരിനു താൽപര്യമില്ല: വി.എം. സുധീരൻ

കാസർഗോഡ്: ഇരുതു സർക്കാർ എൻഡോസൾഫാൻ ദുരിതബാധിതർക്ക് നല്ല രീതിയിൽ ഇടപെടുകയോ സഹായം നൽകിയെന്നും. എന്നാൽ തുടർന്നുവന്ന ഉമ്മൻചാണ്ടി സർക്കാർ ഇക്കാര്യത്തിൽ വേണ്ട താൽപര്യം കാണിച്ചില്ലെന്നും മുൻകേന്ദ്ര കോൺഗ്രസ് നേതാവ് വി.എം. സുധീരൻ. ആയുഷ്കാലത്തിൽ ആനുകൂല്യങ്ങൾ നൽകാൻ ഉമ്മൻചാണ്ടി സർക്കാർ നടപടിയെടുത്തെങ്കിലും പിന്നീട് വേണ്ടത്ര താൽപര്യം കാണിച്ചില്ല. എൻഡോസൾഫാൻ പീഡിത ജനകീയമുന്നണി കാസർഗോഡ് പഴയ ബസ് സ്റ്റാൻഡിനു സമീപത്തെ പെട്രോൾപമ്പിൽ നടത്തുന്ന അനിശ്ചിതകാല നിരാഹാരസമരപ്പന്തൽ സന്ദർശിച്ചു സംസാരിക്കുകയായിരുന്നു സുധീരൻ.

എൻഡോസൾഫാൻ സെല്ലിനു പകരം രൂപീകരിച്ച കുടുംബനി കെപി. മോഹനൻ അദ്ധ്യക്ഷനായിരുന്നു മന്ത്രിമാർ ഉൾപ്പെട്ട കമ്മിറ്റിയിൽ ദുരിതബാധിതർക്കു വേണ്ടി പ്രവർത്തിക്കുന്ന സമരസമിതി അംഗങ്ങളെ ഉൾപ്പെടുത്താൻ സർക്കാർ ശ്രമിച്ചിട്ടില്ല. അർഹരായ ദുരിതബാധിതരെ മുഴുവൻ എൻഡോസൾഫാൻ പട്ടികയിൽ ഉൾപ്പെടുത്തണം. ദുരിതബാധിതരെന്നു മന്ത്രിമാർക്കു ബോധ്യമുള്ളവർപോലും പട്ടികയിൽ ഇടം നേടിയിട്ടില്ല. ദുരിതബാധിതർക്ക് അർഹമായ നഷ്ടപരിഹാരം നൽകണമെന്നു ഭരണകൂടത്തിന്റെ ബാധ്യതയാണ്. കേന്ദ്രസംസ്ഥാന സർക്കാരുകൾക്കും പ്ലാന്റേഷൻ കോർപറേഷനും ഇതിൽ നിന്ന് ഒഴിഞ്ഞുമാറാനാവില്ല. നഷ്ടപരിഹാരം നൽകുന്നതിന് എൻഡോസൾഫാൻ കമ്പനിക്കും പരമപ്രധാനമായ ഉത്തരവാദിത്വമുണ്ട്.

അഞ്ചുവർഷത്തിനു ശേഷം പുനരധിവാസം ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ ലഭിക്കില്ലെന്ന സർക്കാർ ഉത്തരവ് അംഗീകരിക്കാനാവില്ല. ഇതു പിൻവലിക്കണമെന്നും എംപി, എംഎൽഎ മാർ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഉൾപ്പെടെയുള്ള ജനപ്രതിനിധികളെയും സമരസമിതി നേതാക്കളെയും വിളിച്ചുചേർത്ത് അടിയന്തരയോഗം ചേർന്നു പ്രശ്നത്തിനു പരിഹാരം കാണണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

നാരായണൻ പേരിയ അധ്യക്ഷത വഹിച്ചു. മുനീസ അമ്പലത്തറ, ടി.സി. മാധവപുണിക്കർ, കെ.ഇ. മുഹമ്മദ്കുഞ്ഞി, മാ

15 March 2013



• സോളിഡാരിറ്റിയുടെ നേതൃത്വത്തിലുള്ള എൻഡോസൾഫാൻ വിരുദ്ധ സ്മാരകം, സെക്രട്ടേറിയറ്റിനു മുന്നിൽ നടത്തിയ ധർണയിൽനിന്ന്

മംഗളം

05 March 2013

എൻഡോസൾഫാൻ: സമരവും സാന്ത്വനവും

■ എം.കെ. രഘിനാഥ്

2011 ഏപ്രിൽ 26ന് യു.എന്റെ സ്റ്റോക്ക്ഹോം കൺവൻഷൻ എൻഡോസൾഫാൻ ആഗോളമായി നിരോധിച്ചപ്പോൾ ഏറ്റവും സന്തോഷിച്ചത് കാസർകോടു ജനങ്ങളാണ്. എന്നാൽ നമ്മുടെ പാർലമെന്റിൽ ഒരു ചില്ലിപോലും ഇത് സംബന്ധിയായ നടപടിയാകണമെ ഇന്ത്യൻ ടീമംഗം, നാടു ചെയ്തില്ല. ആഗോളനിരോധനത്തിനുശേഷം സംഘടിപ്പിക്കപ്പെട്ട ലത്തരകക്ഷി നഷ്ടപരിഹാരത്തുക നൽകുക എന്നുള്ള നിയമപ്രശ്നമാണ് ഇതിലൂടെ ഉയരുന്നത്. ആ ഘട്ടത്തിലാണ് എൻഡോസൾഫാൻ ഉൽപന്നത്തിൽ അടിയന്തരമായി നിരോധിച്ച് പുതിയ വാസവ. നഷ്ടപരിഹാരവും. ലൈസൻസുണ്ടായിരുന്നവരുടെ വി.വൈ.എഫ്.ഐ. സുപ്രീംകോടതിയിൽ കേസ് ഫയൽ ചെയ്തു.

കേന്ദ്രസർക്കാരിന്റെ ആകാശത്തു പുകയുകയും കൊണ്ട് ആശയക്കുഴപ്പത്തിലായിരുന്നു. ഇതിനു പുറമേ കേരളത്തിലെ ഉൽപാദനം നിർത്തിവച്ചു. ഇതു ചൂണ്ടി സർക്കാർ ആശ്വാസപ്രഖ്യാപനങ്ങൾ. ഒരു ലക്ഷം രൂപയുടെ കടങ്ങൾ എഴുതിത്തള്ളുക. ഇരകളുടെ കുടുംബത്തിലെ ഒരാൾക്ക് സർക്കാർ ജോലി നൽകുക. അങ്ങനെ പലതും. 2010 ഡിസംബർ 31 വരെ ഉള്ള കടങ്ങൾ എഴുതിത്തള്ളുക. ഇതിനായി 5 കോടി രൂപ അനുവദിക്കുക. ഇതിനായി 2011 ഫെബ്രുവരി 28ന് ഉത്തരവിറങ്ങി. ഇതിനായി 5 കോടി രൂപ അനുവദിക്കുകയും ചെയ്തു. ഇതിനായി 2011 ഫെബ്രുവരി 28ന് ഉത്തരവിറങ്ങി. ഇതിനായി 5 കോടി രൂപ അനുവദിക്കുകയും ചെയ്തു.



കടുത്തുരുത്തി, അഗളി, മുണ്ടൂർ, ഇടുക്കി, വയനാട് മാനന്തവാടി എന്നിവിടങ്ങളിലെ ഇരകൾക്കായി ഇതിനകം ചികിത്സാ ക്യാമ്പുകൾ നടത്തി. ഇതിനായി 5 കോടി രൂപ അനുവദിക്കുകയും ചെയ്തു. ഇതിനായി 5 കോടി രൂപ അനുവദിക്കുകയും ചെയ്തു.

കാസർകോട് ജില്ലയിൽ ഇരകളുടെ കുടുംബത്തിലെ ഒരാൾക്ക് സർക്കാർ ജോലി നൽകുക

മാതൃഭൂമി

16 March 2013

മരണം വരെ നിരാഹാരമെന്ന് മോഹൻകുമാർ; എൻഡോസൾഫാൻ സമരപ്പന്തലിൽ 13 ദിവസം

കാസർകോട്: 'ഞാൻ പിന്മാറില്ല. എൻഡോസൾഫാൻ ദുരിതബാധിതർക്കുവേണ്ടി മരണം വരെ നിരാഹാരമിരിക്കും. ഒരുപക്ഷേ ഇതെന്റെ അവസാന സമരമായിരിക്കും...' എൻഡോസൾഫാൻ ദുരിതബാധിതരുടെ നീതിക്കുവേണ്ടി 13 ദിവസമായി നിരാഹാരമിരിക്കുന്ന പ്രമുഖ പരിസ്ഥിതിപ്രവർത്തകൻ എ.മോഹൻകുമാറിന്റെതാണ് ഈ വാക്കുകൾ.

കാസർകോട്ടെ അമ്മമാരുടെയും ദുരിതജനങ്ങളുടെയും ആവശ്യം നിറവേറുംവരെയാണ് മരണംവരെ തന്റെ സമരമെന്ന് അറുപത്തേഴുകാരനായ മോഹൻകുമാർ 'മാതൃഭൂമി'യോട് പറഞ്ഞു. ഭോപ്പാലിലും ഡൽഹിയിലും നർമദാതീരത്തും നിരാഹാരമനുഷ്ഠിച്ച മോഹൻകുമാറിന്റെ ദൈർഘ്യമേറിയ നിരാഹാരമാണ് കാസർകോട്ടേത്.

എൻഡോസൾഫാൻ പീഡിത ജനകിയമുന്നണി നടത്തുന്ന സമരപ്പന്തലിൽ നിരാഹാരം നടത്തിയ ഡോ. ഡി.സുരേന്ദ്രനാഥ് ഏഴുദിവസത്തെ നിരാഹാരത്തെ തുടർന്ന് ക്ഷീണിതനായപ്പോഴാണ് കൺവീനറായ അമ്പലത്തറ കുഞ്ഞിക്കൃഷ്ണൻ മാർച്ച് മൂന്നിന് മോഹൻകുമാറിനെ വിളിച്ചത്. സിദ്ധാശ്രമത്തിന്റെ തമിഴ്നാട്ടിലെ സേലം അമ്മൻപാളയത്തായിരുന്നു അദ്ദേഹം. നാലിന് സമരപ്പന്തലിലെത്തി നിരാഹാരം തുടങ്ങി.



എൻഡോസൾഫാൻ സമരപ്പന്തലിൽ നിരാഹാരമിരിക്കുന്ന മോഹൻകുമാർ സംസാരിക്കുന്നു

പച്ചവെള്ളം മാത്രം കുടിച്ച് സിദ്ധയോഗ ചെയ്യാണ് നിരാഹാരം. കൂടിന് സഹപ്രവർത്തകരും വായിക്കാൻ പുസ്തകങ്ങളും. കൃത്യമായി രാവിലെ മൺകുടത്തിൽ തിളപ്പിച്ചാറ്റിയ വെള്ളം കൊണ്ടുവെക്കാൻ

മംഗളം

05 March 2013

ഒപ്പുമരം എൻവിസാജ് രേഖകളും സഹജീവന ബദലും

നവജീവിതം തളിർക്കുന്ന കാസർഗോഡ് എൻവിസാജ് ചെയ്ത പ്രവർത്തനങ്ങൾക്കൊപ്പം എൻഡോസൾഫാൻ പ്രതിരോധ ചരിത്രവും പ്രമുഖരുടെ കാഴ്ചപ്പാടുകളും സ്റ്റോക്ഹോം വിധികളും കോടതിവിധികളും ആരോഗ്യ റിപ്പോർട്ടുകളും ഉൾച്ചേർന്ന ആധികാരികരേഖകളുടെ സമാഹാരമാണ് ഒപ്പുമരം.



മംഗളം

22 March 2013

എൻഡോസൾഫാൻ നഷ്ടപരിഹാരം: കമ്മിഷൻ നിർദേശിച്ചത് 174 കോടി; നൽകിയത് 27 കോടി

■ സി.എസ്. സുധാകരൻ
തിരുവനന്തപുരം

എൻഡോസൾഫാൻ ദുരിതബാധിതർക്കു നഷ്ടപരിഹാരം നൽകണമെന്ന മനുഷ്യാവകാശ കമ്മിഷൻ നിർദേശം. മൂന്നുവർഷമായിട്ടും നടപ്പാക്കാൻ വൈകുന്നു. കമ്മിഷൻ നിർദേശിച്ച 174 കോടിയുടെ നഷ്ടപരിഹാരത്തുകയിൽ ഇതുവരെ നൽകിയത് 27 കോടി.

പ്ലാന്റേഷൻ കോർപറേഷനും സംസ്ഥാന സർക്കാരും 87 കോടി വീതം നൽകണമെന്നായിരുന്നു കമ്മിഷന്റെ നിർദേശം. കഴിഞ്ഞ ജൂണിൽ പ്ലാന്റേഷൻ കോർപറേഷൻ 27 കോടി നൽകിയതൊഴിച്ചാൽ രണ്ടാം ഗഡു വാങ്ങിയെടുക്കാനോ സർക്കാർ വിഹിതം വകയിരുത്താനോ സംസ്ഥാനം തയാറായിട്ടില്ല. കേന്ദ്ര സർക്കാരിൽനിന്ന് അധികമായി തുക നേടിയെടുക്കാനുള്ള സംസ്ഥാനത്തിന്റെ നടപടികളും ഇഴഞ്ഞുനീങ്ങുകയാണ്. എൻഡോസൾഫാൻ ബാധിതരെന്ന നിർവചനത്തിലെ അപാകത പരിഹരിക്കാൻ പോലും സർക്കാർ മുൻകൈയെടുത്തിട്ടില്ല. വിവിധ സംഘടനകളും വ്യക്തികളും വർഷങ്ങളായി നടത്തിയ സമരത്തിന്റെ ഫലമായാണു നഷ്ടപരിഹാരം നൽകണമെന്നു മനുഷ്യാവകാശ കമ്മിഷൻ 2010 ഡിസംബർ 31 ന് നിർദേശിച്ചത്. കാസർഗോഡ് ജില്ലയിലെ 11 പഞ്ചായത്തുകളിലായി 4,312 പേർ ദുരിതബാധിതരാണെന്നാണു സർക്കാരിന്റെ പക്കലുള്ള വിവരം. ഇതു തെറ്റാണെന്നു സംഘടനകൾ അഭിപ്രായപ്പെട്ടിരുന്നു. അതിനാൽ 27 പഞ്ചായത്തുകൾ കൂടി ദുരിതബാധിത പ്രദേശമായി കണക്കാക്കാനും 1,318 പേരെ കൂടി പട്ടികയിൽ കൂട്ടിച്ചേർക്കാനും തീരുമാനമായിട്ടുണ്ട്.

പ്ലാന്റേഷൻ കോർപറേഷനിൽനിന്നു ലഭിച്ച ധനസഹായത്തിൽ ഒന്നരലക്ഷം രൂപ വീതം 1,625 പേർക്കാണ് ഇതുവരെ സഹായം നൽകാനായത്.

അതിൽ 400 പേർ മരിച്ചവരുടെ കുടുംബാംഗങ്ങളാണ്. സാമ്പത്തിക സഹായം സംബന്ധിച്ചു കമ്മിഷൻ നിർദേശിച്ച മാനദണ്ഡങ്ങളിലെ അവ്യക്തത ചൂണ്ടിക്കാട്ടിയാണു സഹായ വിതരണം സർക്കാർ നിട്ടുന്നത്. മരിച്ചവരുടെ കുടുംബാംഗങ്ങൾക്കും കിടപ്പിലായവർക്കും സഹായം നൽകണമെന്നാണു നിർദേശത്തിലുള്ളത്.

നടക്കാൻ ശേഷിയുള്ളവർ, മാനസിക വൈകല്യമുള്ളവർ, കാൻസർ ബാധിതർ എന്നിവർ അർഹരല്ലെന്നാണു ഉദ്യോഗസ്ഥരുടെ അഭിപ്രായം.

നിർവചനത്തിലെ അപാകത നീക്കണമെങ്കിൽ മനുഷ്യാവകാശ കമ്മിഷനെ സംസ്ഥാന സർക്കാർ സമീപിക്കണം. അങ്ങനെയൊരു നീക്കത്തിനു സർക്കാർ തയാറായിട്ടില്ല.

എൻഡോസൾഫാൻ: ചർച്ച പരാജയപ്പെട്ടു

തിരുവനന്തപുരം: എൻഡോസൾഫാൻ ബാധിതരുടെ പ്രശ്നങ്ങൾക്കു പരിഹാരം കാണാൻ മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗം തീരുമാനമാകാതെ പിരിഞ്ഞു. ഈ സാഹചര്യത്തിൽ എ. മോഹൻകുമാർ കാസർഗോട്ട് നടത്തുന്ന നിരാഹാരസമരം തുടരും.

എൻഡോസൾഫാൻ പീഡിത ജനകീയമുന്നണിയും എൻഡോസൾഫാൻ വിരുദ്ധസമിതിയും ഉന്നയിച്ച വിവിധ ആവശ്യങ്ങളിൽ ഒന്നിനു മാത്രമാണു യോഗത്തിൽ പരിഹാരമായത്. മുഖ്യമന്ത്രി വാക്കുപാലിച്ചില്ലെന്നു സമിതി നേതാക്കൾ കുറ്റപ്പെടുത്തി. എൻഡോസൾഫാൻ ദുരിതബാധിതർ

■ മോഹൻകുമാർ നിരാഹാരം തുടരും

നൽകുന്ന ആനുകൂല്യങ്ങൾ അഞ്ചുവർഷം കഴിഞ്ഞാൽ നിർത്തലാക്കുമെന്ന ഉത്തരവ് പിൻവലിക്കുമെന്ന ഉറപ്പാണു മുഖ്യമന്ത്രി യോഗത്തിൽ നൽകിയത്. മറ്റ് ആവശ്യങ്ങളെല്ലാം 25 നു ചേരുന്ന യോഗത്തിൽ ചർച്ച ചെയ്യാമെന്നു മുഖ്യമന്ത്രി അറിയിച്ചു.

എൻഡോസൾഫാൻ വിഷയത്തിൽ അടിയന്തര പരിഹാരം കാണുന്നതിനു ട്രിബ്യൂണൽ രൂപീകരിക്കുക, എല്ലാ ദുരിതബാധിതരെയും സർക്കാരിന്റെ ആനുകൂല്യം ലഭിക്കുന്ന പട്ടികയിൽ ഉൾപ്പെടുത്തുക, ദേശീയ മനുഷ്യാവകാശ കമ്മിഷന്റെ ശിപാർശ പൂർണ്ണമായും നടപ്പാക്കുക, ദുരിതബാധിതരുടെ കടബാധ്യതകൾ സർക്കാർ ഏറ്റെടുക്കുക, പുനരധിവാസ പദ്ധതികൾക്ക് കൂടുതൽ തുക ബജറ്റിൽ ഉൾക്കൊള്ളിക്കുക, ദുരിതബാധിതരായ എ.പി.എൽ പട്ടികയിലുള്ളവരെ ബി.പി.എൽ പട്ടികയിലാക്കുക, വിദ്യാഭ്യാസയോഗ്യത അനുസരിച്ച് തൊഴിൽ നൽകുക, കാസർഗോഡ് ജൈവ കാർഷികനയം നടപ്പിലാക്കുക, കാസർകോട്ടു സൂക്ഷിച്ചിട്ടുള്ള എൻഡോസൾഫാൻ അടിയന്തരമായി [illegible] എന്നിവ ഉൾപ്പെടെയുള്ള ആവശ്യങ്ങളും ഉന്നയിച്ചത്.

യോഗത്തിൽ മുഖ്യമന്ത്രി ഉമ്മൻചാണ്ടി, പ്രതിപക്ഷ നേതാവ് വി.എസ്. അച്യുതാനന്ദൻ, മന്ത്രിമാരായ വി.എസ്. ശിവകുമാർ, കെ.പി. മോഹനൻ, എം.കെ. മുനീർ, എൻഡോസൾഫാൻ വിരുദ്ധസമിതി നേതാക്കളായ കെ.ബി. മുഹമ്മദ്കുഞ്ഞി, പി.വി. സുധീർകുമാർ, വി.കെ. വിനയൻ, രാധാകൃഷ്ണൻ, കെ. സജീവ്, പീഡിതമുന്നണി നേതാക്കളായ സുൾഫത്ത്, മുനീഫ, അമ്പലത്തറ കുഞ്ഞികൃഷ്ണൻ, [illegible]

മലയാള മനോരമ

21 March 2013

എൻഡോസൾഫാൻ കേസിൽ അന്തിമവാദം രണ്ടു മുതൽ

ന്യൂഡൽഹി ● എൻഡോസൾഫാൻ കീടനാശിനിക്ക് ഇന്ത്യയിൽ പൂർണ നിരോധനം ആവശ്യപ്പെട്ടുള്ള ഹർജിയിൽ അന്തിമ വാദം ഏപ്രിൽ രണ്ടിനു തുടരുമെന്നു സുപ്രീം കോടതി വ്യക്തമാക്കി. ചീഫ് ജസ്റ്റിസ് അൽതമാസ് കബീർ അധ്യക്ഷനായ ബെഞ്ചിന്റേതാണു തീരുമാനം.

24 March 2013

എൻഡോസൾഫാൻ സമരം ഒത്തുതീർക്കാൻ സർക്കാർ തയാറാവണം: ടി.വി. രാജേഷ് എംഎൽഎ

തിരുവനന്തപുരം● എൻഡോസൾഫാൻ ഇരകൾ നടത്തുന്ന ന്യായമായ സമരത്തെ കണ്ടില്ലെന്നു നടിക്കുന്ന സർക്കാർ നിലപാടു പ്രതിഷേധാർഹമെന്നു ഡിവൈഎഫ്ഐ കുറ്റപ്പെടുത്തി.

ഇരകളോടുള്ള വഞ്ചനാപരമായ സമീപനം അവസാനിപ്പിച്ചു സമരം ഒത്തുതീർപ്പാക്കാൻ സർക്കാർ തയാറാകണമെന്നു ഡിവൈഎഫ്ഐ സംസ്ഥാന സെക്രട്ടറി ടി.വി. രാജേഷ് എംഎൽഎ ആവശ്യപ്പെട്ടു. എൻഡോസൾഫാൻ ദുരിതബാധിതർക്കായി സർക്കാർ നീക്കിവച്ചിരിക്കുന്നത് 27 കോടി രൂപ മാത്രമാണ്. ദേശീയ മനുഷ്യാവകാശ കമ്മിഷൻ തയാറാക്കിയ പട്ടികയിൽതന്നെ 4180 പേർ ദുരിതബാധിതരായി ഉണ്ടെന്നാണു കണക്ക്.

ഇതിൽ 1600 പേർക്ക് ഒന്നരലക്ഷം രൂപ ആദ്യ ഗഡുവായി അനുവദിച്ചതൊഴിച്ചാൽ സർക്കാർ മറ്റൊന്നും ഇക്കാര്യത്തിൽ ചെയ്തിട്ടില്ല.

27 കോടി ഒന്നിനും തികയില്ലെന്നു കണക്കുകൾ സൂചിപ്പിക്കുന്നു. പ്ലാന്റേഷൻ കോർപറേഷൻ 87 കോടി രൂപ അനുവദിക്കാമെന്നു സമ്മതിച്ചിട്ടും ആ തുക ആവശ്യപ്പെടാനുള്ള ഒരു നടപടിയും കൈക്കൊണ്ടിട്ടില്ലെന്നു ഡിവൈഎഫ്ഐ കുറ്റപ്പെടുത്തി.

മാതൃഭൂമി

22 March 2013

എൻഡോസൾഫാൻ ചർച്ച പരാജയം; സമരം തുടരും

22/3/13 MB

തിരുവനന്തപുരം: എൻഡോസൾഫാൻ പ്രശ്നം ചർച്ചചെയ്യാൻ മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗം തീരുമാനമാകാതെ പിരിഞ്ഞു. കാസർകോട് എ.മോഹൻകുമാർ നടത്തുന്ന നിരാഹാരസമരം തുടരും. തിങ്കളാഴ്ച വീണ്ടും ചർച്ച നടത്തും.

എൻഡോസൾഫാൻ പീഡിത ജനകീയമുന്നണിയും എൻഡോസൾഫാൻ വിരുദ്ധസമിതിയും ഉന്നയിച്ച ആവശ്യങ്ങളിൽ ഒന്നിന് മാത്രമാണ് യോഗത്തിൽ പരിഹാരമായത്. തിങ്കളാഴ്ച കൂടുന്ന യോഗത്തിൽ എല്ലാ ആവശ്യങ്ങളിന്മേലും തീരുമാനമെടുക്കുമെന്ന് മുഖ്യമന്ത്രി ഉമ്മൻചാണ്ടി അറിയിച്ചു.

പ്രശ്നപരിഹാരത്തിനുതന്നെയാണ് തങ്ങൾക്ക് നിരാഹാരമെന്നും മുഖ്യമന്ത്രി വാക്കുപാലിച്ചില്ലെന്നും സമരസമിതി നേതാക്കൾ പ്രതികരിച്ചു.

എൻഡോസൾഫാൻ ദുരിതബാധിതർക്ക് സർക്കാർ നൽകുന്ന ആനുകൂല്യങ്ങൾ അഞ്ചുവർഷം കഴിഞ്ഞാൽ നിർത്തലാക്കുമെന്ന് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

അത് പിൻവലിക്കുമെന്ന് യോഗത്തിൽ മുഖ്യമന്ത്രി ഉറപ്പ് നൽകി. മറ്റ് ആവശ്യങ്ങളെല്ലാം തിങ്കളാഴ്ച കൂടുന്ന യോഗത്തിൽ പരിഹരിക്കുമെന്നും മുഖ്യമന്ത്രി അറിയിച്ചു. പക്ഷേ, സമരസമിതി നേതാക്കൾ അതിൽ തൃപ്തരായില്ല.

എൻഡോസൾഫാൻ വിഷയത്തിൽ അടിയന്തര പരിഹാരം കാണാൻ ടിജിപ്പണൽ രൂപവത്കരിക്കുക, എല്ലാ ദുരിതബാധിതരെയും സർക്കാരിന്റെ ആനുകൂല്യം ലഭിക്കുന്ന പട്ടികയിൽ ഉൾപ്പെടുത്തുക, ദേശീയ മനുഷ്യാവകാശ കമ്മീഷന്റെ ശുപാർശ പൂർണമായും നടപ്പാക്കുക, ദുരിതബാധിതരുടെ കടബാധ്യതകൾ സർക്കാർ ഏറ്റെടുക്കുക തുടങ്ങിയ ആവശ്യങ്ങളാണ് സമിതിക്കുള്ളത്.

യോഗത്തിൽ മുഖ്യമന്ത്രി ഉമ്മൻചാണ്ടി, മന്ത്രിമാരായ വി. എസ്.ശിവകുമാർ, കെ.പി. മോഹനൻ, ഡോ. എം.കെ മുനീർ, എൻഡോസൾഫാൻ വിരുദ്ധസമിതി നേതാക്കളായ കെ.ബി. മുഹമ്മദ്കുഞ്ഞ്, പി.വി.സുധീർകുമാർ, വി.കെ. വിനയൻ, രാധാകൃഷ്ണൻ, കെ.സജീവ് എന്നിവരും പീഡിത മുന്നണി നേതാക്കളായ സുധാകരൻ, മുനീഫ, അന്നമ്മ തോമസ് കുഞ്ഞിക്കുഴിനൻ, ഭാരതി എന്നിവരും പങ്കെടുത്തു.

24 March 2013

എൻഡോസൾഫാൻ മനുഷ്യനുണ്ടാക്കിയ ദുരന്തമാണ്

24/3/13 MB

■ ഗീത

കോടിക്കണക്കിന് പണം വികസനത്തിന്റെ പേരിൽ ധൂർത്തടിക്കുമ്പോൾ സ്വന്തം ജനത അതേ വികസനത്തിനുതന്നെ ഇരകളായി കുറ്റിയറ്റു പോകുന്നതും ഭൂമി വന്ധ്യംകരിക്കപ്പെടുന്നതും സർക്കാർ കാണാതിരുന്നുകൂടാ.

ആർത്തി മൂത്തപ്പോഴാണ് പറങ്കിമാവുകളിലെ തേയിലക്കൊതുകുകളെ കൂട്ടത്തോടെ കൊന്നൊടുക്കാൻ മനുഷ്യർ വിഷം തളിച്ചത്. 1978-ൽ കൈമെഷിനിലൂടെയും 1981 മുതൽ ആകാശമാർഗേനയും ഒരു പ്രദേശത്തിനുമേൽ എൻഡോസൾഫാനെന്ന വിഷംതളിക്കപ്പെടുന്നതിന്റെ ബാക്കിപത്രമാണ് ഇന്നത്തെ കാസർകോട്. തേനീച്ചകളെ കൂട്ടത്തോടെ വന്തൊടുങ്ങിയപ്പോഴും ക്ഷീരകർഷകരുടെ തേൽകൃഷിക്കാരനാണ് എൻഡോസൾഫാൻ എന്ന കയ്യുള്ള വിഷമാണ് എന്നാദ്യം തിരിച്ചറിഞ്ഞത്. ഗാന്ധിജന്തുക്കളേക്കാളും മുന്ന് തേനും എൻഡോസൾഫാനും തമ്മിലുള്ള ബന്ധം അദ്ദേഹം തിരിച്ചറിഞ്ഞത് സ്വന്തം ജീവിതാനുഭവങ്ങളിലൂടെയായിരുന്നു. പുഴുക്കളെയും പുഴുവിനെയും മാത്രമല്ല ഇത് ബാധിച്ചത്. കാൻസറായും അപസ്മാരമായും ചർമരോഗങ്ങളായും അംഗവൈകല്യങ്ങളായും ഈ വിഷം മനുഷ്യരിലും ബാധിച്ചു. തുടർന്ന് ബാധിച്ച മനുഷ്യരുടെ ജനിതകഘടനയെത്തന്നെ കീഴ്മേൽ മറിച്ചുകൊണ്ട് ഇത്തരം വൈകല്യങ്ങളോടെ ഇപ്പോഴും ജനിച്ചുകൊണ്ടിരിക്കുന്ന മക്കളുടെ ബുദ്ധിയും ശരീരവും വികലമാക്കുന്നു.

ഏറ്റവും ദയാരഹിതകരം ഈ ദുരിതം ഏതെങ്കിലും പ്രകൃതിദുരന്തത്തിന്റെ ഫലമായി സംഭവിച്ചതല്ല എന്നതാണ്. രണ്ടാം ലോകമഹായുദ്ധകാലത്ത് ജപ്പാനിലെ ആറ്റംബോംബുവർഷംപോലെത്തന്നെയാണ് എൻഡോസൾഫാൻ ദുരന്തവും. ഒരു രാഷ്ട്രം ശത്രുരാഷ്ട്രത്തിനുമേൽ യുദ്ധസന്നാഹത്തിൽ ആറ്റംബോംബ് വർഷിക്കുന്നതിനേക്കാളും കഠിനമാണിതെന്നുതോന്നും. ഒരു ജനതയ്ക്കുമേൽ സംരക്ഷണച്ചുമതലയുള്ള ജനാധിപത്യസർക്കാർ ജനതയുടെ അറിവോടുകൂടാതെ വിഷം തളിക്കുന്നു. വിഷമെന്ന് ജനം തിരിച്ചറിഞ്ഞപ്പോഴൊക്കെ ഔദ്യോഗികാഭിപ്രായം തിരുത്തിക്കൊണ്ടിരുന്നു-വിഷമല്ല മരുന്നാണ്. അങ്ങനെ ഇന്ത്യയിൽ തോപ്പാലിന് ശേഷമുള്ള രണ്ടാമത്തെ രാസദുരന്തം സംഭവിച്ചു.

2013 ഫിബ്രുവരി 18 മുതൽ എൻഡോസൾഫാൻ പീഡിത ജനകീയ മുന്നണിയുടെ അനിശ്ചിതകാല നിരാഹാരം നടക്കുകയാണ്. ഒരു മാസത്തിനുശേഷം മാർച്ച് 21-ന് മുഖ്യമന്ത്രി അവരെ ചർച്ചയ്ക്ക് വിളിച്ചുകൊണ്ടുപോകുന്നു. 25-ന് നടക്കുന്ന സർവകക്ഷിയോഗത്തിലേക്ക് പക്ഷേ, മാറ്റിവെക്കപ്പെടുന്നു. എങ്കിലെന്തിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരെയും സമരസമിതി ക്കാരെയും മുഖ്യമന്ത്രി തിരുവനന്തപുരത്തേക്ക് ചർച്ചയ്ക്കായി വിളിച്ചു? സാമ്പത്തികാനുകൂല്യങ്ങളും അനുവർഷമായി നിജപ്പെടുത്തിയ ഉത്തരവ് പിൻവലിക്കുമെന്ന ഉറപ്പുമാത്രമാണത്രെ മുഖ്യമന്ത്രി അവർക്ക് നൽകിയത്. ദേശീയ മനുഷ്യാവകാശ കമ്മീഷനെ തിരുമാനങ്ങളും നടപ്പാക്കാൻ തിരുമാനിച്ച ഉത്തരവുകളിലോ മറ്റെവിടെയുമില്ലാത്ത അഞ്ചുവർഷം എങ്ങനെ കണക്കുവന്നുവെന്നറിയുകയുമില്ല. എന്തായാലും അത് തിരുത്താൻ തയ്യാറായത് നല്ലതുതന്നെ. പക്ഷേ, സ്വയംകൃതമായ എൻഡോസൾഫാൻ ദുരന്തത്തെ മറികടക്കാൻ സർക്കാറിന് ഇനിയും കടമ്പകളേറെയുണ്ട്.

പതിനൊന്ന് പഞ്ചായത്തുകൾക്ക് പുറത്തുള്ള പ്രദേശങ്ങളിലും രോഗബാധിതരുണ്ട്. ഇപ്പോഴും ജനിക്കുന്ന കുട്ടികളിൽ വരെ അംഗ/ബുദ്ധിവൈകല്യങ്ങളും കണ്ടുവരുന്നു. രോഗബാധിതരെ മുഴുവൻ കണ്ടെത്തുകയും ആനുകൂല്യങ്ങളും നൽകുകയും ചെയ്യുന്നതിന് പുറമെ രോഗത്തെ എങ്ങനെ നിയന്ത്രിക്കാമെന്നതുകൂടി സർക്കാറിന്റെ പരിഗണനയിലേക്ക് വരേണ്ടതുണ്ട്. ഡോക്ടർമാർ കാസർകോട്ടേക്ക് വരാൻ തയ്യാറാവുന്നില്ലെന്ന ന്യായം പറഞ്ഞ് സർക്കാറിന് ഒഴിഞ്ഞുമാറാവുന്ന വിഷയമല്ല ഇത്. രോഗനിർണയം, ചികിത്സ, പരിചരണം, പ്രതിരോധം എന്നിങ്ങനെ ചിട്ടയായ തിരികംക്കായി സർവീസിൽ തത്പരരായ ഡോക്ടർമാരെയും നഴ്സുമാരെയും കണ്ടെത്താൻ സർക്കാർ ബാധ്യസ്ഥമാണ്. വില്ലേജ് ഓഫീസ്തലത്തിൽത്തന്നെ ഇതിന് പരിഹാരമുണ്ടാകുന്നതാണ് നല്ലത്.

കുടുംബത്തിലാർക്കെങ്കിലും, വിശേഷിച്ച് മക്കൾക്ക് രോഗം ബാധിച്ചാൽ ബന്ധപ്പെട്ടവർക്ക് അതിലും വിശേഷിച്ച് അമ്മമാർക്ക് ജോലിക്ക് പോകാൻ സാധിക്കാത്ത സന്ദർഭം വരുന്നു. ചികിത്സാവശ്യത്തിനും അവരുടെ ഈ ബാധ്യത എൻഡോസൾഫാൻ കാരണമാണ് ഉണ്ടായതെന്ന് തുറന്നുസമ്മതിക്കാൻ സർക്കാറിന് കഴിയണം. അങ്ങനെ കടങ്ങൾ എഴുതിത്തള്ളിയോ നികത്തിയോ സർക്കാർ അവരെ സഹായിക്കണം. വിദ്യാഭ്യാസ യോഗ്യതയും കായികക്ഷമതയുമനുസരിച്ച് രോഗബാധിതർക്ക് തൊഴിൽ നൽകുകയെന്നതാണ് സർക്കാറിന്റെ മറ്റൊരു ബാധ്യത. പുനരധിവാസമെന്നാൽ ധനസഹായങ്ങളും പെൻഷനും മാത്രമല്ലല്ലോ.

ഒരു മാസത്തിലേറെയായി നടക്കുന്ന നിരാഹാര സമരം ഏതെങ്കിലും രാഷ്ട്രീയപ്പാർട്ടിക്ക് വോട്ടുപിടിക്കാനുള്ള തന്ത്രമല്ല. എ. മോഹൻകുമാർ ആസ്പത്രിയിലും നിരാഹാരം തുടരുന്നു. ഐക്യദാർഢ്യപ്പെട്ടുകൊണ്ട് മാറൂർ സമരനേതാക്കളായ ബാപ്പു (81 വയസ്സ്), ഗ്രോ വാസു(83 വയസ്സ്), സമരപ്പന്തലിൽ നിരാഹാരമനുഷ്ഠിക്കുന്നു. അവരുടെയൊക്കെ പ്രായത്തെയെങ്കിലും സർക്കാർ കണക്കിലെടുക്കണം. ഈ അവസ്ഥയിലും അവർ നിരാഹാരം കിടക്കുന്നത് നാടിനുവേണ്ടിയാണ്. അഹിംസാ സമരങ്ങളുടെ വലിയ പാരമ്പര്യം അവകാശപ്പെടുന്ന ഗാന്ധിയന്മാർ നാട് ഭരിക്കുമ്പോൾ ഈയൊരു ദൗർഭാഗ്യം നാടിന് സംഭവിച്ചുകൂടാത്തതാണ്. കോടിക്കണക്കിന് പണം വികസനത്തിന്റെ പേരിൽ ധൂർത്തടിക്കുമ്പോൾ സ്വന്തം ജനത അതേ വികസനത്തിനുതന്നെ ഇരകളായി കുറ്റിയറ്റു പോകുന്നതും ഭൂമി വന്ധ്യംകരിക്കപ്പെടുന്നതും സർക്കാർ കാണാതിരുന്നുകൂടാ. ഭാവിയിൽ മനുഷ്യരൊഴിച്ച് മറ്റു ജീവജാലങ്ങളെങ്കിലും മനുഷ്യരുടെ ഭാഷ പഠിക്കുകയും എഴുതുകയും ചെയ്യില്ലല്ലോ?

എൻഡോസൾഫാൻ ബാധിച്ച ജനതയുടെ അവകാശങ്ങളും സ്വന്തം ചുമതലയായിതിരിച്ചറിയാനും പ്രവർത്തിക്കാനുമുള്ള ഇച്ഛാശക്തി സർക്കാറിനുണ്ടാകണം. സമരത്തിനുനേരെ മുഖം തിരിച്ചുകൊണ്ടല്ല സർക്കാർ അത് തെളിയിക്കേണ്ടത്. അവരുടെ ആവശ്യങ്ങളെയും അവസ്ഥയെയും അംഗീകരിച്ചുകൊണ്ടാണ്.

എന്തുകൊണ്ടെന്നാൽ ഇത് മനുഷ്യനുമായ ദുരന്തമാണ്, അതും ഗ്രഹം മുഴുവൻ സംഭവിച്ചത്. അതുകൊണ്ടുതന്നെ എത്ര കൂടുതൽ തുക നഷ്ടപരിഹാരമായി നൽകിയാലും, എത്രയധികം പേരെപുനരധിവസിപ്പിച്ചാലും അത് വേണ്ടിടത്തോളമാകുന്നില്ല. കല്പാത്തകാലത്തോളം ഈ പ്രായശ്ചിത്തത്തിന് ഇവിടത്തെ ഭരണാധികാരികളെ ബാധ്യതപ്പെട്ടിരിക്കുന്നു.

മംഗളം

23 March 2013

എൻഡോസൾഫാൻ: ഗ്രോ വാസുവും മോയിൻബാപ്പുവും അനിശ്ചിതകാല നിരാഹാരത്തിൽ

കാസർഗോഡ്: എൻഡോസൾഫാൻ ദുരിതബാധിതർക്കു നീതി ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഗ്രോ വാസുവും മോയിൻബാപ്പുവും അനിശ്ചിതകാല നിരാഹാര സമരം ആരംഭിച്ചു. എൻഡോസൾഫാൻ പീഡിത ജനകീയ മുന്നണിയുടെ നേതൃത്വത്തിൽ, പുതിയ ബസ്സ്റ്റാൻഡ് പരിസരത്തെ പ്ലാമരച്ചോട്ടിലെ സമരപന്തലിലാണ് ഇവരും. ഉപവാസമിരിക്കുന്നത്. എൻഡോസൾഫാൻ സമരസമിതി നേതാക്കളുമായി തിരുവനന്തപുരത്തെ മുഖ്യമന്ത്രി ഉമ്മൻചാണ്ടിയുടെ അധ്യക്ഷതയിൽ നടത്തിയ ചർച്ച പരാജയപ്പെട്ടതിനെത്തുടർന്നാണു നിരാഹാര സമരം തുടങ്ങാൻ തീരുമാനിച്ചത്.

എൺപതുവയസ് പിന്നിട്ടവരാണു ഗ്രോവാസുവും മോയിൻബാപ്പുവും. എൻഡോസൾഫാൻ ദുരിതബാധിതർക്കു സഹായം എത്തിക്കുന്നതുവരെ നിരാഹാരം തുടരുമെന്ന് ഇരുവരും പറഞ്ഞു. കഴിഞ്ഞദിവസം രാത്രിയാണ് ഉപവാസ സമരം ആരംഭിച്ചത്. നിരവധി പേരാണ് ഇവരെ സന്ദർശിക്കാൻ സമരപന്തലിലെത്തുന്നത്. ചർച്ച പരാജയപ്പെട്ടതിനെത്തുടർന്ന് സമരം കൂടുതൽ ശക്തമാക്കാൻ എൻഡോസൾഫാൻ പീഡിത ജനകീയ മുന്നണി തീരുമാനിച്ചിട്ടുണ്ട്.

ഇതിനിടെ പതിനാറു ദിവസം നിരാഹാര സമരം നടത്തി അവശനിലയിലായി ആശുപത്രിയിൽ പ്രവേശിപ്പിച്ച മോഹൻകുമാർ ആശുപത്രിയിലും നിരാഹാരം തുടരുകയാണ്. ആരോഗ്യനില വഷളായി വരുകയാണെന്ന് ഡോക്ടർമാർ അറിയിച്ചു.

25 March 2013

എൻഡോസൾഫാൻ സമരം: മുഖ്യമന്ത്രി ചർച്ചയ്ക്ക് സമയം കണ്ടെത്തേണമായിരുന്നു: വി.എം. സുധീരൻ

പള്ളുരുത്തി: എൻഡോസൾഫാനെതിരെ നടക്കുന്ന സമരം പരിഗണിക്കുന്നതിന് അൽപം കൂടി സമയം കണ്ടെത്തി മുഖ്യമന്ത്രി ചർച്ച നടത്തിയിരുന്നെങ്കിൽ പ്രശ്നം നേരത്തേ പരിഹരിക്കാമായിരുന്നുവെന്ന് കോൺഗ്രസ് നേതാവ് വി.എം. സുധീരൻ. അവിടത്തെ എല്ലാ രാഷ്ട്രീയ കക്ഷി സംഘടനാ പ്രവർത്തകരേയും ഉൾക്കൊള്ളിച്ചുള്ള യോഗമാണ് നടത്തേണ്ടിയിരുന്നതെന്നും ഇന്നു നടക്കുന്ന ചർച്ചയിൽ താൻ പങ്കെടുക്കുമെന്നും അദ്ദേഹം വ്യക്തമാക്കി. പള്ളുരുത്തിയിൽ പി. ഗംഗാധരൻ ഫൗണ്ടേഷൻ പുരസ്കാരം ഏറ്റുവാങ്ങിയശേഷം സംസാരിക്കുകയായിരുന്നു അദ്ദേഹം. മാഫിയകളുടെ നുഴഞ്ഞുകയറ്റം എല്ലാ മേഖലകളിലും ആധിപത്യം ഉറപ്പിക്കുന്ന രീതിയിലായി മാറിയെന്നും എല്ലാ രാഷ്ട്രീയ പാർട്ടികളിലും മാഫിയാ സംഘങ്ങൾ പ്രത്യക്ഷമായി ഇടപെടാൻ തുടങ്ങിയെന്നും സുധീരൻ പറഞ്ഞു.

മാതൃഭൂമി

25 March 2013

എൻഡോസൾഫാൻ: ഇന്നത്തെ യോഗത്തിൽ പരിഹാരമെന്ന് മുഖ്യമന്ത്രി

പുതുപ്പള്ളി (കോട്ടയം): എൻഡോസൾഫാൻ ദുരിതബാധിതരുടെ പ്രശ്നങ്ങൾക്ക് തിങ്കളാഴ്ചത്തെ യോഗത്തിൽ പരിഹാരമുണ്ടാക്കുമെന്ന് മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി മാധ്യമപ്രവർത്തകരോട് പറഞ്ഞു. ഇറ്റാലിയൻ നാവികരുടെ വിചാരണ എത്രയുംവേഗം പൂർത്തിയാക്കണം. പ്രത്യേക കോടതി കേരളത്തിൽത്തന്നെയാകണം. ഡൽഹിയിലോ മറ്റോ ആണ് കോടതി സ്ഥാപിക്കുന്നതെങ്കിൽ സാക്ഷികൾക്ക് പല പ്രാവശ്യം അങ്ങോട്ടുംഇങ്ങും പോകേണ്ടിവരും. ഈ ബുദ്ധിമുട്ട് ഒഴിവാക്കാനാണ് കോടതി കൊല്ലത്ത് വേണമെന്ന നിർദേശം വച്ചത്. എന്നാൽ സുപ്രീംകോടതിയാണ് ഇക്കാര്യത്തിൽ തീരുമാനമെടുക്കേണ്ടതെന്നും ഉമ്മൻ ചാണ്ടി ചൂണ്ടിക്കാട്ടി.

മലയാള മനോരമ

25 March 2013

എൻഡോസൾഫാൻ: സഹായം വൈകരുത്

ഇന്നത്തെ യോഗത്തിൽ തീരുമാനമുണ്ടാകണം

കാരുണ്യത്തിന്റെ കുട നിവരട്ടെ

26 March 2013

കാസർകോട്ടെ എൻഡോസൾഫാൻ നിരാഹാരസമരം പിൻവലിച്ചു

കാസർകോട് ● എൻഡോസൾഫാൻ ദുരിതബാധിതരുടെ ആശങ്കൾക്കായി എൻഡോസൾഫാൻ പീഡിത ജനകീയമുന്നണിയുടെ നേതൃത്വത്തിൽ 36 ദിവസമായി നടത്തിയ അനിശ്ചിതകാല നിരാഹാരം അവസാനിപ്പിച്ചു. ഇന്നലെ വൈകിട്ട് തിരുവനന്തപുരത്തു മുഖ്യമന്ത്രിയുമായി നടത്തിയ ചർച്ചയുടെ തീരുമാനങ്ങൾ ഉൾപ്പെടെയുള്ള വർ നടത്തിയ ചർച്ചയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് സമരം. അവസാനിപ്പിക്കാൻ രാത്രി വൈകി ചേർന്ന സമരസമിതി യോഗം തീരുമാനിച്ചത്. ലിച്ച ഉറപ്പുകൾ പാലിയ്ക്കുമെന്ന് വീണ്ടും സമരം ആരംഭിക്കാനും തീരുമാനിച്ചിട്ടുണ്ട്.

പുതിയ ബസ് സ്റ്റാൻഡ് പരിസരത്തെ പ്ലാമരച്ചോട്ടിൽ പ്രഖ്യാപിച്ച 18 മുതൽ ഇന്നലെ വരെ ഏഴു പേർ നിരാഹാരസമരം നടത്തുകയും ഒട്ടേറെ പേർ ഉപവസിക്കുകയും ചെയ്തു. പരിസ്ഥിതി പ്രവർത്തകൻ എ. മോഹൻകുമാർ സമരവേദിയിലും ആശുപത്രിയിലുമായി 21 ദിവസമാണ് നിരാഹാരം അനുഷ്ഠിച്ചത്. ഗ്രോവാസു, മോയിൻബാപ്പു എന്നിവരുടെ നിരാഹാരം സമരവേദിയിൽ ആറു ദിവസവുമായിരുന്നു.

കഴിഞ്ഞ 21നു മുഖ്യമന്ത്രിയുമായി ബിജുരാധാകൃഷ്ണൻ നടത്തിയ ചർച്ചയിലെ ധാരണകളിലും സമരസമിതി യോഗത്തിൽ ഉരുത്തിരിഞ്ഞ നിർദേശങ്ങളിലും ഉറപ്പുലഭിച്ചതിനെത്തുടർന്നാണു സമരം പിൻവലിക്കുന്നതെന്നു സമരസമിതി നേതാക്കൾ അറിയിച്ചു. ഇന്നലെ രാവിലെ ചർച്ചയ്ക്കായി തിരുവനന്തപുരത്തു പോയ സമരസമിതി നേതാക്കൾ മടങ്ങിയെത്തിയശേഷം സമരപന്തലിൽ നടന്ന യോഗത്തിൽ ഡി.സി.സി. പ്രസിഡന്റ് കെ.പി. അനിൽകുമാർ, ഡോ. അംബികാസുതൻ മാങ്ങാട് എന്നിവർ പങ്കെടുത്തു.

എൻഡോസൾഫാൻ: 1318 പേർക്കു കൂടി സഹായം

മംഗളം

23 March 2013

എൻഡോസൾഫാൻ: ദുരിതബാധിതരുടെ കടങ്ങൾക്ക് മൊറട്ടോറിയം

26/3/13 mangalam

■ സ്വന്തം ലേഖകൻ

തിരുവനന്തപുരം

കാസർഗോഡ് എൻഡോസൾഫാൻ ദുരിതബാധിതരായ 5,500 പേരുടെ കടങ്ങൾക്ക് ആറുമാസത്തേക്കു മൊറട്ടോറിയം പ്രഖ്യാപിക്കാനും കാൻസർ ബാധിതരായവരെ ആനുകൂല്യം ലഭിക്കേണ്ടവരുടെ പട്ടികയിൽ ഉൾപ്പെടുത്താനും തീരുമാനം. മുഖ്യമന്ത്രി ഉമ്മൻചാണ്ടിയുടെ നേതൃത്വത്തിൽ വിവിധ രാഷ്ട്രീയപാർട്ടി നേതാക്കളും കാസർഗോഡുള്ള ജനപ്രതിനിധികളുമായി നടത്തിയ ചർച്ചയിലാണു തീരുമാനം. കാസർഗോഡ് സമരസമിതി നടത്തുന്ന നിരാഹാരസമരം പുതിയ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അവസാനിപ്പിക്കാൻ ആവശ്യപ്പെടും. ഇതിനു വേണ്ടി വി.എം. സുധീരനെയും പി.കരുണാകരൻ എംപിയെയും ചുമതലപ്പെടുത്തി. ദുരിതബാധിതരുടെ പ്രശ്നപരിഹാരത്തിന് 400 കോടി രൂപ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും മുഖ്യമന്ത്രി അറിയിച്ചു.

കടം എഴുതിത്തള്ളണമെന്ന സമരസമിതിയുടെ ആവശ്യത്തിൽ തിടുക്കത്തിൽ നടപടിയെടുക്കാനാവില്ലെന്നു മുഖ്യമന്ത്രി ഉമ്മൻചാണ്ടി അറിയിച്ചു. ഈ ആവശ്യം പരിശോധിച്ചു മൂന്നുമാസത്തിനകം റിപ്പോർട്ടു സമർപ്പിക്കാൻ പ്രത്യേകസമിതിയെ നിയോഗിച്ചു. ഈ സാഹചര്യത്തിലാണു മൊറട്ടോറിയം പ്രഖ്യാപിച്ചത്. ജില്ലാ കലക്ടർ, ലീഡ് ബാങ്ക് മാനേജർ, കാസർകോഡ് ഡവലപ്മെന്റ് അഥോറിറ്റി സെക്രട്ടറി എന്നിവരടങ്ങുന്ന സമിതിയാണു കടങ്ങൾ പരിശോധിക്കുക. ഇതിനുശേഷമാകും മൊറട്ടോറിയം നടപ്പാക്കുക. ഇതിനുള്ള നടപടിക്രമങ്ങൾ ഒരുമാസത്തിനകം പൂർത്തിയാക്കും.

കാൻസർ ബാധിതർക്കും ആനുകൂല്യം നൽകും കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുന്നത് 400 കോടിരൂപ

കോഡ് ജോയിന്റ് രജിസ്ട്രാർ, എൻഡോസൾഫാൻ സ്പെഷൽ ഓഫിസർ എന്നിവരാണ് സമിതിയിലുള്ളത്. കാൻസർ ബാധിച്ചവരെക്കൂടി ആനുകൂല്യങ്ങൾ ലഭിക്കേണ്ടവരുടെ പട്ടികയിൽ ഉൾപ്പെടുത്തണമെന്ന ആവശ്യം അംഗീകരിച്ചു. 366 പേരെയാണ് കാൻസർ ബാധിതരായി കണ്ടെത്തിയിട്ടുള്ളത്.

യു.ഡി.എഫ്. അധികാരത്തിലേറിയശേഷം ദുരിതബാധിതരെ കണ്ടെത്താൻ രണ്ടു മെഡിക്കൽ ക്യാമ്പുകൾ നടത്തി. 1,318 പേരെക്കൂടി പട്ടികയിൽ ഉൾപ്പെടുത്തണമെന്ന ഡോക്ടർമാരുടെ ആവശ്യം അംഗീകരിച്ചു. പട്ടികയിലുള്ള 5,500 പേരിൽ 2,295 പേർക്ക് ദേശീയ മനുഷ്യാവകാശ കമ്മിഷന്റെ ആനുകൂല്യങ്ങൾക്കു പുറമേ സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച ആനുകൂല്യങ്ങൾ കൂടി ലഭിക്കും. ബാക്കിയുള്ള 3,205 പേരെ വിദഗ്ധപരിശോധനക്ക് വിധേയമാക്കി അർഹത തീരുമാനിക്കും. കമ്മിഷൻ നിർദ്ദേശിച്ചിട്ടുള്ള മാനദണ്ഡങ്ങൾ ഇവർക്കുണ്ടെങ്കിൽ ആ രീതിയിൽ സഹായം നൽകും. അല്ലെങ്കിൽ വിശദമായ പഠനത്തിനുശേഷം തുടർനടപടികൾ കൈക്കൊള്ളും. ഡോ. കെ.പി. അരവിന്ദൻ (ആലപ്പുഴ മെഡിക്കൽ കോളജ്), ഡോ. ജയശ്രീ (പരിയാരം മെഡിക്കൽ കോളജ്), ഡോ. ജയകൃഷ്ണൻ (കോഴിക്കോട് മെഡിക്കൽ കോളജ്), ഡോ. സുരേന്ദ്രൻ (കോഴിക്കോട് മെഡിക്കൽ കോളജ്), ഡോ. മുഹമ്മദ് അഷീൽ (കാസർകോഡ് എൻ.ആർ.എച്ച്.എം പ്രോജക്ട് ഓഫിസർ) എന്നിവരടങ്ങിയ ഡോക്ടർമാർ നാലുമാസത്തിനകം ഇവരെ പരിശോധിച്ച് സർക്കാരിനു റിപ്പോർട്ടു നൽകും.

പ്ലാന്റേഷൻ കോർപ്പറേഷനെതിരേ കേസെടുക്കുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങൾ ഉൾപ്പെടെ കൈകാര്യം ചെയ്യാനുള്ള സംഘടനാസംവിധാനം ഏർപ്പെടുത്തുന്നതിനും തീരുമാനമായി. ഇതിനായി അഡീഷനൽ ചീഫ് സെക്രട്ടറി, പ്രോസിക്യൂഷൻ ഡയറക്ടർ ജനറൽ എന്നിവരുൾപ്പെട്ട ഉന്നതാധികാര സമിതിയെ നിയോഗിക്കും. ഭൂമിശാസ്ത്രപരമായ അതിർത്തി നിശ്ചയിച്ച് ദുരിതബാധിതരെ കണ്ടെത്തുന്നതു ശരിയല്ല. അതിനാൽ കാസർകോഡ് പുതിയ ക്യാമ്പ് നടത്തി കൂടുതൽ ദുരിതബാധിതർ ഉണ്ടെങ്കിൽ പട്ടികയിൽ ഉൾപ്പെടുത്തും. സാമൂഹ്യസുരക്ഷാ വകുപ്പിന്റെ നേതൃത്വത്തിൽ കാസർകോഡ് എൻഡോസൾഫാൻ പാക്കേജ് മോണിറ്ററിങ്ങും. ദുരിതബാധിതരുടെ കുടിശ്ശികക്കാർക്കു നൽകുന്ന പെൻഷൻ 400 രൂപയിൽ നിന്ന് 700 രൂപയായി വർധിപ്പിക്കും. ദുരിതബാധിതരായ കുട്ടികൾക്കു വേണ്ടി നടത്തുന്ന ബഡ്സ് സ്കൂൾ ജീവനക്കാർക്കു ശമ്പളത്തിൽ 1,500 രൂപയുടെ വർധനവു വരുത്തും.

26 March 2013

എൻഡോസൾഫാൻ: നിരാഹാര സമരം അവസാനിപ്പിച്ചു

26/3/13 mangalam

കാസർഗോഡ്: എൻഡോസൾഫാൻ ദുരിതബാധിതരുടെ വിവിധ ആവശ്യങ്ങളുന്നയിച്ചു കാസർഗോഡ് 36 ദിവസമായി നടത്തിവന്ന നിരാഹാരസമരം താൽകാലികമായി അവസാനിപ്പിച്ചു. തിങ്കളാഴ്ച വൈകിട്ടു തിരുവനന്തപുരത്ത് മുഖ്യമന്ത്രി ഉമ്മൻചാണ്ടി വിളിച്ചുചേർത്ത ചർച്ചയിലുണ്ടായ തീരുമാനപ്രകാരമാണ് സമരം പിൻവലിച്ചത്.

സർക്കാർ നൽകിയ ഉറപ്പ് പൂർണമായും നടപ്പാക്കുമോയെന്നു കേരളീയ പൊതുസമൂഹം ജാഗ്രതയോടെ വീക്ഷിക്കുമെന്നും അതുണ്ടായില്ലെങ്കിൽ വീണ്ടും പൂർവാധികം ശക്തിയോടെ പുതിയ രൂപത്തിൽ പ്രക്ഷോഭ പരിപാടികൾ ആരംഭിക്കുമെന്നും സമരസമിതി കൺവീനർ അമ്പലത്തറ കുഞ്ഞികൃഷ്ണൻ വ്യക്തമാക്കി.

സർക്കാർ തീരുമാനങ്ങൾ സമരസമിതിയെ അറിയിക്കാൻ അവരെ ചുമതലപ്പെടുത്തിയ പി. കരുണാകരൻ എം.പിയും മുൻ സ്പീക്കർ വി.എം. സുധീരനും സമരസമിതിയെ അക്കാര്യം അറിയിച്ചു. തീരുമാനങ്ങൾ നടപ്പിലാക്കുമെന്നു തങ്ങൾക്ക് ഉറപ്പുണ്ടെന്നതിനാൽ സമരം പിൻവലിക്കണമെന്നു പി. കരുണാകരൻ എം.പിയും വി.എം. സുധീരനും സമര സമിതിയോട് ആവശ്യപ്പെടുകയായിരുന്നു.

ഇവരുടെ ഉറപ്പ് മുഖവിലയ്ക്കെടുത്തും. കാസർഗോട്ടെ പൊതുസമൂഹത്തിന്റെ മനോവികാരം കണക്കിലെടുത്തുമാണ് സമരം അവസാനിപ്പിക്കുന്നതെന്ന് സമരസമിതി നേതാക്കളായ ഡോ. അംബികാസുതൻ മാങ്ങാട്, ടി. ശോഭന, സുബ്രഹ്മണ്യൻ സത്യഗ്രഹികളായ എ. മോഹൻകുമാർ, ഗ്രോ വാസു, മോയിൻ ബാപ്പു എന്നിവർ അറിയിച്ചു. സർക്കാർ കൈക്കൊണ്ട തീരുമാനങ്ങൾ സ്വാഗതാർഹമാണെന്നും അതിലെ അവ്യക്തതകൾ നീക്കണമെന്നും സമരസമിതി ആവശ്യപ്പെട്ടു.

സർക്കാർ തീരുമാനങ്ങൾ സംബന്ധിച്ചു ഔദ്യോഗികമായ അറിയിപ്പ് കിട്ടാത്തതിനെ തുടർന്ന് സമരപന്തലിൽ ഒരു മണിക്കൂറോളം ആശങ്ക നിലനിന്നിരുന്നു.

ഒടുവിൽ സമരസമിതിയും സത്യഗ്രഹികളും ചേർന്നു നടത്തിയ മാരത്തോൺ ചർച്ചയുടെ ഒടുവിലാണ് സമരം തൽക്കാലം അവസാനിപ്പിച്ചത്.

ഫെബ്രുവരി 18ന് ആരംഭിച്ച സമരത്തിൽ അഞ്ചു പേരാണ് നിരാഹാരം അനുഷ്ഠിച്ചത്. എ. മോഹൻ കുമാർ 22 ദിവസവും ഗ്രോ വാസു, മോയിൻ ബാപ്പു എന്നിവർ ആറ് ദിവസവും ആയി നിരാഹാരം നടത്തിവരികയായിരുന്നു.

അതിനു മുമ്പ് കൃഷ്ണൻ പുല്ലൂർ, സുഭാഷ് ചീമേനി, ഡോ. ഡി. സുരേന്ദ്രനാഥ് എന്നിവരാണ് നിരാഹാരസമരം നടത്തിയത്. സമരം തൽക്കാലം അവസാനിപ്പിച്ച വിവരമറിഞ്ഞ് സമരപന്തലിൽ ആഹ്ലാദവും മുദ്രാവാക്യം വിളികളും ഉയർന്നു. വിവിധ സംഘടനങ്ങൾ സമരക്കാർക്ക് അഭിവാദ്യങ്ങൾ അർപ്പിച്ചു.

എൻഡോസൾഫാൻ: വാശാനലംഘനം നിരത്തി മോഹൻകുമാർ

■ ലേഖനം മാതൃഭൂമി ആഴ്ചപ്പതിപ്പിൽ ■



എൻഡോസൾഫാൻ ഇരകൾക്കുവേണ്ടി നിരാഹാരസമരം നടത്തുന്ന എ. മോഹൻകുമാർ ആസ്പത്രിയിൽ നിന്നെഴുതിയ ലേഖനം മാതൃഭൂമി ആഴ്ചപ്പതിപ്പിന്റെ ഓണപ്പതിപ്പിൽ.

എൻഡോസൾഫാൻ പീഡിത ജനകീയ മുന്നണിയുടെ നേതൃത്വത്തിൽ നടക്കുന്ന അനിശ്ചിതകാല നിരാഹാരസമരം മൂന്നാഴ്ച പിന്നിട്ടപ്പോഴാണ് മോഹൻകുമാർ ആസ്പത്രിയിലായത്. ആസ്പത്രിയിലും സമരം തുടരുകയാണ് അദ്ദേഹം.

മനുഷ്യാവകാശ കമ്മിഷൻ തന്നെ സർക്കാറിനെതിരേ സുപ്രീംകോടതിയിൽ കേസ് ഫയൽ ചെയ്യും എന്നു പറഞ്ഞപ്പോഴാണ് സർക്കാർ വിലപേശലിനും ചെയ്യാൻതുടങ്ങിയത്. പക്ഷേ, ദുരിതബാധിതരുടെ പ്രശ്നം പരിഹരിക്കാൻ വേണ്ടി നടത്തിയ ചർച്ചകളെയും മുഖ്യമന്ത്രി പ്രഹസനമാക്കി എന്ന് ലേഖനത്തിൽ വിമർശിക്കുന്നു.

അർഹരായ മുഴുവൻ രോഗികളെയും കണ്ടെത്തി ചികിത്സാസഹായം നൽകുക, ആവശ്യമായ ചികിത്സാസഹായം ജില്ലയിൽതന്നെ ഏർപ്പെടുത്തുക, വിവിധ ചികിത്സാസൗകര്യങ്ങളെ ഏകോപിപ്പിച്ച് ചികിത്സ പുനരധിവാസ പദ്ധതികൾ ആവിഷ്കരിക്കുക, ദുരിതബാധിതരുടെ കടബാധ്യതകൾ പൂർണമായും എഴുതിത്തള്ളുക, ഇനിയും ജില്ലയിൽ സൂക്ഷിച്ചിരിക്കുന്ന എൻഡോസൾഫാൻ കമ്പനിക്ക് തിരികെനൽകി നശിപ്പിക്കുക തുടങ്ങിയ പ്രധാന ആവശ്യങ്ങൾ പരിഗണിക്കുകപോലും ചെയ്തിട്ടില്ലെന്നും മോഹൻകുമാർ പറയുന്നു. മറ്റൊരു ലേഖനത്തിൽ ഡോ. പത്മനാഭൻ കാസർകോട്ടെ ദുരിതബാധിതരിലെ അണലിക്കടിയുടെ കാരണങ്ങളെക്കുറിച്ചും പഠനം നടത്തിയിട്ടുണ്ട്.

മാതൃഭൂമി

26 March 2013

എൻഡോസൾഫാൻ ദുരിതബാധിതരുടെ കടങ്ങൾക്ക് മൊറട്ടോറിയം

സ്വന്തം ലേഖകൻ

തിരുവനന്തപുരം: എൻഡോസൾഫാൻ ദുരിതബാധിതരായ 5500 പേരുടെ കടങ്ങൾക്ക് ആറുമാസത്തെ മൊറട്ടോറിയം പ്രഖ്യാപിച്ചു. നഷ്ടപരിഹാരവും കേസുകളും കൈകാര്യം ചെയ്യാൻ ട്രൈബ്യൂണൽ സ്ഥാപിക്കുമെന്ന ആവശ്യം പഠിക്കാൻ പ്രത്യേക സമിതിയെയും നിയോഗിച്ചു.

കാസർകോട് ജില്ലയിലെ ജനപ്രതിനിധികൾ, രാഷ്ട്രീയ പാർട്ടി നേതാക്കൾ, മന്ത്രി കെ.പി. മോഹനന്റെ നേതൃത്വത്തിലുള്ള എൻഡോസൾഫാൻ സെൽ എന്നിവരുമായി മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ നടന്ന ചർച്ചയിലാണ് തീരുമാനം. ഇതിന്റെ അടിസ്ഥാനത്തിൽ കാസർകോട്ട് സമഗ്രപഠനം നടത്തുന്ന നിരാഹാരസമരം അവസാനിപ്പിക്കണമെന്ന് ആവശ്യപ്പെടാൻ ചർച്ചയിൽ പങ്കെടുത്ത കോൺഗ്രസ് നേതാവ് എം. സുധീരൻ, പി. കരുണാകരൻ എം.പി. എന്നിവരെ ചുമതലപ്പെടുത്തി. ഇവർ സമരസമിതിയുമായി ഫോണിൽ നടത്തിയ ചർച്ചയിലാണ് നിരാഹാരസമരം പിൻവലിക്കാൻ തീരുമാനമായത്. സമരസമിതിയെ ചർച്ചയ്ക്ക് വിളിച്ചിട്ടുണ്ടായിരുന്നില്ല.

പഞ്ചായത്ത് പരിധി ഉപേക്ഷിച്ച് കൂടുതൽ പരിശോധനാ ക്യാമ്പുകൾ നടത്തി മുഴുവൻ ദുരിതബാധിതരെയും കണ്ടെത്തണമെന്ന ആവശ്യം ചർച്ചയിൽ അംഗീകരിച്ചിട്ടുണ്ട്. യു.ഡി.എഫ്. സർക്കാർ അധികാരമേറ്റശേഷം നടത്തിയ രണ്ട് മെഡിക്കൽ ക്യാമ്പുകളിൽ കണ്ടെത്തിയ 1318 പേരെക്കൂടി അർഹരുടെ പട്ടികയിൽ പെടുത്തിയതോടെയാണ് അർഹരുടെ എണ്ണം 5500 ആയി നിശ്ചയിച്ചിട്ടുള്ളത്. 5500 പേരിൽ 2295 പേർക്ക് സംസ്ഥാന സർക്കാരും മനുഷ്യാവകാശ കമ്മിഷനും നിർദേശിച്ച ആനുകൂല്യങ്ങൾ ലഭിക്കും. ബാക്കി വരുന്ന 3205 പേരെ വിദഗ്ധ പരിശോധനയ്ക്ക് വിധേയമാക്കി ഏതൊക്കെ ആനുകൂല്യം നൽകണമെന്ന് നിശ്ചയിക്കും. ഇതിനായി വിദഗ്ധ ഡോക്ടർമാരുടെ സമിതിയെ നിയോഗിച്ചു.

ആലപ്പുഴ മെഡിക്കൽ കോളേജിലെ പകർച്ചവ്യാധി വിഭാഗം മേധാവി ഡോ. കെ.പി. അരവിന്ദൻ, പരിയാരം മെഡിക്കൽ കോളേജിലെ കമ്മ്യൂണിറ്റി മെഡിസിൻ മേധാവി ഡോ. ജയശ്രീ, കോഴിക്കോട് മെഡിക്കൽ കോളേജ് കമ്മ്യൂണിറ്റി വിഭാഗത്തിലെ ഡോ. ജയകൃഷ്ണൻ, കോഴിക്കോട് മെഡിക്കൽ കോളേജിലെ പ്രൊഫ. ഡോ. തുളസീധരൻ, എൻ.ആർ.എച്ച്.എം. ജില്ലാ പ്രോജക്ട് മാനേജർ ഡോ. മുഹമ്മദ് അഷീൽ എന്നിവരടങ്ങിയ സമിതിയാണ് ഇവരെ പരിശോധിക്കുക.

കടങ്ങളും എഴുതിത്തള്ളണമെന്ന ദുരിതബാധിതരുടെ ആവശ്യം പരിശോധിക്കാൻ ജില്ലാ കളക്ടർ, ലീഡ് ബാങ്ക് മാനേജർ, സഹകരണ സംഘം ജില്ലാ രജിസ്ട്രാർ, എൻഡോസംഹാൻ സ്പെഷ്യൽ ഓഫീസർ എന്നിവരടങ്ങിയ സമിതിയെ ചുമതലപ്പെടുത്തി.

ശയ്യാവലംബികൾ, വികലാംഗർ, മാനസിക വൈകല്യമുള്ളവർ എന്നിവർക്കൊപ്പം കാൻസർ രോഗികളെയും ആനുകൂല്യങ്ങൾക്കായി പരിഗണിക്കും. 366 കാൻസർ രോഗികളെയാണ് ഇങ്ങനെ കണ്ടെത്തിയിട്ടുള്ളത്.

ദുരിതബാധിതർക്ക് സൗജന്യ ചികിത്സാസൗകര്യം ഇനിമുതൽ 15 ആസ്പത്രികളിൽ ലഭിക്കും. കസ്തൂർബാ ഗാന്ധി മെഡിക്കൽ കോളേജ് മംഗലാപുരം, മണിപ്പാൽ, അമൃത മെഡിക്കൽ കോളേജ് കണ്ണാശുപത്രി, ഗവ. ആയുർവേദ മെഡിക്കൽ കോളേജ് പരിയാരം, ഗവ. ഹോമിയോ മെഡിക്കൽ കോളേജ് കോഴിക്കോട് എന്നിവയെയാണ് പുതുതായി ഉൾപ്പെടുത്തിയത്.

സാമൂഹ്യ നീതിവകുപ്പിന് കീഴിൽ എൻഡോസംഹാൻ പാക്കേജ് ഉണ്ടാക്കി കൂട്ടിരിപ്പുകാരുടെ പെൻഷൻ തുക 400ൽ നിന്നും 700 രൂപയായി ഉയർത്താനും ചർച്ചയിൽ തീരുമാനമായി.

മാനസിക വൈകല്യമുള്ളവരെ പരിചരിക്കുന്ന ബഡ് സ്കൂളുകളിലെ അധ്യാപകർക്കും ആയമാർക്കും ഇപ്പോഴത്തെ പഞ്ചായത്തുകളം നൽകുന്ന 3500 രൂപ പ്രതിഫലത്തിനൊപ്പം 1500 രൂപ കൂടി ഈ പാക്കേജിൽ ഉൾപ്പെടുത്തി നൽകും. 11 പഞ്ചായത്തുകളം കൂടി സൗജന്യ ആംബുലൻസ് നൽകും. ഡ്രൈവറെയും ജീവനക്കാരെയും പഞ്ചായത്തുകളം നിയമിക്കണം.

പ്ലാന്റേഷനിൽ അവശേഷിക്കുന്ന എൻഡോസംഹാൻ നിർവീര്യമാക്കുന്നതിനായി ആലുവയിലെ എച്ച്.ഐ.എൽ. മാനേജിങ് ഡയറക്ടറുമായി ഉടൻ ചർച്ച നടത്തും. ആനുകൂല്യങ്ങളം മണി ഓർഡർ ആയോ എ.ടി.എം. വഴിയോ പിൻവലിക്കാനുള്ള അവകാശം ദുരിതബാധിതർക്ക് നൽകും.

ബി.പി.എൽ. കാർഡ് നൽകുമെന്നതടക്കമുള്ള സംസ്ഥാന സർക്കാരിന്റെ ആനുകൂല്യങ്ങളം 5500 പേർക്കും ലഭിക്കുമെന്ന് മുഖ്യമന്ത്രി പറഞ്ഞു. സൗജന്യ ചികിത്സ, സൗജന്യ റേഷൻ, പ്രതിമാസ പെൻഷൻ എന്നിവയും ലഭിക്കും. പരസഹായം ആവശ്യമായ ശയ്യാവലംബികളും മാനസിക വൈകല്യമുള്ളവരുമായ ദുരിതബാധിതരെ ശുശ്രൂഷിക്കുന്ന ഒരാൾക്ക് കൂടി പെൻഷന് അർഹതയുണ്ടാവും.

ദേശീയ മനുഷ്യാവകാശ കമ്മിഷൻ നിർദ്ദേശിച്ച ധനസഹായമായ അഞ്ചുലക്ഷം രൂപയ്ക്ക് 734 പേർക്ക് അർഹതയുണ്ട്. ഇതിൽ 600 പേർക്ക് സഹായം നൽകിക്കഴിഞ്ഞു. 134 പേർക്ക് അവകാശം സംബന്ധിച്ച രേഖകളം കിട്ടുന്നമുറയ്ക്ക് തുക കൈമാറും. ശയ്യാവലംബികളും മനോവൈകല്യം ബാധിച്ചവരും വികലാംഗരുമായ 1613 പേർക്കാണ് ഇത്തരത്തിൽ സഹായത്തിന് അർഹതയുള്ളത്. അതിൽ 1602 പേർക്ക് സഹായം കൈമാറിക്കഴിഞ്ഞതായി മുഖ്യമന്ത്രി പറഞ്ഞു.

മന്ത്രിമാരായ ആര്യാടൻ മുഹമ്മദ്, കെ.പി. മോഹനൻ, എം.കെ. മുനീർ, എം.എൽ.എ.മാരായ എൻ.എ. നെല്ലിക്കുന്ന്, ഇ. ചന്ദ്രശേഖർ, കെ. കുഞ്ഞിരാമൻ (ഉദുമ), പി.ബി. അബ്ദുൾ റസാഖ്, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ), ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പി.പി. ശ്യാമള, വിവിധ കക്ഷി നേതാക്കളം തുടങ്ങിയവരും ചർച്ചയിൽ പങ്കെടുത്തു.

27 March 2013

എൻഡോസൾഫാൻ: കനറാ ബാങ്ക് അരക്കോടി രൂപ നൽകും

27/3/13 MB

തിരുവനന്തപുരം: എൻഡോസൾഫാൻ ദുരിതബാധിതരെ സഹായിക്കാനുള്ള സംസ്ഥാന സർക്കാരിന്റെ പദ്ധതിയിലേക്ക് കനറാ ബാങ്ക് അമ്പത് ലക്ഷം രൂപ നൽകും. ബാങ്കിന്റെ സാമൂഹിക കോത്തരവാദിത്വ പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് തുക നൽകുകയെന്ന് ബാങ്ക് ചെയർമാൻ ആർ.കെ. ദുബേ അറിയിച്ചു.

ദുരിതബാധിതരുടെ വായ്പകൾക്ക് കൂടുതൽ തിരിച്ചടവ് സമയം അനുവദിച്ച് വായ്പ പുനർനിർണയിക്കുമെന്നും അദ്ദേഹം പറഞ്ഞു.

സംസ്ഥാനതല ബാങ്കേഴ്സ് സമിതി യോഗം ഉദ്ഘാടനം ചെയ്യുമുഖ്യമന്ത്രി ഇക്കാര്യം ആവശ്യപ്പെട്ടിരുന്നു. അതനുസരിച്ചാണ് ലീഡ് ബാങ്കായ കനറാ ബാങ്ക് ഇക്കാര്യത്തിൽ മുൻകൈയെടുക്കുന്നത്. മറ്റ് ബാങ്കുകളും പുനരധിവാസ പദ്ധതികളിൽ സഹകരിക്കുമെന്നാണ് കരുതുന്നതെന്നും അദ്ദേഹം പറഞ്ഞു.

കനറാബാങ്കിന്റെ ഇപ്പോഴത്തെ നിഷ്ക്രിയാസ്തി 2.77 ശതമാനമാണ്. ഇത് 2.5 ആയി കുറയ്ക്കാനാണ് ആലോചിക്കുന്നത്. സ്വന്തമായി രാജ്യമെമ്പാടുമായി 10,000 എ.ടി.എമ്മുകളം സ്ഥാപിക്കാനും ആലോചിക്കുന്നുണ്ട്.

ഫിബ്രുവരിവരെ സംസ്ഥാനത്ത് ബാങ്കിന്റെ മൊത്തം ഇടപാട് 30,000 കോടിയാണ്. അടുത്ത മാർച്ചോടെ ഇത് 40,000 കോടിയായി ഉയർത്തുകയാണ് ലക്ഷ്യം.

നിക്ഷേപം 17,575 കോടിയും മൊത്തം വായ്പ 13,194 കോടിയുമാണ്. വായ്പാ നിക്ഷേപാനുപാതം 81.39 ശതമാനമാണ്. വായ്പയിൽ 83 ശതമാനം വരെ മുൻഗണനാ മേഖലയ്ക്ക് നൽകുന്നുണ്ട്. മൊത്തം വായ്പയിൽ 53 ശതമാനത്തോളമാണ് കാർഷിക വായ്പ.

തിരുവനന്തപുരത്ത് ലോക്കർ പ്ലാസയും ഇ-ലോഞ്ച് സൗകര്യവും ഉടൻ ആരംഭിക്കുമെന്നും അദ്ദേഹം പറഞ്ഞു. കോർപ്പറേറ്റ്, ഐ.ടി. ബിസിനസ് പ്രൊഫഷണലുകളെ ഉദ്ദേശിച്ചാണ് ഇ-ലോഞ്ച് സൗകര്യം തുടങ്ങുന്നത്. പണം നിക്ഷേപം, പിൻവലിക്കൽ, ചെക്ക് നിക്ഷേപം, പാസ്ബുക്ക് പ്രിൻറിങ്, ഇൻറർനെറ്റ് ബാങ്കിങ്, ഓൺലൈൻ ടേഡിങ് തുടങ്ങിയവ മറ്റുള്ളവരുടെ ഇടപടൽ ഇല്ലാതെ ഉപഭോക്താക്കൾക്ക് സ്വയം നടത്താവുന്ന കേന്ദ്രമാണ് ബാങ്ക് ഉദ്ദേശിക്കുന്നത്.

അടുത്ത മാർച്ചോടെ ശാഖകളുടെ എണ്ണം 405 ആയും 2015 ഓടെ 470 ആയും ഉയർത്തും. എ.ടി.എമ്മുകളുടെ എണ്ണം അടുത്ത മാർച്ചോടെ 450 ആയി ഉയർത്തും. ഇതോടെ എല്ലാ ശാഖകൾക്കുമൊപ്പം എ.ടി.എം. നിലവിൽ വരും. 2015 മാർച്ചോടെ എ.ടി.എമ്മുകളം 470 ആക്കി വർദ്ധിപ്പിക്കും.

അടുത്ത വർഷത്തോടെ മൂന്ന് എസ്.എം.ഇ. ശാഖകളം കൂടി തുറക്കും. ആലപ്പുഴയിൽ റീട്ടെയിൽ അസറ്റ് ഹബിനും തിരുമാനമുണ്ടെന്ന് അദ്ദേഹം പറഞ്ഞു.

മംഗളം

27 March 2013

എൻഡോസൾഫാൻ പുനരധിവാസ പ്രവർത്തനങ്ങളെ സഹായിക്കാൻ ബാങ്കുകൾ തയ്യാറാവണം: മുഖ്യമന്ത്രി

തിരുവനന്തപുരം: എൻഡോസൾഫാൻ പുനരധിവാസ പ്രവർത്തനങ്ങളെ സഹായിക്കാൻ ബാങ്കുകൾ തയ്യാറാവണമെന്നു മുഖ്യമന്ത്രി ഉമ്മൻചാണ്ടി. കൃഷി, വിദ്യാഭ്യാസ ലോണുകൾക്ക് ഇൻഷുറൻസ് ഏർപെടുത്തണമെന്നും മുഖ്യമന്ത്രി ആവശ്യപ്പെട്ടു. സംസ്ഥാനതല ബാങ്കേഴ്സ് സമിതി യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ബി.പി.എൽ വിഭാഗത്തിനായി നടപ്പിലാക്കി വരുന്ന വിദ്യാഭ്യാസ ലോണുകളുടെ അപേക്ഷാ തീയതി ദീർഘിപ്പിച്ച് സർക്കാർ ഉത്തരവിറക്കും. സാങ്കേതിക കാരണങ്ങൾ പറഞ്ഞ് അപേക്ഷകരുടെ അവകാശങ്ങൾ നിഷേധിക്കരുത്. വായ്പയെടുത്ത വിദ്യാർത്ഥിയോ കുടുംബനാഥനോ മരണപ്പെട്ടാൽ വായ്പ ഒഴിവാക്കാൻ ബാങ്കുകൾ തയാറാകണം. പ്രത്യേക പരിഗണന ആവശ്യപ്പെട്ട് സർക്കാർ ശിപാർശ ചെയ്യുന്ന കേസുകളിൽ അനുകൂലമായ നടപടി ബാങ്കുകളുടെ ഭാഗത്തുനിന്ന് ഉണ്ടാകുന്നുണ്ടെന്നും മുഖ്യമന്ത്രി പറഞ്ഞു.

– എൻഡോസൾഫാൻ ബാധിതരുടെ പുനരധിവാസത്തിനായി 50 ലക്ഷം രൂപ നൽകാൻ തയാറാണെന്ന് കാനറാ ബാങ്ക് ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ ആർ.കെ ദുബെയ് അറിയിച്ചു.

മാതൃഭൂമി

08 April 2013

ശ്വാസഗതികളുടെ വേലിയേറ്റങ്ങൾ നിലച്ചു; സിനാൻ യാത്രയായി

ടി.ജെ.ശ്രീജിത്ത്

കാസർകോട്: ശ്വാസമെടുക്കാൻ വിഷമിക്കുന്ന, എട്ടുമാസം പ്രായമുള്ള സിനാന്റെ കുഞ്ഞുശരീരം അമ്പലത്തറയിലെ വാടക ക്വാർട്ടേഴ്സിൽ ഇനി കേറ്റംക്കില്ല. ഉടലിനെക്കാൾ വലിയ തലയുമായി പിറന്ന ആ കുഞ്ഞിനെ മരണം വന്നു വിളിച്ചു. എൻഡോസൾഫാൻ വിഷമഴയുടെ ഇരയാണെന്നുറപ്പുണ്ടായിട്ടും സാങ്കേതികതകളുടെ കണക്കുപുസ്തകത്തിൽ സിനാന്റെ പേര് ഒരിക്കലും ചേർക്കപ്പെട്ടില്ല. ഏറെനേരം കിടന്നാൽ ശ്വാസംമുട്ടലുണ്ടാവുന്ന സിനാൻ അവസാനശ്വാസമെടുക്കുമ്പോഴും ഉമ്മ ഫാത്തിമയുടെ മാറോട് ചേർന്ന് കിടക്കുകയായിരുന്നു.

സിനാന്റെ ശ്വാസനിശ്വാസങ്ങളായിരുന്നു അമ്പലത്തറയിലെ വാടകവീടിന്റെ ഹൃദയമിടിപ്പുകളം നിയന്ത്രിച്ചിരുന്നത്. അധികനേരം കട്ടിലിൽ കിടന്നാൽ ശ്വാസംമുട്ടും. താലോലിക്കാനായി എടുത്താൽ വായിൽനിന്ന് നുര വരും. പിന്നെ ഏറെനേരം ആ കുഞ്ഞുനെഞ്ച് തടവിക്കൊടുക്കണം. ശ്വാസംമുട്ടലും പനിയും കാരണം ആഴ്ചയിൽ മൂന്നുദിവസമെങ്കിലും ആസ്പത്രിയിൽത്തന്നെ.



സിനാൻ

ജനിച്ച് 28-ാം ദിവസമായിരുന്നു സിനാന്റെ ആദ്യ ശസ്ത്രക്രിയ. മൂന്നാംമാസം വീണ്ടുമൊന്നുകൂടി. തലച്ചോറിൽ വെള്ളം നിറയുന്ന ഹൈഡ്രോസെഫാലസ് എന്ന രോഗമായിരുന്നു അവന്. മംഗലാപുരം മുതൽ തിരുവനന്തപുരം ശ്രീചിത്ര വരെയുള്ള ആസ്പത്രികളിൽ ഫാത്തിമയും ഭർത്താവ് സലാഹുദ്ദീനും അലഞ്ഞു. സിനാന്റെ രോഗത്തിന് ചികിത്സയില്ലെന്ന് ഡോക്ടർമാർ വിധിച്ചു. ആകെയുള്ള പരിഹാരം തലച്ചോറിൽനിന്ന് വയറ്റിലേക്ക് ട്യൂബിട്ട് വെള്ളം കളയുക എന്നതുമാത്രം. ഇതുകാലം സിനാൻ ജീവിച്ചതും അങ്ങനെതന്നെ.

ശസ്ത്രക്രിയകൾക്ക് മാത്രമായി നാലുലക്ഷം രൂപയിലേറെ ചെലവായി. ഫാത്തിമയും സലാഹുദ്ദീനുമായുണ്ടായിരുന്ന ഒമ്പതര സെന്ററും വീടും സ്വർണവും കുഞ്ഞിന്റെ ചികിത്സയ്ക്കായി വിറ്റു. ഒടുവിൽ വാടക ക്വാർട്ടേഴ്സിലെത്തി. ഡ്രൈവറായ സലാഹുദ്ദീൻ രാവും പകലും പണിക്കുപോയി. ചികിത്സയ്ക്ക് പണമുണ്ടാക്കാൻ. എൻഡോസൾഫാൻ പട്ടികയിൽപ്പെടുത്താൻ അപേക്ഷ നല്കിയിരുന്നു. ഉദ്യോഗസ്ഥരൊക്കെ വന്ന് പരിശോധിച്ച് മടങ്ങി. പക്ഷേ, സർക്കാരിൽനിന്നല്ല നാട്ടുകാരിൽനിന്നാണ് ഇവർക്ക് സഹായം കിട്ടിയത്.

എൻഡോസൾഫാൻ ദുരിതബാധിതരെ നിശ്ചയിക്കാൻ 2011ലാണ് സർക്കാർ മെഡിക്കൽ ക്യാമ്പ് നടത്തിയത്. സിനാൻ ജനിക്കുന്നതിന് വളരെ മുമ്പ്. എൻഡോസൾഫാൻ പ്രശ്നത്തിൽ അടുത്തിടെ നടന്ന സമരത്തെത്തുടർന്നാണ് വീണ്ടുമൊരു മെഡിക്കൽ ക്യാമ്പുകൂടി സർക്കാർ പ്രഖ്യാപിച്ചത്. പക്ഷേ, വൈകിപ്പോയെന്ന് സിനാന്റെ മരണം വിളിച്ചോതുന്നു.



സിനാനും ഉമ്മ ഫാത്തിമയും

മരണവീട്ടിലേക്ക് ആളുകളെത്തുമ്പോഴും സിനാന്റെ മൂന്നുവയസ്സുകാരി ചേച്ചി ആയിഷ കുഞ്ഞനിയന് കളിക്കാനായി വാങ്ങിയ പാവയുമായി ഉമ്മയുടെ അരികിലിരിക്കുകയായിരുന്നു.

മാതൃഭൂമി

10 April 2013

എൻഡോസൾഫാൻ പാക്കേജ്: ആരോഗ്യമന്ത്രാലയത്തിന് നിർദേശം നൽകണമെന്ന് ആസൂത്രണ കമ്മീഷൻ

പ്രത്യേകലേഖകൻ

ന്യൂഡൽഹി: എൻഡോസൾഫാൻ ദുരിതബാധിതർക്കുവേണ്ടി ആശ്വാസപുനരധിവാസ പദ്ധതി തയ്യാറാക്കാൻ ആരോഗ്യ മന്ത്രാലയത്തിന് പ്രധാനമന്ത്രിയുടെ ഓഫീസ് നിർദേശം നൽകണമെന്ന് ആസൂത്രണ കമ്മീഷൻ ആവശ്യപ്പെട്ടു.

ദേശീയ മനുഷ്യാവകാശ കമ്മീഷന്റെ ശുപാർശകളുടെ അടിസ്ഥാനത്തിൽ നിർദേശം നൽകാനാണ് ആവശ്യപ്പെട്ടിട്ടുള്ളത്.

എൻഡോസൾഫാൻ പാക്കേജ് നടപ്പാക്കാൻ ആവശ്യമായ ചെലവിന്റെ 20 ശതമാനം കേന്ദ്രവും 80 ശതമാനം സംസ്ഥാനവും വഹിക്കണം. ദുരിതാശ്വാസ-പുനരധിവാസ പാക്കേജ് ആയതിനാൽ പദ്ധതിയിതര ചെലവായിട്ടു വേണം ഇതിനെ കണക്കാക്കാൻ. മനുഷ്യാവകാശ കമ്മീഷൻ നൽകിയ ശുപാർശകളും സമഗ്രമായതിനാൽ എൻഡോസൾഫാൻ ബാധിതർക്ക് വേറൊരു പദ്ധതി തയ്യാറാക്കേണ്ടതില്ല.

എൻഡോസൾഫാൻ പാക്കേജ് നടപ്പാക്കണമെന്നാവശ്യപ്പെട്ട് പി.കരുണാകരൻ എം.പി. പ്രധാനമന്ത്രിക്ക് നിവേദനം നൽകിയിരുന്നു. ഇതിനുള്ള മറുപടിയിലാണ് ആസൂത്രണ കമ്മീഷൻ ഇക്കാര്യം അറിയിച്ചത്.

എൻഡോസൾഫാൻ ദുരിതബാധിതരുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ കേന്ദ്രത്തോട് ആവശ്യപ്പെട്ട 475 കോടി രൂപയുടെ പാക്കേജ് തീർത്തും അപര്യാപ്തമാണെന്ന് കരുണാകരൻ കുറ്റപ്പെടുത്തി.

നേരത്തേ മനുഷ്യാവകാശ കമ്മീഷൻ ശുപാർശ ചെയ്ത കാര്യങ്ങളിൽ പലതും നടപ്പാക്കിയിട്ടില്ല.

കാസർകോട്ട് പ്രത്യേക ആസ്പത്രിയും ആംബുലൻസ് സർവീസും കേന്ദ്രം ആരംഭിക്കണമെന്ന് കമ്മീഷൻ ആവശ്യപ്പെട്ടിരുന്നെങ്കിലും അതുണ്ടായില്ല. കാസർകോടിന് പുറമേ പാലക്കാട് ഉൾപ്പെടെ മറ്റ് ജില്ലകളിൽ നടപ്പാക്കേണ്ട കാര്യങ്ങളും കമ്മീഷൻ ശുപാർശ ചെയ്തിരുന്നു.

മലയാള മനോരമ

11 April 2013

എൻഡോസൾഫാൻ: ഒരാൾ കൂടി മരിച്ചു



ഉദുമ ● എൻഡോസൾഫാൻ ദുരിതബാധിതനായി കിടപ്പിലായിരുന്ന യുവാവ് മരിച്ചു. ഉദുമ ഏരോലിലെ അബ്ദുൽ റസാഖിന്റെ മകൻ അബ്ദുൽ അസീസ് (23) ആണ് മരിച്ചത്. കാഞ്ഞങ്ങാട് സ്വകാര്യ ആശുപത്രിയിൽ നിന്നാണ് ചികിൽസ തേടിയത്. 2011 ഓഗസ്റ്റിൽ നടന്ന മെഡിക്കൽ ക്യാംപിൽ പങ്കെടുത്ത അബ്ദുൽ അസീസ് ഉൾപ്പെടുന്നവരുടെ പട്ടിക അടുത്തിടെയാണ് സർക്കാർ അംഗീകരിച്ചത്. ഉമ്മ: സഫിയ.സഹോദരങ്ങൾ: മുഹമ്മദ് ഷെരീഫ്, മുഹമ്മദ് ഹാരിഫ്, റസീന.

20 April 2013

കാസർകോട്ടെ മണ്ണിൽ ഇപ്പോഴും എൻഡോസൾഫാൻ

കെ. മധു

കോഴിക്കോട്: കാസർകോട്ടെ മണ്ണിൽ ഇപ്പോഴും എൻഡോസൾഫാൻ വിഷാംശം ഉയർന്ന തോതിൽ ബാക്കി കിടപ്പുണ്ടെന്ന് കോഴിക്കോട് സി.ഡബ്ല്യു.ആർ.ഡി.എം. നടത്തിയ പരിശോധനയിൽ വ്യക്തമായി.

സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന് സമർപ്പിച്ച പുതിയ റിപ്പോർട്ടിലാണ് ഈ വിവരമുള്ളത്. കാസർകോട്ട് എൻഡോസൾഫാൻ ഏതെങ്കിലും രൂപത്തിൽ വീണ്ടും ഉപയോഗിച്ചാൽ ഇപ്പോഴത്തെ മണ്ണിലുള്ള കീടനാശിനിയുടെ അംശം വീഴ്ത്തിക്കാൻ കാലതാമസം എടുക്കുമെന്ന് റിപ്പോർട്ടിൽ പറയുന്നു.

വി.എസ്. അച്യുതാനന്ദൻ മുഖ്യമന്ത്രി ആയിരുന്ന കാലത്താണ് നിരോധനത്തിന് ശേഷവും എൻഡോസൾഫാൻ മണ്ണിൽ ബാക്കിയുണ്ടോ എന്നറിയാനുള്ള പരിശോധന ആരംഭിച്ചത്. കീടനാശിനിക്കമ്പനി മുന്നോട്ട് വെച്ച കണക്കുകൂട്ടലുകൾ യാഥാർഥ്യത്തിലേക്ക് വഴിതുറക്കുകയായിരുന്നു ലക്ഷ്യം. മൂന്നു വർഷത്തെ പഠനത്തിന്റെ അന്തിമ റിപ്പോർട്ടാണ് ഇപ്പോഴത്തെ സമർപ്പിച്ചിട്ടുള്ളത്.

പെരിയ, പനത്തടി മുളിയാർ എന്നിവിടങ്ങളിൽ നിന്ന് സി.ഡബ്ല്യു.ആർ.ഡി.എം. വാട്ടർ ക്വാളിറ്റി വിഭാഗം മേധാവി ഡോ. പി.എസ്. ഹരികുമാറിന്റെ നേതൃത്വത്തിൽ ശാസ്ത്രജ്ഞരുടെ സംഘം സാമ്പിളുകൾ ശേഖരിച്ചു.

ഉപയോഗം നിർത്തിവെച്ച സാഹചര്യത്തിൽ എൻഡോസൾഫാൻ അംശം കുറഞ്ഞുവരുന്നുണ്ട്. പെരിയയിലെ മണ്ണിൽ വിഷാംശം തീരെ കുറവാണെന്നാണ് പരിശോധനാഫലം. എന്നാൽ പനത്തടിയിൽ നേരത്തേ ഒരു കിലോഗ്രാം മണ്ണിൽ 5.33 മൈക്രോ ഗ്രാം എൻഡോസൾഫാൻ വീഴ്ത്തിക്കാതെ ബാക്കി കിടപ്പുണ്ട്. മുളിയാറിൽ ഇത് 3.91 മൈക്രോഗ്രാമാണ്.

ജലത്തിൽ വിഷാംശം തീരെ കുറവാണെന്നും പുതിയ പരിശോധന പറയുന്നു.

മാതൃഭൂമി

25 April 2013

എൻഡോസൾഫാൻ: നിയമനടപടി സ്വീകരിക്കാൻ അനുമതി

കോട്ടയം: മാരക കീടനാശിനിയായ എൻഡോസൾഫാൻ ഉല്പാദിപ്പിച്ച കമ്പനികൾക്കെതിരെ നിയമനടപടി സ്വീകരിക്കാൻ പ്ലാന്റേഷൻ കോർപ്പറേഷന് സംസ്ഥാനസർക്കാർ അനുമതിനൽകി. എൻഡോസൾഫാൻ ഉല്പാദകർക്ക് പുറമെ പ്ലാന്റേഷൻ കോർപ്പറേഷന് ഈ കീടനാശിനി വിതരണം ചെയ്ത സ്ഥാപനങ്ങൾ, എൻഡോസൾഫാൻ ഉപയോഗം ശിപാർശ ചെയ്ത സ്ഥാപനങ്ങൾ എന്നിവരെയും കേസിൽ കക്ഷികളാക്കാനാണ് കോർപ്പറേഷൻ ഉദ്ദേശിക്കുന്നത്. കഴിഞ്ഞദിവസമാണ് സംസ്ഥാന സർക്കാരിന്റെ അനുമതി ലഭിച്ചതെന്ന് കോർപ്പറേഷൻ ചെയർമാൻ പ്രൊഫ.വർഗീസ് ജോർജ് പറഞ്ഞു.

മംഗളം

11 April 2013

സ്റ്റോക്‌ഹോം കൺവെൻഷൻ 30ന്; എൻഡോസൾഫാൻ ഉപയോഗിക്കാൻ താൽപര്യം കോസ്റ്റാറിക്കയ്ക്കു മാത്രം

■ ഡി.ധനസുമോദ്
ന്യൂഡൽഹി

സ്റ്റോക്‌ഹോം കൺവെൻഷന്റെ ആറാം ഉച്ചകോടി ആരംഭിക്കാൻ ആഴ്ചകൾ മാത്രം ശേഷിക്കെ എൻഡോസൾഫാൻ തുടർന്നും ഉപയോഗിക്കാൻ താൽപര്യം പ്രകടിപ്പിച്ചിരിക്കുന്നതു ലാറ്റിനമേരിക്കൻ രാജ്യമായ കോസ്റ്റാറിക്ക മാത്രം. രണ്ടു വർഷത്തേക്കു കൂടി എൻഡോസൾഫാൻ ഉപയോഗിക്കാനാണ് കോസ്റ്റാറിക്ക അനുമതി തേടിയിരിക്കുന്നത്. ഈ മാസം 30, മേയ് ഒന്ന്, രണ്ട് തീയതികളിൽ ജനീവയിലാണ് ഉച്ചകോടി.

ഭൂമുഖത്ത് നിന്ന് ഒഴിവാക്കേണ്ട രാസകീടനാശിനികളുടെ പട്ടികയിൽ എൻഡോസൾഫാനെ ചേർത്തത് കഴിഞ്ഞ ഉച്ചകോടിയിലായിരുന്നു. 2011 ഏപ്രിൽ 25 മുതൽ 29 വരെ നടന്ന ഉച്ചകോടിയിലാണ് ആഗോള നിരോധനം നിലവിൽ വന്നത്. എൻഡോസൾഫാനെതിരേ അന്നത്തെ മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദന്റെ നേതൃത്വത്തിൽ ഉപവാസസമരം നടന്ന ദിനത്തിലാണ് നിരോധനമുണ്ടായത്. ഉപവാസത്തോടെ കേരളത്തിലും ഉച്ചകോടി ചർച്ചാവിഷയമായി.

ആഗോള നിരോധനം നടപ്പിൽ വന്നതിന് ശേഷം ഉപയോഗം തുടരാൻ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഉപയോഗം തുടരാൻ രജിസ്റ്റർ ചെയ്ത കോസ്റ്റാറിക്കയിൽ എൻഡോസൾഫാൻ ഉൽപാദിപ്പിക്കുന്നില്ല.

ഡി.വൈ.എഫ്.ഐ. സമർപ്പിച്ച ഹർജിയിൽ ഇന്ത്യയിലെ എൻഡോസൾഫാൻ ഉൽപാദന-വിതരണ- ഉപയോഗ സുപ്രീംകോടതി തടഞ്ഞിരിക്കുകയാണ്. ഇറക്കുമതി ചെയ്യുന്ന സോയാബീൻ ഉൾപ്പെടെയുള്ള ഭക്ഷണ സാധനങ്ങളിൽ എൻഡോസൾഫാൻ അടങ്ങിയിട്ടുണ്ടെന്നു കേന്ദ്രമന്ത്രിമാർ പോലും തുറന്നു സമ്മതിച്ചിട്ടുണ്ട്.

ഇറക്കുമതി ചെയ്യുന്ന ഭക്ഷണസാധനങ്ങളിൽ പരിശോധന നടത്തുന്നത് അപകടകരമായ കീടനാശിനിയുടെ സാന്നിധ്യം മനസിലാക്കാൻ വിദേശരാജ്യങ്ങളെ സഹായിക്കാനുണ്ട്. ഇറക്കുമതി ചെയ്ത ഡൊമിനിക്കൻ മുളകിൽ 0.14 മില്ലിഗ്രാം എൻഡോസൾഫാൻ കണ്ടെത്തിയതിനെ തുടർന്ന് സ്പൈസിനും 0.32 മില്ലിഗ്രാം കണ്ടുപിടിച്ചതോടെ ഫ്രാൻസും കർശന നടപടിയെടുത്തു. ഇത്തരം കീടനാശിനികളുടെ സാന്നിധ്യം തിരിച്ചറിഞ്ഞതോടെ സിറ്റ്സർലൻഡിലെ മാർക്കറ്റുകളിൽ ഇറക്കുമതി ഭക്ഷണസാധനങ്ങൾ പിടിച്ചെടുത്തു നശിപ്പിച്ചു.

ഭക്ഷണസാധനങ്ങളിൽ പരിശോധന നടത്തുന്നതിലൂടെ എൻഡോസൾഫാൻ ഉൾപ്പെടെയുള്ള രാസകീടനാശിനികളെ ഒഴിവാക്കി ജനങ്ങളുടെ ആരോഗ്യം സംരക്ഷിക്കാൻ സർക്കാർ മുൻകൈയെടുക്കണമെന്നാണ് ആരോഗ്യരംഗത്ത് പ്രവർത്തിക്കുന്നവർ ആവശ്യപ്പെടുന്നത്.

മംഗളം

18 April 2013

18 April 2013 മംഗളം

എൻഡോസൾഫാൻ - ഉയരുന്ന ചോദ്യങ്ങൾ

ശാസ്ത്രക്രിയ



ഡോ. സി.പി. രാജേന്ദ്രൻ

കാസർഗോട്ടെ ചില പ്രദേശങ്ങളിലെ എൻഡോസൾഫാൻ കീടനാശിനിയുമായി ബന്ധപ്പെട്ട ആരോഗ്യപ്രശ്നങ്ങൾ നമ്മുടെ മനഃസാക്ഷിയെ ഇപ്പോഴും തെറ്റിപ്പിച്ചുകൊണ്ടിരിക്കുന്നു. ടി.വി. ഫുട്ടേജുകളിൽ നിറയുന്ന ശരീര വൈകല്യങ്ങൾ നമ്മുടെ മനസിനെ അസ്വസ്ഥമാക്കുന്നു. കാസർഗോട്ട് ബോവിക്കാനത്തെ ഈ പ്രശ്നം ലോകശ്രദ്ധയിലുമെത്തി. എപ്രിൽ 2011 ൽ ജനീവയിൽ കൂടിയ സ്റ്റോക്ഹോം കൺവെൻഷൻ പാർട്ടികളുടെ അഞ്ചാം സമ്മേളനത്തിൽവച്ച് എൻഡോസൾഫാൻ ലോകമാസകലം നിരോധിക്കപ്പെടണമെന്ന ഭാരതത്തിലെ കീടനാശിനികളിലൊന്നാണെന്ന് നിലനിൽക്കപ്പെട്ടു. ബോവിക്കാനത്ത് എൻഡോസൾഫാൻ ഉപയോഗിക്കപ്പെട്ടതു 1980 മുതൽ 2000 വരെയാണ്. കേരളസർക്കാരും മനുഷ്യാവകാശ കമ്മിഷനും ഉത്തരവാപ്പെടുത്തിയ രണ്ടു കമ്മിഷനുകൾ അവിടെ ഒരു സാംക്രമിക രോഗവിജ്ഞാനീയ സർവേ നടത്തണമെന്നുള്ള ശിപാർശകൾ സമർപ്പിക്കുന്നത് 2001 മുതൽ 2002 വരെയാണ്. അങ്ങനുള്ള ഫീൽഡ് കണ്ടത് 2010 ലും. ആരുപറഞ്ഞു സർക്കാരിന്റെ വണ്ടിക്കു വേഗത പോരെന്ന്? കോഴിക്കോട് മെഡിക്കൽ കോളജിലെ സി. പ്രഭാകുമാരി, ടി. ജയകൃഷ്ണൻ, തോമസ് ബിനു തുടങ്ങിയവർ അടങ്ങിയ ഡോക്ടർമാരുടെ സംഘമാണ് പ്രശ്നബാധിത പ്രദേശങ്ങളിൽ പഠനം നടത്തിയത്. അതുകൂടാതെ എ.എ. എസ്രായിൽ, ആർ. സി.ഗ്, ആർ.പി. ഇബ്രാഹിം തുടങ്ങിയവർ നടത്തിയ മറ്റൊരു പഠനറിപ്പോർട്ടുമുണ്ട്. ഈ റിപ്പോർട്ടുകൾ പ്രധാനമന്ത്രിക്കും സുപ്രീംകോടതിയിലും സമർപ്പിക്കപ്പെട്ടിട്ടുണ്ട്. കാസർഗോട്ടെ എൻഡോസൾഫാൻ പ്രശ്നത്തെക്കുറിച്ചുള്ള ആധികാരിക രേഖകളാണിവ.

ബംഗ്ലൂരുവിൽനിന്നു പ്രസിദ്ധം ചെയ്യുന്ന കറന്റ് സയൻസ് എന്ന ശാസ്ത്ര പ്രസിദ്ധികരണത്തിന്റെ ജനുവരി പത്താംനിയതിയിലെ ലക്കത്തിൽ, പ്രഭാകുമാരിയുടെയും സംഘത്തിന്റെയും റിപ്പോർട്ടുകളുടെ ആധികാരികത ചോദ്യം ചെയ്യപ്പെടുന്നു. കേരളത്തിലെ അഗ്രികൾച്ചർ യൂണിവേഴ്സിറ്റിയിലെ രണ്ടു ഗവേഷകരായ കെ.എം. ശ്രീകുമാറും കെ.ഡി. പ്രതാപനുമാണ് ആ റിപ്പോർട്ടുകളെ വിമർശിച്ചിരിക്കുന്നത്. അവർ കറന്റ് സയൻസിൽ പ്രസിദ്ധം ചെയ്ത വിമർശനങ്ങളുടെ ചുരുക്കം വായനക്കാരുടെ ശ്രദ്ധയ്ക്കായി ഇവിടെ ഏടുത്തു കൊടുക്കുന്നു.

മുള്ളിയൂർ പഞ്ചായത്തിലെ ബോവിക്കാനം, ബാണം, എന്നീ ഗ്രാമങ്ങളിലെ ആയിരവും എണ്ണൂറ്റി അമ്പതും വരുന്ന കുടുംബങ്ങളിലെ ആരോഗ്യപ്രശ്നങ്ങളുടെ താരതമ്യ പഠനമാണ് പ്രഭാകുമാരിയുടെ നേതൃത്വത്തിലുള്ളസംഘം പ്രധാനമായും നടത്തിയിരിക്കുന്നത്. ബോവിക്കാനം കീടനാശിനിയുടെ പ്രസാരണത്തിനു വിധേയമായ പ്രദേശവും. ബാണം. അതിൽനിന്നു വിമുക്തവുമായിരുന്നു എന്ന് ഇവിടെ പറയേണ്ടതുണ്ട്. ഈ രണ്ടു പ്രദേശങ്ങളും സാമൂഹികമായും സമ്പത്തികമായും വളരെയേറെ വ്യത്യസ്തമാകയാൽ വസ്തുനിഷ്ഠമായ താരതമ്യപഠനത്തിനു പറ്റിയവയല്ല എന്ന് ശ്രീകുമാറും പ്രതാപനും അവരുടെ പ്രബന്ധത്തിന്റെ തുടക്കത്തിൽതന്നെ പറയുന്നുണ്ടെങ്കിലും ക പഠനരീതികളിലുള്ള ഈ ന്യൂനതകൾ കൂടാതെ പ്രഭാകുമാരിയുടേയും സഹപ്രവർത്തകരുടെയും പഠനത്തിലെ അപഗ്രഥനരീതികളെയും അവർ വിമർശിക്കുന്നു.

ഉദാഹരണത്തിനു കാസർഗോട്ടെ പതിനാലു പഞ്ചായത്തുകളിലെ നാൽപ്പത്തിയൊന്നുപേരുടെ കേന്ദ്രത്തിൽ അടങ്ങിയിട്ടുള്ള എൻഡോസൾഫാൻ അഗതത്തിന്റെ തോത് കണക്കാക്കിയിരിക്കുന്നത് ഗ്യാസ് ക്രോമറ്റോഗ്രഫി യിലൂടെയാണ്. ഇതൊരു വലിയ ന്യൂനതയാണ്. കീടനാശിനി സംബന്ധമായ പരിശോധനകളിൽ കൃത്യതകുടിയ മാസ് സ്പെക്ട്രോസ്കോപി സങ്കേതത്തെയാണ് അവലംബിക്കേണ്ടതെന്ന് ഇന്ത്യാസർക്കാർ നിഷ്കർഷിക്കുന്നു. പഠനറിപ്പോർട്ടിൽ അതു പാലിക്കപ്പെട്ടിട്ടില്ലെന്നു വിമർശകർ ചൂണ്ടിക്കാണിക്കുന്നു.



മാധ്യമങ്ങളുടെ പ്രചരണച്ചൂടിൽ ശാസ്ത്രീയതയും വസ്തുനിഷ്ഠതയും ബലിചെയ്യപ്പെടുന്ന പ്രവണത കേരളത്തിൽ കുടിവരികയാണ്. മുല്ലപ്പെരിയാർ പ്രശ്നത്തിൽ ഇടുക്കി അണക്കെട്ടിൽ നിന്നു വിലയേറിയ ജലം വെറുതെ തുറന്നുകളയേണ്ടി വന്ന സന്ദർഭംപോലുമുണ്ടായി. എൻഡോസൾഫാൻ പോലുള്ള പ്രധാന വിഷയത്തിൽ വസ്തുനിഷ്ഠമായ പഠനമാണ് നാം പ്രതീക്ഷിക്കുന്നത്.

കാലിക്കറ്റ് മെഡിക്കൽ കോളജ് സംഘം പഞ്ചായത്ത് ഓഫീസുകളിലും, മൃഗാശുപത്രികളിലും, ശേഖരിക്കപ്പെടുന്ന ആധികാരികമായ രേഖകൾ നോക്കാതെ ജനങ്ങളുമായുള്ള സംഭാഷണങ്ങളെ ആശ്രയിച്ചാണ് വിവരശേഖരണം. നടത്തിയിരിക്കുന്നതെന്നു തുടരാപേക്ഷപ്പെടുന്നു ഈ രീതിയിൽ വസ്തുതകൾ ശേഖരിക്കുമ്പോൾ അവ വസ്തുനിഷ്ഠമാവണമെന്നില്ല. പ്രത്യേകിച്ചും, ചാനലുകളിലും, പത്രമാധ്യമങ്ങളിലും, എൻഡോസൾഫാന്റെ [illegible] നിരോധിക്കുന്ന സർക്കാരിനെതിരെയുള്ളവരെന്നും ഓർക്കണം.

മറ്റൊരു വിമർശനം, ആളുകളുടെ രക്തത്തിൽ കണ്ടെത്തിയ എൻഡോസൾഫാൻ അംശത്തിന്റെ തോതിനെകുറിച്ചുള്ളതാണ്. പ്രഭാകുമാരിയുടെയും സംഘത്തിന്റെയും പഠനത്തിൽ കേന്ദ്രത്തിലുള്ള കീടനാശിനിയുടെ അംശം 2.51 മുതൽ 179.46 പി.പി.ബി (പാർട്ട് പെർ ബില്യൺ)യും ശരാശരി 41.65 പി.പി.ബി.യുമാകുന്നു. എന്നാൽ 2001 ലെ ഉദ്യോഗസ്ഥർ കമ്മിഷന്റെ റിപ്പോർട്ടുപ്രകാരം അതു പൂജ്യം മുതൽ 12.77 പി.പി.ബി.യെ കാണിക്കുന്നുള്ളു. പത്തുവർഷത്തിനുള്ളിൽ അതും കീടനാശിനി പ്രയോഗം നിർത്തി വർഷങ്ങൾ കഴിഞ്ഞിട്ടും എങ്ങനെയതു നാലുമടങ്ങു വർധന കാണിക്കുന്നുവെന്നു ശ്രീകുമാറും, പ്രതാപനും ചോദിക്കുന്നു. കോഴിക്കോട്ടെ കേന്ദ്ര ജല മാനേജ്മെന്റ് കേന്ദ്ര (സി.ഡബ്ലു.ഡി.ആർ.എം.) തിന്റെ പരിശോധനയിൽ ബോവിക്കാനത്തെ സോഇലത്തിൽ എൻഡോസൾഫാന്റെ അംശം കാണുന്നതേയില്ല എന്നതും ശ്രദ്ധിക്കേണ്ടതാണെന്നു വിമർശകർ പറയുന്നു.

ബോവിക്കാനത്തെ ഒന്നുമുതൽ ഒൻപതുവയസു വരയുള്ള കുട്ടികളിൽ 1.6 ശതമാനംപേർക്ക് അംഗവൈകല്യമുള്ളതായി, പ്രഭാകുമാരിയുടെ റിപ്പോർട്ടിൽ പറയുന്നുണ്ട്. എന്നാൽ കീടനാശിനി ബാധയേൽക്കാത്ത ബാണത്ത് അംഗവൈകല്യമുള്ളവർ കുട്ടികളിൽ 1.4 ശതമാനം. പോലെന്നതും ഒരു വൈചിത്ര്യം. എങ്ങനെ ന്യായീകരിക്കും? കീടനാശിനി തളിക്കാൻ തുടങ്ങിയതിനുശേഷം ജനിച്ചവരും. ഇപ്പോൾ 29 മുതൽ 23 വയസുവരെയുള്ളവരുടെ അംഗവൈകല്യ കണക്കു റിപ്പോർട്ടിൽ പറയുന്നതേയില്ല. ആ കണക്കിലൂടെ ആകണമായിരുന്നു ഈ പ്രശ്നത്തിന്റെ പൊരുൾ തേടേണ്ടിയിരുന്നത്.

ഡോക്ടർമാരുടെ റിപ്പോർട്ടുപ്രകാരം, കീടനാശിനി ബാധിത പ്രദേശത്തെ 6017 ൽ പത്തുപേർ കാൻസർ രോഗമുള്ളവരാണ്. അതായത് 0.16 ശതമാനം. കീടനാശിനി ബാധിതമല്ലാത്ത ബാണം ഗ്രാമത്തിൽ 3742 ൽ 11 പേർക്കു കാൻസർ ബാധിച്ചിട്ടുണ്ട്. എന്നുവെച്ചാൽ 0.29 ശതമാനം.പേർക്ക്. എൻഡോസൾഫാൻ തളിക്കാത്ത പ്രദേശത്താണ് കാൻസർബാധ കൂടുതൽ കാണുന്നതെന്നർത്ഥം. ബുദ്ധിമാന്ദ്യം രണ്ടുപ്രദേശത്തും ഒരുപോലെയാണ്. ആസ്തിത, എപ്പിലെപ്സി, മാനസികരോഗങ്ങൾ എന്നിവ രണ്ടിടത്തും ഒരുപോലെയാണ്. ആ പ്രദേശത്തെ സ്ത്രീകളുടെ സന്താനോല്പാദനശേഷി കണക്കാക്കാൻ മനുഷ്യമാതൃകകളെ തെരഞ്ഞെടുത്തതിലും ന്യൂനതകളുണ്ടെന്നു വിമർശകർ പറയുന്നു. എൻഡോസൾഫാൻ ബാധിതപ്രദേശത്തുള്ള പുരുഷന്മാർ മറ്റു പ്രദേശങ്ങളിൽ നിന്നു കല്യാണം കഴിച്ചുകൊണ്ടുവന്നവരിൽ പെടുവാണ് പല സ്ത്രീകളും. അതേസമയം, താരതമ്യത്തിനുപയോഗിക്കുന്ന എൻഡോസൾഫാൻ ബാധിതമല്ലാത്ത ബാണം, ഗ്രാമത്തിലേക്കു ജോലി കാണത്തുനിന്നു വന്നവരുമുണ്ട്. ഇങ്ങനെ സാമൂഹികമായി കുഞ്ഞുമറിഞ്ഞു കിടക്കുന്ന ജനസഞ്ചയത്തിൽനിന്നു പ്രതിനിധാനസ്വഭാവങ്ങളുള്ള സാമൂഹ്യമാതൃകകളെ കണ്ടെത്താൻ പ്രയാസം കാണിക്കേണ്ടതുണ്ട്. അല്ലെങ്കിൽ വസ്തുനിഷ്ഠമായ നിഗമനങ്ങളിൽ എത്തിച്ചേരാൻ പ്രയാസമാകും. ശ്രീകുമാറിന്റെയും പ്രതാപന്റെയും വിമർശനം അവിടംകൊണ്ടവസാനിക്കുന്നില്ല.

കാൻസറുമായി ബോവിക്കാനത്തു മരിച്ചവർ ബാണത്തെ അപേക്ഷിച്ച് അധികമാണെന്നു (11: 11 എന്ന തോതിൽ) പറയുന്നത് അടിസ്ഥാനരഹിതമാണെന്നു അവർ പറയുന്നു. എ.എസ്രായിലും സംഘവും ചേർന്നു നടത്തിയ മറ്റൊരു പഠനത്തിനു നിലവാരമില്ലെന്നും. ഈ വിമർശകർ അഭിപ്രായപ്പെടുന്നു.

അപ്പോൾ എന്നാണു സത്യം? എൻഡോസൾഫാൻ കമ്പനി വിമർശകർക്കു കോഴകൊടുത്തുവെന്നുപറഞ്ഞു ഇത്തരം കാര്യങ്ങളെ നിസാരവൽക്കരിക്കരുത്. വലിയ വില കൊടുത്തു കുപ്പിവെള്ളം വാങ്ങി കുടിച്ചു പ്ലാസ്റ്റിക് കുപ്പികൾ വലിച്ചെറിയുന്നവരാണ് നമ്മളിലെ പരിസ്ഥിതിവാദികൾ പലരും എന്ന സത്യവും നമ്മൾ അംഗീകരിക്കണം. എൻഡോസൾഫാൻ പോലുള്ള മാരക കീടനാശിനികൾ നിരോധിക്കപ്പെടേണ്ടതുതന്നെയാണ്.

മാധ്യമങ്ങളുടെ പ്രചരണച്ചൂടിൽ ശാസ്ത്രീയതയും വസ്തുനിഷ്ഠതയും ബലിചെയ്യപ്പെടുന്ന പ്രവണത കേരളത്തിൽ കുടിവരികയാണ്. മുല്ലപ്പെരിയാർ പ്രശ്നത്തിൽ ഇടുക്കി അണക്കെട്ടിൽ നിന്നു വിലയേറിയ ജല. വെറുതെ തുറന്നുകളയേണ്ടി വന്ന ഒരു സന്ദർഭംപോലുമുണ്ടായി. എൻഡോസൾഫാൻ പോലുള്ള പ്രധാന വിഷയത്തിൽ വസ്തുനിഷ്ഠമായ പഠനമാണ് നാം പ്രതീക്ഷിക്കുന്നത്. ബോവിക്കാനത്തെയും മറ്റും പാവപ്പെട്ട ഒരു സ്ത്രീയുടെ ജീവിതത്തെ വഴിമുട്ടിക്കാതിരിക്കാൻ സത്യം പുറത്തുവരണം. അവിടത്തെ സ്ത്രീകൾ പ്രസവിക്കാൻ മടിക്കുകയും, മറ്റു പ്രദേശത്തുള്ള പുരുഷന്മാർ അവിടത്തെ സ്ത്രീകളെ വിവാഹം കഴിക്കാൻ വിസമ്മതിക്കുകയും ചെയ്യുന്ന ഒരു സ്ഥിതിവിശേഷം പോലും അവിടെയുണ്ടെന്നറിയുന്നു. ജനിക്കാൻ പോകുന്ന തലമുറകൾക്കുവേണ്ടി ഒരു സാമൂഹ്യ ജീവിതമെങ്കിലും നൽകപ്പെടും. അതുപോലെതന്നെ സർക്കാരിനും, സമൂഹത്തിനും, സത്യം എന്തുതന്നെയായാലും അതു പുറത്തുകൊണ്ടുവരുവാൻ ബാധ്യതയുണ്ട്. ആ കർത്തവ്യം നിറവേറ്റപ്പെടണം.

23 April 2013

എൻഡോസൾഫാൻ: കുഞ്ഞിന്റെ മരണവും കോടതിയുടെ ശ്രദ്ധയിൽപെടുത്തി

23/4/13 മംഗളം

ന്യൂഡൽഹി: എൻഡോസൾഫാൻ കീടനാശിനിയുടെ ആരോഗ്യപ്രശ്നത്തെ കൂടുതൽ വ്യക്തമാക്കുന്നതിനായി കാസർഗോഡ് ജില്ലയിലെ സിനാന്റെ മരണവും സുപ്രീംകോടതിയുടെ ശ്രദ്ധയിൽപ്പെടുത്തി. എട്ട് മാസം പ്രായമായുണ്ടായിരുന്ന സിനാന്റെ മരണം സംബന്ധിച്ച വിവരങ്ങളാണ് ഹർജിക്കാരായ ഡി.വൈ.എഫ്.ഐക്ക് വേണ്ടി ഹാജരാക്കിയത്. എൻഡോസൾഫാൻ സംസ്ഥാനത്ത് നിരോധിച്ചതാണെങ്കിലും ആരോഗ്യപ്രശനങ്ങൾ നിലനിൽക്കുകയാണെന്ന് അഡ്വ.ദീപക്പ്രകാശ് ചൂണ്ടിക്കാട്ടി. നിരോധനവുമായി ബന്ധപ്പെട്ട വാദം സുപ്രീംകോടതിയിൽ നടന്ന് വരികയാണ്.

മാതൃഭൂമി

20 April 2013

സിനാന്റെ ആത്മശാന്തിക്കായി സുഗതകുമാരിയുടെ കവിത

'ഇവിടെ മുലപ്പാലിനും നഞ്ചു ചുവയ്ക്കും ചൂട്'

കാസർകോട്: എൻഡോസൾഫാൻ ഇരയായിട്ടും ചികിത്സകിട്ടാതെ മരിച്ച സിനാന്റെ ആത്മശാന്തിക്കായി പൊതുവേദിയിൽ സുഗതകുമാരിയുടെ കവിത. എൻഡോസൾഫാൻ പീഡിത ജനകീയമുന്നണി നടത്തിയ ഇരകൾക്കായുള്ള ജാഗ്രതാ കൺവെൻഷൻ ഉദ്ഘാടനച്ചടങ്ങിലാണ് സുഗതകുമാരി നാലുവരി കവിത ചൊല്ലിയത്.

ഉദ്ഘാടനപ്രസംഗത്തിനു ശേഷം ഇരിപ്പിടത്തിലേക്കു പോയ അവർ തിരിച്ചെത്തി, മരിച്ചു പോയ കുഞ്ഞിന്റെ മുഖമോർത്ത് മനസ്സുപൊള്ളി എഴുതിയ കവിതയാണെന്നു പറഞ്ഞാണു തുടങ്ങിയത്.

'ഇരുട്ടിനും ചൂടാണിവിടെ, കാറ്റിനും മഴയ്ക്കും ചൂടാണ് പുഴയ്ക്കും ചൂടാണ്, നിനക്കായ് തകരേ ചുരന്നൊലിക്കുമെൻ മുലപ്പാലും നഞ്ചുചുവയ്ക്കും ചൂടാണ് കരയാൻ വയ്യാത്ത മിഴിഞ്ഞ കണ്ണുള്ളോരുമ്മയ്ക്കതലേ നുണച്ചുറങ്ങുക'. വിഷമയമായ മുലപ്പാൽ നുണച്ച് ഉറങ്ങിക്കോളൂ എന്നു പറയേണ്ടിവന്ന സാഹചര്യമുണ്ടായിരിക്കുന്നുവെന്നും ഇത് ആപത്താണെന്നും അവർ പറഞ്ഞു.



കാസർകോട് മുനിസിപ്പൽ കോൺഫറൻസ് ഹാളിൽ എൻഡോസൾഫാൻ പീഡിത ജനകീയമുന്നണി സംഘടിപ്പിച്ച ജാഗ്രതാ കൺവെൻഷൻ കവയിത്രി സുഗതകുമാരി ഉദ്ഘാടനം ചെയ്യുന്നു

തലച്ചോറിൽ വെള്ളം നിറഞ്ഞ് തല വലുതാവുന്ന അസുഖവുമായാണ് ഒൻപതു മാസം പ്രായമുള്ള സിനാൻ ഈ മാസമാദ്യം മരിച്ചത്. സാങ്കേതികകാരണങ്ങൾ പറഞ്ഞ് സിനാനെ എൻഡോസൾഫാൻ പട്ടികയിൽ ഉൾപ്പെടുത്തിയിരുന്നില്ല. സിനാന്റെ മരണം ഏറെ വാർത്താപ്രാധാന്യം നേടുകയും പ്രശ്നത്തിൽ ഹൈക്കോടതി ഇടപെടുകയും ചെയ്തിരുന്നു.

സമൂഹവും ഭരണകൂടവും രാജ്യം മുഴുവനും തലകുനിച്ചു നിൽക്കേണ്ടതും മാപ്പു പറയേണ്ടതുമാണ് കാസർകോട്ടെ മണ്ണിനോടും മനുഷ്യരോടുമെന്ന് സുഗതകുമാരി പറഞ്ഞു.

അത്യധികം അപരാധങ്ങളാണ് അറിഞ്ഞോ അറിയാതെയോ ഭരണകൂടം ഇവരോടു ചെയ്തത്. എൻഡോസൾഫാൻ ഇരകൾക്കായി സർക്കാർ പ്രഖ്യാപിച്ച മെഡിക്കൽ ക്യാമ്പ് നിങ്ങു പോകുന്നതെന്തെന്നറിയില്ല. ഈ രാജ്യത്ത് എന്തെങ്കിലും നടപ്പാക്കിയെടുക്കാനാണു ബുദ്ധിമുട്ട്.

മിണ്ടാതിരുന്ന സർക്കാരിനെക്കൊണ്ട് ഇത്രയും ചെയ്യിക്കാൻ കഴിഞ്ഞത് ഇവിടത്തെ കൂട്ടായ്മയുടെ കരുത്താണ്. ഇവിടത്തെ സമരം ധാർമികശക്തിയുടെ വിജയമായിരുന്നുവെന്നും സുഗതകുമാരി പറഞ്ഞു.

21 April 2013

എൻഡോസൾഫാൻ: മോറട്ടോറിയം നിലനിൽക്കെ ദുരിത കുടുംബങ്ങൾക്ക് ജപ്തി നോട്ടീസ്

കാസർകോട്: കടമടച്ചുതീർത്തില്ലെങ്കിൽ ജപ്തി ചെയ്യുമെന്ന് കാണിച്ച് എൻഡോസൾഫാൻ ദുരിതബാധിതരായ രണ്ട് കുടുംബങ്ങൾക്കാണ് ബാങ്കുകൾ ജപ്തി നോട്ടീസയച്ചത്. ദുരിതബാധിതരായി ചികിത്സ കിട്ടാതെ മരിച്ച പ്രജിതയുടെ അച്ഛൻ ബെള്ളൂർ ഗോളിക്കട്ടയിലെ എ.ശശിധരക്കാണ് കാറഡുക്ക കാർഷിക സഹകരണ ബാങ്കിൽനിന്ന് നോട്ടീസ് വന്നത്.

രണ്ട് ദുരിതബാധിതരുടെ അച്ഛനായ ബെള്ളൂർ നാട്ടക്കല്ലിലെ എൻ.എച്ച്.അബ്ബുംഖാദറിനും കുടുംബത്തിനും കാറഡുക്ക സർവീസ് സഹകരണ ബാങ്കിൽനിന്ന് തൊണ്ണൂറായിരം രൂപ അടക്കാൻ നോട്ടീസ് കിട്ടി.

എൻഡോസൾഫാൻ ദുരിതബാധിതരുടെ കടബാധ്യത കാലംക്ക് ആറുമാസത്തേക്ക് മോറട്ടോറിയം പ്രഖ്യാപിച്ച് സർക്കാർ ഉത്തരവുള്ളപ്പോഴാണ് ഈ സംഭവം. എന്നാൽ ഏപ്രിൽ മാസത്തെ സർക്കാർ ഉത്തരവ് ബാങ്കുകളിൽ ലഭിച്ചിട്ടില്ലെന്നാണ് ബാങ്ക് അധികൃതർ പറഞ്ഞത്.

കാറഡുക്ക കാർഷിക സഹകരണബാങ്കിൽനിന്ന് 2010 മെയ് 20നാണ് ശശിധര പതിനായിരം രൂപ വായ്പ എടുത്തത്. പലിശയടക്കം 14,420 രൂപയാണ് തൊണ്ണൂറായിരം രൂപ അടക്കേണ്ടതെന്ന് ശശിധര പറഞ്ഞു.

12നാണ് ബാങ്ക് രജിസ്ട്രേഡ് നോട്ടീസ് അയച്ചത്. 17ന് കൈയിൽ കിട്ടി. ബാങ്കിന് സർക്കാർ ഉത്തരവ് കിട്ടിയിട്ടില്ലെന്ന് പ്രസിഡന്റ് ശങ്കര കാടകം പറഞ്ഞു. ശശിധരയുടെ ഭാര്യ ജയന്തിയും ദുരിതബാധിത പട്ടികയിലുണ്ട്.

ദുരിതബാധിതരായ മുഹമ്മദ് അഹ്സൽ, അഹ്ന എന്നിവരുടെ അച്ഛൻ എൻ.എച്ച്.അബ്ബുംഖാദറും കുടുംബവും കാറഡുക്ക സർവീസ് സഹകരണ ബാങ്കിൽനിന്നാണ് എഴുപത്തയ്യായിരം രൂപ വായ്പയെടുത്തത്.

ഇപ്പോൾ തൊണ്ണൂറായിരം രൂപ അടക്കാനാണ് നോട്ടീസ് വന്നതെന്ന് അബ്ബുംഖാദർ പറഞ്ഞു. അബ്ബുംഖാദർ- ആയിഷ ദമ്പതിമാർക്ക് നാല് മക്കളാണ് ഉള്ളത്.

സർക്കാർ പ്രഖ്യാപിച്ച മോറട്ടോറിയം നിലവിൽ വന്നിട്ടില്ലെന്ന വാർത്ത പ്രചരിപ്പിക്കുന്നത് അടിസ്ഥാനരഹിതമാണെന്ന് കളക്ടർ പി.എസ്.മുഹമ്മദ്സഗീർ അറിയിച്ചു.

കടം തിരിച്ചടക്കാൻ നോട്ടീസ് ലഭിച്ചവർ എൻഡോസൾഫാൻ ബാധിച്ചവരെന്ന് ധനകാര്യസ്ഥാപനങ്ങളെയും ബാങ്കുകളെയും ബോധ്യപ്പെടുത്തണമെന്ന് കളക്ടർ അറിയിച്ചു.

23 April 2013

മണ്ണിലെ കീടനാശിനി നീക്കാൻ യുവശാസ്ത്രജ്ഞയുടെ പദ്ധതി

mathrubhumi

കോഴിക്കോട്: മണ്ണിൽ കലർന്ന കീടനാശിനി അരിച്ചെടുത്ത് നീക്കം ചെയ്യാനുള്ള യുവശാസ്ത്രജ്ഞയുടെ ഹരിത പദ്ധതി ശ്രദ്ധേയമാകുന്നു. കോഴിക്കോട് സി.ഡബ്ല്യു.ആർ.ഡി.എമ്മിലെ റിസർച്ച് ഫെല്ലോ കെ. ജസിതയാണ് എൻഡോസൾഫാൻ നീക്കം ചെയ്യുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുള്ളത്. ശാസ്ത്രസാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ അംഗീകാരത്തോടെയാണ് തേഞ്ഞിപ്പലം സ്വദേശിനി ജസിതയുടെ ഗവേഷണം.

കാസർകോട്ടെ എൻഡോസൾഫാൻ ബാധിത പ്രദേശങ്ങളിൽ സി.ഡബ്ല്യു.ആർ.ഡി.എമ്മിനുവേണ്ടി നടത്തിയ പഠനങ്ങൾക്കിടെയാണ് മണ്ണിലെ വിഷാംശം നീക്കുന്നതിനെപ്പറ്റി ജസിത ആലോചിച്ചത്. ഉയർന്ന എൻഡോസൾഫാൻ സാന്നിധ്യമുള്ള മണ്ണിൽ വിവിധ ഇനം ചെടികൾ നട്ടായിരുന്നു പരീക്ഷണം. നാടൻ ചെടികളാണ് നട്ടത്. രാമച്ചം, കമ്യൂണിസ്റ്റ്പച്ച, കിഴാർനെല്ലി തുടങ്ങിയ വയും നട്ടു. ഇതിൽ ചീര വലിയ തോതിൽ മണ്ണിലെ വിഷാംശം വലിച്ചെടുക്കുന്നതായി തെളിഞ്ഞു. ഇങ്ങനെ എൻഡോസൾഫാൻ വലിച്ചെടുത്ത ചീരയെ പ്രത്യേക പരിക്ഷണങ്ങൾക്ക് വിധേയമാക്കുകയായിരുന്നു



ജസിത

അടുത്ത ഘട്ടം. ബാസില്ലസ്, സ്യൂഡോമോണോസ് തുടങ്ങിയ ബാക്ടീരിയകം നിറച്ച പ്ലാന്ററിൽ കീടനാശിനി വലിച്ചെടുത്ത ചെടികളെ സംസ്കരിച്ചെടുത്തു. ബാക്ടീരിയകളുടെ ജൈവ രാസപ്രവർത്തനങ്ങൾക്കൊടുവിൽ 16 ദിവസംകൊണ്ട് എൻഡോസൾഫാൻ പൂർണമായും നിർമം ചെയ്യാനായി.

പുതിയ ബാക്ടീരിയകളുമായി ഗവേഷണം തുടരുകയാണ് ജസിത ഇപ്പോൾ. ചില ബാക്ടീരിയകം വേഗത്തിൽ എൻഡോസൾഫാനെ ഹൈഡ്രോകാർബണാക്കി നിർവീര്യമാക്കുന്നതായി തെളിഞ്ഞിട്ടുണ്ടെന്നും അവർ അറിയിച്ചു.

നാനോ ടെക്നോളജിയുടെ സഹായത്തോടെ മണ്ണിൽ പുതഞ്ഞ കീടനാശിനികളെ കൂടുതൽ ഫലപ്രദമായി അരിച്ചെടുക്കാനുള്ള പരീക്ഷണങ്ങളാണ് ഇപ്പോൾ തുടരുന്നത്. കീടനാശിനികം നാശോന്മുഖമാക്കിയ മണ്ണിനെ വീണ്ടും ജീവൻ വെപ്പിക്കുന്ന വിധത്തിൽ വ്യാപകമായി ഉപയോഗിക്കാവുന്ന ജൈവബദലുകം തേടുകയാണ് ജസിത.

കോഴിക്കോട് സി.ഡബ്ല്യു.ആർ.ഡി.എമ്മിലെ ഡോ. പി.എസ്. ഹരികുമാറിന് കീഴിലാണ് ജസിത ഗവേഷണം നടത്തുന്നത്.

മാതൃഭൂമി

26 April 2013

എൻഡോസൾഫാൻ: സിനാന്റെ കുടുംബത്തിന് അഞ്ചു ലക്ഷം; കരയാത്ത കുഞ്ഞിന്റെ ചികിത്സ സർക്കാർ ഏറ്റെടുത്തു

കാസർകോട്:എൻഡോസൾഫാൻ വിഷദുരിതത്തിന്റെ പ്രതീകമായി മാറിയ സിനാനെ ദുരിതബാധിതരുടെ പട്ടികയിലുൾപ്പെടുത്താൻ തീരുമാനം. എൻഡോസൾഫാൻമൂലം മരിച്ചവരുടെ പട്ടികയിലുൾപ്പെടുത്തി അഞ്ചു ലക്ഷം രൂപ അനുവദിക്കും.

ഇതിന്റെ ആദ്യഗഡുവായ മൂന്നുലക്ഷം സിനാന്റെ കുടുംബത്തിന് നൽകും. ഇതിനു പുറമെ, കഴിഞ്ഞയാഴ്ച വൈദ്യുതാഘാതത്തോടെ പിറന്നുവീണ കരയാത്ത പെൺകുഞ്ഞിന്റെ എല്ലാ ചികിത്സയും സർക്കാർ ഏറ്റെടുത്തു.

വളരെ വൈകിയെത്തിയ എൻഡോസൾഫാൻ ഉന്നതതല ഉദ്യോഗസ്ഥസമിതിയുടെ അടിയന്തരയോഗത്തിലാണ് തീരുമാനം. മറ്റ് മൂന്നുപേരെക്കൂടി പട്ടികയിൽ ഉൾപ്പെടുത്തി. തലച്ചോറിൽ വെള്ളംനിറഞ്ഞ് അവശതാകുന്ന ഹൈഡ്രോ സെഫാലസ് എന്ന രോഗവുമായി പിറന്നുവീണ സിനാൻ ഒൻപതാം മാസം മരിച്ചു. സിനാന്റെ ദുരിത പശ്ചാത്തലവുകൂടി പരിഗണിച്ചാണ് എൻഡോസൾഫാൻ ദുരിതബാധിതരുടെ പട്ടികയിലുൾപ്പെടുത്തിയത്.





നാൻ മരിച്ചു.

രണ്ട് വാതിലുകളും മുകളിലേക്കു വയ്ക്കുംവിധം കൂടുതലായി ഒരുക്കിയ ഓട്ടോയും വിലക്കുറവും ടാറ്റാ നാനോ കാറിനെ ജനപ്രിയമാക്കിയതുപോലെ, കുറഞ്ഞ ചെലവിൽ ഉപയോഗിക്കാവുന്ന ഒരു ഓട്ടോറിക്ഷ നിർമിക്കാൻ ഒരുങ്ങുകയാണ് ഒരുകൂട്ടം എൻജിനീയറിങ് വിദ്യാർഥികൾ. കോഴിക്കോട് എൻ.ഐ.ടി.യിലെ ഒരുകൂട്ടം വിദ്യാർഥികളാണ് ഈ പദ്ധതിക്കു പിന്നിൽ. ഇവർ നിർമിച്ച ഓട്ടോറിക്ഷയുടെ പരീക്ഷണയോട്ടം ചൊവ്വാഴ്ച കോഴിക്കോട് നടന്നു.

ഓട്ടോറിക്ഷയുടെ പിന്നിലെ രണ്ട് വാതിലുകളും മുകളിലേക്കു തുറക്കുന്നതാണ്. ഇതിനുപുറമെ, ഓട്ടോറിക്ഷയുടെ മുകൾഭാഗത്തിന്റെ പകുതിയോളം ഭാഗം ഗ്ലാസ് കൊണ്ടുള്ളതാണ്. ഇതുവഴി ഡ്രൈവർക്ക് പുറത്തെ കാഴ്ചകൾ വ്യക്തമായി കാണാനാകും. ഓട്ടോറിക്ഷയുടെ പിൻഭാഗത്തായി ഒരു ചെറിയ ഡിക്കിയുമുണ്ട്. ഇതിൽ ചെറിയ ലഗേജുകൾ സൂക്ഷിക്കാനാകും. ഓട്ടോറിക്ഷയുടെ ഡിസൈൻ തയ്യാറാക്കിയത് ഫൈനൽ ഇയർ വിദ്യാർഥികളായ ഷിജിൻ ജോസഫ്, ഷിജിൻ ജോസഫ്, ഷിജിൻ ജോസഫ് എന്നിവരാണ്. ഇവരുടെ പ്രോജക്ടിന്റെ ഭാഗമായാണ് ഓട്ടോറിക്ഷ നിർമിച്ചത്. ഇതിന്റെ പരീക്ഷണയോട്ടം കോഴിക്കോട് നടന്നു. ഓട്ടോറിക്ഷയുടെ പരീക്ഷണയോട്ടം കോഴിക്കോട് നടന്നു.

27 April 2013

എൻഡോസൾഫാൻ നിർവീര്യമാക്കാൻ 25 അമ്മമാർ സുപ്രീം കോടതിയിലേക്ക്

കാസർകോട്: എൻഡോസൾഫാൻ വിഷം കുഴിച്ചിട്ട നെഞ്ചംപറമ്പിൽ അമ്മമാരുടെ നിലവിളി ഉയരുന്നു.

അമ്മിഞ്ഞപ്പാൽ നുണയാതെ, ഒന്ന് കരയാൻപോലും കഴിയാതെ അവർക്കു മുന്നിലൂടെ 24 കുരുന്നുകളാണ് മരണത്തിന് കീഴടങ്ങിയത്. ഈ ദുർവിധിക്കെതിരെ 25 അമ്മമാർ സുപ്രീം കോടതിയിലേക്ക്. നെഞ്ചംപറമ്പിൽ കുഴിച്ചിട്ട എൻഡോസൾഫാൻ നിർവീര്യമാക്കണമെന്നും വിഷം പൂർണമായി നിരോധിക്കണമെന്നും ആവശ്യപ്പെട്ട് അവർ ഹർജി നല്കി.

25 അമ്മമാർ ഒപ്പിട്ട ഹർജി പ്രൊഫ. എം.എ.റഹ്മാൻ മുഖാന്തരമാണ് കോടതിയുടെ അനുമതിക്കായി ഫയൽചെയ്തത്. 2011 ആഗസ്തിൽ നെഞ്ചംപറമ്പിലെ ഒമ്പത് അമ്മമാർ ഒപ്പിട്ട നിവേദനം എൻവിസാജ്-സാന്ത്വനം മുഖേന സുപ്രീം കോടതി ചീഫ് ജസ്റ്റിസിന് അയച്ചിരുന്നു. ഇത് റിട്ട് ആയി നല്കണമെന്ന് സുപ്രീം കോടതി മറുപടി നല്കിയതിന്റെ അടിസ്ഥാനത്തിലാണ് അമ്മമാർക്കുവേണ്ടി ഹർജി നല്കിയതെന്ന് എം.എ.റഹ്മാൻ പറഞ്ഞു.

കാറഡുക്ക ഗ്രാമപ്പഞ്ചായത്തിലെ കുന്നിൻമുകളിലാണ് നെഞ്ചംപറമ്പ്. പ്ലാന്റേഷൻ കോർപ്പറേഷൻ എൻഡോസൾഫാൻ നിറയ്ക്കാൻ ഉപയോഗിച്ച രണ്ട് സുരക്ഷാഅറകൾ ഇവിടെയാണ്. വെള്ളത്തോടൊടുവും വിഷം ഒഴുകിയിലേക്കും മറ്റേത് നെഞ്ചംപറമ്പിനടുത്ത കൈതോട് ഗ്രാമത്തിലേക്കും ഒഴുകി.

മംഗളം

30 April 2013

സ്റ്റോക്ഹോം കൺവൻഷൻ: ആറാം ഉച്ചകോടിക്കു തുടക്കം

ജനീവ: എൻഡോസൾഫാൻ ദോഷഫലങ്ങളിലേക്ക് കയറ്റിയയക്കാൻ സുപ്രീംകോടതിയിൽനിന്ന് അനുമതി വാങ്ങിയെങ്കിലും നീക്കം പരാജയപ്പെടുകയായിരുന്നു. 2011 ഏപ്രിൽ 25 മുതൽ 29 വരെ നടന്ന ഉച്ചകോടിയിലാണ് ആഗോള നിരോധനം നിലവിൽ വന്നത്.

എൻഡോസൾഫാൻ നിരോധനം ആവശ്യപ്പെട്ട് മുഖ്യമന്ത്രിയായിരിക്കെ വി.എസ്. അച്യുതാനന്ദന്റെ നേതൃത്വത്തിൽ ഉപവാസസമരം നടന്ന ദിനത്തിലാണ് നിരോധന പ്രഖ്യാപനം. ഇതുകൂന്നത് ഉപവാസത്തോടെ ഉച്ചകോടിയും. കേരളത്തിൽ ചർച്ചാവിഷയമായിരുന്നു

170 രാജ്യങ്ങളിൽനിന്നായി 90 മന്ത്രിമാരടക്കം 1,700 പ്രതിനിധികൾ കൺവെൻഷനിൽ പങ്കെടുക്കുന്നുണ്ട്. അപകടകരമായ കീടനാശിനി ഒഴിവാക്കുകയും ബദൽ കണ്ടുപിടിക്കുകയും ചെയ്യുന്നതിൽ ഇന്ത്യ പിന്നിലാണെന്നത് മാനക്കേട് സൃഷ്ടിക്കുന്നുണ്ട്. എൻഡോസൾഫാനുമായി ബന്ധപ്പെട്ട പ്രശ്നം ഇന്ത്യ കൈകാര്യം ചെയ്യുമെന്നാണ് കരുതുന്നത്. കാസർഗോഡ് ജില്ലയിൽ കശുമാവിൽ എൻഡോസൾഫാൻ സ്പ്രേ ചെയ്തതുപോലെ കാശ്മീരിലെ ആപ്പിൾ മരങ്ങളിൽ വ്യാപകമായി കീടനാശിനി ഉപയോഗിക്കുന്നത് തലച്ചോറിലെ അർബുദത്തിന് ഇടയാക്കുമെന്ന് ചൂണ്ടിക്കാട്ടി പുതിയ പഠനം പുറത്തിറങ്ങി. 2005 നും 2008 നും ഇടയിൽ സംഭവിച്ച മരണത്തെ ആധാരമാക്കിയാണ് റിപ്പോർട്ട് തയാറാക്കിയിരിക്കുന്നത്.

432 രോഗികളിൽ 389 പേർക്കും ബ്രെയിൻ ക്യാൻസറായിരുന്നു. മരിച്ചവരിൽ 31 ശതമാനം പേരും നാൽപത് വയസിൽ താഴെയുള്ളവരാണ്. 23 ഗർഭിണികളായ യുവതികളും മരിച്ചവരിൽ ഉൾപ്പെടുന്നു. ഇന്ത്യൻ ജേണൽ ഓഫ് മെഡിക്കൽ ആന്റ് പീഡിയാട്രിക് ഓങ്കോളജി എന്ന പ്രസിദ്ധീകരണത്തിലാണ് വിവരം പുറത്ത് വന്നിരിക്കുന്നത്.

മലയാള മനോരമ

04 May 2013

ഒപ്പുമരം പ്രകാശനം ചെയ്തു

തിരുവനന്തപുരം: എൻഡോസൾഫാൻ ദുരിതബാധിതരെ സഹായിക്കുന്നതിനായി എൻഡോസൾഫാൻ വിക്ടിംസ് സപ്പോർട്ട് എയ്ഡ് ഗ്രൂപ്പ് (എൻവിസാഗ്) പുറത്തിറക്കിയ പുസ്തകം- ഒപ്പുമരം- എൻവിസാഗ് രക്ഷകൾ പ്രതിപക്ഷ നേതാവ് വി.എസ്. അച്യുതാനന്ദൻ പ്രകാശനം ചെയ്തു. ജനീവ കൺവൻഷനിൽ സംസ്ഥാന പ്രതിനിധിയായിരുന്ന ഡോ. മുഹമ്മദ് അഷീൽ ആദ്യപ്രതി ഏറ്റുവാങ്ങി.

എൻഡോസൾഫാൻ ദുരിത ബാധിതർക്കു ധനസഹായം നൽകാനായി ട്രൈബ്യൂണൽ രൂപീകരിക്കണമെന്ന് അദ്ദേഹം പറഞ്ഞു.

എൻഡോസൾഫാൻ ഒരു പാഠമായി ഉൾക്കൊണ്ട് മണ്ണും ജലാശയവും കൃഷിയും പരിസ്ഥിതിയും മലിനമാക്കാതിരിക്കാൻ ജാഗ്രത കാട്ടണം- വിഎസ് പറഞ്ഞു.

എസ്ബിടി എംപ്ലോയീസ് യൂണിയൻ ജനറൽ സെക്രട്ടറി മുരളീധരൻപിള്ള, മലയാളനാട് വെബ് വാരിക ചീഫ് എഡിറ്റർ പ്രഫ. സന്തോഷ് ഋഷികേശ്, ബി.ആർ.പി. ഭാസ്കർ, എം.എ. റഹ്മാൻ, ജി. ബി. വൽസൻ എന്നിവർ പ്രസംഗിച്ചു.

വർത്തമാനം

05 May 2013

എൻഡോ സൾഫാൻ: കലക്ടറെ കാണാനെത്തിയിട്ടും ആൻമരിയക്ക് നിരാശതന്നെ ഫലം

കാസർകോട്: മനുഷ്യാവകാശ കമ്മിഷൻ നിർദേശ പ്രകാരം കലക്ടറെ കാണാനെത്തിയ വെസ്റ്റ് എളേരി മണ്ഡപത്തെ ബാബു ടി ജെ തൈപ്പറമ്പിൽ റെസ്സി ബാബു ദമ്പതികളുടെ മകൾ ആൻമരിയ (എട്ട്) നിരാശയായി മടങ്ങി. എൻഡോസൾഫാൻ ദുരിത ബാധിതർക്കുള്ള സഹായം നിഷേധിക്കപ്പെട്ട ആൻമരിയയുടെ മാതാപിതാക്കൾ കുട്ടിയോടൊപ്പം ഏപ്രിൽ 23ന് കാഞ്ഞങ്ങാട്ടു നടത്തിയ മനുഷ്യാവകാശ കമ്മിഷൻ സിറ്റിംഗിൽ പങ്കെടുത്തിരുന്നു. കലക്ടറെ കണ്ട് കാര്യം ബോധിപ്പിക്കാൻ കമ്മിഷൻ നിർദേശിക്കുകയായിരുന്നു. ഇതു പ്രകാരം കഴിഞ്ഞ ദിവസം രാവിലെ ആൻമരിയയെയും എടുത്ത് മാതാപിതാക്കൾ കലക്ടറുടെ കനിവ് തേടിയെത്തിയെങ്കിലും നിരാശരായി മടങ്ങിപ്പോവുകയായിരുന്നു.

വെസ്റ്റ് എളേരി പഞ്ചായത്ത് 11 ദുരിത ബാധിത പഞ്ചായത്തുകളിൽ ഉൾപ്പെടുന്നില്ലെന്ന് പറഞ്ഞതിനെ തുടർന്നാണ് ഇവർക്ക് നിരാശരായി മടങ്ങേണ്ടി വന്നത്. ചികിത്സ നല്കാമെന്ന ഉറപ്പ് മാത്രമാണ് കലക്ടർ നല്കിയത്. പത്രങ്ങളിൽ പുതിയ രോഗികളെ കണ്ടെത്താൻ ക്യാംപ് നടത്തുന്ന വിവരവും അധികൃതരെ അറിയിച്ചെങ്കിലും 11 പഞ്ചായത്തുകളിൽ മാത്രമാണ് ക്യാംപ് നടത്തുന്നതെന്നും പുറത്തുള്ള പഞ്ചായത്തുകളെ ഇതിൽ ഉൾപെടുത്താൻ സർക്കാരിൽ നിന്നും ഉത്തരവൊന്നും ലഭിച്ചിട്ടില്ലെന്നാണ് അധികൃതർ ഇവരെ അറിയിച്ചത്.



2011 ആഗസ്റ്റിൽ ഹൊസ്ദുർഗിൽ നടന്ന എൻഡോസൾഫാൻ സ്പെഷ്യൽ ക്യാംപിൽ പങ്കെടുത്ത ആൻമരിയയ്ക്ക് പെൻഷൻ ഉൾപെടെയുള്ള ആനുകൂല്യങ്ങൾക്ക് സർക്കാർ അനുവദിക്കുന്ന ബാങ്ക് പാസ് ബുക്കും എ ടി എം കാർഡും ലഭിച്ചിരുന്നു. എന്നാൽ ഇവർക്ക് സാന്ത്വനം തിരിച്ചറിയൽ കാർഡ് നല്കിയിരുന്നില്ല. അതുകൊണ്ടു തന്നെ അക്കൗണ്ടിൽ ഇതുവരെ പണവും എത്തിയില്ല.

മൂന്ന് തവണയാണ് ആൻമരിയയെ അധികാരികൾക്ക് മുന്നിൽ സഹായ അഭ്യർത്ഥനയ്ക്കായി എത്തിച്ചത്. ജനിച്ചത് മുതൽ കിടന്ന കിടപ്പിലാണ് ആൻമരിയ. തല വളരുന്ന രോഗമാണ് (ഹൈഡ്രോസെഫലസ്) ആൻമരിയയ്ക്ക് സംഭവിച്ചത്. പല്ലുകൾ പൊടിയുകയും കൈകാലുകൾ ശോഷിച്ച് ശ്വാസ തടസവും മറ്റും അനുഭവപ്പെടുകയാണ് ചെയ്യുന്നത്.

2011 ലെ എൻഡോസൾഫാൻ ലിസ്റ്റിൽ ഉൾപ്പെടുവെങ്കിലും ഇതുവരെ എല്ലാ രോഗികൾക്കും കിട്ടുന്നതു പോലുള്ള സഹായം ആൻമരിയയ്ക്ക് ലഭിച്ചിട്ടില്ല. മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിൽ പങ്കെടുത്തപ്പോൾ 2,000 രൂപ സഹായം കിട്ടിയതല്ലാതെ മറ്റൊരു സഹായവും കിട്ടിയില്ല.

മാസങ്ങൾക്ക് മുമ്പ് മന്ത്രിതല സംഘം എൻഡോസൾഫാൻ പ്രശ്ന പരിഹാരത്തിന് ജില്ലയിലെത്തിയപ്പോൾ ആരോഗ്യമന്ത്രി വി.എസ്. ശിവകുമാർ ആൻമരിയയുടെ കാര്യത്തിൽ ഉടൻ നടപടിയെടുക്കുമെന്ന് വ്യക്തമാക്കിയിരുന്നു. 80 ശതമാനം വൈകല്യമുള്ള ആൻമരിയയ്ക്ക് സഹായം ലഭിക്കാതിരിക്കാൻ വ്യക്തമായ കാരണം നിരത്താൻ അധികൃതർക്ക് കഴിയുന്നില്ല.

ദുരിത ബാധിത പഞ്ചായത്തായ ചീമേനിക്ക് സമീപത്താണ് ഇവർ താമസിച്ചിരുത്. ചീമേനിയുമായി മുന്ന് കിലോ മീറ്റർ അകലം പോലും പിതാവ് ബാബുവിന്റെ വീടുമായില്ല. ആൻമരിയയ്ക്ക് അസുഖം വന്ന ശേഷം കുട്ടിയെ നോക്കാൻ മാതാവിന് ഒറ്റയ്ക്ക് കഴിയാത്തത് കൊണ്ടാണ് ഇവർ വെസ്റ്റ് എളേരി മണ്ഡപത്തെ മാതാവിന്റെ വീട്ടിലേക്ക് താമസം മാറിയത്.

ജില്ല മുഴുവൻ എൻഡോസൾഫാൻ ദുരിതബാധിതരുടെ പരിധിയിൽ കൊണ്ടുവരുമെന്നാണ് മുഖ്യമന്ത്രിയടക്കമുള്ളവർ നേരത്തെ വ്യക്തമാക്കിയത്.

അദിതിയുടെ മരണം: മുഖ്യമന്ത്രി റിപ്പോർട്ട് ആവശ്യപ്പെട്ടു

തിരുവനന്തപുരം: കോഴിക്കോട് ബിലാത്തിക്കുളത്ത് പിതാവിന്റെയും രണ്ടാനമ്മയുടെയും ക്രൂരമർദനമേറ്റ് അദിതി എന്ന ബാലിക മരിക്കാനിടയായ സംഭവത്തിൽ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി ജില്ലാ കലക്ടറിൽ നിന്നും അടിയന്തര റിപ്പോർട്ട് തേടി. അദിതിക്കും സഹോദരനും പീഡനമേല്ക്കുന്നുണ്ടെന്ന പരാതി പൊലീസിനും ചൈൽഡ് ലൈനിനും എപ്പോഴാണു ലഭിച്ചതെന്നും അതിൻമേൽ എന്തു നടപടി സ്വീകരിച്ചുവെന്നും കണ്ടെത്തണം. കുട്ടികൾക്കുനേരെ അവകാശപ്പെട്ട തിരുവമ്പാടിയിലെ സ്വത്തുക്കൾ പിതാവും രണ്ടാനമ്മയും ചേർന്നു വിറ്റ സംഭവത്തെക്കുറിച്ച് അന്വേഷിക്കണമെന്നും മുഖ്യമന്ത്രി ഉത്തരവിട്ടു.

മംഗളം

05 May 2013

എൻഡോസൾഫാൻ ട്രിബ്യൂണലിന് സർക്കാർ മുൻകൈയെടുക്കണം: വി.എസ്

തിരുവനന്തപുരം: എൻഡോസൾഫാൻ ദുരിതബാധിതരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനു വേണ്ടി ട്രിബ്യൂണൽ രൂപീകരിക്കാൻ സർക്കാർ മുൻകൈയെടുക്കണമെന്ന് പ്രതിപക്ഷ നേതാവ് വി.എസ് അച്യുതാനന്ദൻ ആവശ്യപ്പെട്ടു.

- എൻഡോസൾഫാൻ വിക്ടിംസ് സപ്പോർട്ട് എൻഡ് ഗ്രൂപ്പ് (എൻവിസാജ്) പുറത്തിറക്കിയ എൻഡോസൾഫാൻ സമരേഖ പ്രകാശനം ചെയ്യുകയായിരുന്നു അദ്ദേഹം. എൻഡോസൾഫാനെതിരെ വർഷങ്ങൾക്ക് മുൻപ് കാസർഗോഡ് ഉയർന്നുവന്ന പ്രതിഷേധം രാജ്യാന്തരതലത്തിലേക്ക് ഉയരുകയായിരുന്നു.

സമരപരിപാടികൾ ഉയർത്തിക്കൊണ്ടു വരുന്നതിൽ രാഷ്ട്രീയ പാർട്ടികൾ മുൻപു പരാജയപ്പെട്ടെങ്കിലും പിന്നീട് തെറ്റ് തിരുത്തുകയായിരുന്നെന്നും അദ്ദേഹം പറഞ്ഞു. വി.എസിൽ നിന്നും ഡോ. മുഹമ്മദ് അഷീൽ പുസ്തകം ഏറ്റുവാങ്ങി. ബി. ആർ.പി ഭാസ്കർ പുസ്തകം പരിചയപ്പെടുത്തി. പ്രഫ. സന്തോഷ് ഹൃഷികേശ്, എം.എ റഹ്മാൻ, ജി.ബി വൽസൻ എന്നിവർ പ്രസംഗിച്ചു.

മാതൃഭൂമി

16 May 2013

എൻഡോസൾഫാൻ: സി.എൻ.രാമചന്ദ്രൻ നായർ പഠന കമ്മിറ്റി ചെയർമാൻ

തിരുവനന്തപുരം: എൻഡോസൾഫാൻ ദുരിതബാധിതർക്ക് ബഹുരാഷ്ട്ര കമ്പനികളിൽനിന്ന് ആനുകൂല്യവും നഷ്ടപരിഹാരവും നേടിക്കൊടുക്കുന്നതിന് ഒരു ട്രിബ്യൂണൽ സ്ഥാപിക്കുന്നതിനെപ്പറ്റി പഠനം നടത്തും. ഇതിനായുള്ള കമ്മിറ്റിയുടെ ചെയർമാനായി ഹൈക്കോടതിയിൽ ഡിവിഷൻ ബെഞ്ചിലെ ജഡ്ജിയായി വിരമിച്ച ജസ്റ്റിസ് സി.എൻ.രാമചന്ദ്രൻ നായരെ നിയമിച്ചതായി മുഖ്യമന്ത്രി ഉമ്മൻചാണ്ടി അറിയിച്ചു. ഇപ്പോൾ ഡോ. സേഫ്റ്റി അതോറിറ്റിയുടെ ചെയർമാനായി പ്രവർത്തിക്കുകയാണ് അദ്ദേഹം. നിലവിൽ ഈ കമ്മിറ്റിയുടെ ചെയർമാനായ അഡ്വക്കേറ്റ് ജനറലിനെ മറ്റ് ജോലിത്തിരക്കുമൂലം ഒഴിവാക്കിയാണ് പുതിയ നിയമനം. ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ, നിയമവകുപ്പ് സെക്രട്ടറി എന്നിവരാണ് കമ്മിറ്റിയിലെ മറ്റംഗങ്ങൾ.

മലയാള മനോരമ

12 May 2013

എൻഡോസൾഫാൻ: വിദഗ്ധസമിതി നെഞ്ചംപറമ്പ് സന്ദർശിക്കും

- പരാതിപരിഹാര അദാലത്തുകൾ സംഘടിപ്പിക്കും

കാസർഗോഡ്: കശുമാവ് പ്ലാന്റേഷൻ തോട്ടത്തിൽ തളിക്കാൻ കൊണ്ടുവന്ന എൻഡോസൾഫാൻ കുഴിച്ചുമൂടിയെന്ന് സംശയിക്കുന്ന കാറഡുക്ക പഞ്ചായത്തിലെ നെഞ്ചംപറമ്പിൽ ജില്ലാതല വിദഗ്ധസമിതി സന്ദർശിച്ച് തെളിവ് ശേഖരിക്കും. എൻഡോസൾഫാൻ ദുരിതബാധിതരുടെ പുനരധിവാസ പ്രത്യേകസെല്ലിന്റെ യോഗത്തിലാണു തീരുമാനം. എൻഡോസൾഫാൻ കുഴിച്ചുമൂടിയതു കാണം നെഞ്ചംപറമ്പ് പ്രദേശത്തുകാർക്കു പലവിധ രോഗങ്ങൾ പിടിപെട്ടതായി സെൽ അംഗങ്ങൾ യോഗത്തിൽ ചൂണ്ടിക്കാട്ടി.

സർക്കാർ പുതുതായി രൂപീകരിച്ച ജില്ലാ ഉപസമിതിന്റെ ആദ്യയോഗം കലക്ടറേറ്റ് കോൺഫറൻസ് ഹാളിൽ മന്ത്രി കെ.പി. മോഹനന്റെ അധ്യക്ഷതയിൽ ചേർന്നു.

സെല്ലിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ എം. എൽ.എമാർ ചെയർമാൻമാരും വിവിധ വകുപ്പുകളിലെ ജില്ലാതല ഉദ്യോഗസ്ഥർ കൺവീനറുമായ അഞ്ച് സബ്കമ്മിറ്റികൾ രൂപീകരിച്ചു. എം.എൽ.എമാരായ എൻ.എ.നെല്ലിക്കുന്ന് - വിദ്യാഭ്യാസം, പി.ബി. അബ്ദുൾ റസാഖ്-സാമൂഹ്യനീതി, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)-ആരോഗ്യം, കെ. കുഞ്ഞിരാമൻ (ഉദുമ)-കൃഷി, ഇ. ചന്ദ്രശേഖരൻ-സിവിൽ സപ്ലൈസ് എന്നിവരാണ് വിവിധ സബ്കമ്മിറ്റി ചെയർമാൻമാർ.

എൻഡോസൾഫാൻ തളിച്ചതു മൂലം ദുരിതമനുഭവിക്കുന്ന വിവിധ പഞ്ചായത്തുകളിൽ പരാതിപരിഹാര അദാലത്തുകൾ സംഘടിപ്പിക്കും. കളക്ടർ പഞ്ചായത്തിൽ നടത്തിയ അദാലത്ത് വിജയപ്രദമായിരുന്നുവെന്ന് യോഗം വിലയിരുത്തി. 30 ന് പ്രത്യേക സെല്ലിന്റെ യോഗം വീണ്ടും ചേരും. എൻഡോസൾഫാൻ മൂലം ഹൈഡ്രോസെഫാലിസ് രോഗം ബാധിച്ചുമരിച്ച അമ്പലത്തറയിലെ മുഹമ്മദ് സിനാൻ, പ്രേമനഗറിലെ ജഗന്നാഥ് എന്നീ കുട്ടികളുടെ കുടുംബത്തിനു നഷ്ടപരിഹാരത്തിന്റെ ആദ്യഗഡുവായി ഒന്നരലക്ഷം രൂപ വീതമുള്ള ചെക്ക് മന്ത്രി വിതരണം ചെയ്തു.

എം.എൽ.എ.മാരായ എൻ. എ. നെല്ലിക്കുന്ന്, ഇ. ചന്ദ്രശേഖരൻ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പി.പി. ശ്യാമളാദേവി, കലക്ടർ പി.എസ്. മുഹമ്മദ് സഗീർ, നഗരസഭാ ചെയർമാൻ ടി.ഇ. അബ്ദുള്ള, സ്പെഷൽസെൽ ഡെപ്യൂട്ടി കലക്ടർ പി.കെ. സുധീർ ബാബു, ഡി.എം.ഒ. ഡോ. ഗോപിനാഥൻ, ആയുർവേദ ഡി.എം.ഒ. ഡോ. എ.വി. സുരേഷ്, ഡോ. മുഹമ്മദ് ആഷിൽ, കൃഷി വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ കെ.എം. മുഹമ്മദ് ചർച്ചയിൽ പങ്കെടുത്തു.

മാതൃഭൂമി

12 May 2013

എൻഡോസൾഫാൻ രോഗിയെ കാണാനില്ലെന്ന് പരാതി



സുരേന്ദ്രൻ

കാഞ്ഞങ്ങാട്:എൻഡോസൾഫാൻ ഇരകളുടെ പട്ടികയിൽപ്പെട്ട യുവാവിനെ കാണാനില്ലെന്ന് ബന്ധുക്കളുടെ പരാതി. മൂലക്കണ്ടത്തെ രാമന്റെ മകൻ സുരേന്ദ്രനെ (25) യാണ് കാണാതായത്. അരയുതാഴെ സ്വാധീനമില്ലാത്തയാളാണ് സുരേന്ദ്രൻ. 15 വർഷമായി വീൽചെയറിലാണ്.

ചൊവ്വാഴ്ച രാവിലെ വീൽചെയറിൽപുറത്തിറങ്ങിയ സുരേന്ദ്രൻ തിരിച്ചെത്തിയിട്ടില്ലെന്ന് ബേഡഡുക്ക ഹൊസ്ദുർഗ് പോലീസിൽ നല്കിയ പരാതിയിൽ പറയുന്നു. വീട്ടുകാർ നടത്തിയ അന്വേഷണത്തിൽ ഒരു ഓട്ടോറിക്ഷാഡ്രൈവറുടെ സഹായത്തോടെ സുരേന്ദ്രൻ തിരുവനന്തപുരത്തേക്കു പോയതായി വ്യക്തമായെന്നും പരാതിയിൽ പറയുന്നു. അതേസമയം സുരേന്ദ്രൻ തിരുവനന്തപുരത്ത് തിരുവല്ലിയിറങ്ങിയതായി പോർട്ടർ മാരിൽ നിന്ന് സൂചന ലഭിച്ചിട്ടുണ്ട്. മടക്കിവെക്കാൻ കഴിയുന്ന വീൽചെയറാണ് സുരേന്ദ്രൻ ഉപയോഗിക്കുന്നത്.

മലയാള മനോരമ

15 May 2013

നെഞ്ചുപൊട്ടിയ വിലാപം

എൻഡോസൾഫാൻ ദുരിതങ്ങൾ തുടർസങ്കടമായ നെഞ്ചംപറമ്പ്

കാസർകോട് ജില്ലയിലെ നെഞ്ചംപറമ്പിലെ അമ്മമാരിൽനിന്നു നെഞ്ചുപിളർക്കുന്ന വിലാപമുയരുകയാണ്. അങ്ങൾക്കിനി പ്രസവിക്കാൻ വയ്യ എന്ന നിലവിളി. ആ കരച്ചിൽ നാടിന്റെയാകെ സങ്കടമായിത്തീരുന്നു.

ബെയറിാമാരിൽ വർത്തോതിൽ എൻഡോസൾഫാൻ കുഴിച്ചിട്ടുവെന്നു കരുതപ്പെടുന്ന സ്ഥലമാണു നെഞ്ചംപറമ്പ്. ശാരീരികമോ മാനസികമോ ആയ വൈകല്യങ്ങളുമായി നൂറിലധികം കുട്ടികളാണു കഴിഞ്ഞ 13 കൊല്ലത്തിനിടെ നെഞ്ചംപറമ്പിന്റെ അതിർത്തികളിൽ പിറന്നുവീണത്. ഇവരിലും പരിസരങ്ങളിലുമായി 24 കുട്ടികൾ ഇതിനകം രോഗബാധിതരായി മരിച്ചു. എൻഡോസൾഫാൻ എന്ന വിഷത്തുള്ളിയുടെ ആകാശത്തിൽ നിന്നിതി 13 കൊല്ലത്തിനു ശേഷവും നെഞ്ചംപറമ്പിൽ മാത്രം തുടർച്ചയായി കുഞ്ഞുങ്ങൾ വൈകല്യങ്ങളോടെ ജനിക്കുന്നതെന്തുകൊണ്ടാണ്? അതിന്റെ കാരണം ശാസ്ത്രീയമായി കണ്ടെത്താൻ ഇനിയും ശ്രമമുണ്ടാകുന്നില്ല എന്നതു ദുരൂഹമാണ്.

എൻഡോസൾഫാൻ 2006ൽ നാടിക്കാലികമായി നിരോധിച്ചപ്പോൾ ഭാഗികമായ കീടനാശിനി നിർവീര്യമാക്കുന്നതിനു പകരം നെഞ്ചംപറമ്പിലെ കുന്നിൽ കുഴിച്ചിട്ടുവെന്നാണു കരുതപ്പെടുന്നത്. ആ ആരോപണബന്ധപ്പെടുത്തുന്ന ദുരിതക്കാഴ്ചകളാണ് ഇവിടെ കാണുന്നതും. കുഴിച്ചിട്ടുവെങ്കിൽ അതെവിടെ എന്നു കൃത്യമായി കണ്ടെത്താനും, ദുരിതം കുടുതൽ വ്യാപിക്കുന്നതു തടയാനും അടിയന്തര നടപടി വേണമെന്നാണു നാടിന്റെ ആവശ്യം. കീടനാശിനി കുഴിച്ചിട്ടുവെന്നതു സത്യമാണെങ്കിൽ നെഞ്ചംപറമ്പിലെ നീർച്ചാലുകളിലും, കുന്നിൻകുകളിലെ തുരോതോടു ചേർന്ന വെള്ളക്കെട്ടുകളിലും ദുരന്തിപ്പുണ്ടു. ഒളിച്ചിരിപ്പുണ്ട്. അധികൃതർ നിയ്യന്തം തുടർന്നാൽ നെഞ്ചംപറമ്പിന്റെ നിഴലിലെ ഇനിയും ഉപ്പത്തിലേയ്ക്കുമെന്നതു തീർച്ച.

പ്ലാന്റേഷൻ കോർപറേഷന്റെ കാസർകോട്ടെ കശുമാവിൻതോട്ടങ്ങളിൽ 1977 മുതൽ 23 വർഷത്തിലേറെ ഹെലികോപ്റ്ററിൽനിന്നു തളിച്ച എൻഡോസൾഫാൻ വിഷമഴയേറ്റു തരിച്ചുജീവിക്കുന്ന നൂറുകണക്കിനുപേർ ജില്ലയുടെ പലഭാഗത്തായുണ്ട്. അസ്ഥികോകികളായി വളർച്ചമുരടിച്ച തലയും കൈകാലുകളുമായി പിറന്നുവീഴുന്ന കുഞ്ഞുങ്ങൾ നാടിന്റെ തീരാദുഃഖമായി മാറിക്കഴിഞ്ഞതു തുടർക്കഥയും. ബാധിച്ച കുടുംബങ്ങളും ജനിച്ച് ആനുമാസങ്ങളിലെ ചലനവൈശാസ്ത്രികൾക്കു വിധേയരായ കുട്ടികളും ജില്ലയിലുണ്ട്. ഇവരിൽ ചിലരും സർക്കാരിന്റെ ദുരിതബാധിത പട്ടികയ്ക്കു പുറത്താണെന്നതും മുഖകരമായ സത്യം. എൻഡോസൾഫാൻ പ്രയോഗം അവസാനിപ്പിച്ചശേഷം ജനിക്കുന്ന തലമുറയെയും വിഷം തീണ്ടുന്നുവെന്നത് അത്യന്തം ഗൗരവത്തോടെ കാണേണ്ടതാണ്.

നിലവിൽ ജില്ലയിലെ 11 പഞ്ചായത്തുകളിൽ വിദഗ്ധ ഡോക്ടർമാരടങ്ങിയ മെഡിക്കൽ സംഘങ്ങൾ നടത്തിയ പരിശോധനാ ക്യാമ്പുകളിൽനിന്നു 4182 പേരെ എൻഡോസൾഫാൻ ദുരിതബാധിതരായി കണ്ടെത്തി ആനുകൂല്യങ്ങൾ നൽകുന്നുണ്ട്. ഇതിനുപുറമേ രണ്ടായിരത്തോളം പേരെക്കൂടി ദുരിതബാധിതരുടെ പട്ടികയിൽ ഉൾപ്പെടുത്താൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. നിലവിലുള്ള പട്ടികയനുസരിച്ചു ദുരിതബാധിതർക്കു ധനസഹായം നൽകാൻ 176 കോടിരൂപ വേണമെന്നാണ് ആരോഗ്യവകുപ്പിന്റെ വിലയിരുത്തൽ. രോഗബാധിതരായി മരിച്ചവരുടെ പേരിൽ അഞ്ചുലക്ഷം രൂപ വീതമുള്ള ധനസഹായം, കൂടി ഉൾപ്പെടുത്തിയതോടെ തുക 214 കോടിയിലെത്തി. 27 കോടിരൂപ അടിയന്തരമായി അനുവദിക്കാൻ ആരോഗ്യവകുപ്പു ധനസ്ഥാപനത്തോട് അഭ്യർഥിച്ചിട്ടുണ്ട്. കാസർകോടിന്റെ സമഗ്രവികസനത്തിനുള്ള പ്രവർത്തനങ്ങൾ കൂടിയാണ് പ്ലാന്റേഷൻ കോർപറേഷന്റെ കുടി പരിപാടിയിൽ കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സഹായം കൂടി ലഭ്യമാക്കാൻ നടപടിയുണ്ടാകണമെന്ന ആവശ്യം ഉയർന്നുകഴിഞ്ഞു.

കുട്ടികൾ ഉൾപ്പെടെ അതിഗുരുതരാവസ്ഥകളുടെ എണ്ണവും, ഗൗരവവുമാണ്. നെഞ്ചംപറമ്പിനു മാത്രമായി മെഡിക്കൽ ക്യാമ്പും, ആരോഗ്യ പാക്കേജും, ഉണ്ടാവണം. ഗർഭിണിയുടെയും, ഗർഭസ്ഥരുടെയും നിരീക്ഷണവും ശസ്ത്രക്രിയയിലും, അടക്കം കണ്ടെത്തുന്ന ഇരിക്കാനും സ്ത്രീകൾക്കു വേണ്ടി പ്രത്യേക ആരോഗ്യ ക്ലാസുകൾ നടത്തേണ്ടിയിരിക്കുന്നു. ഗർഭധരിക്കാൻ പോലും ധൈര്യമില്ലാത്തതിന്റെ വേദന പങ്കുവച്ച് നെഞ്ചംപറമ്പിലെ അമ്മമാർ രാജ്യത്തെ പരമോന്നത തീരുമാനിക്കുന്നതിനുവേണ്ടിയാണ് ഈ വിലാപമാണ്. അതുകൊണ്ടുതന്നെ അവർക്കിടയിൽ ഡോക്ടർമാരെന്നും, ആവശ്യമുണ്ട്.

വിദഗ്ധ പ്രതിനിധികൾ നടത്തിയ പഠനത്തിൽ നെഞ്ചംപറമ്പിലെ മണ്ണിലും, വെള്ളത്തിലും, എൻഡോസൾഫാൻ സാന്നിധ്യം കണ്ടെത്തിയിരുന്നു. പ്രധാനമായ തർക്കിക്കുന്ന അന്തരം കണ്ടെത്തലുകൾക്ക് അധികാരികളായ ഗവേഷണങ്ങളുടെ ഉണ്ടാകണം. മാരകമായ കീടനാശിനി തളിച്ച് ഒരു തലമുറയോടു ചെയ്ത ക്രൂരത വരുംതലമുറകളോടു ആവർത്തിച്ചുകൂടാ.

മംഗളം

23 May 2013

എൻഡോസൾഫാൻ: അവശതയുള്ളവരെ പരിചരിക്കുന്നവർക്ക് ധനസഹായം

■ പദ്ധതി കേരള സാമൂഹ്യ സുരക്ഷാമിഷനിലൂടെ

തിരുവനന്തപുരം: കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതരിൽ പൂർണമായും കിടപ്പിലായവരോ ബുദ്ധിമാന്ദ്യം സംഭവിച്ചവരോ ആയിട്ടുള്ളവരെ പരിചരിക്കുന്നവർക്ക് ആശ്വാസകിരണം പദ്ധതിയിൽ ഉൾപ്പെടുത്തി, എഴുനൂറു രൂപ നിരക്കിൽ പ്രതിമാസ ധനസഹായം നൽകുന്നതിന് അനുമതി നൽകി ഉത്തരവായി.കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതരിൽ പൂർണമായും കിടപ്പിലായവരോ ബുദ്ധിമാന്ദ്യം സംഭവിച്ചവരോ ആയിട്ടുള്ളവരെ പരിചരിക്കുന്നവരെ കെയർ ഗിവർ എന്ന നിലയിൽ ഗുണഭോക്താക്കളായി കണക്കാക്കും.

വരുമാന പരിധി ബാധകമല്ല. കാസർഗോഡ് ജില്ലാ കലക്ടർ അംഗീകരിച്ച എൻഡോസൾഫാൻ ദുരിതബാധിതരുടെ പട്ടികയിൽ ഉൾപ്പെട്ടവരെ പരിചരിക്കുന്നവർക്കാണ് ധനസഹായത്തിന് അർഹതയുള്ളത്. സാമൂഹ്യനീതി വകുപ്പിനു വേണ്ടി കേരള സാമൂഹ്യ സുരക്ഷാമിഷൻ വഴി പദ്ധതി നടപ്പിലാക്കും.

അർഹതയുള്ള വ്യക്തി (കെയർ ഗിവർ) നിശ്ചിത മാതൃകയിലുള്ള അപേക്ഷ ബന്ധപ്പെട്ട ഐ.സി.ഡി.എസ് സൂപ്പർവൈസർക്ക് സമർപ്പിക്കണം.

പരിചരണം ലഭിക്കുന്ന വ്യക്തി ഉത്തരവിൽപ്പറയുന്ന പ്രകാരമുള്ള ഏതെങ്കിലും അവശത അനുഭവിക്കുന്ന ആളാണെന്ന് ഒരു സർക്കാർ ഡോക്ടർ നൽകുന്ന സർട്ടിഫിക്കറ്റ്, അപേക്ഷകൻ എൻഡോസൾഫാൻ ദുരിതബാധിതൻ ആണെന്നുള്ള സ്നേഹസാന്ത്വനം പദ്ധതി പ്രകാരമുള്ള കാർഡിന്റെ ശരിപ്പകർപ്പ് എന്നിവ സഹിതം അപേക്ഷിക്കണം.

മാതൃഭൂമി

24 May 2013

എൻഡോസൾഫാൻ സഹായം: വ്യക്തമായ വിവരം നൽകിയില്ല; സർക്കാറിന് നിശിതവിമർശം

കൊച്ചി: കാസർകോട്ട് എൻഡോസൾഫാൻ ദുരിതബാധിതർക്ക് നൽകിയ സഹായത്തിനെ വ്യക്തമായ വിവരം നൽകുന്നതിൽ വീഴ്ച വരുത്തിയ സർക്കാറിന് ഹൈക്കോടതിയുടെ വാക്കാലുള്ള നിശിത വിമർശം. ദുരിതബാധിതരായ 1600 പേർക്കായി 21 കോടി രൂപ നൽകിയെന്നാണ് സർക്കാർ പറയുന്നത്. ആ തുക ആർക്കൊക്കെയാണ് നൽകിയതെന്ന് അടുത്ത തവണ അറിയിക്കണമെന്ന് കോടതി കഴിഞ്ഞ ദിവസം നിർദേശിച്ചിരുന്നു. എന്നാൽ പിന്നീട് വ്യാഴാഴ്ച കേസ് പരിഗണനക്കെടുത്തപ്പോഴും സർക്കാർ പൊതുവായ നയതീരുമാനങ്ങളെക്കുറിച്ചാണ് സത്യവാങ്മൂലത്തിൽ പറയുന്നതെന്ന് കോടതി വിലയിരുത്തി. യഥാർഥത്തിൽ അർഹതയുള്ളവർക്ക് തന്നെയാണോ തുക കിട്ടിയിട്ടുള്ളതെന്ന് അറിയേണ്ടതുണ്ടെന്ന് കോടതി വാക്കാൽ ഓർമിപ്പിച്ചു. ഇതിനായി നഷ്ടപരിഹാരം ലഭിച്ചവരുടെ പേര് നൽകണം. സഹായം തുകയായാണോ നൽകിയത്, ഓരോരുത്തർക്കും എത്ര തുക നൽകി, ഇനി എത്ര അപേക്ഷകർ സഹായം കാത്തിരിക്കുന്നുണ്ട് എന്നെല്ലാം വ്യക്തികളുടെ പട്ടിക സഹിതം വിവരം നൽകണമെന്നാണ് കോടതി നിർദേശിച്ചിട്ടുള്ളത്.

മലയാള മനോരമ

30 May 2013

എൻഡോസൾഫാൻ: വായ്പാ പലിശ ബാധ്യത സർക്കാർ ഏറ്റെടുക്കും

സ്വന്തം ലേഖകൻ

തിരുവനന്തപുരം ● മാരകരോഗബാധിച്ചവർ, വികലാംഗർ, എൻഡോസൾഫാൻദുരിതബാധിതർ എന്നിവർ സഹകരണ സ്ഥാപനങ്ങളിൽ നിന്നെടുത്ത മുന്നു ലക്ഷം രൂപ വരെയുള്ള വായ്പകളുടെ പലിശബാധ്യത സർക്കാർ ഏറ്റെടുക്കുമെന്നുമന്ത്രി സി.എൻ. ബാലകൃഷ്ണൻ അറിയിച്ചു. വരൾച്ചബാധിത പ്രദേശങ്ങളിലെ കാർഷിക വായ്പകൾ മുതൽ എന്നിവ തിരിച്ചടച്ചുവരുന്നതിനുള്ള സമയപരിധിയും നീട്ടിനൽകും. വടകരയിലെ കുടുംബശ്രീ ജില്ലാ മിഷൻ ഓഫീസിനു കീഴിലുള്ള തൂക്കുപാലം, വടകര, തലശേരി, കിണ്ണൂർ എന്നിവിടങ്ങളിലെ സഹകരണ സംഘങ്ങൾ ശീതീകരണ സംഭരണശാലകൾ സ്ഥാപിക്കും. കൺസ്യൂമർഫെഡ് ഇടുക്കിയിൽ റീട്ടെയിൽ മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട്, തൃശൂരിൽ ഫാർമസി കോളജും തുടങ്ങും. മാലിന്യ സംസ്കരണത്തിനു ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കാൻ പലിശരഹിത വായ്പ നൽകും. സൗരോർജ സംവിധാനത്തിനു സഹകരണ സ്ഥാപനങ്ങൾ വായ്പയും സബ്സിഡിയും നൽകും. മഴവെള്ള സംഭരണപദ്ധതി സഹകരണ സംഘങ്ങളിലൂടെ നടപ്പാക്കും. പോലീസിൽ മിനറൽ വാട്ടർ യൂണിറ്റ് തുടങ്ങും.

കേപ്പിനു കീഴിലുള്ള തൃക്കരിപ്പൂർ, വടകര, തലശേരി, കിണ്ണൂർ എൻജിനീയറിങ് കോളജുകളിൽ ഇലക്ട്രോണിക്സ് ആൻഡ് കമ്യൂണിക്കേഷൻ, കംപ്യൂട്ടർ സയൻസ്, ഇലക്ട്രിക്കൽ ആൻഡ് ഇലക്ട്രോണിക്സ്, മെക്കാനിക്കൽ എന്നീ വിഷയങ്ങളിൽ ബിരുദാനന്തര ബിരുദകോഴ്സുകൾ തുടങ്ങും.

കൊല്ലത്തെ കാവനാട്ടെ ഗ്രാമവ്യവസായ പാർക്കിന്റെ പണി പൂർത്തിയാക്കുകയും പാപ്പിനിശേരിയിൽ മറ്റൊരു പാർക്ക് തുടങ്ങുകയും ചെയ്യും. ഖാദി ഗ്രാമവ്യവസായ ഉൽപന്നങ്ങളുടെ വിപണനത്തിനു കൊച്ചിയിൽ സ്ഥിരം കേന്ദ്രം തുടങ്ങുമെന്നും മന്ത്രി അറിയിച്ചു.

മലയാള മനോരമ

07 June 2013

എൻഡോസൾഫാൻ വിഷം നിറച്ച മണ്ണിൽ പച്ചപ്പൊരുക്കാൻ അമ്മമാർ

ഭൂമിക്കൊരു കുട പരിപാടിയിൽ നെഞ്ചംപറമ്പിൽ 1000 വേപ്പിൻ തൈകൾ നടും

സ്വന്തം ലേഖകൻ

ഭൂമിക്കൊരു കുട

കാസർകോട് ● എൻഡോസൾഫാൻ ദുരന്തത്തിൽപ്പെട്ട് വിചിത്ര രോഗങ്ങളുമായി നാടിന്റെ ദുഃഖമായി മാറിയ നെഞ്ചംപറമ്പിലെ കുഞ്ഞുങ്ങളുടെ അമ്മമാർ ഒരു തയാറെടുപ്പിലാണ്. നാടിന്റെ നെഞ്ചിലെ വിഷം അകറ്റി മണ്ണിൽ പുതിയ പ്രതീക്ഷയുടെ നാമ്പു മുളപ്പിക്കാനുള്ള തയാറെടുപ്പ്. മലയാള മനോരമയുടെ ജല, പരിസ്ഥിതി സംരക്ഷണ സംരംഭമായ പലതുള്ളിയും സംസ്ഥാന വനം വകുപ്പിന്റെ ഹരിത കേരളവും ചേർന്ന് തുടക്കമിട്ട ഭൂമിക്കൊരു കുട പരിപാടിയുടെ ഭാഗമായി എൻഡോസൾഫാൻ വിക്ടിംസ് സപ്പോർട്ട് എയ്ഡ് ഗ്രൂപ്പ് (എൻവിസാജ്) നെഞ്ചംപറമ്പിൽ ആയിരം വേപ്പിൻ തൈകൾ നടുന്ന പദ്ധതിയുടെ ഉദ്ഘാടനം നാളെ നടക്കും.

പിറന്ന അഞ്ചു മക്കളിൽ നാലു പേരും മരിച്ച ദുഃഖവുമായി ജീവിക്കുന്ന മമതയും ജനിച്ച് അനുദിനം തല വളർന്ന് ഒടുവിൽ അഞ്ചാം വയസ്സിൽ മരിച്ച ഉമൈബത്തിന്റെ ഉമ്മ ഹാജിറയും ചേർന്നു രാവിലെ 10.30ന് നെഞ്ചംപറമ്പ് കൈത്തോടിൽ വേപ്പിൻ തൈകൾ നടുന്നതോടെയാണ് പരിപാടിക്ക് തുടക്കമാവുന്നത്. ഇരുവരും സ്വന്തം വീട്ടുമുറ്റത്ത് തൈകൾ നടും. ചടങ്ങിനു മുന്നോടിയായി വൃക്ഷഗീതം ആലപിക്കും. ചലച്ചിത്ര നടൻ ഇന്ദ്രൻസ് മുഖ്യാതിഥിയാകുന്ന ചടങ്ങിൽ എൻവിസാജ് പുത്തൻതോപ്പ് കോ-ഓർഡിനേറ്റർ റോയ് നെറ്റോ, എം.എ. റഹ്മാൻ, പി.കെ. മാധവൻ നമ്പ്യാർ, ജി.ബി. വൽസൻ എന്നിവർ പങ്കെടുക്കും. വേപ്പിൻ തൈകളുടെ ഔഷധ ഗുണത്തെക്കുറിച്ചു വിവരിക്കുന്ന ലഘുലേഖകളും വിതരണം ചെയ്യും.

നെഞ്ചംപറമ്പിൽ എൻഡോസൾഫാൻ ദുരിതം വിതച്ച 240 വീടുകളിലാണ് ആദ്യ ദിവസങ്ങളിൽ വേപ്പിൻ തൈകൾ നടുന്നത്. വീടുകളിലെ അമ്മമാർ തൈകൾ ഏറ്റുവാങ്ങി വീട്ടുവളപ്പിൽ നടും. തുടർന്നുള്ള ദിവസങ്ങളിൽ എൻവിസാജ് പ്രവർത്തകരുടെ നേതൃത്വത്തിൽ നെഞ്ചംപറമ്പ് ഉൾപ്പെടുന്ന കാറഡുക്ക പഞ്ചായത്തിലെ വീടുകളിൽ ആയിരം വേപ്പിൻ തൈകൾ നടും. പതിറ്റാണ്ടുകളോളം എൻഡോസൾഫാൻ കീടനാശിനി തളിക്കുകയും പിന്നീട് നിരോധന പ്രഖ്യാപനം വന്നതോടെ വൻതോതിൽ കുഴിച്ചു മൂടുകയും ചെയ്ത നെഞ്ചംപറമ്പിന്റെ മണ്ണിനെ വിഷവിമുക്തമാക്കുക എന്ന ലക്ഷ്യത്തോടെയാണ് പരിപാടി. നെഞ്ചംപറമ്പിൽ അപൂർവ രോഗങ്ങളുമായി കുട്ടികൾ പിറക്കുന്നതിനെക്കുറിച്ചു മനോരമ പ്രസിദ്ധീകരിച്ച പരമ്പരയുടെ അടിസ്ഥാനത്തിൽ ആരോഗ്യ വകുപ്പ് വിദഗ്ധ പഠനത്തിന് ഉത്തരവിട്ടിരുന്നു.

തേജസ്

19 June 2013

എൻഡോസൾഫാൻ: ദമ്പതികളുടെ ആശ്രിതർക്ക് നഷ്ടപരിഹാരം നൽകിയില്ല

ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തു

• അബ്ദുർറഹ്മാൻ ആലൂർ

കാസർകോട്: എൻഡോസൾഫാൻ ദുരിതബാധിതരായി മരിച്ച ദമ്പതികളുടെ ആശ്രിതർക്കു നഷ്ടപരിഹാരം നൽകിയില്ല. ദുരന്തത്തിൽപ്പെട്ട് മരിച്ച മുളിയാർ പഞ്ചായത്തിലെ നുസ്രത്ത് മന്ദിലെ അബ്ദുല്ല(40), ഭാര്യ ആയിശ(35) എന്നിവരുടെ ആശ്രിതർക്കാണു മനുഷ്യാവകാശ കമ്മീഷൻ ശുപാർശ ചെയ്ത നഷ്ടപരിഹാരം ലഭിക്കാത്തത്.

മുളിയാർ ആലൂർ പ്ലാന്റേഷൻ എസ്റ്റേറ്റിനു കീഴിലെ പണ്ടപ്പടിയിൽ താമസക്കാരനായിരുന്ന അബ്ദുല്ല രോഗബാധിതനായി കിടപ്പിലായിരുന്നു. ഇതേത്തുടർന്ന് കിടപ്പാടം വിറ്റ് ചികിത്സ നടത്തിയെങ്കിലും പ്രയോജനമുണ്ടായില്ല. 2009 ഏപ്രിൽ 25നാണ് മരണപ്പെട്ടത്. ഭാര്യ ആയിശയും രോഗബാധിതയായി കിടപ്പിലായിരുന്നു. 2001 ജനുവരി 17നാണ് മരിച്ചത്. ഈ ദമ്പതികൾക്ക് മുന്നു മക്കളാണുള്ളത്.



മരിച്ച ആയിശ

അഷറഫ്, ഹസീന, കബീർ എന്നിവർ. മാതാപിതാക്കൾ മരിച്ചതോടെ മൂത്തമകൻ അഷറഫും ഇളയമകൻ കബീറും ബന്ധുക്കളൊപ്പവും രണ്ടാമത്തെ മകൾ ഹസീന ദേളിയിലെ ഒരു യതീംഖാനയിലുമാണ് കഴിഞ്ഞുകൂടുന്നത്. ഈ കുടുംബത്തിന് ദേശീയ കമ്മീഷൻ നിർദേശിച്ച നഷ്ടപരിഹാരം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുണ്ട്.

മാതൃഭൂമി

12 June 2013

എൻഡോസൾഫാൻ: സ്നേഹമൊഴിയുമായി മോഹൻലാൽ

കാസർകോട്: 'ഞാൻ മോഹൻലാലാണ്, മനസ്സിലായോ..?' സ്വാതന്ത്ര്യസമരകാലത്തിലെ കഴുകിവന്ന ശബ്ദംകേട്ട് എൻഡോസൾഫാൻ ഇരകൾക്കുവേണ്ടി പൊരുതുന്ന അമ്മമാരുടെ മുഖത്ത് പരിഭ്രമമുണർന്നു. 'നിങ്ങളുടെ വേദന എനിക്കുമനസ്സിലാവും, ഞാനുണ്ടാവും നിങ്ങൾക്കൊപ്പം എന്നും. നിങ്ങളോട് സംസാരിക്കണമെന്ന് മനസ്സ് പറഞ്ഞതുകൊണ്ടാണ് വിളിച്ചത്. ചെന്നൈയിൽ ഷൂട്ടിങ്ങിനിടയിൽനിന്നാണ്. നിങ്ങൾക്കായി പ്രാർഥിക്കാം'.

മലയാളത്തിന്റെ പ്രിയനടൻ മോഹൻലാലിന്റെ 53-ാം പിറന്നാളിന്റെ തലേന്ന് സോഷ്യൽ നെറ്റ്വർക്ക് സൈറ്റായ ഓർക്കൂട്ടിലെ മോഹൻലാൽ ഫാൻ കമ്മ്യൂണിറ്റി സംഘടിപ്പിച്ച ചടങ്ങായിരുന്നു വേദി. എൻഡോസൾഫാൻ പീഡിത ജനകീയമുന്നണിയുടെ പ്രവർത്തകരായ അമ്മമാർക്ക് 53,053 രൂപ കമ്മ്യൂണിറ്റിയുടെ പ്രതിനിധികൾ കൈമാറി. തുടർന്നാണ് ചെന്നൈയിൽ തമിഴ്നടൻ വിജയ്ക്കൊപ്പം അഭിനയിക്കുന്ന 'വില്ല്' എന്ന സിനിമയുടെ സെറ്റിൽനിന്ന് മോഹൻലാലിന്റെ വിളി കാഞ്ഞങ്ങാട്ടുള്ള എം.സി. സ്റ്റൂഡിയോയിലേക്ക് വന്നത്. എൻഡോസൾഫാൻ ഇരയായ മുനീസയോടായിരുന്നു ആദ്യം സംസാരിച്ചത്. 'എന്താണ് മുനീസയുടെ പ്രശ്നം..' -മോഹൻലാൽ ചോദിച്ചു. 'ഞാൻ ബി.എഡ്. പാസായതാണ്. ഇപ്പോഴും രണ്ടു കണ്ണും കാണാൻ കുഴപ്പമില്ല. ഇവിടെ അടുത്തൊരു സ്കൂളിൽ താത്കാലികമായി അധ്യാപനജോലിയുണ്ട്' -മുനീസ പറഞ്ഞു. പിന്നീടാണ് സ്ട്രീക്കർ ഹോൺ മോഡിലേക്ക് മാറി മുനീസയ്ക്കൊപ്പമുണ്ടായിരുന്ന അമ്മമാരോട് മോഹൻലാലിന്റെ സംസാരം.

മലയാള മനോരമ

03 July 2013

എൻഡോസൾഫാൻ ദുരിതപഞ്ചായത്തുകളിൽ പ്ലാന്റേഷൻ കോർപറേഷന്റെ ക്ഷീരപദ്ധതി

കാഞ്ഞങ്ങാട് ● എൻഡോസൾഫാൻ ദുരിതം വിതച്ച പഞ്ചായത്തുകളിൽ ക്ഷീരവികസന പദ്ധതിയുമായി പ്ലാന്റേഷൻ കോർപറേഷൻ.

പദ്ധതി ആദ്യം നടപ്പാക്കുന്ന കാസർകോട്ടെ എൻമകജെ പഞ്ചായത്തിലേക്കുള്ള രൂപരേഖ തയാറായി. അഞ്ചുകോടി രൂപ ചെലവിട്ടാണ് ഇവിടെ പദ്ധതി നടപ്പാക്കുന്നത്. ധനവകുപ്പിന്റെ അനുമതിയോടെ പദ്ധതി ഉടൻ തുടങ്ങാനാണ് പ്ലാന്റേഷൻ കോർപറേഷന്റെ തീരുമാനം.

ഡെയറി ഫാമുകൾ, തീറ്റപ്പുൽ കൃഷി, മിൽക്ക് ചില്ലിങ് യൂണിറ്റ് തുടങ്ങി ജൈവവളം നിർമാണം വരെയുള്ളവ പദ്ധതിയിൽ ഉൾപ്പെടും. കുറഞ്ഞത് 100 പശുക്കളെങ്കിലുമുള്ള ഫാമാണ് തുടങ്ങുക. ഇവയ്ക്കാവശ്യമായ തീറ്റപ്പുൽ തദ്ദേശീയമായി കൃഷിചെയ്യിച്ച് കോർപറേഷൻ തന്നെ വാങ്ങും.

തീറ്റപ്പുൽകൃഷി കർഷകർക്കു വരുമാന മാർഗമാക്കുകയെന്നതും ലക്ഷ്യമാണ്. പദ്ധതിയുടെ ഭാഗമായി പഞ്ചായത്തിലെ ബിപിഎൽ കുടുംബങ്ങൾക്ക് ഓരോ പശുവിനെ നൽകും.

ഗുണമേന്മയുള്ള പാൽ ജില്ലയിൽ തന്നെ വിതരണം ചെയ്യുന്നതിനു മിൽക്ക് ചില്ലിങ് പ്ലാന്റും കോർപറേഷൻ ആരംഭിക്കും. കാസർകോട്ട് പ്ലാന്റേഷൻ കോർപറേഷൻ പൂർണമായി ജൈവകൃഷിയിലേക്കു തിരിയുന്നതിന്റെ ഭാഗമായി ഫാമുകളിൽ നിന്നുള്ള ചാണകം ജൈവവളമായി ഉപയോഗിക്കുമെന്നും പ്ലാന്റേഷൻ കോർപറേഷൻ ചെയർമാൻ ഡോ. വർഗീസ് ജോർജ് പറഞ്ഞു.

കശുമാങ്ങയിൽ നിന്നുള്ള ബയോ എത്തനോൾ നിർമാണം ഈ മേഖലയിൽ പ്രയോജനപ്പെടുത്തും. ബയോ എത്തനോൾ നിർമിക്കുമ്പോഴുണ്ടാകുന്ന കശുമാങ്ങയുടെ ചണ്ടി കാലിത്തീറ്റയായി മാറ്റാൻ കോർപറേഷൻ ആലോചിക്കുന്നതായി എംഡി എ. ഉണ്ണികൃഷ്ണൻ പറഞ്ഞു. കേരള ഫീഡ്സുമായി സഹകരിച്ചായിരിക്കും ഇത്.

മാതൃഭൂമി

07 August 2013

എൻഡോസൾഫാൻ: അഞ്ചുലക്ഷം രൂപവരെ നഷ്ടപരിഹാരം നൽകാൻ ശുപാർശ

സ്വന്തം ലേഖകൻ

തിരുവനന്തപുരം: എൻഡോസംഫാൻ ദുരിതബാധിതരുടെ പരാതികം തീർപ്പാക്കാൻ ട്രിബ്യൂണൽ രൂപവത്കരിക്കണമെന്നും ഇരകൾക്ക് അഞ്ച് ലക്ഷം രൂപ വരെ നഷ്ടപരിഹാരം നൽകണമെന്നും ജസ്റ്റിസ് സി. എൻ. രാമചന്ദ്രൻ നായർ അധ്യക്ഷനായ സമിതി സർക്കാരിനോട് ശുപാർശ ചെയ്തു. ഇരകളുടെ ആശ്രിതർക്ക് പ്ലാന്റേഷൻ കോർപ്പറേഷനിൽ ജോലി നൽകണമെന്നും ശുപാർശയുണ്ട്.

ജില്ലാ ജഡ്ജി അധ്യക്ഷനായ ട്രിബ്യൂണലാവണം ദുരിതബാധിതരുടെ പരാതികം തീർപ്പാക്കേണ്ടത്. എൻഡോസംഫാൻ മൂലം ദുരിതമനുഭവിക്കുന്നവരെ പ്രത്യേകമായി നിർവചിക്കണം. ശാരീരികവും മാനസികവും ജനിതകവുമായ വൈകല്യമനുഭവിക്കുന്നവരെ ഈ ഗണത്തിൽപ്പെടുത്താം. ഇത് നിർണയിക്കാൻ പ്രത്യേക മെഡിക്കൽ ബോർഡിനെ നിയമിക്കണം.

എൻഡോസംഫാൻ കാരണമാണ് മേൽപ്പറഞ്ഞ ദുരിതങ്ങളുണ്ടായിട്ടുള്ളതെന്ന സർട്ടിഫിക്കറ്റുണ്ടെങ്കിൽ അത് പരിഗണിക്കാം. അല്ലാത്തപക്ഷം മെഡിക്കൽ ബോർഡ് ശുപാർശ ചെയ്താൽ മതിയാകും. നിലവിൽ പരിപൂർണമായും കിടപ്പിലായവർക്ക് 2000 രൂപയും ഭാഗികമായി കിടപ്പിലായവർക്ക് 1000 രൂപയും പ്രതിമാസ പെൻഷൻ നൽകുന്നുണ്ട്.

ഇതിനുപുറമെ ഒറ്റത്തവണ നഷ്ടപരിഹാരവും നൽകണം. മരിച്ചവരുടെ ആശ്രിതർക്കും ഭേദമാക്കാനാവാത്ത തരത്തിൽ ശാരീരിക, മാനസിക വൈകല്യങ്ങളം ബാധിച്ചവർക്കും ബുദ്ധിമാന്ദ്യം സംഭവിച്ചവർക്കും അഞ്ച് ലക്ഷം രൂപ വീതം നഷ്ടപരിഹാരം നൽകണം. ഭാഗികമായി വൈകല്യം ബാധിച്ചവർക്കും മൂന്നുലക്ഷം രൂപയും നൽകണം. മേൽപ്പറഞ്ഞ ഇത്തരത്തിൽ പണം നൽകിയിട്ടുണ്ടെങ്കിൽ ആ തുക കിഴിക്കാം. ഇതുവരെ എൻഡോസംഫാൻ ദുരിതബാധിതർക്കായി 32 കോടി രൂപയുടെ ഫണ്ട് രൂപവത്കരിച്ചിട്ടുണ്ട്. ഇതിന് പുറമെ പ്രത്യേക സഹായനിധി രൂപവത്കരിക്കാം. കേന്ദ്രസർക്കാർ, പൊതുമേഖലാ/ സഹകരണ ബാങ്കുകൾ, വിദേശ മലയാളി കം, പ്ലാന്റേഷൻ കോർപ്പറേഷൻ, എൻഡോസംഫാൻ ഉത്പാദിപ്പിച്ച കേന്ദ്ര സർക്കാർ കമ്പനിയായ എച്ച്.ഐ.എൽ എന്നിവയിൽ നിന്ന് പണം സ്വരൂപിക്കാം. ദുരിതാശ്വാസ സ്ഥാപനങ്ങളിലൂടെയും പണം സമാഹരിക്കാം. ഈ തുകയിൽ നിന്നുവേണം നഷ്ടപരിഹാരം നൽകാൻ. മൂന്നു വർഷം കൊണ്ട് നഷ്ടപരിഹാരം മുഴുവൻ വിതരണം ചെയ്യണം. അതുവരെ ട്രിബ്യൂണൽ തുടരണം.

ജസ്റ്റിസ് സി.എൻ. രാമചന്ദ്രൻ നായർ അധ്യക്ഷനായ സമിതിയിൽ പ്രോസിക്യൂഷൻ ഡയറക്ടർ ജനറൽ ടി. അസഫ് അലി, നിയമവകുപ്പ് സെക്രട്ടറി രാമരാജ പ്രേമപ്രസാദ് എന്നിവർ അംഗങ്ങളാണ്. മുഖ്യമന്ത്രിയുടെ ചേമ്പറിലെത്തിയാണ് സമിതി റിപ്പോർട്ട് കൈമാറിയത്.

അർഹർക്ക് ലഭിക്കേണ്ടത് 227 കോടി; നൽകിയത് 27 കോടി രൂപ

കൊച്ചി: കാസർകോട് ജില്ലയിൽ എൻഡോസംഫാൻ ദുരിതബാധിതരിൽ അർഹതയുള്ള 5,500 പേരിൽ 2,046 പേർക്ക് മാത്രമേ സർക്കാർ നഷ്ടപരിഹാരം നൽകിയിട്ടുള്ളൂ. 3,454 പേർ ഇപ്പോഴും നഷ്ടപരിഹാരം കാത്തിരിക്കുകയാണ്. ആകെ 227.24 കോടി രൂപ നൽകേണ്ട സ്ഥാനത്ത് 27.04 കോടിയാണ് ലഭിച്ചത്. അതാകട്ടെ പ്ലാന്റേഷൻ കോർപ്പറേഷൻ നൽകിയതും. നഷ്ടപരിഹാരം നൽകാൻ സർക്കാരിന്റെ ഭാഗത്തുനിന്ന് നടപടിയുണ്ടായിട്ടില്ലെന്ന് കാസർകോട് ബോവിക്കാനം സ്വദേശി ബി.സി. കുമാരൻ സമർപ്പിച്ച മറുപടി സത്യവാങ്മൂലത്തിൽ പറയുന്നു.

മംഗളം

07 August 2013

എൻഡോസൾഫാൻ നഷ്ടപരിഹാര ട്രിബ്യൂണൽ സ്ഥാപിക്കാൻ ശിപാർശ

തിരുവനന്തപുരം: എൻഡോസൾഫാൻ ഇരകൾക്ക് അർഹമായ നഷ്ടപരിഹാരം നൽകാൻ ജില്ലാ ജഡ്ജിയുടെ നേതൃത്വത്തിലുള്ള ഏകാംഗ ട്രിബ്യൂണലിനെ നിയമിക്കണമെന്ന് റിട്ട. ജസ്റ്റിസ് സി. എൻ. രാമചന്ദ്രൻനായർ സമിതി ശിപാർശചെയ്തു. ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ ടി. ആസഫലി, നിയമ സെക്രട്ടറി സി.പി.രാമരാജപ്രസാദ് എന്നിവർ അംഗങ്ങളായ സമിതിയുടെ റിപ്പോർട്ട് മുഖ്യമന്ത്രിക്കു കൈമാറി.

എൻഡോസൾഫാൻ ഇരകൾക്കു നഷ്ടപരിഹാരം നൽകാനുള്ള ശിപാർശകൾ സമർപ്പിക്കാൻ കഴിഞ്ഞ മേയ് 20-നാണ് ജസ്റ്റിസ് രാമചന്ദ്രൻനായരുടെ നേതൃത്വത്തിലുള്ള സമിതിയെ സർക്കാർ നിയോഗിച്ചത്. മൂന്നുമാസത്തിനകം റിപ്പോർട്ട് നൽകാനായിരുന്നു നിർദേശം. എൻഡോസൾഫാൻ ഇരകൾ നഷ്ടപരിഹാരത്തിന് അർഹരാണെന്ന് സമിതിയുടെ റിപ്പോർട്ടിൽ പറയുന്നു. എൻഡോസൾഫാൻ കമ്പനിക്കും പ്ലാന്റേഷൻ കോർപറേഷനുമെതിരേ സിവിൽ കേസിലൂടെ വേണം നഷ്ടപരിഹാരം നേടിയെടുക്കാൻ. ഇരകൾക്ക് കോടതിയെ സമീപിക്കാനുള്ള ബുദ്ധിമുട്ടുകൾ റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടുന്നു. 1983 മുതൽ 2000 വരെ കശുമാവ് തോട്ടങ്ങളിൽ എൻഡോസൾഫാൻ ആകാശമാർഗം തളിക്കാൻ അനുമതി നൽകിയിരുന്നു. 2010 ഡിസംബർ 31-ന് ദേശീയ മനുഷ്യാവകാശ കമ്മിഷൻ നിരോധിക്കുന്നതുവരെ എൻഡോസൾഫാൻ വിൽക്കാൻ അനുമതിയുണ്ടായിരുന്നെന്നും റിപ്പോർട്ടിലുണ്ട്.

ഈ സാഹചര്യത്തിൽ എൻഡോസൾഫാൻ ഇരകൾ നഷ്ടപരിഹാരത്തിന് അർഹരാണെന്നു നിയമനിർമാണം നടത്തണം. ആരൊക്കെയാണ് നഷ്ടപരിഹാരത്തിന് അർഹരെന്നു കണ്ടെത്താൻ മെഡിക്കൽ കോളജുകളിലെ ഡോക്ടർമാരടങ്ങുന്ന വിദഗ്ധസമിതിയെ നിയോഗിക്കണം. പ്ലാന്റേഷൻ കോർപറേഷന്റെ കശുമാവ് തോട്ടങ്ങളിൽ ജോലി ചെയ്തവരെയോ തോട്ടങ്ങളുടെ സമീപത്തു വർഷങ്ങളായി താമസിക്കുന്നവരെയോ ആണ് എൻഡോസൾഫാൻ ഇരകളായി കാണുക.

കേന്ദ്ര-സംസ്ഥാനസർക്കാരുകൾ, പ്ലാന്റേഷൻ കോർപറേഷൻ തുടങ്ങിയവയിൽനിന്നുള്ള വിഹിതം ഉപയോഗിച്ച് എൻഡോസൾഫാൻ റിലീഫ് ഫണ്ട് രൂപീകരിക്കണമെന്നും ശിപാർശയുണ്ട്. ട്രിബ്യൂണൽ ഉത്തരവ് നടപ്പാക്കാൻ ജില്ലാതല സംവിധാനം ഏർപ്പെടുത്തണം. കാസർഗോഡ് ജില്ലയിലെ കശുമാവ് തോട്ടങ്ങൾ റബർതോട്ടങ്ങളായി മാറിയതോടെ പ്ലാന്റേഷൻ കോർപറേഷനെ ആശ്രയിച്ചിരുന്നവർക്ക് തൊഴിൽ നഷ്ടപ്പെട്ടിട്ടുണ്ട്. എൻഡോസൾഫാൻ ദുരിതബാധിതരുടെ കുടുംബാംഗങ്ങൾക്ക് ഈ തോട്ടങ്ങളിൽ തൊഴിൽ നൽകണം. രോഗബാധിതരായ ഇരകൾ, കിടപ്പിലായവർ, വൈകല്യം സംഭവിച്ചവർ, 50 ശതമാനത്തിൽ കൂടുതൽ ബുദ്ധിവൈകല്യം സംഭവിച്ചവർ എന്നിവർക്ക് അഞ്ചുലക്ഷം രൂപ വീതം നൽകണം.

അർബുദരോഗികൾ അടക്കമുള്ള മറ്റ് ഇരകൾക്ക് മൂന്നുലക്ഷം രൂപ വീതവും നൽകണം.

രണ്ടായിരം, ആയിരം രൂപ ക്രമത്തിൽ ഇരകൾക്ക് പെൻഷൻ അനുവദിക്കണമെന്നും റിപ്പോർട്ടിൽ പറയുന്നു. ഇപ്പോൾ 4500 പേർക്ക് സംസ്ഥാന സർക്കാർ വിവിധ ആനുകൂല്യങ്ങൾ നൽകുന്നുണ്ട്. 1318 പേർ കൂടി ആനുകൂല്യങ്ങൾക്ക് അർഹരാണെന്നും കണ്ടെത്തിയിട്ടുണ്ട്.

മലയാള മനോരമ

07 August 2013

എൻഡോസൾഫാൻ ഇരകൾക്ക് അഞ്ചു ലക്ഷം വരെ നഷ്ട പരിഹാരം നൽകാൻ ശുപാർശ

സ്വന്തം ലേഖകൻ

തിരുവനന്തപുരം• എൻഡോസൾഫാൻ ദുരിതബാധിതരുടെ പരാതികൾ തീർപ്പാക്കാൻ ട്രൈബ്യൂണൽ രൂപീകരിക്കാനും ദുരന്തത്തിനിരയായവർക്ക് അഞ്ചു ലക്ഷം രൂപ വരെ നഷ്ടപരിഹാരം നൽകാനും ജസ്റ്റിസ് സി.എൻ. രാമചന്ദ്രൻ നായർ അധ്യക്ഷനായ സമിതി സർക്കാരിനോടു ശുപാർശചെയ്തു. ഇരകളുടെ ആശ്രിതർക്കു പ്ലാന്റേഷൻ കോർപറേഷൻ ജോലി നൽകണമെന്നും ശുപാർശയുണ്ട്.

ജില്ലാ ജഡ്ജിയുടെ റാങ്കിലുള്ള, മൂന്നു വർഷമെങ്കിലും സേവനം ബാക്കിയുള്ള ജുഡീഷ്യൽ ഓഫിസറായിരിക്കണം ട്രൈബ്യൂണൽ അധ്യക്ഷൻ. മൂന്നു വർഷത്തിനു ശേഷം ഇതു പിരിച്ചുവിടാം. നഷ്ടപരിഹാരത്തിനുള്ള അപേക്ഷയുടെ സത്യാവസ്ഥ കണ്ടെത്താനും വൈകല്യത്തിന്റെ തോതു കണ്ടെത്താനും ട്രൈബ്യൂണലിനെ സഹായിക്കാൻ മെഡിക്കൽകോളജിലെ സീനിയർ ഡോക്ടർമാരുടെ സംഘത്തെ നിയമിക്കണം.

എൻഡോസൾഫാൻ ദുരിതബാധിതരെ പ്രത്യേകമായി നിർവചിക്കണമെന്നു സമിതി ശുപാർശചെയ്തു. ശാരീരിക, മാനസിക, ജനിതക വൈകല്യങ്ങൾ അനുഭവിക്കുന്നവരെ എൻഡോസൾഫാൻ ഇരകളായി കണക്കാക്കാം. എൻഡോസൾഫാൻ കാരണമാണ് ഈ വൈകല്യങ്ങളുണ്ടായതെന്നു സർട്ടിഫിക്കറ്റുണ്ടെങ്കിൽ അതു പരിഗണിക്കാം. അല്ലാത്തപക്ഷം മെഡിക്കൽ ബോർഡ് ശുപാർശ ചെയ്താൽ മതി. നിലവിൽ പൂർണമായും കിടപ്പിലായവർക്ക് 2000 രൂപയും ഭാഗികമായി കിടപ്പിലായവർക്ക് 1000 രൂപയും പ്രതിമാസ പെൻഷൻ നൽകുന്നുണ്ട്. ഒറ്റത്തവണ നഷ്ടപരിഹാരവും നൽകണമെന്നും ശുപാർശയുണ്ട്.

ജനയുഗം

30 January 2019

എൻഡോസൾഫാൻ: ഇരകൾക്കായി ചെലവഴിച്ചത് 184.29 കോടി

30/1/19 JANAYUGAM

സമാശ്വാസ പ്രവർത്തനങ്ങളുടെ പാതയിൽ കാലുഷ്യം വിതറുന്നത് ഗുണകരമാകില്ല: മന്ത്രി ഇ ചന്ദ്രശേഖരൻ

തിരുവനന്തപുരം: എൻഡോസൾഫാൻ ഇരകൾക്കു വേണ്ടി സംസ്ഥാന സർക്കാർ എല്ലാവിധ സഹായങ്ങളും നൽകുമ്പോഴും സർക്കാരിനെതിരെ പ്രക്ഷോഭത്തിന് മുതിരുന്നത് ദുരിതബാധിതരെ സഹായിക്കാനല്ലെന്ന് മന്ത്രി ഇ ചന്ദ്രശേഖരൻ ചൂണ്ടിക്കാട്ടി. എൻഡോസൾഫാൻ ദുരിതബാധിതരായ 6,212 പേർക്കായി 184.29 കോടി രൂപ സംസ്ഥാന സർക്കാർ ചെലവഴിച്ചിട്ടുണ്ട്.

ദേശീയ മനുഷ്യാവകാശ കമ്മിഷന്റെ ശുപാർശപ്രകാരം ദുരിതബാധിതർക്ക് മൂന്ന് ഗഡുക്കളായി നൽകേണ്ടിയിരുന്ന തുക സമയബന്ധിതമായി നൽകണമെന്ന സുപ്രീംകോടതി വിധി 2017 ജനുവരി 10ന് വരുന്നതിന് മുമ്പ് തന്നെ സർക്കാർ രണ്ട് ഗഡുക്കൾ നൽകിക്കഴിഞ്ഞിരുന്നു. മൂന്നാം ഗഡുവിന്റെ വിതരണം പൂർത്തിയാക്കി സത്യവാങ്മൂലം സർക്കാർ സുപ്രീംകോടതിയിൽ സമർപ്പിച്ചിട്ടുണ്ട്.

ധനസഹായത്തിന് പുറമേ ദുരിതബാധിത കുടുംബങ്ങളിലെ കുട്ടികൾക്കുള്ള വിദ്യാഭ്യാസ ധനസഹായ പദ്ധതി, ബഡ്സ് സ്കൂൾ പദ്ധതി, ദീർഘകാല ചികിത്സാ പദ്ധതി, സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സ, ഡയാലിസിസ്, ഫിസിയോതെറാപ്പി, മൊബൈൽ മെഡിക്കൽ ടീം, യാത്രാ സൗകര്യം, ജില്ലാ ട്രീറ്റ്മെന്റ് കമ്മിറ്റി, സ്നേഹ സാന്ത്വനം പദ്ധതി എന്നിവയും നടപ്പിലാക്കിവരുന്നു.

ദുരിതബാധിതരുടെ 50,000രൂപ വരെയുള്ള വായ്പകൾ എഴുതിതള്ളുന്നതിന് 2.17കോടി രൂപയും മൂന്ന് ലക്ഷം വരെയുള്ള കടബാധ്യതകൾ എഴുതി തള്ളുന്നതിന് 4.39 കോടി രൂപയും അനുവദിച്ചു. ഇതുവരെ 2,74,76,280 രൂപയുടെ വായ്പകൾ എഴുതി തള്ളി. ആറ് മാസത്തേക്ക് മോറട്ടോറിയവും പ്രഖ്യാപിച്ചിട്ടുണ്ട്. മുളിയാർ വില്ലേജിൽ പ്രത്യേക പുനരധിവാസ കേന്ദ്രം സ്ഥാപിക്കുന്നതിനാവശ്യമായ മാസ്റ്റർ പ്ലാനും തയ്യാറായിക്കഴിഞ്ഞു.

2013 മുതൽ ഹൈക്കോടതി അംഗീകരിച്ച മാനദണ്ഡങ്ങൾ പാലിച്ചാണ് ദുരിതബാധിതരെ കണ്ടെത്തുന്നത്. 2017ൽ നടത്തിയ മെഡിക്കൽ ക്യാമ്പിലും തുടർ പരിശോധനയിലുമായി 363 പേരെയാണ് ദുരിതബാധിതരായി കണ്ടെത്തിയത്. ഇതിനുപുറമേ 657 പേർക്ക് നിലവിൽ സൗജന്യ ചികിത്സ അനുവദിച്ചിട്ടുണ്ട്. മാനദണ്ഡങ്ങൾക്ക് വിധേയമായല്ലാതെ ഈ പട്ടികയിൽ കൂട്ടിച്ചേർക്കലുകൾ നടത്തുന്നത് നിയമവിധേയമല്ല.

എൻഡോസൾഫാൻ ഇരകളെ സഹായിക്കാൻ സാധ്യമായ എല്ലാ വഴികളും ഉപയോഗിക്കുമെന്ന് പറഞ്ഞ മന്ത്രി, സർക്കാരിന്റെ പ്രവർത്തനങ്ങളുമായി സഹകരിച്ച് കൂടുതൽ സഹായങ്ങൾ ലഭ്യമാക്കാൻ ബന്ധപ്പെട്ടവർ ശ്രമിക്കണമെന്നും അഭ്യർഥിച്ചു.

മാതൃഭൂമി

02 February2019

കർഷകർക്ക് അക്കൗണ്ടിലേക്ക് ₹6,000

രണ്ടു ഹെക്ടർ വരെ ഭൂമിയുള്ളവർക്ക് പണം ലഭിക്കും

2/2/19

ന്യൂഡൽഹി ▸ കാർഷികവിളകളുടെ വിലത്തകർച്ചയിൽ നട്ടംതിരിയുന്ന ഗ്രാമീണർക്കു, ഇടത്തരം കർഷകർക്ക് ഇടക്കാല ബജറ്റിൽ ധനമന്ത്രിയുടെ തലോടൽ. രണ്ട് ഹെക്ടറിനു കൃഷിഭൂമിയുള്ള കർഷകർക്ക് വർഷം 6,000 രൂപയുടെ സഹായധനം നൽകുന്ന 'പ്രധാനമന്ത്രി കിസാൻ സമ്മാൻ നിധി'യാണ് മന്ത്രി പീയൂഷ് ഗോയൽ പ്രഖ്യാപിച്ചത്. 2018 ഡിസംബർ ഒന്ന് മുതൽ മുൻകാല പ്രാബല്യത്തോടെയാണ് പദ്ധതി.

12 കോടിയോളം കർഷകർക്ക് പ്രയോജനം ലഭിക്കും. വർഷം മൂന്നു ഗഡുക്കളായി പണം കർഷകരുടെ അക്കൗണ്ടിലെത്തും. 2019 മാർച്ച് 31 വരെയുള്ള ആദ്യഗഡുവായ 2,000 രൂപ ഈ സാമ്പത്തികവർഷംതന്നെ അക്കൗണ്ടിലെത്തുമെന്ന് മന്ത്രി പ്രഖ്യാപിച്ചു. 2019-'20 സാമ്പത്തികവർഷത്തേക്ക് 75,000 കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്. കാർഷികവിളകൾക്ക് മതിയായ വില ലഭിക്കാത്തതിനെത്തുടർന്ന് കർഷകർക്ക് മുടക്കുമുതൽ ലഭിക്കാത്ത സാഹചര്യത്തിലാണ് പുതിയ പദ്ധതിയെന്ന് മന്ത്രി വ്യക്തമാക്കി.

■

ദേശീയ ദുരന്തനിവാരണ നിധിയിൽ നിന്ന് സാമ്പത്തികസഹായം ലഭിക്കുന്ന പ്രകൃതിദുരന്തങ്ങൾക്ക് ഈയാഴ്ച കർഷകരുടെ വായ്പ തിരിച്ചടവ് കാലാവധി തീരുന്നതുവരെ പലിശയിൽ രണ്ടു ശതമാനം ഇളവ് നൽകും. നിലവിൽ പുനഃക്രമീകരിച്ച വായ്പയ്ക്ക് കർഷകർക്ക് ഒരു വർഷത്തേക്കാണ് രണ്ട് ശതമാനം ഇളവുള്ളത്. വായ്പ കൃത്യമായി തിരിച്ചടയ്ക്കുന്നവർക്ക് മൂന്നു ശതമാനം പലിശയിളവും ലഭിക്കും. കിസാൻ ക്രെഡിറ്റ് കാർഡ് വഴി വായ്പയെടുക്കുന്നതിനുള്ള അപേക്ഷാ നടപടിക്രമങ്ങളും ലഘൂകരിക്കും.



മാതൃഭൂമി

02 February2019



തളരല്ലേ കുഞ്ഞേ... എൻഡോസൾഫാൻ ദുരിത ബാധിതയായ മുണ്ടേരിയിലെ നേത്രയുടെ സെക്രട്ടറിയേറ്റ് മുന്നിൽ നടത്തുന്ന അമ്മമാരുടെ പട്ടിണിസമരത്തിനോ മുന്നിലിരുന്നു വെള്ളിയാഴ്ച രാത്രിയിൽ 12-കാരി സാന്ത്വന അമ്മ ഗീത ദിനേശനെക്കുന്നു ഫോട്ടോ: എ.കെ. ബിജുരാജ്

ചർച്ചയിൽ തീരുമാനമായില്ല

എൻഡോസൾഫാൻ ഇരകളുടെ സമരം തുടരും

തിരുവനന്തപുരം ▸ എൻഡോസൾഫാൻ ഇരകളായവർ സെക്രട്ടേറിയറ്റ് പടിക്കൽ നടത്തുന്ന പട്ടിണിസമരം അവസാനിപ്പിക്കാൻ സർക്കാരുമായി നടത്തിയ ചർച്ച പരാജയപ്പെട്ടു. മെഡിക്കൽ സംഘം തയ്യാറാക്കിയ പട്ടികയിലുൾപ്പെടുവരെ ദുരിതബാധിതരായി അംഗീകരിക്കണമെന്ന ആവശ്യമാണ് സർക്കാർ പൂർണമായി അംഗീകരിക്കാതിരുന്നത്.

മുഖ്യമന്ത്രിയുമായുള്ള ചർച്ചയിൽ തീരുമാനമായില്ലെന്ന് സമരം തുടരുകയാണെന്ന് എൻഡോസൾഫാൻ വിരുദ്ധ ജനകീയമുന്നണി പ്രവർത്തകർ പറഞ്ഞു.

മന്ത്രിമാരായ ഇ. ചന്ദ്രശേഖരൻ, കെ.കെ. ശൈലജ എന്നിവരാണ് ചർച്ചയിൽ പങ്കെടുത്തത്. രണ്ടുമണിക്കൂറോളംനീണ്ട ചർച്ചയിൽ ദുരിതബാധിതരായി കണക്കാക്കുന്നത് സംബന്ധിച്ചുള്ള കാര്യങ്ങളാണ് പ്രധാനമായി ചൊവ്വാഴ്ചയുണ്ടായത്. ഇതുപ്രകാരം 11 കാര്യങ്ങളാണ് സമരക്കാർ ഉന്നയിച്ചത്.

നാലുലക്ഷം രൂപവരെയുള്ള കടം എഴുതിത്തള്ളും, മുഴുവൻ ഗ്രാമപ്പഞ്ചായത്തിൽ പുനരധിവാസകേന്ദ്രം പണിയും, ബഡ്സ് സ്കൂൾ നിർത്തലാക്കിയതിൽ പുനഃസ്ഥാപിക്കും, എൻഡോസംഘാതബാധിതരായ വരെ പരാമർശിച്ച മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തും, എന്നീ കാര്യങ്ങളാണ് സർക്കാർ നൽകിയ ഉറപ്പ്. ഇതിൽ സമരക്കാർക്ക് കാര്യമായ എതിർപ്പുണ്ടായില്ല. മെഡിക്കൽ സംഘത്തിന്റെ പട്ടികയിലുൾപ്പെടുത്തിയവരെയും ദുരിതബാധിതരായി കണക്കാക്കാനാകില്ലെന്ന് മന്ത്രിമാർ നിലപാടെടുത്തു. പ്രത്യേക മാനദണ്ഡം അടിസ്ഥാനമാക്കിയാണ് ദുരിതബാധിതരെ നിശ്ചയിച്ചത്. ഇതിൽ അർഹരായവർ വിട്ടുപോയിട്ടുണ്ടെങ്കിൽ പുനഃപരിശോധന നടത്താം. മെഡിക്കൽ ക്യാമ്പിൽ രജിസ്റ്റർ ചെയ്തിട്ടും പങ്കെടുക്കാനാകാതവർക്ക് വീണ്ടും അവസരം നൽകും. ഈ രണ്ടുകാര്യങ്ങളാണ് സർക്കാർ അറിയിച്ചത്.

3888 പേരാ പരിശോധിച്ച മെഡിക്കൽ സംഘമാണ് 1905 പേരുടെ പട്ടിക തയ്യാറാക്കിയത്. ഒട്ടിസം, സെറിബ്രൽ പാൾസി, മാനസിക വെല്ലുവിളി എന്നിവ തെടിടുന്നവരാണ് ഇതിലേറെയും.

ഇവരിൽനിന്ന് 384 പേരെ മാത്രമാണ് ദുരിതബാധിതരായി സർക്കാർ കണക്കാക്കിയത്. എൻഡോസംഘാത തളിച്ചതു കാരണമാണോ രോഗം ബാധിച്ചതെന്ന് പ്രാഥമികതല പരിശോധന നടത്തിയാണ് ഇവരെ ഉൾപ്പെടുത്തിയത്.

എന്നാൽ, എൻഡോസംഘാത തളിച്ചതുകൊണ്ടല്ല രോഗം വന്നതെന്ന് തെളിയിക്കാനുള്ള മെഡിക്കൽ റിപ്പോർട്ടുകൾ ഇല്ലെന്നാണ് ആരോഗ്യമന്ത്രി പറഞ്ഞതു. പിന്നെ, എങ്ങനെ മറ്റുള്ളവരെ ദുരിതബാധിതരായി പരിഗണിക്കുമെന്നതിൽ വ്യക്തമായ വിശദീകരണം മന്ത്രിമാർ നൽകാനായില്ല.

എൻഡോസൾഫാൻ: പ്രതിപക്ഷം ഇറങ്ങിപ്പോയി

അർഹരായവർക്കെല്ലാം സഹായം നൽകണം

തിരുവനന്തപുരം ▸ അർഹരായ എൻഡോസംഘാൻ ദുരിതബാധിതർക്കെല്ലാം സഹായം നൽകണമെന്നാവശ്യപ്പെട്ട് പ്രതിപക്ഷം നിയമസഭയിൽനിന്ന് ഇറങ്ങിപ്പോയി. ദുരിതബാധിതരായ 1532 പേർ ഇപ്പോഴും പുറത്താണെന്ന് പ്രതിപക്ഷനേതാവ് രമേൽ ചെന്നിത്തല ആരോപിച്ചു.

സാമൂഹികപ്രവർത്തക ദയാബായിയുടെ നേതൃത്വത്തിൽ സെക്രട്ടേറിയറ്റ്പടിക്കൽ ദുരിതബാധിതരുടെ ബന്ധുക്കൾ സമരം നടത്തുന്നുണ്ട്. ഇത് അവസാനിപ്പിക്കാൻ മുഖ്യമന്ത്രി ഇടപെടണമെന്നാവശ്യപ്പെട്ട് എൻ.എ. നെല്ലിക്കുന്നാണ് അടിയന്തരപ്രമേയത്തിന് അനുമതി തേടിയത്. എൻഡോസംഘാൻ ദുരിതബാധിതരുടെ കാര്യത്തിൽ സംസ്ഥാനസർക്കാരിന് ക്രിയാത്മക നിലപാടാണുള്ളതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു.

2017 ഏപ്രിലിൽ നടത്തിയ പ്രത്യേക ക്യാമ്പിനെത്തുടർന്ന് 287 പേരെ പുതുതായി ഉൾപ്പെടുത്തി. ഇരകളുടെ അമ്മമാർ നൽകിയ പരാതികൾ പരിശോധിച്ച് ജില്ലാതല സെല്ലിന്റെ തീരുമാനപ്രകാരം രോഗാവസ്ഥയിലുള്ള 76 പേരെക്കൂടി ഉൾപ്പെടുത്തി 363 പേരുടെ പട്ടിക അംഗീകരിച്ചു.

പരാതികളെത്തുടർന്ന് പുനഃപരിശോധനയ്ക്കുശേഷം പിന്നീട് 11 പേരെ കൂട്ടിച്ചേർത്തു. നിലവിൽ 6212 പേരാണ് ദുരിതബാധിതരായി അംഗീകരിച്ച പട്ടികയിലുള്ളത്.

ദുരിതബാധിതപട്ടികയിൽ ഉൾപ്പെടാത്ത 657 പേർക്ക് സൗജന്യ ചികിത്സാസൗകര്യം അനുവദിച്ചു. ഈ പട്ടികയിൽ കൂട്ടിച്ചേർക്കലുകൾ നടത്തുന്നത് നിയമവിധേയമല്ല.

എൻഡോസംഘാൻ ദുരിതബാധിതരുടെ പ്രയാസങ്ങൾ പരിഹരിക്കുന്നതിനായി പുനരധിവാസഗ്രാമം നിർമിക്കുന്നതിന് 68 കോടി രൂപ ചെലവഴിച്ച് പ്രവർത്തനം തുടങ്ങി.

കാസർകോട് ജില്ലയിലെ മുളിയാർ വില്ലേജിലാണ് പുനരധിവാസഗ്രാമം. ദുരിതബാധിതരുടെ പ്രയാസങ്ങൾ സർക്കാർ ഗൗരവമായി കാണുന്നതിന്റെ ഭാഗമായാണ് ബജറ്റിൽ 20 കോടിരൂപ നീക്കിവെച്ചതെന്നും മുഖ്യമന്ത്രി പറഞ്ഞു.

എൻഡോസംഘാൻ ദുരിതബാധിതരുടെ രോഗനിർണയം നടത്താൻ കാസർകോട് പ്രത്യേക ക്യാമ്പ് നടത്തിയ രണ്ടുദിവസവും ഹർത്താലായതിനാൽ ഒട്ടേറെ ആളുകൾക്ക് എത്തിച്ചേരാൻ സാധിച്ചില്ലെന്ന് പ്രതിപക്ഷനേതാവ് രമേൽ ചെന്നിത്തല പറഞ്ഞു. ഇതുമൂലം ആനുകൂല്യത്തിന് അർഹരായ ഒട്ടേറെപ്പേർ ഇപ്പോഴും പുറത്താണ്. ഇവരെക്കൂടി ഉൾപ്പെടുത്തണമെന്നും ചെന്നിത്തല ആവശ്യപ്പെട്ടു.

ജനയുഗം

02 February2019

സർക്കാരിന്റെ പരിരക്ഷ എൻഡോസൾഫാൻ ഇരകൾക്ക് ആശ്വാസമായി: മുഖ്യമന്ത്രി

2/2/19 JANAYUGAM

തിരുവനന്തപുരം: ഇടതുമുന്നണി സർക്കാർ അധികാരത്തിൽ വന്ന ശേഷം എൻഡോസൾഫാൻ ദുരിതബാധിതർക്കു നൽകിയ പരിരക്ഷയും ആശ്വാസവും അവർ അനുഭവിക്കുന്ന ദുരിതത്തെ ഒരളവെങ്കിലും കുറയ്ക്കുവാൻ കഴിഞ്ഞതായി മുഖ്യമന്ത്രി പിണറായി വിജയൻ നിയമസഭയിൽ പറഞ്ഞു.

2017 ജനുവരി 10ന് വന്ന സുപ്രീം കോടതി വിധി പ്രകാരം നഷ്ടപരിഹാരത്തിന്റെ മൂന്നാം ഗഡു അനുവദിക്കുന്നതിനായി 2017 ഏപ്രിൽ 20ന് 56.76 കോടി രൂപ സർക്കാർ അനുവദിച്ചു നൽകി. നഷ്ടപരിഹാരം നൽകാനായി ആകെ 161.65 കോടി രൂപയാണ് 2012 മുതൽ 2017 വരെയുള്ള കാലയളവിൽ വിവിധ സന്ദർഭങ്ങളിലായി അനുവദിച്ചു നൽകിയത്. 2017ൽ അനുവദിച്ച 330 ഗഡു നഷ്ടപരിഹാര തുകയിൽ നിന്ന് 3,256 പേർക്ക് 51.34 കോടി രൂപ വിതരണം ചെയ്തു കഴിഞ്ഞു. ഇതിനുപുറമെ ദുരിതബാധിതർക്കുള്ള പ്രത്യേക ധനസഹായത്തിനായി നൽകിയ തുകയിൽ 10 കോടി രൂപ ദുരിതബാധിതർക്കുള്ള സമഗ്ര ആരോഗ്യപദ്ധതിയായ 'തേജസ്വിനി' യിലേക്ക് വകയിരുത്തി നൽകിയിട്ടുണ്ട്. 2017ൽ പുതുതായി കണ്ടെത്തിയവർക്ക് സാമ്പത്തികസഹായം വിതരണം ചെയ്യുന്നതിനായി 8.35 കോടി രൂപ ആദ്യഘട്ടമായി കളക്ടർക്ക് അനുവദിച്ചിട്ടുണ്ടെന്നും മുഖ്യമന്ത്രി വ്യക്തമാക്കി. ഇതു സംബന്ധിച്ച് പ്രതിപക്ഷത്ത് നിന്ന് എൻ എ നെല്ലിക്കുന്ന് അവതരണാനുമതി തേടിയ അടിയന്തര പ്രമേയ നോട്ടീസിന് വിശദീകരണം നൽകുകയായിരുന്നു അദ്ദേഹം.

ദുരിതബാധിതർക്ക് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ നിന്ന് ലഭിക്കുന്ന പെൻഷനു പുറമെ 1,700 രൂപ വീതവും പെൻഷൻ ലഭിക്കാത്തവർക്ക് 2,200 രൂപയും മറ്റുള്ളവർക്ക് 1,200 രൂപയും പ്രതിമാസം സ്നേഹസാന്ത്വനം പദ്ധതി മുഖേന നൽകിവരുന്നു. 4,896 പേർക്ക് നിലവിൽ ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നുണ്ട്. ലഭ്യമായ കണക്കുകൾ പ്രകാരം 201617 ൽ 9.76 കോടി രൂപയും 2017-18ൽ 9.68 കോടി രൂപയും 2018-19ജനുവരി 15 വരെ 7.48 കോടി രൂപയുമാണ് ഇതിനായി ചെലവായിട്ടുള്ളത്.

വിദ്യാഭ്യാസ ധനസഹായ പദ്ധതി പ്രകാരം ദുരിതബാധിതരായ കുട്ടികളുടെ വിദ്യാഭ്യാസത്തിനായി ബഡ്സ് സ്കൂളിൽ പഠിക്കുന്നവർക്ക് 2,000 രൂപ വീതവും ഒന്നു മുതൽ ഏഴ് വരെയുള്ള ക്ലാസുകളിലെ കുട്ടികൾക്ക് 2,000 രൂപ വീതവും എട്ട് മുതൽ 10 വരെയുള്ളവർക്ക് 3,000 രൂപ വീതവും 11, 12 ക്ലാസുകാർക്ക് 4,000 രൂപ വീതവും ഒറ്റത്തവണ ധനസഹായം നൽകുന്ന പദ്ധതിയാണിത്. കഴിഞ്ഞ അധ്യയന വർഷം 1,213 കുട്ടികൾക്കാണ് ഇതിന്റെ പ്രയോജനം ലഭിച്ചത്.

സ്പെഷ്യൽ ആശാകിരണം പദ്ധതി പ്രകാരം പരസഹായം കൂടാതെ ജീവിക്കുവാൻ കഴിയാത്ത 790 പേർ ഉണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇവരെ സഹായിക്കുന്നതിനായി പ്രതിമാസം 700രൂപ വീതം പരിചരിക്കുന്ന വ്യക്തിക്ക് നൽകിവരുന്നുണ്ട്.

ദുരിതബാധിതരുടെ പട്ടികയിൽ ഉൾപ്പെടാത്ത മരണപ്പെട്ടുപോയ എൻഡോസൾഫാൻ ദുരിതബാധിതരെന്ന് കണ്ടെത്തിയുള്ളവരുടെ ആശ്രിതർക്ക് ദേശീയ മനുഷ്യാവകാശ കമ്മിഷൻ ശുപാർശ ചെയ്തിട്ടുള്ള പ്രത്യേക ധനസഹായവും അനുവദിച്ചു വരുന്നു.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ദുരിതബാധിതർക്കു വേണ്ടി മാതൃകാപരമായ പ്രവർത്തനമാണ് ഇതുമുന്നണി സർക്കാർ ഇടപെട്ട് നടത്തിയിട്ടുള്ളത്. സംസ്ഥാന സർക്കാരിന്റെ ഇത്തരത്തിലുള്ള സേവനത്തെ ബഹുമാനപൂർവ്വം ഹൈക്കോടതി പ്രശംസിച്ചിട്ടുണ്ട്. കേന്ദ്ര ധനസഹായം ലഭ്യമാക്കുന്നതിനായി 483 കോടി രൂപയുടെ നിർദ്ദേശം 2012ൽ സമർപ്പിച്ചിട്ടുണ്ടെങ്കിലും ധനസഹായമൊന്നും ലഭ്യമായിട്ടില്ല.

എൻഡോസൾഫാൻ ദുരിതബാധിതരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി പുനരധിവാസ ഗ്രാമം തന്നെ നിർമിക്കുന്നതിന് 68 കോടി രൂപ ചെലവഴിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങളും ആരംഭിച്ചു. ഇതിന്റെ നിർമാണപ്രവർത്തനങ്ങൾക്കായി ഊരാളുങ്കൽ സൊസൈറ്റിയെ ചുമതലപ്പെടുത്തുകയും ചെയ്തു.

സാമൂഹ്യ സേവനമേഖലയിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായി 233 പദ്ധതികൾക്ക് ഭരണാനുമതി നൽകി. സ്കൂൾ കെട്ടിടങ്ങൾ,ആശുപത്രികൾ, ജലവിതരണ പദ്ധതികൾ തുടങ്ങിയവയാണ് ഇതിലുള്ളത്. 197പദ്ധതികൾ ഇതിനകം തന്നെ പൂർത്തിയായി കഴിഞ്ഞിട്ടുണ്ട്.

എൻഡോസൾഫാൻ ദുരിതബാധിതരുടെ പ്രശ്നങ്ങൾ സർക്കാർ ഗൗരവമായി കാണുന്നുവെന്നതിന്റെ ഭാഗമാണ് ഈ ബജറ്റിൽ 20 കോടി രൂപ സർക്കാർ നീക്കിവെച്ചത്. ഈ തുകയും ഇവരുടെ ആശ്വാസപ്രവർത്തനങ്ങൾക്കായി നൽകും എന്നതാണ് യഥാർത്ഥ്യമെന്നും മുഖ്യമന്ത്രി പറഞ്ഞു. വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് സ്പീക്കർ പി ശ്രീരാമകൃഷ്ണൻ അനുമതി നിഷേധിച്ചു. ഇതിൽ പ്രതിഷേധിച്ച് പ്രതിപക്ഷം സഭയിൽ നിന്ന് ഇറങ്ങിപ്പോയി.

എൻഡോസൾഫാൻ; പുനഃപരിശോധന നടത്തി അർഹരെ കണ്ടെത്തും: സർക്കാർ

2/2/19 JANAYUGAM

തിരുവനന്തപുരം: എൻഡോസൾഫാൻ ബാധിതരെ കണ്ടെത്താൻ എല്ലാ സർക്കാരുകളും സ്വീകരിച്ച മാനദണ്ഡപ്രകാരം പുനഃപരിശോധന നടത്തിപ്പുതെങ്കിലും അർഹരുണ്ടെങ്കിൽ അവരെയും ലിസ്റ്റിൽ ഉൾപ്പെടുത്തുമെന്ന് റവന്യൂമന്ത്രി ഇ ചന്ദ്രശേഖരൻ. നിയമസഭയിലെ റവന്യു മന്ത്രിയുടെ ചേംബറിൽ എൻഡോസൾഫാൻ ഹിബിത ജനകീയ മുന്നണി പ്രതിനിധികളുമായി നടത്തിയ ചർച്ചയിലാണ് ഇതുസംബന്ധിച്ച ഉറപ്പ് മന്ത്രി നൽകിയത്.

സർക്കാർ ഏതു നിലയിൽ ദുരിതബാധിതർക്കായി ചെയ്യാൻ കഴിയുന്നതെല്ലാം ചെയ്തിട്ടുണ്ടെന്നും എൻഡോസൾഫാൻ മൂന്നണി ഉന്നയിക്കുന്ന ആവശ്യങ്ങൾ അനുഭാവപൂർവ്വം പരിഗണിക്കുമെന്നും മന്ത്രി വാർത്താസമ്മേളനത്തിൽ വ്യക്തമാക്കി. എൻഡോസൾഫാൻ ഹിബിത ജനകീയ മുന്നണി സെക്രട്ടേറിയറ്റിന് മുന്നിൽ നടത്തിവരുന്ന സമരം പിൻവലിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

1905 പേരെയും ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്നാണ് സമരക്കാരുടെ ആവശ്യം. വിദഗ്ധ ഡോക്ടർമാർ അടങ്ങിയ പാനൽ 90 ദിവസത്തിനകം പരിശോധന നടത്തും. നേരത്തെ അർഹരെ കണ്ടെത്താൻ മെഡിക്കൽ ക്യാമ്പ് നടത്തിയപ്പോൾ ഹർത്താൽ കാരണം പങ്കെടുക്കാൻ കഴിയാതിരുന്നവർക്കായി പ്രത്യേക ക്യാമ്പ് നടത്താമെന്നും സർക്കാരെ അറിയിച്ചിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. വാർത്താസമ്മേളനത്തിൽ ആരോഗ്യമന്ത്രി കെ കെ ശൈലജയും പങ്കെടുത്തു.



എൻഡോസൾഫാൻ ദുരിത ബാധിതരുമായി റവന്യുമന്ത്രി ഇ ചന്ദ്രശേഖരൻ ചർച്ചനടത്തുന്നു. മന്ത്രി കെ കെ ശൈലജ സമീപം

2013 മുതൽ ഹൈക്കോടതി അംഗീകരിച്ച മാനദണ്ഡങ്ങൾ പാലിച്ചാണ് ദുരിതബാധിതരെ കണ്ടെത്താൻ ജില്ലാ ഭരണകൂടവും ആരോഗ്യവകുപ്പും പ്രവർത്തിച്ചുവരുന്നത്. ഒരു പ്രത്യേക മെഡിക്കൽ സംഘം നിലപാടിൽ സുക്ഷ്മ പരിശോധന നടത്തിയശേഷമാണ് അർഹരുടെ പട്ടിക മുൻപ് തയ്യാറാക്കിയത്.

സർക്കാർ അധികാരത്തിൽ വന്നശേഷം 2017 ഏപ്രിൽ മാസം നടത്തിയ പ്രത്യേക ക്യാമ്പിനെ തുടർന്ന് 287 പേരെ പുതുതായി ഉൾപ്പെടുത്തി. അതു സംബന്ധിച്ച് ഇകേളുടെ അഭാഗർ നൽകിയ പരാതികൾ പരിശോധിച്ച് ജില്ലാതല സെല്ലിന്റെ തീരുമാനപ്രകാരം രോഗാവസ്ഥയിലുള്ള 75 പേരെ കൂടി ഉൾപ്പെടുത്തി 363 പേരുടെ പട്ടിക അംഗീകരിച്ചു. പരാതിക്കെട തുടർന്ന് പുനഃപരിശോധനയ്ക്കു ശേഷം പിന്നീട് 116പേരെ കൂടി കൂട്ടിച്ചേർത്തു. നിലവിൽ ആകെ 6212 പേരാണ് ദുരിതബാധിതരായി അംഗീകരിച്ച പട്ടികപ്രകാരം നിലവിലുള്ളത്.

ദുരന്തബാധിത കുടുംബത്തിലെ രണ്ടു കുട്ടികളിൽ രണ്ടെമാത്രം ഉൾപ്പെടുത്തിയത് സംബന്ധിച്ച് സമരക്കാരുടെ പ്രതിനിധികൾ ചൂണ്ടിക്കാട്ടി. ഇത്തരം കേസുകൾ പ്രത്യേകം പരിഗണിക്കുമെന്നും മന്ത്രി വ്യക്തമാക്കി.

മൂന്നു ലക്ഷം രൂപവരെ കടബാധ്യതയുള്ളവരുടെ കടം എഴുതിത്തള്ളുന്നതിനായി 4.63 കോടി രൂപ അനുവദിച്ചിട്ടുണ്ട്. നേരത്തെ 50,000 രൂപ വരെയുള്ള കടങ്ങൾ എഴുതിത്തള്ളുന്നതിന് 2.67 കോടി രൂപ അനുവദിച്ചിരുന്നു. പൂർണമായി കിടപ്പിലായവർ, മനോവൈജ്ഞവർ, മാനസിക ബുദ്ധിമുട്ടനുഭവിക്കുന്നവർ എന്നി വിഭാഗങ്ങൾക്ക് അഞ്ച് ലക്ഷം രൂപയും 2വ്വ വിഭാഗങ്ങളിലുള്ളവർക്ക് മൂന്നു ലക്ഷം രൂപയും സാമ്പത്തിക സഹായം നൽകിക്കൊണ്ടിരിക്കുകയാണ്.

സർക്കാരിന്റെ ആയിരം ദിനാഘോഷത്തിന്റെ ഭാഗമായി ആർ ബഡ്സ് സ്കൂളുകൾ കാസർകോട് ഉദ്ഘാടനം ചെയ്യും. മൂന്നു ബഡ്സ് സ്കൂളുകളുടെ പ്രവൃത്തികൾ അന്തിമ ഘട്ടത്തിലാണ്. ദുരന്തബാധിതരെ ശാസ്ത്രീയമായി പുനരധിവസിപ്പിക്കുന്നതിന്റെ ഭാഗമായി പുളിയാർ പഞ്ചായത്തിൽ 61 കോടി രൂപ ചെലവഴിച്ച് പദ്ധതി നടപ്പാക്കും. ഇതിനുള്ള വിശദമായ പദ്ധതി രൂപരേഖ ഊരാളുങ്കൽ സൊസൈറ്റി തയ്യാറാക്കിക്കഴിഞ്ഞു. ഈ രേഖയിൽ ബാക്കിവന്ന എൻഡോസൾഫാൻ ശാസ്ത്രീയമായി നിർവീര്യമാക്കുന്നതിന് പെസ്റ്റിസൈഡ് ഇന്ത്യാ ലിമിറ്റഡുമായി ബന്ധപ്പെട്ട് ജില്ലാ കളക്ടർ നടപടിയെടുത്തിട്ടുണ്ടെന്നും മന്ത്രിമാർ അറിയിച്ചു.

സാമൂഹ്യനീതി വകുപ്പ് സെക്രട്ടറി ബിജു പ്രഭാകർ, കാസർകോട് ജില്ലാ കളക്ടർ ഡോ. ഡി സജിത് ബാബു എന്നിവരും ചർച്ചയിൽ സംബന്ധിച്ചു.

അതേസമയം, മന്ത്രിമാരുമായി നടത്തിയ ചർച്ചയ്ക്കുശേഷം സെക്രട്ടേറിയറ്റിനു മുന്നിലെ സമരപന്തലിൽ തിരിച്ചെത്തിയ നേതാക്കൾ സമരം മുന്നോട്ടു കൊണ്ടുപോകുമെന്ന് അറിയിച്ചു. നാളെ മുഖ്യമന്ത്രിയുടെ വസതിയിലേക്ക് സമര യാത്ര നടത്തും.



ജനയുഗം

04 February2019

എൻഡോസൾഫാൻ സമരമല്ല; ഒരു നാടിന്റെ നൊമ്പരം

4/2/19 JANAYUGAM

തിരുവനന്തപുരം: ഭൂമിയുടെ അവകാശം തങ്ങൾക്ക് മാത്രമാണെന്നും വിതയ്ക്കുന്നതിലെല്ലാം നൂറുമേനി വിളവു കൊയ്യണമെന്നുമുള്ള പരിശീകൃത മനുഷ്യന്റെ ആർത്തിയുടെ പരിണിതഫലമാണ് എൻഡോസൾഫാൻ ഇരകളെന്ന നമ്മുടെ സഹജീവികൾ. ആരുടെയൊക്കെയോ അത്യാഗ്രഹത്തിന് ജീവിതം കൊണ്ട് മറുപടി പറയേണ്ടിവന്ന ഹതഭാഗ്യരായ മനുഷ്യരുടെ ജീവിതപോരാട്ടങ്ങളുടെയും കണ്ണുനീരിന്റെയും വിഷമതകളുടെയും ആകെ തുകയാണ് എൻഡോസൾഫാൻ സമരം എന്ന വാക്ക്.

1976 മുതൽ കാസർകോട് ജില്ലയിൽ പ്ലാന്റേഷൻ കോർപ്പറേഷനു കീഴിലുള്ള കശുമാവിൻതോട്ടങ്ങൾക്കു മുകളിൽ വട്ടമിട്ടു പറന്ന ഹെലികോപ്റ്ററുകൾ രണ്ടര പതിറ്റാണ്ടുകാലം എൻഡോസൾഫാൻ തളിച്ചിരുന്നു. ഒമ്പതു ഗ്രാമങ്ങളിലെ 12,000 ഏക്കർ സ്ഥലത്ത് ഈ വിഷമഴയുണ്ടാക്കിയ ദുരിതങ്ങൾ ഇപ്പോഴും തുടരുന്നു. മനുഷ്യനിലെ



ജനിതക വൈകല്യങ്ങളാണ് ഈ വിഷമഴയുടെ പരിണിത ഫലമെന്നോണം കാലം കാത്തുവെച്ചിരുന്നത്.

എൻഡോസൾഫാൻ മാരകമായ രോഗങ്ങൾക്കും ജനിതക വൈകല്യങ്ങൾക്കും വഴിവെയ്ക്കുന്ന കാര്യം ആദ്യം ലോകശ്രദ്ധയിൽ കൊണ്ടുവരുന്നത് പ്രമുഖ പരിസ്ഥിതി പ്രവർത്തകനായ ദേലന്തറ ശ്രീകൃഷ്ണട്ടെ എന്ന ശ്രീപദ്രെ ആണ്. ഡോക്ടറായ വൈ എസ് മോഹൻകുമാർ മെഡിക്കൽ ജേർണലുകൾ വഴിയും ബോധവൻ കരണം വഴിയും ഈ കീടനാശിനി മൂലമുണ്ടായ ജനിതക വൈകല്യങ്ങളെ കുറിച്ച് പുറംലോകത്തെ അറിയിച്ചു. മാധ്യമപ്രവർത്തകരും സാമൂഹിക പ്രവർത്തകരും സാധാരണക്കാരായ മനുഷ്യസ്നേഹികളും എൻഡോസൾഫാൻ വിതച്ച ദുരിതത്തെക്കുറിച്ച് ഉറക്കെ പറഞ്ഞുകൊണ്ടേയിരുന്നു. ശ്രീപദ്രെ മുതൽ ദയാബായി വരെയുള്ളവർ എൻഡോസൾഫാൻ ഇരകൾക്കു വേണ്ടി നിലപാടെടുത്തു. സമരങ്ങൾ അനവധി വന്നു. ഏറ്റവുമൊടുവിൽ പീഡിത ജനകീയ മുന്നണിയുടെ നേതൃത്വത്തിൽ നടന്ന സമരം വരെ. അവകാശ സമരങ്ങളെ അനുഭാവത്തോടെ കൈകാര്യം ചെയ്തു എന്ന ഇടതു സർക്കാരിന്റെ നയം ഇവർക്കും തുണയായി. നിയമത്തിന്റെ നിർവചനങ്ങൾക്കുള്ളിൽ നിന്ന് സാധ്യമായ എല്ലാ സഹായങ്ങളും നൽകുമെന്ന ഉറപ്പാണ് ഇന്നലെ ഇവർക്ക് നൽകിയത്.

സർക്കാർ അധികാരത്തിൽ വന്നശേഷം 2017 ഏപ്രിൽ മാസം നടത്തിയ പ്രത്യേക ക്യാമ്പിനെ തുടർന്ന് 287 പേരെ പുതുതായി ഉൾപ്പെടുത്തിയിരുന്നു. അതു സംബന്ധിച്ച് ഇരകളുടെ അമ്മമാർ നൽകിയ പരാതികൾ പരിശോധിച്ച് ജില്ലാതല സെല്ലിന്റെ തീരുമാനപ്രകാരം രോഗാവസ്ഥയിലുള്ള 76 പേരെ കൂടി ഉൾപ്പെടുത്തി 363 പേരുടെ പട്ടിക അംഗീകരിച്ചു. പരാതികളെ തുടർന്ന് പുനഃപരിശോധനയ്ക്കു ശേഷം പിന്നീട് 11പേരെ കൂടി കൂട്ടിച്ചേർത്തു. നിലവിൽ 6,212 പേരാണ് ദുരിതബാധിതരായി അംഗീകരിച്ച പട്ടികയിലുള്ളത്. ഇതിന് പുറമേ ആനുകൂല്യങ്ങളുടെ പട്ടികയിൽ നിന്നും പുറത്തായിരുന്ന എൻഡോസൾഫാൻ ഇരകൾക്ക് കൂടി സംരക്ഷണം നൽകാനുള്ള തീരുമാനം ഉണ്ടായത്. അതെ, ഈ ഇടതു സർക്കാർ എൻഡോസൾഫാൻ ഇരകൾക്കും ഒപ്പമുണ്ട്.

പ്രതികരണം തെറ്റിദ്ധരിക്കപ്പെട്ടത് ഖേദകരം: മന്ത്രി

കാഞ്ഞങ്ങാട്: എൻഡോസൾഫാൻ സമരക്കാരുടെ സെക്രട്ടേറിയറ്റ് പടിക്കൽ നടത്തുന്ന സമരവുമായി ബന്ധപ്പെട്ട പ്രതികരണം തെറ്റിദ്ധരിക്കപ്പെട്ടത് ഖേദകരമാണെന്ന് ആരോഗ്യമന്ത്രി കെ കെ ശൈലജ.

ശാരീരിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ പൊരിവെയിലിൽ പൊടിയും പുകയും കൊള്ളിച്ച് സമരത്തിനിരുത്തിയത് ശരിയല്ലെന്നും അവരെ സമരപന്തലിൽ നിന്നും മാറ്റണമെന്നാണ് തന്റെ പരാമർശമെന്നും മന്ത്രി പറഞ്ഞു. മുളിയാറിൽ എൻഡോസൾഫാൻ ദുരിതബാധിതരുടെ പുനരധിവാസ ഗ്രാമം ഒരു വർഷത്തിനകം പൂർത്തിയാക്കും. 68 കോടിയുടെ പദ്ധതിയുടെ മാസ്റ്റർ പ്ലാൻ അംഗീകരിച്ചുവെന്നും മന്ത്രി പറഞ്ഞു.

മാതൃഭൂമി

04 February2019

കണ്ണുതുറപ്പിച്ച് സങ്കടജാഥ

4/2/19

തിരുവനന്തപുരം ▸ എൻഡോസൾഫാൻ സംഘാനിയുടെ ദുരിതങ്ങളുടെ പൊരിവെയിലിൽപ്പെട്ടുപോയവർ സങ്കടങ്ങളുമായി തലസ്ഥാനത്ത് എം.ജി. റോഡിലൂടെ ജാഥയായി നിങ്ങിയപ്പോഴും ഐക്യദാർഢ്യവുമായി ഒട്ടേറെ പേരെത്തി.

അമ്മമാർ മുദ്രാവാക്യം വിളിച്ച് സെക്രട്ടേറിയറ്റ് നടയിലിനിന്ന് ക്ലിഫ്ഹൗസിലേക്കുള്ള സങ്കടജാഥയിൽ അണിനിരന്നപ്പോഴേക്കും റോഡിലെമ്പാടും കുട്ടികളും സഹായികളുമായെത്തിയവരുടെ കാറുകളിലാണ് സമരസ്ഥലത്തെത്തിയത്.

ഇവരുടെ ഈ സങ്കടജാഥയെ സർക്കാരിനെതിരെ കണ്ണുരുട്ടി പ്രീക്കുകയും.

ഞായറാഴ്ച രാവിലെ പതിനൊന്നോടെയാണ് പത്തു കുട്ടികളും രക്ഷിതാക്കളുമടങ്ങിയ സംഘം ക്ലിഫ്ഹൗസിലേക്കു മാർച്ച് നടത്തിയത്. പട്ടാളവേഷം കെട്ടിയ കുട്ടികളുടെ കൈയിൽ പ്ലക്കാർഡുകളുണ്ടായിരുന്നു. ഇവരുടെ മുന്നിലായി അമ്മമാരുടെ കൈകളിലുമുണ്ടായിരുന്നു പ്ലക്കാർഡുകൾ. ഇവയിൽ തങ്ങളുടെ ദുരിതങ്ങൾ വിവരിച്ചിരുന്നു.

നന്ദി... നന്ദിമാത്രം...

എല്ലാവരോടും നന്ദിമാത്രം. സർക്കാരിനോടും. മന്ത്രിമാരുടെ പരാമർശത്തിൽ പരാതിയില്ല എല്ലാം ഈ കുഞ്ഞുങ്ങൾക്കുവേണ്ടിയാണെന്നറിയാം. ഈ കുഞ്ഞുങ്ങൾക്കും നന്ദി. ഈ സമരവും കഴിയുന്നു. എല്ലാവരും കണ്ടു. അതുമതി.

-ദയാബായി

ഇതുകണ്ട് ഇരുചക്രവാഹനങ്ങളിലെത്തിയ പോലീസുകാർ ഇവരെ തടഞ്ഞു. ഇതിനിടെ ഡി.സി.സി. മുൻ പ്രസിഡന്റ് വി.എം. സുധീരൻ മാർച്ചിനഭിസംബോധന ചെയ്യുകയും പോലീസിനെ മുഖ്യമന്ത്രിയുടെ ഓഫീസിൽനിന്ന് വിവരമറിയിച്ച് സമരം തടയുന്നതിന് ഇടപെടുകയും ചെയ്തു. തുടർന്ന് ഇവരുടെ ആവശ്യങ്ങൾ അംഗീകരിക്കപ്പെടുമെന്ന പ്രതീക്ഷയുമായി അവർ സമരം പിൻവലിക്കുകയായിരുന്നു.

സെക്രട്ടേറിയറ്റിൽ മുഖ്യമന്ത്രിയുടെ സാന്നിധ്യത്തിൽ രണ്ടുമണിക്കൂറിലേറെ ചർച്ച നീണ്ടു. ആദ്യഘട്ടത്തിൽ തന്നെ കാര്യങ്ങൾ തങ്ങൾക്കനുകൂലമാകുമെന്ന പ്രതീക്ഷയിലായിരുന്നു അമ്മമാർ. എന്നാൽ, ചർച്ച പുരോഗമിക്കുന്തോറും ഇവരുടെ പ്രതീക്ഷകൾ അസ്തമിക്കുന്നതായിരുന്നു കാണാനായത്. ഒടുവിൽ ചർച്ച പരാജയപ്പെട്ടതായി അറിയിച്ചപ്പോൾ അമ്മമാരുടെ മുഖത്തുണ്ടായിരുന്ന പ്രതീക്ഷയുടെ തിളക്കം മാഞ്ഞു. ചർച്ചയിൽ പങ്കെടുത്ത ഇവരുടെ പ്രതിനിധികൾ പുറത്തുവന്ന് ഇക്കാര്യം അറിയിച്ചപ്പോൾ അമ്മമാരുടെ കണ്ണുകൾ നിറഞ്ഞൊഴുകി. തുടർന്ന് കുട്ടികളെ വാഹനങ്ങളിലേക്കു മാറ്റി. ക്ലിഫ്ഹൗസിനു സമീപം പോലീസ് ബാരിക്കേഡിനു മുന്നിൽ അമ്മമാരും മക്കളും സങ്കടപ്പെരുമഴയായി.



● വേദനയുടെ മുകരത്തേടി... എൻഡോസൾഫാൻ പീഡിത ജനകീയ മുന്നണി സെക്രട്ടേറിയറ്റു മുന്നിൽ നടത്തിയ അമ്മമാരുടെ പട്ടിണിസമരത്തിൻറെ ഭാഗമായി മുഖ്യമന്ത്രിയുടെ വസതിയായ ക്ലിഫ് ഹൗസിലേക്കു നടന്ന സങ്കടജാഥയിൽ നിന്ന്

482 കുട്ടികളെക്കൂടി പട്ടികയിൽ ഉൾപ്പെടുത്തും

തിരുവനന്തപുരം ▸ 2017-ൽ എൻഡോസൾഫാൻ ദുരിതബാധിതർക്കായുള്ള മെഡിക്കൽ ക്യാമ്പിൽ കണ്ടെത്തിയ, 11 പഞ്ചായത്തുകൾക്കു പുറത്തുള്ള 482 കുട്ടികളെ മുഖ്യധാരാ സൗകര്യങ്ങളിൽപ്പെടുത്തും. സമഗ്രപുനരധിവാസ പദ്ധതിയിൽ ചർച്ചയിൽ മുഖ്യമന്ത്രി പിണറായി വിജയനാണ് ഇക്കാര്യം അറിയിച്ചത്.

2017-ലെ മെഡിക്കൽ ക്യാമ്പിൽ ജൈവിക സാധ്യതാ പട്ടികയിൽ ഉൾപ്പെട്ട 1905 പേരുണ്ടായിരുന്നു.

അതിൽ അന്ന് 18 വയസ്സിൽ താഴെയുണ്ടായിരുന്നവരെ വിശദപരിശോധനയ്ക്കു വിധേയരാക്കിയപ്പോൾ 482 പേർക്കുകൂടി രോഗലക്ഷണങ്ങൾ കണ്ടെത്തി. ഇവരെ ഉൾപ്പെടുത്തിയാണ് പുതിയ പട്ടിക തയ്യാറാക്കുന്നത്. ഇതോടെ ആകെ ദുരിതബാധിതരുടെ എണ്ണം 2387 ആകും. ഇവരിൽ 1,031 പേർ കിടപ്പുരോഗികളാണ്. ഇവർക്കുള്ള പ്രത്യേക പരിചരണത്തിനായി 11 പഞ്ചായത്തുകളിൽ പാലിയേറ്റീവ് കെയർ യൂണിറ്റുകൾ തുടങ്ങും. ഇവർക്കുള്ള പ്രതിമാസ പെൻഷൻ 1,000 രൂപയിൽനിന്ന് 2,000 രൂപയാക്കി ഉയർത്തും. ഇവരുടെ കുടുംബത്തിലെ ഒരാൾക്ക് തൊഴിൽ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കും. ഇവരുടെ കുടുംബത്തിലെ കുട്ടികൾക്ക് സൗജന്യ വിദ്യാഭ്യാസം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കും. ഇവരുടെ കുടുംബത്തിലെ കുട്ടികൾക്ക് സൗജന്യ വിദ്യാഭ്യാസം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കും.



● ഇനിയൊന്നു വിരിക്കാം... മുഖ്യമന്ത്രിയുമായി നടത്തിയ ചർച്ച വിജയിച്ചതിൽ സമുഹികപ്രവർത്തക ദയാബായി സമരത്തിൽ പങ്കെടുത്ത കുട്ടിയെ കെട്ടിപ്പിടിച്ച് ആഹ്ലാദം പ്രകടിപ്പിക്കുന്നു |ഫോട്ടോ: ബിജു വർഗീസ്

ജനയുഗം

04 February2019

സർക്കാർ ഇരകൾക്കൊപ്പം

V2/5 JANAYUGAM

എൻഡോസൾഫാൻ സമരം അവസാനിച്ചു

സ്വന്തം ലേഖകൻ

തിരുവനന്തപുരം: എൻഡോസൾഫാൻ ദുരിതബാധിതരുമായി സർക്കാർ നടത്തിയ ചർച്ച വിജയം. എൻഡോസൾഫാൻ സമരം സംബന്ധിച്ച് മുഖ്യമന്ത്രിയുടെ സാന്നിധ്യത്തിൽ നടത്തിയ ചർച്ചയിലാണ് ആനുകൂല്യങ്ങളുടെ പട്ടികയിൽ നിന്നും പുറത്തായിരുന്ന എൻഡോസൾഫാൻ ഇരകൾക്ക് കൂടി സംരക്ഷണം നൽകാനുള്ള തീരുമാനം ഉണ്ടായത്.

മെഡിക്കൽ ക്യാമ്പിൽ ബയോളജിക്കൽ പ്രോസിബിൾ ലിസ്റ്റിൽ ഉൾപ്പെട്ട 1905 പേരിൽ അന്ന് 18 വയസിൽ താഴെ പ്രായമുണ്ടായിരുന്ന കുട്ടികളെ മെഡിക്കൽ പരിശോധനയുടെ അടിസ്ഥാനത്തിൽ എൻഡോസൾഫാൻ ആനുകൂല്യത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തുമെന്ന് സർക്കാർ ഉറപ്പു നൽകി. നേരത്തെ മെഡിക്കൽ സംഘം ശുപാർശ ചെയ്തവരുടെ കാര്യത്തിൽ വീണ്ടും പരിശോധന നിർബന്ധമില്ല. ജില്ലാ കലക്ടർ ഇക്കാര്യത്തിൽ ആവശ്യമായ പരിശോധന കൂടി നടത്തിയാകും തീരുമാനമെടുക്കുകയെന്നും മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി എം വി ജയരാജൻ അറിയിച്ചു.

ഇതോടെ സെക്രട്ടേറിയറ്റിന് മുന്നിൽ നടത്തിവന്ന പട്ടിണി സമരം അവസാനിപ്പിക്കാൻ സമര സമിതി തീരുമാനിച്ചു. മുഖ്യമന്ത്രി നൽകിയ ഉറപ്പിന്റെ അടിസ്ഥാനത്തിൽ സമരം അവസാനിപ്പിക്കുകയാണെന്ന് സമരസമിതി കൺവീനർ അമ്പലത്തറ കുഞ്ഞികൃഷ്ണൻ അറിയിച്ചു.

ഹർത്താൽ കാരണം മെഡിക്കൽ ക്യാമ്പിൽ പങ്കെടുക്കാൻ കഴിയാതെ പോയ കുട്ടികൾക്ക് വേണ്ടി വീണ്ടും മെഡിക്കൽ ക്യാമ്പ് നടത്തും. അതിനു ബാധകമാകാതെ 560 ഓളം കുട്ടികളെ കൂടി ലിസ്റ്റിൽ ഉൾപ്പെടുത്തും. സുപ്രീംകോടതി വിധിയിലെ അവ്യക്തത നീക്കാനും നടപടി ഉണ്ടാകും. മറ്റുള്ളവരുടെ കാര്യത്തിൽ തീരുമാനമെടുക്കാൻ ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിയെന്ന് മുഖ്യമന്ത്രിയുടെ ഓഫീസ് അറിയിച്ചു.

ദുരിതബാധിതരുടെ സാധ്യതാ പട്ടികയിൽ 1905 പേർ ഉൾപ്പെട്ടിരുന്നെങ്കിലും അന്തിമ പട്ടിക വന്നപ്പോൾ എണ്ണം 364 ആയി. ഇതിൽ മാത്രം ആവശ്യപ്പെട്ടുവെന്നുള്ളൂ സമരം. ഈ ആവശ്യം അംഗീകരിച്ചതോടെയാണ് സമരം അവസാനിപ്പിക്കാൻ തീരുമാനിച്ചത്.

മുഖ്യമന്ത്രിയുടെ ഓഫീസിൽ എം വി ജയരാജന്റെ നേതൃത്വത്തിലായിരുന്നു ചർച്ച നടന്നത്. അവസാന ഘട്ടത്തിൽ മുഖ്യമന്ത്രി പിണറായി വിജയനും ചർച്ചയിൽ പങ്കെടുത്തു. സമരസമിതി പ്രതിനിധികളായ അംബികാസുതൻ മാങ്ങാട്, മുനീസ, കെ സെയ്ദ, അരുണ്ണി ചന്ദൻ, കെ സന്തോഷ് കുമാർ എന്നിവരും പങ്കെടുത്തു. കഴിഞ്ഞ ദിവസം റവന്യു മന്ത്രി ഇ ചന്ദ്രശേഖരന്റെയും ആരോഗ്യമന്ത്രി കെ കെ ശൈലജയുടെയും സാന്നിധ്യത്തിൽ എടുത്ത തീരുമാനങ്ങൾ ഈ തെറ്റു തിരുത്തലിന്റെ ഭാഗമായി നടപ്പാക്കുമെന്നും മുഖ്യമന്ത്രിയുടെ ഓഫീസ് അറിയിച്ചു.

വിദഗ്ധ ഡോക്ടർമാരുടെ പാനൽ 90 ദിവസത്തിനകം പരിശോധന നടത്തുമെന്നും നേരത്തെ ക്യാമ്പ് നടത്തിയപ്പോൾ ഹർത്താൽ കാരണം പങ്കെടുക്കാൻ കഴിയാതിരുന്നവർക്കായി പ്രത്യേക ക്യാമ്പ് നടത്തുമെന്നും മന്ത്രി ചന്ദ്രശേഖരൻ സർക്കാർക്ക് നേരത്തേ ഉറപ്പു നൽകിയിരുന്നു.

16 February2019

എൻഡോസൾഫാൻ: 9.35 കോടിയുടെ ധനസഹായം കൂടി

16/2/19 JANAYUGAM

തിരുവനന്തപുരം: എൻഡോസൾഫാൻ ദുരിതബാധിതർക്ക് ധനസഹായം നൽകുന്നതിനുള്ള ആദ്യഘട്ടമായി 9.35 കോടി രൂപ സാമൂഹ്യ നീതി വകുപ്പ് അനുവദിച്ചു. 2017ൽ നടത്തിയ സ്പെഷ്യലിസ്റ്റ് മെഡിക്കൽ ക്യാമ്പിൽ നിന്നും കണ്ടെത്തിയ അർഹരായ 279 ദുരിതബാധിതർക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുക. പൂർണമായും കിടപ്പിലായ 28 പേർക്കും ബുദ്ധിമാന്ദ്യം സംഭവിച്ച 21 പേർക്കും അഞ്ചു ലക്ഷം രൂപ വീതവും ശാരീരിക വൈകല്യമുള്ള 34 പേർക്കും ക്യാൻസർ രോഗികളായ 196 പേർക്കും മൂന്ന് ലക്ഷം രൂപ വീതവുമാണ് ലഭിക്കുകയെന്ന് മന്ത്രി കെ കെ ശൈലജ പറഞ്ഞു.

16 June 2019

511 പേർകൂടി എൻഡോസൾഫാൻ ദുരിതബാധിതരുടെ പട്ടികയിൽ

16/6/19 JANAYUGAM

കാസർകോട്: എൻഡോസൾഫാൻ ദുരിതബാധിതരുടെ പട്ടികയിൽ 511 പേരെ കൂടി ഉൾപ്പെടുത്തി. കലക്ട്രേറ്റ് മിനി കോൺഫറൻസ് ഹാളിൽ മന്ത്രി ഇ ചന്ദ്രശേഖരന്റെ അധ്യക്ഷതയിൽ ചേർന്ന എൻഡോസൾഫാൻ ജില്ലാതല സെൽ യോഗത്തിലാണ് തീരുമാനം.

1981 പേരുടെ പട്ടിക ഇതിന് മുമ്പ് അംഗീകരിച്ച് സഹായങ്ങൾ ലഭ്യമാക്കിയിരുന്നു. ഇതിന് പുറമെയാണിത്. 18 വയസിന് താഴെയുള്ളവരെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇവർക്ക് സർക്കാർ പ്രഖ്യാപിച്ച എല്ലാ ആനുകൂല്യങ്ങളും ലഭ്യമാക്കും. മെഡിക്കൽ ക്യാമ്പിൽ



പങ്കെടുത്ത 1905 പേരെയും അതിന് ശേഷം പുനഃപരിശോധനയിൽ 76 പേരെയും ഉൾപ്പെടുത്തിയിരുന്നു.

ക്യാമ്പുകളിൽ പങ്കെടുത്തിട്ടും ആനുകൂല്യങ്ങളുടെ പട്ടികയിൽ ഉൾപ്പെടാതെ പോയ 511 പേരെ ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്ന് സെൽ യോഗത്തിലുണ്ടായ പൊതുവികാരം കണക്കിലെടുത്താണ് ഇത്രയും പേരെ പുതുതായി ലിസ്റ്റിൽ ചേർക്കുന്നത്. മുമ്പ് മെഡിക്കൽ ക്യാമ്പുകൾ നടത്തിയപ്പോൾ ഹർത്താൽ ആയതിനാൽ പങ്കെടുക്കാൻ കഴിയാത്തവർക്കും പുതുതായി പങ്കെടുക്കേണ്ടവർക്കും വേണ്ടി ജൂൺ 25 മുതൽ ജൂലൈ 9 വരെ 13 ദിവസം നീണ്ടുനിൽക്കുന്ന മെഡിക്കൽ ക്യാമ്പുകൾ നടത്തുമെന്നും മന്ത്രി പറഞ്ഞു. എൻഡോസൾഫാൻ ബാധിതരുടെ ചികിത്സയ്ക്ക് വരുന്ന മുഴുവൻ ചെലവും സർക്കാർ വഹിക്കും. ഇതിന് പരിധി നിശ്ചയിച്ചിട്ടില്ലെന്നും മന്ത്രി പറഞ്ഞു.

എൻഡോസൾഫാൻ രോഗികൾക്ക് ചികിത്സ ലഭ്യമാക്കുന്നതിന് വേണ്ടി കാസർകോട് മെഡിക്കൽ കോളജിന്റെ പ്രവർത്തനം വേഗത്തിൽ ആക്കുന്നതിനും കാസർകോട് വികസന പാക്കേജ് പ്രകാരമുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനും സർക്കാരിനോട് ആവശ്യപ്പെടാൻ തീരുമാനിച്ചതായും മന്ത്രി പറഞ്ഞു. രാജ്മോഹൻ ഉണ്ണിത്താൻ എംപി, കെ കുഞ്ഞിരാമൻ എംഎൽഎ, എൻ എ നെല്ലിക്കുന്ന് എംഎൽഎ, ജില്ലാ കളക്ടർ ഡോ. സുജിത് ബാബു എന്നിവരും പങ്കെടുത്തു.

മാതൃഭൂമി

25 July 2019

എൻഡോസൾഫാൻ വിഷമല്ലെന്ന് കാസർകോട് കളക്ടർ

പറയൂ സർ, ആരാണ് മാഫിയ?



ഡോ. അംബികാസുതൻ മാങ്ങാട്

ദുരിതം പേറുന്ന ജനതയുടെ കൂടെനിൽക്കേണ്ട കാസർകോട് കളക്ടർ എടിത്തിൽ എണ്ണത്തെറ്റിക്കുന്നതുപോലെ ദുരന്തബാധിതരുടെ ഒൻപത് വിഭാഗത്തിലായുള്ള വാക്കുകൾ പ്രയോഗിച്ചിരിക്കുകയാണ്. ഇവരെ കാത്തിരുന്നിരിക്കുന്നവർ എൻഡോസൾഫാൻ വിട്ടുപോവുമെന്നുള്ള എൻഡോസൾഫാൻ വിരുദ്ധ ഡെയിലി സെല്ലിന്റെ കൺവീനർ കൂടിയായ ഇദ്ദേഹം വ്യക്തമാക്കണം എൻഡോസൾഫാനല്ല എന്ന് പ്രത്യേകിച്ചിരിക്കുകയാണ്

കിടന്നുറങ്ങുകയും കാസർകോടിനെ കോർത്തിണക്കുകയും ചെയ്യുന്ന കാസർകോട് കളക്ടർ എടിത്തിൽ എണ്ണത്തെറ്റിക്കുന്നതുപോലെ ദുരന്തബാധിതരുടെ ഒൻപത് വിഭാഗത്തിലായുള്ള വാക്കുകൾ പ്രയോഗിച്ചിരിക്കുകയാണ്. ഇവരെ കാത്തിരുന്നിരിക്കുന്നവർ എൻഡോസൾഫാൻ വിട്ടുപോവുമെന്നുള്ള എൻഡോസൾഫാൻ വിരുദ്ധ ഡെയിലി സെല്ലിന്റെ കൺവീനർ കൂടിയായ ഇദ്ദേഹം വ്യക്തമാക്കണം എൻഡോസൾഫാനല്ല എന്ന് പ്രത്യേകിച്ചിരിക്കുകയാണ്

■ ഈ പ്രഖ്യാപനം ആർക്കുവേണ്ടി

ഈ പ്രഖ്യാപനത്തിനും പറയുന്നതിനും കളനിൽക്കണം കാസർകോട് കളക്ടർ എടിത്തിൽ എണ്ണത്തെറ്റിക്കുന്നതുപോലെ ദുരന്തബാധിതരുടെ ഒൻപത് വിഭാഗത്തിലായുള്ള വാക്കുകൾ പ്രയോഗിച്ചിരിക്കുകയാണ്. ഇവരെ കാത്തിരുന്നിരിക്കുന്നവർ എൻഡോസൾഫാൻ വിട്ടുപോവുമെന്നുള്ള എൻഡോസൾഫാൻ വിരുദ്ധ ഡെയിലി സെല്ലിന്റെ കൺവീനർ കൂടിയായ ഇദ്ദേഹം വ്യക്തമാക്കണം എൻഡോസൾഫാനല്ല എന്ന് പ്രഖ്യാപിച്ചിരിക്കുകയാണ്

കാസർകോടിന്റെ ദുരിതപർവത്തിന് കാരണം എൻഡോസൾഫാൻ തന്നെയാണ്. ഇതിനെതിരേ ഒരു ജനത ഒന്നടങ്കം പോരാടുമ്പോൾ അതിനെ ഇല്ലാതാക്കാൻ ശ്രമിക്കുന്നവരെ ഒറ്റുകാരായി മാത്രമേ കാണാനാവൂ. ഇതിനുപിന്നിൽ ആരുടെ കൈകളാണ് പ്രവർത്തിക്കുന്നതെന്ന് അന്വേഷിക്കണം. ഇതിനുപിന്നിൽ ആരുടെ കൈകളാണ് പ്രവർത്തിക്കുന്നതെന്ന് അന്വേഷിക്കണം. ഇതിനുപിന്നിൽ ആരുടെ കൈകളാണ് പ്രവർത്തിക്കുന്നതെന്ന് അന്വേഷിക്കണം.

കാസർകോടുമായി ഏതെങ്കിലും തരത്തിൽ ബന്ധമുള്ളവർക്കെല്ലാം അറിയാവുന്നതാണ് ഇവിടത്തെ ദുരന്തത്തിന്റെ ആഴവും പരപ്പും. ഇതിനെതിരേ ഒരു ജനത ഒന്നടങ്കം പോരാടുമ്പോൾ അതിനെ ഇല്ലാതാക്കാൻ ശ്രമിക്കുന്നവരെ ഒറ്റുകാരായി മാത്രമേ കാണാനാവൂ. ഇതിനുപിന്നിൽ ആരുടെ കൈകളാണ് പ്രവർത്തിക്കുന്നതെന്ന് അന്വേഷിക്കണം. ഇതിനുപിന്നിൽ ആരുടെ കൈകളാണ് പ്രവർത്തിക്കുന്നതെന്ന് അന്വേഷിക്കണം.



കണ്ണീർ മഴയത്ത്... 2012-ൽ കാസർകോട് നിശ്ചലപ്രവർത്തകർ എടനീരിൽ നടത്തിയ ഉപവാസത്തിൽ ദുരിതബാധിതരായ അമ്മമാരും കുഞ്ഞുങ്ങളും |-ഫോട്ടോ: മാതൃഭൂമി

■ ഈ ആരോപണം എന്തിനായി?

എൻഡോസൾഫാൻ വിഷമല്ലെന്ന് കാസർകോട് കളക്ടർ എടിത്തിൽ എണ്ണത്തെറ്റിക്കുന്നതുപോലെ ദുരന്തബാധിതരുടെ ഒൻപത് വിഭാഗത്തിലായുള്ള വാക്കുകൾ പ്രയോഗിച്ചിരിക്കുകയാണ്. ഇവരെ കാത്തിരുന്നിരിക്കുന്നവർ എൻഡോസൾഫാൻ വിട്ടുപോവുമെന്നുള്ള എൻഡോസൾഫാൻ വിരുദ്ധ ഡെയിലി സെല്ലിന്റെ കൺവീനർ കൂടിയായ ഇദ്ദേഹം വ്യക്തമാക്കണം എൻഡോസൾഫാനല്ല എന്ന് പ്രഖ്യാപിച്ചിരിക്കുകയാണ്

കാസർകോടുമായി ഏതെങ്കിലും തരത്തിൽ ബന്ധമുള്ളവർക്കെല്ലാം അറിയാവുന്നതാണ് ഇവിടത്തെ ദുരന്തത്തിന്റെ ആഴവും പരപ്പും. ഇതിനെതിരേ ഒരു ജനത ഒന്നടങ്കം പോരാടുമ്പോൾ അതിനെ ഇല്ലാതാക്കാൻ ശ്രമിക്കുന്നവരെ ഒറ്റുകാരായി മാത്രമേ കാണാനാവൂ. ഇതിനുപിന്നിൽ ആരുടെ കൈകളാണ് പ്രവർത്തിക്കുന്നതെന്ന് അന്വേഷിക്കണം. ഇതിനുപിന്നിൽ ആരുടെ കൈകളാണ് പ്രവർത്തിക്കുന്നതെന്ന് അന്വേഷിക്കണം.

02 August 2019

എൻഡോസൾഫാൻ പ്രശ്നം

ഒരു വൈജ്ഞാനിക ദുരന്തം



ഡോ. കെ.എം. ശ്രീകുമാർ

കാസർകോട്ടെ ആരോഗ്യപ്രശ്നങ്ങൾക്കു കാരണം എൻഡോസൾഫാൻ വായുമാർഗേന ശ്വസിച്ചതാണെന്നും കേരള കാർഷിക സർവകലാശാല പഠനാടിസ്ഥാനത്തിലും, അതിനു സമാനമായ മറ്റു പഠനങ്ങളിലും അടിസ്ഥാനമാക്കിയും ഞങ്ങൾ കുറച്ചുപേർ വർഷങ്ങളായി പറയുന്നു.

കേരളത്തിലെ വിളകീടനിയന്ത്രണ രാസികങ്ങളുടെ നിയന്ത്രണം സംബന്ധിച്ച ഗവേഷണം കേരള കാർഷിക സർവകലാശാലയുടെ ഉത്തരവാദിത്വമാണ്. അതുപ്രകാരം തെയിലക്കൊതുകിനെ നിയന്ത്രിക്കാൻ എൻഡോസൾഫാൻ തളിക്കാൻ നിർദേശിച്ചിട്ടുണ്ട്. പക്ഷേ, ഒരു കിടാവിന് ഒരുവർഷം ഒരു സന്നായിലധികം തളിക്കാൻ നിർദേശിച്ചിട്ടില്ല. കിടാവിന് വായുമാർഗേന തളിക്കുമ്പോഴും അന്തരീക്ഷത്തിലേക്കുള്ള കാര്യമാണ് സൂചിപ്പിച്ചിരുന്നത്. കൂടുതൽ വായിച്ചാൽ പി.സി.കെ.യ്ക്ക് സംഭവിച്ചിട്ടില്ലെന്ന് കണ്ടെത്തിയിട്ടുണ്ട്.

പക്ഷേ, പി.സി.കെ.യ്ക്ക് എൻഡോസൾഫാൻ കിടാവിനിയുടെ ഗവേഷണമായ 0.05 ശതമാനത്തിൽ കൂടുതലായി തളിക്കാൻ കഴിയില്ല. ഒരു ഹെക്ടറിൽ വെയ്ക്കണം തളിക്കാൻ ഇത്ര കിടാവിന് വേണം. എന്ന കണക്കുണ്ട്. കൂടുതൽ വായിച്ചാൽ ഓഡിറ്റിന് ഉത്തരം പറയേണ്ടിവരും. അതുകൊണ്ട് കൃത്യമായി തളിക്കാതെ സാധ്യതയുള്ളൂ.

കൃത്യമായ ഗവേഷണത്തിൽ തളിച്ചാൽ (0.05%-0.075 അഥവാ 1.5-2 മില്ലി.ലിറ്റർ) പ്രത്യാഘാതം കുറയ്ക്കാം തൊഴിലാളികൾക്കോ ആരോഗ്യപ്രശ്നം വരുമോ എന്നതാണ് അടുത്ത ചോദ്യം. കൃത്യമായി മേഘനാകാശമോ ശ്വസിച്ചാലോ അലർജിയോ മേഘാസ്ത്മാസ്വാസമോ ഉണ്ടാകാം. കുടിവെള്ള സ്രോതസ്സുകളും വലുപ്പമായി മൂടിയിട്ടില്ലെന്ന് കരുതിയാൽ, വെള്ളത്തിൽ വീഴാൻ സാധ്യതയുണ്ട്. അതു കുടിച്ചാൽ ഉടനെ ആരോഗ്യപ്രശ്നമുണ്ടാവുമോ എന്നതാണ് അടുത്ത ചോദ്യം. കൃത്യമായി മേഘനാകാശമോ ശ്വസിച്ചാലോ അലർജിയോ മേഘാസ്ത്മാസ്വാസമോ ഉണ്ടാകാം. കുടിവെള്ള സ്രോതസ്സുകളും വലുപ്പമായി മൂടിയിട്ടില്ലെന്ന് കരുതിയാൽ, വെള്ളത്തിൽ വീഴാൻ സാധ്യതയുണ്ട്. അതു കുടിച്ചാൽ ഉടനെ ആരോഗ്യപ്രശ്നമുണ്ടാവുമോ എന്നതാണ് അടുത്ത ചോദ്യം. കൃത്യമായി മേഘനാകാശമോ ശ്വസിച്ചാലോ അലർജിയോ മേഘാസ്ത്മാസ്വാസമോ ഉണ്ടാകാം. കുടിവെള്ള സ്രോതസ്സുകളും വലുപ്പമായി മൂടിയിട്ടില്ലെന്ന് കരുതിയാൽ, വെള്ളത്തിൽ വീഴാൻ സാധ്യതയുണ്ട്. അതു കുടിച്ചാൽ ഉടനെ ആരോഗ്യപ്രശ്നമുണ്ടാവുമോ എന്നതാണ് അടുത്ത ചോദ്യം.

ഏതു വിഷത്തിനും മരുന്നുപയോഗിച്ചും ഉണ്ട് എന്നതാണ്. എങ്കിലും നിയന്ത്രിക്കുന്നത് വിഷബാധയേറ്റ ജന്തുവിന്റെ ശരീരഭാരത്തിന് ആനുപാതികമായിട്ടാണ്. അതുകൊണ്ടാണ് വിഷശക്തിയുടെ യൂണിറ്റ് മാരകമാത്ര 50 (Lethal Dose 50) ശുദ്ധ കി.ഗ്രാം ശരീരഭാരം എന്ന് രേഖപ്പെടുത്തുന്നത്. അതുപ്രകാരം നിക്കോട്ടിന്റെ LD50 മൂല്യം 1mg KG ശരീരഭാരം ആയിരിക്കെ എൻഡോസൾഫാന്റെത് 40-220mg / Kg ശരീരഭാരമാണ്. അതായത്, നിക്കോട്ടിൻ എൻഡോസൾഫാനെക്കാൾ 40 മുതൽ 220 മടങ്ങ് വിഷകരമാണ് എന്നർഥം. LD50 മൂല്യം കുറയുന്നതനുസരിച്ച് വിഷശക്തി കൂടുന്നു.

ഒരു തേയിലക്കൊതുകിന്റെ ശരീരഭാരം 60 മില്ലിഗ്രാമിലധികം ഒരു മനുഷ്യന്റെ രോഗാവിധി 60 കിലോഗ്രാമാണെന്നു കണക്കാക്കിയാൽ മനുഷ്യന് 10 ലക്ഷം ഇരട്ടി ശരീരഭാരമുണ്ടെന്നു കാണാം. ഓരോ ശരീരഭാരിനും കുറവ് അളവിലുള്ള വിഷത്തെ കൈകാര്യം ചെയ്യാനുള്ള ശേഷിയുണ്ട്. നമ്മുടെ ശരീരത്തിലെ മിക്കവി ഡിടോക്സിഫിക്കേഷൻ ഓക്സിഡേഷൻ എന്ന രാസപ്രവർത്തനം വിഷത്തെയും. നിർവീര്യമാക്കാൻ ശേഷിയുള്ളതാണ്.

വായുമാർഗേന തളിച്ചുകഴിഞ്ഞാലും തളിച്ച ഗ്രാമത്തിലുള്ളവർക്കിടയിൽ എന്തിനുപോലും താരതമ്യേന വിഷബാധയുടെ ലക്ഷണങ്ങൾക്കാരുമേ വരുകയുള്ളൂ. ഒരുവർഷം രണ്ടുതവണ തളിക്കുകയും ഉള്ളപ്പോഴേയിൽ ഒരു കാരണവശാലും ദീർഘകാല വിഷബാധ ഉണ്ടാവുകയില്ലതന്നെ. വായുമാർഗേന തളിച്ചാൽ ലക്ഷ്യസ്ഥാനത്തുനിന്നും കാണിച്ചിട്ടുള്ളത്. അതിൽ ഞെട്ടാനൊന്നുമില്ല.

ഡോ. മുഹമ്മദ് അഷീൽ ശേഖരിച്ച് സുപ്രീംകോടതിയിൽ സമർപ്പിച്ച പഠനങ്ങളിൽ രണ്ടു ശുദ്ധീകരണവും കാസർകോട് സാധാരണുമായി ഒരു ബന്ധവുമില്ലാത്തതാണ്. കാർഷിക സാഹചര്യത്തിൽ രോഗങ്ങളൊന്നും ഉണ്ടായിട്ടില്ല എന്നുകാണിക്കുന്ന ഒട്ടേറെ പ്രബന്ധങ്ങളും മനഃപൂർവം ഒഴിവാക്കിയിട്ടുണ്ട്. കോഴിക്കോട് മെഡിക്കൽ കോളേജും എൻ.ഐ.ഒ.യും കേരള തളിച്ചതും തളിക്കാത്തതുമായ രണ്ടുഗ്രാമങ്ങളെ താരതമ്യപ്പെടുത്തി പഠിച്ചു. ആ റിപ്പോർട്ടുപോലും ഗവേഷണത്തിന്റെ ഗുണനിലവാരത്തിൽ കാണിക്കുന്നതാണ്.

പറയൂ സർ, ആരാണ് മാഫിയ?



കിടാവിനിയുടെ തുള്ളികൾ കൂടുതൽ ദൂരത്തെത്താം. പക്ഷേ, ദൂരം കൂടുന്തോറും തുള്ളികളുടെ എണ്ണം കുറവായിരിക്കും. അവയ്ക്ക് ഒരു ആഘാതശക്തിയും ഉണ്ടാകാൻ കഴിയില്ല.

500-750ppm (Parts per million- ഒരു ദശലക്ഷത്തിൽ ഭാഗം) എന്നതോതിൽ തളിച്ചാൽ 7-10 മിനിറ്റുനേരത്തിനുള്ളിൽത്തന്നെ അത് വിഘടിച്ച് 2ppm ൽ താഴെയായിത്തീരുമെന്നാണ് പഠനങ്ങൾ കാണിക്കുന്നത്. ഉച്ചയ്ക്കുമുമ്പിലെ മണ്ണിൽ 40-70 മിനിറ്റും വെള്ളത്തിൽ 20-40 മിനിറ്റും വരെയും മാത്രമേ ഇതിന് നിലനിൽക്കുകയുള്ളൂ.

എൻഡോസൾഫാൻ വായുമാർഗേന ഓറഞ്ചിലും ആപ്പിളിലും അമേരിക്കയിലും ഒക്കെ തളിച്ചിട്ടുണ്ട്. ആപ്രിക്കോട്ടിൽ ഉൽപ്പാദനം ഇരട്ടിപ്പിക്കുന്നതിനുവേണ്ടി കൃത്രിമപരാഗണം നടത്തുന്നതിനുവേണ്ടി ഇതിന്റെ പൂമ്പൊടി ഉപയോഗിക്കുന്നുണ്ട്. ഇതിനെതിരേ ഒരു പരാതിയും ഉയർന്നിട്ടില്ല. ഇതിനെതിരേ ഒരു പരാതിയും ഉയർന്നിട്ടില്ല. ഇതിനെതിരേ ഒരു പരാതിയും ഉയർന്നിട്ടില്ല.

■ പുതുമയില്ലാത്ത പഠനങ്ങൾ

ഡോ. സതീഷ് രാഘവൻ പഠനത്തിൽ ഒരു പുതുമയുമില്ല. എലികൾക്ക് 3മി.ഗ്രാം/കിലോ ഗ്രാം ശരീരഭാരം എന്ന നിലയിലാണ് എൻഡോസൾഫാൻ ഭക്ഷണത്തിൽ ചേർത്ത് കൊടുത്തത്. അതുകാരണം ശരീരവൃഷണങ്ങൾക്ക് തകരാറുണ്ടായി എന്നാണ് പഠനം. എന്നാൽ, 1956-കളിൽ നടത്തിയ പഠനങ്ങളിൽത്തന്നെ 2മി.ഗ്രാം/ കി.ഗ്രാം ശരീരഭാരം എന്ന തോതിലും കൂടിയാൽ വിഷബാധ ലക്ഷണങ്ങൾ കാണിക്കുമെന്ന് തെളിഞ്ഞിട്ടുണ്ട്. എങ്ങനെ വിഷം ബാധിക്കുന്നു എന്നാണ് സതീഷിന്റെ പഠനത്തിൽ പറയുന്നത് ഈച്ചകളെ കൊല്ലാൻ ജനവാസമേഖലയിലും വർഷത്തിൽ 5-6 തവണ തളിച്ചിട്ടുണ്ട്. ഓൺടേബിൾ യിൽ വർഷത്തിലൊരിക്കൽ 5-6 തവണ തളിച്ചിട്ടുണ്ട്. പിന്നീട് ലോകാരോഗ്യ സംഘടനയുടെ ആരോഗ്യപ്രശ്നങ്ങൾ നടന്ന പഠനങ്ങളിൽ ഇവിടെ അധികമായി ആരോഗ്യപ്രശ്നം കണ്ടെത്തിയിട്ടില്ല. (ഡ്രാഗർ & സെന്റർഫിയുടെ പഠനം). മണ്ണാർക്കാടു 349 ഹെക്ടർ എസ്റ്റേറ്റിൽ 15 കൊല്ലം തളിച്ചിട്ടുണ്ട്. അവിടെയൊന്നും ഇല്ലാത്ത പ്രശ്നം എങ്ങനെ കാസർകോട്ടുമാത്രം വന്നു എന്നത് അതിശയകരമാണ്.

എൻഡോസംഹാൻ ശരീരത്തിലുണ്ടാക്കുന്ന വിഷബാധയെക്കുറിച്ച് എന്തുതന്നെ പഠനങ്ങളുണ്ട്. പക്ഷേ, അതിൽ ഒന്നുപോലും ഉള്ളതേപോലുമുള്ള തോത് കിടാവാക്ക ഗവേഷണത്തിൽ തളിച്ചതുപോലും ഒരു ഗവേഷണത്തിലും സമാനസാഹചര്യത്തിലുള്ളതോ അല്ല. യുനൈറ്റിലെ പോളിഹൗസ് കുഴിയിൽ കിടാവിന് തളിക്കുന്ന വണ്ടിതൊഴിലാളികളുടെ രക്തത്തിലും മൂത്രത്തിലും പെരിഫെരൽ ന്യൂറോപ്പതിയിലും എൻഡോസംഹാരിന്റെ അവശിഷ്ടം കണ്ടെത്തിയിട്ടുണ്ട്. പക്ഷേ, അവിടെ അവരുടെ കുട്ടികളിൽ ആകപ്പാടെ കണ്ടിട്ടുള്ള വിഭ ജനനവൈകല്യങ്ങളുടെ തോതാണ്.

(കേരള കാർഷിക സർവകലാശാലാ അധ്യാപകനാണ് ഏൻറോമോളജി പ്രൊഫസറാണ് ലേഖകൻ)

വെള്ളത്തിൽ കലക്കിവെച്ചാൽ പരിസ്ഥിതിയെ കാര്യമായി ബാധിക്കുന്നതാണ് എൻഡോസൾഫാൻ. കഴിഞ്ഞ കുറച്ചുവർഷങ്ങളായി ഇതിന്റെ ഉപയോഗം കുറഞ്ഞിട്ടുണ്ട്. ഇപ്പോൾ 200-250 ടണ്ണോളം വർഷത്തിൽ ഉപയോഗിക്കുന്നുണ്ട്. ഇതിൽ 800 ടണ്ണോളം ഉപയോഗിക്കുന്നത് കാസർകോട്ടാണ്.

മാതൃഭൂമി

07 July 2019

എൻഡോസൾഫാൻ ബാധിതർക്ക് നഷ്ടപരിഹാരം വൈകിക്കരുത്

നിരോധിത കീടനാശിനിയായ എൻഡോസൾഫാന്റെ ദുരന്തത്തിന് ഇരകളായിട്ടും നഷ്ടപരിഹാരം നിഷേധിക്കപ്പെടുവർക്ക് ഒടുവിൽ സുപ്രീംകോടതി നിർണായകമായ ഉത്തരവിരിക്കുകയാണ്. അഞ്ചുലക്ഷം രൂപയുടെ നഷ്ടപരിഹാരം എന്നത് ഇനി ഇരകളുടെ അവകാശമാണ്. രണ്ടു വർഷം മുമ്പ് സുപ്രീംകോടതി വിധിച്ച അഞ്ചുലക്ഷം രൂപ നഷ്ടപരിഹാരം ലഭിച്ചിട്ടുണ്ടെങ്കിൽ നാലു കുടിശ്ശിക ഗഡുക്കൾ 2018 മാർച്ച് 31-നകം നൽകിയ കോടതിയലക്ഷ്യ ഹർജിയിലാണ് സുപ്രധാനമായ ഈ നിർദ്ദേശം കുടിശ്ശികയുടെ പലിശയും ഇനി നൽകേണ്ടിവരും. ദുരിതബാധിതരുടെ പുനരധിവാസം സർക്കാരിന്റെ ഉത്തരവാദിത്വമാണെന്ന് ഓർമിപ്പിക്കുകയും ചെയ്തിട്ടുണ്ട് കോടതി.

എല്ലാ എൻഡോസൾഫാൻ ഇരകൾക്കും രണ്ടുലക്ഷം രൂപ അടിയന്തരമായി നഷ്ടപരിഹാരം നൽകാനുള്ള 2017 ജനുവരി 10-ലെ സുപ്രീംകോടതിവിധി നടപ്പായിട്ടില്ലെന്ന് ഇരകൾക്ക് വീണ്ടും വണ്ടവർക്കേണ്ടിവന്നത്. അവരോടുചെയ്ത കൊടിയ അനീതിയെടുത്തുപറയേണ്ടിവരുന്നതുകൊണ്ടുകൂടിയാണ് നഷ്ടപരിഹാരം നിഷേധിച്ചുകൊണ്ടുള്ള നിയമവിശേഷം നമ്മുടെ സർക്കാർ സംവിധാനം ചെയ്തത്. ഇരകളുടെ കണക്കെടുപ്പിലും നിയമനിഷേധിക്കുന്ന രീതിയിൽ മറ്റു വിചാരമായി മാറിനിൽക്കുന്ന ഒട്ടേറെ പ്രശ്നങ്ങളുണ്ടായിരുന്നു. ഇതിനെല്ലാം പരിഹാരമുണ്ടാക്കിയാണ് സുപ്രീംകോടതി വിധി. ഇരകളിൽ ചിലരാകട്ടെ മറ്റുചിലരാകട്ടെ അർഹരായിരുന്നിട്ടും നഷ്ടപരിഹാരം നിഷേധിക്കപ്പെടുന്നുണ്ടെന്നും സുപ്രീംകോടതി പുതിയ വിധിയിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്തു കൊണ്ടും പരിഗണനയർഹിക്കുന്ന ദുരിതബാധിതരെ എൻഡോസൾഫാൻ ഇരകൾക്ക് ഒരുതരത്തിലുമുള്ള തിരഞ്ഞെടുപ്പിനും സർക്കാരുകൾ നൽകാത്ത കാരുണ്യമാണ് ഇപ്പോഴത്തെ കോടതിയുടെ ഓർമപ്പെടുത്തിനുണ്ടായത്. നഷ്ടപരിഹാരം വെള്ളിടിപോലെ മുന്നിൽ ഇരകൾക്കുമായി സുപ്രീംകോടതി ഉത്തരവിറക്കുമ്പോൾ സംസ്ഥാനസർക്കാർ ഇനിയെങ്കിലും തയ്യാറാകണം.

2017-ൽ വിധി വന്നിട്ടും ഭൂരിഭാഗത്തിനും നഷ്ടപരിഹാരം നൽകാതെ വിഷയത്തെ വഴിതിരിച്ചുവിടാനുള്ള ശ്രമമാണ് സർക്കാർ നടപടി ആദ്യം കണ്ടത്. ഇരകളുടെ പട്ടികയിൽ കൃത്രിമം കാണിച്ചുവെന്നും അനർഹരെ കുത്തിനിറച്ചുവെന്നുമുള്ള ആരോപണമുയർത്തി നഷ്ടപരിഹാരം നൽകുന്നത് വൈകിപ്പിക്കാനുള്ള ശ്രമമുണ്ടായി. ഇരകളുടെ പട്ടിക പുതുക്കാൻ സർക്കാർ നിയോഗിച്ച മെഡിക്കൽ സംഘത്തിന്റെ പ്രവർത്തനം തുടക്കത്തിൽ തന്നെ വിവാദത്തിലായി. ഇരകളുടെ പട്ടിക പുതുക്കുന്നതിനെതിരെ ഇരകളുടെ കുടുംബാംഗങ്ങൾ തന്നെ രംഗത്തുവന്നു. ഇരകളുടെ പട്ടിക പുതുക്കുന്നതിനുള്ള മെഡിക്കൽ സംഘത്തിന്റെ പ്രവർത്തനം ഇരകളെ അപമാനിക്കുന്നതാണെന്നും ആരോപണമുയർന്നു. ഇതിനിടയിൽ പുതിയ പട്ടിക തയ്യാറാക്കുന്നതിനുള്ള മെഡിക്കൽ സംഘത്തിന്റെ പ്രവർത്തനം നിർത്തിവെക്കാൻ സർക്കാർ നിർബന്ധിതമായി

മാതൃഭൂമി

08 February 2021

എൻഡോസൾഫാൻ ദുരിതബാധിതരുടെ പട്ടികയിൽ അനർഹർ

8/2/21 MATHRUBHUMI

കളക്ടറുടെ റിപ്പോർട്ട് വിവാദത്തിൽ

സർക്കാരിന് കോടികളുടെ ബാധ്യതയെന്ന് കണ്ടെത്തൽ

കോഴിക്കോട്: കാസർകോട് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതരുടെ പട്ടികയിൽ അനർഹർ കടന്നുകൂടി സർക്കാരിന് കോടികളുടെ അധികബാധ്യത ഉണ്ടാക്കിയെന്ന അന്വേഷണ റിപ്പോർട്ട് വിവാദത്തിൽ. സാമൂഹികനീതി വകുപ്പ് നിർദേശപ്രകാരം കാസർകോട് കളക്ടർ ഡോ. ഡി. സജിത്ബാബുവാണ് റിപ്പോർട്ട് തയ്യാറാക്കിയത്. അനർഹരെ കണ്ടെത്താൻ പട്ടികയിലുള്ള മുഴുവൻപേരെയും വിദഗ്ധഡോക്ടർമാരെക്കൊണ്ട് പുനഃപരിശോധിപ്പിക്കണമെന്നാണ് റിപ്പോർട്ട്.

എന്നാൽ, എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള സഹായം അട്ടിമറിക്കുകയാണ് റിപ്പോർട്ടിന്റെ ലക്ഷ്യമെന്ന് എൻഡോസൾഫാൻ ഇരകൾക്കുവേണ്ടിയുള്ള സംഘടനകൾ കുറ്റപ്പെടുത്തി. കാർഷിക സർവകലാശാലാ മുൻ ഉദ്യോഗസ്ഥനായ കളക്ടർ എൻഡോസൾഫാൻ അനുകൂല നിലപാടാണ് മുമ്പ് സ്വീകരിച്ചിട്ടുള്ളതെന്നും സംഘടനകൾ പറയുന്നു.

റിപ്പോർട്ട് സമർപ്പിച്ചു

തുടർനടപടികൾക്ക് റിപ്പോർട്ട് സാമൂഹികനീതി വകുപ്പിന് സമർപ്പിച്ചു. കൂടുതലൊന്നും പറയാനില്ല

-ഡോ. ഡി. സജിത്ബാബു, കളക്ടർ, കാസർകോട്

റിപ്പോർട്ട് കണ്ടിട്ടില്ല

കളക്ടറുടെ റിപ്പോർട്ട് കണ്ടിട്ടില്ല. അതുകൊണ്ട് ഇക്കാര്യത്തിൽ അഭിപ്രായം പറയുന്നില്ല

-മന്ത്രി ഇ. ചന്ദ്രശേഖരൻ

അനർഹരുണ്ടെങ്കിൽ നടപടിയെടുക്കും

റിപ്പോർട്ട് പരിശോധിച്ചുവരുകയാണ്. അനർഹർ പട്ടികയിൽ ഉൾപ്പെട്ടതാണ് കണ്ടെത്തൽ നടപടി ഉണ്ടാവും

-ബിജു പ്രഭാകർ, സാമൂഹിക നീതിവകുപ്പ് സെക്രട്ടറി

അനർഹരുണ്ടെങ്കിൽ ഉത്തരവാദി ഭരണകൂടം

കളക്ടർ ജില്ലയിൽ എത്തിയകാലംമുതൽ മുൻവിധിയോടെയാണ് എൻഡോസൾഫാൻ വിഷയം കൈകാര്യംചെയ്യുന്നത്. എൻഡോസൾഫാൻ പച്ചവെള്ളത്തിന് തുല്യമാണെന്നാണ് കാർഷിക സർവകലാശാല മുൻ ഉദ്യോഗസ്ഥനായ അദ്ദേഹം പ്രതികരിച്ചിരുന്നത്. പട്ടികയിൽ അനർഹർ കയറിക്കൂടിയിട്ടുണ്ടെങ്കിൽ അതിനൊരു ഉത്തരവാദി ഭരണകൂടമാണ്.

-അംബികാസുതൻ മാങ്ങാട്, എൻഡോസൾഫാൻ ദുരിതബാധിത പുനഃപരിശോധനാ സെൽ അംഗം

ഗൂഢാലോചന

ദുരിതബാധിതരുടെ പട്ടിക 2010 മുതൽ സർക്കാർ സംവിധാനമാണ് തയ്യാറാക്കിയത്. അനർഹർ ഉണ്ടെന്നു പറയുന്നത് പരമോന്നത അട്ടിമറിക്കാനുള്ള ഗൂഢാലോചനയാണ്. എങ്ങനെയാണ് ദുരിതബാധിതരെ വീണ്ടും പരിശോധനയ്ക്ക് വിധേയരാക്കുക. ദുരിതബാധിതരെ അപഹസിക്കുന്നതിന് തുല്യമാണിത്.

-മുനീസ അമ്പലത്തറ, പ്രസിഡന്റ്, എൻഡോസൾഫാൻ പീഡിത ജനകീയ മുന്നണി

തള്ളിക്കളയേണ്ട നീക്കം

കളക്ടറുടെ നീക്കം തള്ളിക്കളയണം. പട്ടികയിലെ അപാകത്തിന് ഉത്തരവാദി ഭരണകൂടമാണ്. മെഡിക്കൽ കോളേജിൽ നിന്നെത്തിയ വിദഗ്ധഡോക്ടർമാർ പരിശോധിച്ചാണ് പട്ടികയുണ്ടാക്കിയത്. ദുരിതബാധിതർക്കുള്ള സഹായം അട്ടിമറിക്കാനുള്ള നീക്കത്തിനെതിരേ ഒറ്റക്കെട്ടായി പോരാടും.

-അമ്പലത്തറ കുഞ്ഞിക്കൃഷ്ണൻ, സെക്രട്ടറി, എൻഡോസൾഫാൻ പീഡിത ജനകീയ മുന്നണി

ദുരിതബാധിതരെ കണ്ടെത്താൻ 2010-മുതൽ 2019 വരെ 38 ക്യാമ്പുകളാണ് സംഘടിപ്പിച്ചത്. ഇതിൽനിന്ന് 6727 പേരെ ദുരിതബാധിതരുടെ പട്ടികയിൽ ഉൾപ്പെടുത്തി.

പട്ടികയിൽ അനർഹർ കടന്നുകൂടിയതു സംബന്ധിച്ച് വിജിലൻസ് സർക്കാരിന് സമർപ്പിച്ച റിപ്പോർട്ടിനെ അടിസ്ഥാനത്തിലാണ് സാമൂഹികനീതി വകുപ്പ് കളക്ടറോട് റിപ്പോർട്ട് നൽകാൻ ആവശ്യപ്പെട്ടത്.

റിപ്പോർട്ടിലെ കണ്ടെത്തലുകൾ

പാവപ്പെട്ടവർ ദുരിതാശ്വാസത്തിന് എൻഡോസൾഫാൻ പട്ടികയിൽ ഏതുവിധേനയും കയറിപ്പറ്റാൻ ശ്രമിക്കുന്നു. ഇവരെ മായ്ക്കി മറ്റുപ്രശ്നങ്ങളും ഇല്ലാത്ത ഒരുവിഭാഗം പട്ടികയിൽ കടന്നുകയറി സർക്കാർസഹായം തട്ടിയെടുക്കുന്നു.

'മരിച്ചവർ' ആനുകൂല്യം കൈപ്പറ്റി, നഷ്ടം 3.9 കോടി

ആദ്യ ക്യാമ്പ് നടന്ന 2010-നുശേഷം മരിച്ച 734 പേരുടെ മരണകാരണം എൻഡോസൾഫാനാണെന്നാണ് ഫീൽഡ് ഓഫീസർമാരുടെ റിപ്പോർട്ട്. ഇവരുടെ ബന്ധുക്കൾക്ക് അഞ്ചുലക്ഷം രൂപവീതം കൊടുക്കുന്നു. മരിച്ചവരുടെ പട്ടികയിൽ ഉൾപ്പെട്ട 113 പേർ 2010-ലെ ക്യാമ്പിൽ പങ്കെടുക്കുകയും പട്ടികയിൽ ഇടംപിടിക്കുകയും ചെയ്തു. ഈയിനത്തിൽ 91 കേസിലായി 3.90 കോടി രൂപ അധികമായി കൈപ്പറ്റി.

സ്വകാര്യ ആശുപത്രികളിൽ ചെലവഴിച്ച് വൻതുക

പ്രകിസന്ധാരയുള്ള പട്ടികയിലുള്ള ആശുപത്രികളും കാസർകോട്ടും കണ്ണൂരും ഉള്ളപ്പോഴും രോഗതീവ്രതയോ രോഗിയുടെ അവസ്ഥയോ പരിഗണിക്കാതെ ദേശീയ ആരോഗ്യ ദൗത്യം മംഗലാപുരത്തെ സ്വകാര്യ ആശുപത്രികളിലേക്കാണ് സാക്ഷ്യപത്രം നൽകുന്നത്. ഇതുകാരണം വൻതുക അധികബാധ്യതയുണ്ടായി.

വന്ധ്യതാപട്ടികയിൽ കുട്ടികളുള്ളവരും

ക്യാമ്പുകളിൽ വന്ധ്യത കണ്ടെത്തിയവരുടെ പട്ടികയിൽ 55 പേരുണ്ടായിരുന്നു. ഇതിൽ 28 പേർ കുട്ടികളുള്ളവരാണ്. ഇവരെല്ലാം പെർഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങളും കൈപ്പറ്റുന്നു.

22 July 2021

എൻഡോസൾഫാൻ ഇരകൾ വീണ്ടും സുപ്രീംകോടതിയിൽ

22/7/21 MATHRUBHUMI

ഷൈൻ മോഹൻ
ന്യൂഡൽഹി

» *നാലരവർഷമായിട്ടും നഷ്ടപരിഹാരമില്ല*

► നാലരവർഷം മുമ്പ് വിധിച്ച നഷ്ടപരിഹാരം ഇനിയും ലഭിച്ചില്ലെന്നുകാട്ടി കാസർകോട്ടെ എൻഡോസൾഫാൻ ഇരകളും വീണ്ടും സുപ്രീംകോടതിയിൽ. എൻഡോസൾഫാൻ ഇരകൾക്ക് മൂന്നു മാസത്തിനകം അഞ്ചുലക്ഷം രൂപവീതം നൽകണമെന്ന 2017-ലെ വിധി നടപ്പായില്ലെന്നുകാട്ടിയാണ് കോടതിയലക്ഷ്യ ഹർജി നൽകിയത്.

ഇവർക്കുവേണ്ടി പ്രവർത്തിക്കുന്ന സംഘടനകളുടെ കൂട്ടായ്മയായ സെർവ് കളഞ്ചീവിന്റെ നേതൃത്വത്തിലാണ് സുപ്രീംകോടതിയിലെത്തിയത്. ഏഴായിരത്തോളം എൻഡോസൾഫാൻ രോഗികളിൽ നാലിലൊന്നുപേർക്കു മാത്രമേ ഇതുവരെ നഷ്ടപരിഹാരം ലഭിച്ചിട്ടുള്ളൂവെന്ന് പരാതിയിൽ ചൂണ്ടിക്കാട്ടി.

എൻഡോസൾഫാൻ ഇരകൾക്ക് കാസർകോട്ട് സാന്ത്വനചികിത്സാ ആശുപത്രി വേണമെന്ന നിർദേശവും പാലിക്കപ്പെട്ടില്ല. ഇക്കാരണത്താൽ, പുറത്തിറങ്ങാൻ സാധിക്കാത്ത കോവിഡ് കാലത്ത് എൻഡോസൾഫാൻ ബാധിതർ ഏറെ പ്രയാസപ്പെടുന്നതായി പരാതിക്കാർ പറഞ്ഞു. ഇവർക്കായി എംപാനൽ ചെയ്ത 17 ആശുപത്രികളിൽ ഒന്നുപോലും കാസർകോട്ടില്ലാത്തതിനാൽ രോഗികൾക്ക് തിരുവനന്തപുരത്തും എറണാകുളത്തും മറ്റും പോകേണ്ടിവരുന്നു. യാത്രാ നിയന്ത്രണമുള്ള കോവിഡ് കാലത്ത് ദുരിതം ഇരട്ടിച്ചു.

ഈ സാഹചര്യത്തിലാണ് കെ.ജി. ബൈജു ഉൾപ്പെടെ എട്ടുപേർ കോടതിയലക്ഷ്യ ഹർജിയുമായി സുപ്രീംകോടതിയെ സമീപിച്ചത്. പ്രകാശ് ബാരെ അധ്യക്ഷനായ സെർവ് കളഞ്ചീവിൽ എൻവിസാജ്, എസ്വാക്, എൻഡോസൾഫാൻ ദുരിതബാധിത സംരക്ഷണ സമിതി, പുഞ്ചിരി ക്ലബ്ബ്, ലോഹ്യ വിചാരവേദി, ഏകതാ പരിഷത്, അധിനിവേശ പ്രതിരോധ സമിതി, പാഠഭേദം, തണൽ, വ്യവസായ തൊഴിലാളി സൗഹൃദസംഘം, ഫെയർ ട്രേഡ് അലയൻസ് ഓഫ് കേരള, ജോയൻറ് ഫോറം ഓഫ് എൻഡോസൾഫാൻ വിക്ടിംസ് ട്രിബ്യൂണൽ ഓഫ് സ്റ്റ്സ് എന്നീ സംഘടനകളുണ്ട്. എൻഡോസൾഫാൻ ഇരകൾക്കു വേണ്ടി പ്രവർത്തിക്കുന്ന ഇരുപതിലധികം സംഘടനകൾ ഒത്തുചേർന്ന് സുപ്രീംകോടതിയെ സമീപിക്കുന്നത് ആദ്യമാണെന്ന് സെർവ് കളഞ്ചീവിന്റെ ഉപദേശകരിൽ ഒരാളായ പ്രൊഫ. എം.എ. റഹ്മാൻ പറഞ്ഞു.

രോഗികളായ നാലു കുട്ടികളുടെ അമ്മമാർ നഷ്ടപരിഹാരം ലഭിച്ചില്ലെന്നുകാട്ടി 2019-ൽ സുപ്രീംകോടതിയെ സമീപിച്ചിരുന്നു. അവർക്ക് രണ്ടുമാസത്തിനകം അഞ്ചുലക്ഷംരൂപവീതം നൽകാനും വിധിവന്നു. അർഹർ കാറ്റഗറി എന്നുപറഞ്ഞ് രോഗികളെ മാറ്റിനിർത്തി നഷ്ടപരിഹാരം നിഷേധിക്കരുതെന്ന് സുപ്രീംകോടതി അന്ന് വ്യക്തമാക്കിയിരുന്നു.

മാതൃഭൂമി

25 February 2022

25/2/22 malyala manorama

എൻഡോസൾഫാൻ നഷ്ടപരിഹാരം : കേരളത്തിന് നോട്ടിസ്

ന്യൂഡൽഹി ● എൻഡോസൾഫാൻ ഇരകൾക്കുള്ള 5 ലക്ഷം രൂപയുടെ നഷ്ടപരിഹാര വിതരണത്തിനു രണ്ടാമതൊരു ഉത്തരവുണ്ടായിട്ടും നടപ്പാക്കാത്തതെന്തെന്നു സുപ്രീം കോടതി ചോദിച്ചു. വിധി നടപ്പാക്കാത്തതിനെതിരെ എൻഡോസൾഫാൻ ദുരിതബാധിതർക്കു വേണ്ടി പ്രവർത്തിക്കുന്ന 12 സംഘടനകളുടെ കൂട്ടായ്മയായ സർവ് കലക്ടീവ് നൽകിയ കോടതിയലക്ഷ്യ ഹർജി പരിഗണിച്ച കോടതി കേരള സർക്കാരിനു നോട്ടിസയച്ചു. നാലാഴ്ചയ്ക്കകം മറുപടി നൽകാനാണ് ആവശ്യപ്പെട്ടിരിക്കുന്നത്. ഹർജിക്കാർക്കു വേണ്ടി പി.എസ്.സുധീർ ഹാജരായി.

ഇരകൾക്കുള്ള നഷ്ടപരിഹാരമായി നിശ്ചയിക്കപ്പെട്ട 5 ലക്ഷം രൂപ 3 മാസത്തിനുള്ളിൽ വിതരണം ചെയ്യണമെന്നാണ് 2017 ഒക്ടോബറിൽ സുപ്രീം കോടതി വിധിച്ചത്. നഷ്ടപരിഹാരം വിതരണം ചെയ്യപ്പെടുന്നില്ലെന്നു ചൂണ്ടിക്കാട്ടി ഇരകളായ 4 കുട്ടികളുടെ അമ്മമാർ 2019 ൽ സുപ്രീം കോടതിയെ സമീപിച്ചു. തുടർന്ന് 2 മാസത്തിനുള്ളിൽ തുക വിതരണം ചെയ്യാനായിരുന്നു 2019 ജൂലൈയിൽ ജസ്റ്റിസ് ഡി.വൈ.ചന്ദ്രചൂഡ് അധ്യക്ഷനായ ബെഞ്ച് വിധിച്ചത്. തുടർന്നും അനുകൂല നടപടിയുണ്ടാകുന്നില്ലെന്നു ചൂണ്ടിക്കാട്ടിയാണ് സർവ് കലക്ടീവ് 2020 ൽ പുതിയ കോടതിയലക്ഷ്യ ഹർജി നൽകിയത്.

മലയാള മനോരമ

31 July 2022

31/7/22 MALAYALA MNORAMA

എൻഡോസൾഫാൻ: മണ്ണാർക്കാട്ട് 45 പേർക്കു ജനിതക രോഗങ്ങൾ

● 7 വർഷം പൂഴ്ത്തിവച്ച റിപ്പോർട്ട് പുറത്ത്, പഠനം 15 വർഷം കിടനാശിനി തളിച്ച മേഖലയിൽ

രമേഷ് എഴുത്തച്ഛൻ

പാലക്കാട് ● എൻഡോസൾഫാൻ വ്യാപകമായി തളിച്ചിരുന്ന മണ്ണാർക്കാട് തെക്കൻ തത്തേങ്ങലം മേഖലയിലെ ആരോഗ്യപരിശോധനാ റിപ്പോർട്ട് 7 വർഷത്തിനുശേഷം വെളിച്ചം കണ്ടു. ആരോഗ്യവകുപ്പ് പൂഴ്ത്തിവച്ച ഫലം പുറത്തുവന്നപ്പോൾ തത്തേങ്ങലത്തു 45 പേർക്കു സെറിബ്രൽ പാൾസി ഉൾപ്പെടെ ജനിതകവൈകല്യങ്ങളും മറ്റു ഗുരുതര രോഗങ്ങളും കണ്ടെത്തി. രോഗബാധിതരായവരിൽ പലരും ഇതിനോടകം മരിച്ചു. പലരും സഹായങ്ങളൊന്നുമില്ലാതെ ഇപ്പോഴും കഷ്ടപ്പെടുന്നു. ഇത്രയും കാലം പൂഴ്ത്തിവച്ച റിപ്പോർട്ട് മനുഷ്യാവകാശ കമ്മിഷന്റെ ഇടപെടലിലൂടെയാണു പുറത്തുവന്നത്.

തെങ്കരയിൽ പ്ലാന്റേഷൻ കോർപറേഷന്റെ കശുമാവിൻ തോട്ടങ്ങളിൽ 15 വർഷത്തോളം എൻഡോസൾഫാൻ തളിച്ചിരുന്നു. കാര്യമായ സുരക്ഷാ സംവിധാനങ്ങളില്ലാതെയാണ് ഇവ പ്രയോഗിക്കാൻ തൊഴിലാളികൾ നിയോഗിക്കപ്പെട്ടത്. ഹെലികോപ്റ്റർ വഴിയും തളിച്ചിരുന്നു. തൊഴിലാളികളുടെയും നാട്ടുകാരുടെയും ആരോഗ്യാവസ്ഥ സംബന്ധിച്ചു പരാതി ഉയർന്നതോടെ തൃശൂർ മെഡിക്കൽ കോളജിലെ 5 ഡോക്ടർമാർ അടങ്ങുന്ന സംഘം 2015 മേയിൽ ഇരുന്നൂറോളം പേരെ പരിശോധിച്ചു. എന്നാൽ, റിപ്പോർട്ട് ദുരൂഹമായി പൂഴ്ത്തിവച്ചു. വിവരാവകാശ പ്രവർത്തകനും കേരളശ്ശേരി പഞ്ചായത്ത് അംഗവുമായ പി.രാജീവ് മനുഷ്യാവകാശ കമ്മിഷനിൽ പരാതി നൽകിയതോടെയാണു റിപ്പോർട്ട് വെളിച്ചം കാണുന്നത്. രാജീവിന്റെ പരാതിയുടെ അടിസ്ഥാനത്തിൽ ഉടൻ റിപ്പോർട്ട് ലഭ്യമാക്കാൻ ജില്ലാ കലക്ടറോടു കമ്മിഷൻ നിർദേശിച്ചു. ആദ്യഘട്ടങ്ങളിൽ, റിപ്പോർട്ട് കൈവശമില്ലെന്നു വിവരാവകാശ നിയമപ്രകാരമുള്ള ചോദ്യങ്ങൾക്കു മറുപടി നൽകിയിരുന്ന ആരോഗ്യവകുപ്പിന് ഇതോടെ റിപ്പോർട്ട് പുറത്തുവിടേണ്ടി വന്നു.

അഞ്ചു വയസ്സിനും 10 വയസ്സിനുമിടയിൽ പ്രായമുള്ള കുട്ടികളിലാണു ഗുരുതര രോഗങ്ങൾ കണ്ടെത്തിയത്. 9 പേർക്കു സെറിബ്രൽ പാൾസി കണ്ടെത്തി. ഏറെ പേർക്കു വളർച്ചാ വൈകല്യം ഉണ്ട്. കൈകാലുകൾ വളയുന്നത്, ശ്വാസതടസ്സം, അലർജി ഉൾപ്പെടെയുള്ള പ്രശ്നങ്ങളുമുണ്ട്. ആരോഗ്യപ്രശ്നങ്ങൾ എൻഡോസൾഫാന്റെ പാർശ്വഫലമാണെന്ന് ഉറപ്പിക്കണമെങ്കിൽ വിശദപഠനം ആവശ്യമാണ്. രോഗികൾക്കു ചികിത്സയും മറ്റു സഹായങ്ങളും ഉറപ്പാക്കാനുള്ള നടപടികളും വേണം. ആരോഗ്യവകുപ്പ് റിപ്പോർട്ട് പൂഴ്ത്തിവച്ചതോടെ വിശദമായ പഠനവും ചികിത്സയും സഹായങ്ങളുമാണു മുടങ്ങിയത്.

അതേസമയം, നിരോധിച്ചതിനെത്തുടർന്നു ബാക്കിവന്ന എൻഡോസൾഫാൻ ഇപ്പോഴും തത്തേങ്ങലത്തെ കെട്ടിടത്തിൽ സുരക്ഷിച്ചിരിക്കുകയാണ്. 2014ൽ ഇവ പുതിയ ബാരലുകളിലേക്കു മാറ്റിയിരുന്നു. 2 മാസത്തിനകം ഇവ എടുത്തുമാറ്റാമെന്ന് ഉറപ്പു നൽകിയെങ്കിലും ഇപ്പോഴും ഇവിടെയാണു സൂക്ഷിക്കുന്നത്.

മലയാള മനോരമ

07 August 2022

7/8/22 MALAYALA MANORAMA

എൻഡോസൾഫാൻ ഇരകൾക്കു മികച്ച ആശുപത്രി: ദയാബായി ഉപവസിച്ചു

തിരുവനന്തപുരം ● എൻഡോസൾഫാൻ ഇരകൾക്കു കാസർകോട് വിദഗ്ധ ചികിത്സ ഉറപ്പാക്കാൻ ജില്ലയിൽ സർക്കാർ മേൽനോട്ടത്തിൽ സ്പെഷ്യൽറ്റി ആശുപത്രി ആരംഭിക്കണമെന്നാവശ്യപ്പെട്ട് സാമൂഹിക പ്രവർത്തക ദയാബായി സെക്രട്ടേറിയറ്റിനു മുന്നിൽ ഏഴു ദിന ഉപവാസം നടത്തി. പ്രശ്നപരിഹാരമായില്ലെങ്കിൽ ഒക്ടോബർ 2 മുതൽ അനിശ്ചിതകാല നിരാഹാര സമരം ആരംഭിക്കുമെന്നു അവർ പറഞ്ഞു. കാസർകോട് ജനങ്ങൾക്കുവേണ്ടി നിരാഹാരം കിടന്ന് മരിക്കാനും തയാറാണെന്നു ദയാബായി പറഞ്ഞു.

മനുഷ്യാവകാശ പ്രവർത്തകൻ പി.എ. പൗരൻ ഉദ്ഘാടനം ചെയ്തു. ദയാബായിയെ പോലെയുള്ള സാമൂഹിക പ്രവർത്തകയെ സമരത്തിലേക്കു തള്ളിവിടാതെ എൻഡോസൾഫാൻ ഇരകൾക്കു ചികിത്സ നൽകണമെന്നു അദ്ദേഹം പറഞ്ഞു. എം. ഷാജർ ഖാൻ അധ്യക്ഷത വഹിച്ചു. അമ്പലത്തറ കുഞ്ഞികൃഷ്ണൻ, എസ്. രാജീവൻ, ചൗക്കി, ഗണേശൻ അരമനങ്ങാട്, സുബൈർ പടുപ്പ്, ഹമീദ് ചേരങ്കി, പ്രീതികിജൻ എന്നിവർ പ്രസംഗിച്ചു.

07 October 2022

ആശുപത്രിയിൽ നിന്നു വീണ്ടും സമരമുഖത്ത്

7/10/22 MALAYALA MANORAMA

ദയാബായിയുടെ നിരാഹാര സമരം 5 ദിവസം പിന്നിട്ടു

■ അഞ്ചാം ദിന സത്യഗ്രഹം ജോസഫ് എം. പുതുശേരി ഉദ്ഘാടനം ചെയ്തു

മനോരമ ലേഖകൻ

തിരുവനന്തപുരം● സാമൂഹിക പ്രവർത്തക ദയാബായി സെക്രട്ടേറിയറ്റിനു മുന്നിൽ നടത്തുന്ന അനിശ്ചിതകാല നിരാഹാര സമരം 5 ദിവസം പിന്നിട്ടു. മുൻ എംഎൽഎ ജോസഫ് എം. പുതുശേരി അഞ്ചാം ദിന സത്യഗ്രഹം ഉദ്ഘാടനം ചെയ്തു. ചികിത്സ കിട്ടാതെ കാസർകോട് ഇനി ഒരു ജീവനും നഷ്ടമാകാൻ ഇടവരരുതെന്ന് അദ്ദേഹം ആവശ്യപ്പെട്ടു.

എയിംസിനായി പരിഗണിക്കുന്ന ജില്ലകളിൽ കാസർകോടിനെ കൂടി പരിഗണിക്കുക, ജില്ലയിലെ 5 ആശുപത്രികളിൽ വിദഗ്ധ ചികിത്സാ സംഘത്തെ നിയോഗിക്കുക, എൻഡോസൾഫാൻ ദുരിത ബാധിത പ്രദേശങ്ങളിൽ ദിന പരിചരണ കേന്ദ്രങ്ങൾ തുടങ്ങുക, എൻഡോസൾഫാൻ ബാധിതർക്കായി നടത്താറുള്ള ചികിത്സാ ക്യാംപ് പുനരാരംഭിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചാണ് സമരം.



എൻഡോസൾഫാൻ ദുരിതബാധിതർക്ക് വേണ്ടി സെക്രട്ടേറിയറ്റിനു മുന്നിൽ നിരാഹാര സമരം നടത്തുന്ന ദയാബായിക്ക് ഐക്യദാർഢ്യവുമായി ഇ.ടി.മുഹമ്മദ് ബഷീർ എംപിയും മുൻ എംഎൽഎ ജോസഫ് എം. പുതുശേരിയും എത്തിയപ്പോൾ.

ദയാബായിയെ പൊലീസ് കഴിഞ്ഞ ദിവസം ആശുപത്രിയിൽ എത്തിച്ചെങ്കിലും അവർ അവിടെ നിന്നു വീണ്ടും സമരമുഖത്ത് എത്തുകയായിരുന്നു.

എൻഡോസൾഫാൻ വിഷം കാസർകോട് ഉണ്ടാക്കിയ ദുരിതങ്ങൾക്ക് പൂർണ പരിഹാരം കാണാനാകില്ലെങ്കിലും ആവശ്യമായ ചികിത്സ കൊടുക്കാൻ സർക്കാരിനു സാധിക്കുമെന്നിരിക്കെ ദയാബായിയെ പോലെ ഒരു വ്യക്തി തന്റെ നിരാഹാര സമരത്തിലേക്ക് കൊണ്ടെത്തിച്ച നടപടി ശരിയായില്ലെന്നു മുൻമന്ത്രി ഇ.ടി. മുഹമ്മദ് ബഷീർ പറഞ്ഞു.

മിസാർ റഹ്മാൻ അധ്യക്ഷത വഹിച്ചു.

പി. അബ്ദുൽ ഹമീദ്, എ.ഇ. സാബിറ, ബാബുരാജ്, ശ്രീജ ഹരി, ജാസി. കണ്ടൽ, ആരിഫ മുഹമ്മദ്, അമ്പലത്തറ കുഞ്ഞിക്കൃഷ്ണൻ, കൃപ പെരുമ്പാവൂർ എന്നിവർ പ്രസംഗിച്ചു.

മലയാള മനോരമ

14 October 2022

ആരോഗ്യനില വഷളായി; ദയാബായി വീണ്ടും ആശുപത്രിയിൽ

14/10/22 MALYALA MNORAMA

തിരുവനന്തപുരം• എൻഡോസൾഫാൻ ദുരിതബാധിതരുടെ പ്രശ്നങ്ങൾക്കു പരിഹാരം തേടി സെക്രട്ടേറിയറ്റിനു മുന്നിൽ അനിശ്ചിതകാല നിരാഹാര സമരം നടത്തുന്ന സാമൂഹിക പ്രവർത്തക ദയാബായിയെ ഇന്നലെ വീണ്ടും ആശുപത്രിയിലേക്ക് മാറ്റി. വൈകിട്ടോടെ ആരോഗ്യനില വഷളായതിനു പിന്നാലെ പൊലീസ് എത്തി ബല പ്രയോഗിച്ചാണ് മാറ്റിയത്. നേരത്തെ രണ്ടു തവണ ഇപ്രകാരം ആശുപത്രിയിലേക്കു മാറ്റിയെങ്കിലും ദയാബായി സെക്രട്ടേറിയറ്റിനു മുന്നിലേക്ക് തിരികെ എത്തി സമരം തുടരുകയായിരുന്നു.

11–ാം ദിവസത്തെ സമരം എഴുത്തുകാരൻ ഡോ.അംബികാസുതൻ മാങ്ങാട് ഉദ്ഘാടനം ചെയ്തു. സമരം അനിശ്ചിതമായി നീട്ടിക്കൊണ്ടുപോകാതെ പരിഹാരം കാണാൻ സർക്കാർ തയാറാകണമെന്നു അദ്ദേഹം ആവശ്യപ്പെട്ടു.

എ.കെ.എം. അഷ്റഫ് എംഎൽഎ , കെപിസിസി പ്രസിഡന്റ് കെ. സുധാകരൻ എംപി, ജനതാദൾ സെക്രട്ടറി ജി.എസ്. ബാബു, കവി പി. പുരുഷോത്തമൻ, അഡ്വ. ചന്ദ്രികാ കുഞ്ഞിരാമൻ, ഷാജഹാൻ സി തി ഹാജി തുടങ്ങിയവർ പ്രസംഗിച്ചു. വിവിധ സംഘടനകളും പ്രവർത്തകരും ഐക്യദാർഢ്യവുമായി എത്തി.

പോരാട്ടം കോൺഗ്രസ് ഏറ്റെടുക്കും: സുധാകരൻ

എൻഡോസൾഫാൻ ദുരിതബാധിതരെ സംരക്ഷിക്കുന്ന കാര്യത്തിൽ സർക്കാരിന്റെ അനാസ്ഥ തുടരുകയാണെന്നും തിരുത്താനുള്ള പോരാട്ടം കോൺഗ്രസ് ഏറ്റെടുക്കുമെന്നു കെപിസിസി പ്രസിഡന്റ് കെ. സുധാകരൻ എംപി. സാമൂഹിക പ്രവർത്തക ദയാബായി സെക്രട്ടേറിയറ്റിനു മുന്നിൽ നടത്തുന്ന അനിശ്ചിതകാല നിരാഹാരത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

ദയാബായി നടത്തുന്നത് ധീരമായ പോരാട്ടമാണ്. നിരാഹാരസമരം 11 ദിവസം കഴിഞ്ഞിട്ടും സർക്കാർ ചർച്ചയ്ക്കു തയാറാകാത്തത് നിർഭാഗ്യകരമാണ്. എൻഡോസൾഫാൻ ഇരകളോട് സർക്കാർ സ്വീകരിക്കുന്നത് കരുതൽ അനിവാര്യമാണ്.കാസർകോട് ജില്ലയിലെ എൻഡോസൾഫാൻ ഇരകൾക്കു നൽകാൻ സുപ്രീംകോടതി നിർദേശിച്ച നഷ്ടപരിഹാരം നൽകുന്നതിൽ പോലും സംസ്ഥാന സർക്കാർ അലംഭാവം കാട്ടി. ദയാബായി നടത്തുന്ന സമരങ്ങൾക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ച് കോൺഗ്രസ് പ്രകടനം നടത്തുമെന്നും സുധാകരൻ അറിയിച്ചു.



എൻഡോസൾഫാൻ ദുരിതബാധിതർക്കായി സെക്രട്ടേറിയറ്റിനു മുന്നിൽ നിരാഹാര സമരം നടത്തുന്ന ദയാബായിക്ക് പിന്തുണയുമായി കെപിസിസി പ്രസിഡന്റ് കെ.സുധാകരൻ എത്തിയപ്പോൾ.

15 October 2022



എൻഡോസൾഫാൻ ദുരിതബാധിതർക്കു വേണ്ടി സെക്രട്ടേറിയറ്റിനു മുന്നിൽ 13 ദിവസമായി നിരാഹാര സമരം നടത്തുന്ന ദയാബായിക്ക് പിന്തുണയുമായി പ്രതിപക്ഷ നേതാവ് വി.ഡി സതീശനും, ഡിസിസി പ്രതിനിധികളും എത്തിയപ്പോൾ. പാലോട് രവി, വി.എസ്. ശിവകുമാർ, രാജ്മോഹൻ ഉണ്ണിത്താൻ എംപി എന്നിവർ സമീപം.

15/10/22 MALYALA MANORAMA

കടുത്ത ക്ഷീണം; ദയാബായി നിരാഹാരം തുടരുന്നു

തിരുവനന്തപുരം • എൻഡോസൾഫാൻ ദുരിതബാധിതരായ കുട്ടികളുടെ പ്രശ്നങ്ങൾ പരിഹരിക്കണമെന്ന് ആവശ്യപ്പെട്ട് 13 ദിവസമായി സെക്രട്ടേറിയറ്റിനു മുന്നിൽ ഉപവാസ സമരം നടത്തുന്ന ദയാബായിയുടെ ആരോഗ്യനില വീണ്ടും മോശമായി. കടുത്ത ക്ഷീണമുണ്ടെങ്കിലും പ്രശ്നത്തിനു പരിഹാരം കാണാതെ പിന്നോട്ടില്ലെന്ന നിലപാടിലാണ് 82 വയസ്സുള്ള ദയാബായി. ശാരീരിക ക്ഷീണം വകവയ്ക്കാതെയാണ് സമരം തുടരുന്നത്. റോഡരികിൽ തറയിലാണ് കിടപ്പ്.

നിരാഹാരം അവസാനിപ്പിക്കാൻ സർക്കാർ ഇടപെട്ടില്ലെങ്കിൽ സമരം ഏറ്റെടുക്കുമെന്ന് ദയാബായിക്ക് പിന്തുണ അറിയിച്ച് ജില്ലാ കോൺഗ്രസ് കമ്മിറ്റി നടത്തിയ മാർച്ചിൽ പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ പറഞ്ഞു.

എല്ലാ ജില്ലകളിലും യുഡിഎഫിന്റെ നേതൃത്വത്തിൽ സമരം നടത്താനാണ് തീരുമാനമെന്ന് സതീശൻ അറിയിച്ചു. സർക്കാരിന് പരിഹരിക്കാവുന്ന പ്രശ്നങ്ങൾ മാത്രമാണ് ദയാബായി ഉന്നയിക്കുന്നത്. സമയബന്ധിതമായി പ്രശ്നങ്ങൾ പരിഹരിക്കാമെന്ന് സർക്കാർ ഉറപ്പുനൽകിയാൽ ദയാബായി സമരം അവസാനിപ്പിക്കും. ആരോഗ്യമന്ത്രി വിദേശ സന്ദർശനം കഴിഞ്ഞ് മടങ്ങിയെത്തിയാലുടനെ ഇക്കാര്യത്തിൽ അടിയന്തര ഇടപെടൽ ആവശ്യപ്പെടുമെന്നും അദ്ദേഹം പറഞ്ഞു.

കാസർകോട് ജില്ലാ ആശുപത്രിയിൽ ചികിത്സാ സൗകര്യങ്ങൾ പരിമിതമാണ്. ലോക്ഡൗൺ കാലത്ത് അതിർത്തി അടച്ചതു മൂലം മതിയായ ചികിത്സ കിട്ടാതെ 20 പേരാണ് മരിച്ചത്. ജില്ലയിലെ ആശുപത്രികളിൽ വേണ്ടത്ര ചികിത്സാ സൗകര്യം ഏർപ്പെടുത്തണമെന്നാണ് ആവശ്യപ്പെടുന്നത്. ഇത് പരിഹരിക്കാൻ കഴിയുന്നതാണ്. എന്തെങ്കിലും കാട്ടിക്കൂട്ടി സമരം അവസാനിപ്പിക്കാമെന്നാണ് സർക്കാർ കരുതുന്നതെങ്കിൽ അക്കാര്യം നടക്കില്ലെന്നും പ്രതിപക്ഷ നേതാവ് പറഞ്ഞു.

യുഡിഎഫിന്റെ കാലത്ത് എൻഡോസൾഫാൻ ബാധിതരുടെ പ്രശ്നങ്ങളിൽ ഇടപെട്ടിരുന്നതായി രാജ്മോഹൻ ഉണ്ണിത്താൻ എംപി പറഞ്ഞു.

അഞ്ചു വർഷമായി ജില്ലയിൽ മെഡിക്കൽ ക്യാംപുകൾ പോലും നടക്കുന്നില്ലെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

രാഷ്ട്രീയ, സാമൂഹിക മേഖലകളിലെ ഒട്ടേറെ പേർ ഇന്നലെ പിന്തുണയുമായി സമരവേദിയിലെത്തി. ദയാബായിയുടെ സമരം അവസാനിപ്പിക്കണമെന്ന് ആവശ്യപ്പെട്ട് മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി സർക്കാരിനു കത്തു നൽകിയെങ്കിലും നടപടിയോ മറുപടിയോ ഉണ്ടായിട്ടില്ല.

മലയാള മനോരമ

16 October 2022

16/10/22 MALAYALA MNOREAMA

നിരാഹാര സമരം: ദയാബായിയുമായി സർക്കാർ ചർച്ച ചെയ്യാൻ സാധ്യത

മനോരമ ലേഖകൻ

തിരുവനന്തപുരം ● എൻഡോസൾഫാൻ ദുരിതബാധിതരുടെ പ്രശ്നങ്ങൾക്കു പരിഹാരം ആവശ്യപ്പെട്ട് സെക്രട്ടേറിയറ്റിനു മുന്നിൽ നിരാഹാര സമരം നടത്തുന്ന ദയാബായിയുമായി സർക്കാർ ചർച്ച നടത്തുമെന്നു സൂചന. മുഖ്യമന്ത്രിയും മന്ത്രിമാരും വിദേശയാത്ര കഴിഞ്ഞു തിരിച്ചുവരുന്ന സാഹചര്യത്തിലാണ് ചർച്ചയ്ക്ക് അവസരമൊരുങ്ങുന്നത്.

സർക്കാർ മൗനം തുടരുകയാണെങ്കിൽ യുഡിഎഫ് സമരം ഏറ്റെടുക്കുമെന്ന് പ്രതിപക്ഷ നേതാവ് വി.ഡി.സതീശൻ പ്രഖ്യാപിച്ചിരുന്നു.

വിവിധ രാഷ്ട്രീയ സാമൂഹിക മേഖലകളിൽ നിന്നുള്ളവരും മനുഷ്യാവകാശ സംഘടനകളും യുവജനങ്ങളും സമരത്തിന് പിന്തുണയുമായി രംഗത്തുണ്ട്.

ആരോഗ്യനില മോശമായതിനെ തുടർന്ന് ആശുപത്രിയിലേക്ക് മാറ്റിയ ദയാബായി ഇന്നലെ ഉച്ചയോടെ വീണ്ടും സമര രംഗത്തെത്തി. സമരത്തിനിടെ 3 തവണയാണ് ആരോഗ്യനില മോശമായതിനെ തുടർന്ന് ദയാബായിയെ ആശുപത്രിയിലേക്ക് മാറ്റിയത്. ആശുപത്രിയിലും നിരാഹാര സമരം തുടർന്നു. സ്വന്തം ഉത്തരവാദിത്തത്തിൽ വിട്ടയയ്ക്കണമെന്ന് എഴുതി നൽകിയാണ് വീണ്ടും സെക്രട്ടേറിയറ്റിനു മുന്നിലേക്കെത്തിയത്. സമരം ഇന്ന് 15-ാം ദിവസത്തിലേക്ക് കടന്നു.



എൻഡോസൾഫാൻ ദുരിതബാധിതരുടെ പ്രശ്നങ്ങൾ പരിഹരിക്കണമെന്ന് ആവശ്യപ്പെട്ട് സെക്രട്ടേറിയറ്റിനു മുന്നിൽ നിരാഹാര സമരം നടത്തുന്ന സാമൂഹിക പ്രവർത്തക ദയാബായി. ആരോഗ്യസ്ഥിതി വഷളായതിനെത്തുടർന്ന് ആശുപത്രിയിൽ പ്രവേശിക്കപ്പെട്ട ദയാബായി വീണ്ടും സമരപ്പന്തലിൽ എത്തുകയായിരുന്നു.

ബഹുജന മാർച്ച് 18ന്

● സർക്കാർ ചർച്ചയ്ക്ക് തയാറായില്ലെങ്കിൽ 18ന് ആരോഗ്യമന്ത്രിയുടെ വസതിയിലേക്ക് ബഹുജന മാർച്ച് നടത്താൻ സമര സമിതി തീരുമാനിച്ചു.

ദയാബായിയെ മരണത്തിലേക്ക് തള്ളിവിടാൻ അനുവദിക്കില്ല. കാസർകോടിന്റെ ആരോഗ്യപ്രശ്നങ്ങൾ പരിഹരിക്കാൻ സർക്കാർ മുന്നോട്ടു വരാത്ത സാഹചര്യത്തിൽ എൻഡോസൾഫാൻ ദുരിത ബാധിതരും അമ്മമാരും തിരുവനന്തപുരത്തെത്തുമെന്നും അവർ അറിയിച്ചു.

ആരോഗ്യനില വഷളായി, ദയാബായിയെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു

തിരുവനന്തപുരം ● ആരോഗ്യ നില വഷളായ ദയാബായിയെ ഇന്നലെ രാത്രി ഒൻപതു മണിയോടെ ജനറൽ ആശുപത്രിയിലേക്കു മാറ്റി. ആശുപത്രിയിലേക്കു കൊണ്ടുപോകരുതെന്ന് ദയാബായി വാശിപിടിച്ചെങ്കിലും പൊലീസ് ബലപ്രയോഗിച്ച് ആശുപത്രിയിലേക്കു മാറ്റുകയായിരുന്നു. കനത്ത മഴയിലും നിരാഹാരമനുഷ്ഠിക്കുകയായിരുന്നു ദയാബായി.

18 October 2022

സർക്കാർ വാഗ്ദാനങ്ങൾ പാഴ്‌വാക്കായി; നിരാഹാരം തുടരാൻ ദയാബായി

■ ചർച്ചയിൽ മന്ത്രിമാർ നൽകിയ വാഗ്ദാനങ്ങൾ രേഖയിൽ ഒഴിവാക്കി

18/10/22 MALAYALA MANORAMA

മനോരമ ലേഖകൻ

തിരുവനന്തപുരം ● എൻഡോസൾഫാൻ ദുരിതബാധിതർക്കായി സാമൂഹിക പ്രവർത്തക ദയാബായി 16 ദിവസമായി നടത്തുന്ന നിരാഹാര സമരം തുടരാൻ തീരുമാനിച്ചു. മന്ത്രിമാരായ ആർ.ബിന്ദുവും വീണാ ജോർജും നടത്തിയ അനുരഞ്ജന ചർച്ചയ്ക്കിടെ വാക്കാൽ നൽകിയ ഉറപ്പുകൾ രേഖാമൂലം ആക്കിയപ്പോൾ പാടെ അട്ടിമറിക്കപ്പെട്ടതായി ചൂണ്ടിക്കാട്ടിയാണ് ഈ തീരുമാനം.

ആരോഗ്യമന്ത്രിയുടെ ഔദ്യോഗിക വസതിയിലേക്ക് ഇന്നു നടത്താനിരുന്ന മാർച്ച് തൽക്കാലം മാറ്റിവച്ചതായി സമര സമിതി അറിയിച്ചു.

'നേരിൽ കണ്ടപ്പോൾ എല്ലാം ഉറപ്പാണെന്നു പറഞ്ഞു. കത്തായപ്പോൾ എല്ലാം ഒഴിവാക്കി. ഇങ്ങനെയാണോ ഒരു സർക്കാർ പെരുമാറേണ്ടത്? സമരം തുടരും.'- ആരോഗ്യനില വഷളായി ആശുപത്രിയിൽ കഴിയുന്ന എൺപത്തിരണ്ടുകാരിയായ ദയാബായി പ്രതികരിച്ചു. 'കാസർകോട്ട് എയിംസ് സ്ഥാപിക്കുന്ന കാര്യം എനിക്കു വിട്ടേക്ക്. സർക്കാരിന് ഇക്കാര്യത്തിൽ ബുദ്ധിമുട്ട് ഉണ്ടെങ്കിൽ മേൽനടപടികൾ ഞാൻ നോക്കിക്കൊള്ളാം.'- ദയാബായി പറഞ്ഞു.



ദയാബായി

ദയാബായിയുടെ സമരത്തെപ്പറ്റി അവഗണിച്ച സർക്കാർ, 2 ദിവസം മുൻപാണു ചർച്ചയ്ക്കു വഴങ്ങിയത്. സമരസമിതി നേതാക്കളുമായി ചർച്ച നടത്തിയ വനിതാ മന്ത്രിമാർ ദയാബായി ഉന്നയിച്ച ആവശ്യങ്ങളിൽ 90 ശതമാനവും അംഗീകരിച്ചുവെന്നാണ് അവകാശപ്പെട്ടത്.

> 'എൻഡോസൾഫാനെക്കാളും ക്രൂരമാണ് ഈ മന്ത്രിമാരുടെ മനോഭാവം. ഞാൻ എന്തിനു വന്നോ അതു പൂർത്തിയാക്കാതെ മടങ്ങില്ല'.
> ■ ദയാബായി

തുടർന്ന് സമരം അവസാനിപ്പിക്കണമെന്നു ദയാബായിയെ നേരിൽ കണ്ട് അഭ്യർഥിച്ചു. തീരുമാനങ്ങൾ രേഖാമൂലം നൽകാമെന്നും അറിയിച്ചു.

എന്നാൽ, ഇത് ഇന്നലെ നൽകിയപ്പോൾ സുപ്രധാന തീരുമാനങ്ങളെല്ലാം ഒഴിവാക്കിയിരുന്നു. തങ്ങളെ വഞ്ചിച്ചെന്നും എൻഡോസൾഫാൻ ദുരിതബാധിതരുടെ പ്രശ്നങ്ങളെ ഗൗരവത്തോടെയല്ല സർക്കാർ കണ്ടതെന്നും സമരസമിതി ഭാരവാഹികളായ അമ്പലത്തറ കുഞ്ഞിക്കൃഷ്ണനും ഷാജിർ ഖാനും പറഞ്ഞു.

മന്ത്രിമാർ വാഗ്ദാനം ചെയ്തതും രേഖയിൽ നൽകിയതും

മനോരമ ലേഖകൻ

തിരുവനന്തപുരം ● സ്വന്തം സംബന്ധമായ ബുദ്ധിമുട്ടുകൾ നേരിടുന്നവരാണു കാസർകോട്ടെ എൻഡോസൾഫാൻ ദുരിതബാധിതരിൽ ഏറെയും. കാസർകോട് മെഡിക്കൽ കോളജിലും കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിലും ന്യൂറോളജിസ്റ്റിനെ നിയമിപ്പിച്ചിട്ടില്ലെന്നും മതിയായ ചികിത്സാ സംവിധാനങ്ങളില്ല. ഈ പ്രശ്നത്തിന് അടിയന്തര പരിഹാരം കാണുമെന്നു കഴിഞ്ഞ ദിവസത്തെ ചർച്ചയ്ക്കു ശേഷം മന്ത്രി വീണാ ജോർജ് വ്യക്തമാക്കിയിരുന്നു. എന്നാൽ, ചികിത്സാ സംവിധാനം ഒരു വർഷത്തിനകം ജില്ലയിൽ ഏതെങ്കിലുമൊരു ഭാഗത്ത് ഉപകരണങ്ങളും മറ്റും സംഘടിപ്പിച്ചു സജ്ജമാക്കാമെന്നാണു രേഖാമൂലമുള്ള മറുപടിയിൽ പറയുന്നത്.

കത്തിലെ മറ്റു തീരുമാനങ്ങൾ:

● ജില്ലയിലെ മെഡിക്കൽ കോളജ്, ജനറൽ ആശുപത്രി, കാഞ്ഞങ്ങാട് ജില്ലാ ആശുപത്രി എന്നിവിടങ്ങളിൽ ദുരിതബാധിതർക്കു ചികിത്സയ്ക്കായി ഇപ്പോൾ നൽകിവരുന്ന മുൻഗണന അവേപക്ഷിതുടരും.

● ടാറ്റാ ട്രസ്റ്റ് ആശുപത്രിയും കാഞ്ഞങ്ങാട് പുല്ലികളുടെയും സ്ത്രീകളുടെയും ആശുപത്രിയും പൂർണ സജ്ജമാകുമ്പോൾ അവിടെയും മുൻഗണന നൽകും.

● അതിരു സ്പോഷ്യാലിറ്റിയും ബഡ്സ് സ്കൂളുകളിലും നിലവിൽ ചെങ്കളത്തിന് സൗകര്യമൊരുക്കുന്ന കാര്യം പരിഗണിക്കും.

● മെഡിക്കൽ ക്യാംപിനുള്ള അപേക്ഷ 2 മാസം മുൻപ് ലഭിച്ചാൽ പരിഗണിക്കാം.

● സമരസമിതി ഉന്നയിച്ച ആവശ്യങ്ങൾ (ഇതിൽ 90 ശതമാനവും അംഗീകരിച്ചെന്നായിരുന്നു സർക്കാർ അവകാശവാദം)

● ദുരിതബാധിതർക്ക് മെച്ചപ്പെട്ട 5 ചികിത്സ

● കാസർകോട്ട് എയിംസ്

● കുട്ടികൾക്കായി പകൽ കരുതൽ കേന്ദ്രങ്ങൾ

● ദുരിതബാധിതരെ കണ്ടെത്താൻ മെഡിക്കൽ ക്യാംപുകൾ

മലയാള മനോരമ

19 October 2022

ആവശ്യങ്ങൾ അംഗീകരിച്ചു ദയാബായിയുടെ സമരം അവസാനിപ്പിക്കണമെന്ന് സമരസമിതി

19/10/22 MALAYALA MANORAMA

മനോരമ ലേഖകൻ

തിരുവനന്തപുരം● എൻഡോസൾഫാൻ ദുരിതബാധിതരുടെ കാര്യത്തിൽ സാമൂഹിക പ്രവർത്തക ദയാബായി ഉന്നയിച്ച ആവശ്യങ്ങൾ അംഗീകരിച്ചു നിരാഹാര സമരം അവസാനിപ്പിക്കാൻ മുഖ്യമന്ത്രി പിണറായി വിജയൻ അടിയന്തരമായി ഇടപെടണമെന്നു സമരസമിതി ആവശ്യപ്പെട്ടു. ചർച്ച നടത്തിയ വനിതാ മന്ത്രിമാർ ദയാബായിയെ വഞ്ചിച്ചെന്നു സമിതി നേതാക്കളായ അമ്പലത്തറ കുഞ്ഞിക്കൃഷ്ണൻ, ഷാജർഖാൻ, കരീം ചൗക്കി, പി.ഷൈനി എന്നിവർ പറഞ്ഞു.

അനുരഞ്ജന ചർച്ചയിൽ ഇരുകൂട്ടർക്കും സ്വീകാര്യമായ തീരുമാനങ്ങളാണ് എടുത്തത്. ഇതു രേഖാമൂലം നൽകണമെന്നു ദയാബായി ആവശ്യപ്പെട്ടു. എന്നാൽ ചർച്ചയിൽ അംഗീകരിച്ച കാര്യങ്ങൾ അവ്യക്തമായാണ് എഴുതി നൽകിയത്. ഇതു തിരുത്തണമെന്ന് ആവശ്യപ്പെട്ടെങ്കിലും അതു ചെയ്യാതെ നിഷേധാത്മക മറുപടി ആവർത്തിച്ചു. വ്യക്തത വരുത്തുന്നതു വരെ സമരം തുടരാനാണു ദയാബായിയുടെ തീരുമാനം.

ദുരിതബാധിതർക്കു കാസർകോട് ജില്ലയിൽ തന്നെ ചികിത്സാ സൗകര്യങ്ങൾ ഒരുക്കണം. അവർ തിരുവനന്തപുരത്തു വന്നു ചികിത്സിക്കട്ടെ എന്ന നിലപാട് പ്രായോഗികമല്ല. സർക്കാർ അവഗണന തുടർന്നാൽ സമരരീതി മാറ്റുമെന്നും അവർ അറിയിച്ചു.

ചർച്ചയിൽ മന്ത്രി സംഘം നൽകിയ ഉറപ്പുകൾ

(തയാറാക്കി നൽകിയ രേഖയിൽ ഇതൊന്നുമില്ല)

- കാസർകോട് മെഡിക്കൽ കോളജ്, ജില്ലാ ആശുപത്രി, ജനറൽ ആശുപത്രി, അമ്മയും കുഞ്ഞും ആശുപത്രി, ടാറ്റ ആശുപത്രി എന്നിവിടങ്ങളിൽ വിദഗ്ധ ചികിത്സാ സൗകര്യങ്ങളൊരുക്കും. ജില്ലാ ആശുപത്രിയിൽ ന്യൂറോളജി ചികിത്സാ സജ്ജീകരണങ്ങൾ ഒരു വർഷത്തിനകം പൂർത്തിയാക്കും.
- മെഡിക്കൽ കോളജ് സമയബന്ധിതമായി പൂർത്തിയാക്കും.
- അമ്മയും കുഞ്ഞും ആശുപത്രി 2 മാസത്തിനകം പ്രവർത്തിപ്പിക്കും.
- മറ്റ് ആശുപത്രികളിൽ മതിയായ ചികിത്സാ സൗകര്യമൊരുക്കും.
- മാനസിക വെല്ലുവിളി നേരിടുന്നവർക്കും കിടപ്പിലായവർക്കും മുഴുവൻ നഗരസഭ, ഗ്രാമപ്പഞ്ചായത്തുകളിലും ദിനപരിചരണ കേന്ദ്രങ്ങൾ.
- എൻഡോസൾഫാൻ ദുരിതബാധിതരെ കണ്ടെത്തുന്നതിനു പ്രത്യേക മെഡിക്കൽ ക്യാംപ് 2 മാസത്തിനകം.

ചർച്ചയെ തുടർന്നു നൽകിയ മിനിറ്റ്സിൽ ഇതൊന്നും ഇല്ലെന്നും മെഡിക്കൽ ക്യാംപ് നടത്താനുള്ള അപേക്ഷ 2 മാസത്തിനകം സ്വീകരിക്കും എന്നാക്കി മാറ്റിയെന്നും സമരസമിതി ആരോപിച്ചു.

ദയാബായിയുടെ ആവശ്യങ്ങൾ പരിഗണിച്ചു എന്ന മുഖ്യമന്ത്രിയുടെ വാക്കുകൾ സത്യമല്ല: സമരസമിതി

● സമരം ശക്തിപ്പെടുത്തും

തിരുവനന്തപുരം● എൻഡോസൾഫാൻ ദുരിതബാധിതരുടെ പുനരധിവാസ വിഷയത്തിൽ ദയാബായി ഉന്നയിച്ച നാലു കാര്യങ്ങളിൽ മൂന്നും പരിഗണിച്ചുവെന്ന മുഖ്യമന്ത്രി പിണറായി വിജയന്റെ പ്രസ്താവന തെറ്റിദ്ധാരണാജനകമെന്ന് സമരസമിതി. ഇതേ തുടർന്ന് സമരം കൂടുതൽ ജനകീയമായി ശക്തിപ്പെടുത്തും.

കാസർകോട് നിന്നുള്ള എൻഡോസൾഫാൻ ദുരിത ബാധിതരും അമ്മമാരും സമരമുഖത്തെത്തും. സമരസമിതി ഉന്നയിച്ച ആവശ്യങ്ങൾ അംഗീകരിച്ചുവെന്ന മുഖ്യമന്ത്രിയുടെ വാക്കുകൾ സത്യമല്ല. മന്ത്രിമാർ ചർച്ച നടത്തി ധാരണയിലെത്തിയെന്നു പറഞ്ഞു കൈമാറിയ കത്തിലെ വാസ്തവവിരുദ്ധമായ കാര്യങ്ങളാണ് അദ്ദേഹം പത്രസമ്മേളനത്തിൽ ആവർത്തിച്ചതെന്ന് സമരസമിതി ഭാരവാഹിയായ ഷാജിർ ഖാൻ പറഞ്ഞു. ദുരിതം നേരിടുന്നവരുടെ യഥാർഥ ആവശ്യങ്ങൾ എന്തെന്ന് മുഖ്യമന്ത്രി തിരിച്ചറിയണം. പത്രസമ്മേളനത്തിൽ അദ്ദേഹം വായിച്ച കത്തല്ല സമര സമിതിയുമായി ഉണ്ടാക്കിയ കരാർ. ദയാബായിയുടെ ആവശ്യങ്ങളെല്ലാം അംഗീകരിച്ചു എന്നു പറയുന്നത് സർക്കാരിന്റെ വഞ്ചനാപരമായ നിലപാടാണ്. ദയാബായിയുടെ ആരോഗ്യസ്ഥിതി ഗുരുതരമായി തുടരുന്ന സാഹചര്യത്തിൽ മുഖ്യമന്ത്രി അടിയന്തരമായി ഇന്നു തന്നെ ചർച്ചയ്ക്കു തയാറാവണമെന്നും സമരസമിതി ആവശ്യപ്പെട്ടു.

മലയാള മനോരമ

19 October 2022

ദയാബായിക്കു പിന്തുണയുമായി യുഡിഎഫ് നേതാക്കൾ

19/10/22 MALAYALA MANORAMA

പ്രശ്നം പരിഹരിച്ചില്ലെങ്കിൽ സമരം യുഡിഎഫ് ഏറ്റെടുക്കുമെന്ന് സതീശൻ

തിരുവനന്തപുരം• എൻഡോസൾഫാൻ ദുരിതബാധിതർക്കു വേണ്ടി നിരാഹാര സമരം നടത്തുന്ന ദയാബായിയെ യുഡിഎഫ് നേതാക്കൾ ആശുപത്രിയിൽ സന്ദർശിച്ചു പിന്തുണ അറിയിച്ചു. സർക്കാർ എത്രയും പെട്ടെന്നു പരിഹാരത്തിനു ശ്രമിക്കുന്നില്ലെങ്കിൽ ഈ സമരം യുഡിഎഫ് ഏറ്റെടുക്കുമെന്നു പ്രതിപക്ഷ നേതാവ് വി.ഡി.സതീശൻ അറിയിച്ചു.

സമരം തീർക്കാൻ മുഖ്യമന്ത്രി ഇടപെടണമെന്നു നേരിട്ട് ആവശ്യപ്പെടും. ചർച്ചയ്ക്കു പോയ മന്ത്രിമാരുടെ ഭാഗത്തു വലിയ വീഴ്ചയുണ്ടായി. സമരം തുടങ്ങി 16–ാം ദിവസമാണു ചർച്ചയ്ക്കു തയാറായതു തന്നെ. എൻഡോസൾഫാൻ വിഷയത്തിൽ മന്ത്രി വീണാ ജോർജിനു വേണ്ടത്ര ധാരണയില്ല. സതീശൻ പറഞ്ഞു.

കെപിസിസി പ്രസിഡന്റ് കെ. സുധാകരൻ, നേതാക്കളായ പി.കെ.കുഞ്ഞാലിക്കുട്ടി, എൻ.കെ. പ്രേമചന്ദ്രൻ, സി.പി.ജോൺ, ജി. ദേവരാജൻ, അനൂപ് ജേക്കബ് തുടങ്ങിയവരും സംഘത്തിലുണ്ടായിരുന്നു.



തിരുവനന്തപുരത്ത് ജനറൽ ആശുപത്രിയിൽ സാമൂഹിക പ്രവർത്തക ദയാബായിയെ സന്ദർശിക്കുന്ന യുഡിഎഫ് നേതാക്കളായ വി.ഡി.സതീശൻ, കെ.സുധാകരൻ, പി.കെ.കുഞ്ഞാലിക്കുട്ടി എന്നിവർക്കൊപ്പം എ.എൻ.രാജൻ ബാബു, അനൂപ് ജേക്കബ്, എ.എ.അസീസ്, എൻ.കെ.പ്രേമചന്ദ്രൻ, പി.സി.തോമസ്, ജി.ദേവരാജൻ, സി.പി.ജോൺ തുടങ്ങിയവർ. എൻഡോസൾഫാൻ ദുരിതബാധിതർക്കു വേണ്ടി സെക്രട്ടേറിയറ്റിനു മുന്നിൽ നടത്തിയ നിരാഹാരത്തിനിടെ ദയാബായിയെ പൊലീസ് ആശുപത്രിയിലേക്കു മാറ്റുകയായിരുന്നു.

ചിത്രം• മനോരമ

ഒരാവശ്യമൊഴികെ എല്ലാം അംഗീകരിച്ചെന്ന് മുഖ്യമന്ത്രി

തിരുവനന്തപുരം• എൻഡോസൾഫാൻ ദുരിതബാധിതരുടെ ആവശ്യങ്ങൾക്കായി സാമൂഹിക പ്രവർത്തക ദയാബായി നടത്തുന്ന സമരത്തോടു സർക്കാരിന് അനുഭാവമാണെന്നും എയിംസ് കാസർകോട് സ്ഥാപിക്കണം എന്നതൊഴികെ ആവശ്യങ്ങളിൽ രേഖാമൂലം ഉറപ്പു നൽകിയിട്ടുണ്ടെന്നും മുഖ്യമന്ത്രി . സാഹചര്യം മനസ്സിലാക്കി സമരത്തിൽ നിന്നു പിന്മാറണമെന്നു മുഖ്യമന്ത്രി അഭ്യർഥിച്ചു.

ദയാബായിക്ക് എന്തോ തെറ്റിദ്ധാരണ ഉണ്ട്. കൂടെയുള്ളവർ അവരെ പറഞ്ഞു മനസ്സിലാക്കണം. എൻഡോസൾഫാൻ ദുരിതബാധിതരെ കണ്ടെത്താൻ മെഡിക്കൽ ക്യാംപ്, കാസർകോട് ജില്ലയിലെ ആശുപത്രികളിൽ മുൻഗണന, വനിത–ശിശു ആശുപത്രി പൂർണസജ്ജമാകുമ്പോൾ അവിടെയും സമാന സൗകര്യങ്ങൾ, ടാറ്റാ ട്രസ്റ്റ് ആശുപത്രിയിലും പ്രത്യേക സൗകര്യം എന്നീ കാര്യങ്ങളിലാണു ഉറപ്പ് നൽകിയത്.

വിഴിഞ്ഞം: 6 ആവശ്യവും അംഗീകരിച്ചു

വിഴിഞ്ഞം സമരസമിതിയുടെ 7 ആവശ്യങ്ങളിൽ ആറെണ്ണം അംഗീകരിക്കാൻ ചർച്ചയിൽ ധാരണയായെന്നു മുഖ്യമന്ത്രി പറഞ്ഞു. വിഴിഞ്ഞം തുറമുഖം അടച്ചുപൂട്ടണം എന്ന ആവശ്യം അംഗീകരിക്കാനാവില്ല. സമരം തുടരുന്നതു ന്യായമല്ലെന്നും പിണറായി പറഞ്ഞു.

21 October 2022

എൻഡോസൾഫാൻ ദുരിതത്തെപ്പറ്റിയുള്ള പുതിയ പഠനം പറയുന്നു

ശാസ്ത്രജ്ഞരേ, മനുഷ്യന്റെ വേദന കൂടി കാണണം

21/10/22 MALAYALA MANORAMA

കെ.ജയപ്രകാശ് ബാബു


കണ്ണൂർ • എൻഡോസൾഫാൻ ദുരിതബാധിതർക്കു വിനയാകുന്നത് ഒരിക്കലും തീരാത്ത പഠനങ്ങൾ. രാജ്യാന്തരതലത്തിൽ നടത്തിയ പുതിയ പഠനം തന്നെയാണ് 'നിരന്തര പഠന'ങ്ങൾ മൂലമുള്ള ഈ ദുരിതം പുറത്തുകൊണ്ടുവന്നത്. എൻഡോസൾഫാൻ വിഷയമാണെന്ന പരിസ്ഥിതി പ്രവർത്തകരും ആരോഗ്യശാസ്ത്രജ്ഞരും സ്വീകരിച്ച നിലപാടിനെ പിന്തുണയ്ക്കുന്നതാണ് ഈ റിപ്പോർട്ട്.

എൻഡോസൾഫാൻ കിടനാശിനിയുടെ പ്രത്യാഘാതം സംബന്ധിച്ചാണ് തുടർച്ചയായി പഠനങ്ങൾ നടന്നത്. ദുരിതബാധിതർക്ക് അർഹമായ ആനുകൂല്യം നിഷേധിക്കാൻ ഇത് ഇടവരുത്തിയെന്നും ഇതുമൂലമുണ്ടായ അനിശ്ചിതത്വം പ്ലാന്റേഷൻ കോർപറേഷനെ സംരക്ഷിക്കുന്നതിനായി സംസ്ഥാന സർക്കാരുകൾ ഉപയോഗിച്ചതായും റിപ്പോർട്ട് വ്യക്തമാക്കുന്നു.

ബെംഗളൂരു അശോക ട്രസ്റ്റ് ഫോർ റിസർച് ഇൻ ഇക്കോളജി ആൻഡ് ദി എൻവയൺമെന്റിലെ (എട്രീ) ആർ.കെ.സോണി, സി ദ്ധാർഥ കൃഷ്ണൻ, നോർവേ ഓസ്‌ലോ സർവകലാശാലയിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹെൽത്ത് ആൻഡ് സൊസൈറ്റിയിലെ ഡാനിയൽ മുൺസ്റ്റർ എന്നിവർ നടത്തിയ പഠനം, ലണ്ടൻ ആസ്ഥാനമായുള്ള 'റൊട്ടെലെ'ന്റെ 'എൻവയൺമെന്റൽ സോഷ്യോളജി' ജേണലിൽ പ്രസിദ്ധീകരിച്ചു.

'എൻഡോസൾഫാൻ അനുകൂലമായും പ്രതികൂലമായും പഠനറിപ്പോർട്ടുകളുണ്ടായതോടെ ആരാണു ശരിയെന്ന അനിശ്ചിതത്വമുണ്ടായി. എതിരായ പഠന റിപ്പോർട്ടുകൾ സർക്കാർ നിശ്ചയിച്ച മാനദണ്ഡങ്ങൾ പ്രകാരമല്ലെന്നും ഇതുവരെ അത്തരം പഠനങ്ങൾ നടന്നിട്ടില്ലെന്നുമുള്ള ചില കൃഷി ശാസ്ത്രജ്ഞരുടെ വാദം അനിശ്ചിതത്വത്തിലേക്കു നയിച്ചു. എൻഡോസൾഫാൻ രോഗകാരണമാണെന്ന പഠനറിപ്പോർട്ട് വരുമ്പോൾ അതല്ലെന്ന മറ്റൊരു സ്പോൺസേഡ് പഠന റിപ്പോർട്ടുമായി ലോബി രംഗത്തെത്തും. ഇത് നിയമനിർമാണം വൈകിപ്പിച്ചു'– റിപ്പോർട്ട് ആരോപിക്കുന്നു.

കൃഷി ശാസ്ത്രജ്ഞരുടെ പഠനരീതിയിലെ അശാസ്ത്രീയതയും നൈതികതയില്ലായ്മയും റിപ്പോർട്ട് ചോദ്യം ചെയ്യുന്നു. 'എൻഡോസൾഫാന്റെ ദുരിതഫലങ്ങളെ ശാസ്ത്രത്തിന്റെ കേവലമായ മാനദണ്ഡങ്ങൾ വച്ചാണ് കൃഷി ശാസ്ത്രജ്ഞർ പഠിച്ചത്. നിലവിലുള്ള ശാസ്ത്രീയ പഠനമാർഗങ്ങളെ നാട്ടറിവുകളുമായി ചേർത്തുവയ്ക്കുന്ന ശാസ്ത്രീയ പഠനരീതികളാണ് ഇത്തരം മേഖലകളിൽ വേണ്ടത്. സാമ്പത്തികനേട്ടം ലക്ഷ്യമിട്ടുള്ള കൃഷിയിൽ കിടനാശിനികൾക്കു പകരംവയ്ക്കാൻ മറ്റൊന്നില്ലെന്നാണു കൃഷി ശാസ്ത്രജ്ഞരുടെ വാദം. രാസകിടനാശിനി ദുരന്തങ്ങളിൽ, ഇരകളുടെ വേദനയും കഷ്ടപ്പാടും പരിഗണിക്കപ്പെടേണ്ടതു തന്നെയാണ്, തദ്ദേശീയരുള്ളതും പ്രായോഗികമായതും ചുറ്റുപാടുകളെ ബന്ധപ്പെടുത്തിയിട്ടുള്ളതുമായ സമീപനമാണു ശാസ്ത്രീയ പഠനങ്ങളിലുണ്ടാകേണ്ടത്.'– റിപ്പോർട്ടിൽ പറയുന്നു.



ഇരകൾക്ക് ആനുകൂല്യം നിഷേധിക്കാൻ ഇടയാക്കുന്നത് ഒരിക്കലും തീരാത്ത പഠനമെന്ന് പുതിയ പഠനം

മലയാള മനോരമ

21 October 2022

സങ്കടകാലം മാറാതെ എൻഡോസൾഫാൻ ഇരകൾ

21/10/22MALAYALA MNORAMA

പറ്റിക്കരുതേ ഇനിയും

എൻഡോസൾഫാൻ ഇരകൾക്ക് വാഗ്ദാനങ്ങൾ നൽകിയിട്ടുണ്ട്; പലരും പലകാലത്തും. പക്ഷേ, നടപ്പാക്കിയിട്ടുള്ളതിന്റെ പട്ടികയ്ക്കൊപ്പം നിൽക്കും നടപ്പാകാത്ത വാഗ്ദാനങ്ങളും. സാമൂഹിക പ്രവർത്തക ദയാബായി തിരുവനന്തപുരത്തു നടത്തിയ നിരാഹാരസമരം അവസാനിഷിക്കാനും സർക്കാർ കുറെയേറെ വാഗ്ദാനങ്ങൾ നൽകിയിട്ടുണ്ട്. അതിന്റെ പശ്ചാത്തലത്തിൽ മുൻകാല വാഗ്ദാനങ്ങളിലേക്ക് ഒരു തിരിഞ്ഞുനോട്ടം

നഹാസ് പി.മുഹമ്മദ്

കേരളത്തിന്റെ ഉച്ചിയിൽനിന്ന് അധികൃതരുടെ കാരിച്ചൂവടിലേക്ക് ഇറ്റുവീണ കണ്ണീർത്തുള്ളികളിൽ അവസാനത്തേതായിരുന്നു ദയാബായി. അവർ പങ്കിട്ട വേദനയ്ക്കു നാലേ പുതിറ്റാണ്ടിന്റെ ആഴമുണ്ട്. എന്നിട്ടും, ആശാസവാക്കുകൾ കൊണ്ടെങ്കിലും ലേപനം പുരട്ടാൻ സർക്കാർ കാത്തുനിന്നത് 18 നിരാഹാര ദിനങ്ങൾ ! ഈ പ്രഖ്യാപനങ്ങൾ ഫലപ്രാപ്തിയിലെത്തിയാൽ, എൻഡോസൾഫാൻ ഇരകളായി വലിയ തലയും ചെറിയ ശരീരവുമായി ജീവിക്കുന്ന ഒട്ടേറെ പേർക്ക്, അവർക്കു കൂട്ടിരുന്നു ജീവിതം മുന്നോട്ടുകൊണ്ടുപോകാൻ കഴിയാത്തവർക്ക് കുറച്ചെങ്കിലും ആശ്വാസമാകും. എന്നാൽ, പറഞ്ഞതിൽ പാതി പതിരായിപ്പോയതിന്റെ കണക്കും കാസർകോടിന് ഓർമിപ്പിക്കാനുണ്ട്.

നടപ്പാകാത്ത പ്രഖ്യാപനങ്ങൾ

- എൻഡോസൾഫാൻ ഇരകളുടെ പാലിയേറ്റിവ് പരിചരണത്തിനു പ്രത്യേക ആശുപത്രി വേണമെന്ന 2010ലെ ദേശീയ മനുഷ്യാവകാശ കമ്മിഷൻ, 2017ലെ സുപ്രീം കോടതി നിർദേശങ്ങൾ നടപ്പായില്ല.
- എൻഡോസൾഫാൻ നഷ്ടപരിഹാരവുമായി ബന്ധപ്പെട്ട് പ്രത്യേക ട്രൈബ്യൂണൽ സ്ഥാപിക്കണമെന്ന സുപ്രീം കോടതി നിർദേശവും സർക്കാർ പാലിച്ചില്ല.
- 2013ൽ അനുവദിച്ച് 2020ൽ തറക്കല്ലിട്ടതും 58 കോടി രൂപ ചെലവു പ്രതീക്ഷിക്കുന്നതുമായ, മുളിയാർ മുതലപ്പാറയിലെ 25 ഏക്കറിലുള്ള എൻഡോസൾഫാൻ പുനരധിവാസ പദ്ധതി പൂർത്തിയായില്ല.
- എൻഡോസൾഫാൻ ഇരകളായ കുട്ടികളെ പകൽ പാർപ്പിക്കാനുള്ള 'പകൽവീട്' ആശ്വാസം നടപ്പായില്ല.
- എല്ലാ വർഷവും മെഡിക്കൽ ക്യാംപ് നടത്തി പുതിയ രോഗികളെ പരിശോധിച്ച് എൻഡോസൾഫാൻ പട്ടികയിൽ ചേർക്കണം എന്ന ആവശ്യം നടപ്പായില്ല.
- എൻഡോസൾഫാൻ രോഗികളുടെ ഫിസിയോതെറപ്പി ആവശ്യത്തിനുള്ള മൊബൈൽ യൂണിറ്റ് പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നില്ല.
- 18 വയസ്സിൽ താഴെയുള്ള എൻഡോസൾഫാൻ ഇരകൾക്ക് ആരോഗ്യ പരിരക്ഷാ സേവനമടക്കുന്ന വാതിൽപടി സംവിധാനം വേണ്ടവിധം നടപ്പായില്ല.
- പെരിയയിലെ ഗോഡൗണിൽ അവശേഷിച്ച എൻഡോസൾഫാൻ നിർവീര്യമാക്കിയില്ല. ഇതു കൊണ്ടുപോകാൻ കമ്പനിയോട് ആവശ്യപ്പെടാൻ തീരുമാനിച്ചതല്ലാതെ, ഒന്നുമായില്ല.



നിർവീര്യമാക്കാത്ത എൻഡോസൾഫാൻ സൂക്ഷിച്ചിരിക്കുന്ന പെരിയയിലെ പ്ലാന്റേഷൻ കോർപറേഷൻ ഗോഡൗൺ

- എൻഡോസൾഫാൻ ഇരകൾക്കായി പെരിയയിൽ നിർമിച്ച 15 വീടുകളും എൻമകജെയിൽ നിർമിച്ച 36 വീടുകളും കൈമാറാതെ നശിക്കുന്നു.

നടപ്പായ പ്രഖ്യാപനങ്ങൾ

- 2013ലെ എൻഡോസൾഫാൻ സമരത്തെത്തുടർന്ന് ദുരിതബാധിത കുടുംബങ്ങളുടെ വായ്പ എഴുതിത്തള്ളുന്നതിനായി 6.82 കോടി രൂപ അനുവദിച്ചു. 1720 വ്യക്തികളുടെ 2153 വായ്പകൾക്കായാണ് ഈ തുക വിനിയോഗിച്ചത്.
- 2019ൽ സമരത്തെത്തുടർന്ന് മെഡിക്കൽ ക്യാംപ് വീണ്ടും നടത്തി 515 പേരെ പുതിയതായി എൻഡോസൾഫാൻ പട്ടികയിൽ ചേർത്തു
- പെൻഷൻ ഇനത്തിൽ 2011 മുതൽ 2022 ഓഗസ്റ്റ് വരെ 107.49 കോടി രൂപ നൽകി. പ്രതിമാസം 1700 രൂപ ലഭിക്കുന്ന 1398 പേരും 2200 രൂപ ലഭിക്കുന്ന 1413 പേരും 1200 രൂപ ലഭിക്കുന്ന 2474 പേരുമുണ്ടിപ്പോൾ.
- ഇരകളുടെ കുടിശ്ശികയ്ക്ക് 2013 മുതൽ 2022 ഒക്ടോബർ വരെ 6.21 കോടി രൂപ ധനസഹായമായി അനുവദിച്ചു.
- ബഡ്സ് സ്കൂളിൽ പഠിക്കുന്നവർക്ക് ക്ലാസ് 7 വരെ 2000 രൂപ വീതവും ക്ലാസ് 10 വരെ 3000 രൂപ വീതവും, 11, 12 ക്ലാസുകളിലുള്ളവർക്ക് 4000 രൂപ വീതവും 2011 മുതൽ നൽകുന്നു. 4.93 കോടി ചെലവഴിച്ചു.
- ദുരിതബാധിതർക്ക് എ. പനാവ് ചെയ്ത ആശുപത്രികളിലെ ചികിത്സയ്ക്ക് 20.14 കോടിയും വാഹന സൗകര്യത്തിന് 6.97 കോടിയുമുൾപ്പെടെ 27.11 കോടി ചെലവഴിച്ചു.

കോടതി നടപ്പാക്കിയത്

- 2010ൽ ദേശീയ മനുഷ്യാവകാശ കമ്മിഷനും 2017ൽ സുപ്രീം കോടതിയും നിർദേശിച്ചിട്ടു ഇരകൾക്കുള്ള നഷ്ടപരിഹാരത്തുക 5 ലക്ഷം രൂപ വീതം നൽകാൻ സർക്കാർ തയാറായില്ല. ഒടുവിൽ സുപ്രീം കോടതിയുടെ ശക്തമായ താക്കീതിനെത്തുടർന്ന് മുഴുവൻ പേർക്കുമായി 217 കോടി രൂപ കഴിഞ്ഞ മാസം കൈമാറി.



കാസർകോട് ജനറൽ ആശുപത്രിയിലെ തിരക്ക്.

എൻഡോസൾഫാൻ: സർക്കാർ പട്ടികയിലുള്ളവർ

കിടപ്പു രോഗികൾ	371	ആകെ
മാനസിക വെല്ലുവിളി നേരിടുന്നവർ	1499	6728
ഭിന്നശേഷിക്കാർ	1189	
അർബുദ രോഗികൾ	699	
മറ്റുള്ളവർ	2970	

ചികിത്സാസൗകര്യം എന്ന മനുഷ്യാവകാശം

എൻഡോസൾഫാൻ ഇരകളുടെ മാത്രം പ്രശ്നമായി ചുരുക്കേണ്ടതല്ല കാസർകോട് ജില്ലയിലെ ആരോഗ്യമേഖലയുടെ പരിതാപകരമായ അവസ്ഥ. പ്രിത്വാരംഗത്ത് സൂപ്പർ സ്പെഷ്യൽറ്റി സൗകര്യങ്ങളൊന്നും ഇല്ല. നാഡി ഞരമ്പുരോഗങ്ങൾ ഏറ്റവുമധികം റിപ്പോർട്ട് ചെയ്യപ്പെടുന്ന ജില്ലയായിട്ടും ഒരു ന്യൂറോളജി സ്പെഷ്യലിസ്റ്റും നിയമിച്ചിട്ടില്ല. രോഗികൾ കണ്ണൂർ പരിയാരം മെഡിക്കൽ കോളജ് ആശുപത്രിയിലേക്കും മംഗളൂരുവിലെ സ്വകാര്യ ആശുപത്രികളിലേക്കും നെട്ടോട്ടമോടുന്നു.



പണി പൂർത്തിയാവാത്ത ഉക്കിനടുക്ക ഗവ. മെഡിക്കൽ കോളജ് കെട്ടിടം.

കാസർകോടിന്റെ പൊതുവായ ആവശ്യങ്ങളിൽ നടപ്പാകാത്തത്

- 2013ൽ കാസർകോട് ജില്ലയ്ക്ക് അനുവദിച്ച ഉക്കിനടുക്ക ഗവ. മെഡിക്കൽ കോളജ് ആശുപത്രിയിൽ പ്രാഥമികാരോഗ്യകേന്ദ്രത്തിലെ സൗകര്യങ്ങൾ മാത്രമാണുള്ളത്.
- സഹകരണ മേഖലയിലോ സർക്കാർ മേഖലയിലോ റേഡിയേഷൻതെറപ്പി ഇല്ലാത്ത ഏക ജില്ലയാണ് കാസർകോട്. മെഡിക്കൽ ഓങ്കോളജിസ്റ്റും ഇല്ല.
- കാഞ്ഞങ്ങാടു ജില്ലാ ആശുപത്രിയിൽ യൂറോളജിസ്റ്റ്, മെഡിക്കൽ ഓങ്കോളജിസ്റ്റ്, കാർഡിയോതൊറാസിക് സർജൻ, പീഡിയാട്രിക് സർജൻ, ഗ്യാസ്ട്രോ എൻട്രോളജിസ്റ്റ് എന്നിവരൊന്നും ഇല്ല.
- ജില്ലാ ആശുപത്രിയിൽ 2021 ഫെബ്രുവരിയിൽ 9 കോടി രൂപ ചെലവിൽ കാത്ത് ലാബ് സ്ഥാപിച്ചെങ്കിലും ഹൃദ്രോഗ വിദഗ്ധനെ നിയമിച്ചിട്ടില്ല.
- ജില്ലയിൽ 5 താലൂക്ക് ആശുപത്രികളുണ്ടെങ്കിലും എവിടെയും ഡൈനമോമെട്രിസ്റ്റോ അനസ്തെറ്റിസ്റ്റോ ഇല്ലാത്തതിനാൽ പ്രസവ കേസുകൾ എടുക്കുന്നില്ല.
- അമ്മയും കുഞ്ഞും ആശുപത്രി 2021 ഫെബ്രുവരിയിൽ ഉദ്ഘാടനം ചെയ്തെങ്കിലും ജീവനക്കാരില്ലാതെ അടച്ചിട്ടിരിക്കുകയാണ്.
- ഫൊസിയുറിൽ വെന്റിലേറ്റർ സൗകര്യമുള്ള അഞ്ചു കിടക്കകൾ മാത്രമാണു ജില്ലയിലുള്ളത്.
- ജില്ലാ ആശുപത്രിയിൽ ന്യൂറോളജിസ്റ്റിനെ നിയോഗിച്ചെങ്കിലും മെഷീനുകൾ പ്രവർത്തിപ്പിക്കാൻ സാങ്കേതിക വിദഗ്ധർ ഇല്ല.
- ടാറ്റ ട്രസ്റ്റ് കോടികൾ മുടക്കി പടുത്തുയർത്തിയ ടാറ്റ കോവിഡ് ആശുപത്രി പൂട്ടിക്കിടക്കുന്നു.
- ജില്ലാ ആശുപത്രിയിൽ പണി പൂർത്തിയായ 5 നില കെട്ടിടം ലിഫ്റ്റ് സൗകര്യം ഇല്ലാത്തതിനാൽ തുറക്കാനായിട്ടില്ല.
- ജനറൽ ആശുപത്രിയിലെ 7 നില കെട്ടിടം വൈദ്യുതീകരണം പൂർത്തിയാകാത്തതിനാൽ അടഞ്ഞുകിടക്കുന്നു.

നാശം വിതച്ച മരുന്നടി

സംസ്ഥാന സർക്കാരാണ് എൻഡോസൾഫാൻ ഭൂതത്തിന്റെ മുഖ്യപ്രതി. പൊതുമേഖലാ സ്ഥാപനമായ കേരള പ്ലാന്റേഷൻ കോർപറേഷൻ ഏറ്റവുമധികം കശുവണ്ടിത്തോട്ടങ്ങളുള്ള ജില്ലയാണു കാസർകോട്. ജില്ലയിലെ 11 പഞ്ചായത്തുകളിലായുള്ള 4800 ഏക്കറിലെ തോട്ടങ്ങളിൽ തേയിലക്കൊതുകുകളെ കൊല്ലാനെന്ന പേരിൽ ഹെലികോപ്റ്ററിൽ വ്യാപകമായി എൻഡോസൾഫാൻ തളിച്ചു തുടങ്ങിയത് 1978-79 കാലത്ത്. 2005ൽ എൻഡോസൾഫാനു നിരോധനം വരുന്നതുവരെ ഇതു തുടർന്നു.

രണ്ടായിരാമണ്ടിന്റെ തുടക്കത്തിൽ ജില്ലയിൽ വ്യാപകമായി നാഡീ,ജനിതക രോഗങ്ങൾ പ്രത്യക്ഷപ്പെട്ടു തുടങ്ങി. ചെറിയ ഉടലും വലിയ തലയും ഉള്ള കുഞ്ഞുങ്ങൾ ധാരാളമായി ജനിച്ചു വീണു. രോഗകാരണം എൻഡോസൾഫാനാണെന്ന സംശയം വ്യാപകമായതോടെ സമരവും തുടങ്ങി.

കേസ് ഇന്ന് പരിഗണിച്ചേക്കും

എൻഡോസൾഫാൻ ഇരകളുടെ കേസ് ഒരുപക്ഷേ ഇന്നു സുപ്രീംകോടതിയുടെ പരിഗണനയ്ക്കു വന്നേക്കും. കാസർകോട് സേവ് കമ്മിറ്റിയുടെ കൂട്ടായ്മയുടെ നേതൃത്വത്തിൽ, എൻഡോസൾഫാൻ ദുരിതബാധിതരായ 8 പേർ നൽകിയ ഹർജിയാണു കോടതി പരിഗണിക്കുന്നത്.



പുതുക്കിടക്കുന്ന ടാറ്റ കോവിഡ് ആശുപത്രി.

മലയാള മനോരമ

18 December 2022

എൻഡോസൾഫാൻ ഇരകൾക്കുള്ള ആനുകൂല്യം നിഷേധിക്കരുത്: ഹൈക്കോടതി

■ സാങ്കേതിക കാര്യങ്ങൾ പറഞ്ഞുള്ള എതിർപ്പുകൾ നിസ്സാരമാണെന്നും ഹൈക്കോടതി

മനോരമ ലേഖകൻ



കൊച്ചി ● സർക്കാരിനോ കോടതിക്കോ എൻഡോസൾഫാൻ ഇരകളുടെയും അവരുടെ കുടുംബങ്ങളുടെയും ദുരിതം കണ്ടില്ലെന്നു നടിക്കാനാവില്ലെന്നും അവർക്കുള്ള ആനുകൂല്യങ്ങൾ നിസ്സാര കാരണങ്ങളുടെ പേരിൽ നിഷേധിക്കരുതെന്നും ഹൈക്കോടതി. എൻഡോസൾഫാൻ ദുരിത ബാധിതയായി മരിച്ച കാസർകോടു സ്വദേശിനി ആൻ മരിയയുടെ (12) ചികിത്സയ്ക്കായി എടുത്ത ബാങ്ക് വായ്പ നിശ്ചിത തീയതിക്കു ശേഷമുള്ളതായതിനാൽ എഴുതിത്തള്ളാനാവില്ലെന്ന സർക്കാർ നിലപാടിനെതിരെ നൽകിയ ഹർജിയിലാണു ജസ്റ്റിസ് വി.ജി. അരുൺ ഇക്കാര്യം വ്യക്തമാക്കിയത്.

എൻഡോസൾഫാൻ ഇരകളും കുടുംബങ്ങളും കടന്നുപോയ ദുരിതങ്ങൾ വച്ചുനോക്കുമ്പോൾ സാങ്കേതിക കാര്യങ്ങൾ പറഞ്ഞുള്ള എതിർപ്പുകൾ നിസ്സാരമാണെന്നും കോടതി പറഞ്ഞു. ആൻ മരിയയുടെ അമ്മ കാസർകോട് ചിറ്റാരിക്കൽ മണ്ഡപം സ്വദേശി റെസിമോൾ ബാബു, റെസിമോളുടെ പിതാവ് ചാക്കോ മാത്യു എന്നിവർ നൽകിയ ഹർജിയിലാണു ഹൈക്കോടതി ഉത്തരവ്. എൻഡോസൾഫാൻ ഇരകളുടെ കടം എഴുതിത്തള്ളുന്ന പദ്ധതി പ്രകാരം ഇവരുടെ ബാങ്ക് വായ്പ ഉടൻ എഴുതിത്തള്ളാനും ഹൈക്കോടതി നിർദേശിച്ചു.

80% മാനസിക വെല്ലുവിളിയും മറ്റു ശാരീരിക പ്രശ്നങ്ങളോടും ജനിച്ച ആൻ മരിയയുടെ ചികിത്സയ്ക്കായി ചാക്കോ 3 ലക്ഷം രൂപ ബാങ്കിൽനിന്നു വായ്പയെടുത്തിരുന്നു. ഇതുകൂടാതെ, മറ്റൊരു ബാങ്കിൽനിന്നു റെസി മോൾ 69,000 രൂപ എടുത്തു. ഇതു ചാക്കോയുടെ വായ്പയിലേക്ക് അടച്ചതോടെ തിരിച്ചടയ്ക്കാനുള്ള തുക 2,03000 ആയി. ആൻമരിയ 2017 ൽ മരിച്ചു. വായ്പ അടവു മുടങ്ങിയതോടെ ബാങ്കുകളിൽനിന്നു നോട്ടിസ് ലഭിച്ചു. എൻഡോസൾഫാൻ ദുരിത ബാധിതരെ ചികിത്സിക്കാൻ എടുത്ത 3 ലക്ഷം രൂപ വരെയുള്ള ബാങ്ക് വായ്പകൾ എഴുതിത്തള്ളാൻ സർക്കാർ തീരുമാനിച്ചെങ്കിലും 2011 ജൂൺ 30നു മുൻപ് എടുത്ത വായ്പകൾ മാത്രമാണ് എഴുതിത്തള്ളുന്നത് എന്നായിരുന്നു അറിയിപ്പ്. അതിനാൽ, ഹർജിക്കാരുടെ കാര്യത്തിൽ 88,400 രൂപ മാത്രമേ എഴുതിത്തള്ളാനാവൂ എന്ന സ്ഥിതിയായി. എൻഡോസൾഫാൻ ദുരിതബാധിതരായ മറ്റുള്ളവരുടെ വായ്പകൾ എഴുതിത്തള്ളിയപ്പോഴും ഇവർക്ക് അനുമതി ലഭിച്ചില്ല. തുടർന്നാണു ഹർജി നൽകിയത്.

ജനയുഗം

03 February 2023

എൻഡോസൾഫാൻ ദുരന്ത നഷ്ട പരിഹാര കേസ്

കമ്പനി എംഡിമാർ കാര്യവിവര പത്രിക ഹാജരാക്കാൻ ഉത്തരവ്

3/2/23 JANAYUGAM

തിരുവനന്തപുരം: എൻഡോസൾഫാൻ ദുരന്ത നഷ്ട പരിഹാര കേസിൽ രണ്ട് കമ്പനി എംഡിമാർ മാർച്ച് 24 നകം കാര്യവിവര പത്രിക ഹാജരാക്കാൻ കോടതി ഉത്തരവിട്ടു. തിരുവനന്തപുരം രണ്ടാം അഡീഷണൽ സബ് കോടതി ജഡ്ജി ലൈല മോൾ ഷെരീഫിന്റേതാണ് ഉത്തരവ്.

14 കമ്പനി എംഡിമാർ പ്രതികളായ കേസിൽ 12 പേർ നേരത്തേ കാര്യവിവര പത്രിക സമർപ്പിച്ചിരുന്നു. എട്ടാം പ്രതിയെ കോടതി എക്സ്പാർട്ടിയാക്കി ഉത്തരവ് പുറപ്പെടുവിച്ചു.

കാസർകോട് ജില്ലയെയും സമീപ ജില്ലയെയും ജീവനാശത്താലും കൃഷിനാശത്താലും ദുരിതക്കയത്തിലാഴ്ത്തിയ എൻഡോസൾഫാൻ കീടനാശിനി പ്രയോഗത്തിൽ മരണപ്പെട്ടവരുടെ ആശ്രിതർക്കും അംഗവൈകല്യം സംഭവിച്ചവർക്കും കൃഷി നാശം സംഭവിച്ചവർക്കും സർക്കാർ നേരിട്ട് നൽകിയ 161 കോടി രൂപ കമ്പനികളിൽ നിന്നും ഈടാക്കി കിട്ടണമെന്നാവശ്യപ്പെട്ട് സർക്കാർ സമർപ്പിച്ച കേസിൽ പ്ലാന്റേഷൻ കോർപറേഷനടക്കം 14 കമ്പനികളുടെ മാനേജിങ് ഡയറക്ടർമാരാണ് പ്രതികൾ. എൻഡോസൾഫാൻ കീടനാശിനിയുടെ നിർമ്മാണ കമ്പനികളായ ബെയർ ഇന്ത്യ ലിമിറ്റഡ്, ഹിന്ദുസ്ഥാൻ ഇൻസെക്ടിസൈഡ്സ് ലിമിറ്റഡ്, റാലിസ് ലിമിറ്റഡ്, ക്രോപ് കെയർ, ഭാരത് പൾവേർസിങ് മിൽസ് ലിമിറ്റഡ്, ബീക്കെ പെസ്റ്റിസൈഡ്സ് പ്രൈവറ്റ് ലിമിറ്റഡ്, കാർഡമം പ്രോസസിങ് ആന്റ് മാർക്കറ്റിങ്, കർണാടക സ്റ്റേറ്റ് കോ ഓപ്പറേറ്റീവ് മാർക്കറ്റിങ് ഫെഡറേഷൻ ലിമിറ്റഡ്, കിൽപെസ്റ്റ് പ്രൈവറ്റ് ലിമിറ്റഡ്, ലൂപ്പിൻ ആഗ്രോ കെമിക്കൽസ്(ഇന്ത്യ) ലിമിറ്റഡ്, ഹിന്ദുസ്ഥാൻ ആന്റിബയോട്ടിക്സ് ലിമിറ്റഡ്, കർണാടക ആന്റി ബയോട്ടിക്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ്, മധുസൂധൻ ഇൻഡസ്ട്രീസ്, ബ്ലൂ ക്രിസ്റ്റൽ അഗ്രോ കെമിക്കൽസ് ലിമിറ്റഡ്, ഷാ വാലസ് ആന്റ് കമ്പനി ലിമിറ്റഡ്, പൊതുമേഖലാ കമ്പനിയായ പ്ലാന്റേഷൻ കോർപറേഷൻ കേരള ലിമിറ്റഡ് എന്നിവരാണ് നഷ്ട പരിഹാരക്കേസിലെ ഒന്നു മുതൽ 16 വരെയുള്ള പ്രതികൾ.

പ്ലാന്റേഷൻ കോർപറേഷന്റെ അധീനതയിൽ കാസർകോട് ജില്ലയിലുള്ള കശുമാവ് അടക്കമുള്ള തോട്ടങ്ങളിലാണ് മാരക വിഷാംശമടങ്ങിയ കീടനാശിനിയായ എൻഡോസൾഫാൻ തളിച്ചത്. 2000 - 2002 വർഷം വരെയാണ് കീടനാശിനി തളിച്ചത്. വിഷാംശം ശ്വസിച്ച 400 ഓളം ജനങ്ങൾ മരണപ്പെടുകയും അനവധി പേർക്ക് അംഗവൈകല്യങ്ങൾ സംഭവിക്കുകയും ചെയ്തു. കൂടാതെ നവജാത ശിശുക്കൾ വരെ ഭിന്നശേഷിക്കാരായി മാറുകയും ചെയ്തു.

കാസർകോട്ടെയും സമീപ ജില്ലയിലെയും എൻഡോസൾഫാൻ ദുരിതബാധിതർക്ക് അഞ്ചു ലക്ഷം രൂപയും ആജീവനാന്ത സൗജന്യ ചികിത്സയും നൽകണമെന്ന് 2017 ൽ സുപ്രീം കോടതി ഉത്തരവിട്ടു. തുടർന്ന് കോടതി നിർദേശ പ്രകാരം മരണപ്പെട്ടവരുടെ ആശ്രിതർക്ക് അഞ്ച് ലക്ഷം രൂപ, അംഗഭംഗം സംഭവിച്ചവർക്ക് മൂന്നു ലക്ഷം രൂപ വീതമാണ് സർക്കാർ നേരിട്ട് നഷ്ടപരിഹാരം നൽകിയത്. ഇപ്രകാരം സർക്കാരിന് ചെലവായ 161 കോടി രൂപ തിരിച്ചുപിടിക്കാനാണ് സിവിൽ കേസുമായി സർക്കാർ കോടതിയെ സമീപിച്ചത്. പ്ലാന്റേഷൻ കോർപറേഷൻ വാദിയായി 15 നിർമ്മാണ കമ്പനികൾക്കെതിരെ ആദ്യം കോട്ടയം ജില്ലയിലെ സബ് കോടതിയിൽ നഷ്ട പരിഹാര കേസ് ഫയൽ ചെയ്തിരുന്നു. എന്നാൽ കടിശിക കോടതി ഫീസായി മുന്നു വില തീർത്ത് അടയ്ക്കാനുള്ള പണം പ്ലാന്റേഷൻ കോർപറേഷന്റെ പക്കൽ ഇല്ലായിരുന്നു. അതിനാൽ കോട്ടയത്തെ കേസ് പിൻവലിച്ച ശേഷം സർക്കാർ വാദിയായി തിരുവനന്തപുരം കോടതിയിൽ പുതിയതായി കേസ് ഫയൽ ചെയ്യുകയായിരുന്നു.

17 May 2023

17/5/23 JANAYUGAM

എൻഡോസൾഫാൻ ഇരകളുടെ ചികിത്സ; ഹൈക്കോടതിക്ക് വിട്ട് സുപ്രീം കോടതി

ന്യൂഡൽഹി: കേരളത്തിലെ എൻഡോസൾഫാൻ ഇരകൾക്കുള്ള ചികിത്സ ഹൈക്കോടതി നിരീക്ഷിക്കണമെന്ന് സുപ്രീം കോടതി. ചീഫ് ജസ്റ്റിസ് ഡി വൈ ചന്ദ്രചൂഡ് അധ്യക്ഷനായ ബെഞ്ചാണ് ബന്ധപ്പെട്ട ഹർജി പരിഗണിച്ചത്.

കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ഇരകൾക്കുള്ള ചികിത്സ സംബന്ധിച്ച കാര്യത്തിൽ പ്രത്യേക ബെഞ്ച് രൂപീകരിച്ച് ഹൈക്കോടതി മേൽനോട്ടം വഹിക്കണം. ഇരകൾക്കുള്ള നഷ്ടപരിഹാരം വിതരണം പൂർണമായ സാഹചര്യത്തിൽ കേരളാ ചീഫ് സെക്രട്ടറിക്കെതിരെ നിലനിൽക്കുന്ന കോടതിയലക്ഷ്യ ഹർജിയിയിലെ നടപടികൾ അവസാനിപ്പിച്ചതായും ബെഞ്ച് വ്യക്തമാക്കി.

കേസുമായി ബന്ധപ്പെട്ട രേഖകൾ ഹൈക്കോടതിയിലേക്ക് മാറ്റാനും ബെഞ്ച് ഉത്തരവായതോടെ എൻഡോസൾഫാൻ ഇരകളുമായി ബന്ധപ്പെട്ട വിഷയത്തിൽ ഇനി ഹൈക്കോടതിയാകും അന്തിമ തീരുമാനം എടുക്കുക.



PAN INDIA

Pesticide Action Network(PAN) India, 10/233/3, Ground Floor
Sarangi Complex, Chiyaram Post, Thrissur District, Kerala Pin : 680026
E-mail : admin@pan-india.org | Web : www.pan-india.org

